# മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II

(വാല്യം രണ്ട്)

(Malayalam)

**Malankara Sabhayude Suvarna Yugasilpi**
**Malankara Sabha Thejas Pulikkottil Joseph Mar Dionysius II**
**Vol. 1I**

Editor:
**Fr. Dr. Joseph Cheeran**

| | | |
|---|---|---|
| Copy Right | : | Reserved with the Editor |
| First Published | : | July 12, 2012 |
| Copies | : | 1000 |
| Published by | : | **Dr. Geevarghese Mar Yulios**<br>M. J. D. Publishing House, Kunnamkulam |
| Cover Design,<br>Typesetting & Printing | : | Sophia Print House, Kottayam |

**Rs. 500/-**

# മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

## മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II

(വാല്യം രണ്ട്)

എഡിറ്റർ


**ഫാ. ഡോ. ജോസഫ് ചീരൻ**

പ്രസാധനം

**പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

**എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം**

**ഫോൺ: 9495603174**



# ഫാ. ഡോ. ജോസഫ് ചീരൻ

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ - കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2004 ജൂലായ് 1 മുതൽ തൃശൂർ ഭദ്രാസനത്തിൽ ആലായ്ക്കൽ കുളമ്പ്, കാക്കിനിക്കാട് എന്നീ ഇടവകകളിൽ സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ, രണ്ട് ഡസനിലേറെ ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധനസഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണപര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1685) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ കാതോലിക്കായുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൂദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്‌വർക്ക് ചെയ്ത കാനോൻ, ആർത്താറ്റ് ചെപ്പേട് (പടിയോല) എന്നിങ്ങനെ പൗരസ്ത്യ - പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.


ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: പ്രസാദ് ചീരൻ, സ്നുഷ ദീപാ പ്രസാദ്. പൗത്രിമാർ: എൽസാ പ്രസാദ്, ടെസ്സാ പ്രസാദ്.

മകൾ: മേഴ്സി ജോർജ്ജ്, ജാമാതാവ്: ഡോ. പി. ഐ. ജോർജ്ജ്,

ദൗഹിത്രർ: ഹിമാ ജോർജ്ജ്, റാണാ പി. ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ ജില്ല.

ഫോൺ: 9495603174.



“പ്രീണനങ്ങളും പീഡനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അഭിമാനിക്കാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ച് നിൽക്കാൻ ആവശ്യമായ സംഘടനാസൗകര്യം ആയിരത്തിഎണ്ണൂറ് സംവത്സരകാലത്തേയ്ക്കു മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് ദീവന്നാസ്യോസ്. ചളിവാരി എറിയാൻ ആളുകൾ ഉണ്ടാകും, ഉണ്ട് എന്നു ശരിക്ക് അറിഞ്ഞ്കൊണ്ട്, മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽ വഴുതാതെ, മുമ്പോട്ടു കുതിച്ച് കേറിയ, സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ് അഞ്ചാമൻ. മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കരനസ്രാണികളുടെ വ്യവസ്ഥാപിത ഭരണകൂടത്തിന്റെയും മഹാശില്പിയും, ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്ക്കരിക്കാം.”

**– ഇസ്സഡ്. എം. പാറേട്ട്**

## ഫാ. ഡോ. ജോസഫ് ചീരന്റെ കൃതികൾ

1. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം
2. ജഗദീശ് ചന്ദ്രബോസ്
3. മാർ ഇഗ്നാത്യോസിന്റെ സപ്തലേഖനങ്ങൾ (പരിഭാഷ)
4. സെമിനാർ പ്രബന്ധങ്ങൾ (എഡിറ്റർ)
5. സഭാജ്യോതിസ് മാർ ദീവന്നാസ്യോസ് (രണ്ടാം പതിപ്പ്)
6. മലങ്കരസഭയും കേരള സംസ്കാരവും
7. ഇന്ത്യൻ ഓർത്തഡോക്സ് സഭ: വിമർശാത്മക പഠനം
8. മലങ്കരയുടെ പ്രവാചകൻ
9. സഭയിലെ പ്രതിസന്ധികൾ (എഡിറ്റർ)
10. ഭാരതത്തിലെ പ്രാചീന ബൈബിൾ (പഠനം, വ്യാഖ്യാനം)
11. ആധുനിക മലയാള കവിതയും ബൈബിളും (ഗവേഷണ പ്രബന്ധം)
12. മഹാത്മാവായ കർമ്മയോഗി (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ)
13. ഒരു പരദേശയാത്രയുടെ കഥ (എഡിറ്റർ)
14. ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും (സഹ ഗ്രന്ഥകാരൻ)
15. വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട (സഹ ഗ്രന്ഥകാരൻ)
16. സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗം (സഹ ഗ്രന്ഥകാരൻ)
17. സണ്ടേസ്കൂൾ അധ്യാപകസഹായി (എഡിറ്റർ)
18. സംസ്കാര പഠനങ്ങൾ (ജനറൽ എഡിറ്റർ)
19. അക്ഷരങ്ങളുടെ ആചാര്യൻ (ഷഷ്ടിപൂർത്തി ഉപഹാരഗ്രന്ഥം)
20. പത്രാധിപലേഖനങ്ങൾ
21. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
22. ഇന്ത്യൻ ഓർത്തഡോക്സ് സഭ (വിമർശനാത്മക പഠനം)
23. മലങ്കരസഭയും കേരള സംസ്ക്കാരവും
24. മലങ്കരസഭയിലെ പടിയോലകൾ
25. ഇന്ത്യൻ ഓർത്തഡോക്സ് സഭ (എ. ഡി. 52-2007)
26. സഭാ ദർശൻ (3 മണിക്കൂർ, വീഡിയോ കാസറ്റ്)
27. മലയാളം ബൈബിളും കേരള നവോത്ഥാനവും
28. കണ്ടനാട് ഗ്രന്ഥവരി (എഡിറ്റർ, വ്യാഖ്യാനം)
29. കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം (സഹ ഗ്രന്ഥകാരൻ)
30. കടവിൽ പൗലോസ് മാർ അത്താനാസ്യോസ്
31. നസ്രാണി കേസരി അക്കര കുര്യൻ റൈട്ടർ (സഹ ഗ്രന്ഥകാരൻ)
31. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും 1811-ലെ ബൈബിളും (എഡി.)
32. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 1, 2)
33. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 3. അച്ചടിയിൽ)
32. ആർത്താറ്റ് പള്ളിച്ചരിത്രം: ചർച്ചയും പൂരണവും (അച്ചടിയിൽ)
33. മലങ്കരസഭയുടെ സമുന്നത സാരഥികൾ (അച്ചടിയിൽ)
34. പഴഞ്ഞിപ്പള്ളിയും പിതാക്കന്മാരും (അച്ചടിയിൽ)
35. The Indian Orthodox Church of St. Thomas.

# ഉള്ളടക്കം


| | | |
|---|---|---|
| പ്രസാധകകുറിപ്പ് | ഡോ. ഗീവർഗീസ് മാർ യൂലിയോസ് | 8 |
| ആമുഖക്കുറിപ്പുകൾ | എഡിറ്റർ | 13 |

**ഭാഗം ഒന്ന്: ജൂബിലി കാണ്ഡം**

ഷോടതി
ഷോടതി റിപ്പോർട്ട്
കോട്ടയം ചെറിയപള്ളി - മംഗളപത്രം, മറുപടി
ചെറിയപള്ളി മംഗളഗാനം
മലങ്കര മഹാജനസഭ (ജൂബിലി തീരുമാനം)
ജൂബിലി സ്മാരകം - ഒരു സ്വാമി ഭക്തൻ
നമ്മുടെ പൊതുയോഗങ്ങൾ - ഒരു ദൂരസ്ഥൻ
ജൂബിലി (അണിയറ പ്രവർത്തനങ്ങൾ)
ജൂബിലി സ്മാരകം വി.പി
ജൂബിലി സ്മാരകം സാക്ഷീകരണ സംഘം സിക്രട്ടറി
സൂക്ഷ്മദൃഷ്ടി പതിപ്പാൻ ഒരു ലേഖകൻ
ജൂബിലി പ്രോഗ്രാം
ജൂബിലി റിപ്പോർട്ട്
മംഗളപത്രം, മറുപടി (എം. ഡി. സിമ്മനാരി)
മലങ്കരയുടെ മംഗളപത്രം, മറുപടി
ജൂബിലി പ്രസംഗം - രാമസ്വാമി അയ്യർ
ജൂബിലി സമ്മാനവിവരം
ജൂബിലി: കമ്പികൾ, സന്ദേശങ്ങൾ, എഴുത്തുകൾ
ജൂബിലി പ്രസംഗം - മി. കുരുവിള
ജൂബിലി സ്കൂൾ, പിറവം
രാജിയാലോചന
പിറവം ഇംഗ്ലീഷ് പള്ളിക്കൂടം - ഒരു പള്ളിക്കൂടം പ്രിയൻ
മാർ ഗ്രീഗോറിയോസ് തിരുമേനി
മാർ ഗ്രീഗോറിയോസ് 30-ാം അടിയെന്തിരം
നിരണം ജൂബിലി സമ്മാനം

**ഭാഗം രണ്ട്: ജന്മദിന കാണ്ഡം**

മാർ ദീവന്നാസ്യോസ് തിരുനാൾ
76-ാമത്തെ തിരുനാൾ (മുഖപ്രസംഗം)
മാർ ദീവന്നാസ്യോസ്..... സി. പി. തരകൻ
മംഗളശ്ലോകങ്ങൾ (സുറിയാനിയിലും മലയാളത്തിലും)

## ഭാഗം മൂന്ന്: വിയോഗകാണ്ഡം


വലിയ മെത്രാപ്പോലീത്താ - ഇ. എം. ഫിലിപ്പ് (മുഖപ്രസംഗം)
നമ്മുടെ വലിയ തിരുമേനി - എം. പി. വർക്കി
ദീവന്നാസ്യോസ് ചരമാനന്തര സിറിയൻ സമുദായം
ഒ. എം. ചെറിയാൻ
മാർ ദീവന്നാസ്യോസ് സിമ്മനാരി
കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള
വലിയ മെത്രാപ്പോലീത്താ ശേഷക്രിയകൾ (മുഖപ്രസംഗം)
പരേതനായ പൊന്നുതിരുമേനി - വിലാപ കവിതകൾ
മലങ്കരേശ മംഗളപ്രാർത്ഥന - പി. കെ. കൊച്ചീപ്പൻ തരകൻ
വലിയ മെത്രാപ്പോലീത്താ ഓർമ്മപ്പെരുനാൾ (മുഖപ്രസംഗം)


## ഭാഗം നാല്: ആധുനിക കാണ്ഡം


മലങ്കരസഭാ പൈതൃകത്തിന്റെ കാവൽക്കാരൻ
- പ. മാർത്തോമ്മാ പൗലൂസ് ബാവാ
ആധുനിക മലങ്കരസഭയുടെ രാജശില്പി
- ഫാ. ഡോ. ജോസഫ് ചീരൻ
സഭാനേതൃത്വത്തിന് ഒരുത്തമ റോൾ മോഡൽ
- ഫാ. ഡോ. ടി. ജെ. ജോഷ്വാ
ശ്രേഷ്ഠഗുരുവും ഉത്തമശിഷ്യനും
- ഡോ. ഗീവറുഗീസ് മാർ യൂലിയോസ്
സാമൂഹ്യ പ്രതിബദ്ധതയുടെ പ്രവാചകൻ
- ഫാ. ഡോ. സണ്ണി ചാക്കോ.
നേതൃത്വശൈലിക്ക് ഒരു ഉത്തമ മാതൃക
- ഫാ. ഡോ. ഒ. തോമസ്
മാർ ദീവന്നാസ്യോസും സഭയുടെ ആരാധനയും
- ഫാ. ഡോ. ബി. വറുഗീസ്
ജനാധിപത്യ തത്വങ്ങളുടെ സംരക്ഷകൻ
- ഫാ. ഡോ. ജോൺസ് ഏബ്രഹാം
മാർ ദീവന്നാസ്യോസ് കണ്ടനാട് ഗ്രന്ഥവരിയിൽ
- പോൾ മണലിൽ
ഇടവകപത്രികയിലെ ഇടയശ്രേഷ്ഠൻ
- ഫാ. സി. സി. ചെറിയാൻ
ജാത്യൈക്യസംഘടനയും പുലിക്കോട്ടിൽ തിരുമേനിയും
- ഡോ. സിബി തരകൻ

പരുമല പടിയോലയും ഭരണദർശനവും
- ഫാ. ജോൺ തോമസ്, കരിങ്ങാട്ടിൽ
പത്രപ്രവർത്തനരംഗത്തെ സർഗ്ഗപ്രതിഭ
- ജോയ്സ് തോട്ടയ്ക്കാട്
കേരള നവോത്ഥാനത്തിലെ വിപ്ലവകാരി
- ഫാ. തോമസ് വർഗ്ഗീസ്, അമയിൽ
വ്യവഹാരങ്ങളിലെ ദൈവനിയോഗം
- ഡോ. പി. സി. മാത്യു, പുലിക്കോട്ടിൽ
വ്യക്തമായ ചില സഭാദർശനങ്ങൾ
- ഫാ. ഡോ. ജോസ് ജോൺ
പുലിക്കോട്ടിൽ തിരുമേനിയും പാമ്പാക്കുടയും
- പി. തോമസ്, പിറവം
കേരള നവോത്ഥാനവും കുന്നംകുളവും
- ഡോ. എ. വി. തമ്പി
ഇ. എം. ഫിലിപ്പിന്റെ സാക്ഷ്യം
- ലെജു പി. തോമസ്
ഇസ്സഡ്. എം. പാറേട്ടിന്റെ സാക്ഷ്യം
- ഫാ. ഡോ. ജേക്കബ് കുര്യൻ
മാർ ദീവന്നാസ്യോസും മലങ്കരസഭയും
- ജോസഫ് മാർ പക്കോമിയോസ്
ക്രാന്തദർശിയായ പിതാവ്
- പീലിപ്പോസ് മാർ യൗസേബിയോസ്
ധീരോദാത്ത പുരുഷൻ - സഖറിയ മാർ അന്തോണിയോസ്
മലങ്കരയുടെ മഹാരഥൻ - ഫാ. ഡോ. ജേക്കബ് കുര്യൻ
മാർ ദീവന്നാസ്യോസ്: ശിഥില ചിത്രങ്ങൾ
- ഡോ. സാമുവൽ ചന്ദനപ്പള്ളി
അക്കര കുര്യൻ റൈട്ടറും പനയ്ക്കൽ അയ്പ്പൂരുവും
- ഫാ. ഡോ. ജോസഫ് ചീരൻ
മാർ ദീവന്നാസ്യോസും മാർ അൽവാറീസും
- അഡ്വ. മത്തായി മാമ്പള്ളിൽ

**അനുബന്ധങ്ങൾ**

1. മനോരമയുടെ കൂട്ടുയാദാസ്ത്
2. ആർത്താറ്റ് പള്ളിക്കേസ്

# ആമുഖക്കുറിപ്പുകൾ

“മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II” എന്ന ഗ്രന്ഥപരമ്പരയിലെ രണ്ടാം വാല്യം ഇപ്പോൾ അഭിമാനപൂർവ്വം പ്രസിദ്ധീകരിക്കുവാൻ ഇടയാക്കിയ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ചരിത്രത്തിൽ ഊരും പേരും വിലാസവും നഷ്ട പ്പെട്ടുപോയ ഒരു ‘യൗസേപ്പി’നെ പൊട്ടക്കിണറ്റിൽ നിന്ന് വലിച്ചുകയറ്റി പുറത്തെടുത്ത് തേജോമയമായ സ്വന്തം വസ്ത്രങ്ങൾ ധരിപ്പിച്ച് ചരിത്ര ത്തിലേക്ക് പുനരാനയിക്കുന്നത് മിസ്രയീമിലെ രാജസ്ഥാനം നേടിക്കൊ ടുക്കുവാനല്ല; തന്നെ അപായപ്പെടുത്തുവാൻ അകാരണമായി ഉദ്യമിച്ച കൃതഘ്നരായ സഹോദരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ആപത്ഘട്ടങ്ങളിൽ ദീപസ്തംഭം ആയിരിപ്പാനും തന്നെയാകുന്നു. യൗസേ പ്പിനെ പൊട്ടക്കിണറ്റിലെറിഞ്ഞവർ, തങ്ങൾ ക്ഷാമബാധിതരാകുന്ന ഒരു കാലം വരുമെന്നോ അന്ന് തങ്ങൾ ‘കുത്തിയവങ്കലേക്ക് നോക്കേണ്ടി വരു’മെന്നോ ഓർക്കാൻ മാത്രം ദീർഘവീക്ഷണം ഉള്ളവർ ആയിരുന്നി ല്ലല്ലോ. സഹോദരങ്ങൾ ഒറ്റപ്പെടുത്തി ഉപേക്ഷിച്ചവനെ, അന്യനാട്ടിലേക്ക് അടിമയായി വിറ്റുകളഞ്ഞിട്ടും ദൈവം ഉപേക്ഷിച്ചില്ല. നമ്മുടെ കഥാനാ യകൻ അഭിനവ യൗസേപ്പിന് പുരാതന യൗസേപ്പിന്റെ മുഖസാരൂപ്യ ങ്ങൾ ധാരാളം കാണുന്നതിനാൽ ഈ വിലയിരുത്തൽ അസംഗതമോ അപ്രസക്തമോ ആവുന്നില്ല.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെ ഇപ്പോഴും ‘അഞ്ചാമൻ’ എന്ന് വിശേഷിപ്പിക്കുന്നത് തങ്ങളുടെ പാവനമായ ചരിത്ര ദൗത്യമാണെന്ന് കരുതുന്ന ‘ശുദ്ധന്മാർ’ ഏറെയുണ്ട്. ഇ. എം. ഫിലിപ്പും മറ്റും ആണ് അവർക്ക് പ്രമാണം. പൂർവഗാമികളെ കൂടുതൽ ശരിയായി മനസ്സിലാക്കുന്നതും ആവശ്യമെന്നു വരുമ്പോൾ തിരുത്തുന്നതും ചരി ത്രഗവേഷണത്തിന്റെ ഉപരിധർമ്മമാണെന്ന് അവർ അറിയുന്നില്ല. ഒരു പേരിൽ പല ആളുകൾ അറിയപ്പെടുമ്പോൾ അവരിൽ ഓരോരുത്തരേയും പ്രത്യേകം നിർദ്ദേശിക്കാനും എളുപ്പത്തിൽ തിരിച്ചറിയാനുമാണ് പേരിന്റെ കൂടെ ഒന്നാമൻ, രണ്ടാമൻ തുടങ്ങിയ സംഖ്യാവിശേഷണങ്ങൾ ചേർക്കു ന്നത്. അതിന് അവവംബമാക്കേണ്ടത് സ്ഥാനനാമത്തെയല്ല; വ്യക്തി നാമത്തെയാണ്. ബസ്സേലിയോസ് പഞ്ചമൻ എന്ന സംജ്ഞ ചരിത്രപര മായി ശരിയെങ്കിലും ആ സംജ്ഞ ആരുടേതാണെന്ന് തിരിച്ചറിയുവാൻ എളുപ്പമല്ല. എന്നാൽ ആ സ്ഥാനത്ത് മാത്യൂസ് പ്രഥമൻ ബാവാ എന്ന് പറഞ്ഞാൽ അർത്ഥസംവേദനവും വ്യക്തിസംവേദനവും ക്ഷിപ്രസാധ്യ മാവും. ദിദിമോസ് പ്രഥമൻ ബാവാ, പൗലോസ് ദ്വിതീയൻ ബാവാ എന്നി വർ യഥാക്രമം ബസ്സേലിയോസ് ഏഴാമനും, ബസ്സേലിയോസ് എട്ടാമനും

ആണെങ്കിലും സുബോധമുള്ളവരും ചരിത്രബോധമുള്ളവരും അവരുടെ വ്യക്തിനാമമാണ് ഉപയോഗിക്കുക. ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിന്റെ ആദ്യഭാഗം വ്യക്തിനാമവും രണ്ടാംഭാഗം സ്ഥാനനാമവുമാണ്. സ്ഥാനനാമത്തോടുകൂടെ ഒന്നാമൻ, രണ്ടാമൻ എന്നീ സംഖ്യാവിശേഷണം ചേർത്താൽ സംവേദനം സുഗമമാവില്ല. മാർ ദീവന്നാസ്യോസ് ഒമ്പതാമൻ എന്ന് പറഞ്ഞാൽ അത് കാലം ചെയ്ത ഔഗേൻ മാർ മാർ ദീവന്നാസ്യോസിനെയാണ് ഉദ്ദേശിക്കുന്നതെന്ന് എത്രപേർക്ക് മനസ്സിലാകും? പാത്രിയർക്കീസന്മാരുടെ പേർ പ്രസ്താവിക്കുമ്പോഴും ഇഗ്നാത്തിയോസ് എന്ന സ്ഥാനനാമത്തോട് ചേർന്ന് ഒന്നാമൻ, രണ്ടാമൻ എന്നീ സംഖ്യാവിശേഷണങ്ങൾ സുബോധമുള്ളവരാരും ചേർക്കാറില്ല. അതുകൊണ്ട് ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തോടു ചേർത്ത് അഞ്ചാമൻ എന്ന് മുൻഗാമികളായ എഴുത്തുകാരോ മറ്റോ ഉപയോഗിച്ചിട്ടുള്ളത് തിരുത്തുവാനുള്ള ആർജ്ജവം പില്ക്കാലതലമുറ പ്രദർശിപ്പിക്കുന്നത് ചരിത്രപരമായ ഒരു കർത്തവ്യം കൂടെയാകും. ആദ്യത്തെ ദീവന്നാസ്യോസ് ചരിത്രത്തിൽ മാർത്തോമ്മാ ആറാമൻ, വലിയ മാർ ദീവന്നാസ്യോസ് എന്നീ പേരുകളിൽ അറിയപ്പെടുന്ന ആളാണ്. അദ്ദേഹത്തെ നിർദ്ദേശിക്കുവാൻ ദീവന്നാസ്യോസ് ഒന്നാമൻ എന്ന പേർ തർക്കത്തിനുവേണ്ടി ഉന്നയിക്കേണ്ടതില്ല. അടുത്ത ദീവന്നാസ്യോസ് ചരിത്രത്തിൽ അറിയപ്പെടേണ്ടത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ എന്ന് തന്നെയാണ്. തൊട്ടടുത്തുള്ളവർ പുന്നത്ര ദീവന്നാസ്യോസ്, ചേപ്പാട്ട് ദീവന്നാസ്യോസ് എന്നീ പേരുകളിൽ പ്രസിദ്ധിയാർജ്ജിച്ചവരാണ്. അവരെ സംഖ്യാവിശേഷണം ചേർത്തു പ്രസ്താവിക്കുന്നത് തെറ്റല്ല എന്നിരുന്നാലും സംവേദനക്ഷമതയ്ക്ക് ഭംഗം വരും. ആ അടിസ്ഥാനത്തിൽ നമ്മുടെ കഥാപുരുഷൻ പ്രസ്താവിക്കപ്പെടേണ്ടത് 'പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ' എന്നു തന്നെയാണ്. 'യുഗതേജസ്' പ്രസിദ്ധീകരിക്കുന്ന സമയത്ത് ചേർന്ന എഴുത്തുകാരുടെ യോഗത്തിൽ നടന്ന ഒരു ചർച്ചയിൽ ആ ഗ്രന്ഥത്തിന്റെ എഡിറ്ററും ഇപ്പോഴത്തെ വൈദികസെമിനാരി പ്രിൻസിപ്പലുമായ ഫാ. ഡോ. ജേക്കബ് കുര്യൻ സംശയരഹിതമായി ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. തന്മൂലം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ എന്ന പ്രയോഗം തികച്ചും അബദ്ധം; മാർ ദീവന്നാസ്യോസ് അഞ്ചാമൻ എന്നത് സാധുവായ പ്രയോഗം, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്നത് കൂടുതൽ ശരിയായ പ്രയോഗം. കൂടുതൽ ശരിയായ പ്രയോഗമാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്നത്.

ഈ രണ്ടാം വാല്യം കഥാപുരുഷനെക്കുറിച്ച് അദ്ദേഹത്തിന്റെ ജീവിതകാലത്തും അതിനുശേഷവും പ്രത്യക്ഷപ്പെട്ട വിലയിരുത്തലുകളുടെ

സമാഹാരമാണ് (ആദ്യ വാല്യം അദ്ദേഹത്തിന്റെ ജീവിതകാലത്തും അതിനുശേഷവും എഴുതപ്പെട്ട ജീവചരിത്രങ്ങളുടെ സമാഹാരം ആയിരുന്നു). ഈ വാല്യം തയാറാക്കുന്നതിന് മുഖ്യ അവലംബമാക്കുന്നത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് പ്രത്യക്ഷപ്പെട്ട 'മലങ്കര ഇടവകപത്രിക'യിലെ ലേഖനങ്ങളെയും മാർ ദീവന്നാസ്യോസ് ചരമ നവതി സുവനീറിലെ ലേഖനങ്ങളെയും 'യുഗതേജസി'ലെ ലേഖനങ്ങളെയുമാണ്. ഇടവകപത്രികയുടെ പഴയ ലക്കങ്ങൾ ലഭ്യമാക്കുന്നതിൽ ഫാ. സി. സി. ചെറിയാൻ (കോട്ടയം വൈദികസെമിനാരി ലൈബ്രേറിയൻ) വളരെയധികം സഹായിച്ചു.

'യുഗതേജസ്' സമീപകാലത്ത് ഇറങ്ങിയ ഒരു സ്മാരക ഗ്രന്ഥമാണ്. അതിൽ പ്രസിദ്ധീകരിച്ച പല ലേഖനങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. മിക്കവാറും എല്ലാ ലേഖകന്മാരും അതിന് അനുവാദം നൽകിയിട്ടുണ്ട്. അവരോടും ഗ്രന്ഥത്തിന്റെ പ്രസാധകരായ എം.ഒ.സി. യോടും ഉള്ള നന്ദി ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ. ലേഖനങ്ങളുടെ അടിയിൽ ഉപാദാന ഗ്രന്ഥങ്ങളുടെ പേർ ചേർത്തിട്ടുമുണ്ട്. ഒരു ചരിത്രപുരുഷനെ ഉയിർത്തെഴുന്നേല്പിക്കുവാനുള്ള യത്നത്തിൽ ഈ ഗ്രന്ഥങ്ങൾ ഒട്ടുവളരെ സഹായകമായി (ഈ ലേഖകൻ എഡിറ്റർ ആയി ഒരു ദശാബ്ദം മുമ്പ് പ്രസിദ്ധീകരിച്ച 'നവതി സുവനീറിലെ' പല ഉള്ളടക്കങ്ങളും 'യുഗതേജസി'ലും കുന്നംകുളം സുവനീറിലും പ്രത്യക്ഷപ്പെട്ടപ്പോഴും ഈ പാരസ്പര്യം ശ്രദ്ധിക്കപ്പെട്ടതാണ്.).

നാല് അദ്ധ്യായങ്ങൾ ആയി ഈ ഗ്രന്ഥത്തെ വിഭജിക്കുകയും അവയ്ക്ക് ജൂബിലി കാണ്ഡം, ജന്മദിന കാണ്ഡം, വിയോഗ കാണ്ഡം, ആധുനിക കാണ്ഡം എന്നിങ്ങനെ നാമകരണം നൽകുകയും ചെയ്തിരിക്കുന്നു.

ജൂബിലി കാണ്ഡത്തിൽ ജൂബിലി ആഘോഷിക്കുവാൻ നിശ്ചയിച്ച അസോസ്യേഷന്റെ റിപ്പോർട്ട് മുതൽ ജൂബിലി സ്മാരകത്തെപ്പറ്റിയുള്ള ചർച്ചാലേഖനങ്ങൾ, ജൂബിലി പ്രോഗ്രാം, ജൂബിലി റിപ്പോർട്ട്, ജൂബിലി മംഗളപത്രങ്ങൾ, അതിനുള്ള മറുപടികൾ, ജൂബിലി സമ്മേളനത്തിലെ പ്രസംഗങ്ങൾ തുടങ്ങിയവയും ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസിന്റെ വിയോഗവാർത്തയും 'ഇടവകപത്രിക'യിൽ നിന്ന് കൊടുത്തിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ ചാത്തുരുത്തിൽ മെത്രാച്ചന്റെ വിയോഗറിപ്പോർട്ടിൽ എന്താണ് പ്രസക്തി എന്ന് ചിന്തിക്കുന്നവരുണ്ടാവാം. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ മെത്രാൻസ്ഥാനം അസാധുവായിരുന്നതിനാൽ പരുമല മാർ ഗ്രീഗോറിയോസിന്റെ കബറടക്കത്തിൽ മലങ്കരസഭ അദ്ദേഹത്തെ പങ്കെടുപ്പിച്ചില്ല എന്ന് ഒരു ആധുനിക ചരിത്രം (അതോ ചരിത്രാഭാസമോ) നൽകിയ നിരീക്ഷണത്തിന് മറുപടിയായിട്ടാണ് ആ സമകാല

റിപ്പോർട്ട് ഇതിൽ ഉൾപ്പെടുത്തിയത് (പുലിക്കോട്ടിൽ മെത്രാച്ചൻ അന്ത്യോഖ്യൻ തൊഴുത്തിൽ മലങ്കരസഭയെ കൊണ്ടുപോയി അടിമപ്പെടുത്തി എന്ന് 1909-ന് ശേഷം പല പ്രമുഖരും 'കഥയറിയാതെ' പാടിനടന്ന കെട്ടുകഥകൾക്ക് ഒരു പ്രമാണത്തിന്റെ പിൻബലം നൽകുവാനും റോയൽ കോടതിയുടെ വിധിയേറ്റ് ചരിത്രത്തിൽ തളർന്നുവീണ പാലക്കുന്നത്ത് മെത്രാച്ചന്മാരെയും അവരുടെ നവീകരണപ്രസ്ഥാനത്തെയും വെള്ളപൂശുവാനും അന്ന് വീണവർ മലങ്കരയുടെ വീരപുത്രന്മാർ ആയിരുന്നു എന്ന് സ്ഥാപിക്കുവാനും ആഗ്രഹിക്കുന്നവരുടെ കൈകളിൽ ശ്രീ. പി. വി. മാത്യു അറിഞ്ഞോ അറിയാതെയോ ഒരു ചട്ടുകമായി തീരുകയാണുണ്ടായത്.).

ജൂബിലി കാണ്ഡം നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന ചില സത്യങ്ങളും ചോദ്യങ്ങളും ആർക്കും അവഗണിക്കാനാവുകയില്ല.

1. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ തീരുമാന പ്രകാരം സഭ ഒന്നിച്ച് ആഘോഷിച്ച ഒരു ജൂബിലിയേ സഭാചരിത്രത്തിലുള്ളു. അത് കഥാപുരുഷന്റെ ജൂബിലിയാണ്. അതുല്യമായ ഈ ആഘോഷം സംഘടിപ്പിക്കുവാൻ കാരണമെന്തെന്ന് അസോസ്യേഷന്റെ റിപ്പോർട്ടിലും ജൂബിലി സന്ദേശങ്ങളിലും ജൂബിലി പ്രസംഗങ്ങളിലും വ്യക്തമാക്കുന്നുണ്ട്. ഈ സമകാല സാക്ഷ്യങ്ങളോട് പില്ക്കാല സഭാ നേതൃത്വത്തിന് പൊരുത്തപ്പെടുവാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ്? രണ്ട് ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്. എല്ലാവരുടെയും പ്രശംസയ്ക്ക് വിഷയീഭവിച്ച ഷോടതിയുടെ ലാഭം, പ്രഖ്യാപിക്കപ്പെട്ടിരുന്നതിൻപ്രകാരം കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ ഒരു കോളജ് ആയി ഉയർത്തുവാൻ വിനിയോഗിക്കപ്പെടാതെ പോയതിന്റെ ഉത്തരവാദിത്തം ആർക്കാണ്? തന്റെ കാരണവരുടെ പാവനസ്മരണയ്ക്കായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ സ്ഥാപിച്ച എം.ഡി. ഹൈസ്കൂൾ ഒരു കോളജ് ആയി ഉയർത്തുക എന്നത് സ്ഥാപകന്റെ അഭിലാഷമായിരുന്നു. ഷോടതി നടത്തിപ്പിൽ ഇ. എം. ഫിലിപ്പും കോളജ് സ്ഥാപന കാര്യത്തിൽ ഇലഞ്ഞിക്കൽ ജോൺ വക്കീലും കെ. സി. മാമ്മൻ മാപ്പിളയും അക്ഷീണ യത്നം ചെയ്തത് വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ നിഷേധാത്മക നിലപാടു മൂലം വ്യഥാവിലായി എന്ന് കെ. സി. മാമ്മൻ മാപ്പിളയുടെ ആത്മകഥ (ജീവിതസ്മരണകൾ) വ്യക്തമാക്കുന്നു. കോളജ് സ്ഥാപന ക്കാര്യം ചർച്ച ചെയ്യാൻ കൂട്ടിയ ഒരു നിർണ്ണായക യോഗത്തിന്റെ പ്രാരംഭ ചർച്ചയിൽ മല്പാൻ പ്രഖ്യാപിച്ചു പോലും, 'നമുക്കിപ്പോൾ ഒരു കോളജിന്റെ ആവശ്യമില്ല' (ജീവിത സ്മരണകൾ. പു. 54, 55. ഒന്നാം പതിപ്പ്, 1977).

2. ജൂബിലി സ്മാരകം എന്തെന്ന് തീർച്ചയാക്കാൻ ചേർന്ന യോഗം താഴെ പറയുന്ന സ്മാരകങ്ങൾ ഏർപ്പെടുത്തുവാൻ ഏകകണ്ഠമായി തീരുമാനിച്ചു (1901 ഡിസംബറിലെ പൊതുയോഗ തീരുമാനം).

A. പിരിക്കുന്ന പണത്തിൽ നിന്ന് 1500 രൂപായിൽ കവിയാതെ ഒരു സംഖ്യ മദ്രാസ് സർവകലാശാലയിൽ നിന്ന് വലിയ തിരുമേനിയുടെ സ്മാരകമായി ഒരു സ്വർണ്ണമെഡൽ കൊടുക്കുന്നതിന് ഏല്പിക്കയും മെഡൽ കൊടുക്കേണ്ട വ്യവസ്ഥകൾ ജൂബിലി കമ്മിറ്റിക്കാർ തീർച്ചപ്പെടുത്തുകയും വേണം.

B. സുറിയാനിയിൽ നിന്ന് വി. വേദപുസ്തകത്തിന്റെ ഭാഗങ്ങൾ തർജ്ജിമ ചെയ്തു അച്ചടിക്കുന്നതിന് 1000 രൂപ വേർതിരിച്ച് വെക്കണം.

C. ബാക്കി വരുന്ന പണം മുഴുവൻ മലങ്കര ഇടവകകളിലെ പട്ടക്കാർക്ക് പ്രതിവർഷം ഗ്രാന്റ് കൊടുക്കുന്നതിന് ഒരു മൂലധനമായി സ്ഥാപിക്കയും പിടിയരി പിരിവുകൊണ്ടും മറ്റും ഈ മൂലധനം വർദ്ധിപ്പിക്കയും ചെയ്യണം.

D. മൂലധനം വർദ്ധിപ്പിക്കുന്നതിന് പിടിയരിപ്പിരിവ് നടപ്പാക്കുകയും പിരിയുന്ന അരിയിൽ പകുതി അതാത് പള്ളികൾക്ക് വിട്ടുകൊടുക്കയും പകുതി ഈടാക്കി ഈ മൂലധനത്തോട് ചേർക്കയും വേണം.

E. സ്മാരകവരി ആരെങ്കിലും തരാതിരുന്നാൽ കൃംതായിക്കകം ഈടാക്കാത്തപക്ഷം തരാത്തവരുടെ പേരുകൾ അതത് പള്ളിയിൽ പ്രസിദ്ധപ്പെടുത്തുന്നത് കൂടാതെ ഒരു ലിസ്റ്റ് സ്മാരക കമ്മിറ്റി പ്രസിഡന്റ് അവർകൾക്ക് വികാരിമാർ എത്തിച്ചുകൊടുക്കയും അവരോട് ഇന്നവിധം പ്രവർത്തിക്കണമെന്ന് അപ്പോൾ കല്പിച്ച് തീർച്ചപ്പെടുത്തുകയും ചെയ്യണം.

F. സ്മാരകസംഖ്യ കൃംതായിക്കടുത്ത് അസോസ്യേഷൻ കമ്മട്ടി കൂടി മേല്പറഞ്ഞ ഉദ്ദേശ്യങ്ങൾ അനുസരിച്ച് വേണ്ട ശട്ടങ്ങൾ ഉണ്ടാക്കി എല്ലാ തിരുമേനികളുടെയും പേരിൽ വട്ടിക്കിടണം.

G. പിടിയരിപ്പിരിവ് നടപ്പാക്കുന്നതിന് ഓരോ മെത്രാസന ഇടവകകളിൽ സംഘം കൂട്ടി യുക്തംപോലെ ചുമതലക്കാരെ നിയമിച്ച് നടത്തണം.

നവംബറിൽ ജൂബിലി ആഘോഷിച്ച് കഴിഞ്ഞ് ഡിസംബറിൽ ജൂബിലി സ്മാരകം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കാൻ മാത്രമായി അസോസ്യേഷന്റെ പ്രത്യേക യോഗം കൂടുന്നു. സ്മാരകചർച്ചയുടെ ഭാഗമായി 'ഇടവകപത്രിക'യിൽ പ്രത്യക്ഷപ്പെട്ട അഭിപ്രായങ്ങൾ ഉൾക്കൊണ്ട് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ സ്മാരകമായി സ്വർണ്ണമെഡൽ, വേദപുസ്തക വിവർത്തനം, വൈദികക്ഷേമനിധി മൂലധനഫണ്ട് എന്നീ കാര്യങ്ങൾക്കായി തീരുമാനമെടുത്ത് നടപ്പിലാക്കുവാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു. കാര്യങ്ങൾക്ക് എന്ത് ചടുലത! എത്ര വേഗം!!

കടവിൽ മെത്രാച്ചൻ പ്രസിഡണ്ടും മുറിമറ്റത്തിൽ മെത്രാച്ചനും ചാത്തുരുത്തി മെത്രാച്ചനും വൈസ്പ്രസിഡണ്ടുമാരും ഏഴ് മെത്രാസനങ്ങളിൽ നിന്ന് വൈദികരും അവൈദികരും ആയി 32 പ്രമുഖർ അംഗങ്ങളുമായി

പ്രവർത്തിച്ച കമ്മിറ്റിയുടെ ആഹ്വാനത്തോട് ആളുകൾ മത്സരബുദ്ധി യോടെ സഹകരിച്ചതിന്റെ അത്ഭുതപ്പെടുത്തുന്ന വാർത്തകൾ 'ഇടവക പത്രിക'യിൽ കാണുന്നുണ്ട്. സ്മാരകം ഏർപ്പെടുത്തുന്നത് വലിയ തിരു മേനിയുടെ കാലശേഷം മതി എന്നതുകൊണ്ട് വേണ്ടത്ര സമയം ഉണ്ടാ യിരുന്നു. എന്നാൽ 1909-ൽ വലിയതിരുമേനി കാലംചെയ്തതോടെ ഭര ണഭാരം കയ്യേറ്റ സഭാനേതൃത്വം അസോസ്യേഷൻ തീരുമാനങ്ങളിൽ ഒന്നു പോലും നടപ്പാക്കിയില്ല എന്നത് എത്ര ദുഃഖകരമാണ്! ഒരു സ്മാരക ത്തിന്റെ ആവശ്യം ഇല്ലാ എന്ന് സഭാനേതൃത്വം തീരുമാനിച്ചതാവാം. ഈ കാര്യം പിന്നീട് കൂടിയ അസോസ്യേഷനുകളിലോ കമ്മിറ്റികളിലോ ചർച്ച ചെയ്കയോ പിരിഞ്ഞുകിട്ടിയ തുകയെപ്പറ്റി പ്രസ്താവിക്കയോ ചെയ്ത തായി 'ഇടവകപത്രിക'യിൽ ഒരു പരാമർശവും കാണുന്നില്ല. വലിയ തിരു മേനിയുടെ സ്മാരകം എന്ന സ്വപ്ന പദ്ധതികൾ വിജയിപ്പിക്കുവാൻ അഹ മഹമികയാ ജനം നൽകിയ സംഭാവനകൾ സമാഹരിച്ചുണ്ടാക്കിയ ഭീമ മായ സംഖ്യ വേറെ ഏതു കാര്യത്തിനുവേണ്ടിയാണ് സഭാനേതൃത്വം സഭയുടെ അറിവു കൂടാതെ ചെലവഴിച്ചത്?

വലിയതിരുമേനി കാലംചെയ്യുന്നതിനു മുമ്പ് തന്നെ അബ്ദുള്ളാ പാത്രി യർക്കീസ് മലങ്കരയിലേക്ക് വരുന്ന വിവരം പുറത്തുവന്നിരുന്നു. അദ്ദേഹം ഇവിടെ വന്ന് മെത്രാന്മാരെ വാഴിക്കുന്നതിനോട് അനുബന്ധിച്ചുണ്ടാകാ വുന്ന വിപത്തുകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് മെത്രാൻ സ്ഥാനാർത്ഥി കളെ ഊർശ്ലേമിലേക്കയച്ച് മെത്രാന്മാരാക്കിയത് (ഒരു പാത്രിയർക്കീസ് മലങ്കരയിൽ വന്ന് കാട്ടിക്കൂട്ടിയ കോലാഹലങ്ങൾ അതിന്റെ ആഴത്തിലും വിസ്തൃതിയിലും അനുഭവിച്ച ആൾ ആയിരുന്നുവല്ലോ വലിയതിരുമേനി).

ഊർശ്ലേമിലേക്കയച്ചവർ മെത്രാൻസ്ഥാനം ഏറ്റ് വന്നതിനുശേഷം പാത്രിയർക്കീസ് മലങ്കരയിൽ വരുവാൻ ആവശ്യമെന്ത്? അദ്ദേഹത്തെ മലങ്കരയിലേക്ക് ആരാണ് ക്ഷണിച്ചത്? അപ്രകാരം ക്ഷണിക്കുവാൻ ആരാണ് തീരുമാനിച്ചത്? (പത്രോസ് തൃതീയനെ 1873-ൽ കൂടിയ പരു മല അസോസ്യേഷൻ ക്ഷണിക്കുവാൻ നിശ്ചയിച്ചത് കൃത്യമായ ചില പ്രഖ്യാപിത ലക്ഷ്യങ്ങളെ മുൻനിർത്തി ആയിരുന്നുവല്ലോ. 1909-ൽ പാത്രി യർക്കീസ് നിർവഹിക്കേണ്ടുന്ന ഒരു കൃത്യവും മലങ്കരസഭയിൽ ഉണ്ടാ യിരുന്നില്ല). പത്രോസ് തൃതീയൻ മലങ്കര സന്ദർശനത്തിനുള്ള യാത്രച്ചി ലവായി ആവശ്യപ്പെട്ടത് 500 പവൻ ആയിരുന്നു. അദ്ദേഹത്തേക്കാൾ ധന ദുർമോഹി ആയിരുന്ന അബ്ദുള്ളാ യാത്രച്ചിലവായി എത്ര പവൻ ആവ ശ്യപ്പെട്ടിരിക്കാം? ആരാണ് അത് നൽകിയത്? അതിനുള്ള പണം സ്വരൂപിച്ചതെങ്ങനെ തുടങ്ങി ഒട്ടുവളരെ സംശയകരമായ ചോദ്യങ്ങൾ ഈ കാലഘട്ടത്തെപ്പറ്റി ഉന്നയിക്കുവാനുണ്ടെങ്കിലും ദുരൂഹമായ ആ സംഭ വവികാസങ്ങൾ സഭാചരിത്രകാരന്മാർ വിഴുങ്ങിയിരിക്കുകയാണ്. വലിയ

തിരുമേനിയുടെ സ്മരണയെ അനശ്വരമാക്കുവാൻ സഭ സ്വരൂപിച്ച ധനം സഭാനേതൃത്വം ട്രസ്റ്റ് ലംഘനം നടത്തി ദുർവ്യയം ചെയ്തിരിക്കുമോ എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനൊക്കുമോ?

വലിയ തിരുമേനിയെപ്പറ്റി സഭ നടത്തിയ വിലയിരുത്തലുകൾ രേഖപ്പെടുത്തുവാൻ 1901-ലെ സുവർണ്ണ ജൂബിലി ഒരു സുവർണ്ണാവസരം നൽകി എന്ന് പറയാതെ വയ്യ. മലങ്കരസഭ പൊതുവായി നൽകിയ മംഗളപത്രത്തിൽ ആ വിലയിരുത്തലുകൾ സമഗ്രമായി രേഖപ്പെടുത്തിയിട്ടുണ്ട്. തന്നെപ്പറ്റി രേഖപ്പെടുത്തിയ നേട്ടങ്ങൾക്ക് കൈ-മെയ് മറന്ന് സഹകരിച്ച ഇടവകജനങ്ങളെയും തന്നോടുകൂടി ആ നേട്ടങ്ങൾ യാഥാർത്ഥ്യമാക്കുവാൻ സഹകരിച്ച വൈദിക-അവൈദിക നേതാക്കളെയും സ്മരിച്ച് ആ മഹാത്മാവ് നടത്തിയ മറുപടി പ്രസംഗം എല്ലാ സഭാതലവന്മാരും ആണ്ടിലൊരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതാണ്. ഒരു ഉത്തമ രാജർഷിക്കു വേണ്ടുന്ന നക്ഷത്ര ശോഭയുള്ള ഏഴ് സിദ്ധികൾ (വെളിപാടു പുസ്തകത്തിലെ ഏഴ് നക്ഷത്രങ്ങളെ അദ്ദേഹം സ്മരിച്ചിരിക്കും) താഴെപറയും പ്രകാരം നിത്യരാജർഷിയായ വലിയ തിരുമേനിക്കുള്ളതായി സമർത്ഥിച്ചുകൊണ്ട് സമ്മേളനത്തിൽ ശ്രീ. കുരുവിള നടത്തിയ പ്രസംഗം തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടവയാണ്: 1. പരോപകാരലഗ്നത്വം. 2. സ്നേഹം കൊണ്ട് മാത്രമുള്ള ഭരണം. 3. പരഛന്ദാനുവർത്തനം. 4. പരതന്ത്രനാകാതിരിക്കൽ. 5. വിപദിധൈര്യം. 6. ജയത്തിൽ വിനയം. 7. ആളുകളെ സൂക്ഷ്മമായി വിലയിരുത്തി അവരെ പ്രയോജനപ്പെടുത്തൽ. തന്റെ ജീവിതകാലത്തെ മലങ്കരസഭയുടെ സുവർണ്ണയുഗമാക്കി മാറ്റുന്നതിൽ അദ്ദേഹത്തെ പ്രാപ്തനാക്കിയ സപ്തൈശ്വര്യ സിദ്ധികൾ ആണിവ. അദ്ദേഹം മലങ്കരസഭയെ ഭരിച്ചിട്ടുള്ള മേലദ്ധ്യക്ഷന്മാരിൽ അതുല്യൻ ആണെന്ന് ഇസ്സഡ്. എം. പാറേട്ട് അദ്ദേഹത്തെ വിലയിരുത്തിയത് ഇവിടെ ഓർക്കാവുന്നതാണ്. ജൂബിലിയോടനുബന്ധിച്ച് അദ്ദേഹത്തിന് ലഭിച്ചതായി ഇടവകപത്രിക വെളിപ്പെടുത്തുന്ന വിലപ്പെട്ട സമ്മാനങ്ങൾ പില്ക്കാലത്ത് മലങ്കരസഭ സംരക്ഷിച്ചുവോ എന്ന് അറിഞ്ഞുകൂടാ.

ജൂബിലി പ്രമാണിച്ച് ഭക്ഷണം നൽകുവാൻ ചിലവായ 1200 പറ അരിയിൽ 800 പറ അരി ജൂബിലി സദ്യയ്ക്ക് മാത്രമായി ചിലവായി എന്ന സമകാല റിപ്പോർട്ട് ആർക്കാണ് അവഗണിക്കുവാൻ കഴിയുക? തീവണ്ടിയോ മോട്ടോർ വാഹനങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് കുന്നംകുളം മുതൽ തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളിൽ നിന്നായി മുപ്പതിനായിരത്തിലേറെ ജനം (ഒരു പറ അരി പ്രായപൂർത്തിയായ 40 പേർക്ക് എന്ന അംഗീകൃത കണക്കനുസരിച്ച്) കോട്ടയത്ത് ജലമാർഗ്ഗമായി വന്നുചേർന്നു എന്നത് വിസ്മയകരമല്ലയോ? അന്ന് മുന്നൂറോളം ഇടവകകളേ സഭയിലുള്ളു. ഒരു ഇടവക ശരാശരി 100 പേരെ അയച്ചാലേ 30,000 പേർ അടങ്ങുന്ന ഒരു സദസ്സ് രൂപപ്പെടുകയുള്ളു.

പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് പിതാവിന്റെ മുപ്പതാം അടിയന്തിരം പ്രമാണിച്ച് മൂന്ന് ദിവസങ്ങളിലായി 600 പറ അരിയാണ് ചില വായതെന്നും വലിയ തിരുമേനിയുടെ ജൂബിലിക്ക്, ഒരു വർഷം മുമ്പ് 1200 പറ അരി ചിലവായി എന്നതും ഒരു താരതമ്യത്തിന് വിധേയമാക്കിയാൽ വലിയതിരുമേനിയോട് സമകാല ജനം പുലർത്തിയിരുന്ന ആഭിമുഖ്യവും ആദരവും എത്രമാത്രമെന്ന് ആർക്കും ഗ്രഹിക്കാവുന്നതാണ്. വലിയതിരുമേനിയുടെ അസൂയാവഹമായ ജനസ്വാധീനം പില്ക്കാല സഭാനേതാക്കൾക്ക് നിലനിർത്താൻ കഴിയാതെപോയതെന്തുകൊണ്ട് എന്ന് ഒരു ആത്മപരിശോധന ആവശ്യമല്ലയോ?

ജൂബിലികാണ്ഡം അനാവരണം ചെയ്യുന്ന അനിഷേധ്യമായ മറ്റൊരു പരാമർശം കൂടിയുണ്ട്. പുലിക്കോട്ടിൽ തിരുമേനിയുടെ മൗലിക സംഭാവന എന്തായിരുന്നു എന്ന ചോദ്യത്തിന് ആ കാണ്ഡം മറുപടി നൽകുന്നു. മലങ്കരസഭയുടെ പൗരസ്ത്യ സഭാസ്വഭാവത്തെ നവീകരണത്തിന്റെ മറപിടിച്ച് അട്ടിമറിക്കുവാനും പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് സംസ്ക്കാരം ഇവിടെ നട്ടുപിടിപ്പിക്കുവാനും അതിസമർത്ഥമായി ശ്രമിച്ച പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ ചെറുത്തു തോല്പിക്കുവാൻ നിയോഗിക്കപ്പെട്ട ദൈവപുരുഷനായിരുന്നു മാർ ദീവന്നാസ്യോസ്. മാർ അത്താനാസ്യോസ് നവീകരണവാദി അല്ലെന്നും അദ്ദേഹം പ്രസിദ്ധീകരിച്ച നമസ്ക്കാരക്രമങ്ങളിൽ നവീകരണോചിതമായ തിരുത്തലുകളൊന്നും നടത്തിയിട്ടില്ലെന്നും അധികാരസ്ഥാപനമായിരുന്നു സെമിനാരിക്കേസിന്റെ ഗൂഢലക്ഷ്യമെന്നും അതിനുവേണ്ടി പാലക്കുന്നത്ത് മെത്രാച്ചനെ ക്രൂശിക്കുവാൻ കെട്ടിച്ചമച്ച ആരോപണമാണ് നവീകരണമെന്നും പില്ക്കാല സഭാനേതൃത്വം പ്രചരിപ്പിച്ചത് അനേകം ആളുകൾ കഥയറിയാതെ വിശ്വസിച്ചു പോയിട്ടുണ്ട്. പാലക്കുന്നത്ത് മെത്രാച്ചനെ ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്തന്മാരുടെ ഗണത്തിൽ പ്രതിഷ്ഠിക്കുന്നതും പുലിക്കോട്ടിൽ മെത്രാച്ചൻ പാലക്കുന്നത്ത് മെത്രാച്ചന്റെ കാലശേഷം 1876 മുതൽക്കാണ് മലങ്കര മെത്രാപ്പോലീത്താ ആയതെന്നും മറ്റും എഴുതിവച്ച ചില എഴുത്തുകാരുണ്ട്. ഈയിടെ കോട്ടയം പഴയസെമിനാരിയുടെ നാലുകെട്ടിന്റെ രണ്ടാംനിലയിൽ ആഘോഷപൂർവ്വം സ്ഥാപിക്കപ്പെട്ട ചിത്രങ്ങളിലെ അടിക്കുറിപ്പുകളിൽ രേഖപ്പെടുത്തിയ കാലഘട്ടം ഈ അബദ്ധവിശ്വാസത്തിന് സഭയിൽ അറിഞ്ഞോ അറിയാതെയോ ലഭിച്ച അംഗീകാരം വ്യക്തമാക്കുന്നു.

ഒരാൾ മലങ്കര മെത്രാപ്പോലീത്താ ആകുന്നതിന്റെ നിയാമക ഘടകം എന്താണ്? രാജകീയ വിളംബരമാണോ? അങ്ങനെയെങ്കിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് (പ്രഥമൻ) മുമ്പുള്ളവരും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ തൊട്ട് പൗലോസ് ദ്വിതീയൻ

കാതോലിക്കാ വരെയുള്ളവരും മലങ്കര മെത്രാപ്പോലീത്തന്മാർ അല്ലെന്ന് പറയേണ്ടിവരും (അവർക്കാർക്കും രാജകീയ വിളംബരം ലഭിച്ചിട്ടില്ലെന്നോർക്കുക). മലങ്കര മെത്രാപ്പോലീത്താ ആയി ഗണിക്കപ്പെടുവാൻ രണ്ട് അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരുന്നു. ഒന്ന്, സഭയുടെ തെരഞ്ഞെടുപ്പ് അഥവാ അംഗീകാരം. 2. ആ പദവിയിലേക്കുള്ള കൈവെപ്പ്. ആദ്യത്തേതിന്റെ സ്വഭാവം മലങ്കരസഭയിൽ പലപ്പോഴും പകലോമറ്റം കുടുംബത്തിന്റെ പിൻതുടർച്ച ആയിരുന്നു. ആ പിൻതുടർച്ചയിലൂടെ അവർക്ക് സഭയുടെ അംഗീകാരം ലഭിച്ചു എന്ന് പരിഗണിക്കാം. രണ്ടാമത്തേത് അവരുടെ സുസ്താത്തിക്കോൻ മൂലം സാക്ഷീകരിക്കപ്പെടുന്ന കൈവെപ്പും അഭിഷേകവുമാണ്. ഈ രണ്ട് അനിവാര്യ ഘടകങ്ങളോടൊപ്പം രാജകീയവിളംബരം ഉണ്ടാകുകയോ ഇല്ലാതിരിക്കുകയോ ആവാം.

പാലക്കുന്നത്ത് മെത്രാച്ചന് ഒരു കാലത്തും സഭയുടെ തെരഞ്ഞെടുപ്പിലൂടെയോ പകലോമറ്റം കുടുംബപാരമ്പര്യം വഴിക്കോ അംഗീകാരം ലഭിച്ചിരുന്നില്ല. എന്ന് മാത്രമല്ല, നിലവിലുള്ള മലങ്കര മെത്രാൻ അദ്ദേഹത്തെ മുടക്കിയത് മൂലം അദ്ദേഹം എല്ലാ പൗരോഹിത്യ ക്രമങ്ങളിൽ നിന്നും നിഷ്കാസനം ചെയ്യപ്പെട്ടതാണ്. അദ്ദേഹത്തിന്റെ സ്ഥാനാഭിഷേകം സ്വീകരിക്കുന്ന സാക്ഷികൾ ഇല്ല. വിദേശത്ത് നടന്ന ഒരു പട്ടംകൊടയ്ക്ക് സാക്ഷികൾ ഇവിടെയുണ്ടാവുക പ്രയാസമെന്ന് നമുക്ക് ഗ്രഹിക്കാം. എന്നാൽ സ്ഥാനാഭിഷേകത്തിന്റെ സുസ്താത്തിക്കോൻ എവിടെ? അദ്ദേഹം ഒരു സുസ്താത്തിക്കോൻ കൂടെ കരുതിയിരുന്നു. അദ്ദേഹം വന്ന ഉടനെ അദ്ദേഹത്തെ സന്ദർശിച്ച കോനാട്ട് മല്പാൻ മുതൽപേർ സുസ്താത്തിക്കോൻ കൃത്രിമമെന്ന് തിരിച്ചറിഞ്ഞിരുന്നു. മലങ്കര മെത്രാൻ വിളിച്ചുചേർത്ത കണ്ടനാട് സമ്മേളനത്തിൽ പാലക്കുന്നത്ത് മെത്രാച്ചൻ കീഴ്വഴക്കമനുസരിച്ച് സുസ്താത്തിക്കോൻ വായിക്കാതിരുന്നത് ഈ കൃത്രിമത്വം വെളിപ്പെടുമെന്ന ഭയത്തിലാണ്. പിന്നീട് ആ സുസ്താത്തിക്കോൻ പള്ളിക്കര പള്ളിയിൽവച്ച് മോഷ്ടിക്കപ്പെട്ടതായി പ്രചരിപ്പിച്ചു. സെമിനാരിക്കേസിൽ ഹാജരാക്കിയ സുസ്താത്തിക്കോൻ മോഷ്ടിക്കപ്പെട്ട സുസ്താത്തിക്കോന്റെ പകർപ്പാണെന്നാണ് നവീകരണക്കാർ അവകാശപ്പെട്ടത്. മോഷ്ടിക്കപ്പെട്ട ഒരു രേഖയുടെ പകർപ്പ് എങ്ങനെ ഉണ്ടാക്കുവാൻ കഴിയും. ഹാജരാക്കിയ സുസ്താത്തിക്കോൻ കൃത്രിമമാണെന്ന് കേസ് കേട്ട മൂന്നു ജഡ്ജിമാരും ഏകാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ മലങ്കര മെത്രാനാവാൻ ആവശ്യം വേണ്ടുന്ന തെരഞ്ഞെടുപ്പോ സ്ഥാനാഭിഷേകത്തിന്റെ സാധുവായ രേഖയോ സാക്ഷിയോ ഇല്ലാത്ത ഒരാൾ രാജകീയാംഗീകാരം കുതന്ത്രങ്ങളിലൂടെ നേടിയാൽ മലങ്കര മെത്രാപ്പോലീത്താ ആകുമോ? പാലക്കുന്നത്ത് മെത്രാച്ചനെ വെള്ള പൂശി ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്തായുടെ ശ്രേണിയിൽ

പ്രതിഷ്ഠിക്കുവാൻ ശ്രമിക്കുന്നവർ ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ സമാധാനം പറയുവാൻ ബാധ്യസ്ഥരല്ലേ? രാജാവിന്റെ വിളംബരംകൊണ്ട് ഒരാളിൽ ആത്മീയമായ പൗരോഹിത്യ നൽവരം ലഭിക്കുമെന്ന് ഈ സഭ പഠിപ്പിക്കുന്നില്ലല്ലോ.

'ഇടവകപത്രിക'യിലെ സമകാല ലേഖനങ്ങളും മംഗളപത്രങ്ങളും പ്രസംഗങ്ങളും ജീവചരിത്രങ്ങളും പാലക്കുന്നത്ത് മെത്രാച്ചന്റെ നേതൃത്വത്തിൽ രാജകീയ വിളംബരത്തിന്റെ മുഖംമൂടി ധരിച്ച് അരങ്ങു തകർത്ത നവീകരണശ്രമങ്ങളെ അനാവരണം ചെയ്യുന്നു; അതിനെതിരെ സാഹസികമായി യുദ്ധംചെയ്തു വിജയിച്ച പുലിക്കോട്ടിൽ മെത്രാച്ചന്റെ സവ്യസാചിത്വത്തെ നന്ദിയോടെ അംഗീകരിക്കുന്നു; പുകഴ്ത്തുന്നു. അന്നത്തെ വിലയിരുത്തലുകളും പിൽക്കാലത്തെ നിരീക്ഷണങ്ങളും ഒന്നു താരതമ്യപഠനത്തിന് വിധേയമാക്കിയാൽ പല നിലപാടുകളുടെയും ചെമ്പ് തെളിയുകതന്നെ ചെയ്യും. നാം ചെളിയിലേക്ക് വലിച്ചെറിഞ്ഞത് പത്തരമാറ്റ് തിളക്കമുള്ള തങ്കാഭരണത്തെയാണെന്നും, നാം കഴുത്തിലണിഞ്ഞു നടക്കുന്നത് കാക്കപ്പൊന്ന് ആണെന്നും നിഷ്പക്ഷമതികൾക്ക് തിരിച്ചറിയുവാൻ പ്രയാസമുണ്ടാകില്ല. ഇടവകപത്രിക നമുക്ക് സമ്മാനിക്കുന്നത് സുതാര്യതയുള്ള ഒരു കാലഘട്ടത്തിന്റെയും ആ കാലഘട്ടത്തെ കണ്ണീരോടെ നയിച്ച ഒരു ഇതിഹാസ വീരപുരുഷന്റെയും ചിത്രമാണ്. സമകാലചരിത്രം അന്വേഷിക്കാതെ പില്ക്കാലത്ത് ആരോ സമർത്ഥമായി വരച്ചിട്ട പുലിക്കോട്ടിൽ മെത്രാച്ചന്റെ വികൃതചിത്രം അടിസ്ഥാനമാക്കി കാര്യങ്ങളെ തെറ്റായ ദിശയിലേക്ക് നയിക്കുന്നവരുടെ മനസ്സാക്ഷിക്കു മുമ്പിൽ ജൂബിലികാണ്ഡം ഉയർത്തുന്ന ചോദ്യങ്ങളെ സത്യസന്ധരായ ചരിത്രവിദ്യാർത്ഥികൾക്ക് അവഗണിക്കുവാൻ സാധിക്കുമോ?

'രാജിയാലോചന' എന്ന ലേഖനം ശ്രദ്ധേയം. പൂർവികസഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിലേയ്ക്ക് തിരിച്ചുവന്നാൽ താൻ സ്ഥാനം ഉപേക്ഷിച്ച് തൽസ്ഥാനം നവീകരണ മെത്രാനായ എതിരാളിക്ക് നൽകാമെന്ന് പുലിക്കോട്ടിൽ തിരുമേനി രാജപ്രതിനിധികളോട് സമ്മതിച്ചതായും നവീകരണമെത്രാൻ അത് നിരസിച്ചതായും 'മലങ്കരസഭയുടെ രഹസ്യപേടക'ത്തിൽ ഇ. എം. ഫിലിപ്പ് വിവരിക്കുന്നുണ്ട്. ഈ ശ്രമം വിജയിക്കാഞ്ഞതിനാലാണ് തന്റെ അന്ത്യകല്പനയിലൂടെ ഈ ദൗത്യം അദ്ദേഹം പിൻഗാമിയെ വിശ്വാസപൂർവ്വം ഭരമേല്പിച്ചത്.

രണ്ടാമത്തേത് ജന്മദിനകാണ്ഡം ആണ്. അദ്ദേഹത്തിന്റെ 76-ാം ജന്മദിനം മലങ്കരസഭയിലൊരാഘോഷമായിരുന്നു. ഇത് സംബന്ധിച്ച് ഇടവകപത്രിക ഒരു വിശേഷാൽപ്പതിപ്പ് പ്രസിദ്ധീകരിച്ചു. അതിലെ മംഗളശ്ലോകങ്ങളും ലേഖനങ്ങളുമാണ് ഈ അധ്യായത്തിലെ വിഷയം. ഒരു രാജർഷിയെ ഹൃദയാലുക്കളായ മഹാനുഭാവന്മാർ എങ്ങനെ നിരീക്ഷിച്ചു എന്ന്

ആ അധ്യായം വ്യക്തമാക്കുന്നു. സമകാലത്ത് ഇത്രമാത്രം സൂക്ഷ്മനിരീക്ഷണത്തിനും അപഗ്രഥനത്തിനും വിധേയമായ മറ്റൊരു മെത്രാപ്പോലീത്തായും സഭയിലുണ്ടായിട്ടില്ലെന്ന് ഇ. എം. ഫിലിപ്പിന്റെ മുഖപ്രസംഗവും സി. പി. തരകന്റെ ദീർഘാവലോകനവും സംശയാതീതമായി വെളിപ്പെടുത്തുന്നു. ഒരു യുഗപുരുഷന്റെ സർവതലസ്പർശിയും സർവാതിശായിയുമായ ഗംഭീരവ്യക്തിത്വം തങ്ങളുടെ ആത്മീയ നേതാവിൽ ഉള്ളതായി ആ എഴുത്തുകാർ നിരീക്ഷിച്ചിരിക്കുന്നു. അടുത്തു നിന്ന് നോക്കിയാൽ ഏത് പ്രകാശത്തിലും കറുത്തപുള്ളികൾ കാണും. എന്നാൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ സന്തതസഹചാരികളും സഹപ്രവർത്തകരുമായ സൂക്ഷ്മാന്വേഷികൾ അദ്ദേഹത്തിൽ കണ്ടത് സഭയ്ക്കും സമൂഹത്തിനും എക്കാലത്തും അഭിമാനിക്കാനും ആദരിക്കാനും അർഹതയുള്ള സാത്വിക ശോഭ മാത്രം. സുതാര്യത നഷ്ടപ്പെട്ട പില്ക്കാല തലമുറ അദ്ദേഹത്തിന്റെ തേജസ് സഹിക്കാനാകാതെ അസൂയയും അപകർഷതാബോധവും പൂണ്ട് അദ്ദേഹത്തെ 'പേപ്പട്ടി' എന്ന് ആവർത്തിച്ച് വിളിച്ചും വിളിപ്പിച്ചും കല്ലെറിയിച്ചെന്ന് ഈ സമകാല നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ ആർക്കാണ് തിരിച്ചറിയാൻ കഴിയാതിരിക്കുക?

ഒരു ചക്രവർത്തിയുടെ ജന്മദിനത്തോട് തുല്യമായിട്ടാണ് മലങ്കരസഭ അദ്ദേഹത്തിന്റെ 76-ാം ജന്മദിനം ആഘോഷിച്ചതെന്ന് സുറിയാനിയിലും മലയാളത്തിലുമായി പ്രത്യക്ഷപ്പെട്ട മംഗളശ്ലോകങ്ങൾ സൂചിപ്പിക്കുന്നു.

മൂന്നാമത്തെ അധ്യായം വിയോഗകാണ്ഡമാണ്. ഈ അധ്യായം ശ്രദ്ധേയമാകുന്നത് എം. പി. (മൂക്കഞ്ചേരിൽ പൈലി) വർക്കിയുടെ ലേഖനത്തോടെയാണ് (ഇടവകപത്രികയുടെ ആറ് ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ലേഖന പരമ്പരയാണിത്. അദ്ദേഹത്തിന്റെ ജീവചരിത്രം 1901-ൽ രചിച്ച് പ്രസിദ്ധീകരിച്ച ഉത്കൃഷ്ടാശയനാണ് എം. പി. വർക്കി. അദ്ദേഹത്തിന്റെ സാക്ഷ്യം ലോകാവസാനംവരെ സഭാവിശ്വാസികൾ ശ്രദ്ധിക്കുക തന്നെ ചെയ്യും. പില്ക്കാലത്ത് അന്ധഹസ്തി ന്യായേന (കുരുടന്മാർ ആനയെക്കാണുന്നതുപോലെ) ചിലർ നടത്തിയ വികൃതവും വികലവുമായ ഭാഗികവീക്ഷണമല്ല അത്. സൂക്ഷ്മനിരീക്ഷണശേഷിയുള്ള ഒരു സാഹിത്യകാരന്റെ പ്രതിഭ അവതരിപ്പിക്കുന്ന സമഗ്ര ദർശനമാണത്.

യൗസേപ്പ് ആരെന്നും അദ്ദേഹം ഈജിപ്റ്റിനുവേണ്ടി ചെയ്ത മഹത് സംഭാവനകൾ എന്തെന്നും അറിയുന്ന ഫറവോ അദ്ദേഹത്തിനും കുടുംബത്തിനും രാജകീയ അംഗീകാരം നൽകി ആദരിച്ചു. എന്നാൽ യൗസേഫിനെ അറിയാത്ത 'പില്ക്കാല ഫറവോ'മാരുടെ കാലത്ത് യൗസേഫിന്റെ സംഭാവനകൾ വിസ്മരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കുടുംബക്കാർ വിദേശികളായ കുടിയേറിപ്പാർപ്പുകാർ എന്ന് ചിത്രീകരിക്കപ്പെട്ടു. അചിരേണ അവർ ഈജിപ്റ്റിലെ അടിമകളുമായി. പൂർവകാലത്തെ നിരീക്ഷിച്ചറി

യുവാൻ അവർ പ്രാപ്തരല്ലായിരുന്നതിനാൽ വിഗ്രഹങ്ങൾക്ക് നൽകുന്ന അംഗീകാരം പോലും തങ്ങളുടെ നാടിനെ കൊടുംക്ഷാമത്തിൽനിന്ന് സമർത്ഥമായി ഉദ്ധരിച്ച 'നീതിമാനായ യൗസേഫി'ന് കല്പിച്ചു കൊടുക്കുവാൻ കല്ലിച്ചുപോയ അവരുടെ മനസ്സുകൾക്ക് സാധിച്ചില്ല. ഒടുവിൽ പത്തു ബാധകളിലൂടെ യഹോവ അവരെ പ്രതികാരഭാവത്തിൽ സന്ദർശിച്ചതായി 'പുറപ്പാട് പുസ്തകം' വ്യക്തമാക്കുന്നു. മിസ്രേമ്യരഥങ്ങളെ ആഴി വിഴുങ്ങി, കുതിരപ്പട്ടാളത്തിന് വാരിധി കല്ലറയായി എന്നൊക്കെ അവർക്ക് സംഭവിച്ച വൻ വിപത്തിനെ സുറിയാനിസഭയുടെ ആരാധനക്രമം വിലയിരുത്തുന്നു. ഒരു നീതിമാനെതിരായി വ്യാജം പ്രചരിപ്പിക്കുന്നതും സത്യത്തെ അസത്യമെന്ന് ഘോഷിക്കുന്നതും ദൈവത്തിന്റെ പ്രതികാരബോധത്തെ വിളിച്ചുണർത്തുന്ന മഹാപാപമാണെന്ന് വിഗ്രഹാരാധികളായ മിസ്രയീം നിവാസികൾ ഓർക്കാഞ്ഞതിന് അവർക്ക് ലഭിച്ച വൈവിധ്യമാർന്ന ശിക്ഷകൾ!!

നാലാം അധ്യായം ആധുനികപർവമാണ്. ഇടവകപത്രികയുടെ നാവരിയപ്പെട്ട് സഭയുടെ സുതാര്യത അന്ധകാരയുഗത്തിലേക്ക് വഴിമാറിയ സംക്രമണഘട്ടത്തിൽ പില്ക്കാലത്തെ ദുർവ്യാഖ്യാനം ചെയ്യപ്പെട്ട പുലിക്കോട്ടിൽ മെത്രാച്ചനെ മുഖ്യകഥാപാത്രമാക്കി കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിവച്ച മലങ്കരസഭാചരിത്രം 'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ (ഇന്ന് അഹമ്മദാബാദ് മെത്രാസനത്തിന്റെ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ) പ്രസാധനം ചെയ്തതോടെ മലങ്കരസഭയിൽ ഉണ്ടായ ഒരു ആത്മപരിശോധനയുടെ അന്തരീക്ഷത്തെ ഈ അധ്യായം അനാവരണം ചെയ്യുന്നു. പോയ നൂറ്റാണ്ടിന്റെ പുനർവായനയ്ക്ക് ഈ തലമുറയിലെ പ്രബുദ്ധർ തയാറായതിന്റെ സദ്സൂചനകൾ ആ നിരീക്ഷണങ്ങൾക്കുണ്ട്. ശെമവൂൻ മാർ ദീവന്നാസ്യോസ് ആ പുസ്തകം - കണ്ടനാട് ഗ്രന്ഥവരി- പ്രസിദ്ധീകരിക്കപ്പെടുമെന്ന് കരുതി എഴുതിയതാണെന്ന് ഈ ലേഖകൻ കരുതുന്നില്ല. ഏത് ഹത്യകൾ നടന്നാലും അതിന്റെ തെളിവുകൾ ബോധപൂർവ്വം മായ്ക്കപ്പെട്ടാലും ഏതെങ്കിലും ഒരു തെളിവ് ദൈവം അവശേഷിപ്പിക്കുമെന്ന് പറയുന്നത് ഇവിടെ സാർത്ഥകമായി. മനുഷ്യൻ -അവനെത്ര സമർത്ഥനായാലും - കെട്ടിച്ചമച്ച നുണകളുടെ ചീട്ടുകൊട്ടാരം തകർക്കുവാൻ ദൈവം അവശേഷിപ്പിക്കുന്ന ഒരു നുറുങ്ങ് വെളിച്ചത്തിന് കഴിയുമെന്ന് 'കണ്ടനാട് ഗ്രന്ഥവരി' തെളിയിച്ചു. ആ നുറുങ്ങ് വെളിച്ചത്തെ പൊടിതട്ടി രംഗത്ത് അവതരിപ്പിക്കുവാൻ ഇതെഴുതുന്ന ആളിനെയാണ് ദൈവം ഉപയോഗിച്ചത് എന്നോർക്കുമ്പോൾ എന്റെ ജന്മത്തിന് സാഫല്യമുണ്ടായതായി ഞാൻ കരുതുന്നു. റോയൽക്കോടതിയിൽ സെമിനാരിക്കേസ് വിജയിച്ചശേഷം തർക്കത്തിൽ കിടന്ന ഓരോ ദേവാലയവും

വ്യവഹാരം നടത്തി വീണ്ടെടുക്കുക മാത്രമല്ല സ്മര്യപുരുഷൻ ചെയ്തത്. കേസ് ജയിച്ച ഓരോ പള്ളിയിലും ചെന്ന് പൊതുയോഗം വിളിച്ചുകൂട്ടി ഇനിയൊരു വ്യവഹാരം സാധ്യമാകാത്തവിധത്തിൽ സഭയോടുള്ള വിധേയത്വം പ്രഖ്യാപിക്കുന്ന തീരുമാനമെടുത്ത് അവയെ രജിസ്റ്റേർഡ് ഉടമ്പടിയാക്കിത്തീർക്കുവാനുള്ള ക്രാന്തദർശിത്വം ശതാവധാനിയായ ആ പിതാവ് കാണിച്ചു. പില്ക്കാല സഭാനേതൃത്വം അദ്ദേഹത്തിന്റെ ഈദൃശ നടപടികളെ തമസ്ക്കരിക്കാതിരുന്നുവെങ്കിൽ 1958–ലെ സുപ്രീംകോടതി വിധിയുണ്ടായപ്പോൾ പൂർവഗാമിയുടെ നടപടികൾ മലങ്കരസഭ സ്വീകരിക്കുമായിരുന്നു. അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട പൊതുയോഗം തീരുമാനങ്ങളിലൂടെ 1958–ലെ സുപ്രീംകോടതിവിധിയെ ഇടവകതലത്തിൽ യാഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നുവെങ്കിൽ 1970–കളിൽ ഉണ്ടായ വേദനാജനകമായ സഭാവിഭജനം ഉണ്ടാകുകയില്ലായിരുന്നു എന്നത് ഒരു സത്യമല്ലേ?

‘കണ്ടനാട് ഗ്രന്ഥവരി’ പോലെയോ അതിനേക്കാൾ അധികമോ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ കാലഘട്ടത്തെ തേജോമയമായി അനാവരണം ചെയ്യുന്ന സ്രോതസാണ് ഇടവകപത്രികയുടെ ലക്കങ്ങൾ. ‘കണ്ടനാട് ഗ്രന്ഥവരി’ സമകാലികനായ ഒരാളുടെ (ആ ആൾ എത്ര മഹാനായാലും) മാത്രം സാക്ഷ്യമാണ്. ഇടവകപത്രികയാകട്ടെ, അത്തരത്തിലുള്ള അനേകംപേരുടെ സാക്ഷ്യമാണ്. മൺമറഞ്ഞുപോയ ആ സാക്ഷ്യങ്ങളെ കേടുകൂടാതെ ഖനനം ചെയ്ത് അവതരിപ്പിക്കുവാനാണ് ഈ വാല്യത്തിൽ ശ്രമിച്ചിട്ടുള്ളത്. ഈ യത്നം തുടരുവാൻ ദയാപൂർവ്വം അനുവദിച്ച ജഗന്നിയന്താവിനെ നമിക്കുന്നു. എം. ജെ. ഡി. പബ്ലിക്കേഷന്റെ ബാനറിൽ സോദ്ദേശ്യമായ ഗവേഷണകൃതികളെ പ്രകാശനം ചെയ്യുന്നത് പ്രധാന ഉത്തരവാദിത്തങ്ങളിലൊന്നായി പരിഗണിച്ച് അനേകരിൽ നിന്ന് വ്യത്യസ്തനായി, സമയവും ധനവും വ്യയം ചെയ്തു ധന്യത നേടുന്ന പുലിക്കോട്ടിൽ അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായോട്, അദ്ദേഹത്തിന്റെ മെത്രാസനത്തോട്, ഞങ്ങൾക്കുള്ള കടപ്പാട് നിസ്സീമമാണ്. മുൻ തലമുറകളിലെ മലങ്കര മെത്രാപ്പോലീത്തന്മാരായി സഭയെ പോഷിപ്പിച്ച പൂർവീകരായ പുലിക്കോട്ടിൽ മെത്രാപ്പോലീത്തന്മാരുടെ കാലടികളെ ഈ തലമുറയിൽ ഇദ്ദേഹം പിൻതുടരുന്നത് മലങ്കരസഭ സഹർഷം ശ്രദ്ധിക്കാതിരിക്കുകയില്ല. ബ്ലേഡ് കമ്പനികളിലും ഷെയർ മാർക്കറ്റുകളിലും പണം മുടക്കുന്നതിനേക്കാൾ ഈദൃശമായ അക്ഷരനിക്ഷേപങ്ങളിൽ പണം മുടക്കുന്നതാണ് ‘പത്തുകൊണ്ട് പത്ത് ലാഭമുണ്ടാക്കിയ’ വിശ്വസ്ത ദാസനെ അനുകരിക്കാനുള്ള വഴിയെന്ന് അദ്ദേഹം കണ്ടെത്തിയിരിക്കുന്നു. കള്ളന്മാർ മോഷ്ടിക്കാത്ത ഈ അക്ഷരനിക്ഷേപത്തിൽ ധനം നിക്ഷേപിക്കുന്ന ‘ബുദ്ധി’യുടെ ഇടയസ്വഭാവത്തെ ഞങ്ങൾ വിലമതിക്കുന്നു.

ഈ ഗ്രന്ഥം സംവിധാനം ചെയ്യുന്നതിൽ ഏറെ ക്ലേശം സഹിച്ച് സഹായിച്ച ജോയ്സ് തോട്ടയ്ക്കാട്, അഡ്വ. ഗിൽബർട്ട് ചീരൻ, എം.ജെ.ഡി. പബ്ലിഷേഴ്സ് കമ്മിറ്റിയിലെ സഹപ്രവർത്തകർ തുടങ്ങിയവരോടുള്ള സീമാതീതമായ നന്ദി ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

പുലിക്കോട്ടിൽ തിരുമേനിയുടെ രചനകളും കല്പനകളും സ്വകാര്യ കത്തുകളും അടങ്ങുന്ന ഒരു മൂന്നാം വാല്യം അടുത്ത വർഷം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സത്യസന്ധമായ ചരിത്രപഠനത്തിൽ താല്പര്യമുള്ള എല്ലാ വായനക്കാരും എം.ജെ.ഡി. പബ്ലിഷേഴ്സിന്റെ ഈ ഉദ്യമങ്ങളിൽ തുടർന്നും സഹകരിക്കുമെന്നുള്ള പ്രതീക്ഷയോടെ ഈ വാല്യം സഹൃദയ കേരളത്തിന്റെ മുമ്പിൽ ആദരപൂർവ്വം സമർപ്പിക്കുന്നു. മഹാത്മാവായ മാർ ദീവന്നാസ്യോസിന്റെ 103-ാം ഓർമ്മപ്പെരുന്നാളിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കോട്ടയം പഴയസെമിനാരിയിൽ വച്ച് ഈ ഗ്രന്ഥം പ്രകാശനം ചെയ്യുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കായോടുള്ള ഭക്തി രേഖപ്പെടുത്തി സമർപ്പിക്കുന്ന ഈ ഗ്രന്ഥം ഒരു തിരുമുൽക്കാഴ്ചയായി ആ പുണ്യാത്മാവ് സ്വീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ഡോ. ജോസഫ് ചീരൻ**
(എഡിറ്റർ)

മാർതോമ്മാശ്ലീഹായുടെ
ദുക്റോനോ പെരുനാൾ 2012
പഴഞ്ഞി



ഭാഗം 1

# ജൂബിലികാണ്ഡം

# മാർ ദീവന്നാസ്യോസ് സിമ്മനാരി ഷോടതി

ഇത് കുംഭം 14-നു തിങ്കളാഴ്ച നടത്തണമെന്നു തീർച്ചപ്പെടുത്തിയിരുന്നതുപോലെ നടത്തുവാൻ ആകസ്മികമായ ഒരു സംഭവം മൂലം ഇടയായില്ല. അതിനാൽ 21-ാം തീയതിയിലേക്കു മാറ്റിവെക്കേണ്ടിവന്നു. അതിനിടയിൽ ഭാരവാഹികൾ തങ്ങളുടെ കണക്കു രജിസ്റ്റർ മുതലായവയെ ഒരിക്കൽ കൂടെ പരിശോധിച്ചു വ്യവസ്ഥപ്പെടുത്തുവാൻ സാവകാശം ഉണ്ടായതിനാൽ ഈ മാറ്റം വളരെ ഫലപ്രദമായിട്ടാണ് തീർന്നത്. 21-നു തിങ്കളാഴ്ച 8 മണിക്ക് ക്ഷണക്കത്തനുസരിച്ചു സ്ഥലത്തെ പ്രധാന ഉദ്യോഗസ്ഥന്മാർ ഉൾപ്പടെ ഒരു മഹാസംഘം സിമ്മനാരിയിൽ ഹാജരായി. ഡിസ്ട്രിക്റ്റു മജിസ്ട്രേട്ട്, 2-ാം ക്ലാസ് മജിസ്ട്രേട്ട്, മുൻസീപ്പന്മാർ, എക്സിക്യൂട്ടീവ് എഞ്ചിനീർ, പള്ളിക്കൂടം ഇൻസ്പെക്ടറന്മാർ, മലവക കൺസർവേറ്റർ മുതലായ പ്രധാന ഉദ്യോഗസ്ഥന്മാർ എല്ലാവരും, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, പുന്നൻ ജഡ്ജി, വക്കീൽ കുമാരമേനോൻ, വക്കീൽ കോശി മുതലായ കമ്മറ്റിക്കാരും ഈ യോഗത്തിൽ ഹാജരുണ്ടായിരുന്നു. ഇവരോടുകൂടി മാന്യന്മാരായ പലരേയും ഷോടതി മുറിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടായിരുന്നു. ഷോടതി എടുക്കുന്നത് എല്ലാവർക്കും കാണത്തക്കവിധത്തിൽ ചുറ്റും അഴികൾ മാത്രമുള്ള ഒരു വലിയ മുറിയിൽ വച്ചായിരുന്നതിനാൽ, പുറമെ കൂടിയിരുന്ന അനേകായിരങ്ങൾക്കും അകത്തെ സംഭവങ്ങളെ ധാരാളം കാണാമായിരുന്നു. ആദ്യമായി ദിവാൻ പേഷ്കാർ വേല നോക്കുന്ന 1-ാം ക്ലാസ്സ് മജിസ്ട്രേട്ട് കുഞ്ഞികൃഷ്ണപണിക്കർ അവർകളെ നിയമിച്ചശേഷം മാനേജർ റിപ്പോർട്ട് വായിച്ചു. റിപ്പോർട്ടിന്റെ പകർപ്പ് ചുവടെ ചേർത്തിട്ടുള്ളതിനാൽ ചുരുക്കം ഇവിടെ പ്രസ്താവിക്കുന്നില്ല. ആകെ 76525 ടിക്കറ്റുകൾ വിറ്റു പണം വന്നിട്ടുണ്ടായിരുന്നു. ലക്ഷം ടിക്കറ്റും വിൽക്കുവാൻ ഇടയായില്ലെങ്കിലും ഈ സംഖ്യ വളരെ തൃപ്തികരമാണ്. തിരുവിതാംകോടും പുറമെയും അടുത്തകാലത്ത് നടന്നിട്ടുള്ള ഷോടതികളിലെ പിരിവിനോട് താരതമ്യപ്പെടുത്തിയാൽ ഇത് വളരെ പ്രശംസനീയമാണ്. കുറെ വിറ്റ ടിക്കറ്റുകൾ പണം കൂടാതെ വന്നുചേർന്നിട്ടുണ്ടായിരുന്നു എങ്കിലും ഏജന്റുമാരിൽ നിന്നു പണം വ്യവഹാരപ്പെട്ടിട്ടെങ്കിലും ഈടാക്കികൊള്ളാമെന്നുള്ള നിശ്ചയത്തിന്മേൽ ഈ ടിക്കറ്റുകളും പെട്ടിയിൽ ഇട്ടു.

ചിട്ടി ഇടുവാൻ ടിക്കറ്റു നമ്പറുകൾ അടങ്ങിയ കാർഡുകളും സമ്മാന സംഖ്യകൾ എഴുതിയ കാർഡുകളും പല കെട്ടുകളായി കെട്ടി ലീസ്റ്റു സഹിതം തയ്യാറാക്കിയിരുന്നതിനെ യോഗത്തിന്റെ പരിശോധനയ്ക്കായി

മാനേജർ ഹാജരാക്കി. അവ ശരിയായിരിക്കുന്നു എന്നു യോഗം തൃപ്തിപ്പെട്ടശേഷം നമ്പർ കാർഡുകൾ അവയ്ക്കായി നിശ്ചയിച്ചിരുന്ന പെട്ടിയിലും സമ്മാനകാർഡുകൾ വേറൊരു പെട്ടിയിലും ഇട്ടു. ഉദ്യോഗസ്ഥന്മാരുടെ മക്കൾ ഉൾപ്പെട്ട പത്തുപതിനാറു കുട്ടികൾ ചിട്ടി എടുക്കുവാൻ തയ്യാറുണ്ടായിരുന്നു. റിപ്പോർട്ടു വായന കഴിഞ്ഞു ഇൻസ്പെക്ടർ രാമസ്വാമി അയ്യർ അവർകൾ ഷോടതിയുടെ ഉദ്ദേശ്യത്തെ വിവരിച്ചും ഭാരവാഹികളുടെ പരിശ്രമങ്ങളേയും ഒരുക്കങ്ങളെയും ശ്ലാഘിച്ചും പ്രസംഗിച്ചശേഷം ഉദ്ദേശം 10 മണിയോടുകൂടി ചിട്ടി എടുക്കുവാൻ ആരംഭിച്ചു. രണ്ടു കുട്ടികൾ നമ്പരും സമ്മാനവും എടുക്കുന്നതിനെ വാങ്ങി വായിപ്പാൻ രണ്ടാളുകൾ നിന്നിരുന്നു. ഇവർ ഉറച്ചു വായിക്കുമ്പോൾ ആ നമ്പരും സമ്മാനസംഖ്യയും മൂന്നു പേർ പ്രത്യേകം പ്രത്യേകം പുസ്തകങ്ങളിൽ എഴുതുകയും വേറൊരുവൻ എല്ലാവരും കാണത്തക്കവണ്ണം കറുത്തപലകയിന്മേൽ ചോക്കുകൊണ്ടെഴുതുകയും ചെയ്തിരുന്നു. വായനക്കാർ ടിക്കറ്റുകളെ വേറൊരു ആളെ ഏൽപ്പിക്കയും അയാൾ അഗ്രാസനരുടെ മുമ്പാകെ അവയെ സമർപ്പിക്കയും അഗ്രാസനരുടെ മുമ്പിൽവച്ചു ഒരാൾ അവയിൽ എടുത്ത ക്രമപ്രകാരമുള്ള നമ്പര് പതിച്ചശേഷം പേർ, നമ്പർ, ടിക്കറ്റും അതോടുചേർന്ന സമ്മാന ടിക്കറ്റും കൂടെ കൂട്ടിക്കുത്തി പ്രത്യേകം സുക്ഷിച്ചുവന്നു.

ഇങ്ങനെ പന്ത്രണ്ടു മണി വരെ ചിട്ടി എടുത്തശേഷം പെട്ടകങ്ങളും മുറിയും പൂട്ടി മുദ്ര വച്ചു യോഗം വിശ്രമത്തിനായി പിരിഞ്ഞു.

അനന്തരം രണ്ടു മണിക്കു യോഗം വീണ്ടും കൂടി മേൽപ്രകാരം അഞ്ചര മണി വരെ കുറി എടുത്തു. ഇതിനിടയിൽ ഒന്നാം സമ്മാനം ഒഴിച്ചുള്ള വലിയ സമ്മാനങ്ങൾ മിക്കവാറും വന്നുകഴിഞ്ഞു. 6 മണിയോടുകൂടെ വീണ്ടും പെട്ടികളും മുറിയും പൂട്ടി മുദ്ര വച്ചശേഷം മുദ്ര ഒരു ഉദ്യോഗസ്ഥന്റെയും താക്കോൽ വേറൊരു ഉദ്യോഗസ്ഥന്റെയും സൂക്ഷത്തിൽ ഏല്പിച്ചു യോഗം പിരിഞ്ഞു.

അടുത്ത ചൊവ്വാഴ്ച 8 മണിക്കു വീണ്ടും യോഗം കൂടി പൂട്ടും മുദ്രകളും പരിശോധിച്ചശേഷം തുറന്ന് മേൽപ്രകാരം നറുക്കുകൾ എടുത്തു തുടങ്ങി. ഈ സമയത്താണ് 1-ാം സമ്മാനം വെളിക്കു വന്നത്. ഇങ്ങനെ പത്തുമണിയോടുകൂടെ ദ്രവ്യസമ്മാനങ്ങൾ എല്ലാം എടുത്തുതീർന്ന ശേഷം മുൻസിപ്പ് അനന്തരായർ അവർകൾ എഴുന്നേറ്റു തന്റെ അറിവിലും കേൾവിയിലും ഇത്രയും ഭംഗിയായും കണിശമായ ശട്ടംകെട്ടുകളോടും കൂടി നടത്തിയ ഒരു ഷോടതി ഉണ്ടായിട്ടില്ലെന്നും പറഞ്ഞു. കമ്മറ്റിക്കാരെയും പ്രത്യേകം അദ്ധ്യക്ഷൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളെയും ശ്ലാഘിച്ചു പ്രസംഗിക്കയും കമ്മറ്റിക്കാരുടെ പേർക്കു മനോരമ പത്രാധിപർ വറുഗീസു മാപ്പിള അവർകൾ യോഗത്തെ അഭിനന്ദിക്കയും ചെയ്ത ശേഷം യോഗം പിരിഞ്ഞു.

ഇങ്ങനെ രണ്ടു ദിവസം കൊണ്ടു ദ്രവ്യസമ്മാനങ്ങൾ ആയിരവും എടുത്തുതീർന്നു. 1–ാം സമ്മാനം സിലോണിൽ ഡിക്കൊയാ എന്ന സ്ഥലത്തു എം. ആർ. ഫെർണാണ്ടൊ എന്നയാൾ മുഖാന്തരം സി. എച്ച എന്നവർക്കും രണ്ടാം സമ്മാനം കല്ലൂപ്പാറ മാരേട്ടു അബ്രഹാം കത്തനാരുടെ മകൻ ബർസൗമ്മാ എന്ന കുട്ടിക്കും 3–ാം സമ്മാനം ഇരിങ്ങാലക്കുട അന്തോണി കുഞ്ഞുവറീയ്ത് എന്നൊരാൾക്കുമാണ് വന്നത്.

സമ്മാനം വന്ന ക്രമം നോക്കിയാൽ ആദ്യംമുതൽ അവസാനംവരെ ഇടകലർന്ന് എല്ലാ ആയിരങ്ങളിൽ നിന്നും വന്നിരിക്കുന്നതിനാൽ നമ്പർ കാർഡുകൾ ശരിയായവിധത്തിൽ കലർന്നിട്ടുണ്ടെന്നു ലക്ഷ്യപ്പെടുന്നു. ഇംഗ്ലണ്ടിലും ഇന്ത്യയിൽ ഹിമവാൻ മുതൽ കന്യാകുമാരി വരെ മിക്ക സ്ഥലങ്ങളിലും, ഇന്ത്യക്കു പുറമെ ബർമ്മാ, സിലോൺ, സ്റ്റെറ്റ സെദിൾ മെണ്ട് മുതലായ രാജ്യങ്ങളിലും ഏറെക്കുറെ സമ്മാനങ്ങൾ വന്നിട്ടുണ്ട്.

സാമാന സമ്മാനങ്ങൾ എടുക്കുവാൻ തുടങ്ങിയിട്ടുണ്ട്. പിരിവിന്റെ വീതപ്രകാരം ഈ ഇനത്തിൽ ഉള്ള സമ്മാനങ്ങൾ 6000–ൽ അധികം വരുന്നതുകൊണ്ടു ഇതേവരെ മുഴുവൻ എടുത്തു തീർന്നിട്ടില്ല.

മൊത്തമായി പറഞ്ഞാൽ ടിക്കറ്റുകളുടെ പിരിവും, ചിട്ടി എടുത്ത സമ്പ്രദായവും വിചാരിച്ചിരുന്നതിൽ അധികം തൃപ്തികരമായി അവസാനിച്ചു എന്ന് യോഗത്തിൽ കൂടിയ എല്ലാവർക്കും തൃപ്തികരമായി ബോദ്ധ്യപ്പെട്ടാണ് പോയത്.

*(ഇടവകപത്രിക 1901 ശ്ബോത്ത് - കുംഭം, പുസ്തകം 10, ലക്കം 2)*

# മാർ ദിവന്നാസ്യോസ് സിമ്മനാരി ഷോടതി റിപ്പോർട്ട്

നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അപേക്ഷപ്രകാരം തിരുവിതാംകൂർ ഗവൺമെന്റിൽ നിന്നും 1898 ഓഗസ്റ്റ് 3-ാം തീയ്യതി, 4000-ാം നമ്പ്രായി നൽകിയ അനുവാദം അനുസരിച്ച് നടത്തപ്പെട്ടിട്ടുള്ളതാണ് ഈ ഷോടതി. ഇതിൽ നിന്നുണ്ടാകുന്ന മുതൽ ഈ രാജ്യത്തിലുള്ള എല്ലാവകക്കാരുടേയും പ്രത്യേകം മലങ്കര സുറിയാനി സമുദായത്തിന്റെയും നിത്യാഭിവൃദ്ധിക്കായി ഉപയോഗിക്കണമെന്നാണ് ആദ്യമെതന്നെ നിശ്ചയിച്ചിട്ടുള്ളത്. ഈ ഉദ്ദേശ്യത്തെ നിറവേറ്റുന്നതിനും ജനസാമാന്യത്തിനു അംഗീകാരയോഗ്യമായവിധത്തിൽ തകരാറു കൂടാതെ മുതൽ കൈകാര്യം ചെയ്യുന്നതിനായി മെത്രാപ്പോലീത്തന്മാരും ജനപ്രതിനിധികളായ പല മാന്യന്മാരും ഉൾപ്പെട്ട ഒരു സംഘം ഇൻഡ്യൻ കമ്പനീസ് ആക്റ്റിൻപ്രകാരം റജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

താഴെ വിവരിക്കുന്നതുപോലെ ഒരു മേൽവിചാരകസംഘത്തിന്റെ ആലോചനാപൂർവ്വം സ്ഥലത്തെ ഒരു നിർവാഹക സംഘത്താൽ കോട്ടയത്തു വച്ചു ഈ ഷോടതി നടത്തപ്പെട്ടിരിക്കുന്നു.

**രക്ഷാധികാരികൾ**

1. തിരുവിതാംകൂർ അശ്വതി തിരുനാൾ തമ്പുരാൻ തിരുമനസ്സുകൊണ്ടു
2. വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു

**മേൽയോഗ സാമാജികന്മാർ**

1. മ.രാ.രാ. രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ അവർകൾ, അനന്തപുരം
2. മ.രാ.രാ അരുമനശ്രീ നാരായണൻതമ്പി അവർകൾ തിരുവനന്തപുരം
3. മ.രാ.രാ. വെദാദ്രിശദാസമുതലിയാർ അവർകൾ പെൻഷ്യൻ ഹൈകോർട്ട് ജഡ്ജി
4. മ.രാ.രാ. എം. ഗോവിന്ദപ്പിള്ള ബി.എ. ബി.എൽ. അവർകൾ ഹൈക്കോർട്ട് ജഡ്ജി
5. മ.രാ.രാ. എം. സി. നീലകണ്ഠപ്പിള്ള അവർകൾ കൊട്ടാരം സർവ്വാധികാര്യക്കാർ
6. മ.രാ.രാ. ടി. സി. പുന്നൻ ബി.എ. അവർകൾ പെൻഷ്യൻ ജഡ്ജി കോട്ടയം

7. മ.രാ.രാ. പി. അയ്യപ്പൻപിള്ള ബി.എ. അവർകൾ പള്ളിക്കൂടം ഇൻസ്പെക്ടർ, കോട്ടയം

8. മ.രാ.രാ. ജെ. എൽ. ഗോമീസ് അവർകൾ അസിസ്റ്റന്റ് സർജൻ, കോട്ടയം

9. മ.രാ.രാ. ഐ. എച്ച്. പ്രീൻസ് അവർകൾ ഹേഡ് സർക്കാർ വക്കീൽ തിരുവനന്തപുരം

10. മ.രാ.രാ. ആർ. രങ്കറാവു ബി.എ. ബി.എൽ. അവർകൾ അസിസ്റ്റന്റ് സർക്കാർ വക്കീൽ, തിരുവനന്തപുരം

11. മ.രാ.രാ. ഇ. ജെ. ജോൺ ബി.എ. ബി.എൽ. അവർകൾ വക്കീൽ തിരുവനന്തപുരം

12. മ.രാ.രാ. ആർ. വീരരാഘവയ്യങ്കാർ ബി.എ. ബി.എൽ. അവർകൾ വക്കീൽ തിരുവനന്തപുരം

13. വി. സുബ്രഹ്മണ്യയ്യർ അവർകൾ, വക്കീൽ തിരുവനന്തപുരം

14. മ.രാ.രാ. സി. ജോൺ അവർകൾ കലാൽകുത്തക കോട്ടയം

15. മ.രാ.രാ. പനക്കൽ ഈയ്യാക്കു മാത്തു അവർകൾ കുന്നംകുളം

16. മ.രാ.രാ. സി. ജെ. കുര്യൻ അവർകൾ, വെസ്റ്റേൺ സ്റ്റാർ മാനേജർ, തിരുവനന്തപുരം

17. ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ അവർകൾ

18. ദി. ശ്രീ. ജെറാൾജി ലാലജി അവർകൾ, ആലപ്പുഴ

19. ദി. ശ്രീ. ഹാജി മഹമ്മത് ഹാജി ജാക്കൂബ് അവർകൾ ആലപ്പുഴ

**നിർവാഹകസംഘ സാമാജികന്മാർ**

1. നി. വ. ദി. ശ്രീ. മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ (പ്രസിഡന്റ്)

2. നി. വ. ദി. ശ്രീ. നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ (ഖജാൻജി)

3. ദി. ശ്രീ. വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ അവർകൾ (മാനേജർ)

4. ബ്രഹ്മശ്രീ. വയസ്ക്കരെ നാരായണൻ മൂസ്സ് അവർകൾ കോട്ടയം

5. മ.രാ.രാ. ടി. സി. പുന്നൻ ജഡ്ജി അവർകൾ കോട്ടയം

6. മ.രാ.രാ. കുമാരമേനവൻ അവർകൾ വക്കീൽ കോട്ടയം

7. മ.രാ.രാ. കെ. ടി. കോശി അവർകൾ വക്കീൽ കോട്ടയം

8. മ.രാ.രാ. കുന്നുംപുറത്തു സി. ചെറിയാൻ അവർകൾ കോട്ടയം

9. മ.രാ.രാ. കെ. സി. മാമ്മൻമാപ്പിള ബി.എ. അവർകൾ ദീ. സി. ഹേഡ്മാസ്റ്റർ

10. മ.രാ.രാ. ജി. അലക്സാണ്ടർ ബി.എ. അവർകൾ ദീ. സി. അസിസ്റ്റന്റ് മാസ്റ്റർ

11. മ.രാ.രാ. കെ. സി. ഉണ്ണിട്ടൻ ബി.എ. അവർകൾ ദീ. സി, കോട്ടയം അസിസ്റ്റന്റ് മാസ്റ്റർ.
12. മ.രാ.രാ. കെ. ഐ. വറുഗീസുമാപ്പിള അവർകൾ മ. മ. പത്രാധിപർ (കൂട്ടു സിക്രട്ടറിമാർ).
13. മ.രാ.രാ. ഇ. എം. പീലിപ്പോസു അവർകൾ ഇ. പ. പത്രാധിപർ (കൂട്ടു സിക്രട്ടറിമാർ).

ഷോടതിക്കു ആകപ്പാടെ ഒരു ലക്ഷം ടിക്കറ്റും, ടിക്കറ്റു ഒന്നിനു ഓരോ രൂപാ വിലയും ആകപ്പാടെ പിരിഞ്ഞീടാകുന്ന സംഖ്യയിൽ നൂറിനു നാല്പതുഭാഗം സമ്മാനവുമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഗവർമ്മെണ്ടനു വാദം കിട്ടിയശേഷം ടിക്കറ്റു അച്ചടിക്കുന്നതിനും മറ്റും കുറെ കാല താമസം വേണ്ടിവന്നതിനാൽ 1899 ഏപ്രിൽ മാസത്തിന്റെ ആരംഭത്തിൽ മാത്രമെ ഷോടതി തുടങ്ങുന്നതിനു ഇടയായുള്ളു. ടിക്കറ്റു കുറെ പിരിഞ്ഞു പണം വസൂലായതിനുശേഷം നറുക്കെടുക്കുന്ന തീയതി നിശ്ചയിക്കുന്നതാണ് ഉത്തമമെന്നുള്ള പല യോഗ്യന്മാരുടെയും അഭിപ്രായം അനുസരിച്ചു ആദ്യകാലത്തിൽ യാതൊരു തീയ്യതിയും നിശ്ചയിക്കാതിരുന്നത് ടിക്കറ്റിന്റെ പിരിവിൽ ഒരു പ്രതിബന്ധമായിട്ടാണ് തീർന്നത്. ഒരു അവധി വച്ചാലും ആ അവധി അടുത്തല്ലാതെ ഏജണ്ടന്മാർ പണവും എതിർ ടിക്കറ്റും എത്തിച്ചുതരിക വളരെ ദുർലഭമായിട്ടേ ഉള്ളു എന്നു പല പ്രാവശ്യത്തെ അനുഭവംകൊണ്ടു ഞങ്ങൾക്കു നിശ്ചയം വന്നിട്ടുള്ളതാണ്. എന്നു തന്നെയല്ല ഇതിനു മുമ്പുണ്ടായിട്ടുള്ള മിക്ക ഷോടതികളും പല പ്രാവശ്യം അവധി മാറ്റിവച്ചിട്ടുള്ളതുകൊണ്ടു ഞങ്ങളും അതുപോലെ ചെയ്യാതിരിക്കയില്ലെന്നു ഏജണ്ടന്മാർ ധരിച്ചു പണവും ടിക്കറ്റിന്റെ എതിരും ഇവിടെ എത്തിച്ചുതരുന്നതിൽ വളരെ അമാന്തം കാണിച്ചതിനാൽ ഈ ഷോടതിയുടെ അവധിയും രണ്ടുമൂന്നു പ്രാവശ്യം ഭേദപ്പെടുത്തേണ്ടി വന്നുപോയി. നറുക്കെടുക്കാനായി അവസാനമായി നിശ്ചയിച്ചത് ഫെബ്രുവരി 25-നു തിങ്കളാഴ്ച ആയിരുന്നു. അതുകഴിഞ്ഞു ഒരാഴ്ച കൂടി മാറ്റിവയ്ക്കേണ്ടി വന്നതു കൂടുതൽ ടിക്കറ്റു വില്ക്കണമെന്നുള്ള ആഗ്രഹം കൊണ്ടല്ല അപ്രതീക്ഷിതങ്ങളും അനിവാര്യങ്ങളുമായ മറ്റു കാരണങ്ങൾ കൊണ്ട് മാത്രമായിരുന്നു.

ടിക്കറ്റു വിൽക്കുന്ന ഏജണ്ടന്മാർക്കു നൂറിനു നാലു വീതമാണ് കമ്മീഷൻ ആരംഭത്തിൽ നിശ്ചയിച്ചത്. എന്നാൽ ദൂരസ്ഥന്മാരായ ഏജണ്ടന്മാരെ ടിക്കറ്റു വിൽക്കുന്നതിൽ ഉത്സാഹിപ്പിക്കുന്നതിനും അവരുടെ മണി ഓർഡർ മുതലായ ചിലവുകൾക്കും ഈ സംഖ്യ മതിയായില്ലെന്നു കാണുകയാൽ പിന്നീടു അവർക്ക് നൂറിനു എട്ടു വീതവും രൊക്കം പണം തന്നു ടിക്കറ്റു വാങ്ങുന്നവർക്ക് നൂറിനു പത്തു വീതവും കമ്മീഷൻ കൊടുത്തിട്ടുണ്ട്. ആകപ്പാടെ 76525 ടിക്കറ്റുകൾ പിരിഞ്ഞു പണം വസൂലായിട്ടുണ്ട്.

പണം വസൂലാകാതെ എതിരു ടിക്കറ്റുകൾ ഇവിടെ വന്നിട്ടുള്ളതിന്റെ പണം പിന്നീട് ഈടാക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഇവയും ചിട്ടി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പിരിഞ്ഞ ടിക്കറ്റിന്റെ കണക്കനുസരിച്ചു ദ്രവ്യ സമ്മാനങ്ങളുടെ സംഖ്യ കുറച്ചിട്ടുണ്ടെന്നല്ലാതെ സമ്മാനങ്ങളുടെ എണ്ണം ആയിരം തന്നെയാണ്. ഓരോ സമ്മാനങ്ങളുടെ സംഖ്യ കുറച്ചിട്ടു മുക്കാൽ ഭാഗത്തിൽ സ്വല്പം കൂടുതൽ ഉള്ളതായി കാണുന്നതു തൃപ്തികരമായി ഗണിക്കപ്പെടുമെന്നു വിശ്വസിക്കുന്നു.

അടുത്ത കാലത്തുണ്ടായിട്ടുള്ള മറ്റു ഷോടതികളെക്കാൾ വളരെ കൂടു തൽ ടിക്കറ്റുകൾ ഈ ഷോടതിയിൽ പിരിഞ്ഞതിനെപ്പറ്റി കമ്മറ്റിക്കാർക്ക് വളരെ കൃതാർത്ഥതയുള്ളതാകുന്നു. കമ്മറ്റിക്കാരുടെ ആശയെ അതി ക്രമിച്ച് ഷോടതിക്കു ഇത്ര ഫലപ്രാപ്തി ഉണ്ടായതിന്റെ പ്രധാന കാരണം തിരുവിതാംകൂർ ഗവർമ്മെണ്ടിൽ നിന്നു ദയവായി നൽകിയ അനുവാദ മാകയാൽ പ്രജാക്ഷേമതല്പരനും കരുണാവാരിധിയും എല്ലാവിധ രാജ ലക്ഷണങ്ങളാൽ സംപൂർണ്ണനുമായ പൊന്നുതമ്പുരാൻ തിരുമനസ്സി ലോടും അവിടുത്തെ ദീനദയാലുവും സത്യസന്ധനുമായ ദിവാൻജി, ദിവാൻ ബഹദൂർ കെ. കൃഷ്ണസ്വാമിരായർ അവർകളോടും ഞങ്ങൾ ക്കുള്ള അളവറ്റ കൃതജ്ഞതയെ ഒന്നാമതായി അറിയിച്ചുകൊള്ളുന്നു. ഷോടതി രക്ഷാധികാരികളിൽ ഒരാളായിരുന്ന അശ്വതി തിരുനാൾ കൊച്ചു തമ്പുരാൻ ബി.എ. തിരുമനസ്സിലെ പറ്റിയും ഒന്നുരണ്ടു വാക്കുകൾ പറ യാതിരിപ്പാൻ മനസ്സു സമ്മതിക്കുന്നില്ല. തിരുമനസ്സിലെ ഏറ്റവും ചുരു ങ്ങിയ ആയുസ്സിനിടയിൽ, ഇന്ത്യയിലെ ഏതദ്ദേശ്യ രാജകുടുംബങ്ങളിൽ അവിടുന്നു ഇദംപ്രഥമമായി ബി.എ. പരീക്ഷയിൽ ജയിക്കയും രാജ്യ സഞ്ചാരം കൊണ്ടും മറ്റു പലവിധത്തിലും ബുദ്ധിയെയും മനസ്സിനെയും വളരെ പരിഷ്ക്കരിക്കയും നാനാജാതിക്കാരായ തന്റെ പ്രജകളുടെ സുഖ ദുഃഖങ്ങളിൽ ഒരു പിതാവിനെയോ മാതാവിനെയോ പോലെ ബദ്ധശ്രദ്ധ നായിരിക്കയും പണം കൊണ്ടും മറ്റും അവരെ കഴിയുന്നവിധത്തിൽ സഹായിക്കയും ചെയ്തു. അവരുടെ അതിമാത്രമായ ഭക്തിയും ബഹു മാനവും സമ്പാദിച്ചു തന്റെ രാജ്യഭാരകാലത്തിൽ പ്രജകൾക്കുണ്ടാകാ വുന്ന പ്രയോജനങ്ങളെപ്പറ്റി അവരുടെ മനസ്സിൽ അതിരില്ലാത്ത ആശയെ ജനിപ്പിച്ചശേഷം ഇത്രവേഗത്തിൽ അവിടുന്നു കാലഗതിയെ പ്രാപിച്ചതി നെപ്പറ്റി ആരാണ് ദുഃഖിക്കാത്തത്? അവിടുന്നു ഈ ഷോടതിയുടെ രക്ഷാ ധികാരിയാകുന്നതിനു സമ്മതിച്ചതു മൂലം ആളുകൾക്ക് അതിനെപ്പറ്റി വിശ്വാസം വർദ്ധിക്കുന്നതിനും ടിക്കറ്റുകൾ അധികം പിരിയുന്നതിനും ഇടയായിട്ടുള്ളതുകൊണ്ടു മറ്റു ഓരോ കാരണങ്ങളാൽ അവിടുത്തെപ്പറ്റി വിലപിക്കുന്ന അനേകം ആളുകളോടുകൂടി ഞങ്ങളും പങ്കുകൊള്ളുന്നു.

ഷോടതിയുടെ മറ്റൊരു രക്ഷാധികാരി കേരളവർമ്മ വലിയകോയി

ത്തമ്പുരാൻ സി.എസ്.ഐ. തിരുമനസ്സുകൊണ്ടാണ്. ആറ്റിങ്ങൽ മൂത്ത തമ്പുരാൻ തിരുമനസ്സിലെ പ്രാണവല്ലഭൻ എന്ന നിലയിലും അവിടുത്തെ അദ്വിതീയമായ പാണ്ഡിത്യംകൊണ്ടും മലയാളഭാഷയ്ക്കു അവിടുന്നു മൂലം ഉണ്ടായിട്ടുള്ള അഭിവൃദ്ധികൊണ്ടും ജാതിഭേദമൊ വലിപ്പചെറുപ്പമൊ കൂടാതെ എല്ലാവരോടും അവിടുന്നു പ്രദർശിപ്പിക്കുന്ന സമചിത്തതയും നിഷ്കളങ്കമായ കാരുണ്യാതിരേകം കൊണ്ടും കേരളീയന്മാരായ എല്ലാവരുടെയും നിലനിന്നുപോരുന്ന ഭക്തിബഹുമാനങ്ങൾക്കു പാത്രീഭവിച്ചിട്ടുള്ള ഈ തിരുമേനി ഷോടതിയുടെ രക്ഷാധികാരിയായതുകൊണ്ടു നിസംശയമായി ഉണ്ടായിട്ടുള്ള ഗുണത്തെ ഓർത്തു അവിടുത്തെപ്പറ്റി ഞങ്ങൾ പ്രത്യേകം കൃതജ്ഞതയോടു കൂടിയിരിക്കുന്നു.

മേൽവിചാരക കമ്മറ്റിയിലെയും സ്ഥലത്തെ നിർവാഹക സംഘത്തിന്റെയും സാമാജികന്മാരായി മുമ്പിൽ പേർ വിവരിച്ചിട്ടുള്ള മഹാജനങ്ങളിൽ ഓരോരുത്തരോടും ഞങ്ങൾക്കുള്ള നന്ദിയെയും സസന്തോഷം ഈ യോഗമദ്ധ്യേ പ്രസ്താവിച്ചുകൊള്ളുന്നു. ടിക്കറ്റുകൾ വിൽക്കുന്നതിനു ഉത്സാഹിച്ച ഏജന്റുമാരും മറ്റുമായി പല സ്ഥലങ്ങളിലുള്ള അനേകം ആളുകളുടെയും വിശിഷ്യ മലങ്കര സുറിയാനി സമൂഹത്തിൽ ഉൾപ്പെട്ട വന്ദ്യന്മാരായ പട്ടക്കാരുടെയും മറ്റും മാന്യന്മാരായ മഹാജനങ്ങളുടെയും നിരന്തരമായ പ്രയത്നം ഈ ഷോടതിയുടെ ഫലപ്രാപ്തിക്കു വളരെ സഹായമായി തീർന്നിട്ടുണ്ട്. ഇവരുടെ ഈവിധം പ്രയാസങ്ങളെപ്പറ്റി ഞങ്ങൾക്കുള്ള ഉപകാരസ്മരണ പ്രത്യേകം പേർ പറഞ്ഞു അവരെ അറിയിക്കുന്നതിനു നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു. നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും മറ്റു തിരുമേനികളുടെയും ശ്രമവും ശുഷ്കാന്തിയും കൊണ്ടാണ് സുറിയാനി സമുദായക്കാർ ഇതിൽ ഉറ്റുശ്രമിച്ചു ഇത്ര വളരെ ടിക്കറ്റുകൾ പിരിക്കുന്നതിനു ഇടയായത്. ഈ തിരുമേനികൾ ഇങ്ങനെയും മറ്റു പല വിധത്തിലും ഷോടതിക്കു വളരെ സഹായിച്ചിട്ടുള്ള വിവരവും കൃതജ്ഞതാപൂർവം ഓർമ്മിച്ചുകൊള്ളുന്നു. മേല്പറഞ്ഞവരെ കൂടാതെ ഞങ്ങളെ സഹായിച്ചിട്ടുള്ളവരിൽ ആരെയെങ്കിലും പറ്റി പ്രത്യേകമായി പറവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അതു മനഃപൂർവ്വമല്ലെന്നു ഓർത്തു ക്ഷമിക്കണമെന്നു അവരോടു അപേക്ഷിച്ചുകൊള്ളുന്നു.

പൊതുവെ ഇങ്ങനെ എല്ലാവർക്കും വന്ദനം പറയുന്ന കൂട്ടത്തിൽ ഷോടതിയുടെ നടത്തിപ്പിൽ എന്റെ പ്രധാന സഹായിയും അതിന്റെ ഭാരം മിക്കവാറും തന്നത്താൻ വഹിച്ചവനുമായ മിസ്റ്റർ ഇ. എം. ഫിലിപ്പിനെപ്പറ്റി പ്രത്യേകമായി അഭിനന്ദിക്കാതിരിക്കുന്നതു ഒരിക്കലും വിഹിതമല്ല. ഗൗരവാവഹങ്ങളായ മറ്റു അനേകം സംഗതികളിൽ ശോഭിച്ചിട്ടുള്ളതും സർവ സമ്മതവും പ്രസിദ്ധവുമായ മിസ്റ്റർ ഫിലിപ്പിന്റെ അസാമാന്യ ബുദ്ധി

സാമർത്ഥ്യവും കാര്യപരിജ്ഞാനവും വിശ്വസ്തതയും വേഗതയും അക്ഷീണപരിശ്രമവും ഷോടതിയിൽ എന്തുമാത്രം ഫലപ്പെട്ടിട്ടുണ്ടെന്നുള്ളതു കണ്ടറിഞ്ഞവർക്കേ ശരിയായി മനസ്സിലായിക്കൂടുകയുള്ളൂ. പലയാളുകൾ ചെയ്യാനുള്ളതും ഒരാളാൽ അസാദ്ധ്യവുമായ ഭാരമേറിയ ജോലികൾ മിക്കവാറും മിസ്റ്റർ ഫിലിപ്പ് തന്നെയാണ് വഹിച്ചത്. അതുകൊണ്ട് ഈ സന്ദർഭത്തിൽ മിസ്റ്റർ ഫിലിപ്പിനോടുള്ള വിശേഷവിധിയായ കൃതജ്ഞതയും പ്രസ്താവിച്ചുകൊള്ളുന്നു.

മനുഷ്യൻ എത്ര ശ്രമിച്ചാലും ദൈവഇഷ്ടം കൂടി ഇല്ലാതെ ഒന്നും സഫലമാകുന്നതല്ലല്ലോ. അതുകൊണ്ട് ഞങ്ങളുടെ പ്രയത്നത്തെ അനുഗ്രഹിച്ച് ഇപ്രകാരം മംഗളകരമായി അവസാനിപ്പിക്കുന്നതിനു സംഗതിയാക്കിയ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും ഈ റിപ്പോർട്ടിനെ അവസാനിപ്പിച്ചുകൊള്ളുന്നു.

**ഷോടതി വക വരവു ചിലവു കണക്ക്**

ആകെ വിറ്റു പണം വന്ന ടിക്കറ്റു 76525-ന് കമ്മീഷൻ നീക്കി വരവ് രൂപ 72267 അണ 13.

**ചിലവ്**

| | രൂപ | അണ | പെ |
|---|---|---|---|
| തപാൽ അഞ്ചൽ കൂലി | 597 | 13 | – |
| അച്ചടി, ടിക്കറ്റുകൾക്കു നമ്പർ ഇട്ട കൂലി, പത്രങ്ങൾക്ക് പരസ്യക്കൂലി, കുറി എടുക്കുന്നതിനുള്ള ടിക്കറ്റുകളുടെ വില, നോട്ടീസുകളുടെ അച്ചടിക്കൂലി മുതലായവക്ക് | 1192 | – | – |
| റൈട്ടർമാർക്ക് ശമ്പളം | 180 | – | – |
| ടിക്കറ്റു ചിലവാക്കുവാനും പണം പിരിവിനും സഞ്ചരിച്ച ആളുകൾക്കു ശമ്പളം, യാത്രചിലവ് മുതലായവ | 285 | 13 | – |
| സ്റ്റേഷ്യനറി | 121 | 5 | – |
| മുദ്ര, മുദ്ര മഷി, പാസ് | 36 | 7 | – |
| റിക്കാട്ടുകൾ റജിസ്റ്റർ ബുക്കുകൾ | 17 | 6 | – |
| പേർ രജിസ്റ്റർ ചെയ്ക, മുദ്ര കുത്തുക മുതലായ ജോലികൾക്ക് ഉടമ്പടിക്കാർക്ക് | 69 | 8 | – |
| പലവക ചിലവ് | 20 | 8 | – |
| ആകെ | 2520 | 12 | – |
| **ബാക്കി** | **69747** | **1** | **0** |

പലരുടേയും ബില്ലുകൾ വരാനും പണം കൊടുക്കുവാനും ഉള്ളതു കൊണ്ടു ചിലവ് ഇനിയും വരുവാനുണ്ട്. നാളതുവരെയുള്ള ചിലവ് ഇതിൽ അടങ്ങിയിരിക്കുന്നു.

## സമ്മാനവിവരം

| | | | |
|---|---|---|---|
| 12000 രൂപയുടെ സമ്മാനം 1-ന് വീതപ്രകാരം | 9183 | - | - |
| 5000 രൂപയുടെ സമ്മാനം 1-ന് വീതപ്രകാരം | 3826 | 4 | - |
| 1000 രൂപയുടെ സമ്മാനം 1-ന് വീതപ്രകാരം | 765 | 4 | - |
| 500 രൂപയുടെ സമ്മാനം 4 വീതപ്രകാരം ഒന്നുക്ക് | 382 | 10 | - |
| 250 രൂപയുടെ സമ്മാനം 8 വീതപ്രകാരം ഒന്നുക്ക് | 191 | 5 | - |
| 100 രൂപയുടെ സമ്മാനം 15 വീതപ്രകാരം ഒന്നുക്ക് | 76 | 8 | 4 |
| 50 രൂപയുടെ സമ്മാനം 70 വീതപ്രകാരം ഒന്നുക്ക് | 38 | 4 | 2 |
| 25 രൂപയുടെ സമ്മാനം 100 വീതപ്രകാരം ഒന്നുക്ക് | 19 | 2 | 1 |
| 10 രൂപയുടെ സമ്മാനം 300 വീതപ്രകാരം ഒന്നുക്ക് | 7 | 10 | 8 |
| 5 രൂപയുടെ സമ്മാനം 500 വീതപ്രകാരം ഒന്നുക്ക് | 3 | 12 | 2 |
| ആകെ രൂപാ സമ്മാനം 1000 ന് | 26783 | 12 | 0 |

## സാമാനസമ്മാനങ്ങൾ

| | | | | |
|---|---|---|---|---|
| 3 രൂപ വീതം വിലയുള്ള സാമാനങ്ങൾ അടങ്ങിയ സമ്മാനം | 50 | 150 | - | - |
| 1.50 രൂപ വീതം വിലയുള്ള | 100 | 150 | - | - |
| 1 രൂപ വീതം വിലയുള്ള | 300 | 300 | - | - |
| അര രൂപ വീതം വിലയുള്ള | 6452 | 3226 | - | - |
| ആകെ സാമാന സമ്മാനം | 6902 ക്കു | 3826 | - | - |
| ഇനം രണ്ടിൽ സമ്മാനങ്ങൾ | 7902 ക്കു | 30610 | - | - |

*(ഇടവകപത്രിക 1901 ശ്ബോത്ത് - കുംഭം, പുസ്തകം 10, ലക്കം 2)*

# ചെറിയപള്ളിയിൽ വച്ച് കോട്ടയം കോളജ് വിദ്യാർത്ഥികൾ സമർപ്പിച്ച മംഗളപത്രം

നിതാന്ത വന്ദ്യ ദിവ്യശ്രീ.

മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, കോട്ടയം അങ്കമാലി മുതലായ ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, നിരണം ഇടവകയുടെ മാർ ഗ്രീഗോറിയൊസ് മെത്രാപ്പോലീത്താ ഈ തിരുമേനികളെ തിരുമനസ്സറിയിക്കുന്നതിനു.

നിതാന്ത വന്ദ്യപിതാക്കന്മാരെ!

സുറിയാനിസഭയുടെ ഉന്നതിക്കും അഭിവൃദ്ധിക്കുംവേണ്ടി ഒരു ജൂബിലി കാലത്തോളമായി തിരുമേനികൾ ചെയ്തുപോരുന്ന അനന്യസാധാരണങ്ങളായ പ്രയത്നങ്ങളെ അവിടുത്തെ അസംഖ്യം ആത്മീയപുത്രന്മാരിൽ വച്ച് ഏറ്റവും ചെറിയവരായ അടിയങ്ങളും അറിയാതിരിക്കുന്നില്ല എന്നുള്ള വിവരം താഴ്മയായി തിരുമേനികളെ അറിയിക്കാൻ ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

തിരുമേനികൾക്ക് ദൈവദത്തമായ ഈ സഭാഭരണം എന്ന കൃത്യത്തിന്റെ നിർവ്വഹണത്തിൽ തിരുമേനികൾ പ്രദർശിപ്പിച്ചു വരുന്ന അസാധാരണ ജാഗ്രതയും അതിൽ നിന്നുണ്ടായി കാണുന്ന അഭൂതപൂർവ്വമായ സാഫല്യവും തിരുമേനികളെ ഈ പ്രവൃത്തികളിൽ ഇടവിടാതെ സഹായിച്ചുകൊണ്ടിരിക്കുന്ന ദൈവകൃപയെ ശത്രുക്കളും ഏറ്റുപറയത്തക്കവണ്ണം വെളിപ്പെടുത്തുന്നുണ്ടെന്നുള്ളത് ഈ സഭയിൽ ഉൾപ്പെട്ട എല്ലാവർക്കും അതിമാത്രമായ ചാരിതാർത്ഥ്യത്തെ ജനിപ്പിക്കുന്നതാകുന്നു.

തിരുമേനികൾ ഈ സമുദായത്തിന്റെ ഉന്നതിക്കായി ചെയ്തിട്ടുള്ള പല കാര്യങ്ങളിൽ വച്ച് സർവ്വ പ്രധാനമായിട്ടുള്ളത് തിരുമനസ്സിലെ നാമധേയത്തോടുകൂടി ഈ പട്ടണത്തിൽ നടന്നുവരുന്ന ഇംഗ്ലീഷ് പാഠശാലയാണെന്നാണ് അടിയങ്ങളുടെ താഴ്മയായ അഭിപ്രായം. ഇതിന് അല്പകാലത്തിനകം ഉണ്ടായിട്ടുള്ള അഭിവൃദ്ധി അത്യന്തം അഭിനന്ദനീയമായിരിക്കുന്നു. എങ്കിലും വേഗത്തിൽ ഇതൊരു കോളജായും ഇതിലേക്ക് തുടരെ വിദ്യാർത്ഥികൾ വന്നുകൊണ്ടിരിക്കേണ്ടതിന് ഇടവകതോറും ഓരോ ഇംഗ്ലീഷ് പ്രൈമറി പള്ളിക്കൂടങ്ങൾ ഉണ്ടായും കണ്ടല്ലാതെ അടിയങ്ങൾക്ക് തൃപ്തി വരുന്നതല്ലെന്നുള്ള വിവരം വിനയപുരസ്സരം തിരുമേനികളെ അറിയിച്ചുകൊള്ളുന്നു.

സാമൂഹ്യാഭ്യുദയത്തിനു ആൺകുട്ടികളുടെ വിദ്യാഭ്യാസത്തേക്കാൾ അത്യാവശ്യമെന്നു സർവ്വസമ്മതമായിരിക്കുന്നതു പെൺകുട്ടികളുടെ

വിദ്യാഭ്യാസമാകയാൽ ഇതിലേക്ക് നമ്മുടെ വകയായി ഇതേവരെ പറയത്തക്ക യാതൊരു ഏർപ്പാടും ഇല്ലാതെയിരിക്കുന്നത് വളരെ ശോചനീയമാണെന്നുള്ള വിവരം വ്യസനപൂർവ്വം എങ്കിലും തിരുമേനികളെ അറിയിയ്ക്കാതിരിക്കാൻ നിവർത്തിയില്ല. ഇതും മതോപദേശാഭ്യസനവും നമ്മുടെ ഈ പ്രാചീനസഭയുടെ നിലനില്പിന് ഒഴിച്ചുകൂടാത്തവയുമാണ്.

ഉൽകൃഷ്ട വിദ്യാഭ്യാസവും സമുദായത്തിന്റെ ഉന്നതിക്ക് അത്യാവശ്യമാണെങ്കിലും ഇതിനു തക്ക മനശ്ശക്തിയുള്ള അനേകം കുട്ടികൾ പണശ്ശക്തി ഇല്ലായ്കയാൽ വനകുസുമങ്ങളെപ്പോലെ പാഴായിപ്പോകുന്നതുകൊണ്ട് ഇങ്ങനെയുള്ളവരെ സഹായിക്കുന്നതിലേക്ക് ഒരു പ്രത്യേക ധനം ഉണ്ടാക്കാൻ കൂടി തിരുമേനികൾ ഒരു പരിശ്രമം ആരംഭിക്കണമെന്ന് അപേക്ഷിക്കുന്നതോടുകൂടി തിരുമേനികളുടെ ആജ്ഞയിലുള്ള അനേകം പഴയ പള്ളികളിലെ മുതൽ ചിലവുകൾ അല്പകാലത്തേക്കെങ്കിലും ഒരു ശരിയായ ക്രമത്തിൽ നടന്നാൽ ഇതോ ഇതിനേക്കാൾ ഉൽകൃഷ്ടതരങ്ങളോ ആയ ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ യാതൊരു പ്രയാസവുമില്ലാത്തതാണെന്നു ഓർമ്മപ്പെടുത്തിക്കൊള്ളുകയും ചെയ്യുന്നു.

ഇങ്ങനെ ഓരോ ന്യൂനതകൾ ബാലന്മാരായ അടിയങ്ങൾക്ക് തോന്നിയത് ഉണർത്തിച്ചുവെങ്കിലും തിരുമേനികൾ ഉത്തമന്മാരായ ഇടയന്മാരെപ്പോലെ അവിടുത്തെ വടിക്കീഴിലുള്ള ഈ ആടുകളെ വഴിതെറ്റിപ്പോകാതെയും ദുഷ്ടമൃഗങ്ങൾക്ക് ആഹാരമാകാതെയും തീറ്റിപ്പോറ്റുവാൻ ഇതേവരെ സഹിച്ചിട്ടുള്ളതും ഇപ്പോഴും ഇടവിടാതെ സഹിച്ചുകൊണ്ടിരിക്കുന്നതുമായ ഞെരുക്കങ്ങളെക്കുറിച്ച് അടിയങ്ങൾക്കുള്ള അളവറ്റ കൃതജ്ഞതയെ യഥാശക്തി സൂചിപ്പിക്കാനായി വച്ചുകൊള്ളുന്ന ഈ നിസ്സാരമായ തിരുമുൽകാഴ്ചയെ അനുഗ്രഹപൂർവ്വം സ്വീകരിച്ച് ഈ സഭയുടെ ഭാവി ശ്രേയസ്സിനായി തിരുമേനികൾ ഇനി ഏറിയകാലം ആരോഗ്യദൃഢഗാത്രന്മാരായി ഇരുന്നു കാണ്മാൻ അഖിലലോകനിയന്താവിനെ പ്രാർത്ഥിച്ചു കൊണ്ടു

ഈ വിജ്ഞാപനപത്രം തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നത് തിരുമേനികളുടെ വാത്സല്യപുത്രന്മാരായ കോട്ടയം കോളജ് വിദ്യാർത്ഥികൾ.

## മറുപടി

കോട്ടയം കോളജ് വിദ്യാർത്ഥികളായ നമ്മുടെ മക്കളേ,

നമ്മുടെയും നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരുടെയും മുമ്പാകെ നിങ്ങൾ സമർപ്പിച്ച വിജ്ഞാപനപത്രവും സമ്മാനവും നന്ദിപൂർവ്വം ഞങ്ങൾ അംഗീകരിക്കുന്നു. സുറിയാനി സഭയുടെ അഭിവൃദ്ധിക്കുവേണ്ടി യഥാശക്തി ഞങ്ങൾ ചെയ്തുവരുന്ന പ്രയത്നങ്ങളെ നിങ്ങൾ

മതിക്കുന്നതായി കാണിപ്പാൻ പറഞ്ഞിട്ടുള്ള സ്തുതി വാക്കുകളെ ഉണ്ണികളുടേയും ശിശുക്കളുടേയും വായിൽ നിന്നു പുറപ്പെട്ട സ്തുതികൾ കർത്താവ് വിലമതിച്ചതുപോലെ ഞങ്ങളും മതിക്കുന്നു.

നമ്മുടെ സഭയുടേയും സമുദായത്തിന്റെയും അഭിവൃദ്ധിയിൽ ഒരു തല്പരത നിങ്ങളുടെ ബാലമനസ്സിൽ വേരൂന്നിയിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. നിങ്ങളിൽ അങ്കുരിച്ചിരിക്കുന്ന ഈ നല്ല വിചാരം നിങ്ങളുടെ ശരീരവളർച്ചയോടുകൂടെ പൂത്തു ഒരു വേള നമ്മുടെ വൃദ്ധതയ്ക്കു രുചിക്കാൻ ഇടയാകാത്തപക്ഷം നമ്മുടെ പിൻഗാമികൾക്ക് അനുഭവിക്കേണ്ടതിനു നാവിനാൽ മാത്രമല്ല പ്രവൃത്തിയാലും നിങ്ങൾ മറ്റുള്ളവർക്ക് ദൃഷ്ടാന്തങ്ങൾ ആകുവാൻ തക്കവണ്ണം ഫലം കായിക്കുവാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കണമെന്ന് നിങ്ങളോട് നാം ഗുണദോഷിക്കുന്നു.

നിങ്ങൾ സൂചിപ്പിച്ചിട്ടുള്ള ആൺപള്ളിക്കൂടങ്ങൾ, പെൺപള്ളിക്കൂടങ്ങൾ, കോളജ് മുതലായവയെക്കുറിച്ച് പ്രത്യേകം പ്രത്യേകം നാം പറയണമെന്നു തോന്നുന്നില്ല. ഇവ ഞങ്ങളുടേയും പ്രത്യേക ആലോചനയിൽ ഇരിക്കുന്ന കാര്യങ്ങൾ ആകുന്നു. അവിടവിടെ ഇവയ്ക്കു ആരംഭങ്ങൾ ഉണ്ടായിട്ടുമുണ്ട്. നമ്മുടെ സഭയുടെ തൽക്കാല കുഴപ്പ സ്ഥിതിക്ക് ഇത്രയൊക്കെയും സാധിക്കുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. എന്നു വച്ചു നാം തൃപ്തിപ്പെട്ടിരിക്കയാണെന്നല്ല പറയുന്നത്. മേല്ക്കുമേൽ യഥാശക്തി ശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്.

എന്നാൽ നിങ്ങൾക്കും ദൂരദേശങ്ങളിൽ താമസിച്ചു പഠിക്കയോ, ഉദ്യോഗം വഹിക്കുകയൊ ചെയ്യുന്ന പലർക്കും പള്ളികളുടെ യഥാസ്ഥിതികളെക്കുറിച്ചു പരിചയം ഇല്ലാത്തതിനാൽ ഒരു തെറ്റായ മുൻവിധി ഉണ്ടായിട്ടുണ്ട്. പള്ളികളിലെ വരുമാനങ്ങൾ ദുർവ്യയം ചെയ്തുപോകുന്നു എന്നും അവ ക്രമപ്പെടുത്തിയാൽ നിങ്ങൾ വിചാരിക്കുന്നതുപോലെയുള്ള വലിയ കാര്യങ്ങളെ നിർവഹിപ്പാൻ പ്രയാസമില്ലെന്നുമാണ്. നിങ്ങൾ ഊഹിക്കുന്നതുപോലെ പള്ളികളിൽ വരുമാനങ്ങൾ ഇല്ല. അപൂർവ്വം ചില പള്ളികളിൽ വല്ലപ്പോഴും വല്ല കുഴപ്പങ്ങളും ഉണ്ടാകാമെന്നല്ലാതെ സാധാരണയായി പള്ളികളിൽ ദുർവ്യയവും ഇല്ല. വളരെ ചിലവു വേണ്ട ഏർപ്പാടുകൾ ഓരോ പള്ളിയിലെ വരുമാനങ്ങൾ കൊണ്ടു നടത്താൻ തക്ക പള്ളികൾ തുലോം ചുരുക്കമാണ്. അപൂർവ്വം ഉണ്ടെങ്കിൽ, അവിടങ്ങളിൽ പരിഷ്ക്കാരവേലകളുടെ ആരംഭങ്ങൾ ഏറെക്കുറെ വേഗത്തിലും ആകയാൽ ഈ വക ഏർപ്പാടുകൾ സാവധാനത്തിൽ സാധിക്കാമെന്നല്ലാതെ ഒന്നായി നടത്തത്തക്കവയല്ല, അതിലേക്ക് ശ്രമിക്കുന്നുമുണ്ട്.

കടശി നമ്മുടെ മക്കളേ, നിങ്ങളെ ഒരിക്കൽ കൂടെ ഞങ്ങൾ അഭിനന്ദി

ക്കുന്നു. പാശ്ചാത്യ വിദ്യാഭ്യാസം കൊണ്ട് നിങ്ങൾക്കുണ്ടാകുന്ന അറിവും പ്രാപ്തിയും സ്വാധീനവും നമ്മുടെ സഭയുടെയും സമുദായത്തിന്റെയും അഭിവൃദ്ധിക്ക് ഉപയോഗിക്കുകയും നിങ്ങൾ ഭാവികാലത്തു നമ്മുടെ സഭയുടെ തൂണുകൾ ആയിത്തീരുകയും ചെയ്യാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കണം. നിങ്ങളുടെ മനസ്സിൽ ഇപ്പോൾ ഉദിച്ചിരിക്കുന്ന വെളിച്ചം മേല്ക്കുമേൽ പ്രകാശിക്കാതെ മങ്ങുവാൻ ഇടവന്നാൽ ഇപ്പോൾ നിങ്ങളിൽ എന്തു മാത്രം സന്തോഷം ഞങ്ങൾക്കുണ്ടായിട്ടുണ്ടൊ അതിൽ അധികം ദുഃഖത്തിന് കാരണമായിത്തീരും. നിങ്ങൾ പഠിപ്പിൽ എന്നപോലെ, ദൈവഭക്തി, വിശ്വാസം, മതവൈരാഗ്യം, പരോപകാരപ്രിയം, ജാതിസ്നേഹം, സ്വാമിഭക്തി, ഗുരുഭക്തി മുതലായ എല്ലാ ഗുണലക്ഷണങ്ങളും നിറഞ്ഞവരായി തീരേണ്ടതിന് ഞങ്ങൾ ദൈവത്തെ പ്രാർത്ഥിക്കുന്നു.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സഹവാസവും നിങ്ങളിൽ സദാ ഉണ്ടാകുമാറാകട്ടെ.

കോട്ടയത്ത് ചെറിയപള്ളി

*(ഇടവകപത്രിക 1901 ഓഗസ്റ്റ്, പുസ്തകം 10, ലക്കം 3)*

# മംഗള ഗാനം

## പല്ലവി

*കമാശ് രാഗം* *ഏകതാളം*

1. ജഗധീശാ കൃപവൈഭവാൽ ഉരുതരസുഖമൊടു
ജഗധീശാ കൃപ വൈഭവാൽ

### ചരണം

1. സഭയുടെ കുശല നിരന്തര നിരതൻ - രീ, രീ, രീ,
മാർ ഡയനേഷ്യസ് ആകും പൊന്നു തിരുമേനി - ജഗ,

2. സകലഗുണാംബുധി - വിമലസുചരിതൻ - രീ, രീ, രീ,
നൂറാണ്ടു നൂറാണ്ടു മാറാണ്ടു വാഴണം - ജഗ,

3. ആത്തകതുകമൊടുമവനിയിൽ സുചിരം - രീ, രീ, രീ,
അത്താനാസ്യോസാം തിരുമേനി വാഴണം - ജഗ,

4. ഭക്തജനസ്ഥിതമൃദുപദകമലൻ - രീ, രീ, രീ,
മാർ ഗ്രീഗോറിയോസു ആയിടും തിരുമേനി - ജഗ,

5. അമലതരാശൻ കലുഷവിഹീനൻ - രീ, രീ, രീ,
ഭൂമിയിൽ സർവോൽക്കരുഷെണ ജയിക്കണം - ജഗ,

6. നിറയും സുകീർത്തിയോടീ ചെറിയപള്ളിയും ഭൂമൌ
എന്നുമെന്നേക്കും തന്നെ വിളങ്ങണം - ജഗ

(കോട്ടയം ചെറിയപള്ളിക്കാർ സമർപ്പിച്ച മംഗളഗാനം)

*(ഇടവകപത്രിക 1901 ഓദൊർ, പുസ്തകം 10, ലക്കം 3)*

# മലങ്കര മഹാജനസഭ
## (ജൂബിലി തീരുമാനം)

കഴിഞ്ഞലക്കങ്ങളിൽ പ്രസ്താവിച്ചിരുന്നപ്രകാരം മലങ്കര ഇടവകയുടെ പൊതുയോഗം ഈ മാസം 12-ന് ബുധനാഴ്ചയും വ്യാഴാഴ്ചയുമായി കോട്ടയത്തു സിമ്മനാരിയിൽ വച്ചു ഭംഗിയായി നടന്നിരിക്കുന്നു. ബുധനാഴ്ച ഉച്ചയ്ക്കു മുമ്പ് പള്ളിയോഗം സിമ്മനാരി പള്ളിയകത്ത് നി. വ.ദി.ശ്രി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അഗ്രാസനാധിപത്യത്തിൻകീഴ് കൂടി. വന്ദ്യ മേല്പട്ടക്കാർ എല്ലാവരും റമ്പാന്മാരും അസോസിയേഷ്യൻ മാനേജിംഗ് കമ്മറ്റി മെമ്പറന്മാരും കൂടാതെ പട്ടക്കാരും അയ്മേനികളുമായി ഏകദേശം 150 പള്ളികളുടെ പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. ആദ്യമായി ഓരോ പള്ളിക്കാർ തങ്ങൾക്കുവേണ്ടി യോഗത്തിൽ ഹാജരായി അഭിപ്രായം പറവാൻ തിരഞ്ഞെടുത്തയച്ച പ്രതിനിധികൾ ഹാജരാക്കിയ യോഗസാധനങ്ങൾ സ്വീകരിച്ച് സംഘത്തിൽ പ്രസ്താവിച്ചു റിക്കാട്ടു ചെയ്തുകഴിഞ്ഞതിനോടുകൂടി 12 മണി അടിച്ചതിനാൽ എല്ലാവരുംകൂടി ഉച്ചനമസ്കാരം കഴിച്ചശേഷം 2 മണിക്ക് വീണ്ടും യോഗം കൂടി. യോഗം കൂടിയതിന്റെ ഉദ്ദേശ്യങ്ങളെ വിവരിച്ച് പ്രസിഡണ്ട് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഒരു ചെറിയ പ്രസംഗം പറയുകയും യോഗത്തെ വിളിച്ചുകൂട്ടിയ കല്പന വായിക്കുകയും ചെയ്തു. ഈ യോഗത്തിന്റെ പ്രധാന ഉദ്ദേശ്യം സിമ്മനാരി ട്രസ്റ്റികളിൽ ഒരുവനായിരുന്ന കഴിഞ്ഞുപോയ സി. ജോൺ അവർകൾക്കു പകരം ഒരു ട്രസ്റ്റിയെ തിരഞ്ഞെടുക്കണമെന്നുള്ളതായിരുന്നു.

മിസ്റ്റർ ജോൺ അവർകൾ തന്റെ സ്ഥാനവും ചുമതലയും ഏറ്റവും ത്രാണിയോടും വിശ്വസ്തതയോടും കൂടി വഹിച്ചു. ഇപ്പോൾ നിർഭാഗ്യവശാൽ മരിച്ചു പോയിരിക്കുന്നതിൽ സമുദായത്തിനു നേരിട്ട നഷ്ടവും അപരിമിതമായ വ്യസനവും സൂചിപ്പിച്ച് ഒരു അംഗം ചുരുക്കത്തിൽ പ്രസംഗിച്ചശേഷം താഴെ പറയുന്ന നിശ്ചയങ്ങളെ യോഗം ഐകകണ്ഠ്യേന സ്വീകരിച്ചു സ്ഥിരപ്പെടുത്തി.

1. കഴിഞ്ഞുപോയ ട്രസ്റ്റി കോര ഉലഹന്നൻ അവർകൾക്ക് പകരം നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലോടും കൂട്ടുട്രസ്റ്റിയായ കോനാട്ടു മല്പാൻ മാത്തൻ കത്തനാർ അവർകളോടും കൂടി ട്രസ്റ്റിസ്ഥാനവും ജോലിയും വഹിക്കുവാൻ കോട്ടയം താലൂക്കിൽ അയ്മനം പ്രവൃത്തിയിൽ മര്യാതുരുത്ത് കരയിൽ കുന്നുമ്പുറത്ത് ഉലഹന്നാൻ കുര്യൻ അവർകളെ തിരഞ്ഞെടുത്തു സ്ഥിരപ്പെടുത്തിയിരിക്കുന്നു.

2 അസോസ്സിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ ഇപ്പോൾ ഉള്ള മെമ്പർമാരെ തിരഞ്ഞെടുത്തിട്ടു വളരെ കാലമായിരിക്കുന്നതിനാൽ അവർ ഈ മാസം 30 മുതൽ ഒന്നടങ്കം ഒഴിഞ്ഞതായി വിചാരിക്കണമെന്നും പകരം താഴെ പറയുന്ന ആളുകൾ 30 മുതൽ 3 വർഷത്തേക്ക് കമ്മറ്റി മെമ്പറന്മാരായിരിക്കണമെന്നും നിശ്ചയിച്ചു. അവരുടെ പേരുകൾ

**പട്ടക്കാർ**

1. ദി. ശ്രീ. നീലംപേരൂർ മാലിത്ര ഏലീയാസു കത്തനാർ അവർകൾ
2. ദി. ശ്രീ. ചെങ്ങന്നൂർ പൂവത്തൂർ യാക്കോബ് കത്തനാർ അവർകൾ
3. ദി. ശ്രീ. കോട്ടയം വേങ്കടത്തു അലക്സന്ത്രയോസു കത്തനാർ അവർകൾ
4. മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ അവർകൾ
5. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ അവർകൾ
6. മലങ്കര മുളക്കുളം മുറന്തുക്കിൽ മാത്തു കത്തനാർ അവർകൾ
7. ദി. ശ്രീ. നിരണം പനയ്ക്കാമറ്റത്തു അബ്രഹാം കത്തനാർ അവർകൾ
8. ദി. ശ്രീ. തിരുവല്ല കോടിയാട്ടു കുര്യൻ കത്തനാർ അവർകൾ

**അയ്മേനികൾ**

1. രാ. രാ. കുന്നംകുളം പനയ്ക്കൽ പാത്തപ്പൻ അവർകൾ
2. രാ. രാ. കണ്ടനാട്ടു തുകലൻ കുഞ്ഞവരാ അവർകൾ
3. രാ. രാ. മുളന്തുരുത്തിൽ ചാലിൽ കൊച്ചുകോര അവർകൾ
4. രാ. രാ. പാമ്പാക്കുടെ കോനാട്ടു ഇട്ടൻപിള്ള അവർകൾ
5. രാ. രാ. തൃപ്പൂണിത്ര നെടിയാത്തു പത്രോസ് അവർകൾ
6. രാ. രാ. പറവൂർ കിഴക്കുംതലയ്ക്കൽ പൗലോസ് വക്കീൽ അവർകൾ
7. രാ. രാ. കോട്ടയം പുളിക്കപറമ്പിൽ പുന്നൻ വക്കീൽ അവർകൾ
8. രാ. രാ. കുഴിത്താറ്റിൽ മാത്തു വക്കീൽ അവർകൾ
9. രാ. രാ. കുന്നുംപുറത്ത് കുര്യൻ അവർകൾ
10. രാ. രാ. വെളിയനാട് വാഴയിൽ തോമ്മാ അവർകൾ
11. രാ. രാ. തിരുവല്ല കണ്ടത്തിൽ ഈപ്പൻ വക്കീൽ അവർകൾ
12. രാ. രാ. നിരണം ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവർകൾ
13. രാ. രാ. മേപ്രാ പൂതിയോട്ടു വർക്കി (ഡിസ്ട്രിക്റ്റ് രജിസ്തർ) അവർകൾ
14. രാ. രാ. ചാത്തന്നൂർ കിഴക്കെവീട്ടിൽ ഗീവറുഗീസ് അവർകൾ

**കൂട്ടു സിക്രട്ടറിമാർ**

15. രാ. രാ. കോട്ടയം ഇടവഴീക്കൽ പീലിപ്പോസ് അവർകൾ
16. രാ. രാ. കോട്ടയം കാരിക്കൽ ഈപ്പൻ അവർകൾ

3. ഈ പുതിയ മെമ്പറന്മാരുടെ കാലാവധി 3 വർഷമെന്ന് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. എങ്കിലും അതിനുള്ളിൽ ഒഴിവു വരുന്നതായാൽ പകരം ആൾ ചേർക്കുവാൻ ശേഷം മെമ്പറന്മാർക്ക് അധികാരമുണ്ടായിരിക്കും.

4. ട്രസ്റ്റ് വസ്തുക്കളുടെ വരവ് ചിലവ് കണക്കുകൾ അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റിയോ അവർ തിരഞ്ഞെടുക്കുന്ന മെമ്പറന്മാരൊ പരിശോധിച്ചു കമ്മറ്റി അംഗീകരിക്കുന്നതായാൽ സ്ഥിരമായിരിക്കുന്നതാകുന്നു. ഈ നിശ്ചയങ്ങൾ ചെയ്തശേഷം പുതിയ ട്രസ്റ്റിക്ക് കൊടുക്കുവാനുള്ള അധികാരപത്രം വായിച്ച് അതിൽ പള്ളി പ്രതിനിധികൾ എല്ലാം ഒപ്പു വച്ചു. ഇത്രയും നടന്നപ്പോൾ പൊതുയോഗം വിളിച്ചുകൂട്ടിയ പ്രധാന ഉദ്ദേശ്യങ്ങൾ കഴിഞ്ഞതിനാൽ പ്രസിഡണ്ട് അവർകൾ യോഗത്തിനു നന്ദി പറഞ്ഞു. സംഘത്തിൽ നിന്നുപോയി.

അനന്തരം നി. വ. ദി. ശ്രീ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അഗ്രാസനാധിപത്യത്തിൻകീഴ് വീണ്ടും യോഗം നടത്തി. താഴെ പറയുന്ന നിശ്ചയങ്ങളെ ചെയ്തു.

1. അന്യമതക്കാരുടെ അക്രമങ്ങളും അന്തഃഛിദ്രങ്ങളും നിമിത്തം നാമാവശേഷമായിത്തീർന്നിരുന്ന മലങ്കര സുറിയാനിസഭയെ അത്യന്തം ഐശ്വര്യസൂചകമായ ഏതൽ കാലാവസ്ഥയിൽ വരുത്തുവാൻ തന്റെ 16–ാം വയസ്സു മുതൽ ഈ എഴുപതാം വയസ്സു വരെ അനന്യസാധാരണമായ പ്രയത്നം ചെയ്തിട്ടുള്ളത് നി.വ.ദി.ശ്രി. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കുറിച്ച് സമുദായത്തിനു പൊതുവെയുള്ള കൃതജ്ഞതയെ യഥായോഗ്യം പ്രദർശിപ്പിക്കേണ്ടതിന് ഈ സഭയ്ക്ക് ഇനിയും ഏറിയൊരു ഗുണങ്ങൾ വരുത്തുവാനായിക്കൊണ്ടു ഈ തിരുമേനിക്ക് ആരോഗ്യത്തോടു കൂടിയ ദീർഘായുസ്സും ബുദ്ധിശക്തിയും കൊടുപ്പാൻ സർവ്വശക്തനോടു നമ്മുടെ സമുദായം ഏകയോഗമായി പ്രാർത്ഥിപ്പാനും സന്ദർഭമുണ്ടാകേണ്ടതിനുവേണ്ടി തിരുമേനി കശീശൂസാ സ്ഥാനത്തിൽ പ്രവേശിച്ചതു മുതൽ അമ്പതുകൊല്ലം തികയുന്ന അടുത്ത ആണ്ടിൽ മലങ്കര ഇടവക ഒട്ടുക്കു ചേർന്ന് ഒരു ജൂബിലി ആഘോഷം നടത്തപ്പെടണം.

2. അമ്പതാം വർഷം ആരംഭിക്കുന്ന 1077 ഓബ് (ചിങ്ങം) 6–ന് മലങ്കര ഇടവകയിൽ ഉള്ള എല്ലാ പള്ളികളിലും തിരുമേനിക്കുവേണ്ടി കുർബ്ബാനയും പ്രത്യേക ശുശ്രൂഷയും നടത്തണം.

3. ജൂബിലി ആഘോഷങ്ങൾ തിരുമനസ്സിലെ കാരണവന്റെ ഓർമ്മ ദിവസമാകുന്ന വരുന്ന വൃശ്ചികം 12–ന് കോട്ടയത്തു വച്ച് എല്ലാ പള്ളിക്കാരും കൂടി നടത്തണം.

4. അന്നേദിവസം പ്രത്യേക ദൈവശുശ്രൂഷകളും കുർബ്ബാനയും നഗര പ്രദക്ഷിണവും അഗതികൾക്ക് ധർമ്മവും ഉണ്ടാകേണ്ടതു കൂടാതെ മലങ്കര ഇടവകയിൽ ഉൾപ്പെട്ട എല്ലാ കുടുംബങ്ങളും ഒപ്പിട്ട ഒരു മംഗളപത്രം തിരുമനസ്സിലേക്കു സമർപ്പിക്കണം.

5. വിശേഷാൽ തിരുമേനിയുടെ നാമം എന്നും നിലനിൽക്കുവാൻ തക്കവണ്ണം ഒരു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സ്മാരകം ഉണ്ടാക്കപ്പെടണം.

6. ഈ വകയ്ക്ക് മലങ്കര ഇടവകയിൽ ഉള്ള എല്ലാ സുറിയാനിക്കാരിൽ നിന്നും വീടുകൾക്ക് ചുരുങ്ങിയാൽ 4 ചക്രത്തിൽ കുറയാതെയും 3 രൂപയിൽ അധികരിക്കാതെയും യഥായോഗ്യം ഒരു ദ്രവ്യശേഖരം പള്ളികളിലെ പട്ടക്കാരും കൈക്കാരന്മാരും ചുമതലപ്പെട്ട് ഉണ്ടാക്കി അതിലേക്കായി താഴെ നിയമിക്കുന്ന കമ്മറ്റിയെ ഏല്പിക്കണം.

7. പിരിയുന്ന പണത്തിന്റെ സംഖ്യയ്ക്ക് തക്കവണ്ണം സ്മാരകം ഇന്നതെന്ന് വൃശ്ചികം 12-ന് കൂടുന്ന പൊതുയോഗത്തിൽ വച്ചു തീർച്ചപ്പെടുത്തണം.

8. ജൂബിലി സംബന്ധമായ പണപ്പിരിവിനും കാര്യാന്വേഷണത്തിനും ഏഴു മെത്രാസന ഇടവകകളിൽ നിന്നുമായി താഴെ പറയുന്ന ആളുകൾ ഒരു കമ്മറ്റിയായിരിക്കയും ഇവർ തങ്ങളുടെ നടപടിക്കും ജൂബിലി, പണം പിരിവ്, ആഘോഷങ്ങൾ മുതലായവയ്ക്കു വേണ്ട ശട്ടങ്ങളെ ഉണ്ടാക്കി നടത്തുകയും ചെയ്യണം. പേരുകൾ:

അദ്ധ്യക്ഷൻ: നി.വ.ദി.ശ്രീ. അങ്കമാലി കോട്ടയം ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.

ഉപാദ്ധ്യക്ഷന്മാർ: നി.വ.ദി.ശ്രീ. കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്, നി.വ.ദി.ശ്രീ. നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.

**സാമാജികന്മാർ**

**കോട്ടയം ഇടവകയിൽ നിന്നു**

ദി.ശ്രീ. കോട്ടയം വേങ്കടത്ത് അലക്സന്ത്രയോസ് കത്തനാർ അവർകൾ

ദി.ശ്രീ. കോട്ടയം നീലംപേരൂർ മാലിത്ര ഏലിയാസ് കത്തനാർ അവർകൾ

രാ.രാ. കോട്ടയം ഉപ്പൂട്ടിൽ ഇട്ടി അവർകൾ

രാ.രാ. ഇടവഴീക്കൽ പീലിപ്പോസ് അവർകൾ
രാ.രാ. കുന്നുമ്പുറത്തു ചെറിയാൻ അവർകൾ
രാ.രാ. കുമരകം ഓലുതറ കൊച്ചുകുഞ്ഞു അവർകൾ
രാ.രാ. പുതുപ്പള്ളി കരോട്ടു കുഞ്ഞുവർക്കി അവർകൾ
രാ.രാ. വെളിയനാടു വാഴയിൽ തോമ്മാ അവർകൾ

**നിരണം ഇടവകയിൽ നിന്നു**

നിരണം ദി.ശ്രീ. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ അവർകൾ
രാ.രാ. എലഞ്ഞിക്കൽ ജോൺ വക്കീൽ അവർകൾ
രാ.രാ. കല്ലൂപ്പാറ അടങ്ങപ്പുറത്തു കൊച്ചുപണിക്കർ അവർകൾ
രാ.രാ. കുറ്റൂർ കണ്ടത്തിൽ വറുഗീസ് മാപ്പിള അവർകൾ

**അങ്കമാലി ഇടവകയിൽ നിന്നു**

ദി.ശ്രീ. അങ്കമാലി ചക്കരഅകത്തൂട്ടു കൊച്ചുവർക്കി കത്തനാർ അവർകൾ
രാ.രാ. പറവൂർ പുത്തൻവീട്ടിൽ ഇട്ടിയച്ചൻ അവർകൾ
രാ.രാ. വൈലിപ്പറമ്പിൽ ഇട്ടൂപ്പു അവർകൾ
രാ.രാ. കോതമംഗലം ചേലാട്ടു ഔസേപ്പ് അവർകൾ

**കൊച്ചി ഇടവകയിൽ നിന്നു**

ദി.ശ്രീ. കളരിക്കൽ സ്കറിയാ കത്തനാർ അവർകൾ
രാ.രാ. കുന്നംകുളം പനയ്ക്കൽ പാത്തപ്പൻ അവർകൾ
രാ.രാ. മുളന്തുരുത്തിൽ ചാലിൽ കൊച്ചുകോര അവർകൾ
രാ.രാ. അയ്യമ്പള്ളി എം. എ. ചാക്കോ മജിസ്ട്രേറ്റ് അവർകൾ

**കണ്ടനാട് ഇടവകയിൽ നിന്നു**

ദി. ശ്രീ. കണ്ടനാട് തുകലൻ അബ്രഹാം കത്തനാർ അവർകൾ
രാ.രാ. പാമ്പാക്കുട കോനാട്ടു ഇട്ടൻപിള്ള അവർകൾ
രാ.രാ. തട്ടാമ്പാറ അവരാ അവർകൾ
രാ.രാ. മാമ്മലശേരി എടയത്തു അയിപ്പു മാണി അവർകൾ

**തുമ്പമൺ ഇടവകയിൽ നിന്നു**

ദി.ശ്രീ. തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബ് കത്തനാർ അവർകൾ
രാ.രാ. ഓമല്ലൂർ വടക്കേടത്ത് ഗീവറുഗീസ് അവർകൾ
രാ.രാ. റാന്നി കല്ലൻപറമ്പിൽ ചാക്കോ അവർകൾ
രാ.രാ. കൈപ്പട്ടൂർ തേരകത്തു കൊച്ചുകോശി അവർകൾ

**കൊല്ലം ഇടവകയിൽ നിന്നു**

ദി.ശ്രീ. ചെങ്ങന്നൂർ പൂവത്തൂർ യാക്കോബ് കത്തനാർ അവർകൾ
രാ.രാ. കല്ലട ഇത്തിമല ഇടിച്ചാണ്ടി മുതലാളി അവർകൾ
രാ.രാ. കല്ലുശേരി താമരപ്പള്ളിൽ കൊച്ചുതൊമ്മൻ അവർകൾ
രാ.രാ. കണ്ണംകോട്ട് നെല്ലിമൂട്ടിൽ ഇടിച്ചാണ്ടി മുതലാളി അവർകൾ

**13-ാം തീയ്യതി വ്യാഴാഴ്ച**

അസോസ്സിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ യോഗം സിമ്മനാരി കമ്മറ്റി മാളികയിൽ കൂടി. ഇതിൽ പല സംഗതികൾ ആലോചിച്ച കൂട്ടത്തിൽ മാരാമൺ, കൊട്ടാരക്കര രണ്ട് ഈ പള്ളികൾക്ക് ഉടനെ സിവിൽ വ്യവഹാരം ചെയ്യണമെന്ന് നിശ്ചയിക്കുകയും അതിലേക്കു വേണ്ട പണം ശേഖരിച്ച് വ്യവഹാരം നടത്തുവാൻ നി.വ.ദി.ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളെ ചുമതലപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം പള്ളി സമുദായത്തിൽ പൊതുവായിട്ടുള്ളതാകയാൽ അവിടുത്തെ പട്ടക്കാരന്റെ ശമ്പള ചിലവിലേക്ക് അവിടെ നിന്നുണ്ടാകുന്ന പിരിവുകളോടുകൂടി സിമ്മനാരിവകയായി തിരുവനന്തപുരത്തുള്ള വസ്തുക്കളുടെ ആദായങ്ങൾ കൂടെ ചേർത്തു ഉപയോഗിക്കുവാൻ അനുവദിച്ചു. സിമ്മനാരി വക വരവുചിലവു കണക്കുകൾ എഴുതി തീർത്തു ഹാജരാക്കിയതു പരിശോധിപ്പാൻ കണക്കു കേൾവിക്കാരെ നിയമിച്ചു.

*(ഇടവകപത്രിക 1901 മേടം, പുസ്തകം 10, ലക്കം 4)*

# മാർ ദിവന്നാസ്യോസ് ജൂബിലി സ്മാരകം

മലങ്കരയുള്ള നമ്മുടെ സഭയെ മല്ലന്മാരായ ശത്രുക്കളുടെ വലകളിൽ നിന്ന് ത്രാണനം ചെയ്തും ഒരു വിശുദ്ധ മേല്പ്പട്ടക്കാരന്റെയും ഒരു വാത്സല്യ പിതാവിന്റെയും നിലയിൽ ഇന്നെയോളവും നമ്മെ പരിപാലിച്ചു വരുന്ന ദേഹവും രണ്ടാമത്തെ മാർ യാക്കോബ് ബുർദ്ആനാ എന്ന വിശുദ്ധനാമത്തിന് സർവ്വപ്രകാരേണയും അർഹതയുള്ളവനുമായ ആ വന്ദ്യ തിരുമേനിയെ ദൈവേഷ്ടപ്രകാരം ആചാര്യവേലയ്ക്ക് വിളിക്കപ്പെട്ടിട്ടു അമ്പതു വത്സരം തികയുന്ന ആ അവസരത്തെ മലങ്കര മുഴുവനും ഉത്സവമായി കൊണ്ടാടണമെന്നും തിരുമേനിയുടെ ദീർഘായുസ്സിനുവേണ്ടി സർവ്വശക്തനോടു വിശേഷാൽ പ്രാർത്ഥിക്കണമെന്നും തിരുമേനിയുടെ സ്മരണയെ എന്നും നിലനിർത്തത്തക്കവണ്ണം ഒരു സ്മാരകം ഏർപ്പെടുത്തണമെന്നും മലങ്കരമഹാജനസഭ നിശ്ചയിച്ചിരിക്കുന്ന വിവരം എല്ലാവരും അറിഞ്ഞിരിപ്പാൻ ന്യായമുണ്ടല്ലോ. സ്മാരകത്തിനായി ഒരു ധനശേഖരം എർപ്പെടുത്തുന്നതുകൊണ്ട് പണത്തിന്റെ തുക അറിഞ്ഞതിനു ശേഷമേ സ്മാരക സ്വരൂപത്തെപ്പറ്റി ആലോചിച്ചിട്ടു ആവശ്യമുള്ളു എന്നാണല്ലോ തീർച്ചയാക്കിയിരിക്കുന്നത്. സ്മാരകസ്വരൂപത്തെപ്പറ്റി പല ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുമെന്നുള്ളതു നിർവിവാദമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു വലിയ സംഖ്യ നിഷ്പ്രയാസേന നമ്മുടെ വന്ദ്യ തിരുമേനിയുടെ വാത്സല്യഭാജനങ്ങളായ ആത്മികപുത്രന്മാർ ഒട്ടും മടികൂടാതെ സത്യസ്നേഹത്തോടെ വരിയിട്ടു ശേഖരിക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി അവരവർ തങ്ങൾക്കുള്ള അഭിപ്രായങ്ങളെ പത്രിക മുഖേന വെളിപ്പെടുത്തുന്നതു യാതൊരുപ്രകാരത്തിലും അനാവശ്യമായിട്ടുള്ളതല്ലെന്ന് വിശ്വസിക്കുന്നു.

ഓരോ പ്രകാരത്തിൽ യോഗ്യന്മാരായിട്ടുള്ളവരുടെ ഓർമ്മയെ നിലനിർത്തേണ്ടുന്നതിന് ഏർപ്പെടുത്തപ്പെടുന്ന സ്മാരകങ്ങൾ ഇവിടങ്ങളിൽ മൂന്നുനാലു സംപ്രദായങ്ങളിലാണല്ലോ നാം കണ്ടുവരുന്നത്. എന്നാൽ ഇവയിൽ ഓരൊന്നിനെയുംപറ്റി പര്യാലോചിച്ചാൽ പ്രസ്തുത സ്മാരകം ഏതു സ്വരൂപത്തിലാണ് ഏർപ്പെടുത്തേണ്ടതെന്ന് നമുക്ക് എളുപ്പത്തിൽ അനുമാനിക്കാമെന്നു തോന്നുന്നു.

ഒന്നാമതായി, അധികം ധനവ്യയമുള്ള ബിംബപ്രതിഷ്ഠയെപ്പറ്റി ആലോചിക്കാം. സ്മരിക്കപ്പെടേണ്ടുന്ന ആളുടെ സ്വരൂപം ഈഷൽ ഭേദമെന്നിയെ വിശേഷപ്പെട്ട ഒരു ലോഹം കൊണ്ടു വാർത്ത് എല്ലാവരും കാണ്മത്തക്കവണ്ണം ഒരു പൊതുസ്ഥലത്ത് അതിനെ പ്രതിഷ്ഠിക്കണം.

ഇങ്ങനെ ചെയ്യുന്നതുകൊണ്ടുണ്ടാകാവുന്ന ഗുണാഗുണങ്ങളെപ്പറ്റി ചിന്തിച്ചാൽ ഈ ഏർപ്പാടു മിക്കവാറും ദോഷഫലത്തെയാണ് ഉണ്ടാക്കിത്തീർക്കുന്നതെന്നു നമുക്കറിയാം. ഒരു വൈദിക മേലദ്ധ്യക്ഷന്റെ ബിംബത്തെ നാനാജാതിക്കാരുടെ മദ്ധ്യേ പ്രതിഷ്ഠിക്കുന്നത് യുക്തമല്ലാത്തതിനാൽ മലങ്കരയുള്ള നമ്മുടെ സമുദായത്തിന്റെ ഒരു പൊതുസ്ഥലത്താണ് അതു പ്രതിഷ്ഠിക്കേണ്ടത് എന്നുള്ളതിന് സംശയമില്ലല്ലോ. അങ്ങനെ ഒരു സ്ഥലത്ത് നമ്മുടെ വന്ദ്യ തിരുമേനിയുടെ ബിംബത്തെ പ്രതിഷ്ഠിച്ചു എന്നു വന്നാൽ നമ്മുടെ സഭയിലുൾപ്പെട്ട പല ബുദ്ധിഹീനന്മാരും ഗുരുഭക്തന്മാരുമായിട്ടുള്ള സാധുജനങ്ങൾ തിരുമേനിയുടെ ബിംബം അവർക്ക് ദൃഷ്ടിഗോചരമാകയാൽ തൽക്ഷണം അതിനെ വണങ്ങി എന്നു വരുന്നതു സഹജമാണ്. അതുകൊണ്ട് ഈ ഏർപ്പാടു ക്രമേണ ചിലരുടെ ഇടയിൽ വിഗ്രഹാരാധന പോലെ ആയിത്തീരാവുന്നതാകുമെന്നുള്ളത് സംശയമറ്റ സംഗതിയാണ്. അതിനാൽ ബിംബപ്രതിഷ്ഠ സ്വീകാര്യമല്ലെന്ന് സ്പഷ്ടമായി തെളിയുന്നു.

ഇനി വിദ്യാഭ്യാസ പ്രോത്സാഹന വിഷയത്തിലുള്ള സ്മാരകങ്ങളെക്കുറിച്ചാലോചിക്കാം. ഈ ഇനത്തിൽ മെഡൽ (മുദ്ര), സ്കോളർഷിപ്പ് (വിദ്യാർത്ഥികൾക്കുള്ള സഹായകധനം), ലൈബ്രറി (വായനശാല) ഇങ്ങനെ മൂന്നു തരങ്ങളുണ്ട്. ഇവ മൂന്നും വിദ്യാഭ്യാസത്തിൽ ജനങ്ങൾക്ക് അഭിരുചിയെ ഉണ്ടാക്കിത്തീർക്കുന്നതിനും അതിനെ പ്രചാരപ്പെടുത്തുന്നതിന് സജ്ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉപയുക്തങ്ങളാകകൊണ്ടും നമ്മുടെ ഇടയിൽ വിദ്യാഭ്യാസ വർദ്ധനവിന് വേണ്ടി ചെയ്തിട്ടുള്ള ഒരു മുഖ്യ ഏർപ്പാടിൽ നമ്മുടെ വന്ദ്യ തിരുമേനിയുടെ നാമം തന്നെ ഒരു സ്മാരകമായി വിളങ്ങിക്കൊണ്ടിരിക്കുന്നതുകൊണ്ടും ഇവയെപ്പറ്റി തല്ക്കാലം ആലോചിക്കണമെന്ന് തോന്നുന്നില്ല.

മേൽ വിവരിച്ചിട്ടുള്ള പലതര സ്മാരകങ്ങൾ ആവശ്യകങ്ങളല്ലെന്ന് മാത്രം പ്രസ്താവിച്ചു  കാര്യം അവസാനിപ്പിച്ചാൽ പോരല്ലോ. ഇവകളേക്കാൾ ഫലപ്രദമായ ഒരു സ്മാരകം ഏതെന്നു ഇനി നാം ആലോചിക്കണം.

ഒരു മഹാനെക്കുറിച്ചുള്ള സ്മരണയെ നിലനിർത്തുന്നതിനുള്ള സ്മാരകം ആ മഹാന്റെ സ്വഭാവത്തിനനുസരിച്ചുള്ള പ്രവൃത്തികൾ മൂലമായാലേ ഉദ്ദേശ്യസിദ്ധിയ്ക്കനുകൂലമായി പരിണമിക്കയുള്ളു. സ്മാരകസ്വരൂപംകൊണ്ടു സ്മരിയ്ക്കപ്പെടുന്നയാളുടെ സ്വഭാവത്തെയും പറ്റിയുള്ള ജ്ഞാനം ജനസാമാന്യത്തിന് സിദ്ധിക്കുന്നതിന് നല്ല ഏനമുണ്ട്. ഒരാൾ എല്ലാ സംഗതികൾ കൊണ്ടും മറ്റുള്ളവരാൽ പൂജിക്കപ്പെടുവാൻ തക്കയോഗ്യനാണെന്നു വരുകിൽ അദ്ദേഹത്തിന്റെ സൽസ്വഭാവങ്ങളിൽ വെച്ച് ഏതാണ് മുന്നിട്ടുനിൽക്കുന്നതെന്നു വേണം നാം ആലോചിക്കാൻ. എന്നിട്ടു അതിനെ അനുസരിച്ചു എന്തെങ്കിലും പ്രവർത്തിക്കണം.

ഇതെല്ലാം ആലോചിക്കുമ്പോൾ പ്രസ്തുത സ്മാരകം സാധുസംരക്ഷണാർത്ഥമായുള്ള ഏതെങ്കിലും ഏർപ്പാടുകളിൽ പ്രശോഭിക്കണമെന്നാണ് ഇവിടെ അഭിപ്രായപ്പെടുവാൻ ന്യായമുള്ളത്. ഇനി ഈ വിഷയത്തിൽ അധികം കൂടാതെയും സൗകര്യമായിട്ടും ഉള്ള ഒരു ഏർപ്പാട് ഏതാണെന്നാലോചിക്കാം.

നമ്മുടെ വന്ദ്യ തിരുമേനിയുടെ അത്യുത്സാഹത്താലും നിരന്തരമായ പരിശ്രമത്താലും വിദ്യാഭ്യാസ വിഷയത്തിൽ ഒരു വലിയ സംഖ്യ വ്യയം ചെയ്യുന്നതിനു നമുക്ക് അധിക പ്രയാസമില്ലെന്നുള്ളതു ഈയിടെ കഴിഞ്ഞ ഷോടതി കൊണ്ടറിയാമല്ലോ. ഈ ഷോടതിയിൽ സമ്മാനാർഹന്മാരായിട്ടുള്ള ധർമ്മിഷ്ഠന്മാരിൽ നിന്നു ലഭിക്കുന്ന ഒരു അല്പ സംഖ്യ കൊണ്ടു ഒരു അനാഥശാല സ്ഥാപിക്കണമെന്നു തിരുമേനി ആലോചിച്ചിട്ടുണ്ടെന്നുള്ള വിവരം ഏറെക്കുറെയാളുകൾ അറിഞ്ഞിരിപ്പാൻ ഇടയുണ്ടല്ലോ. തിരുമേനിയുടെ ഈ ഉദ്ദേശ്യംകൊണ്ടു തന്നെ തിരുമേനിയുടെ ആഗ്രഹം ഇന്നതാണെന്ന് നമുക്ക് നിഷ്പ്രയാസേന ഗ്രഹിക്കാവുന്നതാണ്. അതുകൊണ്ട് ഷോടതി സംബന്ധിച്ച് സൗജന്യമായി കിട്ടുന്ന പണവും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പിരിവുകൊണ്ട് ഉണ്ടാകുന്ന പണവും ആകെത്തുകയായി ഒരു അനാഥശാല തിരുമേനിയുടെ നാമത്തിൽ സ്ഥാപിക്കുന്നതിൽപരം വിശേഷമായിട്ടുള്ള മറ്റൊരു സ്മാരകമില്ലെന്നാണ് തോന്നുന്നത്. വിശേഷിച്ചും ഈ സ്മാരകത്തിനു മറ്റുള്ളവയേക്കാൾ ഒരു വിശേഷവും കൂടെയുണ്ട്. അനാഥപൈതങ്ങളെ പോറ്റി രക്ഷിക്കയാണല്ലൊ അനാഥശാലകൊണ്ടുള്ള പ്രയോജനം. കാലക്രമേണ ഈ അനാഥശാലയിൽ നിന്നു സമുദായത്തിന് ഒരു വലിയ മുതലെടുപ്പുണ്ടാകുന്നതിന് എളുപ്പമുണ്ട്. വേറെ പല സ്ഥലങ്ങളിലും കണ്ടുവരുന്ന പ്രകാരം അനാഥശാലയോട് ചേർന്ന് ഒരു കൈത്തൊഴിൽ ശാലയും ഏർപ്പെടുത്തണം. പ്രായം തികഞ്ഞുവരുന്ന പൈതങ്ങളെ കൈത്തൊഴിൽ ശാലയിൽ വേലക്കാരായി നിയമിക്കുകയും തന്മൂലം പലതര കൈത്തൊഴിലുകളിലും അവർ നിപുണന്മാരായിത്തീരുകയും ചെയ്തേക്കാം. അങ്ങനെ വരുമ്പോൾ അവരെക്കൊണ്ട് സമുദായത്തിന് വലിയ ലാഭം ഉണ്ടാകുമല്ലൊ. ഇതെല്ലാംകൊണ്ടും നമ്മുടെ വന്ദ്യ തിരുമേനിയുടെ സ്മാരകം ഒരു അനാഥശാലയായി രൂപപ്പെടണമെന്നാണ് ഞാൻ താഴ്മയോടുകൂടി അഭിപ്രായപ്പെടുന്നത്. തിരുമേനിക്ക് ഇതിൽപ്പരം സന്തോഷജനകമായ മറ്റൊരു ആഗ്രഹം ഉണ്ടോയെന്നുള്ളതും സംശയമാണ്. അതല്ലാതെ സ്മാരകം, സ്മാരകം എന്നു കേൾക്കുമ്പൊഴേക്കു മെഡൽ, സ്കോളർഷിപ്പ് എന്നു ആർത്തുവിളിച്ചോടി എത്തുന്ന ഒരു വകക്കാരുടെ അഭിപ്രായത്തിന് ജനസാമാന്യം ചെവി കൊടുക്കണമെങ്കിൽ നല്ലവണ്ണം ആലോചിച്ചിട്ടു വേണമെന്നുള്ള അപേക്ഷയോടും എന്റെ ഈ അഭിപ്രായത്തെക്കുറിച്ച്

മാന്യന്മാർക്കുള്ള അഭിപ്രായം പത്രിക മുഖേന പ്രസ്താവിച്ച് കാണണമെന്നുള്ള ആഗ്രഹത്തോടുംകൂടി തൽക്കാലം ഇവിടെ പര്യവസാനിപ്പിച്ചുകൊള്ളുന്നു.

**ഒരു സ്വാമി ഭക്തൻ**

*(ഇടവകപത്രിക 1901 നീസോൻ - മേടം, പുസ്തകം 10, ലക്കം 4)*

# നമ്മുടെ മഹായോഗങ്ങൾ

വളരെ മന്ദമായിപ്പോകുന്ന കെട്ടുവള്ളത്തിൽ ഒന്നുരണ്ടു ദിവസം മുട ങ്ങാതെ സഞ്ചരിക്കയാണെങ്കിൽ പഴയനിയമത്തിലെ യോബിന്റെ അള വില്ലാത്ത ക്ഷമയും നശിച്ചുപോകുമെന്നു പറയാം. കാറ്റില്ലാത്തതു കൊണ്ടും ഒഴുക്കു വിപരീതമാകകൊണ്ടും ഉണ്ടാകുന്ന അസഹ്യോപദ്ര വത്തോടു, ഭക്ഷണം സമയത്തിനും വേണ്ടപോലെയും കിട്ടാത്തതുകൊ ണ്ടുള്ള കോപവും കൂടിച്ചേർന്നാൽ അക്ഷമന്മാരായ പിള്ളേരുടെ കഥ തീരെ പരുങ്ങലാകുമെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ചന്ദ്രനെ കണ്ടപ്പോൾ ഭാര്യയെ ഓർക്കാൻ സംഗതിയായെന്നു കവി പറഞ്ഞ പ്രകാരം വള്ളങ്ങളിൽ സഞ്ചരിക്കുമ്പോഴാണ് തീവണ്ടിയുടെ ഗുണങ്ങളെ ഓർക്കാൻ ഇടയാകുന്നത്. ആദ്യത്തെ വിചാരം സാമ്യം കൊണ്ടും രണ്ടാ മത്തേതു വിപരീതത്വം കൊണ്ടും ഉണ്ടാകുന്നു. എങ്കിലും കോട്ടയത്തെത്തി കഴിഞ്ഞാൽ ഇതൊക്കെ തീരും എന്നും ഉടനെ ഉണ്ടാകാൻ പോകുന്ന മഹായോഗങ്ങളിൽ ചേർന്നു രസിക്കാമല്ലോ എന്നും ഉള്ള ആശയും ഉറപ്പും യാത്രക്കാരനു ധൈര്യത്തെ കൊടുത്തുകൊണ്ടിരുന്നു.

കോട്ടയം പട്ടണം സുറിയാനിക്കാരുടെ തലസ്ഥാനമാണെന്നുള്ളതിനു തക്കവണ്ണം അന്തസ്സുള്ളതുതന്നെയാണ്. മഞ്ചൽപോലെയുള്ള വഴികളും തീരെ അസ്ഥിരയായ ആറും കോട്ടയത്തെ വിശേഷങ്ങളിൽ ചിലതാണ്. നിർമ്മലജലദാനമെന്ന ശ്ലാഘ്യകൃത്യത്തെ ചെയ്തുകൊണ്ടിരിക്കുന്ന കോട്ടയത്തെ ആറ്റിൽ ഒരു മഴ കൊണ്ടുണ്ടാകുന്ന ഭാവഭേദം ദൂരസ്ഥന്മാരെ ഭ്രമിപ്പിക്കുന്നതാണ്. ഈ ആറ്റിന്റെ സ്ഥിതി ലോകക്ഷേമത്തിന്റെ നശ്വ രത്വത്തെ കാണിക്കുന്നതായിട്ടിരിക്കുന്നു. കോട്ടയത്തെ ആളുകൾ പരി ഷ്കാരത്തിരമാലകളുടെ തല്ലുകൊണ്ടു വിഷമിക്കുന്നവരാണ്. പാശ്ചാത്യ വിദ്യാഭ്യാസത്തിനു അനുസരണമായ മനോവിസ്താരം കക്ഷിഭേദത്തിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന വാശിയും വഴക്കും നിമിത്തം അധികം പ്രകാശിക്കുന്നില്ലായിരിക്കാമെങ്കിലും, ബഹിർഭാഗങ്ങൾ അവസ്ഥയായി ത്തന്നെ ഇരിക്കുന്നു. തലമുടി നീട്ടുന്നതും, മുണ്ട് ഒരു പ്രത്യേക സമ്പ്ര ദായത്തിൽ ഉടുക്കാതിരിക്കുന്നതും പതിനൊന്നാം കല്പനയ്ക്കു വിരോ ധമെന്നു ധരിച്ചിരിക്കുന്ന വടക്കർ, കോട്ടയത്തുകാരുടെ ബൂട്ടുസ്സും സൈഡ് ലോക്സ്സും ഒക്കെ കണ്ടു വല്ലാതെ മിഴിച്ചുപോയിരിക്കാം. കോട്ടയത്തെ ഭാഷയ്ക്കും ചില പ്രത്യേകതകളൊക്കെയുണ്ട്. വടക്കർ "അപ്പോൾ" എന്നു പറയുന്നതിനു കോട്ടയത്തുകാർ പറയുന്നതു "അപ്പം" എന്നാണ്. "പഴം" എന്നാകാത്തതു ഭാഗ്യം. വടക്കരുടെ "കൊച്ചപ്പൻ" തെക്കരുടെ "ഉപ്പാപ്പൻ" ആണത്രെ. ഈ വ്യത്യാസങ്ങളൊക്കെ എങ്ങനെ വന്നു എന്നും ഇതിൽ ഏതാണ് ശരിയെന്നും മറ്റുള്ള സംഗതികൾ പഠിപ്പും

സമയവും ഉള്ളവർ തർക്കിച്ചു തീർച്ചയാക്കികൊള്ളട്ടെ. കോട്ടയത്തെ ഓരോ കക്ഷിക്കും ഓരോ മാസിക പുസ്തകം ഉള്ളതു അതാതു കക്ഷികൾക്കു പ്രസംസയ്ക്കു കാരണമായിരിക്കുന്നു. എന്നാൽ യാതൊരു കക്ഷിയിലും ചേരാതെയും ഏതു കക്ഷിയിൽ ഉൾപ്പെട്ട ആൾ നടത്തുന്നതാണെന്നു ദൂരസ്ഥന്മാർക്കു അറിയാൻ പാടില്ലാത്തവിധം അത്ര നിഷ്പക്ഷമായും വർത്തിക്കുന്ന മലയാള മനോരമപ്പത്രം കോട്ടയത്തെ വലിയ വിശേഷങ്ങളിൽ ഒന്നായിട്ടാണ് ഞാൻ വിചാരിക്കുന്നത്. എഴുതാൻ തുടങ്ങിയപ്പോൾ പ്രകൃതം വിട്ടു ഇങ്ങനെ പറഞ്ഞുപോയെന്നേയുള്ളു. പല ദിക്കുകളിൽ താമസിക്കുന്ന സുറിയാനിക്കാർ പ്രതിവർഷം ഒന്നിച്ചു ചേർന്നു സമ്മേളിക്കണമെന്നുള്ള ഉദ്ദേശ്യം നല്ലതുതന്നെ. ഈ മഹത്തായ ഉദ്ദേശ്യത്തിനു തക്കവണ്ണം സുറിയാനിക്കാർ അതിനെ ആദരിക്കുന്നുണ്ടോ എന്നു നിശ്ചയമില്ലെങ്കിലും, സമ്മേളനം എന്നൊന്നു ആവശ്യമാണെന്ന് പലർക്കും തോന്നിത്തുടങ്ങിയിട്ടുള്ളത് സന്തോഷകരമാണ്. സമ്മേളന സിക്രട്ടറിമാരിൽ ഒരാൾ സമ്മേളന ദിവസം കോട്ടയത്തുണ്ടായിരുന്നില്ലെന്നുള്ളതു സമ്മേളനത്തിന്റെ പല വിശേഷങ്ങളിൽ ഒന്നാണ്. കുറുബാന കഴിഞ്ഞപ്പൊഴേ ആളുകൾ വരാൻ തുടങ്ങിയുള്ളു എന്നതു വേറൊരു വിശേഷം. മാർ ദീവന്നാസ്യോസ് സിമ്മനാരി പ്രതിദിനം അഭിവൃദ്ധിയെ പ്രാപിച്ചുവരികയാണെന്നു ഹെഡ്മാസ്റ്ററുടെ റിപ്പോർട്ടുകൊണ്ടു കണ്ടതിൽ വളരെ സന്തോഷിക്കാനുണ്ട്. കുട്ടികളുടെ സംഖ്യ നോക്കുന്നതായാൽ നമ്മുടെ സിമ്മനാരി തെക്കെ ഇൻഡ്യയിലെ ഹൈസ്ക്കൂളുകളിൽ പ്രഥമസ്ഥാനം വഹിക്കുന്നു എന്നു കേട്ടപ്പോൾ എനിക്കു യഥാർത്ഥത്തിൽ രോമാഞ്ചം ഉണ്ടായിപ്പോയി. രണ്ടു ശെമ്മാശ്ശന്മാർ മട്രിക്കുലേഷ്യൻ പരീക്ഷ ജയിച്ചതും വളരെ ഉത്സാഹജനകമാണ്. സമ്മേളനത്തിൽ തീർച്ചയാക്കപ്പെടുന്ന സംഗതികൾ പലതും നടപ്പിൽ വരാത്തതു ഒരു ന്യൂനതയാണെന്നും മറ്റും ചിലർ പ്രസ്താവിക്കയുണ്ടായി. എന്നാൽ സമ്മേളനം അധികാരമുള്ള ഒരു സംഘമല്ലെന്നും പൊതുകാര്യങ്ങളിൽ സമുദായാംഗങ്ങൾക്കു പൂർവാധികമായ ശ്രദ്ധയുണ്ടാകണമെന്നും അവർ അന്യോന്യം മുഖപരിചയക്കാരാകണമെന്നും മറ്റുമുള്ള ഉദ്ദേശ്യങ്ങളാണ് സമ്മേളനത്തിനു മുഖ്യമായിട്ടുള്ളതെന്നും, ഗൗരവമുള്ള കാര്യങ്ങളെപ്പറ്റി ആലോചിച്ചു തീർച്ചയാക്കുന്നതിനും അതുകളെ അധികാരത്തോടുകൂടി നടപ്പിലാക്കുന്നതിനും അസോസ്യേഷൻ ഉണ്ടെന്നും ഉള്ള സംഗതികൾ കുറ്റം പറയുന്ന ആളുകൾ പ്രത്യേകം ഓർക്കേണ്ടതാണ്. വടക്കരുടെ ഇടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രചാരം ഇല്ലാത്തതിനെപ്പറ്റി സഹതാപസൂചകമായി തെക്കരായ പല യോഗ്യന്മാരും പ്രസംഗിക്കുകയും നിവാരണമാർഗ്ഗങ്ങളെ അന്വേഷിക്കേണ്ടതാണെന്നു താല്പര്യപ്പെടുകയും ചെയ്തതു വളരെ അഭിനന്ദനീയമായിരിക്കുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രേരണയാൽ വടകരെ ഒരു ഇംഗ്ലീഷ്

സ്കൂൾ ആരംഭിച്ചിരിക്കുന്നതിനെപ്പറ്റി ഒരാൾ പ്രസ്താവിക്കുകയുണ്ടായി. വടക്കുള്ള മറ്റു ഇടവകക്കാരും ഇവരെ അനുകരിക്കാൻ തയ്യാറുണ്ടെന്നു വിശ്വസിക്കുന്നു. ഏതായാലും ഇക്കാര്യത്തിൽ വടക്കരുടെ ഇടയിൽ ഒരു ഉണർച്ച ഉണ്ടായിട്ടുണ്ടെന്നുള്ളതു തർക്കമറ്റ ഒരു സംഗതിയാണ്. ഇതിനുള്ള കാരണം പത്രികാ വായനക്കാർക്കു അറിവുള്ളതുമാണല്ലൊ. മദ്യപാനദോഷങ്ങളെപ്പറ്റി ഡോക്ടർ ഫിലിപ്പ് അവർകൾ വായിച്ച പ്രസംഗം വളരെ വിദ്വത്വത്തെ പ്രദർശിപ്പിക്കുന്ന ഒന്നായിരുന്നു. മദ്യപാനം നമ്മുടെ സമുദായത്തിനു ഒരു ശാപമെന്നുള്ള നിലയിൽ ആയിട്ടില്ലെങ്കിലും ഇതു കഴിയുന്നതും കുറയ്ക്കാൻ ശ്രമിക്കേണ്ടത് എല്ലാവരുടെയും ചുമതലയാണ്. ഇംഗ്ലീഷ് പഠിപ്പുകൊണ്ടും മറ്റും സമുദായത്തിലെ പ്രധാനന്മാരായിരിക്കുന്ന ആളുകൾ മദ്യത്തെ പ്രായേണ വെറുക്കുന്നുണ്ടെന്നുള്ളതു ഒരു വലിയ ആശ്വാസമാണ്. സ്ത്രീധനക്രമത്തെപ്പറ്റി മിസ്റ്റർ വറുഗീസു മാപ്പിളയവർകൾ ചെയ്ത വാചാ പ്രസംഗം ഈ സംഗതിയെപ്പറ്റിയുള്ള ഒരു പൂർണ്ണ വിവരണം ആയിരുന്നു. ഈ സമ്മേളനത്തിലുണ്ടായ പ്രസംഗങ്ങൾ രണ്ടും സാമൂഹ്യ സംബന്ധവും സമ്മേളനോദ്ദേശ്യങ്ങൾക്ക് അനുരൂപവും ആയിരുന്നതു വലിയൊരു വിശേഷം തന്നെ. ഇങ്ങനെയൊക്കെ ഭംഗിയായിക്കഴിഞ്ഞ സമ്മേളനത്തിനു ഗൗരവം കുറെ കൂടിപ്പോയെന്നും വിനോദങ്ങൾ അല്പം കുറഞ്ഞുപോയെന്നും ഒരാക്ഷേപം ചിലർക്കു പറയാനുണ്ട്. ഈ വക യോഗങ്ങളിൽ നിർദ്ദോഷങ്ങളായ വിനോദങ്ങൾ എത്രയുണ്ടായാലും അധികമായിപ്പോയെന്നു വരില്ല. ഇടയ്ക്കിടയ്ക്കു വിനോദകരങ്ങളായ ചില കഥകൾ എഴുതിവായിച്ചതു തരക്കേടില്ല. എന്നാൽ ഇതൊന്നും പോരെന്നാണ് ഒരു പക്ഷമുള്ളത്. ചുരുക്കത്തിൽ ചില നാടകാഭിനയങ്ങളോ വല്ല ഓട്ടമൊ ചാട്ടമൊ ഒക്കെ ഉണ്ടായാൽ നന്നായിരിക്കും. എന്നും എവിടെയും ഒരുപോലെ ഗൗരവവും കാര്യവും മാത്രമായാൽ മനുഷ്യർ മനുഷ്യരല്ലാതായിപ്പോകാൻ ഇടയുണ്ട്.

സാമൂഹ്യസമ്മേളനവും മലങ്കര ഇടവക മഹായോഗവും തമ്മിൽ വളരെ വ്യത്യാസമുണ്ടല്ലൊ. ആദ്യത്തേതു അധികാരമില്ലാത്തതും വിനോദകരവും ആയ ഒരു യോഗമാണെങ്കിൽ, രണ്ടാമത്തേതു അധികാരവും ഗൗരവവും ഉള്ള ഒരു യോഗമാണ്. ലോകത്തിലുള്ള സകലവിധ യോഗങ്ങളിൽ വെച്ചു ഏറ്റവും പരിഷ്കൃതമായ പ്രതിനിധിയോഗം നമ്മുടെ സമുദായത്തിനും ഉള്ളതു നമുക്കു അഭിമാനഹേതുവാണ്. മുഖ്യമായ എന്തെങ്കിലും കാര്യങ്ങൾ ചുരുക്കം ചിലരുടെ അഭീഷ്ടപ്രകാരം ചെയ്യാതെ സകലരുടേയും അനുമതിയോടുകൂടി ചെയ്യുന്നതു സമാധാനപരിപാലനത്തിനും സമുദായാഭിവൃദ്ധിയ്ക്കും കാരണമായിട്ടുള്ളതാണ്. ട്രസ്റ്റിയായിരുന്ന സി. ഉലഹന്നാൻ അവർകൾക്കു പകരം അദ്ദേഹത്തിന്റെ അനുരൂപപുത്രനായ മിസ്റ്റർ കുരിയനെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തതിൽ

നമ്മുടെ സമുദായത്തിനു പൊതുവെയുള്ള ഗുണദോഷവിവേചനശക്തി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. പാത്രിയർക്കീസുബാവാ തിരുമനസ്സിൽ നിന്നു വന്ന അഫീഷ്യലല്ലാത്ത ഒരു കല്പന ഈ മഹായോഗത്തിനു വായിച്ച തിനെപ്പെറ്റി ചിലർക്ക് അഭിപ്രായഭേദമുണ്ട്. എങ്കിലും തിരുമനസ്സിലെ അന്തർഗ്ഗതങ്ങളെയും സുറിയായിലെ സ്ഥിതിയെയും കുറിച്ച് ആ കല്പ നയിൽ നിന്നു പലതും മനസ്സിലാക്കാൻ ഇടയായതുകൊണ്ട് അതു പര സ്യമായി വായിച്ചതു നന്നായെന്നാണ് പറയേണ്ടത്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലി ആഘോഷിക്കണമെന്നു തീർച്ചയാക്കിയതു വളരെ ഉചിതമായി. സമുദായ കാര്യങ്ങൾക്കായി അനേ കതരം കഷ്ടപ്പാടുകൾ സഹിക്കുകയും സമുദായത്തെ പലവിധമായ ആപ ത്തിൽ നിന്ന് വിമോചിപ്പിക്കുകയും ചെയ്ത ഈ തിരുമേനി ലോക രക്ഷണാർത്ഥം ചിലപ്പോൾ മാത്രം അവതരിക്കുന്ന പുണ്യപുരുഷന്മാരിൽ ഒരാളാണെന്നു സംശയം കൂടാതെ പറയാം. ഇങ്ങനെയുള്ള ഒരു മഹാന്റെ ജൂബിലി ആഘോഷിച്ചില്ലെങ്കിൽ പിന്നെ ഏതൊരു ജൂബിലിയാണ് ആഘോഷിക്കത്തക്കതായിട്ടുള്ളത്? ജൂബിലി സ്മാരകം വകയ്ക്കു ഒരു വലിയ സംഖ്യ പിരിയുമെന്നുള്ളതിനു സംശയമില്ല. ഇത് എങ്ങനെ വിനി യോഗിക്കണമെന്നുള്ളതിനെപ്പറ്റി അഭിപ്രായഭേദമുണ്ടെങ്കിലും എനിക്ക് തോന്നിയതു ഞാനും പറഞ്ഞുകളയാം. സ്മാരകദ്രവ്യം രണ്ടായിത്തിരി ക്കണം. ഒരു ചെറിയ ഭാഗം ( 1500 ക) കൊണ്ടു മദ്രാസ് സർവകലാശാല യിൽ ബി.എ. പരീക്ഷയ്ക്കു യാക്കോബായ സുറിയാനിക്കാരിൽ വെച്ചു അധികം ഉയർന്നു ജയിക്കുന്ന വിദ്യാർത്ഥിക്കു പ്രതിവർഷം കൊടുക്കാൻ ഒരു കീർത്തിമുദ്ര ഏർപ്പെടുത്തണം. വലിയ ഭാഗം കൊണ്ടു അനാഥ ശാല ഏർപ്പെടുത്തുന്നതിനു വിരോധമില്ല. എങ്കിലും, ഇതും വിദ്യാഭ്യാ സപ്രചാരത്തിനായികൊണ്ടുതന്നെ ഉപയോഗിക്കേണ്ടതല്ലയൊ എന്നു സംശയിക്കുന്നു. സമ്മേളനത്തിലും ഇടവകയോഗത്തിലും വച്ചു പല നല്ല കാര്യങ്ങളും ആലോചിച്ചു തീർച്ചപ്പെടുത്തിയെന്നു മേൽവിവരിച്ച സംഗ തികൾകൊണ്ടു ആർക്കും മനസ്സിലാകുന്നതാണ്. നമ്മുടെ സമുദായം പ്രതിദിനം ഉയർന്നുവരികയാണെന്നുള്ള ഒരു ബോധം ഈ മഹായോഗ ങ്ങളിൽ കൂടിയ എല്ലാവർക്കും ഉണ്ടായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. റെയി സായ്പും അയാളുടെ വാലേൽ തൂങ്ങിക്കിടക്കുന്ന കൂട്ടരും എന്തെങ്കിലും പറയട്ടെ. ചെന്നായ്ക്കൾ ഏതെങ്കിലുംവിധത്തിൽ ഉപദ്രവിക്കട്ടെ. സത്യ സ്വരൂപനായ ദൈവം ഈ ചെറിയ ആട്ടിൻക്കൂട്ടത്തെ ഒരിക്കലും കൈവി ടുന്നതല്ല.

**ഒരു ദൂരസ്ഥൻ**

*(ഇടവകപത്രിക 1901 ഈയോർ, പുസ്തകം 10, ലക്കം 5)*

# മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ജൂബിലി

സ്മാരകസംഘത്തിൽ അദ്ധ്യക്ഷൻ നി.വ.ദി.ശ്രീ. മാർ പൗലൊസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളും ഉപാദ്ധ്യക്ഷന്മാരായ ശേഷം രണ്ടു തിരുമേനികളും കൂടി എല്ലാ പള്ളികൾക്കും ജൂബിലിയും സ്മാരകവും സംബന്ധിച്ച് കല്പനകളും ഫാറങ്ങളും അയച്ചിരിക്കുന്നു. ഇവ ചെന്നുചേർന്ന പല പള്ളികളിലും സ്മാരക സംബന്ധമായ നടപടികൾ വളരെ ഊർജ്ജിതമായി നടക്കുന്നു എന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു.

മലങ്കര ഇടവക മഹാജനങ്ങളാൽ ഒന്നുപോലെ സ്നേഹിക്കപ്പെട്ടും മതിക്കപ്പെട്ടും ഇരിക്കുന്ന നമ്മുടെ വലിയ തിരുമേനിക്കു കശീശാസ്ഥാനം ലഭിച്ചിട്ട് അമ്പതാം വർഷം ആരംഭിക്കുന്ന അടുത്ത ചിങ്ങം 6-ാം തീയതി (സുറിയാനികണക്കിൽ) തിങ്കളാഴ്ച എല്ലാ പള്ളികളിലും തിരുമേനിയുടെ പേർക്കു പ്രാർത്ഥനയും കുർബ്ബാനയും കഴിക്കയും വൃശ്ചികം 12-ാം തീയതി കോട്ടയത്തു സിമ്മനാരിയിൽ വെച്ചു എല്ലാ പള്ളിക്കാരും കൂടി പൊതുവായി ജൂബിലി ആഘോഷിക്കയും വിശേഷാൽ അന്നേ ദിവസം തിരുമേനിക്കു ഒരു മംഗളപത്രം സമർപ്പിക്കയും ചെയ്യുന്നതു കൂടാതെ തിരുമനസ്സിലെ ഒരു നിത്യസ്മാരകം സ്ഥാപിക്കണമെന്നും അതിനു മലങ്കര ഇടവകയിലുള്ള അവിടുത്തെ എല്ലാ മക്കളും യഥാശക്തി സഹായിക്കണമെന്നുമാണ് നിശ്ചയിച്ചിട്ടുള്ളതെന്നു മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈ സന്ദർഭത്തിൽ ഒരു ജനസംഖ്യ കൂടെ എടുക്കണമെന്നു നിശ്ചയിച്ചു അതിലേക്കു വേണ്ട ഫാറങ്ങളും തിരുമനസ്സിലേക്കു ജൂബിലി ദിവസം സമർപ്പിക്കാനുള്ള മംഗളപത്രത്തിന്റെ പകർപ്പുകളും കല്പനയോടുകൂടെ അയച്ചിട്ടുണ്ട്. തെക്കെ ദിക്കിൽ ഉള്ള പ്രധാന പള്ളികളിൽ കല്പനകൾ ചെന്നയുടൻ തന്നെ യോഗങ്ങൾ കൂട്ടുകയും ജനസംഖ്യ എടുക്കുവാനും മംഗളപത്രത്തിൽ ഒപ്പിടുവിക്കാനും വരി ഇടുവിക്കുവാനും മറ്റും ചുമതലക്കാരെ നിശ്ചയിക്കുകയും മറ്റും ധൃതിയായി ചെയ്തുതുടങ്ങിയിരിക്കുന്നു എന്നറിയുന്നു. നമ്മുടെ വന്ദ്യപിതാവിന്റെ മേൽ ഉള്ള ഭക്തിസ്നേഹാദികൾ ഇനിക്കിനിക്കാണ് അധികമുള്ളതെന്നു പ്രദർശിപ്പിക്കുവാൻ തമ്മിൽ മത്സരിക്കുന്നുണ്ടോ എന്നു തോന്നത്തക്കവണ്ണം സ്മാരക വരിയിൽ തെക്കർ ഒട്ടും ഉപേക്ഷ കാണിക്കുന്നില്ലെന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. അഞ്ഞൂറു രൂപാ വരെ പള്ളിക്കാര്യത്തിൽ നിന്നും കൊടുക്കാമെന്നു പല പ്രധാന പള്ളിക്കാരും തീർച്ചപ്പെടുത്തിയിരിക്കുന്നതായും അറിയുന്നു.

നിരണത്തു പള്ളിയിൽ കൂടിയ പ്രാരംഭയോഗത്തിൽ സ്മാരക വരിക്കു കമ്മറ്റിക്കാർ നിശ്ചയിച്ചിട്ടുള്ള പരമസംഖ്യ 35 രൂപാ മാത്രമായിപ്പോയതു പലർക്കും ഇച്ഛാഭംഗമായി തീർന്നെന്നു തോന്നിയതുപോലെ ഈ ഒന്നാം ക്ലാസ് സംഖ്യ പലരും സമ്മതിച്ചിരിക്കുന്നു. മറ്റുള്ള പള്ളിക്കാർ പള്ളിക്കാര്യത്തിൽ നിന്നു കൊടുക്കുന്ന സംഖ്യയെ യഥായോഗ്യം കവിയുന്ന ഒരു സംഖ്യ നിരണത്തു പള്ളിക്കാര്യത്തിൽ നിന്നു കൊടുക്കാമെന്നും തിർച്ചപ്പെടുത്തിയിരിക്കുന്നു.

വടക്കെപള്ളികളിൽ കല്പന ചെന്നിട്ടുള്ള സ്ഥിതി ഞങ്ങൾക്കറിവു കിട്ടിയിട്ടില്ലെങ്കിലും അവർക്കു തെക്കരെ തോല്പിക്കണമെന്നല്ലാതെ വിചാരം ഉണ്ടായിരിക്കയില്ല. എന്തെന്നാൽ നമ്മുടെ വലിയതിരുമേനിക്കു തെക്കൻ പള്ളി സ്വാധീനപ്പെടാതെ അവ ശത്രുവിന്റെ അധീനത്തിൽ ഇരുന്നിരുന്ന കാലത്തുപോലും വടക്കർ തിരുമേനിയോടു ചേർന്നവർ ആയിരുന്നു. അതിനാൽ അവർ തിരുമനസ്സിലെ കടിഞ്ഞൂൽപുത്രന്മാർ എന്ന പോലെ ഇരിക്കുന്ന സ്ഥിതിക്കു അവരും സ്മാരകവിഷയത്തിൽ ഒട്ടും ഔദാസീന്യം കാണിപ്പാൻ ഇടവരുന്നതല്ലെന്നു ഉറപ്പായി വിശ്വസിക്കാം.

*(ഇടവകപത്രിക 1901 ഹസീറാൻ, പുസ്തകം 10, ലക്കം 6)*

# മാർ ദീവന്നാസ്യോസ് ജൂബിലി സ്മാരകം

ഇടവകപ്പത്രിക പത്രാധിപരവർകൾക്ക്,

ജൂബിലി സംബന്ധമായി പിരിയുന്ന പണം കൊണ്ടു .... താഴെ പ്രസ്താവിക്കുന്നതു സുറിയാനിക്കാരും തിരുമനസ്സിലെ ആത്മികമക്കളുമായ മലങ്കരയുള്ള എല്ലാ ഇടവകജനങ്ങളുടേയും അറിവിന്നും അഭിപ്രായത്തിന്നും ആയി പത്രികയിൽ പ്രസിദ്ധപ്പെടുത്തുന്നതിന്നു അപേക്ഷ.

തിരുമനസ്സിലെ സ്മാരകമായി എന്തെങ്കിലും ഒന്നു ഏർപ്പെടുത്തുന്നതു ആ മഹാന്റെ പേർ എന്നും നിലനില്ക്കത്തക്കവിധത്തിലും സുറിയാനിക്കാരായ എല്ലാവർക്കും അതിന്റെ ഗുണം എന്നും അനുഭവിക്കത്തക്കവിധത്തിലും ആണല്ലോ വേണ്ടത്. ആയതിന്നു എന്റെ അഭിപ്രായം എന്തെന്നു വച്ചാൽ രാജതലസ്ഥാനങ്ങളായ തിരുവനന്തപുരത്തും എറണാകുളത്തും തിരുമേനിയുടെ നാമധേയത്തിൽ മുസ്സാവരി പോലെ ഓരോ കെട്ടിടം പണിയിപ്പിക്കുന്നതു വളരെ നല്ലതായിരിക്കും. തിരുവനന്തപുരത്തു ഇപ്പോൾ നമുക്കു ഒരു പള്ളിയുണ്ടെങ്കിലും അവിടെ വ്യവഹാരങ്ങൾക്കായും ചികിത്സയ്ക്കായും മറ്റും വന്നു താമസിക്കുന്ന സുറിയാനിക്കാർക്കും അവരുടെ അദ്ധ്യക്ഷന്മാർ മേലദ്ധ്യക്ഷന്മാർ മുതലായവർക്കും സൗകര്യംപോലെ താമസിക്കുന്നതിനു ഒരു പ്രത്യേക സ്ഥലമായി ഒരു കെട്ടിടം പണിയിച്ചിട്ടിരുന്നാൽ ആയതും അതുപോലെ തന്നെ വ്യവഹാരങ്ങൾക്കും സ്കൂൾ പഠിപ്പിനും മറ്റുമായി എറണാകുളത്തു വന്നു താമസിക്കുന്നവരുടെ ഉപയോഗത്തിന്നായി ഒരു കെട്ടിടം പണിയിച്ചിരുന്നാൽ ആയ്തും വളരെ ഉപകാരമുള്ളതും ദിവസേന ഓർക്കത്തക്ക ഒരു സ്മാരകമായിത്തീരുന്നതുമാണ്. എറണാകുളത്തു ചില സമയങ്ങളിൽ തിരുമേനികൾതന്നെ എഴുന്നള്ളി താമസിക്കേണ്ടി വന്നിട്ടുള്ള സമയങ്ങളിൽ തക്കതായ ഒരു സ്ഥലം കിട്ടുന്നതിനു എത്ര ബുദ്ധിമുട്ടും കൂലിച്ചിലവും ആയി എന്നുള്ളതു പത്രികാധിപരും അറിഞ്ഞിട്ടുള്ള സംഗതിയാണല്ലൊ.

ഇപ്പോൾ തീവണ്ടി കൂടി വരുന്ന ഇക്കാലത്തു അനേകം സുറിയാനിക്കാർ എല്ലായ്പ്പോഴും അവിടെ വരുത്തുപോക്കുണ്ടാകുന്നതും കുന്നംകുളങ്ങരയ്ക്കും മറ്റും എഴുന്നള്ളുന്നതിനായി തിരുമേനികൾ മുതലായവരും കൂടെക്കൂടെ എഴുന്നെള്ളുവാൻ ഇടയുള്ളതുകൊണ്ടും എറണാകുളത്തു അതിനു തക്കതായ ഒരു കെട്ടിടം പണിയിച്ചാൽ വളരെ ഉചിതമായ ഒരു ഉപകാരമായിരിക്കും. കുന്നംകുളം പള്ളിക്കാർ പാലക്കാട്, സമുദായം വകയായി ഒരു കെട്ടിടം കൂലിക്കു വാങ്ങി നടത്തിക്കുന്നതു കൊണ്ടു അവിടെ വരത്തുപോക്കുള്ള സുറിയാനിക്കാരുടെ ഉപകാരവും

സൗകര്യവും അനുഭവിച്ചു അറിഞ്ഞിട്ടുള്ളവർ ഇവിടങ്ങളിലും ഓരോ കെട്ടിടം വേണമെന്നു സമ്മതിക്കാതിരിക്കുന്നതല്ലെന്നാണ് എന്റെ വിശ്വാസം. പാലക്കാട്ടു വരത്തുപോക്കുള്ള സുറിയാനിക്കാരിൽ നിന്നു കൊല്ലംതോറും കിട്ടിവരുന്ന ആദായംകൊണ്ടു കെട്ടിടത്തിന്റെ കൂലി ധാരാളം മതിയാകുന്നുണ്ടെന്നു തന്നെയല്ല അല്പം വല്ലതും ബാക്കിയും ഉണ്ടാകുന്നുണ്ട്. അവിടെ ചെന്നു താമസിച്ചുപോരുന്ന ജനങ്ങൾ ഏറ്റവും ലഘുവായ ഒരാദായമേ കൊടുത്തുപോരുന്നുള്ളു താനും. അവിടെ ഉണ്ണുന്നവർക്ക് ഉണ്ണാൻ വയ്പുകാരെ ശട്ടം കെട്ടീട്ടുള്ളതിനു പുറമെ വെച്ചുണ്ണുന്നതിനു മനസ്സുള്ളവർക്കു അതിനും എല്ലാത്തിനും ധാരാളം സൗകര്യവും സൗഖ്യവും ഉള്ളതാണ്. തിരുവനന്തപുരത്തും എറണാകുളത്തും തിരുമേനികൾക്കുംകൂടി താമസിക്കത്തക്കവണ്ണം പൊതുവകയായി തിരുമനസ്സിലെ നാമധേയത്തിൽ ഓരോ കെട്ടിടം പണിയിച്ചു അതിനെ പരിപാലിക്കാനായി ആളുകളെ നിയമിച്ചു ഏർപ്പെടുത്തുന്നതായാൽ മലങ്കരയുള്ള എല്ലാ സുറിയാനിക്കാർക്കും ഒരുപോലെ നിത്യം ഉപകാരമായി തീരുന്നതും അതു നടത്തിപോരുവാനുള്ള ചിലവു ഇവരിൽ നിന്നും തന്നെ ദിവസേന പിരിഞ്ഞുകിട്ടുന്നതുമാണ്. തിരുവനന്തപുരത്തു ഒരു കെട്ടിടം ഉണ്ടായാൽ തെക്കർക്കും വടക്കർക്കും അതുപോലെ എറണാകുളത്തു ഉണ്ടായാൽ വടക്കർക്കും തെക്കർക്കും ഒരുപോലെ പരസ്പരം ഉപകാരമായി തീരുന്നതാണെന്നും കൂടി ഒരു വിശേഷം ഉണ്ട്.

അതിനാൽ ഈ വിശേഷം തിരുമേനിയുടെ ജൂബിലി സ്മാരക സംബന്ധമായി എല്ലാ ഇടവകക്കാരും ആലോചിച്ചു ഓരോരുത്തരുടെ അഭിപ്രായം പത്രിക വഴിയായി കാണ്മാനും വൃശ്ചികം 12-ാം തീയതിയിലെ മഹാസംഘത്തിൽ വച്ചു എന്റെ ഈ അഭിപ്രായം കൊള്ളാമെന്നു തോന്നുന്നവരുണ്ടെങ്കിൽ പ്രസ്താവിപ്പാനും അപേക്ഷിച്ചുകൊള്ളുന്നു.

എൻ. വി. പി.

*(ഇടവകപത്രിക, 1901 ഓബ്, പുസ്തകം 10, ലക്കം 8)*

# ഒരഭിപ്രായം

തിരുവല്ലാ

പ്രിയ പത്രാധിപരേ,

കഴിഞ്ഞ ലക്കത്തിൽ മാർ ദീവന്നാസ്യോസ്സു ജൂബിലി സ്മാരകാർത്ഥം പിരിക്കപ്പെടുന്ന പണം തിരുവനന്തപുരത്തും എറണാകുളത്തും ഓരോ മുസ്സാവരി പണിയുന്നതിനു ഉപയോഗപ്പെടുത്തണമെന്ന് ഒരു ലേഖകൻ എഴുതിയിരിക്കുന്നതു വായിച്ചപ്പോൾ മുതൽ നമ്മുടെ സഭയ്ക്ക് എല്ലാം തികഞ്ഞു മുസ്സാവരിയുടെ കുറവേയുള്ളു എന്നു ലേഖകൻ വിചാരിച്ചും കൊണ്ടു തന്റെ അഭിപ്രായത്തെ പരസ്യപ്പെടുത്തി എന്നു തോന്നിപ്പോയി. ഇത്രയും പറഞ്ഞതുകൊണ്ടു മുസ്സാവരി വേണ്ടായെന്നല്ലാ അതിനു അത്യാവശ്യമില്ലെന്നു മാത്രമെ ഞങ്ങൾ പറയുന്നുള്ളു. കുന്നംകുളങ്ങരെയും തിരുവനന്തപുരത്തും മഹാമനസ്കതയും ഔദാര്യശീലവും ഉള്ള മഹാന്മാർ നമ്മുടെ സഭയിൽ ഉള്ളതുകൊണ്ട് ലേഖകൻ പറഞ്ഞിട്ടുള്ള ചുമതലയെ അവരുടെമേൽ വയ്ക്കേണ്ടതാണ്.

എന്നാൽ ഒരു ഇടവകയിലെ പട്ടക്കാരൻ ഏതുപ്രകാരമുള്ള ആളോ, ആ ഇടവകയും അപ്രകാരം ഉള്ളതു എന്നുണ്ടല്ലോ. അതുകൊണ്ട് പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ഈ അവസരത്തിൽ എങ്കിലും നമ്മുടെ ഇടവകകളിലുള്ള ജനങ്ങളെ ഉത്തമരീതിയിൽ ഭരിക്കുന്നതിനു യോഗ്യതയുള്ള പട്ടക്കാർ ഉണ്ടായിരിക്കേണ്ടതു ഏറ്റവും ആവശ്യമായിട്ടുള്ളതാകുന്നു. ഏറ്റവും വിശേഷമായ വിധത്തിൽ സ്നാനം ചെയ്തതിന്റെ ശേഷം മലിനതയുള്ള വസ്ത്രം ധരിക്കുന്നകണക്കെ, ഉയർന്നതരം പരീക്ഷകൾ ജയിച്ചു ഡിഗ്രികൾ സമ്പാദിച്ചിട്ടുള്ളവർക്കും മറ്റോരോവിധത്തിൽ സാക്ഷാൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർക്കും തങ്ങളുടെമേൽ ഇടവകസംബന്ധമായ ഭരണം ചെയ്യുന്നതിനു അപരിഷ്കൃതനും സാക്ഷാൽ വിദ്യാഭ്യാസത്തിന്റെ ഗന്ധം പോലും ഇല്ലാത്തവനുമായ ഒരു പട്ടക്കാരൻ നിയമിക്കപ്പെടുന്നതു ഏറ്റവും അസഹനീയമായിട്ടുള്ളതാകുന്നു. നമ്മുടെ പട്ടക്കാരിൽ പലർക്കും വേണ്ടതുപോലെ വിദ്യാഭ്യാസം ഇല്ലാതിരിക്കുന്നതിന്റെ പ്രഥമ കാരണം അവരുടെ ജോലിക്കുള്ള പ്രതിഫലത്തിന്റെ കുറവാണെന്നുള്ളതു വിസ്തരിക്കാതെ അറിയാവുന്നതാണല്ലോ, അവർക്കു തക്കതായ ശമ്പളം കൊടുക്കുന്നപക്ഷം ഉയർന്നതരം വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർ ഈ ചുമതലയേറിയ ജോലിയിലേക്കു ആകർഷിക്കപ്പെടുകയും തന്മൂലം ഇടവക നന്നായി ഭരിക്കപ്പെടുകയും, പള്ളിവക വരുമാനങ്ങൾ അപഹരിക്കപ്പെടാതിരിക്കയും ചെയ്യുമായിരുന്നു. മാർ ദീവന്നാസ്യോസ്സു ജൂബിലി സ്മാരകത്തിനായി പിരിച്ചെടുക്കപ്പെടുന്ന പണം ഒരു മൂലധനമായി വച്ചുംകൊണ്ടു ഇടവക

കളിൽനിന്നും ബുദ്ധിപൂർവ്വം ഓരോ ജനങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്ന പണം മാസംതോറും ഇതോടുചേർത്തു മൂലധനത്തെ വർദ്ധിപ്പിച്ചു ഓരോ ഇടവകയിലുള്ള പട്ടക്കാർക്കു യഥായോഗ്യം ശമ്പളം കൊടുക്കുന്നപക്ഷം പട്ടക്കാരെ അവരവരുടെ യോഗ്യതയ്ക്കു തക്കവണ്ണം സ്ഥലം മാറ്റി ഓരോ ഇടവകയ്ക്കു തക്കതായ പട്ടക്കാർ നിയമിക്കപ്പെടുന്നതിനും അപ്പഴപ്പോൾ ജനങ്ങളിൽ നിന്നും പിരിയുന്ന പണം അഴിമതിയാകാതെ ശരിയായവിധത്തിൽ വർദ്ധിപ്പിക്കുന്നതിനും മെത്രാപ്പോലീത്തന്മാർ ഉടനുടൻ നടത്തപ്പെടുന്നതിനു അയച്ചുകൊടുക്കുന്ന കല്പനകൾ ഭയഭക്തിയോടും ചുമതല അറിഞ്ഞും നടത്തപ്പെടുന്നതിനും പട്ടക്കാർ ജനങ്ങളാൽ ഭരിക്കപ്പെടുന്നതിനു പകരം ജനങ്ങളെ പട്ടക്കാർ ഭരണം ചെയ്യുന്നതിനും ഓരോ പള്ളികളിലേയും ആത്മീയ ലൗകീക നടപടികൾ ഏകരീതിയിൽ വന്നുകൂടുന്നതിനും സുവിശേഷപ്രസംഗത്തിനു യോഗ്യതയുള്ള പട്ടക്കാരെ സഞ്ചാരപ്രസംഗികളായും മറ്റും നിയമിച്ച് നമ്മുടെ രക്ഷിതാവിന്റെ അന്ത്യകല്പനയെ പ്രമാണിക്കുന്നതിനും മേലാൽ പട്ടത്വത്തിനു പഠിക്കാൻ അധികം യോഗ്യതയുള്ളവർ അതിൽ പ്രവേശിച്ച് പ്രധാനപ്പെട്ട ശുശ്രൂഷയാകുന്ന വചനശുശ്രൂഷ ആവശ്യംപോലെ ഇടവകകളിൽ നടത്തി ദൈവവചനത്തിന്റെ തേജസ്സിനെ പ്രശോഭിപ്പിക്കുന്നതിനും സംഗതി വരുന്നു.

നമ്മുടെ സമുദായത്തെ അപേക്ഷിച്ചു ആംഗ്ലിയ, റോമ്മാ മുതലായ ഇതര സഭകളിലുള്ള പട്ടക്കാരെ നോക്കാം. അവർക്കു അവരവരുടെ യോഗ്യതയ്ക്കു തക്കതായ ശമ്പളവും ക്രമേണ യോഗ്യതാനുരൂപമായി മേൽഗതിയും ലഭിച്ചുവരുന്നു. അവരുടെ ഇടയിൽ പള്ളിവ്യവഹാരമോ പട്ടക്കാർ തമ്മിലുള്ള ഛിദ്രമൊ ഉള്ളതായി അറിയുന്നില്ലാ. അവരുടെ മദ്ധ്യേയുള്ള നമ്മുടെ ഇപ്പോഴത്തെ സ്ഥിതി ഏറ്റവും ദയനീയമായിട്ടുള്ളതാകുന്നു. അതിനാൽ ജൂബിലിസ്മാരകം വക പണം നമ്മുടെ പട്ടക്കാരുടെ ശമ്പളത്തിന്റെ മൂലധനമായി ഉപയോഗിക്കുന്നതു ഏറ്റവും നന്നായിരിക്കുമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

ഈ ദ്രവ്യശേഖരം, അനാഥശാല, സുറിയാനി അച്ചടി, വിദ്യാഭ്യാസം, ഇതുകൾക്കു ഉപയോഗപ്പെടുത്തണമെന്നു ഓരോ ലേഖകന്മാർ എഴുതിയിട്ടുള്ളതു തിരസ്കരിക്കത്തക്കതല്ല, എങ്കിലും തിരുമേനിക്കു പട്ടം കിട്ടിയിട്ടു അമ്പതു വർഷം തികഞ്ഞതിന്റെ ജൂബിലി സ്മാരക വക പണം പട്ടക്കാരുടെ ഉയർച്ചയ്ക്കായിട്ടു തന്നെ ഉപയോഗിക്കയല്ലയോ ഏറ്റവും ഉത്തമമായിട്ടുള്ളതെന്നു മഹാന്മാർ ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാണെന്നു മാത്രം പറഞ്ഞുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

എന്നു ക്രിസ്തീയ സാക്ഷീകരണസംഘ സിക്രട്ടറി

*(ഇടവകപ്പത്രിക 1901 തെശ്രിൻക്ദീം, പുസ്തകം 10, ലക്കം 10)*

# “സൂക്ഷ്മദൃഷ്ടി പതിപ്പാൻ”

“മാർ ദീവന്നാസ്യോസ് ജൂബിലി” സ്മാരകത്തെപ്പറ്റി കഴിഞ്ഞ പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള അഭിപ്രായം അതിപ്രയോജനകരമായതെന്നു ഭിന്നത കൂടാതിരിപ്പാൻ ഇടയുള്ള നിങ്ങളിൽ പലരുടേയും രണ്ടാം അഭിപ്രായത്തിൽ ഞാൻ അത്യന്തം ആശയോടെ സംയോജിക്കുന്നതു കൂടാതെ നമുക്കു പൊതുവെ അതിൽനിന്നുണ്ടാകാനിരിക്കുന്ന ഭാവികാലത്തെ വലിയ ഉപയോഗത്തെ ഒരു കണ്ണാടിയിലെന്നപോലെ മറവായി കാണാകുന്നതുകൊണ്ടു ഭിന്നാഭിപ്രായക്കാർ ഉണ്ടായിരുന്നാൽ ഈ സംഗതി അവരുടെ ഹൃദയങ്ങളിൽ ആഴമായി ദീർഘാലോചന ചെയ്യപ്പെടുവാൻ അവസരം കൊടുത്തതിനുമേൽ മാത്രമേ ഇതിനു എതിർ പറയാവൂ എന്നു അപേക്ഷിച്ചുകൊള്ളുന്നു. അതായ്തു സ്മാരകപിരിവിലെ ഒരു ചെറിയ അംശം എടുത്തു തിരുവനന്തപുരത്തു പള്ളിക്കുചേർന്നും എറണാകുളത്തു തിരഞ്ഞെടുക്കപ്പെടുന്നിടത്തും മുസ്സാവരി ബങ്ക്ളാവിന്റെ രീതിയിൽ രണ്ടു എടുപ്പുകൾ, അവയുടെ പുരോഭാഗം, ദൃഷ്ടിഗോചരമായി “മാർ ദീവന്നാസ്യോസ് ജൂബിലി സ്മാരകം” എന്നുള്ള നാമം വഹിച്ചുകൊണ്ട് മലങ്കര യാക്കോബായ സുറിയാനിസഭയുടെ നന്ദിയെ പ്രദർശിപ്പിക്കുന്നത് എത്ര ഭംഗിയും എത്ര ചേർച്ചയും ഉപകാരവുമായ ഒരു വിഷയം.

പഴയ കാലങ്ങളിൽ ഓർമ്മസ്തംഭങ്ങൾ പണിപ്പാടുകളും, കൽകൂമ്പാരങ്ങളും തൂണുകളും ബിംബങ്ങളും മറ്റുമായിരുന്നു. ഇത് അതിനേക്കാൾ പതിന്മടങ്ങു ഉപകാരമേകുന്നതും സ്ഥിതിയായി നിലനില്ക്കുന്നതുമത്രെ. പിരിയുന്ന പണം മുഴുവനും ബാങ്കിലൊ മറ്റൊ ഇട്ടുകൊണ്ടു അപ്രത്യക്ഷമായ ഏതുകാര്യത്തിലും ചിലവിട്ടു അതിനെ സ്മാരകം ഓർമ്മസ്തംഭം എന്നിങ്ങനെ വെറും നാമം വിളിച്ചാൽ അത് ഒട്ടും ചേർച്ചയല്ലെന്നു പ്രകൃതംതന്നെ വിളിച്ചു പറയുന്നു. അതു വേരും ചുവടും ഇല്ലാത്ത ഉണങ്ങിയ തടി പോലെ എന്നു തോന്നിപ്പോകുന്നു. പ്രിയ വായനക്കാർ എന്നു മാത്രമല്ല, പിന്നെയൊ ഭാരവാഹികളായ കമ്മറ്റിക്കാർ പ്രത്യേകം ഇതു പര്യാലോചിക്കേണ്ടതാണ്. മറ്റേ വലിയ അംശമൊ ആയ്തു നമ്മുടെ ദിവ്യമേലാവിന്റെ പേർക്കുള്ള ഒരു ധനശേഖരമാകുന്നമുറയ്ക്കു അതു വൈദികസംഘത്തിന്റെ പൊതുവെയുള്ള ക്ഷീണതയെ പുലർത്തുന്ന വകയ്ക്കായിരിക്കണമല്ലൊ. എന്തുകൊണ്ടെന്നാൽ ഇത് ഒരു അവകാശമുറ അനുസരിച്ചു അവർക്കു ചേരേണ്ടതായ ഒരു പിതൃധനംപോലെ നാം ഇപ്പോൾ കരുതാതിരുന്നാൽ വൈദികസംഘത്തിനു പിടിപെട്ടിരിക്കുന്ന വലിയ ക്ഷീണതയെക്കുറിച്ചു നാം വിചാരമില്ലാത്തവരെന്നുള്ള പരിതാപനാമത്തിൽനിന്നു നാം എങ്ങിനെ ഒഴികഴിവു പറയും.

ഒരു ലേഖകൻ

*(ഇടവകപത്രിക 1901 തെശ്രിൻക്ദീം, പുസ്തകം 10, ലക്കം 10)*

# മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ജൂബിലി പ്രോഗ്രാം

1077-ാം മാണ്ട് വൃശ്ചികമാസം 10-ാം തീയതിക്ക് സുറിയാനി കണക്കിൽ 12-ാം തീയതി തിങ്കളാഴ്ച.

**കാലത്തു 6 മണി മുതൽ 9 മണി വരെ**

സിമ്മനാരി പള്ളിയിൽ നമസ്കാരം, കുർബ്ബാന, പ്രസംഗം, ജൂബിലി ശുശ്രൂഷ, കബറികൽ ശുശ്രൂഷ ഇവ നടത്തപ്പെടും. കഴിയുമെങ്കിൽ വലിയതിരുമേനി തന്നെ കുർബ്ബാന ചൊല്ലും. ശുശ്രൂഷകളുടെ അവസാനത്തിൽ പള്ളിയകത്തും പുറത്തുമായി മൂന്നു സ്ഥലത്തു തളിക വച്ചു പട്ടക്കാർ നിന്നു നേർച്ച ഇടുവിക്കും.

**9 മണിക്കു**

ശെമ്മാശ്ശന്മാരും, പട്ടക്കാരും, റെമ്പാന്മാരും, മെത്രാച്ചന്മാരും മുറയ്ക്ക് അണിയായി നിന്നു സുറിയാനി രാഗം ചൊല്ലിക്കൊണ്ടു സിമ്മനാരിയുടെ നടുമുറ്റത്തുകൂടി പടിഞ്ഞാറെ വശത്തു കെട്ടിഅലങ്കരിച്ചിട്ടുള്ള ശാലയിലേക്കു പുറപ്പെടും. അവിടെ ആശീർവാദം കഴിഞ്ഞശേഷം അവസ്ഥാനുരൂപം ഒരുക്കപ്പെട്ടിരിക്കുന്ന ആസനങ്ങളിൽ തിരുമേനികളും റെമ്പാന്മാരും പട്ടക്കാരും ഇരുന്നു കഴിയുമ്പോൾ, ശെമ്മാശ്ശന്മാരുടേതായി ഒരു സുറിയാനി മംഗളപത്രവും അതോടുകൂടി അവരുടെ ഒരു കാഴ്ചയും വലിയതിരുമേനിക്ക് സമർപ്പിക്കപ്പെടും. മംഗളപത്രത്തിനു തിരുമേനി സുറിയാനിയിൽ തന്നെ മറുപടി കല്പിക്കും. മംഗളപത്രം സമർപ്പിക്കുന്നതിനു മുമ്പും അവസാനത്തിലും പ്രത്യേക സുറിയാനി രാഗങ്ങൾ പാടുന്നതാണ്.

**9 മണി മുതൽ ഉച്ചകഴിഞ്ഞു 2 മണി വരെ**

പട്ടക്കാർക്കും ശെമ്മാശ്ശന്മാർക്കും അകലെ നിന്നു വരുന്ന പള്ളിക്കാർക്കും മുറയ്ക്ക് ഭക്ഷണം കൊടുക്കപ്പെടും. അതിന്റെ പിന്നാലെ സാധുക്കളായി കൂടുന്ന എല്ലാവരെയും ഇരുത്തി ഭക്ഷണം കൊടുക്കും. ഈ സമയത്തു തന്നെ കീഴുജാതികളായി കൂടുന്നവർക്കും ബോട്ടുപുരയ്ക്കു കിഴക്കുവശത്തു ഇരുത്തി ഭക്ഷണം കൊടുക്കപ്പെടും. 2 മണിക്ക് സദ്യ അവസാനിക്കും.

**2 മണിക്കു**

മാർ ദീവന്നാസ്യോസ് സിമ്മനാരിയിൽ വച്ച് സിമ്മനാരി കുട്ടികൾക്ക്

പലഹാരപ്പൊതികൾ കൊടുക്കപ്പെടും.

**3 മണി മുതൽ 4 മണി വരെ**

മാർ ദീവന്നാസ്യോസ് സിമ്മനാരി ഹാളിൽ തിരുമേനികളും ഉദ്യോഗസ്ഥന്മാർ, വെള്ളക്കാർ ഉൾപ്പെട്ട ക്ഷണിക്കപ്പെട്ട മഹാന്മാരും കൂടും. ഈ യോഗത്തിൽ സിമ്മനാരികുട്ടികളുടെ ഒരു മംഗളപത്രവും അവരുടെ ഒരു പ്രത്യേക കാഴ്ചയും തിരുമേനിക്ക് സമർപ്പിക്കപ്പെടും. അതോടുകൂടി യോഗ്യന്മാരായ ചിലരുടെ പ്രസംഗങ്ങളും ഉണ്ടാകും.

**4 മണി മുതൽ 6 മണി വരെ**

മാർ ഏലിയാ ചാപ്പലിൽ ഒരു ദിവ്യശുശ്രൂഷ കഴിച്ചശേഷം പട്ടക്കാരുടെ ഗീതത്തോടുകൂടി ചാപ്പലിൽ നിന്നു പുറപ്പെട്ടു സിമ്മനാരിയുടെ കിഴക്കെ പടിവാതിക്കൽ എത്തി, വലിയതിരുമേനി പല്ലക്കിലും ശേഷം തിരുമേനികൾ പിന്നാലെ വണ്ടികളിലും, പല്ലക്കിനു മുമ്പ് പട്ടക്കാർ, ശെമ്മാശ്ശന്മാർ ഇവരും, അതിനു മുമ്പിൽ സ്കൂൾ കുട്ടികളും അണിയായി നിന്നു യാത്ര പുറപ്പെടും. പട്ടക്കാരുടെ അണിക്കു നടുവിൽ പൊൻവെള്ളിക്കുരിശുകളും ശെമ്മാശന്മാരുടെ മുമ്പിൽ മാർ ദീവന്നാസ്യോസ് സിമ്മനാരിക്കൊടിയും കുട്ടികൾക്കു മുമ്പിൽ സ്വാഗതകൊടിയും പിടിക്കുന്നത് കൂടാതെ എല്ലാ കുട്ടികളുടെ കൈകളിലും കൊടികളും പാലക്കുഴകളും പിടിച്ചിരിക്കും. പട്ടക്കാരുടെയും കുട്ടികളുടെയും അണിക്കുപുറമെ ഇരുവശങ്ങളിലുമായി മുത്തുക്കുടകൾ, പള്ളിക്കുടകൾ മുതലായവ പിടിക്കപ്പെടും. കുട്ടികൾക്ക് മുമ്പിൽ നാഗസ്വരക്കാർ, ഉരുട്ടുചെണ്ടക്കാർ, തമ്പേർകാർ, ബാണ്ടുകാർ ഇവർ നില്ക്കും. റബേക്കുകാർ പല്ലക്കിനു മുമ്പിൽ നിന്നു സുറിയാനിഗാനം കൊട്ടും. ബഹുജനങ്ങൾ എല്ലാവക വാദ്യങ്ങൾക്കു മുമ്പിലും തിരുമേനികളുടെ വാഹനങ്ങൾക്കു പിമ്പിലുമല്ലാതെ ഇടയ്ക്ക് നില്ക്കുവാൻ സമ്മതിക്കുന്നതല്ല. ഇങ്ങനെ യാത്ര പുറപ്പെട്ടാൽ ചന്തയിലേക്കുള്ള കിഴക്കെ വഴിക്കും, വായനശാലയുടെ മുമ്പിലും സി.എം.എസ്. കോളജിലേക്കുള്ള വഴിക്കും ഇംഗ്ലീഷുപള്ളിയുടെ മുൻവശത്തും, ചുങ്കക്കടവിലും, സിമ്മനാരി പടിവാതിൽക്കലും അല്പസമയം നില്ക്കുകയും ആ സന്ദർഭങ്ങളിൽ കുട്ടികളുടെ ചീയറും ആർപ്പും ഉണ്ടാകയും ചെയ്യുന്നതാണ്. ഈ ഓരോ ഘട്ടങ്ങളിൽ ഓരോ വാദ്യങ്ങൾ മാറി മാറി പ്രയോഗിക്കുന്നതാണ്. സിമ്മനാരി പടികടക്കുമ്പോൾ സാമാനങ്ങൾ വഹിക്കുന്നവരും കുട്ടികളും ബഹുജനങ്ങളും നേരെ പടിഞ്ഞാട്ടുപോയി ഒഴിഞ്ഞുകൊടുക്കയും വാഹനങ്ങളിൽ നിന്നു ഇറങ്ങി തിരുമേനികൾ ശെമ്മാശ്ശന്മാരോടും പട്ടക്കാരോടും കൂടി കാൽനടയായി പള്ളിയുടെ കിഴക്കുവശത്തുകൂടി പ്രദക്ഷിണം ചെയ്തു വടക്കുവശത്തുകൂടി പടിഞ്ഞാറു വന്ന് പള്ളിയകത്തേക്ക് പ്രവേശിക്കയും സന്ധ്യാനമസ്കാരം ഈ സന്ദർഭത്തിൽ പള്ളിയകത്തു വച്ചു കഴിക്കയും ചെയ്യുന്നതാണ്.

**6 മണി മുതൽ**

നമസ്കാരം കഴിഞ്ഞാലുടൻ പട്ടക്കാരുടേയും ശെമ്മാശ്ശന്മാരുടെയും സുറിയാനി ഗാനങ്ങളോടുകൂടി ശെമ്മാശന്മാരും, പട്ടക്കാരും റമ്പാന്മാരും തിരുമേനികളും പടിഞ്ഞാറെ വശത്തുള്ള ശാലയിലേക്കു പോകും. അവിടെ ഇവരും ബഹുജനങ്ങളും ഇരുന്നശേഷം തിരുമേനിക്ക് സമർപ്പിക്കുവാൻ ഓരോ മഹാന്മാർ കൊണ്ടുവന്നിട്ടുള്ള കാഴ്ചകളും ജീവചരിത്രപുസ്തകവും അവരവർ തിരുമുമ്പാകെ സമർപ്പിക്കും. അനന്തരം മലങ്കര ഇടവക മഹാജനങ്ങളുടെ പൊതുവായ മംഗളപത്രം വായിച്ചു സമർപ്പിക്കയും തിരുമേനി മറുപടി കല്പിക്കയും ചെയ്യും. ഇതു കഴിയുന്ന ഉടൻ പടിഞ്ഞാറെ ആറ്റുകടവിൽ കരിമരുന്നുപ്രയോഗങ്ങൾ നടത്തപ്പെടും. ഇതോടുകൂടി ജൂബിലി ആഘോഷം അവസാനിക്കുന്നതാണ്. രാത്രി പട്ടക്കാർക്കും ശെമ്മാശന്മാർക്കും അത്താഴം കൂടി കൊടുക്കപ്പെടും.

ജൂബിലിയ്ക്ക് ഒരാഴ്ച മുമ്പ് കൊടിയേറ്റു മുതൽ ദിവസേന രണ്ടു നേരവും ജൂബിലി ദിവസം കുർബ്ബാന, ജൂബിലി ശുശ്രൂഷ, സദ്യ, ഇവയുടെ ആരംഭങ്ങളിലും അവസാനങ്ങളിലും പ്രദക്ഷിണത്തിന്റെ ആരംഭത്തിലും ഓരോ ഘട്ടങ്ങളിലും, മംഗളപത്രങ്ങൾ സമർപ്പിക്കുന്ന സന്ദർഭങ്ങളിലും ജൂബിലി സംഖ്യപ്രകാരം അമ്പതിൽ കുറയാതെ കതിനാവെടികളും ഓരോ പ്രാവശ്യം വെക്കപ്പെടുന്നതാണ്.

13-ാം തീയതി ചൊവ്വാഴ്ച ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട ഹിന്ദുക്കളായ മഹാന്മാർക്ക് പ്രത്യേക സ്ഥലങ്ങളിൽ വച്ചു സദ്യ കൊടുക്കുന്നതാണ്.

*(ഇടവകപത്രിക 1901 തെശ്രിൻക്ദീം, പുസ്തകം 10, ലക്കം 10)*

# മാർ ദീവന്നാസ്യോസ്യോസു ജൂബിലി

അടുത്ത തിങ്കളാഴ്ച ഇവിടെവെച്ചു ആഘോഷിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ഈ അടിയന്തരത്തിനുള്ള വട്ടംകൂട്ടുകൾ ക്രമമായി നടന്നുവരുന്നു. നിർവാഹക സംഘക്കാർ പ്രോഗ്രാമോടുകൂടി വിവരം അറിയിക്കുന്ന എഴുത്തുകൾ നാലു ദിക്കിലേക്കും അയച്ചുകഴിഞ്ഞു എന്നു മാത്രമല്ല പല യോഗ്യന്മാരുടെയും മറുപടികൾ കിട്ടിക്കഴിഞ്ഞുമിരിക്കുന്നു. സാധാരണ യോഗ്യന്മാരിൽ ഒരാൾ എന്നു മാത്രം പറഞ്ഞാൽ ഒരിക്കലും മതിയാകാത്ത മഹാമഹിമശ്രീ ഇൻഡ്യാ വൈസ്രോയി കഴ്സൺ പ്രഭുവിന്റെ അനുമോദനത്തേക്കാൾ വിലയേറിയതായി ഒന്നും അടുത്ത രാജ്യങ്ങളിലെങ്ങും ആഗ്രഹിക്കാൻ പോലുമില്ലല്ലോ. തിരുവിതാംകൂർ ... അവർകൾ, ചീഫ് സിക്രട്ടറി താണുപിള്ള അവർകൾ എന്നീ ... മഹാന്മാരും ഒട്ടും കുറച്ചിട്ടില്ല. മറ്റു മഹാന്മാരിൽ നിന്നു ഇങ്ങനെ വരുന്ന സ്ഥിതിക്കു, ...
ഏറിയൊരു ശതാബ്ദങ്ങളായി ഉള്ള ക്രിസ്ത്യാനികൾക്കു ഇതിനു കീഴിൽ ഒരിക്കലും ഒരു മതാദ്ധ്യക്ഷനെ സംബന്ധിച്ചു കൊണ്ടാടുവാൻ സംഗതിയായിട്ടില്ലാത്ത ... ഒരു വിശേഷം ... സമുദായ ... ഓരോരുത്തർക്കു പ്രത്യേകമായും അനിർവചനീയങ്ങളായ അനേകമനേകം അഭ്യുദയങ്ങൾക്കു ഹേതുഭൂതനും സർവ്വജനസമ്മതനുമായ ഒരു പുരുഷത്വത്തെ ഉദ്ദേശിച്ചു ആഘോഷിക്കാൻ സംഗതിയായതിങ്കൽ ഓരോരുത്തർ അഹമഹമികയോടു കൂടി കാണിക്കാവുന്ന ഉത്സാഹം എത്രമാത്രമായിരിക്കുമെന്ന് വായനക്കാർക്കു ഊഹിക്കാവുന്നതാണല്ലോ. ദൈവികമായ പ്രതിബന്ധം ഒന്നും നേരിടാത്തപക്ഷം ഇപ്പോൾ പ്രതീക്ഷിക്കാവുന്നതിൽ പതിന്മടങ്ങ് കേമമായും ഭംഗിയായും പര്യവസാനിക്കാനല്ലാതെ ഇടയില്ലാത്ത ഈ ആഘോഷത്തിന്റെ ഒരു വിവരണം അടുത്ത മനോരമ മുഖേന വായനക്കാരെ അറിയിക്കാൻ നിശ്ചയിച്ചിട്ടുള്ളതാകയാൽ ഇപ്പോൾ ചുരുക്കുന്നു. ഇങ്ങനെയുള്ള ഒരടിയന്തിരത്തിനു വിഷയീഭൂതനായ ആ വന്ദ്യ പുരുഷന്റെ ഒരു ജീവചരിത്രം ഇതിനു മുമ്പിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഈ ആപ്പീസിൽ അച്ചടിക്കാൻ ആരംഭിച്ചിരുന്നതു ഇന്നു തീർന്നു. സാമാന്യം വലിപ്പത്തിൽ 160 ഭാഗങ്ങളിൽ അധികമുള്ള ഈ പുസ്തകത്തിന്റെ ആരംഭത്തിൽ ഇദ്ദേഹത്തിന്റെ ഒരു പ്രതിച്ഛായയും വളരെ ഭംഗിയായി അച്ചടിച്ചു ചേർത്തിട്ടുണ്ട്.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കൊല്ലം 1008-ാമാണ്ടു കൊച്ചി ശീമയിലുള്ള കുന്നംകുളങ്ങര അങ്ങാടിയിൽ പുലിക്കോട്ടു എന്ന പൂർവിക കുടുംബത്തിലാണ് ജനിച്ചത്. ഈ കുടുംബത്തിൽ നിന്നു തന്നെ ഉണ്ടായ ഒരു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളാണ് ഈ കോട്ടയത്തു സുറിയാനി സമുദായത്തിന്റെ പൊതു

വകയായിട്ടുള്ള സിമ്മനാരി പണിയിക്കുക മുതലായവ ചെയ്തിട്ടുള്ളത്. സുറിയാനി പുരോഹിതത്വത്തിന്റെ രണ്ടാമത്തെപ്പടിയായി "കശീശാ" (കത്തനാർ) സ്ഥാനത്തിൽ 1028-ാമാണ്ടു ചിങ്ങ മാസത്തിലാണു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്കു 50 കൊല്ലം തികഞ്ഞതിന്റെ ആഘോഷം നടത്തപ്പെടുന്ന ഇപ്പോൾ ഇദ്ദേഹത്തിനു എഴുപതു വയസ്സു പ്രായമായിട്ടുണ്ട് എങ്കിലും ദൈവാനുകൂല്യത്താൽ ശരീരത്തിനോ ബുദ്ധിക്കോ ഇതിനു തക്കവണ്ണമുള്ള ക്ഷീണത തട്ടീട്ടില്ല. ഇങ്ങനെ ഇനിയും ഏറിയകാലം ഇരിക്കുമാറാകണമേ എന്ന് ഈ അവസരത്തിൽ പ്രാർത്ഥിക്കുന്ന അസംഖ്യം ജനങ്ങളെ മനോരമയും അനുകരിക്കുന്നു.

*(മലയാള മനോരമ, 23-11-1901. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*

# മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ജൂബിലി

മലങ്കര ഇടവകയുടെ നി.വ.ദി.ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കശീശാസ്ഥാനം കൈക്കൊണ്ടിട്ടു അമ്പതാം വർഷം ആരംഭിക്കുന്ന കഴിഞ്ഞ ചിങ്ങ മാസം 6–ാം തീയതി മുതൽ ഉള്ള ഒരു വർഷക്കാലത്തെ ജൂബിലി വർഷമായി വിചാരിക്കുകയും ജൂബിലി ആരംഭമായിരുന്ന പോയ ചിങ്ങം 6–ാം തീയതി മുതൽ പള്ളികളിൽ പ്രത്യേക ശുശ്രൂഷകൾ നടത്തുകയും അവിടത്തെ പിതാവായിരുന്ന കഴിഞ്ഞുപോയ സിമ്മനാരി സ്ഥാപകന്റെ ഓർമ്മദിവസമായ വൃശ്ചികം 12–ാം തീയതി പൊതുവായ ആഘോഷം സിമ്മനാരിയിൽ വച്ചു നടത്തുകയും ചെയ്യണമെന്ന് പൊതുയോഗം നിശ്ചയിച്ചതനുസരിച്ച് പരസ്യമായ ആഘോഷത്തിനുവേണ്ട ഒരുക്കങ്ങൾ ആരംഭിച്ചിട്ടു ഒരു മാസത്തോളമായി. കമ്മറ്റിക്കാരുടെ നിശ്ചയപ്രകാരം, ആഘോഷം ഭംഗിയായി നടത്തുവാനും തക്ക ഏർപ്പാടുകൾ എല്ലാം തക്കസമയത്ത് തന്നെ ശട്ടം കെട്ടുവാൻ തുടങ്ങി. അരി, കറി മുതലായ സാമാനങ്ങൾ ശേഖരിച്ച് തയ്യാറാക്കുവാൻ നാനാ ദിക്കുകളിലും ഏർപ്പാടുകൾ ചെയ്തു. സിമ്മനാരിക്ക് ചുറ്റും പന്തലുകളും പടിഞ്ഞാറുവശത്തു അലങ്കരിക്കപ്പെട്ട ഒരു വലിയ അടിച്ചുകൂട്ടുപന്തലും വളരെ ചിലവു ചെയ്തു തയാർ ചെയ്തിരുന്നു. ജൂബിലിക്ക് തലേനാൾ വരെ മാറാതെ വർഷിച്ചുകൊണ്ടിരുന്നു മഴ ആ രാത്രി മുതൽ അശേഷം നീങ്ങിയ്തുകൊണ്ട് ആഘോഷങ്ങൾ അമംഗമായി തീർന്നേക്കാം എന്നു ഏവർക്കുമുണ്ടായിരുന്ന ഭയം അതിശയകരമായവിധത്തിൽ നീങ്ങിപ്പോയത് അല്പമല്ലാത്ത സന്തോഷമാകുന്നു.

ജൂബിലി കമ്മറ്റി പ്രസിഡണ്ട് മെത്രാപ്പോലീത്താ അവർകൾ ആരംഭം മുതൽക്കേ സിമ്മനാരിയിൽ താമസിച്ചു ജൂബിലി ആഘോഷം ഭംഗിയാക്കുന്നതിന് ശ്രമിച്ചുവന്നതിനു പുറമെ ഒരു വാരം മുമ്പെ തന്നെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളും രണ്ടു ദിവസം മുമ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളും സിമ്മനാരിയിൽ വന്നുചേർന്നു. മാർ അൽവാറീസ് മെത്രാപ്പോലീത്താ അവർകൾ മുമ്പേ തന്നെ ഇവിടെ ഹാജരുണ്ടായിരുന്നു. സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ ഹാജരായി ജൂബിലി ആഘോഷം ഭംഗിയായി നടത്തണമെന്ന് കല്പനപ്പടി ഹജൂരിൽ നിന്നും ഉത്തരവു വന്നിരുന്നതുകൊണ്ട് ദിവാൻ പേഷ്കാർ മുതൽ എല്ലാ ഉദ്യോഗസ്ഥന്മാരും ഈ അടിയന്തിരം മംഗളമാക്കുന്നതിനു അസാമാന്യ പരിശ്രമം ചെയ്തിരുന്നു. സാമാന്യത്തിൽ അധികം ആൾക്കൂട്ടമുണ്ടാകുന്നതുകൊണ്ട് സമാധാന പരിപാലനത്തിന് മിസ്റ്റർ ബെൻസിലി

സായ്പ് അവർകളുടെ ആജ്ഞപ്രകാരം കോട്ടയം, ഏറ്റുമാനൂർ എന്നീ രണ്ടു പോലീസ് ഇൻസ്പെക്ടറന്മാരും അവരുടെ കീഴുള്ള സൈന്യങ്ങളും വിശേഷാൽ ചങ്ങനാശ്ശേരിയിൽ നിന്നു ഇതിലേക്കായി പ്രത്യേകം വരുത്തിയിരുന്ന പോലീസുകാരും പാഞ്ഞു ഓടിനടന്നിരുന്നു. സദ്യ മുതലായ ഭാരമേറിയ ജോലികൾ വഹിക്കാൻ കോട്ടയത്തുകാർ ചുമതലക്കാരായും അടുത്ത ഇടവകകളിലെ ആളുകൾ സഹായികളായും ഇരുന്നു ഉറ്റു ശ്രമിച്ചിരുന്നു.

തലേ വെള്ളിയാഴ്ച മുതൽ തന്നെ ദൂരസ്ഥന്മാരായ സുറിയാനിക്കാരുടെ വരവു തുടങ്ങി. 9-ാം തീയതി (സു. ക. 11-ാം തീയതി) ഞായറാഴ്ച കുർബ്ബാനയ്ക്ക് സിമ്മനാരി പള്ളിയിലും സിമ്മനാരിയിലും ആൾതിക്കൽ ആരംഭിച്ചു. അന്നത്തെ കുർബ്ബാനമദ്ധ്യേ വർഷ ശമനത്തിനായി പ്രത്യേക പ്രാർത്ഥന കഴിച്ചു. സന്ധ്യ ആയപ്പോൾ കോട്ടയം പട്ടണം പുറദേശക്കാരായ ആളുകളെക്കൊണ്ട് നിറഞ്ഞു. ജൂബിലി ദിവസം രാവിലെ സിമ്മനാരി പള്ളിയിൽ ദൈവാരാധന ആരംഭിച്ചു. വലിയ തിരുമനസ്സുകൊണ്ടു പ്രധാന പീഠത്തിലും മാർ ഈവാനിയോസ്, മാർ ഗ്രീഗോറിയോസ് ഈ തിരുമേനികൾ ഉപപീഠങ്ങളിലുമായി കുർബ്ബാന ചൊല്ലി, പ്രത്യേക സ്തോത്രബലി അണച്ചു. കുർബ്ബാനമദ്ധ്യേ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ചുരുങ്ങിയ ഒരു പ്രസംഗം പറഞ്ഞു. അന്ത്യത്തിൽ ജൂബിലി സംബന്ധമായ പ്രാർത്ഥനകളും സിമ്മനാരി സ്ഥാപകന്റെ കബറിങ്കലുള്ള ശുശ്രൂഷയും കഴിഞ്ഞപ്പോഴേക്ക് മണി ഒമ്പതു കഴിഞ്ഞു. തിരുമേനികളും വൈദിക ശിഷ്യന്മാരും പള്ളിയിൽ നിന്നു പുറപ്പെട്ടു ആസനാരൂഢന്മാരായ സമയം, മാർ ദീവന്നാസ്യോസ് സിമ്മനാരി മല്പാന്റെയും ശെമ്മാശന്മാരുടേയും ഒരു മംഗളപത്രം അവരുടെ ഒരു കാഴ്ചയോടു കൂടി തിരുമേനിക്ക് സമർപ്പിക്കയും അതിന് സുറിയാനിയിൽ തന്നെ ചുരുങ്ങിയ ഒരു മറുപടി കല്പിക്കയും ചെയ്തു. ഇതു കഴിഞ്ഞ ഉടൻ തിരുമേനികൾ മുറിയിലേക്ക് എഴുന്നെള്ളി മേശക്കിരുന്നതിനോടു കൂടി അലങ്കരിക്കപ്പെട്ട പന്തലിൽ പട്ടക്കാരും ശെമ്മാശന്മാരും ഭക്ഷണത്തിനു ഇരുന്നു. മേശ കഴിഞ്ഞ ഉടൻ സി.എം.എസ്. കോളജ് വിദ്യാർത്ഥികളായ സുറിയാനി കുട്ടികളുടെ ഒരു മംഗളപത്രവും, കാഴ്ചയും മുറിയിൽ വച്ചു തിരുമേനിക്ക് സമർപ്പിക്കയും ചുരുങ്ങിയ ഒരു മറുപടിയിൽ അവരെ തൃപ്തിപ്പെടുത്തി വിടുകയും ചെയ്തു.

പട്ടക്കാരുടെ ഭക്ഷണം അവസാനിച്ച ഉടൻ, പന്തലുകളിലും വെളിക്കുമായി സിമ്മനാരി വളപ്പിൽ ഒട്ടുക്ക് ആൾ ഇരുത്തി ഇല വച്ചു. ഒരു പ്രാവശ്യം 5000-ൽ കുറയാതെ ആളുകൾ ഇരുന്നു. ഇങ്ങനെ അഞ്ചാറു ഏറ്റു വരെ സദ്യ ഉണ്ടായിരുന്നു. ക്രിസ്ത്യാനികളെ കൂടാതെ പുറജാതികളായി കൂടിയ ഏവർക്കും പ്രത്യേകം സ്ഥലത്ത് ഭക്ഷണം

കൊടുക്കയുണ്ടായി. സുറിയാനിസഭയിൽ ചേർന്ന പുലയ സഭയിൽ ഉൾപ്പെട്ട പുതു ക്രിസ്ത്യാനികൾക്ക് സകല പദാർത്ഥങ്ങളും കൂട്ടി വിശേഷവിധമായ ഭക്ഷണം ഉണ്ടായിരുന്നു. ഇങ്ങനെ രണ്ടു മണിയോടു കൂടി സദ്യ അവസാനിച്ചു. ജൂബിലി ദിവസം തന്നെ എണ്ണൂറു പറ അരിയോളം ചിലവായി. തലേ ദിവസവും പിറ്റേ ദിവസവും ഇടചിലവും ഉൾപ്പടെ 1200 പറ അരി ചിലവായിട്ടുണ്ട്.

രണ്ടു മണിക്കു മുമ്പു തന്നെ തിരുമേനികൾ മാർ ദീവന്നാസ്യോസ് സിമ്മനാരിയിലേക്ക് പ്രൈവറ്റായി എഴുന്നെള്ളി. ആ സിമ്മനാരിയും ചാപ്പലും പറമ്പും വിശേഷവിധത്തിൽ അലങ്കരിക്കപ്പെട്ടിരുന്നു. മൂന്നു മണിക്ക് വളരെ മുമ്പു തന്നെ സിമ്മനാരി ഹാൾ ക്ഷണിക്കപ്പെട്ടവരും ദൂരെനിന്നു വന്നവരുമായി കണക്കില്ലാത്ത ആളുകളാൽ തിങ്ങിനിറഞ്ഞു. സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ, സായ്പന്മാർ മുതലായ എല്ലാവരും ഹാജരുണ്ടായിരുന്നു. മൂന്നു മണിയായപ്പോൾ വലിയ തിരുമേനി മുതലവായൻ മുടിയും സൂർപ്ലെസും, മൂറിസ മുതലായ ഉടുപ്പുകളും ധരിച്ചും ശേഷം തിരുമേനികൾ സാധാരണ വസ്ത്രത്തിലും പട്ടക്കാരുടെ അകമ്പടിയോടും സുറിയാനി ഗീതത്തോടും കൂടി ഹാളിലേക്ക് എഴുന്നെള്ളി. എല്ലാവരും എഴുന്നേറ്റ് ആചാരം ചെയ്തു. ആസനാരൂഢന്മാരായ ശേഷം ബാണ്ടുകാരുടെ വായന കുറേനേരത്തേക്ക് കൂടിയിരുന്ന മഹാജനങ്ങളെ രസിപ്പിച്ചു. അനന്തരം തിരുമേനിക്കും ജൂബിലി ആഘോഷത്തിനും മംഗളം ആശംസിക്കുന്നവയായി കിട്ടിയിരുന്ന കമ്പികളും എഴുത്തുകളും വായിച്ചു പ്രസ്താവിച്ചശേഷം സിമ്മനാരി അദ്ധ്യാപകന്മാരുടേയും അദ്ധ്യായികളുടേയും ഒരു മംഗളപത്രം ഹെഡ്മാസ്റ്റർ വായിച്ചു. അതും അവരുടെ സമ്മാനമായി 300 രൂപ വരെ ചിലവു ചെയ്തു മദ്രാസിൽ നിന്നു പണിയിച്ചു വരുത്തിയ ഒരു ഭദ്രാസനവും കൂടി തിരുമുമ്പാകെ സമർപ്പിച്ചു.

അനന്തരം തിരുവിതാകൂർ – കൊച്ചി ഇടവകയുടെ ആംഗ്ലീയാ ബിഷോപ്പായ നി.വ.ദി.ശ്രി. ഡാക്തർ ഹൊഡ്ജസ് അവർകൾ ഇംഗ്ലീഷിലും പള്ളിക്കൂടം ഇൻസ്പെക്ടർ രാമസ്വാമി അയ്യർ അവർകളും, പെൻഷ്യൻ ഇഞ്ചിനീർ കുരുവിള അവർകളും മലയാളത്തിലും ഓരോ പ്രസംഗങ്ങൾ പറഞ്ഞു. പ്രസംഗാവസാനത്തിൽ തിരുമേനി ക്ഷീണം കൊണ്ടു ചുരുക്കത്തിൽ നന്ദി പറഞ്ഞശേഷം മുറയ്ക്കുള്ള മറുപടി ഒരു റെമ്പാൻ വായിച്ചു. അതുകഴിഞ്ഞു ജൂബിലി മംഗളം പാടുകയും ഹെഡ്മാസ്റ്റർ സഭാവാസികൾക്കും മറ്റും വന്ദനം പറകയും മറ്റും ചെയ്തുകഴിഞ്ഞപ്പോഴേക്ക് മണി നാലടിച്ചു. ഉടൻതന്നെ പഴയസിമ്മനാരിയിലേക്കുള്ള ആഘോഷയാത്രയായി. പ്രോഗ്രാമിൽ വിവരിച്ചിരുന്നപ്രകാരം ബാണ്ട്, പാണ്ടിവാദ്യം, ഉരുട്ടുചെണ്ട, തമ്പേർ മുതലായ മേളക്കാർ ആദ്യവും പിന്നാലെ

പള്ളിക്കുട, മുത്തുക്കുട മുതലായവയും തുടർന്ന് പൊൻവെള്ളി ഉൾപ്പെടെ നാല്പതിൽ താഴെ കുരിശുകളും ഇവയ്ക്ക് പിന്നാലെ പത്തഞ്ഞൂറ് കൊടികൾ പിടിച്ചുകൊണ്ട് പത്തറുനൂറ് സ്കൂൾകുട്ടികളുടെ അണിഅണിയായ നിരയും അവരുടെ പിമ്പിൽ മർബഹസാകൾ പിടിച്ചും സുറിയാനിഗീതം ചൊല്ലിയും കൊണ്ടു ശെമ്മാശന്മാരുടെയും പട്ടക്കാരുടെയും നിരയും ഇവയ്ക്ക് പിന്നാലെ കനകപല്ലക്കിൽ വലിയതിരുമേനിയും പിമ്പിൽ വണ്ടികളിൽ ശേഷം തിരുമേനികളും അനന്തരം അനേകം യോഗ്യന്മാരുടെ വണ്ടികളുമായിട്ടത്രെ യാത്ര പുറപ്പെട്ടത്. ജനക്കൂട്ടത്തിന് കണക്കില്ലെന്ന് പറയാം. പഴയസിമ്മനാരി മുതൽ പുത്തൻ സിമ്മനാരി വരെ തുടർന്നു ജനം തിങ്ങിയിരുന്നു. വഴികളും ഇരുവശവുമുള്ള വീടുകളും യഥായോഗ്യം അലങ്കരിക്കപ്പെട്ടിരുന്നു. കക്ഷിഭേദമോ മതഭേദമോ ആലോചിക്കാതെ എല്ലാ വീട്ടുകാരും തോരണം, കൊടി മുതലായവയാലും പകൽ വിളക്കിനാലും വന്ദ്യപുരോഹിതനെ ബഹുമാനിച്ചു. വിശേഷാൽ പുത്തൻ സിമ്മനാരിയുടെ പടിവാതിലുകളിൽ സിമ്മനാരി വകയായി രണ്ടു ആർച്ചുകളും മനോരമ അച്ചുകൂട്ടത്തിന്റെ മുൻഭാഗത്ത് ആ ആപ്പീസുവകയായും ചന്തഭാഗത്ത് കച്ചവടക്കാരുടെ വകയായും വായനശാലയുടെ മുൻവശത്തു വക്കീലന്മാരുടെ വകയായും കോളജ് വഴിയിൽ കോളജ് കുട്ടികളുടേതായും ചെട്ടിത്തെരുവിൽ സിമ്മനാരിയിലെ ഒരു അസിസ്റ്റന്റ് മാസ്റ്ററുടേതായും ചുങ്കക്കടവിനു സമീപം സ്ഥലത്തുള്ള പീടികക്കാരുടേതായും പഴയസിമ്മനാരിപടിക്കൽ സിമ്മനാരി വകയായും ഓരോ ആർച്ചുകളും ഉണ്ടായിരുന്നു. പഞ്ചവാദ്യക്കാരുടെ മേളങ്ങളോടും ഇടക്കിടെ കതിനാവെടികളുടെ മുഴക്കങ്ങളോടും കൂടിയുള്ള ഈ പ്രദക്ഷിണം ആറു മണിയോടുകൂടി സിമ്മനാരിയിൽ എത്തി. ഉടൻ തിരുമേനികൾ പള്ളിയിൽ പ്രവേശിച്ചു സന്ധ്യാനമസ്കാരം കഴിഞ്ഞശേഷം ഉദ്ദേശം എട്ടു മണിക്ക് താഴെ എഴുന്നെള്ളി. വടക്കരും തെക്കരുമായി മാന്യന്മാരായ പലരും ഹാജരാക്കിയ കാഴ്ചകളെ തിരുമേനി സ്വീകരിച്ചശേഷം മലങ്കര ഇടവകയുടെ പൊതുവായ മംഗളപത്രം കോനാട്ടു മല്പാൻ അവർകൾ വായിക്കയും തിരുമേനി മറുപടി കല്പിക്കയും ചെയ്തു.

ഈ കൃത്യങ്ങൾ കഴിഞ്ഞശേഷം ഒമ്പതു മണിയോടുകൂടി തകൃതിയായി വെടിക്കെട്ടു ഉണ്ടായി. അസാധാരണങ്ങളായ പല കാഴ്ചകളും ഇതിൽ അടങ്ങിയിരുന്നു. ഇങ്ങനെ രാത്രി പത്തു മണിയോടുകൂടെ ജൂബിലി ആഘോഷം അവസാനിച്ചു. പട്ടക്കാരിലും അത്മേനികളിലും ദൂരസ്ഥന്മാരായ അനേകർ പിന്നെയും ഒന്നും രണ്ടും ദിവസം കഴിഞ്ഞതിൽ പിന്നെയത്രേ സ്ഥലംവിട്ടുപോയത്.

ആകപ്പാടെ ഈ ജൂബിലി ഏറ്റവും ആശ്ചര്യകരമായവിധത്തിലും ബന്ധുക്കളേയും ശത്രുക്കളേയും ഒന്നുപോലെ തൃപ്തിപ്പെടുത്തുവാൻ

തക്കവണ്ണവും ശുഭമായും മംഗളമായും നിറവേറി എന്നു നിസ്സംശയം പറയാവുന്നതാണ്. ഇത്ര വലിയ ജനക്കൂട്ടവും ഇത്ര കോലാഹലമായ കാഴ്ചകളും കോട്ടയം പട്ടണത്തിൽ ഇതിനു മുമ്പിൽ ഉണ്ടായിട്ടില്ലെന്നു പറയാം. സുറിയാനിസമുദായം ഏകമനസ്സോടുകൂടെ ശ്രമിച്ചാൽ എന്തുമാത്രം ശക്തി കാണിക്കാൻ കഴിയുമെന്നു പുറമെയുള്ളവർക്ക് ഒരു നല്ല പാഠത്തിനും സമുദായത്തെക്കുറിച്ച് ഒരു വലിയ മതിപ്പിനും ഈ ജൂബിലി ആഘോഷത്തിൽ സമുദായം ഒന്നുചേർന്നു പ്രദർശിപ്പിച്ച ഉത്സാഹം കൊണ്ട് ഇടയായിട്ടുണ്ടെന്നു കൂടെ പറയാവുന്നതാണ്. സമുദായത്തിന്റെ ഈ അത്യുത്സാഹം സ്മാരക ദ്രവ്യശേഖരത്തിൽ കൂടെ പ്രത്യക്ഷപ്പെടുത്തുന്നതായാൽ നമ്മുടെ സമുദായത്തെക്കുറിച്ച് പുറത്തുള്ളവർക്ക് ഉണ്ടാകുന്ന മതിപ്പിന് കണക്കില്ലാതെയാകുമെന്നു സംശയമെന്യേ പറയാം.

ചൊവ്വാഴ്ച അഞ്ചു മണിക്കുമേൽ പഴയസിമ്മനാരിയിൽ വച്ചു സ്ഥലത്തുള്ള യൂറോപ്യന്മാർക്ക് ഒരു തേക്കുടിയും ബ്രാഹ്മണരും ശൂദ്രരുമായി ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട മഹാന്മാർക്ക് രാത്രി വയസ്ക്കരെ വച്ചു ഒരു വിരുന്നും ഉണ്ടായിരുന്നു. ഈ വിരുന്നും വളരെ കേമമായിരുന്നു എന്നു അതിൽ സംബന്ധിച്ചവർ ഏകാഭിപ്രായമായി പറയുന്നുണ്ട്. നമ്മുടെ വന്ദ്യ തിരുമേനിയുടെ ജൂബിലി അടിയന്തിരം ഭംഗിയാക്കുവാൻ ഉത്സാഹിച്ച എല്ലാ ആളുകൾക്കും പ്രത്യേകം പ്രത്യേകം നന്ദി പറയാൻ സാധിക്കാതിരിക്കുന്നതിൽ കമ്മറ്റിക്കാർ അത്യന്തം വ്യസനിക്കുന്നു. അതിനാൽ ഈ കാര്യത്തിൽ പരിശ്രമിച്ച എല്ലാവരോടും പൊതുവായി കമ്മറ്റിയുടെ കൃതജ്ഞതയെ അറിയിപ്പാൻ പ്രസിഡണ്ട് തിരുമേനിക്കുള്ള ആഗ്രഹവും ഈ അവസരത്തിൽ ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു.

ജൂബിലി മംഗളമായി പര്യവസാനിച്ചതിൽ ദൈവത്തിന്റെ കൃപാവിരൽ പ്രത്യക്ഷമായി നാം കാണുന്നതിനാൽ അതും നന്ദിപൂർവ്വം ഈ അവസരത്തിൽ പ്രസ്താവിക്കാതിരുന്നു കൂടാ. ഒന്നാമത് ഈ മഹോത്സവം ഈ വിധം കൊണ്ടാടുവാൻ സമുദായത്തിന് ഏകമനസ്സുണ്ടായതു തന്നെ എത്ര വലിയ ദൈവകൃപയാണ്. 2-ാ മത് തലേദിവസം വരെ ഇടവിടാതെ കോപിച്ചുകൊണ്ടിരുന്ന വർഷം ജൂബിലിയുടെ പ്രത്യേക ആവശ്യത്തിന് എന്നപോലെ മാറിനിന്നതു ദൈവാനുഗ്രഹത്താൽ അല്ലെങ്കിൽ പിന്നെ എങ്ങിനെ. 3-ാമത് ഇതിനു തലേദിവസം അടുത്ത കുമാരനല്ലൂർ ക്ഷേത്രത്തിലെ ഉത്സവത്തിൽ ഉണ്ടായ മരണവും മുറിവുകളും ഭീതികളും നോക്കുമ്പോൾ അതിൽ സഹസ്രസമടങ്ങു ആൾക്കൂട്ടം ഉണ്ടായിരുന്ന ഈ ജൂബിലിയിൽ ഒരു കുട്ടിയ്ക്കുപോലും യാതൊരു അപകടവും സംഭവിക്കാതിരുന്നത് കർത്താവിന്റെ പ്രത്യക്ഷ കടാക്ഷമല്ലയൊ. 4-ാമത് വെടിക്കെട്ടു സമയം അലങ്കരിക്കപ്പെട്ട വലിയ പന്തലിനുമീതെ വീണ ഒരു കരിമരുന്നുകട്ട ഏകദേശം പത്തു മിനിട്ടു നേരത്തോളം എരിഞ്ഞുകൊണ്ടിരു

ന്നിട്ടും ആരുടേയും ശ്രമം കൂടാതെയും മേച്ചിലിനു ഒരു കരിവുപോലും തട്ടാതെയും താനേ കെട്ടത് എത്ര വലിയ ദൈവാനുഗ്രഹമാണ്. 5-ാമതു ഇരുപതിനായിരത്തിൽ അധികം ജനങ്ങളെ ഊട്ടിവിടുന്നതിനുള്ള ശ്രമം ഒരു പ്രയാസവും കൂടാതെ നടന്നതു എത്ര വലിയ കൃപ. 6-ാമതു തലേ ദിവസം അത്യന്ത സുഖക്കേടിൽ ഇരുന്ന തിരുമേനി ജൂബിലി ദിവസം കുർബ്ബാന ചൊല്ലുവാനും വലിയ ബുദ്ധിമുട്ടുകളെ സഹിപ്പാനും ശക്തി പ്രാപിച്ചതു ഉയരത്തിൽ നിന്നല്ലയോ. ഇങ്ങനെ ഓരോന്നായി ആലോചിച്ചാൽ ഇതിൽ എന്നല്ല, തിരുമേനിയെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സഹജമായി കണ്ടുവരുന്ന ദൈവാനുഗ്രഹം ഈ ജൂബിലി സന്ദർഭത്തിൽ പ്രത്യേകം വിളങ്ങിയിരിക്കുന്നു എന്നു നിസ്സംശയം പറയേണ്ടിയിരിക്കുന്നു. ആ കരുണാവാരിധിയായ ദൈവത്തിന് എന്നുമെന്നേക്കും മഹത്വമുണ്ടാകയും നമ്മുടെ തിരുമേനി ഇനിയും അനേകകാലം ആയുഷ്മാനായിരുന്ന് നമ്മെ ജീവവഴിയിൽ നടത്തുവാൻ അവിടുത്തെ മേൽ തന്റെ കൃപ മേല്ക്കുമേൽ വർദ്ധിക്കുകയും ചെയ്യട്ടെ. ആമ്മീൻ.

*(ഇടവകപത്രിക 1901 തെശ്രിൻഫ്റോയി, പുസ്തകം 10, ലക്കം 11)*

# മാർ ദീവന്നാസ്യൊസു സിമ്മനാരിയിൽ വച്ചു സമർപ്പിച്ച മംഗളപത്രം

നിതാന്ത വന്ദ്യ ദിവ്യശ്രീ. മലങ്കരയിടവകയുടെ മാർ ദീവന്നാസ്യൊസ് മെത്രാപ്പോലീത്താ അവർകൾ സന്നിധാനത്തിൽ

നിതാന്തവന്ദ്യ മഹാത്മാവേ!

അസംഖ്യം സമസൃഷ്ടന്മാരുടെ ആത്മാക്കളെ സൽഗതിക്കുള്ള മാർഗ്ഗത്തിൽ നടത്തുന്ന വിഷയത്തിൽ ഈശ്വരദത്തമായ അധികാരവിശേഷത്തോടുകൂടി അമ്പതു കൊല്ലത്തിലധികമായി അനവരതമായി പ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന മഹാത്മാവായ അവിടത്തേക്ക് മേലിലും ഈദൃശ പ്രയത്നങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കാൻ വേണ്ട ആയുരാരോഗ്യങ്ങൾ അരുളിച്ചെയ്യാനായി അനുഭവസ്ഥന്മാർ യഥാവിധി ഈശ്വരപ്രാർത്ഥന ചെയ്യുന്ന ഈ അവസരത്തിൽ ഞങ്ങളും ശക്തിക്ക് തക്കവണ്ണം സഹകരിക്കാൻ ചെയ്യുന്ന ശ്രമം അംഗീകാരമാകാതിരിക്കയില്ലെന്ന് വിശ്വസിക്കുന്നു.

പ്രായമാകുമ്പോൾ ചൊല്ലുവിളിയിൽ നിറുത്തുന്നതിന് ഒട്ടും പ്രയാസം ഉണ്ടാകാതിരിക്കത്തക്കവണ്ണം ബാലന്മാരെ അവർ നടക്കേണ്ട വഴിയിൽ അഭ്യസിപ്പിക്കുന്നതിലേക്ക് അവിടുന്നു ആരംഭം മുതൽ ചെയ്തുകൊണ്ടിരിക്കുന്നതും ഈ കേരളം ഒട്ടുക്കെ വ്യാപിക്കുന്നതുമായ ശ്രമത്തിന്റെ ഫലത്തെ, അവിടുത്തെ ആസ്ഥാനമായ ഈ പട്ടണത്തിന് അലങ്കാരഭൂതമായ ഈ ഉൽകൃഷ്ട വിദ്യാശാലയിലെ അദ്ധ്യാപകന്മാരും അദ്ധ്യായികകളുമായ ഞങ്ങളോളം മാറ്റാരും അനുഭവിക്കുന്നില്ലാത്തതുകൊണ്ട് ഇതിനെക്കുറിച്ച് ഈ മംഗളാവസരത്തിൽ അവിടുത്തേക്ക് വന്ദനം പറയാൻ സംഗതിയായതിങ്കൽ ഞങ്ങൾക്ക് അനല്പമായ ചാരിതാർത്ഥ്യമുള്ള വിവരം വിനയാദരപുരസ്സരം വിജ്ഞാപനം ചെയ്തുകൊള്ളുന്നു.

ഇതോടുകൂടി അവിടുത്തേക്കുറിച്ച് ഞങ്ങൾക്ക് അതിമാത്രമായിട്ടുള്ള കൃതജ്ഞതയെ സൂചിപ്പിക്കുന്നതും ഞങ്ങളുടെ ശക്തിക്കുതക്ക ഒരു കാഴ്ചയുമായ ഈ ഭദ്രാസനത്തിൽ അവിടുന്ന് ഇനിയും അനേകകാലം ആരോഗ്യദൃഢഗാത്രനായും വിശ്വത്തെ വശീകരിക്കുന്ന വിശ്രുത മന്ദഹാസാദികൾക്ക് കുറവു കൂടാതെയും ഇരുന്നരുളി ഈലോകരെ ഈശ്വരഹിതാനുവർത്തികളാക്കുവാൻ ചെയ്യുന്ന ശ്രമങ്ങളിൽ അതിലേക്കുള്ള ആരംഭമായ ഈ വിദ്യാശാലയെ ഉപരിയുപരി ഉൽകൃഷ്ടതരമാക്കാൻ കൂടി ഉദ്യു

ക്തനായിരിക്കുമാറ് ജഗന്നിയന്താവു അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചും കൊണ്ടു ഈ മംഗളപത്രം സമർപ്പിച്ചുകൊള്ളുന്നു.

അവിടത്തെ വിധേയന്മാരായ
മാർ ദീവന്നാസിയോസ് സിമ്മനാരിയിലെ
അദ്ധ്യാപകന്മാരും അദ്ധ്യായികളും

കോട്ടയം 1077 വൃശ്ചികം 10

## മറുപടി

അദ്ധ്യാപകന്മാരും അദ്ധ്യായികളുമായ നമ്മുടെ പ്രിയ പുത്രന്മാരേ,

നിങ്ങളാൽ സമർപ്പിക്കപ്പെട്ട മംഗളപത്രവും കാഴ്ചയും സാമാന്യത്തിൽ അധികം നമ്മെ കൃതാർത്ഥനാക്കിയിരിക്കുന്നു. കുട്ടികളുടെ നേരമ്പോക്കുകളിലും ലീലകളിലും രസിക്കുന്നതു മനുഷ്യസ്വഭാവമാണ്. എന്നാൽ പ്രത്യേകിച്ച് പ്രസവിക്കാത്ത ഒരു മച്ചിക്കു അകാലത്ത് എങ്കിലും ഒരു കുട്ടി ജനിച്ചാൽ ആ കുട്ടിയുടെ മേൽ മാതാപിതാക്കൾക്ക് എത്രമാത്രം വാത്സല്യം ഉണ്ടാകുമോ അതുപോലയാണ് നമ്മുടെ മുമ്പാകെ നിങ്ങളുടെ സ്ഥിതി എന്നു പറഞ്ഞാൽ ഒട്ടും അധികമായിരിക്കുകയില്ല. വളരെ ഞെരുക്കത്തിലും ദാരിദ്ര്യത്തിലും മനസ്സിന്റെ അതിമോഹം കൊണ്ടു മാത്രമാണ് ഈ പള്ളിക്കൂടം സ്ഥാപിക്കാൻ ഇടയായത്. ഇങ്ങനെ വളരെ ദാഹിച്ചു മോഹിച്ചു ജനിച്ച കുട്ടിയായതുകൊണ്ട് അതിന്റെ ലീലകളിൽ നമുക്ക് അവർണ്ണനീയമായ കൗതുകം ഉണ്ട്. ആ കുട്ടി വളർന്ന് നല്ലവനും അനുസരണമുള്ളവനും മാതാപിതാക്കന്മാരെ പുലർത്തുന്നവനുമായി തീർന്നാൽ അവനെക്കുറിച്ച് മാതാപിതാക്കന്മാർക്കുള്ള കൃതാർത്ഥതയ്ക്ക് കണക്കില്ലല്ലോ. ഈ വിദ്യാലയം സ്ഥാപിച്ചതു മുതൽ അതിന്റെ ഉയർച്ചയെയും അതുമൂലം ബഹുജനങ്ങൾക്കുണ്ടാകുന്ന ഗുണത്തെയും കണ്ടു സന്തോഷിപ്പാൻ സദാ മോഹിച്ചിരിക്കുന്ന നമ്മിൽ നിങ്ങളുടെ ശ്രേയസ്സും ഇപ്പോൾ നിങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന ഗുരുഭക്തിയും അനല്പമായ ചാരിതാർത്ഥ്യത്തെ ജനിപ്പിച്ചിരിക്കുന്നു.

എന്നു മാത്രമല്ല, നിങ്ങൾ തിരഞ്ഞെടുത്ത സമ്മാനത്തിന്റെ സ്വഭാവവും വളരെ കൗതുകം തോന്നിക്കുന്നതാണ്. എന്തെന്നുവച്ചാൽ, വളരെ വേല ചെയ്തു ബുദ്ധിമുട്ടിയും ക്ഷീണിച്ചും വരുന്ന ആൾക്കു ഇരുന്നു വിശ്രമിക്കുന്നതിനുള്ള ഒരു സാധനമാണ് നിങ്ങൾ നമുക്ക് തന്നിരിക്കുന്നത്. ഈ പള്ളിക്കൂടത്തിന്റെ സ്ഥാപനക്കും അതിനെ പുലർത്തിക്കൊണ്ടു പോകുന്നതിനും വളരെ പരിശ്രമവും ബുദ്ധിമുട്ടും അനുഭവിച്ച നമുക്ക് അതിനെപ്പറ്റി മേലിൽ ക്ലേശിപ്പാൻ ആവശ്യമില്ലാത്തവണ്ണം ഒരു നല്ല പടുതിയിൽ അതു എത്തിയിട്ടുണ്ടെന്നും ഇനി നാം സ്വസ്ഥമായിരുന്നു വിശ്രമിച്ചു

കൊള്ളണമെന്നും കാണിക്കുന്ന ഒരു അടയാളമായിട്ടു കൂടെ അല്ലയോ ഈ ഭദ്രാസനം (സിംഹാസനം - എഡിറ്റർ) തന്നെ തിരഞ്ഞെടുക്കുവാൻ ദൈവം നിങ്ങളെ തോന്നിച്ചതെന്ന് ഊഹിക്കുന്നതിനു ന്യായമുള്ളതു കൊണ്ട് ഇതിൽ വിശേഷവിധമായ സന്തോഷം തോന്നുന്നുണ്ട്. അതിനാൽ നിങ്ങളുടെ മംഗളപത്രവും കാഴ്ചയും അത്യന്തസന്തോഷത്തോടും മനഃപൂർവ്വ കൃതജ്ഞതയോടും നിങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ വൃദ്ധതയ്ക്ക് ആശ്വാസത്തിനു സമയമെടുത്തു എന്നുള്ള ആശയോടുംകൂടി നാം അംഗീകരിക്കുന്നു.

ഈ പള്ളിക്കൂടം മേൽക്കുമേൽ ഉൽകൃഷ്ടതരമായി വരണമെന്നു നിങ്ങൾക്കുള്ളതിൽ അധികം ആഗ്രഹം നമുക്കും ഉണ്ട്. എങ്കിലും എല്ലാറ്റിനും ഓരോ സമയം ഉണ്ട്. നമ്മുടെ സഭയുടെ താല്ക്കാലിക സ്ഥിതിയ്ക്ക് ഇത്രത്തോളമെങ്കിലും സാധിപ്പാൻ കഴിയുമെന്നു വിചാരിച്ചിരുന്നില്ല. ഇത്രയും സാധിച്ചുതന്ന നമ്മുടെ ദൈവം ഇതിലും അധികം സാധിച്ചു തരുവാൻ ശക്തനാണെന്നു വിശ്വസിപ്പിൻ. ഉയരത്തിൽ നിന്നു നിശ്ചയിക്കുന്ന സമയവും സന്ദർഭവും വരുമ്പോൾ നിങ്ങളുടെ അപേക്ഷ നിവർത്തിക്കുമെന്നു മാത്രമെ തത്സമയം നാം പറയുന്നുള്ളു.

ഒരു ഗുണദോഷം കൂടെ പറഞ്ഞു നമ്മുടെ മറുപടി അവസാനിപ്പിക്കുന്നു. നിങ്ങൾ തന്നിരിക്കുന്ന സമ്മാനം നമ്മുടെ ശരീരത്തിന് സ്വസ്ഥതയും ആശ്വാസവും നൽകുന്നതാണ്. എന്നാൽ ഈ വിദ്യാലയം കുട്ടികളെ സന്മാർഗ്ഗത്തിൽ അഭ്യസിപ്പിക്കണമെന്ന് ഉദ്ദേശിച്ച് സ്ഥാപിച്ചിരിക്കെ, അതിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ദുർമ്മാർഗികളും അസത്യവാദികളും ദൈവഭയമില്ലാത്തവരുമാണെന്നോ, അതിലെ വാദ്ധ്യാന്മാർ തങ്ങളുടെ കൃത്യം ശരിയായി പ്രവർത്തിക്കാത്തവരാണെന്നോ കേൾപ്പാൻ ഇടവന്നാൽ നമ്മുടെ മനസ്സിൽ അസാമാന്യ വേദന ഉണ്ടാകും. അപ്പോൾ ഈ ഭദ്രാസനം വിശ്രമത്തിനു പകരം നമുക്ക് ഒരു മുള്ളായിട്ടു തീരുമെന്നു നിങ്ങൾ ഓർത്തിരിക്കണം. നിങ്ങളെക്കുറിച്ചും പള്ളിക്കൂടത്തെക്കുറിച്ചും നല്ല പേരു കേൾക്കുന്നതിൽപരം സന്തോഷം നമുക്കില്ല. പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക എന്ന ജ്ഞാനിയായ ശ്ലേമ്മോൻ കല്പിക്കുന്നു. ഈ തത്വം അദ്ധ്യാപകന്മാർ സദാ ഓർത്തിരിക്കണം. ഉപദേശത്തിൽ മാത്രമല്ല പ്രവൃത്തിയിലും നിങ്ങൾ കുട്ടികൾക്ക് ദൃഷ്ടാന്തങ്ങൾ ആയിരിക്കണം. ക്ലാസിൽ പറഞ്ഞുകൊടുത്തിട്ട് ചെവിയിൽകൂടി പ്രവേശിച്ചു പഠിക്കുന്നതിനേക്കാൾ കണ്ണുകൊണ്ട് കണ്ടു പഠിക്കുന്നതു അധികം ശക്തിയുള്ളതും ശാശ്വതമായി നിലനില്ക്കുന്നതുമാണെന്ന് ഓർക്കണം. അപ്രകാരംതന്നെ കുട്ടികളും നല്ല അനുസരണമുള്ളവരും സന്മാർഗ്ഗികളുമായി വളരണം. ജഡത്തിന്റെ പോഷണം തന്നു വളർത്തുന്ന മാതാപിതാക്കന്മാരേക്കാൾ അറിവിന്റെ ഭക്ഷണം തന്നു

വളർത്തുന്ന അധ്യാപകന്മാർ ഒട്ടും താണവരല്ലെന്നുള്ള മനോബോധത്തോടുകൂടെ അവരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണം. ഇങ്ങനെ നല്ല കുട്ടികളും നല്ല ഉപദേഷ്ടാക്കന്മാരും ആയിരുന്നാൽ അതു ഇഹത്തിലും പരത്തിലും നിങ്ങൾക്കു അനുഗ്രഹവും ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നിങ്ങൾക്ക് നല്ല പ്രതിഫലവും നൽകും.

ദൈവമായ കർത്താവു കാണപ്പെടുവാൻ പാടില്ലാത്ത തന്റെ വലത്തുകൈ നമ്മുടെ ബലഹീനകൈകളോടു കൂടി നീട്ടി നിങ്ങളെ ആശീർവദിക്കുകയും നിങ്ങളുടെ വേലയെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

*(ഇടവകപത്രിക 1901 തെശ്രിൻഹ്റോയി, പുസ്തകം 10, ലക്കം 11)*

# മലങ്കര ഇടവകയുടെ പൊതുവായ മംഗളപത്രം

നിതാന്ത വന്ദ്യ ദിവ്യശ്രീ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സറിയിക്കുന്നതിനു,

നിതാന്തവന്ദ്യ പിതാവെ!

സ്നേഹസ്വരൂപനായ ദൈവം തന്റെ സൃഷ്ടിവർഗ്ഗങ്ങൾ തന്നെയും അന്യോന്യവും സ്നേഹിച്ചു ജന്മസാഫല്യം വരുത്തത്തക്കവണ്ണം അവരെ നടത്തുവാൻ അന്നന്നു തന്റെ ഇഷ്ടപ്രകാരമുള്ള ഓരോ ആളുകളെ അവിടവിടെ ആക്കിവെക്കുന്ന ക്രമം അനുസരിച്ചു മലങ്കര സുറിയാനി സർവ ജനസംഘമായ ഞങ്ങളുടെമേൽ ഞങ്ങളിൽ നിന്നു തന്നെ തക്ക കാലത്തു തിരഞ്ഞെടുക്കപ്പെട്ടു നിയുക്തനായ തിരുമേനി കശീശാസ്ഥാനം കൈകൊണ്ടതു മുതൽ 1077–ാമാണ്ടു ചിങ്ങ മാസം 6–നു ആരംഭിക്കുന്ന ഈ അമ്പതാം വർഷത്തിൽ ഒരു ജൂബിലായാഘോഷം നടത്തുവാനും ഇതിലേക്കു ഞങ്ങളെ പ്രേരിപ്പിച്ച കാരണങ്ങൾ മുതലായവയെ ഇപ്രകാരം ഒരു മംഗളപത്രരൂപമായി ഇന്നേ ദിവസം തിരുമുമ്പാകെ പ്രസ്താവിച്ചു സമർപ്പിക്കുവാനും ഞങ്ങളെ ശക്തന്മാരാക്കിത്തീർത്ത ദൈവത്തെ ഞങ്ങൾ ഭക്തിപൂർവ്വം സ്തുതിക്കുന്നു.

നമ്മുടെ കർത്താവിന്റെ തൃപ്പാദത്തിങ്കൽ നിന്നു ദിവ്യോപദേശം കൈക്കൊണ്ട പന്തിരുവരിൽ ഒരുവനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ ഈ ഭൂലോകാത്യുത്തിയായ കേരളത്തിൽ അന്നേ പ്രബലന്മാരായിരുന്ന ബ്രാഹ്മണാദികളിൽ നിന്നു അത്ഭുതശക്തിയാൽ വേർതിരിച്ചു സ്ഥാപിച്ച നമ്മുടെ സത്യസഭ ആ കാലത്തു തന്നെയൊ അതിൽ പിന്നെയുള്ള അനേക കാലങ്ങൾക്കിടയിലൊ നിരന്തരശക്തിയോടു കൂടിയിരുന്ന ഹിന്തുക്കളിൽ ലയിച്ചുപോകയൊ ഇടക്കാലത്തു വാളിന്റെ മൂർച്ചയാൽ മതം പ്രചരിപ്പിച്ച മഹമ്മദു നിബിയുടെ ശിഷ്യന്മാർക്കു കീഴടങ്ങിപ്പോകയോ ചെയ്യാതെ അതിനെ കാത്തുകൊള്ളുവാൻ അതതു കാലത്തിനു ചേർന്ന ഒരോ അധികാരികളെ തെറ്റാതെ അയച്ചുകൊണ്ടിരുന്ന കരുണാനിധിയായ ദൈവം ഈ അവസാനകാലത്തു പൂർവ്വാധികമായ ശക്തിയോടു കൂടി നേരിട്ട പാശ്ചാത്യ മതഭേദങ്ങളിൽ നിന്നും അതിനെ സൂക്ഷിച്ചു രക്ഷിപ്പാൻ ഈ കാലത്തിനു അനുരൂപമായ കാര്യപ്രാപ്തിയും ധൈര്യാദിഗുണങ്ങളും തികഞ്ഞ അധികാരിയായി തിരുമേനിയെ തന്നെ തിരഞ്ഞെടുത്തു നിയമിച്ചത് ഈ പ്രാചീനസഭയുടെ ഭാഗ്യവൈഭവം ആണെന്നു ഞങ്ങൾ നിസ്സംശയമായി വിശ്വസിക്കുന്നു.

പോർത്തുഗീസുകാരുടെ കവർച്ചയിൽ നിന്നു അല്പമല്ലാത്ത നഷ്ട ത്തോടു കൂടിയെങ്കിലും വീണ്ടെടുക്കപ്പെട്ട നമ്മുടെ ജനങ്ങൾക്കു മേലാൽ എങ്കിലും അന്യമതക്കാരുടെ ആക്രമണങ്ങളെ തടുത്തു നിൽക്കുന്നതിനു ഒഴിച്ചുകൂടാത്ത ആയുധമായ വിദ്യാഭ്യാസം നൽകുവാൻ ഈ സിമ്മനാ രിയാകുന്ന സമുദായഭവനം സ്ഥാപിച്ച തിരുമേനിയുടെ വിശുദ്ധ പൂർവ്വി കനായ കാലം ചെയ്ത പുലിക്കോട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോ ലീത്താ തിരുമനസ്സിലെ ആ നല്ല ഉദ്യമത്തെ പുലർത്തുവാൻ എന്നുള്ള നാട്യത്തോടു കൂടി വന്ന ഇംഗ്ലീഷുകാർ അൽപ്പകാലത്തിനകം അവരുടെ പങ്കിനും കുറെ ആളുകളെ കവർന്നുംകൊണ്ടു തിരിഞ്ഞു നിൽക്ക മാത്ര മല്ല, ശേഷിച്ചവരും കാലക്രമേണ അവരിൽ ചെന്നു ലയിക്കത്തക്കവണ്ണം സഭയിൽ അവരുടെ ദുരുപദേശങ്ങൽ കടത്തിവിടുകയും ചെയ്ത് ആക പ്പാടെ അലംകോലമായതിന്റെ ശേഷം, വീണ്ടും സത്യത്തെ സ്ഥാപിക്കു വാൻ കാലം ചെയ്ത ആ തിരുമേനിയുടെ കുടുംബത്തിൽ നിന്നു തന്നെ പൂർണ്ണമായ ഒരു ജൂബിലിക്കാലത്തു തിരുമേനി ദൈവത്തിന്റെ ആയുധ മായിത്തീർന്നതുകൊണ്ടത്രെ തിരുമേനിയെ ഉദ്ദേശിച്ചുള്ള ഈ ആഘോ ഷവും മംഗളപത്ര സമർപ്പണവും തിരുമേനിയുടെ പൂർവികനായ ഈ വന്ദ്യപിതാവിന്റെ വിശുദ്ധ സ്മരണ കൊണ്ടാടപ്പെടുന്ന ഈ ശുഭ ദിവസ ത്തിൽ ഇവിടെവെച്ചു വേണമെന്നു ഞങ്ങൾ തീർച്ചയാക്കിയതു.

മലങ്കര സുറിയാനിസഭയ്ക്കു ഒരു നല്ല സ്ഥിതി ഉണ്ടായിക്കാണ്മാൻ കാത്തിരുന്നവരും ദിവ്യന്മാരുമായിരുന്ന പല വന്ദ്യ വൈദികന്മാരുടെ ജന്മ സ്ഥാനമായ ഒരു കുടുംബത്തിൽ നിന്നു അവരുടെയെല്ലാം പ്രാർത്ഥനാ ഫലം മൂർത്തി കൈക്കൊണ്ടെന്നപോലെ ജാതനായ തിരുമേനി ബാല്യ ത്തിൽ തന്നെ സഭയുടെ പുനരുദ്ധാരണം എന്ന ജന്മോദ്ദേശ്യസിദ്ധിയിൽ ജാഗരൂകനായിരുന്നു എന്നുള്ളതു മലങ്കരയിടവക ഒട്ടുക്കു പ്രസിദ്ധമാ യിട്ടുള്ള ഒരു സംഗതിയാണ്. മലങ്കര സുറിയാനി ജനങ്ങളാകുന്ന ആടു കൾ ഇടക്കാലത്തു വേഷച്ഛന്നനായി അവരെ മേയിക്കാൻ വന്ന ഇടയൻ തങ്ങളെ എങ്ങോട്ടു കൊണ്ടുപോകുന്നു എന്നു അറിയാതെ അൽപം കൂടി കഴിഞ്ഞാൽ അശേഷം കരിങ്കാട്ടിൽ കടന്നു നശിച്ചുപോകുമെന്നായ കാലത്ത്, കരുണാനിധിയായ ദൈവത്താൽ പിന്നാലെ നിയോഗിച്ചയക്ക പ്പെട്ട മാർ കൂറിലോസ് ബാവായുടെ സത്യസ്വരം കേട്ടു പെട്ടെന്നു ഞെട്ടി തിരിഞ്ഞുനിന്ന കൂട്ടത്തിൽ കുട്ടിയായിരുന്ന തിരുമേനി ഈ ഇടയന്റെ സന്നിധിയിൽ ഓടിയെത്തി അദ്ദേഹത്തിന്റെ പാദശുശ്രൂഷിയായിത്തീർ ന്നതും, ഈ സ്ഥിതിയിലും പിന്നീടു കശീശാസ്ഥാനം കൈക്കൊണ്ട ശേഷവും സഭയെ സത്യപന്ഥാവിലേക്കു വരുത്തുവാൻ ആ വന്ദ്യ പിതാ വുചെയ്ത പലതരം ശ്രമങ്ങൾക്കും പങ്കുകാരനും ആലോചനക്കാരനും മുഖ്യ ഭാരവാഹിയും ആയിരുന്നതും, ദൈവം അന്യഥാ നിശ്ചയിച്ചിരുന്ന

തിനാൽ ആ പ്രയത്നങ്ങൾ തൽക്കാലം മനുഷ്യദൃഷ്ടാ നിഷ്ഫലങ്ങളായിപ്പോയതുകൊണ്ട് നിരുത്സാഹിച്ചും ഭഗ്നാശയനുമായിത്തീരാതെ സത്യത്തിലും ദൈവകൃപയിലും മാത്രം ആശ്രയിച്ചുംകൊണ്ടു തിരുമേനി ഇഷ്ടമിത്രങ്ങളേയും സ്വദേശത്തേയും തിരിച്ചുവന്നു കണ്ടെങ്കിൽ കണ്ടു എന്നു വച്ച് അസാധാരണമായ വ്യസനത്തോടും ധൈര്യത്തോടും കൂടി കൊച്ചീലഴിമുഖത്തു എത്തി കപ്പൽ കേറിയതും, ഇതു മുതൽ അസംഖ്യം അസംഖ്യം അവർണ്ണനീയങ്ങളായ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും പലപ്പോഴും പ്രാണഭയം വരെയും സഹിച്ച് അന്തോക്യാ സിംഹാസനത്തിങ്കൽനിന്നും അതിമാത്രം അനുഗ്രഹത്തോടും ആശീർവാദത്തോടും കൂടി പ്രധാന പുരോഹിതസ്ഥാനം കൈക്കൊണ്ടുംകൊണ്ട് വീണ്ടും കൊച്ചിയിൽ വന്നിറങ്ങിയതും ആയി, തിരുമേനിയുടെ ജീവചരിത്രത്തിന്റെ അത്യന്തരസകരങ്ങളായ ആരംഭാദ്ധ്യായങ്ങളുടെ ഏതെങ്കിലും ഭാഗം അത്ഭുത ദുഃഖസന്തോഷസമ്മിശ്രമായ മനോവികാരങ്ങളോടുകൂടി തിരുമേനിയുടെ അനുകരണീയമായ വാചകങ്ങളിൽ കേട്ടു സാക്ഷാൽ അപഹൃതചിത്തവൃത്തികളായിട്ടില്ലാത്തവരായി ഇജ്ജനങ്ങളിൽ മാത്രമല്ല തിരുമേനിയെ കണ്ടു പരിചയപ്പെടുവാൻ സംഗതി വന്നിട്ടുള്ള അന്യജനങ്ങളിലും ആരും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

ഇങ്ങനെ മലങ്കരയിടവക ജനങ്ങളുടെ അശേഷം ആത്മീയപിതാവായി വന്ന തിരുമേനിയെ കൈക്കൊള്ളുവാൻ അവരിൽ ഏറിയകൂറിനും വാസ്തവം അറിയാഞ്ഞും അറിഞ്ഞിരുന്ന ചുരുക്കം ചിലർക്കു അവരെ കവർന്നു ഭരിച്ചുവന്ന വേഷധാരിയുടെ അധികാരത്തെ ഭയപ്പെട്ടിട്ടും നിവൃത്തിയില്ലാതെ വരികയാൽ തിരുമേനി മലങ്കര ഒട്ടുക്കുള്ള അനേകം പ്രധാന പള്ളികളിലാകട്ടെ സ്വന്ത കാരണവൻ സ്ഥാപിച്ചിട്ടുള്ളതും അദ്ദേഹം കബറടങ്ങിയിരിക്കുന്നതുമായ ഈ സമുദായ ഭവനത്തിലാകട്ടെ ഒരിക്കലെങ്കിലും പ്രവേശിപ്പാനൊ പ്രാർത്ഥിപ്പാനോ കഴിയാതെ അന്യജാതിക്കാർക്കു പോലും പരിഹാസപാത്രമായി തോന്നത്തക്കവണ്ണം കണ്ണുനീരും കയ്യുമായി അലഞ്ഞു നടന്നതും, എന്തെല്ലാം പീഡകൾ സഹിച്ചാലും തങ്ങളുടെ സത്യപിതാവിന്റെ പിന്നടിയെ വിട്ടുപിരികയില്ലെന്നുറച്ചു നിന്ന പുത്രന്മാർക്കു വേണ്ടി അങ്ങുമിങ്ങും കുടിലുകൾ കെട്ടി "പിതാവിനെ വന്ദിക്കുന്നവർ ഊർശ്ലേമിലും ഈ മലയിലുമല്ല, ആത്മാവിലും സത്യത്തിലും വന്ദിക്കണമെന്നുള്ള" വേദോക്തിയെ മാത്രം ആശ്രയിച്ചു ആത്മമയങ്ങളായ ദിവ്യാരാധനകളാൽ അതുകളെ സ്വർഗ്ഗങ്ങളും സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗങ്ങളും അടക്കുവാൻ കഴിയാത്ത സാക്ഷാൽ ദൈവത്തിന്റെ സന്നിധികളാക്കി ഇടവിടാതെ പ്രാർത്ഥിച്ചും കൊണ്ടിരുന്നതും ഈ ദീർഘകാല പ്രാർത്ഥനയുടെ ഫലമായി ഒടുവിൽ ദൈവം തന്റെ കൃപയാൽ സർവാധികാരവാഹിയായ അന്തോക്യാ പാത്രിയർക്കീസുബാവാ

തിരുമനസ്സിലെ ഇവിടെ അയച്ചതും, ഈ പരിശുദ്ധ പിതാവിന്റെ തിരുമുഖം കണ്ട മാത്രയിൽ ശക്തന്മാരായിരുന്ന ശത്രുക്കൾ എല്ലാം പെട്ടെന്നു സ്തബ്ധശരീരന്മാരായിത്തീരുവാനും ഈ അവസരത്തിൽ ഇക്കാണായ സത്യസഭാപുത്രന്മാർ മിക്കവാറും അടിമ ഒഴിഞ്ഞ് ഓടിപ്പോന്ന് അവരുടെ സാക്ഷാൽ പിതാവിന്റെ പാദങ്ങളിൽ എന്നേക്കുമായി അഭയം പ്രാപിക്കുവാനും ഇടവരുത്തിയതും, കയ്യിലൊരു കാശുപോലും കാണാതെ കണക്കില്ലാത്ത ദ്രവ്യവ്യയവും ബുദ്ധിമുട്ടുകളും കഷ്ടപ്പാടും വേണ്ടിയിരുന്ന വലിയ വലിയ കോടതി വ്യവഹാരം നടത്തി ഈ സമുദായഭവനവും സ്വത്തുക്കളും കൈവശപ്പെടുത്തിയതും മറ്റും മറ്റുമായി ഇടക്കാലത്തെ മലങ്കര സുറിയാനി സഭാചരിത്ര സർവ്വസ്വമായ തിരുമേനിയുടെ മദ്ധ്യകാലചരിത്രം അടുത്തുനിന്നും സംബന്ധിച്ചും കണ്ടും അറിഞ്ഞിട്ടുള്ള ഇജ്ജനങ്ങളുടെ സന്തതികളുള്ള കാലത്തും മറക്കുന്നതും ആരാലും മറയ്ക്കപ്പെടാവുന്നതുമല്ല.

ഇതിന്റെ ശേഷവും ഇതിനിടയ്ക്കുമായി ഈ സഭയുടെയും ഇതിൽ ഉൾപ്പെട്ട ഓരോ സംഘങ്ങളുടേയും ആത്മീയ ലൌകികാദ്യുദയങ്ങൾക്കു വേണ്ടി തിരുമേനി ഇടവിടാതെ ചെയ്തിട്ടുള്ളവയും ഇപ്പോഴും ചെയ്തു കൊണ്ടിരിക്കുന്നവയുമായ ശ്രമങ്ങളേയും ഞങ്ങൾ ഓർക്കാതിരിക്കുന്നില്ല. പ്രാചീനവും പരിശുദ്ധവുമായ അന്തോക്യാ സിംഹാസനവും മലങ്കരയിടവകയും തമ്മിൽ മുമ്പിനാലെ ഉള്ള ഗാഢസംബന്ധത്തെ ആരാലും ഒരിക്കലും അഴിക്കാൻ പാടില്ലാത്തവണ്ണം ഉറപ്പിച്ചത്, ഈ അപ്പോസ്തോല സഭയുടെ സത്യോപദേശാചാരങ്ങളെ ആർക്കും തോന്നിയതുപോലെ ഭേദപ്പെടുത്തുവാൻ പാടില്ലാത്തപ്രകാരം രേഖപ്പെടുത്തിയതു; സഭയുടെ ഭരണത്തിനു ഐകരൂപ്യവും ആലോചനാഗുണവും സിദ്ധിക്കത്തക്കവണ്ണം മേൽപ്പട്ടക്കാരെ സഹായിപ്പാൻ ഒരു പ്രതിനിധിസംഘം ഏർപ്പെടുത്തിയതു; അപ്പോസ്തോലകാലം മുതൽ കുളത്തിലെ വെള്ളം പോലെ ഈ കേരളത്തിന്റെ അതൃത്തികൾക്കകത്തു കെട്ടിനിൽക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ് ഇൻഡ്യ, സിലോൺ മുതലായവയിൽ മാത്രമല്ല അമേരിക്കാ തുടങ്ങിയുള്ള അതിദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളതു; സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്കു ഈ പ്രധാന സ്ഥലത്തു ഒരു ഹൈസ്കൂൾ സ്ഥാപിച്ചതു; അതിന്റെ നിലനിൽപ്പിനുവേണ്ടി ഒരു ലക്ഷം രൂപയുടെ ഒരു ഷോടതി അനുവദിപ്പിച്ചു നടത്തിയതു, ഏറിയകാലമായി ജീർണ്ണിച്ചും പണിക്കുറവു തീരാതെയും കിടന്നിരുന്ന ഈ പൂർവ്വിക വേദാദ്ധ്യയനശാലയും ഇതോടു ചേർന്ന ദേവാലയവും ആശ്ചര്യകരമായവിധത്തിൽ കുറ്റം തീർത്തു നന്നാക്കിയതു, കുന്നംകുളങ്ങരെ മുതലായി വടക്കും തെക്കുമുള്ള പല ഇടവകപ്പള്ളികളോടും ചേർന്ന് ഇംഗ്ലീഷു പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിച്ചതു,

രാജ്യം ഒട്ടുക്കു പ്രാഥമിക വിദ്യാഭ്യാസം വകയ്ക്കു അനേകം മലയാളം പള്ളിക്കൂടങ്ങൾ നടത്തുന്നതു, രാജസ്ഥാനമായ തിരുവനന്തപുരത്തു പണ്ടുണ്ടായിരുന്ന ദേവാലയം നശിച്ചുപോയതു നന്നായി എന്നു തോന്ന ത്തക്കവണ്ണം അവിടെ അതിമനോഹരമായ ഒരു പള്ളി ഈയിടെ പണി കഴിപ്പിച്ചതു; വെട്ടിക്കൽ, പരുമല, കുന്നംകുളങ്ങര, കൊട്ടാരക്കര ഈ ദിക്കു കളിൽ പൊതുസ്ഥലങ്ങൾ ഉണ്ടാക്കിച്ചതു, കോട്ടയത്തു ചെറിയപള്ളി, പുത്തൻകാവുപള്ളി, പഴഞ്ഞിപ്പള്ളി മുതലായ പ്രധാന ദേവാലയങ്ങൾ സത്യസഭയുടെ ആചാരാനുസരണമായുള്ള ആരാധനയ്ക്കു സ്വാതന്ത്ര്യ പ്പെടുത്തിയതു, നിരണം മുതലായ മറ്റു പള്ളികളും ഇതുപോലെ ഒഴിപ്പി ച്ചെടുക്കുവാൻ ആരംഭിച്ചിട്ടുള്ളതു, മദ്രാസു ഗവർമ്മെണ്ടിന്റെ കൈവശം ഏറിയകാലമായി കിട്ടാതെ കിടക്കുന്ന വട്ടിപ്പണം താമസിയാതെ കിട്ട ത്തക്ക നിലയിൽ വരുത്തിയതു, ഇടവകപ്പത്രികയും പല പുതിയ പുസ്ത കങ്ങളും പുറപ്പെടുവിച്ചു സുറിയാനി മതോപദേശങ്ങൾ കേവലം ത്യാജ്യ ങ്ങളും നിന്ദ്യങ്ങളുമല്ലെന്ന് ഈ നാട്ടിലെ ക്രിസ്ത്യാനികളെ പൊതുവെ മനസ്സിലാക്കിയതു, കയ്യെഴുത്തിൽ മാത്രം ഇരുന്നിരുന്ന പല സുറിയാനി പ്പുസ്തകങ്ങളും അച്ചടിച്ചു പ്രചരിപ്പിച്ച് ഈ വൈദികഭാഷയുടെ അഭ്യ സനത്തിനും ആരാധനാദികൾക്കും ലാഘവം വരുത്തിയതു; ദീർഘകാ ലത്തെ വ്യവഹാരം കൊണ്ടും മറ്റും കടം കേറിപ്പോയ സമുദായസ്വത്തിനു പകരം അതിൽ അധികം വേറെ വിധത്തിൽ സമ്പാദിച്ചതു, അനേക ലക്ഷം ജനങ്ങളെ ഒന്നുപോലെ തൃപ്തിപ്പെടുത്തി ഭരിക്കുന്നതിനും മനു ഷ്യശക്തിക്കു അപ്പുറമെന്നു തോന്നുന്ന കാര്യങ്ങളെ നിഷ്പ്രയാസമായി സാധിക്കുന്നതിനും തിരുമേനിയെ ശക്തിപ്പെടുത്തിയവയും തിരുമേനിയിൽ ദൈവദത്തമായി വിളങ്ങുന്നവയുമായ വിനയം, ദീനദയാലുത്വം, ക്ഷമ, പരി......., ആലോചനാശക്തി, സ്ഥിരോത്സാഹം, ദൈവാശ്രയം, സ്വേച്ഛാ വർജനം ഇത്യാദി ഏറിയോരു സൽഗുണങ്ങൾക്കു അനേകം തിരുവെഴു ത്തുവിളംബരങ്ങളെയും സർക്കുലരുത്തരവുകളെയും ജയിക്കാൻ തക്ക ശക്തി ഉണ്ടെന്നു അനുഭവത്താൽ ഞങ്ങളെ പഠിപ്പിച്ചതു; സുറിയാനിക്കാർ സഹവസിക്കുവാൻ സംഗതി വരുന്നു അന്യസമുദായജനങ്ങളുടെ ഇട യിൽ സർവത്ര “ആ സുമുഖനും സുചരിതനും വശ്യവചസ്സുമായ വന്ദ്യ പുരുഷന്റെ ആജ്ഞയിൽ ഉൾപ്പെട്ടവരല്ലയോ” എന്നുള്ള ചോദ്യത്തോടു കൂടി ആദരിക്കപ്പെടുമാറാക്കിയതു; ഇവ മുതലായി തിരുമേനിയുടെ അക്ഷീണ പരിശ്രമം കൊണ്ടു ഈ സമുദായത്തിനു വരുത്തിയിട്ടുള്ള അക്ഷയങ്ങളായ യശസ്സുകളെ ഓരോന്നായി ആലോചിക്കുമ്പോൾ ഇതു കളെ ഏതുപ്രകാരമാണ് യഥായോഗ്യം വർണ്ണിക്കേണ്ടതെന്നും ഇതുക ളാൽ ഞങ്ങൾക്കു തിരുമേനിയുടെ മേൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതു മായ പരമാർത്ഥ കൃതജ്ഞതയെ ഏതുപ്രകാരമാണ് ലക്ഷ്യപ്പെടുത്തേ ണ്ടതെന്നും അറിയാഞ്ഞിട്ടു വാസ്തവമായി ഞങ്ങൾ കുഴങ്ങുകയാണു ചെയ്യുന്നത്.

ഇങ്ങനെ ഏറിയൊരു നിത്യ സ്മാരകങ്ങൾ തനിക്കായി താൻ തന്നെ സ്ഥാപിച്ചിട്ടുള്ള തിരുമേനിക്കു ഇവയിൽ ഏതെങ്കിലും ഒന്നിനേക്കാൾ ഉൽകൃഷ്ടമായ ഒരു സ്മാരകം സ്ഥാപിക്കുവാൻ ഞങ്ങൾ ഒരു വിധത്തിലും ശക്തന്മാരല്ല. ഈ സമുദായവും അന്ത്യോക്യാ പരിശുദ്ധ സിംഹാസനവും തിരുമേനിയുടെ അവർണ്ണനീയങ്ങളായ ബുദ്ധിമുട്ടുകളെയും സിംഹാസനത്തിനും സമുദായത്തിനുംവേണ്ടി ചെയ്തിട്ടുള്ളവയും ചെയ്തുവരുന്നതുമായ പ്രയത്നങ്ങളെയും ആദരിക്കയും തിരുമേനിയുടെ മേൽ ഏറ്റവും കൃതജ്ഞതയോടു കൂടിയിരിക്കയും ചെയ്യുന്നു എന്നു കാലം ചെയ്ത പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു കല്പനയോടുകൂടി കൊടുത്തയച്ച ഒരു പൊൻകുരിശിനാൽ രേഖപ്പെടുത്തിയിട്ടുള്ളതുകൂടാതെ, സമുദായത്തിൽ ഓരോ സംഘങ്ങളും പള്ളിയിടവകകളും ഓരോ സന്ദർഭങ്ങളിൽ ഇരട്ട നാഗപത്തിയുള്ള അംശവടി, രത്നഖചിതമായ സ്ലീബാ, സ്വർണ്ണ മുദ്രയോടുകൂടിയ ഇടക്കെട്ട്, അതിമനോഹരമായ മുടി, വിലയേറിയ പുസ്തകങ്ങൾ, മംഗളപത്രങ്ങൾ ഇത്യാദികൾ തൃപ്പാദസമർപ്പണം ചെയ്തും ലക്ഷ്യപ്പെടുത്തീട്ടുണ്ടെന്നു വരികിലും സമുദായത്തിനു ഒട്ടുക്കു തിരുമേനിയുടെ മേൽ ഉള്ള അളവറ്റ കൃതജ്ഞതയെ സമുദായം ഒട്ടുക്കു ചേർന്നും സമുദായത്തിനു പൊതുവെ ശാശ്വതമായി ഉപയോഗപ്പെടത്തക്കവിധത്തിലും എന്തെങ്കിലും സ്ഥാപനത്താൽ സൂചിപ്പിക്കുവാൻ ഞങ്ങൾക്കു ചുമതലയുണ്ടെന്നുള്ള ബോദ്ധ്യം ഈ ജൂബിലിയാഘോഷത്തോടു കൂടി തന്നെ ഈ ചുമതലയെ യഥാശക്തി നിറവേറ്റുവാൻ ഞങ്ങളെ നിർബന്ധിച്ചിരിക്കുന്നു എന്നുള്ള വിവരവും വിനയപൂർവ്വം തിരുമനസ്സറിയിച്ചുകൊള്ളുന്നു.

ഞങ്ങളുടെ ഈ ആഗ്രഹം അചിരേണ നിവർത്തിക്കുവാൻ ഞങ്ങളെ നിശ്ചയമായി സഹായിക്കും എന്നുള്ള ദൈവം ഞങ്ങളുടേയും ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സഭയുടേയും അഭ്യുദയത്തിനുവേണ്ടി തിരുമേനിയെ ഇനിയും അനേകകാലം ആരോഗ്യ സൌഖ്യങ്ങളോടുകൂടിയും ഇതിലും ഉയർന്ന സ്ഥാനപ്രാപ്തനാക്കിയും തന്റെ ഹിതാനുവർത്തിയായും കാത്തുരക്ഷിക്കയും അതിന്റെശേഷം പത്തു താലന്ത് ഏറ്റു വ്യാപാരം ചെയ്തു പത്തു കൂടി ലാഭമുണ്ടാക്കിയ ഉത്തമനും വിശ്വസ്തനുമായ ദാസനെപ്പോലെ യജമാനനായ തന്റെ നിത്യസന്തോഷത്തിലേക്കു വിളിച്ചു പ്രവേശിപ്പിക്കയും ചെയ്യണമെന്നു പൂർണ്ണഹൃദയത്തോടും അവ്യാജമായ ആഗ്രഹത്തോടും കൂടി ഐകകണ്ഠ്യേന പ്രാർത്ഥിക്കുന്ന ഞങ്ങളെ ആ അപ്പോസ്തോലീയഹസ്തങ്ങൾ നീട്ടി അനുഗ്രഹിക്കയും അസാദ്ധ്യങ്ങൾ എന്നു തോന്നുന്നവയെ പോലും സാദ്ധ്യങ്ങളാക്കുവാൻ തക്കവണ്ണം കനിവേറിയ ദൈവത്തെ ഇളക്കുവാൻ ശക്തിയുള്ള തിരുമനസ്സിലെ കളങ്കമറ്റ പുരോഹിതപ്രാർത്ഥനകളിൽ ഓർക്കുകയും ചെയ്യണമെന്നു വിനയ

പൂർവ്വം അപേക്ഷിച്ചുകൊണ്ട് ഈ മംഗളപത്രം സമർപ്പിച്ചുകൊള്ളുന്നു.

തിരുമനസ്സിലെ ആത്മീയപുത്രന്മാരായ
മലങ്കരയിടവകജനങ്ങൾ

കോട്ടയത്തു സിമ്മനാരി
1077-മാണ്ടു വൃശ്ചിക മാസം 12-ാം തീയതി

## മലങ്കര ഇടവകമഹാജനങ്ങളുടെ മംഗളപത്രത്തിനുള്ള മറുപടി

മലങ്കര ഇടവകജനങ്ങളായ നമ്മുടെ പ്രിയ മക്കളേ,

നിങ്ങൾ നമ്മുടെ മുമ്പാകെ ഇപ്പോൾ സമർപ്പിച്ച ഈ മംഗളപത്രവും ആഘോഷങ്ങളും നിങ്ങൾക്കും സമുദായത്തിനും നമ്മെ എത്രത്തോളം കടപ്പെടുത്തുന്നു എന്നുള്ളതു ഓർത്തിട്ടു സന്തോഷ ദുഃഖസമ്മിശ്രങ്ങളായ വികാരങ്ങൾ നമ്മുടെ മനസ്സിനെ ഇളക്കുന്നതിനാൽ യഥായോഗ്യം ഒരു മറുപടി പറവാൻ നാം ശക്തനാകുന്നില്ലെന്നു ആദ്യമേ പ്രസ്താവിക്കേണ്ടിവന്നിരിക്കുന്നു. എന്തെന്നാൽ നമ്മേക്കാൾ അനേകം മടങ്ങു ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിച്ച് സത്യവിശ്വാസത്തെ ഈ അന്ധകാര നാട്ടിൽ കെടാതെ സൂക്ഷിച്ച് നിലനിർത്തിയവരും അതിയോഗ്യന്മാരുമായിരുന്ന നമ്മുടെ കാരണവന്മാരിൽ ആർക്കും ഉണ്ടായിട്ടില്ലാത്ത ഒരു വലിയ ബഹുമാനം അവരുടെ ചെരുപ്പുകളുടെ വാറഴിപ്പാൻപോലും യോഗ്യനല്ലാത്ത നമുക്ക് തരുന്നതിനു മലങ്കര ഇടവക ഒട്ടുക്കു ചേർന്ന് പ്രവർത്തിപ്പാൻ തക്കവണ്ണം നിങ്ങൾക്ക് നമ്മോടുള്ളതായി ഇപ്പോൾ ലക്ഷ്യപ്പെടുത്തിയിരിക്കുന്ന സ്നേഹസന്തോഷ കൃതജ്ഞതകളെ ആലോചിക്കുമ്പോൾ നിങ്ങളെക്കുറിച്ചു നമ്മുടെ ഹൃദയത്തിൽ ജ്വലിച്ചു പ്രകാശിക്കുന്ന നന്ദിയും ഇത്രത്തോളം നമ്മുടെ ബലഹീനതയെ ബഹുമാനിപ്പാൻ കനിവുതോന്നിയ ദൈവത്തോട് നമ്മിൽ ഉജ്ജ്വലിക്കുന്ന സ്നേഹവും ഏതു പ്രകാരം നിർവചിക്കേണ്ടൂ എന്നറിയാതെ നാം കുഴങ്ങുന്നു.

സമുദായക്ഷേമത്തിനുവേണ്ടി പ്രയത്നിക്കുന്നതു നമ്മുടെ ഒഴിച്ചുകൂടാത്ത കടമയാകയാൽ ശക്തിക്കു തക്കവണ്ണം ആ ഉദ്ദേശ്യസാദ്ധ്യത്തിനായി നാം ശ്രമിക്കുന്നുണ്ടെങ്കിലും നമ്മുടെ വേലകൾ എല്ലാ പ്രകാരത്തിലും അപൂർണ്ണങ്ങളാണെന്നു നാം ആത്മാർത്ഥമായി വിചാരിക്കുന്നു. മംഗളപത്രത്തിൽ നിങ്ങൾ പ്രസ്താവിക്കുന്ന സ്തുത്യങ്ങൾക്ക് എല്ലാം യഥാർത്ഥത്തിൽ നാം അർഹനാണെന്ന് നമ്മുടെ മനഃസാക്ഷി സമ്മതിക്കുന്നില്ല. അതിനാൽ നിങ്ങൾ പ്രസ്താവിക്കുന്ന സ്തുത്യങ്ങളെ എല്ലാം അടക്കുവാൻ നമ്മുടെ ഹൃദയത്തിനു കഴിയാതിരിക്കുന്നതുകൊണ്ട് നിങ്ങളുടെ പ്രസ്താവനയ്ക്ക് ഒട്ടു അനുരൂപനായിരിപ്പാൻ നാം ചെയ്യേണ്ട

മുറകളെ മേലാൽ എങ്കിലും ശരിയായി പ്രവർത്തിക്കുന്നതിനു നമ്മെ പ്രോത്സാഹിപ്പിക്കുന്ന ഒരു ആയുധമായി നിങ്ങളുടെ മംഗളപത്രത്തെയും ആഘോഷങ്ങളെയും കുറിച്ചു വിചാരിക്കാവുന്നതാണ്. ഈ വിധം ആലോചിക്കുമ്പോൾ ആശ്വാസത്തിനു പകരം മേലാൽ നമ്മുടെ വൃദ്ധതയെ ക്ലേശിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കേണ്ടതിനു ഇന്നത്തെ സംഭവങ്ങൾ എരിവ് കേറ്റുകയല്ലയോ എന്നു തോന്നിപ്പോകുന്നു. ഈ വിധമോർക്കുമ്പോൾ നിങ്ങളുടെ ജൂബിലി ആഘോഷവും മംഗളപത്രവും നമ്മുടെ വൃദ്ധതയ്ക്ക് ഒരു ചുമടായിത്തീരുന്നല്ലോ എന്ന് ഓർത്തിട്ടു ദുഃഖവിചാരങ്ങളും നമ്മുടെ മനസ്സിൽ ഇടകലർന്ന് ഓടുന്നു. എന്നാലും ദൈവവിളിയിൽ നിങ്ങളുടെ ഇടയനും പിതാവും എന്ന നിലയിൽ മരണത്തോളം മക്കളെ പ്രതി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതും പിതൃതത്വമാണല്ലോ എന്നുള്ള ഓർമ്മ നമ്മുടെ ദുഃഖത്തെ ധാരാളം സമാധാനപ്പെടുത്തുന്നു.

നമ്മുടെ പാവപ്പെട്ട സഭയിലും സമുദായത്തിലും നമ്മുടെ സാമർത്ഥ്യം കൊണ്ടല്ലെങ്കിലും, നമ്മുടെ കർത്താവിന്റെ വിലയേറിയ കൃപയാൽ നമ്മുടെ ഭരണകാലത്തു ഉണ്ടായ ചില വിശേഷങ്ങളെ നിങ്ങൾ മംഗളപത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽ ഒട്ടു വാസ്തവം ഉണ്ടെങ്കിലും അത്രത്തോളം സാധിച്ചതിനുള്ള മഹത്വം നമ്മിൽ സങ്കല്പിച്ചതു കുറെ സാഹസമായിപ്പോയി എന്നു പറയാതിരിപ്പാൻ നമുക്ക് നിവൃത്തിയില്ല. "സകല നല്ല ദാനവും സകല പൂർണ്ണ വരവും ഉയരത്തിൽ നിന്നുണ്ടായി വെളിച്ചങ്ങളുടെ പിതാവിൽ നിന്നു വരുന്നു" എന്നതു യാക്കോബ് ശ്ലീഹാ കല്പിച്ചിരിക്കുന്നതുപോലെ നമ്മുടെ സഭയുടെ ഈ കാലത്തെ ഐശ്വര്യങ്ങൾ എല്ലാം നമ്മുടെ കർത്താവിന്റെ ദത്തങ്ങൾ ആണെന്ന് ഓർത്തു നന്ദിപൂർവ്വം നാം കർത്താവിനെ മഹത്വപ്പെടുത്തുന്നതിൽ നിങ്ങളും യോജിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ താൻ തന്റെ ഇഷ്ടം പ്രവർത്തിപ്പാൻ ലോകത്തിൽ ചിലരെ ആയുധങ്ങളാക്കി പ്രയോഗിപ്പാറുണ്ട്. ആ ക്രമത്തിനു നമ്മുടെ സഭയ്ക്ക് ഈ കാലത്തു വല്ല ഉയർച്ചയും വന്നിട്ടുണ്ടെന്നു വിചാരിക്കുന്നപക്ഷം അവ നമ്മുടെ ഭരണകാലത്തു സംഭവിച്ചതുകൊണ്ട് അവയിൽ നമുക്കും പങ്കുകൊള്ളാമെന്നല്ലാതെ അത്രത്തോളം സാധിച്ചവകയ്ക്കുള്ള ബഹുമാനത്തിനു ന്യായമായ അവകാശികളായ മറ്റു പ്രവർത്തകന്മാർക്ക് ചെല്ലേണ്ട ഓഹരി അവരിൽ നിന്നു പിടിച്ചു പറിച്ചു മുഴുവൻ നമുക്ക് തന്നെ തരുവാൻ മംഗളപത്രത്തിൽ ചെയ്തിരിക്കുന്ന ശ്രമം നിങ്ങളുടെ സന്തോഷപൂർണ്ണതയിൽ നിന്നുത്ഭവിച്ചതായിരുന്നാലും യഥാസ്ഥിതിയിൽ സ്വീകരിക്കുന്നതു നമുക്ക് ഒരു പ്രകാരവും നീതിയായിരിക്കയില്ല.

1-ാമതു ഈ സിമ്മനാരി സ്ഥാപകനായ നമ്മുടെ കാർണ്ണവനെ ഉദ്ദേശിച്ചു നിങ്ങൾ മംഗളപത്രത്തിൽ കാണിച്ചിട്ടുള്ള സ്തുത്യത്തിനു അദ്ദേഹം

സാക്ഷാൽ അർഹനാണെന്നുള്ളതു തർക്കമറ്റ സംഗതിയാകുന്നു. അദ്ദേഹം അടിസ്ഥാനമിട്ട വേലയുടെ ഫലം നാം ഇന്നും അനുഭവിച്ചു വരുന്നു എന്നു മാത്രമല്ല, നമ്മുടെ ബലഹീനതയ്ക്ക് വല്ല വിശേഷതയും ഉണ്ടെങ്കിൽ അതു ദാവീദിന്റെ നിമിത്തം ശ്ലേമോനിലും കരുണയെ പ്രവർത്തിച്ച ദൈവം ആ പിതാവിനെ പ്രതി നമ്മിൽ പ്രവർത്തിക്കുന്ന പ്രത്യുപകാരമാണെന്നു പറവാൻ സംശയമില്ല.

2-ാമതു നമ്മുടെ യൗവ്വനകാലത്തെയും പരദേശയാത്രയുടെയും ബുദ്ധിമുട്ടുകളെ നിങ്ങൾ മംഗളപത്രത്തിൽ വിവരിച്ചിരിക്കുന്നതായി കാണുന്നു. കഴിഞ്ഞുപോയ മാർ കൂറിലോസ് ബാവായുടെ മുമ്പാകെ നാം സത്യം ചെയ്ത് പട്ടമേറ്റപ്പോൾ നമ്മുടെ സത്യത്തിന് അനുരൂപമായി പ്രവർത്തിക്കണമെന്നുള്ള വാഞ്ഛയിൽ കുറെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നു എങ്കിലും അന്നത്തെ വേലകൾക്ക് നല്ല ഫലം കാണാതെ വന്നപ്പോൾ സഹജമായ ഇഛാഭംഗം നമുക്കും ഉണ്ടാകാതിരുന്നില്ല. എന്നാലും അതിൽ നിന്ന് ഉദ്ധാരണം ചെയ്ത് ഈ സ്ഥിതിയിൽ എത്തുവാൻ നമ്മെ ഉത്സാഹിപ്പിച്ച രണ്ടു ഭക്തന്മാരുടെ പേർ നന്ദിപൂർവ്വം ഈ അവസരത്തിൽ നാം ഓർക്കുന്നു. അവർ ആരെല്ലാമെന്നാൽ കഴിഞ്ഞുപോയ ഇടവഴീക്കൽ വലിയച്ചനും പനക്കൽ ഈയ്യപ്പനും തന്നെ. ഇവരുടെ പ്രോത്സാഹവിനയവും സഹായവും കൊണ്ടല്ലായിരുന്നെങ്കിൽ നാം നിങ്ങൾക്കും സമുദായത്തിനും അപരിചിതനായി ജീവിച്ചു മരിപ്പാൻ ഇടയായിപ്പോയേനെ. അപ്രകാരംതന്നെ പരദേശയാത്രയിൽ ഉണ്ടായ പ്രയാസങ്ങളെക്കുറിച്ചു നിങ്ങൾ പറയുന്നതിലും വാസ്തവം വളരെ ഉണ്ടെങ്കിലും അതിന്റെ അവസാനത്തിൽ മൂസൽക്കാരായ നമ്മുടെ സ്നേഹിതന്മാരുടെ സഹായങ്ങളെ പ്രാപിക്കയും കാലം ചെയ്ത യാക്കോബ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ വന്ദ്യ മുഖം കാണുകയും ആ ഭക്തനോടു അടുത്ത് സഹവാസം ചെയ്കയും വിശേഷാൽ ആ പരിശുദ്ധ പിതാവു നമ്മെ യാത്രയയച്ച സമയം കണ്ണുനീരോടുകൂടി പറഞ്ഞതും ഇന്നും വാക്കിനു വാക്കായി എടുത്തുപറവാൻ തക്കവണ്ണം മറക്കുവാൻ പാടില്ലാത്തവിധത്തിൽ നമ്മുടെ മനസ്സിൽ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്നതുമായ ഗുണദോഷവചനങ്ങളെ കേൾക്കയും ചെയ്തപ്പോൾ യാത്രയുടെ ബുദ്ധിമുട്ടുകൾ എല്ലാം ആനന്ദങ്ങളായിട്ടത്രെ നമുക്ക് തീർന്നത്.

3-ാമതു പിന്നെ മംഗളപത്രത്തിൽ പ്രസ്താവിച്ചു കാണുന്നതു സ്ഥാനം ഏറ്റു നാം വന്നശേഷം .......ക്കാരുടെ സഹായം ലഭിക്കാതെ സഹിക്കേണ്ടി വന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ്. ഞാനും മനുഷ്യദൃഷ്ടിപ്രകാരം സഹായമില്ലായിരുന്നു എന്നു തോന്നുന്നതു ആശ്ചര്യമല്ല. എന്നാലും ബാലിനു മുട്ടുകുത്താത്തവരായി 7000 ആത്മാക്കൾ ഇനിക്കുണ്ടെന്നു കർത്താവ് ഏലിയാ നിബിയോട് കല്പിച്ചതുപോലെ അന്നും ദൈവം നമ്മെ

കൈവിട്ടില്ല. അനേകം പള്ളിക്കാർ പരമാർത്ഥം അറിയാഞ്ഞിട്ടും സർക്കാരിന്റെ ആജ്ഞയെ ഭയന്നും വെളിപ്പെടാതെയിരുന്നു എന്നേയുള്ളു. കാലം ചെയ്ത പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ എഴുന്നെള്ളത്തിനാൽ പരമാർത്ഥം വെളിപ്പെട്ടപ്പോൾ ബാലിന്റെ ദീർഘദർശിമാരെ നശിപ്പിക്കുവാൻ ഇസ്രായേൽ മുഴുവൻ ഏലിയായ്ക്ക് സഹായിച്ചതുപോലെ നമുക്ക് സഹായികളായി തീർന്നിരിക്കുന്നു. ഈ അവസരത്തിൽ പത്രോസ് പാത്രിയർക്കീസ് ബാവായെക്കുറിച്ചും ഒരു വാക്ക് പറയാതിരിപ്പാൻ പാടില്ല. യൂറോപ്യന്മാരെ കൂടെ സമ്മതിപ്പിക്കുവാൻ തക്ക ശേഷിയും പാണ്ഡിത്യവും ഉണ്ടായിരുന്ന ആ മഹാൻ തന്റെ വൃദ്ധതയെ അഗണ്യമാക്കി പ്രയാണം ചെയ്ത തന്റെ ദർശനമാത്രത്താൽ ബലവാന്റെ വില്ലിനെ ഒടിക്കയും മങ്ങിയിരുന്ന സമുദായസ്വാമിഭക്തി എന്ന വിളക്കിന്റെ പ്രകാശത്തെ ജ്വലിപ്പിക്കയും ചെയ്തത് നിങ്ങൾക്ക് അറിവുള്ള സംഗതിയാണല്ലൊ. അതിനാൽ ഇന്നത്തെ നമ്മുടെ ഐശ്വര്യത്തിന്റെ ഒരു അടിസ്ഥാനം ആ പിതാവിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ നാമവും കൃതജ്ഞതാപൂർവ്വം ഓർക്കേണ്ടിയിരിക്കുന്നു.

4-ാമതു നമ്മുടെ പരിശ്രമങ്ങളാൽ സഭയിൽ വരുത്തിയിരിക്കുന്നവയെന്നു പറഞ്ഞു അനേകം ഗുണീകരസംഭവങ്ങളെ നിങ്ങൾ എടുത്തുപറയുന്നു. മേല്പറഞ്ഞതുപോലെ ഇവയെല്ലാം നമ്മുടെ കാലത്തും നമ്മുടെ ആജ്ഞയിൻകീഴും സംഭവിച്ചതുകൊണ്ട് നമ്മുടെ പേരിന് അവയോടു സംബന്ധം ഉണ്ടായിട്ടുണ്ടെങ്കിലും അവയെ ഓരോന്നായി വിചാരിക്കുമ്പോൾ പ്രത്യേക ഭാരവാഹികളായ നമ്മുടെ അനേകം പുത്രന്മാർ ഇവയ്ക്ക് സ്തുത്യർഹന്മാരായിരിക്കുന്നു. എങ്ങനെയെന്നു വച്ചാൽ സിമ്മനാരി വ്യവഹാരകാര്യത്തിൽ നമ്മുടെ വക്കീലന്മാരും വ്യവഹാരകാര്യസ്ഥന്മാരും; മലങ്കരയ്ക്ക് പുറമെ സഭ പ്രചരിപ്പിച്ച കാര്യത്തിൽ കഴിഞ്ഞുപോയ മാർ ശെമവൂൻ അത്താനാസിയോസ് ബാവായും ഈ നമ്മുടെ സഹോദരൻ മാർ അൽവാറീസു മെത്രാച്ചനും നമ്മുടെ സ്ലീബാ ശെമ്മാച്ചനും നമ്മുടെ ഇംഗ്ലീഷ് സിമ്മനാരിയുടെ സ്ഥാപനയിൽ മരിച്ചുപോയ ഡാറാ സായ്പും കുര്യൻ റൈട്ടറും അതിന്റെ നിലനില്പ് സംഗതിയിൽ അതിലേക്ക് നിയമിച്ചിട്ടുള്ള കമ്മറ്റിക്കാരും; ഷോടതി കാര്യത്തിൽ അതിലെ മാനേജരും സിക്രട്ടിയും, ഈ സിമ്മനാരിയുടെ അറ്റകുറ്റം തീർത്ത സംഗതിയിൽ നമ്മുടെ പൗലോസു റെമ്പാച്ചനും തിരുവനന്തപുരം പള്ളിസ്ഥാപനയിൽ അവിടെയുള്ള നമ്മുടെ മക്കളും, പരുമല മുതലായ സ്ഥലങ്ങളിൽ പൊതുസ്ഥലം സ്ഥാപിച്ചതിൽ നമ്മുടെ കൊച്ചുമെത്രാച്ചനും ചെറിയപള്ളി മുതലായ പള്ളിവ്യവഹാരങ്ങളുടെ നടത്തയിൽ പള്ളിക്കാരായ നമ്മുടെ മക്കളും, ഇടവകപത്രിക കൊണ്ടുണ്ടായിട്ടുള്ള ഗുണത്തിൽ അതിന്റെ പത്രാധിപരും സുറിയാനി പുസ്തക അച്ചടിയിൽ നമ്മുടെ

കോനാട്ടു മല്പാനും, സമുദായസ്വത്തിന്റെ വർദ്ധനവിൽ കഴിഞ്ഞുപോയ നമ്മുടെ കുന്നുമ്പുറത്തു ജോണും, പുറജ്ജിടവകകളിൽ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളെ സ്ഥാപിച്ചതിൽ നമ്മുടെ ചാലിൽ കൊച്ചുകോര, പനയ്ക്കൽ മാത്തു, പനയ്ക്കൽ പാത്തപ്പൻ, പുതുപ്പള്ളി, നിരണം, തുമ്പമൺ മുതലായ ഇടവകക്കാർ, കഴിഞ്ഞുപോയ കുരിശുമൂട്ടിൽ ചെറിയാൻ മുതലായ പല യോഗ്യന്മാരും ചെയ്തിട്ടുള്ള സഹകരണവും സഹായവും കൊണ്ടത്രേ ഈ വക ഗുണങ്ങൾ സഭയിൽ ഉണ്ടായിരിക്കുന്നത്. ഇവർ ഒക്കെയും അനല്പ കൃതജ്ഞതയ്ക്ക് അവകാശികൾ ആണ്. എന്നാൽ ഇങ്ങനെ അനേകംപേർ പ്രയത്നക്കാരായി ഉണ്ടായി എന്നിരുന്നാലും എല്ലാറ്റിനും ചരടായിരിക്കുന്നതു പൊതുജനങ്ങളാണ്. എന്തെന്നാൽ സഭയുടെ ഉയർച്ചയ്ക്ക് ആവശ്യപ്പെട്ട എല്ലാ പ്രവർത്തികൾക്കും അപ്പഴപ്പോൾ വേണ്ടിവന്ന പണച്ചിലവിന് മടിശ്ശീല അഴിച്ചു വാരി എറിഞ്ഞുകൊടുപ്പാൻ നിങ്ങൾക്കുണ്ടായ സന്നദ്ധതയത്രേ എല്ലാറ്റിനും അടിസ്ഥാനം എന്നുള്ള വാസ്തവം ഓർക്കുമ്പോൾ നിങ്ങളുടെമേൽ നമുക്കുള്ള കൃതജ്ഞതയും സന്തോഷവും കുതിച്ചു കുതിച്ചു ചാടുന്നു. സമുദായക്ഷേമത്തെ ഉദ്ദേശിച്ച് നമുക്കുള്ള ആഗ്രഹങ്ങളെ ഏറെക്കുറെ സാധിക്കുന്നതിനു പരിശുദ്ധ സിംഹാസനവും സമുദായം പൊതുവിലും അതിലെ ഓരോ അംഗങ്ങൾ ആളാംപ്രതിയും നമുക്ക് സഹായികളായി നില്ക്കുന്നു എന്ന് അനുഭവത്താൽ നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. പൊതുകാര്യത്തിൽ മാത്രമല്ല നമ്മുടെ സ്വന്ത ബഹുമാനത്തിനും ആവശ്യങ്ങൾക്കും കൂടി സഹായിപ്പാൻ നിങ്ങൾ സദാ സന്നദ്ധന്മാരായി കണ്ടുവരുന്നു. കാലം ചെയ്ത പാത്രിയർക്കീസു ബാവാ തിരുമനസുകൊണ്ട് ഒരു സ്വർണ്ണ കുരിശും, നമ്മുടെ പട്ടക്കാർ ഒരു അംശവടിയും ക്നാനായ കമ്മറ്റിക്കാർ ഒരു സ്ലീബായും പള്ളിക്കൂടം വാധ്യന്മാർ ഇടക്കെട്ടും ഓമല്ലൂർ പള്ളിക്കാർ ഒരു മുടിയും കോതമംഗലത്തു ചെറിയപള്ളിക്കാർ ഒരു കാസായിക്കു വേണ്ട സ്വർണ്ണവും ഇങ്ങനെ ഓരോരുത്തർ സംഘം കൂടി ഓരോ സമ്മാനങ്ങളാൽ നിങ്ങൾക്കു വേണ്ടിയുള്ള നമ്മുടെ വേലയെ മതിക്കുന്നതായി മുമ്പേ തന്നെ ലക്ഷ്യപ്പെടുത്തിയിട്ടുള്ളതിനു പുറമെ ഇപ്പോൾ ഇടവക ഒട്ടുക്ക് ചേർന്ന് സമർപ്പിച്ചിട്ടുള്ള മംഗളപത്രവും അയോഗ്യനായ നമ്മുടെ നാമം നിലനിർത്തുവാൻ ഒരു നിത്യസ്മാരകം സ്ഥാപിക്കുന്നതിന് നിങ്ങൾ ചെയ്യുന്ന ശ്രമവും വിശേഷാൽ നമ്മുടെ ഓരോ പുത്രന്മാർ ഇപ്പോൾ വച്ചിരിക്കുന്ന ഈ കാഴ്ചകളും നമ്മുടെമേൽ നിങ്ങൾക്കുള്ള സന്തോഷത്തിന്റെയും തൃപ്തിയുടേയും ചിഹ്നങ്ങൾ ആകയാൽ നാം അവയെ ആദരപൂർവ്വം സ്വീകരിക്കയും എല്ലാവർക്കും പൊതുവായും പ്രത്യേകമായും നന്ദി പറകയും ചെയ്യുന്നു.

ഇത്രത്തോളം സ്നേഹവും നന്ദിയും ഉള്ള ഒരു ജനത്തിന്റെ മേലദ്ധ്യ

ക്ഷനാകുവാൻ നമ്മെ തിരഞ്ഞെടുത്ത ജീവനുള്ള ദൈവത്തിന്റെ നാമം മഹത്വപ്പെട്ടതായിരിക്കട്ടെ. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനം മൂലം കർത്താവ് നമ്മെ ഭരമേല്പിച്ച ചുമതലകളെ നിങ്ങളുടെ ഐശ്വര്യാഭിവൃദ്ധികൾക്ക് ആസ്പദമായവിധത്തിൽ പ്രയോഗിച്ചു ഫലം പുറപ്പെടുവിച്ചു കാണ്മാൻ നമുക്ക് ആഗ്രഹം വേണ്ടുവോളം ഉണ്ടെങ്കിലും വേണ്ടവിധം സാധിപ്പാൻ നമ്മാൽ കഴിഞ്ഞിട്ടില്ല. മറ്റുള്ള മതങ്ങളെ അപേക്ഷിച്ചു നാം അധോഗതിയിൽ ഇരിക്കുന്നതേയുള്ളു. വല്ല, ഉയർച്ചയും ഉണ്ടായിട്ടുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നെങ്കിൽ അതു അപൂർണ്ണമാണ്. നാം അഭിവൃദ്ധിയുടേയും പരിഷ്ക്കാരത്തിന്റേയും തുലോം താണപടിയിൽ എത്തിയിട്ടേ ഉള്ളു. അത്രത്തോളം തന്നെയും ഇഴഞ്ഞും വലിഞ്ഞും എത്തിയിരിക്കയാണ്. നമ്മുടെ മുമ്പാകെ ഇനിയും അനേകം കല്പടകൾ ഉണ്ട്. അവയിൽ കൂടി മേൽപ്പോട്ടുകയറി ഉച്ചത്തിൽ എത്താതിരിക്കുന്ന കാലത്തോളം പ്രശംസായോഗ്യമായ ഒന്നും പറവാനില്ല. നാമെല്ലാവരും അയോഗ്യപാത്രങ്ങൾ ആണ്. എന്നാലും നമ്മുടെ കർത്താവ് കരുണയുള്ളവനും ഐശ്വര്യങ്ങളിൽ പൂർണ്ണനുമാകുന്നു. ഇത്രത്തോളം നമ്മെ സഹായിച്ച തന്റെ കൈ കുറുതായി പോയിട്ടില്ല. നല്ല മനസ്സോടെ തന്നോട് ചോദിച്ചാൽ തരുവാൻ താൻ സന്നദ്ധനാണ്. അതിനാൽ പ്രിയരേ, നമ്മിൽ ഉണ്ടായിട്ടുണ്ടെന്നു വിചാരിക്കുന്ന നാമമാത്രമായ ഐശ്വര്യത്തിൽ പ്രശംസിക്കയൊ തൃപ്തിപ്പെട്ടിരിക്കയൊ ചെയ്യാതെ പൂർണ്ണതയിൽ എത്തുവാൻ ശ്രമിക്കയും അതിനായി ദൈവത്തിൽ ആശ്രയിക്കയും ചെയ്യാം. നാമെല്ലാവരും അയോഗ്യപാത്രങ്ങൾ ആണെന്ന് ഏറ്റുപറയാം. നിങ്ങൾ നിങ്ങളുടെ സ്വന്തത്തിനായിട്ടല്ല, അന്യോന്യം ഓരോരുത്തനുവേണ്ടിയും, സഭയ്ക്കുവേണ്ടിയും, പ്രത്യേകം ദൈവത്തിനായിട്ടും ജീവിക്കുന്നവരായിരിപ്പിൻ. നമുക്കുവേണ്ടിയും സഭയിൽ വേല ചെയ്യുന്ന എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. സഭയ്ക്കും സമുദായത്തിനുംവേണ്ടി നാം പ്രതിഷ്ഠിക്കപ്പെട്ടവനാകയാൽ നമുക്ക് സഭയെക്കുറിച്ചു ആഗ്രഹങ്ങൾ വളരെയുണ്ട്. നിങ്ങൾ ചെയ്തിരിക്കുന്ന ബഹുമതികൾ ആ ആഗ്രഹങ്ങളുടെ നിവൃത്തിക്ക് നമ്മെ കുറെക്കൂടെ ഉത്സാഹിപ്പിക്കുന്നു. കരുണയുള്ള ദൈവത്തിന്റെ വലത്തുകയ്യാൽ ഉള്ള സഹായവും അതോടുകൂടി നിങ്ങളുടെ സഹകരണവും പ്രത്യേകം നിങ്ങളുടെ പ്രാർത്ഥനയും കൊണ്ടല്ലാതെ ഈ വൃദ്ധതയിൽ ഒന്നും സാധിക്കുന്നതല്ല. അതിനാൽ നമുക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

ദൈവമായ കർത്താവ് കാണപ്പെടുവാൻ വഹിയാത്ത തന്റെ വലത്തു കൈനീട്ടി നിങ്ങളെയും നിങ്ങളുടെ കുടംബങ്ങളെയും നിങ്ങളുടെ കൃഷികളെയും വ്യാപാരങ്ങളേയും നിങ്ങളുടെ കൈകളുടെ എല്ലാ പ്രവൃത്തികളെയും അനുഗ്രഹിച്ചു മുപ്പതായും അറുപതായും നൂറായും വർദ്ധിപ്പിക്കുമാറാകട്ടെ. ദൈവം തന്റെ പ. റൂഹായെ അയച്ച് നിങ്ങളുടെ

പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും നിങ്ങളെ ശുദ്ധീകരിക്കുമാറാകട്ടെ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമായി അനുഭവിപ്പീൻ എന്നുള്ള ഭാഗ്യമേറിയ കല്പനയ്ക്ക് നിങ്ങളെയും വിശ്വാസികളായ നിങ്ങളുടെ മരിച്ചവരേയും താൻ യോഗ്യന്മാരാക്കിതീർക്കുമാറാകട്ടെ. അതു നമ്മുടെ കർത്താവിന്റെ മാതാവായ വാഴ്ത്തപ്പെട്ട അമ്മയുടെയും എല്ലാ പരിശുദ്ധന്മാരുടെയും പ്രത്യേകാൽ നമ്മുടെ വാഴ്ത്തപ്പെട്ട ശ്ലീഹായുടെയും പ്രാർത്ഥനയാൽ തന്നെ. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും ജീവനും ശുദ്ധതയുമുള്ള റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങൾ എല്ലാവരോടുംകൂടെ എന്നേക്കും വർദ്ധിച്ചിരിക്കുമാറാകട്ടെ.

## ബിഷോപ് അവർകളുടെ പ്രസംഗം

പല പല മഹാന്മാർ കമ്പികളും എഴുത്തുകളും അയച്ച് അനുമോദിച്ചിരിക്കുന്ന ഈ ജൂബിലിയാഘോഷത്തിൽ തന്നെത്താൻ സന്നിഹിതനായിരുന്ന് അനുമോദിക്കാൻ സംഗതിയായിരിക്കുന്നതിങ്കൽ ഇനിക്ക് വളരെ സന്തോഷമുണ്ട്. ഇതിനെ സംബന്ധിച്ചു ഞാൻ അല്പം പറയാൻ വിചാരിക്കുന്നതു ആംഗ്ലിക്കൻസഭയുടെ പ്രതിനിധിയുടെ നിലയിലാണ്. ഈ ആംഗ്ലിക്കൻ സഭയും പ്രാചീന സുറിയാനി സഭയും അന്യോന്യം ബഹുമാനവും സ്നേഹവുമായിട്ടുള്ള ഇരിപ്പ് സഭയുടെ ആധാരമായ പ്രമാണങ്ങൾക്ക് ഭംഗം കൂടാതെ നിലനിന്നുപോകണമെന്നാണ് എന്റെ ആഗ്രഹം. വിശ്വാസത്തിന്റെ ആധാരവും പ്രമാണവുമായി ദൈവവചനവും ഭരണത്തിന്റെ ആധാരവും പ്രമാണവുമായി അപ്പോസ്തല പിൻവാഴ്ചയുമാണുള്ളത്. ഈ പ്രമാണങ്ങൾ ആർച്ച് ബിഷപ്പ് ബൻസൻ പ്രകടിച്ചിട്ടുണ്ട്. തന്റെ ശിഷ്യന്മാർ തമ്മിൽ ഉണ്ടാകുവാൻ ക്രിസ്തു പ്രാർത്ഥിച്ച ഐക്യത്തെ വർദ്ധിപ്പിക്കുവാൻ ആംഗ്ലിക്കൻ സഭ, ദൈവത്താൽ ഉപയോഗപ്പെടുത്താവുന്നതാണെന്നായിരുന്നു ഇദ്ദേഹത്തിന്റെ അഭിപ്രായം. പൗരസ്ത്യ സഭയുടെ വിഷയത്തിൽ ഈ ആർച്ച് ബിഷോപ്പവർകൾക്കുള്ള ശ്രദ്ധ പലവിധത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസമാണ് ചർച്ച് മിഷ്യൻകാരുടെ കോട്ടയത്തെ പ്രധാന പ്രവൃത്തി. ഈ മാർ ദീവന്നാസ്യോസ് സിമ്മനാരിയുടെ ആവിർഭാവം തന്നെ ഈ പ്രവൃത്തിയുടെ ഫലങ്ങളിൽ ഒന്നാണ്. ഒരു വിദ്വാൻ ഈയിടെ മെത്രാപ്പോലീത്തായുടെ തല അളന്നുനോക്കി വളരെ വിസ്മയിച്ചതായി കേട്ടു. തലയുടെ വലിപ്പത്തേക്കാൾ ഹൃദയത്തിന്റെ വലിപ്പമാണ് ആവശ്യം. സ്നേഹത്തിലും സൽപ്രവൃത്തികളിലും നാം അന്യോന്യം മത്സരിച്ചു പ്രവർത്തിച്ചാൽ നമുക്ക് ശക്തിയും ഐക്യമത്യവും വർദ്ധിക്കാതിരിക്കുകയില്ല.

## മിസ്റ്റർ രാമസ്വാമി അയ്യരുടെ പ്രസംഗം

മാന്യ സദസ്യരേ,

ഇവിടെ ഒരു ചെറിയ പ്രസംഗം ചെയ്യണമെന്നുള്ള ഈ ജൂബിലി കമ്മറ്റിക്കാരുടെ അപേക്ഷയെ ഞാൻ എത്രയും സന്തോഷത്തോടുകൂടി സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഈ സന്ദർഭത്തിന്റെ സ്വഭാവത്തെയും ഗൗരവത്തെയും ആലോചിക്കുമ്പോൾ അവർക്ക് അനുരൂപമാകുംവണ്ണം വല്ലതും പറഞ്ഞു ഫലിപ്പിപ്പാൻ ഞാൻ ശക്തനായി വരുമെന്നു വിചാരിക്കുന്നില്ല. അങ്ങനെ ഒക്കെ ഇരുന്നിട്ടും ചാടി പുറപ്പെട്ടത് മോസ്റ്റ് റെവറൻഡ് മെത്രാപ്പോലീത്താ അവർകളുടെ നേർക്ക് എനിക്കുള്ള സ്നേഹവും ബഹുമാനവും എന്നെ ഉന്തിവിട്ടതിനാലാണ്. അദ്ദേഹം എല്ലാ അവസ്ഥകൊണ്ടും ഒരു മഹാ ഭാഗ്യവാനാണ്. ചില്ലറ ഭാഗ്യമുള്ളവർക്ക് ഇപ്രകാരമുള്ള വലിയ പദവി ലഭിക്കുകയില്ല. ഭാഗ്യം ദൈവത്തിന്റെ പരിപൂർണ്ണ കൃപയാൽ ഉണ്ടാകേണ്ടതായ ഒരു കാര്യമല്ലേ. <u>അതിനാൽ ഇദ്ദേഹം സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്തിനു പാത്രീഭവിച്ച ആളാണ് എന്നുള്ളതിൽ സംശയമില്ല.</u> സ്വല്പ കാലമെങ്കിലും അദ്ദേഹവുമായി പരിചയിച്ചിട്ടുള്ളവർക്ക് അദ്ദേഹം സാധാരണ ആളുകളുടെ കൂട്ടത്തിൽ ഗണിക്കപ്പെടേണ്ട ഒരാളല്ല. അദ്ദേഹത്തിന്റെ സ്വഭാവഗുണവും ബുദ്ധിശക്തിയും സാമാന്യത്തിലും തുലോം കവിഞ്ഞതാണ്. എല്ലാത്തിലും വിശേഷിച്ചു അദ്ദേഹത്തിന്റെ മതപരിപാലനത്തിൻകീഴുള്ള ജനങ്ങളുടെ നേർക്ക് അദ്ദേഹത്തിനുള്ള വാത്സല്യം അപരിമിതമാണ്. ഈ നിഷ്കളങ്ക സ്നേഹത്താൽ ബഹുജനങ്ങളുടെ പ്രത്യേക ബഹുമാനത്തേയും സമ്പാദിച്ചു അദ്ദേഹം സ്വജനങ്ങളുടെ ക്ഷേമാഭിവൃദ്ധിക്കായി അപ്പോളപ്പോൾ ഉണ്ടായിട്ടുള്ള ഓരോ മഹത്തായ പ്രവൃത്തികളെ അവർ അനുഭവിച്ചു വഴിപോലെ അദ്ദേഹത്തിന്റെ നേരെ അവർക്ക് ഉണ്ടായിട്ടുള്ള കൃതജ്ഞതയേയും അത്യന്ത സന്തോഷത്തെയും ഈ ജൂബിലി സന്ദർഭത്തിൽ അവർ പ്രകടിപ്പിച്ചിരിക്കുന്നു. ഇതിന് അവർക്ക് സംഗതി വന്നതിനാൽ അവരും ഭാഗ്യവാന്മാർ തന്നെ. മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വിദ്യാപ്രചാരം വേണ്ടുംവണ്ണം ആകുന്നതിനു അദ്ദേഹം പലപ്രകാരത്തിലും ചെയ്തുവരുന്ന ശ്രമത്തെ ഞാൻ നന്നായി അറിഞ്ഞിരിക്കുന്നു. ഇനിയും ചിരകാലം അദ്ദേഹം ദേഹസൗഖ്യത്തോടും എല്ലാ പദവികളോടും കൂടി ഇരുന്ന് അദ്ദേഹത്തിന്റെ അധീനതയിലുള്ള ബഹുജനങ്ങളെ സംരക്ഷണ ചെയ്തുപോരുന്നതിനു ജഗദീശൻ അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

## മാർ ദീവന്നാസ്യോസ് ജൂബിലി സമ്മാനവിവരം

ജൂബിലി പ്രമാണിച്ച് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്ക് ഓരോരുത്തർ കൊടുത്ത ഒരു പട്ടിക താഴെ ചേർക്കുന്നു.

1. കോതമംഗലത്തു പള്ളിക്കാർ സ്വർണ്ണം കൊണ്ടുള്ള കാസായും പീലാസായും.

2. മുളക്കുളത്തു മുറന്തൂക്കിൽ വലിയ കത്തനാരവർകൾ, വെള്ളികൊണ്ടുള്ള കാസ.

3. മുറന്തൂക്കിൽ ചാണ്ടി അവർകൾ, വെള്ളി പീലാസ.

4. കോട്ടയം കോളജിലെ സുറിയാനി വിദ്യാർത്ഥികൾ, വെള്ളികൊണ്ടുള്ള കപ്പും സോസറും.

5. മാർ ദീവന്നാസ്യോസ് സിമ്മനാരി വിദ്യാർത്ഥികളും വാദ്ധ്യാന്മാരും, ഒരു ഭദ്രാസനം (മദ്രാസ് കഴ്സൻ കമ്പനിയാൽ ഉണ്ടാക്കപ്പെട്ടതു).

6. കുന്നംകുളങ്ങരെ മാർ ഇഗ്നാത്യോസ് സ്കൂളിലെ കുട്ടികൾ, വെള്ളിക്കപ്പും സോസറും.

7. ടി സുറിയാനി ക്രിസ്ത്യാനി അഭിവർദ്ധിനീ സംഘം വക പാഠശാലയിലെ അദ്ധ്യാപകന്മാരും അദ്ധ്യായികളും, വെള്ളിപൊതിഞ്ഞ വിശുദ്ധ വേദപുസ്തകം.

8. മാർ ദീവന്നാസ്യോസ് സിമ്മനാരിയിലെ ശെമ്മാശന്മാരും മല്പാനും, വെള്ളി തകിടിന്മേൽ പൊൻപണി ചെയ്യപ്പെട്ട സുറിയാനി ഏവൻഗേലിയോൻ.

9. തൃപ്പൂണിത്തറ നെടിയാത്തു പത്രോസ് അവർകൾ, മോതിരം (വൈരവും ചുറ്റും ചുവപ്പുകല്ലുകളും വെച്ചത്).

10. വെളിയനാട് വാഴയിൽ തോമ്മാ അവർകൾ, മോതിരം (ആനവരാഹനും ചുറ്റം ചുവപ്പു കല്ലുകളും വെച്ചത്).

11. മന്നാത്തു തേവക്കുഴിയിൽ ചാക്കോ അവർകൾ, മോതിരം (ഒറ്റ വൈരക്കല്ലു വെച്ചത്).

12. കുന്നംകുളങ്ങരെ പനയ്ക്കൽ ഇയ്യാക്കു അവർകൾ, മോതിരം (ഒറ്റ വൈരക്കല്ലു വെച്ചത്).

13. പാമ്പാക്കുട കോനാട്ടു ഇട്ടൻപിള്ള അവർകൾ, വെള്ളിഘടികാരവും പൊൻചങ്ങലയും.

14. കോട്ടയം നട്ടാശ്ശേരിൽ ചെറിയാൻ അവർകൾ, വെള്ളികൊണ്ടുള്ള കുന്തിരിക്കച്ചെപ്പ്.

15. കണ്ടനാടു തോലൻ കുഞ്ഞിപൗലോസ് അവർകൾ, സ്വർണ്ണ മസനപ്സാ.

16. ശ്രായിൽ വലിയപള്ളി വികാരി കോരതു കത്തനാർ അവർകൾ, നടുവിൽ പൊൻ മുദ്രയോടുകൂടിയ കസവ് ഇടക്കെട്ട്.

17. കല്ലൂപ്പാറ അടങ്ങപ്ര കൊച്ചുപണിക്കരു അവർകൾ, പൊൻ കുരിശും മാലയും.

18. പഴഞ്ഞിയിൽ പുലിക്കോട്ടിൽ ചുമ്മാര് അവർകൾ, പൊൻകുരിശും മാലയും.

19. വള്ളംകുളത്തു കണ്ടത്തിൽ കുടുംബയോഗം, പൊൻകുരിശും മാലയും (മദ്രാസ് ഓർ ആൻഡ് സൺസ്) ഉണ്ടാക്കിയത്.

20. മുളന്തുരുത്തിൽ ചാലിൽ കൊച്ചുകോര അവർകൾ, പൊൻകുരിശ് (വലിയ മരതകവും ചുറ്റും ചുവപ്പു കല്ലുകളും വെച്ചത്).

21. മുളന്തുരുത്തി പള്ളിവക, പൊൻമാല

22. മുളന്തുരുത്തി സെന്റ് തോമസ് സ്കൂൾ കുട്ടികൾ, സ്വർണ്ണപേനാപ്പിടി.

23. കല്ലിച്ചേരിൽ താമരപ്പിള്ളി കൊച്ചുതൊമ്മൻ അവർകൾ, ശീലമുടി (വില്ലൂസിന്മേൽ സ്വർണ്ണക്കുമളകൾ).

24. തുമ്പമൺ പള്ളി, പൊൻ നീരാളകാപ്പ.

25. പറവൂർ കുളങ്ങര പുത്തൻവീട്ടിൽ മാത്തു അവർകൾ, ശീലമുടി (വില്ലൂസിന്മേൽ സ്വർണ്ണക്കുമളകൾ).

26. പാമ്പാക്കുടെ കോനാട്ടു മല്പാൻ അവർകളും ശെമ്മാശന്മാരും, വെള്ളിക്കാസാ.

27. കോട്ടയം ഡിസ്ട്രിക്ട് റെജിസ്ട്രാർ മിസ്റ്റർ വർക്കി അവർകൾ, ചെറിയ മുത്തുക്കുട (കസവു വെച്ചത്).

28. മലങ്കരയിടവകജനങ്ങൾ, മംഗളപത്രം വെക്കാനുള്ള പെട്ടി (ഈട്ടിയിന്മേൽ ദന്തം, വെള്ളി, സ്വർണ്ണം, പണികളോടുകൂടി പുസ്തകാകൃതിയിൽ തിരുവനന്തപുരം സർക്കാർ കരകൗശലശാലയിൽ ഉണ്ടാക്കിയത്).

29. തൃപ്പൂണിത്തുറ പള്ളിവകയ്ക്ക് 750 രൂപ പലരിൽ നിന്നായി

പിരിയേണ്ടും വകയുള്ളതു ഇളവു ചെയ്യണമെന്ന് ഒരു ഹർജി അടച്ചു ഒരു വെള്ളിക്കവർ.

30. കുറുപ്പുംപടി പള്ളിക്കാരുടെ ഒരു പൊൻമോതിരം (മിന്നിവച്ച ഒരു മോതിരം).

31. ടി. ....ങ്ങാട്ടിൽ മാത്തു കത്തനാർ അവർകൾ (ഇംഗ്ലീഷ് മോതിരം).

32. മുളന്തുരുത്തിൽ ചാത്തുരുത്തിൽ മാത്തു അവർകൾ, മോതിരം (വൈരവും ചുവപ്പുകല്ലുകളും വച്ചത്).

## കമ്പികൾ

1. ഇണ്ട്യാ വൈസ്രോയി അവർകളുടെ പ്രൈവറ്റ് സിക്രട്ടറി.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ വൈദിക ജൂബിലി ആഘോഷിപ്പാൻ സുറിയാനിസമുദായം ചെയ്യാൻ പോകുന്ന അനുമോദനത്തിൽ വൈസ്രായി പങ്കുകൊള്ളുകയും ഏറ്റവും വലിയ മെത്രാപ്പോലീത്താ തന്റെ സഭയ്ക്കും ജനത്തിനും ദീർഘകാലം ആയുഷ്മാനായി ഭവിക്കണമെന്ന് വൈസ്രോയി ആശംസിക്കയും ചെയ്യുന്നു എന്ന് അറിയിപ്പാൻ അദ്ദേഹം എന്നോടു ആജ്ഞാപിച്ചിരിക്കുന്നു.

2. മദ്രാസ് ഗവർണർ അവർകളുടെ സിക്രട്ടറി.

ചക്രവർത്തി തിരുമനസ്സിലെ പ്രജകളായ സുറിയാനി സമുദായത്തിന്റെ അനുമോദനത്തിൽ ഗവർണർ അവർകളും പങ്കുകൊള്ളുന്നു.

3. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു.

താങ്കളുടെ സ്വർണ്ണ ജൂബിലി സന്ദർഭത്തിൽ എന്റെ മനഃപൂർവ്വമായ അനുമോദനത്തെയും സന്തോഷത്തെയും അറിയിച്ചുകൊള്ളുന്നു.

4. ദിവാൻ കൃഷ്ണ സ്വാമി റാവു അവർകൾ.

അങ്ങയുടെ ജൂബിലിയിൽ എന്റെ ഹൃദയപൂർവ്വമായ അനുമോദനത്തെ അംഗീകരിക്കുക. അങ്ങയുടെ ദീർഘായുസ്സിനും ശരീരസ്വസ്ഥതയ്ക്കുമായി ഞാൻ പ്രാർത്ഥിക്കുന്നു.

5. ഹൈക്കോർട്ട് ജഡ്ജി പത്മനാഭയ്യർ അവർകൾ.

നിങ്ങളുടെ ജൂബിലി കൂട്ടായ്മയ്ക്ക് എന്റെ ഏറ്റവും ഹൃദയപൂർവ്വമായ അനുമോദനത്തെ നൽകുന്നു.

6. വക്കീൽ ചെങ്കൊള....

നിങ്ങളുടെ വൈദിക ജൂബിലിയുടെ സന്തോഷ സന്ദർഭത്തിൽ എന്റെ ഹൃദയപൂർവ്വമായ ആശംസകൾ അംഗീകരിക്കുക.

7. ബൊമ്പായിൽ ....... എം. മത്തായി അവർകൾ

സ്വർഗ്ഗീയ അനുഗ്രഹങ്ങൾ തികഞ്ഞ് നിങ്ങളുടെമേൽ വർഷിക്കപ്പെടുമാറാകട്ടെ.

8. ചീഫ് സിക്രട്ടറി പി. താണുപിള്ള അവർകൾ.

എന്റെ മനഃപൂർവ്വമായ അനുമോദത്തെയും പരമാർത്ഥ ആശംസയെയും ദയവായി അംഗീകരിക്കുക.

9. തിരുവനന്തപുരം ഡാക്തർ പുന്നൻ അവർകൾ.

ആദരവോടുകൂടിയ അനുമോദനത്തെ അറിയിച്ചുകൊള്ളുന്നു. അത്താനാസിയോസും ദീവന്നാസ്യോസും തമ്മിൽ ഉള്ള യോജിപ്പിനേക്കാൾ മഹത്തായ ആഘോഷം ഇല്ല.

10. പത്മനാഭപുരം 1-ാം ക്ലാസു മജിസ്ട്രേട്ട് അയ്യപ്പൻപിള്ള അവർകൾ

എന്റെ പരമാർത്ഥ അനുമോദനത്തെ വന്ദ്യനായ മെത്രാപ്പോലീത്തായെ ദയവു ചെയ്തു അറിയിക്കുക.

11. അസിസ്റ്റന്റ് സർക്കാർ വക്കീൽ മുത്തുനായകംപിള്ള അവർകൾ.

ഇന്നത്തെ ജൂബിലി ആഘോഷത്തിൽ ഞാൻ നിങ്ങളെ മനഃപൂർവ്വം അനുമോദിക്കുന്നു.

12. തിരുവനന്തപുരം 2-ാം ജഡ്ജി ഹരിഹരയ്യൻ അവർകൾ.

മനഃപൂർവ്വമായ അനുമോദനം. ദൈവം നിങ്ങൾക്ക് ദീർഘായുസ്സ് തരട്ടെ.

13. ചങ്ങനാശ്ശേരി പള്ളിയിൽ വികാരി അവർകൾ.

ഹൃദയപൂർവ്വമായ അനുമോദത്തെയും പരമാർത്ഥ സന്തോഷത്തെയും അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

14. കൊല്ലം ഹെന്റി ഹുഗവെർഫ് അവർകൾ.

ഞാനും ആർതറും അങ്ങേക്ക് പരമഭാഗ്യത്തെ ആശംസിക്കയും അനുമോദം അറിയിക്കുകയും ചെയ്യുന്നു.

15. പാലക്കാട് മുൻസിപ്പ് പി. ജെ. ഇട്ടിയവരാ അവർകൾ.

സ്നേഹപൂർവ്വമായ അനുമോദനം. തിരുമേനിയെ നമ്മുടെ രാജ്യത്തിനു ഒരു അനുഗ്രഹമാക്കിത്തീർത്തതിനു ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

16. ഹൈക്കോട്ടു വക്കീൽ മിസ്റ്റർ ജോൺ അവർകൾ.

ജൂബിലി ആഘോഷത്തിൽ സംബന്ധിപ്പാൻ കഴിയാത്തതിൽ ദുഃഖിക്കുന്നു. ആഘോഷം സഫലമാകാൻ ആഗ്രഹിക്കുന്നു. തിരുമേനി പ്രയോജനമുള്ളതും ഭാഗ്യം നിറഞ്ഞതുമായ വേറൊരു അമ്പതു വർഷം കൂടെ ജീവിക്കണമെ എന്ന് ആശംസിക്കുന്നു.

ഇതുപോലെ അനേകം സന്ദേശങ്ങൾ വേറെയും ഉണ്ട്. സംഗതി മിക്കവാറും ഒരേ രീതിയിൽ തന്നെ. .... പേരുകൾ മാത്രം താഴെ പറയുന്നു.

17. തിരുവനന്തപുരം സുറിയാനി പള്ളി വികാരി.

18. ആലപ്പുഴ ......... എം. ഐ. ഫിലിപ്പ്

19. മദ്രാസ് ........

20. തിരുവനന്തപുരം .......

21. തിരുവനന്തപുരം ..... കുര്യൻ.

22. തിരുവനന്തപുരം സുറിയാനി വിദ്യാർത്ഥികൾ.

23. തിരുവനന്തപുരം ഈരാളി അബ്രാഹം.

24. എറണാകുളം സുറിയാനി വിദ്യാർത്ഥികൾ.

25. തിരുവല്ല മാർ ദീവന്നാസ്യോസ് ജൂബിലി സ്മാരക സംഘം അദ്ധ്യക്ഷൻ.

26. കുന്നംകുളം പുത്തൻപള്ളി കൈക്കാരൻ.

27. തൃശ്ശൂർ നടക്കാവുകാരൻ ഇട്ടിയച്ചൻ.

28. കുന്ദംകുളം ചീരൻ വറുഗീസ് ഇട്ടൂപ്പ്.

29. തിരുവനന്തപുരം കെ. എം. മാത്തൻമാപ്പിള.

30. മദ്രാസ് ഡാക്തർ കെ. മാത്യു.

31. തിരുവനന്തപുരം വെസ്റ്റേൻസ്റ്റാർ ഉടമസ്ഥൻ സി. ജെ. കുര്യൻ.

32. കാരക്കൽ എം. വറുഗീസ് അപ്പാത്തിക്കരി.

**എഴുത്തുകൾ**

1. മദ്രാസ് ഗവർണർ അവർകളുടെ പ്രൈവറ്റ് സിക്രട്ടെറി

നവംബർ 14-ാം തീയതിയിലെ താങ്കളുടെ (ജൂബിലി കമ്മട്ടി പ്രസിഡണ്ടിന്റെ) എഴുത്തിനു ഗവർണർ സായ്പു അവർകൾ വളരെ നന്ദി പറയുന്നു. അതു അത്യന്ത താല്പര്യത്തോടുകൂടി അദ്ദേഹം വായിച്ചിരിക്കുന്നു. ഈ ശുഭകരമായ സന്ദർഭത്തിൽ മെത്രാപ്പോലീത്താ അവർകളുടെ മേൽ ഗവർണർ അവർകൾക്കുള്ള അനുമോദനം കമ്മട്ടിക്കാർ അദ്ദേഹത്തെ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

2. വലിയ കോയിത്തമ്പുരാൻ അവർകൾ.

ഈ മാസം 15-ാം തീയതിയിലെ എഴുത്തും ഏറ്റവും വന്ദ്യനായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ വൈദിക ജൂബിലി 25-ാം തീയതി കോട്ടയത്തു വച്ചു നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതിന്റെ പ്രോഗ്രാമും കിട്ടി. അദ്ദേഹത്തിന്റെ വിലയേറിയ പരിശ്രമങ്ങളെ സുറിയാനി സമുദായം പരസ്യമായി അഭിനന്ദിക്കുന്നു എന്നറിയുന്നതിൽ താൻ അത്യന്തം സന്തോഷിക്കുന്നു. സമുദായത്തിന്റെ മേൽ എന്റെ സഹതാപം എപ്പോഴും ഉണ്ട്. ഈ ജൂബിലി ആഘോഷം സഫലമാകുവാൻ ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു. ഭാഗ്യമേറിയ ഈ സന്ദർഭത്തിൽ എന്റെ അനുമോദനം വേണ്ടുംവണ്ണം മെത്രാപ്പോലീത്താ അവർകളെ അറിയിക്ക.

3 ദിവാൻ കൃഷ്ണയ്യർ

മലങ്കര ഇടവകയുടെ കൂട്ടായ്മയും ജീവൻ ... മെത്രാപ്പോലീത്താ അവർകളുടെ സ്വർണ്ണ ജൂബിലി എന്നതു ഘോഷിപ്പാൻ കമ്മട്ടിക്കാർ ചെയ്തിട്ടുള്ള പ്രശംസനീയമായ കാര്യങ്ങൾ അറിയിക്കുന്ന എഴുത്തു കിട്ടി. അന്യോന്യാ ബന്ധം ബലപ്പെടുവാനും ... അദ്ദേഹത്തിന്റെ വിലയേറിയ പരിശ്രമം സഭയുടെ വളർച്ചയ്ക്കും സമുദായത്തിന്റെ സ്ഥിതിയെ ഉയർത്തുന്നതിനും .... അദ്ദേഹത്തിന്റെമേൽ സമുദായത്തിനുള്ള കൃതജ്ഞതയെ യഥായോഗ്യം പ്രദർശിപ്പിക്കുവാൻ കമ്മട്ടി ചെയ്യുന്ന പരിശ്രമം നല്ല മനസ്സുള്ള ഏവന്റെയും അനുമോദനത്തിനു പാത്രീഭവിക്കുന്നതാണ്. ജൂബിലി സന്ദർഭത്തിൽ എന്റെ അനുമോദനം മെത്രാപ്പോലീത്തായെ കമ്പിമൂലം ഞാൻ അറിയിക്കും. അതിനിടയിൽ സ്മാരകദ്രവ്യശേഖരത്തിൽ 30 രൂപായുടെ വരിക്കാരനായി എന്റെ പേർ കൂടെ ചേർക്കണമെന്നപേക്ഷിക്കുന്നു

4. റെസിഡെണ്ടാപ്പീസ് മാനേജർ അശൂർ അവർകൾ.

ദൈവത്തിന്റെയും തന്റെ സഭയുടേയും ഉയർച്ചയ്ക്കായി തന്റെ ആയുസ്സിനെ സർവ്വത്ര വ്യയം ചെയ്തിരിക്കുന്ന മെത്രാപ്പോലീത്തായിക്കു ഇതിൽ അധികം ബഹുമാനത്തിനു അവകാശം ഉണ്ട്. പുലിക്കോട്ടു കുടുംബത്തിൽ ഉണ്ടായിട്ടുള്ള പ്രസിദ്ധപ്പെട്ട വൈദികന്മാരുടെ ഉത്തമ പിൻതുടർച്ചക്കാരൻ എന്ന നിലയിൽ അദ്ദേഹം സഭയ്ക്കും സമുദായത്തിനും വളരെ ഗുണം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഖ്യാതി സമ്പാദിച്ച ദീർഘകാലത്തെ വൈദിക ജീവിതം തിരുവിതാംകൂറിലെ ക്രിസ്ത്യാനി സഭാചരിത്രത്തിൽ എല്ലാകാലത്തും ഓർക്കപ്പെടുന്ന ഒരു പ്രത്യേക സംഗതിയായിരിക്കും. തന്റെ ജീവിതം തർക്കങ്ങളിൽ ഉൾപ്പെട്ടിരുന്നാലും അതു ശാശ്വതമായ അഭിവൃദ്ധിയും വിജയവും അടങ്ങിയതാകുന്നു. തന്റെ ഭാരമേറിയ ജോലിയെ യഥായോഗ്യം അക്ഷീണ പരിശ്രമങ്ങളോടും

വിശ്വസ്തതയോടും കൂടി നിർവഹിച്ചിരിക്കുന്നതിൽ തന്റെ ജനത്തിന്റെ കൃതജ്ഞതയും തന്റെ നാട്ടുകാരുടെ അനുമോദനവും അദ്ദേഹം സമ്പാദിച്ചിരിക്കുന്നു. അദ്ദേഹത്തിനു ഇനിയും അനേകമനേകം കാലത്തെ ആയുസ്സും തന്റെ വേലയ്ക്കു മേല്ക്കുമേൽ വിജയവും ദൈവം നൽകട്ടെ. ഈ ശുഭ സന്ദർഭത്തിൽ എന്റെ അനുമോദനം അദ്ദേഹത്തെ അറിയിക്കണമെന്നപേക്ഷ.

5. കൊട്ടാരം സർവ്വാധികാര്യക്കാരായ രാമകൃഷ്ണയ്യർ അവർകൾ.

സുറിയാനി സമുദായത്തിന്റെ .... വർത്തമാനകാലത്തെ ആത്മീയ മേലദ്ധ്യക്ഷന്റെ സ്നേഹിതൻ എന്ന നിലയിൽ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകളുടെ ജൂബിലി ആഘോഷത്തെക്കുറിച്ച് അറിയുന്നത് ഏറ്റവും സന്തോഷകരമായ വർത്തമാനമാകുന്നു. ഈ മഹാന്റെ അസംഖ്യ പരിശ്രമങ്ങൾക്ക് ന്യായമാത്രമായി ഈ ബഹുമാനം ചെയ്യുന്നതിൽ ഈ മഹാന്റെ ബഹുമാനം വർദ്ധിക്കുകയും മറ്റു സമുദായത്തിനു മാതൃക കൊടുക്കയും ചെയ്കയാകുന്നു. മെത്രാപ്പോലീത്തായുടെ ദീർഘായുസ്സിനായി ഞാൻ പ്രാർത്ഥിക്കുന്നു.

6. എറണാകുളം ... മാർ ലൂയിസ് മെത്രാൻ അവർകൾ.

ഞാൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളെ മനഃപ്പൂർവ്വം അനുമോദിക്കയും അദ്ദേഹത്തിന്റെ ദീർഘായുസ്സ് വർദ്ധിക്കുന്നതിന് ദൈവത്തെ പ്രാർത്ഥിക്കയും ചെയ്യുന്നു.

7. കണ്ടെഴുത്തു ദിവാൻ പേഷ്ക്കാർ രാഗമയ്യാ അവർകൾ.

അങ്ങേ വൈദീക ജൂബിലിയിൽ അനുമോദിക്കുവാൻ ഈ എഴുത്തു എഴുതിക്കൊള്ളുന്നു. ഇതു വളരെ ആശ്ചര്യകരമായ ഒരു കാഴ്ചയായിരിക്കണം. നിങ്ങളുടെ വലിയ സമുദായം ഒരു സന്തോഷം അനുഭവിക്കുകയും അതിൽ നിന്നു പ്രയോജനം നേടുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. എന്റെ അത്യന്ത അനുമോദനത്തെ അറിയിച്ചുകൊള്ളുന്നു.

8. കൊല്ലം ദിവാൻ പേഷ്കാർ രാജരാമരായർ അവർകൾ.

നിങ്ങളുടെ ജൂബിലി നാളെ ആഘോഷിപ്പാൻ പോകുന്നു എന്നറിയുന്നതിൽ വളരെ സന്തോഷിക്കുന്നു. ഇരുപതു വർഷമായി നിങ്ങളോടു പരിചയപ്പെടുകയും സ്വയം വർജ്ജിച്ചുള്ള നിങ്ങളുടെ വേലയെ അറിയുകയും നിങ്ങളുടെ സമുദായത്തിന്റെ അഭിവൃദ്ധിയിൽ താല്പര്യപ്പെടുകയും ചെയ്യുന്ന എന്റെ പരമാർത്ഥമായും മനപ്പൂർവ്വമായുമുള്ള അനുമോദനത്തെ അംഗീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. മലങ്കര സുറിയാനി സമുദായത്തിനുവേണ്ടി വളരെ എതിർപ്പുകളോടും ബുദ്ധിമു

ട്ടുകളോടും പോരാടിക്കൊണ്ടു നിങ്ങൾ അക്ഷീണ പരിശ്രമം ചെയ്തിരിക്കുന്നു. സമുദായം നിങ്ങളുടെ ജൂബിലിയെ ഉചിതമായവിധത്തിൽ ആഘോഷിക്കുവാൻ തക്കവണ്ണം തങ്ങളുടെ കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നത് സന്തോഷം തന്നെ. ആഘോഷം മംഗളമായി ഭവിക്കുമെന്നും നാളെ കോട്ടയത്തു കൂടുന്ന സമുദായം മുഴുവൻ നിങ്ങളുടെ അനുഗ്രഹങ്ങളെ പ്രാപിക്കുമെന്നും വിശ്വസിക്കുന്നു. അവിടെ വന്നു അഭിമുഖമായി എന്റെ അനുമോദനം അറിയിക്കുവാൻ സാധിക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. സർവ്വശക്തൻ അവിടേക്ക് ശരീരസ്വസ്ഥതയും ഐശ്വര്യവും നൽകുകയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ മഹാസമുദായത്തെ അഭിവൃദ്ധിയിൽ നടത്തുന്നതിനായി നിങ്ങളെ ശക്തനാക്കുകയും ചെയ്യണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. .....

9.

10

11. ആലപ്പുഴ ഒന്നാം .... കൃഷ്ണമേനോൻ അവർകൾ.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ വിലയേറിയ പരിശ്രമങ്ങളെ പരസ്യമായി ആദരിക്കുന്നു എന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. ഇതിൽ ഞാനും അനുമോദിക്കയും ഈ സന്ദർഭത്തിൽ ഹാജരായിരിപ്പാൻ കഴിയാത്തതിൽ ദുഃഖിക്കയും ചെയ്യുന്നു.

12. മുൻസിപ്പ് കെ. നാരായണൻ തമ്പി അവർകൾ.

ജൂബിലി ആഘോഷത്തെ സംബന്ധിച്ചു ഉചിതമായി ഉണ്ടാക്കിയിരിക്കുന്ന പ്രോഗ്രാം ഏറ്റവും സന്തോഷകരമായിരിക്കുന്നു. ഈ സന്ദർഭം കേമമായി തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർവ്വശക്തൻ നിങ്ങളുടെ കീഴിൽ വച്ചിരിക്കുന്ന വലിയ സമുദായത്തിന്റെ സന്മാർഗ്ഗ സംബന്ധമായും വിദ്യാഭ്യാസ സംബന്ധമായുമുള്ള അഭിവൃദ്ധിയെ ഉദ്ദേശിച്ചു നിങ്ങൾ ചെയ്തുവരുന്ന പരിശ്രമങ്ങൾക്ക് സ്വർഗ്ഗത്തിൽ നിന്നുള്ള പ്രത്യുപകാരമെന്നപോലെ നിങ്ങൾക്ക് ദീർഘായുസ്സിനും ശരീരസ്വസ്ഥതയ്ക്കും അർഹതയുണ്ട്. കരുണാപൂരിതനായ ദൈവം നിങ്ങൾക്കു മനോസമാധാനവും ശരീരശക്തിയും തന്നു മനുഷ്യഹൃദയങ്ങളെ തുറന്നു അവരെ തങ്കലേക്കു ഉയർത്തുന്ന ഭക്തിയുള്ള ശുശ്രൂഷക്കാരനായി ദീർഘകാലം ജീവിപ്പാൻ നിങ്ങൾക്കു കൃപ നൽകട്ടെ. ശരീരത്തിൽ ഞാൻ കുറെ ദൂരത്തിൽ താമസിക്കുന്നു എങ്കിലും ജൂബിലി സന്ദർഭം അടുത്തുവരുന്തോറും സന്തോഷം കൊണ്ടു കുതിച്ചുചാടുന്ന എന്റെ ഹൃദയം അന്നത്തെ ദിവസത്തേക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ കൃത്യങ്ങളിലും സഹകരിക്കുമെന്നു അറിയിച്ചുകൊള്ളുന്നു. ഈ എഴുത്തു ജൂബിലി സന്ദർഭത്തിൽ നിങ്ങൾക്കു

കിട്ടുമെന്നു വിശ്വസിക്കുന്നു. ദൈവത്തിന്റെ മേൽക്കുമേൽ ഉള്ള കൃപകളെ പ്രാപിക്കുന്നതിനു നിങ്ങൾക്ക് ദീർഘായുസ്സുണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

*(ഇടവകപത്രിക 1901 തെശ്രീൻഹ്രോയ്, പുസ്തകം 10, ലക്കം 11)*

# മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സ്മാരകം

ഇതേപ്പറ്റി ആലോചിപ്പാൻ ഈ മാസം 20-ാം തീയതി സിമ്മനാരിയിൽ പൊതുയോഗം കൂടിയതിൽ താഴെപ്പറയുന്ന നിശ്ചയങ്ങൾ ഐകക ണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

1. പിരിയുന്ന പണത്തിൽ നിന്ന് 1500 രൂപയിൽ കവിയാത്ത ഒരു സംഖ്യ മദ്രാസ് സർവ്വകലാശാലയിൽ നിന്നു വലിയതിരുമേനിയുടെ സ്മാരക മായി ഒരു സ്വർണ്ണമെഡൽ കൊടുക്കുന്നതിനു ഏല്പിക്കയും മെഡൽ കൊടുക്കേണ്ട വ്യവസ്ഥകൾ ജൂബിലി കമ്മട്ടിക്കാർ തീർച്ചപ്പെടുത്തുകയും ചെയ്യണം.

2. സുറിയാനിയിൽ നിന്ന് വിശുദ്ധ വേദപുസ്തകത്തിന്റെ ഭാഗങ്ങൾ തർജ്ജമ ചെയ്ത് അച്ചടിപ്പിക്കുന്നതിനു 1000 രൂപ വേർതിരിച്ചു വെയ്ക്കണം.

3. ബാക്കി വരുന്ന പണം മുഴുവൻ മലങ്കര ഇടവകയിലെ പട്ടക്കാർക്ക് പ്രതിവർഷം ഗ്രാന്റ് കൊടുക്കുന്നതിനു ഒരു മൂലധനമായി സ്ഥാപിക്കയും പിടിയരി പിരിവുകൊണ്ടും മറ്റും ഈ മൂലധനം വർദ്ധിപ്പിക്കയും ചെയ്യണം.

4. മൂലധനം വർദ്ധിപ്പിക്കുന്നതിനു പിടിയരി പിരിവ് നടപ്പാക്കുകയും പിരിയുന്ന അരിയിൽ പകുതി അതാതു പള്ളികൾക്കു വിട്ടുകൊടുക്കയും പകുതി ഈടാക്കി ഈ മൂലധനത്തോടു ചേർക്കയും ചെയ്യണം.

5. സ്മാരകവരി ആരെങ്കിലും തരാതിരുന്നാൽ ക്യംന്തായിക്കകം ഈടാ കാത്തപക്ഷം തരാത്തവരുടെ പേരുകൾ അതതു പള്ളിയിൽ പ്രസിദ്ധ പ്പെടുത്തുന്നതു കൂടാതെ ഒരു ലിസ്റ്റ് സ്മാരക കമ്മട്ടി പ്രസിഡണ്ട് അവർ കൾക്ക് വികാരിമാർ എത്തിച്ചുകൊടുക്കയും അവരോടു ഇന്നവിധം പ്രവൃ ത്തിക്കണമെന്നു അപ്പോൾ കല്പിച്ചു തീർച്ചപ്പെടുത്തുകയും ചെയ്യണം.

6. സ്മാരകസംഖ്യ ക്യംന്തായിക്കടുത്തു അസോസിയേഷൻ കമ്മട്ടി കൂടി മേല്പറഞ്ഞ ഉദ്ദേശ്യങ്ങൾ അനുസരിച്ചു വേണ്ട ശട്ടങ്ങൾ ഉണ്ടാക്കി എല്ലാ തിരുമേനികളുടേയും പേരിൽ വട്ടിക്കിടണം.

7. പിടിയരി പിരിവു നടപ്പാക്കുന്നതിനു ഓരോ മെത്രാസന ഇടവകക ളിൽ സംഘം കൂട്ടി യുക്തംപോലെ ചുമതലക്കാരെ നിയമിച്ചു നടത്തണം.

*(ഇടവകപത്രിക 1901 കോനൂൻക്ദീം, പുസ്തകം 10, ലക്കം 12)*

# മാർ ദീവന്നാസ്യോസു ജൂബിലിക്കു മിസ്റ്റർ കുരുവിള അവർകൾ പറഞ്ഞ പ്രസംഗം

മഹാത്മാക്കളും മഹാന്മാരും ആയുള്ളോരേ!

ദൈവകൃപയാൽ ശുഭകരവും ആനന്ദകരവും ആയ ഈ അവസരത്തിൽ സമുദായ സന്തോഷത്തെ വചനം കൊണ്ടു പ്രദർശിപ്പിക്കുന്നതിനു പത്തു മിനിട്ട് എന്ന കാലനിർണ്ണയത്തോടുകൂടി ജൂബിലിക്കമ്മിട്ടിക്കാർ എന്നെ നിയമിച്ചിരിക്കുന്നു. ഈ നിയമം അനുസരിച്ചു പ്രവർത്തിക്കുന്നതിനു പ്രാപ്തി പോരാ എന്നുള്ള ബോധം എന്നെ വിഹ്വലനാക്കുന്നു എങ്കിലും ദൈവകൃപയിലും സദസ്സിന്റെ അനുവർത്തനത്തിലുമുള്ള വിശ്വാസം കൊണ്ട് ആ ആജ്ഞയെ അനുസരിക്കുന്നതിനു ഞാൻ ധൈര്യപ്പെട്ടു. ഈ മഹൽസഭയുടെ അനുജ്ഞയെ വിനയമായി യാചിച്ചുകൊള്ളുന്നു.

ദൈവഭക്തിയോടുകൂടിയ വിദ്യാഭ്യാസം മനുഷ്യകുലത്തിനു പ്രത്യേകമായുള്ള സകല ശ്രേയസ്സുകൾക്കും ഏകമാർഗ്ഗം ആകയാൽ ആ സമ്പാദ്യത്തിനു നമ്മുടെ നടുനായക രത്നമായിരിക്കുന്ന തിരുമേനിയുടെ പ്രയത്നത്താൽ സ്ഥാപിക്കപ്പെട്ടും പോഷിപ്പിക്കപ്പെട്ടും അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടും ഇരിക്കുന്ന ഈ വിദ്യാലയത്തിൽ വെച്ചു അതിലെ യുവജനങ്ങളുടേയും ഗുരുക്കന്മാരുടെയും ഉത്സാഹത്താൽ ജൂബിലി ആഘോഷത്തിന്റെ അംശമായി ശുഭോദർക്കമായ ഈ കാഴ്ചയും മംഗളപത്രവും തിരുമേനിയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഈ അവസരം അതിൽ സംബന്ധിക്കുന്ന എല്ലാവർക്കും അത്യന്തം ആഹ്ളാദകരമാകുന്നു എന്നു സംശയമില്ലല്ലോ. ഈ ജൂബിലിയുടെ ഉദ്ദേശ്യങ്ങളിൽ പ്രധാനമായത് തിരുമനസ്സിലെ സ്വഭാവവും പ്രയത്നവും കൊണ്ടു മതസംബന്ധമായും ട്രസ്റ്റുകളുടെ ഭരണത്തെ സംബന്ധിച്ചും വിദ്യാസംബന്ധമായും മറ്റും സമുദായത്തിനു സിദ്ധിച്ചിട്ടുള്ള നന്മകളെ ഓർത്തു കൂട്ടമായി ദൈവത്തെ സ്തുതിക്കുന്നത് ആകുന്നു. എങ്കിലും സമുദായത്തിനു തിരുമേനിയോടുള്ള സ്നേഹവും ബഹുമാനവും കൃതജ്ഞതയും ഈ അവസരത്തിൽ പ്രദർശിപ്പിക്കുന്നതും എത്രയും ഉചിതവും ആവശ്യവും ആകുന്നു എന്നു മാത്രമല്ല ഈ ജനപ്രീതി വർദ്ധിച്ചു വരുന്നതിനും തിരുമേനിയുടെ പ്രയത്നങ്ങളെ അനുഭവിക്കുന്നവർ ആ പ്രയത്നങ്ങളെ അറിഞ്ഞു വിലമതിക്കുന്നു എന്നുള്ള ബോധത്താൽ തിരുമേനിയെ ധൈര്യപ്പെടുത്തുന്നതിനും തിരുമേനിയുടെ സഹായികളും പിൻഗാമികളും സമുദായത്തിൽ ഉൾപ്പെട്ടവർ

എല്ലാവരും അവരവരുടെ പ്രാപ്തിക്കും സ്ഥിതിക്കും തക്കവണ്ണം തിരുമേനിയെ അനുകരിക്കുന്നതിനും ആയിട്ടു പ്രീതിജനകങ്ങളായ ഈ പ്രയത്നങ്ങളും സ്വഭാവവും ഏതെന്നു വിവരിച്ചു ആലോചിക്കുന്നതും ഉചിതമാകുന്നു. തിരുമേനിയുടെ ഇതുവരെയുള്ള പരസ്യശുശ്രൂഷയുടെ കാലമാകുന്ന അമ്പതു സംവത്സരങ്ങളിൽ നടത്തിയിട്ടുള്ള പ്രവൃത്തികളെ അതായതു തിരുമേനിയുടെ ഉത്സാഹത്താൽ എത്ര പള്ളികൾ, പള്ളിക്കൂടങ്ങൾ, പള്ളിക്രമ തർജ്ജമകൾ, ഉപദേശപുസ്തകങ്ങൾ മുതലായവ ഉണ്ടായിട്ടുണ്ടെന്നും എത്ര ആപത്തിൽ ഉൾപ്പെട്ടവർക്കു സഹായം വന്നിട്ടുണ്ടെന്നും, എത്ര വഴക്കുകൾ രാജിപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്കു ഉപജീവനം ഉണ്ടായിട്ടുണ്ടെന്നും എന്തു സുവിശേഷപ്രചാരം നടന്നിട്ടുണ്ടെന്നും മറ്റും ഇപ്പോൾ വിവരിക്കുന്നതു അസാദ്ധ്യമാണ്. തിരുമേനിയുടെ ജീവചരിത്രം ഈയിടെ പ്രസിദ്ധപ്പെടുത്തിട്ടുള്ളതുകൊണ്ട് പൊതുജനങ്ങൾക്ക് അതു വായിച്ചു പ്രധാന സംഗതികൾ അറിയാവുന്നതുകൊണ്ട് അതുകൾ ഇവിടെ വിവരിച്ചേ തീരൂ എന്നും ഇല്ല. എന്നാൽ ഈ പ്രവൃത്തികൾ പ്രകൃതിസിദ്ധമായ ഏതു സ്വഭാവത്തിന്റെ ഫലങ്ങളെന്നോ അഥവാ ഈ പ്രവൃത്തികളാകുന്ന അഭ്യാസത്താൽ ഏതു സ്വഭാവമാകുന്നു തിരുമേനിയിൽ ഇപ്പോൾ വിളങ്ങുന്നതു എന്നോ ആലോചിക്കുന്നത് ആവശ്യമാകുന്നു. ഈ ആലോചനയിൽ ഒരു വിശേഷഗതിയുള്ളതു മറയ്ക്കുന്നത് ഒട്ടും ശരിയല്ല. അതു എന്തെന്നാൽ ഒരു മഹർഷിയുടെ സ്ഥാനമാണ് തിരുമേനി പ്രധാനമായി സ്വീകരിച്ചിരിക്കുന്നതു എങ്കിലും നിർബന്ധവശാൽ ചില ലൗകികകാര്യങ്ങളിലും വ്യവഹാരങ്ങളിലും തിരുമേനി പ്രവേശിക്കേണ്ടി വന്നതുകൊണ്ട് തിരുമേനിയുടെ പ്രവൃത്തികളെ ശരിയായി മതിക്കുന്നതിനു ഒരു രാജർഷിയുടെ നീതി തോതാക്കേണ്ടിയിരിക്കുന്നു. നൃപനീതി അനേകരൂപയാകുന്നു എന്ന് ഋഷി വചനമുണ്ട്. എന്നുമാത്രമല്ല, ക്രിസ്തീയ വേദപുസ്തകത്തിലും ദൈവം ശുദ്ധനോടു ശുദ്ധനായും വികടനോടു വികടനായും ആചരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ദീർഘായുസ്സും സമാധാനവും ധനജനസ്വാധീനവും ഒരുമിച്ചു ആരിൽ വസിക്കുന്നുവൊ ആ ആൾ ദൈവത്തിന്റെ പ്രത്യേക കൃപയുള്ള ആൾ ആകുന്നു എന്നു ഈശ്വരവിചാരം ഉള്ള എല്ലാവരും സമ്മതിക്കുന്നതാകുന്നു. ഈ അനുഗ്രഹങ്ങൾ തിരുമേനിയിൽ യോജിച്ചു കാണുന്നതുകൊണ്ട് തിരുമേനിയുടെ സ്ഥായി ആയ സ്വഭാവത്തെ ദൈവം തന്റെ കരുണയിൽ സന്തോഷിച്ചു പ്രശംസിച്ചിരിക്കുന്നു എന്നുള്ളതിനു തർക്കമില്ല.

ഒരു ഉത്തമ രാജർഷിക്കു ചേർന്ന ഈ ഉൽകൃഷ്ട സ്വഭാവം എന്താകുന്നു. വെളിപാടു പുസ്തകപ്രകാരം നമ്മുടെ നിത്യ രാജർഷിയുടെ വലങ്കയ്യിൽ ഉള്ള ഏഴു നക്ഷത്രങ്ങൾപോലെ ഇരിക്കുന്ന ഏഴു നിർദ്ദേശക

വചനങ്ങൾ കൊണ്ടുമാത്രം ഈ സ്വഭാവത്തെ സൂചിപ്പിച്ച് എന്റെ പ്രഖ്യാപനത്തെ ഞാൻ അവസാനിപ്പിപ്പാൻ വിചാരിക്കുന്നു. 1. മാനത്തെ നക്ഷത്രംപോലെ ഇരിക്കുന്ന ലക്ഷണം പരോപകാരലഗ്നത്വം. സാധാരണ മഹാന്മാർ പരോപകാര തല്പരന്മാർ ആകുന്നു. എന്നാൽ തിരുമേനി സ്വീകരിച്ചിരിക്കുന്ന അസിധാരവ്രതത്താൽ പരോപകാരാർത്ഥമിദം ശരീരം എന്നുള്ള പ്രമാണത്തെ പൂർണ്ണമായി അനുസരിച്ചിരിക്കുന്നതും മശിഹായുടെ വചനപ്രകാരം സ്വർഗ്ഗവാസികളുടെ സ്ഥിതിയെ അനുകരിക്കുന്ന ഈ വ്രതത്തോടു ദൈവം ഘടിപ്പിച്ചിരിക്കുന്ന ശക്തികളും അനുഗ്രഹങ്ങളും എത്ര മാഹാത്മ്യം ഉള്ളവ എന്നു തന്റെ സഹോദരന്മാർക്കു പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതും ആകുന്നു. ഓരോ ലക്ഷണങ്ങളെക്കുറിച്ച് അധികം വിസ്തരിച്ചാൽ നേരം അതിക്രമിക്കുമെന്നുള്ളതുകൊണ്ട് ഞാൻ ചുരുക്കുന്നു. രണ്ടാമത്തെ ലക്ഷണം സ്നേഹം കൊണ്ടു മാത്രമുള്ള ഭരണം. ആത്മീയകാര്യങ്ങളിൽ ദുർമ്മനോനാശം, അതായത് മനഃപരാവർത്തനം വരുത്തുന്നത് ജഢികമായ ബലത്താൽ അല്ല. ക്രൂരശിക്ഷകളാലും അല്ല, എന്നു ആത്മാധികാരികൾ എല്ലാവരും അറിഞ്ഞിരിക്കുന്നതു ആകുന്നു. എങ്കിലും ക്ഷമയുടെയും അടക്കത്തിന്റെയും അപമാനസഹനത്തിന്റെയും പരമകാഷ്ഠയെ പ്രാപിച്ചവർക്കേ സ്നേഹം കൊണ്ടു മാത്രമുള്ള ഭരണം സാധ്യമാകൂ. തിരുമേനിയുടെ കീഴിൽപ്പെട്ട ഓരോരുത്തരോടും ഉള്ള ഭരണസംസർഗ്ഗത്തിൽ തിരുമേനി പരിതാപവും അനുതാപവും ആശ്വാസവും ഗുണദോഷവും പറഞ്ഞു മാത്രമാണ് ഭരിച്ചുവന്നത്. ക്രൂരശിക്ഷകൾ മുഖാന്തരം ഭരിക്കുന്നവരോടുള്ളതിനേക്കാൾ അധികം അനുസരണം തിരുമേനിയോട് എല്ലാവരും കാണിച്ചുവരുന്നു. മൂന്നാമത്തെ ലക്ഷണം പരഛന്ദാനുവർത്തനം. കാര്യദോഷമില്ലാത്ത ഏതു ആഗ്രഹവും ആർക്കും സാധിച്ചുകൊടുക്കുന്നതിൽ എത്ര ബുദ്ധിമുട്ടേണ്ടി വന്നാലും തിരുമേനി അത് സാധിച്ചുകൊടുക്കുക പതിവാണ്. 4–ാമത്തെ ലക്ഷണം പരതന്ത്രനാകായ്ക. മൂന്നാമതു പറഞ്ഞ ലക്ഷണം അധികമായി പോയാൽ ഭരണം ഇല്ലാതെ ആകുമല്ലോ. എന്നു മാത്രമല്ല മിക്ക അധികാരികളും ഏകസൂത്രധാരന്റെ അടിമയിലായി ഭവിക്കുക അസാധാരണമല്ല. എന്നാൽ ഈ തിരുമേനി കാര്യമായിട്ടുള്ള സകല സംഗതികളിലും പലരോടും ആലോചിക്കയും സ്വതന്ത്രവിധിപ്രകാരം പ്രവൃത്തിക്കയും ആണ് പതിവ്. 5–ാമതു വിപത്തിൽ ധൈര്യം. ഇതു തിരുമേനിയുടെ ആയുസ്സിന്റെ ആദ്യകാലചരിത്രത്തിൽ പ്രത്യേകം വിളങ്ങിയിട്ടുണ്ട്. ഈ ലക്ഷണം ഇല്ലാതിരുന്നെങ്കിൽ ആരംഭത്തിങ്കൽ ഉണ്ടായ വിഘ്നങ്ങളും വിപത്തുകളും കൊണ്ടു മനസ്സു മടുത്തുപോകുമായിരുന്നു. 6–ാമത്തെ ലക്ഷണം ജയത്തിൽ വിനയം. ആപത്തു ഉള്ളകാലത്തും അതോടു അടുത്തും ബുദ്ധിയുള്ളവർ താഴ്മയുള്ളവർ ആയി കാണപ്പെടുന്നതിൽ അതിശയിപ്പാനില്ല. എന്നാൽ ഐശ്വര്യം കുറെനാൾ അനുഭവിക്കുമ്പോൾ

സ്വഭാവം ആകപ്പാടെ മാറിപ്പോകുന്നതായി പലരിലും കാണാം. ഈ തിരുമേനിയുടെ ആയുസ്സിൽ ഈ കഴിഞ്ഞ വ്യാഴവട്ടത്തിൽ 'അഭ്യുദയേക്ഷമ' എന്നു പറയുന്ന ഈ സ്വഭാവം എത്രയും ശോഭിച്ചു കാണപ്പെട്ടിട്ടുണ്ട്. എന്നു മാത്രമല്ല ഈയിടെയും ഭിന്നിച്ചു നിൽക്കുന്ന കക്ഷികളെ പൊതുവായി യോജിപ്പിക്കുന്നതിനു രേഖാമൂലമായും തുറന്നും ചെയ്ത പ്രയത്നത്താൽ പ്രത്യേകം പ്രത്യക്ഷപ്പെടുന്നു. 7–ാമത്തെ ലക്ഷണം. ആൾ അറിയുന്നതിൽ ഉള്ള സാമർത്ഥ്യം. മേൽപറഞ്ഞ എല്ലാ ഗുണങ്ങളുടെയും ഫലം ഈ വൈഭവത്താൽ ആണ് അധികമാക്കപ്പെടുന്നത്. ഇന്ന സഹോദരൻ വൈദികഅറിവുകൊണ്ടു സഭയ്ക്കു പ്രയോജനം വരുത്തുവാൻ ഉതകും. ഇന്ന സഹോദരൻ ഭക്തിയെ പ്രത്യേകം ഉജ്ജ്വലിപ്പിക്കും. ഇന്ന ആൾ സിക്രട്ടറിക്കു ചേർന്ന വാസനയുള്ള ആൾ ആണ്. ഇന്ന പത്രാധിപർ പൊതുജന ഹൃദയത്തെ തിരിപ്പാൻ കൊള്ളാം. ഇന്ന മല്പാൻ വേദപുസ്കം അനുസരിച്ചുള്ള പുസ്തകരചനയ്ക്കു സമർത്ഥൻ, ഇന്ന മല്പാൻ ഭരണരീതിക്കു ഐക്യരൂപ്യം വരുത്തുവാൻ കൊള്ളാം. ഇന്ന പട്ടക്കാരൻ സമാധാനം പറയാൻ കൊള്ളാം. ഇന്ന അയ്മേനി അടിയന്തിരങ്ങൾ നടത്തുവാൻ സ്വാധീനവും സാമർത്ഥ്യവും ഉള്ള ആൾ. ഇന്ന ധനവാൻ ഉത്തമകാര്യങ്ങൾക്കു ധനവ്യയം ചെയ്യും എന്നിങ്ങനെയുള്ള അറിവിനെ സമയോചിതമായി പ്രവർത്തിപ്പിക്കുന്നതിലാണ് ഈ സമുദായത്തിൽ ഒരു സമുദായ യോജിപ്പും ഭരണരീതിയും ഇപ്പോൾ കാണുന്നതുപോലെ ഉണ്ടായിട്ടുള്ളത് എന്നു സംശയമില്ല. ഈ സിമ്മനാരിയുടെ അഭ്യുദയത്തിനും പള്ളിശുശ്രൂഷകൾ ഏകരൂപത്തിൽ വരുന്നതിനും സമുദായസ്നേഹം തീഷ്ണമാക്കുന്നതിനും ഈ സ്ഥലത്ത് മനോരമ ആപ്പീസ് ഇടുവാൻ അനുവദിച്ചു ധൈര്യപ്പെടുത്തിയതും എത്ര ഉപയുക്തമായി ഭവിച്ചിട്ടുണ്ടെന്ന് എല്ലാവർക്കും ബോധ്യമാണ്. ഈ കെട്ടിടത്തെ സാധാരണക്കാർ മനോരമപ്പള്ളിക്കൂടം എന്നു വിളിച്ചുവരുന്നതുകൊണ്ടുതന്നെ ഈ സംബന്ധത്തിന്റെ ബലം അറിയാവുന്നതുമാണ്.

ഇങ്ങനെയുള്ള ഗുണങ്ങൾ ഉള്ള കാലത്തോളം തിരുമേനി അജാതശത്രു എന്നപോലെയും അറിയുന്ന എല്ലാവരാലും ആദരിക്കപ്പെട്ടും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടും ഇരിക്കുന്നതിൽ ഒട്ടും അതിശയിപ്പാനില്ല. ഇങ്ങിനെയുള്ള സ്വഭാവവും ദീർഘപരിചയവും അറിവും ഉള്ള ഒരു തിരുമേനിയാൽ ഭരിക്കപ്പെടുന്നത് ഏതു സമുദായത്തിനും ഐശ്വര്യകരവും ഭാഗ്യവും ആണെന്നുള്ളതിനു സംശയമില്ല. ഈ സമുദായത്തിന്മേൽ ദൈവകൃപ പ്രത്യേകമുണ്ടെന്നും ഇതുകൊണ്ട് ബോധ്യപ്പെടുകയും ചെയ്യുന്നു. നമ്മുടെ സമുദായത്തെ ബലഹീനതപ്പെടുത്തുന്ന കക്ഷിവഴക്കുകൾ ഇല്ലാതിരുന്നെങ്കിൽ തിരുമേനിയുടെ പ്രയത്നത്തിൽനിന്ന് ഇതുവരെ ഉണ്ടായിട്ടുള്ളതിൽ അധികമായ ഗുണങ്ങൾ സമുദായത്തിനു

സിദ്ധിക്കുമായിരുന്നു എന്ന് ആശപ്പെടുവാൻ അനേക കാരണങ്ങൾ ഉണ്ട്. ഭിന്നതനീങ്ങി ഏകഅനുസരണത്തിൽ എല്ലാവരും വരുന്നതിനു ദൈവം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് ഈ തിരുമേനിയുടെ കാലത്തുതന്നെ സംഭവിക്കുമെന്നും അങ്ങിനെ തിരിച്ചുവരുന്നവരുടെ ഗൗരവത്തിനു ഭംഗം വരുത്താതെ തിരുമേനി അവരെ വാത്സല്ലിക്കുമെന്നും ആണ് എന്റെ വിശ്വാസം. ആ യോജിപ്പ് ഉണ്ടായാലും ഇല്ലെങ്കിലും തിരുമനസ്സിലെ അധികാരത്തിൽ ഇരിക്കുന്ന സമുദായത്തിന്റെ ഐക്യത്തിനും ഐശ്വര്യത്തിനും ഭംഗം വരാതെ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിപ്പാനും യുവജനങ്ങൾക്കു ദൈവഭയത്തോടുകൂടി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ എല്ലാ ഇടവകകളിലും വർദ്ധിപ്പാനും പട്ടക്കാർക്കു ഉത്സാഹവും വരുമാനവും പടിപടിയായി കരേറിക്കൊണ്ടിരിക്കുന്നതിനു പള്ളിസ്വത്തുക്കളുടെയും മറ്റും കൈകാര്യത്തിൽ അയ്മേനികളുടെ യോജിപ്പും ഭരണസംബന്ധവും സഭയുടെ ബലത്തിനായി വ്യാപരിപ്പാനും തക്കവണ്ണം പൂർവ നടപടികളെ ഉറപ്പിച്ചു തിരുമനസ്സുകൊണ്ട് അങ്കുരിപ്പിച്ചിരിക്കുന്ന ഭരണരീതി വേണ്ടപോലെ വിശദമാക്കി സ്ഥാപിച്ച് നടപ്പിൽ വരുത്തി നിലനിർത്തുവാനും അങ്ങിനെ ഭിന്നിച്ചു നിൽക്കുന്നവർ തിരികെ വരുവാൻ ഒരു ആകർഷണശക്തിയോടുകൂടി ആ ഉത്തമ ഭരണരീതി എന്നും ശോഭിച്ചുകൊണ്ടിരിപ്പാനും ഈ തിരുമേനിയുടെ വൈഭവവും പരിചയവും ദൈവം ഇനിയും ഉപയോഗപ്പെടുത്തണമെന്നും പ്രത്യേകം അനുഗ്രഹിക്കപ്പെട്ടവർക്കു ദൈവം ഒരുങ്ങിയിരിക്കുന്ന ഇഹത്തിലെ വരങ്ങളാകുന്ന ദീർഘായുസ്സും സുഖവും ഐശ്വര്യവും സമാധാനവും ഇഹത്തിലും പരത്തിലും ദൈവത്തോടുള്ള നിരന്തരസംസർഗ്ഗവും നിഷ്കളങ്ക മനസ്സാക്ഷിയും തിരുമേനിക്കു ദൈവം നൽകണമെന്നുള്ള എന്റെ പ്രാർത്ഥനയിൽ നിങ്ങളെല്ലാവരും യോജിക്കുമെന്നുള്ള വിശ്വാസത്തെ പ്രസ്താവിച്ചുകൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

*(ഇടവകപ്പത്രിക 1901 കോനൂൻക്ദീം, പുസ്തകം 10, ലക്കം 12)*

# മാർ ദീവന്നാസ്യോസ് ജൂബിലി സ്കൂൾ, പിറവം

ദൈവത്താൽ സകലവിധത്തിലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വലിയതിരുമേനി മലങ്കരസഭയുടെ ചരിത്രത്തിൽ കേവലം അഭൂതപൂർവ്വമായ തന്റെ ജൂബിലിയാഘോഷാനന്തരം ചെയ്ത സഞ്ചാരത്തിൽ പിറവം എന്ന സ്ഥലത്തെത്തുകയും അവിടങ്ങളിലുള്ള മാന്യന്മാരായ പട്ടക്കാരുടേയും അത്മേനികളുടേയും ഉത്സാഹത്താൽ തന്റെ തിരുനാമ സ്മാരകമായി ഒരു ഇംഗ്ലീഷ് സ്കൂളിനു കല്ലിടുകയും ചെയ്തിരിക്കുന്നു. പിറവം, കരവഴിക്കും വള്ളം വഴിക്കും ചെന്നെത്താവുന്ന ഒരു നല്ല സ്ഥലമാണ്. മലംചരക്കു കച്ചവടത്തിന്റെ ഒരു മദ്ധ്യസ്ഥാനവുമാണ്. കൊച്ചിപ്പട്ടണവുമായി ഇടവിടാതെ സംസർഗ്ഗമുണ്ട്. പിറവത്തും അതിനു ചുറ്റും പല സുറിയാനിപ്പള്ളികളുമുണ്ട്. ഇങ്ങനെ പല കാരണങ്ങളാൽ പിറവത്ത് ഒരു ഇംഗ്ലീഷ് സ്കൂളിന്റെ ആവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്.

പിന്നെ ഇതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ സ്ഥിതി ആലോചിച്ചാൽ ഈ സ്കൂൾ നിർവിഘ്നം നടന്നുപോകുമെന്നു മാത്രമല്ല, നാലഞ്ചു കൊല്ലം കൊണ്ട് ഇതൊരു ഹൈസ്കൂളായിത്തീരാൻ ഇടയുണ്ടെന്നും ന്യായമായി ഊഹിക്കാവുന്നതാണ്. താൻ ഉദ്യോഗിക്കുന്ന കാര്യമെല്ലാം ദൈവാനുകൂല്യത്താൽ സഫലമായി കാണുന്ന വലിയ തിരുമേനിയുടെ സഹായവും അനുഗ്രഹവും ഈ സ്കൂളിനുണ്ടെന്ന് വിശേഷിച്ചു പറയണമെന്നില്ല. പിന്നത്തെ പ്രധാന ഭാരവാഹികൾ മുറന്തൂക്കിൽ ബ. അച്ചന്മാരാണ്. തങ്ങളുടെ പ്രശംസയ്ക്കോ ലാഭത്തിനോ ആയിക്കൊണ്ടല്ല ഇവർ ഇതിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് എനിക്ക് നല്ല നിശ്ചയമുണ്ട്. ഇവരേക്കാൾ അധികം വിനീതന്മാരും ശുദ്ധമായ ആന്തരത്തോടു കൂടിയവരും ആയ പട്ടക്കാരെ കോട്ടയത്തിന് വടക്കു കാണുമെന്നു ഞാൻ വിചാരിക്കുന്നില്ല. ദൈവകൃപയാൽ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ധനവും ജനസ്വാധീനതയും വിദ്യാഭ്യാസവും സജാതീയന്മാരുടെ ഉൽക്കർഷത്തിനും സമുദായ സൽകീർത്തിക്കും ആയി ഉപയോഗപ്പെടണമെന്നേ ഇവർ ആഗ്രഹിക്കുന്നുള്ളു. വടക്കുള്ള ചില പട്ടക്കാരിൽ കാണുന്ന നിഗളവും അസൂയയും ഇവർക്ക് അശേഷമില്ല. ചില പരിഷ്ക്കാരപ്പാതികൾക്കുള്ള പോലെ കുതിരഭ്രമമോ തൊപ്പിഭ്രമമോ ഒന്നും ഇവർക്കില്ല. പരോപകാരത്തിനെന്നും പറഞ്ഞ് പണപ്പിരിവു നടത്തിയശേഷം എല്ലാം വിഴുങ്ങിക്കളയുന്ന സ്വഭാവം ഇവർക്ക് അശേഷമില്ല. ഈ മാന്യ പട്ടക്കാരെ കഴിഞ്ഞാൽ ഈ സ്കൂൾ കാര്യത്തിൽ മുഖ്യമായി ഉത്സാഹിക്കുന്നത് പിറവത്ത് ഒരു കച്ചവട കമ്പനി ഏർപ്പെടുത്തിയിരിക്കുന്ന ചില മാന്യന്മാരാണ്. ഇവരും

തിരിച്ചറിവില്ലാത്ത ആടുകൾക്ക് സാക്ഷാൽ "ഇടയന്മാർ" ആകാൻ യോഗ്യതയും മോഹവും ഉള്ള പരമാർത്ഥികളാണ്. ഇങ്ങനെ എല്ലാം കൊണ്ടും ഈ ജൂബിലി സ്കൂളിന്റെ ഭാവി വളരെ വളരെ ഉത്സാഹജന കമാണെന്ന് അശേഷം അതിശയോക്തി കൂടാതെ പറഞ്ഞുകൊള്ളുന്നു.

തൽക്കാലം ഉപായത്തിൽ ചില കെട്ടിടങ്ങൾ തീർത്ത് ഉടനെ പഠിത്വം ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ശാശ്വതമായ ഒരു വലിയ കെട്ടിടം പണിയുന്നതിന് കല്ലു വെട്ടിക്കുക, മരം ശേഖരിക്കുക മുതലായ പണികൾ ആരംഭിച്ചിരിക്കുന്നു. പിറവത്തും അതിനു ചുറ്റുമുള്ള മാന്യ സുറിയാനിക്കാർ തങ്ങളുടെ ശക്തിപോലെ ഈ വകയ്ക്ക് സഹായിക്കു ന്നതിനു യാതൊരു മടിയും വിചാരിക്കുന്നില്ല. അയ്യായിരം രൂപ ചിലവിട്ട് ഒരു കെട്ടിടം പണിയിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ സംഖ്യ ഒരു പ്രയാസവും കൂടാതെ പിരിയുമെന്ന് ഇതിൽ ഏർപ്പെട്ടിരിക്കുന്ന ഒരു മാന്യൻ എന്നോടു ഈയിടെ പറയുകയുണ്ടായി. ആന്തരം ശുദ്ധമാക യാൽ ഇതിലധികവും സാധിക്കുമെന്നുള്ളതിന് സംശയമില്ല.

ഇതിൽനിന്ന് വടക്കർക്ക് പൊതുവെ ഒരു പാഠം പഠിക്കാനുണ്ട്. ഒന്നാ മത്, ആവശ്യമുള്ളതെന്ന് വടക്കരെ ബോദ്ധ്യപ്പെടുത്തുകയും ഭാരവാഹി കൾ വിനയവും ജനസമ്മതവും ഉള്ളവരായിക്കയും ചെയ്താൽ ഏതു സംഗതിയും വടക്കർക്ക് പരാശ്രയം കൂടാതെ നടത്താം. ജൂബിലി സ്മാരകം വകയ്ക്ക് നാലു ചക്രം കൊടുത്തുംവെച്ച് എന്റെ മുറ്റത്ത് ഒരു സിമ്മനാരി സ്ഥാപിക്കണമെന്ന് ശഠിക്കുന്ന വങ്ക പ്രഭുക്കന്മാർ പിറവത്തു കാരെ കണ്ടു പഠിച്ച് മറ്റു സ്ഥലങ്ങളിലും ഈ മാതിരി ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കാൻ നോക്കട്ടെ.

വടക്കർ ദുർവാശിയും വഴക്കും നീക്കിക്കളഞ്ഞ് ശുദ്ധമായ മനോസാ ക്ഷിയോടുകൂടി ഈവക നല്ല കാര്യങ്ങളിൽ അന്യോന്യം മൽസരിക്കട്ടെ. വടക്കരുടെ ഇടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇല്ലെന്നും മറ്റും വടക്കരിൽ ചില മാന്യന്മാർ ഈ പത്രം മുഖാന്തരം പ്രസംഗിക്കുകയും ഒരു വശത്തു ഉപ്പുകേറ്റുമ്പോൾ മറ്റേ വശത്തുകൂടി വെള്ളം കേറ്റാൻ മറ്റു ചിലർ ഉൽസാ ഹിക്കുകയും ചെയ്ത വിവരം വായനക്കാർ മറന്നിട്ടില്ലായ്കയാൽ ഇക്കാ ര്യത്തെപ്പറ്റി ഇപ്പോൾ ഒന്നും പറയുന്നില്ല.

**വി. എം.**

## ഒരു പുതിയ ഇഗ്ലീഷ് പള്ളിക്കൂടം

മൂവാറ്റുപുഴ താലൂക്കിൽ പിറവം ചന്തയിൽ ഒരു ഇഗ്ലീഷു പള്ളിക്കൂടം സ്ഥാപിപ്പാൻ ആലോചന നടന്നുവരുന്ന വിവരം ഇതിനു മുമ്പു പത്രങ്ങ ളിൽ ചിലർ സത്യമായിട്ടും നിന്ദ്യമായിട്ടും പ്രസ്താവിച്ചിരുന്നതു വായന

ക്കാർ ഓർക്കുമെന്നു വിശ്വസിക്കുന്നു. ഇതേ സംബന്ധിച്ചു നാലഞ്ചു മാസത്തെ ആലോചന നടന്നിട്ടും പള്ളിക്കൂടത്തിനുള്ള സ്ഥലംപോലും കൈവശം കിട്ടാതെയും നടപ്പില്ലാതെയും ഇരുന്നിരുന്നു എങ്കിലും ഇപ്പോൾ ദൈവകാരുണ്യത്താൽ നി.വ.ദി.ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ, ഇവിടേക്കുള്ള ആഗമനത്തോടുകൂടി സ്ഥലം പെട്ടെന്നു സ്വാധീനപ്പെടുകയും, കഴിഞ്ഞ ധനു മാസം 16-ാം തീയതി പകൽ 3 മണിക്കു പിറവത്തും സമീപമുള്ള പല പള്ളിക്കാരുടെ ഒരു വലിയ ജനക്കൂട്ടത്തോടും എതിരേല്പോടും കൂടി തിരുമനസ്സുകൊണ്ടു സ്ഥലത്തു എഴുന്നെള്ളുകയും പള്ളിക്കൂടം മാർ യൗസെപ്പ് ജൂബിലി സ്കൂൾ എന്ന നാമധേയത്തിൽ തൃക്കൈകളാൽ തന്നെ കല്ലിടപ്പെടുകയും ചെയ്തിരിക്കുന്ന വിവരം സന്തോഷപൂർവം പ്രസ്താവിക്കുന്നതിൽ വായനക്കാരും പ്രത്യേകിച്ച്, വടക്കെ ദേശത്തുള്ള സുറിയാനിക്കുട്ടികളുടെ ഉൽക്കൃഷ്ട വിദ്യാഭ്യാസം വകയ്ക്കു തക്കതായ പാഠകശാലകളില്ലാതെ ഇരിക്കുന്നതിനെപ്പറ്റി ഏറിയകാലമായി നെടുവീർപ്പോടെ വ്യസനിച്ചുകൊണ്ടിരിക്കുന്ന പല മാന്യ സഹോദരന്മാരും മലങ്കരസുറിയാനിക്കാരിൽ ഒരു പ്രധാന അംഗമായി ഗണിക്കപ്പെടുവാൻ തക്ക അർഹത ഉള്ളവരെങ്കിലും ഇപ്പോൾ മൂഢന്മാർ എന്നൊ ലുബ്ധന്മാർ എന്നൊ വിളിച്ചുവരുന്ന ഈ സമുദായശാഖയുടെ ഭാവി ശ്രേയസ്സിനെപ്പറ്റി നിഷ്കപടമായി ആഗ്രഹിച്ചിരിക്കുന്ന ഏവരും സന്തോഷിക്കാതെ ഇരിക്കയില്ലെന്നു വിശ്വസിക്കുന്നു.

പള്ളിക്കൂടം അതിനെ സഹായിക്കുന്ന ഏവർക്കും സ്വാതന്ത്ര്യമായിരിപ്പാൻ തക്കവണ്ണമാണ് ഏർപ്പാടു ചെയ്തിരിക്കുന്നത്. അതിനാൽ തത്സമയം കൂടപ്പെട്ടിരിക്കുന്ന മഹാന്മാർ തങ്ങളുടെ മനം തെളിഞ്ഞ് ഒരു വലിയ സംഖ്യ തിരുമുമ്പാകെ വച്ചു സമ്മതിച്ചു പിരിവിടുകയും ചെയ്തിരിക്കുന്നു.

ഇതേ സംബന്ധിച്ച് പലതും പറവാനുണ്ട് എങ്കിലും ഇവിടെ ഒരു പള്ളിക്കൂടം സ്ഥാപിക്കണമെന്ന് തിരുമനസ്സിലേക്കും മറ്റും മുന്നാലോചനയും മുൻകരുതലും ഉണ്ടായിരുന്നതിനെ ഇപ്പോൾ മലങ്കര സുറിയാനിക്കാർ എന്നു മാത്രമല്ല വലിയ വലിയ ഉദ്യോഗസ്ഥന്മാർ മുതലായി പല മാന്യന്മാരും കമ്പികളാലും അനുമോദകത്തുകളാലും തിരുമേനിയെ സന്തോഷിപ്പിച്ചുവരുന്നു. തിരുമനസ്സിലെ ജൂബിലികാലമായ ഈ ശുഭസന്ദർഭത്തിൽ ഇങ്ങിനെയും ഒരു സന്തോഷം തിരുമനസ്സിലേക്കു വരത്തക്കവണ്ണം താല്പര്യത്തോടുകൂടെ ഉത്സാഹിച്ചു പ്രവൃത്തിച്ച പള്ളിക്കാർക്കും മറ്റും സാമാന്യത്തിലധികം ചാരിതാർത്ഥ്യം ഉണ്ടെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലൊ.

*(ഇടവകപ്പത്രിക 1902 ശ്ബോത്ത്, പുസ്തകം 11, ലക്കം 2)*

# രാജിയാലോചന

സുറിയാനിസഭയിൽ ഇപ്പോൾ ഉള്ള വ്യവഹാരങ്ങൾക്കു ഹേതുവായ കക്ഷിതർക്കങ്ങൾ അന്യോന്യം രാജിപ്പെട്ടു തീരണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഈയിടെ തിരുവനന്തപുരത്തു നടന്ന ആലോചനയെപ്പറ്റി കഴിഞ്ഞ ഒരു 'കേരളതാരക'യിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി കാണുന്നു. ആ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗങ്ങൾ അസംഭവ്യങ്ങളും വാസ്തവവിരോധങ്ങളും ആണെന്നു ലേഖനം തന്നെ കാണിക്കുന്നുണ്ട്. ആലോചനാസംഘത്തിൽ പ്രധാന ഭാരവാഹിയായിരുന്ന നി.വ.ദി.ശ്രി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മേൽ കുറ്റം ആരോപിക്കുവാനും ലേഖകനു ഉദ്ദേശ്യമുണ്ടെന്നു കാണുന്നു.

മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായും നവീകരണതലവനും എഡ്യുക്കേഷ്യൻ സിക്രട്ടറി അവർകളുടെ ഭവനത്തിൽ ഒരു ദിവസം യാദൃച്ഛികമായി കൂടിയ സന്ദർഭത്തിൽ രാജി ആലോചന സിക്രട്ടറി അവർകളിൽ നിന്നു പുറപ്പെട്ടു എന്നും അപ്പോൾ ഭിന്നകക്ഷികൾ യോജിച്ച് ഏകയോഗമായി പോകണമെന്നുള്ളതു ഇരുഭാഗത്തെയും ആഗ്രഹമായിരുന്നു എന്നും താരകാ ലേഖകൻ സമ്മതിക്കുന്നതിനു പുറമെ "പാത്രിയർക്കീസുബാവായുടെ രേഖാമൂലമായ അനുമതിയോടുകൂടിയ ചില വ്യവസ്ഥകൾ അനുസരിച്ചു രാജിയാവാൻ" തയ്യാറുണ്ടെന്നു നവീകരണ ഭാഗത്തുനിന്നും അങ്ങിനെ അനുവാദം കിട്ടുന്നതു അസാദ്ധ്യമെന്നു എതിർഭാഗത്തുനിന്നും പ്രസ്താവിച്ചതായും ആ കാരണത്താൽ പള്ളികൾ പങ്കിട്ടു പിരിഞ്ഞു വ്യവഹാരം നിർത്തിവയ്ക്കയും പിന്നീട് കല്പനയ്ക്കു ശ്രമിച്ചു സാധിക്കുന്നതായാൽ ഏകയോഗമായി പോകുകയും ചെയ്യാമെന്ന് ആലോചിച്ചു. അതിലേക്ക് പള്ളിയിൽ യോഗം കൂടിയതായും പ്രസ്തുത ലേഖനത്തിൽ പ്രസ്താവിച്ചു കാണുന്നു. എന്നാൽ പള്ളിയിൽ യോഗം കൂടിയപ്പോൾ, കുറുബാന രണ്ടായി കൊടുക്ക, അരക്കുറുബാന തക്സാ ഉപയോഗിക്ക മുതലായ നവീകരണ നടപടികൾ അനുവദിച്ചു ബാവായുടെ കല്പന വരുത്തിയിരുന്നു എന്ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ പ്രസ്താവിച്ചതായും ഈ പ്രസ്താവനയ്ക്കു പിമ്പു ആരംഭിച്ച നടപടി പള്ളികൾ പങ്കിടുന്നതിനു ലിസ്റ്റു തയ്യാറാക്കുകയായിരുന്നു എന്നും കൂടെ ലേഖകൻ പറയുന്നുണ്ട്.

രാജിയുടെ പ്രധാന ഉദ്ദേശ്യം യോജിപ്പാണെന്ന് ഇരു കക്ഷികളും സമ്മതിക്കയും ആഗ്രഹിക്കയും, യോജിപ്പിനു ആവശ്യമെന്നു ഒരു കക്ഷി ആവശ്യപ്പെട്ട അനുവാദകല്പന ഉണ്ടെന്നു മറുഭാഗത്തുനിന്നു സമ്മതിക്കയും ചെയ്തതു വാസ്തവമായിരുന്നാൽ, പിന്നീടു പള്ളി പങ്കിടുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കി എന്നു പറയുന്നതു യുക്തിക്കും ഇരുകക്ഷികളുടെ

സമ്മതപ്രകാരമുള്ള രാജിയുടെ ഉദ്ദേശ്യത്തിനും അനുരൂപമായിരിക്കുന്നി ല്ലെന്നു പ്രഥമ ദൃഷ്ടിയിൽ ആർക്കും ബോദ്ധ്യപ്പെടുന്നതാണ്. പാത്രിയർ ക്കീസുബാവായിൽനിന്നു നവീകരണത്തിനു അനുവാദ കല്പന വന്നി ട്ടുണ്ടെന്നു മെത്രാപ്പോലീത്താ അവർകൾ പ്രസ്താവിച്ചു എന്നു പറയു ന്നതു ശരിയായിരുന്നാൽ എതിർഭാഗത്തു ഹാജരുണ്ടായിരുന്ന മുൻസിപ്പു മുതലായ മഹായോഗ്യന്മാർ ആ വാക്കിനെ പിടിച്ചുംകൊണ്ടു അവർക്കും പരമ ആഗ്രഹമാണെന്നു ഭാവിക്കുന്ന യോജിപ്പിനെപ്പറ്റി ആലോചിപ്പാൻ ഇടയുണ്ടായിരുന്നു. അതുകൂടാതെ പിന്നെയും പള്ളികളുടെ ലിസ്റ്റ് എഴു തുകയാണ് ചെയ്തതെന്നു താരകാ ലേഖകൻ പറയുന്ന സമ്മതം അദ്ദേ ഹത്തിന്റെ പ്രസ്താവനയുടെ അസാധുത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നു. അതിനാൽ താരകാ ലേഖനം നടന്ന സംഭവങ്ങളുടെ യഥാർത്ഥ വിവര ണമല്ലെന്നു ധാരാളം ബോദ്ധ്യപ്പെടാം.

എന്നാൽ സംഗതികളുടെ വാസ്തവം ഞങ്ങൾ പറയാം. സഭ യോജി ച്ചുപോകണമെന്നുള്ളതു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർ കൾക്കും തന്റെ കീഴുള്ള എല്ലാവർക്കുമുള്ള ഒരു വലിയ ആഗ്രഹമാണ്. യോജിക്കുന്നതിലേക്കു സുറിയാനിസഭയുടെ വിശ്വാസോപദേശങ്ങൾക്കും കാനോനായ്ക്കും വിരോധമില്ലാത്ത കേവലം ആചാരനടപടികളിൽ വല്ല വിടുതലൊ അനുവാദമൊ വേണ്ടിയിരുന്നാൽ അനുവദിക്കുന്നതിനും തയ്യാ റുണ്ട്. ഈ വിധത്തിൽ ഉള്ള ചില വ്യത്യാസങ്ങൾ അനുവദിക്കാമെന്നു തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുമുണ്ട്. നവീകരണം യഥാസ്ഥിതിയിൽ നടത്തുവാൻ ബാവായുടെ അനുവാദം ചോദിക്കുകയാകട്ടെ, വരുത്തുക യാകട്ടെ, വരുമെന്നു ആശയാകട്ടെ ഇല്ലാതിരിക്കെ, അനുവാദം വരുത്തി യെന്നു കല്പിക്കുകയുമില്ല. കല്പിക്കാവുന്നതുമല്ല. വിശ്വാസവിഷയ ത്തിൽ യഥേഷ്ടം നടക്കാനുള്ള സ്വാതന്ത്ര്യത്തോടു കൂടി ഒരു രാജി ഉണ്ടാ യിട്ടു മലങ്കര ഒട്ടുക്കു ഭരിക്കാമെന്നും മറ്റും ദുർമ്മോഹമുള്ളവർ, ആചാര വിഷയത്തിൽ ചില വിടുതലുകൾ അനുവദിക്കാമെന്നു പറയുന്ന സമ്മതം നവീകരണം മുഴുവൻ അംഗീകരിക്കാമെന്നുള്ള അർത്ഥത്തിൽ മുൻവിധി യായി ധരിച്ചുംകൊണ്ടോ ഭാവിച്ചുംകൊണ്ടോ വൃദ്ധനായ ആ തിരുമേ നിയെ ഭോഷൻ കളിപ്പിക്കാമെന്നു ചിലർക്കുണ്ടായിരുന്ന ദുരാശ നിരാശ യായിത്തീർന്നപ്പോൾ ലേഖകൻ മതിമറന്നു പൂർവാപര വിരുദ്ധങ്ങൾ എഴു തിപ്പോയതാണെന്നു തോന്നുന്നു.

ഈ രാജി ആലോചനയിൽ നടന്ന വേറൊരു വിശേഷം പ്രസ്താവി ക്കേണ്ടതായുണ്ട്. ഇപ്പോൾ വ്യവഹാരത്തിൽ ഇരിക്കുന്നവയും അല്ലാത്ത വയുമായ പള്ളികളിൽ മിക്കവയും കുറെ മുതൽ പറ്റിക്കൊണ്ടു ഒഴിയാ മെന്നു നവീകരണതലവൻ സമ്മതിച്ചതായിട്ടാണ് താരകാ ലേഖകൻ പ്രസ്താവിക്കുന്നത്. ആലോചനയ്ക്കായി തിരുവനന്തപുരത്തു ഹാജരായ

മഹാന്മാർ ഉൾപ്പെട്ട പള്ളികൾ ഒഴികെ വീട്ടിൽ താമസിക്കുന്നവരുടെ പള്ളികൾ ഒഴിഞ്ഞേക്കാമെന്നായിരുന്നു സമ്മതത്തിന്റെ ചുരുക്കം. മാവേലിക്കര പള്ളി ഒഴിഞ്ഞേക്കാമെന്നു ഒരു ചെങ്ങന്നൂർക്കാരനും നിരണത്തുപള്ളി ഒഴിഞ്ഞേക്കാമെന്നു ഒരു കൊട്ടാരക്കരക്കാരനും സമ്മതിച്ചാൽ ആ സമ്മതത്തിന്റെ ബലം എത്രമാത്രമെന്നു വായനക്കാർക്കു ഊഹിക്കാമല്ലൊ. നവീകരണ പ്രതിപുരുഷന്മാരുടെ ഉദ്ദേശ്യം എന്തായിരുന്നു എന്നുവച്ചാൽ അവരെ സംബന്ധിക്കാതെ അങ്ങുമിങ്ങുമുള്ള ആരാന്റെയും പള്ളികൾ വിട്ടുകൊടുത്തേക്കാമെന്നുള്ള അർത്ഥമില്ലാത്ത അവരുടെ സമ്മതത്തുമ്മേൽ അനേകായിരം രൂപായും പത്തിരുപതു വർഷത്തെ അദ്ധ്വാനവും വ്യയം ചെയ്തു സമ്പാദിച്ച വിധികളെ ന്യൂനതപ്പെടുത്തുന്ന ഒരു രേഖ ക്ഷണനേരം കൊണ്ടു സമ്പാദിച്ചു കളയാമെന്നായിരുന്നു. ഉരച്ചുനോക്കിയപ്പോൾ വലിയ തിരുമേനിയുടെ വൃദ്ധത ഈ കൗശലത്തിൽ അകപ്പെട്ടുപോകുവാൻ തക്കതല്ലെന്നു ബോധ്യപ്പെട്ടതിൽ താരകാ ലേഖകൻ ഇഛാഭംഗം കൊണ്ടു ഭ്രമിച്ചിട്ടു വലിയതിരുമേനിയുടെ മേൽ അപവാദം പറയുന്നതിൽ ഞങ്ങൾ ക്ലേശിക്കുന്നില്ല.

എന്നാൽ താരകാ ലേഖകന്റെയും, ഉപായത്തിൽ രാജിയാകാമെന്നു വിചാരിക്കുന്ന ഏവരുടേയും അറിവിനു വേണ്ടി ഞങ്ങൾ ഒരിക്കൽ കൂടി വെളിവായി പറയുന്നതു എന്തെന്നാൽ:-

വ്യവഹാരം ഒതുക്കി ഭിന്നകക്ഷികൾ രാജിയായി ഏകസഭയും ഏകനായകത്വവുമായി കണ്ടാൽകൊള്ളാമെന്നുള്ളതു ഞങ്ങൾ ഏവരുടേയും പരമാഗ്രഹമാകുന്നു. എന്നാൽ തന്നിഷ്ടമായും തോന്നിയാസമായും നടക്കുവാനുള്ള സ്വാതന്ത്ര്യത്തോടുകൂടിയ ഒരു രാജി ഉണ്ടാകുമെന്നും അങ്ങനെ സാധിച്ചുകൊള്ളാമെന്നും ആരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അതു ഭോഷത്വമാണ്. സുറിയാനിസഭയുടെ ഉപദേശസംബന്ധമായ യാതൊരു സംഗതിയിലും വിടുതൽ അനുവദിക്കുന്നതല്ല. കാനോനായെയും ഉപദേശത്തെയും സംബന്ധിക്കാത്തവയും എപ്പിസ്ക്കോപ്പന്മാർക്കു ദേശാവസ്ഥയും കാലാവസ്ഥയും അനുസരിച്ചു ഭേദപ്പെടുത്തുവാൻ സ്വാതന്ത്ര്യമുള്ളവയുമായ കേവലം ആചാരമര്യാദകളിൽ വല്ല മാറ്റവും വേണ്ടിയിരുന്നാൽ അതിനു വിരോധവുമില്ല. ഇങ്ങനെയല്ലാതെ, മനസ്സിൽ കള്ളം വച്ചുകൊണ്ടുള്ള രാജി ആലോചനയ്ക്ക് ആരും പുറപ്പെടുകയും വേണ്ടാ. സഭയുടെ പരമ ഉദ്ദേശ്യം കല്ലും കുമ്മായവും കിട്ടണമെന്നല്ല. സഭ ഏകവിശ്വാസത്തിലും ഏകയോഗമായും യോജിക്കണമെന്നു മാത്രമാകുന്നു. അതിനു എതിർ കക്ഷിക്കു മനസ്സില്ലെങ്കിൽ വ്യവഹാരം ഒഴിക്കുവാൻ ഒരു മാർഗ്ഗമുള്ളതു പുത്തൻകാവുപള്ളിക്കാർ ബുദ്ധിപൂർവം ചെയ്ത നടപടിയാണ്. കക്ഷത്തിൽ ഇരിക്കുന്നതുപോകാതെ ഉത്തരത്തിൽ ഇരിക്കുന്നതു കിട്ടുമെന്നു ആരും സംശയിക്കയും വേണ്ടാ.

*(ഇടവകപ്പത്രിക 1902 ശ്ബൊത്ത്, പുസ്തകം 11 ലക്കം 2)*

# പിറവം ഇംഗ്ലീഷു പള്ളിക്കൂടം

ഈ പള്ളിക്കൂടത്തെ സംബന്ധിച്ചു അതിന്റെ ഭാരവാഹികളിൽ ഓരോരുത്തർ ഇതേവരെ നടത്തീട്ടുള്ള ജോലികൾക്കു ഒരു ലിസ്റ്റ് കിട്ടണമെന്നു പത്രികയിൽ ഒരു ഭാരവാഹി ആവശ്യപ്പെട്ടിരിക്കുന്നതായി കാണുന്നു. ഭാരവാഹി അവർകൾ പള്ളിക്കൂടത്തിന്റെ വേല നടത്തിപ്പിനെപ്പറ്റിയോ പണപിരിവിനെപ്പറ്റിയോ ഉള്ള വിവരം ആവശ്യപ്പെടേണ്ടതിനു പകരം പള്ളിക്കൂട ഭാരവാഹികളിൽ ഓരോരുത്തരുടെ ജോലികൾക്കു പ്രത്യേക ലീസ്റ്റ് കിട്ടണം എന്നു ആവശ്യപ്പെട്ടതിന്റെ ഉദ്ദേശ്യം എന്താണെന്നു മനസ്സിലാകുന്നില്ലാ.

മുമ്പൊരിക്കൽ മുഖസ്തുതി പറവാൻ അശേഷവും ലജ്ജ തോന്നാത്ത വി. എം. എന്നൊരു ലേഖകൻ ഈ പള്ളിക്കൂടത്തെപ്പറ്റി ചിലതെല്ലാം പ്രസ്താവിച്ച കൂട്ടത്തിൽ കോട്ടയത്തിനു വടക്കുള്ള പട്ടക്കാരെ അനാവശ്യമായി പൊതുവെ ആക്ഷേപിക്കയും ചില പട്ടക്കാരെ അകാര്യമായി അതിരില്ലാതെ സ്തുതിക്കയും ചെയ്തതായി ഓർക്കുന്നുണ്ട്. ഈ വിദ്വാന്റെ ലേഖനം മൂലം പള്ളിക്കൂടത്തിനു സംഭവിച്ചതായി ഭാരവാഹി അവർകൾ പ്രസ്താവിച്ചിരിക്കുന്ന ദൂഷ്യങ്ങൾ ഒന്നും പണിനടത്തിപ്പിൽ കാണുന്നില്ലാ എങ്കിലും ചില ശാങ്ങുകൾ നേരിട്ടിട്ടുണ്ടെന്നു പള്ളിക്കൂട ഭാരവാഹികളിൽ ചിലർ പ്രസ്താവിച്ചതായി ഞാനും കേട്ടിട്ടുണ്ട്. ഭാരവാഹി അവർകൾ ഇപ്പോൾ ലീസ്റ്റ് ആവശ്യപ്പെട്ടതിന്റെ ഉദ്ദേശ്യം ആ മുഖസ്തുതിക്കാരന്റെ ലേഖനത്തെ ഒന്നു ചെമ്പുതെളിക്കാൻവേണ്ടി അല്ലയൊ എന്നു കൂടി സംശയിക്കുന്നു. പത്രികയിലെ ഈവക ലേഖനങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ എഴുത്തുകാർക്കു ഈ പള്ളിക്കൂടം ഒരു പിള്ളേർകളി ആക്കിത്തീർത്താൽ കൊള്ളാമെന്നു ആഗ്രഹമുള്ളതായി കാണുന്നു.

ഇങ്ങനെയെല്ലാമിരുന്നാലും പള്ളിക്കൂട ഭാരവാഹികൾ ഇതൊന്നും ഗണ്യമാക്കാതെ കണ്ണും അടച്ചുകൊണ്ടു പള്ളിക്കൂടം അതിന്റെ സ്ഥാപകനായ തിരുമേനിയുടെ ഉദ്ദേശ്യസാദ്ധ്യത്തിനു താമസിയാതെ തുറക്കപ്പെടുവാൻ തക്കവണ്ണം ഉത്സാഹത്തോടെ പണികൾ നടത്തിച്ചുവരുന്നതായി അറിയുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

എന്ന് ഒരു പള്ളിക്കൂടം പ്രിയൻ

*(ഇടവകപ്പത്രിക 1902 ഓഗ് - ചിങ്ങം, പുസ്തകം 11, ലക്കം 8)*

# കാലം ചെയ്ത നിരണം മുതലായ ഇടവകകളുടെ നി.വ.ദി.ശ്രീ. മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു

"കൊച്ചുമെത്രാച്ചൻ" എന്നുള്ള സാധാരണ പേരിൻപ്രകാരം വിളിക്കപ്പെട്ടിരുന്ന ഈ വന്ദ്യപിതാവ് എല്ലാവരേക്കാൾ "വലിയ മെത്രാച്ചൻ" എന്ന പദവിയ്ക്കു അർഹനായതുപോലെ ഈ മാസം 20–നു ഞായറാഴ്ച അസ്തമിച്ചു അർദ്ധരാത്രി കഴിഞ്ഞു ഇഹലോകവാസം വെടിഞ്ഞു കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു എന്നുള്ള ഏറ്റവും വ്യസനകരമായ വാർത്തയെ എഴുതുവാൻ ഞങ്ങൾക്കു മനൊശക്തിയും കൈകോട്ടവും ഇല്ലെന്ന് ആദ്യമെ പ്രസ്താവിച്ചുകൊള്ളുന്നു. മരണഹേതുവായ രോഗത്തെക്കുറിച്ചു പത്രമുഖേനയും അല്ലാതെയും വായനക്കാർ അപ്പപ്പോൾ അറിഞ്ഞുകൊണ്ടിരുന്നതിനാൽ വിസ്താരമായി ഒന്നും പറയേണ്ട ആവശ്യകത നേരിടുന്നില്ല. മുമ്പേതന്നെ ഇദ്ദേഹം അർശ്ശസ് രോഗിയാണ്. സഭയാൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള എല്ലാ ഉപവാസങ്ങളും ഓരോ സംഗതി പ്രമാണിച്ച് വിശേഷാൽ ഉപവാസങ്ങളും നിർവിഘ്നം അനുഷ്ഠിച്ചുകൊണ്ടിരുന്ന ആളായിരുന്നതിനാൽ കായബലം പണ്ടേതന്നെ ഇല്ലായിരുന്നു. ആ സ്ഥിതിയ്ക്ക് അർശ്ശസിന്റെ ഉപദ്രവം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. പോയ കന്നിമാസാദ്യം ഉണ്ടായ സാമാന്യമല്ലാത്ത ഈ വക ഉപദ്രവത്തിന്റെ ശമനത്തിനുവേണ്ടി പ്രത്യേക ഔഷധം സേവിച്ചു വയറിളക്കിയതിന്റെ ശേഷം കഠിനമായ ചില സംഭ്രമങ്ങളും വേദനകളും ആരംഭിച്ചതു നിർത്താൻവേണ്ടി ചില തല്ക്കാല ഔഷധങ്ങൾ സേവിച്ചതിനാൽ യാതൊരു പ്രയോജനവും കാണാഴികയാൽ അപ്പാത്തിക്കരിയെ വരുത്തി മുറയ്ക്കു തന്നെ ചികിത്സ നടത്തിയിട്ടും രോഗം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഇടയ്ക്കു ചില സുഖ ലക്ഷണങ്ങൾ കാണുകയും രോഗശമനത്തിനായി സർവഥാ ആഗ്രഹിച്ചും പ്രാർത്ഥിച്ചുംകൊണ്ടിരുന്ന ആളുകൾ ഇവയെ ശുഭലക്ഷണങ്ങളായി എടുക്കുകയും ചെയ്തതിനാൽ സുഖം എന്നുള്ള ശബ്ദം അധികമായി പ്രസ്താവിച്ചു വന്നിരുന്നു. ഇംഗ്ലീഷ് വൈദ്യത്തിലും നാട്ടുവൈദ്യത്തിലും പ്രസിദ്ധന്മാരായ വൈദ്യന്മാരുടെ സകല പരിശ്രമങ്ങളും നിഷ്ഫലമായി എന്നു മാത്രം പറഞ്ഞാൽ മതിയാകും. വാസ്തവത്തിൽ രോഗലക്ഷണങ്ങൾ എല്ലാം ഒന്നിനൊന്നിന് കുറകയായിരുന്നു എന്നായിരുന്നു വൈദ്യന്മാർക്കും ഉണ്ടായിരുന്ന അഭിപ്രായം. പരിഹരിപ്പാൻ പാടില്ലാതെ തീർന്നതു ക്ഷീണമാ

യിരുന്നു. ഇതിനെ നീക്കുവാൻ ഏകമാർഗ്ഗമായ ഭക്ഷണത്തിനു രുചിയും അല്പമായി ചെല്ലുന്ന ഭോജനസാധനങ്ങളെ ദഹിപ്പിക്കാൻ ശക്തിയും ഇല്ലാതെ പോയി.

ലഘുവായ ഒരു രോഗം പിടിപെട്ടാൽപോലും ഉടൻതന്നെ ലോക സംബന്ധമായ സകല വിചാരങ്ങളും ഒഴിച്ചു മരണത്തിനായി ഒരുങ്ങു ന്നത് ഇദ്ദേഹത്തിന്റെ ഒരു സഹജമായ സമ്പ്രദായമായിരുന്നു. ഈ പ്രാവ ശ്യമൊ രോഗം കഠിനവും മരണത്തിലേക്കുള്ളതുമാണെന്നു ആദ്യമേ തന്നെ താൻ നിശ്ചയിക്കുകയും തന്നെപ്രതി ആരും ബുദ്ധിമുട്ടുകയും മുഷികയും ചെയ്യണ്ട എന്നു വിരോധിക്കുകയും ചെയ്തുകൊണ്ടിരുന്നു എങ്കിലും അദ്ദേഹത്തിന്റെ രോഗം സുഖപ്പെട്ടു കാണ്മാൻ ആഗ്രഹിച്ചിരുന്ന ജനങ്ങൾ അതിൽ വഴിപ്പെടുകയില്ലെന്നു പറയണ്ടാല്ലൊ. രോഗാരംഭത്തിൽ തന്നെ അന്ത്യകൂദാശ കഴിക്കപ്പെടുകയും മരണദിവസം കാലത്ത് അദ്ദേ ഹത്തിന്റെ അപേക്ഷപ്രകാരം കന്തീലാ എന്ന പ്രധാന അന്ത്യ ശുശ്രൂഷ നടത്തപ്പെടുകയും ശുദ്ധമാന കുർബ്ബാന കൈക്കൊൾകയും ചെയ്തു. മരണത്തിനു അല്പം മുമ്പു വരെ നല്ല ബോധം ഉണ്ടായിരുന്നു. തന്റെ മരണത്തെക്കുറിച്ച് മുന്നറിവൊ വെളിപാടൊ ഉണ്ടായിരുന്നു എന്നു തോന്നു മാറ് 18-ാം തീയതി അടുത്തു നിന്നവരോടു ഇന്ന് എത്രാം തീയതിയാ ണെന്നു ചോദിക്കുകയും 18-ാം തീയതി എന്നു മറുപടി കേട്ടശേഷം "കർ ത്താവേ, ഇനി രണ്ടു ദിവസം കൂടെ ഈ കഷ്ടത ഞാൻ സഹിക്കണെ മല്ലൊ'' എന്നു പറഞ്ഞുംകൊണ്ട് തനിക്കു വേണ്ടിയും സഭയ്ക്കു വേണ്ടിയും തനിക്കു ശുശ്രൂഷിക്കുകയും മറ്റും ചെയ്തവർക്കു വേണ്ടിയും എരിവോടു കൂടി ഒരു പ്രാർത്ഥന കഴിക്കയുണ്ടായി. അതിനാൽ തന്റെ മരണം 20-ാം തീയതി സംഭവിക്കണമെന്ന് എന്തൊ ഒരു മുൻ അറിവുണ്ടാ യിരുന്നതുപോലെ തോന്നുന്നു. നമ്മുടെ ദൃഷ്ടിയിൽ നിന്നു മറഞ്ഞിരി ക്കുന്ന ഈ പിതാവിന്റെ ജീവചരിത്രം പ്രസ്താവിക്കുവാൻ പത്രസ്ഥലം മതിയാകുന്നില്ലെങ്കിലും ചുരുക്കത്തിൽ പറയേണ്ടതു ആവശ്യമാണ്.

ഇദ്ദേഹം മുളന്തുരുത്തി കണ്ടനാട് ഈ രണ്ടു പള്ളികളിലും ഇടവക അവകാശമുള്ള ചാത്തുരുത്തിൽ കുടുംബത്തിൽ ജനിച്ചു. ഈ കുടുംബം മുമ്പേതന്നെ പട്ടക്കാർ ഉണ്ടായിട്ടുള്ളതും വളരെ സ്വത്തുള്ളതുമാണ്. ഇദ്ദേഹം ബാല്യത്തിൽതന്നെ ദൈവഭക്തനായിരുന്നു. കഴിഞ്ഞുപോയ മാർ കൂറിലോസ് ബാവായിൽ നിന്ന് ശംശാനൂസാ, കശീശൂസാ ഈ സ്ഥാനങ്ങൾ പ്രാപിച്ചു കുറച്ചുകാലം മുളന്തുരുത്തി, കണ്ടനാട് ഈ രണ്ടു പള്ളികളിലും ജോലി നോക്കിയശേഷം പള്ളിഭരണമൊ ദ്രവ്യലാഭമൊ ലോകബഹുമാനമൊ വേണ്ടെന്നു നിശ്ചയിച്ചു ലോകം ഉപേക്ഷിച്ച് ദൈവ ത്തിനായി മാത്രം ജീവിക്കണമെന്ന് സ്വയമേവ നിശ്ചയിച്ച് മാർ ദീവന്നാ സ്യോസു മെത്രാപ്പോലീത്താ തിരുമേനിയെ ഈ ആഗ്രഹം

ഗ്രഹിപ്പിക്കുകയും അദ്ദേഹത്തിൽ നിന്നു റെമ്പാൻ സ്ഥാനം വാങ്ങി വെട്ടിയ്ക്കൽ ദയറായിൽ പ്രവേശിച്ച് പ്രാർത്ഥനയിലും ധ്യാനത്തിലും വേദവായനയിലും സമയംപോക്കി ഏകാകിയായി താമസിക്കുകയും ചെയ്തിരിക്കുമ്പോൾ ആയിരുന്നു കാലം ചെയ്ത പാത്രിയർക്കീസ് ബാവായുടെ എഴുന്നെള്ളത്തുണ്ടായത്. ഇദ്ദേഹം സുറിയാനി ഭാഷയിലും വേദജ്ഞാനത്തിലും ഒരു നല്ല പണ്ഡിതൻ ആയിരുന്നതിനാൽ ബാവാ ഇദ്ദേഹത്തെ തന്റെ സിക്രട്ടെറിയാക്കി കൂടെ താമസിപ്പിച്ചിരുന്നു. ഇങ്ങനെ ഇരിക്കുമ്പോൾ പുതിയ മെത്രാന്മാരെ വാഴിക്കണമെന്ന് നിശ്ചയിച്ചതിനോടു കൂടി ബാവാ ഇദ്ദേഹത്തെയും തിരഞ്ഞെടുത്തു. മാർ അന്തോനിയോസിനെപ്പോലെ ഒരു ദയറായക്കാരനായി ജീവിതകാലം മുഴുവനും കഴിച്ചുകൂട്ടണമെന്ന് ആഗ്രഹിച്ചിരുന്ന ഇദ്ദേഹത്തിന് ഈ തിരഞ്ഞെടുപ്പ് ഒട്ടും തൃപ്തികരമായിരുന്നില്ലെങ്കിലും ശൂരനായിരുന്ന ബാവായുടെ ശാസനയെ ഭയന്ന് സമ്മതിച്ചു. 1876-ാമാണ്ടു വൃശ്ചിക മാസം 21-ാം തീയതി പറവൂർ പള്ളിയിൽ വെച്ച് മാർ ഗ്രീഗോറിയോസ് എന്ന പേരോടു കൂടി മെത്രാപ്പോലീത്താ സ്ഥാനം കൈക്കൊൾകയും നിരണം മുതലായ പള്ളികൾ ഉൾപ്പെട്ട ഇടവകയ്ക്ക് സ്ഥാത്തിക്കോനും അധികാരവും പ്രാപിക്കയും ചെയ്തു. പിന്നീട് തുമ്പമൺ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്താ അവർകൾ കാലം ചെയ്തപ്പോൾ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം ആ ഇടവകയിൽ ഉൾപ്പെട്ട പള്ളികളും ഇദ്ദേഹത്തിന്റെ ഭരണത്തിൽ ഏല്പിച്ചു കൊടുത്തതിനു പുറമെ, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രത്യേക ഭരണത്തിൽ ഇരുന്നിരുന്ന കൊല്ലം ഇടവകയും അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ നോക്കിക്കൊള്ളുന്നതിനു അനുവദിച്ചിരുന്നതിനാൽ കോട്ടയത്തിനു തെക്കുള്ള മൂന്നു മെത്രാസനഇടവകകളും ഈ വന്ദ്യ പുരോഹിതന്റെ ഭരണത്തിൽ ആയിരുന്നു. ദൈവഭക്തി, കൃത്യനിഷ്ഠ, പ്രസംഗ ചാതുര്യം, പരമാർത്ഥത, മതാചാരങ്ങളിൽ പ്രതിപത്തി ഇത്യാദി ഗുണങ്ങൾ തന്നിൽ നിഷ്കളങ്കം ശോഭിച്ചിരുന്നതിനാൽ ലൌകിക സാമർത്ഥ്യങ്ങൾ ഒന്നും കൂടാതെ അനേകം പള്ളികളേയും ജനങ്ങളെയും സമാധാനത്തിൽ ഭരിച്ചുകൊണ്ടു പോകുവാൻ ഇദ്ദേഹത്തിന് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. താൻ ദൈവത്തിന്റെ ഒരു സാക്ഷാൽ ദൂതനാണെന്നുള്ള ബോധ്യം മനുഷ്യരിൽ ഒന്നുപോലെ വ്യാപിച്ചിരുന്നതിനാൽ തന്റെ ആജ്ഞയെ അനുസരിപ്പിക്കുന്നതിനും സഭയെ ഭരിക്കുന്നതിനും സർക്കുലർ ഉത്തരവും വിളംബരവും ആവശ്യമില്ലെന്നുള്ളതിനു ഇദ്ദേഹം ഒരു നല്ല ദൃഷ്ടാന്തമായിരുന്നു.

ഇടക്കാലത്തു മലങ്കര ഒട്ടുക്കുള്ള റിശീസാ പിരിവിന്റെ ചുമതല പാത്രിയർക്കീസു ബാവായുടെ കല്പനയാൽ ഇദ്ദേഹത്തെ ഏല്പിച്ചതുകൊണ്ട്

തന്റെ നേരെ അധികാരത്തിൽ ഇരുന്ന ഇടവകകൾക്കു പുറമെയുള്ള എല്ലാ പള്ളികളോടും ഏറെക്കുറെ ഒരു സംബന്ധത്തിനു അവകാശം ഉണ്ടായി. അതിനാൽ എല്ലാ പള്ളിക്കാരുടെയും സ്നേഹത്തിനും ബഹുമാനത്തിനും അദ്ദേഹം പാത്രമായിത്തീർന്നു. എന്നാൽ തന്റെ വേലയുടെ ഒരു ശ്വാശ്വത സ്മാരകമായിത്തീർന്നിരിക്കുന്നത് പരുമല സിമ്മനാരിയുടെയും പള്ളിയുടെയും പണിയാകുന്നു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാൽ ആരംഭിക്കപ്പെട്ടിരുന്നതും അവിടുത്തെ അനവധി ജോലികളുടെ ഇടയിൽ സാധിക്കുന്നതിനു കഴിയാതിരുന്നതുമായ പരുമല സെമിനാരിയുടെയും അതോടു ചേർന്ന പള്ളിയുടെയും പണി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കയ്യേൾക്കയും അദ്ദേഹം വളരെക്കാലത്തെ പരിശ്രമംകൊണ്ട് പള്ളികളിൽ നിന്ന് പണം പിരിച്ച് 15000-ൽപരം രൂപാ ചിലവ് ചെയ്ത് ഒരു പള്ളിയും രണ്ടു നിലയിൽ വിശാലമായ ഒരു സിമ്മനാരി കെട്ടിടവും പണി തീർക്കുകയും ചെയ്തിരിക്കുന്നു. ഇതു നിലനിൽക്കുന്ന കാലത്തോളം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ നാമം സുറിയാനിസഭയിൽ നിന്നു മറന്നുപോകുവാൻ പാടുള്ളതല്ല. ഇദ്ദേഹം 1895-ാമാണ്ടു ഊർശ്ലേമിലേക്കു യാത്ര ചെയ്തതും അവിടെയുള്ള നമ്മുടെ കർത്താവിന്റെ വിശുദ്ധ കബറിൻ ദേവാലയത്തിലും മറ്റും മലയാള സഭയ്ക്കു വേണ്ടി പ്രാർത്ഥന, കുർബ്ബാന മുതലായ ശുശ്രൂഷകൾ കഴിച്ചതും നമ്മുടെ വായനക്കാർ മറന്നു പോയിട്ടില്ലാത്ത സംഗതിയാണല്ലൊ.

സഭാ സംബന്ധമായി ഈ തിരുമനസ്സിലേക്കുണ്ടായിരുന്ന പ്രധാന ആഗ്രഹങ്ങളിൽ ചിലത് ഇനിയും സാധിക്കാതെയുണ്ട്. അവയിൽ ഒന്ന് പരുമല സിമ്മനാരിയിൽ സുറിയാനി പഠിത്വത്തിനു ഒരു മുതൽ ഉണ്ടാക്കി പഠിത്വം നടത്തണമെന്നുള്ളതും രണ്ടാമതായി തിരുവല്ലായിൽ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ സ്ഥാപിക്കണമെന്നുള്ളതും മൂന്നാമതായി കൊട്ടാരക്കര സമീപം ഒരു കെട്ടിടം ഉണ്ടാക്കി സുറിയാനിയും ഇംഗ്ലീഷും പഠിപ്പിക്കണമെന്നും ആയിരുന്നു. ഇതിൽ ഒന്നാമത്തേതിന്റെ ഒരു ആരംഭമായി കറ്റാനം സമീപം കുറെ നിലം സമ്പാദിച്ച് നേർ നിലമാക്കി താമസിയാതെ അനുഭവം കിട്ടത്തക്ക സ്ഥിതിയിൽ വരുത്തിയിരിക്കുന്നു. തിരുവല്ലായിൽ സ്കൂൾ കെട്ടിടം പണി ആരംഭിച്ച് കൽകെട്ട് ഏതാനും തീർന്നു കിടക്കുന്നു. മൂന്നാമത്തെ സംഗതിക്ക് കുറെക്കൂടി കാലദീർഘത വേണ്ടി വരുമെന്ന് കരുതിയിരിക്കുമ്പോൾ കൊട്ടാരക്കരെ രണ്ടു നിലയിൽ ഒരു കെട്ടിടം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിക്കു ദാനമായി കൊടുക്കാമെന്ന് ഒരു വെള്ളക്കാരൻ സമ്മതിച്ചിരിക്കുന്നു. എങ്കിലും ഈ ഉദ്ദേശ്യങ്ങൾ ഒക്കെയും സാധിക്കുന്നതിനു അദ്ദേഹത്തിന്റെ മരണം ഒരു തടസ്സമായിട്ടാണ് തീർന്നിരിക്കുന്നത്. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

തിരുമേനിയെക്കുറിച്ച് മലങ്കര ഒട്ടുക്കു സുറിയാനിക്കാർക്കുള്ള സ്നേഹ ബഹുമാനാദികളെ ആലോചിക്കുമ്പോൾ അദ്ദേഹത്തിന്റെ ഈ പരമ ഉദ്ദേ ശ്യങ്ങൾ നിറവേറ്റുന്നതിനു വലിയ പ്രയാസം ഉണ്ടാകുമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. അദ്ദേഹത്തിന്റെ സ്മാരകമായി ഈ ഉദ്ദേശ്യങ്ങളെ സാധി ക്കുവാൻ ഒരു ശ്രമം ചെയ്താൽ നിഷ്ഫലമാകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. ഈ തിരുമേനിയുടെ ശേഷക്രിയയ്ക്കായി കൂടുന്ന പള്ളിക്കാ രുടെ ആലോചനയ്ക്കു ഈ സംഗതി വിഷയീഭവിക്കുമെന്ന് വിശ്വസിച്ചു ഇത്രയും ഓർപ്പിക്കുന്നതാകുന്നു.

ഇനി ശവസംസ്കാര ശുശ്രൂഷയെ കുറിച്ചു കൂടെ അല്പം പ്രസ്താ വിച്ച് ഈ പ്രസംഗം അവസാനിപ്പിക്കാം. മരണവർത്തമാനം ദൂരെയുള്ള പള്ളികൾക്ക് കമ്പി മൂലവും സമീപമുള്ള പള്ളികൾക്ക് എഴുത്തു മൂലവും അറിവു കിട്ടിയ ഉടൻ കണക്കില്ലാതെ പട്ടക്കാരും ജനങ്ങളും വന്നുകൂടാൻ തുടങ്ങി. രോഗാരംഭം മുതൽതന്നെ മാർ ദീവന്നാസ്യോസ് മെത്രാപ്പോ ലീത്താ തിരുമനസ്സുകൊണ്ട് പരുമല എഴുന്നള്ളി ചികിത്സിപ്പിക്കുന്നതിലും മറ്റും വളരെ തീക്ഷ്ണതയോടു കൂടി ഉത്സാഹിച്ചുകൊണ്ടിരുന്നു. ഇടക്കാ ലത്ത് കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് എഴുന്നെള്ളി പരുമല തന്നെ താമസമായി. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സഞ്ചാരം ചെയ്യാൻ പാടില്ലാത്ത സ്ഥിതിയിൽ സുഖക്കേടിൽ പറവൂർ പള്ളിയിൽ താമസിച്ചു വരികയാകയാൽ വരാൻ കഴിഞ്ഞില്ലെങ്കിലും രോഗിക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാലം ചെയ്ത തിരുമേനിയെ കാപ്പാ മുതലായ സ്ഥാനഭൂഷണങ്ങൾ ധരിപ്പിച്ചും വടി, സ്ലീബാ മുതലായ സ്ഥാനചിഹ്നങ്ങൾ പിടിപ്പിച്ചും സുറിയാനിസഭയിലെ ആചാരമനുസരിച്ച് പള്ളിയകത്തു കസേരയിൽ ഇരുത്തിയിരുന്നു. ശവസംസ്കാര ശുശ്രൂഷ തിങ്കളാഴ്ച തന്നെ ആരംഭിച്ചു. ഏതാനുംഭാഗം തീർത്തു. ചൊവ്വാഴ്ച രാവിലെ കുർബ്ബാന കഴിഞ്ഞയുടൻ മാർ ഈവാനിയോസു മെത്രാപ്പോ ലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൻകീഴു ശെമ്മാശന്മാർ ഉൾപ്പെടെ ഇരുനൂറിൽ കുറയാതെ പട്ടക്കാരും, നാലു റമ്പാന്മാരും ചേർന്ന് വീണ്ടും ശുശ്രൂഷ ആരംഭിച്ചു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ ശുശ്രൂഷയിൽ സംബന്ധിപ്പാനായി രാവിലെ പള്ളിയിൽ ഇറങ്ങിയെങ്കിലും മൃതശരീരം കാണുമ്പോൾ ഉണ്ടായിക്കൊണ്ടിരുന്ന വ്യസനാധിക്യം സഹി പ്പാൻ അശക്തനായി തീരുകയാൽ വ്യസനിച്ചുംകൊണ്ട് മുറിയിലേക്കു പോകേണ്ടി വന്നു. ഏകദേശം ഏഴായിരത്തിൽ കുറയാതെ ജനങ്ങൾ സ്ത്രീപുരുഷന്മാർ ഉൾപ്പെടെ കൂടിയിട്ടുണ്ടായിരുന്നു എന്നാണ് കാഴ്ച ക്കാർ മതിച്ചിരിക്കുന്നത്. എവിടെ നോക്കിയാലും വാവിട്ടു നിലവിളിക്കു കയും ഏങ്ങൽ അടിക്കുകയും ചെയ്യുന്നവരെയല്ലാതെ കാണ്മാൻ

ഇല്ലായിരുന്നു. ഏകദേശം രണ്ടു മണിയോടു കൂടെ ശുശ്രൂഷ അവസാനിച്ച ശേഷം പൊൻ, വെള്ളിക്കുരിശുകൾ, കൊട, കൊടി ഇത്യാദികളോടു കൂടി പ്രദക്ഷിണം കഴിഞ്ഞ് കൈമുത്താരംഭിച്ചപ്പോൾ ഈ പൊന്നു പിതാവിന്റെ കയ്യൊന്നു ചുംബിച്ച് അവിടുത്തെ വാഴ്വു സമ്പാദിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഓരോരുത്തർ തിക്കു തിരക്കും ചെയ്ത് വിങ്ങി വിയർത്ത് സഹിച്ച കഷ്ടതകൾ കണ്ടാൽ ഇവർക്ക് ഈ പിതാവിനെക്കുറിച്ചുള്ള മതിപ്പും സ്നേഹവും എന്തുമാത്രമെന്ന് ആർക്കും ഊഹിക്കാമായിരുന്നു. രണ്ടു മണി മുതൽ നാലര മണി വരെയുള്ള സമയം മുഴുവൻ കൈമുത്തിനുവേണ്ടി വ്യയം ചെയ്യേണ്ടി വന്നു. അനന്തരം കബറടക്കമായി. പരുമല പള്ളിയുടെ മദുബഹാ എട്ടു പട്ടമായി പണി ചെയ്തിരിക്കുന്നതിനാൽ പുറമെ മദുബഹായ്ക്കും ഹൈക്കലായുടെ കിഴക്കെ ഭിത്തിക്കും മദ്ധ്യെയുള്ള സ്ഥലത്താണ് കബർ പണിയപ്പെട്ടത്. ഈ സ്ഥലവും കാലം ചെയ്ത തിരുമേനി തന്നെ ഒരു ദൈവനിയോഗത്താൽ എന്നപോലെ തിരഞ്ഞെടുത്തതാകുന്നു. എന്തെന്നാൽ രോഗാരംഭത്തിനു നാലാറു ദിവസം മുമ്പ് ഒരു സന്ധ്യയിൽ മഴയുടെ ഉപദ്രവം കൂടാതെ ഈ സ്ഥലത്തു നിന്ന് ഇദ്ദേഹം കുളിപ്പാൻ ഇടയായി. അപ്പോൾ അവിടെ ഒരു കബറിനു സൗകര്യമുണ്ടെന്നും താൻ മരിക്കുമ്പോൾ തന്നെ അവിടെ അടക്കണമെന്നും കൂടെ ഉണ്ടായിരുന്ന ശെമ്മാശനോടു കല്പിക്കുകയുണ്ടായി. ഈ ആഗ്രഹപ്രകാരമാണ് കബർ ഈ സ്ഥലത്ത് പണിയിപ്പിച്ചത്. അഞ്ചുമണിയോടു കൂടി ശരീരം ഈ കബറിൽ വയ്ക്കുകയും ജനങ്ങൾ വഴിപാടായി സമർപ്പിച്ച കുന്തുരുക്കം ഏകദേശം കഴുത്തോളം മൂടുവാൻ തക്കവണ്ണം ഇട്ടു കബർ മൂടി കല്ലു കെട്ടുകയും ചെയ്തു. സംസ്കാരം കഴിഞ്ഞശേഷം അവിടെ കൂടിയിരുന്ന നാനാജാതിക്കാരായ അഗതികൾക്ക് കോടി വസ്ത്രം ദാനവും ഉണ്ടായിരുന്നു.

ഒരു സംഗതി പറവാൻ മറന്നുപോയി. രോഗാരംഭം മുതൽ രോഗിയെ കാണ്മാൻ അനേകം ആളുകൾ ദൂരദേശങ്ങളിൽ നിന്നു ദിവസേന വന്നുകൊണ്ടിരിക്കുകയും എല്ലാവരെയും അവസ്ഥാനുസരണം സല്ക്കരിച്ചു വിടുകയും ചെയ്തിരുന്നു. ചികിത്സചിലവു കൂടാതെ ഈ സല്ക്കാരത്തിനു തന്നെ ദിവസേന ശരാശരിക്ക് പത്തു പറ അരിയിൽ കുറയാതെ വച്ച് രണ്ടു നേരവും സദ്യ കൊടുത്തുകൊണ്ടിരുന്നു. ഈ വക ചിലവുകൾക്കു ആവശ്യപ്പെട്ട അരിയും കോപ്പുകളും മെത്രാപ്പോലീത്തായുടെ കല്പനയൊ ചോദ്യമോ കൂടാതെ പള്ളിക്കാർ ധാരാളം കൊണ്ടുവന്നിരുന്നതിനാൽ ആവശ്യം കഴിഞ്ഞു മിച്ചം വന്നു എന്നു കൂടെ പറയേണ്ടിയിരിക്കുന്നു.

ശവസംസ്കാര ശുശ്രൂഷ കഴിഞ്ഞ് അടുത്ത ദിവസം ഹാജരുണ്ടായിരുന്ന പള്ളിക്കാർ സംഘം കൂടി കാലം ചെയ്ത തിരുമേനിയുടെ

ശേഷക്രിയയായി മുപ്പതാം ദിവസം അടിയന്തരം വൃശ്ചികമാസം സുറിയാനി കണക്കിൽ 18-ാം തീയതി തിങ്കളാഴ്ച പരുമല സിമ്മനാരിയിൽ വച്ച് അഞ്ഞൂറു പറ അരിയിൽ കുറയാതെ വച്ചു നടത്തണമെന്നും അതിലേക്കു ആവശ്യപ്പെട്ട അരിയും പണവും പള്ളികൾക്ക് കല്പന അയച്ചു വരുത്തണമെന്നും നിശ്ചയിച്ചതു കൂടാതെ ഈ തിരുമേനിയുടെ നിര്യാണത്താൽ വന്നുകൂടിയിരിക്കുന്ന ഒഴിവിലേക്കും മറ്റുമായി ഒന്നൊ രണ്ടൊ മേൽപ്പട്ടക്കാർ കൂടെ ഉണ്ടാകേണ്ടിയിരിക്കുന്നതിനാൽ അതിലേക്കുള്ള തിരഞ്ഞെടുപ്പും ഈ അടിയന്തിര ദിവസത്തിൽ വേണമെന്ന് തീരുമാനിച്ചിരിക്കുന്നു.

“ഇന്ന് ഇസ്രായേലിൽ ഒരു പ്രഭുവും മഹാനും വീണിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയൊ” എന്ന് ദാവീദ് അബ്നേറിനെക്കുറിച്ചു പറഞ്ഞതുപോലെ സുറിയാനിസഭയിൽ ഒരു പ്രഭുവും മഹാനും വീണിരിക്കുന്നു എന്നു പറവാൻ സംശയമില്ല. തെക്കെ ഇടവകകളുടെ ഒരു വിളക്കു കെട്ടിരിക്കുന്നു. അതിനാൽ ദാവീദ് വിലപിച്ചതുപോലെ നാമും വിലപിക്കാം. നമ്മുടെ വിലാപം ആശയില്ലാത്ത പുറജാതികളുടെ വിലാപമല്ല. ദൈവത്തോടു കൂടെ ഇരിക്കുന്നതു നല്ലതാകുന്നു എന്ന ശുഃ പൌലൂസ് എഴുതിയിരിക്കുന്നതുപോലെ നമ്മുടെ പിതാവ് ദൈവത്തിങ്കലേക്കു പോയിരിക്കുകയാകുന്നു. അദ്ദേഹം ഈ ലോകത്തിൽ ഇരുന്നപ്പോൾ തന്റെ ആടുകളെ ഏതുപ്രകാരം സ്നേഹിക്കുകയും അവർക്കുവേണ്ടി കുർബ്ബാനയിലും നമസ്കാരങ്ങളിലും എത്ര എരിവോടു കൂടെ പ്രാർത്ഥിക്കുകയും ചെയ്തുവോ ഇതിലും അധികം ശുഷ്ക്കാന്തിയോടു കൂടെ ഇനിയും അദ്ദേഹം നമുക്കുവേണ്ടി പ്രാർത്ഥിക്കുമെന്നു പറവാൻ സംശയമില്ല. മരിച്ചുപോയവരും ജീവികളായ നാമും ദൈവരാജ്യത്തിന്റെ ഒരു കുടുംബവും ഒരു ശരീരത്തിന്റെ അവയവങ്ങളും ആകുന്നു. കർത്താവായ യേശുവല്ലാതെ പാപത്തിൽ നിന്നു സ്വാതന്ത്ര്യപ്പെട്ടവൻ ഇല്ല. അതിനാൽ നമ്മുടെ പിതാവ് എത്ര തന്നെ നീതിമാൻ ആയിരുന്നാലും പാപ ലോകത്തിന്റെ മലിനതയെ തീണ്ടാത്തവൻ അല്ല. അദ്ദേഹത്തിനും നിത്യ ഉയിർപ്പിങ്കലേക്കു മേൽക്കുമേൽ ശുദ്ധീകരണം വേണം. അതിനാൽ അദ്ദേഹത്തിനുവേണ്ടി നാമും പ്രാർത്ഥിക്കണം. അപ്പോൾ നമ്മുടെ പ്രാർത്ഥന ഈ പിതാവിന്റെ ശുദ്ധീകരണത്തിനും അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മുടെ രക്ഷയ്ക്കും അന്യോന്യം സഹായിക്കും. “സൂര്യന്റെ മഹത്വം ഒന്ന്, ചന്ദ്രന്റെ മഹത്വം വേറൊന്ന്. നക്ഷത്രങ്ങളുടെ മഹത്വം വേറൊന്ന്, മഹത്വത്തിൽ ഒരു നക്ഷത്രം മറ്റൊന്നിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ഉയിർപ്പ് ഇപ്രകാരം ആകുന്നു” എന്ന ശുഃ ശ്ലീഹാ കല്പിക്കുന്നതുപോലെ നമ്മുടെ പിതാവ് ഒരു സൂര്യന്റെ സാദൃശ്യത്തിൽ പ്രകാശിക്കുമെന്നിരുന്നാലും, കുഴൽ കണ്ണാടികൊണ്ട് നോക്കുമ്പോൾ സൂര്യനിലും

ചില കറുത്ത പുള്ളികൾ കാണാവുന്നതുപോലെ നമ്മുടെ ഈ സൂര്യനിലും ചില പുള്ളികൾ ഇല്ലാതിരിക്കയില്ല. നാം എത്രത്തോളം അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുവൊ, അത്രത്തോളം ആ കറുത്ത പുള്ളികൾ മാഞ്ഞ് പ്രകാശം വർദ്ധിക്കുകയും, അദ്ദേഹം എത്രത്തോളം പ്രകാശിക്കുന്നുവൊ അത്രത്തോളം അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മുടെ രക്ഷയെ വർദ്ധിപ്പിക്കുകയും ചെയ്യും. അതിനാൽ ഈ പിതാവിനുവേണ്ടി വായനക്കാർ ഇടവിടാതെ പ്രാർത്ഥിക്കട്ടെ.

*(മലങ്കര ഇടവകപത്രിക, 1902 കോനൂൻക്ദീം, പുസ്തകം 11, ലക്കം 12)*

# നി.വ.ദി.ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളുടെ മുപ്പതാം ദിവസമടിയന്തിരം

മുമ്പിൽ പ്രസ്താവിച്ചിരുന്നപ്രകാരം ഈ അടിയന്തിരം ഈ മാസം 18-ാം തീയതി തിങ്കളാഴ്ച വളരെ ഭംഗിയായി കഴിഞ്ഞിരിക്കുന്നു എന്നു നിസംശയം പറയാം. അടിയന്തിരത്തിന്റെ ആവശ്യത്തിലേക്കു വേണ്ട അരിയും സാമാനങ്ങളും പണവും കോട്ടയം മുതൽ തെക്കോട്ടുള്ള പള്ളികൾക്കു വീതിച്ചു കല്പന അയച്ചിരുന്നതിനു പുറമെ കാലം ചെയ്ത പിതാവ് മലങ്കര ഇടവകയ്ക്കു ഒട്ടുക്കു സമ്മതനായിരുന്നതിനാലും റിശീസാ സംഗതിയിൽ എല്ലാ പള്ളികളുമായി ഏറെക്കുറെ ഒരു ബന്ധം ഉണ്ടായിരുന്നതുകൊണ്ടും ഈ അടിയന്തിരത്തിൽ സംബന്ധിപ്പാനും വടക്കുള്ള പള്ളികൾക്കും കല്പന അയച്ചിരുന്നു. അതിൻപ്രകാരം തെക്കും വടക്കുമുള്ള എല്ലാ പള്ളിക്കാരും അടിയന്തിര ചിലവിലേക്ക് യഥാശക്തി ദ്രവ്യസഹായം ചെയ്തിരുന്നു. സദ്യ നടത്തുന്നതിനു നിരണം മുതലായ പരുമലെ സമീപമുള്ള ഇടവകകളിലെ ഓരൊ മുറിക്കാരെ പ്രത്യേകം പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നതനുസരിച്ച് എല്ലാവരും അവരവരുടെ ജോലി ശരിയായി മുമ്പിൽകൂട്ടി നടത്തിയതിനാൽ ഒന്നിലും യാതൊരു കുറവും കുഴപ്പവും ഉണ്ടായില്ല.

കുന്ദംകുളം മുതൽ തിരുവനന്തപുരം വരെ എല്ലാ പള്ളിക്കാരും ഹാജരുണ്ടായിരുന്നു. ദൂരസ്ഥന്മാരായ പള്ളിക്കാർ തലേദിവസി സദ്യയ്ക്കു ഹാജരായതിനാൽ ഞായറാഴ്ച അത്താഴസദ്യയ്ക്കു തന്നെ 150 പറ അരി ചിലവായി. തിങ്കളാഴ്ച രാവിലെ നി.വ.ദി.ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും രണ്ടു റമ്പാച്ചന്മാരും കുറുബാന ചൊല്ലുകയും തിരുമനസ്സുകൊണ്ട് പ്രസംഗിക്കുകയും 200-ൽ കുറയാതെ പട്ടക്കാരോടു കൂടി കബറുങ്കലെ ശുശ്രൂഷ നടത്തുകയും ചെയ്തശേഷം പത്തു മണിയോടു കൂടെ സദ്യ ആരംഭിച്ചു. ഒരു ഏറ്റിനു മൂവായിരത്തിൽ കുറയാതെ ആളുകൾ ഇരുന്ന് ഉണ്ണാൻ തക്കവണ്ണം വിസ്താരത്തിൽ നെടുമ്പുരയും പന്തലുകളും കെട്ടിയുണ്ടാക്കിയിരുന്നു. ഈ വിധം ഏകദേശം രണ്ടര മണിയോടു കൂടെ മുറിയാതെ സദ്യ നടന്നുകൊണ്ടിരുന്നു. ക്രിസ്ത്യാനികൾ അല്ലാത്ത നാനാജാതികൾക്കും പ്രത്യേകം ഇരുത്തി സദ്യ കൊടുക്കുകയുണ്ടായി. സദ്യയുടെ അവസാനത്തിൽ പതിവുള്ള പ്രദക്ഷിണം ആഘോഷമായി നടത്തിയശേഷം നാലു മണിയോടു കൂടി പള്ളിക്കാരുടെ പൊതുയോഗം കൂടി.

വലിയതിരുമേനിയുടെ അദ്ധ്യക്ഷതയിൻകീഴു കൂടിയ ഈ യോഗത്തിലെ ആലോചനാവിഷയം പിന്തുടർച്ചയ്ക്കായി മെത്രാൻ സ്ഥാനത്തിലേക്കു ഒന്നൊ അധികമൊ ആളുകളെ തിരഞ്ഞെടുക്കുന്നതായിരുന്നു. പഴയസെമിനാരി മാനേജർ പൗലൂസ് റെമ്പാച്ചൻ അവർകളെയും മാർ ദീവന്നാസ്യോസ് സെമിനാരി അദ്ധ്യക്ഷൻ ഗീവറുഗീസ് മല്പാൻ അവർകളെയും മെത്രാൻ സ്ഥാനത്തിലേക്കു തിരഞ്ഞെടുക്കണമെന്ന് കുമരകത്തു പള്ളിയിൽ വികാരി ആദ്യമായി അഭിപ്രായപ്പെടുകയും അതിനെ പിൻതാങ്ങി അമ്പതിൽ ചില്വാനം പള്ളിക്കാർ ഓരോരുത്തരായി എഴുന്നേറ്റു നിന്നു പ്രസ്താവിക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ, വടക്കുള്ള പള്ളിക്കാരിൽ ഒരു പുതിയ അഭിപ്രായം പുറപ്പെടുവിച്ചു. ഇപ്പോൾ തിരഞ്ഞെടുക്കപ്പെടുന്നത് തെക്കെ ഇടവകകൾക്കായി മാത്രം പോരെന്നും വടക്കെ ഇടവകകളിലെ മെത്രാന്മാരിൽ ഒരാൾ വൃദ്ധതയിലും ദീനത്തിലും ഇരിക്കുന്നതിനാലും തനിക്ക് ഒരു സഹായിയെ കൂടെ കിട്ടണമെന്ന് അപേക്ഷയുള്ളതിനാലും അതിലേക്കു കൂടി മൂന്നു പേരെ തിരഞ്ഞെടുക്കണമെന്നു ഒരു അഭിപ്രായം പുറപ്പെടുവിച്ചതിനു പുറമെ പട്ടക്കാരിലും റെമ്പാന്മാരിലും ഈ ഉന്നത സ്ഥാനത്തിനു യോഗ്യന്മാർ ഇന്നാരെന്നു നിശ്ചയിപ്പാൻ എല്ലാ പള്ളിക്കാർക്കും, എല്ലാവരെക്കുറിച്ചും പരിചയം ഇല്ലാത്ത സ്ഥിതിയ്ക്കും തിരുമേനികൾക്കു എല്ലാവരെക്കുറിച്ചും നല്ല നിശ്ചയമുള്ളതുകൊണ്ടും വലിയതിരുമേനി ശേഷം മെത്രാന്മാരുടെ ആലോചനയോടു കൂടി ആരെയെല്ലാമൊ എത്രപേരെയൊ തിരഞ്ഞെടുക്കുന്നുവൊ അതു തങ്ങൾക്കു സമ്മതമാണെന്നു പ്രസ്താവിച്ചു. ഈ അഭിപ്രായം തെക്കർക്കും പൂർണ്ണ സമ്മതമായി വന്നു. അതിനാൽ തിരുമേനികൾ പൂർണ്ണ സന്തോഷത്തോടെ ഈ ഭാരം കയ്യേൾക്കയും തിരുമേനികൾ പ്രത്യേകം പ്രാർത്ഥനയോടും ധ്യാനത്തോടും കൂടി തിരഞ്ഞെടുത്ത് പിന്നീട് പ്രസിദ്ധപ്പെടുത്താമെന്ന് പ്രസ്താവിക്കുകയും ചെയ്തശേഷം യോഗം പിരിഞ്ഞു.

അടിയെന്തിര ദിവസവും അതിന്റെ മുമ്പും പിമ്പുമുള്ള രണ്ടു ദിവസവും കൂടി അറുനൂറു പറ അരിയിൽ അധികം ചിലവായിരുന്നു. പള്ളിയിലും കബറിങ്കലും കൂടി അന്നേ ദിവസം നടവരവും വഴിപാടായി മുളന്തുരുത്തിൽ പള്ളി ഇടവകജനങ്ങളുടെ വകയായി ഒരു വെള്ളിക്കുരിശും വെറെ ആളുകളുടെ വകയായി വിളക്ക്, ചിത്തോല, ശീലക്കൂട്ടം മുതലായ പല സാമാനങ്ങളും ഉൾപ്പെടെ 500 രൂപായുടെ വരവുണ്ടായിരുന്നു. അടിയെന്തിരം വകയ്ക്കു പള്ളികളിൽ നിന്നു ചൊവ്വാഴ്ച കാലത്തു വരെ അറുനൂറിൽപരം പറ അരിയും പല സാമാനങ്ങളും 1300 രൂപായും വരവുണ്ട്. പിന്നെയും ചില പള്ളിക്കാരുടെ വരി വന്നുകൊണ്ടിരിക്കുന്നു. ആകപ്പാടെ അടിയെന്തിരം വളരെ ഭംഗിയായി കഴിഞ്ഞു കൂടി എന്നു പറവാൻ സംശയമില്ല.

ചൊവ്വാഴ്ച ഉച്ചയോടു കൂടെ പള്ളിക്കാരുടെ വേറൊരു യോഗം

ഉണ്ടായിരുന്നു. ഈ യോഗത്തിൽ വച്ച്, അടിയെന്തിര ചിലവു കഴിച്ച് ബാക്കിയുള്ള മുതൽ വട്ടിക്കിട്ട് അതിന്റെ പലിശ ആണ്ടുതോറും പതിവുള്ള വൈദികസംഘ ചിലവിലേക്ക് ഉപയോഗിക്കണമെന്നും വൈദികസംഘം കാലം ചെയ്ത മെത്രാപ്പോലീത്തായുടെ മരണദിവസമൊ അതോടടുത്ത ദിവസമൊ പരുമല സെമിനാരിയിൽ കൂടണമെന്നും നിശ്ചയിച്ചതു കൂടാതെ, മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ തന്റെ പരിശ്രമമായി ആരംഭിച്ചതും മരണസമയത്ത് അവിടുത്തെ മനസ്സിൽ ഒരു വ്യസനഹേതുവായിരുന്നതും ഏതാനും കൽക്കെട്ടുകൾ നടത്തി പൂർത്തിയാകാതിരിക്കുന്നതുമായ തിരുവല്ലാ ഇംഗ്ലീഷ് പള്ളിക്കൂടം അവിടുത്തെ സ്മാരകമായിരിക്കണമെന്നും അതിലേക്കു ഉടൻതന്നെ കല്പന എഴുതി പണപ്പിരിവ് നടത്തണമെന്നും നിശ്ചയിച്ചിരിക്കുന്നു. കൊച്ചുതിരുമേനിയോട് ജനങ്ങൾക്കു പൊതുവായും, ഓരോരുത്തനായും ഉള്ള ഭക്തിബഹുമാനാദികളുടെ ആധിക്യം വിചാരിച്ചാൽ ഈ സ്മാരകം വകയ്ക്കു എല്ലാ സുറിയാനിക്കാരും യഥായോഗ്യം സഹായം ചെയ്യുമെന്ന് ധാരാളം വിശ്വസിക്കാവുന്നതാണ്. തിരുവല്ലായിൽ നമ്മുടെ സമുദായം വകയായി ഒരു ഇംഗ്ലീഷ് പള്ളിക്കൂടത്തിന്റെ ആവശ്യകത ആരാലും വിസ്മരിക്കത്തക്കതല്ല. തിരുമനസ്സിലെ സ്വന്ത ചുമതലയിന്മേലും ഉത്തരവാദിത്വത്തിന്മേലും ആ കെട്ടിടംപണി ആരംഭിക്കുകയും കൽക്കെട്ട് ഏതാനും തീർക്കുകയും ചെയ്തിരിക്കുന്നതിനാൽ അതു മുഴുവനാക്കി പഠിത്വം നടത്തിക്കേണ്ട ചുമതല സമുദായത്തിനു പ്രത്യേകം ഉണ്ടെന്നുള്ളതും മറക്കത്തക്കതല്ല. അതിനാൽ ഇതേവരെ ഈ തിരുമേനിയുടെ നേർക്കു സമുദായക്കാർ പ്രദർശിപ്പിച്ച ഭക്തിസ്നേഹാദികൾ ഈവിധത്തിൽ പൂർത്തീകരിക്കുമെന്നു വിശ്വസിക്കുന്നു.

*(മലങ്കര ഇടവകപത്രിക, 1902 തെശ്രീൻഹ്റോയി, പുസ്തകം 11, ലക്കം11)*

# ഒരു സമ്മാന കാഴ്ച സമർപ്പിക്കൽ
## (നിരണം പള്ളിക്കാരുടെ ജൂബിലി സമ്മാനം)


നി.വ.ദി.ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ജൂബിലി സ്മാരകമായി അന്നേദിവസം അനേക പള്ളിക്കാരും പ്രമാണികളും ഓരോ കാഴ്ചകൾ മെത്രാപ്പോലീത്താ തിരുമേനിക്ക് സമർപ്പിച്ചപ്രകാരം തക്കതായ ഒരു കാഴ്ച നിരണത്തു പള്ളിക്കാർക്കും സമർപ്പിപ്പാൻ വളരെ ആഗ്രഹം ഉണ്ടായിരുന്നു എങ്കിലും ആ ആഗ്രഹത്തെ നിറവേറ്റുവാൻ കഴിയാതെപോയ വ്യസനം നിമിത്തം ഉടനെ തന്നെ മെത്രാപ്പോലീത്താ തിരുമേനിയെ ടി. പള്ളിയിലേക്ക് എഴുന്നെള്ളിച്ച് അവരുടെ കാഴ്ചയെ സമർപ്പിപ്പാൻ അന്നുമുതൽ പല തവണകളായി അപേക്ഷിക്കയും മെത്രാപ്പോലീത്താ തിരുമേനിയുടെ അവസരക്കുറവു നിമിത്തം ടി. പള്ളിയിൽ എത്തുവാനോ, പള്ളിക്കാരുടെ അപേക്ഷ പൂർത്തിപ്പെടുത്തുവാനോ കഴിയാതെ പോയി എങ്കിലും കഴിഞ്ഞ ആഴ്ചയിൽ പരുമല സിമ്മനാരിയിൽ നിന്നും മെത്രാപ്പോലീത്താ തിരുമേനിയെ ടി. പള്ളിയിലേക്ക് എഴുന്നെള്ളിച്ചുംകൊണ്ടു പോകയും ഈ കഴിഞ്ഞ ഞായറാഴ്ച നിരണത്തു പള്ളിക്കാർ യോഗം കൂടി ആലോചിച്ച്, പൊൻപണികൾ തിരുമേനിയുടെ ഇഷ്ടംപോലെ ചെയ്യിപ്പാനായി 500 രൂപാ വില നിശ്ചയിച്ച് ഒരു പത്രിശീൻ കാഴ്ചയായി വച്ചു കൈ മുത്തിയിരിക്കുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു. നല്ല ഇടയൻ തന്റെ ആടുകൾക്കു വേണ്ടി ജീവനെ വയ്ക്കും എന്നു പറഞ്ഞിരിക്കുന്നതുപോലെ സുറിയാനി സഭയുടെ രക്ഷയ്ക്കും എഴുന്നേല്പിനുംവേണ്ടി അനേക അദ്ധ്വാനങ്ങളും പ്രയാസങ്ങളും കഴിച്ചുകൂട്ടിയ മഹാനായ മെത്രാപ്പോലീത്താ തിരുമേനിയുടെ ജൂബിലി ദിവസത്തിൽ മലങ്കരെയുള്ളതിൽ പ്രധാന പള്ളിക്കാരാകുന്ന നിരണത്തു പള്ളിക്കാർ അവരുടെ അവസ്ഥയ്ക്ക് തക്കവണ്ണം ഒരു കാഴ്ച തിരുമനസ്സിലേക്ക് സമർപ്പിക്കാതെയിരുന്നതിൽ വച്ചുണ്ടായിരുന്ന ഇച്ഛാഭംഗം ഇപ്പോൾ തീർന്നുപോയിരിക്കുന്നതിൽ അധികമായും സന്തോഷിക്കുന്നു.

നിരണത്തുപള്ളിക്കാരെപ്പോലെ ജൂബിലി ദിവസത്തിൽ തിരുമനസ്സിലേക്ക് കാഴ്ചകൾ സമർപ്പിപ്പാൻ കഴിയാതെയിരുന്ന മറ്റു ചില പള്ളിക്കാർക്കും ഉണ്ടായിട്ടുള്ള മനഃസ്താപത്തെ തീർപ്പാൻ ബദ്ധപ്പെട്ടു വരുന്നതായും അറിയുന്നു. എന്തെന്നാൽ വടക്കെ ദിക്കിൽ ഒരു പ്രധാന പള്ളി ആകുന്ന വടകരപള്ളിക്കാർ ആ പള്ളിയിൽ നടത്തിവരുന്ന കഴിഞ്ഞ കുംഭമാസത്തിലെ പെരുന്നാൾ ദിവസം മെത്രാപ്പോലീത്താ തിരുമേനിയെ ആ പള്ളിയിലേക്ക് എഴുന്നെള്ളിച്ചു 400 രൂപാ വില പിടിക്കുന്നതായ ഒരു പൊൻസ്ലീബാ പണിയിക്കുന്നതിനുള്ള പണം കാഴ്ചയായി സമർപ്പിക്കണമെന്നു

നിശ്ചയിച്ച് തിരുമനസ്സിലേക്ക് എഴുതി അയച്ചപ്പോൾ അന്നേദിവസം അവിടെ എത്തുവാൻ കഴിയാതെ തീർന്നിരിക്കുന്ന വിവരം തിരുവനന്തപുരത്തു നിന്നും അവർക്ക് എഴുതി അയക്കയാൽ അവരുടെ കാഴ്ച സമർപ്പിപ്പാൻ കഴിഞ്ഞില്ലാ എങ്കിലും ഈ കുംഭമാസത്തിൽ അവിടെ എഴുന്നെള്ളുവാൻ തക്കവണ്ണം നിശ്ചയിച്ചതിനാൽ, പണമായിട്ടല്ല അവരുടെ ആഗ്രഹപ്രകാരം പൊൻ സ്ലീബാ തന്നെ പണിയിച്ചു കാഴ്ചയായി സമർപ്പിപ്പാൻ സ്ലീബാ പണികൾ ഝടുതിയിൽ നടത്തിവരുന്നതായും അറിയുന്നതിൽ സന്തോഷിക്കുന്നു.

എന്ന് കെ. ജി.

*(ഇടവകപ്പത്രിക 1902 കോനൂൻക്ദീം, പുസ്തകം 11, ലക്കം 12)*



ഭാഗം 2

# ജന്മദിനകാണ്ഡം

# മാർ ദീവന്നാസ്യോസ് തിരുനാൾ

മാർ ദീവന്നാസ്യോസ് എന്നുള്ള തിരുനാമം കേൾക്കുമ്പോൾ തന്നേ മലങ്കരയോട്ടുക്കുള്ള സുറിയാനി സഭാമക്കൾക്കെല്ലാം അനിതരസാധാരണമായുള്ള ഒരാഹ്ലാദം താനേതന്നെ വന്നുചേരുമെന്നുള്ളത് ദ്വിപക്ഷഹീനമായ ഒരു വാസ്തവമാകുന്നു.

വേദവിപരീതികളായ സഭാനായകന്മാർ മൂലം മലങ്കരയശേഷം അനല്പമായ കുണ്ഠിതത്തിൽ മഗ്നമായി കിടന്നകാലത്ത് കൂരിരുളിനെ നീക്കുവാൻ വന്നുദിച്ച ബാലസൂര്യനെന്നപോൽ, കുന്നംകുളങ്ങര എന്ന സ്ഥലത്തു 1008-ാമാണ്ട് വൃശ്ചികമാസം 24-നു ശുഭനക്ഷത്രത്തിൽ ജാതനായ നമ്മുടെ വന്ദ്യ തിരുമേനി സുറിയാനിസഭയെ ഉദ്ധാരണം ചെയ്യുന്നതിന് സർവ്വേശ്വരനാൽ നിശ്ചയിച്ചയക്കപ്പെട്ട ഒരു ദേഹമാണെന്നുള്ളതിന് വിശിഷ്യ ലക്ഷണങ്ങൾ യാതൊന്നും ആവശ്യമില്ല. സുറിയാനി സമുദായത്തിന് വന്നുകൂടിയ അളവില്ലാത്ത അധഃപതനത്തെ തന്റെ മഹാ മനസ്കതകൊണ്ട് നിശ്ശേഷമായി പരിഹരിച്ച് സർവ്വപ്രകാരേണയും ഒരു സ്വാതന്ത്ര്യമുള്ള നിലയിൽ ടി സമുദായത്തെ ആക്കിത്തീർത്ത ഈ വന്ദ്യ പിതാവിനോട് നമ്മുടെ നന്ദിയെക്കാണിക്കുന്നതിന് നാം എന്തുതന്നെ ചെയ്താലും മതിയാകുന്നതല്ല.

ഒരു രാജ്യത്തുള്ള പ്രജകൾ തങ്ങളുടെ ഭരണകർത്താവായ രാജാവിനോടുള്ള അനല്പമായ ഭക്തിയെ പ്രദർശിപ്പിക്കുന്ന വിഷയത്തിൽ ആ ഭൂമിപാലന്റെ ജന്മനക്ഷത്രം ആഘോഷിക്കുന്നതും ഒരു പ്രത്യേക സംഗതിയായിട്ടാണ് കണ്ടുവരുന്നത്.

ആത്മിക സംബന്ധമായുള്ള സംഗതികളിൽ നമ്മുടെ ഒരു രാജാവെന്നുള്ള നിലയിൽ നമ്മേ ഭരണം ചെയ്യുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ 76-ാമത്തെ തിരുവയസ്സു തികയുന്ന ഈ വൃശ്ചികമാസം 24-നു എല്ലാ പള്ളികളിലും തിരുമേനിയുടെ ആയുരാരോഗ്യാർത്ഥമായി ദിവ്യാരാധനകൾ കഴിക്കയും, വിശിഷ്യാ തിരുമേനിയെ സംബന്ധിച്ച് ഭക്തിയുള്ള മഹത്തുക്കളും ഒരു മംഗളദിവസമായി കഴിച്ചുകൂട്ടുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമായുള്ള ഒരു സംഗതിയാകുന്നു.

മഹത്തേറിയ ഈ തിരുനാൾ സംബന്ധിച്ച് ഒരു തിരുനാൾപ്രതി ഇടവകപ്പത്രികവകയായി വെളിക്കിറക്കണമെന്ന് തീർച്ചപ്പെടുത്തിയിരിക്കുന്നതിനാൽ ആയതിലേക്കു കഴിവുള്ളവരെല്ലാം മംഗളപദ്യങ്ങൾ അയച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്നു പ്രത്യേകം അപേക്ഷയുണ്ട്.

മംഗളപദ്യങ്ങൾ അയച്ചുതരുന്നവർ വൃശ്ചികം 15-നു ഇവിടെ കിട്ടത്തക്കവിധത്തിൽ അയച്ചുതരേണ്ട വിവരവും ഇതിനാൽ അറിയിച്ചിരിക്കുന്നു.

*(മലങ്കര ഇടവകപത്രിക, 1908 തുലാം)*

# മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ എഴുപത്താറാമത്തെ തിരുനാൾ

നാല്പതിൽപരം വർഷമായി മലങ്കര ഇടവകയെ ഏറ്റവും പ്രശംസ നീയമായവിധത്തിൽ ഭരിച്ചുകൊണ്ടുവരുന്ന നമ്മുടെ വലിയ തിരുമേനിയുടെ ജന്മദിവസം പ്രതിവർഷം രഹസ്യമായി സമുദായത്തിൽ ആചരിച്ചു വരുന്നതാണെങ്കിലും ഈയാണ്ടു കുറെ കൂടെ പരസ്യമായി ഘോഷിക്കണമെന്നു സമുദായത്തിൽ പലർക്കും ഉണ്ടായിരുന്ന അപേക്ഷപ്രകാരം കഴിഞ്ഞ പത്രികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതനുസരിച്ചു മിക്ക ഇടവകകളിലും ഈയാണ്ടു ഒരുവിധം പരസ്യമായി ശുദ്ധ ദിനത്തെ കൊണ്ടാടിയിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. തിരുമനസ്സിലേക്കു എഴുപത്താറു തിരുവയസ്സു പൂർത്തിയായിരിക്കുന്ന ഈ സന്ദർഭത്തിൽ അവിടുത്തെ ചുരുങ്ങിയ ഒരു ജീവചരിത്രം പ്രസിദ്ധപ്പെടുത്തുന്നതു വായനക്കാർക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

തിരുമേനി ജാതമായ പുലിക്കോട്ടു കുടുംബം കുന്ദംകുളം അങ്ങാടിയിൽ സാമാന്യം പ്രസിദ്ധിയുള്ള ഒരു തറവാടാകുന്നു. മലങ്കര ഇടവകയ്ക്കു ശാശ്വതമായ നന്മകളെ ചെയ്തിട്ടുള്ള ഒരു കുടുംബമെന്നു ഇതിനെക്കുറിച്ചു പറയണം. പരദേശമെത്രാന്മാരാൽ മാത്രം ഭരിക്കപ്പെട്ടിരുന്ന മലങ്കര ഇടവകയിൽ നാട്ടുമെത്രാൻ ഇദംപ്രഥമമായി ഉണ്ടായതു ക്രിസ്താബ്ദം 1653-ൽ ആയിരുന്നു. അന്നു കൂനൻകുരിശിൽ സത്യംചെയ്തു പറങ്കികളുമായി പിരിഞ്ഞപ്പോൾ ശരിയായ മേല്പട്ടസ്ഥാനം പ്രാപിക്കാൻ മാർഗ്ഗമില്ലാതിരുന്നതിനാൽ അന്നത്തെ തോമ്മാ അർക്കദയാക്കോനെ നാമധേയ മെത്രാനായി പ്രതിഷ്ഠിച്ചു. പട്ടം കൊടുക്ക, സൈത്തുകൂദാശ മുതലായി മേല്പട്ടക്കാർക്കു മാത്രം ചെയ്യാവുന്ന അധികാരങ്ങൾ ഒന്നും കൂടാതെ വെറും വേഷത്തിൽ മാത്രം തൽക്കാലാവശ്യത്തെപ്രതി ഇങ്ങനെ ഒരു മെത്രാനെ സൃഷ്ടിച്ചു എങ്കിലും ആത്മീയമായ കൂദാശകൾ ശരിയായി ലഭിക്കുന്നതിനു ഇതുകൊണ്ടു പ്രയോജനമില്ലാഞ്ഞതിനാൽ അന്ത്യോഖ്യായിക്കു എഴുത്തയക്കയും അവിടെനിന്നു മാർ ഗ്രീഗോറിയോസ് എന്നു പേരായി ഊർശ്ലേം പാത്രിയർക്കീസിനെ അയക്കയും 1665-ൽ മാർ തോമ്മാ മെത്രാനെ ശരിയായ കൈവെപ്പിനാൽ മെത്രാനായി അഭിഷേകം ചെയ്കയും ചെയ്തതുകൊണ്ടു നാട്ടുമെത്രാന്മാരുടെ ആരംഭം 1665-ൽ എന്നു പറയാം. അന്നു മുതൽ മെത്രാസ്ഥാനം പകലൊമറ്റം തറവാട്ടിലേക്കു ഒരു അട്ടിപ്പേറവകാശംപോലെ വച്ചുകൊണ്ടിരുന്നു. അവരിൽ 6-ാം മാർ തോമ്മാ അല്ലെങ്കിൽ വലിയ മാർ ദീവന്നാസ്യോസ് മുതലായി പല മഹാന്മാരും ഉണ്ടായിട്ടുണ്ട്. എങ്കിലും 1808-ന്റെ ശേഷം ആ കുടുംബത്തിൽ

യോഗ്യന്മാരില്ലാതെയായി. മെത്രാൻ സ്ഥാനത്തിൽ പ്രവേശിച്ചവർ അപ്രാപ്തന്മാരും സഭയുടെ ക്ഷേമത്തെക്കുറിച്ചു താല്പര്യമില്ലാത്തവരുമായി തീർന്നു. അതിനാൽ യോഗ്യന്മാരായ ആളുകളെ ഈ ഉയർന്ന സ്ഥാനത്തിലേക്കു എടുക്കണമെന്നുണ്ടായിരുന്ന ബഹുജനങ്ങളുടെ ആഗ്രഹം പകലൊമറ്റം തറവാട്ടുകാരുടെ ശക്തി കൊണ്ടൊ തങ്ങളുടെ കുടുംബത്തിൽ നിന്നു സ്ഥാനം മാറിപ്പോകരുതെന്നു അന്നത്തെ മെത്രാന്മാർക്കുണ്ടായിരുന്ന സിദ്ധാന്തം കൊണ്ടൊ വിഫലീകരിക്കയാണ് ചെയ്തത്. ആ കാലത്തു പുലിക്കോട്ടിൽ ഇട്ടൂപ്പ റെമ്പാൻ എന്ന പ്രസിദ്ധൻ സമുദായോന്നതിക്കായി വേല ചെയ്യുന്ന ഒരു പരോപകാര തല്പരനായിരുന്നു. സുറിയാനി സമുദായത്തിനു ഒരു വിദ്യാമന്ദിരവും ക്രമമായ വിദ്യാഭ്യാസവും ഉണ്ടാക്കണമെന്നാഗ്രഹിച്ചുംകൊണ്ടു ഈ റെമ്പാൻ അന്നത്തെ 8–ാം മാർ തോമ്മാ മെത്രാനെ പലവിധത്തിൽ പ്രോത്സാഹിപ്പിച്ചു എങ്കിലും മെത്രാൻ തൻകാര്യം മാത്രം വിചാരിച്ചിരുന്ന ഒരാൾ ആയിരുന്നതുകൊണ്ടു അതിനു വഴിപ്പെട്ടില്ല. നല്ല തച്ചുശാസ്ത്രജ്ഞനായിരുന്ന റെമ്പാൻ ഒരു സിമ്മനാരി പണിയിപ്പാൻ പ്ലാനും ഉണ്ടാക്കികൊണ്ടു മലങ്കരയുള്ള പ്രധാന ഇടവകകളിലെല്ലാം സഞ്ചരിച്ചു എങ്കിലും തന്നെ പിൻതാങ്ങുവാൻ ചുരുക്കം ആളുകളെ ഉണ്ടായുള്ളു. കടശ്ശി റെസിഡെണ്ടു മണ്ട്റോ സായ്പു അവർകളെ റെമ്പാൻ കണ്ടു മെത്രാന്റെ അയോഗ്യതയും തന്റെ ഉദ്ദേശ്യവും അറിയിച്ചതിനോടുകൂടി അന്ന് റെഡിഡെണ്ടാപ്പീസിൽ കുടിശ്ശിഖയായി കിടന്നിരുന്ന വട്ടിപ്പണത്തിന്റെ ആറേഴു വർഷത്തെ പലിശ റെമ്പാന്റെയും യോഗ്യന്മാരായ നാലാറു അത്മേനികളുടെയും രസീതിന്മേൽ സായ്പ് റെമ്പാനു കൊടുക്കയും സിമ്മനാരി പണിവകയ്ക്കു കോട്ടയത്തു സ്ഥലം അനുവദിച്ചു കൊടുക്കയും ചെയ്തു. ഇങ്ങനെ ഇട്ടൂപ്പു റെമ്പാന്റെ പരിശ്രമംകൊണ്ടു കോട്ടയത്തു സിമ്മനാരി കൊല്ലം 991–മാണ്ടു പണിയിച്ചു അതിൽ പഠിത്വവും ആരംഭിച്ചു. വട്ടിപ്പണത്തിന്റെ ആധാരത്തിൽ അതതുകാലത്തെ മെത്രാന്റെ പറ്റുശീട്ടിമേൽ പലിശ കൊടുക്കപ്പെടണമെന്നു പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കെ അതിനു വിരോധമായി ഒരു റെമ്പാന്റെയും നാലാറു അത്മേനികളുടെയും പറ്റുശീട്ടിമേൽ പലിശ കൊടുത്തതു മദ്രാസ് ഗവർമ്മെണ്ടു അംഗീകരിച്ചില്ല. വ്യവസ്ഥയനുസരിച്ചു ശരിയായ പറ്റുശീട്ടു വരുത്തിവയ്ക്കയൊ അല്ലാത്തപക്ഷം ചിലവു ചെയ്ത പലിശ ഖജനാവിൽ കെട്ടിവയ്പിക്കയൊ ചെയ്യണമെന്നു മദ്രാസ് ഗവർമ്മെണ്ടിൽ നിന്നും ഉത്തരവുണ്ടായതിനാൽ റെഡിഡെണ്ടു സായ്പ് വലിയ വിഷമതയിൽ അകപ്പെട്ടു. സിമ്മനാരി പണിയ്ക്കു ഉപയോഗപ്പെടുത്തിയ പലിശ മുഴുവൻ കെട്ടികൊടുക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഇട്ടൂപ്പു റെമ്പാനും പറ്റുശീട്ടു എഴുതിക്കൊടുത്ത അത്മേനികളും കുടുക്കിൽ അകപ്പെട്ടുപോയി. ഇതിൽനിന്നു മോചനം ലഭിക്കുന്നതിനു ഒരു മെത്രാനെ കൂടാതെ നിവൃത്തിയില്ലെന്നു കണ്ടതിനാൽ മണ്ട്റോ

സായ്പിന്റെ ആവശ്യപ്രകാരം ഇട്ടൂപ്പു റെമ്പാൻ വളരെ വൈമനസ്യത്തോടുകൂടെ തൊഴിയൂർ മാർ പീലക്ക്സീനോസിനോടു ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാൻസ്ഥാനം ഏല്ക്കേണ്ടി വന്നു. തന്റെ ജീവിതകാലം മുഴുവൻ ഒരു റെമ്പാന്റെ നിലയിൽ തപസ്വിയായി കഴിച്ചുകൂട്ടണമെന്നു ശപഥം ചെയ്തിരുന്ന ഇദ്ദേഹത്തിനു ഇതൊരു വലിയ വിഷമമായി തോന്നിയെങ്കിലും ഗത്യന്തരമില്ലാതെയായിപ്പോയി. അതിനോടുകൂടി പകലൊമറ്റം തറവാട്ടിലെ മെത്രാസ്ഥാനം നിർത്തൽ ചെയ്യിച്ചു. മേല്പട്ടസ്ഥാനം തറവാട്ടവകാശല്ലെന്നു വരുത്തിവെച്ചു. മലങ്കരയിൽ രണ്ടാമത്തെ ദീവന്നാസ്യോസും പുലിക്കോട്ടു തറവാട്ടിൽ 1–ാമത്തെ ദീവന്നാസ്യോസുമായ ഈ വന്ദ്യൻ തന്റെ സഭയ്ക്കും സമുദായത്തിനും വിദ്യാഭ്യാസം നൽകപ്പെടുന്നതിനുള്ള അടിസ്ഥാനമായ സിമ്മനാരി സ്ഥാപിക്കയും മേല്പട്ടസ്ഥാനം തറവാട്ടവകാശമായി തീർത്തവരുടെ ശ്രമത്തെ നശിപ്പിക്കയും ചെയ്തതിനാൽ മലങ്കരയ്ക്കു ശാശ്വതമായ നന്മകളെ വരുത്തി, തന്റെ നാമത്തെ ഓർക്കപ്പെടുവാൻ തക്ക ഒന്നാക്കിത്തീർത്തു.

ഇദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരായി മലങ്കരെ ഉണ്ടായ രണ്ടു മെത്രാന്മാർ ഏറെക്കുറെ ആ പിന്നടിയിൽ പൊയ്ക്കൊണ്ടിരുന്നു എങ്കിലും കഴിഞ്ഞുപോയ മത്യൂസ് അത്താനാസ്യോസു മെത്രാനായതിനോടുകൂടി ആകപ്പാടെ സഭാകാര്യങ്ങൾ കിഴുമേൽ മറിയാൻ തുടങ്ങി. ദുരുപദേശങ്ങൾ പ്രവേശിപ്പിക്ക, സിമ്മനാരിവകയും പള്ളിവകയുമായ മുതലുകൾ ദുർവിഷയങ്ങൾക്കു ചിലവു ചെയ്തു നശിപ്പിക്ക, മുതലായ പ്രവൃത്തികളാൽ അദ്ദേഹം തന്റെ സ്മാരകം നിലനിർത്തുവാൻ ശ്രമിച്ചതല്ലാതെ താല്ക്കാലികമൊ ശാശ്വതമൊ ആയി പറയത്തക്ക യാതൊരു ഗുണവും അദ്ദേഹത്തിൽ നിന്നു സമുദായത്തിനുണ്ടായില്ല. ഒരു കല്ലിന്മേൽ കല്ലു പണിയിച്ചതായൊ സമുദായത്തിലേക്കു ഒരു സ്വത്തു സമ്പാദിച്ചതായൊ നിലനില്ക്കുന്ന ഏതെങ്കിലും സൽപ്രവൃത്തികൾ ചെയ്തതായോ ഈ ആളിനെക്കുറിച്ചു പറവാൻ ഇല്ലെന്നു മാത്രമല്ല, മലങ്കര മെത്രാന്മാരുടെ ചിലവുവകയ്ക്കു പൂർവന്മാരാൽ സമ്പാദിക്കപ്പെട്ടിരുന്ന കടമറ്റത്തെ നിലവും വേറെ ചില വസ്തുക്കളും വിറ്റു നശിപ്പിച്ചു ആ അർത്ഥം സ്വന്തം തറവാട്ടേക്കു സമ്പാദ്യമുണ്ടാക്കാൻ വിനിയോഗിച്ചതു ഒരു നിത്യ സ്മാരകമാണെങ്കിൽ ഇങ്ങനെയുള്ള വകകൾക്കും പാലക്കുന്നത്തു തറവാടിനെ പകലൊമറ്റം തറവാടാക്കി മേല്പട്ടസ്ഥാനം അവിടെ ശാശ്വതമാക്കാൻ ചെയ്ത ശ്രമങ്ങൾക്കും ഈ ദേഹം കീർത്തിമാനായി തീർന്നു. ഈ അടിമയിൽ നിന്നു മലങ്കരസഭയെ വിമോചിക്കുന്നതിനു ദൈവം തിരഞ്ഞെടുത്ത ആയുധം പകലൊമറ്റം തറവാട്ടുകാരുടെ അടിമയിൽ നിന്നു സഭയെ മോചിച്ച ആ മഹാപുരുഷന്റെ മാംസത്തിൽ നിന്നും രക്തത്തിൽ നിന്നും ജനിച്ച ആളായ നമ്മുടെ ഇപ്പഴത്തെ വലിയ തിരുമേനിയാകുന്നു.

നമ്മുടെ കഥാനായകനായ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സിമ്മനാരി സ്ഥാപകനായ പുലിക്കോട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ സഹോദര പൌത്രനും ജ്ഞാന സ്നാനപ്പേരിലും സ്ഥാനപ്പേരിലും എന്നുവേണ്ടാ സ്വഭാവത്തിലും പ്രവൃത്തിയിലും സകലത്തിലും ആ പൂർവന്റെ പിൻഗാമിയും ആകുന്നു. ഇദ്ദേഹം കൊല്ലം 1008-മാണ്ടു വൃശ്ചികമാസം 24-നു ജനിച്ചു. തന്റെ പിതൃവ്യനും തപസ്വിയും ഭക്തനുമായിരുന്ന ഇട്ടൂപ്പു കശീശാ അവർകളുടെ മേൽനോട്ടത്തിലും സംരക്ഷണയിലും വളർത്തപ്പെട്ടു. ആ കാലത്തെ സമ്പ്രദായമനുസരിച്ചു മലയാളഭാഷ അഭ്യസിപ്പിക്കപ്പെട്ടു. ഏകദേശം പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ തന്റെ അനന്തിരവനായി ഒരാൾക്കു പട്ടം കൊടുക്കണമെന്നു മേൽപ്പറഞ്ഞ ഇട്ടൂപ്പു കശീശായ്ക്കും കുടുംബത്തിലുള്ള ആളുകൾക്കും ആഗ്രഹം ജനിച്ചു. നമ്മുടെ കഥാനായകനായ യൌസേഫ് കുട്ടിക്കു പട്ടം കൊടുക്കണമെന്നു ചിലരും അല്ല തന്റെ കുടുംബത്തിൽ തന്നെ സമപ്രായനായ വേറോരു കുട്ടിക്കു വേണമേന്നു വേറെ ചിലരും തമ്മിൽ വാദിച്ചതിനാൽ രണ്ടു കുട്ടികളുടെയും പേരെഴുതി നറുക്കിട്ടു കുറി വരുന്ന ആൾക്കു പട്ടം കൊടുക്കണമെന്നു ഇട്ടൂപ്പു കശീശാ നിശ്ചയിച്ചു രണ്ടു കുട്ടികളേയും കൂട്ടിക്കൊണ്ടു ആർത്താറ്റു പള്ളിയിൽ എത്തി നറുക്കെഴുതി ത്രോണോസിൽ വെച്ചുംകൊണ്ടു കുർബ്ബാനയ്ക്കാരംഭിച്ചു. മത്യാസ് തിരഞ്ഞെടുക്കപ്പെട്ടതുപോലെ നമ്മുടെ കഥാനായകൻ തിരഞ്ഞെടുക്കപ്പെടുകയാൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്നു കോറൂയൊ പട്ടം സ്വീകരിച്ചു തന്റെ പിതൃവ്യന്റെയും മല്പാൻ പനയ്ക്കൽ കാക്കു കത്തനാരുടെയും അടുക്കൽ സുറിയാനിഭാഷയും വേദജ്ഞാനവും സമ്പാദിച്ചശേഷം കാലം ചെയ്ത മാർ കൂറിലോസ് ബാവായിൽ നിന്നു കശീശാസ്ഥാനം കൈക്കൊണ്ടു. ആർത്താറ്റു ഇടവകയുടെയും അതിനു കീഴായുള്ള പള്ളികളുടെയും ഭരണം കയ്യേറ്റു.

നമ്മുടെ കഥാനായകൻ ബാല്യത്തിലെതന്നെ തൻകാര്യത്തിനായി പ്രയത്നിക്കാതെ പരസ്നേഹിതനെന്നുള്ള പേർ സമ്പാദിച്ചു. പ്രതിഫലമൊ ലാഭമൊ ഇഛിക്കാതെ ആർക്കുവേണ്ടിയും തന്റെ ശക്തിയിൽ കവിഞ്ഞു ബുദ്ധിമുട്ടാനും വേണ്ടിവന്നാൽ കയ്യിൽനിന്നു ചിലവു ചെയ്വാനും എപ്പോഴും സന്നദ്ധനായിരുന്നതിനാൽ തന്റെ ഇടവകയിൽ ഉൾപ്പെട്ട സർവ്വ ജനങ്ങളുടെയും വാത്സല്യഭാജനമായിതീർന്നു. “ചെറിയച്ചൻ” (എല്ലാ അച്ചന്മാരിലും ഇളപ്പമായിരുന്നതുകൊണ്ടു ഇതു നമ്മുടെ കഥാനായകന്റെ ഒരു സാധാരണ പേരായിരുന്നു) എന്നു പറഞ്ഞാൽ ആർത്താറ്റു ഇടവകക്കാരുടെ പ്രേമം വിദ്യുച്ഛക്തിയാൽ എന്നപോലെ ഉജ്ജ്വലിപ്പിക്കുന്ന ഒരു നാമമായിത്തീർന്നു. ഹിന്ദുസ്ഥാനിഭാഷയിൽ താൻ സമ്പാദിച്ച

ജ്ഞാനം ഇംഗ്ലീഷ് ഭാഷാഭ്യസനം ഇല്ലാത്തതുകൊണ്ടുള്ള ന്യൂനതയെ ഒട്ടു പരിഹരിക്കത്തക്കതായിരുന്നതുകൊണ്ടു ദേശാടനം ചെയ്യുന്നതിലും വലിയ വിഷമങ്ങൾ ഉണ്ടായിരുന്നില്ല.

ഇങ്ങിനെയിരിക്കെ 1030-ാമാണ്ടിടയ്ക്കു തൊഴിയൂർ പള്ളിയിൽ മെത്രാനായിരുന്ന കൂറിലോസ് മരിക്കയാൽ മത്യൂസ് അത്താനാസ്യോസും കൂറിലോസു ബാവായും അവിടെ എത്തി. തൊഴിയൂർ പള്ളിക്കാര്യത്തിൽ ആർത്താറ്റു യോഗക്കാർക്കു മുമ്പിനാലെയുണ്ടായിരുന്ന പ്രവേശത്തെ വിസ്മരിച്ചു മത്യൂസ് മെത്രാൻ ഓരോന്നു പ്രവൃത്തിച്ചു തുടങ്ങിയതിനോടു കൂടി ആർത്താറ്റുയോഗത്തിൽ പ്രധാനിയായിരുന്ന പനയ്ക്കൽ ഇയ്യപ്പൻ മുതൽപേർ മത്യൂസ് മെത്രാന്റെ കോപപാത്രങ്ങളായി തീർന്നു. ഇയ്യപ്പൻ മുതൽപേരുടെമേൽ കൃത്രിമമായി ചില കള്ള വ്യവഹാരങ്ങളും പോലീസുകളും മെത്രാൻ ഉണ്ടാക്കി അവരെ തടവിൽ പാർപ്പിക്കയും മറ്റും ചെയ്തു. മുമ്പെ തന്നെ മെത്രാന്റെ മതപീഡകളെ അനുഭവിച്ചു കഷ്ടത സഹിച്ചിരുന്ന "ചെറിയച്ചന്റെ" മതവൈരാഗ്യം വെളിയ്ക്കിറങ്ങുവാൻ ഇതു കാരണമായിതീർന്നു. ഇവിടം മുതൽ ക്രിമിനലായും സിവിലായും തൊഴിയൂർ പള്ളിസംബന്ധമായുണ്ടായ വ്യവഹാരങ്ങൾ കൂറിലോസു ബാവായുടെ കാര്യസ്ഥൻ എന്ന നിലയിൽ നടത്തിയതു നമ്മുടെ കഥാനായകനായിരുന്നു. അതിനു മുമ്പു തന്നെ ചാലശ്ശേരിയിൽ കൂറിലോസു ബാവാ ഒരു പള്ളി പണിയിച്ചു അവിടെ താമസിച്ചുംകൊണ്ടു പല പുറജാതികളേയും ക്രിസ്ത്യാനി മതത്തിൽ ചേർത്തുകൊണ്ടിരുന്നു. അവിടെ ധനം കൊണ്ടു പ്രസിദ്ധനായിരുന്ന ഒരു തീയന്റെ അടുത്ത അവകാശികളെ ബാവാ ജ്ഞാനസ്നാനപ്പെടുത്തുകയാൽ ആ തീയ്യനും അവനോടു കൂടെ വളരെ മഹമ്മദിയന്മാരും ചേർന്നു പള്ളി തീ കൊണ്ടു ദഹിപ്പിക്കയും ബാവായുടെമേൽ ക്രിമിനൽ വ്യവഹാരങ്ങൾ ഉണ്ടാക്കയും ചെയ്തു. ഇതിൽവെച്ചു ബാവാ വളരെ പീഡ അനുഭവിയ്ക്കേണ്ടിവന്നു എങ്കിലും നമ്മുടെ കഥാനായകന്റെ ഉത്സാഹം കൊണ്ടു അതിൽ നിന്നു രക്ഷപ്രാപിച്ചു. അതുപോലെതന്നെ വേറൊരു സന്ദർഭത്തിൽ റോമ്മാസുറിയാനിക്കാർക്കായി ബാബേലിൽനിന്നയക്കപ്പെട്ട തോമ്മാസ് റോക്കോസ് മെത്രാനും കൂറിലോസു ബാവായും കൂടി ഒരുമിച്ചിരിക്കുമ്പോൾ വരാപ്പുഴെ മെത്രാനെക്കുറിച്ചു ബാവാ എന്തൊ അപകീർത്തി പറഞ്ഞു എന്നൊരു കാരണമുണ്ടാക്കി വരാപ്പുഴെ മെത്രാൻ ബാവായുടെമേൽ ഒരു വലിയ നഷ്ടവ്യവഹാരം കൊണ്ടുവന്നു. ഇതും നമ്മുടെ കഥാനായകന്റെ പരിശ്രമം കൊണ്ടു തള്ളപ്പെട്ടു.

ഇങ്ങനെ കൂറിലോസു ബാവായേയും സഭയേയുംപ്രതി ബാല്യംമുതൽ ബുദ്ധിമുട്ടികൊണ്ടിരുന്ന കഥാനായകന്റെ പ്രയത്നത്തിൽ ഒട്ടും അപ്രധാനമല്ലാതിരുന്ന തൊഴിയൂർ പള്ളിക്കേസു ഡിസ്ട്രിക്ടു

കോടതിയിലും ഹൈക്കോടതിയിലും ദോഷമായി വിധിയ്ക്കപ്പെട്ടതിനാൽ താൻ നിരാശപ്പെട്ടു ലൌകികങ്ങളും ഇടവകഭരണവും ഉപേക്ഷിച്ചു തപസ്വിയായിരുന്നുകൊള്ളാമെന്നു തീർച്ചപ്പെടുത്തി ആർത്താറ്റു പള്ളിയിൽ ഇരിപ്പായി. അങ്ങിനെയിരിക്കെ, മത്യൂസ് അത്താനാസ്യോസിന്റെ ദുരുപദേശത്തേയും അക്രമങ്ങളേയും തടുക്കുന്നതിനു കൂറിലോസുബാവാ മതിയാകുന്നില്ലെന്നു കണ്ടു വേറൊരു മെത്രാനെ കൂടെ അയച്ചുതരണമെന്നു പല പള്ളിക്കാർ ചേർന്നു പാത്രിയർക്കീസു ബാവാ തിരുമനസ്സിലേക്കയച്ചിരുന്ന അപേക്ഷയ്ക്കു യോഗ്യനായ ഒരാളെ ഇവിടെനിന്നു തിരഞ്ഞെടുത്തയക്കണമെന്ന മറുപടി കല്പന കിട്ടി. കാര്യപ്രാപ്തി, സ്വയവർജ്ജന, ജനരഞ്ജന, ഇത്യാദി നാനാഗുണങ്ങളുടെ വിളഭൂമി ആയിരുന്ന പുലിക്കോട്ടിൽ യൌസേപ്പു കത്തനാരെക്കാൾ മേല്പട്ടസ്ഥാനത്തിനു യോഗ്യനായി വേറൊരാൾ ഇല്ലെന്നു കഴിഞ്ഞുപോയ ഇടവഴിക്കൽ വലിയച്ചൻ അഭിപ്രായപ്പെട്ടു നമ്മുടെ കഥാനായകനെ എഴുതി അയച്ചു വരുത്തുകയും സഭയുടെ അനാഥസ്ഥിതിയെയും മത്യൂസ് മെത്രാന്റെ അക്രമങ്ങളെയും അദ്ദേഹത്തോടു എതൃക്കുവാൻ കൂറിലോസു ബാവായുടെ അപ്രാപ്തിയെയും സിമ്മനാരിസ്ഥാപകനായ കാലം ചെയ്ത മെത്രാച്ചന്റെ ഗുണങ്ങളേയും അദ്ദേഹത്തിന്റെ പിന്നടിയിൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങളെ നിറവേറ്റുന്നതിനു താൻ ഒരു ചുമതലക്കാരനാണെന്നുള്ള ന്യായങ്ങളേയും ധരിപ്പിച്ചു പരദേശയാത്ര ചെയ്വാൻ നമ്മുടെ കഥാനായകനെ ഉത്സാഹിപ്പിച്ചു. പ്രകൃതിയാൽ ഭക്തിവൈരാഗ്യങ്ങളുടെ ഇരിപ്പിടമായിരുന്ന ഈ ദേഹം ഇടവഴിക്കലച്ചന്റെ ആലോചനയ്ക്കു വഴിപ്പെട്ടു. കൂറിലോസു ബാവായിൽ നിന്നും പള്ളിക്കാരിൽ നിന്നും വേണ്ട എഴുത്തുകളെ വാങ്ങിച്ചുംകൊണ്ടു പരദേശയാത്രയുടെ വൈഷമ്യങ്ങളെ തൃണപ്രായമാക്കി 1039-ാമാണ്ടു മേടമാസം 14-നു യൌസേഫ് കത്തനാർ കൊച്ചിയിൽ നിന്നു കപ്പൽ കയറി. ഈ പരിഷ്ക്കാര കാലത്തു പരദേശയാത്ര ചെയ്വാൻ നാട്ടുകാർക്കുള്ള വൈമനസ്യം ആലോചിച്ചാൽ മാർഗ്ഗസൌകര്യമൊ സർക്കാർ സംരക്ഷണയൊ ഇല്ലാതിരുന്ന ആ കാലത്തു അറബികള്ളന്മാരുടെ ഇടയിൽ കൂടി സഞ്ചരിച്ചു സ്ഥാനം വാങ്ങിവരാമെന്നുറച്ച ഈ പിതാവിന്റെ ധൈര്യവും മതപ്രതിപത്തിയും എന്തുമാത്രമായിരുന്നിരിക്കണമെന്നു പറയാൻ പ്രയാസമാകുന്നു. കപ്പൽ യാത്ര കഴിഞ്ഞു കരയ്ക്കിറങ്ങിയശേഷം മർദ്ദെൻപട്ടണം വരെയുള്ള കരയാത്രയുടെ ദുർഘടം വർണ്ണിക്കാൻ പ്രയാസം. പത്തിരുപതു ദിവസത്തൊളം രാത്രി മുഴുവനും കുതിരപ്പുറത്തിരുന്നു സഞ്ചരിക്കയും പകൽ വല്ല തണലിലും ഇരുന്നു കഴിച്ചു കൂട്ടുകയും ചെയ്യുന്നതു എത്രമാത്ര ബുദ്ധിമുട്ടും ദുർഘടവുമാണെന്നു പറയണമെന്നില്ല. ഈ പ്രയാസങ്ങളെ സഹിച്ചു മർദ്ദേൻപട്ടണത്തിൽ എത്തി. അവിടെവച്ചു ഒരു കഠിനപനി പിടിപെട്ടതിനോടുകൂടെ, കൂടെ ഉണ്ടായിരുന്ന ഒരു കത്തനാർ മരിയ്ക്കയും നമ്മുടെ തിരുമേനി വളരെ കഷ്ടപ്പെ

ടുകയും ചെയ്തു എങ്കിലും ദൈവകൃപയാൽ അതു സുഖപ്പെട്ടതിനോടു കൂടി മാർ ഇഗ്നാത്യോസ് യാക്കോബ് പാത്രിയർക്കീസുബാവാ അപ്പോൾ താമസിച്ചിരുന്ന ദീയാർബെക്കർ (ആമ്മീദ) പട്ടണത്തിലേക്കു പോയി. അഞ്ചാറു മാസത്തോളം അവിടെ താമസിച്ചശേഷം 1865-ാമാണ്ടു മേട മാസം 18-നു ഞായറാഴ്ച ആമ്മീദിലെ ദൈവമാതാവിന്റെ പള്ളിയിൽ വച്ചു മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. പാത്രിയർക്കീസു ബാവായിൽ നിന്നു ചില സമ്മാനങ്ങൾ നല്കപ്പെട്ടതു സ്വീകരിച്ചുംകൊണ്ടു മൂസൽ വഴിയായി മടങ്ങി. 1865 ചിങ്ങ മാസം 25-നു കൊച്ചിയിൽ നമ്മുടെ വന്ദ്യപിതാവു വന്നിറങ്ങി. അപ്പോൾ തന്നെ സ്വീകരിപ്പാൻ ആഗ്രഹവും മനസ്സുമുള്ള വളരെ പള്ളിക്കാർ ഉണ്ടായിരുന്നെങ്കിലും തിരുവെഴുത്തു വിളംബരവും സർക്യുലർ ഉത്തരവുമെന്ന രണ്ടു വാളുകളെ ഇരുകയ്യിലും പിടിച്ചുകൊണ്ടു യുദ്ധത്തിനു ഒരുങ്ങിനിന്നിരുന്ന ആളിനെ ഭയന്നു ഒരു പള്ളിക്കാരും പരസ്യമായി നമ്മുടെ തിരുമേനിയെ അംഗീകരിപ്പാൻ ധൈര്യപ്പെട്ടില്ല. ബാലിനു മുട്ടുകുത്താത്ത ഏഴായിരം ഇനിക്കുണ്ടെന്നു കർത്താവു കല്പിച്ചതുപോലെ എന്തു വന്നാലും സഹിച്ചുകൊള്ളാമെന്നു ധൈര്യപ്പെട്ട ചുരുക്കം ചില പള്ളിക്കാരും ആളുകളും മാത്രമേ തനിക്കു അനുകൂലികളായിരുന്നുള്ളു. അന്നത്തെ മുറയ്ക്കു ഒരു മെത്രാനു അധികാരം ലഭിക്കണമെങ്കിൽ ഗവർമ്മെണ്ടു അംഗീകരിച്ചു വിളംബരം ചെയ്യണം. ഗവർമ്മെണ്ടു അംഗീകരിക്കണമെങ്കിൽ ബ്രിട്ടീഷ് റസിഡെണ്ടു അംഗീകരിച്ചു ശിപാർശി ചെയ്യണം. ഇതു ആ കാലത്തു അസാദ്ധ്യമായിരുന്ന ഒരു കാര്യമായിരുന്നു. മിഷ്യനറിമാരുടെയും അവർ മുഖാന്തിരം വെള്ളക്കാരെല്ലാവരുടെയും സഹായം എതൃകക്ഷിയ്ക്കിരിക്കുമ്പോൾ മത്യൂസ് മെത്രാന്റെ വിളംബരവും സർക്യുലരും അസ്ഥിരപ്പെടുത്തി കിട്ടുന്നതു ആരാലും സാദ്ധ്യമല്ലാത്ത സംഗതിയായിരുന്നു. ഇങ്ങനെ 1050-ാമാണ്ടുവരെ കഷ്ടപ്പെട്ടശേഷം കാലംചെയ്ത പത്രോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ലണ്ടനിൽ എഴുന്നെള്ളി മഹാന്മാരുടെ സഹായം പ്രാപിച്ചുംകൊണ്ടു ഈ നാട്ടിൽ വന്നു വ്യവഹരിച്ച് മത്യൂസ് മെത്രാന്റെ വിളംബരം അസ്ഥിരപ്പെടുത്തിച്ചു. ഇതുകൊണ്ടും കാര്യനടപ്പുണ്ടായില്ല. മുൻ വിളംബരം അസ്ഥിരപ്പെട്ടു എങ്കിലും പള്ളികളുടെയും സ്വത്തുക്കളുടെയും കൈവശം ഭേദപ്പെട്ടില്ല. അതിലേക്കു സിവിൽവ്യവഹാരം ആവശ്യമായി വന്നതിനാൽ 1054-ൽ സിമ്മനാരിയും സ്വത്തുക്കളും ഒഴിപ്പിക്കുന്നതിനു ആലപ്പുഴെ കോർട്ടിൽ അന്യായപ്പെടേണ്ടി വന്നു. ഈ വ്യവഹാരവും വട്ടിപ്പണകേസ്, പള്ളികളുടെ വ്യവഹാരങ്ങൾ മുതലായി എല്ലാ കേസുകൾക്കും കൂടി ഇരുപത്തഞ്ചിൽ കുറയാതെ വർഷവും ലക്ഷത്തിൽപരം രൂപായും നഷ്ടപ്പെടേണ്ടിവന്നു. ഒരു അസാമാന്യപുരുഷൻ തന്നെ ആയിരുന്നാലും ഇത്ര വളരെ പണച്ചിലവും ബുദ്ധിമുട്ടും വേണ്ടിവന്ന ഈ ദീർഘകാലത്തെ വ്യവഹാരത്തിനിടയിൽ

സാമൂഹ്യമായൊ ആത്മീയമായൊ യാതൊരു കാര്യങ്ങളിലും തന്റെ ബുദ്ധിയെ വിനിയോഗിക്കാൻ എളുപ്പമല്ല. എങ്കിലും നമ്മുടെ തിരുമേനി ഈ അനേക അസൌകര്യങ്ങളുടെ ഇടയിൽ ഹൈസ്കൂളുകളും മിഡിൽസ്കൂളുകളും വൈദിക സിമ്മനാരിയും അച്ചുകൂട്ടവും മാസികകളും ഏർപ്പെടുത്തുന്നു. പള്ളികൾ പണിയിക്കുന്നു. പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നു. സുവിശേഷവേലകൾ ചെയ്യിക്കുന്നു. കായൽ കുത്തിക്കുന്നു. വസ്തുക്കൾ സമ്പാദിക്കുന്നു. ചുരുക്കിപറയട്ടെ ഒരു സഭയുടേയും സമുദായത്തിന്റെയും ഉയർച്ചയ്ക്കു ആവശ്യപ്പെട്ട ഒരു കാര്യത്തിലും അവിടത്തെ ദൃഷ്ടി എത്താതെയും അവിടന്നു ശ്രമിക്കാതെയും ഇരുന്നിട്ടില്ല. ഒരു മൂടും ചുവടും അമ്മനും ആശാനുമില്ലാതെ കണ്ടവന്റെയെല്ലാം തല്ലും കൊണ്ടു കിടന്നിരുന്ന മലങ്കരസഭയെ നല്ല അടിസ്ഥാനത്തിന്മെൽ ഉറപ്പിച്ചു. പാലുകുടിയ്ക്കാൻ ജിവനില്ലാതെ കിടന്നിരുന്ന കുട്ടിയെ ഗുരുത്വമേറിയ മാംസം ഭക്ഷിക്കാൻ തക്കസ്ഥിതിയിൽ ആക്കിയിരിക്കുന്നു. അവിടത്തെ പ്രായാധിക്യത്തിനു പരിഹാരമായി സഹായ മെത്രാന്മാരെ വാഴിപ്പിച്ചു പിന്തുടർച്ചയും സ്ഥിരപ്പെടുത്തിയിരിക്കുന്നു. മലങ്കര ഇടവകയിൽ ഉണ്ടായിട്ടുള്ള മെത്രാപ്പോലീത്തന്മാരിൽ ഇത്രത്തോളം ബുദ്ധിമുട്ടും ഞെരുക്കവും സഹിച്ചവരും ഇത്രത്തോളം യശസ്സും മാനവും സമ്പാദിച്ചവരും ഇത്രത്തോളം സഭയ്ക്കു ശാശ്വതമായ ഗുണങ്ങളെ ചെയ്തവരുമായി വേറെ ആരെയും ചൂണ്ടിക്കാണിപ്പാനില്ല. ഇപ്പോൾ തിരുമേനിയ്ക്കു എഴുപത്താറു വയസ്സു തികഞ്ഞിരിക്കുന്നു. മലങ്കരെ ഉണ്ടായിട്ടുള്ള എല്ലാ മെത്രാന്മാരിലും വെച്ചു ഏറ്റവും ദീർഘകാലം മേല്പട്ടസ്ഥാനം വഹിച്ചതു പകലൊമറ്റം തറവാട്ടിലെ 6-ാം മാർതോമ്മാ അല്ലെങ്കിൽ വലിയ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായായിരുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലം 47 വർഷമായിരുന്നു. നമ്മുടെ വലിയ തിരുമേനി മെത്രാൻ സ്ഥാനത്തിൽ പ്രവേശിച്ചിട്ടു ഇപ്പോൾ നാല്പത്തിമൂന്നര വർഷമായിരിക്കുന്നു. ഈ പിതാവു ഇനിയും അനേകവർഷം ആയുരാരോഗ്യസൌഭാഗ്യങ്ങളോടുകൂടെ ജീവിച്ചിരുന്നു തന്റെ സഭയുടെ ഉയർച്ചയെ കണ്ടു സംതൃപ്തനായി തന്നെ ഭരമേല്പിച്ച കട്ടിവരാഹനെ സഹസ്രമടങ്ങു ലാഭത്തോടുകൂടി കർത്താവിന്റെ ന്യായാസനത്തിൻമുമ്പാകെ സമർപ്പിക്കുന്നതിനു ഇടയാകണമെ എന്നു മലങ്കര ഇടവകയിൽ സർവ്വജനങ്ങൾക്കും ഉള്ള പ്രാർത്ഥനയിൽ ഇടവകപത്രികയും സർവ്വാത്മനാ പങ്കുകൊള്ളുന്നു.

*(മുഖപ്രസംഗം, ഇടവകപത്രിക പ്രത്യേക പതിപ്പ്, 1908 വൃശ്ചികം)*

# മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്

## സി. പി. തരകൻ

മലങ്കര സുറിയാനി സമുദായത്തിന്റെ സർവ്വവിധങ്ങളായ ഐശ്വര്യങ്ങൾക്കും സാക്ഷാൽ കാരണഭൂതനും നമ്മുടെ എല്ലാവരുടെയും സ്നേഹബഹുമാനാദികൾക്കും പാത്രീഭൂതനും ആയ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ 76–ാമത്തെ ജന്മനക്ഷത്രം ആഘോഷപൂർവ്വം കൊണ്ടാടുന്ന ഈ അവസരത്തിൽ തിരുമനസ്സിലെ കുറിച്ചു രണ്ടു വാക്കു പറയുന്നത് സുറിയാനി ക്രിസ്ത്യാനികളായ ഏവർക്കും സന്തോഷജനകമായിരിക്കുവാനെ നിവൃത്തിയുള്ളുവല്ലൊ. തിരുമനസ്സിലെ ഐശ്വര്യകരമായ ജീവിതദശയെപ്പറ്റി ഒരു വലിയ പുസ്തകമെഴുതുന്നതായാൽ തന്നെയും അതു യാതൊരുവിധത്തിലും പൂർണ്ണമായ ഒരു വിവരണമായിരിക്കുവാൻ ഇടയില്ല. ആ സ്ഥിതിക്കു ഇടവകപത്രികയുടെ മൂന്നൊ നാലൊ പുറങ്ങളിൽ തിരുമനസ്സിലെ ജീവചരിത്രം കുറുക്കിക്കൂട്ടി പ്രസ്താവിക്കുന്നതായാൽ അതിന്റെ സ്ഥിതി ഏതുപ്രകാരത്തിലായിരിക്കുമെന്നു ഊഹിക്കാവുന്നതാണല്ലോ. എന്റെ ഈ ശ്രമം പൂർണ്ണ ഫലത്തിനാവുകയില്ലെന്നു എനിക്കു തന്നെ നല്ല ബോധമുണ്ടെങ്കിലും മാർ ദീവന്നാസ്യോസ് എന്ന നാമമാത്ര ശ്രവണത്താൽ അപഹൃതചിത്തവൃത്തികളായി തീരുന്ന കേരളീയ സുറിയാനിക്കാരുടെ മനസ്സിൽ എന്റെ ലേഖനം മൂലം തിരുമനസ്സിനെപ്പറ്റി എന്തെങ്കിലും ഒരു വിചാരമുണ്ടാകാതിരിക്കയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്. അതിനാൽ അത്രെ ഈ ചെറിയ ലേഖനമെഴുതുവാൻ ഞാൻ ഉദ്യമിക്കുന്നതു.

തിരുമനസ്സുകൊണ്ട് 1008–ാമാണ്ട് വൃശ്ചികം മാസം 24–നു കുന്നംകുളങ്ങരെ പുലിക്കോട്ടു എന്ന ഗൃഹത്തിൽ ജനിച്ചു. തിരുമനസ്സിലെ ഗൃഹമായ “പുലിക്കോട്” പണ്ടു തന്നെ സുറിയാനി സമുദായ ചരിത്രത്തിൽ പ്രസിദ്ധമായിതീർന്ന ഒന്നാണ്. കോട്ടയം പഴയസിമ്മനാരിയുടെ സ്ഥാപകനായ യൌസേഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും പ്രസ്തുത സിമ്മനാരിയെ പാലക്കുന്നത്തു മത്യൂസ് അത്താനാസ്യോസിന്റെ കഠിനകഠോരമായ ഭരണത്തിൽ നിന്നു ഉദ്ധരിച്ച യൌസേഫ് മാർ ദീവന്നാസ്യോസും ഈ ഗൃഹത്തിൽ തന്നെ ജനിക്കുന്നതിനിടയായതു ഒരു വിശിഷ്ട സംഗതിയത്രെ. തിരുമനസ്സുകൊണ്ടു സ്വദേശത്തു വച്ചു തന്നെ സ്വഭാഷയും കണക്കും ഭംഗിയായി അഭ്യസിച്ചു. എങ്കിലും ഇംഗ്ലീഷ് ഭാഷ അഭ്യസിക്കുന്നതിനു തിരുമനസ്സിലേക്കു

അശേഷംപോലും സൌകര്യമുണ്ടായില്ല. എങ്കിലും അവിടന്നു സുറിയാനിയും ഹിന്തുസ്ഥാനിയും ക്രമമായി അഭ്യസിച്ചുവന്നു. ഇങ്ങിനെ കുറെ നാൾ വിദ്യാഭ്യാസം ചെയ്തശേഷം അവിടന്നു ആദ്യമായി കോതമംഗലത്തു വച്ചു 1021-ാമാണ്ടു ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയൊ സ്ഥാനമേറ്റു.

ഇതിനു അല്പം മുമ്പാണ് മത്യൂസ് അത്താനാസ്യോസ് സ്ഥാനമേറ്റു മലയാളത്തു വന്നുചേർന്നത്, ഇദ്ദേഹത്തിന്റെ സ്ഥാനപ്രാപ്തിയെപറ്റി പലരും ബാവായുടെ അടുക്കൽ എഴുതി അയക്കയാൽ കൂറിലോസ് ബാവായും അത്താനാസ്യോസും തമ്മിൽ ഉള്ള വാദത്തിൽ അത്താനാസ്യോസ് വിജയിയായി തീർന്നു. അത്താനാസ്യോസിന്റെ പ്രാബല്യത്തിനു കാരണമായിതീർന്നതു രണ്ടു സംസ്ഥാനത്തെയും തിരുവെഴുത്തു വിളംബരങ്ങളായിരുന്നു. ഇതിൽ മത്യൂസ് അത്താനാസ്യോസിന്റെ വലത്തുകൈ എന്ന പോലെ നിന്നു അദ്ദേഹത്തെ സഹായിച്ചത് കല്ലൻ സായ്പാണ്, അന്നു വിദേശമെത്രാന്മാർ തിരുവിതാംകൂറിൽ പ്രവേശിച്ചുകൂടെന്ന് സായ്പ് ഒരു കല്പനയയച്ചു. ഈ കല്പന സ്തേപ്പാനോസ് എന്ന ഒരു വിദേശമെത്രാന്റെ പരിശ്രമത്തിൽ ഉടനെ തന്നെ റദ്ദാക്കി. എങ്കിലും കൂറിലോസ് ബാവായുടെ അരിഷ്ടതകൾക്കു യാതൊരു ശമനവും ഉണ്ടായില്ല. അവിടുന്ന് വീണ്ടും മലയാളത്തിൽ തന്നെ താമസിച്ചുകൊണ്ടിരുന്നു. ആ സമയത്താണ് നമ്മുടെ കഥാനായകൻ അദ്ദേഹത്തിൽനിന്നു കശീശൂസാസ്ഥാനം പ്രാപിച്ചത്. ഇതു 1028-ാമാണ്ടു ആയിരുന്നു. യൌസേഫ് കത്തനാർ പുത്തൻ കുർബ്ബാന ചൊല്ലിയതു ചിറളയത്തു പള്ളിയിൽ വച്ചാണ്.

തിരുവിതാംകൂറിലും കൊച്ചിയിലും മാർ അത്താനാസ്യോസിനു അനുകൂലമായി വിളംബരങ്ങൾ ഉണ്ടായിരുന്നതിനാൽ അന്നു യൌസേഫ് കത്തനാർക്കും മറ്റും ഉണ്ടായിരുന്ന ദുഃഖം എത്രമാത്രമായിരുന്നു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. ഇങ്ങിനെ അത്താനാസ്യോസിനോടുള്ള വെറുപ്പും സുറിയാനിസഭയുടെ ആചാരനടപടികളിൽ ഉള്ള വിശ്വാസത്തിന്റെ കൂടുതലും ഹേതുവായിട്ടു 1028 വൃശ്ചികം 12-നു കൊച്ചി ഗവർമ്മേണ്ടിന്റെ അനുവാദത്തോടുകൂടി കുന്നംകുളങ്ങരെ കിഴക്കെ പുത്തൻപള്ളി പണി ചെയ്തു അവിടെ കുർബ്ബാന ചൊല്ലി തുടങ്ങി. ഈ ദിവസം യൌസേഫ് കത്തനാരുടെ കാരണവരായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ഓർമ്മദിവസമാണെന്നു സ്പഷ്ടമാണല്ലൊ. ഈ പള്ളിയുടെ കാര്യത്തിൽ മത്യൂസ് അത്താനാസ്യോസും യൗസേഫ് കത്തനാരും തമ്മിൽ വലിയ വാശിയും വഴക്കുമുണ്ടായി എങ്കിലും അവസാനത്തിൽ യൌസേഫ് കത്തനാരാണ് വിജയി ആയിതീർന്നത്. യൂറോപ്യൻ മിഷ്യനരിമാരുമായുള്ള അതിയായ സമ്പർക്കം മൂലം സുറിയാനി

സഭയുടെ നിർമ്മല ഉപദേശങ്ങളെല്ലാം കേവലം മൂഢതകളാണെന്നുള്ള തെറ്റിദ്ധാരണയോടുകൂടി സുറിയാനി സഭാഭരണം കയ്യേറ്റു, അതിനെ അകപ്പാടെ അലംകോലമാക്കുവാൻ പരിശ്രമിച്ച ഗോലിയാഥിന്റെ പരിശ്രമങ്ങളെ വിഫലീകരിക്കുന്നതിനും സത്യസഭയുടെ ഉപദേശങ്ങളെ ഉറപ്പിക്കുന്നതിനും യൌസേഫ് കത്തനാർ അന്നു പലവിധത്തിൽ പരിശ്രമിച്ചിട്ടുണ്ട്. പിന്നീടുണ്ടായ തൊഴിയൂർ പള്ളി വ്യവഹാരത്തിലും മറ്റും യൌസേഫ് കത്തനാർ പ്രദർശിപ്പിച്ച സാമർത്ഥ്യവിശേഷങ്ങൾ അനന്യസാധാരണങ്ങളായിരുന്നു. പ്രസ്തുത വ്യവഹാരത്തിൽ നമ്മുടെ കഥാനായകന്റെ ഭാഗക്കാർ പരാജിതന്മാരായി തീരുന്നതിനിടയായി എങ്കിലും ആ കേസിന്റെ ചരിത്രത്തെ കൂലങ്കഷമായി പരിശോധിക്കുന്നതായാൽ ഈ കാര്യത്തിൽ ന്യായാധിപതിമാർ എത്രമാത്രം മൌഢ്യം പ്രദർശിപ്പിച്ചിട്ടുണ്ടെന്നു എളുപ്പത്തിൽ ബോധ്യപ്പെടുന്നതാണ്.

ഈ വ്യവഹാരത്തിൽ തന്റെ ആഗ്രഹംപോലെ ഒന്നും സാധിക്കാഞ്ഞതിനാൽ യൌസേഫ് കത്തനാർ മനസ്താപപ്പെട്ടു തന്റെ സ്വദേശമായ ആർത്താറ്റുപള്ളിയിൽ വന്നു സ്ഥിരതാമസം ആരംഭിച്ചു. താൻ അവിടെ കുറച്ചുകാലമേ താമസിച്ചുള്ളു എങ്കിലും അതിനിടയ്ക്കു ഇടവകജനങ്ങളെ ഭംഗിയാംവണ്ണം ഭരിക്കയും അവരെ നേർവഴിയിൽ കൊണ്ടു നടക്കുകയും ചെയ്യുന്ന കാര്യത്തിൽ തനിക്കുള്ള പാടവത്തെ അദ്ദേഹം നല്ലതുപോലെ വെളിപ്പെടുത്തി. ഇതു നിമിത്തമായി ഇന്നും ആർത്താറ്റുപള്ളിയിലെ ജനങ്ങൾക്കു "പുലിക്കോട്ടച്ചനെ"പ്പറ്റിയുള്ള സ്നേഹബഹുമാനാദികൾ ചില്ലറയല്ല.

ഈ അവസരത്തിലാണ് ഒരു കേസു നടത്തുന്നതിലേക്കായി കൊച്ചിയിൽ പോകയും അവിടെനിന്നും ഇടവഴിക്കൽ വലിയച്ചന്റെ എഴുത്തിൻപ്രകാരം കോട്ടയത്തിനു പോകയും ചെയ്തത്. കോട്ടയത്തു ചെന്നസമയം വലിയച്ചൻ മലങ്കരസഭയെ അതിന്റെ കഷ്ടസ്ഥിതിയിൽ നിന്നുദ്ധരിക്കുന്നതിനായി യൌസേഫ് കത്തനാർ അന്ത്യോഖ്യായിൽ പോകണമെന്നു നിർബ്ബന്ധമായി ആവശ്യപ്പെട്ടു. മെത്രാനായിരിക്കുന്നതിനു തനിക്കുള്ള അശക്തിയേയും തന്നെ വേർപെട്ടിരിക്കുന്നതിൽ തന്റെ മാതാപിതാക്കന്മാർക്കുണ്ടാകാവുന്ന ദുഃഖത്തേയും മറ്റും ഓർത്തു ആദിയിൽ യൌസേഫ് കത്തനാർ വളരെ പരിഭ്രമിച്ചു എങ്കിലും മലങ്കരസഭയുടെ ദുർദ്ദശയെ ഓർത്തിട്ടുണ്ടായ അസഹനീയമായ വ്യസനം നിമിത്തം അന്ത്യോഖ്യായിൽ ചെന്നാൽ മെത്രാനായി വാഴിക്കാമെന്നു പാത്രിയർക്കീസുബാവാ തിരുമനസ്സിലെ കല്പന വരുത്തുന്നതായാൽ താൻ പോകാമെന്നു സമ്മതിച്ചു. വലിയച്ചൻ അവർകൾ തന്റെ ഭഗീരഥപ്രയത്നം കൊണ്ടു യൌസേഫ് കത്തനാരുടെ ആവശ്യപ്രകാരം കല്പന വരുത്തി. നമ്മുടെ കഥാനായകനു ഇതു കണ്ടപ്പോൾ വലിയ പരിഭ്രമവും വ്യസനവും

ഉണ്ടായി എങ്കിലും പോക തന്നെ എന്നു ധൈര്യപ്പെട്ടു ഓരോ ഇടവകക്കാരുടെ അനുവാദം വാങ്ങിക്കുന്നതിനും മറ്റുമായി ഇടവകകൾതോറും സഞ്ചരിക്കുവാൻ തുടങ്ങി.

ഈ വിധത്തിൽ കുറച്ചുനാൾ കഴിച്ചശേഷം 1038 കുംഭമാസം 27-നു പകൽ മൂന്നു മണിക്കു യൌസേഫ് കത്തനാർ കുന്നംകുളങ്ങരെ നിന്നു യാത്ര പുറപ്പെട്ടു. ആ സമയത്തു തന്റെ സ്വദേശികൾക്കും തനിക്കും ഉണ്ടായിരുന്ന ദുഃഖവികാരങ്ങൾ ഏതു തരത്തിലുള്ളവയായിരുന്നു എന്നു വായനക്കാർ ഊഹിക്കുന്നതാണ് ഉത്തമം. കുന്നംകുളങ്ങരെ നിന്നും പുറപ്പെട്ടു ചില പള്ളികളിൽ കേറിയിറങ്ങിയശേഷം യൌസേഫ് കത്തനാർ കൂറിലോസ് ബാവായുടെ അടുക്കൽ വന്നു എഴുത്തുകളും ആശീർവ്വാദങ്ങളും മറ്റും വാങ്ങി യാത്ര പറഞ്ഞു പിരിഞ്ഞു. ആ സമയത്തു കൂറിലോസ് ബാവാ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ അടുക്കൽ കാഴ്ച വയ്ക്കുന്നതിനായി ഒരു വെള്ളി വടിയും സ്ലീബായും നമ്മുടെ കഥാനായകന്റെ പക്കൽ കൊടുത്തയച്ചു. ഈയിടെ ഇവിടെ നിന്നും രണ്ടു റമ്പാന്മാരെ മെത്രാന്മാരാക്കുന്നതിനായി ഊർശ്ലേമിലേക്കയച്ച സമയം പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ അടുക്കൽ സമർപ്പിക്കുന്നതിനായി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു (മുൻപറഞ്ഞ യോസേഫ് കത്തനാർ) ഒരു സ്വർണ്ണവടി കൊടുത്തയച്ച വിവരം വായനക്കാർ വിസ്മരിച്ചിരിക്കുവാൻ ഇടയില്ലല്ലൊ. കൂറിലോസ് ബാവായുടെ അടുക്കൽനിന്നും കോട്ടയത്തു വന്നു ഇടവഴിക്കൽ കത്തനാരോടും മറ്റും യാത്ര പറകയും പാത്രിയർക്കീസു ബാവായ്ക്കു അദ്ദേഹത്തിന്റെ എഴുത്തു വാങ്ങിക്കയും മറ്റും ചെയ്തു.

യൌസേഫ് കത്തനാർ കൊച്ചിയിലേക്കു തിരിച്ചു. അവിടെ ചെന്നശേഷം കപ്പൽ കയറുന്നതിനു കുറെ ദിവസത്തെ താമസം വേണ്ടി വന്നു. ആ സമയത്തു അദ്ദേഹത്തിന്റെ കൂടെ അന്ത്യോഖ്യായിലേക്കു പോകുന്നതിനായി മട്ടുമ്മേൽ ഗീവറുഗീസു കത്തനാർ കൂടെ വന്നുചേർന്നു. ഇദ്ദേഹത്തെ കൂടാതെ യൌസേഫ് കത്തനാരുടെ കൂടെ ഒരു വാലിയക്കാരൻ കൂടിയുണ്ടായിരുന്നു. ഇങ്ങിനെ കപ്പൽ വരുന്നതിനായി കൊച്ചിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ പാസ്പോർട്ടു വേണമെന്നുള്ള സംഗതിയെ പറ്റി യൌസേഫ് കത്തനാർക്കു വലിയ വ്യസനമായിതീർന്നു എങ്കിലും എല്ലാം ദൈവകല്പനപോലെ വരുമെന്നുള്ള വിശ്വാസത്തോടുകൂടി പാസ്പോർട്ടു കൂടാതെ തന്നെ കപ്പൽ കയറി, ഇതിൽനിന്നും പല അബദ്ധങ്ങളും ഉണ്ടാകുവാൻ ഇടയുണ്ടായിരുന്നു എങ്കിലും യൌസേഫ് കത്തനാരുടെ മനസ്സിൽ യാതൊരു ദുഷ്ടവിചാരങ്ങളും ഇല്ലായിരുന്നതിനാൽ പറയത്തക്ക ആപത്തുകൾ ഒന്നും തന്നെ ഉണ്ടായില്ല. കപ്പൽ കയറിയ സമയം യൌസേപ്പു കത്തനാർക്കും കൂടെയുണ്ടായിരുന്നവർക്കും ദുസ്സ

ഹമായ വ്യസനമുണ്ടായിരുന്നു. സ്വന്തം ദേശത്തേയും സ്വജനങ്ങളേയും വിട്ടുപിരിയുന്ന സമയം യാത്രക്കാരുടെയും അവരെ യാത്ര അയക്കുവാൻ കൂടിയിരിക്കുന്നവരുടെയും മനോവികാരങ്ങൾ ഏതുവിധത്തിലായിരിക്കുമെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ.

പല വിധത്തിലുള്ള പ്രയാസങ്ങളും കഷ്ടതകളും അനുഭവിച്ചു ഇവർ കർക്കടക മാസത്തിൽ മൂസൽ പട്ടണത്തിൽ എത്തി. യാത്രയിൽ നമ്മുടെ കഥാനായകൻ ബൊംബെ, ബഗദാദ്, ബസറൊ മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. ഗോവയിൽ വച്ചു നമ്മുടെ കഥാനായകനു പറ്റിയ ആപത്തുകളും മറ്റും വർണ്ണിക്കുന്നതായാൽ പത്രസ്ഥലം അതിക്രമിച്ചുപോയേക്കുമെന്നു ഭയപ്പെടുന്നതിനാൽ അവയെ വിവരിക്കുന്നില്ല. ബോംബെയിൽ ഉള്ള താമസം നമ്മുടെ യൌസേഫ് കത്തനാർക്കു വളരെ സുഖപ്രദമായിരുന്നു. തന്റെ സ്നേഹിതനായ ഒരു കച്ചവടക്കാരന്റെ അതിഥിയായിട്ടാണ് താൻ ബൊംബെയിൽ താമസിച്ചത്. അവിടെ താമസിച്ചുകൊണ്ടിരുന്ന അവസരത്തിൽ യൌസേപ്പു കത്തനാർ ഒരു ദിവസം അർമ്മനിയൻ പള്ളി അന്വേഷിച്ചു പുറപ്പെടുകയും ഒരു കാൺസ്റ്റബിൾ അദ്ദേഹത്തെ അറബിപള്ളിയിൽ കൊണ്ടുപോയി ആക്കുകയും ചെയ്തു. ആ സമയം വലിയ ബഹളമുണ്ടായേക്കുവാൻ ഇടയുണ്ടായിരുന്നു എങ്കിലും ആ പള്ളിയിൽ ഉണ്ടായിരുന്നവരുടെ മര്യാദനിമിത്തം യൌസേഫ് കത്തനാരെ അർമ്മെനിയൻപള്ളി കാണിച്ചു കൊടുക്കുന്നതിനു ശട്ടംകെട്ടി അയക്കുകയാണ് ചെയ്തത്.

ബൊംബെയിൽ താമസിച്ചുകൊണ്ടിരുന്ന അവസരത്തിൽ നമ്മുടെ യൌസേഫ് കത്തനാർക്കു വിരോധമായി അദ്ദേഹത്തിന്റെ ശത്രുക്കൾ ഗീവറുഗീസു കത്തനാർ വശം കൊടുത്തയച്ച ചില എഴുത്തുകൾ യൌസേഫ് കത്തനാർ കാണുന്നതിനിടയായി. സാധു ഗീവറുഗീസ് കത്തനാരു ഇതിലെ സംഗതി മനസ്സിലാക്കിയിരുന്നില്ല. ഈ എഴുത്തു കണ്ടതോടുകൂടി യൌസേഫ് കത്തനാർക്കു വലിയ ദുഃഖമായി. ഇതു നിമിത്തം അദ്ദേഹം മലയാളത്തേക്കു തന്നെ തിരിച്ചുപോകുവാൻ തീരുമാനിച്ചു. പക്ഷേ, അവസാനത്തിൽ മർദ്ദീനിലേക്കു തന്നെ പോകയാണ് ചെയ്തതു. യൌസേഫ് കത്തനാർ മൂസലിലെത്തിയ സമയവും ഏകദേശം ഈ രീതിയിൽ ഉള്ള ചില എഴുത്തുകൾ കാണുകയുണ്ടായി. ഇതിനെപ്പറ്റി മിസ്റ്റർ എം. പി. വർക്കി എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്. അതുകളിലെ (എഴുത്തുകളിലെ) സംഗതി ചുരുക്കി പറയാം. യൌസേഫ് കത്തനാർ വലിയ ഉപായിയും വഞ്ചകനും ആണ്. മലയാളത്തെ എല്ലാ പള്ളിക്കാരോടും ആലോചിക്കാതെ ഇദ്ദേഹത്തിനു മെത്രാൻസ്ഥാനം കൊടുത്തുപോകരുത്. യൌസേഫ് കത്തനാർ ഏതാനും പള്ളിക്കാരുടെ സമ്മതപത്രം കൈക്കലാക്കിയതു കൌശലപ്രയോഗത്താൽ ആണ്.

അദ്ദേഹത്തിന്റെ യഥാർത്ഥസ്വഭാവം അറിഞ്ഞിരുന്നെങ്കിൽ ഈ പള്ളിക്കാരും ഇങ്ങിനെ ചെയ്യുന്നതല്ലായിരുന്നു. യൌസേഫ് കത്തനാർ വളരെ വടക്കു ഒരു സ്ഥലത്തു ജനിച്ച ആളാണ്. അദ്ദേഹം .... ഒരു വലിയ വഞ്ചകനും ദുർമ്മാർഗ്ഗിയും ആണെന്നു .... ലഭിച്ചിട്ടുണ്ട്. .... കൂറിലോസിനെ യൌസേഫ് കത്തനാർ വഞ്ചിച്ചു നല്ല എഴുത്തുകൾ കൈക്കലാക്കിയിട്ടുണ്ട്. ...." ഈ എഴുത്തുകൾ മൂലവും യൌസേഫ് കത്തനാർക്കു വളരെ ഖേദമുണ്ടായി എങ്കിലും അദ്ദേഹം അവയൊന്നും അശേഷം വകവച്ചില്ല.

യൌസേഫ് കത്തനാരും കൂട്ടുകാരും മൂസലിൽ എത്തി എന്നു മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. മൂസലിൽ നമ്മുടെ യാത്രക്കാർക്കു വളരെ സുഖമായിരുന്നു. കൊച്ചിയിൽ നിന്നു പുറപ്പെട്ടതിൽ പിന്നീടു അവർ ഇത്ര സുഖമായി ഒരു സ്ഥലത്തും താമസിച്ചിട്ടില്ല. നമ്മുടെ യാത്രക്കാരെ കഴിയുംവേഗത്തിൽ മർദ്ദീനിലേക്കു അയക്കേണമെന്നു പാത്രിയർക്കീസു ബാവാ അയച്ച കല്പന അനുസരിച്ചു അവർ കർക്കടകം 29-നു മർദ്ദീനിലേക്കു പുറപ്പെട്ടു. ചിങ്ങം 13-നു ഉച്ചയ്ക്കു യൌസേഫ് കത്തനാരും കൂടെയുണ്ടായിരുന്നവരും മർദ്ദീനിൽ എത്തി. അപ്പോഴെക്കു അവർ കൊച്ചിയിൽനിന്നു പുറപ്പെട്ടിട്ടു 4 മാസം തികഞ്ഞു.

ഇവർ മർദ്ദീനിൽ എത്തിയ സമയം പാത്രിയർക്കീസ് ബാവാ മർദ്ദീനിൽ ഇല്ലായിരുന്നു. ബാവാ ആദീമിൽ ആയിരുന്നുവത്രെ. നമ്മുടെ യാത്രക്കാർ ഉടനെതന്നെ അങ്ങോട്ടേക്കു പോകുവാൻ തീർച്ചപ്പെടുത്തി എങ്കിലും ബാവാ ഉടനെ വന്നു ചേരുന്നതാണെന്നു കമ്പി വരികയാൽ അവിടെ തന്നെ താമസിച്ചു. പത്തൊമ്പതാം തീയതി ബാവാ മർദ്ദീനിൽ വന്നു ചേർന്നു.

ബാവാ വന്നുചേർന്ന ഉടനെ യൌസേഫ് കത്തനാരുടെ കാര്യത്തെ പറ്റി തീരുമാനിക്കുന്നതിനായി ഒരു കമ്മട്ടി ഏർപ്പെടുത്തി. അനേക ദിവസത്തെ ഗാഢമായ ആലോചനകളുടെ ഫലമായി പ്രസ്തുത കമ്മട്ടിക്കാർ നമ്മുടെ കഥാനായകനു അനുകൂലമായി വിധി കല്പിച്ചു. അപ്പോഴെക്കു നമ്മുടെ കഥാനായകനു ഒരു ചെറിയ സുഖക്കേടു പിടിപെട്ടു. ഇതോടുകൂടി ഗീവറുഗീസ് കത്തനാർക്കും സുഖക്കേടാരംഭിച്ചു. അദ്ദേഹം ഏറെ താമസിയാതെ ചരമഗതിയെ പ്രാപിച്ചെങ്കിലും യൌസേഫ് കത്തനാരുടെ സുഖക്കേടുകളെല്ലാം ക്രമേണ നീങ്ങി. ഗീവറുഗീസ് കത്തനാരെ കൊലപ്പെടുത്തിയ വ്യാധി യൌസേഫ് കത്തനാരെ ബാധിക്കാതിരുന്നത് സുറിയാനി സഭയുടെ ഭാഗ്യം കൊണ്ടെന്നല്ലാതെ എന്തു പറയേണ്ടൂ. തന്റെ സഹായിയുടെ മരണത്തോടു കൂടി നമ്മുടെ കഥാനായകന്റെ സ്ഥിതി പൂർവ്വാധികം പരിതാപകരമായി തീർന്നു. യൌസേഫ് കത്തനാരുടെ സുഖക്കേടു വർദ്ധിച്ചു വർദ്ധിച്ചു വന്നതിനാൽ ബാവാ എന്തൊ ആവശ്യം പ്രമാണിച്ചു ആമീദിലേക്കു പോകയും കത്തനാരെ കുറുക്കുമാ

ദയറായിലേക്കു കല്പനാനുസരണം കൊണ്ടുപോകയും ചെയ്തു. ആ സമയം കൊണ്ട് ദീനം മിക്കവാറും മാറി. അവിടെ കുറെനാൾ താമസിച്ച ശേഷം അദ്ദേഹം ബാവായുടെ കല്പന അനുസരിച്ചു ആദീമിലേക്കു പുറപ്പെട്ടു. അവിടെവച്ചു മേടം 25-നു നമ്മുടെ കഥാനായകനെ റമ്പാനാക്കി. 26-നു ഞായറാഴ്ച യൌസേഫ് റമ്പാച്ചനെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായി വാഴിച്ചു.

ഇടവം 2-നു അദ്ദേഹം മൂസലിലേക്കു തിരിച്ചു. ഇടവം 9-നു മൂസലിൽ എത്തി. അവിടെനിന്നു മിഥുനം 5-നു മലയാളത്തേക്കു തിരിച്ചു. യാത്രാമദ്ധ്യത്തിൽ ഒരവസരത്തിൽ നമ്മുടെ കഥാനായകന്റെ സമീപെ ഇരുന്ന ഒരു ശെമ്മാശനെ ചിലർ കൊല്ലുവാൻ ഭാവിച്ചു. ഈ സമയത്തു നമ്മുടെ കഥാനായകന്റെ വിചാരം എന്തായിരുന്നു എന്നു ഊഹിക്കാവുന്നതാണല്ലോ. 1040-ാമാണ്ടു കർക്കടകമാസം 12-നു നമ്മുടെ കഥാനായകൻ കൊച്ചിയിൽ വന്നെത്തി.

ആരംഭത്തിൽ ദുഷ്ടനായ ഒരു ഗോലിയാഥിന്റെ കഠിനതരങ്ങളായ ഉപദ്രവങ്ങൾ നിമിത്തം നമ്മുടെ കഥാനായകൻ പല കഷ്ടതകളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അന്നുണ്ടായിരുന്ന ഉദ്യാഗസ്ഥന്മാരെല്ലാവരും അത്താനാസ്യോസിനു അനുകൂലികളായിരുന്നതിനാൽ ആദികാലങ്ങളിൽ നമ്മുടെ കഥാനായകന്റെ ആഗ്രഹങ്ങളെല്ലാം വിഫലങ്ങളായി തീർന്നു. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആരംഭം മുതലെ മലങ്കരസഭയ്ക്കു ചെയ്തിട്ടുള്ള ഗുണങ്ങൾ അവർണ്ണനീയങ്ങളാണ്. ഒരു അച്ചുകൂട്ടം സ്ഥാപിക്കുക, ഒരു പത്രം നടത്തുക, സുറിയാനിസഭയുടെ വിശ്വാസാചാരങ്ങളെ ഉറപ്പിക്കുന്നതായ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുക, തെക്ക് ഒരു പൊതുസ്ഥലം സ്ഥാപിക്കുക മുതലായവയാണ് തിരുമനസ്സുകൊണ്ടു ആദ്യമായി ചെയ്തത്.

പരുമലെ ഒരു പൊതുസ്ഥലം സ്ഥാപിച്ചു കുറെനാൾ കഴിഞ്ഞശേഷം ഏതാനും പള്ളികൾ തന്റെ സ്വാധീനത്തിലായിത്തീർന്നു. ഈ അവസരത്തിലാണ് പിൻകാലത്തു കൊച്ചുമെത്രാച്ചൻ എന്നു കേരളമൊട്ടുക്കു പ്രസിദ്ധനായിതീർന്ന ചാത്തുരുത്തിൽ ഗീവറുഗീസു കത്തനാർക്കു റമ്പാൻ പട്ടം കൊടുത്തത്. പത്തു കൊല്ലം കൊണ്ടു തിരുമേനി കേരളത്തിന്റെ നാനാഭാഗങ്ങളിലായി അനവധി പള്ളികൾ സ്ഥാപിച്ചു. ഇതുകൊണ്ടൊന്നും തിരുമേനി തൃപ്തിപ്പെട്ടില്ല.


1050-ാമാണ്ടു തിരുമനസ്സിലെ അപേക്ഷപ്രകാരം പാത്രിയർക്കീസു ബാവാ ലണ്ടൻ വഴി മലയാളത്തിൽ വന്നു. ഇപ്പോഴത്തെ പാത്രിയർക്കീസു ബാവായും ഈ വഴിതന്നെയാണല്ലൊ തിരിച്ചിരിക്കുന്നത്. അന്ന് ഇപ്പോഴത്തെ പാത്രിയർക്കീസു ബാവായും പാത്രിയർക്കീസു ബാവായുടെ

കൂടെ മലയാളത്തിൽ വന്നിട്ടുണ്ടായിരുന്നു എന്നുള്ളത് വിശിഷ്യാ പ്രസ്താവയോഗ്യമാണ്. പാത്രിയർക്കീസന്മാരെ സൽക്കരിക്കുന്നതിനുള്ള ഭാഗ്യം മലയാളത്തിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു ഒഴികെ മറ്റു യാതൊരു മെത്രാപ്പോലീത്തന്മാർക്കും ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് ഈ മഹാപുരുഷന്റെ വാഴ്ചകാലത്തിൽ തന്നെ മലയാളം സന്ദർശിക്കുവാൻ തീർച്ചയാക്കിയത് ഏറ്റവും സന്തോഷജനകം തന്നെ. 1050-ാമാണ്ടു പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു മലയാളത്തു വന്നു കുറെ കഴിഞ്ഞശേഷം അത്താനാസ്യോസിന്റെ ശക്തി ക്ഷയിക്കുകയും ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വിജയിയായി തീരുകയും ചെയ്തു. അത്താനാസ്യോസിനു എതിരായി കാര്യം സാധിച്ചശേഷം തിരുമനസ്സിലെ ആലോചനപ്രകാരം പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മുളന്തുരുത്തിയിൽവച്ചു ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും അവിടെവച്ചു അസോസിയേഷ്യൻ കമ്മട്ടി സ്ഥാപിക്കുകയും ചെയ്തു. സുറിയാനിക്കാർ സകല ആത്മീയ കാര്യങ്ങളിലും അന്ത്യോഖ്യാ സിംഹാസനത്തിന്റെ ആജ്ഞയെ അനുസരിച്ചിരിക്കേണമെന്നും കമ്മട്ടി പ്രസിഡെണ്ടു എന്ന നിലയിൽ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സഭാസംബന്ധമായ വ്യവഹാരങ്ങൾ നടത്തേണ്ടതാണെന്നും മറ്റും ഈ യോഗത്തിൽ തീർച്ചപ്പെടുത്തുകയും ചെയ്തു. 1052-ാമാണ്ടു മറ്റ് ആറു മെത്രാന്മാരെ കൂടെ വാഴിച്ചശേഷം ബാവാ പരദേശത്തേക്കു പോകയും ചെയ്തു.

അതിൽ പിന്നീട് ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മലങ്കരസഭയെ ഭരിക്കുവാൻ ആരംഭിച്ചു. തിരുമനസ്സിലെ ഭരണം മൂലം നമ്മുടെ സമുദായത്തിനു എന്തുമാത്രം ഗുണങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഏവർക്കും അറിയാവുന്നതാണല്ലൊ. മാർ ദീവന്നാസ്യോസു സിമ്മനാരി, കുന്നംകുളം മാർ ഇഗ്നേഷ്യസ് ഹൈസ്കൂൾ മുതലായ വിദ്യാമന്ദിരങ്ങളും ഇതുപോലെയുള്ള മറ്റനവധി സ്ഥാപനങ്ങളും തിരുമനസ്സിലെ പരിശ്രമഫലങ്ങളാണെന്നുള്ള കാര്യത്തിൽ പക്ഷാന്തരമില്ല. ഏതൊരു കാര്യത്തിലും പരമാർത്ഥബുദ്ധിയോടുകൂടി പ്രവർത്തിക്കുന്ന ആളുകൾക്കു ദൈവസഹായം ഉണ്ടാകാതിരിക്കുന്നില്ലെന്നുള്ള സംഗതി തിരുമനസിലെ കാര്യത്തിൽ പ്രത്യക്ഷമായി കാണാവുന്നതാണ്. ഏതൊരു സംഗതിയിലെങ്കിലും തിരുമനസ്സുകൊണ്ടു ഇറങ്ങി പുറപ്പെട്ടാൽ അതു അശുഭമായി കലാശിക്കുക തീരെ അസംഭാവ്യമാണ്. സിമ്മനാരിക്കേസ്, ചെറിയപള്ളിക്കേസ്, ആർത്താറ്റു പള്ളിക്കേസ് മുതലായി പ്രമാദങ്ങളായ പല വ്യവഹാരങ്ങളിലും തിരുമനസ്സിലേക്കു സിദ്ധിച്ചിട്ടുള്ള അസാമാന്യമായ വിജയത്തിനുള്ള കാരണം അവിടുത്തെ പരമാർത്ഥബുദ്ധിയാണെ

ന്നുള്ളതിനു യാതൊരു സംശയവുമില്ല. അതേപ്രകാരംതന്നെ ഇത്രമേൽ ഭാഗ്യവാനായ ഒരാളെ കണ്ടെത്തുകയെന്നുള്ളതു അത്ര ക്ഷണസാദ്ധ്യ മല്ല. ഒരു സ്വർണ്ണ ജൂബിലി കഴിക്കുന്നതിനിടയായതും മറ്റും തിരുമനസ്സി ലേക്കു നേരിട്ടിട്ടുള്ള കായക്ലേശങ്ങളെ ഓർത്താൽ വളരെ വലിയ സംഗ തികളായി വിചാരിക്കേണ്ടതാണ്. ഭക്തിവിഷയത്തിലും തിരുമനസ്സു കൊണ്ടു ഒട്ടും പിന്നോക്കമല്ല. ഈ വൃദ്ധകാലത്തുപോലും നല്ല പാതി രായ്ക്കു രണ്ടു മണിക്കൂർ നേരത്തേക്കു മുടങ്ങാതെ പ്രാർത്ഥിക്കുന്നതിനു അവിടത്തേക്കു ഒരു പ്രയാസവുമില്ല. സാധാരണ സമയങ്ങളിൽ വലിയ ക്ഷീണവും സുഖക്കേടുമാണെങ്കിലും ദൈവികസംഗതികൾ പ്രവർത്തി ക്കുന്ന അവസരത്തിൽ തിരുമനസ്സിലേക്കു എന്തൊ ഒരു വിശേഷതയുണ്ടു. ഇപ്പോൾ തിരുമനസ്സുകൊണ്ടു ചെയ്തുവരുന്ന പല സംഗതികളും തിരു മനസ്സിലെ പ്രായമുള്ള സാധാരണക്കാർക്കു പ്രവർത്തിക്കുവാൻ സാധി ക്കുന്നവയല്ല. ഇപ്പോൾ രണ്ടു പിൻഗാമികളെ ഊർശ്ലേമിൽ അയച്ചു മെത്രാ ന്മാരായി വാഴിച്ചു വരുത്തുന്നതിനിടയായതും തിരുമനസ്സിലെ വലിയ ഭാഗ്യാതിരേകത്തിന്റെ ഒരടയാളമായി വിചാരിക്കാവുന്നതാണ്. "ഞാൻ ഇതേവരെ കണ്ടിട്ടുള്ളതിലേക്കു വിശിഷ്ടമായ ഒരു യൂറോപ്യൻ സിവി ലിയന്റെ തലയേക്കാൾ വിശിഷ്ടമാണ് ഈ തല"യെന്ന് തിരുമനസ്സിലെ തല അളന്നു നോക്കിയ ഒരു പ്രസിദ്ധ യൂറോപ്യൻ പണ്ഡിതൻ അഭിപ്രാ യപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി കൂടി ഇവിടെ വിശേഷാൽ പ്രസ്താവയോ ഗ്യമാണ്. ഈ തിരുമനസ്സുകൊണ്ടു ഇനിയും അനേകകാലം ജീവിച്ചി രുന്നു മലങ്കരസഭയ്ക്കു അനല്പങ്ങളായ ഗുണങ്ങൾ ചെയ്യുമാറാകണ മെന്നുള്ള പ്രാർത്ഥനയോടുകൂടി തൽകാലം ചുരുക്കുന്നു.

*(ഇടവകപത്രിക പ്രത്യേക പതിപ്പ്, 1908 വൃശ്ചികം)*



(പീടികയിൽ യൂഹാനോൻ കശ്ശീശ)

## (മലയാളത്തിൽ)

അൻപേറും മകളെന്നപോലെ പരിലാളിച്ചെന്നെയിന്നേവരെ–
ക്കമ്പംതീർത്തുഭരിച്ചിടുന്നതിരുമേനിക്കിന്നു മാലോകരേ!
അൻപത്തെട്ടൊടു പത്തൊടെട്ടുതിരുനാളായിന്നു യാചിക്കുവീ–
നിമ്പത്തോടൊരു നൂറുകൊല്ലമിനിയും കർത്താവു കാത്തീടുവാൻ.

**മലങ്കര, ഇടവകപ്പത്രിക**

എന്താതന്നു ധരാതലത്തിലെഴുപത്താറായ് പുറന്നാളഹൊ
സന്തോഷം വളരുന്നിനിക്കകമതിൽ മേലാലുമെൻ പാലകൻ,
സന്തോഷത്തൊടനേകനാളവനിയിൽ വാണീടുവാൻ നൽവരം
ചിന്തേണം മമ ദൈവമേ ജയമിനിക്കേറ്റം ഭവിച്ചീടുവാൻ

**സുറിയാനി സുവിശേഷകൻ**

1. സന്മാർഗ്ഗം തേടിയന്ത്യോക് നഗരവരമതിൽചെന്നു കെട്ടീട്ടു പട്ടം
   പിന്മാറാതേ സദാ കേരളസഭയുടെ വൃദ്ധിക്കു വർദ്ധിച്ച മോദാൽ,
   വന്മായക്കെട്ടിലാപ്പെട്ടൊരു കലഹമലം തട്ടി വട്ടംകറക്കി–
   ച്ചിന്മാഹാത്മ്യപ്പൊരുൾക്കൂമ്പരുൾ വഴി വളരും പൂജ്യപാദൻ ജയിക്ക.

2. സന്യാസം സ്വീകരിച്ചിട്ടൊടുവിലഖിലദേവാലയാദ്ധ്യക്ഷവും പൂ-
ണ്ടന്യായം തൻജനങ്ങൾക്കൊരുപൊഴുതണയാതെത്ര ശുഷ്കാന്തിയോടേ
ധന്യാഗ്ര്യൻ കാത്തുരക്ഷിച്ചിടുവതു സിറിയൻപള്ളിയെ! ത്തൻകടാക്ഷം
കന്യാസ്ത്രീമേരി തൻകോമള ഭവികധനം ചേർക്കുകിസ്സൽപൂമാനിൽ.

3. മുക്തിക്കുള്ളൊരുമാർഗ്ഗമായഘചയേ നിർമ്മഗ്നരാംമാനുഷ-
ർക്കുക്തിക്കുള്ളമരാത്ത സൽഗുണഗണം മൂർത്തുള്ള സൻമൂർത്തിയായ്
ഭക്തിക്കൊത്തു ഭജിപ്പവർക്കു ശുഭദാഭീഷ്ടങ്ങളേകാൻ പരം
ശക്തിപ്രാഭവമാർന്ന പുണ്യപുരുഷൻ ഭൂമൌ ജയിക്കട്ടലം.

4. ധീവന്നേറും മാനുഷർക്കാകമാനം
ശ്രീവന്ദ്യത്വം പൂണ്ട രാജർഷിവര്യൻ
ഈ വൻദിവ്യൻ ദീർഘമായുസ്സൊടേ മാർ
ദീവന്നാസ്യോസ് തമ്പുരാൻ വാഴ്ക വാഴ്ക.

5. ശസ്തോപേതംവിലസുവതിനീ ലോകമപ്പാപമെല്ലാ-
മസ്തോകം തൻ തനുവിലണിയും, ചാരുകൈവല്യമൂർത്തേ!
സുസ്തോത്രം ചെയ്തിരവുപകലില്ലാതെ നിൻ പാദമേശു-
ക്രിസ്തോ! വാഴ്ത്തും സുകൃതനിധിയിൽ കൺകടക്കോണയയ്ക്കൂ.

**ഒ. എം. ചെറിയാൻ ബി. എ. എൽ. റ്റി.**

1. പാരം പ്രീതികലർന്നുസത്സഭയെയോർത്തന്ത്യോഖ്യയിൽ പോയിവ-
ന്നോരോരോവൈരികളോടു നേർത്തുവിജയം സർവേശ്വരാനുഗ്രഹാൽ,
സ്വൈരംനേടിയൊരീമലങ്കരസഭാനാഥൻ മഹാദിവ്യനാ-
മാരോമൽതിരുമേനി വാഴ്കയിനിയാനന്ദേനസാകം ചിരം.

2. നന്നായ് മലങ്കരസഭാസരസീരുഹത്തി-
നിന്നീവികാസമരുളും രവിയാം മഹാത്മാ,
മന്നിൽപ്രതാപമൊടിരുന്നിനിയും പ്രകാശം
തന്നീടുവാൻ പരമസൂനു തുണച്ചിടട്ടേ.

3. അത്യന്തം വാഗ്വിലാസം,വിനയഗുണ,മസാമാന്യസൌജന്യശീലം,
സത്യസ്നേഹസ്വഭാവം, കരുണ,പരഹിതജ്ഞാനമിത്യാദി സർവം,
പ്രത്യേകം തന്നുതന്നെത്തിരുസഭയുടെയദ്ധ്യക്ഷനാക്കും മഹേശൻ
പ്രീത്യാനൽകീടുമല്ലൊ ചിരമിനിയിവിടെയ്ക്കായുരാരോഗ്യഭാഗ്യം

**ചാലിൽ സി. വറുഗീസ്**

ആയുസ്സുകാല, മതുലം പരിശുദ്ധയാക്കോ-
ബായസ്സഭയ്ക്കു നിയമിച്ച മഹാനുഭാവൻ

ശ്രേയസ്സുചേർന്നു ചിരകാലമിരുന്നു കാണ്മാ-
നായിസ്സഹായമഖിലേശ്വരനേകിടട്ടേ.

**വി. ജി. ഉമ്മൻ**

കുന്ദംകൂപക്കരക്കങ്ങതിമഹിമ വളർന്നീടുവാൻ നാടകത്തിൽ
ധന്യൻ വന്നുത്ഭവിച്ചിട്ടഴകിനൊടെഴുപത്താറുവർഷം തികഞ്ഞു,
എന്നാലെൻ ദൈവമേ നീ കരുണയൊടിനിയും നാഥനെ പ്രീതിപൂർവ്വം
മന്നിൽകാക്കേണമേറ്റം സുഖമോടുസഭയെ നിത്യവും
കാത്തുകൊൾവാൻ.

**പി. ഐ. അബ്രഹാം**

കൂട്ടത്തിൽനിന്നുതെറ്റിപ്പലവഴിവലയുന്നാടുകൾക്കാടലെല്ലാം
കൂട്ടത്തോടങ്ങകറ്റിസ്സുഖമോടു പരിപാലിക്കുവാൻ തക്കവണ്ണം,
വാട്ടംകൂടാതെയത്നിച്ചൊരു മമ തിരുമേനിക്കുമേൽ തർക്കമെന്യേ
കൂട്ടേണം നൂറുകൂടെത്തിരുദിനമിതുപോലേശുവേ നാശമെന്യേ.

**സി. പി. തരകൻ**

1. പാർത്താൽ പണ്ടുള്ളതാമിസ്സഭയതിനെയഴിച്ചീടുവാൻ പാടുനോക്കി
പ്പാർത്താനൊട്ടേറെ വിത്തേശരുമിതരമതാദ്ധ്യക്ഷരും ബുദ്ധിപൂർവ്വം,
തീർത്താനാബ്ബാധയന്നന്നരികളതിശയം കൂറീടും മാറുകൂട്ടി
ച്ചേർത്താനങ്ങങ്ങു ചിന്നിച്ചിതറിയവരെയ ക്രിസ്തനാമാർത്തബന്ധു.

2. നന്നാക്കൊച്ചായൊരാട്ടിൻകിടയതിനെ വളർത്താനുമാത്താനുകമ്പം
നന്നാക്കാനും മുറയ്ക്കുള്ളിടയപദവിയന്യൂനമാം മാനമോടും
ചെന്നാക്കാലത്തിലന്ത്യോഖ്യയിലമിതമഹാശുദ്ധനാം പാത്രിയർക്കീ-
സെന്നാക്കല്യങ്കൽനിന്നേറ്റിടുവതിനുമയച്ചാളിതന്നാളിലീശൻ.

3. പലരുമനുഗമിച്ചൂ പട്ടമേറ്റാഗമിച്ചൂ
ചിലരു മതമുടച്ചൂ നവ്യമാക്കാനുറച്ചൂ,
കലശലധികരിച്ചൂ കക്ഷിരണ്ടായുദിച്ചൂ
ബലമുടനെ നശിച്ചൂ ബദ്ധവൈരം വസിച്ചൂ.

4. പണ്ടേ പാലിപ്പൊരീശൻ പലവഴിയലയുന്നാടിനുള്ളാടലാകെ
കണ്ടേനന്നേരവും നേരിടുവതിനിടയുള്ളാതപം താപമോടും
ഉണ്ടേകാനേകനന്നീവടിയൊടു മുടിയെന്നീശനാമേശുദേവൻ
കണ്ടേൻ മാർ ദീവന്നാസ്സ്യോസിനെ, യുടനടിവാഴിച്ചു തന്നിച്ഛ പോലെ.

5. ലാക്കോരോന്നുനിനച്ചു താനതുപിഴച്ചീടാതുറച്ചീടുവാ-
നൂക്കോടൊത്തു തുണച്ചു ദൈവമെഴുപത്താറാണ്ടു മാറാണ്ടഹോ,
യാക്കോബായസമൂഹമായ ഭവനത്തിന്നാകെയൊന്നായിടും
താക്കോലായതുമാഹരിച്ചു ഭരമേല്പിച്ചൂ ഭരിച്ചീടുവാൻ.

6. ജയ! ജയ! ഭൂവിയാക്കോബായസാമൂഹ്യ നാഥാ!
ജയ ഗുണഗണമൊന്നായ് മൂർത്തിമത്തായ താതാ!
ജയമൊടുമൊരുനൂറാണ്ടൂഴി വാഴാൻ വരം മേൽ
ദയയൊടുമവിടത്തേക്കേകീടും ലോകനാഥൻ.

**പി. കെ. കൊച്ചീപ്പൻതരകൻ**

ദൈവത്തിന്നിഷ്ടമോർത്തും നിജസഭ സതതം പാലനം
ചെയ്തു പാർത്തും
'ദീവന്നാസ്യോസിതെന്നി' ക്ഷിതിതലമഖിലം കീർത്തിചേർത്തുള്ള വന്ദ്യൻ,
ഭൂവിങ്കൽ ജാതനായിട്ടിതുപൊഴുതെഴുപത്താറു വർഷങ്ങളായി
താവും മോദേന മേലാലെഴുപതു തികവാൻ നൽവരം ദൈവമേകും.

**കെ. എ. ചാണ്ടപ്പിള്ള**

ചൊല്പൊങ്ങും മലബാറിലുള്ള സിറിയൻക്രിസ്ത്യാനികൾക്കൊക്കയും
നല്പേറും ഗുണജാലമേകിഭരണം ചെയ്യുന്ന വന്ദ്യന്നിതാ,
ഇപ്പോളെൻപ്രിയലോകരേയെഴുപതോടാറും തികഞ്ഞീദിനം-
കെല്പേറുംതിരുനാളനന്തഗുണവാൻപാരം ജയിക്കട്ടെമേൽ.

**നിരണം തേരടിയിൽ സി. കുര്യൻ**

ശ്രീവാഴുംകോടുമാടക്ഷിതിതലമിവയിൽ പെട്ടൊരാത്തൻജനത്തിൽ
ശ്രീവായ്ച്ചീടുന്നതിന്നായ് പകലിരവു ഭജിച്ചങ്ങു വാഴുന്നൊരാളാം,
ദീവന്നാസ്സ്യോസ്സതാകും വലിയതിരുമനസ്സായുരാരോഗ്യസൌഖ്യാൽ
ഭൂവാസം മംഗളത്തോടിനിയുമൊരുനൂറാണ്ടു ചെയ്യട്ടെ മേലും

**ചെമ്പോത്തനാൻ കുര്യൻ**

ഇന്നിക്കണ്ട 'മലങ്കരസ്സഭ'ഭരിച്ചിന്നേവരെ കാക്കുമാ
വന്ദ്യന്മാർക്കൊരുമുത്തതാം വലിയ മെത്രാച്ചന്നനർത്ഥം വിനാ,
ഇന്നിക്കണ്ടതുപോലെ നൂറു തിരുനാൾ മേലും തികഞ്ഞേറ്റമായ്
കുന്നിക്കുന്നൊരു മോദമോടു ഭൂവനേ വാഴേണമേ ദൈവമേ!

**പി. ജി. സാമുവേൽ**

1. കൊല്ലം പാർക്കിലൊരായിരത്തിനൊടുകൂടെട്ടായൊരാണ്ടിൽ പിറ-
ന്നുള്ളോരുത്തമവൃശ്ചികത്തിലിരുപത്തൊന്നോടു മൂന്നൊത്തനാൾ,
കല്യൻമൽതിരുമേനിവന്നവതരിച്ചിപ്പാരിലിമ്മാനുഷർ-
ക്കല്ലൽതീർത്തു ഭരിച്ചിടുന്ന മതിമാൻ മേലും ജയിക്കേണമേ!

2. പന്ത്രണ്ടഞ്ചൊടുപത്തുമാറുതിരുനാളിന്നാളിലന്യൂനമായ്
സന്തോഷത്തൊടു പൂർണ്ണമായി തിരുമേനിക്കിന്നു മൽക്കൂട്ടരേ!

സന്താപം കലരാതെ സത്യസഭയേക്കാത്തീടുമിത്താതനി-
ന്നെന്താണേശുമഹേശ്വരാ വരഗണം വേണ്ടുന്നതേകേണമേ!

3. അപ്പൊസ്തോലീയമാകും തിരുസഭയതിലേ സത്യവിശ്വാസമെല്ലാം
കുപ്പപ്പാട്ടാക്കിയോരപ്പെരിയൊരു രിപുവർഗ്ഗങ്ങളിൽനിന്നു ചെമ്മേ,
ഇപ്പുത്രന്മാരെയെല്ലാം നിരുപമദുരിതസ്സാഗരം താൻകടന്നി-
ട്ടിപ്പോഴെപ്പോലെ കാണ്മാനരുളിയ പരനിത്താതനേകട്ടെ സൌഖ്യം.

4. ഇന്നാരുണ്ടിതുപോലെ നല്ല മതിമാനൊട്ടല്ല കാരുണ്യവും
പിന്നേ സാധുഗണങ്ങളോടുദയവും സൽഭക്തിയും ദാനവും
നന്നായിട്ടു വിളങ്ങിടുന്ന കലയും ചൊല്ലീടുകിൽ ഭൂതലേ-
വന്ദ്യൻ മാർ ഡയനീഷ്യസെന്ന തിരുമേനിക്കൊത്തു മറ്റാരഹോ!

5. കാലന്തോറുമതിന്നു തക്കഭരണം ചെയ്യുന്ന നൈപുണ്യമി-
കാലത്താർക്കതിനുള്ളതിന്റെ വരമോ വേറൊന്നു തന്നേ ദൃഢം,
മാലെത്താതതിപൂജ്യനായ തിരുമേനിക്കിങ്ങു നൂറാണ്ടുകൂ-
ടീലോകത്തമരുന്നതിന്നു കൃപ ചെയ്തീടേണമേ ദൈവമേ!

6. കഷ്ടപ്പാടുകളേറ്റമേറ്റു സമുദായത്തിന്നുവേണ്ടിത്തുനി-
ഞ്ഞിഷ്ടംപോലൊരു നല്ലരീതിയതിലിന്നാക്കിച്ചമച്ചേറ്റവും,
തുഷ്ട്യാ വാണിടുമെന്റെ പൊന്നുതിരുമേനിക്കിങ്ങു നൂറാണ്ടു നീ
കൂട്ടേണം തിരുനാളുകൾ സുഖമൊടിപ്പാരിങ്കലെൻ ദൈവമേ!

7. ശത്രുവിങ്ങുബലമോടുവാണസമയത്തനല്പദുരിതാഴിയിൽ
ചിത്തമങ്ങുമുഴുകിത്തികഞ്ഞ പരിതാപമോടുമൊരുപാടുനാൾ
കർതൃദാസനുഴറീട്ടുപിന്നഖിലഭാഗ്യമൊത്തിഹ ഭരിക്കുമെൻ
സത്യനാഥനതിഭാഗ്യസൌഖ്യമോടു വാഴണേ പരമദൈവമേ!

**ചെങ്ങന്നൂർ വി. ജി. തോമ്മസ്**

ദൈവത്തിൽ ഭക്തി, സത്യം, നയ,മലിവു,ദമം, ദാന,മോജസ്സുമെല്ലാം
ദൈവാലിത്ഥം കലർന്നിത്തിരുവടി വിലസുന്നാർക്കുമേ ദർശനീയൻ,
നിർവ്യാജം ജന്മമാർന്നിട്ടിതുപൊഴുതെഴുപത്താറുകൊല്ലം തികഞ്ഞീ
ദീവന്നാസ്യോസു മെത്രാൻ സുഖമൊടു സുചിരം വാഴണേ വേദനാഥാ.

**കേ. കൊച്ചുകോശി**

വമ്പെഴുന്ന മലബാറിലുള്ള സുറിയാനിജാതികളെയൊക്കയും
ഇമ്പമാർന്ന പടി കാത്തുചീർത്തമുദമമ്പിലേകിയനുവാസരം,
തുമ്പമറ്റു വിലസുന്ന മാർ ഡയനഷീസ് വല്യതിരുമേനിതാ-
നമ്പതാണ്ടിനിയുമീ ധരാതലമതിൽ വസിക്കേണമെ ദൈവമേ!

**കേ. ടി. വർക്കി**

1. ഭൂവിന്നാഭാവിശേഷം കലരുമമലഭൂഷാമണീഹാരമാം മാർ-
ദീവന്നാസ്യോസുമെത്രാൻ തിരുവടിയുടെയീ ജന്മനക്ഷത്രഘോഷം,

ഏവം നമ്മൾക്കെഴും സന്തതികളുമധികാഹ്ലാദമോടെന്നുമെന്നും
ഹാ! വന്ദ്യം കണ്ടു കൊണ്ടാടണമതിനു കനിഞ്ഞീടണം ലോകനാഥൻ.

2. ചാരുശ്രീ വിലസുന്നൊരിത്തിരുവടിക്കുള്ളോരു സൽക്കീർത്തിയാം
സ്ഫാരപ്രസ്പുടചന്ദ്രികാധവളിമാവിങ്കൽ ധരാമണ്ഡലം
പാരം മുങ്ങിവിളങ്ങിയിങ്ങനെയനേകം നാൾ കഴിക്കുന്നതിൽ
കാരുണ്യത്തോടു ദൈവകല്പനവരാൻ
പ്രാർത്ഥിച്ചുകൊള്ളുന്നു ഞാൻ.

**കേ. സി. അബ്രഹാം**

1. ശ്രീതിങ്ങും കേരളത്തിൽ പ്രമുദഭരസമേതം സ്വന്തവർഗ്ഗത്തെയെല്ലാ-
മാതങ്കം വിട്ടുപാലിച്ചവരിലമൃതമേകുന്ന ധീരാഗ്രഗണ്യൻ,
മാർ ദീവന്നാസിയോസെന്നഖിലദിശി പുകൾന്നീടുമീ വല്യമെത്രാ-
പ്പോലീത്താ ശോഭ ചേരും പടി സുഖമൊടു വാഴേണമൂഴീതലത്തിൽ.

2. എഴുപത്താറായതുപോലെ-
ലെഴുപത്താറാണ്ടുകൂടിയിനിമേലും,
അഴകൊത്തമരാനവിടേ-
യ്ക്കഴകൊത്തേകട്ടെ നൽവരം ദൈവം,

**വി. കേ. ജോസഫ് മാപ്പിള**

ശോകം പൂണ്ടുഴലാതെ തൻതനയരേ സംരക്ഷചെയ്തീടുവാ-
നാകപ്പാടെ നിനച്ചിടുമ്പൊളിതുപോലില്ലാരുമെന്നിങ്ങനെ,
ലോകങ്ങൾക്കൊരു സമ്മതത്തിനിടയായ്ത്തീർത്തുള്ളൊരിത്താതനി-
ന്നാകല്പം ഭൂവി യേശുനാഥ കൃപയാൽ ജീവിച്ചിരുന്നീടണം.

**റ്റി. പി. തോമ്മാസ് മാപ്പിള**

മുന്നം തന്നുടെ മാതുലൻ പണികഴിപ്പിച്ചോരു സിമ്മ്നാരിയും
പിന്നീടുള്ള സമസ്തവും പലവിധം ന്യായേന വാങ്ങിച്ചുതാൻ,
നന്നായിട്ടു സഭയ്ക്കു വേണ്ട ഗുണമിങ്ങേറ്റം വരുത്തുന്നോരീ
ധന്യൻ മൽതിരുമേനി പത്തുഗുണമായുസ്സോടു വാഴേണമേ.

**കേ. ജി. കോശി കായങ്കുളം**

കർത്താവേ! തവപാദപത്മമടിയൻ കൂപ്പുന്നു നിൻദാസനി-
ന്നത്യാവശ്യമതായ കാര്യ മധുനാ ചോദിച്ചിടുന്നൂ വിഭോ!
കാത്തീലോകമതിങ്കലെന്റെ തിരുമേനിക്കെൺപതാണ്ടൂടെ വാ-
ണുൾത്താരിൽ പുരുമോദമോടു ഭരണം ചെയ്‌വാൻ തുണയ്ക്കേണമേ.

**എ. ജെ. ഐ. കായങ്കുളം**

1. കാലിക്കൂട്ടിൽ പിറന്നിട്ടതികുതുകഭരം കാണികൾക്കൊക്കെയേകി
കാലുംകയ്യുംകുടഞ്ഞങ്ങിരുമുലയിടവിട്ടുണ്ണുമുണ്ണീമഹാത്മൻ!
മേലും മാർ ദീവന്നാസ്യോസതുലബലമൊടൊത്തൻപതിറ്റാണ്ടുവാഴാ-
നോലും നിൻ പൂർണ്ണമാം നൽവരഗണമിവിടേക്കേകണം മോദപൂർവ്വം.

2. ഭവ്യാനന്ദമതേകിയാർത്തജനതാതങ്കം കെടുത്തിപ്പരം
നിർവ്യാജേന മലങ്കരാധിപതിയായ് വാഴും മഹാമാനുഷം,
ദിവ്യാനുഗ്രഹവർഷധാരയിൽ നനച്ചൊട്ടേറെ നാൾ പോറ്റുവാൻ
നിർവ്യാമോഹമശേഷനാഥ! സകലാത്മാവേ! ഭജിക്കുന്നുഞാൻ.

3. സത്യവാരിരാശിയിത്സദാകളിച്ചു മേവിടും
കർത്തനേ! മഹത്സഭാധിനാഥനീവിധം ചിരം,
ആത്തമോദമോടു ഭവ്യമീമലങ്കരയ്ക്ക് ചേ-
ർത്താർത്തിവിട്ടു മേവിടാനനുഗ്രഹിക്ക മേല്ക്കുമേൽ

**ഏറത്തുമണ്ണിൽ കോര വാദ്ധ്യാർ**

1. ശ്രീമത്തായ മലങ്കരയ്ക്കധിപനായ് മാർ ദീവന്നാസ്യോസതാ-
മീ മെത്രാനെ ലഭിച്ചതോർക്കുകിലഹോ ഭാഗ്യം നമുക്കെത്രയും
ആമോദത്തൊടിതാ തികഞ്ഞിതെഴുപത്താറാം വയസ്സിന്നിയും
ഭ്രമൌ സൌഖ്യമൊടിപ്പിതാവു വളരെക്കാലം ഭരിച്ചീടണം.

2. സത്യം, നീതി, വിവേക,ധർമ്മവിനയം, സൌശീല്യ,സൌഭാഗ്യവും
ചിത്തേയീശനിലുറ്റഭക്തി, സമുദായസ്നേഹമിത്യാദിയാൽ
ഉത്തുംഗപ്രമുദത്തെ നൽകി ജനതയ്ക്കാശ്വാസമേകീടുവാൻ
കർത്താവിന്നു കനിഞ്ഞു വേണ്ട വരമീ വന്ദ്യന്നു നൽകീടണം.

**കുറിച്ചി പാറാത്താഴെ കെ. കുര്യൻ**


നല്ലോരെൻ താതതനല്ലേ, തിരുഗുണമതിനിന്നന്തമോതാവതല്ലേ
ചെല്ലേറും ദേഹമല്ലേ! തിരുദിനമെഴുപത്താറതും പൂർത്തിയല്ലേ,
കല്യാണക്കാതലല്ലേ! പ്രതിദിനമടിയങ്ങൾക്കൊരാശ്വാസമല്ലേ!
തെല്ലും സന്ദേഹമില്ലാതരുളുക വരമെന്നേശുവേ വേണ്ടതെല്ലാം.

**കേ. പി. ചിന്നമ്മ**

നിത്യം സത്യസഭയ്ക്കുനല്ലോരിടയൻ കർത്താവു കല്പിച്ചയ-
ച്ചത്യന്തം ഗുണപാലകൻ തിരുമനസ്സെട്ടല്ലപത്തല്ലിനീ,
ചിത്താനന്ദമോടൻപതാണ്ടുഭൂവനേ വാണീടുവാൻ ദൈവമേ!
നിത്യം നിൻകൃപയായ മാരിയധികം കോരിച്ചൊരിഞ്ഞീടണേ.

**മത്തായി മേരിയമ്മ**

(മലങ്കര ഇടവകപത്രിക, 1908 വൃശ്ചികം)



## അദ്ധ്യായം മൂന്ന്

# വിയോഗകാണ്ഡം

# നി.വ.ദി.ശ്രീ.
# മാർ ദീവന്നാസ്യോസു വലിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു

മലങ്കരെ ഇടവകയുടെ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈ മിഥുനമാസം 28-ാംനു ഞായറാഴ്ച പകൽ പതിനൊന്നെമുക്കാൽ മണിയ്ക്കു കർത്താവിൽ നിദ്ര പ്രാപിച്ച വ്യസനകരമായ വർത്തമാനം അവർണ്ണനീയമായ മനൊദുഃഖത്തോടുകൂടെ പ്രസ്താവിച്ചുകൊള്ളുന്നു. തിരുമനസ്സിലേക്കു ആലസ്യം ആരംഭിച്ചതുമുതൽ ദിവസേനയുള്ള സ്ഥിതി മനോരമ പത്രം മൂലവും എഴുത്തുകൾ മൂലവും ഇടവകയുടെ നാനാഭാഗങ്ങളിലും അറിയിച്ചുകൊണ്ടിരുന്നതിനാലും സമുദായത്തിൽ ഉൾപ്പെട്ട മിക്കവാറും ആളുകൾ വന്നു കണ്ടുകൊണ്ടിരുന്നതിനാലും അതിനെക്കുറിച്ചു അധികമായി ഒന്നും പ്രസ്താവിക്കെണ്ട ആവശ്യകതയില്ല. കുറെ മാസങ്ങളായി തിരുമേനി വാതോപദ്രവത്താൽ നല്ല സുഖമില്ലാതെ കോട്ടയത്തു ചെറിയപള്ളിയിൽ താമസിച്ചുകൊണ്ടിരിക്കയായിരുന്നു. കാര്യവശാൽ ആവലാധികളും സങ്കടങ്ങളുമായി വന്നുകൊണ്ടിരുന്ന പള്ളിക്കാരുടെ ഉപദ്രവത്തിൽനിന്നു ഒഴിഞ്ഞു കുറെനാളെങ്കിലും സ്വസ്ഥമായിരിപ്പാൻ സൌകര്യമില്ലാതെ വന്നതിനെക്കുറിച്ചു പലപ്പോഴും തിരുമേനി സംസാരിക്കാറുണ്ടായിരുന്നെങ്കിലും തന്റെ മക്കളുടെ ആവലാധികൾക്കു അപ്പഴപ്പോൾ പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്ന വേലയിൽ തന്റെ സ്വന്ത പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും ഗണ്യമാക്കാറില്ല. വാത ചികിത്സയ്ക്കായി ഉളശയിൽ ചിരട്ടമൺ മൂസ്സതു അവർകളെ വരുത്തി അദ്ദേഹത്തിന്റെ നിയൊഗപ്രകാരമുള്ള ചികിത്സകൾ ചെയ്തുകൊണ്ടിരുന്നിട്ടും അതിൽ പറയത്തക്ക ഗുണങ്ങളൊന്നും ഉണ്ടായില്ല. ഇങ്ങനെയിരിക്കെ പോയ മീനമാസത്തിൽ ദേഹത്തിൽ അവിടെയും ഇവിടെയും ചില പരുക്കൾ വരികയും വലിയ ചികിത്സയൊ വേദനയൊ കൂടാതെ സുഖപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനു വൈദ്യന്മാർ വാതക്കുരുക്കൾ എന്നാണ് പറഞ്ഞുകൊണ്ടിരുന്നതു. കടശ്ശിപുറത്തു തോൾപ്പലകയിൽ വന്ന ചെറിയ ഒരു പരു വാതക്കുരു എന്ന നില വിട്ടു പ്രമേഹക്കുരുവിന്റെ ലക്ഷണമായി വളരെ വേദനകൾ ഉണ്ടാക്കിക്കൊണ്ടിരുന്നതിനൊടുകൂടെ പല വൈദ്യന്മാരെയും വരുത്തികാണിക്കയും നാട്ടുക്രമപ്രകാരമുള്ള ചില ഔഷധങ്ങൾ പ്രയോഗിക്കയും ചെയ്തതിൽ വിശേഷഗുണമൊന്നും കാണാഴികയാൽ ഇംഗ്ലീഷ് ചികിത്സ പരീക്ഷിക്കണമെന്നു നിശ്ചയിച്ചു കുമരകം ഡിസ്പൻസറി അപ്പാത്തിക്കരി മിസ്റ്റർ എം. ഐ. ഫിലിപ്പ് അവർകളെ വരുത്തി. അദ്ദേഹത്തിന്റെ

അഭിപ്രായത്തിൽ ശസ്ത്രക്രിയ ആവശ്യമെന്നു കാണുകയാൽ സ്ഥലത്തെ മെഡിക്കൽ ഉദ്യോഗസ്ഥൻ ഡാക്തർ പി. എം. ജോർജ്ജ്, അവധിയിൽ സ്വഭവനത്തിൽ വന്നുതാമസിച്ചിരുന്ന ഡാക്തർ എ. എം. ജെക്കൊബ, ആലപ്പുഴ നിന്നും ഡാക്തർ നായിഡു ഈ മഹാന്മാരെ കൂടെ വരുത്തി. ഇവരെല്ലാവരുടെയും ഐകകണ്ഠ്യനയുള്ള അഭിപ്രായപ്രകാരം ഡാക്തർ നായിഡു പരു കീറി. അദ്ദേഹത്തിന്റെ ആലോചനയോടും ഡാക്തർ ജോർജ്ജിന്റെ മേലന്വെഷണത്തിലും ഡാക്തർ ജെക്കബ് ദിവസേന രണ്ടു പ്രാവശ്യം വീതം വന്നും മിസ്റ്റർ ഫിലിപ്പ് രാപകൽ മാറാതെ പള്ളിമുറിയിൽതന്നെ താമസിച്ചും മുറയ്ക്കു ചികിത്സ നടത്തിക്കൊണ്ടിരുന്നു. പരുവിന്റെ സ്ഥിതിയിൽ പറയത്തക്ക ഗുണമൊന്നും കാണാഴികയാൽ തിരുവനന്തപുരത്തുനിന്നു ഡാക്തർ പുന്നൻ അവർകളെയൊ കൊല്ലത്തു നിന്നു ഡാക്തർ പീറ്റർ ലക്ഷ്മണൻ അവർകളെയൊ വരുത്തണമെന്നാലോചിച്ചു കമ്പികളും എഴുത്തുകളും അയച്ചതിൽ ഡാക്തർ പുന്നനു സ്ഥലം വിട്ടുപോരാൻ നിവൃത്തിയില്ലാഞ്ഞതിനാൽ ഡാക്തർ ലക്ഷ്മണനെത്തന്നെ വരുത്തി. ഇദ്ദേഹത്തിന്റെ നോട്ടത്തിൽ വലിയ ഗുണമില്ലന്നാണ് കണ്ടതു. എങ്കിലും പരുവിന്റെ എല്ലാ ഭാഗത്തുനിന്നും പഴുപ്പു വെളിക്കുപോകാൻ തക്കവണ്ണം ചില ഭാഗങ്ങൾ കൂടെ കീറണമെന്നു അദ്ദേഹത്തിനു അഭിപ്രായമുണ്ടായിരുന്നു. അതിനു രോഗി വിസമ്മതിച്ചപ്പോൾ കീറാതെ ചികിത്സകൊണ്ടുമാത്രം സുഖപ്പെടുത്താൻ വേണ്ട ഉപദേശങ്ങൾ കൊടുത്തുംകൊണ്ടു അദ്ദെഹം പോയി.

പിന്നെയും രോഗത്തിനൊ ക്ഷീണത്തിനൊ പറയത്തക്ക ഗുണമൊന്നുമില്ലാതിരുന്നു. രോഗാരംഭം മുതൽ സ്ഥലത്തെ അംഗ്ലിയാ ബിഷൊപ്പായ ഡാക്തർ ഗിൽ അവർകൾ ദിവസേന എന്നപോലെ വന്നു തിരുമേനിയെ ആശ്വസിപ്പിക്കയും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കയും ചെയ്തിരുന്നു. ഒരു നല്ല യൂറൊപ്യൻ ഡാക്തരെ കൂടെ വരുത്തിക്കാണിച്ചാൽ കൊള്ളാമെന്നു അദ്ദെഹത്തിനു അഭിപ്രായം ഉണ്ടായിരുന്നു. അതിനെ ഇവിടെയും സമ്മതിച്ചതിനനുസരിച്ചു അദ്ദേഹം തന്നെ കമ്പി അടിച്ചു അനുവാദം വരുത്തി കൊച്ചിയിൽ നിന്നും ഡാക്തർ ഗ്രെ അവർകളെ കൂടെ വരുത്തി. ഈ മഹാനും പരുവിന്റെ ചില ഭാഗങ്ങൾ കീറിയാൽ കൊള്ളാമെന്നഭിപ്രായമുണ്ടായിരുന്നെങ്കിലും അതിനു രോഗി അശേഷം സമ്മതിക്കയില്ലെന്നു ബോധപ്പെട്ടതിനാൽ പരുവിന്റെ എല്ലാ ഭാഗത്തുനിന്നും പഴുപ്പ് വെളിയിൽ പോകത്തക്കവണ്ണം ചില റബർക്കുഴലുകൾ വെക്കയും ആവശ്യപ്പെട്ട ഉപദേശങ്ങൾ കൊടുക്കയും ചെയ്തു.

ആരംഭം മുതൽ സ്ഥലത്തെ വൈദ്യന്മാർ ചെയ്തുകൊണ്ടിരുന്ന ചികിത്സയിൽ പുറത്തുനിന്നുവന്ന ഡാക്തരന്മാരിൽ ആർക്കും വിപരീതാഭിപ്രായമുണ്ടായിരുന്നില്ല. ഡാക്തർ ഗ്രെ അവർകളുടെ ആഗമനാനന്തരം

പരുവിന്റെ സ്ഥിതിയിൽ പ്രത്യക്ഷമായ ചില ആശ്വാസം കണ്ടുതുടങ്ങി. ആശകെട്ടിരുന്ന എല്ലാവരിലും ആശ ജനിച്ചുതുടങ്ങി. നാൾക്കുനാൾ ഈ ആശ വർദ്ധിച്ചുകൊണ്ടുമിരുന്നു. എങ്കിലും ക്ഷീണം ഒട്ടും കുറയാതെ വർദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. അതോടുകൂടി ചിലപ്പൊഴെല്ലാം മന്ദംപറച്ചിലും ആരംഭിച്ചു. അവസാനത്തോളം മന്ദം ഉണ്ടായിരുന്നു എങ്കിലും നല്ല ബോധത്തോടുകൂടെ സംസാരിക്കാനുള്ള അവസരങ്ങൾ ഒരു ദിവസവും ഇല്ലാതിരുന്നില്ല. അപ്പൊഴൊക്കെയും സഭാകാര്യങ്ങൾ തന്റെ സംസാരവിഷയങ്ങളായിരുന്നു. ഇങ്ങനെ രണ്ടു മാസത്തൊളം വേദനകൾ ക്ഷമയോടെ സഹിച്ച് വളരെ സമാധാനത്തോടുകൂടെ കർത്താവിൽ നിദ്രപ്രാപിച്ചു.

രോഗം കുറെ ഭയങ്കരമായെക്കാമെന്നു തോന്നിയിട്ടു വിശുദ്ധ കുർബ്ബാനയും ചെറിയക്രമപ്രകാരമുള്ള തൈലാഭിഷേക കൂദാശയും ആദ്യവും മരണത്തിനു കുറച്ചുദിവസം മുമ്പു കന്തീലാ എന്ന അഭിഷേകകർമ്മവും തിരുമേനി കൈക്കൊണ്ടു. ശസ്ത്രക്രിയ കഴിഞ്ഞതിനോടുകൂടി മരിച്ചുപോകുമെന്നു ഡാക്തരന്മാരും കാണികളും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതു തിരുമനസ്സിലേക്കു എങ്ങനെയൊ മനസ്സിലായപ്പൊൾ നിങ്ങൾ വിചാരിക്കുന്നതുപോലെ ഇപ്പൊൾ മരിക്കയില്ലന്നും മരിക്കുന്നതായാൽ മിഥുനമാസത്തിലെ മരിക്കയൊള്ളു എന്നും ഒരിക്കൽ കല്പ്പിക്കയുണ്ടായി. ആ ദിവസങ്ങളിൽ മരണത്തെക്കുറിച്ചു എല്ലാവരും ഒന്നുപോലെ വിചാരിച്ചു ഭയത്തിൽ ഇരിക്കുമ്പോൾ തിരുമേനി അതിനെ തൃണപ്രായമാക്കുകയാണ് ചെയ്തതു. എന്നാൽ പിന്നീടു ഈ രോഗത്താൽ മരിക്കയില്ലന്നു ഉറപ്പായി വിശ്വസിപ്പാൻ തക്കവണ്ണം പരുവിൽ നല്ല ആശ്വാസം കാണുകയും അതോടുകൂടി എല്ലാവർക്കും അസാമാന്യ തൃപ്തി ജനിക്കയും ചെയ്തപ്പൊൾ തിരുമേനിയുടെ അഭിപ്രായം മാറിവീണു. താൻ മരിച്ചുപോകുമെന്നു അവിടത്തെക്കു പൂർണ്ണ ബോദ്ധ്യം തട്ടിയിരിക്കുന്നു എന്നും ഇനി ഡാക്തരന്മാരെ ഉപദ്രവിച്ചിട്ടാവശ്യമില്ലന്നും അവർക്കു തക്ക പ്രതിഫലം കൊടുത്തു പിരിച്ചുവിടണമെന്നും കൊച്ചുതിരുമേനിയേയും വിശ്വസ്തന്മാരായ പലരേയും വിളിച്ചു കൂടെക്കൂടെ നിർബന്ധിച്ചുകൊണ്ടിരുന്നു. അതിനെ ശേഷമുള്ളവർ ഗണ്യമാക്കാതെയായപ്പൊൾ മരുന്നുകൾ ഒന്നും ആവശ്യമില്ലെന്നും താൻ മരിക്കുമെന്നുള്ളതു തീർച്ചയായിരിക്കുന്നു എന്നും പറഞ്ഞുംകൊണ്ടു ഔഷധങ്ങൾ സേവിക്കാതെയായി. തിരുമേനി മരണത്തിനുള്ള ഒരുക്കങ്ങൾ ഒരുങ്ങുകയല്ലാതെ രോഗശമനത്തിനുള്ള ശുശ്രൂഷകളിൽ ആഗ്രഹിക്കാതെയായി. “നിന്റെ അധികാരം മറ്റൊരുത്തനെ ഏല്പിക്ക. നീ മരിക്കും നിശ്ചയം നിശ്ചയം നിശ്ചയം” എന്നിങ്ങനെ ഒരു സ്വപ്നം ഒരു രാത്രിയിൽ തിരുമനസ്സിലേക്കുണ്ടായതിനോടുകൂടിയാണ് മറ്റുള്ളവർ രോഗശാന്തതയെക്കുറിച്ചു എത്ര പറഞ്ഞാലും

അതിനെ വകവെക്കാതെയായതു. തന്റെ പ്രധാന കുരിശു, സ്ലീബാ മുതലായതും സിമ്മനാരിയുടെ മേംപൂട്ടുതാക്കോലുകൾ മുതലായതും ആരംഭത്തിങ്കലും താൻ മരിക്കുമെന്നുള്ള മനോനിശ്ചയം വന്നപ്പോൾ കൈമേൽ ഉണ്ടായിരുന്ന മോതിരവും താക്കോലുകളുമെല്ലാം കൊച്ചുതിരുമേനിയെ ഏൾപ്പിക്കയും മേൽനടപ്പിനെക്കുറിച്ചു വിലയേറിയ ഉപദേശങ്ങൾ പറഞ്ഞുകൊടുക്കയും ചെയ്തു.

ഈ ദിവസം കൊച്ചുതിരുമേനിയെയും മാർ കൂറിലോസു മെത്രാപ്പോലീത്താ തിരുമേനിയേയും മാത്രം അടുക്കൽ വിളിച്ചിരുത്തി മുറിയിൽ ഉണ്ടായിരുന്ന എല്ലാവരെയും പുറത്താക്കി കതകടച്ചശേഷം അവരുടെ മുമ്പാകെ താൻ സകല പാപങ്ങളെയും ഏറ്റുപറഞ്ഞു കുമ്പസാരിക്കയും അതിന്റെ ഒടുവിൽ അവരോടു വിലയേറിയ ഗുണദോഷങ്ങൾ അടങ്ങിയ ഒരു ദീർഘപ്രസംഗം പറകയും ചെയ്തു. ദാവീദ് തന്റെ മരണത്തിനു മുമ്പു ശ്ലേമ്മോനോടു ചെയ്ത ഉപദേശങ്ങൾ പഴയനിയമത്തിൽ നാം വായിക്കുന്നുണ്ടല്ലൊ. ഈ സമ്പ്രദായത്തിലും അതിനെ കവിഞ്ഞും സഭാസംബന്ധമായി ഈ അവസരത്തിൽ താൻ പറഞ്ഞ ഉപദേശങ്ങൾ മരണത്തോളം മറക്കാൻ പാടില്ലാത്തവണ്ണം ഇരിമ്പു എഴുത്താണികൊണ്ടു എഴുതിയതുപോലെ ഹൃദയപലകയിന്മേൽ പതിഞ്ഞിരിക്കുന്നു എന്നു ഇതെഴുതുന്ന ആളിനോടു കൊച്ചുതിരുമേനികളിൽ ഒരാൾ പറകയുണ്ടായി. കൊച്ചുതിരുമേനികളൊടു മാത്രമല്ല റമ്പാച്ചന്മാർ, പട്ടക്കാർ, അന്മേനികൾ മുതലായി തന്റെ സന്നിധിയിൽ വരുന്ന എല്ലാവരോടും സമയോചിതമായി ഓരോന്നു പറയുന്നതിൽ കാണിച്ചിട്ടുള്ള ദിവ്യസംപ്രദായം അതിശയനീയമെന്നല്ലാതെ മറ്റൊന്നും പറവാനില്ല. ഒരിക്കൽ റമ്പാച്ചന്മാരിൽ ചിലരോടു ദയറായൂസായുടെ മാഹാത്മ്യവും അവർക്കുള്ള പരീക്ഷകളും അതിനെ തടുത്തുനിൽക്കേണ്ട ആവശ്യകതയും മറ്റും സുറിയാനി രാഗങ്ങൾ എടുത്തു ചൊല്ലിക്കൊണ്ടു പറഞ്ഞ ഉപദേശവും ഇങ്ങനെ ഓരോ സന്ദർഭത്തിൽ ഓരോരുത്തനോടു ചെയ്തിട്ടുള്ള ഗുണദോഷങ്ങളും എത്രമാത്രം മനസ്സിനെ ഇളക്കത്തക്കവയായിരുന്നു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം.

തന്റെ രോഗക്കിടക്കയിൽ നിന്നു എല്ലാ പള്ളിക്കാർക്കും അയച്ചിട്ടുള്ള അന്ത്യകല്പന തന്നെ തന്റെ അന്തർഗ്ഗതങ്ങളുടെ ഒരു പ്രതിഛായയാകുന്നു. ഇങ്ങനെ ലോകസംബന്ധമായി ആലോചിച്ചാൽ, പ്രായത്തിന്റെ പൂർണ്ണതയും കാർണ്ണവന്മാരായ മെത്രാപ്പൊലീത്തന്മാരിൽ ആർക്കും ഉണ്ടായിട്ടില്ലാത്ത വലിയ ബഹുമാനങ്ങളും സഭയ്ക്കും സമുദായത്തിനും ചെയ്തിട്ടുള്ള നന്മകളുടെ ബാഹുല്യം മൂലം നിത്യസ്മാരകത്തിനുള്ള യോഗ്യതയും, ആത്മീയമായി ആലോചിച്ചാൽ, നല്ല പോർ പൊരുതു വിശ്വാസത്തെ കാത്ത സത്യ മേല്പട്ടക്കാർക്കായി മുടഞ്ഞിരിക്കുന്ന നീതിയുടെ കിരീടത്തിനു പൂർണ്ണാവകാശവും പ്രാപിച്ചുകൊണ്ടു ഈ വന്ദ്യ

പിതാവു സത്യസ്വസ്ഥതയിലേക്കു പ്രവേശിച്ചിരിക്കുന്നു എന്നു പറവാൻ യാതൊരു സംശയവുമില്ല.

തിരുമനസ്സിലെ രോഗാവസ്ഥ നിരാശസ്ഥിതിയിൽ എത്തി എന്നുള്ള വർത്തമാനം പുറത്തേക്കു പുറപ്പെട്ടതുമുതൽ ചെറിയപള്ളിയിലെ മുറിയും പറമ്പും വിലപിക്കുന്നവരായ സുറിയാനിക്കാരെകൊണ്ടു നിറഞ്ഞുകൊണ്ടിരുന്നു. മരണവാർത്ത പുറത്തു വന്നപ്പോൾ സ്ത്രീ പുരുഷന്മാരായി അനേകായിരം ആളുകളുടെ ഉറച്ചശബ്ദത്തിലുള്ള നിലവിളിയും ചെറിയപള്ളി, പുത്തൻപള്ളി, കുരിശുപള്ളി, സിമ്മനാരി ചാപ്പൽ, മാർ ഏലിയാ ചാപ്പൽ ഇങ്ങിനെ ഈ ടൌണിലുള്ള എല്ലാ പള്ളികളിലെയും ദുഃഖചിഹ്നമായ മണിനാദങ്ങളും ഈ പട്ടണത്തെ ആകപ്പാടെ ഇളക്കാതിരുന്നില്ല. അപ്പോൾതന്നെ ശവസംസ്ക്കാരത്തിന്റെ പ്രൊഗ്രാം നിശ്ചയിക്കയും ഞായറാഴ്ചയായിരുന്നതുകൊണ്ടു ദൂരസ്ഥലങ്ങളിലെക്കെല്ലാം കമ്പി അടിക്കാൻ തരമില്ലാഞ്ഞിട്ടു കൂടുതൽ ചാർജ്ജു കൊടുത്തു ഏതാനും സ്ഥലങ്ങളിലെക്കെങ്കിലും കമ്പി അടിപ്പിക്കയും ആൾവശം അറിവുകൊടുക്കാവുന്നടത്തൊളം പള്ളികളിലേക്കു കൊച്ചുതിരുമേനിയുടെ കല്പനയുംകൊണ്ടു ആളുകളെ ഓടിക്കയും ചെയ്തു. ഈ ദുഃഖവർത്തമാനം കമ്പിയെത്താത്ത ദിക്കുകളിലേക്കു കമ്പിയിൽകൂടെ എന്നപോലെ വ്യാപിച്ചു. ആകപ്പാടെ വലിയ ബഹളം എന്നല്ലാതെ ഒന്നും പറയാനില്ല. മരിച്ച ഉടൻതന്നെ മൃതശരീരം ശുദ്ധമാക്കി സ്ഥാനഭൂഷണങ്ങളെല്ലാം ധരിപ്പിച്ചു ക്രമപ്രകാരം കസേരയിൽ ഇരുത്തി വൈദികന്മാരാൽ വഹിക്കപ്പെട്ടുംകൊണ്ടു ചെറിയപള്ളി മദ്ബഹായിലേക്കു കൊണ്ടുപോയി പടിഞ്ഞാട്ടു മുഖമായി ഇരുത്തി. സ്നേഹവും കരുണയും സദാ വിലസിക്കൊണ്ടിരുന്ന ആ മുഖത്തിന്റെ ദിവ്യയശസ്സിനും ഗാംഭീര്യത്തിനും ഒരു കുറവും കൂടാതെ എല്ലാവരെയും അനുഗ്രഹിക്കുന്ന ഭാവത്തിൽ ഇരിക്കുന്ന ആ രൂപം കണ്ടാൽ മരിച്ചയാൾ ആണെന്നു ആരും വിശ്വസിക്കയില്ല. മേൽപ്പട്ടക്കാരുടെ ശവസംസ്ക്കാരക്രമമാകുന്ന കഹനയിത്തായിലെ ഏതാനും ഭാഗങ്ങൾ കൂടിയിരുന്ന വൈദികന്മാർ അപ്പൊൾതന്നെ കഴിച്ചു. അംഗ്ലിയാ ബിഷൊപ്പ് ഡാക്തർ ഗിൽ അവർകൾ വന്നു തന്റെ പ്രേമഭാജനമായിരുന്ന മെത്രാപ്പോലീത്തായുടെ മൃതശരീരത്തിനു മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിച്ചു. ദിവാൻപെഷ്ക്കാർ തഹശീൽദാർ മുതലായ സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ അവരുടെ സാന്നിദ്ധ്യത്താലും തങ്ങളുടെ ഭക്തിബഹുമാനാദികളെ പ്രത്യക്ഷപ്പെടുത്തി. അനേകമാളുകൾ പള്ളിയിൽ വന്നു ജാഗരണം ചെയ്തു പ്രാർത്ഥിച്ചും വൈദികന്മാർ സങ്കീർത്തനവായനയും ഇടവിടാതെയുള്ള ധൂപവും കഴിച്ചും ആ രാത്രി മുഴുവൻ കഴിച്ചുകൂട്ടി. മതഭേദമൊ വിശ്വാസഭേദമൊ കൂട്ടാക്കാതെ ഈ കോട്ടയം പട്ടണത്തിലുള്ള നാനാമതസ്ഥന്മാരായ പുരുഷന്മാരും സ്ത്രീകളും തിരുമനസ്സിലെ കൈമുത്തി അനുഗ്രഹം പ്രാപിച്ചുംകൊണ്ടുപോയി.

29-ാം തീയതി തിങ്കളാഴ്ച ശ്ലീഹാനോമ്പുവീടലും വിശുദ്ധ പത്രൊസ് പൌലൂസ് ശ്ലീഹന്മാരുടെ പെരുനാളും ആയിരുന്നു. അന്നു രാവിലെ മുതൽ നാനാദിക്കുകളിൽ നിന്നു വന്നുകൂടിയ ആളുകൾക്കു കണക്കും കയ്യുമില്ലായിരുന്നു. മാർ ഒസ്താത്യോസുബാവാ തിരുമനസ്സുകൊണ്ടു വിശുദ്ധ കുർബ്ബാന അണച്ചു. കുർബ്ബാനാനന്തരം കഹനയിത്തായുടെ ശേഷംഭാഗങ്ങളും ഇടയ്ക്കിടെ പ്രസംഗങ്ങളും നടത്തി. പ്രോഗ്രാംപ്രകാരം മൃതശരീരത്തെ സിമ്മനാരിയിലേക്കു കൊണ്ടുപോകേണ്ട സമയത്തിനു അല്പം മുമ്പു കുറെ അധികനേരം ഉണ്ടായ വർഷം 12 മണിക്കു മുമ്പു ശമിച്ചു. സൂര്യരശ്മികൾ മങ്ങിപ്രകാശിച്ചുതുടങ്ങി. കോട്ടയത്തും ചുറ്റു മുള്ള പള്ളികളിൽനിന്നു വന്നിട്ടുള്ള കുരിശുകൾ കുടകൾ മുതലായവ യോടുകൂടി അലങ്കരിക്കപ്പെട്ട ഒരു മഞ്ചത്തിന്മേൽ തിരുമേനി ഇരുന്നിരുന്ന കസേര സ്ഥാപിച്ചു, കശീശന്മാരാലും ശെമ്മാശന്മാരാലും മാത്രം വഹി ക്കപ്പെട്ടുകൊണ്ടും കത്തിച്ച മെഴുകുതിരികൾ പിടിച്ചുനിൽക്കുന്ന ശെമ്മാ ശ്ശന്മാരുടെയും കശീശ്ശന്മാരുടെയും വടി സ്ലീബായും പിടിച്ചുകൊണ്ടു നിൽക്കുന്ന മെത്രാച്ചന്മാരുടെയും അകമ്പടിയോടുകൂടിയും യാത്ര ആരം ഭിച്ചു. ഈ യാത്ര അറുത്തുവെട്ടിപാലത്തുങ്കൽ എത്തിയപ്പോൾ മഴ താഴെ വീഴുമെന്നു തോന്നത്തക്കവണ്ണം ആകാശം ഇരുണ്ടുമൂടി എല്ലാവരെയും ഒന്നു പരിഭ്രമിപ്പിക്കയും ഈ യാത്ര പോയിക്കൊണ്ടിരുന്ന വഴിയിൽ നിന്നു അല്പം മാത്രം അകലത്തിൽ മഴ പെയ്കയും ചെയ്തു എങ്കിലും പ്രദ ക്ഷിണവഴിയിൽ ഒരു തുള്ളിപോലും വീണില്ല. യാതൊരു കുഴപ്പവും കൂടാതെ പ്രദക്ഷിണം സിമ്മനാരിയിൽ ചെന്നു തിരുമേനിയെ മദുബ്ഹാ യിൽ ഇരുത്തി കഹനയിത്തായിലെ ശിഷ്ടഭാഗം മുഴുവനാക്കിയശേഷം കൈമുത്താരംഭിച്ചു. അതിന്റെ അവസാനത്തിൽ സിമ്മനാരിപള്ളിയുടെ വടക്കെവരാന്തയുടെ കിഴക്കെ അറ്റത്തു ഉണ്ടാക്കിയിട്ടുള്ള മുറിയിൽ പ്രത്യേകം കെട്ടിയുണ്ടാക്കിയ കബറിൽ ശരീരംവച്ചു കുന്തുരുക്കംകൊണ്ടു മൂടി കബറടക്കം അവസാനിപ്പിച്ചു.

ഈ അന്ത്യശുശ്രൂഷയിൽ ബിഷോപ്പ് ഗിൽ അവർകളും ആർച്ചു ഡീക്കൻ പാൽമർ സായ്പും പല ഇംഗ്ലീഷ് പാദ്രിമാരും ഹാജരുണ്ടായി രുന്നു. ബിഷോപ്പവർകളുടെ വകയായി ഒരു പുഷ്പകിരീടം തിരുമനസ്സിലേ കബറിന്മേൽ വയ്ക്കയുണ്ടായി. ഇങ്ങനെ മലങ്കര ഇടവകയിൽ ഇതിനു മുമ്പുണ്ടായിട്ടുള്ള എല്ലാ മെത്രാന്മാരിലുംവെച്ചു ഏറ്റവും വലിയ മഹാൻ നമുക്കു അപരിഹാര്യമായ ഒരു നഷ്ടമെന്നപോലെ നമ്മിൽ നിന്നു വിട്ടു പോയിരിക്കുന്നു. ലൌകിക കണ്ണുകൾക്കു ഇതൊരു നഷ്ടമായിരുന്നാലും ആത്മീയമായി ആലോചിക്കുമ്പോൾ ഈ സംഭവം നമുക്കു വിലതീരാത്ത ഒരു ലാഭമാകുന്നു. നമ്മുടെ വന്ദ്യപിതാവു കാലംചെയ്ത കൊച്ചുതിരു മേനി മുതലായി അനേകം പിതാക്കന്മാരൊടുകൂടെ ദൈവസന്നിധിയിലേ

ക്കാണ് പോയിരിക്കുന്നതു. അവിടെ നമുക്കുവേണ്ടി പ്രാർത്ഥിപ്പാൻ ഇപ്പോൾ ഒരു പരിശുദ്ധൻ കൂടെ കൂടിയിരിക്കുന്നു. നാം നല്ല മനസ്സുള്ള വരായി സത്യമായി ജീവിക്കണമെന്നുള്ള ആഗ്രഹത്തോടും വിശ്വാസ ത്തോടും കൂടിയിരുന്നാൽ തിരുമേനിയുടെ പ്രാർത്ഥന നമുക്കു അവർണ്ണ നീയമായ ഒരു ലാഭമായിരിക്കുമെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ട താണ്.

നമ്മുടെ വന്ദ്യതിരുമേനിയുടെ ജീവചരിത്രം പുസ്തകരൂപത്തിൽ പ്രസി ദ്ധപ്പെടുത്തിയിട്ടുള്ളതിനു പുറമെ അവിടത്തെ കഴിഞ്ഞ ജന്മദിവസം ഈ പംക്തികളിൽ അതിന്റെ ചുരുക്കം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിനാൽ ഇപ്പോൾ ആ ഭാഗമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. സുറിയാനിസമുദായത്തിലൊ തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങ ളിലൊ മാത്രമല്ല ഇണ്ട്യ ഒട്ടുക്കു തിരുമേനി സർവ്വസമ്മതനായ ഒരു പൂജ്യ നായിരുന്നു. വൈസ്രോയികളായിരുന്ന ലോർഡ കഷ്സൻ അവർകൾക്കും ലോർഡ് ഡഫറിൻ അവർകൾക്കും തിരുമേനിയെക്കുറിച്ചു അസാധാരണ മതിപ്പുണ്ടായിരുന്നു എന്നു കാണിക്കുന്ന എഴുത്തുകൾ തിരുമനസ്സിലെ റിക്കാട്ടിൽ ഉണ്ടു. മരണവർത്തമാനം അറിഞ്ഞതു മുതൽ വന്നുകൊണ്ടി രിക്കുന്ന സഹതാപ കമ്പികളും എഴുത്തുകളുംതന്നെ അദ്ദേഹത്തെക്കു റിച്ചുള്ള ബഹുജനതൃപ്തിക്കു ലക്ഷ്യങ്ങളാണ്. വൈസ്രോയി, റസിഡണ്ട് സായ്പ, തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാർ, രണ്ടു സംസ്ഥാന ങ്ങളിലെയും ദിവാൻജിമാർ, വലിയകോയിത്തമ്പുരാൻ, റാണിമാർ, കൽക്ക ത്തായിലെയും മദ്രാസിലെയും അംഗ്ലിയാ ബിഷൊപ്പന്മാർ, ദിവാൻജിയാ യിരുന്ന കൃഷ്ണസ്വാമി റാവു, തുടങ്ങി അനേകം മഹാന്മാരുടെ പേരു കൾ ഈ കൂട്ടത്തിൽ പറയേണ്ടതായിട്ടുണ്ടു.

ഇനി തിരുമേനിയുടെ സ്വഭാവഗുണങ്ങളെക്കുറിച്ചു പറയുന്നതായാൽ അതും അതിശയനീയമെന്നല്ലാതെ വർണ്ണിക്കാൻ പ്രയാസമാകുന്നു. ജൂബിലിദിവസം സുറിയാനിസമുദായത്താൽ സമർപ്പിക്കപ്പെട്ട മംഗളപത്ര ത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ "സുമുഖനും സുചരിതനും വശ്യ വചസ്സു"മായിരുന്ന ഈ തിരുമേനിയിൽ ഭൂതദയ, ഔദാര്യം, താഴ്മ, ക്ഷമ, ഈശ്വരഭക്തി മുതലായ ഗുണങ്ങൾ വിശേഷവിധിയായി ശോഭിച്ചുകൊ ണ്ടിരുന്നു. പ്രതിക്രിയ ചെയ്യുന്ന മനസ്സു അദ്ദെഹത്തെ തീണ്ടിയിട്ടുപോ ലുമില്ലായിരുന്നു. സഭാസംബന്ധമായി താൻ പ്രവർത്തിക്കാൻ ഭാവിക്കുന്ന സകലവും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടല്ലാതെ ആരംഭിക്കയില്ല. പ്രാർ ത്ഥനയാൽ സാധിക്കാൻ പാടില്ലാത്ത കാര്യം ഇദ്ദെഹത്തിനില്ലായിരുന്നു. കാലത്തു ഏഴു മണി മുതൽ ഉച്ച കഴിഞ്ഞു മൂന്നു മണി വരെ മദുബ്ഹാ യിൽ സാഷ്ടാംഗം കിടന്നു പ്രാർത്ഥിച്ചു അതിശയകരമായവിധത്തിൽ കാര്യം സാധിച്ച ദൃഷ്ടാന്തങ്ങൾക്കു ഇതെഴുതുന്ന ആൾ തന്നെ സാക്ഷി

യാകുന്നു. അർദ്ധരാത്രിയിൽ നിശ്ശബ്ദമായിരിക്കുന്ന സമയത്തു പതിവായി കഴിച്ചുവരുന്ന പ്രാർത്ഥന ദൈവത്തെ വിചാരിക്കുന്ന സ്ഥലത്തു കൊണ്ടുവരാൻ തക്കവണ്ണം എരിവേറിയവയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ പാമ്പിനെപ്പോലെ ബുദ്ധിയും പ്രാവിനെപ്പോലെ പരമാർത്ഥതയും വേണമെന്നു നമ്മുടെ കർത്താവു കല്പിച്ച ലക്ഷണങ്ങൾ മുഴുവൻ ഈ തിരുമേനിയിൽ സ്ഥിതി ചെയ്തിരുന്നു എന്നു പറയാൻ സംശയമൊട്ടുമില്ല. ഇപ്രകാരമിരിക്കുന്ന ആ വന്ദ്യപിതാവിന്റെ രോഗത്തിൽ അവിടത്തെ പ്രിയമക്കളാൽ ചെയ്യാവുന്ന ശുശ്രൂഷകളും ചികിത്സകളും ഒന്നും ചെയ്യാതിരുന്നിട്ടില്ല. ചിലവിന്റെ ആധിക്യമൊ ബുദ്ധിമുട്ടൊ ആരും ഗണ്യമായി വിചാരിച്ചില്ല. വൈദ്യന്മാരും പഠിച്ചപണി പതിനെട്ടും കഴിച്ചു. സ്ഥലത്തെ മെഡിക്കൽ ഉദ്യോഗസ്ഥനായ ഡാക്തർ ജോർജ്ജ് മിക്ക സമയങ്ങളിലും തിരുമുമ്പാകെ വന്നു അന്വെഷിക്കയും വേണ്ടതെല്ലാം ആലോചിക്കയും പ്രവർത്തിക്കയും ചെയ്തുകൊണ്ടിരുന്നു. ഡാക്തർ ജെക്കൊബ് ദിവസേന രണ്ടുപ്രാവശ്യം വന്നു പരു അഴിച്ചുകെട്ടുകയും കഴുകുകയും മറ്റും ചെയ്യുന്നതിൽ വളരെ തീഷ്ണതയോടുകൂടെ പ്രവൃത്തിച്ചുകൊണ്ടിരുന്നു. അപ്പാത്തിക്കരി മിസ്റ്റർ പിലിഫ് രാപകൽ തിരുമനസ്സിലേക്കൂടെ താമസിച്ചു വേണ്ടതെല്ലാം ചെയ്തുകൊണ്ടിരിക്ക മാത്രമല്ല, തിരുമേനിയുടെ സുഖത്തിനുവേണ്ടി നികൃഷ്ടമെന്നു തോന്നാവുന്ന പ്രവൃത്തികൾ പോലും തന്റെ കൈകൊണ്ടു ചെയ്യുന്നതിനു മടികാണിക്കാതെ ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇവരെല്ലാവരും സമുദായത്തിന്റെ കൃതജ്ഞതയ്ക്കു പാത്രങ്ങളാണ്. രോഗാരംഭത്തിൽ ദിവാൻജി കൃഷ്ണസ്വാമിരായർ അവർകളിൽ നിന്നു ഇതെഴുതുന്ന ആൾക്കു കിട്ടിയ ഒരെഴുത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ "വൈദ്യന്മാരുടെ സാമർത്ഥ്യം ദൈവെഷ്ടത്തെ മറിക്കയൊ ഭേദപ്പെടുത്തുകയൊ ചെയ്യാവുന്നതല്ല." നല്ലപോർ പൊരുത ദാസനു നീതിയുള്ള കർത്താവു മുടഞ്ഞു വെച്ചിരിക്കുന്ന കിരീടം ധരിപ്പിക്കുവാൻ നിശ്ചയിച്ച സമയവും നാഴികയും വന്നപ്പോൾ ഡാക്തരന്മാരുടെ ശ്രമം വിഫലീകരിച്ചതു ആശ്ചര്യമല്ല.

മലങ്കരെ ഉണ്ടായ പൂർവമെത്രാന്മാരിൽ പുത്തൻകാവിൽ അടക്കപ്പെട്ട പകലൊമറ്റം തറവാട്ടിലെ മാർ ദീവന്നാസ്യോസ് അതിനുമുമ്പുണ്ടായിരുന്ന മെത്രാന്മാരിൽവച്ചു മഹാനായിരുന്നതുകൊണ്ടു വലിയ മാർ ദീവന്നാസ്യോസു എന്നുള്ള പേർ വിളിക്കപ്പെട്ടു. ഇതേവരെയുണ്ടായിട്ടുള്ള എല്ലാ മെത്രാച്ചന്മാരിലും ഏറ്റവും മഹാനായിതീർന്നതു ഇപ്പോൾ കാലം ചെയ്ത പിതാവായിരിക്കുന്ന സ്ഥിതിക്കു ഇദ്ദേഹത്തിനു എന്തു പേരാണ് കല്പിക്കേണ്ടതെന്നു ആലോചിച്ചിട്ടു ഉണ്ടാകുന്നില്ല.

ഈ ദിവ്യദാസന്റെ പ്രാർത്ഥന നമുക്കു ഒരു കോട്ടയായിരിക്കട്ടെ. ആമ്മീൻ. *(ഇടവക പത്രിക, 1909 മിഥുനം)*

# പരേതനായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ

നിതാന്തവന്ദ്യ ദിവ്യശ്രീ. മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കഴിഞ്ഞ ഞായറാഴ്ച പകൽ പതിനൊന്നര മണി സമയം ഐഹികജീവിതം ഉപേക്ഷിച്ചു പരലോകപ്രാപ്തനായ വിവരം ഇതിനു മുമ്പായി തന്നെ ഞങ്ങളുടെ വായനക്കാരെല്ലാവരും അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഹൃദയാഹ്ളാദജനകങ്ങളായ സകലവിധ സ്വഭാവഗുണങ്ങളും മനുഷ്യർക്കുണ്ടാകാവുന്ന സകലവിധ സാമർത്ഥ്യങ്ങളും സകലവിധ പ്രാബല്യങ്ങളും മൂർത്തീകരിച്ചുണ്ടായിട്ടുള്ള ഒരു മഹാപുരുഷനെന്നു ശൈശവപ്രായം മുതൽ ഇജ്ജനങ്ങൾ വിശ്വസിച്ചു സീമാതീതമായ സ്നേഹഭക്തി ബഹുമാനങ്ങളോടുകൂടി സർവധാ ധ്യാനിച്ചു കൊണ്ടുപോരികയും മറ്റുള്ളവർക്കു പ്രായവും ലോകപരിചയവും പല തരമാളുകളെ തമ്മിൽ താരതമ്യപ്പെടുത്തി ഗുണദോഷ വിവേചനം ചെയ്യുന്നതിനുള്ള ശക്തിയും വർദ്ധിച്ചതിനോടുകൂടി അവിടുന്നു സകല സംഗതികളിലും പരിപൂർണ്ണനെന്നോ അദ്വിതീയനെന്നോ മറ്റോ ഉള്ള വിചാരം മാറിപ്പോയി എങ്കിലും അവിടുത്തേപ്പറ്റിയുള്ള അത്ഭുത ബഹുമാനങ്ങൾ ദിവസേന വർദ്ധിക്ക മാത്രം ഉണ്ടാകയും ചെയ്യത്തക്കവണ്ണം അത്രമാത്രം അഗാധവും സർവതോമുഖവുമായ ബുദ്ധിസാമർത്ഥ്യവും സ്വഭാവഗുണവുമുണ്ടായിരുന്ന ഈ പുരുഷരത്നത്തിന്റെ ദേഹവിയോഗത്തെപ്പറ്റി സന്ദർഭോചിതമായവിധത്തിൽ എന്തെങ്കിലുമെഴുതാൻ ഞങ്ങൾക്കു ശക്തിയശേഷമില്ലെന്ന് ഒന്നാമതായി സമ്മതിച്ചുകൊള്ളുന്നു. എന്നുമാത്രമല്ല, പരേതനായ മെത്രാപ്പോലീത്താ അവർകളേപ്പറ്റി ഇജ്ജനങ്ങളേക്കാൾ കൂടുതലായും ഭക്തിബഹുമാനങ്ങൾ ഉണ്ടായിരുന്ന ഇതരന്മാർ ഈ പത്രത്തിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ പുരോഹിതസ്ഥാനത്തിന്റെ കനക ജൂബിലി ആഘോഷങ്ങൾ നടക്കുകയും അതു സംബന്ധിച്ച് കഴിയുന്ന എല്ലാവിധത്തിലും ഈ പംക്തികളിൽ അദ്ദേഹത്തിന്റെ വിവിധതരങ്ങളായ ശക്തികളെപ്പറ്റി സവിസ്തരം പ്രതിപാദിക്കയും ചെയ്തിട്ടുണ്ട്. അതിനാൽ ആ സംഗതികളെപ്പറ്റി ചർവിതചർവണം ചെയ്യണമെന്നു ഞങ്ങൾക്കാഗ്രഹവുമില്ല. എം. പി. വർക്കി അവർകൾ എഴുതി പരേതനായ വറുഗീസു മാപ്പിള അവർകൾ ഈ ആപ്പീസിൽ നിന്നച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ജീവചരിത്രപ്പുസ്തകത്തിൽ നിന്നു മെത്രാപ്പോലീത്താ അവർകളുടെ ജീവിതകാലത്തിലെ ചില പ്രധാന സംഭവങ്ങൾ നടന്നതിന്നപ്പോഴെന്നു മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഇദ്ദേഹം 1008-ാമാണ്ടു വൃശ്ചികം 24-ാംനു കൊച്ചീശീമയിൽ

കുന്നംകുളങ്ങരെ പുലിക്കോട്ട് എന്ന പ്രസിദ്ധ കുടുംബത്തിലാണ് ജനിച്ചത്. കോട്ടയത്തു പഴയസിമ്മനാരി പണിയിക്കയും തൻമൂലം കോട്ടയം പട്ടണത്തിന്റെ അടിസ്ഥാനമിടുകയും ചെയ്ത ഇട്ടൂപ്പു റമ്പാൻ എന്നു പ്രസിദ്ധനായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇദ്ദേഹത്തിന്റെ പിതൃവ്യനായിരുന്നു.

ചെറുപ്പത്തിൽ മലയാളം, സുറിയാനി, ഹിന്തുസ്താനി മുതലായ ഭാഷകൾ ആ കാലത്തുള്ളവരിൽ വെച്ചു സമർത്ഥന്മാരായ ഉപദേഷ്ടാക്കന്മാരുടെ അടുക്കൽ അഭ്യസിച്ചു. 1021-ാമാണ്ടു കന്നിമാസം 23-ാംനു പുരോഹിതസ്ഥാനത്തിന്റെ ആദ്യചടങ്ങുകളായ കോറൂയാസ്ഥാനം കോതമംഗലത്തു പള്ളിയിൽ വച്ചു ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളിൽ നിന്നു ലഭിച്ചു. 1024-ാംമാണ്ടു മലയാള രാജ്യത്തിൽ വന്നിറങ്ങിയ സിറിയാ രാജ്യക്കാരനായ മാർ അത്താനാസ്യോസിൽ നിന്നു ആറു "പട്ടവും" 1022 ചിങ്ങത്തിൽ ഇവിടെ കപ്പൽവഴി വന്നിറങ്ങിയ മാർ കൂറിലോസിൽനിന്നു 1028 ചിങ്ങം 6-ാംനു കശീശാസ്ഥാനവും അദ്ദേഹം സ്വീകരിച്ചു. കശീശായായി ഇവിടെ താമസിച്ച കാലങ്ങളിൽ മാർ കൂറിലോസിന്റെ പ്രധാന സഹായിയായി നിന്നു പല ഘട്ടങ്ങളിൽ തന്റെ ബുദ്ധി സാമർത്ഥ്യത്തെ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു എങ്കിലും അന്നു കേരളീയ സുറിയാനിക്കാരെ അശേഷം അതിപ്രാബല്യത്തോടു കൂടി ഭരിച്ചുവന്നിരുന്ന മാർ മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശക്തിയോടെതിരിടാൻ മാർ കൂറിലോസിനു കഴിഞ്ഞില്ല. അതിനാൽ യൌസേപ്പു കശീശാ മെത്രാനായി വന്നാൽ മാത്രമേ വല്ല ഗുണവുമുണ്ടാകയുള്ളു എന്നു പലർക്കും തോന്നിയതിനാലാണ് അദ്ദേഹത്തെ സിറിയാ രാജ്യത്തിലേക്കയച്ചത്. ആധുനിക കാലത്തു കൂടിയും ഈ യാത്ര എത്രയോ ആപൽക്കരമായിയിരിക്കുന്ന സ്ഥിതിക്ക് അന്നത്തെ ഈ ദീർഘയാത്രയിൽ പലവിധമാപത്തുകൾ ഉണ്ടായി എന്നു വിശേഷിച്ചു പറയേണ്ടതില്ല. 1038 കുംഭമാസത്തിൽ ഇദ്ദേഹം സ്വഭവനത്തിൽ നിന്നു പുറപ്പെടുകയും 1039 ചിങ്ങം 13-ാംനു അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ അവർകളുടെ അധിവാസ സ്ഥലമായ മർദ്ദീൻ പട്ടണത്തിൽ എത്തുകയും അവിടെ വച്ച് അത്യന്തം ആപൽക്കരമായ ഒരു ദീനമുണ്ടായി എങ്കിലും അതിൽനിന്നു ദൈവകാരുണ്യത്താൽ രക്ഷപെടുകയും 1039 മേടം 25-ാംനു റമ്പാൻ സ്ഥാനവും അടുത്ത ദിവസം മെത്രാസ്ഥാനവും നൽകപ്പെടുകയും അവിടെനിന്നു തിരിച്ചു മിഥുനമാസം 23-ാംനു ബോംബെ പട്ടണത്തിലും അടുത്ത കന്നി 4-ാംനു ജന്മഭൂമിയായ കുന്നംകുളങ്ങരെയും എത്തുകയും ചെയ്തു. 1040 മുതൽ 1050 വരെ ഇദ്ദേഹത്തിനിവിടെ പലതരമാപത്തുകൾ ഉണ്ടായിക്കൊണ്ടിരുന്നു. ഗവണ്മെന്റിൽ നിന്നു മലയാളത്തെ ഏക മെത്രാപ്പോലീത്തായായി സ്വീകരിച്ചിരുന്ന മാർ അത്താനാസ്യോസിനോടു

മത്സരിക്കാൻ ഇദ്ദേഹത്തിനും അല്പംപോലും ശക്തിയുണ്ടായില്ല. 1050–ൽ അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ അവർകൾ തന്നെ മലയാള രാജ്യത്തെത്തി 1052 വരെ ഇവിടെ താമസിച്ചശേഷം സിമ്മനാരിക്കേസെന്ന പ്രസിദ്ധമായ സിവിൾകേസാരംഭിക്കാൻ തീർച്ചയാക്കി. അതുമുതൽ കേസ വസാനിച്ചതുവരെ മെത്രാപ്പോലീത്താ അവർകൾ പലതരങ്ങളായ കഷ്ട തകൾ വീണ്ടും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിലും ആ സമയം മുതൽ അദ്ദേഹത്തിന്റെ നക്ഷത്രത്തിന്റെ നില മാറിവീണതായി നിസ്സം ശയം പറയാവുന്നതാണ്. 1054–ൽ കേസ് ആലപ്പുഴ ജില്ലാക്കോടതിയിൽ ആരംഭിച്ചു. ഒരു ജഡ്ജിയെ ഈ കേസു മാത്രം വിസ്തരിക്കാനായി നിയ മിച്ചു എങ്കിലും 1059–ലാണ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകളുടെ അന്യായപ്രകാരം കേസിന്റെ വിധി പ്രസ്താവിച്ചത്. ഈ വിധിയെപ്പറ്റി പ്രതിഭാഗത്തിൽ നിന്നു ഹൈക്കോടതിയിലും റോയൽക്കോ ടതിയിലും കൊടുത്ത അപ്പീലുകളും തള്ളപ്പെട്ടു. അതിനോടുകൂടി മെത്രാ പ്പോലീത്താ അവർകളുടെ ശക്തി സ്ഥിരപ്പെട്ടു. അതിന്റെ ശേഷം പല പള്ളികളെ സംബന്ധിച്ചും വിശിഷ്യ ബ്രിട്ടീഷ് ഗവണ്മെന്റിൽ പലിശ യ്ക്കായി സുറിയാനി മെത്രാപ്പോലീത്താ ഏൽപ്പിച്ചിരുന്ന പണത്തിന്റെ വട്ടി അല്ലെങ്കിൽ പലിശ വാങ്ങുവാനുള്ള അധികാരത്തെപ്പറ്റിയും കൊച്ചി യിലെ പള്ളികളേപ്പറ്റിയും പല കേസുകൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ മിക്ക കേസുകളിലും മെത്രാപ്പോലീത്തായിക്കു വിജയം സിദ്ധിക്കയാകുന്നു ചെയ്തിട്ടുള്ളത്. പ്രത്യേകമായി അദ്ദേഹത്തിനത്യന്തം പരിതാപകരമാ യിരുന്ന ഒരു സംഗതി അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കുന്നംകുളങ്ങരെ പ്രവേശിക്കാനനുവാദമില്ലാതെയായിപ്പോയതാണ്. ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും കേസു ദോഷമായതിന്റെശേഷം റോയൽക്കോടതി യിൽ അപ്പീൽ കൊടുക്കയും പതിനായിരത്തിലധികം രൂപ ചിലവു ചെയ്തു സർ ഭാഷ്യമയ്യങ്കാരെ വക്കീലായി വരുത്തുകയും അങ്ങനെ അവ സാനത്തിൽ ആ കേസിനും തനിക്കു ഗുണകരമായ തീരുമാനമുണ്ടാ കയും ചെയ്തു. എന്നാൽ അവസാനത്തിൽ ചെങ്ങന്നൂർ, മാരാമണ്ണു എന്നീ രണ്ടു പള്ളികളെപ്പറ്റിയുണ്ടായ കേസുകൾ രണ്ടും അദ്ദേഹത്തിനു ദോഷമായി പര്യവസാനിക്കയും ചെയ്തിട്ടുണ്ട്. സിമ്മനാരിക്കേസിന്റെ പര്യ വസാനം കഴിഞ്ഞാൽ അദ്ദേഹത്തെ സംബന്ധിച്ചുണ്ടായ പ്രധാന സംഭവം ജൂബിലിയാഘോഷമായിരുന്നു. വ്യവഹാരങ്ങളുടെ ബഹളം ഒതുങ്ങിയ തിനോടുകൂടി സമുദായത്തിന്റെ ഉന്നതിക്കായി മറ്റു പല സംഗതികളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞുകൊണ്ടിരുന്നു. വിദ്യാഭ്യാസ സംബന്ധ മായും മതസംബന്ധമായും മറ്റും സമുദായത്തിൽ വേണ്ട അഭിവൃദ്ധി ഉണ്ടാകാനായി നാനാപ്രകാരേണയും അദ്ദേഹം പ്രയത്നിച്ചിട്ടുണ്ട്. തന്റെ സഹോദരന്മാരായി ആറു മെത്രാന്മാരുണ്ടായിരുന്നവരിൽ അഞ്ചാളുകളും മരിക്കയും ശേഷിച്ചിരുന്ന രണ്ടാളുകൾക്കും പ്രായാധിക്യംകൊണ്ടും

രോഗംകൊണ്ടും സഭയുടെ ഭരണം നേരാംവണ്ണം നടത്തിക്കൊണ്ടു പോകാൻ ശക്തിയില്ലാതെയാകയും ചെയ്തതിനാൽ തന്റെ പിൻഗാമികളായി ചിലയാളുകൾക്കു മെത്രാൻസ്ഥാനം കൊടുപ്പിച്ചു വരുത്തണമെന്ന് അവസാനത്തിലുണ്ടായിരുന്ന വലിയ മോഹവും സാധിച്ചുകാണുന്നതിന്നദ്ദേഹത്തിനു ദൈവം സംഗതിവരുത്തുകയും ചെയ്തു.

ആരംഭത്തിൽ പലതരം കഷ്ടതകൾ മാത്രവും അവസാനത്തിൽ ചില അപജയങ്ങളും അദ്ദേഹം സഹിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും ആകപ്പാടെ വിചാരിച്ചാൽ ഇത്രമാത്രം ഭാഗ്യം തികഞ്ഞ ഒരാളെ അത്ര എളുപ്പത്തിൽ കണ്ടുകിട്ടുന്നതല്ല. സുറിയാനി മെത്രാന്മാരായി പല ആളുകൾ ഇവിടെ ഭരിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ പരേതനായ ഈ ദേഹത്തെപ്പോലെ സമർത്ഥനും സമ്മതനുമായ മറ്റൊരു മെത്രാപ്പോലീത്താ ഈ മലങ്കരയിൽ ഉണ്ടായിട്ടില്ലെന്നു നിസ്സംശയം പറയാവുന്നതാണ്. സ്വന്ത സമുദായത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ശക്തിക്കവസാനമില്ലായിരുന്നു. അനേകായിരമാളുകളുടെ പ്രധാനിയെന്നുള്ള നിലയിൽ ഒരു ഉന്നതപദവിയെ പ്രാപിക്കുന്നതുപോലെ മോഹിക്കത്തക്ക മറ്റൊരു സംഗതിയില്ലെന്നു പലർക്കും തോന്നിപ്പോയേക്കാം. എന്നാൽ രാജാക്കന്മാർ, പ്രധാന പുരോഹിതന്മാർ മുതലായവർക്കു മാത്രമേ അവരുടെ പ്രയാസങ്ങൾ ഇത്രമാത്രമുണ്ടെന്നു ശരിയായി നിർണ്ണയിക്കാൻ കഴികയുള്ളു. ഈ ഭാരം ദുസ്സഹമായി തോന്നുകയാൽ സ്വന്ത മനസ്സോടെ പലരും അതുപേക്ഷിച്ചോടിപ്പോയിട്ടുള്ളതു തന്നെ ഇതിനൊരു ലക്ഷ്യമാണല്ലൊ. എല്ലാ സംഗതികളിലും ന്യായാന്യായങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കാൻ കഴിയുന്ന ആളുകൾ വളരെ ദുർല്ലഭമാണ്. മനസ്സിലാക്കിയാലും അതിനനുസരണമായി സ്വാർത്ഥപ്രതിപത്തി കൂടാതെ പ്രവർത്തിക്കാൻ കഴിയുന്നയാളുകൾ ഇതിലും ദുർല്ലഭമാണ്. മിക്കവാറുമാളുകൾ അവരവരു പിടിച്ചതു മാത്രം നടക്കണമെന്നും നടത്തണമെന്നും മർക്കടമുഷ്ടി പിടിച്ചുകൊണ്ടിരിക്കുന്നവരാണ്. ഇങ്ങനെയുള്ള എല്ലാവരേയും ഒരു വിധത്തിൽ സന്തോഷിപ്പിച്ചും അവരിൽ ആരുടെയും വലിയ അതൃപ്തിക്കും ശത്രുത്വത്തിനും പാത്രപാനാകാതെയും ഒരു വലിയ സമുദായത്തെ ഭരിച്ചുകൊണ്ടുപോകയെന്നുള്ളത് എത്രമാത്രം ശ്രമസാദ്ധ്യമായ ഒരു സംഗതിയാണെന്നു ഒരുവിധം കാര്യവിവരമുള്ള എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. പരേതനായ മെത്രാപ്പോലീത്തായുടെ ഭരണരീതി ദോഷരഹിതമായിരുന്നു എന്നോ അദ്ദേഹത്തെപ്പറ്റി അതൃപ്തി തർക്കമുണ്ടായിട്ടില്ലെന്നോ പറയുന്നതായാൽ അതു വാസ്തവ വിരുദ്ധമായിരിക്കും. എങ്കിലും എല്ലാ സംഗതികളും കൂടി ആലോചിച്ചു നോക്കിയാൽ പല ചരടുകളുടെ അറ്റങ്ങൾ പിടിച്ചുകൊണ്ട് ഈ വിധത്തിൽ കാര്യം നിർവഹിച്ചുകൊണ്ടുപോകാനധികമാളുകൾക്കും സാധിക്കുന്നതല്ലെന്നും നേരെ മറിച്ചു തോന്നിപ്പോകുന്നത് പരിചയക്കു

റവുകൊണ്ടും ബുദ്ധിഹീനതകൊണ്ടും മാത്രമാണെന്ന് യാതൊരു അതിശയോക്തിയും കൂടാതെ പറയാവുന്നതാണ്. പലരുടെ ദൃഷ്ടി പതിയത്തക്കവണ്ണം ഉയർന്ന ഒരു പദത്തിൽ ഇരിക്കുന്ന ആളുകളുടെ സകല ബലങ്ങളും ബലഹീനതകളും എല്ലാ മനുഷ്യരും എത്ര ദൂരത്തിൽനിന്നു നോക്കിയാലും കാണത്തക്കവണ്ണം അത്ര ശക്തിമത്തായ ഒരു വെളിച്ചം എപ്പോഴും അവരുടെമേൽ തട്ടിക്കൊണ്ടാണിരിക്കുന്നത്. The fierce light that beats upon a throne എന്ന് ഒരു ആംഗ്ലേയ കവി പറഞ്ഞിരിക്കുന്നത് ഈ അർത്ഥത്തിലാണ്. അതിനാൽ തക്ക യോഗ്യതയില്ലാത്തവർ ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ പ്രവേശിച്ചാൽ ആരും കാണാതെയും അറിയാതെയും കിടന്ന അവരുടെ ബലഹീനതകളും ദുസ്സ്വഭാവങ്ങളും പ്രകാശിച്ചു കാണപ്പെടും. നേരേമറിച്ചു സ്വഭാവജന്യമായ ബുദ്ധിവിശേഷത്തോടു കൂടിയവർ ഔന്നത്യപദത്തിൽ പ്രവേശിച്ചാൽ അവരെപ്പറ്റിയുള്ള മതിപ്പും ബഹുമാനവും അനേകം മടങ്ങു വർദ്ധിക്കുന്നതാണെന്നും ആ സ്ഥാനത്തിൽ അങ്ങനെയുള്ളവർ വരുന്നതുകൊണ്ട് ആ സ്ഥാനത്തിനു തന്നെ മുമ്പില്ലാതിരുന്ന ഒരു മഹിമയുണ്ടാകുന്നതാണെന്നുമുള്ളതു പരേതനായ മെത്രാപ്പോലീത്താ അവർകളുടെ സംഗതികൊണ്ടു തീർച്ചയാക്കാവുന്നതാണ്. സുറിയാനിക്കാരിൽ അന്യവർഗ്ഗക്കാരായ പലർക്കും ഓരോ സംഗതിവശാൽ മെത്രാപ്പോലീത്താ അവർകളെപ്പറ്റി വഴക്കു തോന്നുകയും മറ്റും ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. എന്തെങ്കിലും വലിയ സംഗതിയിൽ ഉൾപ്പെട്ടവരേപ്പറ്റി ചിലർക്കെല്ലാം നീരസവും വഴക്കും ശക്തിയായി ഉണ്ടാകാതിരിപ്പാൻ പാടില്ല. എന്നിരുന്നാലും ഈ വക വഴക്കുകൾക്കും കേസുകൾക്കും അപ്പുറമായും മുഖം കണ്ടു മറയ്ക്കാൻ പാടില്ലാത്തവരായും പല മാഹാത്മ്യങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു എന്നും ഇങ്ങനെ ഒരാൾ ഉണ്ടായതു മാപ്പിളമാർക്കെല്ലാവർക്കും അഭിമാനഹേതുവാണെന്ന് ഇവരിലെല്ലാ വർഗ്ഗക്കാർക്കും ബോദ്ധ്യമുണ്ടായിരുന്നു എന്നും ഉള്ളതു എല്ലാ വർഗ്ഗക്കാരായ മാപ്പിളമാരും അദ്ദേഹത്തിന്റെ രോഗത്തെപ്പറ്റിയും മരണത്തെപ്പറ്റിയും പ്രദർശിപ്പിച്ചിട്ടുള്ള നിർവ്യാജ ദുഃഖ ചിന്തകൾ കൊണ്ടും മറ്റു പല സംഗതികൾകൊണ്ടും അറിയാവുന്നതാണ്. അന്യന്മാരായ പല ആളുകളും ഒരു പ്രാവശ്യം അദ്ദേഹവുമായി കണ്ടുമുട്ടി സംസാരിക്കുന്നതിനിടയായാൽ ജീവാവസാനം വരെ അദ്ദേഹത്തിന്റെ ഉറ്റബന്ധുക്കളായിത്തീർന്നിട്ടുണ്ട്. മെത്രാപ്പോലീത്താ അവർകളുടെ ശത്രുക്കൾക്ക് അദ്ദേഹത്തിന്റെ ആകർഷണശക്തിയെപ്പറ്റി അദ്ദേഹം ജീവിച്ചിരുന്നപ്പോൾ വളരെ വഴക്കു തോന്നിയിരിക്കണം. എന്നാൽ വല്ല ചതിപ്രയോഗം കൊണ്ടോ മറ്റോ അല്ല അദ്ദേഹം ആളുകളെ ആകർഷിച്ചു വന്നതെന്നു നിർമ്മത്സാമാരായ എല്ലാവർക്കും അറിയാവുന്നതാണ്. മുഖവിലാസവും വേഷപ്രൗഢിയും ശരീരകോമളത്വവും വെള്ളിക്കമ്പികൾ പോലെ നീണ്ടു നരച്ച മീശയും തേൻപോലെ മധുരമുള്ള വാക്കുകളും

ഫലിതോക്തികളും എല്ലാവരേപ്പറ്റിയും നിറഞ്ഞു കവിഞ്ഞൊഴുകിക്കൊണ്ടിരുന്ന സ്നേഹബഹുമാനങ്ങളും വിനയവും താഴ്മയും എല്ലാ ആളുകളേയും തൂക്കിയറിഞ്ഞ് അവരവർക്കു രുചിക്കുന്നവിധത്തിൽ സന്ദർഭോചിതമായി പ്രവർത്തിക്കാനും സംസാരിക്കാനും വേണ്ട അത്ഭുതകരമായ പരഹൃദയജ്ഞാനവും മറ്റും ഇത്രമാത്രം തികഞ്ഞ ഒരാൾക്കു സകല സഹൃദയന്മാരെയും ആകർഷിക്കുന്നതിനു അനിതരസാധാരണമായ ഒരു ശക്തി ഉണ്ടായിരിക്കുന്നതിൽ അല്പംപോലും അതിശയിക്കാനില്ല. സുമുഖനും സുചരിതനും വശ്യവചസ്സുമായ മെത്രാപ്പോലീത്താ അവർകളെപ്പറ്റി കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി.എസ്.ഐ. തിരുമനസ്സിലേക്കെത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്ന് അദ്ദേഹം പല സന്ദർഭങ്ങളിലും പലരോടും പ്രസ്താവിച്ചിട്ടുണ്ട്. ഒരു അമേരിക്കൻ വർത്തകനായ ഡാറാ സായ്പവർകൾ മെത്രാപ്പോലീത്താ അവർകളെ മിക്കവാറും ഒരു ഈശ്വരനെപ്പോലെ ഗണിച്ചു വന്നതും ഓരോ ആവശ്യങ്ങൾക്കായി കണക്കില്ലാതെ ധനം സംഭാവന ചെയ്തു വന്നതും ....... അദ്ദേഹം പ്രയോഗിച്ചിട്ടല്ല. അദ്ദേഹത്തിന്റെ ആജീവനാന്തം അദ്ദേഹത്തെ അത്യധികം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തുവന്നിട്ടുള്ള വേറൊരാളുടെ നാമവും ഇവിടെ സ്മരിക്കേണ്ടതായിട്ടുണ്ട്. അതായതു തിരുവിതാംകോട്ടെ പ്രധാന ന്യായാധിപതിയും ദിവാൻജിയുമായിരുന്ന ദിവാൻ ബഹദൂർ കൃഷ്ണസ്വാമിരായരവർകൾ അല്ലാതെ മറ്റാരുമല്ല. ഇവർ തമ്മിലുണ്ടായിരുന്ന ദൃഢതരമായ സ്നേഹബഹുമാനങ്ങളുടെ അടിസ്ഥാനവും അവയെ പോഷിപ്പിച്ചു നിലനിറുത്തിക്കൊണ്ടുവന്ന ശക്തിയും മറ്റൊന്നുമല്ലെന്നും ശപഥം ചെയ്തു പറയാവുന്നതാണ്. അദ്ദേഹത്തിന്റെ എഴുത്തുപെട്ടി പരിശോധിച്ചാൽ ........ വൈസ്രോയിമാരായിരുന്ന ..... , കൾസൻ പ്രഭു, മദ്രാസിലെ പല ഗവർണർമാർ മുതലായവർ അദ്ദേഹത്തെപ്പറ്റി എത്രമാത്രം ആദരവോടുകൂടി എഴുത്തുകൾ അയക്കുകയും മറ്റും ചെയ്തിരുന്നുവെന്നു കാണാവുന്നതാണ്. ഇൻഡ്യയിലെ ആംഗ്ലിയാ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കൽക്കത്തായിലെ മെത്രാപ്പോലീത്താ അവർകളുടെയും തിരുവിതാംകൂർ കൊച്ചീ ആംഗ്ലിയാ ബിഷോപ്പായ ഡാക്ടർ ഗിൽ അവർകളുടെയും പേരുകളും ഈ കൂട്ടത്തിൽ സ്മരിക്കേണ്ടതാണ്. പ്രത്യേകമായി ഡോക്ടർ ഗിൽ ബിഷോപ്പ് അവർകൾ മെത്രാപ്പോലീത്താ അവർകളെപ്പറ്റി പ്രദർശിപ്പിച്ച താല്പര്യവും ഭക്തിയും അവാച്യങ്ങളാണ്. ഈ രണ്ടു സഭകളും തമ്മിൽ വളരെ കാലമായി നിലനിന്നിരുന്ന വഴക്കുകളും തർക്കങ്ങളും രണ്ടു സഭാദ്ധ്യക്ഷന്മാരുടെ അന്യോന്യമുള്ള നിഷ്ക്കളങ്ക സ്നേഹംകൊണ്ടും സൗഹാർദ്ദംകൊണ്ടും നീക്കാവുന്നടത്തോളം ഇവരുടെ അന്യോന്യ സ്നേഹംകൊണ്ടു നീങ്ങിയിട്ടുള്ളതായി കാണുന്നതും പ്രശംസനീയമായിരിക്കുന്നു. കൾസർ പ്രഭുവിന്റെ പത്നി മരിച്ച സമയം മെത്രാപ്പോലീത്താ അവർകൾ അയച്ച ഒരെഴുത്തിനു പ്രഭു

അയച്ച മറുപടിയിൽ നിന്നു ചില ഭാഗങ്ങൾ ഇവിടെ എടുത്തുചേർക്കുന്ന തനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ............

മെത്രാപ്പോലീത്താ അവർകൾ പ്രഭുവിനയച്ച എഴുത്തിനേക്കാൾ ഹൃദയംഗമമായവിധത്തിൽ അങ്ങനെ ഒരെഴുത്തു എഴുതാൻ സാധിക്കയില്ലെന്നും വളരെ ദൂരത്തിൽ സ്ഥിതി ചെയ്യുന്നതിനാലും പ്രസിദ്ധപ്പെട്ട സുറിയാനിസമുദായത്തിന്റെ പ്രതിനിധിയായി മെത്രാപ്പോലീത്താ അയച്ച എഴുത്ത് അദ്ദേഹത്തിന് അത്യന്തം ആശ്വാസാജനകമായിരിക്കുന്നു എന്നും മെത്രാപ്പോലീത്തായിക്കു ദീർഘായുസ്സുണ്ടാകണമെന്നും അനേകമാളുകളുടെ ഹൃദയപൂർവ്വമായ സ്നേഹം അദ്ദേഹത്തെ മരണശേഷവും പിന്തുടരണമെന്ന് ആശംസിക്കുന്നു എന്നും മറ്റുമാണ് ഈ എഴുത്തിന്റെ ചുരുക്കം.

ഇങ്ങനെ മെത്രാപ്പോലീത്താ അവർകളുടെ പല വിശേഷ ലക്ഷണങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ പ്രധാനമായി പറയേണ്ടത് അദ്ദേഹത്തിനുണ്ടായിരുന്ന സുസ്ഥിരവും നിഷ്ക്കപടവുമായ ഈശ്വരഭക്തിയെപ്പറ്റിയാണ്. ഇത്ര വളരെ കേസുകൾ നടത്തുകയും ലോകാഡംബരങ്ങളിൽ ഉൾപ്പെട്ടു നടക്കുകയും ചെയ്തുവരുന്ന ഒരാൾക്കു വാസ്തവമായ ഈശ്വരഭക്തി ഉണ്ടായിരിക്കുന്നതെങ്ങനെയെന്നു ചിലർക്കെല്ലാം സംശയം തോന്നിയേക്കാം. ഇങ്ങനെയുള്ളവർ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന മിസ്റ്റർ ഗ്ലാഡ്സ്റ്റനെപ്പറ്റി കേട്ടിരിക്കാനിടയില്ല. ഇങ്ങനെയൊക്കെയായാലും തന്റെ സകലവിധ വിജയങ്ങൾക്കു കാരണം ഈശ്വര കാരുണ്യമൊന്നുമാത്രമായിരുന്നു എന്ന് മെത്രാപ്പോലീത്താ അവർകൾ ദൃഢമായി വിശ്വസിച്ചു വന്നു എന്നും എപ്പോഴും ദൈവവുമായി അദ്ദേഹം അടുത്തു സംസർഗ്ഗം ചെയ്തു വന്നു എന്നും ചിലപ്പോൾ ഈശ്വരധ്യാനത്തിനും മറ്റും അദ്ദേഹമാരംഭിച്ചാൽ ഒരു നിലയിൽതന്നെ പത്തും പന്ത്രണ്ടും മണിക്കൂർ സമയം കഴിച്ചുകൂട്ടിയിട്ടുണ്ടെന്നും എല്ലാ ദിവസവും അർദ്ധരാത്രി കഴിഞ്ഞു നിശ്ശബ്ദമാകുമ്പോൾ മെത്രാപ്പോലീത്താ അവർകൾ പതിവായി നടത്തിവന്ന പ്രാർത്ഥന ഏതുതരം മനുഷ്യരേയും പരിഭ്രമിപ്പിക്കത്തക്കതായിരുന്നു എന്നും മറ്റും ഇതെഴുതുന്ന ആളിനു സ്വന്ത പരിചയത്തിൽ നിന്നു ധൈര്യസമേതം പറയാൻ കഴിയുന്നതാണ്. കിംബഹുനാ എല്ലാ സമുദായങ്ങളിലും രാജ്യങ്ങളിലും ചില പ്രത്യേകഘട്ടങ്ങളിൽ ഓരോ വലിയ ജോലികൾ നിർവഹിക്കാനായി സർവജഗന്നിയന്താവായ ഈശ്വരന്റെ പ്രത്യേക മുദ്രയോടു കൂടി ചിലർ ജനിക്കാറുണ്ട്. ഇങ്ങനെയുള്ള അതിമാനുഷന്മാരുടെ കൂട്ടത്തിൽ എത്രയും നിസ്സാരമായിട്ടെങ്കിലും ഒരു സ്ഥാനത്തിനു പരേതനായ മെത്രാപ്പോലീത്താ അവർകളും അർഹനാണ് എന്ന കാര്യത്തിൽ .... എല്ലാവരും സന്തോഷസമേതം സമ്മതിക്കാതിരിക്കയില്ല.

(മലയാള മനോരമ പത്രാധിപക്കുറിപ്പ്, 14-7-1909. ഈ ലേഖനം സമുദായ സെക്രട്ടറിയും മെത്രാപ്പോലീത്തായുടെ വ്യവഹാര കാര്യസ്ഥനും മനോരമ ഡയറക്ടർ ബോർഡ് അംഗവുമായിരുന്ന സഭാചരിത്രകാരനായ ഇ. എം. ഫീലിപ്പോസ് രചിച്ചതാണെന്ന് ലേഖനത്തിലെ ഒരു സൂചനയിൽ നിന്നും വ്യക്തമാണ്. സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് 1993-ൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിന്നും മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ച 'കേരള പതാക'യുടെ ഒരു ലക്കവും അദ്ദേഹത്തിന്റെ ചരമ വാർത്തകളും കണ്ടെടുത്തു. - എഡിറ്റർ)

# പരേതനായ മാർ ദീവന്ന്യാസ്യോസു വലിയ മെത്രാപ്പോലീത്താ അവർകൾ

### (പ്രത്യേക റിപ്പോർട്ടർ)

ഇദ്ദേഹത്തിന്റെ രോഗവാർത്ത മനോരമയുടെ എല്ലാ ലക്കങ്ങളിലും പ്രസിദ്ധപ്പെടുത്തിക്കൊണ്ടാണല്ലോ ഇരുന്നത്. രോഗത്തിനു കഴിഞ്ഞ വെള്ളിയാഴ്ച മുതൽ കുറെ വർദ്ധനവ് തുടങ്ങുകയും അതു കുറെ അപകടസ്ഥിതിയിൽ പരിണമിക്കുകയും ചെയ്തെന്നു പലർക്കും തോന്നുകയാൽ അന്നു...തന്നെ അന്ത്യകർമ്മങ്ങളെല്ലാം കഴിക്കയുണ്ടായി. രോഗത്തിന് അപ്രതീക്ഷിതമായുണ്ടായ ഈ വർദ്ധനവ് ഓരോനിമിഷം ചെല്ലുന്തോറും കൂടിക്കൂടി വരികയും ശനിയാഴ്ച രാത്രി പത്തു മണിയോടുകൂടി ......... ആരംഭിക്കുകയും ചെയ്തു. ഈ വർത്തമാനം കർണ്ണാകർണ്ണികയാ കോട്ടയം മുഴുവൻ പ്രചരിക്കുകയും ആളുകൾ ഒഴുകിത്തുടങ്ങുകയും ചെയ്തു. മെത്രാപ്പോലീത്താ അവർകളുടെ രോഗശമനാർത്ഥം സർവ്വനേരവും ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു കൂടെതാമസിച്ചുവരുന്ന മെത്രാപ്പോലീത്തന്മാർ, റമ്പാന്മാർ, പട്ടക്കാർ മുതലായ എല്ലാ ആളുകളും മറ്റവിടെ കൂടിയ ജനങ്ങളും എല്ലാം ഭയപരവശന്മാരായി ...... ഈ സമയം മുതൽ എല്ലാവരും ആ ഭയങ്കര സമയത്തെപ്പറ്റി ഏറ്റവും ദുഃഖത്തോടുകൂടി നോക്കിപ്പാർത്തുകൊണ്ടിരുന്നു. ഞായറാഴ്ച നേരം പുലർന്നതിനോടുകൂടി ചെറിയപള്ളിയിൽ ആൾവരവ് വർദ്ധിച്ചുതുടങ്ങി. എല്ലാവരും ...... ഒരു മൊട്ടുസൂചി താഴെ വീണാൽപോലും അതിന്റെ ശബ്ദം കുറെ ദൂരത്തിൽ കേൾക്കാമായിരുന്നു. ഇങ്ങനെ പതിനൊന്നേമുക്കാൽ മണി സമയംവരെ എല്ലാവരും ഒരുവിധത്തിൽ കഴിച്ചുകൂട്ടിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അപ്പോൾ ചെറിയപള്ളിയിലെ മണി ഏറ്റവും സന്താപകരമായ ശബ്ദത്തെപ്പുറപ്പെടുവിപ്പിക്കുന്നു. മെത്രാപ്പോലീത്തന്മാരും അവിടെയുള്ള വൈദികഗണവും മറ്റ് അവിടെ കൂടിയിരുന്നവരുമെല്ലാം വാവിട്ടു നിലവിളിക്കുന്നു. ഇതിനെ തുടർന്ന് വലിയപള്ളി, പുത്തൻപള്ളി, കുരിശുപള്ളി, പഴയസിമ്മനാരിപ്പള്ളി, മാർ ഏലിയാ ചാപ്പൽ ഇതുകളിലെ മണിയും ഏറ്റവും ദുഃഖകരമായവിധത്തിൽ വിലപിച്ചു തുടങ്ങിയിരിക്കുന്നു. കേൾക്കുന്നവർ കേൾക്കുന്നവർ എല്ലാം നിലവിളിച്ചുകൊണ്ടു ചെറിയപള്ളി ലാക്കാക്കി ഓടുന്നു. ചെറിയപള്ളിയിൽ എവിടെ ചെന്നാലും പ്രലാപമേ കേൾപ്പാനുള്ളൂ. സ്ഥലത്തെ കമ്പിയാപ്പീസിൽ നിന്നു നാനാദിക്കുകളിലേക്കു കമ്പിവാർത്തകൾ .......ത്തുടങ്ങി. 28

രൂപയോളം ചിലവിട്ടു അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ അവർകൾക്കു ലണ്ടനിലേക്കുടനെതന്നെ ഒരു കമ്പിയും കൂട്ടത്തിലയയ്ക്കുന്നു. മരണവർത്തമാനം നാനാദിക്കുകളിലുമറിയിക്കാനായി മലങ്കര മെത്രാപ്പോലീത്താ അവർകളുടെ എഴുത്തുകളുംകൊണ്ട് ഓരോ പള്ളികളിലേക്കു ഓരോരുത്തർ ഓടിത്തുടങ്ങിയിരിക്കുന്നു. എന്നുവേണ്ടാ സ്വൽപസമയം കൊണ്ട് ഈ ദുഃഖവാർത്ത എല്ലായിടങ്ങളിലും പരക്കുകയും കേൾക്കുന്നവർ കേൾക്കുന്നവർ "സുറിയാനി സമുദായത്തിന്റെ ദിവ്യരത്നം നഷ്ടപ്പെട്ടു", "സമുദായത്തിനു തീരാത്ത ഒരു നഷ്ടമാണ്" എന്നും മറ്റും പ്രസ്താവിക്കുകയും ചെയ്തുകൊണ്ടിരുന്നു. സുറിയാനിക്കാരുടെ ഇടയിലെ നടപ്പനുസരിച്ച് മെത്രാപ്പോലീത്തന്മാരെ കസേരയിൽ ഇരുത്തിയാണ് ശവസംസ്ക്കാരം ചെയ്യാറുള്ളത്. മരിച്ചയുടൻതന്നെ സ്ഥാനവസ്ത്രങ്ങൾ എല്ലാം ധരിപ്പിച്ചും വടി, സ്ലീബാ മുതലായ സ്ഥാനചിഹ്നങ്ങളെ പിടിപ്പിച്ചും കസേരയിൽ ഇരുത്തുകയും ദീനമായി കിടന്നിരുന്ന മേടയിൽ നിന്ന് വൈദികന്മാർ എടുത്ത് അനേകായിരം ജനങ്ങളുടെ വിലാപശബ്ദത്തോടും വൈദികന്മാരുടെ പ്രാർത്ഥനാഗീതത്തോടും കൂടി പള്ളിയിൽ കൊണ്ടുവന്ന് പ്രധാനസ്ഥലത്തു പടിഞ്ഞാട്ടു മുഖമായി വയ്ക്കുകയും ചെയ്തു. തൽക്ഷണംതന്നെ പിന്നീട് നടക്കേണ്ട സംഗതിക്ക് എല്ലാവരും കൂടി താഴെ വരുന്നപ്രകാരം ഒരു കാര്യപരിപാടി തയ്യാറാക്കുകയും അച്ചടിപ്പിച്ചു പട്ടണത്തിലും ചുറ്റുമുള്ള സ്ഥലങ്ങളിലും പരസ്യപ്പെടുത്തുകയും ചെയ്തു.

മലങ്കര ഇടവകയുടെ മാർ ദീവന്ന്യാസ്യോസു വലിയമെത്രാപ്പോലീത്താ തിരുമനസ്സിലെ കബറടക്കശുശ്രൂഷയുടെ പ്രോഗ്രാം.

1909 ജൂലായി 12-ാം തീയതി 1081 മിഥുനം 20-ാം തീയതി തിങ്കളാഴ്ച.

രാവിലെ 7 മണി മുതൽ 8 മണിവരെ ചെറിയപള്ളിയിൽ കുർബ്ബാന (മാർ ഒസ്താത്തിയോസ് ബാവാ അവർകൾ)

9 മുതൽ 12 വരെ ചെറിയപള്ളിയിൽ വെച്ചുള്ള ശവസംസ്ക്കാര ശുശ്രൂഷ.

12 1/2 മുതൽ 2 വരെ കബറടക്കത്തിനായി ചെറിയപള്ളിയിൽനിന്നു പഴയസെമിനാരിക്കുള്ള യാത്ര.

2 മുതൽ 4 വരെ കൈമുത്ത്.

4 1/2 മുതൽ 5 വരെ കബറടക്കം.

ഞായറാഴ്ച പകലും രാത്രിയുമായി ശവസംസ്ക്കാരശുശ്രൂഷകളിൽ ഏതാനും ക്രമങ്ങൾ നടത്തുകയും ദൂരദിക്കുകളിൽനിന്നും പലരും വന്നു

ചേരുകയും ചെയ്തുകൊണ്ടിരുന്നു. പേഷ്ക്കാർ, ഒന്നാംക്ലാസ്സു മജിസ്ട്രേട്ട്, രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടു മുതലായി ക്രിസ്ത്യാനികളല്ലാത്ത ഉദ്യോഗ സ്ഥന്മാരും ക്രിസ്ത്യാനികളായി സ്ഥലത്തുള്ള മിക്കയാളുകളും, ആംഗ്ലി ക്കൻ ബിഷോപ്പു ഡോക്ടർ ഗിൽ അവർകളും മറ്റും മരണവൃത്താന്തം അറിഞ്ഞയുടനെ ചെറിയപള്ളിയിൽ എത്തുകയുണ്ടായി. രാവിലെ മാർ ഒസ്താത്തിയോസ് ബാവാ അവർകൾ കുർബ്ബാനയർപ്പിക്കുകയും ദിവ്യശ്രീ ഏ. ജെ. മിഖായേൽ കത്തനാർ അവർകൾ ഒരു ചെറിയ പ്രസംഗം ചെയ്യുകയും ചെയ്തു. ഇതിനെ തുടർന്ന് ബാക്കിയുണ്ടായിരുന്ന സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. ഈ സമയമായപ്പോഴേക്കും എണ്ണ മില്ലാത്തവണ്ണം ജനം വന്നു കൂടിത്തുടങ്ങി. പള്ളിയകവും ചുറ്റുപാടുമുള്ള സ്ഥലങ്ങളും ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. പരേതനായ ആ ദിവ്യ പുരുഷന്റെ മുഖദർശനത്തിനുപോലും പള്ളിയിലേക്ക് ഒന്നു എത്തി നോക്കാൻ കഴിയാത്തവണ്ണം പള്ളിയകം ജനങ്ങളാൽ നിബഡീകൃതമാ യിരുന്നതിനാൽ പലരും ഭഗ്നാശയന്മാരായി വ്യസനത്തോടും മുറവിളി യോടും കൂടി പുറത്തുനിൽക്കേണ്ടി വന്നു. ഈ സമയമെല്ലാം മഴയും ഒരു കരുണയും ഇല്ലാത്തവണ്ണം വർഷിച്ചുകൊണ്ടിരുന്നതിനാൽ പഴയ സിമ്മനാരിയ്ക്കുള്ള യാത്രയേപ്പറ്റി പലർക്കും ഭയം തുടങ്ങി. എങ്കിലും സമയമായപ്പോഴേയ്ക്കും മഴക്കാറു നീങ്ങുകയും ആദിത്യൻ മന്ദം മന്ദം പ്രകാശിച്ചുതുടങ്ങുകയും ചെയ്തു. ഉടനേതന്നെ യാത്ര ആരംഭിച്ചു. പൊൻ, വെള്ളി മുതലായ കുരിശുകളും കൊട, കൊടി മുതലായ സാമാ നങ്ങളും വഹിച്ചുകൊണ്ടു ചിലർ മുമ്പിലും അതിന്റെ പിന്നാലെ "സന്താ പമേ" എന്നാദിയായി ഈ സമയത്തേക്കു പ്രത്യേകം രചിക്കപ്പെട്ട ഒരു പാട്ടു പാടിക്കൊണ്ടു പള്ളിക്കൂടക്കുട്ടികളും ഇവരെത്തുടർന്നു കറുത്തയു ടുപ്പു ധരിച്ചു കയ്യിൽ കത്തിച്ച മെഴുകുതിരികളുമായി ഈരണ്ടീരണ്ടായി സുറിയാനിയിൽ ഗാനം ചെയ്തുകൊണ്ട് സുറിയാനി സിമ്മനാരിയിലെ വൈദികവിദ്യാർത്ഥികളും അവരുടെ പിന്നിൽ വയോധികന്മാരായ പട്ട ക്കാരുടെ മദ്ധ്യത്തിൽ സ്ലീബാ, കുരിശ് മുതലായ സ്ഥാനചിഹ്നങ്ങൾ ധരിച്ച് മാർ ഒസ്താത്തിയോസ്സുബാവാ അവർകൾ മുമ്പിലും, മാർ കൂറീലോസ് മെത്രാപ്പോലീത്താ അവർകൾ പിന്നിലും, അതിനെത്തുടർന്നു പട്ടുമേക്ക ട്ടിക്കീഴു പട്ടക്കാരാൽ മാത്രം എടുത്തിരിക്കുന്ന ശവമഞ്ചത്തിന്റെ മുക ളിൽ സ്ഥാപിച്ചിരിക്കുന്ന കസേരമേൽ സകലജനത്തേയും അനുഗ്രഹി ക്കുകയോ എല്ലാവരോടും യാത്ര പറയുകയോ എന്നു തോന്നുമാറ് വടി, മുടി, സ്ലീബാ മുതലായ സ്ഥാനചിഹ്നങ്ങൾ വഹിച്ചു സ്ഥിതിചെയ്യുന്ന പരേ തനായ മെത്രാപ്പോലീത്താ അവറുകളുടെ മൃതശരീരവും, മഞ്ചത്തിന്റെ പിന്നിലായി അതിന്മേൽ തൊട്ടുകൊണ്ടു സ്ഥാനവേഷധാരിയായി നമ്ര മുഖമായി നടക്കുന്ന മാർ ദീവന്നാസ്യോസു കൊച്ചു മെത്രാപ്പോലീത്താ അവർകളും "കുറിയേലായിസ്സോൻ" "കുറിയേലായിസ്സോൻ" എന്നു

ചൊല്ലിക്കൊണ്ട് ഇതിന് ഇരുവശവുമായി ദുഃഖപാരവശ്യത്തോടുകൂടി നടക്കുന്ന അനേകായിരം ജനങ്ങളും സംബന്ധിച്ചുള്ള ഈ യാത്ര എത്ര മാത്രം വ്യസനകരവും ഹൃദയം തകർക്കുന്നതുമായിരുന്നു എന്നു പറവാൻ പ്രയാസമാണ്.

ഈ യാത്ര ഏകദേശം രണ്ടു മണിയോടുകൂടി പഴയസിമ്മനാരിയിലെത്തി. സിമ്മനാരിക്കു പ്രദക്ഷിണം കഴിച്ചശേഷം മൃതശരീരം പള്ളിയിൽ പ്രധാനസ്ഥലത്തു കയറ്റി പടിഞ്ഞാട്ടു മുഖമായി ഇരുത്തി കൈമുത്താരംഭിച്ചു. ഈ സമയം അവിടത്തെ അവസാനമായ അനുഗ്രഹം പ്രാപിക്കണമെന്നുള്ള വാഞ്ഛയോടുകൂടി അവിടെയുണ്ടായ തിക്കും തിരക്കും ഒട്ടും ചില്ലറയല്ലായിരുന്നു. ആംഗ്ലിക്കൻ ബിഷോപ്പു ഡോക്ടർ ഗിൽ അവർകളും ആർച്ചുഡീക്കൻ റവ. ജെ. ജെ. പാൽമർ അവർകളും സി.എം.എസ്സ്. കോളജ് പ്രിൻസിപ്പാൽ റവ. ആസ്ക്കറി അവർകളും ആംഗ്ലിയാസഭയിലും മെത്രാൻകക്ഷിയിലുമുള്ള പല പട്ടക്കാരും ഈ സമയം സന്നിഹിതരായിരുന്നു. ഏകദേശം നാലര മണിയോടു കൂടി കൈമുത്തവസാനിച്ചു. ശരീരം അവിടെനിന്നെടുത്ത് മദ്ബഹായിക്കകത്തും അതിനു പുറത്തും നാലു ഭാഗത്തേക്കും മുമ്മൂന്നു പ്രാവശ്യം പട്ടക്കാർ പൊക്കുകയും താക്കുകയും ചെയ്തു. ഓരോ പ്രാവശ്യം പൊക്കിയപ്പോഴും പള്ളിയോടും ജനങ്ങളോടും യാത്ര പറയുന്നതായ ഒരു വാചകം പരേതനായ അദ്ദേഹത്തിന്റെ ആൾപേരായി മാർ ഒസ്താത്യോസ് ബാവാ അവർകൾ സുറിയാനിയിൽ ഉച്ചരിക്കുകയും അതിനു മറുപടിയായി അവിടെക്കൂടിയിരുന്ന അനേകായിരമാളുകൾ "പരിശുദ്ധപിതാവേ സമാധാനത്തോടുകൂടി പോക" എന്നു മറുപടി പറയുകയും ചെയ്ത ആ സമയം അവിടെക്കൂടിയിരുന്നവരെല്ലാം സവിശേഷമായി ഒന്നിളകിയിരിക്കണം. ബിഷോപ്പു ഡോക്ടർ ഗിൽ അവർകൾ ആ ഭാഗത്തേപ്പറ്റി പ്രത്യേകമായി പ്രസ്താവിക്കുകയുണ്ടായി. ഇതുകഴിഞ്ഞ് വീണ്ടും മദ്ബഹായിൽക്കൊണ്ടുപോയി മദ്ബഹായോടു ചേർന്ന് ഹൈക്കലായുടെ വടക്കേയറ്റത്തെ മുറിയിൽ പ്രത്യേകം പണിചെയ്യിച്ചിരുന്ന കല്ലറയിൽ ഇരുത്തി ജനങ്ങൾ വഴിപാടായി സമർപ്പിച്ച കുന്തുരുക്കം തല മുഴുങ്ങെ മൂടുവാൻ തക്കവണ്ണം ഇട്ട് അഞ്ചുമണിയോടു കൂടി സംസ്ക്കാരക്രിയകൾ അവസാനിപ്പിച്ചു. ബിഷോപ്പ് ഡോക്ടർ ഗിൽ അവർകളുടെ വകയായി ഒരു പൂമാലയും ശവപ്പെട്ടിയുടെ പുറത്തുവയ്ക്കുകയുണ്ടായി. ശവസംസ്ക്കാരശുശ്രൂഷ കഴിഞ്ഞശേഷം മാർ ഒസ്താത്യോസുബാവാ അവർകൾ അത്യന്തം രസകരമായ ഒരു പ്രസംഗം സുറിയാനിഭാഷയിൽ ചെയ്യുകയും മലങ്കരയുടെ കോനാട്ട് മൽപാനവർകൾ ആ പ്രസംഗം മലയാളത്തിൽ പരിഭാഷപ്പെടുത്തുകയും ചെയ്തു. പരേതനായ വന്ദ്യപുരുഷന്റെ പിൻഗാമിയായി കേരളീയരായ സകല സുറിയാനിക്കാരുടെയും പ്രധാന സഭാദ്ധ്യക്ഷനായി

തീർന്നിരിക്കുന്ന മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ യവർകളും അതിന്റെ ശേഷം ഒരു ചെറിയ പ്രസംഗം ചെയ്തു. പരേത നായ മെത്രാപ്പോലീത്താ അവർകൾ സുറിയാനിസഭയിൽ ഉണ്ടായിട്ടുള്ള സകല മെത്രാപ്പോലീത്തന്മാരിൽ വെച്ചും സർവ്വപ്രകാരേണയും പ്രഥമ ഗണനീയനാണെന്നുള്ളതു സർവ്വസമ്മതമാകയാൽ അദ്ദേഹത്തിന്റെ മര ണാനന്തരക്രിയകളും അദ്ദേഹത്തിന്റെ സ്ഥിതിക്കനുസരണമായി ഭംഗി യായി നടത്തേണ്ടതത്യാവശ്യമാണെന്നും ഈ വക സംഗതികളും വിശിഷ്യ അടിയന്തിരം എന്നാണെന്നും ഏതുവിധത്തിലാണ് കഴിക്കേ ണ്ടതെന്നും ഉള്ളത് ആ സന്ദർഭത്തിൽ തന്നെ തീർച്ചയാക്കുകയായിരുന്നു എല്ലാവിധത്തിലും സൗകര്യപ്രദമായിട്ടുള്ളതെന്നും എന്നാൽ “മാർ ഈവാ നിയോസ് മെത്രാപ്പോലീത്ത അവർകൾ കോട്ടയത്തെത്തീട്ടില്ലാത്തതി നാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കൂടാതെ ഈ വക സംഗതികൾ തീർ ച്ചയാക്കുന്നതു വിഹിതമല്ലെന്നും അദ്ദേഹം വരുന്നതുവരെ ദൂരെയുള്ള പള്ളിക്കാർ താമസിക്കുകയോ ഇതിനായി വീണ്ടും വരികയോ ചെയ്യണ മെന്ന് ആഗ്രഹമുണ്ടെങ്കിലും അങ്ങനെ ആവശ്യപ്പെടുന്നത് വിഹി തമല്ലാത്തതിനാൽ സൗകര്യമുള്ളവർ മാത്രം താമസിക്കയോ അന്നു വരി കയൊ ചെയ്യണമെന്നും രണ്ടിനും തരമില്ലാത്തവർക്കിവയേപ്പറ്റി വല്ല അഭി പ്രായങ്ങളുമുണ്ടായിരുന്നാൽ അവ അറിയിച്ചിട്ടുപോകണമെന്നും മെത്രാ പ്പോലീത്താ അവർകൾ വന്നു ചേർന്നാലുടനെ കോട്ടയത്തും സമീപസ്ഥ ലങ്ങളിലുമുള്ള പള്ളിക്കാരെ ക്ഷണിച്ചുവരുത്തി അടിയന്തിരാദികൾ തീർച്ച പ്പെടുത്തി വിവരം എല്ലാവരെയും അറിയിക്കുന്നതാണെന്നും മറ്റുമായി രുന്നു ഈ പ്രസംഗത്തിന്റെ ചുരുക്കം. ഇതു കൂടി കഴിഞ്ഞപ്പോഴേക്കു നേരം ആറു മണിയായി. ദുഃഖം കൊണ്ടും അന്നേദിവസം യാതൊരു ഭക്ഷണവും കഴിക്കാതിരുന്നതുകൊണ്ടും മറ്റും വളരെ ക്ഷീണിച്ചു തളർ ന്നിരുന്ന മെത്രാപ്പോലീത്തന്മാരും ജനങ്ങളുമെല്ലാം ഇതു കഴിഞ്ഞു പള്ളി യിൽ നിന്നു സിമ്മനാരിയിലേക്കും ഭവനങ്ങളിലേക്കുമായി പിരിഞ്ഞുപോ കയും ചെയ്തു. പരേതനായ മെത്രാപ്പോലീത്താ അവർകളുടെ മൃതശരീ രവും കൊണ്ടു ചെറിയപള്ളിയിൽ നിന്നു യാത്രയാരംഭിച്ച സമയംവരെ മിക്കവാറും സമയങ്ങളിൽ മഴ ശക്തിയായി വർഷിച്ചുകൊണ്ടിരുന്നു. എന്നാൽ യാത്ര ആരംഭിച്ചപ്പോൾ മുതൽ മഴ അശേഷം മാറിനിന്നു. രാത്രി എട്ടു മണിയായി എല്ലാവരും അവരവരുടെ വീടുകളിൽ ചെന്നെത്തിയ ശേഷം മാത്രമാണ് വീണ്ടും മഴയുണ്ടായത്. മെത്രാപ്പോലീത്താ അവർക ളുടെ ജൂബിലിയാഘോഷം സംബന്ധിച്ചും ഇതുപോലെ ഒരു അത്ഭുത സംഭവമുണ്ടായതു മിക്കയാളുകളും ഓർത്തിരിക്കാനിടയുണ്ട്. തിങ്കളാഴ്ച 12 മണി മുതൽ പല സ്ഥലങ്ങളിൽനിന്നും മലങ്കര മെത്രാപ്പോലീത്താ അവർകളുടെ പേർക്ക് പല അനുശോചനക്കമ്പികൾ വന്നുതുടങ്ങി. ഒന്നാ മതായിക്കിട്ടിയ കമ്പി ബ്രിട്ടീഷ് റസിഡെണ്ടവർകളുടേതായിരുന്നു.

തിരുവിതാംകൂർ വലിയതമ്പുരാൻ തിരുമനസ്സിലെ ആജ്ഞാനുസരണം സർവ്വാധികാര്യക്കാരവർകളയച്ച കമ്പിയും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ കമ്പിയും തിരുവിതാംകൂർ ദിവാൻജി അവർകളുടെ കമ്പിയും ഒട്ടും താമസിയാതെതന്നെ വന്നുചേർന്നു.

ഇതുകൂടാതെ വേറെ പലരുടെ കമ്പികളും പിന്നാലെ വന്നുചേർന്നിട്ടുണ്ട്. ഇൻഡ്യാ വൈസ്രോയി അവർകളുടെ ആജ്ഞാപ്രകാരം പ്രൈവറ്റ് സെക്രട്ടറി, ഇൻഡ്യയിലെ ആംഗ്ലിയാസഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കൽക്കട്ടായിലെ മെത്രാപ്പോലീത്താ അവർകൾ, മദ്രാസിലെ ആംഗ്ലിയാ ബിഷോപ്പവർകൾ, ത്രിശൂർ കൽദായ സുറിയാനി മെത്രാപ്പോലീത്താ അവർകൾ മുതലായവരും ബാവാക്കക്ഷികളായും അല്ലാത്തവരുമായി കൽക്കട്ടാ, ബോംബെ, മദ്രാസ് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന സുറിയാനിക്കാരും മൈസൂരിൽ നിന്നു മിസ്റ്റർ കെ. ചാണ്ടിയും പാറായിൽ വർക്കി അവുരാത്തരകൻ അവർകളും സ്റ്റെയിറ്റ് ജിയോളജിസ്റ്റ് മിസ്റ്റർ ഐ. സി. ചാക്കോയും തിരുവനന്തപുരത്തുള്ള കത്തോലിക്കാ സിറിയൻ വിദ്യാർത്ഥികളും തിരുവനന്തപുരം മുതൽ പറവൂർ വരെയുള്ള പല പള്ളിയോഗക്കാരും കുന്നംകുളത്തുനിന്നു പനയ്ക്കൽ ഈയാക്കു മുതലായവരും ഇങ്ങനെയുള്ള കമ്പിയയച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ബ്രിട്ടീഷ് റസിഡണ്ടിന്റെയും തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാരുടെയും തിരുവിതാംകൂർ ദിവാൻജിയുടേയും കമ്പി വാചകങ്ങൾ സവിശേഷമായ അനുകമ്പയേയും വ്യസനത്തേയും പ്രദർശിപ്പിക്കുന്നവയായിരുന്നു എന്നുള്ളതു പ്രസ്താവയോഗ്യമാണ്.

(മലയാള മനോരമ, 14-7-1909. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# പരേതനായ നമ്മുടെ വലിയ തിരുമേനി

## എം. പി വർക്കി

തന്റെ ആയുഷ്ക്കാലം മുഴുവൻ സമുദായോദ്ധാരണത്തിനായി പരിശ്രമിച്ചു മിക്ക സംഗതികളിലും വിജയശ്രീ നേടിയ പരേതനായ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ നാനാവിധ സാമർത്ഥ്യങ്ങളെയും സൽഗുണങ്ങളേയും വർണ്ണിച്ചു പത്രങ്ങൾ ഓരോ ഉപന്യാസങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്ന ഈ അവസരത്തിൽ ഇതു സംബന്ധമായി ഏതാനും ഉപന്യാസങ്ങൾ എഴുതുന്നതിന് ഇനിക്കും ഒരു മോഹം ജനിച്ചിരിക്കുന്നതിനെ സാധിക്കുന്നതിനായി ഇപ്പോൾ ആരംഭിക്കുന്നു. ലോകത്തിലെ വലിയ വലിയ സമുദായങ്ങളെക്കുറിച്ച് ആലോചിക്കുന്നതായാൽ കേരളീയ നസ്രാണിസമുദായം എത്രയൊ നിസ്സാരമായ ഒന്നാണെന്നു സമ്മതിക്കാതെ കഴികയില്ല. ഏതു സമുദായത്തിനും സ്വാഭിമാനം വർദ്ധിപ്പിക്കുന്നതിന് ഒരുത്തമഹേതുവായ രാജത്വം നമുക്കില്ല. ജനസംഖ്യ ആലോചിച്ചാലും നാം നിസ്സാരന്മാരാണ്. സമ്പത്തിന്റെ കാര്യത്തിലും അങ്ങനെ തന്നെ. നീതിസൂര്യൻ അതിശക്തിയായി പ്രകാശിക്കുന്ന ബ്രിട്ടീഷ് രാജ്യത്തിൽ അധിവസിക്കാനുള്ള ഭാഗ്യവും നമുക്കില്ല. അനേക ശതവർഷങ്ങളായി ഏതദ്ദേശ്യരാജാക്കന്മാരുടെ രക്ഷയിലും ശാസനയിലും ആണു നാം കഴിച്ചുകൂട്ടുന്നത്. കേരളത്തിലെ ഇടപ്രഭുക്കന്മാരും പ്രാചീന ചക്രവർത്തികളും നമ്മെ ഒരു കാലത്തു വളരെ ആദരിച്ചുപോന്നതിനു ചരിത്രരേഖകളുണ്ട്. പക്ഷേ ആ ആദരത്തിനുള്ള ആവശ്യം പ്രായേണ ഇല്ലാതായതുമുതൽ നാം ഒന്നിനൊന്ന് കീഴ്പെട്ടു പൊയ്ക്കൊണ്ടിരിക്കയായിരുന്നു.

ഈ അവസരത്തിലാണു യൂറോപ്യന്മാർ ആദ്യമായി ഇൻഡ്യയിൽ വന്നത്. വിശ്വാസത്തിൽ പൂർണ്ണയോജിപ്പില്ലാത്തവരെങ്കിലും സമ മതസ്ഥരായ പോർട്ടുഗീസുകാരോടും നാം ആദ്യമെ സ്നേഹമായി വർത്തിച്ചു വന്നു എങ്കിലും അവർ മതഭ്രാന്തന്മാരായി നമ്മിൽ പകുതിയിലധികം ജനങ്ങളെ വെട്ടിത്തിരിച്ചു കളഞ്ഞു. പിന്നീട് സി.എം.എസ്സ്. മിഷ്യനറിമാരും ചില പ്രയോഗങ്ങൾ നടത്തി. അവർ കുറെ ആളുകളെ തട്ടിയെടുത്തതിനേക്കൾ ശാശ്വതമായ ദോഷം ചെയ്തതു സഭയിൽ തന്നെ വേറൊരു പിരിവുണ്ടാക്കിയതാണ്. പ്രകൃത്യാ ക്ഷീണന്മാരായിരുന്ന നമ്മെ അന്യന്മാർ എന്തുമാത്രം ക്ഷീണിപ്പിച്ചു എന്നു കാണിപ്പാൻ ഇത്രയും എഴുതിയതാണ്.

ഇങ്ങനെ സമുദായം ഒന്നിനൊന്ന് ക്ഷീണിച്ചു അവശതപ്പെട്ട ഒരു കലാപകാലത്താണു സർവശക്തൻ നമ്മുടെ വലിയ തിരുമേനിയെ ഉയർത്തിയത്. സുറിയാനിക്കാരിൽ ഏറിയഭാഗവും അധിവസിച്ചുപോരുന്ന തിരുവിതാംകൂറിൽ നിന്ന് ഈ തരത്തിൽ ഒരാളെ ഉയർത്താൻ ദൈവത്തിന് മനസ്സായില്ല. ദൈവത്തിന്റെ ഈ ഉദ്ദേശ്യത്തിന്റെ രഹസ്യം അറിയാൻ നമ്മെക്കൊണ്ടു സാധിക്കയില്ല. അതിലും വിശേഷിച്ചു തൻകാര്യത്തിനു അദ്വിതീയമായ ഒരു പ്രദേശത്തുനിന്നു സ്വാർത്ഥപരിത്യാഗം എന്ന വിശിഷ്ട ലക്ഷണം പൂർണ്ണമായി വിളങ്ങിയ ഒരു മഹാപുരുഷൻ പുറപ്പെട്ടത് എത്രയും വിസ്മയജനകമായിരിക്കുന്നു. വലിയ തിരുമേനിയുടെ സ്വദേശം എന്ന നിലയിൽ കൊച്ചീരാജ്യത്തിനും പ്രത്യേകിച്ചു കുന്നംകുളം പട്ടണത്തിനും ഒരു പ്രത്യേക മാഹാത്മ്യം സിദ്ധിച്ചിരിക്കുന്നു. ഇത്ര കീർത്തിമാനും സമർത്ഥനും ആയ ഒരാൾ കേരളഭൂമിയിൽ ജനിച്ചിട്ടുണ്ടോ എന്നു തന്നെ സംശയമാണ്. ശങ്കരാചാര്യർ മുതലായ വലിയ മതാചാര്യന്മാരും രാജാകേശവദാസ്സൻ മുതലായ വലിയ സേനാനായകന്മാരും ടി. ശങ്കുണ്ണി മേനവൻ സി. ഏസ്സ്. ഐ. മുതലായ വലിയ രാജ്യതന്ത്രജ്ഞന്മാരും മലയാളികൾ തന്നെ എങ്കിലും ഇവർ മൂവരിലും പ്രധാനമായി ശോഭിച്ചിരുന്ന ചില അത്ഭുതലക്ഷണങ്ങൾ നമ്മുടെ വലിയ തിരുമേനിയിൽ യോജിച്ചും ഒന്നിനൊന്നു മത്സരം കൂടാതെയും വിളങ്ങിക്കൊണ്ടിരുന്നു എന്നു പറയുന്നതിൽ അശേഷം അതിശയോക്തിയില്ല.

കാലടിയിൽ ജനിച്ച ആ മതാചാര്യനോടു വൈദികശ്രേഷ്ഠനായ നമ്മുടെ വലിയ തിരുമേനിയെ ഉപമിക്കുന്നതിൽ അസാംഗത്യം ഉണ്ടായിരിക്കയില്ല. എന്നാൽ മറ്റു രണ്ടു ഉപമകളും ചിലർക്കു അസംബന്ധമായി തോന്നിയേക്കാവുന്നതാകയാൽ അതുകളെക്കുറിച്ച് അല്പം പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ രാജ്യത്തെ ശത്രുവിന്റെ ആക്രമണത്തിൽ നിന്നു രക്ഷിക്കുകയും ഒടുവിൽ ബ്രിട്ടീഷ് പട്ടാളത്തോടൊന്നിച്ച് ശ്രീരംഗപട്ടണത്തുവച്ചു ടിപ്പുവിനെ തകർക്കുകയും ചെയ്ത ഒരു അതിധീരനായിരുന്നുവല്ലോ കേശവപിള്ള ദിവാൻജി. എന്നാൽ നമ്മുടെ വലിയ തിരുമേനി ഇതിനേക്കാൾ ഭയങ്കരമായ ഒരു വ്യവഹാരയുദ്ധം നടത്തി എതൃകക്ഷിയെ കൊമ്പുകുത്തിച്ച വിധത്തേയും അതിനിടയ്ക്കു ക്ഷമയോടെ സഹിച്ച കഷ്ടാരിഷ്ടങ്ങളേയും അപ്പഴപ്പോൾ തടഞ്ഞുനിർത്തിയ ആപത്തുകളെയും കുറിച്ചു സാവധാനം ആലോചിച്ചാൽ തിരുമേനിയുടെ ഈ പോരാട്ടം രാജാകേശവദാസന്റേതിനേക്കാൾ വലുതാണെന്നു ആർക്കും ബോദ്ധ്യമാകുന്നതാണ്. റോമൻ കത്തോലിക്കാസഭയുടെ പുനരുജ്ജീവനത്തിനു ജെസ്സൂട്ടുസംഘം എങ്ങിനെ ഉപയോഗപ്പെട്ടുവോ, അതുപോലെ തന്നെ തിരുമേനിയുടെ പരിശ്രമം സുറിയാനിസഭയുടെ നിലനില്പിന് ഉപയോഗപ്പെട്ടിട്ടുണ്ട്. അലംകോലമായികിടന്ന കൊച്ചീരാജ്യഭരണത്തെ

ഒരു നല്ല സ്ഥിതിയിൽ വരുത്തുകയും കൊച്ചി തിരുവിതാംകൂർ ദിവാൻജിമാരിൽ ഏറെ ആർക്കും ലഭിച്ചിട്ടില്ലാത്ത സി. ഏസ്. ഐ. എന്ന ശ്രേഷ്ഠസ്ഥാനത്തിന് അർഹനാകുകയും ചെയ്ത ഒരു യഥാർത്ഥ രാജ്യതന്ത്രജ്ഞനായിരുന്ന ദിവാൻ ശങ്കുണ്ണിമേനവൻ അവർകൾ ഇതുപോലെ തന്നെ അനാഥമായി കിടന്നിരുന്ന നമ്മുടെ സഭയ്ക്കു തിരുമേനി ഒരൊറ്റ ആളുടെ ഭഗീരഥ പ്രയത്നത്താൽ സിദ്ധിച്ചിട്ടുള്ള സ്ഥിരതയും അവസ്ഥയും വളരെയാണ്.

നമ്മുടെ വലിയ തിരുമേനിയുടെ വേലയുടെ മാഹാത്മ്യം മുഴുവനായി അറിയാൻ അന്തേവാസികളായിരുന്ന നമ്മെക്കൊണ്ടു സാധിക്കയില്ല. തിരുമേനിയുടെ വലിയ വിശിഷ്ടലക്ഷണങ്ങൾ ദിവസെനയെന്നപോലെ നാം കണ്ടുകൊണ്ടിരുന്നതിനാൽ അതുകൾ നമ്മുടെ ദൃഷ്ടിയിൽ വില കുറഞ്ഞിരുന്നു. നേരെ മറിച്ചു തിരുമേനിയുടെ ചില്ലറയായ വല്ല തെറ്റുകളേയും നാം ഒരു ഭൂതക്കണ്ണാടിയിൽകൂടി നോക്കിക്കൊണ്ടിരുന്നു എന്നും വരാവുന്നതാണു. തിരുമേനിയുടെ ശരിയായ വില അറിയണമെങ്കിൽ രണ്ടു മൂന്നു തലമുറകൾ കഴിയണം. ഒരു പത്തെഴുപതു കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം പത്തൊമ്പതാം നൂറ്റാണ്ടിലെ സുറിയാനി സഭാചരിത്രം എഴുതാൻ ഉത്സാഹിക്കുന്ന ഒരു കാര്യജ്ഞൻ ഉണ്ടാകുന്നു എങ്കിൽ അപ്പോൾ തിരുമേനിയുടെ വേലയെക്കുറിച്ചു ശരിയായ ഒരു ഗുണദോഷനിരൂപണം അദ്ദേഹത്തിന്റെ തൂലികയിൽ നിന്നു പുറപ്പെടുന്നതാണ്. എന്നു വച്ച് ഇപ്പോഴാരും അദ്ദേഹത്തെക്കുറിച്ച് വേണ്ടവിധം അഭിപ്രായപ്പെടുന്നില്ലെന്നു ഞാൻ പറയുന്നതായും ആരും ധരിച്ചുപോകേണ്ടാ. തെക്കേ ഇൻഡ്യയിലെ പ്രതിദിനപത്രങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന ഒരു പത്രമാണല്ലോ മദ്രാസ് മെയിൽ. യൂറോപ്യന്മാരാൽ നടത്തപ്പെടുന്ന ഈ പത്രം ഇൻഡ്യയിലെ മറ്റു പ്രധാന പത്രങ്ങളായ പയണിയർ, ഇംഗ്ലീഷ്മാൻ, ടൈംസ്സ് ആഫ് ഇൻഡ്യ എന്നിവയുടെ സമസ്ഥിതിയിലുള്ളതാണ്. മദ്രാസ് മെയിൽ, തിരുമേനി കാലംചെയ്ത അവസരത്തിൽ അതിവിശേഷമായ ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ഒട്ടും ചില്ലറക്കാര്യമല്ല. മലയാള പത്രങ്ങളോടു മാത്രം പരിചയമുള്ള ആളുകൾക്ക് മെയിൽ പത്രത്തിന്റെ വില എന്തുമാത്രമുണ്ടെന്നും അതിന്റെ മുഖപ്രസംഗത്തിന് ആരെല്ലാം വിഷയമാകുന്നുണ്ടെന്നും അറിഞ്ഞുകൂടാ. തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ടു നാടു നീങ്ങുന്നതായാൽ മെയിൽ പത്രം ഇതിൽ വലുതായ ഒരു മുഖപ്രസംഗം എഴുതുമോ എന്നു സംശയമാണ്. ഇങ്ങനെയിരിക്കുന്ന ഒരു പത്രത്തിന്റെ സ്തുതിക്ക് വിഷയമായ തിരുമേനിയെക്കുറിച്ചു നമുക്കുള്ള അഭിമാനം കാലം ചെല്ലുന്തോറും വർദ്ധിച്ചുകൊണ്ടു തന്നെ ഇരിക്കും.

തിരുമേനിയുടെ സ്വഭാവത്തിന്റെ ചില പ്രത്യേക വിശേഷങ്ങളേയും

അതുകളിൽ നിന്നും നാം പഠിക്കേണ്ടതിനെയും മേലാൽ നാം കണ്ടു പഠിച്ചു പ്രവർത്തിക്കേണ്ടതിനേയും തിരുമേനിയുടെ മഹത്തായ ദൃഷ്ടാന്തത്തെ അനുഗമിക്കാഞ്ഞാൽ ഉണ്ടാകാവുന്ന ദോഷങ്ങളേയും മറ്റും അടുത്ത ഉപന്യാസങ്ങളിൽ പ്രതിപാദിക്കുന്നതാണ്.

തിരുമേനിയുടെ സ്വഭാവത്തിന്റെ പല വിശിഷ്ട ലക്ഷണങ്ങളിൽ അഭേദമായി എന്നും നിലനിന്നിട്ടുള്ളതും ഏവർക്കും അനായാസേന കണ്ടു ബോധ്യമായിട്ടുള്ളതും ആയ ഒന്നു അവിടുന്നു പ്രദർശിപ്പിച്ചിട്ടുള്ള സ്വാർത്ഥ പരിത്യാഗമാകുന്നു. തന്റെ സമുദായത്തിനും ദൈവമഹത്വത്തിനും ആയി സ്വന്ത സുഖത്തെയും സ്വന്ത ലാഭത്തെയും സ്വന്തമായ സർവത്തെയും ഉപേക്ഷിക്കാൻ തിരുമേനി സദാ സന്നദ്ധനായിരുന്നു. തിരുമേനിയെ ഒരു മെത്രാനായി മാത്രം കണ്ടു പരിചയിച്ചവർക്കു തിരുമേനിയിൽ ഈ വിശിഷ്ട ഗുണം എത്രമാത്രമുണ്ടായിരുന്നു എന്നു പൂർണ്ണമായി മനസ്സിലാക്കുവാൻ കുറച്ചു പ്രയാസമുണ്ടായിരിക്കാം. ഒരു മെത്രാൻ സ്വാർത്ഥം ഉപേക്ഷിച്ചിരിക്കേണ്ട ഒരാളല്ലെ എന്നു ഈ വർഗ്ഗക്കാർക്കു തോന്നിയേക്കാം. എന്നാൽ തിരുമേനി ഈ ഉന്നതപദവിയിലെത്തുന്നതിനു മുമ്പായി താൻ ഈ വിശിഷ്ട സ്വഭാവം ഏതെല്ലാം ഘട്ടങ്ങളിൽ എത്രമാത്രം പ്രശസ്തമായവിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്നു ഗാഢമായി ആലോചിക്കുമ്പോഴാണ് ഈ അസാധാരണ മനുഷ്യനിൽ വിളങ്ങിക്കൊണ്ടിരുന്ന ഈ ലക്ഷണത്തിന്റെ ഒരു ഏകദേശ ജ്ഞാനം ഒരാൾക്കുണ്ടാകുന്നത്. തന്റെ ജനനം കച്ചവടത്തിനും ധനസമ്പാദനത്തിനും അതിവാസനയും അതിതാൽപര്യവും ഉള്ള ഒരു പട്ടണത്തിലാണല്ലൊ. തന്റെ കുടുംബമൊ ആ പട്ടണത്തിലെ ഒരു പ്രധാന കുടുംബമായിരുന്നു എങ്കിലും സ്വത്തു കൊണ്ടു വളരെ പിന്നോക്കമായിരുന്നു. ഈ സ്ഥിതിക്കു തിരുമേനിയിൽ സ്വാർത്ഥം ലേശമെങ്കിലും ഉണ്ടായിരുന്നു എങ്കിൽ മറ്റു വിധത്തിൽ ഉയർന്നുനിൽക്കുന്ന തന്റെ കുടുംബത്തെ സ്വത്തിലും ഉയർത്തണമെന്നു തനിക്കു മോഹം ജനിക്കുമായിരുന്നു. താൻ പട്ടമേൽക്കാതെ ഒരു ഗൃഹസ്ഥവൃത്തി സ്വീകരിച്ചിരുന്നു എങ്കിൽ തിരുമേനി തന്റെ അസാധാരണ ബുദ്ധിസാമർത്ഥ്യത്തെ കച്ചവടക്കാര്യങ്ങളിൽ പ്രവേശിപ്പിച്ചു സുറിയാനി സമുദായത്തിൽ ഇപ്പോൾ സമ്പത്തു കൊണ്ട് അദ്വിതീയമായ പനയ്ക്കൽ കുടുംബത്തേക്കാൾ പത്തിരട്ടി സ്വത്തു സമ്പാദിക്കുമായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല. സമുദായോദ്ധാരണത്തിനായി താൻ കഴിച്ച വിദേശാടനം പക്ഷെ കച്ചവടക്കാര്യത്തിനായി കഴിച്ചു എന്നും വരാവുന്നതാണ്. ഒരു തലമുറ കൊണ്ടു ഇല്ലായ്മയിൽ നിന്നു വളരെ സ്വത്തു സമ്പാദിച്ച പല കുടുംബങ്ങൾ കുന്നംകുളങ്ങരയും അതിനടുത്തുമുണ്ട്. ഈ സ്ഥിതിക്കു ഞാൻ തിരുമേനിയെക്കുറിച്ചു മേൽ സൂചിപ്പിച്ച അഭിപ്രായത്തിൽ അതിശയോക്തി ഇല്ലെന്നു വിശ്വസിക്കുന്നു.

ഇങ്ങനെയെല്ലാം രാജ്യത്തിന്റെയും ജനങ്ങളുടെയും സ്വഭാവം കൊണ്ടു തനിക്കും തന്റെ കുടുംബത്തിനും അക്ഷയമായ പേരിനേയും ധനത്തെയും സമ്പാദിച്ചുവയ്ക്കാനുള്ള വഴികളെയൊക്കെ തീരെ നിസ്സാരമാക്കിയുംകൊണ്ടു തിരുമേനി നമ്മുടെ സമുദായത്തെ തന്റെ തറവാടായി സ്വീകരിക്കുകയാണുണ്ടായത്. ഇങ്ങനെ തങ്ങളുടെ ആയുസ്സിനെ സമുദായത്തിനായി സമർപ്പിക്കുന്നവർക്കു കിട്ടുന്ന അനുഭവം എന്താണ്? സമുദായകാര്യങ്ങളിൽ തലയിടുന്നവർക്കു സാധാണയായി കൃതഘ്നതാ പരിപൂർണ്ണമായ ഒരു ലോകത്തിൽ നിന്നു കിട്ടുന്ന സമ്മാനം ദൂഷണവും അസൂയയും ആകുന്നു. ഇതുകളെ വകവയ്ക്കാതെയും ലോകാപവാദത്തെ ഭയപ്പെടാതെയും മറ്റുള്ളവർക്കായി ജീവിക്കണമെന്നുള്ള പരമരഹസ്യത്തെ ജീവിതപ്രമാണമാക്കി സ്വീകരിച്ചും അതിദീർഘമായ ഒരായുസ്സിനെ നയിക്കുകയെന്നതു സാധാരണന്മാരെക്കൊണ്ടു സാധിക്കുന്നതല്ല. എന്നാൽ ഈ മഹാകൃത്യം തിരുമനസ്സുകൊണ്ടു എത്രയും ശ്ലാഘ്യമായവിധം നിർവ്വഹിച്ചിട്ടുണ്ടെന്നു തിരുമേനിയോട് എതൃത്തു നിന്നവർ കൂടി സമ്മതിച്ചിട്ടുള്ളതാണ്.

തിരുമേനിയുടെ വേറൊരു വിശിഷ്ട ലക്ഷണം താൻ സ്വന്ത സഭയോടു എന്നും കാണിച്ചിട്ടുള്ള നിഷ്ക്കളങ്ക ഭക്തിയാകുന്നു. ആ സഭയുടെ നിലനിൽപിനും ഐശ്വര്യത്തിനും ആയി തന്റെ ജീവനെക്കൂടി ഉപേക്ഷിക്കാൻ താൻ ഏതുകാലത്തും സന്നദ്ധനായിരുന്നു. ഒരിക്കൽ തങ്ങളുടെ മാതൃസഭയോടു യുവാക്കന്മാർ പ്രദർശിപ്പിക്കേണ്ടതായ ഭക്തിയേയും സ്നേഹത്തേയും കുറിച്ചു തിരുമനസ്സുകൊണ്ട് എന്നോടു അതിതീക്ഷ്ണമായി സംസാരിച്ചു. ആ സംസാരം എന്റെ മനസ്സിൽ അസാധാരണശക്തിയോടുകൂടി പതിഞ്ഞു. റോമൻ ചക്രവർത്തികളിൽ നിന്നു ആദിമക്രിസ്ത്യാനികളും ഇംഗ്ലണ്ടിലെ നവീകരണകാലത്തു ചില ദിവ്യാത്മാക്കളും സഹിച്ച കഷ്ടപ്പാടിനെപ്പറ്റി ഓർത്തുകൊണ്ടാണ് ഞാൻ തിരുമേനിയുടെയടുക്കൽ നിന്നും പിരിഞ്ഞത്. വീട്ടിൽ വന്നു കിടന്നതിന്റെ ശേഷം സുറിയാനി സഭയുടെ ഓരോ കലാപകാലത്തെക്കുറിച്ചു ഞാൻ ഓർത്തു ഉറക്കം വരാതെ അധികനേരം വിചാരമഗ്നനായി കിടന്നു. പെട്ടെന്ന് ഒരു അധികപ്രസംഗമാണ് എന്റെയുള്ളിൽ തോന്നിയത്. പത്തൊമ്പതാം നൂറ്റാണ്ടിൽ മലയാളത്തു പോർട്ടുഗീസുകാരുടെ അധികാരമാണെന്നു വാദത്തിനായിക്കൊണ്ടു സ്വീകരിച്ചു. എന്നിട്ടു മതഭ്രാന്തനായ ഒരു പോർട്ടുഗീസു സേനാനായകനെ ഞാൻ സൃഷ്ടിച്ചു. ഇയാൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ഉണ്ടയിട്ടു നിറച്ച ഒരു വലിയ തോക്കിന്റെ മുഖത്തു വച്ചു കെട്ടി. “താൻ ഒന്നുകിൽ തന്റെ സഭ ഉപേക്ഷിക്കണം അല്ലെങ്കിൽ ഇപ്പോൾ വെടി തീരും'' എന്നു സേനാനായകൻ പറയുന്നു. ഈ സ്ഥിതിയിൽ തിരുമേനിയുടെ മറുപടി എന്തായിരിക്കുമെന്ന് ഞാൻ കുറെ

നേരം ആലോചിച്ചു. “ഓഹൊ. മൂപ്പരു വെടിവെച്ചോളൂ” എന്നു തിരുമനസ്സുകൊണ്ടു പുഞ്ചിരിയോടുകൂടി പറയുമെന്നാണ് ഞാൻ തീർച്ചയാക്കിയതു. തന്റെ സഭയുടെ ഭാവിശ്രേയസ്സിനു ഉതകുന്ന ഒരു ഒന്നാംതരം വഴി അന്ത്യോക്യാ സിംഹാസനവും മലങ്കരയും തമ്മിൽ പണ്ടേ ഉണ്ടായിരുന്ന സംബന്ധത്തെ ദൃഢപ്പെടുത്തുകയെന്നാണു തിരുമനസ്സുകൊണ്ടു തീർച്ചയാക്കിയത്. ഇതു പൂർണ്ണമായി സാധിച്ചിട്ടുള്ള വിവരം പ്രസിദ്ധമാണല്ലോ. എന്നാൽ ഇക്കാര്യത്തിൽ തിരുമനസ്സിലേക്കു സഹജമായ ദൂരദൃഷ്ടി അത്ര പ്രകാശിച്ചിട്ടില്ലെന്നു ഒരു അപവാദമുണ്ട്. അന്ത്യോക്യയും മലങ്കരയും തമ്മിലുള്ള ബന്ധം ബ്രിട്ടീഷ് സാമ്രാജ്യവും കോളനികളും തമ്മിലുള്ളതുപോലെ ആയിരിക്കണമെന്നും മെത്രാനെ തെരഞ്ഞെടുക്കുക മുതലായ ആഭ്യന്തരകാര്യങ്ങളിൽ അന്ത്യോഖ്യായ്ക്കു പ്രവേശം പാടില്ലെന്നും ഒരു വിധം നാഗരികത്വത്തിൽ എത്തീട്ടുള്ള ഒരു ജാതിയെ അതിനേക്കാൾ നാഗരികത്വത്തിൽ താണ ഒരു ജാതി മതസംഗതികളിലെങ്കിലും ഭരിക്കുന്നതു ശരിയല്ലെന്നും മറ്റും വാദിക്കുന്ന ഒരു കൂട്ടർ സുറിയാനിസഭയിൽ അങ്ങുമിങ്ങുമുണ്ട്. ഈ എഴുത്തുകാരൻ ഈ വിഷയത്തിൽ ഏറിയകൂറും ആളുകളോടു യോജിക്കാത്ത ഒരാളാകയാലും അന്ത്യോഖ്യായും മലങ്കരയും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം പ്രതിപാദിക്കാനുള്ള അവസരം ഇല്ലാത്തതിനാലും ഈ സംഗതി തൽക്കാലം വിസ്തരിക്കുന്നില്ല.

ഒരിക്കൽ തിരുമേനിയെ ഒരു പ്രസിദ്ധനായ റോമൻ കത്തോലിക്ക് ദെലഗാദ് കാണുകയുണ്ടായി. പ്രസംഗമദ്ധ്യേ സുറിയാനി സമുദായം റോമയിൽ ചേരണമെന്നും തിരുമേനിയെ ഒരു ആർച്ച്ബിഷപ്പ് ആക്കാമെന്നും തിരുമേനിയുടെ സാമർത്ഥ്യ വിശേഷം കൊണ്ടു അവിടുന്നു റോമാ സഭയിലെ ഒരു കർദിനാളോ മറ്റൊ ആകുമെന്നും ഇദ്ദേഹം പറയുകയുണ്ടായി. പണം കൊണ്ടു എന്തും സാധിക്കാമെന്നുള്ള ഒരു വിചാരവും ഈ ദലഗാദിനുണ്ടായിരുന്നു. തിരുമനസ്സിലേക്കു ഈ അഭിപ്രായം ഒരു നേരംപോക്കായിട്ടാണ് തോന്നിയതു. രണ്ടു സമുദായങ്ങളും ഐക്യത്തിൽ ഇരിക്കേണ്ടതാണെന്നും മറ്റും തിരുമനസ്സുകൊണ്ട് എങ്ങും തൊടാത്തവിധത്തിൽ ഒരു മറുപടിയും പറഞ്ഞു. ഈ വർത്തമാനം റോമ്മാക്കാർക്കു വളരെ അനുകൂലമായവിധത്തിൽ അവർ പ്രസിദ്ധപ്പെടുത്തിയതായി എവിടെയോ വായിച്ചതായി ഓർക്കുന്നുണ്ട്. തിരുമേനിക്കു തന്റെ മാതൃസഭയോടുള്ള അതിരറ്റ ഭക്തിയെക്കുറിച്ച് പൂർണ്ണ വിവരമുള്ള നമുക്കു ഈ വർത്തമാനം ഒരു വിനോദമായേ തോന്നുകയുള്ളു. ഇതുപോലെ തന്നെ ആർത്താറ്റു കേസ് ആരംഭിച്ച കാലത്തു, ചെറുപ്പം മുതൽക്കെ തിരുമേനിയുടെ ഒരു ഇഷ്ടനും ഭാഗ്യദോഷത്താൽ കക്ഷി തെറ്റിയ ആളും ആയ പാറേമ്മെൽ ചാക്കുണ്ണിയവർകൾ തിരുമുമ്പാകെ വന്നു, തിരുമനസ്സുകൊണ്ടു ഈ വയസ്സുകാലത്ത് ഈ വ്യവഹാരത്തിനു പുറപ്പെടുന്നതു

സങ്കടമാണെന്നും വേണമെങ്കിൽ നാലയ്യായിരം ഉറുപ്പിക തന്റെ കയ്യിൽ നിന്നു തന്നുകൊള്ളാമെന്നും മറ്റും വളരെ നിർബന്ധമായി പറയുകയു ണ്ടായി. തിരുമനസ്സുകൊണ്ട് ഇതിനു കൽപിച്ച മറുപടി എത്രയും ഗൌരവ ത്തോടും എരിവോടും കൂടിയായിരുന്നു. ചെറുപ്പം മുതൽക്കു തന്നെ പരി ചയമുള്ള ചാക്കുണ്ണി തന്റെ സ്വഭാവം ഇതേവരെ മനസ്സിലാക്കാത്തതിൽ ആശ്ചര്യപ്പെടുന്നു എന്നും പണം സമ്പാദിക്കണമെന്നതാണു തന്റെ പര മോദ്ദേശ്യമെങ്കിൽ തനിക്കു വേറെ അനേകമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു എന്നും തന്റെ സഭയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ നിന്നു തന്നെ വിര മിപ്പിക്കുവാൻ മരണത്തിനല്ലാതെ ശക്തിയില്ലെന്നും മറ്റുമായിരുന്നു തിരു മനസ്സിലെ മറുപടി. ചാക്കുണ്ണിയുടെ ഈ "ഭള്ളിനെ"പ്പറ്റി തിരുമനസ്സു കൊണ്ടു പലപ്പോഴും സന്ദർഭവശാൽ നേരംപോക്കായി കൽപ്പിക്കാറുണ്ടാ യിരുന്നു.

ഒരു സമുദായത്തിന്റെയോ ജാതിയുടെയോ ഒരു സൈന്യത്തിന്റെയോ നായകത്വം വഹിക്കുന്ന ഒരാൾക്കു സാധാരണന്മാർ അനുഭവിക്കാൻ ഇടയാകാത്ത പല പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിടുമെന്നുള്ളതു ലോകചരിത്രത്തിന്റെ ഏതു ഘട്ടത്തിലും കണ്ടെത്തുന്ന ഒരു സാധാര ണതത്വമാണ്. ഈ തരം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും എത്ര തന്നെ ഭയങ്കരങ്ങളായിരുന്നാലും അതുകളെ എതൃക്കാതെ ബുദ്ധി മടുത്തു പിന്നോക്കം തിരിയുന്ന ആൾ നായകത്വത്തെ അർഹിക്കുന്നില്ല. പ്രയാ സങ്ങളുടെ സ്വഭാവത്തെ മനഃചാഞ്ചല്യം ലേശം കൂടാതെ ധരിച്ച് അതു കൾക്കു പരിഹാരം വരുത്തുകയും പ്രയാസങ്ങളെത്തന്നെ വിജയകോ ണിയുടെ ഓരോ പടികളാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിൽ ഒരാൾ പ്രദർശിപ്പിക്കുന്ന ദീർഘാലോചനയും ക്ഷമബുദ്ധിയും ആണ് അയാളെ ചുമതലയുള്ള ഒരു യഥാർത്ഥ നായകനാക്കിത്തീർക്കുന്നത്. ഈ തോതു വച്ചു നോക്കുന്നതായാൽ നമ്മുടെ വലിയ തിരുമേനി മഹാ നായ ഒരു സമുദായ നേതാവായിരുന്നു എന്നു ആർക്കും ബോധ്യപ്പെടു ന്നതാണ്. താൻ മേൽപ്പട്ടസ്ഥാനം ഏൽക്കുന്നതിനു വിദേശസഞ്ചാരം ചെയ്തതിൽ നേരിട്ട പ്രയാസങ്ങളും ബുദ്ധിമുട്ടുകളും തന്നെ വളരെ യാണ്. മെത്രാനായി മലങ്കരെ വന്നതിന്റെ ശേഷം തന്നെ സുറിയാനി സമുദായത്തിന്റെ മെത്രാപ്പോലീത്തായായി ഗവൺമെണ്ടുകൾ അംഗീക രിപ്പാൻ എട്ടുപത്തു കൊല്ലം വേണ്ടി വന്നു. പിന്നീടുണ്ടായ സിമ്മനാരി വ്യവഹാരത്തിൽ എന്തുമാത്രം പ്രയാസങ്ങളാണു തിരുമേനി സഹിച്ചിട്ടു ള്ളത്. ഇങ്ങനെ തിരുമേനിയുടെ അതിദീർഘവും രസകരവും ആയ ജീവി തവൃത്താന്തത്തിന്റെ ഏതു ഘട്ടം പരിശോധിച്ചാലും പ്രയാസങ്ങളെ എതൃ ക്കുകയും ജയിക്കുകയും ചെയ്യുന്നതിൽ തിരുമേനി പ്രദർശിപ്പിച്ച ക്ഷമ ബുദ്ധി അതിശക്തിയായി പ്രകാശിച്ചു നിൽക്കുന്നതു കാണാം.

വെല്ലിംഗ്ട്ടൺ മുതലായ വലിയ സേനാനായകന്മാരും ഗ്ലാഡ്സ്റ്റൺ മുത ലായ വലിയ രാജ്യതന്ത്രജ്ഞന്മാരും ഇതുപോലെ സർവത്ര പ്രയാസ ങ്ങളെ എതൃക്കുകയും ജയിക്കുകയും ചെയ്തുവന്നതായി അവരുടെ ജീവിത ചരിത്രങ്ങളിൽ നിന്നു നാം കാണുന്നുണ്ട്.

തിരുമേനി സ്വഭാവേന ഒരു യാഥാസ്ഥിതികൻ ആയിരുന്നു എങ്കിലും ലോകത്തിൽ ദിവസേന എന്നപോലെ മാറിമാറി വ്യാപിച്ചുകൊണ്ടിരുന്ന പരിഷ്കാരത്തോടു വിമുഖതയോ പുച്ഛമോ തിരുമേനിക്കു ലവലേശം ഇല്ലായിരുന്നു. യാഥാസ്ഥിതികന്മാരിൽ സാധാരണ കണ്ടുവരാറുള്ള ഒരു ദുർലക്ഷണം എത്ര നിസ്സാര സംഗതിയായാലും മാറ്റത്തോടു - അഥവാ കീഴ്നടപ്പിനെ ഭേദപ്പെടുത്തുന്നതിനോടു - അവർ കാണിക്കുന്ന വെറു പ്പാകുന്നു. ഈ വെറുപ്പു തിരുമേനിക്കു ലവലേശം ഇല്ലായിരുന്നു. നസ്രാണി മാപ്പിളമാർ പണ്ടേതന്നെ ശിരോമുണ്ഡനത്തിനു പ്രസിദ്ധി കേട്ട ഒരു ജാതിയാണല്ലോ. ഇതുകൊണ്ടും കൂടിയായിരിക്കാം ഹിന്തുക്കളായ മലയാളികൾ അവരെ "മൊട്ട"യെന്നു പറഞ്ഞുവരുന്നത്. വിസ്തൃത മാനസനായ ഒരു പരിഷ്ക്കാരിയുടെ ദൃഷ്ടിയിൽ, ഒരാൾ മുടി തീരെ കള യുകയോ മുൻ കുടുമ്മയോ പിൻ കുടുമ്മയോ വെയ്ക്കുകയോ താടിയോ മീശയോ വളർത്തുകയോ വളർത്താതിരിക്കുകയോ ചെയ്യുന്നതു കൊണ്ടു എന്തെങ്കിലും അവിഹിതമായ പ്രവൃത്തി ചെയ്യുന്നു എന്നു വരുന്നതല്ല. ഈ വക നിസ്സാര സംഗതികൾ അവരവരുടെ ആഗ്രഹവും സൌകര്യവും പോലെ ചെയ്യാനായി പരിഷ്ക്കാരികൾ വിടുന്നു. ഈ തത്വത്തെ പിടി ച്ചുംകൊണ്ടു ഈ എഴുത്തുകാരനും വേറെ ചിലരും ഇദംപ്രഥമമായി അർദ്ധക്ഷൌരം ആരംഭിച്ചപ്പോൾ ഞങ്ങളുടെ ഇടവകയിൽ ഉണ്ടായ ബഹളം ചില്ലറയല്ല. ഞങ്ങൾ ഈ അധികപ്രസംഗം ചെയ്തതു നിമിത്തം എത്ര വന്ദ്യന്മാരായ വൈദികന്മാരുടെയും വയോവൃദ്ധന്മാരുടെയും ശാപ ത്തിനും ശകാരത്തിനും പാത്രീഭവിച്ചു എന്നു ഒരു കയ്യും കണക്കുമില്ല. എന്നാൽ വലിയ തിരുമേനിയുടെ അടുക്കൽ ഞാൻ ഈ പുതിയ പരി ഷ്ക്കാരത്തോടുകൂടി ആദ്യമായി ഹാജരു കൊടുത്തപ്പോൾ തിരുമനസ്സു കൊണ്ടു ഒരക്ഷരമെങ്കിലും ഈ സംഗതിയെപ്പറ്റി പറഞ്ഞില്ല. അല്പം പുഞ്ചിരിയോടുകൂടി പതിവിലധികം ഒന്നു സൂക്ഷിച്ചു നോക്കിയൊ എന്നു മാത്രം സംശയമുണ്ട്. നിർദ്ദോഷങ്ങളായ ഏതുതരം മാറ്റങ്ങളോടും വെറുപ്പു ജനിക്കാൻ പാടില്ലാത്തവിധം അത്ര വിശാലമായിരുന്നു തിരു മേനിയുടെ ഹൃദയം എന്നു കാണിക്കാൻ മാത്രമായിട്ടാണ് അന്യവിധ ത്തിൽ നിസ്സാരമായ ഈ സംഗതിയെ ഇവിടെ പ്രസ്താവിച്ചത്.

നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കണമെന്നു പലസ്ത്യ നാട്ടിൽ പത്തൊമ്പതു ശതാബ്ദങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഒരാൾ നമ്മെ പഠി പ്പിച്ചിട്ടുണ്ടെങ്കിലും സകല ഉപദേശങ്ങളേക്കാൾ ശ്രേഷ്ഠമായ ഈ

ഉപദേശത്തെ നാം സ്വീകരിച്ചതായി നമ്മുടെ പ്രവൃത്തികൾകൊണ്ടു കാണിക്കുന്നില്ല. എന്റെ ശത്രുക്കളെ ലജ്ജിപ്പിക്കുകയും തോല്പിക്കുകയും ചെയ്യണമെ എന്നു ഇസ്രായേലിന്റെ രാജാവു ചെയ്തതായി പഴയനിയമത്തിൽ കാണുന്ന പ്രാർത്ഥനയാണു നമ്മുടെ ജീവിതപ്രമാണമായി നാം സ്വീകരിച്ചിരിക്കുന്നത്. എന്നാൽ നമ്മുടെ വലിയ തിരുമേനി ഇക്കാര്യത്തിലും വലിയൊരു വ്യത്യസ്തമായിരുന്നു. നമ്മുടെ രണ്ടു കയ്യിന്റെയും മദ്ധ്യേ വരുന്ന ഒരു ഈച്ചയെ കൊല്ലാൻ എത്ര എളുപ്പമൊ അത്രയ്ക്കു നിസ്സാരന്മാരായ ചില കക്ഷികൾ തിരുമേനിയുടെ നേരെ പല ഒളിയമ്പുകൾ വിട്ടതായി തനിക്കു ബോധ്യം വന്നിട്ടും അവരെ ഉപദ്രവിക്കുന്നതിനു പകരം സഹായിക്കുകയാണു ചെയ്തത്. നവീകരണക്കാരും പ്രൊട്ടസ്റ്റന്റുകാരുമായ എത്ര ആളുകൾക്കു താൻ മുഖാന്തരം സർക്കാരുദ്യോഗങ്ങൾ ലഭിക്കാൻ ഇടയായിട്ടുണ്ടെന്നും മറ്റേതെല്ലാംവിധത്തിൽ അവരെ താൻ സഹായിച്ചിട്ടുണ്ടെന്നും എണ്ണിയെടുത്തു നോക്കിയാൽ തിരുമേനിയുടെ ഈ വിശിഷ്ട ലക്ഷണത്തിന്റെ ഒരു ഏകദേശജ്ഞാനം ഉണ്ടാകുന്നതാണ്. തിരുമേനിയുടെ ഈ ദയാശീലം സത്യ ക്രിസ്തീയ സ്നേഹധർമ്മങ്ങളുടെ ഛായയാണ്. അവനവന്റെ സ്വന്തം ആളുകളെ അല്ലെങ്കിൽ അവനവന്റെ സ്വന്ത പക്ഷത്തു നിൽക്കുന്നവരെ സഹായിക്കുന്നതിൽ ഒരുത്തന് അശേഷം അഭിമാനത്തിനു വകയില്ല. എന്നാൽ അന്യന്മാരെയും ശത്രുക്കളെയും സഹായിക്കാൻ മനസ് വരികയെന്നതു ലോകത്തിൽ ചിലപ്പോൾ മാത്രം കണ്ടെത്തുന്ന മഹാത്മാക്കൾക്കേ ഉണ്ടാകയുള്ളു.

വൈദികാദ്ധ്യക്ഷന്മാരുടെ അധികാരത്തിന്റെ സ്വഭാവം എല്ലാവർക്കും അറിയാവുന്നതാണ്. ഒരു പോലീസ് കൺസ്റ്റബിളിന്റെ ആജ്ഞയെ അനുസരിക്കാതെ ജനങ്ങൾ എതിർത്താൽ ഒടുവിൽ പട്ടാളവും വലിയ തോക്കും എത്തിയേക്കും. ഈ വക പ്രയോഗങ്ങൾക്കു മെത്രാനൊ പാത്രിയർക്കീസിനു തന്നെയോ നിവൃത്തിയില്ലല്ലോ. വൈദികാദ്ധ്യക്ഷന്മാരുടെ ശക്തി ജനങ്ങളുടെ സംതൃപ്തിയിലും സുമനസ്സിലും ആണു സ്ഥിതി ചെയ്യുന്നത്. ഈ സംഗതി നല്ലവണ്ണം മനസ്സിലാക്കാതെ പ്രവർത്തിച്ചതു നിമിത്തം എത്രയോ മെത്രാന്മാരുടെ ഭരണം മലങ്കരെ ഒരു വെറും നേരം പോക്കായി കലാശിച്ചിട്ടുണ്ടെന്നു പ്രസിദ്ധമാണല്ലോ. എന്നാൽ നമ്മുടെ വലിയ തിരുമേനി ഒരുകാലത്തും അധികാരത്തോടുകൂടി ഭരിച്ചിട്ടില്ല. സിമ്മനാരി വ്യവഹാരത്തിൽ ജയം പ്രാപിച്ചതുകൊണ്ടും മറ്റും സകലരെയും താൻ വരച്ച വരയിൽ നിറുത്താൻ അധികാരം തനിക്കു സിദ്ധിച്ചു എങ്കിലും യാതൊരുത്തരെയും വേദനപ്പെടുത്താതെയാണു താൻ മരണപര്യന്തം ഭരിച്ചത്. തനിക്കു ന്യായമായി ആജ്ഞാപിക്കാവുന്ന സംഗതിയിലും താൻ ഉപദേശിച്ചിട്ടേയുള്ളു. ചിലപ്പോൾ കരയുകയും താണുവീണു പറയുകയും

കണ്ണുനീരു കൊണ്ടു കാര്യം നേടുകയും ഉണ്ടായിട്ടുണ്ട്. സാധാരണയായി മനുഷ്യർ ഈ "വിദ്യ"യെ നയമെന്നു വിളിച്ചേക്കാം. പക്ഷെ, ഞാൻ വിചാരിക്കുന്നതു ഇതു തിരുമേനിയുടെ യഥാർത്ഥ ക്രിസ്തീയ വിനയമെന്നാകുന്നു. തന്റെ ജനങ്ങളുടെ ഇടയിൽ വഴക്കും കലഹവും ഉണ്ടാകരുതെന്നും തനിക്കു മുമ്പ് ചിലർ ഭരിച്ചതുപോലെ ലോകാഡംബരങ്ങളും അധികാരബലവും വേണ്ടെന്നും ഉള്ള മനഃപൂർവ്വ വിശ്വാസത്തെ നയമെന്നോ സൂത്രമെന്നോ ആരൊക്കെ എന്തൊക്കെ പറഞ്ഞാലും അവരോട് ഇനിക്കു വഴക്കില്ല. അനുഭവം എത്രയും ഗുണകരമായിരുന്നു എന്നു ആരും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

അന്യ നസ്രാണി സമുദായങ്ങളുടെ നേരെ തിരുമേനിക്കുണ്ടായിരുന്ന ബഹുമാനവും സ്നേഹവും സർവ്വകാലങ്ങളിലും തിരുമേനി ഓരോ പ്രവൃത്തികളാലും വാക്കുകളാലും പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. "നവീകരണക്കാർ ബലയാറിന്റെ കക്ഷിയാണ്. അവരോട് സംസാരിക്കരുത്. റോമ്മാക്കാർ നരകത്തിന്റെ അവകാശികൾ, അവരെ കാണരുത്" എന്നും മറ്റും നിർലജ്ജം പറയുന്ന ഒരുതരം മെത്രാന്മാർ മലങ്കരെ ഉണ്ടായിട്ടുണ്ട്. എന്നാൽ വലിയ തിരുമേനി ഈ "കിണറ്റിലെ തവള"കളുടെ അഭിപ്രായത്തോടു ഒരു കാലത്തും യോജിച്ചിട്ടില്ല. നസ്രാണി സമുദായം ഏകോപിച്ചു പ്രവർത്തിക്കണമെന്നായിരുന്നു തിരുമേനിയുടെ അനവരതമായ ആഗ്രഹം. ലോകപരിചയം ധാരാളമുള്ള തിരുമേനിക്കു സുറിയാനിസമുദായത്തേയും മറ്റു സമുദായങ്ങളെയും തമ്മിൽ താരതമ്യപ്പെടുത്തി നമ്മുടെ നിസ്സാരതയെ മനസ്സിലാക്കുന്നതിനും ഈ നിസ്സാരതയ്ക്കുള്ള ഏകദേശമായ ഒരു പരിഹാരം പല ശാഖകളായി ഭിന്നിച്ചു കിടക്കുന്ന നസ്രാണി സമുദായത്തിന്റെ യോജിപ്പിലാണിരിക്കുന്നതെന്നു ബോധ്യമാകുന്നതിനും ശക്തിയുണ്ടായിരുന്നു. റോമ്മാ സഭയിലെ ഒരു പ്രമാണിയായിരുന്ന നിധിയിരിക്കൽ മാണിക്കത്തനാരവർകളും നവീകരണത്തിലെ ഒരു പ്രമാണിയായ കോവൂരച്ചനും തിരുമേനിയുടെ ആത്മസ്നേഹിതന്മാരായിരുന്നു. തിരുമേനിയും മാണിക്കത്തനാരും മറ്റും കൂടി "നസ്രാണി ജാത്യൈക്യ സംഘം" സ്ഥാപിച്ചതും മറ്റും പലരും അറിഞ്ഞിട്ടുണ്ടല്ലോ. ആലപ്പുഴ ജില്ലയിൽ സിമ്മനാരിക്കേസു നമുക്കു ഗുണമായി വിധിച്ചയുടനെ വലിയ തിരുമേനി വിശ്വസ്ത ദൂതനെ അന്നത്തെ നവീകരണ മെത്രാന്റെ അടുക്കൽ അയച്ചിരുന്നു. വിധിയിന്മേൽ അപ്പീൽ കൊടുക്കരുതെന്നും നവീകരണ മെത്രാനു സർവ്വസ്വാതന്ത്ര്യങ്ങളും ഒരു ഇടവകയും വിശ്വാസാചാരങ്ങളിൽ വിശാലമായ ഒരു വ്യവസ്ഥയും അനുവദിക്കുന്നതിനു താൻ ഏർപ്പാടു ചെയ്യാമെന്നും ജാതിയുടെ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചുമാത്രം ഇങ്ങനെയൊരപേക്ഷ ചെയ്യുന്നതാണെന്നും അല്ലാതെ അപ്പീലിൽ തോൽക്കുമെന്നുള്ള ഭയമല്ല ഈ സന്ദേശത്തിനു തന്നെ

പ്രേരിപ്പിച്ചതെന്നും മറ്റും ഈ ദൂതൻ വശം പറഞ്ഞയച്ചിരുന്നു. ഈ സന്ദേശവും ജാത്യൈക്യസംഘത്തെപ്പോലെ വിഫലമായെങ്കിലും നമ്മുടെ വലിയതിരുമേനിയുടെ മനോഗതി ഈ വക സംഗതികളിൽ നിന്നു ഒരു വിധം മനസ്സിലാക്കാവുന്നതാണ്.

സുറിയാനി ജാതിയുടെ ഔന്നത്യത്തെ കാംക്ഷിക്കുന്ന ഏവനും തിരുമേനിയുടെ ഈ ശ്രേഷ്ഠമായ ആന്തരത്തെ ബഹുമാനിക്കുന്നതാണ്. ആംഗ്ലിക്കൻസഭയിൽ ഒരേ നായകന്റെ കീഴിൽ ഹൈ ചർച്ച്, ലോ ചർച്ച് എന്നിങ്ങനെ വിശ്വാസാചാരങ്ങളിൽ വലിയ വ്യത്യാസമുള്ള പല ശാഖകൾ അമർന്നു പോകുന്നതുപോലെ നവീകരണക്കാരും യാക്കോബായക്കാരും ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ ഇരിക്കുന്നതിനു വലുതായ തടസ്സമുണ്ടെന്നു ഒരുകാലത്തും ഇനിക്കു തോന്നീട്ടില്ല. പല തടസ്സങ്ങളുള്ളതിൽ പ്രധാനമായതു ഇന്നതാണെന്നു പറയണമെന്നില്ലല്ലോ. ഈ ബന്ധത്തിനു വിധികൾ, അനേക കാലത്തെ നടപ്പു മുതലായ പല സംഗതികൾ മൂലം ഒരു വ്യവസ്ഥയുള്ളതിനാൽ ഇതൊരു ഗണ്യമായ തടസ്സമല്ല. പരദേശികൾ അപരിഷ്കൃതരും ന്യായാന്യായവിവേചനാശക്തി കുറഞ്ഞവരും ആകയാൽ പലപ്പോഴും കുഴപ്പങ്ങളും അസൌകര്യങ്ങളും തെറ്റിദ്ധാരണയും ഉണ്ടാകാൻ ഇടയുണ്ടെന്നു നമ്മുടെ നവീകരണക്കാരായ സഹോദരങ്ങൾ പറയുന്നതിൽ കുറെ കാര്യമില്ലെന്നില്ല. പക്ഷെ, മലങ്കര മഹാജനങ്ങൾ തങ്ങളുടെ സമയോചിതമായ കടമയെ ഭംഗിയായി നിറവേറ്റുന്നപക്ഷം ഇതൊരു കാര്യമായ സംഗതിയായി നിൽക്കുന്നതല്ല. നമ്മുടെ കക്ഷിമത്സരം നിമിത്തം രാജ്യകാര്യങ്ങളിലും മറ്റും നമുക്കു അടിക്കടി പറ്റിക്കൊണ്ടിരിക്കുന്ന അപജയങ്ങളെപ്പറ്റി ബോധ്യമുള്ളവരും വിസ്തൃതമാനസന്മാരും ആയി രണ്ടു കക്ഷിയിലുമുള്ള മാന്യന്മാർ ഈ ഗൌരവമായ വിഷയത്തെപ്പറ്റി ഗാഢമായി ആലോചിക്കുമെന്നു വിശ്വസിക്കുന്നു.

എല്ലാവരേയും പ്രസാദിപ്പിക്കാൻ വലിയതിരുമേനിക്കുണ്ടായിരുന്ന സന്നദ്ധത പലപ്പോഴും ഗുണത്തേക്കാളേറെ ദോഷം ചെയ്തിട്ടുണ്ടെന്നു ചിലർക്കു അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തിൽ കുറെ വാസ്തവമില്ലാതില്ല. ഒരു പള്ളിയിൽ രണ്ടു പട്ടക്കാർ തമ്മിൽ വഴക്കു കൂടുമ്പോൾ തിരുമനസ്സുകൊണ്ടു അവരിൽ ഒരാളെ മുടക്കുകയും മറ്റെ കക്ഷി ചെന്നു സങ്കടം പറയുമ്പോൾ ആ മുടക്കു തീർക്കുകയും ചെയ്ക ഒരു പതിവെന്നപോലെ ആയിത്തീർന്നു. ഇങ്ങനെ പൂർവാപരവിരുദ്ധങ്ങളായ കൽപനകൾ തിരുമേനി പലപ്പോഴും അയച്ചിട്ടുണ്ടു. ഇതു നിമിത്തം പലപ്പോഴും കലഹം മൂക്കുകയും വ്യവഹാരങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ടു. എന്നിരുന്നാലും തിരുമേനിയുടെ അഭ്യാസവും ചിരകാലപരിചയവും പ്രകൃത്യാ ഉള്ള ആർദ്രതാഭാവവും ഏതുവിധമെന്നു മനസ്സിലാകാത്ത

ഒരാൾക്കു ഇക്കാര്യത്തിൽ തിരുമേനിയെ വിധിക്കാൻ അർഹതയില്ല. ഈ സംഗതിയിലും തിരുമേനിയിൽ സർവ്വപ്രധാനമായി നിന്നിരുന്ന ഉദ്ദേശം ആരെയും മുഷിപ്പിക്കരുതെന്നായിരുന്നു. എല്ലാവരെയും പ്രസാദിപ്പിക്കാൻ നോക്കുന്ന ആൾ ആരെയും പ്രസാദിപ്പിക്കാൻ കഴിയാതെ കുഴയുമെന്നത് പരമാർത്ഥമാണു. പക്ഷെ, തിരുമേനിക്കു ഈ തത്വജ്ഞാനമൊന്നും മന ല്ലിലാകാതെയല്ല വിപരീതമായ ഒരു നയത്തെ പലപ്പോഴും പ്രയോഗിച്ചു കൊണ്ടിരുന്നതു. ഒരു ഭരണകർത്താവു താൻ ഭരിക്കുന്ന ജനങ്ങളുടെ ഹിതവും ശക്തിയും വാസനയും അറിഞ്ഞുവേണം തന്റെ അധികാരം പ്രയോഗിക്കാൻ. അല്ലാത്തപക്ഷം വിഡ്ഢിവേഷം കെട്ടേണ്ടി വരുമെന്നുള്ള തിനു നാം ദിവസേന ദൃഷ്ടാന്തങ്ങൾ കണ്ടുവരുന്നുണ്ടല്ലോ. തിരുമേനി യുടെ മേൽപ്പറഞ്ഞ ഭരണരീതി തിരുമേനിക്കു എത്ര തന്നെ ചേർന്നതാ യിരുന്നാലും സഭയുടെ കഴിഞ്ഞകാലത്തെ സ്ഥിതിക്ക് അത് എത്ര തന്നെ ആവശ്യമായിരുന്നാലും ഈ രീതിയെ അദ്ദേഹത്തിന്റെ അനുഗാമികൾ സ്വീകരിക്കാൻ ആവശ്യമില്ലാത്തതും വല്ല കാരണവശാലും അവർ അത് സ്വീകരിച്ചാൽ അതു ഭാവികാലത്തിൽ സഭയ്ക്കു പണ്ടുണ്ടായിട്ടില്ലാത്ത ദോഷത്തിനു സംഗതിയാകുന്നതുമാണെന്നും പ്രസ്താവിക്കാതെ കഴിക യില്ല.

തിരുമേനി ഏർപ്പെട്ട മിക്ക കാര്യങ്ങളും സാധിച്ചിട്ടുള്ളതു പലർക്കും ഒരത്ഭുതമായിട്ടാണു തോന്നീട്ടുള്ളതു. ഇതിന്റെ രഹസ്യം മനസ്സിലാക്കീ ട്ടില്ലാത്തവർ, ഇതൊക്കെ വല്ലതും കൊടുത്തു സാധിച്ചതാണെന്നും മറ്റും ചിലപ്പോൾ പറയാറുണ്ടു. ഇതിലധികം അസംബന്ധമായ ഒരഭിപ്രായമില്ല. മനുഷ്യസ്വഭാവത്തെപ്പറ്റി ഈ തരക്കാർക്കു അശേഷം ജ്ഞാനമില്ലെന്നു സ്പഷ്ടമാണു. ഒരാൾ ഒരു കാര്യം പറയുമ്പോൾ നാം സന്തോഷിക്കു ന്നതും അതേ കാര്യം തന്നെ മറ്റൊരാൾ പറയുമ്പോൾ നാം അതുപോലെ സന്തോഷിക്കാത്തതും എന്താണെന്നു നാം ആലോചിച്ചിട്ടുണ്ടോ? അതു പോലെ തന്നെ ഒരാളുമായി സംഭാഷണം ചെയ്വാൻ നാം ആഗ്രഹിക്കു ന്നതും അതുപോലെ തന്നെ മറ്റൊരാളുടെ സംഭാഷണത്തെ നാം ആഗ്ര ഹിക്കാത്തതും എന്തുകൊണ്ടാണു. മറ്റുള്ളവരെ വെറും കാഴ്ച കൊണ്ടോ സംഭാഷണം കൊണ്ടോ സ്വാധീനപ്പെടുത്താനുള്ള ശക്തി നമ്മിൽ ഓരോ രുത്തർക്കും ഉണ്ട്. ഈ ശക്തി ചിലർക്കു വളരെ കൂടിയിരിക്കുന്നതു പോലെ തന്നെ മറ്റു ചിലർക്കു വളരെ കുറഞ്ഞിരിക്കുന്നതുമാകുന്നു. ഇതിനു വശീകരണമെന്നോ മറ്റൊ കഥയില്ലാത്തവർ പേരു കൊടുക്കുന്നു. പക്ഷെ പേര് എന്തു കൊടുത്താലും ഈ ശക്തി നമ്മുടെ വലിയ തിരുമേ നിക്കു അനന്യസാധാരണമായവിധം ഉണ്ടായിരുന്നു എന്നു തീർച്ചയാണു.

ഇങ്ങനെ ശക്തിയുള്ള ഒരാൾ മറ്റൊരാളുടെ അടുക്കൽ ചെന്നു "ഇന്ന കാര്യത്തിനു ഇത്രായിരം ഉറുപ്പിക തരാം. അതു സാധിച്ചു തരണം"

എന്നല്ല പറയുന്നതു. ഇങ്ങനെ പറഞ്ഞാൽ സാധിക്കുകയുമില്ല. തന്റെ സംഭാഷണത്തിന്റെ മാധുര്യം കൊണ്ടും സംഗതി പറയുന്നതിന്റെ വശ്യരീതി കൊണ്ടും പിന്നെ ഇങ്ങനത്തെ സ്വാഭാവികശക്തി ദൃഢപ്പെട്ടവരാൽ മാത്രം ശക്യമായ അന്യായമല്ലാത്ത മറ്റനേകം പ്രയോഗം കൊണ്ടും അയാൾ തന്റെ കാര്യം നേടുന്നു. വിഡ്ഢികൾ ആശ്ചര്യപ്പെടുകയും അസൂയാകുക്ഷികൾ ദൂഷണം പറയുകയും സഹൃദയന്മാർ ആഹ്ലാദിക്കുകയും ചെയ്യുന്നു. ഒരിക്കൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു വലിയതിരുമേനിയെപ്പറ്റി "എത്ര നല്ല മുഖം, എത്ര നല്ല വാക്കു" എന്നു ചുരുക്കത്തിൽ പറഞ്ഞതിൽ ഞാൻ മേൽ വിവരിക്കാൻ പ്രയാസപ്പെട്ട സകല സംഗതികളും അടങ്ങിയിരിക്കുന്നു. ലോകം മുഴുവൻ കുലുക്കിയ നെപ്പോളിയൻ ബോണപ്പാട്ടിനെപ്പറ്റി വായനക്കാർ കേട്ടുകാണുമല്ലൊ. ഇദ്ദേഹം പയ്യെപ്പയ്യെ ഉയർന്നുവരുന്ന കാലത്തു ഇദ്ദേഹത്തെ പിടിച്ചുകൊണ്ടുവരുവാൻ പ്രെഞ്ചുഗവർമ്മെണ്ടു ഒരു സേനാസംഘത്തെ വിട്ടു. നെപ്പോളിയൻ ഈ പട്ടാളം വരുന്നതു കണ്ടു കാര്യം മനസ്സിലാക്കി അതിന്റെ അടുത്തു ചെന്നു അതിചതുരമായ ചില വാക്കുകളാൽ പട്ടാളത്തെ മുഴുവൻ സ്വാധീനപ്പെടുത്തുകയും നെപ്പോളിയനെ പിടിച്ചുകൊണ്ടുപോകുന്നതിനുപകരം പടയാളികൾ മുഴുവനും നെപ്പോളിയന്റെ നായകത്വത്തെ തൽക്ഷണം സ്വീകരിക്കുകയും അദ്ദേഹം ആവശ്യപ്പെട്ട സ്ഥലത്തേക്കു അദ്ദേഹത്തിന്റെ പിന്നാലെ പോകുകയും ചെയ്തു. ഇതും ഞാൻ മേൽ വിവരിച്ച അസാധാരണ ശക്തിയുടെ ഫലമാണു.

വലിയ തിരുമേനിയും പാലക്കുന്നത്തു മാർ മത്യൂസ് അത്താനാസ്യോസും തമ്മിൽ പല സാമ്യങ്ങളുമുണ്ടെന്ന് ഈയിടെ ഒരഭിപ്രായം കാണുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ സാമ്യത്തെക്കാൾ അധികം വിപരീതത്വമുണ്ടെന്നാണ്. രണ്ടുപേരും പരദേശത്തു പോയി മേൽപ്പട്ടം ഏറ്റവരും സ്വജാതിയുടെ ഉന്നതിയെ കാംക്ഷിച്ചിരുന്നവരും ആണ്. പക്ഷെ, രണ്ടുപേരുടെയും ഗതി രണ്ടു വിധമായിരുന്നു. നമ്മുടെ വലിയ തിരുമേനിയുടെ പ്രധാനശ്രമം അന്ത്യോഖ്യാ മേലധികാരം മലങ്കരെ സ്ഥാപിക്കാനായിരുന്നു. തിരുമനസ്സുകൊണ്ട് ഈ ഉദ്ദേശ്യത്തിന് അനുരൂപമായി മരണപര്യന്തം സുസ്ഥിരമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. മാർ അത്താനാസ്യോസ് മേൽപ്പട്ടമേറ്റു മലങ്കരെ വന്നു വളരെക്കാലത്തെയ്ക്കു അന്ത്യോഖ്യായുടെ ആത്മീയാധികാരത്തിനുവേണ്ടി പോരാടിക്കൊണ്ടിരുന്നു. പിന്നീട് പാത്രിയർക്കീസു ബാവാ അദ്ദേഹത്തെ മുടക്കുമെന്നായപ്പോൾ കബാത്തിനു പറയുന്നതുപോലെ ഒരു "റൈറ്റ് എബൌട്ട് ടേൺ" കഴിച്ച് അന്ത്യോഖ്യായുടെ അധികാരത്തെ നിഷേധിക്കുവാൻ തുടങ്ങി. ഇങ്ങനെ പൂർവാപരവിരുദ്ധമായ നിലയെ അവലംബിച്ചു എന്ന കുറ്റത്തിനു മാർ അത്താനാസ്യോസ് ഇട കൊടുത്തിട്ടുണ്ടെന്നു നവീകരണക്കാരുടെ

വലിയൊരു ബന്ധുവായ റെയ് സായ്പ് തന്നെ സമ്മതിച്ചിട്ടുണ്ട്. പക്ഷെ, അദ്ദേഹത്തിന്റെ സമാധാനം മാർ അത്താനാസ്യോസിന്റെ അഭിപ്രായവ്യത്യാസം പരമാർത്ഥമായിരിക്കാം എന്നാണ്. മേൽപ്പട്ടം ഏൽക്കാൻ പോകുന്നതിനു മുമ്പു തന്നെ ഇദ്ദേഹത്തിൽ നവീകരണ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു എന്നും സഭ മുഴുവൻ നവീകരിപ്പാനുള്ള എളുപ്പമായ ഒരു വിദ്യയായിരുന്നു തന്റെ വിദേശാടനവും മറ്റും എന്നും പറയുന്നവരുണ്ട്. പക്ഷെ, നമുക്ക് റെയ് സായ്പിന്റെ സമാധാനത്തെത്തന്നെ സ്വീകരിച്ചുനോക്കാം. ഒരാളുടെ അഭിപ്രായത്തിനു കാലക്രമേണ മാറ്റം വരാവുന്നതും ചില സംഗതികളിൽ വരേണ്ടതുമാകുന്നു. റോമാസഭയിൽ കർദിനാൾ സ്ഥാനം വരെ ഉയർന്ന ന്യൂമാൻ, മാന്നിംഗ് എന്നിവർ ആംഗ്ലിക്കൻ സഭയിൽ ജനിച്ചു വളർന്നവരാണല്ലോ. എന്നാൽ ഇങ്ങനെ പരമാർത്ഥമായ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന ഒരാൾ ചെയ്യാൻ ന്യായമായി കടപ്പെട്ടതായ യാതൊന്നും മാർ അത്താനാസ്യോസ് ചെയ്തിട്ടില്ലെന്ന് അദ്ദേഹത്തെ കുറ്റം വിധിക്കുന്നതിൽ യാതൊരു അബദ്ധവുമില്ല. യാക്കോബായ വിശ്വാസാചാരങ്ങളോടു യോജിച്ചുപോകാൻ തന്നെക്കൊണ്ട് ആകയില്ലെന്നു മാർ അത്താനാസ്യോസിനു എപ്പോൾ തോന്നിയൊ ആ നിമിഷത്തിൽ അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ എന്ന തന്റെ സ്ഥാനം ഒഴിഞ്ഞു സ്വസ്ഥമായിരിക്കയൊ അല്ലാത്തപക്ഷം യാക്കോബായ സഭയിൽ നിന്നു വെളിക്കുപോയി ഒരു സ്വതന്ത്ര സഭ സ്ഥാപിക്കാൻ ഉത്സാഹിക്കുകയൊ ചെയ്യേണ്ടതായിരുന്നു. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ പിന്നീടുണ്ടായ പല വ്യവഹാരങ്ങളും ധനനാശവും തീരെ കൂടാതെ കഴിക്കാമായിരുന്നു. ജാതി സ്നേഹമുള്ള ഒരാൾ ഇങ്ങനെ ചെയ്യേണ്ടതായിരുന്നു. അതല്ല സഭയിൽ തന്നെ നിന്നുകൊണ്ടു പോരാടുന്നപക്ഷം ജനങ്ങളെല്ലാം തന്നെ അനുഗമിക്കുകയാണെങ്കിൽ തരക്കേടില്ല. ജനങ്ങൾ അക്കാലത്തു നവീകരണത്തിനും സ്വാതന്ത്ര്യത്തിനും ആഗ്രഹിക്കത്തക്ക സ്ഥിതിയിൽ എത്തിയിരുന്നില്ലെന്നുള്ളതിനു കഷ്ടിച്ചു അഞ്ചിലൊരംശം ജനം മാത്രം അദ്ദേഹത്തെ അനുഗമിക്കാൻ ഉണ്ടായതിൽ നിന്നു സ്പഷ്ടമാകുന്നു. മേൽപറഞ്ഞ രണ്ടുവിധം നോക്കിയാലും മാർ അത്താനാസ്യോസിന്റെ നില ബുദ്ധിപൂർവകമൊ ന്യായമൊ എന്നു സമ്മതിക്കാൻ തരമില്ല. പിന്നെ അദ്ദേഹത്തിന്റെ ഭരണരീതിയും മേൽപ്പട്ടക്കാർക്കു ചേരാത്ത ചില നടപടികളും ആലോചിച്ചാൽ വലിയ തിരുമേനിയും അദ്ദേഹവും തമ്മിലുള്ള അന്തരം കുറേക്കൂടി വ്യക്തമാകുന്നതാണ്. മാർ അത്താനാസ്യോസിന്റെ ചില പ്രവൃത്തികൾ നിമിത്തം നമ്മുടെ ജാതിക്ക് അന്യ സമുദായങ്ങളുടെ ഇടയിൽ പൂർവാധിക ശ്രേയസ്സുണ്ടായിട്ടുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല. അതോടുകൂടി സ്വന്തം ജനങ്ങളുടെ ഇടയിൽ അദ്ദേഹത്തെക്കുറിച്ചു വെറുപ്പു ജനിക്കാൻ പല സംഗതികൾ ഉണ്ടായിട്ടുള്ള വിവരവും മറക്കാവുന്നതല്ല. ചുരുക്കിപ്പറയുന്നതായാൽ ഒരു ആംഗ്ലയ

പണ്ഡിതൻ പറഞ്ഞിരിക്കുന്നതും താഴെ തർജ്ജമ ചെയ്തു ചേർക്കുന്നതുമായ വാചകം മാർ അത്താനാസ്യോസിനെ സംബന്ധിച്ച് ഉപയോഗിക്കാമെന്നു തോന്നുന്നു:- "ഹൃദയം കൂടാത്ത മനസ്സും നടത്തയോടു കൂടാത്ത ബുദ്ധിയും നന്മയോടുകൂടാത്ത സാമർത്ഥ്യവും ഒരുവിധത്തിൽ നോക്കുന്നതായാൽ ശക്തികൾ തന്നെ, എങ്കിലും അതുകൾ ഉപദ്രവത്തിനു മാത്രമായിക്കൊണ്ടുള്ള ശക്തികളായി പരിണമിക്കാവുന്നതാണ്."

ഈ ഉപന്യാസങ്ങൾ അവസാനിപ്പിക്കുന്നതിനു മുമ്പായി, വലിയ തിരുമേനിയെ നിർവ്യാജ ഭക്ത്യാദരങ്ങളോടുകൂടി സ്മരിക്കുന്ന നമ്മുടെ ചെറുപ്പക്കാരുടെ ദയവായ അറിവിന്നായി അല്പം പറയാൻ തോന്നിപ്പോകുന്നു. തിരുമേനി നമ്മുടെ സഭയ്ക്കുവേണ്ടി ഇത്രയെല്ലാം പ്രവർത്തിച്ചതു നമുക്കെല്ലാവർക്കും അനുകരണീയമായ ഒരു ദൃഷ്ടാന്തമായി എന്നെന്നേക്കും നിലനിൽക്കാത്തപക്ഷം അത് ഒരുവിധത്തിൽ നോക്കുന്നതായാൽ കൃതഘ്നതയായിരിക്കും. ഒരാൾ ഒരു നന്മപ്രവൃത്തി ചെയ്യുന്നു എങ്കിൽ ആ നന്മയാകുന്ന പ്രത്യക്ഷഫലത്തിനു പുറമെ, അത് മറ്റുള്ളവർക്കു ഒരു ദൃഷ്ടാന്തമെന്നുള്ള ഒരു അപ്രത്യക്ഷഫലത്തിനും കാരണമാകേണ്ടതാണ്. അതുപോലെതന്നെ തിരുമേനിയുടെ ഏറിയയോരു നന്മപ്രവൃത്തികളുടെ സ്മരണ നാമെല്ലാവരും സമുദായകാര്യങ്ങളിൽ പൂർവാധികം ശ്രദ്ധയുള്ളവരായി ഭവിക്കുന്നതിന് ഉപയോഗപ്പെടേണ്ടതാണ്. ഒരു സമുദായത്തിന്റെ ഭാവി അതിലെ ചെറുപ്പക്കാരുടെ നിലയെ ആശ്രയിച്ചിരിക്കുന്നു. അവർ ജാത്യാഭിമാനമുള്ളവരായി കാണപ്പെടുന്നതായാൽ ആ സമുദായത്തിന്റെ ഭാവി ശുഭസൂചകമെന്നു വിചാരിക്കാവുന്നതാണ്. 1078 വൃശ്ചികത്തിലെ ഇടവകപ്പത്രികയിൽ "നമ്മുടെ സ്വാർത്ഥ തല്പരത" എന്ന തലവാചകത്തിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തിൽ നിന്നു ഏതാനും ഭാഗം ഇവിടെ പകർത്തുന്നതു പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. "നാം സമുദായകാര്യങ്ങളിൽ അശ്രദ്ധന്മാരായും കണക്കിലധികം സ്വാർത്ഥതല്പരന്മാരായും തീർന്നിരിക്കുന്നു എന്നാണു സർവപ്രധാനമായി എനിക്കു പറയാനുള്ള ആവലാധിയുടെ ചുരുക്കം. അവനവന്റെ കൃഷിക്കാര്യമൊ കച്ചവടക്കാര്യമൊ ഭംഗിയായി നടത്തണമെന്നുള്ളതല്ലാതെ സമുദായകാര്യങ്ങളിലും കുറെശ്ശെയെങ്കിലും ശ്രദ്ധ വയ്ക്കുന്ന ആളുകൾ വളരെ കുറഞ്ഞിരിക്കുന്നു. സ്വന്തകാര്യങ്ങളിൽ നാം ശ്രദ്ധ വയ്ക്കുന്നതിൽ ആരും നമ്മെ കുറ്റം പറയുന്നതല്ല. നേരെ മറിച്ച് ഓരോരുത്തരുടെ ക്ഷേമം സമുദായക്ഷേമത്തെ അപ്രത്യക്ഷമായിട്ടെങ്കിലും സൂചിപ്പിക്കുന്നതായാൽ ഇങ്ങനെ സ്വകാര്യങ്ങളിൽ ശ്രദ്ധ വയ്ക്കുന്നവരെ അഭിനന്ദിക്കയാണു വേണ്ടത്. എന്നാൽ തല മറന്നു എണ്ണ തേയ്ക്കുകയെന്നു പറയാറുള്ളപോലെ സമുദായകാര്യം എങ്ങനെയെങ്കിലും ആയിക്കൊള്ളട്ടെ എന്നു വിചാരിക്കുന്ന ആളുകൾ നമ്മുടെ

കൂട്ടത്തിൽ വർദ്ധിച്ചുവരികയാണെങ്കിൽ അതു ഭയങ്കരമായ ഒരവസ്ഥ യല്ലയോ? കൃഷിയിലും കച്ചവടത്തിലും ഏർപ്പെടാത്ത വേറൊരു തരക്കാരുണ്ട്. ഇവർ സംഖ്യയിൽ കുറഞ്ഞവരെങ്കിലും പ്രധാനന്മാരായി ഗണിക്കപ്പെടേണ്ടവരാകയാൽ ഇവരുടെ സ്വാർത്ഥ തൽപ്പരതയാണ് അധികം ദുഃഖഹേതുവായിരിക്കുന്നത്. ഇംഗ്ലീഷ് പഠിച്ചവർ നമ്മുടെ സമുദായത്തിനു അലങ്കാരവും അഭിമാനകാരണവും ആണെങ്കിലും ഇവരും ഇംഗ്ലീഷ് പഠിക്കാത്തവരെപ്പോലെതന്നെ മിക്കവാറും സ്വാർത്ഥതല്പരന്മാരായി കാണപ്പെടുന്നു. ജാത്യാഭിമാനം മുതലായ സൽഗുണങ്ങൾകൊണ്ട് ഓരോ രാജ്യത്തിനും സമുദായത്തിനും ഉണ്ടായിട്ടുള്ള ക്ഷേമത്തെക്കുറിച്ച് അറിയാൻ അധികം സൗകര്യം ലഭിച്ചിട്ടുള്ള ഇവരുടെ സ്വാർത്ഥതല്പരത സുറിയാനി സമുദായ ക്ഷേമകാംക്ഷികളെ നല്ലപോലെ പരിഭ്രമിപ്പിക്കുന്നുണ്ട്."

ഏഴു കൊല്ലത്തിനു മുമ്പ് എഴുതപ്പെട്ട ഈ വാചകങ്ങൾ ഇപ്പോഴത്തെ അവസ്ഥയെ ശരിയായി കുറിക്കുന്നു എന്നു പറയാം. ഇംഗ്ലീഷു പഠിച്ചവരിൽ പലരും സമുദായകാര്യങ്ങളിൽ പ്രവേശിച്ച് സമുദായത്തിന്റെ വിശ്വസ്ത നായകന്മാരായിത്തീർന്നിട്ടുണ്ടെന്നു സസന്തോഷം സമ്മതിക്കാം. പക്ഷെ, മിക്കവരും അശ്രദ്ധന്മാരായി പിൻവലിഞ്ഞു നിൽക്കുന്നു. സമുദായത്തെ സംബന്ധിക്കുന്ന വലിയ കാര്യങ്ങളിൽ മുന്നിട്ടു നിന്നു പ്രവർത്തിക്കുവാൻ എല്ലാവരെയുംകൊണ്ടു സാധിച്ചു എന്നു വരുന്നതല്ലെങ്കിൽ തന്നെയും അവരവരുടെ ശക്തിക്കു തക്കവണ്ണം ചുറ്റുമുള്ളവരെ നന്നാക്കുകയും അല്പം ഉയർത്തുകയും ചെയ്യാൻ എല്ലാവരെക്കൊണ്ടും കഴിയുന്നതാണ്. സ്വന്തം ഇടവകക്കാര്യങ്ങൾ അന്വേഷിക്കുക, ഇടവകയിലെ വിദ്യാഭ്യാസസ്ഥിതിയെ നന്നാക്കുക, നമ്മുടെ പഴയ ആളുകളുടെ ഓരോ തെറ്റായ ധാരണ നീക്കുക മുതലായ അനേകം കാര്യങ്ങൾ നമ്മുടെ ചെറുപ്പക്കാരാൽ സാദ്ധ്യമാണ്. നമ്മുടെ ജനം പൊതുവെ നോക്കുന്നതായാൽ വിദ്യയിൽ താണുകിടക്കുന്നു എങ്കിലും, വേണ്ടവിധത്തിൽ പറഞ്ഞു കൊടുക്കുന്നതായാൽ ഏതു ശീമക്കാര്യവും, മനസ്സിലാക്കാനുള്ള ശക്തി അവർക്കുണ്ടെന്നു തീർച്ചയാണ്. ഇങ്ങനെ പറഞ്ഞു മനസ്സിലാക്കാനുള്ള ഒരു ചുമതല നമ്മുടെ ചെറുപ്പക്കാർക്കു പ്രത്യേകിച്ചുണ്ട്. "മിന്നുന്നതെല്ലാം പൊന്നല്ല" എന്ന പഴഞ്ചൊല്ലിന്റെ അർത്ഥം പരിഷ്കൃതരീതിയിൽ നമ്മുടെ ജനം അറിയേണ്ടത് അത്യാവശ്യമായിരിക്കുന്നു. അതുപോലെതന്നെ "അച്ഛൻ ആന കേറിയാൽ മകന്റെ ആസനത്തിൽ തഴമ്പു കാണുകയില്ല" എന്നുള്ള ചൊല്ലു ഏതെല്ലാം അവസ്ഥകളിൽ പ്രയോഗിക്കാമെന്നുള്ളതും നമ്മുടെ ജനസാമാന്യം അറിയേണ്ടതു പ്രയോജനകരമാണ്. പത്തൊമ്പതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ബുക്കാനാൻ സായ്പ് സുറിയാനിസഭയെ സന്ദർശിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലമായ ഇപ്പോൾ നമ്മുടെ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു

മലങ്കരസഭയെ സന്ദർശിക്കാൻ എത്തിയിരിക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിങ്കൽ എന്താണുണ്ടാകുന്നതെന്നു നമുക്കറിഞ്ഞുകൂടാ. അതെന്തു തന്നെയായിരുന്നാലും സഭയുടെ ഭാവി അതിന്റെ ചെറുപ്പക്കാരെ ആശ്രയിച്ചിരിക്കുന്നു എന്നു പറഞ്ഞു ചുരുക്കുന്നു.

*(ഇടവക പത്രിക, 1909 ചിങ്ങം - 1909 ധനു)*

# ദീവന്നാസ്യോസ് ചരമാനന്തര സിറിയൻ സമുദായം

## ഒ. എം. ചെറിയാൻ ബി.എ., എൽ.ടി.

മലങ്കര സുറിയാനി സമുദായത്തിന്റെ ജീവനായ ഒരു പ്രത്യക്ഷ സ്ഥാപനം എന്ന കണക്കെ സ്ഥിരത്വം ഉള്ള ഒരു സത്വമെന്നു, ഇന്നു ജീവനോടിരിക്കുന്നവരായ മിക്കപേരുടേയും ഹൃദയത്തിൽ അനുഭവബോധത്തെ ജനിപ്പിച്ചു വളർത്തിക്കൊണ്ടുപോന്നിരുന്ന ഒരു മലയാളത്തലയാളായ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് – അതേ ആ തിരുമനസ്സുകൊണ്ടുതന്നെ, യശഃശരീരമാത്രനായി ആ വന്ദ്യപിതാവിന്റെ രൂപാന്തരത്വത്തെ സംബന്ധിച്ച നിശ്ചയബോധത്തെ സ്വീകരിക്കുന്നതിന്, വിജയാവഹമായിരുന്ന ആ തിരുമനസ്സിലെ ആയുസ്സിന്റെ ദൈർഘ്യവും സുറിയാനി സമുദായത്തിൽപ്പെട്ട എപ്പേർപ്പട്ടവരുടെയും പ്രതീക്ഷകളുടേയും ആകാംക്ഷകളുടേയും ഗതിയും, അനുവദിക്കുക എന്നത് അത്ര എളുപ്പമായ ഒരു കാര്യമല്ല; എങ്കിലും, ആ തിരുമനസ്സിലെ ദേഹത്തിന്റെ വിയോഗത്തിന്റെ പരിണാമങ്ങൾ, കോട്ടയം സുറിയാനി സിമ്നാരിയിൽ നിന്ന് ആരംഭിച്ച്, സുറിയാനി സമുദായത്തിന്റെ നാനാംശങ്ങളിലും ആ സമുദായത്തോടു സംസർഗ്ഗസംബന്ധമുള്ള ഇതര സമുദായങ്ങളിലും ഇപ്പോൾ വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. അഭിവൃദ്ധിയെ വർദ്ധമാനമായി അടയുവാൻ തക്കവണ്ണം സുറിയാനി സമുദായയന്ത്രത്തെ ഭരിച്ചുപോന്നിരുന്ന മർമ്മജ്ഞനായ ആ തിരുമനസ്സിലെ വിയോഗം, മലയാളരാജ്യത്തിന്റെ ബുദ്ധിബലത്തിനു ഗണനീയമായ ഒരു ന്യൂനതയും സുറിയാനി സമുദായത്തിന് അളക്കപ്പെടാവതല്ലാത്ത ഒരു നഷ്ടവും ആകുന്നു എന്നും നാം സങ്കടപൂർവ്വം സ്മരിക്കേണ്ടതായിരിക്കുന്നു. ദൈവനടത്തിപ്പിൻകീഴിൽ സംഭവിക്കുന്ന എല്ലാ സംഗതികളും വിസ്താരമേറിയ ഈ ലോകത്തിന്റെ ബഹുമുഖമായ വ്യാപാരപ്രകാരങ്ങളുടെ നന്മയ്ക്കായി പരിണമിക്കുമെന്നുള്ള ക്രിസ്തീയോപദേശത്തിന്മേൽ നമുക്കുള്ള വിശ്വാസത്തിന്റെ കണക്കനുസരിച്ച് ശരണപ്പെട്ടുകൊണ്ടു, വന്ദ്യനായ ആ തിരുമനസ്സിലെ സ്മരണ നമുക്ക് കോട്ടയായിരിക്കും എന്നു നമുക്കു സമാധാനിക്കാം.

ഗുണവും ദോഷവും സമ്മേളിക്കാത്തതായ യാതൊന്നാവട്ടെ സൂര്യന്റെ കീഴിൽ ഇല്ല എന്നുള്ളതു വ്യത്യസ്തമില്ലാത്ത ഒരു പ്രമാണമാണ്. ജീവിതകാലത്ത് എത്ര കണ്ടു ഗുണപ്രദമായിരിക്കുന്നുവോ മരണകാലത്ത് അത്ര കണ്ടു സങ്കടപ്രദമാണ്, ഓരോ സമുദായപ്രധാനന്റെയും ആയുസ്സ് എന്ന് ഒരു വിധി ചെയ്യപ്പെടാവുന്നതത്രെ. ജീവിതകാലത്തിൽ

അശക്തനായ മനുഷ്യൻ യാതൊരുത്തർക്കും മനഃക്ലേശത്തെ നൽകാൻ ഇടയില്ല – സ്വമരണം നിമിത്തം യാതൊരുത്തർക്കും ദോഷത്തെ വരുത്തികൂട്ടുകയില്ല. എന്നാൽ ഒരു മനുഷ്യൻ, എത്ര കണ്ടു മഹാനായിരിക്കുന്നുവോ അത്രകണ്ടു കാര്യങ്ങളിൽ പ്രവേശിക്കുകയും കാര്യങ്ങളെ ഭരിക്കുകയും ചെയ്യുക നിമിത്തം, മരിക്കുന്ന അവസരത്തിൽ അനവധി കാര്യങ്ങളെ ഭരണകർത്താവില്ലാതെ പരിണമിപ്പിച്ചു അനേകമനേകം ജനങ്ങളെ ആപത്തിൽ പതിപ്പിക്കുന്നുണ്ടെന്നുള്ളത്, ആലോചിച്ചാൽ ആർക്കും അറിയാവുന്ന ഒരു വസ്തുതയാണ്. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഒരു അസാധാരണനായിരുന്നതിനാൽ ആ തിരുമനസ്സിലെ ആശ്രയിച്ചിരുന്ന വിജയത്തിന്റെ സാഫല്യവും സാമർത്ഥ്യത്തിന്റെ അഗാധതയും വിഷയങ്ങളുടെ വിവിധത്വവും, ആ തിരുമനസ്സിലെ സ്വർഗ്ഗപ്രവേശാവസരത്തിൽ സുറിയാനിസമുദായത്തിന്റെ മനക്ലേശത്തെ അധികരിപ്പിക്കുകയും ഭാവിഭരണകർത്താക്കന്മാർക്കു ഭാരാധിക്യത്തെ നൽകുകയും ചെയ്യുന്നുണ്ടെന്നുള്ള സങ്കടം നാം അനുഭവിക്കാതെ ഗത്യന്തരമില്ല.

ഈ വാസ്തവത്തെ – വലിയ തിരുമനസ്സിലെ ദേഹവിയോഗം നിമിത്തം സുറിയാനിസമുദായത്തിന്റെ ബഹുപ്രകാരങ്ങളായ വ്യവസായങ്ങൾക്കു നേതൃത്വം ഇല്ലാതെ പരിണമിച്ചിരിക്കുന്നു എന്ന വാസ്തവത്തെ – സ്മരിക്കുകയും എന്താണ് പ്രവർത്തിക്കേണ്ടത് എന്നു ശാന്തമായി ആലോചിക്കുകയും നാം ചെയ്യേണ്ടതായിരിക്കുന്നു. “വലിയ തിരുമേനി ഒരു വലിയവനായിരുന്നു. ആ തിരുമനസ്സിലെ ദേഹവിയോഗം തീരാത്ത ഒരു നഷ്ടമാണ്” എന്നു വിലപിച്ചു കാലം പോക്കുന്നതിൽ വലിയ യാതൊരു ഉപയോഗവുമില്ല. അനേകമനേകം സമുദായകാര്യങ്ങളെ സൃഷ്ടിച്ചു സംരക്ഷിച്ചുപോന്ന മർമ്മജ്ഞനായ ഒരു നേതാവിന്റെ പെട്ടെന്നുണ്ടായ അഭാവത്തിൽ, ആ സമുദായകാര്യങ്ങളെ വളർത്തിക്കൊണ്ടു പോകുന്ന പുതിയ ഏർപ്പാടുകൾ ഉറയ്ക്കുന്നതുവരയ്ക്ക്, സമുദായത്തെ ഒന്നാകെ അവലോകനം ചെയ്വാൻ ശക്തിയുള്ള സമർത്ഥന്മാർ അന്യ ചിന്തകൾക്കു മനസ്സിനെ അനുവദിക്കാത്തതാകുന്നു. പരേതനായ മാർ ദീവന്നാസ്യോസു തിരുമനസ്സിലെ വ്യവസായപ്രകാരങ്ങളെ പിരി അഴിച്ചു ഗ്രഹിക്കുകയും അവയിൽ ഓരോന്നിന്റെയും അഭിവൃദ്ധിപ്രകാരങ്ങളെ അനുഭവിച്ച് അറിഞ്ഞു ഗ്രഹിക്കുകയും ചെയ്യുന്നതിന് ആവശ്യമായ കാലത്തിൽ – ഒരു മൂന്നു വർഷക്കാലമെന്നിരിക്കട്ടെ – നൂതനന്മാരായ ഭരണകർത്താക്കന്മാരുടെ ശ്രദ്ധ അന്യ കാര്യങ്ങളിലേക്ക് പതറിപ്പോവാതിരിപ്പാൻ തക്കവണ്ണം, സമുദായത്തിൽ എവിടെയും സമാധാനത്തെ പരിപാലിക്കുകയും അന്തഃഛിദ്രങ്ങളെ നീക്കിവയ്ക്കുകയും ചെയ്യുന്നതിനു ശ്രമിക്കുകയാകുന്നു, സുറിയാനി സമുദായത്തെ സ്നേഹമുള്ള എപ്പേർപ്പെട്ടവനും ഈ

അവസരത്തിൽ ചെയ്‌വാനുള്ളത്. ഓരോ സമുദായാംഗവും ഉൾപ്പെട്ടുനിൽക്കുന്ന ഇടവകകളിൽ ഉണ്ടായിരിക്കാൻ ഇടയുള്ള അന്തഃഛിദ്രങ്ങളെ, നൂതനന്മാരായ സഭാപിതാക്കന്മാർ പ്രവൃത്തിമാർഗ്ഗങ്ങളെ അന്വേഷിച്ചറിഞ്ഞു സ്വപാദങ്ങളിന്മേൽ ഉറയ്ക്കുന്നതുവരേയ്ക്കു, വികസിക്കാൻ അനുവദിക്കാതിരിക്കുന്നതിനു നാം ഓരോരുത്തനും പ്രത്യേകം പ്രത്യേകം കരുതേണ്ടിയിരിക്കുന്നു. സമുദായകാര്യം അന്വേഷിക്കുന്ന പല യോഗ്യന്മാരും ഇത്രയും ചെയ്യുന്നതായാൽ ഈ ഘട്ടത്തിൽ ഒരു വലിയ ഉപകാരമായിരിക്കും.

പരേതനായ വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ മനസ്സിന്റെ വിസ്താരവും ഒരു ഇടവകയിൽ ഏക കാലത്തിൽ തന്നെ ഉണ്ടായിരിക്കാവുന്ന രണ്ടോ പത്തോ പക്ഷക്കാരെ ഒരുപോലെ സ്വീകരിക്കുന്നതിനുള്ള പാത്രതയും ദീർഘകാലത്തേക്കു പരിചയിച്ചും, എന്തെല്ലാം കലാപങ്ങൾ ഉണ്ടായാലും മെത്രാച്ചന്റെ അടുക്കൽ ചെല്ലുന്ന അവസരത്തിൽ ദോഷം കൂടാതെ അസ്തമിക്കുമെന്ന് അനുഭവിച്ചും, പഠിച്ചും ആലോചന കുറഞ്ഞുപോയിരിക്കുക നിമിത്തം, ഇടവക വഴക്കുകളെ ശമിപ്പിക്കുന്നതിനു നാം പ്രത്യേകം കരുതി പ്രവർത്തിക്കേണ്ട ആവശ്യം ഇപ്പോൾ നമുക്ക് നേരിട്ടിരിക്കുന്നു. അന്യോന്യം യോജിക്കാത്ത ഇടവക വഴക്കുകളെയും സമുദായപക്ഷങ്ങളെയും ഒരു പോലെ സ്വീകരിച്ചു ശമിപ്പിക്കുന്നതിനു 'പുലിക്കോട്ടുമെത്രാച്ച'നുണ്ടായിരുന്ന അതിരറ്റശക്തിയുടെ അസാധാരണത്വം നാം സാധാരണ ആലോചിക്കാറുള്ള ഒന്നല്ല. ഒരു നാല്പതു വയസ്സിൽ കവിഞ്ഞ പ്രായമുള്ള പലരും തങ്ങളെത്തന്നെ അളന്നു നോക്കുന്ന പക്ഷം നാല്പതു വയസ്സിനു മുമ്പുണ്ടായിരുന്ന ബുദ്ധിബലവും ഒരേ കാര്യത്തിൽ ദീർഘസമയത്തേക്കു മനസ്സിരുത്താനുള്ള ശക്തിയും ഇപ്പോൾ അനുഭവമില്ലെന്നു, സമ്മതിക്കേണ്ടതായി വരും. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് യുക്തിയായി ദീർഘസമയത്തേക്കു സംഭാഷണം ചെയ്യത്തക്ക ബുദ്ധിപ്രകാശം ഉള്ളവരായി അറുപത്തഞ്ചു വയസ്സു കഴിഞ്ഞ ആളുകളുടെ വർഗ്ഗത്തിൽ, ഈ മലയാളരാജ്യത്തിൽ അധികംപേരെ കാണ്മാനുണ്ടാവുമെന്നു തോന്നുന്നില്ല. ഈ മലയാള മനുഷ്യാവസ്ഥയെ സ്മരിച്ചുകൊണ്ട് ആലോചിക്കുന്നപക്ഷം, കുന്ദംകുളങ്ങര പുലിക്കോട്ടു കുഡുംബത്തിൽ പിറന്ന്, ജോസഫ് എന്നു നാമകരണം ചെയ്യപ്പെട്ട്, ഒരു കത്തനാരായി വളർന്ന്, മലയാളത്തിന്റെ വലിയ മെത്രാപ്പോലീത്തായായി പരിണമിച്ച ആ ഭാഗ്യവാൻ, തന്റെ 77-ാമത്തെ വയസ്സിൽ കൂടെയും പ്രദർശിപ്പിച്ചിരുന്ന സഹനശക്തിയും, ആലോചനാഗാധതയും, തിരുവിതാകൂർ കൊച്ചി മലബാർ എന്ന പ്രദേശങ്ങളിൽപെട്ട ഏതൊരു പള്ളിയിലേയും എല്ലാക്കക്ഷികളുടേയും നേരെ പ്രദർശിപ്പിച്ച സമഭാവനയും, ഏതൊരു വിഷയത്തെയും ഉദ്ദേശിച്ച് വിളങ്ങിച്ച മന്ദഹാസവും, എത്ര

വിസ്മയനീയങ്ങളാണെന്ന് ഒരു ചിന്ത ബുദ്ധിമാന്മാരുടെ ഹൃദയങ്ങളിൽ ഉണ്ടാവും. എന്നാൽ നമ്മിൽ മിക്കവരും ഓർമ്മയായപ്പോൾ മുതൽക്കു കേട്ടും കണ്ടും പരിചയിച്ചുപോയതിനാൽ 'പുലിക്കോട്ടുമെത്രാച്ചൻ' സുറിയാനി സമുദായം തന്നെ അവതരിച്ച ഒരു നിത്യശരീരനെന്നും മറ്റും കഥയില്ലാതെ ഭ്രമിക്കുകയും, ആ തിരുമനസ്സിലെ കാര്യനിർവ്വഹണശക്തി അസാധാരണമായ സഹനശക്തി എന്നിതുകളൊക്കെ (ചുവപ്പുകുപ്പായം സ്വർണ്ണസ്ലീബാ എന്നിതുകൾ കണക്കെ) മെത്രാച്ചന്മാർക്കു സ്വയം വന്നുകൊള്ളുന്നതാണെന്നു സങ്കല്പിച്ചുകൊണ്ട് അതിശയിപ്പാൻ വകയില്ലാത്തവണ്ണം വർത്തിക്കുകയും, പതിവായിത്തീർന്നിട്ടുണ്ട്. ഓരോ ഇടവകയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള മത്സരങ്ങളെക്കുറിച്ചു അതതു ഇടവകക്കാർ ഈ ഘട്ടത്തിൽ ഒന്നു ചിന്തിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. വല്ലതും ഓരോ മത്സരം ആരംഭിക്കുന്ന ഉടനെ രണ്ടു പക്ഷക്കാരും മെത്രാച്ചന്റെ അടുക്കലേക്കു ഓട്ടമായി. മെത്രാച്ചൻ മറുപക്ഷം ചേർന്നുകളഞ്ഞേക്കാമെന്ന് ഒരു ശങ്കയെങ്കിലും ഇരു പക്ഷക്കാരുടെയും ഹൃദയത്തിൽ ഉണ്ടാവുക വളരെയസാധാരണയാണ്. ഇതു വായിക്കുന്ന ആളിന്റെ അനുഭവവും ഇങ്ങനെയല്ലേ? എന്നാൽ ഈ സമഭാവനാഗണനം അത്ര സാധാരണമല്ലെന്നു അഛന്റെയോ അദ്ധ്യാപകന്റെയോ അടുക്കൽ ഒരു മത്സരത്തെ വിവരിക്കുന്ന കുട്ടികളുടെ മനോഭാവനയെ സൂക്ഷിച്ചാൽ ഏകദേശം അനുമാനിക്കാം. കാര്യം കേൾക്കുന്ന ആൾ മറുപക്ഷത്തിൽ ചേർന്നുപോയേക്കാം എന്നു ഒരു ഭയം കേൾപ്പിക്കുന്ന രണ്ടു പേരിൽ ഓരോരുത്തരുടേയും ഹൃദയത്തിൽ പലപ്പോഴും ഉണ്ടാകുന്നുണ്ടു. എന്നാൽ സമഭാവന, സഹനശക്തി മുതലായവ നിറഞ്ഞ സ്വഭാവം എപ്പോഴും എല്ലാവരോടും പ്രദർശിപ്പിക്കുക നിമിത്തം, 'പുലിക്കോട്ടു മെത്രാച്ച'നെ ഈക്കാര്യം സംബന്ധിച്ചു പ്രത്യേകം ബഹുമാനിക്കാൻ നാം വിസ്മരിക്കുകയും, പ്രത്യേകിച്ചു ബഹുമാനിപ്പാൻ ഒന്നും ഇല്ലെന്നു നാം കരുതിപ്പോവുകയും, ചെയ്യുന്നു. മൂന്നു ലക്ഷം പ്രകാരങ്ങളിലുള്ള ബുദ്ധികൾ അടങ്ങിയ സുറിയാനിസമുദായത്തെ ഭരിച്ചുകൊണ്ടുപോയതു മെത്രാൻ സ്ഥാനത്തിന്റെ സ്വഭാവജന്യമായ ഒരു ഫലമല്ല പുലിക്കോട്ടു തറവാട്ടിലെ ഒരു അംഗത്തിന്റെ പ്രത്യേക ബുദ്ധിബലം മാത്രമാണ്. എന്നാൽ ഈ സംഗതിയെ വിസ്മരിക്കുന്ന ഭ്രമം നിമിത്തം – സമഭാവന മുതലായ ഗുണങ്ങളെ പ്രദർശിപ്പിക്കുക മെത്രാച്ചന്മാരുടെ ഒരു തൊഴിലാണെന്നുള്ള ഭ്രമം നിമിത്തം – സമുദായത്തെ സ്വന്തം തറവാടായി ഗണിക്കത്തക്ക ഭക്തി നിറഞ്ഞ ആളുകൾകൂടെയും, അന്തഃഛിദ്രങ്ങളെ വർദ്ധിപ്പിക്കുന്ന ഒരു രീതി, സുറിയാനിസമുദായത്തിൽ മുളച്ചുവശമായിട്ടുണ്ട്. ആയതുകൊണ്ടാണ് ഇടവകകളിൽ അന്തഃഛിദ്രം വികസിക്കാതിരിക്കാൻ തക്കവണ്ണം പ്രത്യേകം കരുതേണ്ട ആവശ്യം നേരിട്ടിരിക്കുന്നു എന്നു ദീവന്നാസ്യോസ് ചരമാനന്തര സുറിയാനി സമുദായത്തെ ഉദ്ദേശിച്ചു പ്രസ്താവിക്കപ്പെട്ടത്.

നൂതനന്മാരായ സഭാനേതാക്കന്മാർ സ്വകൃത്യങ്ങളെ സ്പർശിച്ച് അറിയുന്നതിന് അവസരം ലഭിക്കേണ്ടതിന് അന്തഃഛിദ്രത്തിന്റെ ആത്മാവിനെ ഇല്ലായ്മ ചെയ്യേണ്ടത് അത്യാവശ്യമാണെന്നു, സമുദായപ്രധാനന്മാർ പ്രവൃത്തിമൂലം ദൃഷ്ടാന്തീകരിച്ചു തുടങ്ങിയിരിക്കുന്നത് ശുഭസൂചകമായിരിക്കുന്നു. സുറിയാനി സമുദായത്തിന്റെ സഭാപിതാക്കന്മാരായി മലങ്കരെ ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്ന നാലുപേരിൽ ഓരോരുത്തർക്കും ഓരോ വക 'മൂപ്പ്' അവകാശം പറയാനുണ്ടായിരിക്കുന്നതും, ഈ തത്വത്തെ അടിസ്ഥാനമാക്കി ഈ നാലുപേരിൽ ഓരോരുത്തനും വാദം നടത്താനിടയുണ്ടെന്നും നടത്തേണ്ടതാണെന്നും ഗൂഢമായ സംസാരം നാടൊക്കെ പ്രസിദ്ധമായതും, ആണ്. ഇങ്ങനെ ഒരു കിംവദന്തി എന്നു മാത്രമല്ല, ഈ നാലുപേരും തമ്മിൽ ഒരു വ്യവഹാരം സർക്കാർ കോടതികളിൽ നടക്കുന്നതായിരുന്നാലും, അശേഷം അതിശയിപ്പാനില്ലെന്നാണ് എന്റെ പക്ഷം. മലങ്കരയുടെ മെത്രാപ്പോലീത്താ എന്ന സ്ഥാനം ആർക്കും മോഹിക്കത്തക്ക പ്രകടപ്രഭാവം ഉള്ള ഒന്നാണ്. തെക്കെയിൻഡ്യായിലുള്ള പല സമുദായങ്ങളുടെ ഇടയിൽ ധനബലം ബുദ്ധിബലം സ്വാധീനബലം എന്നിതുകൾകൊണ്ടും മറ്റും പ്രശസ്തമായ ഒരു നിലയെ പ്രാപിച്ചിട്ടുള്ളതും പുരാതനവും ആയ മൂന്നു ലക്ഷം ആളുകൾ ഉൾപ്പെടുന്ന സുറിയാനി സമുദായത്തിന്റെ നേതൃത്വം സർവഥാസ്പൃഹണീയമായ ഒന്നു തന്നെ. ഈ സ്ഥാനത്തെ മോഹിക്കുക എന്നതു വൈദികവൃത്തിയെ സ്വീകരിച്ച ഏവനും ലോകസ്വഭാവം അനുസരിച്ചു വരാവുന്നതാണ്. വൈദികവൃത്തിയെ ജീവിതസർവ്വസ്വമായി സ്വീകരിച്ചു ക്രമാഗതമായ ഉന്നതിയെ അനുഭവിച്ചവർക്കല്ലാതെ, മലങ്കര മെത്രാപ്പോലീത്താസ്ഥാനം എത്ര വ്യാമോഹകമാണെന്ന് ഊഹിപ്പാൻ അന്യന്മാർക്കു കഴിവുള്ളതല്ല. എന്നാൽ സ്വശ്രേയസ്സിനെ വിസ്മരിച്ചും, സമുദായശ്രേയസ്സിനെ മാത്രം സ്മരിച്ചും, ദിവ്യന്മാരായ നമ്മുടെ വന്ദ്യപിതാക്കന്മാർ ദൈവാശ്രയത്തോടുകൂടെ പ്രദർശിപ്പിച്ച സങ്കോചവും വൈദികോചിതസ്വഭാവവും സർവ്വഥാ അഭിനന്ദനീയങ്ങളായിരിക്കുന്നു. ബുദ്ധിബലവും ഭരണപരിചയവും സമുദായത്തിന്നു ദീർഘകാലത്തേക്ക് ഉപയോഗപ്പെടട്ടെ എന്നുള്ള ഏകദേശം പ്രത്യക്ഷപ്പെടത്തക്കവണ്ണം, പ്രായംകൊണ്ടു ചെറുപ്പമായ കൊച്ചു മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്തായായി ശിപാർശി ചെയ്തു സമ്മതിച്ചുകൊടുത്തതിൽ, വയോവൃദ്ധനും നിഷ്ഠാനിരതനും ആയ നിതാന്തവന്ദ്യ ദിവ്യശ്രീ. മാർ ഈവാന്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മുതലായ പിതാക്കന്മാർ പ്രദർശിപ്പിച്ച സ്വാർത്ഥാഭാവ ബുദ്ധിയേയും സമുദായാർത്ഥസ്മരണാബുദ്ധിയേയും –ഓരോ ഇടവകകളെ മാത്രം ബന്ധിക്കുന്ന നിസ്സാരപ്രാധാന്യത്തെ കരുതി സമുദായത്തെ ക്ഷോഭിപ്പിക്കുന്ന ഓരോരുത്തരും ലജ്ജയോടുകൂടെ തല കുനിച്ചുകൊണ്ടു – നമസ്കരിക്കേണ്ടിയിരിക്കുന്നു. സുറിയാനി സമുദായ

ത്തിനു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ ദേഹ വിയോഗം നിമിത്തം സിദ്ധിച്ച വലിയ മുറിവിനെ - ഉള്ളവണ്ണം കണ്ട റിഞ്ഞ തിരുമേനികൾ ഏതു അളവിനും സ്വാർത്ഥത്തെ ഹനിക്കാൻ തെയ്യാറായതിൽനിന്നു, സമുദായാംഗങ്ങളിൽ ഓരോരുത്തനും സമാധാ നത്തെ പരിപാലിക്കാൻ എത്ര വലിയ കടമയുണ്ടെന്നു നല്ലവണ്ണം പ്രത്യ ക്ഷപ്പെടുന്നുണ്ട്.

ചരിത്രപ്രസിദ്ധമായ സെഹിയോന്റെ മാളികയിൽവച്ചു ചെയ്യപ്പെട്ട ദൈവികാഭിഷേകം മലങ്കര മെത്രാപ്പോലീത്താസ്ഥാനമായി അനുഗ്രഹി ക്കപ്പെട്ടിരിക്കുന്ന നിതാന്തവന്ദ്യ ദിവ്യശ്രീ മാർ ദീവന്നാസ്യോസുമെത്രാ പ്പോലീത്താ തിരുമനസ്സിലേക്കു ഇപ്പോൾ ലഭിച്ചിരിക്കുന്ന ഭാരം ബുദ്ധി മാന്മാരായ എല്ലാവരേയും സംഭ്രമിപ്പിക്കത്തക്ക ഒന്നാണ്. നടപടികളിൽ ഐകരൂപ്യമില്ലാതെയും; അനേക കാര്യങ്ങൾക്കും ക്ലിപ്തരീതിക്കു നട പടികൾ ഇല്ലാതെയും; ഇടവകപ്രധാനന്മാരും വൈദികന്മാരും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം ഇനിയും നാനാപ്രകാരേണ രൂപപ്പെടേണ്ടതായും: സർവ്വപ്രധാനമായി, സർവ്വസമ്മാന്യതയും വിസ്മയനീയമായ മനോ വിസ്താരവും ഉണ്ടായിരുന്ന ഒരു അസാധാരണന്റെ പൂർവ്വഗത്വം ഉള്ള തായും; വർത്തിക്കുന്ന മലങ്കര കൊച്ചുമെത്രാപ്പോലീത്താ തിരുമനസ്സിലെ ഭരണത്തിന്റെ സ്മരണം, കാര്യാകാര്യവിവേചനം, പാടവം ഉള്ള ജനങ്ങ ളുടെ ഹൃദയങ്ങളിൽ യഥാർത്ഥമായ സംഭ്രമത്തെ ജനിപ്പിക്കുന്ന ഒന്നു തന്നെ. ഭാരമേറിയ ഈ കൃത്യത്തെ നിർവഹിക്കുന്നതിൽ ആ തിരുമന സ്സിലേക്കു സഹായകമായി ഓരോ സമുദായപ്രധാനന്റെയും ബുദ്ധി ഉപ യോഗപ്പെടത്തക്കവണ്ണം കരുതി പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണു. കോട്ടയം സുറിയാനി സിമ്മനാരിയിൽ നടന്ന മഹായോഗത്തിൽ മലങ്കര യുടെ മല്പാൻ ദിവ്യശ്രീ കോനാട്ട് മാത്തൻ കത്തനാരവർകളും ഹൈക്കോടതി വക്കീൽ മിസ്റ്റർ ഇ. ജേ. ജോൺ ബി.എ., ബി.എൽ. അവർകളും പരോക്ഷമായും പ്രത്യക്ഷമായും പ്രസ്താവിച്ച സമാധാന സംരക്ഷണകാര്യം സുറിയാനി സമുദായചരിത്രത്തിന്റെ തൽക്കാല ഘട്ട ത്തിൽ എത്ര മർമ്മജ്ഞത്വപ്രദർശകമാണെന്നുള്ളതിനെ, സുറിയാനി സമുദായത്തെ സ്നേഹമുള്ള ഓരോരുത്തനും അറിഞ്ഞു പ്രവർത്തി ക്കേണ്ടതായിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് ഇനിയും പ്രസ്താവി പ്പാനുള്ളതു, വേറൊരു അവസരത്തിലേക്കു മാറ്റിവച്ചുകൊള്ളട്ടെ.

*(ഇടവക പത്രിക, 1909 ചിങ്ങം)*

# മാർ ദീവന്നാസ്യോസ് സിമ്മനാരി

**(കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള 1901-ൽ രചിച്ചത്. വഞ്ചിപ്പാട്ട് രീതി)**

മുൻപിട്ടു മുവരൊരുവൻ തമ്പുരാന്റെ പാദപത്മം
കുമ്പിട്ടു കൂപ്പുവിനകക്കാമ്പുറ്റെല്ലാരും
തേൻ പൊട്ടിച്ചേർന്നൊലിക്കുമാനന്ദമനവധി വായ്ക്കു-
മൻപൊടുമന്യോന്യമാരുമൊഴിക്കരുതേ
ഒരുമയെന്നൊരു ഗുണമുളവായാലൊന്നിനുമി-
ല്ലരുമയെന്നറിവെങ്ങും നിറവാകണം.
വരുമെന്നക്കനി തിന്നാലരിവരനുരചെയ്തു
നീരുപമപദവിയുമിതിനാലുണ്ടാം
കൂറുകൊണ്ടേ കുവലയക്കുറു പടച്ചതിലെല്ലാ-
മേറുമോരോ മേന്മകളുമേകി വച്ചതും.
കൂറിതിൽ കുടാതെ തകരാറു ലേശം പാലിപ്പതും
കൂറിതിനില്ലേതിരെന്നും തേറുവിനെന്നും
സ്നേഹസ്വരൂപനാകുമോരേകൻ തന്നനുഗ്രഹത്തെ
മോഹിക്കാമോ പരസ്പര സ്നേഹമില്ലാതെ.
ഐക്യം കൊണ്ടു വിളങ്ങുന്ന മുഖ്യമൂലപദേ ഭക്തി
ശക്യമോ തമ്മിൽ കലഹിപ്പവർക്കു നിത്യം?
ഇണക്കുത്തുള്ളൊരു കൂട്ടം ക്ഷണമെത്തുമറുതിയെ-
ന്നണു മാത്രമാലോചിച്ചാലറിയരുതോ?
ഗുണവത്താമൊന്നുമവർക്കയലത്തും വരാ നൂനം
ഗണമൊത്താലുള്ള ബലം ഗണിക്കാവതോ?
അന്യോന്യമൈക്യം ലോകരിലന്യൂനം വളർത്തീടുന്ന
ധന്യനല്ലോ ചൊല്ലി ദേവനന്ദനനാമം
ഒന്നായുള്ളോരിന്നാമത്തെ നിന്ദിക്കാമോ വന്ദിക്കായ്കി
ല്ലെന്നേയുള്ളു നന്നേയുള്ളിലോർപ്പിനെല്ലാരും
ഞാനെന്നഭിമാനമേറ്റ ജ്ഞാനിയായുള്ളവന്നുള്ളിൽ
ജ്ഞാനമുണ്ടാകിലെന്തിനു ദീനത പിന്നെ?
സ്ഥാനവും മാനവും
സത്യജ്ഞാനികൾക്കുണ്ടാകമെല്ലാം
താനറിയാതതിനുണ്ടോ ഹാനിയുണ്ടാവൂ?
വർദ്ധിച്ചു മഹത്വം നിത്യമത്യുന്നതൻ വാഴ്ക വാഴ്ക
ക്രൂദ്ധിപ്പെല്ലാം ഒഴിഞ്ഞ് നേടണം ഐക്യവും
ഊഴിയിലെന്നും നിരപ്പു വാഴ്ക കുരിശനാരതം
കുഴിനടുവിലുമടയാളമായ് വാഴ്ക

വാഴ്ക വാഴ്ക തിരുസ്നാനവാഴ്വുംപെറ്റ ജനമെല്ലാം
വാഴ്ക വളർന്നു നമ്മുടെ വർണ്ണവും പാരിൽ
അന്നുമിന്നുമെന്നുമൊന്നാമൈക്യാനന്ദപദം വാഴ്ക
എന്നുമെന്നും തന്നടിയിൽ തന്നേ വാഴുക.
മലങ്കരയ്ക്കധിപതി മഹനീയഗുണനിധി
മനം കുളുർപ്പിക്കും മന്ദസ്മിതജലധി
വലംകയ്യാലരുളിയൊരനുഗ്രഹം കൊണ്ടീ നദി-
യ്ക്കലങ്കാരമായി വഞ്ചികളിക്കുന്നു നാം.
ആർത്തപരായണനാകുമവിടത്തേച്ചരിത്രത്തി-
ലത്രമാത്രമല്ല പാടിക്കളിച്ചീടുക
ആയിരത്തോടൊത്തൊരെണ്ണൂറ്റെൺപത്തെട്ടും ചേർന്നപുണ്യ
മായൊരു കൊല്ലത്തിൽ ദൈവാലവിടത്തേക്കു
ആഴിക്കപ്പുറുത്തുനിന്നിങ്ങാലപ്പുഴെ വന്നമർന്നീ-
യൂഴിത്തട്ടിൽ പ്രസിദ്ധനായ്ത്തീർന്ന ഡാറാഖ്യൻ,
കോടീശ്വരനായ ഹൂണകുലേശ്വരനുൾക്കുരുന്നിൽ
കൂടിയ മോദത്തോടൊത്തു ചെയ്ത സഹായാൽ
എട്ടുദിക്കും പുകൾപ്പെട്ട കോട്ടത്തിനൊരു നെറ്റി-
പ്പൊട്ടായിട്ടു വിളങ്ങുന്നീ കെട്ടിടം തീർത്തു
ഇട്ടിതു മാർ ദീവന്നാസ്യോസ്
സിമ്മനാരിയെന്നേവർക്കു-
മിഷ്ടമായ നാമധേയമതിന്നു ലോകം
തുടങ്ങി തൊണ്ണൂറ്റിമൂന്നിൽ പഠിത്തമങ്ങുടൻ വന്നു
തുടങ്ങി വിദ്യാർത്ഥികളുമനവധിയായ്
കഴിഞ്ഞു കൊല്ലമൊന്നേവം കഴിഞ്ഞപ്പോൾ വരാന്തക-
ളൊഴിഞ്ഞു പോകാത്ത ബാലജനതതിയാൽ,
മറിച്ചൊന്നു മാലോചിക്കാതുറച്ചു വേഗം വരുത്തി
നിറച്ചോരോ വിരുതേറുമദ്ധ്യാപകരെ.
ഈ ലോകർക്കെഴുന്നീടുന്ന നന്മകൾക്കൊക്കയുമൊരു
മൂലമായ തിരുനാളിലവതരിച്ച
ആ ലോകദേവത തന്റെ കാലിണയാശ്രയമെന്നു
കാലേകൂട്ടിയപേക്ഷിച്ചുംകൊണ്ടനുജ്ഞയും
അൻമ്പുമൊത്തത്തമ്പുരാന്റെ സംപൂർണ്ണകരുണ കൊണ്ടും
വൻപെഴുന്ന സജ്ജനത്തിൻ സഹായം കൊണ്ടും
ഇമ്പമോടീപ്പാഠശാലയെന്നുമേവം വളരട്ടെ
അൻപരിലൻപനീശന്റെ കടാക്ഷം കൊണ്ടും.

## വെച്ചുപ്പാട്ട്

നന്മയോടൊത്തു മഹീതലേ നമ്മുടെ
സിമ്മനാരിയിതു നിത്യം ജയിക്കണം
വിദ്യാർത്ഥികളായ ബാലകന്മാർ ഞങ്ങൾ
വിദ്യാനിധികളായെന്നും ജയിക്കണം
വള്ളത്തിലേറിക്കളിക്കുന്ന നേരത്തു
കള്ളമല്ലേറ്റം കളിയും ജയിക്കണം.
സത്തമനായിടും മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്താ താനേറ്റം ജയിക്കണം
ഇപ്പാരിലൊന്നായ സത്യസഭയ്ക്കെഴു
മാപ്പാത്രിയർക്കീസു ബാവാ ജയിക്കണം,
സീമാവിഹീനഗുണഗണവാരിധി
ശ്രീമൂലഭൂപതി പാരം ജയിക്കണം
ഇക്കണ്ട മംഗളമൊക്കെയുമേറ്റുന്ന
വിക്ടോറിയാമഹാരാജ്ഞി ജയിക്കണം.

*(ഇടവക പത്രിക, 1909 മിഥുനം)*

# കാലം ചെയ്ത വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ ശേഷക്രിയ

കോട്ടയത്തും സമീപവുമുള്ള പള്ളിക്കാരുടെ ഒരു യോഗത്തിന്റെ നിശ്ച യപ്രകാരം കാലം ചെയ്ത വലിയ തിരുമേനിയുടെ അടിയന്തിരം മുപ്പതാം ദിവസമായ കർക്കിടകം 25-നു തിങ്കളാഴ്ച കോട്ടയത്തു സിമ്മനാരിയിൽ വച്ചു തിരുമേനിയുടെ അവസ്ഥയ്ക്കു അനുരൂപമായവിധത്തിൽ കഴിക്ക ണമെന്നും ആ വകയ്ക്ക് ആവശ്യപ്പെട്ട പണം പള്ളികളിൽ നിന്നു പിരി ച്ചീടാക്കണമെന്നും നിശ്ചയിച്ചതനുസരിച്ചു എല്ലാ തിരുമേനികളും കൂടി പള്ളികൾക്കു വരി നിശ്ചയിച്ച് കല്പനകൾ അയച്ചുംകൊണ്ട് അടിയന്തി രത്തിന്റെ വട്ടംകൂട്ടു ആദ്യമെ ആരംഭിച്ചു. അതിലേക്കു പ്രത്യേകം ചുമത ലക്കാരായും മേലന്വേഷണക്കാരായും കോട്ടയത്തു കുന്നുമ്പുറത്തു ജോൺ അവർകളെയും എറികാട്ടു കല്ലറയ്ക്കൽ അയിപ്പ് യൗസെപ്പ് അവർകളേയും നിയമിക്കയും സാമാനങ്ങൾ ശേഖരിക്കുന്നതിനും പാകം ചെയ്യുന്നതിനും പ്രത്യേകം പ്രത്യേകം ചുമതലക്കാരെ ഏർപ്പെടുത്തു കയും ചെയ്തിരുന്നു. അടിയന്തിരത്തിൽ സംബന്ധിപ്പാൻ വടക്കു കുന്നം കുളങ്ങരെ മുതൽ തെക്കു തിരുവനന്തപുരം വരെയുള്ള എല്ലാ പള്ളിക ളിൽ നിന്നും ആളുകൾ വരുന്നതാകക്കൊണ്ടും വർഷകാലമാകകൊണ്ടും ഒരേ സമയത്തു അയ്യായിരത്തിൽ അധികം ആളുകളെ ഇരുത്തത്തക്ക വണ്ണം വിശാലമായ നെടുമ്പുരകൾ കെട്ടിച്ചിരുന്നു. പള്ളിക്കാരായും അല്ലാ തെയും വരുന്ന ക്രിസ്ത്യാനികളെയും നാനാവർഗ്ഗക്കാരായി വന്നുകൂടുന്ന ഇതരജാതികളെയും പ്രത്യേകം ഊട്ടുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തി രുന്നു. അടിയന്തിര ദിവസത്തിനു രണ്ടു മൂന്നു ദിവസം മുമ്പു മുതൽ തന്നെ വൈദികന്മാരും അത്മെനികളുമായി പല സ്ഥലങ്ങളിൽ നിന്നും ആളുകൾ വന്നു തുടങ്ങി. തലേദിവസമായപ്പോഴേക്കു സിമ്മനാരി കെട്ടി ടങ്ങളും പള്ളിയും ചുറ്റുപാടുള്ള വിശാല സ്ഥലങ്ങളും തിങ്ങാൻ തക്ക വണ്ണം ആളുകൾ വന്നു കൂടി. പല ശാഖകളിലായി ദേഹണ്ഡക്കാർ തന്നെ ആയിരത്തിൽപരം ആളുകൾ ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ വട്ടംകൂട്ട ലിന്റെ വലിപ്പം ഏകദേശം ഊഹിക്കാമെല്ലോ.

അരിവെപ്പു, ഓരോ പദാർത്ഥങ്ങളെ പാകം ചെയ്ക, വിളമ്പിക്കൊടുക്ക മുതലായ പല ജോലികളെ ശാഖകളായി തിരിച്ചു സമീപമുള്ള ഓരോ കരക്കാരോ പള്ളിക്കാരൊ ഓരൊ ശാഖ അവരവരുടെ ചുമതലയിൽ കയ്യേ റ്റാണ് നടത്തിയതു. 1101 പറ അരി വെക്കണമെന്നായിരുന്നു നിശ്ചയം. തലേ ദിവസത്തെ അത്താഴ സദ്യയ്ക്കു തന്നെ 150 പറ അരി വെച്ചിട്ടു

മതിയാകാതെ വന്നതിനാൽ അടിയെന്തിര ദിവസത്തേക്കു ശേഖരിച്ചിരുന്ന അരി മതിയാകാതെ വരുമെന്നു കണ്ടു. അപ്പോൾ തന്നെ പത്തുനാനൂറ് പറ അരി കൂടെ വരുത്തി. ആകപ്പാടെ 1400 പറ അരിയിൽ അധികം ചില വാകുകയും ചെയ്തു.

25-നു അതിരാവിലെ വൈദികഗണങ്ങളുടെ ശുശ്രൂഷ ആരംഭിച്ചു. വിശുദ്ധ കുർബാന മുതലായ ദിവ്യകർമ്മങ്ങളും പ്രസംഗവും ഏകദേശം പത്തു മണിയോടുകൂടെ അവസാനിച്ച ഉടൻ തന്നെ രണ്ടു നെടുമ്പുരക ളിലും സിമ്മനാരിക്കു ചുറ്റികിടക്കുന്ന തുറന്ന സ്ഥലങ്ങളിലുമായി ഒരേ സമയത്തു തന്നെ ആളുകളെ ഇരുത്തി ഇല വച്ചു. നെടുമ്പുരകൾക്കു ള്ളിൽതന്നെ ഒരേറ്റിനു 5000-ൽ കുറയാതെ ആളുകൾ ഇരിക്കുമെന്നും പന്തലിനു പുറത്തായി അതിൽ അധികം ആളുകൾക്കിരിക്കാവുന്ന സ്ഥലം മുഴുവൻ ഉപയോഗപ്പെടുത്തിയെന്നും ഈ വിധത്തിൽ പല ഏറ്റുകൾ ഇരു ത്തുകയും ഊട്ടുകയും ചെയ്തു എന്നും പറയുമ്പോൾ സദ്യയുടെ വലിപ്പം ഏകദേശം ഊഹിക്കാവുന്നതാണ്. ക്രിസ്ത്യാനികൾ അല്ലാത്ത ഈഴവർ, പുലയർ, പറയർ, ഉള്ളാടന്മാർ, കമ്മാളർ ഉൾപ്പെട്ട നാനാജാതി കൾക്കായി പ്രത്യേകം ചെയ്തിരുന്ന ഏർപ്പാടിൽ തന്നെ പതിനായിര ത്തോളം സകല വിഭവങ്ങളോടും കൂടി മൃഷ്ടാന്നമായ ഭോജനം കഴി ക്കയും ചോറും മറ്റു പദാർത്ഥങ്ങളും കെട്ടിക്കൊണ്ടു പോകയും ചെയ്തു. ആകപ്പാടെ ഇത്ര കേമമായ ഒരു സദ്യ സുറിയാനി സമുദായത്തിൽ എന്നല്ല, നമ്മുടെ നാട്ടിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെന്നു പറവാൻ പാടില്ലാ.

സാധുക്കളെ പോറ്റുന്ന കാര്യത്തിൽ കാലം ചെയ്ത തിരുമേനിയുടെ ആർദ്രത അദ്വിതീയമായിരുന്നു എന്നു അറിഞ്ഞിട്ടില്ലാത്തവർ മലങ്കരെ ഇല്ല. "പാവങ്ങൾ ഉണ്ടു പള്ള നിറയട്ടെ" എന്നുള്ളത് സദ്യ സംബന്ധിച്ച് തിരുമേനി പ്രയോഗിക്കുന്ന ഒരു സാധാരണ വാചകമാണ്. അവിടുത്തെ ഈ ആഗ്രഹം അവിടുത്തെ അടിയെന്തിരത്തിൽ ധാരാളം സാധിച്ചു. സാധുക്കളുടെ "പള്ള നിറക'' മാത്രമല്ല കെട്ടിക്കൊണ്ടു പോകയും ചെയ്തു. ഇങ്ങനെ ഈ വലിയ അടിയന്തിരം വളരെ ഭംഗിയായും അതു ആരുടെ നാമത്തിൽ കഴിക്കപ്പെട്ടുവോ ആ മഹാത്മാവിന്റെ മനസ്സിനും ആഗ്രഹങ്ങൾക്കും അനുരൂപമായും കഴിഞ്ഞു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല.

അടിയന്തിരം സംബന്ധിച്ചു കൂടിയ ബഹുജനങ്ങളുടെ കൂട്ടത്തിൽ മൃഷ്ടാന്നമായി ഭക്ഷണം കഴിക്കാൻ കഴിയാതെ പോകേണ്ടിവന്നവർ വല്ല വരുമുണ്ടെങ്കിൽ ഊണിനായിട്ടല്ല, തിരുമേനിയുടെ അടിയന്തിരത്തിൽ സംബന്ധിച്ച് അവിടുത്തെ ഓർമ്മയിൽ നിന്നുള്ള വാഴ്‌വുകളെ പ്രാപിക്ക ണമെന്നുള്ള ഏക ഉദ്ദേശ്യത്തോടുകൂടി വന്ന മാന്യന്മാർ മാത്രമെ

ഉണ്ടാകയൊള്ളു. അവരുടെ ഉദ്ദേശവും ലാക്കും ഭക്ഷണം കഴിക്കണമെന്നല്ല, അടിയന്തിരം ഭംഗിയായി നടത്തണമെന്നുള്ളതാണ്. ഒരു ഊണു കഴിക്കാൻ വേണ്ടി മാത്രം ബഹുജനങ്ങളുടെ കൂട്ടത്തിൽ തിക്കിതിരക്കി കയറിയിരിക്കാൻ അവരുടെ അന്തസ്സു അനുവദിക്കുന്നതുമല്ല. ഒരു സദ്യ ഭംഗിയായോ ഇല്ലയോ എന്നു നിശ്ചയിക്കുന്നതു ചുമതലക്കാരും നടത്തക്കാരുമായ ആളുകളുടെ ഭക്ഷണതൃപ്തി അനുസരിച്ചുമല്ലല്ലൊ.

തിരുമേനിയെ സംബന്ധിച്ചിടത്തൊളം എല്ലാക്കാര്യങ്ങളിലും ദൈവാനുകൂല്യം ധാരാളം അനുഭവമായിട്ടുണ്ടു. മരണവും കബറടക്കവും തന്നെ വലിയ വർഷത്തിന്റെ നടുമുറിക്കായിരുന്നു. രാപകൽ മുറിയാതെ മഴ വർഷിച്ചുകൊണ്ടിരുന്ന കാലമായിരുന്നിട്ടും ആവശ്യപ്പെട്ട സമയങ്ങളിലൊക്കെയും മഴ മാറിത്തന്നു. ചെറിയപള്ളിയിൽ നിന്നും സിമ്മനാരിയിലേക്കുണ്ടായ ദുഃഖയാത്രയ്ക്കു അല്പം മുമ്പുവരെ ചൊരിഞ്ഞുകൊണ്ടിരുന്ന മഴ പ്രോഗ്രാം പ്രകാരമുള്ള യാത്രസമയം അടുത്തപ്പോൾ വിട്ടുമാറി. യാത്രമദ്ധ്യത്തിലും വിളിപ്പാടകലെ മഴ പെയ്തിട്ടും യാത്ര പോയിക്കൊണ്ടിരുന്ന വഴി അതിശയകരമായവിധത്തിൽ ഉപദ്രവം കൂടാതിരുന്നു. അടിയന്തിര ദിവസത്തിനു രണ്ടു ദിവസം മുമ്പുവരെ ഉണ്ടായിരുന്ന വർഷം അടിയന്തിരത്തിന്റെ ആവശ്യത്തിലേക്കെന്നപോലെ സമയത്തു മാറിതന്നു. പത്തുനാല്പതിനായിരം ആളുകൾ കൂടിയ ഈ വലിയ സംഘത്തിൽ യാതൊരു സമാധാന ലംഘനമൊ അക്രമങ്ങളൊ നടന്നില്ല. പല മുന്തിയറപ്പുകാരും കൂട്ടത്തിൽ തരം നോക്കിനടക്കയും വല്ലതും തട്ടിക്കൊണ്ടുപോകുവാൻ ശ്രമിക്കുകയും ചെയ്തിട്ടും സാധിച്ചില്ല. അടിയന്തിരദിവസം തെക്കുനിന്നും വന്ന ഒരു പട്ടക്കാരന്റെ പെട്ടി, വണ്ടിയിൽ നിന്നു മോഷണം പോകയുണ്ടായി. പെട്ടിയിൽ 150 രൂപയുടെ വകകൾ ഉണ്ടായിരുന്നു. കൂടിയ ആളുകളും പോലീസുകാരും പല ശ്രമങ്ങളും ചെയ്തിട്ടും കണ്ടു കിട്ടിയില്ല. എങ്കിലും തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥിച്ചു വഴിപാടു നേർന്നു കഴിഞ്ഞപ്പോൾ മോഷണം പോയ പെട്ടി സിമ്മനാരിയിൽ നിന്നും വളരെ അകലെ ഒരു സ്ഥലത്തു വച്ചു ഒരു മുന്തിയറപ്പുകാരന്റെ കൈവശം കണ്ടുപിടിച്ച സ്ഥലത്തു ഹാജരാക്കപ്പെടുകയും യാതൊരു നഷ്ടവും കൂടാതെ ഉടമസ്ഥനു കിട്ടുകയും ചെയ്തു. ഇങ്ങനെ ആശ്ചര്യകരമായ പല അനുഭവങ്ങൾ പലർക്കും തിരുമേനിയുടെ മദ്ധ്യസ്ഥപ്രാർത്ഥന മൂലം ലഭിച്ചതിന്റെ ഫലമായി പല വഴിപാടുകളും അടിയന്തിര ദിവസത്തിൽ വന്നിരുന്നു എങ്കിലും ഗ്യാസു കൊണ്ടു പ്രകാശിപ്പിക്കപ്പെടുന്ന രണ്ടു വിളക്കുകൾ അന്നേ ദിവസം വഴിപാടായി വന്നതു പ്രത്യേകം സ്മരണീയമാകുന്നു. "ഹൃയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവത്തെ കാണും" എന്നു നമ്മുടെ കർത്താവ് കല്പിച്ചിട്ടുണ്ടല്ലോ. നമ്മുടെ ഈ തിരുമേനിയേക്കാൾ നിർമ്മല ഹൃദയമുള്ളവർ വേറെ

ഉണ്ടെന്നു പറവാൻ ഞങ്ങൾക്കു ധൈര്യമില്ല. അതിനാൽ അദ്ദേഹം ദൈവത്തെ കാണുമെന്നും അദ്ദേഹത്തിന്റെ പ്രാർത്ഥന നിശ്ചയമായി സാധിക്കുമെന്നും ധാരാളം വിശ്വസിക്കാവുന്നതാകുന്നു. ഈ പിതാവു ജീവനോടിരുന്നപ്പോൾ അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന സംഗതികൾ അദ്ദേഹത്തിന്റെ പ്രാർത്ഥനാശക്തി ഒന്നു കൊണ്ടു മാത്രം ക്ഷണനേരത്തിനിടയിൽ സാധിച്ചിട്ടുള്ള പല ദൃഷ്ടാന്തങ്ങൾക്കു ഇതു എഴുതുന്ന ആൾ ദൃക്സാക്ഷിയാണ്. ആകയാൽ ആത്മാവിൽ ആകുമ്പോൾ അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്കുണ്ടാകുന്ന ശക്തിയെക്കുറിച്ചു ഒട്ടും അതിശയിപ്പാനില്ല. ഈ വന്ദ്യപിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ. ആമ്മീൻ.

*(മലങ്കര ഇടവകപത്രിക, 1909 ചിങ്ങം)*

*(അടിവരകൾ എല്ലാം എഡിറ്റർ ചേർത്തതാണ്.)*

# "പരേതനായ പൊന്നു തിരുമേനി"

1. ഇന്നോളം മലബാർസഭയ്ക്കു പതിയായ് വാണോരുമൽതമ്പുരാൻ
വന്ദ്യൻ മാർ ഡയനീഷ്യസിന്നു സഭയെവിട്ടങ്ങു വേർപെട്ടഹോ!
ഇന്നാർക്കും മനതാരുടഞ്ഞു പതറും താതന്റെ വേർപാടിതിൽ
വന്നയ്യോ! ദുരിതം സഭയ്ക്കു വിധിയേ നീക്കാവതല്ലാർക്കുമേ.

2. പാർത്താലായിരമോടൊരെട്ടു തികയും കൊല്ലം ജനിച്ചുഴിയിൽ
കീർത്ത്യാ തൻ സഭതന്നനർത്ഥമഖിലം തീർത്തി മഹാപുണ്യവാൻ-
ഒത്തിങ്ങായിരമെമ്പതും പുനരഹോ നാലും തികഞ്ഞാണ്ടിലി-
ങ്ങൊത്തോരീയിരുപത്തിയെട്ടുമിഥുനം നാളിൽ ഗമിച്ചു ദിവി.

3. ദൈവത്തിൻ ദാസനായിത്തിരുജനനിരയെ കാത്തു പാലിച്ചൊരാ മാർ
ദീവന്നാസ്യോസു വന്ദ്യൻ തിരുകടമ തികച്ചുഴിയിൽ നിന്നു വാങ്ങി
ദേവേശൻ തന്റെ ലോകത്തമരുവതിനഹോ പോയതാം
വാർത്ത കേട്ടുൾ-
താവും സന്താപവാരാന്നിധിയതിലുഴറിക്കത്തിടുന്നെന്തുചെയ്യാം.

4. അയ്യയ്യോ! മമ പൊന്നുതാതനിവിടം വിട്ടെന്നതോർത്തിട്ടുമേ-
പൊയ്യല്ലേ തളരുന്നു മേനി നയനം നീരാൽ നിറഞ്ഞിന്നഹൊ!
കയ്യോടെൻ തിരുമേനി തന്റെ മരണം പാർത്താൽ സഹിക്കാവത-
ല്ലയ്യോ! സങ്കടമാരോടിന്നു പറയുന്നില്ലാരുമീയൂഴിയിൽ

5. എല്ലാവർക്കുമനന്ദമോദമരുളും വാക്കെന്നു കേൾക്കുന്നു ഞാ-
നുല്ലാസം മറയുന്നിനിക്കൊരുവനിന്നിപ്പോലെയുണ്ടാകുമോ
എല്ലാം തൻ സുതരെന്നമട്ടു ദിനവും പാലിച്ച തൻ വാണിതൻ,
ചൊല്ലാർന്നോരു ഗുണങ്ങളാർക്കു പറയാം തെല്ലല്ലതോർത്തീടുകിൽ

6. പൊന്നിൻ ശോഭകെടുത്തിടുന്ന തിരുദേഹത്തിന്റെ വർണ്ണം മന-
സ്സിന്നാർക്കും കുതുകം വരുത്തിടുവതാമൊന്നായിരുന്നൂ ദൃഢം
എന്നല്ലെൻ തിരുമേനി തന്റെ മുഖമൊന്നമ്പോടു നോക്കീടുകിൽ-
പിന്നെന്നും തിരുസന്നിധാനമതിലേ വാസം കൊതിക്കും മനം.

7. തൃക്കണ്ണിന്റെ കടാക്ഷമെന്റെ മനസ്സിൽ നിന്നങ്ങു നീങ്ങീടുമോ
നോക്കുമ്പോളൊരു പുഞ്ചിരിക്കു തരസാ ലോകം വശത്തായിടും,
ആർക്കും മോദമിയറ്റുമിത്തിരുമുഖം കാണ്മാനിജന്മത്തിനി-
പ്പാർക്കിൽ സാധ്യമതാകുമൊ തിരുമനസ്സെന്നെ വെടിഞ്ഞോ ദ്രുതം

8. പെട്ടെന്നെൻ തിരുമേനി തന്റെ മുഖമെൻ കണ്ണിനുകണ്ടപ്പളേ
ഞെട്ടിപ്പൊട്ടിയുടൻതളർന്നു ഹൃദയത്തട്ടന്നു വാട്ടംവിനാ-

കഷ്ടം, വാടിയൊരാനനം പുനരഹോ നോക്കീടുവാൻ ശക്തന-
ല്ലൊട്ടും ഞാനതുമട്ടു പാവയതുപോലായിച്ചമഞ്ഞു തദാ.

9. വിട്ടീലോകം മഹാത്മാവമരപുരിയതിൽ തന്റെ മക്കൾക്കു വാസം-
ചട്ടം കെട്ടുന്നതിന്നോ തിരുഗമനമതെന്നോർത്തിടാമില്ല തർക്കം
പെട്ടെന്നീലോകവാസം വെടിവതിനിടയായോരു സൌഭാഗ്യവാനി-
ക്കൂട്ടർക്കായിട്ടു നിത്യം സുരപതിനികടേ താണു യാചിക്കുമോർത്താൽ.

10. ആയുസ്സു നീണ്ടു തിരുമേനി ഭരിച്ചു കൊൾവാ-
നായിട്ടു ഞാനെഴുതി മംഗള മിത്രവേഗം,
ഈയൂഴിവിട്ട ചരിതം പറവാനുമയ്യോ
മായപ്രപഞ്ചമതിനാലിടയായി കഷ്ടം.

11. സത്യത്തിൽ സഭ കാത്തു ശത്രുനിരയിൽ നിന്നിങ്ങു മന്ദം വിനാ
പ്രത്യേകിച്ചു ഭരിച്ച പൊന്നുപതി തൻ സാരങ്ങളോരോന്നു ഞാൻ,
ഓർത്തിട്ടാശ നശിച്ചിടുന്നു വിധിയേനീക്കുന്നതാർക്കും പണി.
പാർത്താലെൻ തിരുമേനി തന്റെ ചരിതം നൾകുന്നു ശോകം സദാ.

**ചെങ്ങന്നൂർ വി. ജി. തോമ്മസ്സ്**

1. കൊല്ലംതൊള്ളായിരത്തൊടൊരുശതമെഴുപത്താറുമെട്ടും തികഞ്ഞ-
ച്ചൊല്ലേറുന്നാനിമാസേ പരിചൊടിരുപതൊടെട്ടുമൊത്തുള്ളഹസ്സിൽ,
കല്യൻ മാർ ദീവന്നാസ്യോസ്സിതിപുകൾ പെരുകും ഭാഗ്യവാൻ ലോകവാസം
മെല്ലെന്നാഹന്ത! വിട്ടിത്തിരുസഭയതിനെകൈവെടിഞ്ഞോ പിരിഞ്ഞോ.

2. ഇക്കാണും തൻജനങ്ങൾക്കതിദുരിതമഹോ ചേർക്കുവാനായ് തുനിഞ്ഞോ-
രൂക്കേറും ശത്രുവിൽ നിന്നതിമഹിമയോടുദ്ധാരണം ചെയ്ത വന്ദ്യൻ,
ആർക്കും സന്തോഷമേറും ഗുണഗണനിധിയായ് വാണ താതൻ വിയോഗം
ചേർക്കുന്നെന്നുൾത്തടത്തിൽ നിരവധിപരിതാപം സഹിക്കാവതല്ലേ.

**ചെമ്പോത്തനാൽ സി. കുര്യൻ**

3. ഖേദം ദൂരത്തകറ്റിത്തിരുസുതരെ ഭരിച്ചോരു സർവ്വേശദാസൻ
മാർദീവന്നാസിയോസാം മമ പതിഭുവനം കൈവെടിഞ്ഞൊ വലഞ്ഞോ-
ഖേദക്കൂപത്തിലായൊ സഭയിതുവിധിയൊ കഷ്ടകാലം നിനച്ചാൽ
മോദം ദൂരത്തകന്നു മമ ഹൃദയതടം വെന്തു നീറുന്നു കഷ്ടം.

**തേരടിയിൽ സി. കുര്യൻ**

ഭൂവിൽ നൽകീർത്തി വർഷിച്ചഴകൊടു സുറിയൻ ക്രിസ്ത്യരേ
കാത്തോരീ മാർ
ദീവന്നാസ്യോസ്സതാകും തിരുവടി പരലോകത്തിലിത്തവ്വിലയ്യോ
താവും മോദേന ചെന്നീപ്പെരിയപുകളെഴും പട്ടമേറ്റെങ്കിലുംപാ-
രീവന്ദ്യാത്മാവു കൈവിട്ടതു ബത! നിരുപിച്ചുൾത്തടം കത്തിടുന്നു.

**സിറിയൻ ക്ലബ്**

ഭൂവിൽ പേർ പൊങ്ങിടുന്നസ്സഭയുടെയധിപൻ താതനായ് തൻ
സഭയ്ക്കായ്
കൈവന്നാ വൻ വിപത്താസ്സകലവുമകലത്താക്കിയാധീരഥ്യൻ
"ദീവന്നാസ്സ്യോസ്സി"തെന്നിയുലകിടമഖിലം കീർത്തിപൊങ്ങിച്ച ധീമാൻ

*(മലങ്കര ഇടവകപത്രിക, 1909, ചിങ്ങം, കന്നി ലക്കങ്ങളിൽ നിന്നും)*

# മലങ്കരേശമംഗള പ്രാർത്ഥന

("വഞ്ചിഭൂമിപതെചിരം" എന്ന മട്ടു*)

പല്ലവി

ദൈവമെ! കൈക്കൊൾക, വാനെ
ദീവന്നാസ്യോസാമാബൂനെ... ദൈവമെ കൈക്കൊൾക, വാനെ

അനുപല്ലവി

കണ്ണുനീരല്ലാതെ കയ്യിൽ
ഒന്നുമില്ലാതലഞ്ഞോനെ... ദൈവമെ! കൈക്കൊൾക, വാനെ (2)
ദുഷ്ക്കരമാം ജയം നേടാൻ
ത്വൽകരം കണ്ടെഴുന്നോനെ... ദൈവമെ! കൈക്കൊൾക വാനെ (3)
മോടിയായ് തൻ സഭയ്ക്കായ്പോ-
രാടിയാ നിന്നടിയാനെ... ദൈവമെ! കൈക്കൊൾക, വാനെ (4)
പാടനേകം ചെയ്തു താനെ
ആടിനെ വീണ്ടെടുത്തോനെ... ദൈവമെ! കൈക്കൊൾക, വാനെ (5)
ഞങ്ങളെപ്പാലിച്ചനേകം
മംഗളം ചേർത്തുതന്നോനെ... ദൈവമെ! കൈക്കൊൾക, വാനെ (6)
ജീവകാലമാകെ നിന്റെ
സേവകനായിരുന്നോനെ... ദൈവമെ! കൈക്കൊൾക, വാനെ (7)
ശുദ്ധതയേറുന്നാ ദിവ്യ
സ്വസ്ഥതയിലാക്കേണമെ... ദൈവമെ! കൈക്കൊൾക, വാനെ
ദീവന്നാസ്യോസാമാബൂനെ... ദൈവമെ.

* എന്മകനെകണ്മണിയെ... എന്ന മട്ടിലും പാടാം.

**പി. കെ. കൊച്ചീപ്പൻ തരകൻ**

*(മലങ്കര ഇടവകപത്രിക, 1909 തുലാം)*

# പരേതനായ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഓർമ്മ

മലങ്കര സുറിയാനിസഭയുടെ യഥാർത്ഥ നായകനായി നാല്പതില്പരം സംവത്സരം പ്രശസ്തമാംവണ്ണം ഈ സഭയെ ഭരിച്ചു നിത്യസ്മാരകത്തിനു യോഗ്യനായിത്തീർന്ന കാലംചെയ്ത ഈ വന്ദ്യപിതാവിന്റെ ഒരാണ്ടടിയന്തിരം ഈ മിഥുനം 29-നു ചൊവ്വാഴ്ച വിശുദ്ധ പത്രോസ് പൌലൂസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം കോട്ടയത്തു സിമ്മനാരിയിൽവച്ചു അനേകം പള്ളിക്കാരുടെ സാന്നിദ്ധ്യത്തോടുകൂടെ ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. ഈ ശുഭ ദിനം ഏറ്റവും മംഗളമായി കൊണ്ടാടണമെന്നുള്ള ഉദ്ദേശത്തോടുകൂടെ മലങ്കരയുടെ നി.വ.ദി.ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കാലെക്കൂട്ടി സിമ്മനാരിയിൽ എഴുന്നെള്ളിയിരുന്നു എല്ലാ പള്ളിക്കാർക്കും അറിവു കൊടുക്കയും വേണ്ട ഒരുക്കങ്ങൾ മുമ്പിൽക്കൂട്ടി ചെയ്യിക്കയും ചെയ്തിരുന്നു. വലിയ തിരുമേനിയുടെ എല്ലാ അടിയന്തരങ്ങൾക്കും കണ്ടുവന്നിരുന്നതുപോലെ കഠിനമായി വർഷിച്ചുകൊണ്ടിരുന്ന വർഷം ഈ അടിയന്തിരത്തിന്റെ ആവശ്യത്തിനെന്നപോലെ ഞായറാഴ്ച മുതൽ മാറിത്തരികയാൽ ഇതിൽ സംബന്ധിപ്പാൻ ആഗ്രഹിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനികൾക്കു സുഖമായി സഞ്ചാരം ചെയ്വാൻ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. അടിയന്തിരത്തിനു കുറച്ചുദിവസം മുമ്പുകൂട്ടി നി.വ.ദി.ശ്രീ. മാർ കൂറിലോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും തലേദിവസം നി.വ.ദി.ശ്രീ. മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും സ്ഥലത്തു എഴുന്നെള്ളുകയും അവരുടെയും സാന്നിദ്ധ്യത്താൽ ഈ സ്മാരകത്തെ അലംകൃതമാക്കയും ചെയ്തു. കുന്ദംകുളങ്ങര മുതൽ തെക്കെ അറ്റംവരെ ഒട്ടുവളരെ പള്ളികളിലെ പട്ടക്കാരും പ്രമാണികളും തിങ്കളാഴ്ച സന്ധ്യയ്ക്കു മുമ്പായി ഹാജർ കൊടുത്തു. തിങ്കളാഴ്ച സന്ധ്യയ്ക്കു മാർ അൽവാറീസ് മെത്രാപ്പോലീത്താ ഉൾപ്പെടെ നാലു തിരുമേനികളും വൈദീകഗണങ്ങളുടെ അകമ്പടിയോടുകൂടി പള്ളിയിൽ എഴുന്നെള്ളി അന്നത്തെ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തിയശേഷം ആഘോഷപൂർവ്വം സിമ്മനാരി സൌധത്തിലേക്കു എട്ടു മണിയോടുകൂടെ തിരിച്ചു എഴുന്നെള്ളി കൂടിയ ജനങ്ങൾക്കു ആശീർവ്വാദം കല്പിച്ചു. ആ സമയം സിമ്മനാരിയുടെ നടുമിറ്റം ദീപാവലികളാൽ അലംകൃതമായിരുന്നു.

അനന്തരം കൂടിയിരുന്ന വൈദികന്മാർ നാനാവിഭവങ്ങളോടുകൂടി

ഭക്ഷണം കഴിച്ചശേഷം രാത്രി ഒമ്പതു മണിക്കു പതിവുംപ്രകാരമുള്ള പ്രദക്ഷിണം കഴിച്ചു. കോട്ടയത്തുകാരും വൈക്കത്തുകാരുമായി രണ്ടു കൂട്ടം വെടിക്കെട്ടുകാർ രണ്ടു മണിക്കൂറിൽ അധികനേരം മത്സരിച്ചു നടത്തിയ വെടിക്കെട്ടും കരിമരുന്നു പ്രയോഗങ്ങളും അതിവിശേഷങ്ങളായിരുന്നു എന്നല്ലാതെ പറവാൻ പ്രയാസം. ചൊവ്വാഴ്ച രാവിലെ മുറയ്ക്കുള്ള ശുശ്രൂഷകളും മൂന്നു തിരുമേനികളും കൂടി പരേതനായ തിരുമേനിക്കു വേണ്ടി മൂന്നിന്മേൽ കുർബ്ബാനയും അനുഷ്ടിച്ചു. കുർബ്ബാനമദ്ധ്യേ മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കശീശാ അവർകൾ കാലം ചെയ്ത തിരുമേനിയുടെ ജീവിതമാഹാത്മ്യത്തേയും അദ്ദേഹത്തോടു സുറിയാനിസമുദായത്തിനു കടമയുള്ള സ്നേഹബഹുമാനാദികളേയും അദ്ദേഹത്തിൽനിന്നു എല്ലാവരും കണ്ടുപഠിക്കാനുള്ള മാതൃകാനടപടികളേയും മറ്റും വിവരിച്ചു അതിവിശേഷവും യുക്തിയുക്തവുമായ ഒരു പ്രസംഗം പറഞ്ഞു. കുർബ്ബാനാനന്തരം കബറുങ്കലെ ശുശ്രൂഷയും ആശീർവാദവും കഴിച്ചു വൈദീകന്മാർക്കും മറ്റും മൃഷ്ടാന്നമായ ഭോജനം കൊടുത്തശേഷം രണ്ടുമണിയോടുകൂടി അടുത്ത പള്ളികളിൽനിന്നു വന്നിരുന്ന വെള്ളിക്കുരിശുകൾ കൊട, കൊടി മുതലായ ആഘോഷങ്ങളോടു കൂടി സ്ലീബാ ആഘോഷം നടത്തിയശേഷം സിമ്മനാരിയിലെ ഭൃത്യഗണങ്ങളുടെ പരിശ്രമത്താൽ ഉണ്ടാക്കിക്കൊണ്ടുവന്നിരുന്ന അനേകായിരം ഏറുപടക്കങ്ങളുടെ പ്രയോഗം ആരുടെയും ദൃഷ്ടിയെ അങ്ങോട്ടു ആകർഷിക്കാതിരുന്നില്ല.

തിരുമേനിയുടെ കബറിങ്കൽ അനേകം വഴിപാടുകൾ വന്നിരുന്നതിൽ ചിലതു വിശേഷവിധിയായി പ്രസ്താവയോഗ്യങ്ങളായിരുന്നു. കുമരകം ശ്രീമൂലം ഡിസ്പൻസറിയിലെ വൈദ്യൻ ഡാക്ടർ എം. ഐ. പീലിപ്പ് മസൂരി ചികിത്സയിൽ അസാധാരണ ഖ്യാതി സമ്പാദിച്ചിട്ടുള്ള വിവരം ഏറെക്കുറെ പലർക്കും അറിഞ്ഞിരിപ്പാൻ ഇടയുണ്ടല്ലൊ. തിരുവാർപ്പു, കുമരകം, ഒളശ ഈ സ്ഥലങ്ങളിലെ ചില പ്രധാന കുടുംബങ്ങളിൽ വാത്സല്യ ഭാജനങ്ങളായിരുന്ന മൂന്നു മഹാന്മാർ ഡാക്ടർ പീലിപ്പിന്റെ ചികിത്സാ നൈപുണ്യം കൊണ്ടുമാത്രം മസൂരി ദീനത്തിൽ നിന്നു രക്ഷപെട്ടിട്ടുള്ള വിവരം പ്രസിദ്ധമാണു. ഒരിക്കലും സുഖപ്പെടുത്തുവാൻ പാടില്ലാത്തതെന്നു വിശ്രുതന്മാരായ നാട്ടുവൈദ്യന്മാർ വിധിച്ചു കൈഒഴികയും പരലോക പ്രാപ്തിക്കുള്ള ഒരുക്കമായ അന്ത്യകൂദാശ മുതലായതു കഴിക്കപ്പെടുകയും ചെയ്തുവരുന്ന ഈ രോഗികളെ മിസ്റ്റർ പീലിപ്പു ആശ്ചര്യകരമായവിധത്തിൽ സുഖപ്പെടുത്തിയിരിക്കുന്നു. ഇവരിൽ ഒളശയിൽ ചിറയിൽ ചാണ്ടിക്കുഞ്ഞു എന്നയാളിനെ സുഖപ്പെടുത്തിയതിന്റെ സന്തോഷത്തിനായി ചീരട്ടമൺ മൂസ്സു മുതലായി തദ്ദേശവാസികളായ എല്ലാ മഹാന്മാരും ചേർന്നു മിസ്റ്റർ പീലിപ്പിനു ഒരു മംഗളപത്രവും മുന്നൂറു രൂപ

സംഭാവനയും സമർപ്പിച്ചതിനെ സ്വീകരിച്ചുകൊണ്ടു അദ്ദേഹം ഒരു ഓടി വള്ളത്തിൽ കോട്ടയത്തു പുത്തനങ്ങാടിയിലേക്കു ഞായറാഴ്ച രാത്രി യിൽ യാത്രചെയ്യുമ്പോൾ പുത്തനായി വെട്ടിത്തുറന്ന അറത്തൂട്ടിൽ തോടിന്റെ വായിക്കൽവെച്ചു വള്ളം മറിഞ്ഞു വള്ളത്തിൽ ഉണ്ടായിരുന്ന സമസ്തവും നഷ്ടപ്പെട്ടു പോയി. പല മുങ്ങുകാരും ഇറങ്ങി തപ്പിയിട്ടും നഷ്ടപ്പെട്ടുപോയ പണസഞ്ചി കണ്ടുകിട്ടിയില്ല. കടശി മിസ്റ്റർ പീലിപ്പു പരേതനായ വലിയതിരുമേനിയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ആശ്ര യിച്ചു വഴിപാടു നേർന്നുംകൊണ്ടു ആളിറക്കി മുങ്ങിച്ചപ്പോൾ ഒരു പ്രയാ സവും കൂടാതെ നഷ്ടപ്പെട്ടുപോയ പണസഞ്ചിയും മറ്റുള്ള സാമാനങ്ങളും കിട്ടിയതിന്റെ കൃതജ്ഞതാസൂചകമായി പെരുനാൾദിവസം മിസ്റ്റർ പീലിപ്പ് രണ്ടുമൂന്നു കളിവള്ളങ്ങളോടു കൂടി കുമരകത്തുനിന്നു വന്നു സിമ്മനാ രിക്കടവിൽ നിന്ന് തിരുമേനിയെ പുകഴ്ത്തി പാട്ടുകൾ പാടി വള്ളം കളി പ്പിക്കയും 30 രൂപാ വഴിപാടായി തിരുമനസ്സിലെ കബറിങ്കൽ സമർപ്പി ക്കയും ചെയ്തു. ഇതുപോലെ തന്നെ കാണാതെപോയ വള്ളങ്ങൾ കണ്ടു കിട്ടിയതിന്റെ കൃതജ്ഞതാസൂചകമായി വെള്ളികൊണ്ടു തീർത്ത ചെറിയ വള്ളങ്ങൾ, രോഗശമനങ്ങൾക്കു കൃതജ്ഞതാസൂചകമായി വെള്ളിയും പൊന്നും കൊണ്ടുള്ള കണ്ണു, കാൽ മുതലായ സാമാനങ്ങൾ, ഇങ്ങനെ പല വഴിപാടുകൾ കബറിങ്കൽ വന്നിരുന്നു. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥ തയുടെ ശക്തിയ്ക്കു ഇതും ഒരു സാക്ഷിയാണെന്നു വിശ്വാസികൾ ധരി ച്ചിരിക്കേണ്ടതാണ്.

വലിയ തിരുമേനിയുടെ ഒരാണ്ടടിയന്തിരം ഈ വിധം ഭംഗിയാക്കുന്ന തിനു പരിശ്രമിച്ച സിമ്മനാരി മാനേജർ ദി. ശ്രീ. മട്ടയ്ക്കൽ അച്ചൻ അവർ കൾക്കും മെസ്സെഷ്സു കുന്നുമ്പുറത്തു സി. ജെ. ജോൺ, എറികാട്ടു യൌസേഫു മുതലായ ഭാരവാഹികൾക്കും ഞങ്ങൾ നന്ദി പറഞ്ഞുകൊ ള്ളുന്നു.

*(മലങ്കര ഇടവകപത്രിക, 1910 മിഥുനം)*



## ഭാഗം നാല്

# ആധുനിക കാണ്ഡം

# മലങ്കരസഭാപൈതൃകത്തിന്റെ കാവൽക്കാരൻ

## ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ

പത്തൊമ്പതാം നൂറ്റാണ്ട് ഭാരതത്തിനു പൊതുവിലും, മലയാളനാടിനു പ്രത്യേകിച്ചും ഒരു സാംസ്ക്കാരിക നവോത്ഥാന കാലമായിരുന്നു. രാഷ്ട്രീയ അടിമത്തവും, സാമ്പത്തിക പിന്നോക്കാവസ്ഥയും, സാമൂഹ്യ ഉച്ചനീചത്വങ്ങളും ഒരു വശത്തുണ്ടായിരുന്നുവെങ്കിലും, സ്വാതന്ത്ര്യ ദാഹവും, വ്യാവസായിക പുരോഗതിയും, വിദ്യാവികാസത്തോടു ബന്ധപ്പെട്ട സാമൂഹ്യമാറ്റങ്ങളും മറുവശത്ത് വ്യക്തമായിക്കൊണ്ടിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിലേക്ക് നാട്ടുരാജ്യങ്ങൾ ഓരോന്നും ചേർക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലം. ബംഗാളിന്റെ മണ്ണിൽ രാജാറാം മോഹൻ റോയി (1772-1833) ബ്രഹ്മസമാജിൽ കൂടി ഹിന്ദുനവോത്ഥാനത്തിനു തുടക്കം കുറിച്ചു. ദേബേന്ദ്രനാഥ ടാഗോറും (1817-1905) കെഷബ് ചന്ദ്ര സെന്നും (1838-1884) ബ്രഹ്മസമാജിന്റെ പിൽക്കാല നേതാക്കളായി പ്രവർത്തിക്കുന്ന കാലം. യാഥാസ്ഥിതിക ഹിന്ദു നവോത്ഥാനപ്രസ്ഥാനമായി ദയാനന്ദസരസ്വതി (1824-1883) ആരംഭിച്ച ആര്യസമാജം രംഗത്തുണ്ടായിരുന്നു. ഇതേ കാലഘട്ടത്തിലാണ് രാമകൃഷ്ണപരമഹംസർ (1836-1886) ഒരു ആധ്യാത്മിക തേജസായി വിവേകാനന്ദനെ (1863-1902) പ്പോലുള്ള പലരെയും സ്വാധീനിച്ചത്. ഇക്കാലത്തു തന്നെ, മലയാളക്കരയിൽ ബഹുമുഖ നവോത്ഥാനത്തിന് തുടക്കം കുറിച്ചത് ഒരു ക്രൈസ്തവ പുരോഹിതശ്രേഷ്ഠനാണ്. പക്ഷെ, അദ്ദേഹത്തെ വേണ്ടപോലെ ആരും അറിഞ്ഞില്ല. അദ്ദേഹം ജനിച്ചത് 1833-ൽ. ദേഹവിയോഗം 1909-ൽ. അദ്ദേഹമാണ്, മലങ്കരയുടെ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്താ അഥവാ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ. അദ്ദേഹത്തിന് ഇരുപത്തൊന്നു വയസ്സുള്ളപ്പോഴാണ് ശ്രീനാരായണ ഗുരു ജനിച്ചത്. വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ ശ്രീനാരായണഗുരു (1854-1928) ഉപദേശിക്കുന്ന സമയത്ത്, മാർ ദീവന്നാസ്യോസിന്റെ പ്രേരണയാൽ ജാതി മതഭേദമില്ലാതെ കുട്ടികൾക്ക് പഠിക്കുവാൻ ഇരുനൂറ്റമ്പത്തോളം പ്രാഥമിക വിദ്യാലയങ്ങൾ മലയാളനാട്ടിൽ നടക്കുന്നുണ്ടായിരുന്നു. 'കേരളം' രൂപപ്പെടുത്തുന്നതിനു മുമ്പേ, "കേരളപതാക" എന്ന വാർത്താപത്രിക പ്രസിദ്ധീകരിച്ചുകൊണ്ട് മാർ ദീവന്നാസ്യോസ് പത്രപ്രവർത്തനത്തിന് മുന്നിട്ടിറങ്ങി. അതിനും മുമ്പേ, അദ്ദേഹം സ്വന്തമായി പ്രസുണ്ടാക്കി പുസ്തകങ്ങൾ അച്ചടിച്ചു, വിതരണം ചെയ്തു.

മാർ ദീവന്നാസ്യോസ് വ്യക്തമായ സാമൂഹ്യദർശനത്തോടെയാണ് സഭയ്ക്കും സമൂഹത്തിനും നേതൃത്വം നൽകിയത്. അധഃസ്ഥിതരോട് മാന്യമായി പെരുമാറാൻ ഉപദേശിക്കയും അവർക്ക് ശുചിത്വബോധനവും സുവിശേഷവെളിച്ചവും നൽകാൻ ഉത്സാഹിക്കുകയും ചെയ്തു. 'നസ്രാണി ദീപിക' (ദീപിക പത്രത്തിന്റെ ആദ്യ പേര്) ആരംഭിച്ചത് അദ്ദേഹവും നിധീരിക്കൽ മാണിക്കത്തനാരും കൂടി ആരംഭിച്ച 'നസ്രാണി ജാത്യൈക്യസംഘ'ത്തിന്റെ പ്രചോദനമായാണ്. 'മലയാള മനോരമ' തുടങ്ങുന്നതിലും അദ്ദേഹം പ്രമുഖ പങ്കു വഹിച്ചു; സ്ഥലസൗകര്യവും സാമ്പത്തിക സഹായവും നൽകി സഹായിക്കുകയും ചെയ്തു. സർക്കാർ സർവ്വീസിൽ മലയാളികൾക്ക് അനുഭവപ്പെട്ട അവഗണനയ്ക്കെതിരെ അധികാരികൾക്ക് മെമ്മോറാണ്ടം നൽകുവാൻ ആദ്യം പ്രവർത്തിച്ചവരിൽ മലങ്കരയുടെ മെത്രാപ്പോലീത്തായായിരുന്ന മാർ ദീവന്നാസ്യോസും ഉണ്ടായിരുന്നു.

മേല്പറഞ്ഞതരത്തിൽ മലയാളത്തിനും, മലയാളനാടിനും നവോത്ഥാന നായകനായി പ്രവർത്തിക്കുമ്പോൾ, മാർ ദീവന്നാസ്യോസ് ഗൗരവപൂർവ്വം ചിന്തിച്ചതും പ്രവർത്തിച്ചതും മറ്റൊരു കാര്യത്തിൽ കൂടിയാണ്: മലങ്കരയിലെ പൗരാണിക ക്രിസ്തീയ സമൂഹത്തിന്റെ സ്വത്വം കാത്തു സൂക്ഷിക്കുവാൻ.

ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാശ്ലീഹാ ഈ മണ്ണിൽ വന്ന് സ്ഥാപിച്ച ക്രൈസ്തവ സമൂഹത്തിന്റെ തനതു പൈതൃകം കാത്തുസൂക്ഷിക്കുവാൻ ഒരു പോരാട്ടത്തിലേക്കാണ് അദ്ദേഹം വഴുതി വീണത്. ഒരു വശത്ത് പൗരസ്ത്യ ആദ്ധ്യാത്മിക പാരമ്പര്യം കാത്തുസൂക്ഷിച്ചിരുന്ന സുറിയാനി സഭാ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ സഭാസ്വാതന്ത്ര്യം കൈവിടാതെ സൂക്ഷിക്കുന്ന പോരാട്ടം. മറുവശത്ത്, പ്രൊട്ടസ്റ്റന്റ് നവീകരണ കുത്തൊഴുക്കിനെതിരെ പൗരസ്ത്യ ആദ്ധ്യാത്മിക പാരമ്പര്യത്തെ തദ്ദേശീയ രൂപഭാവങ്ങളോടെ ശക്തിപ്പെടുത്തുവാനുള്ള പോരാട്ടം. ഈ പോരാട്ടത്തിൽ അദ്ദേഹം ബുദ്ധിപൂർവ്വവും പ്രാർത്ഥനാപൂർവ്വവും പ്രവേശിക്കാതിരുന്നുവെങ്കിൽ, ഓർത്തഡോക്സ് സഭ എന്ന ഭാരതത്തിലെ ഏറ്റവും പുരാതന ദേശീയസഭ ഇന്നുണ്ടാകുമായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ്, 'കേരള' സംസ്ഥാനം രൂപപ്പെടുന്നതിനു മുമ്പു ഒരു ജനായത്ത സംവിധാനത്തിലുള്ള സഭാപാർലമെന്റ് അഥവാ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ രൂപീകരിക്കുവാനുള്ള ദർശനം മാർ ദീവന്നാസ്യോസിനുണ്ടായിരുന്നു. അതിൽകൂടി മലയാളക്കരയിലെ ആദ്യ സാമുദായികസംഘടനയ്ക്കും അദ്ദേഹം പ്രാരംഭം കുറിച്ചു.

അങ്ങനെ, നാടിന്റെ നവോത്ഥാനവും, സഭയുടെ കെട്ടുപണിയും

സമന്വയിപ്പിച്ച് നേതൃത്വം നൽകിയ മാർ ദീവന്നാസ്യോസിനെ വേണ്ടവിധത്തിൽ മനസിലാക്കാനോ ബഹുമാനിക്കുവാനോ കഴിയാതെ പോയത് യാദൃശ്ചികമോ ബോധപൂർവ്വമോ എന്നറിയില്ല. ഈ കുറവ്, ആ ധന്യാത്മാവിന്റെ ദേഹവിയോഗത്തിന്റെ നൂറാം വർഷമെങ്കിലും പരിഹരിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ ഗ്രന്ഥം. മലങ്കര ഓർത്തഡോക്സ് സഭ അദ്ദേഹത്തിന് 'മലങ്കര സഭാതേജസ്' എന്ന അഭിധാനം നൽകുകയും, ദേഹവിയോഗ ശതാബ്ദി സമ്മേളനങ്ങളും മറ്റും കുന്നംകുളത്തും കോട്ടയത്തും പത്തനംതിട്ടയിലും പരുമലയിലുമായി നടത്തുകയും ചെയ്തു. കൂടാതെ, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹത്തിന്റെ നാമത്തിൽ അവാർഡുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയുമുണ്ടായി.

ഈ ഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുന്നു. ഇക്കാര്യത്തിൽ ഉത്സാഹം കാണിച്ച ശതാബ്ദി ആഘോഷക്കമ്മിറ്റിയെയും, എം.ഒ.സി. പബ്ലിക്കേഷൻസിന്റെ അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് പിതാവിനെയും, സെക്രട്ടറി തോമസ് വർഗീസ് കത്തനാരെയും, നമ്മുടെ സന്തോഷവും നന്ദിയും അറിയിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ എഡിറ്റോറിയൽ സമിതിയെയും, ചീഫ് എഡിറ്റർ ജേക്കബ് കുര്യനച്ചനെയും, ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

ഈ ഗ്രന്ഥം കുറ്റമറ്റതെന്ന് അവകാശപ്പെടുന്നില്ല. പക്ഷെ, മാർ ദീവന്നാസ്യോസിനെ ഒരു പുതിയ കാഴ്ചപ്പാടിൽ കാണുവാൻ ഈ ഗ്രന്ഥം സഹായിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കേരള നവോത്ഥാന ചരിത്രത്തിന്റെ സമ്പൂർണ്ണതയ്ക്ക് ഈ പുസ്തകവും വഴി തെളിക്കും എന്ന് ആശിക്കുന്നു. ഈ ഗ്രന്ഥം മൂലം, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന് സഭാചരിത്രത്തിലെ സ്ഥാനം, സുറിയാനിസഭാ പാത്രിയർക്കീസിന്റെ കീഴിൽ സഭയെ തളച്ച് കേസുകളിലേക്ക് സഭയെ തെളിച്ച സഭാനേതാവ് എന്നതിനു പകരം, പാത്രിയർക്കീസിന് കൊടുക്കാവുന്ന ബഹുമാനം കൊടുത്തുകൊണ്ട് നിർത്തേണ്ടിടത്തു നിർത്തി സഭയ്ക്ക് സമഗ്രമായ ദർശനവും വികസനവും ഉറപ്പാക്കിയ മഹാൻ എന്നതാണെന്ന് തിരിച്ചറിയുവാൻ സാധിക്കുമെന്നും വിചാരിക്കുന്നു.

(*യുഗതേജസ്സ്* (എഡി. ഫാ. ഡോ. ജേക്കബ് കുര്യൻ, എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം, 2010) എന്ന ഗ്രന്ഥത്തിൽ നിന്നും)

# ആധുനിക മലങ്കരസഭയുടെ രാജശില്പി: ജീവിതരേഖ

## ഫാ. ഡോ. ജോസഫ് ചീരൻ

**ഉപക്രമം**

പൂർവ്വീകവും വ്യവസ്ഥാപിതവുമായ ധർമ്മ സംവിധാന ചക്രത്തിന് ച്യുതിയും ഗ്ലാനിയും ഏൽക്കുമ്പോൾ തൽ പുനഃസ്ഥാപനാർത്ഥം അവതാരങ്ങളോ ദൈവിക ഇടപെടലുകളോ സംഭവിക്കുന്നതായി ഭഗവത്ഗീത സൂചിപ്പിക്കുന്നു.[1] താദൃശമായ അവതാരകൃത്യം നിർവ്വഹിച്ച ഒരു സംക്രമണ പ്രതിഭയുടെ ചിത്രമാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ നമുക്ക് സമ്മാനിക്കുന്നത്. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് നാം ആർജ്ജിച്ച ക്രൈസ്തവ ബോധ്യങ്ങളും പൗരസ്ത്യ സമ്പ്രദായങ്ങളിൽ അധിഷ്ഠിതമായ ആരാധനാശൈലികളും ആണ് മലങ്കരസഭയുടെ പ്രാചീനവും വ്യവസ്ഥാപിതവുമായ ധർമ്മ വ്യവസ്ഥിതിയുടെ മൂലക്കല്ല്. 19-ാം നൂറ്റാണ്ടിന്റെ ആദ്യശതകം മുതൽ അപായരഹിതമെന്ന് പ്രഥമദൃഷ്ട്യാ തോന്നിപ്പിക്കുന്ന ഗവേഷണ പഠനപര്യടനത്തിൽ[2] നിന്ന് ആരംഭിച്ച് കോട്ടയം പഴയസെമിനാരിയുടെ സ്ഥാപനത്തിലെ പങ്കാളിത്തവും അധ്യാപനവുമായി വികസിച്ച്[3] സെമിനാരിയുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കുന്ന അധീശശക്തിയായി പരിണമിച്ച പാശ്ചാത്യ മിഷണറിമാരുടെ നവീകരണ വ്യഗ്രതകളാണ് ആസുരമായ ആവേശത്തോടെ മലങ്കരസഭയുടെ അസ്തിത്വത്തിന് മുമ്പിൽ ഭീഷണവും ആകർഷകവും ആയ തടങ്കൽപ്പാറകൾ സൃഷ്ടിച്ചത്. ആംഗ്ലേയ ഭരണത്തിന്റെ പിടിയിൽ അനുക്ഷണം അമർന്നുകൊണ്ടേയിരുന്ന രാഷ്ട്രീയ അന്തരീക്ഷം[4] പാശ്ചാത്യവത്കരണത്തിന്റെ പിടിമുറുക്കത്തെ അപ്രതിരോധ്യമാക്കി. ലോകമെങ്ങും പാശ്ചാത്യരുടെ അധിനിവേശം വിദേശ കോളനികൾ രൂപപ്പെടുത്തിയതിന് സമാന്തരമായി ക്രൈസ്തവ സഭയിലും പാശ്ചാത്യശൈലിയിലുള്ള സഭാകോളനിയ്ക്ക് രൂപം നൽകാൻ സമ്മർദ്ദമേറിയ കാലമായിരുന്നു അത്. ആകർഷകമായ ഇംഗ്ലീഷ് ഭാഷയുടെ സാധ്യതകൾ, വ്യവസായവത്ക്കരണത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന വികസനം, സുസജ്ജമായ യുദ്ധക്കപ്പലുകളുടെ പിൻബലമുള്ള സൈന്യശക്തി, താരതമ്യേന സുസംഘടിതവും അച്ചടക്കപൂർണ്ണവുമായ ഭരണനിർവ്വഹണം തുടങ്ങിയ പ്രലോഭനീയവും വിഭ്രാമകവും ആയ മേധാവിത്ത ഘടകങ്ങൾ അവർ തന്ത്രപൂർവ്വം മെനഞ്ഞെടുത്ത അടിമത്തപാശത്തെ സ്വീകാര്യമാക്കി. മലയാളിയുടെ അപകർഷബോധം വെള്ളക്കാരന്റെ മേലാളത്ത മനോഭാവത്തെ ആദരപൂർവ്വം ഉൾക്കൊ

ള്ളുവാൻ സന്നദ്ധമായിരുന്നതിനാൽ മതരംഗത്തെ കോളനിവത്ക്കരണം താരതമ്യേന ക്ഷിപ്രസാധ്യമായിത്തീർന്നു. നാലു പതിറ്റാണ്ടുകളായി മലങ്കരസഭയിൽ കോളനി യജമാനന്മാർ തീർത്ത ആധിപത്യത്തിന്റെ സുവർണ്ണ ശൃംഖലയെ ചേപ്പാട്ടു മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ തകർത്തെറിഞ്ഞത് ഏറെ ക്ലേശിച്ചിട്ടായിരുന്നു.[5]

**2. പശ്ചാത്തലം**

പുറമെ വരിഞ്ഞുകെട്ടിയ നവീകരണപാശങ്ങൾ അറുത്തു കളഞ്ഞപ്പോഴും അനേകരുടെ ആത്മാവ് നവീകരണാശയങ്ങളുടെ ബന്ധനത്തിൽ തുടരുന്നത് ആദ്യകാലത്ത് അനേകരും അറിഞ്ഞില്ല. വെള്ളത്തിൽ സഞ്ചരിക്കുന്ന മഞ്ഞുമല പോലെ മലങ്കരസഭയെ ആഞ്ഞടിച്ചു തകർക്കുവാൻ പോന്ന സംഹാരശക്തി ജലോപരിതലത്തിൽ പ്രകടമാകാതിരുന്നതിനാൽ പലരും അതിന്റെ ഗൗരവ സ്വഭാവത്തെ വേണ്ടത്ര പരിഗണിച്ചില്ല സി.എം.എസ്. മിഷണറിമാർ കണക്കു പറഞ്ഞ് ഭാഗം വാങ്ങി പിരിഞ്ഞു പോയതോടെ അപകടവിമുക്തമായി എന്ന ആശ്വാസത്തിലായിരുന്നു അന്ന് മലങ്കരസഭ.

അക്കാലത്താണ് മാവേലിക്കര സുന്നഹദോസിൽ സംബന്ധിക്കാതിരുന്ന മാരാമണ്ണ് സ്വദേശിയും കോട്ടയം പഴയസെമിനാരിയിലെ സുറിയാനി മല്പാനുമായിരുന്ന പാലക്കുന്നത്ത് അബ്രഹാം കത്തനാർ പ്രോട്ടസ്റ്റന്റ് മിഷണറിമാരുടെ ഉപദേശങ്ങളോടുള്ള ആഭിമുഖ്യം പ്രകടമാക്കിയതും മലങ്കരസഭയിൽ പ്രോട്ടസ്റ്റന്റ് ആശയങ്ങൾക്കനുരൂപമായി നവീകരണം ആവശ്യമെന്നു പ്രചരിപ്പിച്ചതും.

നാലു കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് അബ്രഹാം മല്പാനച്ചൻ നവീകരണ പ്രചാരണം ആരംഭിച്ചത്.[6]

1. സഭയുടെ തക്സാകളിൽ നിന്ന് പരിശുദ്ധന്മാരോടുള്ള അപേക്ഷകൾ, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ എന്നിവയും വി. കുർബ്ബാനയെ സംബന്ധിച്ചിടത്തോളം തിരുവചനാനുസരണമല്ലാത്ത (എന്ന് നവീകരണാശയക്കാർക്ക് അഭിപ്രായമുള്ള) ഭാഗങ്ങളും നീക്കം ചെയ്യുകയോ ഭേദഗതി വരുത്തുകയോ ചെയ്യുക.

2. കൈക്കൊള്ളാൻ ആളില്ലാത്തപ്പോൾ വി. കുർബ്ബാന ചൊല്ലുന്ന ഏർപ്പാട് നിർത്തലാക്കുക.

3. പട്ടക്കാരനോട് പാപം ഏറ്റുപറഞ്ഞ് പാപമോചനം വാങ്ങിക്കണമെന്നുള്ള ഏർപ്പാട് നിർത്തലാക്കുക.

4. വി. കുർബ്ബാന രണ്ടായി കൊടുക്കുക.

## 3. ഗോലിയാത്ത് വെല്ലുവിളിക്കുന്നു

ദിവ്യനിയോഗപ്രകാരം ശമുവേൽ പ്രവാചകനാൽ അഭിഷേകം ചെയ്യപ്പെട്ട ശൗൽ രാജാവിന്റെ കാലത്ത് യിസ്രായേൽ നേരിട്ട 'ഗോലിയാത്ത്' ഭീഷണിയോട് സദൃശമായ ഒരു കാലാവസ്ഥയാണ് പാലക്കുന്നത്ത് മാർ അത്താനാസ്യോസിന്റെ രംഗപ്രവേശം മൂലം മലങ്കരസഭയിൽ സംജാതമായത്. അരോഗദൃഢഗാത്രനും മല്ലയുദ്ധ പ്രവീണനും ഗംഭീരപുരുഷനുമായ ഗോലിയാത്ത് ഇസ്രായേലിൽ അക്ഷരാർത്ഥത്തിൽത്തന്നെ നടുക്കം സൃഷ്ടിച്ചതുപോലെ തന്ത്രപ്രയോഗത്തിൽ മെയ്‌വഴക്കം നേടിയ അഭ്യാസിയും ഇംഗ്ലീഷ് ഭാഷ, ഇംഗ്ലീഷ് ഭരണാധികാരികളുടെ പിന്തുണ, 1852-ാം ആണ്ടിലെ രാജകീയ വിളംബരം, തദ്വാരാ നാട്ടുരാജാക്കന്മാരിൽ നിന്നും നിയമസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പരിരക്ഷ നേടിയ ആളുമായ പാലക്കുന്നത്ത് വലിയ മെത്രാച്ചന് അന്ത്യോഖ്യായുടെ മേൽവിലാസം എന്ന അവകാശവാദം കൂടി ആയപ്പോൾ മലങ്കരസഭയിലെ ആട്ടിൻകൂട്ടത്തെ ഞെട്ടിപ്പിക്കുന്ന സിംഹഗർജ്ജനം മുഴക്കുവാൻ പ്രയാസമുണ്ടായില്ല. ശൗൽ രാജാവിന്റെ സ്ഥാനത്ത് ദിവ്യനിയോഗത്താൽ അഭിഷിക്തനായ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ഇടയസ്ഥാനത്തുണ്ടായിരുന്നെങ്കിലും സർവപ്രകാരേണയും സുസജ്ജനായ നവീകരണ മെത്രാനെ വിജയകരമായി ചെറുക്കുവാൻ അദ്ദേഹം അശക്തനായിരുന്നു. കിടങ്ങൻ മാർ പീലക്സീനോസിൽ നിന്ന് ലഭിച്ച കൈവെപ്പ്പോലും വ്യർത്ഥമാണെന്ന് ആത്മാർത്ഥമായി വിശ്വസിച്ച് വിദേശീയനായ മാർ അത്താനാസ്യോസിൽ നിന്ന് അഴിച്ച് പട്ടമേല്ക്കുവാൻ സന്നദ്ധരായവരാണ് അദ്ദേഹത്തിന്റെ സീനിയർ വൈദികരിൽ പലരും എന്നത് അദ്ദേഹത്തെ മാനസികമായി ഏറെ തളർത്തിയിരുന്നു. അന്ത്യോഖ്യൻ പിൻബലമുള്ള വിദേശീയനായ മാർ അത്താനാസ്യോസിനെ സർക്കാർ പിന്തുണയോടെ കപ്പൽ കയറ്റി അയക്കുന്നതിൽ വിജയിച്ച ചേപ്പാട്ട് മെത്രാച്ചൻ, അന്ത്യോഖ്യയുടെയും സർക്കാരിന്റേയും പിന്തുണ ഉറപ്പാക്കിയ പാലക്കുന്നത്ത് മെത്രാച്ചനെ നേരിടുന്നതിൽ പരാജയപ്പെടുക തന്നെ ചെയ്തു. മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനത്തേയ്ക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സുസ്താത്തിക്കോൻ ഹാജരാക്കിയ യൂയാക്കീം മാർ കൂറിലോസിനെ അംഗീകരിക്കുവാൻ ചേപ്പാട്ട് മെത്രാച്ചൻ നൽകിയ അപേക്ഷ കൊല്ലം കമ്മിറ്റി 1848-ൽ നിരസിച്ചതോടെ മലങ്കരസഭയുടെ ശൗൽ രാജാവ് തീർത്തും നിർജ്ജീവനായി. മലങ്കരസഭയുടെ സ്തംഭനാവസ്ഥ പരിഹരിക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനപത്രവുമായി 1846-ൽ കൊച്ചിയിലെത്തിയ യൂയാക്കീം മാർ കൂറിലോസും അദ്ദേഹത്തെ ബലപ്പെടുത്തുവാൻ പാത്രിയർക്കീസ് അയച്ച സ്തേഫാനോസ് മാർ അത്താനാസ്യോസും സംഘവും (ഇവർ 1849-ൽ മലങ്കരയിലെത്തി) കൊച്ചി -

തിരുവിതാംകൂർ പ്രദേശത്ത് പള്ളികളിൽ പ്രവേശിച്ചു കൂടാ എന്ന ദിവാൻ ജിയുടെ സർക്കുലർ കല്പന 1038 (കൊല്ലവർഷം) പ്രസിദ്ധീകരിക്കപ്പെട്ടതോടെ സുറിയാനിക്കാരുടെ പാളയം നിശ്ശബ്ദമായി. പിന്നീട് സ്തേഫാനോസ് മാർ അത്താനാസ്യോസിന്റെ നിവേദനത്തിന്റെ ഫലമായി മെത്രാന്മാർക്ക് സഞ്ചാര സൗകര്യം ലഭ്യമായി എങ്കിലും നവീകരണ മെത്രാന്റെ നടപടികളെ പ്രതിരോധിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. ചേപ്പാട്ടു മെത്രാച്ചൻ പോലും ഒടുവിൽ ചെറുത്തുനിൽപ് അവസാനിപ്പിച്ചു. യൂയാക്കീം കൂറിലോസ് ആകട്ടെ, ചെറുത്തുനില്പ് നിഷ്പ്രയോജനമെന്നും പാലക്കുന്നത്ത് മാർ അത്താനാസ്യോസുമായി പരസ്പര ധാരണയിൽ കഴിയുന്നപക്ഷം അത് സാമ്പത്തിക ഗുണമുണ്ടാകുമെന്നും കണ്ടു. സഹോദരൻ മക്കുദിശാ ഗബ്രിയേൽ വഴി നവീകരണ മെത്രാനുമായി ബന്ധപ്പെടുകയും പരസ്പരം ശല്യപ്പെടുത്തേണ്ടതില്ല എന്ന ധാരണയിലെത്തുകയും ചെയ്തു. ഇതോടെ വടക്കൻ ഇടവകകളിൽ യൂയാക്കീം കൂറിലോസിന് സ്വാഗതം ലഭിച്ചു. അദ്ദേഹത്തിന് ആത്മസായൂജ്യമടയുവാൻ അത് ധാരാളം മതിയായിരുന്നു. അങ്ങനെ മലങ്കരസഭ നവീകരണ സംരംഭങ്ങൾക്കെതിരെ നടത്തിയ ഒന്നാമത്തെ പടയോട്ടം പരാജയത്തിൽ കലാശിച്ചു.

പടയോട്ടം നയിക്കുവാൻ കരുത്തുള്ള മെത്രാന്മാർക്കായി മലങ്കരസഭ വീണ്ടും പാത്രിയർക്കീസിന് അപേക്ഷകൾ അയച്ചു. അന്ത്യോഖ്യൻ മെത്രാന്മാർ ഈ രംഗത്ത് അമ്പേ പരാജയപ്പെട്ട കഥ യൂയാക്കീം മാർ കൂറിലോസിൽ നിന്ന് ഗ്രഹിച്ച പാത്രിയർക്കീസ് അനുകൂലമായി പ്രതികരിച്ചില്ല. അദ്ദേഹത്തിന്റെ ഒരു കല്പന സമാപിക്കുന്നത് ഇങ്ങനെ. "...... ഇവിടെനിന്നും മലയാളത്തിനു വന്ന മെത്രാന്മാർ വാർദ്ധക്യം കൊണ്ടും മറ്റും മരിച്ചതല്ലാതെ മലയാളത്തിലെ പള്ളികളെ സുഖത്തോടെ ഭരിച്ച വിവരം കാണ്മാനില്ലാത്തതിനാൽ ഇനിമേലിൽ ഇവിടെ നിന്ന് മെത്രാന്മാരെയും മറ്റും അങ്ങോട്ട് അയക്കുന്നതല്ല. അവിടെനിന്നും കൊള്ളാവുന്ന രണ്ടോമൂന്നോ കശ്ശീശന്മാരെ പറഞ്ഞയച്ചാൽ ശോധന ചെയ്ത് പഠിപ്പിച്ച് മെത്രാന്റെ സ്ഥാനം കൊടുത്തയക്കുന്നതാകുന്നു."[7] 1039 ധനു 8-ന് കോട്ടൂർ പള്ളിയിൽ പള്ളിപ്രതിപുരുഷയോഗം ചേർന്ന് വീണ്ടും അയച്ച അപേക്ഷ ഇങ്ങനെ: "ഇവിടങ്ങളിൽ കല്പനപ്രകാരം കൊള്ളാകുന്ന പട്ടക്കാർ ഇവിടെനിന്നും പോരുന്നതിനു മടിയായി വന്നിരിക്കുന്നതിനാൽ അവിടെ നിന്ന് രണ്ടു ബാവാമാരെയും പത്ത് റമ്പാന്മാരെയും വേണ്ടുന്ന പുസ്തകങ്ങളും മൂറോൻ മുതലായതും കൊടുത്തയക്കണം."[8]

## 4. ഗോലിയാത്തിനെ നേരിടാൻ ഒരു ദാവീദിനെ ദൈവം ഒരുക്കുന്നു

പാത്രിയർക്കീസിനുള്ള മറുപടി തയ്യാറാക്കിയപ്പോഴും കപ്പൽ യാത്ര

ചെയ്യുവാൻ സാഹസികതയുള്ള വൈദികരെ നേതാക്കൾ അന്വേഷിച്ചു കൊണ്ടേ ഇരുന്നു. 1815-ൽ കോട്ടയം വൈദികസെമിനാരിയുടെ പ്രഥമ ബാച്ചിലെ വൈദിക വിദ്യാർത്ഥിയും സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠ ശിഷ്യനുമായ ഇടവഴിക്കൽ പീലിപ്പോസ് എന്ന വൃദ്ധ വൈദികന്റെ ദൃഷ്ടികൾ തന്റെ സഹപാഠിയും കുന്നംകുളം പ്രദേശത്തെ വൈദിക നേതാവുമായ പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ സഹോദരപുത്രൻ ജോസഫ് എന്ന യുവ വൈദികനിൽ പതിച്ചു. കണ്ടനാട് ഗ്രന്ഥവരിയുടെ സമകാല സാക്ഷ്യം ശ്രദ്ധിക്കുക:

"പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ എഴുത്ത് തപാൽ വഴി അയക്കുന്നതിന് നിരൂപിച്ചിരിക്കുമ്പോൾ ആർത്താറ്റ് പള്ളി എടവകയിൽ കുന്നംകുളങ്ങര കമ്പോളത്തിൽ പുലിക്കോടൻ എന്ന് തറവാട്ട്പേർ വിളിക്കപ്പെടുന്ന മേക്കാട്ടുകുളങ്ങര ഇട്ടൂപ്പ് കത്തനാരച്ചന്റെ അനന്തരവൻ യൗസേഫ് കത്തനാരച്ചൻ മർദ്ദീനിൽ പാത്രിയർക്കീസ് ബാവായുടെ തിരുമുമ്പാകെ പോകാമെന്നും മറ്റും ബാവായ്ക്ക് (കൂറിലോസിന്) എഴുതി അയക്കുകയും യൂയാക്കീം കൂറിലോസ് പാത്രിയർക്കീസിന് ഇപ്രകാരം എഴുതുകയും ചെയ്തു. "കല്പിച്ച് കൊടുത്തയച്ച കല്പനയ്ക്ക് മറുപടി നിശ്ചയിപ്പാനായി കോട്ടൂർ പള്ളിയിൽ കൂടിയ സമയം ഈ കശീശ പോകുന്നതിനായി ഏനപ്പെട്ടിട്ടില്ലാത്തതിനാലത്രേ ഇപ്രകാരം പള്ളിക്കാർ എഴുതുവാൻ സംഗതി വന്നത്. .... അതിനാൽ തിരുമുമ്പാകെ ഈ ആൾ വന്നാൽ തിരുമനസ്സുപോലെ ചെയ്യുന്നതിന് എനിക്കും പള്ളിക്കാർക്കും സമ്മതമാകുന്നു."[9]

### 5. ജനനം, മാതാപിതാക്കൾ, ബാല്യം

പാലൂരിലെ ജൂതക്കുന്നിലുണ്ടായിരുന്ന സിനഗോഗ് യഹൂദ കോളനിയുടെ ക്രിസ്തുമതപ്രവേശത്തെ തുടർന്ന് മാർത്തോമ്മാ ശ്ലീഹാ ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയമായി പ്രതിഷ്ഠിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. പ്രസ്തുത ദേവാലയം ആണ് ചാട്ടുകുളങ്ങര എന്നും ആർത്താറ്റ് എന്നും പില്ക്കാലങ്ങളിൽ അറിയപ്പെട്ട പാലൂർ ദൈവമാതാവിന്റെ ഇടവക. പ്രസ്തുത ഇടവകയിൽപെട്ട പുലിക്കോട്ടിൽ കുടുംബത്തിൽ കൊല്ലവർഷം 1008 വൃശ്ചികം 24-ന് അദ്ദേഹം ജനിച്ചു (ജനനത്തീയതിയെ ക്രിസ്ത്വബ്ദത്തിലാക്കിയപ്പോൾ ഫാ. ഡോ. ജോസഫ് ചീരൻ 1832 നവംബർ 12 എന്നും, മലങ്കരസഭാവിജ്ഞാനകോശവും മറ്റനേകം എഴുത്തുകാരും 1833 ഡിസം. 7 എന്നും രേഖപ്പെടുത്തുന്നു - എഡിറ്റർ, യുഗതേജസ്സ്).* 1789-ലെ ടിപ്പു സുൽത്താന്റെ പടയോട്ടം മൂലം പാലൂരിന്റെ പ്രാന്തപ്രദേശങ്ങളിലെ കുന്നംകുളം അങ്ങാടിയിലാണ് കഥാപുരു

ഷന്റെ ഭവനം സ്ഥിതി ചെയ്തിരുന്നത്. കോട്ടയം പഴയസെമിനാരി സ്ഥാപകനും അന്നത്തെ പാലൂർ പള്ളി വികാരി പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും, തരുത് കത്തനാർ തുടങ്ങി അനേകം പ്രശസ്ത വൈദികർ അദ്ദേഹത്തിന്റെ പിതൃഭവനത്തെ അലങ്കരിച്ചിരുന്നു മാതാവ് പഴഞ്ഞി ഇടവകയിൽ പെങ്ങാമുക്ക് കുത്തൂർ ഭവനത്തിലെ പ്രശസ്ത സന്താനം ആയിരുന്നു. മാതൃസഹോദരൻ ഗീവറുഗീസ് മല്പാൻ ആണ് പില്ക്കാലത്ത് തൊഴിയൂരിലെ കൂത്തൂർ ഗീവർഗീസ് മാർ കൂറിലോസ് ആയത്. കുരിയൻ – താണ്ടമ്മ ദമ്പതികളുടെ ആറു മക്കളിൽ ഒരാളായി ജനിച്ച ഉട്ടൂപ്പ് (ഇട്ടി + യൗസേപ്പ് = ഇട്ടൂപ്പ്) കോമളകളേബനും ബുദ്ധിശക്തിയിലും നയചാതുരിയിലും അസാധാരണ സമർത്ഥനുമായി വളർന്നു. പിതൃവ്യൻ ഇട്ടൂപ്പ് കത്തനാർ ബാലനെ മലയാളവും സുറിയാനിയും അഭ്യസിപ്പിച്ചു. ഗുരുവിൽ നിന്നു ലഭിക്കുന്ന പാഠങ്ങളെ സാധന ചെയ്തു സ്വാംശീകരിക്കുവാനും ലഭ്യമായ കൈയെഴുത്തു ഗ്രന്ഥങ്ങൾ സ്വന്തമായി വായിച്ച് വിജ്ഞാന ചക്രവാളത്തെ വിപുലപ്പെടുത്തുവാനും ആ ബാലൻ ഉത്സാഹം കാണിച്ചു. പഴയ പൊന്നാനി തുറമുഖത്തിന്റെയും ചാവക്കാട് തുറമുഖത്തിന്റെയും വ്യാപാര നഗരമായ കുന്നംകുളത്ത് ഉത്തരേന്ത്യൻ – അറബി വ്യാപാരികളുടെ സാന്നിധ്യം സാധാരണമായിരുന്നു. തുറമുഖപ്രാന്തത്തിലുള്ള പാലൂർ പള്ളിപരിസരത്തുള്ള വീടുകളിലും മറ്റും വ്യാപാർത്ഥമായി അവർ താമസിച്ചിരുന്നു.

ആർത്താറ്റ് (പാലൂർ) വികരിയായ വലിയച്ചനോടൊപ്പം പള്ളിയിലെ നിത്യസന്ദർശകനും താമസക്കാരനുമായ ബാലൻ കണ്ടുമുട്ടിയ ഉത്തരേന്ത്യൻ – അറബി വ്യാപാരികളുടെ സൗഹൃദം സമ്പാദിച്ചു. കോമളരൂപിയായ ബാലനെ കാണുന്നതും അവ്യക്ത മധുരമായി സംസാരിക്കുന്ന ബാലനോട് സംസാരിക്കുന്നതും അവർക്ക് പ്രിയങ്കരമായ ഒരനുഭവമായിരുന്നു. ക്രമേണ മാറിമാറി വരുന്ന വ്യാപാരികളുടെ സമ്പർക്കം മൂലം അറബി,ഹിന്ദി ഭാഷകളും തമിഴും അനായാസം സംസാരിക്കുവാൻ ബാലൻ പരിശീലിച്ചു. പുന്നത്ര മെത്രാപ്പോലീത്തായുടെ കാലംതൊട്ട് (1817) സുറിയാനി പള്ളികളിൽ സുവിശേഷ വേലയ്ക്കായി എത്തിയ്ക്കൊണ്ടേയിരുന്ന ആംഗ്ലേയ മിഷണറിമാരെയും ബാലൻ പരിചയപ്പെട്ടു. ഇംഗ്ലീഷ് ഭാഷയുടെ പ്രാഥമിക പാഠങ്ങൾ ആ സമ്പർക്കത്തിലൂടെ ആർജ്ജിക്കുകയും ചെയ്തു. ലഭിച്ച അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്ന ശീലം കൗമാരം മുതലേ ആ ബാലൻ വളർത്തിയെടുത്തു. എട്ടുപത്തു വയസ്സായ ബാലൻ മലയാളം, സുറിയാനി, ഹിന്ദുസ്ഥാനി, അറബി, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സാമാന്യ വിജ്ഞാനം നേടിയിരുന്നു. വിദ്വത്ജ്ജനസംസർഗ്ഗത്തിലൂടെ ലോകവിജ്ഞാന ചക്രവാളങ്ങളിലേക്ക് എത്തിനോട്ടം നടത്തുവാൻ അവസരം കിട്ടിയ ഇട്ടൂപ്പ്

വൈദികവൃത്തിയോട് അസാധാരണ പ്രതിപത്തി കാണിച്ചിരുന്നു. തന്റെ ഇടവകയുടെ മാർത്തോമ്മാ പൈതൃകം, പാലൂർ പ്രദേശത്തിന്റെ ജൂത പ്പെരുമ, തലപ്പള്ളി എന്ന നിലയിൽ തന്റെ ഇടവക മലങ്കരസഭയിൽ പുലർ ത്തിയ നേതൃസ്ഥാനം എന്നിവയെപ്പറ്റി കർണ്ണാകർണ്ണികയാ ലഭിച്ച ജ്ഞാനം അദ്ദേഹത്തെ സഭാസ്നേഹിയാക്കി. ഉദയംപേരൂർ സുന്നഹദോ സിനെ (1599) ബഹിഷ്ക്കരിക്കാൻ തന്റെ ഇടവക കാണിച്ച ചങ്കൂറ്റം, ആർച്ച്ബിഷപ്പ് അലക്സിസ് മെനേസ്സിസിനെ പാലൂരിന്റെ ഉപദേവാലയ മായിരുന്ന ചാവക്കാട് (ഇന്നത്തെ പാലയൂർ) സെന്റ് കുറിയാക്കോസ് പള്ളിയിൽ വച്ച് അവതരിപ്പിച്ച ധ്വനിമധുരമായ പ്രഹസനത്തിലൂടെ ഇളി ഭ്യനാക്കി ആട്ടിയോടിച്ചത്, നാലാം മാർത്തോമ്മായുടെ കാലത്ത് കത്തോ ലിക്കാ വിഭാഗവുമായി ഉണ്ടായ തർക്കം മൂലം ദീർഘകാലം പാലൂർ പള്ളി പൂട്ടിയിടേണ്ടി വന്നത്, 1789-ലെ പടയോട്ടക്കാലത്ത് തന്റെ മാതൃദേവാ ലയം ടിപ്പുവിന്റെ ഭടന്മാർ അഗ്നിക്കിരയാക്കിയത്, പള്ളിയുടെ ചുറ്റുമുള്ള വൃക്ഷശിഖരങ്ങളിൽ തന്റെ പൂർവ്വീകരെ മതംമാറ്റത്തിന് വിസമ്മതിച്ച തിന്റെ പേരിൽ തൂക്കിക്കൊന്നത്, ശക്തൻ തമ്പുരാന്റെ ഇടപെടലിനെ തുടർന്ന് ഇരു വിഭാഗങ്ങളും ശാശ്വതമായി പിരിഞ്ഞു പാലൂർ പള്ളി സു റിയാനിക്കാർക്കും ചാവക്കാട് ചാപ്പൽ കത്തോലിക്കർക്കും ആയി നറു ക്കെടുപ്പിലൂടെ ലഭിച്ചത്, തങ്ങൾക്ക് ലഭിച്ച ചാവക്കാട് സെന്റ് കുറിയാ ക്കോസ് ചാപ്പൽ ക്രമേണ സെന്റ് തോമസിന്റെ പേരിൽ പുനഃപ്രതിഷ്ഠ നടത്തുകയും പള്ളിയിരിക്കുന്ന ഭാഗത്തിന് പാലയൂർ എന്ന് പേരിടുകയും ചെയ്തു പാലൂർ പാരമ്പര്യം ശക്തവും സംഘടിതവുമായ പ്രചാരവേല യിലൂടെ കവർന്നെടുത്തത് തുടങ്ങി ഒട്ടേറെ ചരിത്ര സംഭവങ്ങൾ വിപ ഠിഷുമായ ആ ബാലന്റെ ഉപബോധമനസ്സിൽ അഭിമാനഭരിതമായ അട യാളങ്ങളും ചോദ്യചിഹ്നങ്ങളും സൃഷ്ടിച്ചു. വശ്യമായ പുഞ്ചിരിയോടെ ആരോടും ഹൃദ്യമായി പെരുമാറുവാൻ ആ ബാലൻ ശ്രദ്ധിച്ചിരുന്നു. സ്ഥിരോത്സാഹവും മടുത്തുപോകാത്ത ക്ഷമാശീലവും ആ ബാലനിൽ പ്രകടമായിരുന്നു. ഗുരുഭക്തിയും സൗഹൃദങ്ങളും ഊഷ്മളമായി കാത്തു സൂക്ഷിക്കുന്നതിൽ കഥാപുരുഷൻ ദത്തശ്രദ്ധനായിരുന്നു.

## 6. വൈദിക പദവിയിൽ

പിതൃ-മാതൃ കുടുംബങ്ങളിൽ മേലദ്ധ്യക്ഷ പാരമ്പര്യമുള്ള ആ ബാലൻ സ്വാഭാവികമായും വൈദികവൃത്തിയിലേക്കാകൃഷ്ടനായി. കൊ.വ. 1021 കന്നി 23-ന് പതിമൂന്നാം വയസ്സിൽ കോതമംഗലം മാർത്തോ മ്മൻ ചെറിയപള്ളിയിൽ വച്ച് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ഇട്ടൂപ്പിന് ആദ്യ പട്ടം (കോറൂയോ സ്ഥാനം) നൽകി. നവീകരണ മെത്രാൻ പാല ക്കുന്നത്ത് അത്താനാസ്യോസിനെ പ്രതിരോധിക്കുവാൻ പാത്രിയർക്കീസ് അയച്ചതിൻപ്രകാരം 1845-ൽ വന്ന യൂയാക്കീം കൂറിലോസും 1849-ൽ

വന്ന സ്തേഫാനോസ് മാർ അത്താനാസ്യോസും അനുചരൻ ശെമവൂൻ റമ്പാനും കഥാപുരുഷനെ തുടക്കം മുതലെ ശ്രദ്ധിച്ചു. തിരുവിതാംകൂർ -കൊച്ചി സംസ്ഥാനങ്ങളിൽ നിന്ന് രണ്ടു മെത്രാന്മാരും ബഹിഷ്കരിക്കപ്പെട്ടപ്പോൾ യൂയാക്കീം കൂറിലോസ് പാലൂർ പ്രദേശത്ത് ചാലശ്ശേരിയിൽ പുതിയ പള്ളി സ്ഥാപിച്ച് അവിടെയും അപരൻ പാലൂർ ചാട്ടുകുളങ്ങര പള്ളിയിലും താമസമാക്കിയത് കഥാപുരുഷന് വലിയ അനുഗ്രഹമായി. രണ്ട് മെത്രാന്മാരും സുറിയാനി പണ്ഡിതന്മാർ ആയിരുന്നു. ശെമവൂൻ റമ്പാൻ പാലൂർ പള്ളിയെ കേന്ദ്രീകരിച്ച് ഒരു വൈദിക പരിശീലനകേന്ദ്രം ആരംഭിച്ചപ്പോൾ കഥാപുരുഷൻ അവിടെ നിന്ന് സുറിയാനിയിൽ പരപ്പും ആഴവുമാർന്ന വിജ്ഞാനം നേടുകയും അറബിഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടുകയും ചെയ്തു. ശെമവൂൻ റമ്പാനിൽ നിന്ന് സഭാ ചരിത്രം, കാനോൻ, പിതാക്കന്മാരുടെ ജീവചരിത്രം എന്നിവയും അഭ്യസിച്ചു. നവീകരണ മെത്രാനോട് നേരിടുവാനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്ന വേദികളിൽ ശെമ്മാശൻ ജാഗ്രതയോടെ പങ്കെടുത്തു. മലങ്കര സഭയുടെ സ്വതഃസിദ്ധമായ പൗരസ്ത്യസ്വഭാവവും സ്വാതന്ത്ര്യവും സംരക്ഷിക്കുവാൻ സ്വജീവിതം സമർപ്പിക്കുവാൻ കലുഷിതമായ സഭാന്തരീക്ഷം ശെമ്മാശനെ പ്രേരിപ്പിച്ചു. ചേപ്പാട്ട് മാർ ദീവന്നാസ്യോസ്, പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്, യൂയാക്കീം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ്, മാതൃസഹോദരൻ തൊഴിയൂരിലെ ഗീവറുഗീസ് മാർ കൂറിലോസ് എന്നിങ്ങനെ വ്യത്യസ്ത സവിശേഷതകളുള്ള അഞ്ചു മെത്രാപ്പോലീത്താമാരുമായി ശെമ്മാശൻ നിരന്തര സമ്പർക്കം പുലർത്തിയിരുന്നു. നവീകരണത്തിന്റെ നീരാളിപ്പിടുത്തം, സഭാഭരണത്തിലെ അവ്യവസ്ഥിതികൾ, സഭാസാഹിത്യത്തിന്റെ അപര്യാപ്തതകൾ, വിദേശബന്ധത്തിന്റെ ബാധ്യതകളും അപകടങ്ങളും തുടങ്ങി പ്രതിഭാധനനായ ആ യുവ ശെമ്മാശൻ സമകാല പ്രശ്നങ്ങളെ ആഴത്തിൽ പഠനവിധേയമാക്കി. സൗമ്യോദാരമായ പ്രസന്നതയോടെ മാത്രം പ്രശ്നങ്ങളോടും വ്യക്തികളോടും ഇടപെടുന്ന ശെമ്മാശൻ ഏവർക്കും പ്രിയങ്കരനായി. നവീകരണം മലങ്കരസഭയുടെ തെക്കൻ പ്രദേശങ്ങളിൽ ആധിപത്യം ചെലുത്തിയപ്പോൾ പൊതുവേ വടക്കൻ ഇടവകകളും പ്രത്യേകാൽ പാലൂർ ചാട്ടുകുളങ്ങര ഇടവകയും യൂയാക്കീം മാർ കൂറിലോസിനെ പിന്തുണച്ചു.

നവീകരണ മെത്രാൻ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ സുഹൃത്തുക്കളും പാശ്ചാത്യ വിദ്യാഭ്യാസം നേടിയവരുമായ രണ്ട് അത്മായ പ്രമുഖർ അക്കാലത്ത് പാലൂർ പ്രദേശത്ത് ചാവക്കാട്ട് കൃഷിയും ഉദ്യോഗവുമായി ജീവിച്ചിരുന്നു: ഉദ്യോഗസ്ഥൻ പുത്തൻകാവ് സ്വദേശി ആലുമ്മൂട്ടിൽ ജോർജ്ജ് ചാവക്കാട് മുൻസിപ്പും, എസ്റ്റേറ്റുടമ കോട്ടയം

സ്വദേശി അക്കര കുര്യൻ റൈട്ടറും ആയിരുന്നു. ചാവക്കാട് ചക്കുംകണ്ടം എന്ന സ്ഥലത്ത് മുന്നൂറ് ഏക്കർ തെങ്ങിൻതോട്ടത്തിന്റെ ഉടമയായിരുന്ന കുര്യൻ റൈട്ടറുടെ ബംഗ്ലാവിൽ മെത്രാപ്പോലീത്തായും മുൻസിപ്പും വല്ലപ്പോഴുമൊക്കെ സമ്മേളിച്ചിരുന്നു. ഈ സമ്മേളനകാലത്ത് മെത്രാപ്പോലീത്താ കുന്നംകുളം-പഴഞ്ഞി പ്രദേശത്തുള്ള പള്ളികൾ സന്ദർശിച്ചിരുന്നു. ഈ സന്ദർശനങ്ങൾ മൂലം ക്രമേണ അവിടങ്ങളിൽ നവീകരണ വിത്തുകൾ വളരാൻ സാഹചര്യം ഉണ്ടായി. ഇരു ഭാഗത്തെയും അനുയായികൾ തമ്മിൽ കിടമത്സരം വർദ്ധിച്ചതിനാൽ ചാട്ടുകുളങ്ങര പള്ളിയിൽ സംഘർഷാന്തരീക്ഷം നിലനിന്നു. ജനങ്ങൾ അധികവും യൂയാക്കീം കൂറിലോസിന്റെ പക്ഷത്തായിരുന്നുവെങ്കിലും വൈദികരിൽ ഭൂരിപക്ഷം നവീകരണ സ്വാധീനത്തിന് വിധേയരായിരുന്നു; പഴഞ്ഞിയിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ഈ അന്തരാളഘട്ടത്തിൽ തർക്കസാധ്യതയില്ലാതിരുന്നതും യൂയാക്കീം കൂറിലോസ് മലബാർ പ്രദേശത്തു സ്ഥാപിച്ചതുമായ ചാലശ്ശേരി പള്ളിയിൽ വച്ച് കഥാപുരുഷൻ 1852 ചിങ്ങം 6-നു (കൊ. വ. 1028 ചിങ്ങം 6, കൂടാരപ്പെരുന്നാൾ) യൂയാക്കീം മാർ കൂറിലോസിൽ നിന്നു കശ്ശീശാപട്ടം സ്വീകരിച്ചു. കാര്യമായ തർക്കങ്ങളില്ലാതിരുന്ന ചിറളയം മാർ ലാസറസ് പള്ളിയിൽ നവ വൈദികൻ പ്രഥമ ബലി അർപ്പിച്ചു. തർക്കഭൂമിയായിരുന്ന പഴഞ്ഞി സെന്റ് മേരീസ് പള്ളിയിലെ ചുമതലയിലേക്ക് അദ്ദേഹത്തെ വികാരിയായി യൂയാക്കീം മാർ കൂറിലോസ് നിയമിച്ചു. മാർ ദീവന്നാസ്യോസ് ചരിത്രഗാനത്തിൽ ഈ വിവരങ്ങൾ താഴെ പറയുംവിധം സംക്ഷേപിച്ചിരിക്കുന്നത് കാണുക:

"പത്തുമൊരേഴാം വയസ്സിൽ പട്ടം ആറും നൽകി
ചിത്തപ്രീതിയാലേ സ്തേഫാനോസ് ബാവാ
പിമ്പ് ദശമൊമ്പതാം വയസ്സിലേ തൻ (ദശമൊമ്പത് = പത്തൊമ്പത്)
നല്ലൊരൻപേറും കൂറിലോസ് പിതാവിനാലേ
ശുദ്ധ പൂജാസ്ഥാനമേറ്റു ഭക്തപാലൻ പരി-
ശുദ്ധകർമ്മാ ചര്യനായി ഭവിച്ചു പാരിൽ
ചേലോടിരു കാലമതിൽ ശേഷമായി വിശു-
ദ്ധാലയം പഴഞ്ഞിയിൽ വികാരിയായി" (നാലാം പാട്ട്)

1854-ൽ പഴഞ്ഞിപ്പള്ളിയുടെ വികാരിയായി. 1857-ൽ പഴഞ്ഞിപള്ളിയിലെ ചുമതലയോട് വിടപറഞ്ഞു. മലങ്കരസഭയിൽ കാലുഷ്യം നിറഞ്ഞ കാലമായിരുന്നു ഇത്. 1852-ലാണ് മാർ അത്താനാസ്യോസിന് അനുകൂലമായി രാജകീയ വിളംബരം പുറപ്പെട്ടത്. അടുത്ത വർഷം ഹാശാ ശുശ്രൂഷകൾ തൊട്ട് പെന്തിക്കോസ്തി വരെ മൂന്നു മാസക്കാലത്തോളം നവീകരണ മെത്രാൻ കുന്നംകുളം-പഴഞ്ഞി പ്രദേശത്തെ പള്ളികളിൽ അനുയായികളെ സംഘടിപ്പിച്ചുകൊണ്ടിരുന്നു. അക്കൊല്ലം പെന്തിക്കോസ്തി

പെരുന്നാളിൽ അദ്ദേഹം പഴഞ്ഞി പള്ളിയിൽ വച്ച് കോട്ടയം പുന്നത്ര താഴത്ത് ചാണ്ടപ്പിള്ള കത്തനാർക്ക് ആദ്യ പട്ടം നൽകിയതായി പുന്നത്ര കുടുംബചരിത്രം സാക്ഷിക്കുന്നു. അനുയായികൾ രൂപപ്പെട്ടതോടെ ആർത്താറ്റ് കുന്നംകുളം പള്ളികളിൽ കക്ഷിവഴക്കുകൾ ആരംഭിച്ചു. വിശ്വാസാചാരങ്ങളിൽ ഭേദഗതികൾ വരുത്തുന്ന നവീകരണ മെത്രാന്റെ ആരാധനകൾ അസഹ്യമായ ആളുകൾ പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ നേതൃത്വത്തിൽ സംഘടിച്ചു.

## 7. നവീകരണ മെത്രാനെതിരെ ആദ്യ ജയം

“കൊച്ചി സർക്കാരിന്റെ അനുവാദത്തോടുകൂടി കുന്നംകുളങ്ങര കിഴക്കേ പുത്തൻപള്ളി 1028 വൃശ്ചികം 12-ാം തീയതി (1852) സ്ഥാപിച്ച് അന്നുമുതൽ അവിടെ വി. കുർബ്ബാന അർപ്പിച്ചു തുടങ്ങി. ... കുന്നംകുളങ്ങര പുത്തൻപള്ളി സ്ഥാപിച്ച വിവരം അറിഞ്ഞപ്പോൾ മാർ അത്താനാസ്യോസിന് കലശലായ കോപമാണുണ്ടായത്. ഈ പള്ളിയിൽ ദിവ്യകർമ്മങ്ങൾ നടത്തിക്കരുതെന്ന് അദ്ദേഹം കൊച്ചി ദിവാൻ ശങ്കരവാരിയർക്ക് ഉടനെ എഴുതി അയച്ചതനുസരിച്ച് കർമ്മം നിരോധിക്കുന്നതിന് ദിവാൻജി ഉത്തരവയച്ചു. ... വിളംബരപ്രകാരം മാർ അത്താനാസ്യോസിനെ അനുസരിച്ച് നടപ്പാൻ തനിക്ക് പാടില്ലെന്നും അതിനാൽ ഒരു പുത്തൻ പള്ളി വയ്പ്പാൻ അനുവാദം കിട്ടണമെന്നും പുലിക്കോട്ടിൽ ജോസഫ് കത്തനാർ ബോധിപ്പിച്ചതനുസരിച്ചാണ് ഈ പുത്തൻ പള്ളി സ്ഥാപിക്കുന്നതിന് സർക്കാരനുവാദം സിദ്ധിച്ചിട്ടുള്ളത്. ... അന്യായമായ ഈ ഉത്തരവിനെ വകവയ്ക്കാതെ യൗസേഫ് കത്തനാർ പുത്തൻപള്ളിയിൽ കുർബ്ബാന ചൊല്ലുകയാണ് ചെയ്തത്. .... ഇദ്ദേഹം ആജ്ഞാലംഘനം ചെയ്ത വിവരം സ്ഥലത്തെ സർക്കാരുദ്യോഗസ്ഥന്മാർ ദിവാൻജിക്ക് റിപ്പോർട്ട് ചെയ്തു. ഉടനെ വഴക്കും കൂട്ടവുമായി. ഇതിനെ സംബന്ധിച്ച് ദിവാൻജിയുടെ അടുക്കൽ പല വിചാരണകളും നടന്നതിന്റെ ശേഷം ജോസഫ് കത്തനാർ പ്രസ്തുത പള്ളിയിൽ കർമ്മം കഴിച്ചത് നിയമവിരുദ്ധമല്ലെന്നും മേലിൽ ആ പള്ളിയിൽ കർമ്മാദികൾ നടത്തുന്നതിന് വിരോധമില്ലെന്നും ദിവാൻജി ന്യായാനുരൂപമായി കല്പിച്ചു.”[10]

## 8. മായം ചേർത്ത വിവർത്തനങ്ങൾക്കെതിരെ

സുറിയാനിക്കാരെ ആകർഷിക്കുവാൻ നവീകരണ മെത്രാൻ ചെയ്ത ഒരു ‘വേല’യായിരുന്നു പ്രാർത്ഥനക്രമങ്ങളുടെ വിവർത്തനം. ചെറുപ്പക്കാരെ ആവേശം കൊള്ളിച്ച ആ പ്രസ്ഥാനം മൂലം അദ്ദേഹത്തിന് ഒട്ടേറെ അനുയായികൾ ഉണ്ടായി. ആ വിവർത്തനത്തിൽ പല പൂർവ്വിക പ്രാർത്ഥനകളും ഇല്ലായിരുന്നു. ചിലത് നവീകരണാനുസരണം ഭേദപ്പെടുത്തിയിരുന്നു. ഉദാ: കൗമായിൽ ‘കൃപ നിറഞ്ഞ മറിയമേ’ എന്ന പ്രാർത്ഥനയും

'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ' എന്ന് തുടങ്ങുന്ന മാർ ബാലായിയുടെ അപേക്ഷയും ഉപേക്ഷിച്ചു. 'നിന്നെ പെറ്റ അമ്മയുടെ നിന്നോടുള്ള അപേക്ഷയാലേ' എന്ന മാർ അപ്രേമിന്റെ ശയന നമസ്ക്കാരം "കാരുണ്യ ഉടയവനോട് നിനക്കുള്ള അപേക്ഷയാലെ' എന്ന് ഭേദഗതി വരുത്തി. ജോസഫ് കത്തനാർ ഉടനെ പ്രതികരിച്ചു. പൂർവീക നമസ്കാരക്രമം വ്യത്യാസം കൂടാതെ പല പതിപ്പുകൾ കോഴിക്കോട്ട് കളഹസ്തിയപ്പാ മുതലിയാരുടെ പ്രസിൽ നിന്ന് അദ്ദേഹം പ്രസിദ്ധീകരിച്ചു; സഭയിലെങ്ങും വിതരണം ചെയ്യുകയും ചെയ്തു.

നമസ്കാര പുസ്തകത്തിന്റെ പല പതിപ്പുകൾ അദ്ദേഹം പുറത്തിറക്കി. പൂർവ്വീക ദേവാലയങ്ങൾ തോറും സാഹസികമായി സഞ്ചരിച്ച് അവ വിതരണം ചെയ്തു. അതൊരു വൻവിജയമായി. ഈ അനുഭവം ആ പ്രതിഭാശാലിയെ ചില പുത്തൻ പ്രവർത്തനങ്ങളിലേക്ക് നയിച്ചു.

## 9. പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്

വടക്കൻ കേരളത്തിൽ തലശ്ശേരിയിൽ ജർമ്മൻ മിഷൻകാർ ഉപയോഗിച്ചിരുന്ന ഒരു കല്ലച്ച് പ്രസ്സ് അദ്ദേഹം വില കൊടുത്തു വാങ്ങി. കുന്നംകുളത്ത് ഒരു അച്ചുകൂടം സ്ഥാപിച്ചു. 'പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്, കുന്നംകുളം' എന്നായിരുന്നു അച്ചടിശാലയുടെ പേർ: കുന്നംകുളത്തെ ആദ്യത്തെ അച്ചടിശാല. അച്ചടിച്ച നമസ്ക്കാരക്രമങ്ങൾ പിന്നീട് അവിടെ നിന്ന് പ്രസിദ്ധീകരിക്കാൻ തുടങ്ങി.

## 10. ഒന്നാമത്തെ സുറിയാനി അച്ചുകൂടം

സുറിയാനി ഭാഷയിൽ മാത്രം ലഭ്യമായിരുന്ന ആരാധനക്രമങ്ങൾ പകർത്തി എഴുതി ഉപയോഗിക്കുന്ന പതിവാണ് അക്കാലത്ത് മലങ്കരസഭയിൽ ഉണ്ടായിരുന്നത്. പകർത്തുമ്പോൾ സംഭവിക്കുന്ന അജാഗ്രതകൾ മൂലം തെറ്റുകൾ സംഭവിക്കുക സ്വാഭാവികമായിരുന്നു. സുറിയാനി ക്രമങ്ങൾ അച്ചടിച്ചാലോ; ആ വഴിക്കായി ഭാവനാകുബേരനായ ജോസഫ് കത്തനാരുടെ ചിന്ത. സുറിയാനി അക്ഷരമാല അദ്ദേഹം കല്ലച്ചിൽ രൂപകല്പന ചെയ്തു. ഒരു സുറിയാനി പ്രസ് എന്ന ആശയം പ്രാവർത്തികമാക്കി. ആ പ്രസിൽ നിന്ന് കുർബ്ബാന തക്സാ, മാമ്മൂദീസാക്രമം, വിവാഹ കൂദാശ എന്നിവ അടങ്ങിയ ആരാധനക്രമം പ്രസിദ്ധീകരിക്കുകയും ചെയ്തു (ഇതിന്റെ ഒരു കോപ്പി ലേഖകന്റെ കൈവശം ഉണ്ട്. മറ്റൊരു കോപ്പി കോട്ടയം വൈദിക സെമിനാരിയുടെ അർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്നു).

1855-നും 1860-നും ഇടയിൽ സ്ഥാപിക്കപ്പെട്ട ഈ കല്ലച്ച് പ്രസിൽ നിന്ന് പുറത്തിറങ്ങിയ സുറിയാനി ആരാധനക്രമങ്ങൾ സഭയിൽ സഹർഷം

സ്വാഗതം ചെയ്യപ്പെട്ടു. സഭയിൽ അനേകരുടെ ദീർഘകാലത്തെ ആഗ്രഹമാണ് ആ സംരംഭത്തിലൂടെ നിറവേറിയത്. കുന്നംകുളത്ത് നിന്ന് ചെറായി വരെ ജലമാർഗ്ഗമായും അവിടം മുതൽ അങ്കമാലി, കുറുപ്പംപടി, കോതമംഗലം, കണ്ടനാട്, കൂത്താട്ടുകുളം, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ കാൽനടയായും സഞ്ചരിച്ച കഥാപുരുഷൻ മലങ്കരസഭയിൽ അറിയാതെയാണെങ്കിലും ഒരു മഹൽ വിപ്ലവത്തിന് ആരംഭം ഇടുകയായിരുന്നു. അച്ചടിച്ച ആരാധനക്രമങ്ങളിലൂടെ കഥാനായകൻ സഭയുടെ മുഴുവൻ ശ്രദ്ധയും ആദരവും പിടിച്ചു പറ്റി. കർമ്മനിരതമായ ഒരു സമർപ്പിത ജീവിതശൈലിയുടെ പ്രാക്‌രൂപമാണ് ഈ അദ്ധ്വാനത്തിൽ മലങ്കരസഭ ശ്രദ്ധിച്ചത്. നവീകരണക്കൊടുംകാറ്റിന്റെ കൊടും ച്യുതികളിലും മൂല്യവത്തായ സർഗ്ഗക്രിയാ വ്യാപാരം സാധ്യമാവുമെന്ന് അദ്ദേഹം ചരിത്രത്തെ ബോധ്യപ്പെടുത്തി. ലഭ്യമായ സാഹചര്യത്തിൽ കർമ്മപഥങ്ങൾ വെട്ടിത്തുറക്കുക അതായിരുന്നു സർഗ്ഗധനനായ ആ യുവ വൈദികന്റെ പ്രവർത്തനശൈലി.

“ഈ പുസ്തകങ്ങൾ കോട്ടയത്തിന് വടക്കുള്ള ജനങ്ങളിലും പള്ളികളിലുമാണ് പ്രചരിച്ചത്. ഇതു നിമിത്തം മാർ അത്താനാസ്യോസിന്റെ പുസ്തകങ്ങൾ വടക്കർ അധികം വാങ്ങി ഉപയോഗിക്കാൻ സംഗതി വന്നില്ല. മതദ്വേഷവും തജ്ജന്യങ്ങളായ കക്ഷിവഴക്കുകളും വ്യവഹാരങ്ങളും വടക്കൻ പള്ളികളിൽ വ്യാപിക്കാഞ്ഞതിനുള്ള മുഖ്യകാരണം ഇത് തന്നെയായിരിക്കും.”[12]

## 11. നവീകരണത്തിനെതിരെ പടയൊരുക്കം

1857-ൽ യൂയാക്കീം മാർ കൂറിലോസ് വാദിയായി തൊഴിയൂർ വ്യവഹാരം ആരംഭിച്ചപ്പോൾ വാദിക്കു വേണ്ടി വ്യവഹാരം നടത്തുവാനുള്ള ചുമതല ജോസഫ് കത്തനാരിലാണ് വന്നുചേർന്നത്. അതോടെ മാർ കൂറിലോസ് 1857-ൽ പഴഞ്ഞിയോട് വിടവാങ്ങി. തൊഴിയൂർ വ്യവഹാരത്തിലെ ലജ്ജാകരമായ പരാജയത്തിന്റെ മുഖ്യ ഹേതു യൂയാക്കീം കൂറിലോസിന്റെ പിടിവാശികൾ ആയിരുന്നു. പ്രതിഭാഗത്തു നിന്ന് ഹാജരാക്കിയ മാർ കുത്തൂർ കൂറിലോസിന്റെ മരണപത്രം വ്യാജമാണെന്നും തൊഴിയൂർ പള്ളിക്ക് ഇടവകക്കാർ ഇല്ലെന്നും അതൊരു മെത്രാസനാസ്ഥാനമാണെന്നും അതിന്റെ ഉടമസ്ഥാവകാശവും സംരക്ഷണച്ചുമതലയും ആരംഭം മുതലേ ആർത്താറ്റ് യോഗക്കാരിൽ നിക്ഷിപ്തമാണെന്നുമുള്ള ചരിത്ര വസ്തുതകളേക്കാൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരം എടുത്തു കാട്ടി വിജയം വരിക്കണമെന്ന യൂയാക്കീം കൂറിലോസിന്റെ നിർബന്ധ ബുദ്ധി മൂലമാണ് കേസ് പരാജയപ്പെട്ടത് എന്ന് പൂർണ്ണ ബോധ്യമുണ്ടെങ്കിലും മാർ കൂറിലോസിനെ പിന്തുണയ്ക്കുന്നതിന് പകരം അദ്ദേഹത്തെ നവീകരണക്കാർക്കെതിരെ എതിർക്കുന്നവരുടെ

മുൻനിരയിൽ നിർത്തുവാനാണ് ജോസഫ് കത്തനാർ ശ്രമിച്ചത്. പാലൂർ – ചാട്ടുകുളങ്ങര പള്ളിയിലേക്ക് നിയോഗിക്കപ്പെട്ട കഥാനായകൻ 1038 (1862) ചിങ്ങം 1–ാം തീയതി മുതൽ ആ പള്ളിയിൽ സ്ഥിരതാമസം ആരംഭിച്ചു. ജൂതക്കുന്നിലെ സിനഗോഗ് രൂപപ്പെടുത്തി മാർത്തോമ്മാ ശ്ലീഹാ ദൈവ മാതാവിന്റെ നാമത്തിൽ AD 52–ൽ സ്ഥാപിച്ച തലപ്പള്ളിയിൽ നിന്ന് തന്നെ പാശ്ചാത്യവത്ക്കരണത്തെ പ്രതിരോധിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ ആ യുവ സാഹസികനായ വൈദികൻ നിശ്ചയിച്ചു. നവീകരണക്കാർ അണിഞ്ഞിരുന്ന മുഖംമൂടി നീക്കം ചെയ്ത് ആ മുഖം പാശ്ചാത്യരുടെ കോളനിവത്ക്കരണത്തിന്റെ ഭാഗമാണെന്നും നയതന്ത്രജ്ഞതയിലൂടെ നവീകരണ മെത്രാൻ ശ്രമിക്കുന്നത് 1836–ലെ മാവേലിക്കര സുന്നഹദോസിൽ പൂർവ്വീകർ തള്ളിക്കളഞ്ഞ നവീകരണാശയങ്ങളെ അടിച്ചേൽപ്പിക്കുവാനാണെന്നും അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി. മലങ്കര സഭയുടെ തനിമയെ കളങ്കപ്പെടുത്തുന്ന ശ്രമങ്ങൾക്ക് എന്തു വില കൊടുത്തും പ്രഹരമേൽപ്പിക്കണമെന്ന് അവർ നിശ്ചയിച്ചു. അങ്ങനെയാണ് നവീകരണത്തെ ചെറുക്കുവാൻ മാതൃഇടവകയുടെ പിന്തുണയോടെ അഭിനവ ദാവീദ് പ്രത്യക്ഷപ്പെടുന്നത്. ഗോലിയാത്തിന്റെ ഭീഷണമായ രൂപഭാവങ്ങളും അഭ്യാസ നൈപുണ്യങ്ങളും രാജകീയ വിളംബരത്തിന്റെയും ബ്രിട്ടീഷ് ഭരണാധികാരികളുടെ പിന്തുണയും ദൈവാശ്രയം വേണ്ടുവോളം ഉണ്ടായിരുന്ന അഭിനവ ദാവീദിന് ഭീതിപ്രദമായിരുന്നില്ല. കടൽ കടന്ന് മേല്പട്ടമേറ്റ് വരുന്നതിന്റെ അപകടസാധ്യതകൾ മൂലം പലരും മടിച്ചു നിന്നപ്പോൾ ഈ കോമളരൂപിയായ യുവ വൈദികൻ മുൻപിൻ നോക്കാതെ – ജഡരക്തങ്ങളോടാലോചിക്കാതെ – മർദ്ദീൻ യാത്രയ്ക്ക് സധൈര്യം മുന്നിട്ടിറങ്ങിയത് മുകളിൽ നിന്ന് ഏല്പിച്ച ഒരു ദിവ്യനിയോഗം ഏറ്റെടുക്കുംപോലെ ആയിരുന്നു.

## 12. മർദ്ദീനിലേക്ക് ഒരു സഫലയാത്ര

പുലിക്കോട്ടിൽ കത്തനാർ മേല്പട്ടം ഏല്ക്കുവാൻ മർദ്ദീനിലേക്ക് പോകുന്ന കാര്യം സന്തോഷമാണെന്ന് യൂയാക്കീം കൂറിലോസ് ആദ്യം ഭാവിച്ചെങ്കിലും അതൊരു അഭിനയമായിരുന്നു. അക്കാലത്ത് പാത്രിയർക്കീസുമായി നേരിട്ട് കത്തിടപാടുകൾ നടത്തിയിരുന്ന ഇടവഴിക്കൽ പീലിപ്പോസ് കത്തനാരെ കാണരുതെന്നും അയാളിൽ നിന്ന് യാതൊരുശുപാർശകളും സ്വീകരിക്കരുതെന്നും യൂയാക്കിം കൂറിലോസ് പുലിക്കോട്ടിൽ ജോസഫ് കത്തനാരെ ചട്ടം കെട്ടിയിരുന്നു.[13] ഊർശ്ലേം സന്ദർശിക്കുവാൻ ആഗ്രഹിച്ച കണ്ടനാട് മട്ടുമ്മൽ ഗീവറുഗീസ് കശീശയും കുന്നംകുളം സ്വദേശിയായ ഒരു സേവകനും ഉൾപ്പെടെ മൂന്ന് പേർ (1863) 1038 കുംഭം 27–ന് കൊച്ചിയിൽ നിന്ന് കപ്പൽ കയറി (യാത്രയുടെ വിശദാംശങ്ങൾ 'ഒരു പരദേശ യാത്രയുടെ കഥ' എന്ന യാത്രാവിവരണ കൃതിയിൽ

വിവരിച്ചിരിക്കുന്നു). മർദ്ദീനിലെത്തിയ ഇരുവർക്കും പനിയും ദീനവും ബാധിച്ചു. മട്ടുമ്മൽ അച്ചൻ മരിച്ചു. രോഗവിമുക്തി നേടിയ മെത്രാൻ സ്ഥാനാർത്ഥിയെ ആമീദിന്റെ മാർ ഗ്രീഗോറിയോസ്, കുർക്കുമാ ദയറായിലെ മാർ ബഹനാൻ, മർദ്ദീനിലെ മാർ അത്താനാസ്യോസ് എന്നിവർ അടങ്ങിയ കമ്മിറ്റി വിചാരണ ചെയ്ത് പരിശോധിച്ചതിൽ അദ്ദേഹം സ്ഥാനയോഗ്യൻ എന്ന് തീർച്ചപ്പെടുത്തി (മാർ കൂറിലോസിന്റെ അനുഗ്രാഹാശിസുകളോടെ പലരും സ്ഥാനാർത്ഥിക്കെതിരായി പാത്രിയർക്കീസിന് കത്തുകൾ എഴുതിയിരുന്നതിനാലാണ് വിശദമായ അന്വേഷണം ആവശ്യമായത്). കൊല്ല വർഷം 1039 മേടം 25-ന് റമ്പാൻ സ്ഥാനവും 26-ന് മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മെത്രാപ്പോലീത്താ സ്ഥാനവും നൽകി. ക്രി. വ. 1865-ൽ എഴുതിയ സ്താത്തിക്കോനിൽ പാത്രിയർക്കീസിനെ കൂടാതെ സ്തേഫാനോസ് മാർ അത്താനാസ്യോസ്, ഓമീദിന്റെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, മൂസലിലെ ഗീവറുഗീസ് മാർ കൂറിലോസ് എന്നീ മേല്പട്ടക്കാർ സാക്ഷികളായി ഒപ്പു വച്ചിരിക്കുന്നു.

പട്ടംകൊടയെപ്പറ്റി *കണ്ടനാട് ഗ്രന്ഥവരി*യിലെ സാക്ഷ്യം ഇപ്രകാരമാണ്: "പരദേശത്തിന് പോയിരുന്ന പുലിക്കോട്ടിലച്ചന്റെ എഴുത്ത് കർക്കിടകമാസം 1-ന് കുന്നംകുളങ്ങര പനയ്ക്കൽ ഐപ്പൂരുവിന്റെ പേർക്ക് വരികയും ആ വിവരങ്ങൾ ഞങ്ങളിൽ ഏതാനുംപേരെ കൂടി തെര്യപ്പെടുത്തണമെന്ന് ഉണ്ടായിരിക്കയാൽ ഐപ്പൂരു കർക്കിടകം 2-ന് എനിക്ക് എഴുതിയയ്ക്കുകയും 10-ന് കൊച്ചിയിൽ നിന്ന് ഇവിടെ കിട്ടുകയും ചെയ്തിരിക്കുന്നു. എഴുത്തിലെ സാരം: ഓമീദിന്റെ പള്ളിയിൽ വച്ച് പാത്രിയർക്കീസ് ബാവാ പുലിക്കോട്ടിൽ യൗസേഫ് കത്തനാരച്ചന് മെത്രാപ്പോലീത്തായുടെ സ്ഥാനം കൊടുത്തുവെന്നും സ്ഥാനപ്പേർ ദീവന്നാസ്യോസ് എന്നാകുന്നു എന്നും മട്ടുമ്മേൽ ഗീവറുഗീസ് കത്തനാരച്ചൻ പനിയുടെ ദീനംകൊണ്ട് മരിച്ചു പോയി എന്നും മറ്റും ഇടവ മാസം 12-ന് മൂസലിൽ നിന്നും പുലിക്കോട്ടിലച്ചന്റെ കയ്യക്ഷരമായി എഴുതിയിരിക്കുന്ന എഴുത്ത് കർക്കിടക മാസം 1-ന് കിട്ടി എന്നും മറ്റും ആകുന്നു."

*കണ്ടനാട് ഗ്രന്ഥവരി*യുടെ എഴുത്തുകാരൻ തുടർന്നെഴുതുന്നു: ".... മേൽപ്പറഞ്ഞ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കോട്ടയിൽ ഇയ്യപ്പൻ പണിയിച്ച പാണ്ടികശാലമുറിയിൽ വന്നെത്തിയിരിക്കുന്നു. അദ്ദേഹത്തെ കണ്ട് വർത്തമാനങ്ങൾ ചോദിച്ചാറെ 19-ന് ബോംബേയിൽ നിന്ന് തീക്കപ്പൽ കയറിയെന്നും 24-ന് അസ്തമനത്തിന് കൊച്ചിയിൽ ഇറങ്ങുന്നവകയ്ക്ക് 100 രൂപാ കപ്പൽക്കൂലി കൊടുത്തു എന്നും സന്തോഷകരമായ വർത്തമാനങ്ങൾ പറഞ്ഞതുകൂടാതെ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിന് കൊടുത്തിട്ടുള്ള കസവുകാപ്പ മുതലായതും സ്ലീബായും കുരിശും മൂറോനും വടിയും മാർ കൗമായുടെയും മാർ

യാക്കോബ് ബുർദ്ദാനയുടെയും മാർ യാക്കോബ് മപസ്കായുടെയും അസ്ഥികളും മലയാളം ഒക്കെ ഭരിപ്പാനായി കൊടുത്തിട്ടുള്ള സ്ഥാത്തിക്കോനും എന്നെ കാണിച്ചു."

## 13. മാർ ദീവന്നാസ്യോസ് മലങ്കരയിൽ

മലങ്കരസഭയിൽ പ്രതീക്ഷകളോടെ വന്നിറങ്ങിയ മെത്രാപ്പോലീത്തായെ സ്വാഗതം ചെയ്തത് സുഖകരമായ അനുഭവങ്ങളേക്കാൾ കയ്പേറിയ പ്രതിസന്ധികളും വൈതരണികളും ആയിരുന്നു. 1865 കന്നി മാസം 8-ാം തീയതി മാത്യൂ ഇടവകയിലെ പെരുന്നാളിനായി കഥാപുരുഷനെ പനയ്ക്കൽ യാക്കോബ് മല്പാൻ, പനയ്ക്കൽ ഇയ്യപ്പൻ തുടങ്ങിയവർ കുന്നംകുളത്തേയ്ക്ക് കൊണ്ടുപോയി. "സ്ഥാത്തിക്കോൻ മുതലായത് വായിച്ച് ആർത്താറ്റ് പള്ളിയിൽ വച്ച് കസേരമേൽ പൊക്കി കൈക്കൊണ്ട് വലുതായി ബഹുമാനിച്ചു. എങ്കിലും പാറമ്മേൽ കുരിയപ്പൻ മുതലായി ഏതാനുംപേർ വിരോധമാകയാൽ പള്ളിവകയിൽ നിന്നും മെത്രാപ്പോലീത്തായുടേയും മറ്റും ചെലവു കൊടുക്കാതെ ജനങ്ങളിൽ നിന്നും ചെലവായി അവിടെ പാർത്ത് വരുന്നു."[15]

അംഗുലീപരിമിതരായ നവീകരണക്കാർക്ക് ആർത്താറ്റ് പള്ളിയിൽ അവരുടെ കണ്ണിലുണ്ണിയായ നവാഗത മെത്രാപ്പോലീത്തായ്ക്കെതിരായി പ്രവർത്തിക്കുവാൻ കഴിഞ്ഞതെന്തുകൊണ്ട്? മലങ്കരസഭാ ചരിത്രകാരന്മാർക്ക് അജ്ഞാതമായിരുന്ന ആ സത്യം കണ്ടനാട് ഗ്രന്ഥവരി ഇവിടെ വെളിപ്പെടുത്തുന്നു. പുതിയ മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകം യൂയാക്കീം കൂറിലോസിന് ഹിതകരമായിരുന്നില്ല. അദ്ദേഹം പള്ളികൾക്ക് കല്പന അയച്ചു. അതിലെ സാരം: "പുലിക്കോടൻ മെത്രാന്റെ സ്ഥാനമേറ്റു എന്നും മറ്റും ഞാൻ കേട്ടിരിക്കുന്നു. പള്ളിക്കാരിൽ നിന്ന് വിചാരണ ചെയ്യാതെ പാത്രിയർക്കീസ് ബാവാ കൊടുത്തത് എന്തെന്ന് നാം അറിയുന്നില്ല. ഈ വിവരത്തെക്കുറിച്ച് ഇതുവരെ നമുക്ക് യാതൊരു എഴുത്തും വന്നിട്ടില്ല. അതിനാൽ കീഴ്നടപ്പിലെ ചട്ടംപോലെ നാമെല്ലാവരും കൂട്ടംകൂടി നിശ്ചയിക്കുന്നത് വരെ അയാളെ അനുസരിക്കുകയും അയാളുടെ കല്പനകൾ പള്ളികളിൽ വായിക്കുകയും ചെയ്യരുത്."[16]

ആർത്താറ്റ് പള്ളിയിൽ പാറമേൽ കുരിയപ്പനും മറ്റും ചെറുത്തു നിൽപ്പാൻ അനുയായികളെ സംഭാവന ചെയ്തത് യൂയാക്കീം കൂറിലോസിന്റെ ഈ കല്പനയാകുന്നു. പാളയത്തിനകത്ത് രൂപപ്പെട്ട ഈ പടയൊരുക്കമാണ് നവാഭിഷിക്തനായ മെത്രാപ്പോലീത്തായ്ക്ക് ആദ്യം നേരിടേണ്ടി വന്ന 'കല്ലുകടി.' അതുവരെയും മുഖംമൂടിയണിഞ്ഞ് നടന്ന കൂറിലോസിന്റെ സ്വാർത്ഥതയും അസഹിഷ്ണതയും ഇതോടെ പ്രത്യക്ഷമായി. നവീകരണക്കാരോട് അങ്കം വെട്ടുവാൻ ശക്തി സമാഹരിക്കുവാൻ

ഒരുമ്പെട്ട മെത്രാപ്പോലീത്താ ഈ ശിഥിലീകരണ പ്രവണത കണ്ട് മനം നൊന്തു എങ്കിലും നിരാശയോ എതിർപ്പോ പ്രകടിപ്പിച്ചില്ല. പിന്നീട് തുലാം 16–ന് കോനാട്ട് മല്പാന്റെ ശ്രാദ്ധത്തിന് എല്ലാവരും പാമ്പാക്കുടയിലെത്തി. 17–ന് കൂടിയാലോചനകൾ നടത്തി മാർ കൂറിലോസും മാർ ദീവന്നാസ്യോസും ഐക്യപ്പെട്ടു പോകുവാൻ യോഗം തീരുമാനിച്ചെങ്കിലും മാർ കൂറിലോസ് ഐക്യത്തിന് തയ്യാറായിരുന്നില്ല. ധനു 3–ന് അദ്ദേഹം പള്ളികൾക്കയച്ച കല്പന കാണുക:

"ഇവിടെ നമുക്ക് കാറ്റും വെള്ളവും മറ്റും പിടിക്കാത്തതിനാൽ മാറിപ്പാർക്കണം എന്ന് നിശ്ചയിച്ചിരിക്കുന്നു. തന്നെയല്ല നാം പോയി തിരിച്ചു വരുന്നതുവരെ നിങ്ങളുടെ കാര്യാദികൾ നടത്തിക്കുന്നതിനും മറ്റും വേണ്ടി ഒരാൾക്ക് അർക്കദിയാക്കോ മേൽപട്ടക്കാരന്റെ സ്ഥാനം കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു" (പു. 129). ഇക്കാര്യത്തിന് ധനു 15–ന് കരിങ്ങാച്ചിറയിൽ പ്രതിപുരുഷയോഗം വിളിച്ചു എങ്കിലും അധികംപേർ യോഗത്തിൽ പങ്കെടുക്കാഞ്ഞതിനാൽ യോഗം വിജയിച്ചില്ല. കണ്ടനാട് ഗ്രന്ഥവരിയുടെ എഴുത്തുകാരൻ ഇവിടെ ഒരു റിമാർക്ക് രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരം: "ബാവായ്ക്ക് രോഗവും ക്ഷവസുഖവും (വാർദ്ധക്യം) ആകയാൽ തിരികെ പോകുമെന്നും ഒരാളെ തൽക്കാലം വാഴിക്കുമെന്നും തോന്നുന്നില്ല" (പു. 129, 130).

മാർ കൂറിലോസിന്റെ ഭീഷണി പലവിധത്തിൽ തുടർന്നുവെങ്കിലും പുലിക്കോട്ടിൽ മെത്രാൻ തുറന്നെതിർക്കാതെ ജനങ്ങളെ സംഘടിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തി. രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള പാലക്കുന്നത്ത് മെത്രാച്ചനെതിരെ തിരിയുവാൻ ഇടവകകൾ ഭയപ്പെട്ടു. അദ്ദേഹമാകട്ടെ 1868–ൽ ഇടവം 9–ന് സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം കോട്ടയം പഴയസെമിനാരിയിൽ വച്ച് തന്റെ ചിറ്റപ്പന്റെ മകൻ തോമസ് കശീശായ്ക്ക് റമ്പാൻ സ്ഥാനവും പെന്തിക്കോസ്തി നാളിൽ മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാൻ സ്ഥാനവും നൽകി നവീകരണപ്രസ്ഥാനത്തിന്റെ അടിത്തറ ശക്തവും വിപുലവുമാക്കി.

വടക്കൻ ഇടവകകളിലെ ആളുകളെ ഏതാണ്ടൊന്ന് സംഘടിപ്പിച്ചു കഴിഞ്ഞപ്പോൾ വർദ്ധിതവീര്യനായി പുലിക്കോട്ടിൽ തിരുമേനി നിയമ നടപടികൾക്കൊരുങ്ങി. വളരെ പ്രതീക്ഷകളോടെ മദ്രാസിലെത്തി ഫോർട്ട് സെന്റ് ജോർജ്ജ് ആലോചനാസഭയിൽ ഗവർണ്ണറെ അഭിസംബോധന ചെയ്തു. 1869 ഫെബ്രുവരി 3–ന് 19 ഖണ്ഡികകളുള്ള ഒരു സങ്കട ഹർജി ബോധിപ്പിച്ചു. യുക്തിപൂർവ്വവും ന്യായാനുസൃതവുമായി മലങ്കരസഭയിലെ വിവാദ വിഷയങ്ങൾ പുനരാലോചനയ്ക്ക് വിധേയമാക്കി ജനഹിതമാരാഞ്ഞ് അതിൻപ്രകാരം ഒരു പുതിയ വിളംബരം പുറപ്പെടുവിക്കണമെന്ന്

ആ അപേക്ഷയിൽ മെത്രാപ്പോലീത്താ അപേക്ഷിച്ചത് ഫലവത്തായില്ല. 'ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രവേശിക്കുന്നതല്ലെന്നും ഇക്കാര്യത്തിൽ റസിഡണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്ഥിരീകരിച്ചിരിക്കുന്നു' എന്നുമായിരുന്നു ഒറ്റവാക്യത്തിലുള്ള മറുപടി.[17] *കണ്ടനാട് ഗ്രന്ഥവരി*യിലെ നിരീക്ഷണം ഇപ്രകാരമാണ്: "പുലിക്കോട്ടിൽ മെത്രാൻ മദ്രാസിൽ നിന്നും കുന്നംകുളങ്ങരെ എത്തി അവിടെനിന്നും 1045 (1869) കന്നി മാസം 4-ാം തീയതി കൊച്ചികോട്ടയിൽ ഇയ്യപ്പന്റെ പാണ്ടികശാലയിൽ എത്തി താമസിക്കുന്നു. മദ്രാസിൽ പോയാറെ മുൻപറഞ്ഞ പ്രകാരമല്ലാതെ ഗുണമൊന്നും കിട്ടിയപ്രകാരം അറിയുന്നില്ല" (പു. 149). ഈ നിരീക്ഷണത്തിൽ ധ്വനിക്കുന്ന പരിഹാസം ശ്രദ്ധേയം. എഴുത്തുകാരൻ അക്കാലം പാലക്കുന്നത്ത് മെത്രാച്ചന്റെ ആലോചനാക്കൂട്ടത്തിലെ ഒരു പ്രമുഖാംഗം ആയിരുന്നു. കടവിൽ കൂരൻ പൗലോസ് മല്പാൻ അക്കാലത്ത് പാലക്കുന്നത്ത് മെത്രാച്ചൻ പുനരാരംഭിച്ച കോട്ടയം സെമിനാരിയിലെ അധ്യാപകൻ ആയിരുന്നു. പ്രാചീന ഇടവകകളായ കണ്ടനാട്, വടക്കൻപറവൂർ, അങ്കമാലി, അകപ്പറമ്പ്, പള്ളിക്കര തുടങ്ങിയ വടക്കൻ ഇടവകകൾപോലും അന്ന് നവീകരണ മെത്രാച്ചന്റെ സ്വാധീനത്തിലായിരുന്നു. പാത്രിയർക്കീസിൽ നിന്നും പട്ടമേല്ക്കുകയും സഭയെ കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യുന്ന പാലക്കുന്നത്ത് മെത്രാച്ചനെ അനുകൂലിക്കുന്നതിൽ അവർ അഭിമാനം പൂണ്ടു. രാജകീയ വിളംബരം ലഭിച്ച മെത്രാച്ചനെ ബഹിഷ്കരിക്കുന്നതിന്റെ ആലോചനാശൂന്യത അവർക്ക് സുവ്യക്തമായിരുന്നു. 1028 കുംഭമാസത്തിലെ (1853) കോട്ടയം ചട്ടവര്യോല സഭയുടെ ഒരു കുതിച്ചുചാട്ടത്തിന്റെ പ്രഖ്യാപനമായി അവർ വ്യാഖ്യാനിച്ചു.

ഇക്കാലത്താണ് വർഷങ്ങളായി മുടങ്ങിക്കിടന്ന വട്ടിപ്പണത്തിന്റെ പലിശ 1869 കന്നി 30-ന് കോട്ടയത്ത് സെമിനാരിയിൽ പാലക്കുന്നത്ത് മെത്രാച്ചൻ വിളിച്ചുകൂട്ടിയ പള്ളിപ്രതിപുരുഷയോഗത്തിന്റെ അപേക്ഷയനുസരിച്ച് റസിഡണ്ട് നവീകരണ മെത്രാനെ ഏല്പിച്ചത്. പുലിക്കോട്ടിൽ മെത്രാച്ചൻ രേഖാമൂലം എതിർത്തിട്ടും ഇപ്രകാരം സംഭവിച്ചത് നവീകരണ മെത്രാന്റെ വിജയമായി അംഗീകരിക്കപ്പെട്ടു. 35000 രൂപായിലധികം വരുന്ന സംഖ്യ ഈ ഇനത്തിൽ ലഭിച്ചത് സെമിനാരിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ ശക്തമായ അടിത്തറയായി. മണർകാട്, ചേപ്പാട്, കണ്ടനാട്, കല്ലിശ്ശേരി, പുതുപ്പള്ളി, കരിങ്ങാച്ചിറ, നിരണം, പുതിയകാവ്, കോട്ടയം, ചെങ്ങന്നൂർ തുടങ്ങിയ ഇടവകകളിലെ പ്രഗത്ഭരെ ചേർത്ത് പാലക്കുന്നത്ത് മെത്രാച്ചൻ ഒരു ആലോചനക്കൂട്ടം രൂപീകരിച്ചതും അനേകരുടെ പ്രശംസയ്ക്ക് വിഷയമായി.

## 14. കൊച്ചിയിൽ സെന്റ് തോമസ് പ്രസ്

"പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതിയൻ മേൽപ്പട്ട

സ്ഥാനമേറ്റത് മലങ്കരസഭയുടെ വലിയ പ്രതീക്ഷകളെ നിറവേറ്റാനാണ്. നവീകരണ നേതാവായ പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ നിർവീര്യനാക്കുവാൻ വിദേശീയനായ യൂയാക്കീം കൂറിലോസിന് കഴിയാതെ വന്നത് സ്വദേശീയനായ തനിക്ക് പരിഹരിക്കാനാകും എന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം സമർപ്പിച്ച എല്ലാ അപേക്ഷകളും പ്രാദേശിക സർക്കാരുകൾ നിരസിച്ചതോടെ അദ്ദേഹം തീർത്തും നിരാശനായി. ഒടുവിൽ മദ്രാസിൽ ചെന്ന് ബ്രിട്ടീഷ് അധികാരികളോട് അവസാനമായി നീതിക്കുവേണ്ടി കെഞ്ചി യാചിച്ചു. അതും നിഷ്ഫലമായി. തിരിച്ചെത്തിയ മെത്രാപ്പോലീത്താ ധർമ്മസങ്കടത്തിലായി."[18] ആ ധർമ്മസങ്കടവും ആത്മസംഘർഷവും സമന്വയിച്ച ആശയമായിരുന്നു പത്രപ്രവർത്തനം. തന്റെ വിളിയുടെ മറ്റൊരു മുഖം അദ്ദേഹം തിരിച്ചറിയുകയായിരുന്നു. ശാസ്ത്രവും നാഗരികതയും ദ്രുതഗതിയിൽ പായുമ്പോൾ കാലത്തിനൊപ്പം തന്റെ സമകാലജനതയെ പുരോഗമിപ്പിക്കുവാൻ സോദ്ദേശ്യമായ പത്രപ്രവർത്തനം അപരിത്യാജ്യമെന്ന് ക്രാന്തദർശിയായ ആ നവോത്ഥാന പ്രവാചകൻ തീർച്ചയാക്കി. *കണ്ടനാട് ഗ്രന്ഥവരി*യിലെ സമകാല പരാമർശം കാണുക: "പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അച്ചുകൂടം ഉണ്ടാക്കി കൊച്ചികോട്ടയിൽ പനയ്ക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയിൽ സ്ഥാപിച്ച് അച്ചടി മുതലായതു നടന്നുവരുന്നു. മലയാളത്തിലും സുറിയാനിയിലും പൂർണ്ണമായും ദുർല്ലഭമായി ഇംഗ്ലീഷിലും അച്ചടി വേലകൾ ചെയ്തുവരുന്നതു കൂടാതെ പരജനങ്ങൾക്ക് വിദ്യയും നാഗരികതയും അഭിവൃദ്ധിയായി തീരുവാൻ വേണ്ടി 'കേരള പതാക' എന്നു നാമധേയമായി ഒരു വർത്തമാന പത്രിക കൊല്ലം 1048-ാം മാണ്ട് ചിങ്ങമാസം 1-ാം തീയതി മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തുവരുന്നു."[19]

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു സവിശേഷതയുണ്ട്. അക്കാലത്ത് കേരളം രൂപീകൃതമായിരുന്നില്ല. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടു രാജ്യങ്ങളും ബ്രിട്ടീഷ് ഭരണത്തിലിരുന്ന മലബാറുമേ അന്നുള്ളൂ. എട്ടു പതിറ്റാണ്ടിനപ്പുറം നിലവിൽ വന്ന ഐക്യ കേരളത്തെപ്പറ്റി മലയാളനാടിന്റെ ആ മഹാപ്രവാചകന് ഒരു സ്വപ്ന സങ്കല്പമുണ്ടായിരുന്നു എന്ന് തീർച്ച. ഒരു ഐക്യകേരളത്തിന്റെ വൈജയന്തിയായി താൻ വിഭാവനം ചെയ്ത് ആരംഭിച്ച പത്രം ശാസ്ത്രലോകത്തെ നൂതന വിജ്ഞാനങ്ങളെ മലയാളികൾക്ക് പരിചയപ്പെടുത്തി. ദേശാഭിമാനവും പൗരബോധവും ശുചിത്വബോധവും കൃത്യനിഷ്ഠകളും സാഹിത്യാഭിമുഖ്യങ്ങളും ഉള്ള ഒരു ജനതയായി മലയാളികളെ നാടിന്റെ നവോത്ഥാനത്തിന് സജ്ജമാക്കുന്ന മഹൽ ഭാവനയാണ് 'കേരള പതാക'യെ നയിച്ചിരുന്നത്. സെന്റ് തോമസ് പ്രസ്

സ്ഥാപിച്ചതിനെപ്പറ്റി മറ്റൊരു സമകാല പരാമർശം എം. പി. വർക്കി രേഖപ്പെടുത്തുന്നതിപ്രകാരമാണ്:

“ഇതിനിടയ്ക്ക് പ്രയോജനകരങ്ങളായ വേറെ ചില ഏർപ്പാടുകൾ ചെയ്യാതിരുന്നില്ല. 1045-ൽ (1870) സെന്റ് തോമസ് എന്ന് പേരായി ഒരച്ചുകൂടം തനത് വകയായി കൊച്ചിയിൽ സ്ഥാപിക്കുകയും അതിൽനിന്ന് സുറിയാനിക്കാർക്ക് ആവശ്യമായ മതവിഷയ പ്രതിപാദകങ്ങളായ പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു എന്ന് മാത്രമല്ല ‘കേരള പതാക’ എന്ന് പേരായി ഒരു വൃത്താന്തപത്രവും നടത്തിവന്നു.

പ്രസ്സിന്റെ ആരംഭത്തെപ്പറ്റി മറ്റു ചില വിവരണങ്ങൾ കാണുക: “പുലിക്കോട്ടിൽ മെത്രാച്ചൻ കുന്നംകുളങ്ങര നിന്നും കൊച്ചിയിൽ വന്ന് അവിടെ താമസിച്ച് അച്ചടി തുടങ്ങുന്നതിനുവേണ്ടി 200 രൂപായ്ക്ക് അച്ച് മുതലായത് വാങ്ങിച്ചത് തന്നെയല്ല മുൻ അദ്ദേഹത്തിനുണ്ടായിരുന്ന കല്ലച്ച് മുതലായതുംകൊണ്ട് കർക്കിടകമാസം 11-ാം തീയതി മുളന്തുരുത്തി പള്ളിയിൽ വന്നിരുന്ന് അച്ചടി മുതലായത് നിവൃത്തിക്കുന്നതിനുവേണ്ടി ഒരു ഭാഗ്യച്ചിട്ടി കൂടത്തക്കവണ്ണവും ആയത് ലക്ഷം നമ്പരും പേർ ഒന്നുക്ക് രണ്ടു ചക്രം വീതത്തിൽ മുതൽ രൂപ 7000-ത്തിൽ ഒന്ന് പാതി രൂപാ അച്ചടി മുതലായ ചെലവുകൾക്കും ശേഷം രൂപ കുറിയിട്ട് കിട്ടുന്നവർക്ക് മുറയ്ക്ക് കൊടുക്കത്തക്കവണ്ണവും നിശ്ചയിച്ച് ആ വകയ്ക്കുള്ള ടിക്കറ്റ്, പരസ്യം മുതലായത് കല്ലച്ചിൽ അച്ചടിച്ച് വരുന്നു.”[20]

19-ാം നൂറ്റാണ്ടിലെ മലങ്കരസഭാ ചരിത്രത്തിൽ ജ്വലിച്ചുനിന്ന അത്മായ നേതാവ് കുന്നംകുളം പനയ്ക്കൽ ഐപ്പൂരുവിന്റെ കൊച്ചിയിലെ പാണ്ടികശാലയിലാണ് അക്കാലത്തെ മലങ്കരസഭാ സെക്രട്ടറിയേറ്റ് പ്രവർത്തിച്ചിരുന്നത്. “വിദേശങ്ങളിലേക്ക് അടയ്ക്കയും മറ്റും വൻതോതിൽ കയറ്റി അയച്ചിരുന്ന പനയ്ക്കൽ കുടുംബത്തിലെ അതത് തലമുറയിലെ കാരണവന്മാർ തലപ്പള്ളി - കൊച്ചി രാജാക്കന്മാരുടെ ഉപദേഷ്ടാക്കളും ഡർബാർ അംഗങ്ങളും ആയിരുന്നു. നവീകരണച്ചുഴലിക്കൊടുങ്കാറ്റ് മലങ്കര സഭയിൽ ആഞ്ഞടിച്ച കാലത്ത് ഈ കുടുംബത്തിലെ കാരണവർ ഐപ്പൂരുവായിരുന്നു. കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലായിരുന്ന അക്കാലത്ത് അയ്പൂരുവിന്റെ കൊച്ചിയിലെ പാണ്ടികശാല മലങ്കരസഭയുടെ സംഗമ സ്ഥാനമായിരുന്നു. കപ്പൽ ഇറങ്ങുന്നവരും കപ്പൽ യാത്രയ്ക്കു വരുന്നവരും ആദ്യം തങ്ങുക ഇവിടെയാണ്. ഏറെക്കാലം യൂയാക്കീം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് എന്നിവരുടെ ആസ്ഥാനമായിരുന്നു ഇവിടം. അന്ന് ആലോചനായോഗങ്ങൾ കൂടിയിരുന്നത് ഇവിടെയാണ്. പുലിക്കോട്ടിൽ തിരുമേനി സെന്റ് തോമസ് പ്രസ്സ് സ്ഥാപിച്ച് കേരള പതാകയും മറ്റ് സഭാ പ്രസിദ്ധീകരണങ്ങളും അച്ചടിച്ചിരുന്നത് ഇവിടെ വച്ചാണ്.[21]

കോഴിക്കോട്ട് പ്രസ്സുകളിൽ ജോലി ചെയ്തിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പും കൂത്തൂർ പാറമേൽ ഇട്ടൂപ്പും (കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസിലെ ജീവനക്കാർ) അച്ചടിവേലകൾക്ക് നേതൃത്വം നൽകി. ഇവരാണ് പിന്നീട് കുന്നംകുളത്ത് ആരംഭിച്ച ഏ.ആർ.പി. (അക്ഷരരത്ന പ്രകാശിക), വി.ആർ.പി. (വിദ്യാരത്ന പ്രകാശിക) എന്നീ അച്ചടിശാലകളുടെ ഉടമസ്ഥരായിത്തീർന്നത്.

## 15. മലങ്കരയിലെ ഒന്നാമത്തെ ദയറാ വെട്ടിയ്ക്കലിൽ സ്ഥാപിക്കുന്നു

1863–65 കാലത്ത് മേല്പട്ടസ്ഥാനമേൽക്കുവാൻ നടത്തിയ മർദ്ദീൻ യാത്രയ്ക്കിടയിൽ മാർ ദീവന്നാസ്യോസിനെ ആകർഷിച്ച ഒരു ദൃശ്യം ദയറാകളുടെ ആധിക്യം ആയിരുന്നു. ദയറാകളുടെ സജീവ പ്രവർത്തനമാണ് ഒരു കാലത്ത് സിറിയൻ സഭയെ ശ്രദ്ധേയമാക്കിയിരുന്നതെന്നും ദയറായുടെ ശോഷണം ആ സഭയെ ശുഷ്ക്കമാക്കിയെന്നും അദ്ദേഹം നിരീക്ഷിച്ചു. മലങ്കരസഭയിൽ ആകെ ഉണ്ടായിരുന്ന പൊതുസ്ഥലം നവീകരണക്കാരുടെ കൈവശമായതും സഭയുടെ എല്ലാ പ്രവർത്തനങ്ങളും ലക്ഷ്യം പിഴച്ചു പോകുന്നതും വേദനയോടെ വീക്ഷിച്ച അദ്ദേഹം മലങ്കരസഭയിൽ ദയറാ പ്രസ്ഥാനം ആരംഭിക്കുവാൻ നിശ്ചയിച്ചു. അതോടെ സഭയുടെ പൊതു ഉടമയിൽ സഭാകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കാം; പൂർണ്ണസമയം പ്രാർത്ഥനാ – പ്രവർത്തനനിരതരാകാൻ ദയറായക്കാരെ ലഭിക്കുകയും ചെയ്യും: ഒരു വെടിയ്ക്ക് രണ്ട് പക്ഷി. അദ്ദേഹത്തിന്റെ അന്വേഷണ ദൃഷ്ടി ഒടുവിൽ ചെന്നെത്തിയത് മുളന്തുരുത്തി ഇടവകയിലാണ്. ആ ഇടവകയിൽ വെട്ടിയ്ക്കൽ പ്രദേശത്ത് ഒരു കുരിശുപള്ളിയും ഒരു കുരിശുകെട്ടിടവും ഉണ്ടായിരുന്നു. മാർത്തോമ്മാ ഒമ്പതാമൻ 1815–ലോ 1816–ലോ കൂദാശ ചെയ്ത ആ കുരിശിനോടനുബന്ധിച്ച് ഉണ്ടായിരുന്ന പഴയ കെട്ടിടത്തിലാണ് പതിറ്റാണ്ടുകൾക്കു മുമ്പ് കാട്ടുമങ്ങാട്ട് കൂറിലോസ് രണ്ടാമൻ താമസിച്ചതും കാലം ചെയ്തതും. മലങ്കരസഭയുടെ പൊതു ഉടമയിലേക്ക് കുരിശുകെട്ടിടവും സ്ഥലവും വിട്ടുതന്നാൽ അവിടെ ഒരു ദയറാ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടെന്ന് കഥാപുരുഷൻ ഇടവകയെ അറിയിച്ചു. പുലിക്കോട്ടിൽ തിരുമേനിയെ ഭക്തിപൂർവ്വം ആദരിച്ച ഇടവക ആ ആവശ്യം നിരസിച്ചില്ല.

ആദ്യ ദയറായ്ക്ക് സ്ഥലമായി. ഇനിയും അതിന്റെ ചുമതല മാതൃകാപരമായി വഹിക്കുവാൻ ഒരു ദയറായക്കാരനെ ആവശ്യം. പ്രാർത്ഥനാപൂർവ്വമായ അന്വേഷണം ഒടുവിൽ സഫലമായി. മുളന്തുരുത്തി ഇടവകയിൽതന്നെ ഒരു അവിവാഹിത വൈദികനുണ്ടായിരുന്നു: ചാത്തുരുത്തിൽ ഗീവർഗീസ് കോർഎപ്പിസ്കോപ്പാ. അദ്ദേഹവുമായി പുലിക്കോട്ടിൽ

മെത്രാപ്പോലീത്താ തന്റെ ചിരകാല സ്വപ്നം പങ്കുവച്ചു. പുലിക്കോട്ടിൽ തിരുമേനിയെ ഗുരുവായി നേരത്തെ വരിച്ച ചാത്തുരുത്തിൽ കത്തനാർക്ക് അദ്ദേഹത്തിൽ നിന്ന് സന്യാസം സ്വീകരിക്കുവാൻ സന്തോഷമായിരുന്നു. *കണ്ടനാട് ഗ്രന്ഥവരി* എഴുതുന്നു: "ഇക്കാര്യത്തെക്കുറിച്ച് കണ്ടനാട് കരിങ്ങാശ്ര, നടമേൽ, പറവൂർ, കുറിഞ്ഞി മുതലായി സമീപേയുള്ള എട്ടു പത്ത് പള്ളികൾക്ക് എഴുതി അയച്ചു. കല്പനയിലെ സാരം: നിങ്ങൾക്ക് വാഴ്വ്. നമ്മുടെ ചാത്തുരുത്തി കോറി ഗീവറുഗീസ് കത്തനാർക്ക് നാളെ റമ്പത്വം കൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതിനാൽ നിങ്ങളും ഒരുമ്പെട്ടു വന്നു കാണ്മാൻ ആഗ്രഹിക്കുന്നു. എന്ന് 1872 മീനം 25-ാം തീയതി ശനിയാഴ്ച മുളന്തുരുത്തി പള്ളിയിൽ നിന്നും."[22]

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അനുവാദത്താൽ താൻ വെട്ടിക്കൽ പള്ളിയിൽ താമസിക്കുന്നുവെന്നും ഇപ്പോൾ താമസിച്ചുവരുന്ന പഴയ മുറി പൊളിച്ച് പുത്തനായി പണിത് ദയറാ ആക്കാമെന്ന് മെത്രാപ്പോലീത്താ നിർദ്ദേശിച്ചതായും മുളന്തുരുത്തി ഇടവക അത് പൊതുസ്ഥലമായി വിട്ടുതന്നിട്ടുണ്ടെന്നും ചാത്തുരുത്തി റമ്പാൻ ദയറാ നിർമ്മാണത്തിനായി 1873 ധനു 28-ന് അയച്ച അഭ്യർത്ഥനയിൽ കാണുന്നു (*ഗ്രന്ഥവരി,* പേജ് 211). ദയറാ ക്രമേണ ശെമ്മാശന്മാരെ പഠിപ്പിക്കുന്ന വൈദിക സെമിനാരിയായിത്തീർന്നു. കോട്ടയം പഴയസെമിനാരി നവീകരണക്കാർ കൈവശപ്പെടുത്തിയതിനാൽ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ ഒരു സ്ഥലം ആവശ്യമായി വന്നു. ആ നിലയിൽ വെട്ടിക്കൽ ദയറാ സഭയ്ക്ക് പ്രയോജനപ്പെട്ടു. പരിശീലകൻ ചാത്തുരുത്തി റമ്പാൻ തന്നെ ആയിരുന്നു. വടക്കൻ ഇടവകകളിലേക്കുള്ള ശെമ്മാശന്മാർക്കിവിടം വൈദികസെമിനാരി ആയിത്തീർന്നു. പ്രാർത്ഥനാ ജീവിതത്തിന്റെ പരിമളം ദയറായിൽ നിന്ന് പ്രസരിച്ചതിനാൽ ദയറായുടെ പ്രവർത്തനം അനുദിനം പുരോഗമിച്ചു. നിലയ്ക്കാത്ത യാത്രയിലായിരുന്ന പുലിക്കോട്ടിൽ തിരുമേനി വടക്കൻ പ്രദേശത്ത് ഒരു പൊതുസ്ഥലം സഭയ്ക്ക് ലഭിച്ചതിലും അവിടേയ്ക്ക് അനുയോജ്യനായ ഒരു സന്യാസി വൈദികനെ നിയോഗിക്കാൻ കഴിഞ്ഞതിനാലുമുള്ള ആശ്വാസം അനുഭവിച്ചു.

## 16. പരുമല സെമിനാരിയുടെ ഉദയം

വടക്കൻ ഇടവകളെ ഒട്ടൊക്കെ സംഘടിപ്പിക്കുകയും അവർക്കായി ഒരു വൈദിക പരിശീലനകേന്ദ്രം വെട്ടിയ്ക്കൽ ദയറായിൽ ക്രമീകരിക്കുകയും ചെയ്തതോടെ സംതൃപ്തമാകുന്ന ഒന്നായിരുന്നില്ല അദ്ദേഹത്തിന്റെ അജപാലന വ്യഗ്രത. നവീകരണ മെത്രാന്റെ സ്വാധീനത്തിൽ കിടക്കുന്ന തെക്കൻ ഇടവകകളിലേക്ക് ഒട്ടൊക്കെ സാഹസികമായ ഒരു സന്ദർശനം നടത്തുവാൻ അദ്ദേഹം തയ്യാറായി. നഷ്ടപ്പെട്ടുകൊണ്ടേയി

രിക്കുന്ന അജഗണങ്ങളെ വീണ്ടെടുക്കുവാനുള്ള ഒരു വിജിഗീഷുവിന്റെ സ്ഥൈര്യം അദ്ദേഹത്തിൽ പ്രകടമായിരുന്നു. സിംഹത്തെ അതിന്റെ ഗുഹയിൽ ചെന്ന് പ്രതിരോധിക്കുക എന്ന യുദ്ധതന്ത്രമാണ് അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിന്നത്. യൂയാക്കീം മാർ കൂറിലോസിനോ, സ്തേഫാനോസ് മാർ അത്താനാസ്യോസിനോ, തനിക്കോ കാര്യമായ ഉൾപ്രവേശം ലഭിക്കാതിരുന്ന തെക്കൻ ഇടവകകളിൽ സഞ്ചരിക്കുമ്പോൾ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ മനസ്സിൽ നിറയെ സ്വപ്ന പദ്ധതികൾ നിറഞ്ഞുനിന്നു. സമകാല സാക്ഷ്യം അക്കാര്യങ്ങളെ ഇപ്രകാരം വെളിപ്പെടുത്തിയിരിക്കുന്നു:

"പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1047-ാമാണ്ട് മീനമാസം മുതൽ (1872) കോട്ടയം മുതൽ തെക്കുള്ള ഏതാനും പള്ളികളിൽ സഞ്ചരിച്ച് വരികയിൽ, സുറിയാനിസഭയിലെ മര്യാദപോലെ അല്ലാതെ ചില തെറ്റുകൾ ഏതാനും പള്ളികളിൽ പാലക്കുന്നത്ത് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം നടക്കുന്നതിനെ അറിഞ്ഞ് മനസ്താപപ്പെട്ട് ജനത്തോട്, 'ഇപ്പോൾ കോട്ടയത്ത് സെമിനാരിയിൽ പഠിച്ചുവരുന്ന ശെമ്മാശന്മാർ മുതലായവർ പള്ളികൾ ത്തോറും സഞ്ചരിപ്പാൻ ഇടവന്നാൽ ചില സ്ഥലങ്ങളിൽ രഹസ്യമായിക്കിടക്കുന്ന സത്യമുള്ള സുറിയാനിമാർഗ്ഗവും കൂടെ തീരെ മാഞ്ഞുപോകുന്നതിന് ഇടവരുമെന്നും അതിനാൽ ഈ തെക്കേ ദിക്കുകളിൽ എവിടെ എങ്കിലും സുറിയാനിമാർഗ്ഗം അഭ്യസിപ്പിക്കുന്ന ഒരു പുതിയ സെമിനാരി പണിയിക്കണമെന്നും' മറ്റും അറിയിക്കയാൽ തിരുവല്ലായോട് ചേർന്ന് മാന്നാർ അരികുപുറത്ത് കോരുത് മാത്തൻ എന്ന് നാമധേയവും പരോപകാരപ്രിയനും ആയുള്ള ആൾക്ക് ഈ കാര്യത്തിൽ ഭക്തിവൈരാഗ്യം തോന്നിയിട്ട് തന്റെ വക പരുമല എന്ന സ്ഥലത്ത് ഒരു പുരയിടം സിമ്മനാരി വയ്ക്കുന്ന വകയ്ക്കായിട്ട് മെത്രാപ്പോലീത്തായ്ക്ക് ദാനം ചെയ്തിരിക്കുന്നതു കൂടാതെ സിമ്മനാരിപ്പണി ഉടനെ ആരംഭിപ്പാൻ വേണ്ടി തന്റെ വക ഇരുപത്തിരുകോൽ നീളമുള്ള ഒരു നെല്ലറയും പൊളിച്ചു കൊടുത്തിരിക്കുന്നു. ആ സ്ഥലത്ത് സിമ്മനാരിക്ക് അടിസ്ഥാനമിട്ട് ക്രമപ്രകാരം പണിയും നടത്തി വരുന്നു. സിമ്മനാരിയുടെ അനുബന്ധമായിത്തീരാനുള്ള ചെറിയപള്ളി സർക്കാരിൽ നിന്ന് അനുവാദം ലഭിച്ചാൽ ഉടനെ പണിയിച്ച് കൊടുക്കാമെന്ന് മേൽപ്പറഞ്ഞ കോരത് മാത്തനും സിമ്മനാരിപണിക്കുള്ള പകല ചെലവുകളും നിർവ്വഹിച്ചുകൊള്ളാമെന്ന് നിരണം ആദിയായുള്ള പള്ളികളും ഭരമേറ്റിരിക്കുന്നപ്രകാരം അറിയുന്നു."[23]

1872-ൽ തെക്കൻ ഇടവകകളുടെ പര്യടനത്തിൽ പരുമല സിമ്മനാരി എന്ന സ്വപ്ന പദ്ധതിയും നിരണം ഉൾപ്പെടെ ഏതാനും പ്രമുഖ ഇടവകകളുടെ സഹകരണവും ലഭിച്ചത് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായ്ക്കു

കൂടുതൽ ആത്മവിശ്വാസവും കരുത്തും പകർന്നു. അദ്ദേഹം ഉത്സാഹ ഭരിതനും കർമ്മനിരതനുമായി. 1872-ൽ തന്നെ കെട്ടിടം പണി ആരം ഭിച്ചു. സർക്കാരിലേക്ക് അപേക്ഷ അയച്ച് പള്ളി പണിയിക്കാനുള്ള അനു വാദം വാങ്ങി. കെട്ടിടംപണി പൂർണ്ണമായില്ല എങ്കിലും ഏതാനും മുറി കളും ചാപ്പലും സജ്ജീകരിച്ചതോടെ വൈദിക പരിശീലനം ആരംഭിച്ചു. ആരംഭത്തിൽ വെട്ടിയ്ക്കൽ ദയറായിൽ പഠിച്ചിരുന്ന വൈദിക വിദ്യാർത്ഥി കളെ പരുമല സെമിനാരിയിലേക്ക് മാറ്റിപ്പാർപ്പിച്ചു. ചാത്തുരുത്തി ഗീവർ ഗ്ഗീസ് റമ്പാനെ മല്പാനായി നിയമിച്ചു. ക്രമേണ തെക്കൻ പ്രദേശങ്ങ ളിലെ വൈദിക വിദ്യാർത്ഥികളും അവിടെ പ്രവേശിപ്പിക്കപ്പെട്ടു. ഇതോടെ പുലിക്കോട്ടിൽ തിരുമേനി തന്റെ ആസ്ഥാനം കൊച്ചിയിൽ നിന്നു പരുമ ലയിലേക്ക് മാറ്റി.

## 17. പുതിയ ഒരു മുദ്രാവാക്യത്തിന്റെ തിരപ്പുറപ്പാട്

മലങ്കരസഭയിൽ വൻ ഇടവകകൾ അന്നുമുണ്ടായിരുന്നു എങ്കിലും അവയുടെ ഏകോപനം ഇല്ലായിരുന്നു; മരങ്ങൾ ഉണ്ടെങ്കിലും കാടില്ലാ ത്തതുപോലെ. ഇടവകകളുടെ ഒരു കൂട്ടായ്മയിലൂടെ മാത്രമേ വൻ കാര്യ ങ്ങൾക്ക് സഭയെ സജ്ജമാക്കാനൊക്കു എന്ന് പുലിക്കോട്ടിൽ തിരുമേനി തീരുമാനിച്ചു. 'സംഘടിച്ചു ശക്തരാകുക' എന്ന ദിവ്യമന്ത്രം അദ്ദേഹം സഭയിലവതരിപ്പിച്ചു. ആകർഷകമായി അവതരിപ്പിക്കപ്പെട്ട ആ മുദ്രാ വാക്യം മലങ്കരസഭയിൽ ശ്രദ്ധിക്കപ്പെട്ടു. ഏതെങ്കിലും ആവശ്യത്തെ മുൻ നിർത്തി പള്ളിപ്രതിപുരുഷന്മാരുടെ യോഗങ്ങൾ ചിലപ്പോഴൊക്കെ ചേരാ റുണ്ടെങ്കിലും അതൊരു സ്ഥിരസംവിധാനമാക്കിയാൽ സാധിക്കാവുന്ന വൻകാര്യങ്ങൾ കഥാപുരുഷൻ സമുദായത്തെ ബോധ്യപ്പെടുത്തി. അതിന്റെ പരിസമാപ്തിയിൽ ഒരു സമുദായ സംഘടനയ്ക്ക് രൂപം നൽക ണമെന്ന ചിന്ത സാർവത്രികമായി സഭയിൽ സംക്രമിച്ചു. അന്ന് കേരള ത്തിൽ യാതൊരു സാമുദായിക സംഘടനകളും രൂപപ്പെട്ടിരുന്നില്ല. രാഷ്ട്രീയ സംഘടനകളും വിഭാവനം ചെയ്യപ്പെട്ടിരുന്നില്ല. ആദ്യത്തെ സമു ദായ സംഘടനയ്ക്ക് ജന്മം നൽകാൻ പുലിക്കോട്ടിൽ തിരുമേനി ഒരു പള്ളിപ്രതിപുരുഷ യോഗം 1873 ചിങ്ങം 27-ന് പരുമലയിൽ വിളിച്ചു ചേർത്തു. യോഗത്തിൽ വച്ച് 'സുറിയാനി ക്രിസ്ത്യാനി അസോസിയേ ഷൻ' എന്ന സമുദായ സംഘടനയ്ക്ക് ജന്മം നൽകി. ഏതാണ്ട് മൂന്നു പതിറ്റാണ്ടുകൾക്ക് ശേഷമാണ് കേരളത്തിലെ രണ്ടാമത്തെ സമുദായ സംഘടന (SNDP) 1902-ലോ 1903-മറ്റോ ഉദയം ചെയ്തത്. സമുദായ സംഘടനയുടെ പ്രവർത്തനം കൊണ്ട് സുറിയാനി സഭയിൽ സംഭവിച്ച നവോന്മേഷം നിരീക്ഷിച്ച ശേഷമാണ് ശ്രീനാരായണ ഗുരു സ്വസമുദായ ത്തിന് ഒരു സംഘടന തീർത്തത്. പുലിക്കോട്ടിൽ തിരുമേനി മുഴക്കിയ മുദ്രാവാക്യം - സംഘടിച്ച് ശക്തരാകുക - ഈഴവ സമുദായവും പിന്നീട്

കേരളത്തിലെ എല്ലാ സമുദായങ്ങളും വ്യത്യസ്ത കാലങ്ങളിൽ ഏറ്റു പാടി.

### 18. പരുമല പടിയോലയിലെ നിശ്ചയങ്ങൾ

ആദിയോടന്തം പഠനാർഹമായ പരുമലയോഗത്തിന്റെ നിശ്ചയങ്ങൾ താഴെ സംക്ഷേപിക്കുന്നു:

1. മലങ്കരയിലുള്ള മെത്രാന്മാരെ യോജിപ്പിക്കണം. വിശ്വാസവിപരീതം പഠിപ്പിക്കുന്ന മാർ അത്താനാസ്യോസിനെ തിരുത്തുവാൻ ഒരു ഡപ്യൂട്ടേഷനെ അയക്കുകയും പാത്രിയർക്കീസിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐക്യം സ്ഥാപിക്കുകയും ചെയ്യണം.

2. മെത്രാന്മാരുടെ ഏകനായകത്വം അവസാനിപ്പിക്കാൻ ഒരു ജനകീയ സമിതിയെ – സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനെ – തെരഞ്ഞെടുത്ത് രൂപം നൽകണം. അവർ സുറിയാനിക്കാരുടെ മത – സാമൂഹ്യ വിഷയങ്ങളിൽ ചുമതലക്കാരായിരിക്കണം.

3. ഫീസ് വാങ്ങി ഓരോ പള്ളിയെയും അസോസ്യേഷൻ അംഗമാക്കാം. വികാരി പള്ളിയെ പ്രതിനിധീകരിക്കും.

4. അസോസ്യേഷൻ അംഗത്വ ഫീസ് കൂടാതെ ക്ലാസു തിരിച്ച് ആളുകളിൽ നിന്നു സഹായം സ്വീകരിക്കുകയും ഓരോ ക്ലാസിന്റെയും അവകാശങ്ങൾ നിശ്ചയിക്കുകയും വേണം.

5. നാലു പട്ടക്കാരെയും എട്ട് അയ്മേനികളെയും ചേർത്ത് (മാനേജിംഗ്) കമ്മിറ്റി രൂപീകരിക്കുന്നു.

6. രേഖകൾ സൂക്ഷിക്കുവാനും കത്തിടപാടുകൾ നടത്തുവാനും ഒരു സിക്രട്ടറിയും പണച്ചുമതല വഹിക്കാൻ ഒരു മുതൽപിടിയും തെരഞ്ഞെടുക്കപ്പെടണം.

7. അസോസ്യേഷന് വിധേയമായി കമ്മിറ്റി പ്രവർത്തിക്കണം.

8. അസോസ്യേഷൻ പള്ളികളുടെ രക്ഷാകർത്തൃത്വം വഹിക്കണം. കമ്മിറ്റി വ്യവഹാരങ്ങൾക്ക് ചുമതല വഹിക്കണം.

9. സ്കൂളുകൾ, പുസ്തക പ്രസിദ്ധീകരണം ഇവ ആരംഭിക്കണം. അധ്യാപകരെ നിയമിക്കണം. പണം ശേഖരിക്കണം. സമാഹരിച്ച ധനം പലിശയ്ക്ക് ഏല്പിക്കണം. ദുർവ്യയം വരാതെ കമ്മിറ്റി ചെലവിടണം.

10. എല്ലാ ഇടവകകളിലും ആൺ-പെൺ പള്ളിക്കുടങ്ങൾ ആരംഭിക്കണം. കമ്മിറ്റി ചുമതല വഹിക്കണം.

11. പള്ളി റിപ്പയർ, പള്ളിക്കുടം പള്ളി ഇവയ്ക്ക് ആവശ്യം വന്നാൽ പൊതുമുതലിൽനിന്ന് അഡ്വാൻസ് നൽകാം. പിന്നീട് കമ്മിറ്റി തുകയും പലിശയും ഇടവകയിൽ നിന്ന് വസൂലാക്കണം.

12. സ്ഥാവര–ജംഗമ സ്വത്തുക്കൾക്കും ഇരിപ്പുമുതലിനും വികാരിയും കൈക്കാരനും ഒപ്പിട്ട് കണക്ക് മെത്രാപ്പോലീത്തായ്ക്കും കമ്മിറ്റിക്കാർക്കും സമർപ്പിക്കണം.

13. കൂദാശകൾക്ക് രജിസ്റ്റർ സൂക്ഷിക്കണം. ദുഷിപ്പുകളെ നീക്കണം. ഇക്കാര്യങ്ങൾ മെത്രാപ്പോലീത്താ വികാരിമാരെ ചട്ടം കെട്ടണം.

14. പുറജാതി മിഷൻ രൂപീകരിക്കണം. പട്ടക്കാരെയും മറ്റും ശമ്പളം കൊടുത്ത് ചുമതലപ്പെടുത്തണം.

15. കാനോനാകളെയും നടപടിക്കളെയും വിവരിക്കുന്ന ഗ്രന്ഥങ്ങൾ തർജ്ജിമ ചെയ്തും മറ്റും മല്പാന്മാർ തയ്യാറാക്കണം; പ്രസിദ്ധം ചെയ്യണം. വേദ–ചരിത്ര പുസ്തകങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കണം. ഇതും കമ്മിറ്റിയുടെ ചുമതലയാണ്.

16. അസോസ്യേഷന്റെ അനുമതിയുള്ള മെത്രാന്മാരെ മാത്രമേ ഭാവിയിൽ സ്വീകരിക്കൂ. പാത്രിയർക്കീസിന്റെ കൈവെപ്പ് ഉറപ്പ് വരുത്തണം.

17. മെത്രാപ്പോലീത്തായും അസോസ്യേഷ്യനും സമ്മതമുള്ള ഒരാളെ അർക്കദിയാക്കോൻ ആയി തെരഞ്ഞെടുക്കണം. അയാൾ മെത്രാന്റെ ആലോചനക്കാരനും സഹായിയും ആയിരിക്കണം.

18. മേല്പട്ടക്കാർ സഭയാൽ സംരക്ഷിക്കപ്പെടണം. അവർ കുടുംബസംരക്ഷണക്കാരാകരുത്. കൂദാശകൾക്ക് പ്രതിഫലം വാങ്ങരുത്.

19. കമ്മിറ്റികൾ ഇടവകയുടെയും പൊതുവിന്റെയും വരവ് ചെലവ് കണക്കുകളും തെരട്ടും പ്രസിദ്ധം ചെയ്യണം. റീശീസാ കമ്മിറ്റിക്കാർ പിരിച്ചെടുത്ത് കണക്ക് പ്രസിദ്ധം ചെയ്യണം.

20. പട്ടത്വ സ്ഥാനാർത്ഥികളെ മല്പാന്മാരുടെ ശോധനാപത്രം വരുത്തി പട്ടം കൊടുക്കണം.

21. ആവശ്യമായ ചട്ടങ്ങൾ ഏർപ്പെടുത്തുവാൻ കമ്മിറ്റിയെ അധികാരപ്പെടുത്തുന്നു.

22. കമ്മിറ്റി അംഗങ്ങളെ വിചാരണ ചെയ്ത് മാറ്റുവാനും പുതിയ ആളുകളെ ചേർക്കാനും അസോസ്യേഷന് അധികാരമുണ്ട്.

23. മുൻപറഞ്ഞ ഡപ്യൂട്ടേഷൻ, കമ്മിറ്റി മുഖാന്തിരം ആയിരിക്കണം അയക്കപ്പെടേണ്ടത്.

24. നിശ്ചയങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ച് രാജാക്കന്മാർ, റസിഡണ്ട് ഇവർക്ക് നൽകി അംഗീകാരം നേടണം.

25. ആറു മാസത്തിനകം അസോസ്യേഷൻ രൂപീകരണം പൂർത്തിയാക്കണം. ഉചിതമായ നിയമാവലി ഉണ്ടാക്കണം. അതിൽ അംഗത്വസംഖ്യയും അവകാശാധികാരങ്ങളും നിർവചിക്കണം.

26. പരുമല പഠിത്തവീട്, അച്ചുകൂടം എന്നിവയ്ക്ക് ദ്രവ്യ സഹായം നൽകിയവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

27. അധ്യക്ഷനോട് നന്ദി രേഖപ്പെടുത്തുന്നു.

മുളന്തുരുത്തി കാനോനാകളുമായി ഈ തീരുമാനങ്ങളെ താരതമ്യം ചെയ്യാവുന്നതാണ്. അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും കൂടുതൽ ശക്തമായ അടിത്തറ ഉറപ്പാക്കുവാനാണ് പാത്രിയർക്കീസ് വന്നപ്പോൾ മുളന്തുരുത്തിയിൽ മറ്റൊരു യോഗം ചേർന്ന് പരുമല തീരുമാനങ്ങളെ ദൃഢീകരിച്ചത്.

## 19. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിൽ

1874 ചിങ്ങം 20-ന് യൂയാക്കീം മാർ കൂറിലോസ് അന്തരിച്ചു. 22-ന് അദ്ദേഹത്തെ മുളന്തുരുത്തി മാർതോമ്മാ പള്ളിയിൽ കബറടക്കി. പരുമല സമ്മേളനത്തിന്റെ തീരുമാനപ്രകാരം മാർ അത്താനാസ്യോസിനെ കാണുവാൻ ഒരു ഡപ്യൂട്ടേഷൻ പോയോ എന്നറിഞ്ഞു കൂടാ. മാർ കൂറിലോസിന്റെ രോഗശയ്യയിൽ സന്ദർശനം നടത്തിയ മാർ അത്താനാസ്യോസ് മുൻ കൂറിലോസിന്റെ ഉപദേശങ്ങളെ നിരാകരിച്ചതിനാൽ ഡപ്യൂട്ടേഷൻ എന്ന ആശയം ഉപേക്ഷിക്കപ്പെട്ടുവോ എന്നറിഞ്ഞുകൂടാ. ശ്രീ. വർക്കി എഴുതുന്നു: "സുറിയാനിക്കാരുടെ മതസ്വാതന്ത്ര്യത്തെ തടയുന്നതും മാർ അത്താനാസ്യോസിനെ അന്യായമായി അനുകൂലിക്കുന്നതുമായ തിരുവെഴുത്തു വിളംബരത്തെ അസ്ഥിരപ്പെടുത്തുന്നതിനും മാർ അത്താനാസ്യോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ മുടക്കിയ കല്പനയെ ഫലിപ്പിക്കുന്നതിനും ബാവായുടെ ആഗമനം കൊണ്ടേ സാധിക്കുകയുള്ളു എന്നു കണ്ട്, അവിടുന്ന് മലയാളത്തേക്ക് പുറപ്പെടണമെന്ന് നമ്മുടെ കഥാനായകൻ മുഖാന്തിരം മലങ്കര സുറിയാനിക്കാർ സമർപ്പിച്ച ഹർജി യുക്തിയുക്തമെന്ന് ബാവായ്ക്ക് ബോദ്ധ്യമായി."[24]

പത്രോസ് തൃതീയൻ, പാത്രിയർക്കീസായി സിംഹാസന പ്രതിഷ്ഠ നേടിയ ശേഷം അന്ത്യോഖ്യൻ സഭയുടെ സാമ്പത്തിക ക്ഷീണാവസ്ഥ പരിഹരിക്കുവാൻ മാർഗ്ഗമാരായുന്ന ആ കാലത്ത് മലങ്കരസഭയുടെ ഈ അപേക്ഷ അദ്ദേഹത്തിന് വലിയൊരവസരമായി. പാത്രിയർക്കീസ് സമ്പന്നൻ ആയിരുന്നുവെന്നും ദ്രവ്യാഗ്രഹി അല്ലായിരുന്നുവെന്നും വെള്ള പൂശാൻ അടിസ്ഥാനരഹിതമായ ചില പ്രസ്താവനകൾ 'സത്യസന്ധ' മായ ഒരു ചരിത്രത്തിൽ ചേർത്തിട്ടുള്ളത് കാണുക:

".... പാത്രിയർക്കീസ് ഇവിടെ താമസിച്ചിരുന്നപ്പോൾ അദ്ദേഹത്തിൽ നിന്നും ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1800 രൂപായും കുര്യനും ഐപ്പൂരുവും 3000 രൂപായും കടം വങ്ങിയിരുന്നു" (ശീമക്കാരായ

പിതാക്കന്മാർ, പു. 130). അതിനുംപുറമേ ആറ് മാസത്തെ ഇംഗ്ലണ്ട് വാസം, ഇംഗ്ലണ്ടിൽ നിന്ന് ഇവിടേക്കുള്ള യാത്രച്ചിലവ് ഇതൊന്നും മലങ്കരസഭ കൊടുത്തതായി ഒരു രേഖയും കണ്ടിട്ടില്ല. ഇപ്രകാരമാണ് കണിയാമ്പാറമ്പിൽ വന്ദ്യ കുരിയൻ കോറെപ്പിസ്ക്കോപ്പാ കാര്യങ്ങളെ ഗവേഷണം ചെയ്ത് അവതരിപ്പിച്ചിട്ടുള്ളത്.[25]

*കണ്ടനാട് ഗ്രന്ഥവരി* കണിയാമ്പറമ്പിലച്ചൻ കണ്ടിട്ടില്ല എന്നത് ക്ഷന്തവ്യമാണ്. അദ്ദേഹം ഗ്രന്ഥസൂചിയിൽ അവലംബ ഗ്രന്ഥങ്ങളായി കാണിച്ച *മലങ്കര നസ്രാണി*കളും (ഇസ്സഡ് എം. പാറേട്ട്), എം. പി. വർക്കിയുടെ 'ജോസഫ് ദീവന്നാസ്യോസും' അദ്ദേഹം വായിച്ചില്ല എന്നത് അക്ഷന്തവ്യം തന്നെയാണ്. ജോസഫ് മാർ ദീവന്നാസ്യോസ്, ബാവായുടെ ലണ്ടനിലെ താമസം വകയ്ക്കു രണ്ടു തവണയായി അഞ്ഞൂറ് പവൻ അയച്ചു കൊടുത്തു എന്ന് വർക്കി (അദ്ധ്യായം 21) യും മറ്റും അർത്ഥശങ്കയ്ക്കിടവരാതെ പറഞ്ഞിരിക്കേ യാതൊരു രേഖയും കണ്ടിട്ടില്ല എന്ന് ആണയിട്ട് പറയുന്ന കണിയാമ്പറമ്പിലച്ചന്റെ നെറിയും സത്യസന്ധതയും ചോദ്യം ചെയ്യാതിരിക്കാനാവുമോ? വന്ദ്യ കോറെപ്പിസ്കോപ്പായുടെ അവതാരികയുമായി പ്രസിദ്ധീകരിക്കപ്പെട്ട കുറുപ്പമ്പടി പള്ളിയുടെ ചരിത്രത്തിൽ (ഗ്രന്ഥകർത്താവ് ആത്തുങ്കൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ) ഇപ്രകാരം കാണുന്നു: 'ബാവായുടെ മലങ്കരയിലേക്കുള്ള യാത്രച്ചിലവിനായി ഈ പള്ളിയിൽ നിന്നും 708 3/4 രൂപാ 10 പുത്തൻ 1535 ചക്രവും ഇടവകജനങ്ങളിൽ നിന്ന് പിരിവിട്ടെടുത്ത് 241 1/2 രൂപാ 109 പുത്തൻ 684 ചക്രവും കൊടുത്തു" (പു. 172). താൻ അവതാരിക എഴുതിയ ഈ പുസ്തകവും കണിയാമ്പറമ്പിലച്ചൻ വായിച്ചില്ല എന്നു വരുമോ?

*കണ്ടനാട് ഗ്രന്ഥവരി* ഇക്കാര്യത്തിൽ നൽകുന്ന അനിഷേധ്യമായ സമകാലസാക്ഷ്യം ശ്രദ്ധിക്കുക: 74-ാം വയസ്സിൽ പാത്രിയർക്കീസ് കോൺസ്റ്റാണ്ടിനോപ്പിളിൽ ചെന്ന് തുർക്കി സുൽത്താനെ കണ്ട് ലണ്ടനിലേക്ക് പോയി. അവിടെ നിന്ന് അയച്ച കല്പനയിൽ ഇപ്രകാരം കാണുന്നു: 'നിങ്ങളുടെ കാര്യത്തിനായി നാം ഇവിടെ വന്നുചേർന്നു. നമുക്കും കൂടെയുള്ളവർക്കും ചിലവിന് ചുരുക്കമായിത്തീർന്നിരിക്കുകയാൽ ആയതിന് 500 പവൻ ഉടനെ ഇവിടെ എത്തിക്കണം.' അതിനുശേഷം മറ്റൊരു കമ്പി: 'കൊച്ചിയിലേക്ക് യാക്കോബായ സുറിയാനിക്കാരുടെ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് യൗസേപ്പ് മെത്രാപ്പോലീത്താ അവർകൾക്ക്. നിങ്ങളുടെ ഹർജികളും മറ്റും വന്നുചേരുന്നതിനായി നാം കാത്തിരിക്കുന്നു.' ആ ദിവസം കഴിഞ്ഞ് വീണ്ടും മെത്രാച്ചന് കമ്പി വന്നു: 'കയ്യിലുണ്ടായിരുന്ന പണം ചെലവായിപ്പോയിരിക്കുന്നു. പള്ളികളിൽ നിന്ന് 500 പവൻ പിരിച്ച് ലണ്ടനിൽ കിട്ടത്തക്കവിധം കമ്പിത്തപാൽ മാർഗ്ഗം

എത്തിക്കണം.' 1874 തുലാം 23-ന് ഇക്കാര്യം കാണിച്ച് മെത്രാച്ചൻ എല്ലാ പള്ളികൾക്കും കല്പന അയച്ചുവെങ്കിലും അതിന്റെ പിരിവ് വൈകുമെന്ന് കണ്ട് 1000 രൂപാ പെട്ടെന്ന് മെത്രാച്ചൻ അയച്ചുകൊടുത്തു. ആയത് 500 രൂപ കുന്നംകുളം പനയ്ക്കൽ മാത്തുവും കോട്ടയം കുന്നുംപുറത്ത് കുര്യനും കൂടിയും 75 രൂപ തെക്കൻപറവൂർ പള്ളിക്കാരും 150 രൂപാ മുളന്തുരുത്തി പള്ളിക്കാരും 35 രൂപ മാന്തുരുത്തേൽ പള്ളിക്കാരും നൽകിയതും ശേഷം 240 രൂപ മെത്രാച്ചന്റെ സ്വന്തവും ആയിരുന്നു. വീണ്ടും സംഖ്യ അയക്കേണ്ടത് ആവശ്യമായി വന്നതുകൊണ്ട് ചിലരെ ജാമ്യം നിർത്തി പത്തു ദിവസത്തെ അവധിക്ക് ഹുണ്ടികക്കാരിൽ നിന്നു 2300 രൂപ കടം വാങ്ങി ലണ്ടനിലയച്ചു.[26]

പുലിക്കോട്ടിൽ മെത്രാച്ചൻ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിന് സമാന്തരമായി പാലക്കുന്നത്ത് മെത്രാച്ചനു വേണ്ടി മക്കുദിശാ ഗബ്രിയേൽ സമാന്തരമായി സ്വകാര്യ എഴുത്തുകുത്തുകൾ നടത്തിയിരുന്നു. ഒരെഴുത്തിൽ 3000 രൂപാ പാത്രിയർക്കീസിന് നൽകുവാൻ പാലക്കുന്നത്ത് മെത്രാച്ചൻ സന്നദ്ധനാണെന്ന് ഗബ്രിയേൽ എഴുതിയതായി ഗ്രന്ഥവരി രേഖപ്പെടുത്തിയിട്ടുണ്ട് (പു. 249).

പാത്രിയർക്കീസ് ബാവാ മലങ്കരയിൽ വരുന്നത് അസാധ്യമെന്ന് പാലക്കുന്നത്ത് മെത്രാച്ചൻ കരുതിയിരുന്നു. എങ്കിലും ബാവാ വരുമെന്ന് ഉറപ്പായപ്പോൾ ബാവാ തനിക്കെതിരെ ഒന്നും പ്രവർത്തിക്കാതിരിപ്പാൻ ആവശ്യമായ പ്രതിരോധം അദ്ദേഹം സജ്ജീകരിച്ചു. പണ വാഗ്ദാനം അതിന്റെ ഭാഗമായിരിക്കാം. പാത്രിയർക്കീസ് ഇടപെട്ട് തനിക്കനുകൂലമായി ലഭിച്ചിരിക്കുന്ന വിളംബരം പിൻവലിക്കപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് അദ്ദേഹം ഭയപ്പെട്ടു. പാത്രിയർക്കീസിനെ അഭിമുഖീകരിച്ചാൽ താൻ സൃഷ്ടിച്ച പുകമറകൾ പലതും നിഷ്ഫലമാകുമെന്ന് നവീകരണ മെത്രാൻ നടുക്കത്തോടെ ഓർത്തു. തന്റെ മെത്രാൻസ്ഥാനം വ്യാജമെന്ന് പാത്രിയർക്കീസ് വെളിപ്പെടുത്തിയാൽ തന്റെ പക്ഷത്തു ഉണ്ടാകുന്ന വിള്ളൽ അദ്ദേഹം മുൻകൂട്ടി കണ്ടു. താൻ അനുതപിക്കുന്നു എന്നും ബാവായെ നേരിൽ കണ്ടുകൊള്ളാമെന്നും മക്കുദിശാ മുഖേന ആവർത്തിച്ച് എഴുതുക വഴി അദ്ദേഹം കുറേക്കാലം മുഖംമൂടി അഴിയാതെ കാത്തു. എന്നാൽ അചിരേണ ആ പൊയ്മുഖം അഴിഞ്ഞു വീഴുക തന്നെ ചെയ്തു. താൻ ബാവായുടെ അനുഗ്രഹത്തിനായി കാത്തിരിക്കുകയാണ് എന്ന് ബാവായെ തെറ്റിദ്ധരിപ്പിച്ച് ബാവായും മഹാരാജാവും തമ്മിലുള്ള സന്ദർശനം നീട്ടിക്കൊണ്ടു പോകുകയും ആ സമയം ഉപയോഗിച്ച് രാജാവിനെയും ബ്രിട്ടീഷ് സർക്കാരിനെയും തന്റെ വശത്താക്കാൻ ശ്രമിക്കുകയുമാണ് തന്ത്രശാലിയായ മാർ അത്താനാസ്യോസ് ചെയ്തത്. 'മലങ്കരസഭ: നവീകരണത്തിന്റെ മുന്നോടികൾ' എന്ന ഗ്രന്ഥത്തിൽ

ഇപ്രകാരം കാണുന്നു: "പാത്രിയർക്കീസ് ബാവാ വിക്ടോറിയാ രാജ്ഞിയെ കണ്ടതിന് ശേഷമുള്ള വരവിനെപ്പറ്റിയുള്ള വിവരങ്ങൾ ഏതോവിധത്തിൽ മനസ്സിലാക്കിയ രാജാവ് മാത്യൂസ് തിരുമേനിയെ കാര്യങ്ങൾ ഗ്രഹിപ്പിച്ചു. തിരുമേനി താഴത്തച്ചനെ ഉടനെ തിരുവനന്തപുരത്തേയ്ക്ക് യാത്രയാക്കി. അച്ചൻ ഒന്നര മാസത്തോളം താമസിച്ച് ഇതിനുള്ള പ്രതിവിധി ആലോചിച്ചു. കോലഫ് സായിപ്പും വർക്കി മുൻസിപ്പും വേണ്ട നിർദ്ദേശങ്ങൾ നൽകി. അതിൻപ്രകാരം എല്ലാ വിവരങ്ങളും അടങ്ങിയ ഒരു പേജ് വരുന്ന കമ്പി സന്ദേശം വിക്ടോറിയാ റാജ്ഞിയ്ക്കും സ്റ്റേറ്റ് സെക്രട്ടറിയ്ക്കും ഒരു കോപ്പി മദ്രാസ് ഗവർണർക്കും അയച്ചുകൊടുത്തു. പ്രധാനപ്പെട്ട ഈ കാര്യം പാത്രിയർക്കീസിന്റെ ഭാഗം മാത്രം കേട്ട് യാതൊരു തീരുമാനവും എടുക്കരുതെന്നും ഈ ഭാഗക്കാരുടെയും വാദം കേട്ടശേഷം മാത്രമേ ഏതെങ്കിലും തീരുമാനം എടുക്കാവൂ എന്നും കാണിച്ചിരുന്നു. ഇതിൻപ്രകാരം മെത്രാച്ചന്റെ അനുകൂലികളായിട്ടുള്ള നിരവധി ആളുകളെക്കൊണ്ട് ഒരു ഹർജി ഒപ്പിടുവിച്ച് തയ്യാറാക്കി മേൽപറഞ്ഞ എല്ലാവർക്കും അയച്ചു കൊടുക്കുകയും ചെയ്തു. ഇതനുസരിച്ച് മദ്രാസ് ഗവർണർ തിരുമേനിയുടെ പേരിലുള്ള എല്ലാ നടപടികളും നിർത്തിവച്ചു. മേലാൽ ഈവിധമുള്ള കാര്യങ്ങൾ ഇരു കൂട്ടരുടെയും വാദം കേട്ട് കോടതി മുഖാന്തിരം മാത്രമേ തീരുമാനം എടുക്കാവൂ എന്ന് ഗവർണറിൽ നിന്ന് അറിയിപ്പ് കിട്ടി."[27]

മലങ്കരസഭ അതിന്റെ ചരിത്രത്തിൽ ഒരു പാത്രിയർക്കീസിനെ നേരിട്ട് കാണുന്നത് ആദ്യമായിട്ടായിരുന്നു. തന്മൂലം 1875 ഇടവം 10-ന് ബോംബെയിലും ഇടവം 28-ന് കുന്നംകുളത്തും മിഥുനം 10-ന് കൊച്ചിയിലും എത്തിയ പാത്രിയർക്കീസിന് രാജോചിതമായ ഊഷ്മള വരവേൽപ്പാണ് സഭാംഗങ്ങൾ നൽകിയത്. തന്റെ പ്രജകളുടെ ആദരവിന് പാത്രമായ പാത്രിയർക്കീസ് പ്രജാവത്സലനായ മഹാരാജാവിന്റെ പ്രീതിയ്ക്കും ആദരവിനും പാത്രമായി. മിഥുനം 26-ന് തിരുവനന്തപുരത്ത് രാജകീയ ബഹുമതികൾ അദ്ദേഹത്തെ കാത്തുനിന്നു. കർക്കിടകം 2-ന് വഴുതയ്ക്കാട് ബംഗ്ലാവിൽ വച്ച് റസിഡണ്ടുമായി കൂടിക്കാഴ്ച, 5-ന് നക്ഷത്ര ബംഗ്ലാവിൽ വച്ച് മഹാരാജാവുമായി കൂടിക്കാഴ്ച, 8-ന് വടക്കേ കൊട്ടാരത്തിൽ വച്ച് ഇളയരാജാവുമായി കൂടിക്കാഴ്ച, 9-ാം തീയതി മുതൽ ഇളയരാജാവിന്റെ കല്പനപ്രകാരം ചിത്രകാരൻ ബാവായുടെ ചിത്രരചന ആരംഭിച്ച് 25-ന് രചന അവസാനിച്ചത്, 25-ന് ഇളയരാജാവ് ബാവായ്ക്ക് സ്വർണ്ണക്കുരിശും മാലയും സമ്മാനിച്ചത് (15 പവൻ), ചിങ്ങം 6-ന് മഹാരാജാവ് സ്വർണ്ണമുദ്രയും ബഹുമതിപത്രവും നൽകിയത് (മഹാരാജാവ് നൽകിയ സമ്മാനം 27 പവന്റെ സ്വർണ്ണമുദ്ര) ഇങ്ങനെ തിരുവനന്തപുരം വാസം സംഭവബഹുലവും ആയിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചനും പനയ്ക്കൽ

ഐെയ്പൂരുവും അക്കര കുരിയൻ റൈട്ടറും ബാവായോടൊന്നിച്ചുണ്ടായിരുന്നു.

## 20. പത്രോസ് തൃതീയനും പാലക്കുന്നത്ത് അത്താനാസ്യോസും നിരണം പള്ളിയിൽ

അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും പട്ടമേറ്റതിന്റെ പിൻബലത്തിൽ രാജകീയ വിളംബരവും രാജകീയ വിളംബരത്തിന്റെ പിൻബലത്തിൽ ഇടവകകളുടെ സഹകരണവും കൈവശപ്പെടുത്തിയ പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാച്ചൻ അണിഞ്ഞിരുന്ന മുഖംമൂടി അഴിഞ്ഞുവീണത് നിരണത്തു വച്ചാണ്. പാത്രിയർക്കീസ് മലങ്കരയിൽ വന്നാൽ പാത്രിയർക്കീസും അത്താനാസ്യോസ് മെത്രാച്ചനും തമ്മിൽ അനുരഞ്ജനപ്പെടുമെന്നും അതോടെ പുലിക്കോട്ടിൽ മെത്രാച്ചനും യാഥാസ്ഥിതികരും പാലക്കുന്നത്തു മെത്രാച്ചന്റെ മുമ്പിൽ മുട്ടുകുത്തുമെന്നുമുള്ള പ്രചാരണത്തിൽ വിശ്വസിച്ചിരുന്ന നവീകരണാനുയായികൾ അപ്രകാരമുള്ള ഒരു സന്ദർശനവും അനുരഞ്ജനവും നോക്കിപ്പാർത്തുകൊണ്ടിരുന്നു. അനുയായികൾക്ക് പാലക്കുന്നത്തു മെത്രാച്ചൻ സന്ദർശനത്തെപ്പറ്റിയുള്ള പ്രതീക്ഷ നൽകിക്കൊണ്ടേയിരുന്നു. ഓരോ സന്ദർശനവും നടക്കാതെ പോയത് പുലിക്കോട്ടിൽ മെത്രാച്ചന്റെ തന്ത്രങ്ങൾ മൂലമാണെന്ന് മറുഭാഗം വിശ്വസനീയമായ നിലയിൽ പ്രചരിപ്പിച്ചു പോന്നു. എന്നാൽ നിരണത്തു വച്ച് ഈ കപട നാടകത്തിന് അന്തിമ തിരശ്ശീല വീണു.

തിരുവനന്തപുരത്ത് നിന്ന് മടക്കയാത്രയിൽ, പാലക്കുന്നത്ത് മെത്രാച്ചൻ നിരണം പള്ളിയിലുണ്ടെന്ന് പാത്രിയർക്കീസ് അറിയാനിട വന്നു. ശേഷം കാര്യങ്ങൾ *കണ്ടനാട് ഗ്രന്ഥവരി*യുടെ സമകാല സാക്ഷ്യത്തിൽ കൊടുത്തിട്ടുള്ളത് വ്യക്തമാക്കുന്നത് പാലക്കുന്നത്ത് അത്താനാസ്യോസിന്റെ മലങ്കരയുള്ള അധികാരം അസ്തമിക്കുന്നതിന്റെ ലക്ഷണങ്ങൾ സ്വയം കണ്ടറിഞ്ഞുവെന്നാണ്.[28]

## 21. മുളന്തുരുത്തി സുന്നഹദോസ്

നിരണം സംഭവം നവീകരണ ക്യാമ്പിലുണ്ടാക്കിയ ഞെട്ടൽ ചെറുതൊന്നുമായിരുന്നില്ല. അതേവരെ വിളംബരത്തിന്റെ പിൻബലമുണ്ടായിരുന്ന ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്തായെ പിന്തുണച്ചിരുന്ന ഇടവകകൾ ഇതോടെ ക്യാമ്പ് വിട്ടൊഴിയുവാൻ ധൈര്യം കാണിച്ചു. നിരണം, കണ്ടനാട്, വടക്കൻപറവൂർ തുടങ്ങിയ വൻ ഇടവകകൾ ഈ ക്യാമ്പ് മാറ്റത്തിന് നേതൃത്വം വഹിച്ചു. വൈദികരിൽ കടവിൽ പൗലോസ് മല്പാൻ, കരോട്ടുവീട്ടിൽ ശെമവൂൻ കോറെപ്പിസ്കോപ്പാ എന്നിവരും ഈ പ്രവാഹത്തിന്റെ പ്രതിനിധികൾ ആണ്. ഈ അന്തരാളഘട്ടത്തിൽ 1051 (1876) കുംഭം 23-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് പുതിയ വിളം

ബരത്തിലൂടെ മുൻ വിളംബരം റദ്ദാക്കിയതോടെ ഇടവകകൾക്കും വ്യക്തികൾക്കും സ്വതന്ത്രമായ നിലപാടെടുക്കുവാൻ സാഹചര്യമുണ്ടായി. നവീകരണ ക്യാമ്പ് ഇതോടെ ശുഷ്ക്കിച്ചു. നേരത്തെ 1873-ൽ വളരെ പ്രതീക്ഷകളോടെ താൻ അവതരിപ്പിച്ച് പാസ്സാക്കിയ നിശ്ചയങ്ങൾക്ക് കൂടുതൽ ജനകീയ അടിത്തറയും ആധികാരികതയും ലഭിക്കുമാറ് വിശാലമായ ഒരു സമ്മേളനം ചരിത്രപുരുഷൻ വിഭാവനം ചെയ്തു. പാത്രിയർക്കീസാകട്ടെ തന്റെ ഒരു കോളനിയായി മലങ്കരസഭയെ പ്രഖ്യാപിക്കുവാൻ ഒരവസരം ആഗ്രഹിച്ചു. രണ്ടിന്റെയും സാക്ഷാത്ക്കാരമായിരുന്നു 1876-ലെ മുളന്തുരുത്തി സുന്നഹദോസ്. കർമ്മകുശലനായ പുലിക്കോട്ടിൽ തിരുമേനിക്ക് പ്രാവർത്തികമാക്കാൻ കുറെ കർമ്മ പദ്ധതികൾ ഉണ്ടായിരുന്നു. സെമിനാരി വ്യവഹാരം അതിലൊന്നു മാത്രം. തന്റെ സ്വപ്ന പദ്ധതികൾക്ക് ആവിഷ്കാരം തേടുവാൻ ആളും അർത്ഥവും കൂടിയേ കഴിയൂ. പാത്രിയർക്കീസ് കാണുന്ന സ്വപ്നങ്ങൾ അദ്ദേഹം തിരിച്ചു പോവുന്നതോടെ അസ്തമിപ്പിക്കാമെന്ന് ആ ശുഭാപ്തിവിശ്വാസി ദൃഢനിശ്ചയം ചെയ്തു.

അദ്ദേഹം പരുമല പടിയോലയുടെ അടിസ്ഥാനത്തിൽ ചില പദ്ധതികൾക്ക് താഴെ കാണുംവിധം രൂപംനൽകി.

1. എല്ലാ പള്ളികളെയും കോർത്തിണക്കുന്ന ഒരു അസോസ്യേഷൻ രൂപീകരിച്ചത് ദൃഢപ്പെടുത്തണം.

2. അസോസ്യേഷന്റെ കർമ്മസമിതിയായി മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കപ്പെടണം.

3. സഭയ്ക്ക് പൊതുവായി വിപുലമായ ഒരു പ്രവർത്തനഫണ്ട് രൂപീകരിക്കണം.

4. പള്ളികളും വിദ്യാലയങ്ങളും പ്രസിദ്ധീകരണ ശാലകളും ആരംഭിക്കണം.

5. ആരാധനക്രമങ്ങൾ അച്ചടിക്കണം.

6. പള്ളികളിൽ നടക്കുന്ന കൂദാശകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ആരംഭിക്കണം.

7. എല്ലാ സമിതികൾക്കും ചിട്ടപ്പെടുത്തിയ നിയമ സംഹിതകളും മെത്രാപ്പോലീത്തായുടെ മേലന്വേഷണം ഫലപ്രദമാക്കുന്ന സുതാര്യമായ പ്രവർത്തനശൈലിയും വേണം.

8. സഭയുടെ പൊതു സ്വത്തുക്കളും പള്ളികളും നിയമവിധേയമായ നടപടികളിലൂടെ കൈവശപ്പെടുത്തണം.

9. സഭയുടെ ആത്മീയതലവനായി പാത്രിയർക്കീസിനെ അംഗീകരിക്കുകയും അദ്ദേഹത്തിന് റീശീസാ നൽകുകയും അദ്ദേഹം കൂദാശ ചെയ്യുന്ന മൂറോൻ സ്വീകരിക്കുകയും ചെയ്യണം.

10. സഭയുടെ എല്ലാ തലങ്ങളിലുമുള്ള നടത്തിപ്പിന്റെ മുഖ്യ ചുമതല അസോസ്യേഷൻ പ്രസിഡണ്ടായ മലങ്കര മെത്രാപ്പോലീത്തായ്ക്ക് ആയിരിക്കണം.

മുളന്തുരുത്തി സുന്നഹദോസ് തീരുമാനങ്ങളിൽ പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരം സംബന്ധിച്ച വ്യവസ്ഥകൾ സഭയുടെ പിൽക്കാല വളർച്ചയിൽ ദോഷകരമായി എന്ന് ചർച്ച ചെയ്യുന്ന നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ മറ്റു തീരുമാനങ്ങൾ മൂലം സഭയിലുണ്ടായിത്തീർന്ന നവോന്മേഷത്തെപ്പറ്റി കാര്യമായ ചർച്ചകൾ നടന്നതായി അറിവില്ല. കാൽ നൂറ്റാണ്ടുകാലം കൊണ്ട് ഒരു സുവർണ്ണ അധ്യായം വിരചിക്കുവാൻ മലങ്കരസഭയ്ക്ക് കരുത്തേകിയ ആ തീരുമാനങ്ങൾ ഗൗരവപൂർണ്ണമായ ചർച്ചയ്ക്ക് വിഷയമാവേണ്ടതുണ്ട്. പാത്രിയർക്കീസിന് നൽകിയ ആത്മീയ അധികാരങ്ങൾ മുഖ്യമായും രണ്ടാണ്.

1. മലങ്കരയിലേക്ക് ആവശ്യമായ മേല്പട്ടക്കാരെ വാഴിക്കുക.
2. മലങ്കരയിലേക്ക് ആവശ്യമായ മൂറോൻ തൈലം നൽകുക.

ഇതിൽ ആദ്യത്തെ മേലധികാരം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ കാലത്ത് തന്നെ ഏറെ പരിമിതപ്പെട്ടു. അൽവാറീസ് മാർ യൂലിയോസ്, റെനിവിലാത്തി മാർ തീമോത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ കോട്ടയത്തും കൊളംബിലും വച്ച് വാഴിച്ചപ്പോൾ പാത്രിയർക്കീസിന്റെ പങ്കാളിത്തം ഔപചാരികമായ ഒരു അനുവാദ കല്പന നൽകുക മാത്രമായിരുന്നു. മേല്പട്ടക്കാരുടെ അഭിഷേകം മൂന്ന് മെത്രാന്മാരടങ്ങിയ സുന്നഹദോസിൽ നിക്ഷിപ്തമാണെന്ന കാനോനിക സത്യം അതോടെ ഒരു കീഴ്വഴക്കമായി മലങ്കരസഭയിൽ അംഗീകരിക്കപ്പെട്ടു. പാത്രിയർക്കീസിന്റെ  സാന്നിധ്യമില്ലാതെ നടന്ന ആ രണ്ട് പട്ടംകൊടകളെപ്പറ്റി മലങ്കരയിൽ ആരും വിയോജിപ്പ് പ്രകടിപ്പിച്ചില്ല.

## 22. പാത്രിയർക്കീസുമായി ശീതസമരം

1876 കുംഭം 23-ന് മുൻ വിളംബരം റദ്ദാക്കുന്നു. പുതിയ വിളംബരം തിരുവിതാംകൂർ മഹാരാജാവ് പ്രസിദ്ധപ്പെടുത്തിയതോടെ സഭാന്തരീക്ഷമാകെ വ്യത്യാസപ്പെട്ടു. അതിഥിയായി വന്ന പാത്രിയർക്കീസ് ആതിഥേയനായി മാറി. മലങ്കരസഭയിന്മേൽ ഉടമസ്ഥത ഭാവിക്കാനാരംഭിച്ച അദ്ദേഹം ക്രമേണ മലങ്കര മെത്രാപ്പോലീത്തായെ വകവയ്ക്കാതായി. മുളന്തുരുത്തി സുന്നഹദോസിന്റെ ആദ്യ ദിവസം നാലു പേർക്ക് റമ്പാൻ സ്ഥാനം

നൽകിയതോടെ ഈ മാറ്റം മറ നീക്കി പുറത്തു വന്നു. പുതിയ മെത്രാന്മാരെ മലങ്കരയിൽ വാഴിക്കാനൊരുമ്പെട്ടതോടെ കാര്യങ്ങൾക്ക് വ്യക്തത കൈവന്നു. മെത്രാൻ സ്ഥാനാർത്ഥികളിൽ നിന്ന് രജിസ്റ്റേർഡ് ഉടമ്പടി വാങ്ങിയതോടെ പാത്രിയർക്കീസിന്റെ ഇംഗിതവും അജണ്ടയും സുഗ്രാഹ്യമായി. അസംതൃപ്തി പ്രകടിപ്പിച്ച അത്മായ പ്രമുഖരെയും വൈദിക പ്രതിനിധികളെയും അവഗണിച്ചതോടെ പാത്രിയർക്കീസിനെ പ്രതിരോധിക്കുക അസാധ്യമെന്ന് തെളിഞ്ഞു. മുളന്തുരുത്തി സുന്നഹദോസിന് ശേഷം മലങ്കരസഭയുടെ ശക്തി സംഭരണം, തന്നെ പ്രതികൂലമായി ബാധിക്കുമെന്ന് മണത്തറിഞ്ഞ പാലക്കുന്നത്ത് മെത്രാച്ചൻ വിളംബരം റദ്ദാക്കിയ ഉടൻ പാത്രിയർക്കീസിനെ ബന്ധപ്പെട്ടുവോ എന്ന് ന്യായമായും സംശയിക്കാവുന്നതാണ്. നേരത്തെ 3000 രൂപാ നൽകാൻ തയ്യാറായയാൾ (ഗ്രന്ഥവരിയിൽ ഇതിന് രേഖാമൂലമായ തെളിവുകൾ ഉണ്ട്) വിളംബരം റദ്ദാക്കപ്പെട്ടതോടെ കൂടുതൽ തുക നൽകി പാത്രിയർക്കീസിനെ വശത്താക്കാൻ ശ്രമിക്കുന്നത് തികച്ചും സ്വാഭാവികം. സ്വതന്ത്രമായ ഏഴ് ഭദ്രാസനങ്ങളുടെ രൂപീകരണം മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനം റദ്ദാക്കൽ, മലങ്കര അസോസ്യേഷൻ, മാനേജിംഗ് കമ്മിറ്റി എന്നിവയുടെ പിരിച്ചുവിടൽ എന്നീ നടപടികൾ നവീകരണ മെത്രാനെതിരായി ഒരു വ്യവഹാരം അസാധ്യമാക്കുവാൻ പാലക്കുന്നത്ത് മെത്രാച്ചന്റെ ആലോചനയോടെ പാത്രിയർക്കീസ് സ്വീകരിച്ച നടപടികൾ ആയിക്കൂടെന്നില്ല.

മുളന്തുരുത്തി സുന്നഹദോസ് കഴിഞ്ഞതോടെ പാത്രിയർക്കീസിന്റെ അജണ്ട വ്യത്യാസപ്പെടുന്നത് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ശ്രദ്ധിക്കുക തന്നെ ചെയ്തു. മലങ്കരസഭയുടെ ലൗകിക ആത്മീകാധികാരങ്ങൾ പാത്രിയർക്കീസിനാണെന്ന് പ്രഖ്യാപിക്കുന്ന രേഖ മലങ്കര മെത്രാപ്പോലീത്താ ഒരു രജിസ്റ്റേർഡ് ഉടമ്പടിയിലൂടെ സമർപ്പിക്കണമെന്ന നിർദ്ദേശമായിരുന്നു തുടക്കം. നവീകരണക്കാരെ നേരിടുവാൻ സഹായിച്ചതിന് പാത്രിയർക്കീസ് വിലപേശുകയാണെന്ന് ബോധ്യമായി എങ്കിലും 'ഒരു കോപ്പ പായസത്തിന് ജന്മാവകാശം തീറു കൊടുക്കാൻ അദ്ദേഹം തയാറല്ലായിരുന്നു.'[29] മുളന്തുരുത്തി സുന്നഹദോസിൽ പാത്രിയർക്കീസിന്റെ മേലധികാരം സ്ഥാപിക്കാനുദ്ദേശിച്ച് തയ്യാറാക്കിയ ആദ്യത്തെ ആറ് കാനോനാകളെപ്പറ്റി ഇസ്സഡ്. എം. പാറേട്ട് നടത്തിയ നിരീക്ഷണം ചിന്തോദ്ദീപകമാണ്: "ഈ ആറ് കാനോനാകളും മെയ്യിൽകൊള്ളാതെ പാത്രിയർക്കീസിനെ തൃപ്തിപ്പെടുത്തുക, നസ്രാണികളെ സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പാസ്സാക്കിയവയാണ് എന്നതിന് പിന്നീട് നടന്ന സംഭവങ്ങളും കേസ്സുകളിൽ ഉന്നയിച്ച വാദങ്ങളും അന്തിമ വിധികളും കൂടുതൽ തെളിവ് നൽകുന്നുണ്ട്."[30]

ലൗകികവും ആത്മീയവും ആയ ഉടമാവകാശം പാത്രിയർക്കീസിന്റെ

കല്പനപ്രകാരം നൽകുവാൻ വിസമ്മതിച്ചതിന്റെ പ്രതികാരമാണ് മെത്രാസന വിഭജനവും ആറ് മെത്രാന്മാരുടെ വാഴ്ചയും. പുതിയ മെത്രാന്മാരിൽ പലരും മാർ ദീവന്നാസ്യോസിന്റെ ശിഷ്യന്മാരും സുഹൃത്തുക്കളും ആയിരുന്നുവെങ്കിലും അസോസ്യേഷന്റെ ആലോചന കൂടാതെയുള്ള ആനീക്കത്തിൽ മലങ്കര മെത്രാൻ മൗനമായി പ്രതിഷേധിക്കുകയായിരുന്നു. തന്റെ അധികാരപരിധി ഏകപക്ഷീയമായി വെട്ടിച്ചെറുതാക്കി അവിടെ സ്വതന്ത്രാധികാരമുള്ള ആറ് പുതിയ മെത്രാന്മാർ തന്റെ കൺമുമ്പിൽ വച്ച് നിയമിതരായി. പഴയ മലങ്കര മെത്രാനും പുതിയ 6 ഭദ്രാസനാധിപന്മാരുമായി നിലയ്ക്കാത്ത വ്യവഹാരം ഉണ്ടാകുമെന്ന് പാത്രിയർക്കീസ് ന്യായമായും പ്രതീക്ഷിച്ചിരിക്കണം. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഇല്ലാതാകുന്നതോടെ നവീകരണ മെത്രാനോട് വ്യവഹാരം നടത്തുന്ന ഒരു 'വാദി'യെ ഭൂമുഖത്തുനിന്ന് തുടച്ചു മാറ്റി എന്നും പാത്രിയർക്കീസ് സംതൃപ്തി പൂണ്ടിരിക്കാം. എന്നാൽ ദൈവാശ്രയത്തിൽ അടിയുറച്ച വിശ്വാസമുള്ള മലങ്കര മെത്രാപ്പോലീത്താ നിവർത്തനത്തിലൂടെ പ്രതികരണം പ്രകടിപ്പിക്കുകയും സ്ഥിതിഗതികൾ വഷളാകാതിരിപ്പാൻ ജാഗ്രത പുലർത്തുകയും ചെയ്തു. മടങ്ങിപ്പോകുന്നതിന് മുമ്പ് ഉടമ്പടി പലതവണ ആവശ്യപ്പെട്ടുവെങ്കിലും അത് കൊടുക്കാതിരിക്കുന്നതിൽ മലങ്കര മെത്രാൻ വിജയിക്കുക തന്നെ ചെയ്തു. മലങ്കരയിൽ നിന്ന് സമാഹരിക്കാവുന്ന പരമാവധി ദ്രവ്യശേഖരവുമായി പാത്രിയർക്കീസ് തിരിച്ചുപോയി. മടക്കയാത്രയിൽ തീവണ്ടിയിൽ വച്ചാണ് പാത്രിയർക്കീസ് അദ്ദേഹത്തെ കൊല്ലം ഭദ്രാസനത്തിന് നിയോഗിക്കുന്ന സുസ്താത്തിക്കോൻ നൽകിയത്.

## 23. മെത്രാന്മാരുമായി ഒന്നിച്ചു നിൽക്കുന്നു

അസോസ്യേഷൻ മുഖാന്തിരം പൊതു ഫണ്ടു സ്വരൂപിക്കുക എന്ന പദ്ധതി പാത്രിയർക്കീസ് പരാജയപ്പെടുത്തിയതു മൂലം നവീകരണക്കാർക്കെതിരെ വ്യവഹാരം ആരംഭിക്കുവാൻ ആവശ്യമായ ശക്തി ഇല്ലാതായി. മലങ്കരസഭയുടെ മുഴുവൻ ചുമതല വഹിച്ചിരുന്ന ഒരു മെത്രാപ്പോലീത്തായുടെ സ്ഥാനത്ത് തുല്യവും സ്വതന്ത്രാധികാരവും ഉള്ള ഏഴ് മെത്രാന്മാരായി സഭയുടെ കേന്ദ്രം വിഭജിതമായതോടെ സഭയെ പ്രതിനിധീകരിച്ച് നവീകരണക്കാരോട് വ്യവഹാരം നടത്തുവാൻ ചുമതലയുള്ള ഒരു അധികാരസ്ഥാപനം സഭയിൽ ഇല്ലാതായി.

പാത്രിയർക്കീസ് തിരിച്ചുപോയതോടെ മലങ്കരയുടെ കാലാവസ്ഥ ഈവിധം അനാഥമായി; അരക്ഷിതവും. ഭാവിയെപ്പറ്റി വ്യക്തമായ ഒരു ചിത്രവും മുമ്പിലില്ലാഞ്ഞതിനാൽ പുതിയ മെത്രാന്മാരും വിഷമവൃത്തത്തിലായി. പാത്രിയർക്കീസ് മടങ്ങിപ്പോയശേഷം അവർ വെട്ടിക്കൽ

ദയറായിൽ 40 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചത് ഭാവി പ്രവർത്തനങ്ങളെപ്പറ്റി ഒരു ചിത്രം രൂപപ്പെടുത്തി എടുക്കാനാണ്. പാത്രിയർക്കീസിന്റെ ഇംഗിതപ്രകാരം നീങ്ങിയാൽ മലങ്കരസഭയുടെ ഏകത നഷ്ടപ്പെടുമെന്നും നവീകരണക്കാരെ നിയമപരമായി നേരിടുവാൻ കഴിയാതെ വരുമെന്നും അവർക്ക് ബോധ്യമുണ്ടായിരുന്നു. എതിർക്കുവാൻ കഴിഞ്ഞില്ലെങ്കിലും മലങ്കര മെത്രാപ്പോലീത്തായെ ഒതുക്കുവാൻ പാത്രിയർക്കീസ് ചെയ്യുന്ന വേലകൾ പ്രതിഷേധത്തോടെ അവർ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തന്മൂലം ബോംബെയിൽ നിന്ന് പാത്രിയർക്കീസിനെ കപ്പൽ കേറ്റി യാത്രയാക്കി തിരിച്ചെത്തിയ പുലിക്കോട്ടിൽ തിരുമേനിയെ നവാഭിഷിക്തരായ ആറ് മെത്രാന്മാരും ആദരപൂർവ്വം സ്വീകരിച്ചു. 'പാത്രിയർക്കീസു മൂലം സംജാതമായ പ്രത്യേക പരിതഃസ്ഥിതിയിൽ ഭരണഭാരം ഒഴിയുവാൻ തന്നെ അനുവദിക്കണമെന്നാണ് പുലിക്കോട്ടിൽ തിരുമേനി ശേഷം മേല്പട്ടക്കാരോടഭ്യർത്ഥിച്ചത്'; പാത്രിയർക്കീസിന്റെ ആഗമനം മൂലം ഉണ്ടായ കടബാധ്യതകളുടെ പേരിൽ കോടതി വ്യവഹാരത്തിന് വിധേയനായ തന്നെ സഹായിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. അന്നത്തെ ചർച്ചകൾ ആരോഗ്യകരമായിരുന്നതിനാൽ മെത്രാന്മാരുടെ അടുത്ത യോഗം 1877 കന്നി 20 മുതൽ 29 വരെ കൊച്ചിയിൽ ചേർന്ന് താഴെ പറയുന്ന നിശ്ചയങ്ങൾ ചെയ്തു.

1. നവീകരണക്കാരോട് സിവിൽ വ്യവഹാരം നടത്തുവാൻ യൗസേപ്പ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പേർക്കും കമ്മിറ്റിക്കാരുടെ പേർക്കും ശേഷം മെത്രാന്മാർ സമ്മതപത്രം ഒപ്പിട്ടു കൊടുക്കുന്നതാണ്.

2. പുതുപ്പള്ളി പള്ളിയിൽ തെക്കും വടക്കുമുള്ള ശെമ്മാശന്മാരെ പഠിപ്പിക്കുവാൻ കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസും തുമ്പമൺ ഇടവകയുടെ മാർ യൂലിയോസും ചുമതല വഹിക്കണം (*ഗ്രന്ഥവരി*, പു. 407).

മകര മാസം 1-ന് വെട്ടിക്കൽ ദയറായുടെ ശിലാസ്ഥാപനത്തിന് സമ്മേളിച്ച മെത്രാന്മാർ നിർദ്ദേശിച്ചതനുസരിച്ച് 'യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മിറ്റിയുടെ പ്രസിഡണ്ട്' എന്ന സ്ഥാനപ്പേരിൽ അസോസ്യേഷൻ യോഗം പുലിക്കോട്ടിൽ തിരുമേനി വിളിച്ചു കൂട്ടണമെന്ന് തീരുമാനമായി. മലങ്കര മെത്രാപ്പോലീത്തായുടെ കണ്ഠകോടാലികൾ ആകുമെന്ന പ്രതീക്ഷയിൽ പാത്രിയർക്കീസ് അഭിഷേകം ചെയ്ത മേല്പട്ടക്കാർ അചിരേണ മാർ ദീവന്നാസ്യോസിന്റെ കണ്ഠാഭരണങ്ങളായി മാറുന്ന അവസ്ഥ ദൈവകൃപകൊണ്ടും മലങ്കര മെത്രാപ്പോലീത്തായുടെ അനുരഞ്ജന പാടവംകൊണ്ടും സംജാതമായി.

## 23. പാത്രിയർക്കീസ് പിരിച്ചുവിട്ട അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും വീണ്ടും സജ്ജമാക്കുന്നു

1878 കുംഭം 6-ാം തീയതി പരുമല സെമിനാരിയിൽ ചേർന്ന പള്ളി പ്രതിനിധികളുടെയും മേല്പട്ടക്കാരുടെയും യോഗം (സുന്നഹദോസ്) മുന്നോട്ടു പോകാനുള്ള കാര്യങ്ങൾക്ക് തീർച്ചയും മൂർച്ചയും വരുത്തി. തീരുമാനങ്ങൾ:

1. എ. ക്ലാസിൽ 17 പേരും ബി. ക്ലാസിൽ 21 പേരും 7 മേല്പട്ടക്കാരും അടക്കം 45 പേരെ കമ്മട്ടിക്കാരായി നിശ്ചയിച്ചു.

2. മെമ്പർമാർ (40 പേർ) 150 രൂപ വീതം എടുത്ത് 6000 രൂപ ശേഖരിച്ച് വ്യവഹാരം (നവീകരണക്കാരുമായി) തുടങ്ങണം.

3. പൊതുമുതൽ സ്വരൂപിക്കാൻ മെത്രാപ്പോലീത്തന്മാർ മുഖ്യ ചുമതലക്കാരും കമ്മട്ടിക്കാർ സഹായികളും ആയിരിക്കണം.

4. ഒരു മുതൽപിടിയും ഒരു സിക്രട്ടറിയും വേണം. പുതുപ്പള്ളി ഗീവറുഗീസ് മുതൽപിടിയും കാരിക്കൽ കുരുവിള ഈപ്പൻ സിക്രട്ടറിയും ആയിരിക്കും.

ഏഴ് മേൽപട്ടക്കാരും ഒപ്പിട്ട നിശ്ചയങ്ങളിൽ പുലിക്കോട്ടിൽ തിരുമേനി 'സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മിറ്റിയുടെ പ്രസിഡണ്ട് മലയാളത്തിനുടെ മാർ ദീവന്നാസ്യോസ്' എന്ന് സ്ഥാനനാമം രേഖപ്പെടുത്തിയിരുന്നു. ഇതോടെ താഴെ പറയുന്ന സംവിധാനങ്ങൾ വീണ്ടും നിലവിൽ വന്നു.

1. മലങ്കര മെത്രാപ്പോലീത്താ.
2. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ.
3. മാനേജിംഗ് കമ്മിറ്റി.
4. പൊതുഫണ്ടും അതിന്റെ ചുമതലക്കാരും.
5. സഭാസ്വത്തുക്കൾക്ക് വേണ്ടി വ്യവഹാരം ആരംഭിക്കുക.

പാത്രിയർക്കീസ് പിരിച്ചുവിടുകയും നിരോധിക്കുകയും ചെയ്ത ഭരണസംവിധാനം പാത്രിയർക്കീസിന്റെ അനുമതി കൂടാതെ തന്നെ പ്രവർത്തനക്ഷമമാക്കുവാൻ പുലിക്കോട്ടിൽ തിരുമേനിയുടെ അനുരഞ്ജനപാടവത്തിന്, ദൈവകൃപയാൽ സാധ്യമായി. പാത്രിയർക്കീസിന്റെ കാര്യസ്ഥനായി ചുമതല നൽകപ്പെട്ടിരുന്ന കടവിൽ മാർ അത്താനാസ്യോസും ഈ തീരുമാനങ്ങളിൽ സജീവമായി സഹകരിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ പിന്നിൽ അണിനിരന്ന് പ്രവർത്തിക്കുവാൻ അവർ സന്നദ്ധരായതോടെ മലങ്കരസഭ ഒരു കുതിച്ചുചാട്ടത്തിന് സജ്ജമായി.

## 24. പരുമലയിൽ സെമിനാരി

പരുമലയിൽ വൈദിക വിദ്യാർത്ഥികളുടെ പരിശീലനം നിർവഹിക്കുവാൻ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് ചുമതലപ്പെട്ടിരിക്കണം. അതിനാവശ്യമായ ധനസമാഹരണത്തിന് കോട്ടയത്തിന്റെ കടവിൽ മാർ അത്താനാസ്യോസ് ചുമതല വഹിക്കണം. പരുമല സെമിനാരിയുടെ പ്രവർത്തനം സുഗമമായി ആരംഭിക്കുന്നതുവരെ വെട്ടിയ്ക്കൽ ദയറായിൽ മാർ യൂലിയോസ് മെത്രാപ്പോലീത്താ ശെമ്മാശന്മാരെ പഠിപ്പിക്കണം.

അസോസിയേഷൻ കമ്മിറ്റിയുടെ പ്രഥമ ശ്രദ്ധ വൈദിക വിദ്യാഭ്യാസത്തിലേക്ക് തിരിഞ്ഞതു സ്വാഭാവികം. നവീകരണക്കാരുടെ കൈവശത്തിലായ കോട്ടയം പഴയസെമിനാരിക്കു ബദൽ ആയി ഒരു സമാന്തര സംവിധാനം അടിയന്തര പ്രാധാന്യം അർഹിച്ചിരുന്നു.

## 25. സെമിനാരിക്കേസ്

1879 കുംഭം 22-ന് പുലിക്കോട്ടിൽ തിരുമേനി വാദിയും പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് മുതൽപേർ പ്രതികളായും ആലപ്പുഴ ജില്ലാ കോടതിയിൽ അന്യായം ഫയൽ ചെയ്തു. പ്രതികൾ പത്രിക സമർപ്പിച്ചു. 1879 കന്നി 26-ന് പരുമല മാർ ഗ്രീഗോറിയോസ് കമ്മീഷൻ മുമ്പാകെ മൊഴി വാങ്ങി മലങ്കരയിൽ ഏഴ് ഭദ്രാസനങ്ങളിന്മേലും പുലിക്കോട്ടിൽ തിരുമേനിക്ക് അസോസ്യേഷൻ കമ്മിറ്റിയുടെ പ്രസിഡണ്ട് എന്ന നിലയിൽ പൊതുവിന്നടുത്ത അധികാരം ഉണ്ടെന്നു വ്യക്തമാക്കി. മെത്രാന്മാരുടെ നിയമനം മൂലം വാദിയുടെ മുൻ അധികാരങ്ങൾ പരിമിതപ്പെടുന്നില്ലേ എന്ന ക്രോസ് വിസ്താരത്തിലെ ചോദ്യത്തിന് 'നമുക്കും നമ്മെപ്പോലെ വേറെ മെത്രാന്മാർക്കും ഉണ്ടായിരിക്കുന്ന സ്ഥാനപത്രം കൊണ്ട് വാദിയ്ക്ക് മുമ്പുണ്ടായിരുന്ന സ്ഥാനപത്രത്തെ അസ്ഥിരപ്പെടുത്തിയതായി ഒന്നും പറഞ്ഞിട്ടില്ല' എന്ന് തറപ്പിച്ച് പറഞ്ഞതോടെ വ്യവഹാരത്തിന്റെ ഗതി വിജയത്തിലേയ്ക്കായി. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായ്ക്കനുകൂലമായി 1059 (1884) മിഥുനം 16-ന് ജില്ലാ കോടതി ജഡ്ജി കൃഷ്ണ മേനോൻ വിധി പ്രസ്താവിച്ചു. പ്രതികൾ ഹൈക്കോർട്ടിൽ തിരുവനന്തപുരത്ത് അപ്പീൽ സമർപ്പിച്ചു. 1061 (1885) തുലാം 29-ന് അപ്പീൽ ചെലവ് സഹിതം തള്ളിക്കൊണ്ട് ഹൈക്കോടതി വിധി പ്രസ്താവിച്ചു. 1886 മിഥുന മാസത്തിൽ വിധി നടത്തു ഹർജി ബോധിപ്പിച്ചു. അതനുവദിച്ചു. സെമിനാരി കെട്ടിടങ്ങൾ പൂട്ടിക്കിടക്കുന്നതായി കോർട്ടിലേക്ക് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കൊല്ലനെ വരുത്തി പൂട്ട് തുറപ്പിച്ച് 1886 കർക്കിടകം 3-ന് മെത്രാപ്പോലീത്തായും റിശീസാ പിരിവിനായി വന്ന ശെമവൂൻ അത്താനാസ്യോസ് മെത്രാപ്പോലീത്തായും അടുത്ത ദിവസം മുതൽ കടവിൽ മാർ അത്താനാസ്യോസും അവിടെ താമസം ആരംഭിക്കുകയും ചെയ്തു.

ഒടുവിൽ രാജകീയ കോടതിയിൽ അന്ത്യ അപ്പീൽ നവീകരണവിഭാഗം നൽകി. ഭൂരിപക്ഷവിധി പ്രകാരം അതിലും പുലിക്കോട്ടിൽ മെത്രാപ്പോലീത്താ അന്തിമ വിജയം നേടി. സെമിനാരിക്കേസിന്റെ വിജയത്തെപ്പറ്റി *മലങ്കരസഭയുടെ രഹസ്യപേടക*ത്തിൽ വ്യവഹാര നടത്തിപ്പുകാരൻ ഇ. എം. ഫിലിപ്പ് നടത്തിയ ചില നിരീക്ഷണങ്ങൾ ഇവിടെ സംഗതമാണ്:

“.... അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടു കൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ഏത് കാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ, ആ കാര്യം അതിശയകരമായവിധത്തിൽ സാധിച്ചു കിട്ടാൻ തക്കവണ്ണം തന്റെ എറിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു. ഈ പ്രാർത്ഥനാശക്തി കൊണ്ടും ദൈവകൃപയോടും എതിർകക്ഷിയോടുള്ള ദൈവകോപം കൊണ്ടും സിമ്മനാരി വ്യവഹാരം ദൈവവിചാരണയിലായിരുന്നു ആദ്യന്തം നടത്തപ്പെട്ടതെന്ന് എനിക്ക് പൂർണ്ണബോധ്യം വന്നിട്ടുണ്ട്. ..... ഓരോ സന്ദർഭങ്ങളിൽ പ്രത്യക്ഷമായി കണ്ടുവന്ന ദൈവവിചാരണയെക്കുറിച്ച് അദ്ദേഹം (വക്കീൽ രാമനാഥരായർ) ഒരിക്കൽ എന്നോട് പറഞ്ഞു: ‘ഇങ്ങനെ ആശ്ചര്യകരമായ ഒരു കേസ് ഞാൻ കണ്ടിട്ടില്ല. ഇത് നടത്തുന്നത് ഞാനോ നിങ്ങളോ മെത്രാപ്പോലീത്തായോ അല്ല, ഈശ്വരൻ തന്നെയാണ്. ഈശ്വര നടത്തിപ്പിന്റെ അടയാളങ്ങൾ ഒരിക്കൽ അല്ല, പല പ്രാവശ്യം ഞാൻ കാണുന്നു. അത് കാണുമ്പോൾ ആശ്ചര്യംകൊണ്ട് എന്റെ രോമങ്ങൾ ഉണരുന്നു. ഈ കേസ് തോറ്റു പോകുമെന്ന് ഒരിക്കലും ഭയപ്പെടേണ്ട. .....”[31]

1889 മിഥുനം 30-ന് ഉണ്ടായ റോയൽക്കോടതി വിധി സെമിനാരി ക്കേസിന് അന്ത്യം കുറിച്ചു. 1892 വൃശ്ചികത്തിൽ കോടതിയിൽ വച്ച് സ്ഥാനചിഹ്നങ്ങളായ വടി, മുടി, സ്ലീബാ തുടങ്ങിയവ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസിൽ നിന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ ഏറ്റുവാങ്ങി. വിഷാദഭരിതനും നിരാശനുമായ തോമസ് അത്താനാസ്യോസ് മെത്രാച്ചൻ ഏറെക്കാലം ജീവിച്ചില്ല. 1893 കർക്കിടകത്തിൽ അദ്ദേഹം കാലം ചെയ്തു. 1868 ഇടവം 19-ാം തീയതി മെത്രാൻപട്ടം സ്വീകരിച്ചതു മുതൽ മാർത്തോമ്മാ സഭ സ്ഥാപിക്കുന്നതു വരെയും തന്റെയും മുൻഗാമിയുടെയും നിലപാടുകൾ സാധൂകരിക്കുവാൻ പലപ്പോഴും വ്യാജരേഖ നിർമ്മാണത്തിന്റെയും കൃതിമങ്ങളുടെയും വഴിയിൽ അദ്ദേഹം സഞ്ചരിച്ചിട്ടുള്ളത് അനേകംപേരും തിരിച്ചറിഞ്ഞിട്ടില്ല. ഈ വ്യാജങ്ങളാണ് ഇരു സഭകളും തമ്മിൽ അടുക്കാനാവാത്തവിധം അകലാൻ ഇടയാക്കിയത്. പിൽക്കാല സഭാചരിത്രകാരന്മാരിൽ പലരും കേസിലെ വിജയത്തിനായി ഇദ്ദേഹം ചെയ്തുകൂട്ടിയ കൃത്രിമത്വങ്ങളെ പരിശോധിക്കാതെയും

തിരിച്ചറിയാതെയും പുറപ്പെടുവിച്ചിട്ടുള്ള പരാമർശങ്ങൾ പുനഃപരിശോധനാർഹങ്ങളാണ്. കുറഞ്ഞപക്ഷം അദ്ദേഹം സെമിനാരിക്കേസിൽ ഹാജരാക്കിയ മലങ്കരക്കാനോൻ എങ്കിലും വിമർശനദൃഷ്ട്യാ പരിശോധിക്കുവാൻ സഭാചരിത്രകാരന്മാർക്ക് ഇനിയെങ്കിലും സന്മനസ്സുണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

സെമിനാരിക്കേസിലെ വിജയം കൊണ്ട് മലങ്കരയുടെ ന്യായമായ മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് ആണെന്നും സമുദായ സ്വത്തുക്കൾ യാക്കോബായ ട്രസ്റ്റ് ആണെന്നും സ്ഥാപിച്ച് കിട്ടിയെങ്കിലും ആ കേസിൽ രണ്ടാം പ്രതിയും സെമിനാരിയുടെ കൂട്ടുട്രസ്റ്റികളിൽ ഒരാളുമായിരുന്ന പുന്നത്ര ചാക്കോ ചാണ്ടപ്പിള്ള കത്തനാരെ ട്രസ്റ്റിസ്ഥാനത്തുനിന്നും നീക്കിയിരുന്നില്ല. വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാൻ ഈ ട്രസ്റ്റിയെ മാറ്റേണ്ടത് അനിവാര്യമായിരുന്നു. ആലപ്പുഴ കോടതിയിൽ പുതിയ വ്യവഹാരം ആരംഭിച്ചു. കോനാട്ട് മാത്തൻ മല്പാനെ 1895 വൃശ്ചികം 9-11 തീയതികൾ കൂടിയ അസോസ്യേഷൻ പുതിയ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. ഇക്കാര്യത്തിലും 1902 മകരം 21-ന് അനുകൂല വിധിയുണ്ടായി.

1896-ൽ ആലപ്പുഴ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കോട്ടയം ചെറിയപള്ളിക്കേസിൽ പുലിക്കോട്ടിൽ തിരുമേനിക്ക് അനുകൂലമായി 1899 കർക്കിടകം 32-ന് വിധി പ്രസ്താവിച്ചു. പിന്നീട് നിരണം, പുത്തൻകാവ്, കായംകുളം, പുതുപ്പള്ളി, നിലയ്ക്കൽ എന്നീ പള്ളികളും വ്യവഹാരത്തിലൂടെ പുലിക്കോട്ടിൽ മെത്രാച്ചന്റെ അധീനതയിൽ വന്നു. ഏറ്റവും ഒടുവിലായി കൊച്ചി സംസ്ഥാനത്തെ ഏറ്റവും പ്രശസ്ത ഇടവകയായ ആർത്താറ്റ് ചാട്ടുകുളങ്ങര (പാലൂർ) പള്ളിയും 1905 കർക്കിടകം 31-ലെ കൊച്ചിൻ റോയൽ കോടതിയുടെ വിധിയിലൂടെ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ വന്നു. ഇപ്രകാരം നീതിപീഠങ്ങളിലൂടെ നടത്തിയ യുദ്ധപരമ്പര അദ്ദേഹത്തെ വിജയത്തിലേക്ക് നയിച്ചു. തർക്കം നിലനിന്ന എല്ലാ പള്ളികളും സന്ദർശിച്ച് പൊതുയോഗം വിളിച്ചു കൂട്ടി മലങ്കര സഭയോടും അതിന്റെ അധ്യക്ഷനോടും വിധേയത്വം പ്രഖ്യാപിക്കുന്ന ഉടമ്പടികൾ അംഗീകരിപ്പിക്കുകയും അവ രജിസ്റ്റർ ചെയ്തു നിയമസാധുത ഉറപ്പാക്കുകയും കേസിലെ വിജയം ശാശ്വതീകരിക്കുകയും ചെയ്തു.

## 26. സാക്ഷരകേരളത്തിന്റെ പ്രജാപതി

ത്രൈവർണ്ണികർ എന്നറിയപ്പെടുന്ന ഒരു ന്യൂനപക്ഷത്തെ (ബ്രാഹ്മണൻ, ക്ഷത്രിയർ, വൈശ്യർ) മാറ്റിനിർത്തിയാൽ ശേഷമുള്ള മഹാഭൂരിപക്ഷത്തിനും അക്ഷരാഭ്യാസം ലഭ്യമാവാത്ത രാഷ്ട്രീയ-മത-സാംസ്കാരിക പാരമ്പര്യങ്ങളിലമർന്ന കേരളത്തെ അന്ന് നിയന്ത്രിച്ചിരുന്നത് 'ശൂദ്രം

അക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേത്' എന്ന സ്മൃതി ശാസനമാണ്. ശൂദ്രർ അക്ഷരത്തിന്റെ ശ്രീകോവിലിൽ നിന്ന് പുറത്താക്കപ്പെട്ടുവെങ്കിൽ അവർണ്ണ സമുദായങ്ങളുടെ കഥ പറയാനുണ്ടോ? വിദ്യ അഗ്നിയാണെന്നും അത് ദേവന്മാർക്ക് മാത്രം വിധിച്ചതാണെന്നും ഭൂദേവന്മാർ ശഠിച്ചിരുന്ന ഒരു കാലത്ത് (പത്തൊമ്പതാം നൂറ്റാണ്ടിൽ) പവിത്രമായ അക്ഷരാഗ്നിയെ ദേവന്മാർക്ക് വെളിയിൽ വർണ്ണാ വർണ്ണഭേദം കൂടാതെ, ആൺപെൺ വ്യത്യാസമില്ലാതെ സാർവ്വത്രികമായി സംക്രമിപ്പിച്ച് കേരള നവോത്ഥാനത്തിന് ബീജാവാപം ചെയ്ത ധീരോദാത്ത നായകനാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ. സ്വർഗ്ഗത്തിന്റെ മാത്രം സമ്പത്തായിരുന്ന അഗ്നിയെ മനുഷ്യർക്ക് നൽകി അമാനുഷശക്തികളോട് പൊരുതുവാൻ അവരെ സജ്ജരാക്കിയ ഗ്രീക്ക് ഇതിഹാസവീരൻ പ്രൊമിത്യൂസിന്റെ സ്ഥാനമാണ് കഥാപുരുഷൻ അർഹിക്കുന്നത്. 1851-ൽ ആദ്യം ചുമതലയേറ്റ പഴഞ്ഞി ഇടവകയിൽ യാതൊരു സർക്കാർ ഗ്രാന്റിന്റെയും സഹായം കൂടാതെ നാല് പ്രാഥമിക വിദ്യാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചു. ഒന്നര നൂറ്റാണ്ടിന് മുമ്പ് തന്റെ ഉള്ളിൽ ജ്വലിച്ചിരുന്ന അക്ഷരസ്നേഹം വ്യാപകമായ ഒരു പ്രസ്ഥാനമായി പടർന്ന് പന്തലിക്കത്തക്കവിധം അദ്ദേഹം പ്രഖ്യാപിക്കുന്നത് 1873-ലെ പരുമല പടിയോലയിലാണ്. ഒരു സഭാനേതാവ്, സഭയുടെ ആഭ്യന്തര പ്രശ്നങ്ങളുടെ നീർച്ചുഴിയിൽപെട്ട് നട്ടം തിരിയുമ്പോൾ, സാംസ്കാരിക നവോത്ഥാനം കൊണ്ട് നാടിന്റെയും സമൂഹത്തിന്റെയും ഉയിർത്തെഴുന്നേല്പ് സ്വപ്നം കാണുകയോ?

'അരിമണിയൊന്ന് കൊറിക്കാനില്ല തരിവളയിട്ട് കിലുക്കാൻ മോഹം' എന്ന മട്ടിലുള്ള അദ്ദേഹത്തിന്റെ ഭാവനാസ്വപ്നത്തെ 1873-ലെ പരുമല സമ്മേളനത്തിലും 1876-ലെ മുളന്തുരുത്തി സുന്നഹദോസിലും ആരും എതിർത്തില്ലെങ്കിലും ആരും ഗൗരവമായി എടുത്തിരിക്കയില്ല. സഭാ വ്യവഹാരത്തിനായി പണം സ്വരൂപിക്കുവാൻ കേരളക്കരയിലെ പള്ളികളിലെങ്ങും സഞ്ചരിക്കുന്ന കൂട്ടത്തിൽ ഓരോ ഇടവകയിലും ചുരുങ്ങിയത് ഒരു പള്ളിക്കുടം എന്ന സ്വപ്നത്തെ അദ്ദേഹം പ്രവർത്തികമാക്കുക തന്നെ ചെയ്തു. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ എഴുതിയിരിക്കുന്നതു കാണുക: "സഭയിലെ ഒന്നാമത്തെ വിദ്യാഭ്യാസ സ്ഥാപനമായ എം. ഡി. സിമ്മനാരി സ്കൂൾ സ്ഥാപിച്ചത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആണ്. മലങ്കരയിലെ വിദ്യാഭ്യാസ മിഷന്റെ തുടക്കം അവിടെയാണെന്ന് പറയാം. ക്രാന്തദർശിയായ മാർ ദീവന്നാസ്യോസിനോട് സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു."[32] അന്ന് മലങ്കരസഭയിൽ ഇരുനൂറിൽ താഴെ ദേവാലയങ്ങളേ ഉണ്ടായിരുന്നുള്ളൂ. അവിടങ്ങളിലെല്ലാമായി ഇരുനൂറ്റിഅമ്പതിലധികം മലയാളം പ്രാഥമിക

വിദ്യാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചു[33] (പഴഞ്ഞിയിൽ നിന്ന് വൈദിക വിദ്യാർത്ഥിയായി പുലിക്കോട്ടിൽ തിരുമേനി പരുമല മാർ ഗ്രീഗോറിയോസിന്റെ ശിഷ്യത്വത്തിലേക്ക് ഏല്പിക്കുകയും വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിൽ നിന്ന് ആദ്യപട്ടം ഏല്ക്കുവാൻ തീയതി നിശ്ചയിച്ച് പ്രഖ്യാപിക്കുകയും തലേദിവസം നടന്ന ആനപ്പാപ്പി വധത്തെ തുടർന്ന് പട്ടംകൊട നടക്കാതിരിക്കുകയും പിന്നീട് ജീവിതകാലം മുഴുവൻ അധ്യാപകവൃത്തിയിൽ തുടരുകയും ചെയ്ത ചീരൻ വി. വർഗ്ഗീസിന്റെ സമകാല സാക്ഷ്യമാണിത്. മൂന്ന് ഹൈസ്കൂൾ, എട്ട് മിഡിൽ സ്കൂൾ, നിരവധി ഇംഗ്ലീഷ് പ്രൈമറി സ്കൂളുകൾ, ഇരുനൂറ്റിഅമ്പതിൽ കുറയാതെ മലയാളം സ്കൂളുകൾ എന്നിങ്ങനെയാണ് അദ്ദേഹത്തിന്റെ സാക്ഷ്യം.) സ്കൂൾ നടത്തിപ്പിന്റെ രക്ഷാകർത്തൃത്വം അന്തിമമായി മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരുന്നു. ഡോ. സാമുവേൽ ചന്ദനപ്പള്ളി എഴുതുന്നത് കാണുക: “വിദ്യാഭ്യാസ മേഖലയായിരുന്നു മാർ ദീവന്നാസ്യോസിന്റെ മറ്റൊരു പ്രവർത്തനമേഖല. സാമ്പത്തികമായി വളരെ അധികം ഞെരുക്കങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും സ്കൂൾ സ്ഥാപനത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. മോതിരവും അംശവടിയും കൂടെക്കൂടെ പണയം വക്കുകയും വീണ്ടെടുക്കുകയും ചെയ്തുകൊണ്ടാണ് സ്കൂളുകൾ സ്ഥാപിച്ചത്. പണ സമ്പാദനമല്ലായിരുന്നു ആശയസമ്പാദനവും വിതരണവും ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വിദ്യാസമ്പന്നതയിലൂടെ വിജ്ഞാന കുതുകികളും വിവേകമതികളും ആയ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നം കണ്ടു. വിദ്യയിലൂടെ സാമ്പത്തികഭദ്രത ദർശിച്ചു. അതുവഴി സമൂഹത്തിന്റെ സമഗ്ര പുരോഗതിയും.”[34]

ഏത് സാമൂഹ്യമാറ്റവും വിജയിക്കുവാൻ വിദ്യയുടെ വെളിച്ചം നേടിയ മനസ്സുകൾ അനിവാര്യമെന്ന് അദ്ദേഹം കണ്ടെത്തി. സമഗ്രമായ ഒരു നവോത്ഥാനം സംഭവിക്കണമെങ്കിൽ അക്ഷരാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു’ എന്ന ക്രിസ്തുവചനത്തെ കാലോചിതമായും സംസ്കാരാഭിമുഖമായും വ്യാഖ്യാനിക്കുവാൻ മെത്രാപ്പോലീത്തായ്ക്ക് കഴിഞ്ഞതിന്റെ നിദർശനമാണ് അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങൾ. കഠിനപ്രയത്നത്തിന്റെ ഫലമായി നൂറോളം വിദ്യാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭിച്ചതായി സമുദായ സെക്രട്ടറി ഇ. എം. ഫിലിപ്പ് തന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തി. 1875 മുതൽ 1900 വരെയുള്ള കാൽ നൂറ്റാണ്ടുകൊണ്ട് അദ്ദേഹം മലങ്കരസഭയിൽ വരുത്തിയ വിപ്ലവാത്മക പരിവർത്തനങ്ങൾ മറ്റൊരു സമുദായാചാര്യനെ (നാരായണഗുരുവിനെ) ആഴത്തിൽ സ്വാധീനിച്ചതിന്റെ ഫലമായി 1903-ൽ സ്ഥാപിതമായ എസ്.എൻ.ഡി.പി. ക്ക് ‘വിദ്യയിലൂടെ വിജ്ഞരാകുക’ എന്ന മുദ്രാവാക്യം ഉണ്ടായി. കേരളം നേടിയ

നൂറ് ശതമാനം സാക്ഷരതയുടെ പിതൃത്വം അവകാശപ്പെടുന്നവർ ഒന്നര നൂറ്റാണ്ടിന് മുമ്പ് സംസ്ക്കാരിക കേരളത്തിൽ കനകം വിളയിച്ച ഈ സാക്ഷരകേരള പ്രജാപതിയുടെ മുമ്പിൽ നമിക്കേണ്ടതല്ലേ? അദ്ദേഹം സ്ഥാപിച്ച പല വിദ്യാലയങ്ങളും ഇന്നില്ല. ചിലത് നിന്നുപോയി; വേറെ ചിലത് മലങ്കര കത്തോലിക്കാ റീത്തുകാരുടേതായി മാറി. ഇനിയും ചിലത് സർക്കാർ സ്കൂളുകളായി.

## 27. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ലോകനായകൻ (ജാത്യൈക്യസംഘം)

ക്രൈസ്തവസഭകൾക്ക് ഒന്നിച്ച് പ്രവർത്തിക്കുവാനുള്ള ഒരു വേദി ലോകസഭാ ചരിത്രത്തിൽ ഉത്ഭവിക്കുന്നത് 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലാണ്. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കത്തോലിക്കാസഭയും മലങ്കര സുറിയാനിസഭയും യോജിച്ച് പ്രവർത്തിക്കാവുന്ന ഒരു ഐക്യസംരംഭത്തിന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ വിത്തുപാകി. 'ജാത്യൈക്യപ്രസ്ഥാനം' എന്ന് നാമകരണം ചെയ്ത ഈ പ്രസ്ഥാനം വമ്പിച്ച ഒരു തുടക്കമായിരുന്നു. "ഇരു സഭകളും സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ഒരു വേദി ഒരുക്കുന്നതിനുള്ള മഹത്തായ ഈ സംരംഭം നാട്ടുകാരായ ചില കത്തോലിക്കാ പ്രമാണിമാരുടെ പ്രതിഷേധത്തിന് വഴിഒരുക്കുകയും അവർ മാർപ്പാപ്പായിൽ സ്വാധീനം ചെലുത്തി സഹകരണ രംഗത്തിന് കത്തി വയ്ക്കുകയുമാണുണ്ടായത്. എക്യുമെനിക്കൽ പ്രസ്ഥാനം എന്ന കാര്യം ഒരു സഭാ നേതാവിന്റെയും ഭാവനയിലോ സ്വപ്നത്തിലോ ഇല്ലാതിരുന്ന കാലത്ത് നടന്ന ഈ സഹകരണത്തിന് ശ്രമിച്ച പുലിക്കോട്ടിൽ തിരുമേനിയും നിധിയിരിക്കൽ മാണിക്കത്തനാരും എത്രമാത്രം ദീർഘവീക്ഷണം ഉള്ളവരും സംസ്കാര കേദാരങ്ങളുമായിരുന്നുവെന്ന് ചിന്തിക്കുമ്പോഴാണ് സത്യം തെല്ലെങ്കിലും പിടികിട്ടുക. മാർപ്പാപ്പായുടെ കല്പന അനുസരിക്കുവാൻ ബാധ്യസ്ഥനായ നിധിയിരിക്കൽ മാണിക്കത്തനാർ ഐക്യ സംരംഭത്തിൽ നിന്ന് പിൻമാറ്റപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അവകാശം കൂടി അന്നു (കയ്യിൽ) കാൽക്കാശില്ലാതിരുന്ന പുലിക്കോട്ടിൽ തിരുമേനി ഏറ്റെടുക്കുകയായിരുന്നു.'[35]

## 28. കോട്ടയം എം. ഡി. സെമിനാരി

പുലിക്കോട്ടിൽ തിരുമേനി സഭയ്ക്കുവേണ്ടി സ്വരൂപിച്ച പൊതുസ്ഥലങ്ങളിൽ പ്രമുഖമായ ഒന്നാണ് കോട്ടയം എം. ഡി. സെമിനാരി കോമ്പൗണ്ട്. ജാത്യൈക്യസംഘത്തിനു വേണ്ടി 3000 രൂപ കൊടുത്ത് വാങ്ങിയ ഇരുപത്തിരണ്ട് ഏക്കർ വരുന്ന വിശാലസുന്ദരമായ സ്ഥലവും സ്ഥാപനങ്ങളും ഇന്ന് ശതകോടികൾ വിലമതിക്കുന്നു. മൂല്യവത്തായ ഈ ജാത്യൈക്യസംഘം വേണ്ടത്ര വിജയിച്ചില്ല എങ്കിലും അതിനുവേണ്ടി

സമ്പാദിച്ച സ്ഥലം തന്റെ പൂർവ്വികനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ പേരിൽ നാമകരണം ചെയ്യുകയും 1893-ൽ അവിടെ എം. ഡി. സ്കൂൾ ആരംഭിക്കുകയും ചെയ്ത കഥാപുരുഷൻ കോട്ടയം പഴയസെമിനാരിക്ക് സമാനവും സമാന്തരവും ആയ ഒരു മഹാ പ്രസ്ഥാനത്തിന്റെ ശില്പി ആവുകയായിരുന്നു. വുഡ് ലാൻഡ് എസ്റ്റേറ്റ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സ്ഥലത്ത് 1893-ൽ എം. ഡി. ഹൈസ്കൂൾ ആരംഭിച്ചതിനെപ്പറ്റി 1893 ഫെബ്രുവരി 5-ാം തീയതിയിലെ മലയാള മനോരമ മുഖപ്രസംഗരൂപത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്.[36]

## 29. ദേവാലയങ്ങളുടെ പ്രതിഷ്ഠാപകൻ

മലങ്കരസഭയുടെ വളർച്ചയുടെ ചരിത്രം പരിശോധിക്കുമ്പോൾ അതിലെ പള്ളികളുടെയും ഇടവകകളുടെയും സംഖ്യയിൽ ഉണ്ടായ വർദ്ധനവ് സഗൗരവമായ പരിഗണന അർഹിക്കുന്നു. പുതിയ പള്ളികൾ നിർമ്മിക്കുവാൻ പൊതു സമുദായം ചുമതല വഹിക്കണമെന്ന് 1876-ലെ മുളന്തുരുത്തി സുന്നഹദോസിന്റെ 11-ാം കാനോനായിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പഴയ പള്ളികളുടെ അറ്റകുറ്റപണികൾ നടത്തുവാൻ പൊതു സമുദായം ചുമതലപ്പെട്ടിരിക്കുന്ന വിവരം 1873-ലെ പരുമല പടിയോലയിലും കാണുന്നുണ്ട്. ഈ നവീന ആശയത്തിന്റെ ശില്പിയായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്താ തന്റെ സഭാ ശുശ്രൂഷയിൽ ഈ നിശ്ചയം പ്രാവർത്തികമാക്കുന്നതിന് ഉയർന്ന പരിഗണന നൽകി. 1852-ൽ കശ്ശീശാപട്ടം സ്വീകരിച്ച അദ്ദേഹം ഏറ്റെടുത്ത ആദ്യ ചുമതല പഴഞ്ഞിപള്ളിയിലെ വികാരിസ്ഥാനമാണെങ്കിലും 1852-ൽ തന്നെ കുന്നംകുളം സെന്റ് തോമസ് കിഴക്കേ പുത്തൻപള്ളി സ്ഥാപിച്ചുകൊണ്ട് നവീകരണ പ്രസ്ഥാനത്തെ ഞെട്ടിക്കുന്ന ശംഖ്നാദം അദ്ദേഹം പുറപ്പെടുവിച്ചു. ആ ദേവാലയത്തെ പ്രവർത്തനരഹിതമാക്കുവാൻ രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള പാലക്കുന്നത്തു മെത്രാച്ചൻ നടത്തിയ ഭഗീരഥശ്രമം ഒടുവിൽ പരാജയപ്പെടുക തന്നെ ചെയ്തു. 1852 വൃശ്ചികം 12 മുതൽ (കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മ ദിവസം) ആ പള്ളിയിൽ വിശുദ്ധ കർമ്മാനുഷ്ഠാനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 1040 (1865) മുതൽ പത്തു വർഷത്തിനകം അദ്ദേഹം പണിയിപ്പിച്ച പള്ളികളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:

1. പരുമല സെമിനാരി ചാപ്പൽ, 2. കരുവാറ്റ, 3. ചാലശ്ശേരി, 4. തിരുവാങ്കുളം, 5. കാട്ടൂർ, 6. അയിരൂർ, 7. മഞ്ഞപ്ര, 8. അല്ലപ്ര, 9. വേങ്ങൂർ, 10. കുടശ്ശനാട്, 11. പുത്തൻകാവ്, 12. കണ്യാട്ട്നിരപ്പ്, 13. കുണ്ടറ, 14. മാറാട്ടിൽ, 15. ഓണക്കൂർ, 16. നെല്ലിക്കൽ, 17. ചേലാട്, 18. മഴുവന്നൂർ.[37]

ഈ പതിനെട്ടു പള്ളികൾ ഉൾപ്പെടെ 1876-ൽ ഏഴ് മെത്രാസനങ്ങളി

ലായി 154 പള്ളികൾ ആണ് ഉണ്ടായിരുന്നത്. മെത്രാപ്പോലീത്തായുടെ കാൽ നൂറ്റാണ്ടു കാലത്തെ സഭാസാരഥ്യം അവസാനിച്ചപ്പോൾ ദേവാലയങ്ങളുടെ എണ്ണം 284 ആയി വർദ്ധിച്ചു.[38] ഇവയുടെ കൂട്ടത്തിൽ രണ്ടു മൂന്നു പള്ളികളുടെ കാര്യം സവിശേഷമായ പരിഗണന അർഹിക്കുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

**A. തിരുവനന്തപുരം പള്ളി:** "വളരെ നാൾമുമ്പേ ആരംഭിക്കുകയും ഇടയ്ക്ക് ധനമില്ലാതെ പണി മുടങ്ങിക്കിടക്കുകയും ചെയ്ത തിരുവനന്തപുരം പള്ളിയുടെ കൂദാശ 1076 (1890) വൃശ്ചികത്തിൽ കഴിഞ്ഞു. രാജസ്ഥാനത്ത് ഒരു പള്ളി ഇല്ലാത്തതിനെപ്പറ്റി നമ്മുടെ കഥാനായകൻ (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ) പലപ്പോഴും ദുഃഖിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ഇടയ്ക്ക് വീഴ്ചയായി കിടന്ന കാലത്ത്, അത് ആരംഭിക്കുന്നതിനു മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ അധികം മനോവേദന അദ്ദേഹത്തിനുണ്ടായതാണെങ്കിലും അത് കൃപയാൽ തീർന്നുവല്ലോ."[39]

**B. കോട്ടയം ഏലീയാ കത്തീഡ്രൽ:** എം.ഡി. സെമിനാരി ഹൈസ്കൂൾ ബോർഡിലെ കുട്ടികളുടെ ആവശ്യത്തിനായി സെമിനാരി ബംഗ്ലാവിന്റെ സ്വീകരണമുറി അല്പം പടിഞ്ഞാറോട്ട് നീട്ടിപ്പണിത് പുലിക്കോട്ടിൽ തിരുമേനി 1896 ഡിസംബർ 6-ാം തീയതി ഏലിയാ ചാപ്പലിന് രൂപം നൽകുകയും അതിന്റെ കൂദാശ നിർവ്വഹിക്കുകയും ചെയ്തു. സമുദായക്കേസു മൂലം കോട്ടയത്തെ പ്രധാന ദേവാലയങ്ങൾ പൂട്ടപ്പെട്ടശേഷം ഇവിടത്തെ വിശ്വാസികൾക്ക് ആരാധനാസൗകര്യം ലഭിച്ചത് ഏലിയാ കത്തീഡ്രൽ മുഖാന്തിരം ആയിരുന്നു.[40] മലങ്കര അസോസ്യേഷൻ നിരവധി തവണ സമ്മേളിച്ച ഇടമാണ് ഏലിയാ ചാപ്പൽ. ഇന്നത് പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗിക കത്തീഡ്രൽ ആണ്. 1986 ഫെബ്രുവരി 6-ന് പൗരസ്ത്യ കാതോലിക്കാ പ. മാത്യൂസ് പ്രഥമൻ ബാവായും കത്തോലിക്കാ സഭയുടെ പ. ജോൺ പോൾ മാർപ്പാപ്പായും ചരിത്രപ്രസിദ്ധമായ കൂടിക്കാഴ്ച നടത്തിയത് ഇവിടെവച്ചാണ്. രണ്ടു തവണ കാതോലിക്കാ സ്ഥാനാരോഹണത്തിനും 1953-ലും 2010-ലും നടന്ന മേല്പട്ടസ്ഥാനാരോഹണത്തിനും വേദിയായ ഏലിയാ കത്തീഡ്രൽ സ്ഥാപകൻ എന്ന ബഹുമതി പുലിക്കോട്ടിൽ തിരുമേനിയുടെ തൊപ്പിയിൽ ഒരു പൊൻതൂവൽ ആയി സ്ഥാനം പിടിച്ചിരിക്കുന്നു.

**C. തൃശൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ:** കേരളത്തിന്റെ സംസ്ക്കാരിക തലസ്ഥാനവും കൊച്ചി സംസ്ഥാനത്തെ പ്രമുഖ പട്ടണവുമായ തൃശൂരിൽ മലങ്കരസഭയ്ക്ക് ഒരു ദേവാലയം നിർമ്മിക്കാൻ ആരംഭിക്കുന്നത് 1070 (1894) -ൽ പുലിക്കോട്ടിൽ തിരുമേനിയുടെ പ്രേരണയാൽ ആണ്. രണ്ടര ഏക്കർ വീസ്തീർണ്ണമുള്ള സ്ഥലത്ത് പള്ളി പണിയുവാൻ ആദ്യം സർക്കാർ അനുവാദം ലഭിച്ചില്ല. 1078-ൽ (1903) അനുവാദം

കിട്ടിയെങ്കിലും നേതൃത്വം വഹിക്കുവാൻ ആളില്ലാത്തതിനാൽ പള്ളിപണി തുടങ്ങാനായില്ല. തൃശൂർപ്പള്ളി ചരിത്രം കാണുക: "1081 വൃശ്ചികത്തിൽ (1905) പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുന്നം കുളങ്ങരെ വന്ന് ഒരു കൊല്ലത്തോളം അവിടെ താമസിച്ചു. ആ കാലത്ത് മിസ്റ്റർ ചാക്കോ (എം. എ ചാക്കോ സൂപ്രണ്ട്) ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ആയിരുന്നു. 1081 (1906) കർക്കിടകമാസത്തിൽ ഒരു ദിവസം മിസ്റ്റർ ചാക്കോ മെത്രാപ്പോലീത്തായെ കാണുന്നതിനായി കുന്നംകുളങ്ങരെ വരെ ചെല്ലുകയും ആ അവസരത്തിൽ തൃശൂർ പള്ളിക്കാര്യം മെത്രാപ്പോലീത്തായും മിസ്റ്റർ ചാക്കോയും തമ്മിലുള്ള സംസാരത്തിൽ വിഷയീഭവിക്കുകയും ചെയ്തു. പള്ളിയുടെ പണിയ്ക്ക് തന്നാൽ കഴിയുന്നത് പ്രവർത്തിക്കണംമെന്ന് മെത്രാപ്പോലീത്താ മി. ചാക്കോയോട് ആവശ്യപ്പെടുകയും താൻ അങ്ങനെ ചെയ്തുകൊള്ളാമെന്ന് മി. ചാക്കോ സമ്മതിക്കുകയും ചെയ്തു. ആർത്താറ്റ്-കുന്നംകുളം പള്ളികളിൽനിന്നും ജനങ്ങളിൽ നിന്നുമായി ആയിരം ഉറുപ്പിക പിരിച്ചെടുത്ത് കൊടുക്കുന്നതായാൽ പണിക്ക് പോരാതെ വരുന്ന സംഖ്യ എവിടെനിന്നെങ്കിലും പിരിച്ചുണ്ടാക്കി പണി നടത്താൻ സാധിക്കുന്നതാണെന്ന് മി. ചാക്കോ തിരുമനസ്സിനോടറിയിച്ചു. അതനുസരിച്ച് 81 (1906) കർക്കിടകം 12-ന് മെത്രാപ്പോലീത്താ തീരുമനസ്സുകൊണ്ട് ആർത്താറ്റ്-കുന്നംകുളം പള്ളികളിലേക്ക് ഒരു കല്പന അയച്ചു.[41] ആ പരിശ്രമം സഫലമായി. അങ്ങനെയാണ് തൃശൂർ കത്തീഡ്രൽ ഒരു യഥാർത്ഥ്യമായത്.

ഇപ്രകാരം തലസ്ഥാന നഗരിയിലും അക്ഷര തലസ്ഥാന നഗരിയിലും സാംസ്കാരിക തലസ്ഥാന നഗരിയിലും മലങ്കരസഭയ്ക്ക് ദേവാലയങ്ങൾ ആവിർഭവിക്കുന്നതിന് പുലിക്കോട്ടിൽ തിരുമേനിയുടെ കർമ്മകുശലതയും ക്രാന്തദർശിത്വവും കാരണമായി.

### 30. ആത്മീയ സാമുദായിക സംഘടനകളുടെ പ്രോദ്ഘാടകൻ

സംഘടിച്ച് ശക്തരാവുക എന്ന ശക്തിമന്ത്രം കേരളത്തിൽ ആദ്യം ആവിഷ്ക്കരിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന ഭരണച്ചുമതലയുള്ള സംഘടന സ്ഥാപിച്ചതുകൊണ്ട് സംതൃപ്തനായില്ല. സഭാംഗങ്ങളുടെ ആത്മീയ പുരോഗതിക്ക് വിവിധ ആത്മീയസംഘടനകൾ ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം നിശ്ചയിച്ചു.

**A. സണ്ടേസ്കൂൾ:** വിദ്യാഭ്യാസത്തിലാണ് നാടിന്റെ ഭാവി എന്ന് അറിയാമായിരുന്ന മാർ ദീവന്നാസ്യോസ് സഭയുടെ ഭാവി വികസനവും ഇളം തലമുറയുടെ വിശ്വാസപരിശീലനത്തിലൂടെ മാത്രമേ സാധ്യമാകൂ എന്ന് വിശ്വസിച്ചു. എല്ലാ ഇടവകകളോടും ചേർന്ന് പ്രൈമറി വിദ്യാലയങ്ങൾ

സ്ഥാപിക്കുവാൻ തയ്യാറാക്കിയ കെട്ടിടത്തിൽ ഞായറാഴ്ചകൾതോറും 'രവിവാര പാഠശാലകൾ' എന്ന പേരിൽ വിശ്വാസപരിശീലന ക്ലാസ്സുകൾ അദ്ദേഹം ആരംഭിച്ചു. അതത് ഇടവകയിലെ വൈദികരുടെ ചുമതലയിൽ വേദകഥകളെ പരിചയപ്പെടുത്തുവാനും കൂദാശകളെയും ആചാരാനുഷ്ഠാനങ്ങളെയുംപറ്റി പ്രബോധനം നൽകുവാൻ ഏതാനും പ്രായമായവരെ സജ്ജരാക്കിയാണ് ഈ പാഠശാലകളിലെ പ്രവർത്തനം ആരംഭിച്ചത്. പ്രാർത്ഥനകൾ അഭ്യസിക്കുവാനും വേദവാക്യങ്ങൾ ഹൃദിസ്ഥമാക്കുവാനും ഇവിടെ സൗകര്യമുണ്ടായിരുന്നു. കഥാപുരുഷന്റെ നേതൃത്വത്തിൽ മലയാളത്തിൽ വിവർത്തനം ചെയ്ത് നിരവധി പതിപ്പുകളിലായി പ്രസിദ്ധീകരിച്ച നമസ്കാരക്രമങ്ങൾ ഇക്കാര്യത്തിൽ പ്രയോജനപ്പെട്ടു. നവീകരണക്കാർ ഊന്നൽ കൊടുത്തു പ്രചരിപ്പിച്ച വിശ്വാസ വിഷയങ്ങളിൽ സുറിയാനി സഭയുടെ യഥാർത്ഥ നിലപാടുകൾ എന്തെന്ന് ബാലമനസ്സുകളെ പരിശീലിപ്പിക്കുവാൻ ഈ യത്നം ഏറെ സഹായകമായി. അക്കാലത്തെ ഇടവകപത്രികയുടെ ലക്കങ്ങളിൽ പല ഇടവകകളിലും സണ്ടേസ്കൂൾ സ്ഥാപിക്കുന്നതിന്റെയും അവയുടെ വാർഷികങ്ങൾ ആഘോഷിച്ചതിനെപ്പറ്റിയും വാർത്തകൾ സ്ഥാനം പിടിച്ചിരുന്നു. *സഭാചരിത്ര വിജ്ഞാനകോശ*ത്തിൽ ഇപ്രകാരം കാണുന്നു: 'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ആരംഭിച്ച സണ്ടേസ്കൂൾ പ്രസ്ഥാനം' സഭയിലാകെ പടർന്നുപിടിച്ചിരുന്നു. (ഒളശ്ശയിലെ) എൻ. ഐ. പോത്തൻ (പിന്നീട് ശെമ്മാശൻ) ആ പ്രസ്ഥാനത്തിന്റെ പ്രഥമ സെക്രട്ടറിയായി. ഒരേകീകൃത സിലബസ്സും കരിക്കുലവും അദ്ദേഹം തയ്യാറാക്കി. സ്വന്തം ചിലവിൽ വേദാദ്ധ്യാപകൻ എന്ന മാസിക പ്രസിദ്ധീകരിച്ച് സൺഡേസ്കൂൾ പാഠങ്ങൾ പ്രസിദ്ധീകരിച്ചു."[42]

**B. വിദ്യാർത്ഥിപ്രസ്ഥാനം:** മാർ ദീവന്നാസ്യോസ് കുറെക്കൂടെ മുതിർന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ച് 1908-ൽ സ്ഥാപിച്ചതാണ് ഇന്ന് പടർന്ന് പന്തലിച്ച് വളർന്നുനില്ക്കുന്ന ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം. സഭയിലെ അഭ്യസ്തവിദ്യരായ അത്മായ നേതാക്കളെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥികളെ സംഘടിപ്പിച്ചു. 1908-ൽ പ്രസ്ഥാനം ഔപചാരികമായി ആരംഭിച്ചപ്പോൾ രൂപംകൊടുത്ത ആദ്യ പ്രവർത്തകസമിതിയിൽ മല്പാൻ വട്ടശ്ശേരിൽ ഫാ. ഗീവറുഗീസ്, ഫാ. പി. ടി. ഗീവറുഗീസ് എന്നിവർക്ക് പുറമേ കെ. സി. ചാക്കോ (ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപകൻ), എ. എം. വർക്കി (ആലുവാ യു. സി. കോളജിലെ പ്രഥമ പ്രിൻസിപ്പൽ), കെ. സി. മാമ്മൻ മാപ്പിള (മലയാള മനോരമ), എം. എ. ചാക്കോ (പോലീസ് സൂപ്രണ്ട്), ഇ. ജെ. ജോൺ (വക്കീൽ), ഡോ. ചീരൻ വർഗ്ഗീസ് എന്നീ അത്മായ നേതാക്കൾ അംഗങ്ങൾ ആയിരുന്നു. 'ഉന്നത

വിദ്യാഭ്യാസം നേടിയ യുവതലമുറയിലാണ് സഭയുടെ ഉയർച്ച അദ്ദേഹം കണ്ടത്. തന്മൂലം വിദ്യാർത്ഥികൾ ആയിരിക്കെ അവരെ സഭയോട് പ്രതിബദ്ധതയുള്ളവരാക്കുവാൻ വിദ്യാർത്ഥിപ്രസ്ഥാനത്തിന് കഴിയുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.'[43] അദ്ദേഹത്തിന്റെ പ്രതീക്ഷ തെറ്റിയില്ല. ഇക്കഴിഞ്ഞ നൂറ് കൊല്ലത്തെ സഭാചരിത്രം പരിശോധിച്ചാൽ സഭാനേതൃത്വത്തിലേക്ക് ആ പ്രസ്ഥാനം സംഭാവന ചെയ്ത നേതാക്കളുടെ നിര വലുതാണെന്ന് കാണാം. പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ഭാരവാഹികൾ ആയിരുന്ന നാലു പേരെങ്കിലും പിന്നീട് മേല്പട്ടക്കാരായിത്തീർന്നിട്ടുണ്ട്.

**C. മഹാജനസഭ:** ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഒരു തലമുറയുടെ കൈകളിലാണ് കേരളത്തിന്റെ നവോത്ഥാനവും സാമൂഹ്യപുരോഗതിയും എന്ന് മനസ്സിലാക്കിയ പുലിക്കോട്ടിൽ തിരുമേനി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സമുദായാംഗങ്ങളെ 'മഹാജനസഭ' എന്ന പേരിൽ സംഘടിപ്പിച്ചു. സമുദായ സെക്രട്ടറി കൂടെ ആയ ഇ. എം. ഫിലിപ്പ് ആ സമിതിയുടെ രൂപവത്ക്കരണത്തിന്റെ ചരിത്രം വരച്ചു കാട്ടുന്നതിപ്രകാരമാണ്: "ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്ത സുറിയാനിക്കാരുടെ ഒരു യോഗം 1072 മേടത്തിൽ (1897) എം. ഡി. സെമിനാരിയിൽ കൂടി സാമൂഹ്യപരിഷ്ക്കാരത്തെ ഉദ്ദേശിച്ച് ചില പ്രസംഗങ്ങൾ നടത്തുകയും പ്രതിവർഷം ഒരു സമ്മേളനം നടത്താമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഒന്നു രണ്ടു വർഷങ്ങൾ കഴിഞ്ഞപ്പോൾ... ഇംഗ്ലീഷ് പഠിക്കാത്തവരുമായ ... ചേരാമെന്ന് നിശ്ചയിച്ചു. അതു മുതൽ സമ്മേളനം ആണ്ടുതോറും പുഷ്ടി പ്രാപിച്ചുവന്നു." പാറേട്ട് എഴുതുന്നു: "യോജിച്ചു നിന്ന് പ്രവർത്തിക്കാതെ ജീവിതസമരത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ല എന്ന് ജോസഫ് ദീവന്നാസ്യോസിന് നിശ്ചയമുണ്ടായിരുന്നു. അതിനാൽ തന്റെ അനുയായികളെ സഭേതര കാര്യങ്ങളിലും സംഘടിപ്പിക്കുവാൻ അദ്ദേഹം മുൻകൈ എടുത്ത് പ്രവർത്തിച്ചു. ആ പ്രവർത്തനഫലങ്ങളിൽ ഒന്നായിരുന്നു സാമൂഹ്യസമ്മേളനം അല്ലെങ്കിൽ മലങ്കര മഹാജനസഭ എന്ന സംഘടന." 1085 ഇടവത്തിൽ (1910) ഇ. ജെ. ജോൺ വക്കീൽ അബ്ദുള്ളാ പാത്രിയർക്കീസിനയച്ച ഒരു കത്തിൽ മഹാജനസഭയെപ്പറ്റി പരാമർശിച്ചിട്ടുള്ളത് ഈവിധം സംഗ്രഹിക്കാം: "സുറിയാനി സഭയിൽ മുളച്ചു വളർന്ന മതഭേദത്തോടുള്ള പോരാട്ടത്തിൽ ആയുസ്സിനെ വിനിയോഗിക്കേണ്ടി വന്ന ... ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൃത്യാന്തരബാഹുല്യം നിമിത്തം സമുദായത്തിന്റെ വിദ്യാഭ്യാസ കേന്ദ്രസ്ഥാനമായ എം. ഡി. സിമ്മനാരിയിൽക്കൂടിയും ഉണ്ടായ ഞെരുക്കത്തെയും അനേകം പള്ളികളിലെ കുഴപ്പങ്ങളെയും മറ്റു പല സമുദായ വിപത്തുകളെയും കണ്ടുകൊണ്ട് സഹിച്ചിരിക്കാൻ സമുദായസ്നേഹം അനുവദിക്കാത്ത .... ആലോചിച്ച് ഏകദേശം പതിനഞ്ച് വർഷം മുമ്പ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് 'മഹാജനസഭ.'

വർഗ്ഗീസ് മാപ്പിള, ശങ്കരമംഗലത്തു വർക്കി, ഗീവറുഗീസ് ദീവന്നാസ്യോസ്, കൊല്ലമ്പറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ ഇവരെ ഈ സഭയുടെ സംരംഭകരായി ഇപ്പോൾ ഓർമ്മയിൽ വരുന്നു.[44] ആണ്ടുതോറും സമ്മേളിക്കുന്ന മഹാജനസഭയിലും വൈദികസംഘത്തിന്റെ സമ്മേളനത്തിലും ചർച്ചയിലൂടെ ഉരുത്തിരിയുന്ന കർമ്മപഥങ്ങൾ മലങ്കര അസോസ്യേഷനിലൂടെയും മാനേജിംഗ് കമ്മിറ്റിയിലൂടെയും പ്രവർത്തന പദ്ധതികളായി രൂപം പ്രാപിക്കുന്ന തേജോമയമായ ഒരു കാലഘട്ടമായിരുന്നു അത്.

**D. യാക്കോബായസഭ അഭിവർദ്ധിനീ സംഘം:** കേന്ദ്രതലത്തിൽ മഹാജനസഭയും അസോസ്യേഷനും വൈദികസംഘവും എടുക്കുന്ന പുരോഗമന വിഷയമായ തീരുമാനങ്ങളെ പ്രാദേശികതലത്തിൽ പ്രാവർത്തികമാക്കുവാൻ 'യാക്കോബായസഭാ അഭിവർദ്ധനീസംഘം' എന്ന പേരിൽ ഓരോ ഇടവകയിലും വൈദികരുടെ മേൽനോട്ടത്തിൽ സുവിശേഷ സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇടവകാതിർത്തിയിൽ വിദ്യാലയങ്ങൾ ആരംഭിക്കുക, സണ്ടെസ്കൂൾ നടത്തുക, ഇടവകകളിൽ ആവശ്യമായ സുവിശേഷ പ്രവർത്തകരെ നിയമിക്കുക, ഇടവകയിലെ കൺവൻഷനുകൾ നടത്തുക, ഇവയ്ക്കാവശ്യമായ ഫണ്ട് സ്വരൂപിച്ച് കൈകാര്യം ചെയ്യുക തുടങ്ങിയ ചുമതലകൾ ഈ സംഘത്തിൽ നിക്ഷിപ്തമായിരുന്നു. ഇടവക ഭരണചുമതലക്കാർ ഇടവകയിലെ ആത്മീയവും പുരോഗമനപരവുമായ പ്രവർത്തനങ്ങളിൽ ഉദാസീനരാകാം എന്ന സാധ്യത കണക്കിലെടുത്താണ് വൈദികരുടെ നേതൃത്വത്തിൽ ഈ സംഘം ഇടവകതോറും സ്ഥാപിച്ചത്. ആത്മീയ തീക്ഷ്ണതയുള്ള വിവേകമതികളെ പട്ടക്കാർ നേരിട്ട് കണ്ടെത്തി രൂപംകൊടുക്കുന്നതിനാൽ വിലകുറഞ്ഞ പ്രാദേശികവും കുടുംബപരവുമായ സ്വാധീനങ്ങൾ സംഘത്തെ കാര്യമായി അലട്ടിയിരുന്നില്ല. പള്ളികളിൽ നിന്ന് ദൂരെ താമസിക്കുന്ന സഭാംഗങ്ങളുടെ ഗ്രാമങ്ങളിൽ രോഗികളെ സന്ദർശിക്കുവാനും ദരിദ്ര വിഭാഗത്തെ സന്ദർശിച്ച് അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം വിതരണം ചെയ്യുവാനും ഞായറാഴ്ച സായാഹ്നങ്ങളിൽ വായനായോഗങ്ങൾ (പ്രാർത്ഥനായോഗം) നടത്തുവാനും ഈ സംഘം മുൻകൈ എടുത്തിരുന്നു. അപ്രകാരം പഴഞ്ഞി ഇടവകയിൽ പ്രതിമാസം പതിനാലു രൂപ ശമ്പളം പറ്റുന്ന രണ്ടു സുവിശേഷ പ്രവർത്തകരും അഞ്ചു രൂപ ശമ്പളം പറ്റുന്ന ഒരു ക്ലാർക്കും ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു.

**E. അഖില മലങ്കര വൈദികസംഘം:** 1889-ൽ റോയൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സെമിനാരിക്കേസ് അനുകൂലമായി അവസാനിച്ചു എങ്കിലും ഓരോ ഇടവകയിലും പൊതുസമുദായത്തിലും ആ വ്യവഹാര പശ്ചാത്തലം സൃഷ്ടിച്ച ക്ഷതങ്ങൾ നിരവധിയാണ്. പുരോഗമന

ചിന്തക്കാരും നവീന വിദ്യാഭ്യാസം നേടിയവരും നവീകരണക്കാരെ പിന്തുണച്ചു. കുറേപ്പേർ ഉദാസീനരും നിസ്സംഗരുമായിത്തീർന്നു. ഏറെക്കാലമായി വ്യവഹാര കാര്യങ്ങൾക്കായി ധനസമാഹരണം വൻതോതിൽ നടന്നതിനാൽ പള്ളിക്കെട്ടിടങ്ങൾ വേണ്ടത്ര കേടുപാടുകൾ പോക്കാൻ സാധിക്കാതെയിരുന്നു. പള്ളിയുടെ കൃഷിസ്ഥലം കൈവശം വച്ചിരുന്ന പാട്ടക്കാർ യഥാവസരം പാട്ടം കൊടുക്കാതെയിരുന്നു. രണ്ടു ഭാഗക്കാരും ഉണ്ടായിരുന്ന ഇടവകകളിൽ അച്ചടക്കം നഷ്ടപ്പെട്ടു. ഉത്തമരും യോഗ്യരുമായ യുവാക്കൾ വൈദികരംഗത്തേക്ക് വരാതായി. താറുമാറായ ഇടവകകളിൽ വൈദികരുടെ ഉപജീവനം ഏറെ ക്ലേശകരമായിരുന്നതിനാൽ വൈദികവൃത്തി ഏറ്റവും അനാകർഷകമായി. ഈ അനാഥാവസ്ഥ മാർ ദീവന്നാസ്യോസിനെ ഏറെ അസ്വസ്ഥനാക്കി. അദ്ദേഹം എഴുതുന്നത് കാണുക:

"നമ്മുടെ സഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന അന്യോപദ്രവങ്ങളെ തടുക്കുന്നതിനുള്ള ശ്രമത്തിൽ ഒഴിച്ചുകൂടാതെ വന്നുകൂടുന്ന വ്യവഹാരങ്ങളാലും മറ്റും സഭയുടെ വളർച്ചയ്ക്ക് ആവശ്യപ്പെട്ട പരിഷ്ക്കാരങ്ങൾ ഒന്നും നടപ്പാക്കുവാനും അതിനായി പരിശ്രമിക്കുവാനും സമയവും സൗകര്യവും കിട്ടാതെ നമ്മുടെ ആയുസ്സ് വൃദ്ധതയെ പ്രാപിച്ചിരിക്കുന്നത് ഓർക്കുമ്പോൾ നമുക്ക് വളരെ വ്യസനമുണ്ട്. പ്രത്യേകമായി പള്ളി സഞ്ചാരങ്ങളിൽ നാം പ്രവേശിക്കുമ്പോൾ പല ഇടവകകളിലും കാണ്മാൻ ഇടവന്നിട്ടുള്ള കുഴപ്പങ്ങളും വിവാദങ്ങളും നമ്മുടെ ഈ വ്യസനത്തെ വർദ്ധിപ്പിക്കുകയും ഈ നാശാവസ്ഥയിൽ നിന്ന് സഭയെ ഉദ്ധരിക്കുന്നതിന് തക്ക മാർഗ്ഗങ്ങളെ ഉണ്ടാക്കേണ്ട ആവശ്യകത നമ്മുടെ മനസ്സിനെ എപ്പോഴും കുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു" (1900 മേടം 1-ലെ കല്പന).

1899 മേടമാസത്തിൽ ചേർന്ന മഹാജനസഭയുടെ സാമൂഹ്യ സമ്മേളനത്തിൽ പുലിക്കോട്ടിൽ തിരുമേനി ഈ വ്യഥ അവതരിപ്പിച്ചു. അഖില മലങ്കര വൈദിക സംഘടന രൂപീകരിച്ച് വൈദികരെ സംഘടിപ്പിക്കുവാനും ഒരു സംഘടന വഴി വൈദികരെ കാലോചിതമായി പരിശീലിപ്പിക്കുവാനുമുള്ള പദ്ധതി അദ്ദേഹം യോഗവുമായി പങ്കു വച്ചു. തുടർന്ന് വൈദികരുടെ യോഗങ്ങൾ പല പ്രാദേശിക കേന്ദ്രങ്ങളിലും ചേർന്നു. അവരും ഈ ആലോചനയോട് സഹകരിച്ചു. സഭയിലെ മല്പാന്മാരുടെ ആലോചനയോടുകൂടി വൈദികസംഘത്തിന് നിയമാവലി എഴുതിയുണ്ടാക്കി സഹോദര മെത്രാപ്പോലീത്താമാരുമായി ആലോചിച്ച് നിയമാവലിക്ക് അന്തിമരൂപം നൽകി. അങ്ങനെ 1900 മേട മാസം 20-ാം തീയതി ബുധനാഴ്ച കോട്ടയം എം. ഡി. സെമിനാരിയിൽ വച്ച് അഖില മലങ്കര വൈദികസംഘം രൂപീകരിക്കുകയും അതിന്റെ നിയമാവലി അംഗീകരിക്കുകയും ചെയ്തു. യോഗം വിളിച്ചുകൂട്ടിയ കല്പനയിൽ മെത്രാപ്പോലീത്താ ഇപ്രകാരം എഴുതി:

"ഈ കാലത്തുള്ള നമ്മുടെ പട്ടക്കാരെക്കുറിച്ച് ആലോചിച്ചാൽ അവർ മുമ്പിലത്തേതിലും ദൈവഭയത്തിലും വിശ്വാസത്തിലും സന്മാർഗ്ഗത്തിലും വർദ്ധിച്ചു വരികയാകുന്നു എന്ന് പറയാൻ സംശയമില്ല. അവരെ ഭക്തിയിൽ വളർത്തിയും വർദ്ധിപ്പിച്ചും കൊണ്ടുപോകുന്നതിനുള്ള ശ്രമം മാത്രം ചെയ്താൽ മതി. അതിലേക്ക് ഈ സംഘം വളരെ ഉപയോഗപ്പെടുമെന്ന് നാം വിശ്വസിക്കുന്നു. അവരുടെ വരുമാനം തുലോം നിസ്സാരസ്ഥിതിയിലായിരിക്കുന്നു എന്ന് ആർക്കും അറിയാം. അവർ ഇത്ര നികൃഷ്ടാവസ്ഥയിലായിരുന്നിട്ടും ഇത്രത്തോളം വിശ്വസ്തന്മാരും സന്മാർഗ്ഗികളും ആയിരിക്കുന്നതിനെ ഓർത്താൽ നാം അവരെക്കുറിച്ച് വളരെ കൃതജ്ഞരായിരിക്കേണ്ടതാണ്. അതിനാൽ നമ്മുടെ സഭയുടെ ഉയർച്ചയ്ക്ക് കാരണഭൂതന്മാരായിരിക്കേണ്ട നമ്മുടെ പട്ടക്കാരിൽ ഭക്തിയും വിശ്വാസവും വർദ്ധിപ്പിക്കുന്നതിനും യോഗ്യന്മാരെ ഇതിലേക്ക് അകർഷിക്കുവാൻ തക്കവണ്ണം അവരുടെ അന്തസ്സിനെ ഉയർത്തുന്നതിനും അത്യന്തം ആവശ്യമായിരിക്കുന്ന ശ്രമങ്ങളിൽ നാം ഇനിയും മൗനമായിരുന്നാൽ നമ്മുടെ സഭ നാമാവശേഷമായിത്തീർന്നു പോകും. അതിനാൽ ഈ പ്രധാന വിഷയങ്ങളിൽ പരിഹാരമാർഗ്ഗങ്ങളെ ആലോചിച്ചുണ്ടാക്കുന്നതിന് ആരംഭിച്ചിരിക്കുന്ന ഈ വൈദികസംഘത്തെ വർദ്ധിപ്പിച്ചുകൊണ്ടു പോകേണ്ടത് സമുദായത്തിൽപ്പെട്ട എല്ലാവരുടെയും കടമയാണെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ..."[45]

മാർത്തോമ്മാ സഭയുടെ രൂപീകരണകാലത്ത് സഭയിലുണ്ടായ ശിഥിലീകരണ പ്രവണതകളെ ഒരു വലിയ പരിധി വരെ പരിഹരിക്കുവാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞു.

### യുവജനപ്രസ്ഥാനം

സഭയിലെ യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഒരു യുവജന സംഘടന കഥാപുരുഷൻ കോട്ടയത്ത് സ്ഥാപിച്ചു. അതിന്റെ വാർഷിക റിപ്പോർട്ട് 'ഇടവകപത്രിക'യിൽ ലഭ്യമാണ്.

### 31. പത്രപ്രവർത്തനം

വൈദികൻ ആയിരിക്കേ കുന്നംകുളത്ത് കഥാപുരുഷൻ സ്ഥാപിച്ചിരുന്ന 'പുലിക്കോട്ടിൽ ജോസഫ് കത്തനാര്സ് പ്രസ്' പിൽക്കാലത്ത് കൊച്ചിയിൽ പനക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയിൽ 'സെന്റ് തോമസ് പ്രസ്' എന്ന പേരിൽ സ്ഥാപിച്ചു. അവിടെനിന്ന് 'കേരള പതാക' എന്ന ദ്വൈവാരിക പ്രസിദ്ധീകരിച്ചു. ഇതര സഭാമേലദ്ധ്യക്ഷന്മാരിൽ നിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന ഒന്നാണ് പത്രപ്രവർത്തനം. കേരള പതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ മൂന്ന് പത്ര-മാസികകൾ അദ്ദേഹം ആരംഭിച്ച് നടത്തി.

## 32. ഒരു പരദേശ യാത്രയുടെ കഥ: മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ യാത്രാവിവരണകൃതി

കൊല്ലവർഷം 1038 കുംഭം 27-ന് (1863) കുന്നംകുളത്തു നിന്ന് ആരംഭിച്ച് 1040 ചിങ്ങം 23-ന് കൊച്ചിയിൽ അവസാനിച്ച പതിനെട്ടു മാസം നീണ്ടുനിന്ന ഒരു വിദേശയാത്രയുടെ സാഹിത്യാവിഷ്കാരമാണ് *ഒരു പരദേശയാത്രയുടെ കഥ*. മെത്രാൻ സ്ഥാനമേൽക്കുവാൻ നടത്തിയ സാഹസികവും സംഭവബഹുലവുമായ ഈ യാത്രയുടെ വിവരണം 1864 നവംബറിൽ പൂർത്തിയായെങ്കിലും എഴുത്തുകാരന്റെ ജീവചരിത്രത്തിന്റെ ഭാഗമായി 1901-ലാണിത് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. കാലഗണനയിൽ ആദ്യത്തെ യാത്രാവിവരണം 'പാറേമ്മാക്കൽ തോമ്മാ കത്തനാരുടെ 'വർത്തമാന പുസ്തകം' ആണെങ്കിലും ലക്ഷണമൊത്ത സഞ്ചാരസാഹിത്യ കൃതികളിൽ ആദ്യത്തേത് *ഒരു പരദേശയാത്രയുടെ കഥ*യായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. 'കുന്ദലത'യ്ക്ക് ശേഷം പ്രസിദ്ധീകൃതമായ 'ഇന്ദുലേഖ'യെ ലക്ഷണമൊത്ത ആദ്യ നോവലായി നിരീക്ഷിക്കുന്നതിന് സമാന്തരമാണീ വിലയിരുത്തൽ. 'വാക്യം രസാത്മകം കാവ്യം' എന്ന കാവ്യ നിർവ്വചനം പൂർണ്ണമായി ഇണങ്ങുന്ന സാഹിത്യകൃതിയാണിത്. യാത്രയിലെ രസകരമായ വിചിത്രാനുഭവങ്ങൾ, സന്ദർശിക്കുന്ന സ്ഥലങ്ങളുടെ ഭൂത-വർത്തമാനകാല ചരിത്രാവലോകനം, കണ്ടുമുട്ടിയ വ്യക്തികളെ ഒരു ചിത്രകാരന്റെ വൈദഗ്ദ്ധ്യത്തോടെ അവിസ്മരണീയമായി അവതരിപ്പിക്കൽ എന്നു തുടങ്ങി എഴുത്തുകാരന്റെ ഹൃദയസംഘർഷങ്ങളുടെയും ധർമ്മസങ്കടങ്ങളുടെയും സത്യസന്ധമായ ആവിഷ്ക്കാരം, പ്രസന്നമധുരമായ ശൈലി എന്നിങ്ങനെ ഒട്ടുവളരെ കാര്യങ്ങളിൽ ഒരു സാഹിത്യ മർമ്മജ്ഞന്റെ തൂലികാവിലാസം ഈ കൃതി വെളിപ്പെടുത്തുന്നു. ബഹുമുഖ പ്രതിഭയായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായിലെ സാഹിത്യകാരന്റെ മുഖം അധിഷേധ്യമായും അനാവരണം ചെയ്യപ്പെടുന്ന കൃതിയാണിത്. സഞ്ചാരസാഹിത്യ ചരിത്രത്തിലെ ഗണനീയമായ ഒരു സംഭാവനയായി 'ഒരു പരദേശയാത്രയുടെ കഥ' നമ്മെ അത്ഭുതപ്പെടുത്തുന്നു.

## 33. കേരളത്തിന് വെളിയിൽ മലങ്കരസഭ ഇദംപ്രഥമമായി രംഗപ്രവേശം ചെയ്യുന്നു

ഇന്ന് മലങ്കരസഭയ്ക്ക് കേരളത്തിന് വെളിയിലും വിദേശരാജ്യങ്ങളിലും ധാരാളം ഇടവകകൾ ഉണ്ട്. അവിടെയൊക്കെ മെത്രാപ്പോലീത്തന്മാരുമുണ്ട്. എന്നാൽ 19-ാം നൂറ്റാണ്ടിൽ കൊച്ചി-തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ മലങ്കരസഭയുടെ സാമ്രാജ്യം പരിമിതപ്പെട്ട ഒരു കാലത്ത് കേരളത്തിനും ഒരുപക്ഷേ ഭാരതത്തിനും വെളിയിൽ മലങ്കരസഭയുടെ ചക്രവാളസീമയെ

വിസ്തൃതമാക്കാനുള്ള സാഹസിക സംരംഭത്തിന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ ധൈര്യപ്പെട്ടു. മലങ്കരസഭയുടെ കുതിച്ചുചാട്ടവും അതിന്റെ ജനാധിപത്യ സംവിധാനങ്ങളും സഹോദര സമുദായങ്ങളെ അത്ഭുതപ്പെടുത്തിയതിന്റെ ഭാഗമായി ഗോവയിലും അമേരിക്കയിലും സിലോണിലുമുള്ള കത്തോലിക്കാസഭയിലെയും പ്രോട്ടസ്റ്റണ്ട് സഭകളിലെയും നിരവധിപേർ ഓർത്തഡോക്സ് വിശ്വാസം സ്വീകരിക്കുവാൻ സന്നദ്ധരായി. അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ എഴുതുന്നു:

“മലങ്കരസഭയുടെ ചരിത്രത്തിൽ ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ചില സംഭവങ്ങൾ അക്കാലത്ത് നാടകീയമായി അരങ്ങേറി. കത്തോലിക്കാസഭയിലെ ഒരു വൈദികൻ ദേശീയബോധം കൊണ്ട് ഉത്തേജിതനായി. പേപ്പൽ ഇരുമ്പുമറയിൽ നിന്ന് സഭ സുതാര്യമായ പ്രവർത്തനശൈലിയിലേക്ക് വളരണമെന്നും ആത്മീയരംഗമെന്നപോലെ സാംസ്ക്കാരിക രംഗവും സഭയുടെ പ്രവർത്തനമേഖലയായി അംഗീകരിക്കണമെന്നും ഈ യുവ വൈദികൻ കത്തോലിക്കാസഭയെ പ്രവാചകോചിതമായി ആഹ്വാനം ചെയ്തു. മാറ്റങ്ങൾക്ക് നേരെ പുറംതിരിഞ്ഞിരിക്കുകയും മാറ്റങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നവരെ അവഗണിക്കുകയും ചെയ്യുന്ന ഇരുണ്ട നയമാണ് കത്തോലിക്കാ തിരുസഭ ഈ വൈദികനോട് പുലർത്തിയത്. തന്റെ ഉല്പതിഷ്ണത്വവും ആദർശബോധവും നിലനിർത്തിക്കൊണ്ട് സഭാസേവനം ചെയ്യുവാൻ അനുയോജ്യമായി അദ്ദേഹം കണ്ടത് മലങ്കര സുറിയാനിസഭയെയാണ്. സാംസ്ക്കാരിക പ്രവർത്തനം കൊണ്ട് തേജോമയമായ പ്രഭാവലയം സൃഷ്ടിച്ച പുലിക്കോട്ടിൽ മെത്രാച്ചനെ ആ വൈദികൻ ബന്ധപ്പെട്ടു. പുലിക്കോട്ടിൽ മെത്രാച്ചന്റെ കീഴിൽ അഭിമാനത്തോടെ സഭാസേവനം നടത്തുന്നവരുണ്ടെന്ന് അദ്ദേഹത്തിന് ഉറപ്പായി. ഫാ. അൽവാറീസിനെ – അതായിരുന്നു ആ കത്തോലിക്കാ വൈദികന്റെ പേർ – മാർ ദീവന്നാസ്യോസ് മലങ്കരസഭയിലേയ്ക്ക് സ്വീകരിച്ചു. ശേഷം മെത്രാന്മാരുടെ സഹകരണത്തോടെ അദ്ദേഹത്തെ മാർ യൂലിയോസ് എന്ന പേരിൽ കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാനാക്കി വാഴിച്ചു. തുടർന്ന് അദ്ദേഹത്തെ കർണ്ണാടകയിലെ മിഷൻ പ്രവർത്തനത്തിനായി നിയോഗിച്ചപ്പോൾ പുലിക്കോട്ടിൽ മെത്രാച്ചൻ കൊട്ടുംകുരവയുമില്ലാതെ വിദേശ മിഷൻ എന്ന സ്വപ്ന പദ്ധതി പ്രവർത്തികമാക്കുകയായിരുന്നു. ഗോവ, സൗത്ത് കാനറ, ബ്രഹ്മവാർ തുടങ്ങിയ കർണ്ണാടക–കൊങ്കിണി പ്രദേശങ്ങളിൽ ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ച ഫാ. അൽവാറീസ് മലങ്കര മെത്രാപ്പോലീത്തായ്ക്ക് പ്രിയങ്കരനായി. കേരളത്തിന് വെളിയിൽ സിലോൺ, മൈസൂർ, മംഗലാപുരം എന്നീ സ്ഥലങ്ങളിൽ മലങ്കരസഭയുടെ ദേവാലയങ്ങൾ 1880–കളിൽ ആരംഭിച്ചു.

ഫാ. അൽവാറീസിന്റെ സഭാപ്രവേശം മറ്റൊരു വൈദികനെ

ആവേശഭരിതനാക്കി. അമേരിക്കയിലെ പ്രോട്ടസ്റ്റണ്ട് എപ്പിസ്ക്കോപ്പൽ സഭയിലെ വൈദികനായിരുന്നു അദ്ദേഹം. റിനിവിലാത്തി എന്ന ആ വൈദികനോടൊപ്പം ആ സഭയിലെ നിരവധി ക്രിസ്തീയ വിശ്വാസികൾ അമേരിക്കയിൽ മലങ്കരസഭാംഗത്വം സ്വീകരിക്കുവാൻ തയ്യാറായി. പുലിക്കോട്ടിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരം കൊളംബിൽ വച്ച് അദ്ദേഹത്തെ കടവിൽ തിരുമേനി, ചാത്തുരുത്തിൽ തിരുമേനി, അൽവാറീസ് തിരുമേനി എന്നിവർ ചേർന്ന് തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. പാത്രിയർക്കീസ് രണ്ടു വാഴ്ചയ്ക്കും അനുവാദം നൽകി. മലങ്കരസഭ മെത്രാന്മാരെ വാഴിക്കുന്ന കീഴ്വഴക്കം സ്ഥാപിക്കുവാൻ ഈ നടപടിയിലൂടെ പുലിക്കോട്ടിൽ മെത്രാച്ചന് കഴിഞ്ഞു. പക്ഷേ, ഈ കീഴ്വഴക്കം പിന്തുടരുവാൻ ആരുമുണ്ടായില്ല. റിനിവിലാത്തിയുടെ പരിശ്രമഫലമായി അമേരിക്കയിൽ, യൂറോപ്പിൽ, ആഫ്രിക്കയിൽ മലങ്കരസഭയുടെ ശാഖാ ദേവാലയങ്ങൾ ഉദയം ചെയ്തു. വിദേശമിഷൻ വിജയകരമായി പ്രവർത്തിച്ച ഈ കാലഘട്ടം മലങ്കരസഭയുടെ സുവർണ്ണ കാലത്തിന്റെ തലപ്പാവിൽ പൊൻതൂവലുകൾ അണിയിച്ചു.

## 34. അന്ത്യോഖ്യൻ അധിനിവേശത്തെ നിർവീര്യമാക്കുന്നു

1875-ൽ മലങ്കരയിൽ കാലുകുത്തിയ പ്രഥമ പാത്രിയർക്കീസ് ഹരിതാഭമായ മലങ്കരസഭയുടെ കൊഴുപ്പും മേദസ്സും കണ്ടപ്പോൾ അതിനെ സ്വന്തം കോളനിയാക്കുവാൻ ആഗ്രഹിച്ചത് കോളനിവല്ക്കരണത്തിന്റെ ആ കാലത്ത് സ്വാഭാവികമായിരുന്നു. ക്ഷണിച്ച ആതിഥേയന്റെ ഇംഗിതത്തിനുമപ്പുറം ആതിഥേയൻ ഉൾപ്പെടെ മലങ്കരസഭയെ മുഴുവൻ വിഴുങ്ങുവാനുള്ള പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ തന്ത്രങ്ങളെ സൂക്ഷ്മവീക്ഷണപടുവായ പുലിക്കോട്ടിൽ മെത്രാച്ചൻ തുടക്കത്തിലേ ശ്രദ്ധിച്ചു. നവീകരണ മെത്രാനെ നിർവീര്യനാക്കുവാൻ (രാജകീയ വിളംബരം പിൻവലിക്കുവാൻ) പാത്രിയർക്കീസിന്റെ സഹായം ആനിവാര്യമായതിനാൽ നീരസം വെളിവാക്കിയില്ലെന്നേയുള്ളൂ. എന്നാൽ മക്കുദിശാ ഗബ്രിയേൽ, കരോട്ടുവീട്ടിൽ ശെമവൂൻ കോറെപ്പിസ്കോപ്പാ എന്നിവരിലൂടെ പാത്രിയർക്കീസ്, പാലക്കുന്നത്തു മെത്രാനുമായി നടത്തുന്ന രഹസ്യ കത്തിടപാടുകൾ പുലിക്കോട്ടിൽ മെത്രാച്ചനെ സംഭ്രമിപ്പിക്കുക തന്നെ ചെയ്തു. നയതന്ത്രജ്ഞതകൊണ്ട് അപകടകാരിയായ പാത്രിയർക്കീസിനെ നേരിടുവാൻ അദ്ദേഹം തീരുമാനിച്ചത് അതുകൊണ്ടാണ്. പാത്രിയർക്കീസിന്റെ അപ്രീതി മലങ്കരസഭയിൽ നാശം വിതയ്ക്കുമെന്ന് അദ്ദേഹം കാര്യങ്ങളെ വിലയിരുത്തി. ലൗകികവും ആത്മീയവും ആയ സർവ്വത്തിന്മേലും മലങ്കരയുടെ ഉടമസ്ഥൻ പാത്രിയർക്കീസ് ആണെന്ന് പ്രഖ്യാപിക്കുന്ന ഉടമ്പടി മലങ്കര മെത്രാപ്പോലീത്തായോട് പാത്രിയർക്കീസ് ആവശ്യപ്പെട്ടപ്പോൾ പുലിക്കോട്ടിൽ മെത്രാച്ചൻ ധർമ്മസങ്കട

ത്തിലായി. മധുരിച്ചിട്ട് തുപ്പാനോ കയ്ച്ചിട്ട് ഇറക്കാനോ ആവാത്ത സന്ദിഗ്ദ്ധാവസ്ഥ. കൽപ്പന അദ്ദേഹം നിഷേധിച്ചില്ല; അനുസരിച്ചുമില്ല. പാറേട്ടിന്റെ ഭാഷയിൽ നിവർത്തന നയം - അതാണ് മലങ്കര മെത്രാപ്പോലീത്താ അവലംബിച്ചത്. ഈ ചാണക്യസൂത്രം മറ്റൊരു ചാണക്യനായ പാത്രിയർക്കീസിന് ക്രമേണ മനസ്സിലായി. തന്റെ ഇച്ഛാനുസരണം രജിസ്റ്റേർഡ് ഉടമ്പടി തരുവാൻ സന്നദ്ധരായ ആറു പേർക്ക് മെത്രാൻ സ്ഥാനം നൽകുകയും ഏകമെത്രാന്റെ ഭരണമേഖലയായിരുന്ന മലങ്കര സഭയെ ഏഴായി വിഭജിച്ച് അവയുടെ സ്വതന്ത്ര ഭരണ ചുമതലക്കാരായി പുതിയ മേല്പട്ടക്കാരെ നിയമിക്കുകയും അങ്ങനെ മലങ്കര മെത്രാനെ ഏഴിൽ ഒരാളായി വെട്ടിച്ചുരുക്കുകയും ചെയ്തുകൊണ്ടാണ് പാത്രിയർക്കീസ് ഈ നിവർത്തന നയത്തെ നേരിട്ടത്. മലങ്കര മെത്രാൻ കുലുങ്ങിയില്ല. ഒരു മെത്രാൻ വാഴ്ചയിലും പങ്കെടുത്തുമില്ല.

വർഷങ്ങൾ കഴിഞ്ഞു. മലങ്കരയിൽ മെത്രാനെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യാനും ഉള്ള ആത്മീയ മേലധികാരം പാത്രിയർക്കീസിനാണെന്ന് റോയൽ കോടതി വിധിയിൽ സ്ഥിരീകരിക്കപ്പെട്ടു. ഈ രണ്ടിനേയും മറികടക്കാൻ മലങ്കര മെത്രാൻ വഴിയന്വേഷിച്ചു. മൂറോൻ തൈലം ആവശ്യാനുസരണം വർദ്ധിപ്പിക്കാൻ എല്ലാ മേല്പട്ടക്കാർക്കും അനുവാദമുള്ളതിനാൽ അക്കാര്യത്തിൽ പാത്രിയർക്കീസിന് മലങ്കരയിൽ കർത്തവ്യമില്ലാതാക്കാം. പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ മുളന്തുരുത്തിയിൽ വച്ച് അംഗീകരിച്ച ഹൂദായ കാനോനിൽ മെത്രാനെ വാഴിക്കാൻ സുന്നഹദോസിനാണ് അധികാരം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആറ് മെത്രാന്മാരെ വാഴിക്കുക വഴി മെത്രാന്മാരെ മലങ്കരയിൽ വാഴിക്കുവാനുള്ള സൗകര്യം പാത്രിയർക്കീസ് മലങ്കരയിൽ സൃഷ്ടിച്ചതായി മലങ്കര മെത്രാപ്പോലീത്താ കാര്യങ്ങളെ വ്യഖ്യാനിച്ചത് എല്ലാവർക്കും സ്വീകാര്യമായി. ആറ് മെത്രാന്മാരെ വാഴിച്ചതിനെപ്പറ്റി പാലപ്പിള്ളിൽ ഏബ്രഹാം മല്പാൻ 1877-ൽ എഴുതിയതിപ്രകാരമാണ്:

"എന്നാൽ അന്ത്യോഖ്യായിൽ പോയി കൂടെക്കൂടെ പട്ടത്വം കൈക്കൊണ്ട് വരുന്നതിന് വഴിയകലം നിമിത്തം ഇങ്ങനെ ആറ് സ്ഥാനികളെക്കൂടെ ഇപ്പോൾ നിയമിച്ചിട്ടുള്ളത് മലങ്കര മെത്രാപ്പോലീത്തായുടെ സഹായത്തിനും അതത് അതിർത്തിക്കകത്തുള്ള ജനങ്ങളുടെ പരിപാലനത്തിനും ആകകൊണ്ട് അവനവനെ നിയമിക്കപ്പെട്ട വേലയിൽ ഉദാസീനപ്പെടാതെ തമ്മിൽ തമ്മിൽ യോജിച്ചും താല്പര്യവുമായി സത്യശോധനയോടും ആലോചനയോടും കൂടെ മതകാര്യത്തിലുന്നതപ്പെടുവാനും സമൂഹസംബന്ധമായ സകല കാര്യങ്ങളെക്കുറിച്ചും മലങ്കര മെത്രാപ്പോലീത്തായും ശേഷം പേരും ആണ്ടിലൊരിക്കൽ ഒരു സ്ഥലത്ത് കൂടി നടപടികൾ ചിന്തിച്ച് തർക്കങ്ങൾക്കും കുറ്റങ്ങൾക്കും തീർച്ചയുണ്ടാക്കി അന്ത്യോഖ്യായ്ക്ക് റിപ്പോർട്ട് ചെയ്വാനുമാകുന്നു."[49]

മെത്രാൻ വാഴ്ചയെപ്പറ്റി പാത്രിയർക്കീസ് സ്വപ്നം കണ്ടതൊന്നും മലങ്കരയ്ക്ക് സ്വീകാര്യമായില്ല എന്ന് മല്പാനച്ചൻ താഴെ പറയുംവിധം വ്യാഖ്യാനിക്കുന്നു:

1. ആറു മെത്രാന്മാർ മലങ്കര മെത്രാപ്പോലീത്തായുടെ സഹായികൾ ആണ്.

2. ദൂരക്കൂടുതൽ മൂലം അന്ത്യോഖ്യയിൽ ചെന്ന് പട്ടം ഏൽക്കുവാനുള്ള അസൗകര്യം ഒഴിവാക്കാനാണ് 6 മെത്രാന്മാരെ വാഴിച്ച് ഒരു സുന്നഹദോസ് ക്രമീകരിച്ചത്.

3. ആണ്ടിലൊരിക്കൽ സുന്നദോസ് ചേർന്ന് നയങ്ങൾ ആവിഷ്ക്കരിക്കണം. തർക്കങ്ങൾ പരിഹരിക്കണം. വിവരങ്ങൾക്ക് അന്ത്യോഖ്യയിലേക്ക് റിപ്പോർട്ട് ചെയ്യണം.

ഈ വിലയിരുത്തൽ സാധൂകരിക്കുന്ന കീഴ്വഴക്കങ്ങൾ പുലിക്കോട്ടിൽ മെത്രാൻ എത്രയുംവേഗം പ്രാവർത്തികമാക്കി.

1. ആറു മെത്രാന്മാരിൽ നിന്ന് സമ്മതപത്രം വാങ്ങി മലയാളത്തിനുടെ മെത്രാപ്പോലീത്താ, അസോസിയേഷൻ കമ്മിറ്റിയുടെ പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ പുലിക്കോട്ടിൽ മെത്രാച്ചനാണെന്ന് സഭ അംഗീകരിക്കുകയും ആറു മെത്രാന്മാരും ഒപ്പിട്ട് നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അസോസിയേഷൻ പുനർജീവിപ്പിക്കുകയും സെമിനാരി വ്യവഹാരം ആരംഭിക്കുകയും ചെയ്തു.

2. മെത്രാന്മാരെ വാഴിക്കാനുള്ള പാത്രിയർക്കീസിന്റെ ആത്മിക മേലധികാരത്തെ നിർവീര്യമാക്കുമാറ് 1889-ൽ കോട്ടയം പഴയസെമിനാരിയിൽ വച്ചും 1892-ൽ സിലോണിൽ വച്ചും യഥാക്രമം അൽവാറീസ് മാർ യൂലിയോസിനെയും റിനിവിലാത്തി മാർ തീമോത്തിയോസിനെയും മേൽപ്പട്ടക്കാരായി വാഴിച്ചു. കോട്ടയം വാഴ്ചയിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ, മാർ അത്താനാസ്യോസ്, മാർ ഇവാനിയോസ് എന്നിവർ കാർമ്മികരായി. സിലോൺ വാഴ്ചയിൽ പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ മാർ അത്താനാസ്യോസ്, അൽവാറീസ് മാർ യൂലിയോസ് എന്നിവർ കാർമ്മികർ ആയി. ആ വാഴ്ചയിലും പാത്രിയർക്കീസിന്റെ പങ്കാളിത്തം ഒരു അനുവാദ കൽപ്പനയിൽ പരിമിതപ്പെട്ടു. ഈ വാഴ്ചക്കെതിരെ ആരും ശബ്ദമുയർത്തിയില്ല. അത് സഭയുടെ മുഴുവൻ നിശ്ചയദാർഢ്യത്തെ പ്രതിഫലിപ്പിച്ചു. ശക്തമായ ഈ കീഴ്വഴക്കം മൂലം ഭാവിയിൽ പാത്രിയർക്കീസിൽ നിന്ന് മേൽപ്പട്ടസ്ഥാനം ഏൽക്കുവാൻ ആവശ്യമില്ലെന്ന സന്ദേശം കഥാപുരുഷൻ സർവ്വസമ്മതമായി ധ്വനിമര്യാദയിൽ പ്രസ്താവിക്കുകയായിരുന്നു. ഫലത്തിൽ ഈ രണ്ടു മെത്രാൻ

വാഴ്ചകളിലൂടെ പാത്രിയർക്കീസിനുണ്ടെന്ന് റോയൽ കോടതിവിധിയിലൂടെ വ്യക്തമാക്കപ്പെട്ട ആത്മിക മേലധികാരം പോലും നിർവീര്യമാക്കപ്പെട്ടു (1908-ലെ മെത്രാൻ വാഴ്ചയിൽ ചിലർ പിന്നിലേക്ക് നോക്കി. ഫലമോ? മലങ്കരസഭ ഉപ്പുതൂണായി മാറി.)

## 35. അധഃകൃതോദ്ധാരണം അഥവാ വിജാതീയ മിഷൻ

കേരള നവോത്ഥാനത്തെ സഫലമായി സ്വാധീനിച്ച ആശയങ്ങളിലൊന്ന് മനുഷ്യസമത്വത്തിൽ അധിഷ്ഠിതമായ ബൈബിൾ ദർശനമാണ്. ഈ ദർശനത്തോട് പൊരുത്തപ്പെട്ടു പോവാൻ ബ്രാഹ്മണ്യത്വത്തിന്റെ ആഭിജാത്യം അവകാശപ്പെട്ടുപോന്ന സുറിയാനി ക്രിസ്ത്യാനികൾ സജ്ജരായിരുന്നില്ല. സ്മര്യപുരുഷൻ ക്ഷമാപൂർവ്വം അവരിൽ ആശയപരമായ മസ്തിഷ്ക്കപ്രക്ഷാളനം നടത്തി. മനുഷ്യാവകാശ സമത്വത്തിനുവേണ്ടി നിലകൊള്ളുവാൻ അവരെ പ്രേരിപ്പിച്ചു. പൂർണ്ണമായി അക്കാലത്ത് അത് വിജയിച്ചില്ലെങ്കിലും ഒരു വിജാതീയ മിഷൻ സ്ഥാപിക്കുവാനും സഭയ്ക്ക് വെളിയിൽ ബൈബിൾ സന്ദേശത്തിനുള്ള പ്രസക്തി അംഗീകരിക്കുവാനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമുദായം സന്നദ്ധമായി. താൻ സ്ഥാപിച്ച ഇരുനൂറ്റിഅമ്പതിലേറെ പ്രാഥമിക വിദ്യാലയങ്ങളിൽ ജാതി - മത - വർഗ്ഗ ലിംഗ ഭേദമെന്യേ സാർവ്വത്രിക വിദ്യാഭ്യാസം നൽകിക്കൊണ്ടാണ് അദ്ദേഹം അവശോദ്ധാരണം തുടങ്ങിയത്. 'പുലയന് ആത്മാവുണ്ടോ' (ഘാതകവധം) എന്ന് പോലും ചോദിക്കത്തക്കവിധം അഹന്തയിൽ ക്രിസ്തീയത മരവിച്ചുപോയ ഒരു സമുദായത്തെ തൊട്ടുണർത്തുവാൻ ഈ യത്നം സഹായിച്ചു. സെക്കുലർ സ്കൂളുകളിൽ മാത്രമല്ല സൺഡേസ്കൂളുകളിലും അവർണ്ണർക്ക് അദ്ദേഹം പ്രവേശനം അനുവദിച്ചു. ശുചിത്വം, ദൈവസ്നേഹം, മനുഷ്യസാഹോദര്യം എന്നീ മൂല്യങ്ങളുടെ വെളിച്ചം അവർക്കു പകർന്നു കൊടുക്കുവാൻ ക്രമീകരണമുണ്ടായി. വസ്ത്രധാരണം, കുടുംബസങ്കൽപ്പം എന്നിവയിൽ പുത്തൻ മൂല്യബോധം നേടിയ നേതാക്കൾ അവർണ്ണ സമുദായങ്ങളിൽ നിന്ന് ഉയർന്നുവരുവാൻ ഈ സാഹചര്യം ഇടയാക്കി.

മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ അവർണ്ണ സമുദായങ്ങളെ ഉദ്ദേശിച്ച് വെട്ടിക്കൽ, പരുമല, വടകര, കുന്നംകുളം എന്നീ കേന്ദ്രങ്ങളിൽ അക്ഷരാഭ്യസനക്കളരികളും ശുചിത്വ പരിപാലന പ്രബോധന ക്ലാസുകളും ക്രമീകരിച്ചിരുന്നു. തൽഫലമായി ആ പ്രദേശങ്ങളിൽ ഉണ്ടായ പ്രബുദ്ധത വിപുലമായ മതപരിവർത്തനത്തിന് വഴി തെളിയിച്ചിട്ടുണ്ട്. പുലിക്കോട്ടിൽ മെത്രാച്ചന്റെ ഈ അവശോദ്ധാരണം പരുമല മാർ ഗ്രീഗോറിയോസിനെ ആവേശം കൊള്ളിച്ചു. താമസംവിനാ വിദേശിയായ സ്ലീബാ ശെമ്മാശനും ഈ യത്നത്തിൽ പങ്കാളിയായി. മലങ്കരസഭയുടെ

ആധുനിക ചരിത്രത്തിൽ മിഷനറി പ്രസ്ഥാനം രൂപംകൊള്ളുന്നതിന് ഇപ്ര കാരം മാർ ദീവന്നാസ്യോസ് നേതൃത്വം നൽകി. മെത്രാപ്പോലീത്തായുടെ പ്രത്യേക ആഹ്വാനപ്രകാരം അവിവാഹിത വൈദികനാവാൻ തയാറായ മൂക്കഞ്ചേരി പത്രോസ് ശെമ്മാശൻ പിന്നീട് സ്ലീബാദാസസമൂഹം സ്ഥാപി ച്ചപ്പോൾ ഈ പ്രവർത്തനത്തിന് ശോഭ വർദ്ധിച്ചു.

## 36. മാർ ദീവന്നാസ്യോസും മലയാളി മെമ്മോറിയലും

ഡോ. ചന്ദനപ്പള്ളി രേഖപ്പെടുത്തുന്നു: "സാമൂഹിക - രാഷ്ട്രീയ - വിദ്യാഭ്യാസ മേഖലകളിൽ കാലത്തിനൊത്ത് പ്രവർത്തിക്കുവാൻ മാർ ദീവന്നാസ്യോസ് സന്നദ്ധനായി. സർക്കാർ സർവ്വീസിൽ നസ്രാണികൾക്ക് ന്യായമായ സ്ഥാനം ലഭിക്കേണ്ടതാണെന്ന് അദ്ദേഹം വാദിച്ചു. സർക്കാർ ആഫീസുകളിലെ സ്ഥിരം ലാവണക്കാരായ പരദേശ ബ്രാഹ്മണരെ മാറ്റി സ്വദേശീയർക്ക് സ്ഥാനം നൽകാൻ സമാരംഭിച്ച 'മലയാളി മെമ്മോറി യൽ' പ്രസ്ഥാനത്തിന്റെ തിരശീലയ്ക്കുള്ളിലിരുന്ന് അദ്ദേഹം ഭാഗഭാ ക്കായി. അക്കാര്യത്തിൽ കണ്ടത്തിൽ വറുഗീസു മാപ്പിളയുടെയും മനോ രമയുടെയും പിൻബലവും ഉണ്ടായിരുന്നു."[51]

രാജഭരണകാലത്ത് ഒഴുക്കിനെതിരായി തന്റെ സമുദായാംഗങ്ങളായ പ്രജകളെ സംഘടിപ്പിക്കുവാനും അവർക്ക് ലഭിക്കാൻ അർഹമായ അവ കാശങ്ങൾക്ക് രാഷ്ട്രീയ പരിഹാരം കാണുവാനും ഒരു മെത്രാപ്പോലീത്താ അരയും തലയും മുറുക്കി രംഗത്തിറങ്ങുന്നത് ചരിത്രത്തിലാദ്യമെന്ന് നിരീ ക്ഷിക്കേണ്ടിയിരിക്കുന്നു.

## 37. ഒരു സന്യാസഗുരുവും രണ്ടു ശിഷ്യന്മാരും

കർമ്മനിരതനായ പുലിക്കോട്ടിൽ തിരുമേനി തന്റെ കാലശേഷം സഭയെ നയിക്കുവാൻ അനുയോജ്യനായ ഒരു പിൻഗാമിയ്ക്കു വേണ്ടി യൗവനകാലത്തുതന്നെ അന്വേഷണം ആരംഭിച്ചിരുന്നു. അപ്രകാരം അദ്ദേഹം കണ്ടെത്തിയ തേജസ്വിയായിരുന്നു ചാത്തുരുത്തിൽ അച്ചൻ. തനിക്കുശേഷം സഭാസാരഥിയാവാൻ സർവ്വഥാ അർഹനാണ് അദ്ദേഹ മെന്ന് പുലിക്കോട്ടിൽ തിരുമേനി നിശ്ചയിച്ചുറച്ചു. മുളന്തുരുത്തിയിൽ സന്ദർശനം നടത്തുമ്പോഴെല്ലാം തന്റെ മാനസപുത്രനെ അദ്ദേഹം പരി ശോധനകൾക്കും നിരീക്ഷണങ്ങൾക്കും വിധേയനാക്കിയിരുന്നു. പശ്ചാ ത്തലം, സ്വഭാവശുദ്ധി, ഉത്സാഹശീലം, സഭയോടുള്ള പ്രതിബദ്ധത, പ്രാർ ത്ഥനാശീലം, ജ്ഞാനപിപാസ, ആരാധനയിലെ സൗന്ദര്യം, പുരോഗമ നാശയങ്ങളോടുള്ള അഭിമുഖ്യം, ഗുരുഭക്തി, അധ്വാന സന്നദ്ധത, ആശ യവിനിമയ ചാതുരി, സുറിയാനി പാണ്ഡിത്യം തുടങ്ങി ഒട്ടനവധി വിഷയ ങ്ങളിൽ ശിഷ്യൻ തിളങ്ങിയിരുന്നു. ഈ നിരീക്ഷണം വസ്തുനിഷ്ഠമാ യിരുന്നു എന്ന് പിൽക്കാല ചരിത്രം തെളിയിച്ചു. 1872 മീനം 25-ന്

മുളന്തുരുത്തിയിൽ വച്ച് സ്വശിഷ്യനെ റമ്പാനായി പ്രഖ്യാപിച്ച് സന്യാസ ദീക്ഷ നൽകിയപ്പോൾ ശിഷ്യന് 24 വയസും ഗുരുവിന് 39 വയസും പ്രായ മാണ്. സന്യാസദീക്ഷ നൽകിയ ശിഷ്യനെ ഇടവകയിൽ നിന്ന് വിടർത്തി വെട്ടിക്കൽ ദയറായിലേയ്ക്ക് നിയോഗിച്ചു. 1873 മുതൽ അന്ത്യം വരെയും ശിഷ്യൻ ഗുരുവിനോടൊത്ത് പരുമല സെമിനാരിയിലാണ് ചെലവഴിച്ചത്. തന്റെ മുഴുവൻ ആത്മാവിനെയും ശിഷ്യനിലേയ്ക്ക് സംക്രമിപ്പിക്കുവാൻ ഈ പരുമലവാസം രണ്ടുപേരെയും പ്രയോജനപ്പെടുത്തി. പക്ഷേ, ദൈവ ഹിതം മറ്റൊന്നായിരുന്നു. 1902-ൽ ശിഷ്യൻ കാലഗതി പ്രാപിച്ചു. മൂന്ന് പതിറ്റാണ്ട് കാലം തന്നോടൊപ്പം കഴിഞ്ഞ തന്റെ നിയുക്ത പിൻഗാമി അന്തരിച്ചതോടെ ഗുരു അസ്ഥാളിച്ചു. മറ്റൊരാളെ അന്വേഷിച്ച് കണ്ടെത്തു വാൻ തനിക്ക് സമയമില്ലെന്ന് അദ്ദേഹം കാര്യങ്ങളെ നിരീക്ഷിച്ചു. ആ പശ്ചാത്തലത്തിലാണ് തന്റെ പ്രശിഷ്യനെ - ശിഷ്യന്റെ ശിഷ്യനെ - പിൻ ഗാമിയാക്കാൻ ഉറച്ചത്. ഈ തീരുമാനമാണ് വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനെ 1903 നവംബർ 1-ന് റമ്പാൻ ആക്കിയപ്പോൾ സാക്ഷാത്ക്കരി ക്കപ്പെട്ടത്. പിൽക്കാലത്ത് വിശുദ്ധ പദവി നൽകി മലങ്കരസഭ ബഹുമാ നിച്ച ഈ രണ്ടു പിതാക്കന്മാർക്കും സന്യാസം നൽകി തന്റെ പിൻഗാമി യുടെ സ്ഥാനത്തേക്ക് ആനയിച്ചത് പുലിക്കോട്ടിൽ തിരുമേനി ആണെന്ന് വിസ്മരിക്കാവുന്നതല്ല.

## 38. പൗരോഹിത്യ ജൂബിലി

കഥാപുരുഷന്റെ സഫലവും സംഭവബഹുലവുമായ സഭാശുശ്രൂ ഷയെ പൗരോഹിത്യ സുവർണ്ണ ജൂബിലി കൊണ്ട് ആദരിക്കുവാൻ സഭ തീർച്ചയാക്കി. അപ്രകാരം ഒരാഘോഷം അതിന് മുമ്പും പിമ്പും സഭയി ലുണ്ടായതായി അറിവില്ല.

## 39. പുലിക്കോട്ടിൽ തിരുമേനിയും പനയ്ക്കൽ കുടുംബവും

പുലിക്കോട്ടിൽ തിരുമേനിയുടെ ജീവിതകാലം മുഴുവൻ സന്തോഷ ങ്ങളിലും സന്താപങ്ങളിലും കൂടെനിന്ന് സഹായിച്ചവരിൽ പ്രമുഖരാണ് കുന്നംകുളം പനയ്ക്കൽ കുടുംബക്കാർ. മൂന്നു തലമുറകളിലെ കാരണ വന്മാരുടെ സഹായം അദ്ദേഹത്തിന് ലഭിച്ചു. നവീകരണക്കാരോടുള്ള ചെറുത്തുനിൽപ്പിന്റെ പ്രാരംഭഘട്ടത്തിൽ കാരണവർ ആയിരുന്ന പന യ്ക്കൽ പാത്തപ്പൻ മുതലാളിയുടെ പിന്തുണയുണ്ടായിരുന്നു. തൊഴിയൂർ വ്യവഹാരത്തിലും കുന്നംകുളം പുത്തൻപള്ളി സ്ഥാപനത്തിലും കുന്നം കുളം-പഴഞ്ഞി പ്രദേശത്ത് വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹം കൂടെയുണ്ടായിരുന്നു.

മെത്രാൻസ്ഥാനമേറ്റ് കൊച്ചിയിൽ വന്നപ്പോൾ മുതൽ രണ്ടു പതിറ്റാ ണ്ടുകാലം കുന്നംകുളം പനയ്ക്കൽ ഐപ്പൂരു മുതലാളി തിരുമേനിയുടെ

കൂടെയുണ്ടായിരുന്നു. കൊച്ചിയിൽ ഐപ്പൂരുവിന്റെ ബിസിനസ് കേന്ദ്ര മായ പാണ്ടികശാല മെത്രാപ്പോലീത്തായുടെ ഓഫീസ്, പ്രസ്, അതിഥി മന്ദിരം, കോൺഫ്രൻസ് വേദി എന്നിവയ്ക്കായി വിട്ടുകൊടുത്തിരുന്നു. പട്ടമേൽക്കാൻ മർദ്ദീൻ യാത്രയ്ക്കാവശ്യമായ പണത്തിൽ ഗണ്യമായ ഒരു ഭാഗം പാത്തപ്പൻ മുതലാളി നൽകിയെങ്കിൽ പത്രോസ് പാത്രിയർക്കീസ് മലങ്കരസഭയിലേക്ക് വരുവാൻ ആവശ്യമായ തുകയിൽ ഗണ്യമായ ഒരു ഭാഗം നൽകിയത് ഐപ്പൂരു മുതലാളിയാണ്. പരുമല - മുളന്തുരുത്തി സുന്നഹദോസ് നടത്തിപ്പിലും ആ പിന്തുണ പ്രകടമായിരുന്നു. തിരുമേനിയുടെ സഭാശുശ്രൂഷയുടെ അന്ത്യഘട്ടത്തിൽ പനയ്ക്കൽ തറവാട്ടിലെ യുവസാഹസികനായ ഇട്ടിമാത്തുവാണ് മെത്രാപ്പോലീത്തായുടെ തുണയായി നിന്നത്. മെത്രാപ്പോലീത്തായുടെ കാലം മലങ്കരസഭയുടെ സുവർണ്ണ അദ്ധ്യായമാക്കിത്തീർക്കുന്നതിൽ ഈ മൂന്ന് അത്മായനേതാക്കളുടെയും പങ്കാളിത്തം നിർണ്ണായകമായിരുന്നു.

## 40. പുലിക്കോട്ടിൽ തിരുമേനിയും അക്കര കുരിയൻ റൈട്ടറും

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ സഭാശുശ്രൂഷയുടെ സുതാര്യതയിലും ജനാധിപത്യശൈലിയിലും ആകൃഷ്ടനായി സഭാരംഗത്തെത്തിയ അത്മായനേതാവായിരുന്നു കുന്നുംപുറത്ത് കുര്യൻ റൈട്ടർ. പാലക്കുന്നത്ത് മാർ അത്താനാസ്യോസിന്റെ ആകർഷകമായ വ്യക്തിത്വത്തിന്റെയും പരിഷ്ക്കാരനടപടികളുടെയും വൈതാളികനായി നവീകരണ ക്യാമ്പിൽ നേതൃത്വം വഹിച്ച റൈട്ടർ തൊഴിയൂർ വ്യവഹാരങ്ങളിലും മറ്റും പാലക്കുന്നത്തു മെത്രാച്ചന്റെ വലംകൈ ആയിരുന്നു. എന്നാൽ പാലക്കുന്നത്തു മെത്രാച്ചൻ ഏകച്ഛത്രാധിപതിയും ദുഃസ്വഭാവിയും വ്യാജങ്ങളുടെ കലവറക്കാരനുമാണെന്ന തിരിച്ചറിവുണ്ടായതോടെ അദ്ദേഹം പുലിക്കോട്ടിൽ മെത്രാച്ചനെ പിന്തുണയ്ക്കുകയായിരുന്നു. 1873-ലെ പരുമല സമ്മേളനം മുതൽ 1886-ൽ നിര്യാതനാകുന്നതു വരെയും അദ്ദേഹം പുലിക്കോട്ടിൽ തിരുമേനിയുടെ സഹായി ആയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ആൾ, കൊച്ചിയിലെ വ്യാപാരശൃംഖലയിലെ ഉന്നതൻ, തിരുവിതാംകൂർ രാജകുടുംബത്തിൽ സ്വാധീനമുള്ള പ്രമുഖൻ എന്നിങ്ങനെ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവുകൾ കുര്യൻ റൈട്ടർ പുലിക്കോട്ടിൽ തിരുമേനിക്കു വേണ്ടി ഉപയോഗിച്ചു. പുലിക്കോട്ടിൽ തിരുമേനിയുടെ മുഖ്യ വക്താവായി പത്രോസ് ബാവായോട് സംസാരിക്കുന്നതും രാജകൊട്ടാരത്തിൽ ഉദ്യോഗസ്ഥന്മാരെ കാണുന്നതും വ്യവഹാരകാര്യങ്ങൾക്കായി വക്കീലന്മാരെ കണ്ടെത്തുന്നതും കുര്യൻ റൈട്ടർ ആണെന്ന് *കണ്ടനാട് ഗ്രന്ഥവരി* വെളിപ്പെടുത്തുന്നു.

## 41. സെമിനാരിക്കേസ്: ചില അണിയറസാക്ഷ്യങ്ങൾ

കെ. സി. മാമ്മൻ മാപ്പിള എഴുതുന്നു: "കേസിൽ യാക്കോബായക്കാർ കൈക്കൂലി, ശുപാർശ തുടങ്ങിയ വക്രമാർഗ്ഗങ്ങൾ പ്രയോഗിച്ചാണ് വിജയം നേടിയതെന്ന് വിശ്വസിക്കുന്നവരായി മാർത്തോമ്മാക്കാരിൽ ഇന്നും വളരെപ്പേരുണ്ടെന്നാണ് എന്റെ അറിവ്. പക്ഷേ, അവരുടെ ആ ധാരണയിൽ യാഥാർത്ഥ്യത്തിന്റെ കണികപോലുമില്ലെന്ന് എനിക്ക് സധൈര്യം പറയുവാൻ കഴിയും. ... ധാർമ്മികമായ ഒരു തത്വനിഷ്ഠയെ അടിസ്ഥാനപ്പെടുത്തി മാത്രം ആ വഴിക്ക് തിരിയാതിരുന്നതാണെന്ന് ഞാൻ ഉറച്ച് പറയുന്നില്ല. അങ്ങനെ സംഭ്രമാകുലമായ നിസ്സഹായാവസ്ഥയിൽ ഒരു പക്ഷേ, മനുഷ്യസഹജമായ ബലഹീനതയിൽ, ആ മാർഗ്ഗം പരീക്ഷിച്ച് നോക്കാമെന്ന് വച്ചിരുന്നാൽ തന്നെയും, അതിനുള്ള യാതൊരു എത്തുംപിടിയും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. പിന്നെ കേസ് ജയിച്ചത് ദൈവാധീനം കൊണ്ട് മാത്രമായിരുന്നു എന്ന് താൻ വിശ്വസിക്കുന്നതായി ശ്രീ. ഇ. എം. ഫിലിപ്പോസ് (അദ്ദേഹത്തിനായിരുന്നു കേസ് നടത്തിപ്പിന്റെ പ്രത്യേക ചുമതല) എന്നോട് പറഞ്ഞിട്ടുണ്ട്.

### A. സെമിനാരിക്കേസും വക്കീൽ വാക്കർ സായിപ്പും

കേസ് നടത്താൻ യാക്കോബായക്കാർ വക്കാലത്ത് കൊടുത്തിരുന്നത്, കൊച്ചിയിൽ അക്കാലത്ത് പ്രസിദ്ധനായ അക്കര കുരിയൻ റൈട്ടർ നടത്തിക്കൊണ്ടിരുന്ന 'വെസ്റ്റേൺ സ്റ്റാർ' പത്രത്തിന്റെ പത്രാധിപർ കൂടിയായിരുന്ന വാക്കർ എന്നൊരു വക്കീലിനായിരുന്നു. അയാൾ പ്രകൃത്യാ മഹാ അലസനും അമാന്തക്കാരനും മദ്യപ്രിയനും ആയിരുന്നു. കേസിന്റെ ഓരോ അവധിക്കും റിക്കാർഡ് കെട്ടുകളുമായി വക്കീലിനെ കേസ് പഠിപ്പിക്കാൻ ശ്രീ. ഇ. എം. പിലിപ്പോസ് വളരെ കഷ്ടപ്പെട്ട് കേവ് വള്ളത്തിൽ യാത്ര ചെയ്തു ചെല്ലുമ്പോഴാണ് കേസിന്റെ അവധി തീയതിയെപ്പറ്റി വക്കീൽ അറിയുന്നതു തന്നെ. എന്നാലും തലേരാത്രിയിൽ സ്വൽപനേരമെങ്കിലും ഇരുന്ന് കേസൊന്നു പഠിക്കുവാനുള്ള ക്ഷമ അയാൾക്ക് കാണുകയില്ല. 'ഇന്ന് രാത്രി സ്വൽപ്പം കുടിക്കട്ടെ, കേസ് കെട്ട് നാളെ രാവിലെ നോക്കാം' എന്നായിരുന്നു അയാളുടെ രീതി. രാവിലെയും തഥൈവ തന്നെ. അങ്ങനെ കേസ് കെട്ടിൽ നോക്കിയെന്നും നോക്കിയില്ലെന്നും വരുത്തി കേസ് വാദിക്കാൻ ആലപ്പുഴ കോടതിയിൽ വരുമ്പോൾ വാക്കർ ധരയ്ക്ക് കേസിന്റെ വാലും തലയും ഒരു പിടിയും ഇല്ലാതെ നക്ഷത്രമെണ്ണുകയായിരുന്നു പതിവ്. കേസ് ഹിയറിങ്ങിനായി വച്ചിരുന്ന ദിവസവും അങ്ങനെയാണ് സംഭവിച്ചത്. ഒടുവിൽ വക്കീലിനെക്കൊണ്ട് കാര്യം നടപ്പില്ലെന്ന് കാണുമ്പോൾ ഇ. എം. പീലിപ്പോസ് തന്റെ വക്കീലിനു വേണ്ടി, പ്രസ്തുത കേസിലെ സാക്ഷിമൊഴികളുടെ ഗുരുലഘു സംഗതി ചൂണ്ടിക്കാണിക്കുന്ന

വിധത്തിലുള്ള ഒരു അപഗ്രഥനക്കുറിപ്പ് തയാറാക്കി വച്ചിരുന്നതിനെ ജഡ്ജിക്കു സമർപ്പിക്കുകയും ജഡ്ജിക്ക് കേസ് മനസ്സിലാക്കുന്നതിന് അത് വളരെ സഹായകമായി ഭവിക്കുകയുമാണുണ്ടായത്.

### B. പുലിക്കോട്ടിൽ തിരുമേനി കണ്ണീർക്കടലിൽ

മാർത്തോമ്മാക്കാരുമായുള്ള കേസ് നടത്തിക്കൊണ്ടുപോകാൻ പണമില്ലാതെ പുലിക്കോട്ടിൽ തിരുമേനി അത്യധികം ഞെരുങ്ങി ശ്വാസം മുട്ടിക്കഴിയുന്ന കാലമാണ്. സ്ഥാനമാനാദികൾക്കടുത്ത അഭിമാനബോധവും കേവലം ശൂന്യമായ പണമടിശ്ശീലയും തമ്മിലുള്ള ബലപരീക്ഷണത്തിലൂടെയാണ് ശുദ്ധഹൃദയനായ ആ തിരുമേനി ദിവസങ്ങൾ തള്ളി മുമ്പോട്ട് പൊയ്ക്കൊണ്ടിരുന്നത്. ആഹാരകാര്യം പോലും പലപ്പോഴും മുടങ്ങിയിട്ടുണ്ട്. കേസ് പ്രമാണിച്ച് തിരുമേനി ആലപ്പുഴയിൽ പോയി താമസിക്കുകയായിരുന്നു. രണ്ടു മുറികൾ മാത്രമുള്ള ഒരു ചെറിയ വീട് വാടകക്കെടുത്ത് ആണ് താമസിച്ചത്. ഇ. എം. പീലിപ്പോസും മാലിത്തറ അച്ചനും തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. കേസ് നടത്തിപ്പിന് കഴിയുന്ന ധനസഹായം അയച്ചുതരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തിരുമേനി പല പള്ളിക്കാരുടെ പേർക്കും ധാരാളം കത്തുകൾ അയച്ചുകൊണ്ടിരുന്നു. പലരും അവരവരുടെ കഴിവനുസരിച്ച് ഏറെക്കുറെ ഓരോ തുകകൾ അയച്ചു കൊടുക്കുകയും ചെയ്തു. അതിനിടയിൽ തീരെ കൈമുട്ടു വരുമ്പോൾ തിരുമേനി തന്റെ വെള്ളിപാത്രങ്ങളും മറ്റ് ചില പണ്ടങ്ങളും ആൾവശം കൊടുത്തയച്ച് പണയം വയ്പ്പിച്ച് പണം എടുക്കുകയും ആരെങ്കിലും ധനസഹായം അയച്ചുകൊടുക്കുമ്പോൾ ആ പണം തിരിയെ കൊടുത്ത് പണ്ടങ്ങൾ വീണ്ടെടുക്കുകയും ചെയ്തു വന്നു. ഇങ്ങനെ അറ്റെപ്പറ്റെ അനിശ്ചിതത്വത്തിന്റെ ഓളങ്ങളിൽ മുങ്ങിയും പൊങ്ങിയും നിത്യവൃത്തി കഴിച്ചുകൂട്ടിയ മെത്രാപ്പോലീത്താ തിരുമേനിയുടെ അന്നത്തെ അവസ്ഥ പരമദയനീയമാംവണ്ണം സഹതാപാർഹമായിരുന്നു.

തിരുമേനിയും മാലിത്തറ അച്ചനും ഇ. എം. പീലിപ്പോസും കൂടി ആലപ്പുഴ താമസിക്കുന്നതിനിടയിൽ ഒന്നുരണ്ടു ദിവസം പട്ടിണി ആയിപ്പോയി. പട്ടിണിക്കേട് കൊണ്ട് മാലിത്തറ അച്ചനും പീലിപ്പോസും വാടിത്തളർന്ന് ഒരു മുറിയിൽ കിടക്കുകയായിരുന്നു. തിരുമേനി അടുത്ത മുറിയിലുണ്ട്. “വല്ല ദിക്കിൽ നിന്നും സ്വൽപ്പം ധനസഹായം എത്തിച്ചു തരണേ” എന്ന് നെഞ്ചുരുകി ദൈവത്തോട് തിരുമേനി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. പട്ടിണികൊണ്ട് പരവശനായിക്കിടക്കുന്ന ഇ. എം. പീലിപ്പോസ് സഹദുഃഖിതനായ മാലിത്തറ അച്ചനോട് ഫലിതരൂപേണ പറഞ്ഞു: “എന്റെ അച്ചാ, നമ്മുടെ ഈ പട്ടിണി വല്ല അമ്പത് നോമ്പ് കാലത്തോ മറ്റോ ആയിരുന്നെങ്കിൽ നമ്മുടെ ആത്മരക്ഷയ്ക്കെങ്കിലും അത് ഉപകരിച്ചേനെ.”

അടുത്ത മുറിയിൽ ഹൃദയവ്യഥയിൽ അസ്വസ്ഥനായി നടന്ന മെത്രാപ്പോലീത്താ തിരുമേനി തന്റെ വിശ്വസ്ത ശിഷ്യരുടെ അവശസ്ഥിതി എങ്ങനെയിരിക്കുന്നു എന്നറിയാൻ വന്ന് വാതിലുകൾക്കിടയിലൂടെ നോക്കിയപ്പോൾ കേട്ട വാചകം ഇതാണ്. മർമ്മം പിളർക്കുന്ന വേദനയോടെ തിരുമേനി തൽക്ഷണം മുഖം തിരിച്ച് നടന്ന് കളഞ്ഞു. ഇ. എം. പീലിപ്പോസ് എഴുന്നേറ്റ് നോക്കിയപ്പോൾ തിരുമേനിയുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകുന്നു! തന്നെ ആശ്രയിച്ച് തന്റെ കൂടെ ഇറങ്ങി പുറപ്പെട്ടവരും ഈ കഠിന യാതന അനുഭവിക്കേണ്ടി വന്നല്ലോ എന്നുള്ള ധർമ്മസങ്കടമാണ് തിരുമേനിയുടെ കവിൾത്തടങ്ങളിലൂടെ ബാഷ്പധാരയായി ഒഴുകിയതെന്ന് പറയേണ്ടതില്ലല്ലോ.'

### C. മദ്ബഹായിൽ ഒരു മല്ലയുദ്ധം

ഹൈക്കോടതി വിധിയ്ക്കു ശേഷം സെമിനാരിയും അതിരിക്കുന്ന വസ്തുക്കളും മെത്രാപ്പോലീത്താ നടത്തി വാങ്ങി സെമിനാരിയിൽ താമസിച്ചിരിക്കവേ എതിർ കക്ഷികൾ റോയൽ കോടതിയിൽ അപ്പീൽ കൊടുത്തെന്നും ഉടനെ വന്ന് വക്കാലത്ത് ഏർപ്പെടുത്തികൊള്ളണമെന്നും തിരുവനന്തപുരത്തു നിന്ന് വക്കീലിന്റെ കമ്പി മെത്രാപ്പോലീത്തായ്ക്ക് കിട്ടി. ഒരു നല്ല സംഖ്യ കൊടുത്തെങ്കിൽ മാത്രമേ കേസ് നടത്താൻ സാധിക്കുകയുള്ളു എന്ന് വക്കീൽ അറിയിച്ചിട്ടുണ്ട്. അതിനെന്നല്ല, അതിനേക്കാൾ ചെറിയ ആവശ്യങ്ങൾക്ക് പോലും തിരുമേനിയുടെ കയ്യിൽ പണമില്ല. അതിനാൽ ഏതായാലും ആലപ്പുഴയിലെ ഒരു വമ്പിച്ച വ്യവസായിയും ധനാഢ്യനും തിരുമേനിയുടെ ഒരു ആത്മസുഹൃത്തുമായിരുന്ന ഡാറാ സായ്പിനെ ചെന്ന് കണ്ടിട്ട് ആ വഴി തിരുവനന്തപുരത്തിന് പോകാമെന്നാണ് തിരുമേനി പ്ലാനിട്ടത്. സായ്പ് എന്തെങ്കിലും ധനസഹായം ചെയ്യുമെന്ന് തിരുമേനിയുടെ ഉള്ളിൽ ആശയുണ്ടായിരുന്നു.

തിരുമേനി ആളയച്ചതനുസരിച്ച് ഇ. എം. പീലിപ്പോസ് രാവിലെ സെമിനാരിയിലെ മുറിയിൽ ചെന്ന് നോക്കിയപ്പോൾ തിരുമേനിയെ കണ്ടില്ല. അന്വേഷിച്ചതിൽ കാപ്പിമേശ കഴിഞ്ഞ് മുറിയിൽ ഉണ്ടായിരുന്നെന്നല്ലാതെ എവിടെ പോയെന്ന് ആർക്കും നിശ്ചയമില്ലായിരുന്നു. എല്ലാ മുറികളിലും കക്കൂസ് മുറിയിൽ പോലും ചെന്ന് നോക്കിയിട്ടും തിരുമേനിയെ കാണാനില്ല. ഒടുവിൽ സംശയം തോന്നി സെമിനാരി ചാപ്പലിലേക്ക് ചെന്നു. ചാപ്പലും അടഞ്ഞാണ് കിടന്നത്. അതിന്റെ ഒരു വശത്തെ ജനലിന്റെ വെന്റിലേഷൻ പലക നിശബ്ദമായി പൊക്കി നോക്കിയപ്പോൾ തിരുമേനി മദ്ബഹായിൽ ത്രോണോസിനു മുമ്പാകെ കിഴക്കോട്ട് കമിഴ്ന്നു കിടക്കുന്നതായി മദ്ബഹായുടെ തുണിമറയുടെ കീഴെകൂടെ കാൽപാദങ്ങളും ചുമന്ന കുപ്പായത്തിന്റെ വിളുമ്പും കണ്ട് മനസ്സിലായി. പീലിപ്പോസ്

ശബ്ദം കേൾപ്പിക്കാതെ ഒരു മുറിയിൽ വന്ന് കാത്തിരിപ്പായി. മണിക്കൂറുകൾ മുമ്പോട്ടു നീങ്ങി. ഉച്ചമേശയുടെ സമയവും കഴിഞ്ഞു. തിരുമേനി മടങ്ങിയെത്തിയില്ല. എന്തിന്, ഉച്ച കഴിഞ്ഞ് മണി അഞ്ചായി. അപ്പോഴേക്കും തിരുമേനി തന്റെ മുറിക്കകത്ത് പ്രത്യക്ഷപ്പെട്ടു. തിരുമേനി ചാപ്പലിലേക്ക് പോയതും തിരിച്ചു വന്ന് മുറിയിൽ പ്രവേശിച്ചതും ആരും കണ്ടില്ല. തിരുമേനി അന്ന് രാവിലെ മുതൽ വൈകുന്നേരം അഞ്ചുമണി വരെ മദ്ബഹായിൽ നിലംപരിശായി കിടന്ന് രഹസ്യപ്രാർത്ഥന നടത്തുകയായിരുന്നു" (ഇ. എം. ഫീലിപ്പോസിന്റെ ആത്മകഥയായ 'മലങ്കരസഭയുടെ രഹസ്യപേടകം' എന്ന ഗ്രന്ഥത്തിന് മാമ്മൻ മാപ്പിള എഴുതിയ അവതാരികയിൽ നിന്നും സംക്ഷേപിച്ചു ചേർത്തത്).

### D. പരിശുദ്ധാത്മാവ് കേസ് നടത്തുന്നു

"പരേതനായ പത്രോസ് പാത്രിയർക്കീസ് ബാവാ ഇവിടെ എഴുന്നെള്ളിയിരുന്നപ്പോൾ മലങ്കര ഇടവകയെ ഏഴ് ഇടവകകളായി തിരിച്ചു മെത്രാന്മാരെ വാഴിച്ചു സ്ഥാത്തിക്കോൻ കൊടുത്തപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാന്മാരുടെയും അധികാരഭേദത്തെ വ്യക്തപ്പെടുത്തുന്ന ഒരു രേഖയും ഉണ്ടാക്കിയില്ല. ഇടവക മെത്രാന്മാരുടെ സ്ഥാത്തിക്കോൻ വായിച്ചാൽ അവർ അവരവരുടെ ഇടവകകളിൽ സ്വതന്ത്രരായിരുന്നു എന്നല്ലാതെ മറ്റുവിധത്തിൽ അനുമാനിക്കാൻ പ്രയാസമായിരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി മെത്രാന്മാരിലും ധാരാളം സൗന്ദര്യത്തിരക്കുണ്ടായിരുന്നു. ആ തർക്കം കേസിൽ ആദായപ്പെടുത്തിക്കൊള്ളാമെന്നു എതിർകക്ഷി കരുതിക്കൊണ്ട് വലിയ തിരുമേനിയുടെ മലങ്കര സ്ഥാത്തിക്കോൻ കൊച്ചുതിരുമേനികളുടെ ഇടവക സ്ഥാത്തിക്കോൻ കൊണ്ട് റദ്ദായിപ്പോയെന്നൊരു വാദം പുറപ്പെടുവിച്ചിരുന്നു. ഈ വാദം മെത്രാന്മാരുടെ മൊഴികൊണ്ട് സ്ഥാപിച്ചുകൊള്ളാമെന്ന് അവർക്ക് വിശ്വാസവും ഉണ്ടായിരുന്നു. അവരിൽ ആദ്യമായി മൊഴി കൊടുത്തത് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. അദ്ദേഹത്തെ 13 ദിവസം കൊണ്ടാണു വിസ്തരിച്ചു തീർന്നത്. ... ക്രാസ്സു ചെയ്ത കൂട്ടത്തിൽ ഒരിക്കൽ വളച്ചുകെട്ടി കുഴച്ചു മറിച്ചു ഒരു ദീർഘ ചോദ്യം ചോദിച്ചു. ... ഇത്ര ദീർഘ ചോദ്യത്തിന് സ്വതെയുള്ള ഉത്തരം 'ഏസ്' അല്ലെങ്കിൽ 'നോ' എന്ന ഒറ്റ വാക്കു മാത്രമേ വരേണ്ടതായിട്ടുള്ളു. ഏതു പറഞ്ഞാലും വാദി ഭാഗത്തേക്ക് ദോഷവുമായിരുന്നു. ഈ ചോദ്യം കേട്ടയുടൻ സാക്ഷിമൊഴികളുടെ നോട്ട് എഴുതിക്കൊണ്ടിരുന്ന ഞാനും മാലിത്തറ അച്ചനും തമ്മിൽ ഇപ്രകാരം ഒരു രഹസ്യ സംഭാഷണം നടന്നു.

ഞാൻ: ഈ ചോദ്യത്തിന് ഏത് ഉത്തരം പറഞ്ഞാലും ദോഷമാണല്ലോ അച്ചാ.

അച്ചൻ: അതെ, എന്തു ചെയ്യാം.

ഞാൻ: (ചോദ്യം പോലെ തന്നെ വളച്ചുകെട്ടിയ വാചകത്തിൽ എനിക്ക് തോന്നിയ ഒരു ഉത്തരം ഒരു തുണ്ടു കടലാസിൽ എഴുതി അച്ചനെ കാണിച്ച്) ഇതുപോലെ ഉത്തരം പറഞ്ഞാൽ തരക്കേടില്ല.

അച്ചൻ: മെത്രാച്ചന് തോന്നണമല്ലോ.

ഞാൻ: നമ്മുടെ കേസിൽ ദൈവാനുകൂല്യമുണ്ടെങ്കിൽ റൂഹാദ്കുദിശാ അദ്ദേഹത്തെ തോന്നിക്കും.

ഇത്രയും ഞങ്ങൾ തമ്മിൽ സ്വകാര്യം പറഞ്ഞു കഴിഞ്ഞപ്പോൾ ആ മുറിയുടെ അകന്ന കോണിൽ ഇരുന്നിരുന്ന സാക്ഷിക്കാരൻ ഉത്തരം പറഞ്ഞു. അത് ഞാൻ എഴുതിവച്ചിരുന്ന തുണ്ടുകടലാസ് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു അദ്ദേഹം നോക്കി വായിച്ചാൽ എങ്ങനെയോ അപ്രകാരം പദംപ്രതിയായിരുന്നു. ... കുഴഞ്ഞുമറിഞ്ഞ വാചകത്തിൽ ഞാൻ എഴുതിവച്ച ഉത്തരം അദ്ദേഹം അക്ഷരംപ്രതി പറഞ്ഞുകേട്ടപ്പോൾ അദ്ദേഹത്തെയും എന്നെയും ഒരു വാചകത്തിൽ തോന്നിച്ചതു പരിശുദ്ധാത്മാവാണെന്നുള്ള ബോധ്യം മൂലം ആശ്ചര്യവും സന്തോഷവും കൊണ്ട് എഴുതാൻ പാടില്ലാത്തവണ്ണം എന്റെ കൈയും ദേഹമാസകലവും വിറയ്ക്കാൻ തുടങ്ങി. ഞാൻ എഴുതിക്കൊണ്ടിരുന്ന നോട്ട് അച്ചന്റെ മുമ്പിലേക്ക് മാറ്റി വച്ചേച്ചു ഞാൻ അകത്തെ മുറിയിൽ ഇരുന്നിരുന്ന വലിയ മെത്രാച്ചന്റെ മുമ്പിൽ ചെന്നു. എന്റെ ദേഹം ആസകലം വിറയ്ക്കുന്നതു കണ്ട് മെത്രാച്ചൻ ഭയന്നു. "നമ്മുടെ കേസ് നടത്തുന്നത് പരിശുദ്ധാത്മാവാണെന്നും" മറ്റും പറഞ്ഞുകൊണ്ടു ഞാൻ ചാടുകയായിരുന്നു. ... ദൈവനടത്തിപ്പിനു ഞാൻ കണ്ടിട്ടുള്ള അനേക ലക്ഷ്യങ്ങളിൽ ഇതു ഒന്നു മാത്രമാകുന്നു. ഇപ്രകാരമുള്ള മനോബോധ്യം കൊണ്ട് ഈ അവസാന തീരുമാനം (കോടതിവിധി) വാദിയായ വലിയ മെത്രാപ്പോലീത്തായുടെയോ കാര്യസ്ഥന്മാരായവരുടെയോ സാമർത്ഥ്യമോ ആലോചനാശക്തിയോ കൊണ്ട് ഉണ്ടായതല്ല, ദൈവത്തിൽ നിന്നുണ്ടായതാണെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു."[53]

## 42. ലണ്ടനിൽ മലങ്കരസഭയ്ക്ക് ഒരു അംബാസിഡർ

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായ ഇന്ത്യയുടെ ഒരു കോണിലുള്ള മലങ്കരസഭയ്ക്ക് സാമ്രാജ്യ തലസ്ഥാനമായ ലണ്ടൻ നഗരത്തിൽ ഒരു സ്ഥാനപതി ഉണ്ടാകണമെന്ന് പുലിക്കോട്ടിൽ തിരുമേനി ആഗ്രഹിച്ചു. സഭാസംബന്ധമായി ഇംഗ്ലീഷ് പത്രങ്ങളിൽ ആവശ്യമായ സംഗതികൾ പ്രസിദ്ധപ്പെടുത്തി മലങ്കരസഭയുടെ മേൽവിലാസത്തിന് സാമ്രാജ്യമെങ്ങും പ്രചാരമുണ്ടാക്കുക, അവിടെ നടക്കുന്ന പ്രധാന ആഘോഷങ്ങളിലും മറ്റും

മലങ്കരസഭയെ പ്രതിനിധാനം ചെയ്യുക എന്നീ ജോലികളാണ് സ്ഥാനപതിയെപ്പറ്റി തിരുമേനി വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ. ശമ്പളവും പണച്ചിലവും ഇല്ലാതെ ഇപ്രകാരം ഒരു സ്ഥാനപതിയെ തിരുമേനി ഭാവനാപൂർവ്വം ലണ്ടനിൽ നിയമിച്ചു. അംബാസിഡറുടെ പേർ ഡോ. എസ്. ഡി. ബാബ്ബാ. ബോംബെയിൽ പൂനാ നിവാസിയും പാർസി മതക്കാരനുമായ അദ്ദേഹം ഇംഗ്ലണ്ടിൽ പോയി പഠിച്ച് വൈദ്യശാസ്ത്രത്തിൽ ഉത്കൃഷ്ട ബിരുദം നേടി അവിടെത്തന്നെ ആശുപത്രി സ്ഥാപിച്ച് ജോലി ചെയ്തുവരുമ്പോൾ ക്രിസ്തുമതത്തിൽ ആകൃഷ്ടനായി പ്രസ്ബിറ്റേറിയൻ സഭയിൽ നിന്ന് സ്നാനവും പട്ടത്വവും സ്വീകരിച്ചു. അൽവാറീസ് മാർ യൂലിയോസ് മുഖേന അദ്ദേഹം മലങ്കരസഭയെപ്പറ്റി കൂടുതൽ വിവരങ്ങൾ ഗ്രഹിച്ചു. ക്രമേണ അദ്ദേഹം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുമായി പരിചയപ്പെട്ടു. ഡോ. ബാബ്ബായുടെ ലേഖനങ്ങളെപ്പറ്റിയും അദ്ദേഹത്തിന്റെ ദർശനങ്ങളെപ്പറ്റിയും മതിപ്പു തോന്നിയ മെത്രാപ്പോലീത്താ അദ്ദേഹം ഇംഗ്ലണ്ടിൽ മലങ്കരസഭയുടെ സ്ഥാനപതി ആയിരിക്കാൻ യോഗ്യനെന്ന് നിശ്ചയിച്ചു. സാധുവായ കൈവെപ്പിനുവേണ്ടി പുലിക്കോട്ടിൽ തിരുമേനി ഡോ. ബാബ്ബായെ ഒരു ശുപാർശക്കത്തോടുകൂടി യെരുശലേമിലേക്കയച്ചു. അവിടുത്തെ സുറിയാനി സഭയുടെ ഏലിയാസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ബാബ്ബായ്ക്ക് ശെമ്മാശുപട്ടവും കശീശാപട്ടവും നൽകി. മാർ ദീവന്നാസ്യോസ് റവ. ഡോ. ബാബായ്ക്ക് സ്ഥാത്തിക്കോനും നിയമന ഉത്തരവും നൽകിയതിനെ തുടർന്ന് അദ്ദേഹം ലണ്ടനിൽ മലങ്കരസഭയുടെ സ്ഥാനപതിയായി നിയമിക്കപ്പെട്ടു. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത മാർ യാക്കോബിന്റെ തക്സാ ഉപയോഗിച്ച് അദ്ദേഹം കുർബ്ബാന അർപ്പിച്ചുപോന്നു. എഡ്വേർഡ് ചക്രവർത്തിയുടെ ശവസംസ്ക്കാര യാത്രയിൽ മലങ്കരസഭയുടെ പ്രതിനിധിയായി അദ്ദേഹം ക്ഷണിക്കപ്പെടുകയും വിദേശ രാജാക്കന്മാരുടെ അംബാസിഡർമാരോട് തുല്യനായി അദ്ദേഹം സ്വീകരിക്കപ്പെടുകയും ചെയ്തു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്ന ആ രാജർഷിയുടെ ഭരണ സങ്കൽപ്പങ്ങൾ എത്രമേൽ വിശാലോത്തരമായിരുന്നു എന്ന് 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ നടന്ന ഈ സംഭവം വ്യക്തമാക്കുന്നു. അബ്ദുള്ളാ പാത്രിയർക്കീസ് 1909-ൽ ഇന്ത്യയിലേക്കുള്ള യാത്രാമദ്ധ്യേ ലണ്ടനിലെത്തി ഡോ. ബാബ്ബായുടെ ആതിഥ്യം സ്വീകരിച്ചതിന് ശേഷമാണ് മലങ്കരയിലേക്ക് വന്നത്[55] ('മലങ്കരസഭയുടെ രഹസ്യപേടകം' കാണുക). പില്ക്കാലത്ത് മലങ്കരസഭാ നേതൃത്വത്തിലുണ്ടായ ദർശന സങ്കോചം മൂലം ലണ്ടനിലെ സ്ഥാനപതിക്ക് പിൻഗാമി നിയമിക്കപ്പെട്ടില്ല!!

### 43. മലങ്കരയിൽ രണ്ടു മെത്രാന്മാർ മതി

20-ാം നൂറ്റാണ്ടിലേക്ക് മലങ്കരസഭയെ വിജയകരമായി സംക്രമിപ്പിച്ച

പുലിക്കോട്ടിൽ തിരുമേനി അന്യാദൃശവും അനുപമവുമായ അനുഭവപാഠങ്ങൾ സ്വാംശീകരിച്ച യുഗപുരുഷനായിരുന്നു. കറുത്തതും വെളുത്തതുമായ ഒട്ടേറെ സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ അവസരമുണ്ടായ അദ്ദേഹം പത്രോസ് തൃതീയൻ സംവിധാനം ചെയ്ത ഭരണവികേന്ദ്രീകരണത്തെ തത്വത്തിൽ അംഗീകരിക്കുകയും പ്രയോഗത്തിൽ പരിഷ്ക്കരിക്കുകയും ചെയ്തു. മലങ്കരയിലെ രണ്ട് സംസ്ക്കാരങ്ങളെ നയിക്കുവാൻ ഭാവിയിൽ രണ്ടു മെത്രാന്മാർ മതി എന്ന് അദ്ദേഹം തീരുമാനിച്ചത് മലങ്കരസഭയ്ക്ക് സമ്മതമായി. മലങ്കര മെത്രാപ്പോലീത്താ കാതോലിക്കാ (മഫ്രിയാന) സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും കോട്ടയത്തിന്റെ ചുമതല വഹിക്കുകയും ചെയ്യണമെന്ന് ആ കാലഘട്ടത്തിൽ പരക്കെ മോഹമുണ്ടായിരുന്നു. കോട്ടയത്തിന് തെക്ക് കൊല്ലം, തുമ്പമൺ, നിരണം എന്നീ ഭദ്രാസനങ്ങൾക്കുവേണ്ടി ആ പ്രദേശത്തുകാരനായ ഒരു ഇടയൻ, കോട്ടയത്തിന് വടക്ക് കൊച്ചി, അങ്കമാലി, കണ്ടനാട് എന്നീ ഭദ്രാസനങ്ങൾക്കുവേണ്ടി ആ പ്രദേശത്തുകാരനായ ഒരു ഇടയൻ. ഇതായിരുന്നു അദ്ദേഹം തീരുമാനിച്ചുറച്ച സങ്കൽപ്പം. 1083 കുംഭം 15-ന് (1908) കോട്ടയം സെമിനാരിയിൽ വച്ച് കൂടിയ അസോസ്യേഷൻ പൊതുയോഗത്തിൽ വച്ച് നിരണം ഭദ്രാസന അംഗമായ വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനെയും കൊച്ചി ഭദ്രാസനാംഗമായ കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനെയും മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തതോടെ ആ സ്വപ്നത്തിന് മലങ്കരസഭയുടെ മുഴുവൻ പിന്തുണയും അംഗീകാരവും ലഭിച്ചു.

## 44. ജീവചരിത്രരചനയ്ക്ക് വിഷയമാവുന്ന ആദ്യത്തെ മലയാളി

മലയാള ജീവചരിത്രസാഹിത്യത്തിന് ഏറെ പഴക്കമില്ല. 19-ാം നൂറ്റാണ്ടിൽ മലയാള ഭാഷയിൽ മൂന്ന് ജീവചരിത്രങ്ങൾ ഉണ്ടായി. അമേരിക്കൻ പ്രസിഡണ്ടുമാരായിരുന്ന ഏബ്രഹാം ലിങ്കൺ, ജോർജ് വാഷിംഗ്ടൺ എന്നിവരും തിരുവിതാംകൂർ ദിവാൻ ആയിരുന്ന ഒരു തമിഴ് ബ്രാഹ്മണനും ആയിരുന്നു അവയിലെ നായകന്മാർ. എന്നാൽ ഒരു മലയാളിയുടെ ജീവിതം വിഷയമാക്കി ഒരു ജീവചരിത്രഗ്രന്ഥം ഉണ്ടാകുന്നത് 1901-ലാണ്. അതിന്റെ വിഷയം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. അതിന്റെ ഗ്രന്ഥകർത്താവ് മൂക്കഞ്ചേരിൽ ശ്രീ. എം. പി. വർക്കിയും. പൗരോഹിത്യ സുവർണ്ണ ജൂബിലി വരെയുള്ള സംഭവങ്ങളാണ് ഈ രചനയിൽ ശ്രീ. വർക്കി ഉൾക്കൊള്ളിച്ചിരിക്കുന്നത്. അക്കൊല്ലം തന്നെ അദ്ദേഹത്തിന്റെ ജീവചരിത്രം പദ്യത്തിലും പ്രസിദ്ധീകരിക്കപ്പെട്ടു. ചിങ്ങവനത്ത് പുലാത്തുരുത്തേൽ ചാക്കോ ചാക്കോ എന്ന അന്ധനാണ് 'മാർ ദീവന്നാസ്യോസ് ചരിത്രഗാന'ത്തിന്റെ രചയിതാവ്. രണ്ടിന്റെയും രണ്ടാം പതിപ്പ് 2005-ൽ ഈ ലേഖകൻ പ്രസിദ്ധീകരിച്ചു. മൂന്നാം പതിപ്പായി ഈ രണ്ട് കൃതികളും

എം.ജെ.ഡി. പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി'യുടെ ഒന്നാം വാല്യത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

### 45. സ്ഥാനത്യാഗം ചെയ്യുന്നു

നിറഞ്ഞ പ്രതാപത്തിലും പ്രൗഢിയിലും ഇരിക്കുമ്പോൾതന്നെ പിൻഗാമിക്കുവേണ്ടി സ്ഥാനത്യാഗം ചെയ്യുകയും യുവാവായ പിൻഗാമിയുടെ ഭരണത്തിൽ തന്റെ നിഴൽപോലും പതിയാതിരിക്കാൻ വലിയ മെത്രാപ്പോലീത്താ പഴയസെമിനാരിയിൽ നിന്ന് കോട്ടയം ചെറിയപള്ളിയിലേക്ക് താമസം മാറ്റുകയും ചെയ്തു. തന്റെ ശ്രേഷ്ഠ ഗുരുവായിരുന്ന ശെമവൂൻ മാർ അത്താനാസ്യോസിന്റെയും തന്റെ മുൻഗാമി പുന്നത്ര മാർ ദീവന്നാസ്യോസിന്റെയും അന്ത്യവിശ്രമരംഗമായതുകൊണ്ട് കൂടിയാവാം അദ്ദേഹം കോട്ടയം ചെറിയപള്ളിയെ തന്റെ അന്ത്യവിശ്രമകേന്ദ്രമായി തെരഞ്ഞെടുത്തത്. ഗുരുവന്ദനത്തിന്റെ ശ്രേഷ്ഠമായ മാതൃക. ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനമേറ്റ സ്ലീബാ ശെമ്മാശന് മലങ്കരയുടെ എല്ലാ ഭദ്രാസനങ്ങളിന്മേലും അധികാരം നൽകുന്ന സ്ഥാത്തിക്കോൻ നൽകി എന്ന വാർത്ത വലിയ മെത്രാപ്പോലീത്താ ഞെട്ടലോടെയാണ് ശ്രവിച്ചത്. പാത്രിയർക്കീസിന്റെ ഉന്നം അദ്ദേഹത്തിന് മനസ്സിലായി. 1908 നവംബർ 26-ന് കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ മെത്രാന്മാരുടെ വാഴ്ച സംബന്ധിച്ച് പാത്രിയർക്കീസ് അയച്ച സന്ദേശം വായിച്ച് റിക്കാർഡാക്കി. അനന്തരം ഗീവറുഗീസ് ദീവന്നാസ്യോസിനെ ജോസഫ് ദീവന്നാസ്യോസിന്റെ അസിസ്റ്റന്റായി വർത്തിക്കുന്നതിന് കമ്മിറ്റി ഔപചാരികമായി നിയമിച്ചു (മുൻഗാമി ജീവിച്ചിരിക്കുമ്പോൾ പിൻഗാമിയെ തെരഞ്ഞെടുത്ത് വാഴിച്ച് ഔപചാരികമായി ചുമതലകൾ ഏൽപ്പിക്കുന്ന അനുകരണീയവും മാതൃകാപരവുമായ സമ്പ്രദായം മലങ്കരയിൽ ആദ്യമായി നടപ്പിൽ വരുത്തിയത് പുലിക്കോട്ടിൽ രണ്ടാമൻ ആണ്). യോഗനടപടികളെപ്പറ്റി ഇസ്സഡ്. എം. പാറേട്ട് നടത്തുന്ന സൂക്ഷ്മമായ വിലയിരുത്തൽ ഇപ്രകാരമാണ്: "മാർ ഗീവറുഗീസ് ദീവന്നാസ്യോസ്, വട്ടിപ്പണപ്പലിശ വാങ്ങുക മുതലായ ലൗകികാധികാരം സംബന്ധിച്ച കാര്യങ്ങളിൽ തനിക്ക് പകരം ഉടൻതന്നെ പ്രവർത്തിച്ചു തുടങ്ങുകയാണ് നന്നെന്ന് മാനേജിംഗ് കമ്മിറ്റിയെ ധരിപ്പിച്ചാൽ അവർ അതു സമ്മതിക്കും എന്ന് ജോസഫ് ദീവന്നാസ്യോസിന് നിശ്ചയം ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം നടപടികൾ നേരത്തെ ആരംഭിച്ചിരുന്നു. നഷ്ടപ്പെടുത്താൻ സമയമില്ലെന്ന ഒരു തോന്നൽ – വെളിപാട് എന്ന് തന്നെ പറയാം – ഉണ്ടായതുകൊണ്ടാണ് അസിസ്റ്റന്റും പിൻഗാമിയും ആയി മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ പട്ടംകെട്ടിച്ച് വരുത്താൻ അദ്ദേഹം ബദ്ധപ്പെട്ടത്. ഗീവറുഗീസ് ദീവന്നാസ്യോസുമായി അബ്ദുള്ളാ യെരുശലേമിൽവച്ച് നടത്തിയ വാഗ്വാദങ്ങളും വിലപേശലും സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ വൃദ്ധനായ മാർ

ദീവന്നാസ്യോസിനെ വല്ലാതെ മർദ്ദിച്ചു. പത്രോസ് തൃതീയന്റെ കൂടെ വന്ന കാലത്ത് റീശീസാ പിരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഗ്രീഗോറിയോസ് അബ്ദുള്ളാ പണത്തിനു വേണ്ടി കാട്ടിക്കൂട്ടിയ വേണ്ടാതീനങ്ങൾ എല്ലാം ജോസഫ് ദീവന്നാസ്യോസിന്റെ ഓർമ്മയിൽ വന്നു. റീശീസാ പിരിക്കാനാണ് പാത്രിയർക്കീസ് നിയോഗിച്ചതെങ്കിലും കിട്ടിയതിൽ അധികവും മെത്രാനായ തനിക്ക് കിട്ടിയ കൈമുത്ത് ആയി ഗ്രീഗോറിയോസ് എടുത്തത് അന്ന് കുപ്രസിദ്ധമായിരുന്നു. മാക്കാം കുന്നിൽവച്ച് പള്ളിക്കാർ കൊടുത്ത മുപ്പത് രൂപാ കുറഞ്ഞുപോയി എന്നു പറഞ്ഞ് വലിച്ചെറിഞ്ഞ് കൈമുത്താൻ ജനങ്ങളെ അനുവദിക്കാതെ ഇറങ്ങിയതും കൂടെയുണ്ടായിരുന്ന ചാലപ്പുറത്ത് റമ്പാൻ ആ സംഖ്യ പെറുക്കിയെടുത്തത് ചന്ദനപ്പള്ളിയിൽ ചെന്നപ്പോൾ റമ്പാനോട് ഗ്രീഗോറിയോസ് വാങ്ങിയതും റീശീസാ കിട്ടുന്നത് കൈമുത്തായി തട്ടുന്നതൊന്നും മോറാനോട് (ബാവായോട്) പറയരുതേ. എനിക്ക് അഗതിയായ ഒരു അമ്മയും ചേട്ടന്റെ മകനും ഉണ്ട്. ചതിക്കരുതേ എന്ന് കെഞ്ചി കാര്യം കണ്ടതും ജോസഫ് ദീവന്നാസ്യോസിന്റെ ഓർമ്മയിൽ വന്നു. അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസായി വന്നാൽ എങ്ങനെ, എന്ത് കൊടുത്ത് തൃപ്തിപ്പെടുത്തും, തൃപ്തിപ്പെടുത്താം എന്ന് ആലോചിച്ചിട്ട് ഉത്തരം കാണാതെ മനം നീറി. ... അതിൽ കൂടുതൽ നീറ്റലുണ്ടായി. ... സ്ലീബാ ശെമ്മാശൻ മലങ്കര മെത്രാപ്പോലീത്തായും അതിന് പുറമേ ഏഴു ഇടവകകളുടെയും മെത്രാപ്പോലീത്തായും ആയി സ്താത്തിക്കോൻ വാങ്ങിക്കൊണ്ടാണ് വന്നത് എന്നറിഞ്ഞപ്പോൾ. ..."[56] ഏതായാലും എത്രയും വേഗം ഭരണഭാരം ഒഴിയണമെന്ന് തീർച്ചപ്പെടുത്തി. മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ തന്റെ പിൻഗാമിയായി അംഗീകരിക്കുകയും വട്ടിപ്പണത്തിന്റെ പലിശ അദ്ദേഹത്തിന്റെ രസീതിൻപടി കൊടുക്കുകയും ചെയ്യണമെന്ന് ബ്രിട്ടീഷ് റസിഡണ്ടിന് കോട്ടയം ചെറിയപള്ളിയിൽ നിന്ന് 1909 മെയ് 28-ന് അദ്ദേഹം (വലിയ മെത്രാച്ചൻ) എഴുതുകയും ചെയ്തു. മാർ ദീവന്നാസ്യോസിനെ അധികാരമേൽപ്പിച്ചതിന്റെ ഭാഗമായിട്ടാവണം കോട്ടയം പഴയസെമിനാരിയിൽ താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്താ തന്റെ ഔദ്യോഗിക ആസ്ഥാനം പിൻഗാമിയുടെ കൈവശത്തിലേൽപ്പിച്ച് കോട്ടയം ചെറിയപള്ളിയിലേക്ക് താമസം മാറ്റി ക്രമീകരിച്ചത്. ഒരു വലിയ വ്യവഹാരച്ചുഴിയിൽ നിന്ന് പിൻഗാമിയെ രക്ഷിക്കാനായി മുൻഗാമി പഴുതടച്ച് പ്രവർത്തിക്കുന്ന പശ്ചാത്തല ക്രമീകരണങ്ങളായി ഈ ബദ്ധപ്പാടുകളെ വിശേഷിപ്പിക്കാവുന്നതാണ്. മെത്രാപ്പോലീത്തൻ ട്രസ്റ്റിയെ പരിചയപ്പെടുത്തിയും മാതൃകാ ഒപ്പ് സാക്ഷ്യപ്പെടുത്തിയും വൈദികട്രസ്റ്റിയും അത്മായ ട്രസ്റ്റിയും വലിയ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം റസിഡണ്ടിന് കത്തു നൽകി.

## 46. അന്ത്യ കല്പനയിലെ അന്ത്യാഭിലാഷം

മുൻഗാമികളായ ഏതെങ്കിലും മലങ്കര മെത്രാപ്പോലീത്താമാർ 'അന്ത്യ കല്പന' പുറപ്പെടുവിച്ചതായി അറിവില്ല. 1909 ഇടവം 28-ന് അന്ത്യകല്പ നയിൽ അദ്ദേഹം എഴുതി (ജീവിതകാലത്ത് സാധിക്കാതിരുന്ന അപ്പോഴും ബാക്കി കിടപ്പുണ്ടായിരുന്ന) "... പിന്നെയും വാത്സല്യമുള്ളവരേ, വിശു ദ്ധസഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് നാം ആഗ്രഹിച്ചിരുന്ന ആഗ്രഹ ങ്ങളിൽ പലതും സാധിക്കാതെ കിടപ്പുണ്ട്. അവയിൽ സർവപ്രധാനമായി നാം കരുതിയിരിക്കുന്നത്, നമ്മുടെ തൊഴുത്തിൽ നിന്ന് വിട്ടുപോയ ആടു കളെ തൊഴുത്തിലേക്ക് വീണ്ടും പ്രവേശിപ്പിക്കണമെന്നുള്ളതായിരുന്നു. ഇതിനായി പല സന്ദർഭങ്ങളിലും ശ്രമം ചെയ്തു എങ്കിലും അതിലേക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള സമയവും നാഴികയും വരാത്തതിനാലോ നമ്മുടെ ബലഹീനതയുടെ പാപം നിമിത്തം ഈ ദിവ്യവേലയെ പൂർത്തി യാക്കാൻ നാം അയോഗ്യനാണെന്ന് അവിടേക്ക് തോന്നിയിട്ടോ ഈ ആഗ്രഹം സാധിച്ചു കാണ്മാൻ ജഡകണ്ണുകളാൽ കഴിയാതെ പോയത് നമ്മുടെ ആയുസിൽ ഏറ്റവും വലിയ നിർഭാഗ്യമായി നാം ഗണിക്കുന്നു. എങ്കിലും ഇതിൽ നമുക്ക് ഇച്ഛാഭംഗമോ നിരാശയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. കർത്താവിന്റെ ഭവനത്തെ പണിയിപ്പാൻ ദാവീദ് വളരെ ആഗ്രഹിക്കുകയും അതിനായി വേണ്ട സാമാനങ്ങളെ ശേഖരിക്കുകയും ചെയ്തു എങ്കിലും ആ പ്രവൃത്തി നടത്താൻ അവന്റെ പുത്രനായ ശലോമോനെ ആണല്ലോ താൻ തെരഞ്ഞെടുത്തത്. അപ്ര കാരം ദേവാലയമാകുന്ന നമ്മുടെ സഭയുടെ കോട്ടമതിലുകളെ പണിയി ക്കുന്നതിന് ദൈവം തന്റെ ദൂതനായി തെരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ പിൻഗാമിയെ ആയിരിക്കാമെന്ന് നാം ആശ്വസിക്കുന്നു. ദാവീദ് തന്റെ പുത്രനെ വിളിച്ച്, 'എന്റെ പുത്രാ, കർത്താവ് നിന്നോടുകൂടെ ഇരിക്കുമാ റാകട്ടെ. നീ വർദ്ധിച്ച് നിന്റെ ദൈവമായ കർത്താവിന്റെ ഭവനത്തെ പണി യിക്ക. നീ നിന്റെ ദൈവമായ കർത്താവിന്റെ ന്യായപ്രമാണത്തെ ആച രിക്കേണ്ടതിന് കർത്താവ് നിനക്ക് ജ്ഞാനത്തെയും അറിവിനെയും തന്ന് ഇസ്രായേലിനെക്കുറിച്ച് നിനക്ക് കൽപ്പന നൽകുമാറാകട്ടെ' എന്നീ വച നങ്ങളാൽ ശ്ലേമ്മോനെയും അവനെ സഹായിക്കണമെന്ന് പറഞ്ഞ് ഇസ്രാ യേലിലെ പ്രഭുക്കന്മാരെയും ധൈര്യപ്പെടുത്തിയതുപോലെ നമ്മുടെ സഭാ ഭവനത്തിന്റെ ഈ കേടുകളെ പണിയിച്ച് അതിൽ സമാധാനവും ഐക്യവും വർദ്ധിപ്പിക്കുവാനുള്ള ചുമതല നമ്മുടെ പിൻഗാമിയെയും ആ ദിവ്യവേലയിൽ സഹായിക്കാൻ നിങ്ങൾ ഓരോരുത്തരേയും നാം പ്രത്യേകം ഭരമേല്പിക്കുന്നു."[57]

## 47. ശാന്തി തീരത്തേക്ക്

'ജോസഫ് മാർ ദീവന്നാസ്യോസിന്റെ കാലം കഴിയട്ടെ. ഭരണം

നടത്തുന്നത് എങ്ങനെ എന്ന് കാണിച്ചു തരാം' എന്ന് സ്ലീബാ മാർ ഒസ്താത്തിയോസ് വെല്ലുവിളിക്കുമ്പോഴും പാളയത്തിൽ അനൈക്യത്തിന്റെ വിള്ളൽ ശക്തിപ്പെടുന്നത് കണ്ട് വലിയ മെത്രാപ്പോലീത്താ നിസ്സഹായനായി വേദനിച്ചു. ആ പശ്ചാത്തലത്തിലാണ് തന്റെ ക്ഷണം കൂടാതെ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്ക് പുറപ്പെട്ട വിവരം അദ്ദേഹം അറിയുന്നത്. ദീർഘകാലം പ്രമേഹരോഗിയായിരുന്ന അദ്ദേഹം വാതരോഗബാധിതനായി ചെറിയപള്ളിയിൽ വിശ്രമിച്ചിരുന്ന അദ്ദേഹത്തിന്റെ വ്യാധി ആധി കൂടെ ആയപ്പോൾ വർദ്ധിച്ചു. ഒടുവിൽ തന്റെ ശക്തിയുടെ രഹസ്യം പിൻഗാമിക്കുപദേശിക്കുവാൻ സ്മര്യപുരുഷൻ തയ്യാറായി. മെത്രാച്ചന്മാർ തമ്മിലുള്ള സാഹോദര്യവും കൂട്ടുട്രസ്റ്റികൾ തമ്മിലുള്ള ഐക്യവും വിശ്വസ്തതയുമാണ് തന്റെ ജീവിത വിജയത്തിന്റെ രഹസ്യമെന്ന് അദ്ദേഹം മെത്രാന്മാർക്കും ട്രസ്റ്റിമാർക്കും വെളിപ്പെടുത്തിക്കൊടുത്തു. അബ്ദുള്ളാ ബാവായുടെ വരവ് ഭിന്നതയുടെ പല രംഗങ്ങളും സൃഷ്ടിക്കുമെന്നും അപ്പോഴെല്ലാം എന്ത് ത്യാഗം ചെയ്തും ഐക്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്ത് സംരക്ഷിക്കണമെന്നും വലിയ മെത്രാച്ചൻ കൊച്ചു മെത്രാച്ചന്മാരെയും കൂട്ടുട്രസ്റ്റികളെയും ആത്മീയമായി പ്രബോധിപ്പിച്ച് അവരെ അനുഗ്രഹിച്ചു. വട്ടശ്ശേരിൽ മെത്രാച്ചനും കൊച്ചുപറമ്പിൽ മെത്രാച്ചനും വലിയ മെത്രാപ്പോലീത്തായെ ആലിംഗനം ചെയ്തുകൊണ്ടും കോനാട്ട് മാത്തൻ മൽപ്പാൻ സി. ജെ. കുരിയൻ വലതുകൈ ചുംബിച്ചുകൊണ്ടും ആ അന്ത്യപ്രബോധനം അനുസരിച്ചുകൊള്ളാമെന്ന് പുലിക്കോട്ടിൽ തിരുമേനിക്ക് – സ്ഥാനത്യാഗം ചെയ്ത ആ യുവപ്രഭാവന് – ഉറപ്പ് നൽകി.

സംഭവബഹുലമായ ഒരു നീണ്ട പകലിന് ശേഷം ആ സൂര്യൻ എരിഞ്ഞടങ്ങി. കൊ. വ. 1084 മിഥുനം 28–ന് ആ കർമ്മയോഗി നിശ്ചലനായി. 76–ാം വയസിൽ അദ്ദേഹം നിര്യാതനായതോടെ മലങ്കരസഭാചരിത്രത്തിലെ ഏറ്റവും തിളക്കമുള്ള സുവർണ്ണയുഗത്തിന് തിരശ്ശീല വീണു. മിഥുനം 29–ന് കോട്ടയം പഴയസെമിനാരിയുടെ വടക്കേ കബർ മുറിയിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു.

### 48. ഉപസംഹാരം

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ കാലഘട്ടം ഒരു വ്യവഹാരയുഗമായിരുന്നു. സവ്യസാചിയായ അദ്ദേഹം ഒരേസമയം വ്യവഹാരകാര്യങ്ങളെ വിജയപൂർവ്വം നേരിടുകയും സഭയുടെയും നാടിന്റെയും നവോത്ഥാന പദ്ധതികൾക്ക് സഫലമായി തുടക്കം കുറിക്കുകയും ചെയ്തു. അച്ചടി, പത്രപ്രവർത്തനം, ദേവാലയ സ്ഥാപനം, വിദ്യാലയ സ്ഥാപനം, ദയറാ സ്ഥാപനം, സണ്ടേസ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, സഭാ അഭിവർദ്ധിനീസംഘം തുടങ്ങിയ

ആത്മീയസംഘടനകളുടെ സ്ഥാപനം, കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടനയായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെയും അതിന്റെ കർമ്മസമിതിയായ മാനേജിംഗ് കമ്മിറ്റിയുടെയും ക്രമീകരണം, സാഹിത്യരചന, ആരാധനക്രമങ്ങളുടെ വിവർത്തനവും പ്രസിദ്ധീകരണവും, വിജാതീയ മിഷൻ, ആഭ്യന്തര മിഷൻ എന്നിവയുടെ രൂപീകരണം, കേരളത്തിന് വെളിയിൽ ബ്രഹ്മവാർ, ഗോവ, സിലോൺ, അമേരിക്കാ എന്നിങ്ങനെ വിവിധ ഭൂഖണ്ഡങ്ങളിലേക്കുള്ള സഭാവികസനം, സാമ്രാജ്യ തലസ്ഥാനത്തേക്കുള്ള സ്ഥാനപതിയുടെ നിയമനം, മെത്രാൻ വാഴ്ച, കണ്ഠകോടാലികളാകാൻ ഉദ്ദേശിക്കപ്പെട്ട ആറു മെത്രാന്മാരെ കണ്ഠാഭരണങ്ങളാക്കി രൂപപ്പെടുത്തൽ, 1873-ലെ പരുമല പടിയോലയിലും 1876-ലെ മുളന്തുരുത്തി സുന്നഹദോസിലും പ്രകടമായ നയതന്ത്രജ്ഞത, ഭരണശൈലിയിലെ സുതാര്യത, എപ്പിസ്ക്കോപ്പസിയും ജനാധിപത്യമൂല്യങ്ങളെയും സമരസപ്പെടുത്തിയുള്ള ഭരണനയരൂപീകരണം എന്നിങ്ങനെ അനുപമവും അസാധാരണവുമായ നേതൃത്വശേഷികൊണ്ട് തന്റെ കാലഘട്ടത്തെ പൊൻപ്രഭയണിയിച്ച ആ രാജർഷിയെ, ഇസ്സഡ്. എം. പാറേട്ടിന്റെ വാക്കുകൾ കടമെടുത്ത് പറയട്ടെ, 'നമുക്ക് നമസ്ക്കരിക്കാം.'

## കുറിപ്പുകൾ

1. ഭഗവത്ഗീത IV.7, 8.
2. ഡോ. ക്ലോഡിയസ് ബുക്കാനന്റെ സന്ദർശനം.
3. കേണൽ മൺറോ (ബ്രിട്ടീഷ് റസിഡണ്ട്) റവ. തോമസ് നോർട്ടൺ സെമിനാരി അദ്ധ്യാപകൻ.
4. 1800 മുതൽ ബ്രിട്ടീഷ് ആധിപത്യം ഇന്ത്യയിൽ പ്രബലമായി.
5. 1836-ലെ മാവേലിക്കര സുന്നഹദോസ്.
6. കുമ്പനാട് മാർത്തോമ്മാ വലിയപള്ളി ദ്വിതീയ ശതവൽസരാഘോഷസ്മാരക ഗ്രന്ഥം, മെയ് 1961, പേജ് 13.
7. കണ്ടനാട് ഗ്രന്ഥവരി, ശെമവൂൻ മാർ ദീവന്നാസ്യോസ്, കുന്നംകുളം, 2008, പു. 96.
8. ടി പുസ്തകം, പു. 97.
9. ടി പുസ്തകം, പു. 98.
10. മഹാത്മാവായ കർമ്മയോഗി, എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ, കുന്നംകുളം, 2005, പു. 40, 41.
11. മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ്, ഫാ. ഡോ. ജോസഫ് ചീരൻ, കുന്നംകുളം, 2004, പു. 28-31.
12. എം. പി. വർക്കി, മാർ ദീവന്നാസ്യോസ്, കോട്ടയം, 1901, അദ്ധ്യായം 2.
13. കണ്ടനാട് ഗ്രന്ഥവരി, പു. 99.
14. കണ്ടനാട് ഗ്രന്ഥവരി, പു. 115, 116.

15. കണ്ടനാട് ഗ്രന്ഥവരി, പു. 117.
16. കണ്ടനാട് ഗ്രന്ഥവരി, പു. 117.
17. കണ്ടനാട് ഗ്രന്ഥവരി, പു. 140.
18. കണ്ടനാട് ഗ്രന്ഥവരി, പു. xiii, അഡ്വ. പി. സി. മാത്യുവിന്റെ അവതാരിക.
19. കണ്ടനാട് ഗ്രന്ഥവരി, പു. 183.
20. കണ്ടനാട് ഗ്രന്ഥവരി (കയ്യെഴുത്ത്), പു. 588.
21. കണ്ടനാട് ഗ്രന്ഥവരി, അഡ്വ. പി. സി. മാത്യുവിന്റെ അവതാരിക, പു. xvii.
22. കണ്ടനാട് ഗ്രന്ഥവരി, പു. 183.
23. കണ്ടനാട് ഗ്രന്ഥവരി, പു. 186.
24. മാർ ദീവന്നാസ്യോസ്, പു. 121.
25. സുറിയാനിസഭ, പു. 218.
26. കണ്ടനാട് ഗ്രന്ഥവരി, പു. 240-253.
27. ഡോ. ടി. സി. കോര, പു. 42.
28. കണ്ടനാട് ഗ്രന്ഥവരി, പു. 277-279.
29. ഇസ്സഡ്. എം. പാറേട്ട്, മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ, കോട്ടയം, 1965, പു. 232.
30. ടി പുസ്തകം, പു. 167.
31. ടി പുസ്തകം, പു. 53, 54.
32. ചരമ നവതി സുവനീർ, മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ, പു. 31.
33. Cheeran V. Varhgese, Faith of our Fathers, p. 110.
34. മലങ്കര സഭാപിതാക്കന്മാർ, ഡോ. സാമുവൽ ചന്ദനപ്പള്ളി, കോട്ടയം, 1990, പു. 127.
35. കെ. വി. മാമ്മൻ, മെത്രാഭിഷേക സ്മരണിക, കോട്ടയം, 2010, പു. 99.
36. മുൻ സ്മരണിക, പു. 99.
37. ഫാ. പി. എം. ജോസ് (കോർഎപ്പിസ്ക്കോപ്പാ), പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ, പു. 55, 56.
38. Faith of Our Fathers, Cheeran V. Varghese, p. 110; മലങ്കര ഇടവക പഞ്ചാംഗം, 1906, കാതോലിക്കേറ്റിന്റെ നിധി, പു. 382-404.
39. എം. പി. വർക്കി, മാർ ദീവന്നാസ്യോസ്, പു. 142, 144.
40. മെത്രാഭിഷേക സ്മരണിക, 2010, പു. 73, 74.
41. ഫാ. ഡോ. ജോസഫ് ചീരൻ, തൃശ്ശൂർ കത്തീഡ്രൽ ചരിത്രം, പു. 33, 34.
42. ഫാ. ഡോ. ജോസഫ് ചീരൻ, സഭാചരിത്രവിജ്ഞാനകോശം, പു. 513.
43. ഫാ. ഡോ. ജോസഫ് ചീരൻ, മഹാനായ മാർ ദീവന്നാസ്യോസ്, പു. 173.
44. മാർ ദീവന്നാസ്യോസ്, പു. 301 (നാലാം വാല്യം).
45. മാർ ദീവന്നാസ്യോസ് ചരമ നവതി സുവനീർ, തൃശ്ശൂർ, പു. 95, 96.
46. മലങ്കരസഭയുടെ രഹസ്യപേടകം, പു. 87, 78.
47. സഭാചരിത്ര വിജ്ഞാനകോശം, പു. 756.
48. രഹസ്യപേടകം, പു. 117.
49. പാലപ്പള്ളിൽ മല്പാൻ, സഭാചരിത്രം, 1877, പു. 96.
50. മഹാനായ മാർ ദീവന്നാസ്യോസ്, പു. 168.

51. മലങ്കരസഭാ പിതാക്കന്മാർ, പു. 126; മലങ്കര നസ്രാണികൾ വാല്യം 3, പു. 301, 390.
52. കെ. സി. മാമ്മൻ മാപ്പിളയുടെ അവതാരിക, മലങ്കരസഭയുടെ രഹസ്യപേടകം, രണ്ടാം പതിപ്പ്, പു. XII-XVI.
53. മലങ്കരസഭയുടെ രഹസ്യപേടകം, പു. 51–55.
54. ടി പുസ്തകം, പു. 54.
55. മേൽപുസ്തകം, പു. 115–116.
56. മലങ്കര നസ്രാണികൾ (മൂന്നാം വാല്യം), ഇസ്സഡ്. എം. പാറേട്ട്, പു. 139, 140.
57. ഈ അന്ത്യകൽപ്പനയുടെ പൂർണ്ണരൂപം ഈ ഗ്രന്ഥത്തിൽ കാണുക.

* കഥാപുരുഷന്റെ ജനനതീയ്യതി കൊല്ലവർഷക്കണക്കിൽ 1008 വൃശ്ചികം 24-ന് ആണ്. ക്രിസ്തുവർഷത്തിലേക്ക് മാറ്റുമ്പോൾ ധനു മാസം വരെ, കൊല്ലവർഷത്തോട് 824 ചേർക്കണം. അപ്പോൾ 1832 എന്ന് കിട്ടും. മാസവും തീയതിയും എ.ഡി. യിലേക്ക് മാറ്റുമ്പോൾ ഡിസംബർ 7 എന്നു കിട്ടും. അപ്പോൾ അദ്ദേഹത്തിന്റെ ജന്മദിനം 1832 ഡിസംബർ 7-ന് ആണ്. – എഡിറ്റർ

*('യുഗതേജസ്സി'ൽ നിന്നും)*

# സഭാനേതൃത്വത്തിനു ഒരുത്തമ "റോൾ മോഡൽ"

## ഫാ. റ്റി. ജെ. ജോഷ്വാ

*"എങ്കിലും എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയാൽ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളു" (അ. പ്ര. 20:24).*

പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ നാവിൽ നിന്നുയരാൻ അനുയോജ്യമായവയായി ഞാൻ കാണുന്നു. എഴുപത്താറു വർഷം നീണ്ടു നിന്ന ഒരു ധന്യജീവിതവും പ്രവർത്തന ചരിത്രവും പരിശോധിച്ചാൽ ആ വാക്കുകളുടെ സാക്ഷാൽക്കാരമായിരുന്നു എന്നു മനസ്സിലാകും. സംഭവബഹുലവും സംഘർഷാത്മകവുമായ ഒരു കാലഘട്ടത്തിൽ രംഗവേദിയിലെത്തിയത് സംഭവങ്ങളുടെ മൂകസാക്ഷിയാകുവാനായിരുന്നില്ല; പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്ത് ശരിയായ ദിശാബോധത്തോടെ സഭാനൗകയെ നയിക്കുവാനായിരുന്നു. ആഞ്ഞടിച്ച നവീകരണ കൊടുങ്കാറ്റിൽ ആടിയുലഞ്ഞ സഭാനൗകയെ സത്യവിശ്വാസ തീരത്തും സ്വാതന്ത്ര്യ തുറമുഖത്തും എത്തിച്ചത് ആ വിദഗ്ധമാലുമിയുടെ കർമ്മപാടവത്താലാണ്. ഒരേസമയത്ത് ഒന്നിലധികം എതിരാളികളോട് അങ്കം വെട്ടി വിജയം വരിച്ച ഒരു ധർമ്മ ഭടനെന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാം.

ആത്മാർപ്പണം ചെയ്ത് കർമ്മനിരതനായി അദ്ദേഹം രംഗപ്രവേശം ചെയ്തപ്പോൾ എന്തായിരുന്നു സഭയുടെ അവസ്ഥ? പാശ്ചാത്യ മിഷനറിമാരുടെ - സി. എം. എസ്. മിഷനറിമാരുടെ - പ്രവർത്തന സ്വാധീനത്താൽ നവീകരണോപദേശങ്ങളും സിദ്ധാന്തങ്ങളും പ്രചരിക്കുന്ന കാലം. ആ കടൽകാറ്റിന്റെ ഗതിവേഗം കൂട്ടാൻ കരുത്തനും, ഉഗ്രപ്രതാപിയും അതുല്യപ്രഭാവനുമായ മാത്യൂസ് മാർ അത്താനാസ്യോസ് (പാലക്കുന്നത്ത്) മലങ്കരമെത്രാപ്പോലീത്താ ആയിട്ടുണ്ട്. തുറുപ്പുചീട്ടായി അദ്ദേഹത്തിനു രണ്ടു അവകാശവാദങ്ങൾ ഉയർത്തിപ്പിടിക്കാനുണ്ടായിരുന്നു: തന്റെ സ്ഥാനം അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരവും; അന്ത്യോക്യൻ പാത്രിയർക്കീസിൽ നിന്നും നേരിട്ടു പട്ടമേറ്റു എന്ന അവകാശവും. മിഷനറിമാരുടെയും അവർ വഴി ഗവൺമെന്റിന്റെയും ഒത്താശകളും ആനുകൂല്യങ്ങളും നിഷ്പ്രയാസം ലഭ്യമാക്കാവുന്ന അവസ്ഥയും അദ്ദേഹത്തിനുണ്ടായിരുന്നു.

താൻ പ്രതിരോധിക്കേണ്ട ശത്രു എത്രമാത്രം സുശക്തനും അജയ്യനും ആണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. തന്നെ സംബന്ധിച്ചിടത്തോളം "ഇല്ലായ്മകളുടെ" പട്ടിക മാത്രമേ കയ്യിലുള്ളു. സ്വന്തമായി ഒരു ആസ്ഥാനമില്ല. വൈദികരെ പരിശീലിപ്പിച്ചു സജ്ജമാക്കാൻ ഉതകുന്ന സെമിനാരിയില്ല. രാജവാഴ്ച നിലനിന്ന അക്കാലത്ത് രാജകീയ വിളംബരത്തിന്റെ പിൻബലമില്ല. വ്യവഹാരം നടത്തി കോടതിവിധിയിൽകൂടി എല്ലാം നേടിയെടുക്കണം. പക്ഷേ, അതിനാവശ്യമായ പണമില്ല. ആൾബലവും താരതമ്യേന പരിമിതം. ഏതൊരു നേതാവിനെയും നിരാശനും നിർവീര്യനുമാക്കുന്ന സാഹചര്യമാണ് തന്റെ മുമ്പിലുള്ളത്. ഒരു യുദ്ധതന്ത്രജ്ഞന്റെ ദീർഘദൃഷ്ടിയോടും സൂക്ഷ്മതയാർന്ന കരുതലോടെയുമാണ് അദ്ദേഹം കരുക്കൾ നീക്കിയത്. മാനുഷികമായ ബുദ്ധിയും ദൈവികമായ ആലോചനയും ഒന്നുചേരുമ്പോൾ തടസ്സങ്ങൾ നീങ്ങുകയും വിജയം വന്നണയുകയും ചെയ്യും.

മാത്യൂസ് അത്താനാസ്യോസിനെ പ്രതിരോധിക്കുകയാണ് തന്റെ മുമ്പിലെ ഒന്നാമത്തെ ദൗത്യം. കടിച്ച പാമ്പിനെ വരുത്തി വിഷം ഇറക്കുക എന്നൊരു രീതി നമ്മുടെ നാട്ടിൽ നടപ്പുണ്ട്. അതുപോലെ പാത്രിയർക്കീസിനെ ഇവിടെ വരുത്തി മാത്യൂസ് അത്താനാസ്യോസിനെ സ്ഥാനഭ്രഷ്ഠനാക്കി സ്വന്തം സ്ഥാനവും അധികാരവും സ്ഥാപിക്കുവാനാണ് ശ്രമിച്ചത്. അതിൻപ്രകാരം പത്രോസ് തൃതീയൻ പാത്രിയർക്കീസിനെ മലങ്കരയിൽ ക്ഷണിച്ചു വരുത്തി നവീകരണ മുന്നേറ്റത്തിനു തടയിടുവാൻ ശ്രമിച്ചു. ഒട്ടകത്തിനു തല വെയ്ക്കുവാൻ ഇടം കൊടുത്തപ്പോൾ തലയും ഉടലും അകത്താക്കി എന്നു പറയുംപോലെ ലഭിച്ച സന്ദർഭം മുതലാക്കി പാത്രിയർക്കീസിന്റെ അധികാരം മലങ്കരസഭയുടെ മേൽ അടിച്ചേൽപ്പിക്കുവാൻ പരദേശിതലവൻ ശ്രമിച്ചു. മലങ്കരസഭയെ തന്റെ കൈക്കുമ്പിളിൽ ഒതുക്കുവാനുള്ള ഉദ്യമം ഒളിഞ്ഞും തെളിഞ്ഞും പാത്രിയർക്കീസു നടത്തി. ആ നീക്കങ്ങളെയെല്ലാം ഒരു അങ്കം വെട്ടുകാരന്റെ മെയ്വഴക്കത്തോടെ അദ്ദേഹം തോൽപ്പിച്ചു എന്നു പറയാം. ശീമക്കാർക്ക് പരിചിതമായ മുടക്ക് എന്ന വജ്രായുധം രണ്ടു വട്ടം മെത്രാപ്പോലീത്തായിക്കെതിരായി പാത്രിയർക്കീസ് പ്രയോഗിച്ചിട്ടും അതു വിലപ്പോയില്ല. മലങ്കര മെത്രാപ്പോലീത്തായുടെ ഏകനായകത്വത്തിനറുതി വരുത്തിയാൽ അദ്ദേഹത്തെ ചൊൽപ്പടിക്കു നിറുത്താമെന്ന വ്യാമോഹം പാത്രിയർക്കീസിനുണ്ടായി. അങ്ങനെ പുതുതായി ആറു പേരെ മെത്രാന്മാരാക്കുകയും മലങ്കരസഭയെ വിഭജിച്ച് അവരെ ഏൽപ്പിക്കുകയും ചെയ്തു.

ഒരു നേതാവിന്റെ മികവ് എതിർപ്പുകളെ അക്ഷോഭ്യനായി നേരിട്ട്, ബുദ്ധിപൂർവ്വകമായ നീക്കങ്ങളിൽ കൂടി അവയെ പരാജയപ്പെടുത്തുകയാണ്. അതോടൊപ്പം ക്രിയാത്മകങ്ങളായ പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്ത് നടപ്പാക്കുകയും വേണം. ഉത്തമരായ വൈദിക രാണ് സഭയുടെ ചാലകശക്തി. കോട്ടയം പഴയസെമിനാരി നവീകരണ ക്കാരുടെ അധീനതയിൽ ആവുകയും വൈദികപരിശീലനം അസാധ്യ മാവുകയും ചെയ്ത സാഹചര്യത്തിൽ മറ്റൊരു പരിശീലനകേന്ദ്രം കണ്ടെ ത്തുകയായിരുന്നു ആവശ്യം. അങ്ങനെയാണ് പരുമല സെമിനാരി ആരംഭം കുറിക്കുന്നത്. അതിന്റെ ചുമതല വഹിക്കുവാൻ ഏറ്റവും അനു യോജ്യനായ ഒരാളിനെ കണ്ടെത്തിയതാണ് കഥാപുരുഷന്റെ വലിയ നേട്ടം. പരിശുദ്ധനായ പരുമല തിരുമേനി അന്നു കൊച്ചുമെത്രാച്ചൻ! പക്ഷേ, ആ ദിവ്യപുരുഷന്റെ മഹത്വവും ഔന്നത്യവും തിരിച്ചറിയാനുള്ള കഴിവ് വലിയതിരുമേനി (പുലിക്കോട്ടിൽ തിരുമേനി) ക്കുണ്ടായിരുന്നു. ഓരോ സ്ഥാനത്തേക്കും അനുയോജ്യരായ വ്യക്തികളെ കണ്ടെത്തി ചുമ തലകൾ ഏല്പിക്കുകയാണ് ഉത്തമ നേതൃത്വം ചെയ്യുന്നത്. മറ്റുള്ളവ രുടെ കഴിവുകളെ മനസ്സിലാക്കാനും, മാനിക്കാനും കഴിയുന്നവനായി രിക്കും ഉത്തമ നേതാവ്. താൻ മാത്രമാണ് കഴിവും മികവുമുള്ളവൻ എന്നു നടിച്ചുകൊണ്ട് മറ്റുള്ളവരെ അവഗണിക്കുകയും ഒഴിവാക്കുകയും ചെയ്യുന്ന വ്യക്തി എത്രതന്നെ സമർത്ഥനായിരുന്നാലും അയാളുടെ ദൗത്യം വിജ യിക്കുകയില്ല. തന്നെക്കാൾ പ്രായത്തിൽ ചെറുപ്പമെങ്കിലും, പ്രാർത്ഥനാ നുഭവത്തിൽകൂടിയും, തപശ്ചര്യകളിൽകൂടിയും ആത്മീയചൈതന്യം ആർജ്ജിച്ചിരുന്ന പരുമല തിരുമേനിയെ ആദരിക്കുന്നതിനും, അദ്ദേഹ ത്തിന്റെ ആലോചന സ്വീകരിക്കുന്നതിനും പുലിക്കോട്ടിൽ തിരുമേനിക്കു കഴിഞ്ഞു. പരുമലതിരുമേനിയുടെ ശിഷ്യത്വത്തിൽ വളർന്ന മഹാരഥന്മാ രാണ് പിന്നീട് സഭാനൗകയെ നയിക്കുവാൻ നിയുക്തരായത്.

ഒരു യഥാർത്ഥ നേതാവ് തന്റെ അനുയായികളെ പ്രബുദ്ധരാക്കുന്ന തിൽ ദത്തശ്രദ്ധനായിരിക്കും. അതിന് എന്തൊക്കെ ചെയ്യണം? മുൻഗ ണനാക്രമത്തിൽ നടപ്പാക്കേണ്ട കാര്യങ്ങൾ ആസൂത്രണം ചെയ്യും.

ഒന്ന്: വിദ്യാഭ്യാസരംഗത്ത് ഏറെ പ്രവർത്തിക്കേണ്ട സാഹചര്യമായി രുന്നു അത്. ഇംഗ്ലീഷ് മിഷനറിമാർ ഇവിടെ ഈ രംഗത്ത് പ്രശംസാർഹ മായ കാൽവെയ്പുകൾ നടത്തിയിരുന്നു. ജാതിവ്യവസ്ഥ കൊടികുത്തി വാണിരുന്ന കാലം; അവർണ്ണരായ അധഃസ്ഥിതരുടെ അവശതകളും പരാ ധീനതകളും വീർപ്പുമുട്ടിക്കുന്ന അവസ്ഥയിൽ; വിദ്യാലയങ്ങൾ അംഗു ലീപരിമിതവും. ഈ സാഹചര്യത്തിൽ മാർ ദീവന്നാസ്യോസിന്റെ ശ്രദ്ധ വിദ്യാഭ്യാസരംഗത്തേക്കു തിരിഞ്ഞു. അംശവടിയും മോതിരവും മറ്റും കൂടെക്കൂടെ പണയം വെച്ചു പണമുണ്ടാക്കിയാണ് വിദ്യാലയങ്ങൾ നാടെങ്ങും തുടങ്ങുവാൻ മുതിർന്നത്. വളരുന്ന തലമുറയെ പ്രബുദ്ധരാ ക്കുക എന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

രണ്ട്: സാംസ്ക്കാരിക രംഗത്തെ വളർച്ചയും പ്രബുദ്ധതയുടെ ഭാഗം

തന്നെ. ഇവിടെ മാധ്യമങ്ങൾക്ക് ഒരു വലിയ പങ്കു വഹിക്കാനുണ്ട്. അന്ന് അച്ചടി മാധ്യമം ആരംഭിച്ചിട്ടേയുള്ളു. ഒരു അച്ചുകൂടം സ്ഥാപിച്ച് പ്രാർത്ഥനാപ്പുസ്തകങ്ങളും മറ്റും ഇദംപ്രഥമമായി അച്ചടിക്കുവാൻ കഴിഞ്ഞു. "പ്രിന്റ് മീഡിയാ"യുടെ സ്വാധീനം നന്നായി തിരിച്ചറിഞ്ഞ തിരുമേനി, കൊച്ചിയിൽ നിന്ന് "കേരളപതാക" എന്നൊരു വൃത്താന്തപ്പത്രം പ്രസിദ്ധപ്പെടുത്താൻ മുൻകൈ എടുത്തു. മാത്രമല്ല കോട്ടയത്തു നിന്നു കണ്ടത്തിൽ വറുഗീസു മാപ്പിളയുടെ ചുമതലയിൽ മലയാള മനോരമ ആരംഭിക്കുന്നതിനുള്ള പ്രചോദനവും പ്രോത്സാഹനവും തിരുമേനി നൽകി.

മൂന്ന്: വിശ്വാസ പ്രബോധനം - സഭയുടെ വിശ്വാസസത്യങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സഭാംഗങ്ങൾക്കു ബോധ്യമാക്കി കൊടുക്കുന്നതിനും സഭാസംബന്ധമായ വാർത്തകൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട്, "ഇടവകപ്പത്രിക" എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. അത് അക്കാലത്തെ സഭാസ്പന്ദനം മനസ്സിലാക്കുന്നതിനുള്ള അമൂല്യസ്രോതസ്സും ചരിത്രഗവേഷകർക്ക് വിലപ്പെട്ട ഖനിയുമാണ്. ആ തിരുമേനി ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഇലക്ട്രോണിക് മാധ്യമങ്ങളെ ശരിയായി ഉപയോഗപ്പെടുത്തുമായിരുന്നു. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ സുവിശേഷീകരണത്തിനും വിശ്വാസ പ്രബോധനത്തിനും ശക്തമായ ഉപാധിയാണ്.

നാല്: സാമൂഹികവും രാഷ്ട്രീയവുമായ രംഗത്ത് - അക്കാലത്ത് നമ്മുടെ ജനങ്ങൾ സാമൂഹികരംഗത്ത് പല അവശതകളും പരാധീനതകളും അനുഭവിച്ചിരുന്നു. പരദേശബ്രാഹ്മണരുടെ മേധാവിത്വവും സ്വാധീനവും ഗവൺമെന്റു തലത്തിൽ വളരെ ശക്തമായിരുന്നു. നസ്രാണികൾക്ക് സർക്കാർ സർവീസിൽ ന്യായമായ സ്ഥാനം ലഭിക്കത്തക്കവിധത്തിൽ അദ്ദേഹം വാദിച്ചു എന്നു മാത്രമല്ല അർഹമായ സ്ഥാനങ്ങൾ നേടിയെടുക്കുവാൻ ശക്തവും സംഘടിതവുമായ നീക്കങ്ങൾ നടത്തുകയും ചെയ്തു.

അത്മായരുടെ സേവനവും കഴിവുകളും പരമാവധി പ്രയോജനപ്പെടുത്താൻ സഭാനേതൃത്വത്തിനു കഴിയണം. വരവേൽപ്പും എതിരേൽപ്പും സംഘടിപ്പിക്കാനും, പ്രകടനങ്ങൾ തെരുവീഥിയിൽ നടത്താനുമായി സമയവും പണവും ദുരുപയോഗപ്പെടുത്തുന്ന പ്രവണതയ്ക്ക് മാറ്റം വരുത്തി, സഭ ദൈവത്തിന്റെ തീർത്ഥാടക സമൂഹമെന്ന നിലയിൽ അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കാൻ സഭാവിശ്വാസികളെ പ്രബുദ്ധരാക്കണം.

തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചത് ക്നാനായ സമുദായത്തിൽപ്പെട്ട ഇടവഴിക്കൽ ഇ. എം. ഫിലിപ്പ് ആയിരുന്നു. അദ്ദേഹം ഒരു ഉത്തമ സഭാസ്നേഹിയും, സഭാചരിത്ര പണ്ഡിതനുമായിരുന്നു. ഇ. എം. ഫിലിപ്പ് എഴുതിയ മലങ്കരസഭാചരിത്രം ആധികാരികമായ ഗ്രന്ഥമെന്ന്

അവകാശപ്പെടാൽ പാടില്ലാത്തതെങ്കിലും പല കാര്യങ്ങളിലും വെളിച്ചം പകരുന്ന ഗ്രന്ഥമാണ്. സെക്രട്ടറിയും തിരുമേനിയും ചേർന്നുള്ള ഒരു ചിത്രം പഴയസെമിനാരിയുടെ കമ്മിറ്റി മാളികയിൽ കാണാം. ഇവിടെ ശ്രദ്ധേയമായ വസ്തുത ഒരു ആത്മായനെ സെക്രട്ടറിയാക്കി പ്രവർത്തിച്ചതിൽകൂടി ഒരു നല്ല മാതൃക കാണിച്ചു തരികയായിരുന്നു. കഴിവും പ്രാപ്തിയുമുള്ള ആത്മായരെ കണ്ടെത്തി, സഭാകാര്യങ്ങളിൽ അവരെ തൽപരരാക്കുകയും, അവരുടെ അഭിരുചിക്കും താലന്തുകൾക്കുമനുസൃതമായി ചുമതലകൾ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

പുലിക്കോട്ടിൽ തിരുമേനി കാലത്തിന്റെ വെല്ലുവിളികളെ ശരിയായി മനസ്സിലാക്കി, അതിനനുസൃതമായി തന്റെ പ്രവർത്തനശൈലി രൂപപ്പെടുത്തിയ സഭാപിതാവായിരുന്നു. കൈമാറി ലഭിച്ചിരിക്കുന്ന പൈതൃകത്തെ, അന്യൂനം സംരക്ഷിക്കുക മാത്രമല്ല, നേതൃത്വത്തിന്റെ ദൗത്യം. കാലത്തിന്റെ ചുവരെഴുത്തുകൾ എന്തെന്നു മനസ്സിലാക്കി അതിനുതക്കവണ്ണം സഭാസമൂഹത്തെ സജ്ജമാക്കേണ്ട ദൗത്യം നേതൃത്വത്തിനുണ്ട്. സഭ ജീവിക്കുന്ന സമൂഹമാണ്; അതിനു വളർച്ചയും വികസനവുമാവശ്യമുണ്ട്. ഒന്നാം നൂറ്റാണ്ടിലാണ് സഭ ഉത്ഭവിച്ചത്. പക്ഷേ സഭ എത്തിയിരിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലാണ്. മൗലികങ്ങളായ തത്വങ്ങളിലും വിശ്വാസങ്ങളിലും ഉറച്ചുനിന്നുകൊണ്ട്, മാറ്റങ്ങൾക്കനുസൃതമായി സഭാസമൂഹം പ്രതികരിക്കുവാൻ പ്രാപ്തമാകണം. സ്മര്യപുരുഷനെ സഭാനേതൃത്വത്തിന് എക്കാലത്തും ഒരു "റോൾ മോഡൽ" ആയി സ്വീകരിക്കാവുന്നതാണ്.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# ശ്രേഷ്ഠ ഗുരുവും ഉത്തമ ശിഷ്യനും

## ഡോ. ഗീവർഗ്ഗീസ് യൂലിയോസ്സ് മെത്രാപ്പോലീത്താ

മലങ്കരസഭാചരിത്രത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ മുതൽ ചിരപ്രതിഷ്ഠിതരായ രണ്ട് പിതാക്കന്മാരാണല്ലോ 'പുലിക്കോട്ടിൽ വലിയ തിരുമേനി'യും 'ചാത്തുരുത്തിൽ കൊച്ചുതിരുമേനി'യും. മുപ്പതിലധികം വർഷം ഇവർ ഒരേ ആത്മാവിൽ തോളോടു തോൾ ചേർന്ന് ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി മലങ്കരസഭയ്ക്ക് ഉണ്ടായ നേട്ടങ്ങൾ അത്ഭുതാവഹമാണ്. ഉദാത്തമായ ഈ ഗുരു-ശിഷ്യ ബന്ധത്തെക്കുറിച്ച് ചരിത്രത്തിൽ നിന്നും ലഭ്യമാകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഒരു ലഘു പഠനം നടത്തുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ആശാൻ പള്ളിക്കൂടത്തിലെ അക്ഷര കളരിയിലൊ, മല്പാൻ പാഠശാലയിലെ പരിശീലനത്തിലൊ ഈ പിതാക്കന്മാർ ഗുരുവും ശിഷ്യനും ആയിരുന്നില്ല! രണ്ടുപേരും അക്കാലത്ത് സ്വായത്തമാക്കാവുന്ന വിദ്യാഭ്യാസം ഭംഗിയായി നിർവ്വഹിച്ച് കർമ്മ മണ്ഡലങ്ങളിലേയ്ക്ക് പ്രവേശിച്ചതിനു ശേഷം മാത്രമെ പരസ്പരം കണ്ടുമുട്ടുന്നുള്ളൂ. എന്നാൽ കർമ്മമണ്ഡലത്തിലെ നിയോഗങ്ങളാണ് അവരെ ഗുരുശിഷ്യന്മാരാക്കിയത്.

1832-ൽ ഭൂജാതം ചെയ്ത പുലിക്കോട്ടിൽ തിരുമേനിയും 1848-ൽ ജനിച്ച പ. പരുമല തിരുമേനിയും തമ്മിൽ പതിനാറ് വർഷത്തിന്റെ പ്രായവ്യത്യാസമേയുള്ളൂ. ബാല്യത്തിൽ തന്നെ രണ്ടുപേരും പഠനശിബിരം ഭംഗിയായി പൂർത്തിയാക്കി ദൈവനിയോഗത്താൽ പ്രവർത്തനങ്ങൾ ആരംഭിച്ചവരാണ്. മുപ്പത്തിരണ്ടാം വയസ്സിൽ ഒരു നിയോഗംപോലെ മലങ്കര മെത്രാപ്പോലീത്തായായി സേവനം തുടങ്ങുമ്പോൾ (1865) പുലിക്കോട്ടിൽ തിരുമേനിയുടെ മുന്നിൽ ദൈവം നിയോഗിച്ച കർത്തവ്യങ്ങൾ ഏറെയായിരുന്നു. അന്ന് പരുമലതിരുമേനി മുളന്തുരുത്തിയിലെ പതിനെട്ടു വയസ്സുകാരനായ തപോതേജസ്വിയായ കൊച്ചച്ചൻ! എന്നാണ് ഗുരുവും ശിഷ്യനും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയെന്ന് വ്യക്തമല്ലെങ്കിലും 1870-ലെങ്കിലും അത് നടന്നിട്ടുണ്ടാകണം.

പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പരിശുദ്ധാത്മ പ്രേരിതരായ പൂർവ്വപിതാക്കന്മാരാൽ നട്ടുനനക്കപ്പെട്ട് വളർത്തപ്പെട്ടതുമായ മലങ്കരസഭയിലെ സത്യവിശ്വാസത്തെയും തനിമയെയും എന്തു വില കൊടുത്തും നിലനിർത്തേണ്ടതും കാലികമായി വളർത്തി അടുത്ത തലമുറയിലേക്ക് വർദ്ധിപ്പിച്ചു കൊടുക്കേണ്ടതും ദൈവം തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള വലിയ ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കി അതിനായി ഒന്നിച്ചു

വെന്നതാണ് ഈ പിതാക്കന്മാരുടെ മഹത്വം. 'നവീകരണം' എന്ന ഓമ നപ്പേരിൽ സത്യവിശ്വാസധ്വംസനവും അധികാരദുർവിനിയോഗവും നട ക്കുന്നതിനെതിരെയാണ് ഇവർ കൈകോർത്ത് പടപൊരുതുവാൻ ഇറ ങ്ങിയത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മിഷനറിമാരുമായുള്ള നല്ല ബന്ധത്തിൽ ഇദംപ്രഥമമായി ഒരു മലയാള പരിഭാഷ വി. വേദ പുസ്തകത്തിന് (1811) ഉണ്ടാവുകയും ക്രമീകൃതമായ വൈദിക – അത്മായ പഠന പദ്ധതികൾക്കായി കോട്ടയം കോളജ് (പഴയസെമിനാരി) പ്രവർത്ത നക്ഷമമാക്കുകയും (1815) ചെയ്തതോടെ ആരംഭിച്ച നവോത്ഥാനത്തിന് നേതൃത്വം നൽകിയ 'സഭാജ്യോതിസ്സ്' പുലിക്കോട്ടിൽ ഒന്നാമൻ തിരു മേനി, കായംകുളം പീലിപ്പോസ് റമ്പാച്ചൻ തുടങ്ങിയ ശ്രേഷ്ഠ വ്യക്തി ത്വങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുന്നതിനു പകരം മലങ്കരയുടെ സത്യ ത്തെയും സ്വാതന്ത്ര്യത്തെയും വിദേശ നുകങ്ങളിൽ അടിമപ്പെടുത്തി വില കുറഞ്ഞ സ്ഥാനമാനങ്ങൾ സ്വീകരിച്ച് 'പഞ്ചകല്യാണി' പുറത്തു വില സുന്ന ഒരു 'നവീകരണ' പ്രസ്ഥാനത്തിലേക്ക് സഭയെ തരംതാഴ്ത്തി ദിശാബോധം തെറ്റിക്കുന്ന ദയനീയ അവസ്ഥയിലാണ് ശക്തനായ പാല ക്കുന്നത്തു മെത്രാച്ചനെന്ന ഗോല്യാത്തിനു മുന്നിൽ ദൈവജനത്തിനു വേണ്ടി പടനയിക്കുവാൻ ചെറുബാലനായ പുലിക്കോട്ടിൽ മെത്രാച്ചനെ ദൈവം നിയോഗിക്കുന്നത്. ആ പടക്കളത്തിൽ ദാവീദിനു കൂട്ടുനിൽക്കു വാൻ ഒരുക്കപ്പെട്ട നാഥാനായി (= ദൈവത്തിന്റെ ദാനം) പ. പരുമല തിരു മേനി ആരംഭിക്കുന്നു!

പടയൊരുക്കത്തിന്റെ ഭാഗമായും തന്റെ ആത്മീയ മക്കളെ കാണുവാ നായും മുളന്തുരുത്തിയിലെത്തിയപ്പോഴാകാം ഇവർ തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച! ബാല്യത്തിൽ തന്നെ പൂർണ്ണമായും ദൈവികവേലയ്ക്കായി സമർപ്പിക്കപ്പെടുകയും മുളന്തുരുത്തി മാർതൊമ്മൻ പള്ളിയുടെ ആത്മീയ അന്തരീക്ഷത്തിൽ, പിതൃസഹോദരൻ ഗീവർഗ്ഗീസ്സ് മല്പാനച്ചന്റെയും പണ്ഡിതനും ആരാധനാ വിദഗ്ധനുമായ യൂയാക്കീം മാർ കൂറിലോസി ന്റെയും ശിക്ഷണത്തിൽ പ്രാവീണ്യം നേടി വൈദികനും, കോറെപ്പിസ് കോപ്പായും ശ്രേഷ്ഠ മാതൃകാ പുരുഷനുമായി മുളന്തുരുത്തി പള്ളി വികാ രിയും മല്പാൻ പാഠശാലയിലെ അദ്ധ്യാപകനുമായി പ്രവർത്തിക്കുന്ന അവസ്ഥയിലാണ് ആദ്യ സംഗമം.

കരുത്തുറ്റ ശിഷ്യനെ തേടി നടക്കുന്ന ഗുരുവിന്റെ കണ്ണുകളും കർമ്മ മണ്ഡലത്തിലേക്ക് കുതിക്കുവാനായി ദൈവനിയോഗം ലഭിച്ച് നിറഞ്ഞു നിൽക്കുന്ന ശിഷ്യന്റെ കണ്ണുകളും ആ ആദ്യകാഴ്ചയിൽ തന്നെ മലങ്കര യുടെ ഭാവിയെക്കുറിച്ച് ഒന്നിച്ച് ദർശനങ്ങൾ കണ്ടു. ഗുരുവിന്റെ ആത്മാ വിനെ ദൈവാത്മാവിൽ അറിയുകയും അവിടുത്തെ ഭാവനകളെയും

ആശയങ്ങളെയും പ്രപഞ്ച നന്മയ്ക്കായി പ്രാവർത്തികമാക്കുകയും ചെയ്യുന്നവനാണ് ശിഷ്യൻ. മഹാഭാരതത്തിൽ അർജ്ജുനനേത്രങ്ങളിൽ ഭീഷ്മാചാര്യർ കണ്ട തിളക്കം, ജോഷ്വായിൽ മോശ കണ്ട പ്രതീക്ഷ ചാത്തുരുത്തിൽ കോറെപ്പിസ്ക്കോപ്പായിൽ പുലിക്കോട്ടിൽ മെത്രാച്ചൻ കണ്ടു! ശിഷ്യനിലെ ആത്മികശക്തി തിരിച്ചറിഞ്ഞ ഗുരു വലിയ കാര്യങ്ങളിലേക്ക് ശിഷ്യനെ വിളിച്ച് നിയോഗിക്കുന്നതോടെയാണ് മലങ്കരയുടെ മഹാപരിശുദ്ധന്റെ ചരിത്രോദയം ആരംഭിക്കുന്നത്. മലങ്കരയിലെ അന്ധകാരത്തെ ഉച്ചാടനം ചെയ്ത് ആത്മീയ ചൈതന്യത്തിലേക്ക് അതിനെ നയിക്കുവാൻ കഴിവുള്ള ശിഷ്യനെയാണ് ദൈവം തന്റെ മുന്നിൽ ഒരുക്കി നിർത്തിയിരിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ ഗുരു എന്നും ശിഷ്യനെ ആദരിക്കുകയും ശിഷ്യന്റെ വളർച്ചയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നവനായിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു.

മുളന്തുരുത്തി പള്ളിയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല; പ്രത്യുത മലങ്കരയാകമാനം നിറയേണ്ടതാണ് ശിഷ്യനിലെ ചൈതന്യം എന്ന് മനസ്സിലാക്കിയ ഗുരു മലങ്കരസഭയുടെ സംഘടിത ആശ്രമപ്രസ്ഥാനം എന്ന ആശയം ശിഷ്യനിലൂടെ ആരംഭിക്കുന്നു; കോറെപ്പിസ്ക്കോപ്പായെ ഗുരു തന്നെ പൂർണ്ണാശ്രമത്തിന്റെ വസ്ത്രങ്ങളും വ്രതവും നൽകി റമ്പാച്ചനായി അവരോധിക്കുന്നു! അവിടെയാണ് മലങ്കരയുടെ കെടാവിളക്കായ വെട്ടിക്കൽ ദയറായുടെ ആരംഭം. നിഷ്ഠയോടെയുള്ള യാമപ്രാർത്ഥനകളാലും കൂദാശാനുഷ്ഠാനങ്ങളാലും പെരുന്നാളാചരണങ്ങളാലും വിശ്വാസികൾക്ക് സ്വർഗ്ഗീയ അനുഭവവും സാന്ത്വനവും നൽകുന്ന, പ്രകൃതിയെ അനുഗ്രഹിക്കുന്ന ആദ്ധ്യാത്മികകേന്ദ്രമായി ചാത്തുരുത്തിൽ റമ്പാച്ചൻ ദയറായെ വളർത്തി. അനേകം യുവാക്കൾ റമ്പാച്ചനോടൊപ്പം ചേർന്ന് വൈദിക അഭ്യസനം നടത്തി. സഭാ ഭരണത്തിന്റെ തിരക്കുകൾക്കിടയിൽ പുലിക്കോട്ടിൽ വലിയ മെത്രാച്ചൻ ആത്മിക ഊർജ്ജം ലഭിക്കുന്നതിനും ദയറായുടെ വളർച്ച കണ്ട് ദൈവത്തെ സ്തുതിക്കുന്നതിനും പലപ്പോഴും അവിടെ എത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൈത്താങ്ങലും നൽകുകയും ചെയ്യുമായിരുന്നുവെന്ന് *കണ്ടനാട് ഗ്രന്ഥവരി* സാക്ഷിക്കുന്നു.

പിന്നീട് സഭയുടെ തെക്കൻ ഭാഗങ്ങളിൽ ഒരു ആത്മീയ കേന്ദ്രം ഉണ്ടാകണമെന്ന് പ്രാർത്ഥിച്ച് അതിനായി പരിശ്രമിച്ച ഗുരുവിന് പരുമലയിൽ സ്ഥലം ലഭിച്ചപ്പോൾ അവിടെ ഒരു സെമിനാരി പണിത് (അഴിപ്പുര) പ്രിയ ശിഷ്യനും മല്പാനുമായ ചാത്തുരുത്തിൽ റമ്പാച്ചന് അവിടെ ചുമതല നൽകി. റമ്പാച്ചന്റെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും കളരിയായിത്തീർന്ന പരുമല, അദ്ദേഹം മെത്രാപ്പോലീത്താ ആയതോടെ തെക്കൻ മേഖലയിലെ സഭാകേന്ദ്രവും, പിന്നീട് മെത്രാപ്പോലീത്താ അവിടെ

കബറടങ്ങിയതോടെ ലോകതീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നായി മാറുകയും ചെയ്തു. ഇന്ന് ആ മഹാ പരിശുദ്ധന്റെ കബറിടത്തിൽ നിന്നും ആത്മികശക്തി ഒഴുകുന്നു. പരുമലയിൽ നിന്നും പഴയസെമിനാരിയിൽ നിന്നും ഒഴുകുന്ന വിശുദ്ധിയുടെ പരിമളം ഇന്നും സഭയുടെ വലിയ ആത്മിക സ്രോതസ്സായി വിളങ്ങുന്നു.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലങ്കരയിലേക്ക് എഴുന്നള്ളിയപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുവാൻ വലിയ തിരുമേനി തെരഞ്ഞെടുത്ത് നിയോഗിച്ചത് ചാത്തുരുത്തിൽ ഗീവർഗ്ഗീസ് റമ്പാച്ചനെയായിരുന്നു. അങ്ങിനെ മുളന്തുരുത്തി സുന്നഹദോസിന്റെയും പ. ബാവായുടെ മറ്റെല്ലാ സന്ദർശന പരിപാടികളുടെയും സംഘാടക സമിതിയിൽ വലിയ തിരുമേനിയുടെ ആജ്ഞാനുവർത്തിയായും പ. ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയുമൊക്കെയായി സുറിയാനി-ഇംഗ്ലീഷ് ഭാഷകളിൽ നൈപുണ്യം ഉണ്ടായിരുന്ന റമ്പാച്ചൻ ശ്രേഷ്ഠമായി പ്രവർത്തിച്ചു. പത്രോസ് പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കരയുടെ സാഹചര്യങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി കൊടുക്കുന്നതിനോടൊപ്പം തന്നെ ബാവായുടെ മനസ്സു മുഴുവൻ അറിഞ്ഞ് അതിലെ നല്ല കാര്യങ്ങളെക്കുറിച്ച് വലിയ തിരുമേനിയെ അറിയിക്കുകയും എന്നാൽ അപകട മേഖലകളെക്കുറിച്ച് മുൻകൂട്ടി അറിയിച്ച് വേണ്ടതു ചെയ്യുവാൻ വലിയ തിരുമേനിയെ സഹായിക്കുകയും ചെയ്യുന്നതിൽ റമ്പാച്ചൻ വിജയിച്ചു. പ. പത്രോസ് തൃതീയൻ ബാവാ, ചാത്തുരുത്തിൽ റമ്പാച്ചനെ വലിയതിരുമേനിയുടെ ആഗ്രഹപ്രകാരവും സമ്മതപ്രകാരവും അല്ല മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയത്. എങ്കിലും അദ്ദേഹത്തെയും പുതുതായി വാഴിക്കപ്പെട്ട മറ്റ് അഞ്ചു മെത്രാന്മാരെയും ശത്രുതാമനോഭാവത്തോടെ പുലിക്കോട്ടിൽ തിരുമേനി കാണുന്നില്ല. ഏക മലങ്കര മെത്രാപ്പോലീത്താ സംവിധാനത്തിൽ നിന്നും ഏഴു മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസ് സംവിധാനത്തിലേക്ക് സഭാനേതൃത്വം വളർന്നപ്പോൾ ഗുരുവായ വലിയതിരുമേനി മലങ്കര മെത്രാപ്പോലീത്തായും തദ്വാര അസ്സോസിയേഷൻ പ്രസിഡന്റും മലങ്കരയുടെ ആത്മീയ അദ്ധ്യക്ഷനുമായി നിലനിൽക്കേണ്ടത് സഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ ശിഷ്യൻ സഹമെത്രാപ്പോലീത്തന്മാരെ ആയതിലേക്ക് ബോധവൽക്കരിക്കുകയും വെട്ടിക്കൽ ദയറായിൽ കൂടി പ്രാർത്ഥനാപൂർവ്വം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ഗുരുദർശനങ്ങൾ അതീന്ദ്രിയ ജ്ഞാനത്താൽ അറിഞ്ഞ് അവ നടപ്പിൽ വരുത്തുന്നവനാണ് ഉത്തമ ശിഷ്യൻ എന്ന് ഭാരതീയ 'ഉപനിഷദ്' പാരമ്പര്യം പഠിപ്പിക്കുന്നു. പുലിക്കോട്ടിൽ വലിയ തിരുമേനിയുടെ ദർശനങ്ങളെ ശിരസ്സാ വഹിച്ച് അവയെ കർമ്മ കാണ്ഡത്തിലേക്ക് നയിക്കുന്ന കൊച്ചു തിരുമേനിയെയാണ് തുടർന്ന് മലങ്കരസഭ ദർശിക്കുന്നത്.

സഭയുടെയും സമൂഹത്തിന്റെയും ഉദ്ധാരണവും ഉന്നമനവും ക്രമീകൃത വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉണ്ടാകൂ എന്ന ബോധ്യത്തിൽ തന്റെ ശ്രേഷ്ഠ പിതാമഹൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി (പഴയ സെമിനാരി സ്ഥാപകൻ) തുടങ്ങിവെച്ചിരുന്ന സാക്ഷരതായജ്ഞത്തെ പുലിക്കോട്ടിൽ രണ്ടാമൻ ജനകീയമാക്കുകയും കേരളമാകെ വ്യാപിപ്പിക്കുകയും ചെയ്തത് പ. പരുമല കൊച്ചുതിരുമേനിയുടെ ശക്തമായ പിൻതുണയോടെയായിരുന്നു. എല്ലാ പള്ളികളിലും പള്ളികൂടങ്ങൾ വേണമെന്നും ഉന്നത പഠനത്തിനായി കൂടുതൽ സെമിനാരികൾ വേണമെന്നും ചിന്തിച്ച് ആ ഗുരുവും ശിഷ്യനും അഹോരാത്രം പ്രയത്നിച്ചു വന്നതിന് അനേകം തെളിവുകൾ ലഭ്യമാണ്. കോട്ടയം എം. ഡി. സെമിനാരി, പരുമല സെമിനാരി, തഴക്കര സെമിനാരി, അനേകം വരുന്ന ഇന്നത്തെ സഭാ മാനേജ്മെന്റ് സ്കൂളുകൾ, ഇടവക മാനേജ്മെന്റിൽ തുടരുന്ന അനേകം സ്കൂളുകൾ (കുന്നംകുളം MJD. etc), പിന്നീട് സർക്കാർ ഏറ്റെടുത്ത സ്കൂളുകൾ (Mar Ignatius English Medium Girls High School, Kunnamkulam) ഇവയിൽ ചിലതു മാത്രമാണ്. കേരള നവോത്ഥാനത്തിൽ ഈ സ്കൂളുകളും അവയുടെ അനുബന്ധ പ്രസ്ഥാനങ്ങളും വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്.

അധഃകൃത സമുദ്ധാരണമായിരുന്നു ഗുരുവിന്റെ മറ്റൊരു സ്വപ്നം. നൂറ്റാണ്ടുകളായി സാമൂഹിക - സാംസ്ക്കാരിക വിവേചനത്തിന് അടിമപ്പെട്ടു കിടന്നിരുന്ന ഈ നാട്ടിന്റെ മക്കളെ ഉദ്ധരിക്കണമെന്നുള്ള ആഗ്രഹവും ആയതിനുള്ള പദ്ധതികളും ഫലപ്രദമായി നടപ്പിൽ വരുത്തിയതും പ്രിയ ശിഷ്യനായ കൊച്ചുതിരുമേനിയാണ്. ഡോ. സാമുവേൽ ചന്ദനപ്പള്ളിയെയും ഫാ. ഡോ. ജോസഫ് ചീരനെയും പോലെയുള്ളവർ അനേകം ചരിത്ര യാഥാർത്ഥ്യങ്ങളിലൂടെ ഇതിന് സാക്ഷ്യം നൽകുന്നുണ്ട്. ഗാന്ധിജിയും വിനോബജിയും അയ്യംകാളിയുമൊക്കെ തുടങ്ങുന്നതിനും ദശകങ്ങൾ മുമ്പ് കേരളത്തിലെ അധഃകൃത ഉദ്ധാരണവും വിദ്യാഭ്യാസ വിപ്ലവവും ആരംഭിച്ചത് മലങ്കരസഭയാണെന്നും അതിന് നേതൃത്വം വഹിച്ചത് ഈ ശ്രേഷ്ഠ ഗുരുവും ഉത്തമ ശിഷ്യനുമായിരുന്നുവെന്നും നാം നന്ദിയോടെ ഓർക്കണം.

ശരിയായ വേദശാസ്ത്രബോധവും ആരാധനാ സംവിധാനവുമുള്ള സഭയ്ക്ക് മാത്രമേ സമൂഹത്തിന് ആത്മിക നേതൃത്വം നൽകുവാൻ ശക്തി ലഭിക്കൂ എന്ന് തിരിച്ചറിഞ്ഞ ഗുരു ഇതിനായി അച്ചുകൂടങ്ങൾ സ്ഥാപിക്കുകയും സഹൃദയരെ ആഹ്വാനം ചെയ്യുകയും ചെയ്യുമായിരുന്നു. കോട്ടയം സെമിനാരിയിലെ സെന്റ് തോമസ്സ് അച്ചുകൂടം, മനോരമ അച്ചുകൂടം, കുന്നംകുളത്തെ അക്ഷരരത്നപ്രകാശിനി അച്ചുകൂടം (A R P Press), കോനാട്ട് മാർ യൂലിയോസ്സ് അച്ചുകൂടം എന്നിവയുടെയെല്ലാം

ആരംഭത്തിൽ ഈ ഗുരു-ശിഷ്യന്മാർക്ക് വലിയ പങ്കുണ്ടായിരുന്നുവെന്ന് കാണുന്നു. ആരാധന പുസ്തകങ്ങൾ, കേരള പതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങി ഒട്ടനവധി പ്രസിദ്ധീകരണങ്ങളിലൂടെ സഭയുടെ സ്തുതിചൊവ്വാകപ്പെട്ട സത്യവിശ്വാസവും അതിന്റെ കാലികഭാവങ്ങളും ജനത്തെ പഠിപ്പിക്കുവാനും പ്രതിപ്രവർത്തനത്തിലൂടെ ജനതയെ സാമൂഹിക പ്രതിബദ്ധതയിൽ നയിക്കുവാനും അക്കാലത്ത് ഈ പ്രസിദ്ധീകരണങ്ങളിലൂടെ സാധിച്ചിരുന്നുവെന്ന് കാണാം.

മലങ്കരസഭയ്ക്ക് ഭാരതീയവും ആഗോളവുമായ ഭാവം ഉണ്ടാകണമെന്ന് കരുതി ആയതിനായി കൂട്ടായി പ്രവർത്തിക്കുവാനും ഈ ഗുരു ശിഷ്യ ബന്ധത്തിന് കഴിഞ്ഞതിന്റെ ഉത്തമ ഉദാഹരണമാണ് ബ്രഹ്മവാർ സമൂഹവും ശ്രീലങ്കൻ-അമേരിക്കൻ സമൂഹവും. ഗോവൻ കത്തോലിക്കാ സമൂഹത്തിൽ നിന്നും അൽവാറീസ്സ് മാർ യൂലിയോസ്സ് മെത്രാച്ചനും അമേരിക്കയിൽ നിന്നും റെനിവിലാത്തി തീമോത്തിയോസും യഥാക്രമം പഴയ സെമിനാരിയിൽ വച്ചും കൊളമ്പിൽ വച്ചും വാഴിക്കപ്പെട്ടത് ഈ പിതാക്കന്മാരുടെ ദീർഘവീഷണ ഫലമായാണ്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ആദ്യം ശിഷ്യനും പിന്നെ ഗുരുവും കാലയവനികയിൽ മറഞ്ഞതോടെ ഈ മുന്നേറ്റം മലങ്കരയിൽ അവസാനിച്ചുവെന്നത് ഒരു ദുഃഖസത്യമായി തുടരുന്നു.

അതിശ്രേഷ്ഠമായ ഈ ഗുരു-ശിഷ്യ ബന്ധത്തിൽ നിന്നും ഒട്ടനവധി കാര്യങ്ങൾ ഇനിയും ചൂണ്ടിക്കാണിക്കുവാൻ ചരിത്രത്തിനു കഴിയുമെങ്കിലും വിസ്തരഭയത്താൽ ആയതിന് മുതിരുന്നില്ല. എന്നാൽ ഇടവകതലത്തിലുള്ള ഉദ്ധാരണ പ്രവർത്തനങ്ങളിൽ ഈ ഗുരു-ശിഷ്യ ബന്ധം വഹിച്ച പങ്ക് കുന്നംകുളത്തിന്റെയും ആർത്താറ്റ് (പാലൂർ-ചാട്ടുകുളങ്ങര പള്ളി) ഇടവകയുടെയും പശ്ചാത്തലത്തിൽ ചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു.

വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പാലൂർ ദേശത്തെ 'തലപ്പള്ളി' എന്ന് അറിയപ്പെടുന്ന വി. കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള ചാട്ടുകുളങ്ങരപള്ളി എക്കാലത്തും മലങ്കരയുടെ ആസ്ഥാന ദേവാലയങ്ങളിൽ ഒന്നായിരുന്നു. കൊടുങ്ങല്ലൂർ, പൊന്നാനി തുറമുഖങ്ങൾക്കും പട്ടാമ്പി റെയിൽവേ സ്റ്റേഷനും (ബോംബെയിൽ നിന്നും കേരളത്തിലേക്കുള്ള റെയിൽപാത) അടുത്ത് സ്ഥിതിചെയ്യുന്ന ഈ ദേവാലയത്തിൽ മാർതോമ്മാശ്ലീഹാ മുതൽ കാലാകാലങ്ങളിൽ മലങ്കര സന്ദർശിച്ചിട്ടുള്ള എല്ലാ പിതാക്കന്മാരും മലങ്കരയിൽ നിന്നും ഉണ്ടായിട്ടുള്ള പിതാക്കന്മാരുമായി ബന്ധിപ്പിക്കുന്ന അനേകം തെളിവുകൾ ഉണ്ട്. കാലഗതിയിൽ അനേകം തവണ ഈ ദേവാലയം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ടിപ്പു സുൽത്താന്റെ പടയോട്ടത്തിൽ തീവയ്ക്കപ്പെട്ട ശേഷം പുലിക്കോട്ടിൽ ഇട്ടൂപ്പ്

റമ്പാച്ചന്റെ കാലത്ത് (ദീവന്നാസ്യോസ് രണ്ടാമൻ) 1805-ൽ അറ്റകുറ്റപ ണികൾക്കു ശേഷം ശുദ്ധീകരിക്കപ്പെടുകയും ദൈവകൃപയാൽ മലങ്കര സഭയുടെ ഉരുക്കുകോട്ടയായി ഇന്നും നിലനിൽക്കുകയും ചെയ്യുന്നു.

കൊച്ചുതിരുമേനി 1890-കളിൽ കുന്നംകുളത്ത് എഴുന്നള്ളിയപ്പോൾ വലിയ തിരുമേനിയുടെ മാതൃഇടവകയായ ഈ ദേവാലയത്തിന്റെ ശവ ക്കോട്ട മതിലുകൾ പൊളിഞ്ഞു കിടക്കുന്ന ദുരവസ്ഥ കാണുകയും ഉടൻ തന്നെ നാലര ഏക്കർ സ്ഥലത്ത് നിറഞ്ഞു നിൽക്കുന്ന ശവക്കോട്ടയും പള്ളിയും പൂർണ്ണമായി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി പ്രാർത്ഥനാപൂർവ്വം അവിടെ താമസിച്ച് പണി പൂർത്തിയാക്കി കൂദാശ ചെയ്തതായി ആർത്താറ്റ് പള്ളി ചരിത്രത്തിൽ വായിക്കുന്നു. നൂറ്റി ഇരുപതു വർഷങ്ങൾക്കു ശേഷം ഇന്നും ഈ മതിൽ യാതൊരു കേടും കൂടാതെ നിൽക്കുന്നു! ഗുരുവായ വലിയതിരുമേനി മലങ്കരസഭയുടെ അതി രുകൾ പണിതുറപ്പിക്കുവാൻ യത്നിച്ച് മലങ്കര മുഴുവൻ നിറഞ്ഞ് പ്രവർ ത്തിക്കുമ്പോൾ ശിഷ്യൻ ഗുരുപൂജയും ദക്ഷിണയുമായി ഗുരുവിന്റെ മാതൃ ഇടവകയുടെ കെട്ടുപണി ചെയ്യുന്നു!

ശിഷ്യനിൽ നേതാവിനെയും ഗുരുവിനെയും കണ്ടെത്തി ദീർഘ തപ സ്യയിലൂടെ ഊടും പാവും ചേർത്ത് പൂർണ്ണതയിലേക്ക് നയിച്ച് 'ശിഷ്യാ നീയാണ് ഗുരു' എന്ന് ആത്മമന്ത്രണം നടത്തി ഗുരുപീഠം ശിഷ്യനു നൽകുന്നവനാണ് യഥാർത്ഥ ഗുരുവെന്ന് ഭാരതീയ ഗുരുപാരമ്പര്യത്തിൽ കാണുന്നു. കേവലം അറുപത്തിയഞ്ചാം വയസ്സിൽ അമ്പതു വയസ്സുകാ രനായ ശിഷ്യനിലേക്ക് നേതൃത്വമാറ്റം നടത്തുവാൻ ആലോചിച്ച് ഇരു പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശിഷ്യൻ നയിക്കട്ടെ എന്ന് ആഗ്രഹിച്ച് 1898-ൽ ഗുരു കമ്മിറ്റി കൂടിയെന്നും എന്നാൽ അധികാരമോഹം അശേഷം ഇല്ലാതിരുന്ന ഉത്തമ ശിഷ്യൻ ഒരു പ്രമേയത്തിലൂടെ "ഗുരുവേ നയിച്ചാലും; ഞങ്ങൾ കൂടെയുണ്ട്" എന്ന് പ്രതികരിച്ചെന്നും ശിഷ്യനെ ഗുരുവിന്റെ സഹായിയായി മലങ്കരസഭ നിയമിച്ചു എന്നും സഭാരേഖകളിൽ കാണുന്നു. നാലു വർഷങ്ങൾക്കു ശേഷം ഗുരുവിന് മുമ്പേ ശിഷ്യൻ ലോകത്തോട് വിടപറഞ്ഞപ്പോൾ ഗുരുഹൃദയം പിടഞ്ഞു; മനസ്സു തക ർന്നു; ശരീരം തളർന്നു. ശിഷ്യന്റെ കബറടക്കത്തിൽ തേങ്ങിക്കരയുന്ന, തളർന്നുവീഴുന്ന ഗുരുവിനെ ചരിത്രം സാക്ഷിക്കുന്നു. ക്രൈസ്തവ പ്രത്യാശ ഇല്ലാത്തതുകൊണ്ടല്ല; മറിച്ച് അത്രമേൽ ഗാഢവും തീവ്രവു മായ ഗുരു-ശിഷ്യ ബന്ധത്തിന്റെ മാനുഷികഭാവം മൂലമാണ് ലാസ്സറിന്റെ കബറിടത്തിൽ കരഞ്ഞ കർത്താവിന്റെ പ്രതിപുരുഷൻ ഇവിടെ കര ഞ്ഞത് എന്നോർക്കണം. എന്നാൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി സട കുടഞ്ഞെഴുന്നേറ്റ ഗുരു തന്റെയും പ. പരുമല തിരുമേനിയുടെയും മറ്റൊരു വിശ്വസ്ത ശിഷ്യനിൽ മലങ്കരയുടെ നേതാവിനെ ആത്മനേത്രങ്ങളാൽ

കാണുകയും അങ്ങിനെ വട്ടശ്ശേരിൽ ഗീവർഗ്ഗീസ്സ് മല്പാനെ റമ്പാനാക്കി യെരുശലേമിലയച്ച് തന്റെ തന്നെ നാമത്തിൽ (ദീവന്നാസ്യോസ്) വാഴിച്ച് മലങ്കരയിലെത്തിച്ച് സർവ്വതും കൈമാറി സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയോടെ അരങ്ങൊഴിയുന്നു! എത്ര ശ്രേഷ്ഠം ആ വിശ്വ ഗുരുവിന്റെ തേജോഭാവം!

ഇന്ന് നൂറിലധികം വർഷങ്ങൾക്കു ശേഷം തിരിഞ്ഞു നോക്കുമ്പോൾ ഗുരു മറവായി നിന്ന് ശിഷ്യന്മാർ വളർന്ന് പരിമളം പരത്തുന്ന സുന്ദരമായ കാഴ്ച ദർശിക്കുന്നു. എത്ര മായിച്ചു കളയുവാൻ ശ്രമിച്ചാലും അത്രമേൽ തേജോഭാവത്തോടെ പ്രകാശിതമാവുന്നതാണ് മലങ്കര സഭാചരിത്രത്തിൽ എന്നും സ്മരിക്കപ്പെടേണ്ട ഈ ഗുരു-ശിഷ്യ ബന്ധം.

ശ്രേഷ്ഠ ഗുരുക്കന്മാർക്കു മാത്രമേ ഉത്തമ ശിഷ്യന്മാർ ഉണ്ടാകൂ. ശിഷ്യന്മാരിലൂടെയാണ് ഗുരു അറിയപ്പെടേണ്ടത് തുടങ്ങിയ ആപ്ത വാകൃങ്ങൾ ഈ ഗുരു-ശിഷ്യ ബന്ധത്തിലും സാർത്ഥകമാകുന്നു. സുദൃഢമായ ആത്മബന്ധമുള്ള ശ്രേഷ്ഠ ഗുരുക്കന്മാരും ഉത്തമ ശിഷ്യന്മാരും ഇനിയും മലങ്കരയിൽ ഉണ്ടാകട്ടെ എന്നും ഈ പൂർവ്വ പിതാക്കന്മാരുടെ ഇനിയും പൂവണിഞ്ഞിട്ടില്ലാത്ത സ്വപ്നങ്ങൾക്ക് വർണ്ണങ്ങൾ നൽകുവാൻ അവർക്ക് സാധിക്കട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം. അവരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കാവലുമായിത്തീരട്ടെ.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# സാമൂഹ്യപ്രതിബദ്ധതയുടെ പ്രവാചകൻ

## ഫാ. ഡോ. സണ്ണി ചാക്കോ

**കേ**രളചരിത്രത്തിൽ ഒരദ്ധ്യായത്തിന്റെ കേന്ദ്രബിന്ദുവായി തീരേണ്ടിയിരുന്ന ഒരു അതുല്യ പ്രതിഭയുടെ വിരഹത്തിന് വയസ്സ് 100. കേരളത്തിന്റെ നവോത്ഥാന നായകനെന്ന് പ്രഘോഷിക്കപ്പെടുന്ന നാരായണ ഗുരുവിനും അരനൂറ്റാണ്ടുമുമ്പ് കേരളക്കരയിൽ സാമൂഹ്യ വിപ്ലവത്തിന്റെ ശംഖൊലി മുഴക്കിയ ആ അദ്ധ്യാത്മിക തേജസ്സിന്റെ നാമം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ അഥവാ മഹാനായ മാർ ദീവന്നാസിയോസ് എന്നായിരുന്നു. മലങ്കരസഭയുടെ നാലുചുമരുകൾക്കുള്ളിൽ ആ മഹത്വത്തെ തളച്ചിടുവാൻ ശ്രമിക്കുന്നവർക്ക് ചരിത്രം മാപ്പുതരുമെന്ന് തോന്നുന്നില്ല. ഈ പിതാവ് കേരളസംസ്ക്കാരത്തിനും സമൂഹത്തിനും നൽകിയ സംഭാവനകളുടെ നാലിലൊന്ന് പോലും വരില്ല, ഇന്ന് ചരിത്രം ഉദ്ഘോഷിക്കുന്ന പല മഹാന്മാരുടേയും സംഭാവനകൾ; എന്നിട്ടും എന്തേ ചരിത്രം ഈ പിതാവിനെ വിസ്മരിച്ചത്?

ഷേക്സ്പിയറെ ലോകത്തിന് പരിചയപ്പെടുത്താൻ ജോൺസണും, കാൾ മാർക്സിനു ലെനിനും, നാരായണഗുരുവിന് ടി. കെ. മാധവനും, SNDP യും, പ. പരുമലത്തിരുമേനിയ്ക്ക് പ. വട്ടശ്ശേരിൽ തിരുമേനിയും, പ. വട്ടശ്ശേരിൽ തിരുമേനിയ്ക്ക് വലിയ ബാവായും ഉണ്ടായിരുന്നു. എന്നാൽ ഈ മഹാത്മാവിന്റെ പ്രവർത്തനങ്ങളുടെ മഹത്വം സമൂഹത്തെ അറിയിക്കേണ്ടിയിരുന്ന അദ്ദേഹത്തിന്റെ ശിഷ്യൻ (പ. പരുമല തിരുമേനി) ഗുരുവിനു മുമ്പേ പരലോകപ്രാപ്തനായി. 'യൗസേഫിനെ അറിയാത്ത' പിൻമുറക്കാർ മാർ ദീവന്നാസിയോസിനെ വിസ്മരിച്ചത് നന്ദികേടുകൊണ്ടല്ല, അജ്ഞതകൊണ്ടാണെന്ന് നമുക്കു സമാധാനിക്കാം.

വ്യവഹാരങ്ങളുടെയും, വിശ്വാസവിപരീതങ്ങളുടെയും, പ്രൊട്ട'സ്റ്റണ്ടു'കാരായ ഇംഗ്ലീഷ് ഭരണാധികാരികളുടെയും, അവരോട് മമതയും കൂറും പുലർത്തുന്ന, സഭയ്ക്കുള്ളിലെ തന്നെ വിഘടിത വിഭാഗത്തിന്റെയും ബോധപൂർവ്വവും സംഘടിതവുമായ ആക്രമണങ്ങൾ മൂലം ദിശാബോധം നഷ്ടപ്പെട്ട് ആടിയുലഞ്ഞ മലങ്കരസഭയെ ഏകനായി (അമരക്കാരനായി) നയിച്ച് ശുഭതുറമുഖത്തേയ്ക്ക് നയിച്ചു എന്നതു മാത്രമല്ല ആ പിതാവിന്റെ മഹത്വം. ഇന്ന് മലങ്കരസഭയിൽ കാണുന്ന എല്ലാ ആത്മീയ സംഘടനകളുടെയും പ്രോദ്ഘാടകൻ, കുന്നംകുളം, കോട്ടയം, മാവേലിക്കര, പരുമല എന്നിവിടങ്ങളിലെ വൈദികപരിശീലന കേന്ദ്രങ്ങ

ളുടെ സ്ഥാപകൻ, കേരളത്തിലെ സുപ്രധാന നഗരങ്ങളിൽ നിരവധി ദേവാലയങ്ങൾ സ്ഥാപിച്ച് സഭയുടെ അതിർത്തികൾ വിശാലമാക്കിയ സംഘാടക പ്രതിഭ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരിൽ കേരളത്തിലെ പ്രഥമ സമുദായ സംഘടനയുണ്ടാക്കി മല ങ്കരസഭക്ക് ദിശാബോധം നൽകിയ ക്രാന്തദർശി, മുളന്തുരുത്തി വെട്ടിക്കൽ ദയറായുടെ സ്ഥാപനത്തിലൂടെ മലങ്കരയിലെ ദയറാപ്രസ്ഥാനത്തിന്റെ പ്രാരംഭകൻ, എന്നീ നിലകളിൽ കർമ്മനിരതനായത് സഭയ്ക്കുള്ളിലെ പ്രവർത്തനങ്ങളായിരുന്നുവെങ്കിൽ, കേരളത്തിൽ പ്രമുഖപട്ടണങ്ങളിൽ അച്ചടിശാലാകേന്ദ്രങ്ങൾ സ്ഥാപിച്ച് അവയിലൂടെ മലയാളം, സുറിയാനി എന്നീ ഭാഷകളിലുള്ള ആരാധനാ സാഹിത്യ ഗ്രന്ഥങ്ങളും, കേരള പതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ ആനുകാ ലികങ്ങളും പ്രസിദ്ധീകരിച്ച് ജനങ്ങളെ ഉദ്ബുദ്ധരാക്കിയതും, 250 ലധികം പള്ളിക്കൂടങ്ങൾ, ഇംഗ്ലീഷ് സ്ക്കൂളുകൾ, എന്നിവ സ്ഥാപിക്കുകയും അവയിലൂടെ പ്രബുദ്ധരായ ഒരു ജനതയെ ഒരുക്കി അവർക്ക് മഹാജന സഭ എന്നപേരിൽ ഒരു സാംസ്ക്കാരിക സംഘടനയും, മലയാള മനോ രമ എന്ന പേരിൽ ഒരു പത്രവും സംവിധാനം ചെയ്യുന്നതിൽ മുന്നോടി യായി നിന്ന്, കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന് വഴി തെളിയിച്ച് സാമൂഹ്യവിപ്ലവം യാഥാർത്ഥ്യമാക്കിയതും പൗരസ്വാതന്ത്ര്യ ത്തിനുവേണ്ടി ശബ്ദമുയർത്തിയ 1891-ലെ "മലയാളി മെമ്മോറിയലിന്റെ" അണിയറ ശിൽപികളിലൊരാളായി നിന്ന് നേതൃത്വം നൽകിയതും, ഐക്യകേരളം എന്ന ലക്ഷ്യത്തെ പരിപോഷിപ്പിച്ചതും, സാക്ഷരകേരള ത്തിന് അദ്ദേഹത്തിന്റെ സംഭാവനകളായിരുന്നു.

കേരളത്തിലെ നവോത്ഥാന നായകരെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീനാരായണഗുരു, അയ്യങ്കാളി, കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ, വക്കം മൗലവി തുടങ്ങിയവരുടെ കാലഘട്ടത്തിന് അരനൂറ്റാണ്ടുമുമ്പ് പ്രവർത്തനനിരതനായ ആ മഹാത്മാവിന്റെ ചരമ ശതാബ്ദിയാഘോ ഷിയ്ക്കുമ്പോൾ, ആ പിതാവ് മലങ്കര സഭയ്ക്കും, കേരള സാംസ്കാരിക ചരിത്രത്തിനും നൽകിയ സംഭാവനകൾ കേരളം മുഴുവനും ചർച്ചചെയ്യ പ്പെടാവുന്ന രീതിയിൽ സംവിധാനം ചെയ്യുവാൻ മലങ്കരസഭാനേതൃത്വ ത്തിന് ബാധ്യതയുണ്ട്.

## സാമൂഹ്യ നവോത്ഥാനം

ഒരു ദേശത്തിന്റെ സാമൂഹ്യ നവോത്ഥാനത്തിനും, സാംസ്ക്കാരികോ ന്നതിയ്ക്കും പ്രേരകങ്ങളായി വർത്തിക്കുന്ന ഘടങ്ങൾ ഏതെല്ലാമാണ്? സ്ഥായിയായ ഒരു ദർശനം (ideology) ഏതൊരു സാമൂഹ്യമാറ്റത്തി ന്റെയും അടിസ്ഥാനമായിരിക്കണം. ഇവിടെയാണ് ക്രിസ്തുമത-ബൈ ബിൾ ദർശനങ്ങളുടെ അതുല്യത. 1811 ൽ ബൈബിൾ മലയാളത്തിലേക്ക്

വിവർത്തനം ചെയ്യുവാനും, അതിലൂടെ ബൈബിൾ ദർശനങ്ങൾ മലയാളിയ്ക്ക് പരിചയപ്പെടുത്തുവാനും നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് പ്രഥമൻ മലങ്കരമെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണം ഇവിടെ പ്രസ്താവ്യമാണ്. ആ പിതാവിന്റെ അനന്തിരവനായ സ്മര്യപിതാവ് ആരാധനയിലെ ക്രൈസ്തവ ദർശനങ്ങൾ സുറിയാനിയിൽനിന്നും വിവർത്തനം ചെയ്ത് മാതൃഭാഷയിലാക്കി. മാത്രമല്ല അവ ഏവർക്കും പ്രാപ്യമാകത്തക്കവിധം അച്ചടിച്ച് മലങ്കരയിലൂടനീളം വിതരണം ചെയ്തു. ദർശനങ്ങളുടെ സംപ്രാപ്യതതന്നെയാണ് നവോത്ഥാനത്തിന്റെ കരുത്ത് എന്ന് ഗ്രഹിച്ച്, സാമൂഹ്യ പരിവർത്തനത്തിന്റെ സാദ്ധ്യതകളെപ്പറ്റിയും, മനുഷ്യരെല്ലാവരും ദൈവപിതാവിന്റെ മക്കളാണെന്നും, സ്വാതന്ത്ര്യം ദൈവദത്തമാണെന്നും, ചൂഷണം പാപമാണെന്നും, ക്രിസ്തു സാമൂഹ്യവിപ്ലവത്തിന്റെ വക്താവാണെന്നും, ക്രിസ്തുവിന്റെ അനുയായികൾ സാമൂഹ്യ പരിവർത്തനത്തിന്റെ പ്രവാചകന്മാരാകണമെന്നും തുടങ്ങി നിരവധി നവോത്ഥാനാശയങ്ങൾ കേരളത്തിലെമ്പാടും പ്രചരിപ്പിക്കുവാനും, സഭാമക്കളെ അതിന് സജ്ജരാക്കുവാനും, സാമൂഹ്യവിപ്ലവത്തെ ഉൾക്കൊള്ളുവാനുള്ള പശ്ചാത്തലമൊരുക്കുവാനും മാർ ദീവന്നാസിയോസ് ആനുകാലിക പ്രസിദ്ധീകരണങ്ങളും, വിദ്യാലയങ്ങളും സ്ഥാപിച്ച് സഫലമായി യത്നിച്ചു. കൂടാതെ നവോത്ഥാന ശ്രമങ്ങൾക്ക് ദിശാബോധവും നേതൃത്വവും നൽകുവാൻ നിരവധി സംഘടനകൾ രൂപീകരിച്ചു. മലങ്കര അസ്സോസിയേഷൻ, സുറിയാനിസഭ ലഘുലേഖ സംഘം, വൈദികസംഘം, മഹാജനസഭ, ജാത്യൈക്യസംഘം, വിദ്യാർത്ഥിസംഘം എന്നിവ സ്ഥാപിച്ച് അവയിലൂടെ നവോത്ഥാന നായകരെ പരിശീലിപ്പിച്ചു.

'വിദ്യകൊണ്ട് വിജ്ഞരാകുവിൻ', 'സംഘടിച്ച് ശക്തരാകുവിൻ' എന്ന് നാരായണഗുരു ആഹ്വാനം ചെയ്യുന്നതിനും മൂന്നു ദശകങ്ങൾക്കു മുമ്പ് ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കിയ മഹാത്മാവായിരുന്നു മാർ ദീവന്നാസിയോസ്. ഇങ്ങനെ കേരള നവോത്ഥാനം യാഥാർത്ഥ്യമാക്കിയവരിൽ പ്രഥമഗണനീയനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ദ്വിതീയൻ അഥവാ മാർ ദീവന്നാസിയോസ് അഞ്ചാമന്റെ നവോത്ഥാന പരിശ്രമങ്ങളെ സംക്ഷിപ്തമായി അനാവരണം ചെയ്യുകയാണീ ലേഖനത്തിന്റെ ലക്ഷ്യം.

### കേരള നവോത്ഥാനവും മിഷണറിമാരും

1813 മുതൽ ഇംഗ്ലീഷ് മിഷനറിമാരുടെ പ്രവർത്തനം കേരളസമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചെങ്കിലും, അവരുടെ മതപരിവർത്തന ശ്രമങ്ങളെ തുടക്കം മുതൽ ആശങ്കയോടെ വീക്ഷിച്ച കേരളത്തിലെ ഉന്നത ശ്രേണീയർക്ക് മിഷണറിമാരെ സാമൂഹ്യ വിപ്ലവകാരികൾ എന്ന

നിലയിൽ കാണുവാൻ കഴിഞ്ഞില്ലെന്നതാണ് യാഥാർത്ഥ്യം. മാത്രമല്ല 16–ാം നൂറ്റാണ്ടുമുതൽ ആരംഭിച്ച പോർത്തുഗീസ് മിഷണറി പ്രവർത്തനഫലമായി കേരളത്തിലെ പൂർവ്വിക ക്രിസ്ത്യാനികൾപോലും അനുഭവിച്ച യാതനകൾ അവരുടെ മുമ്പിൽ സാധനപാഠങ്ങളായി നിലനിൽക്കുന്നുണ്ടായിരുന്നു. ഇവയെക്കാളെല്ലാമുപരി ബ്രിട്ടീഷുകാരുടെ രക്തരൂക്ഷിതമായ അടിച്ചമർത്തൽ നയവും, വിഭജിച്ചു ഭരിക്കുക എന്ന വികല നയതന്ത്രജ്ഞതയും ക്രിസ്തീയ ആദർശങ്ങൾക്ക് നിരക്കാത്തതാണെന്ന തിരിച്ചറിവും, മിഷണറിമാർ പ്രസംഗിക്കുന്നതും, ബ്രിട്ടീഷുകാർ പ്രാവർത്തികമാക്കുന്നതും തമ്മിലുള്ള വൈരുദ്ധ്യവും, പുതുക്രിസ്ത്യാനികളോടുള്ള അവരുടെ സമീപനവും എല്ലാമെല്ലാം സാധാരണ ജനങ്ങളിൽ വെറുപ്പും, വിദ്വേഷവും ഉളവാക്കി എന്നതാണ് പരമാർത്ഥം. ഇതിനർത്ഥം വിദേശമിഷണറിമാർ കേരള നവോത്ഥാനത്തിനുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നല്ല. സാമൂഹ്യ വിപ്ലവത്തിന് നാന്ദികുറിക്കുന്ന പരിശ്രമങ്ങൾ നടത്തിയ ചില മനുഷ്യസ്നേഹികളും അവർക്കിടയിലുണ്ടായിരുന്നു. പ്രസ്തുത മനുഷ്യസ്നേഹികളായ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുവാനുള്ള പശ്ചാത്തലം, കേരളത്തിലെ അന്യമതസ്ഥരേക്കാൾ, തദ്ദേശിയ ക്രൈസ്തവർക്കുണ്ടായിരുന്നു. അതിനാൽ കേരളനവോത്ഥാനം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിൽ പാശ്ചാത്യരേയും, തദ്ദേശീയരേയും ബന്ധിപ്പിക്കുന്ന കണ്ണികൾ എന്ന നിലയിൽ കേരള ക്രൈസ്തവർ നൽകിയ നേതൃത്വത്തിന്റെ സഫലമായ കർമ്മകാണ്ഡമാണ് സാക്ഷര കേരളത്തിന്റെ ഉയിർത്തെഴുന്നേല്പിന്റെ ചരിത്രം. ഈ മേഖലയിലെ അനന്വയമാണ് സ്മര്യപിതാവായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ദ്വിതീയൻ മലങ്കരമെത്രാപ്പോലീത്താ.

### പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം

കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ നിലവിലിരുന്ന സാമൂഹ്യ അപചയവും, ഫ്യൂഡലിസത്തിന്റെ ജീർണ്ണതയും, രാഷ്ട്രീയ അരാജകത്വവും എത്രമേൽ രൂക്ഷമായിരുന്നു എന്ന് ഗ്രഹിച്ചെങ്കിൽ മാത്രമെ മാർ ദീവന്നാസിയോസിന്റെ സാമൂഹ്യ പരിഷ്ക്കരണ ശ്രമങ്ങളുടെ ആഴവും പരപ്പും ബോധ്യമാകയുള്ളൂ.

പത്തൊമ്പാതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകത്തിൽ കേരളം സന്ദർശിച്ച സ്വാമി വിവേകാനന്ദന്റെ "കേരളം ഒരു ഭ്രാന്താലയം"[1] എന്ന ഒരൊറ്റ പ്രസ്താവന മാത്രം മതി അന്നത്തെ കേരള സമൂഹത്തിന്റെ ദയനീയത ഗ്രഹിക്കുവാൻ.

### നിശ്ചല സമൂഹം

ജാതിയുടെ അടിസ്ഥാനത്തിൽ ഉറച്ചതും മാറ്റമില്ലാത്തതും, മാറ്റങ്ങളെ,

ഉൾക്കൊള്ളുവാൻ പര്യാപ്തമല്ലാത്തതുമായ സാമൂഹ്യഘടനയായിരുന്നു കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്നത്.[2] ഒരു സമൂഹത്തിൽ ഓരോ ജാതിയ്ക്കും പ്രത്യേകം കുലത്തൊഴിലും വേഷവും, ആചാരവുമായതിനാൽ എത്ര നൂറ്റാണ്ടുകൾ കഴിഞ്ഞാലും അതിന് യാതൊരു മാറ്റവും സംഭവിക്കുകയില്ല. നിശ്ചല സമൂഹത്തിൽ ഉയർന്ന ജാതിക്കാരന്റെ അവകാശങ്ങൾ താഴ്ന്നജാതിക്കാരന് നേടാൻ കഴികയില്ല. താഴ്ന്ന ജാതിക്കാരന്റെ ജീവിത നിലവാരത്തിന് ഒരിക്കലും മാറ്റമുണ്ടാകുകയില്ല. ഇങ്ങനെ അപരിഷ്കൃതവും യാഥാസ്ഥിതികവും നിശ്ചലവും, അസമത്വങ്ങൾകൊണ്ട് പരുക്കനുമായ ഒരു സമൂഹഘടനയാണ് കേരളത്തിൽ നിലനിന്നിരുന്നത്. ഈയൊരവസ്ഥയിൽ നിന്ന് സമൂഹത്തെ ചലനാത്മകമാക്കി മാററുവാൻ ഒരു പരിധിവരെയെങ്കിലും കഴിഞ്ഞത് മാർ ദീവന്നാസിയോസിന്റെ പരിശ്രമഫലമായിട്ടായിരുന്നു.

## സാമൂഹ്യ അസമത്വങ്ങൾ

ഹൈന്ദവ മതത്തിൽ ശ്രൂദ്രന് വിദ്യനിഷേധിച്ചിരുന്നു. ജാതിയിലെ ഉന്നതശ്രേണീയർക്കുമാത്രം പ്രാപ്യമായിരുന്ന വിദ്യാഭ്യാസം കാലാനുസൃതമായിരുന്നില്ലെന്നു മാത്രമല്ല, സമഗ്രവ്യക്തി വികാസത്തിന് സഹായകരവുമായിരുന്നുമില്ല. നിയമവ്യവസ്ഥിതിയിലെ അസമത്വം വളരെ പ്രകടമായിരുന്ന ഇക്കാലഘട്ടത്തിൽ മിക്കവാറും നിയമങ്ങളും അവർണ്ണനെ അനന്തമായി ചൂഷണം ചെയ്യുന്നതിനുള്ളതായിരുന്നു. കൂടാതെ അയിത്തം, തീണ്ടൽ, തൊടീൽ തുടങ്ങിയ അപമാനവീകരണ പ്രക്രിയ സഹജമായ രീതിയിൽ തുടർന്നുവന്നിരുന്നു.

ധാർമ്മികതയുടെ വികലമായ രൂപം ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു. പാതിവ്രത്യത്തിന്റെ ഉദാത്ത രൂപമായി സതി ഒരു ഭാഗത്ത്. ശിഥിലമായ സ്ത്രീ പുരുഷബന്ധങ്ങളും ദേവദാസി എന്ന ക്ഷേത്രസമ്പ്രദായത്തിന്റെ മറവിൽ അരങ്ങേറിയിരുന്ന വേശ്യാവൃത്തിയും മറുഭാഗത്ത്. മരുമക്കത്തായത്തിന്റെയും, കൂട്ടുകുടംബത്തിന്റെയും നീരാളിപ്പിടുത്തത്തിൽ ഞെരിഞ്ഞമർന്ന കുടുംബബന്ധങ്ങൾ, ബഹുഭാര്യത്വം, ബഹുഭർത്തൃത്വം, സ്ത്രീ വിദ്യാഭാസവും സ്ത്രീ സ്വാതന്ത്ര്യവും വിലക്കിയിരുന്ന പ്രാകൃതസമൂഹം. അന്ധവിശ്വാസങ്ങളുടെയും ആചാരവൈകല്യങ്ങളുടെയും വിഹാരരംഗമായ ജാതികളും ഉപജാതികളും. ഇങ്ങനെ സാമൂഹ്യമായും സാംസ്ക്കാരികമായും അധഃപ്പതിച്ച കേരളസമൂഹത്തിന്റെ ചിത്രമാണ് 19-ാം നൂറ്റാണ്ട് അനാവരണം ചെയ്യുന്നത്.

## മാർ ദീവന്നാസിയോസ് സാമൂഹ്യ പ്രതിബദ്ധതയുടെ പ്രവാചകൻ

ഈ സാംസ്ക്കാരിക അപചയത്തിൽ നിന്നും, അഭിമാനാർഹമായ

പ്രബുദ്ധ-സാക്ഷര കേരളത്തിലേയ്ക്ക് കേരള സമൂഹത്തെ നയിക്കുന്നതിൽ നിർണ്ണായക ശക്തിയായി മാറുവാൻ ദൈവം മലങ്കരസഭയിൽ നിന്നെഴുന്നേല്പിച്ച സാമൂഹ്യ പ്രതിബദ്ധതയുടെ പ്രവാചകനായിരുന്നു സ്മര്യപിതാവ്.

മലങ്കര സഭയുടെ അസ്തിത്വംപോലും നഷ്ടപ്പെടാമായിരുന്ന അഗ്നി പരീക്ഷയെ നേരിടുമ്പോഴും, ആ അഗ്നിയെ പ്രകാശമാക്കി മാറ്റി, സമൂഹത്തിലും സഭയിലും സർവ്വതല സ്പർശിയായ സാമൂഹ്യവിപ്ലവത്തിന്റെ വേലിയേറ്റം സൃഷ്ടിച്ച ഈ മഹാത്മാവ്, കേരള നവോത്ഥാനത്തിനു വേണ്ടി ചെയ്ത സേവനങ്ങൾ അമൂല്യമാണ്. കേരള നവോത്ഥാനനായകരെന്ന് വിലയിരുത്തപ്പെട്ട മഹാത്മാക്കൾ അരങ്ങിലെത്തുന്നതിനുമുമ്പ് കേരളത്തിന്റെ സാമൂഹ്യ-സാംസ്ക്കാരിക-മത രംഗങ്ങളിൽ നിറഞ്ഞു നിന്ന ആ മഹാരഥൻ തന്റെ വ്യക്തിപ്രഭാവംകൊണ്ട് മലങ്കര സഭയിലെന്നപോലെ കേരളീയ സമൂഹത്തിലും തന്റെ പ്രതിഭയും കർമ്മശേഷിയും വ്യാപരിപ്പിച്ചിട്ടുണ്ട്. സഭാചരിത്രപണ്ഡിതനായ മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഈ പിതാവിനെപ്പറ്റി "ക്രാന്തദർശിയായ മാർ ദീവന്നാസിയോസിനോട് സഭയും, സമൂഹവും കടപ്പെട്ടിരിക്കുന്നു"[2] എന്ന് പ്രസ്താവിച്ചത് തികച്ചും അർത്ഥപൂർണ്ണമാണ്.

"വിദ്യാസമ്പന്നതയിലൂടെ വിജ്ഞാന കുതുകികളും വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നം കണ്ടു. വിദ്യയിലൂടെ സാമ്പത്തിക ഭദ്രത ദർശിച്ചു. അതുവഴി സമൂഹത്തിന്റെ സമഗ്രപുരോഗതിയും"[3] എന്ന് ഡോ. സാമുവൽ ചന്ദനപ്പള്ളി ഈ പിതാവിന്റെ സേവനങ്ങളെ വിലയിരുത്തുന്നുണ്ട്.

1873-ൽ പരുമലയിൽ വെച്ച് സ്മര്യപിതാവിന്റെ നേതൃത്വത്തിൽ കൂടിയ സഭാ സമ്മേളനത്തിന്റെ തീരുമാനങ്ങൾ പരിശോധിച്ചാൽ ഈ മഹാപ്രതിഭയുടെ ദർശന വ്യാപ്തി ബോധ്യമാകും.

"സുറിയാനി സമൂഹത്തിന് അവരുടെ പള്ളിവകയ്ക്കായിട്ടും, പൊതുവകയ്ക്കായിട്ടുമുള്ള മുതലിലും രക്ഷാകർത്താക്കൾ എന്നപോലെ, സമൂഹം സംബന്ധമായും, മതസംബന്ധമായും മറ്റുമുള്ള സംഗതികളിലും.... അധികാരം ഈ കമ്മറ്റിക്കാർക്ക് ഉണ്ടായിരിക്കണമെന്ന്....."[4] സുറിയാനി സഭയ്ക്ക് മതകാര്യങ്ങളിൽ മാത്രം താല്പര്യം പോരാ എന്നും, സാമൂഹ്യമായ ചില ബാധ്യതകളും നിറവേറ്റാനുണ്ടെന്നുമുള്ള അവബോധവും ഈ നിശ്ചയത്തിൽ കാണാവുന്നതാണ്.

### സർവ്വത്രിക വിദ്യാഭ്യാസം

സാമൂഹ്യ വിപ്ലവം യാഥാർത്ഥ്യമാകുന്നത് അക്ഷരവെളിച്ചം സിദ്ധിച്ച

മനസ്സുകളിലൂടെയാണെന്ന് വിശ്വസിച്ച പിതാവ്, നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അപാകങ്ങളും, പരിമിതികളും, മിഷണറിമാരുടെ ഇടപെടൽ സവർണ്ണരിലുണ്ടാക്കിയ അസ്വാരസ്യങ്ങളും ആഴത്തിൽ അപഗ്രഥിച്ചു. യൂറോപ്യൻ നാടുകളിലെ നവോത്ഥാനത്തിന്റെ പ്രേരകങ്ങളും, ഫ്രഞ്ചു വിപ്ലവത്തിന്റെ മാനവിക ദർശനവും, പാശ്ചാത്യപ്രബുദ്ധതയുമെല്ലാം വിദ്യാഭ്യാസത്തിന്റെ പരിണതഫലങ്ങളാണെന്ന യാഥാർത്ഥ്യം അദ്ദേഹം തിരിച്ചറിഞ്ഞു. ഇതിന്റെ ഫലമായി നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ പൊളിച്ചെഴുതുവാനും ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിത്തറ പാകുവാനും ആ പിതാവിനു കഴിഞ്ഞു. പരമ്പരാഗതമായ ആശാൻപള്ളിക്കൂടങ്ങൾക്കു പകരം ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പ്രാരംഭംകുറിച്ചുകൊണ്ട് സർവ്വത്രിക വിദ്യാഭ്യാസം യാഥാർഥ്യമാക്കി. വർഗ്ഗ-വർണ്ണ ഭേദമില്ലാതെ എല്ലാവർക്കും പഠനം നിർവ്വഹിക്കത്തക്കവിധത്തിൽ ആ പിതാവ് തിരുവിതാംകൂറിലും, കൊച്ചിയിലും ഇരുന്നൂറ്റിയമ്പതോളം സ്ക്കൂളുകൾ സ്ഥാപിച്ചു.[5]

സാമ്പത്തിക ഞെരുക്കങ്ങളുടേയും, വ്യവഹാരങ്ങളുടേയും, സഭയിലെ ആഭ്യന്തര പ്രശ്നങ്ങളുടേയും നീർചുഴിയിൽപ്പെട്ട് നട്ടം തിരിയുമ്പോഴാണ് സ്മര്യപിതാവ് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൂടെ വ്യാപൃതനായത് എന്ന യാഥാർത്ഥ്യം ഗ്രഹിക്കുമ്പോഴാണ് ആ പിതാവിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ മഹത്വം വെളിപ്പെടുന്നത്. ഡോ. ചന്ദനപ്പള്ളി എഴുതുന്നു: “വിദ്യാഭ്യാസമേഖലയായിരുന്നു മാർ ദീവന്നാസ്യോസിന്റെ മറ്റൊരു പ്രവർത്തന മേഖല. സാമ്പത്തികമായി വളരെയധികം ഞെരുക്കങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും സ്ക്കൂൾ സ്ഥാപനത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. മോതിരവും, അംശവടിയും കൂടെക്കൂടെ പണയം വെയ്ക്കുകയും, വീണ്ടെടുക്കുകയും ചെയ്തുകൊണ്ടാണ് സ്ക്കൂളുകൾ സ്ഥാപിച്ചത്. പണസമ്പാദനമല്ലായിരുന്നു, പ്രത്യുത ആശയസമ്പാദനവും, വിതരണവുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വിദ്യാസമ്പന്നതയിലൂടെ വിജ്ഞാനകുതുകികളും, വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നംകണ്ടു.”[6]

സമുദായത്തിന്റെ പരമപ്രധാനമായ ദൗത്യം വിദ്യയാർജിക്കലും, വിദ്യ വിതരണം ചെയ്യലുമാണെന്ന ദർശനത്തിന്റെ കർമ്മതലത്തിലുള്ള ആവിഷ്ക്കാരമായിരുന്നു ആ പിതാവിന്റെ നേതൃത്വത്തിൽ കൂടിയ എല്ലാ സഭാസമ്മേളനങ്ങളിലും നാം ദർശിക്കുന്നത്. പള്ളികൾ കേവലം ആരാധനാലയങ്ങൾ മാത്രമല്ലെന്നും, സമുദായത്തിനും, സമൂഹത്തിനും വിപ്ലവകരമായ പരിവർത്തനം ഉണ്ടാക്കുവാൻ നേതൃത്വം കൊടുക്കേണ്ട സംവിധാനങ്ങളാണെന്നും തിരിച്ചറിഞ്ഞ മാർ ദീവന്നാസിയോസ്, പള്ളികളോടനുബന്ധിച്ച് നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കുവാനുള്ള പ്രേരണ

നൽകുകയും പല വിദ്യാലയങ്ങളും താൻ തന്നെ നേതൃത്വം കൊടുത്ത് സ്ഥാപിക്കുകയുമുണ്ടായി.[7]

സ്മര്യ പിതാവിന്റെ നേതൃത്വത്തിൽ കൂടിയ പരുമല സമ്മേളനത്തിൽ സമർപ്പിക്കപ്പെട്ട നിർദേശങ്ങളിൽ ഇക്കാര്യം നിർദ്ദേശമായി സമർപ്പിക്കുന്നുണ്ട്. "കേടു ഭവിച്ചിട്ടുള്ള പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും, പുതിയ പള്ളികൾ പണിയിക്കുന്നതിനും, ഈ പള്ളികളിൽ പള്ളിക്കൂടം പണിയിക്കുന്നതിനും ഇടവകക്കാർക്ക് പ്രയാസമായി (സാമ്പത്തികം) വരുന്ന പക്ഷം പൊതുമുതലിൽനിന്ന് ആ വക പണികൾ നടത്തിക്കൊടുക്കുകയും......"[8] ഇടവകകളുടെ ഏകീകരണം നിർവ്വഹിക്കുന്നതിനും, പൊതു മുതൽ മറ്റ് ഇടവകകൾക്ക് കൂടി ലഭ്യമാക്കുന്നതിനും അതിലൂടെ കേന്ദ്രീകൃത ഭരണ സംവിധാനം ഏർപ്പെടുത്തുന്നുതിനും മാത്രമല്ല ഈ നിർദ്ദേശം. വിദ്യാഭ്യാസപുരോഗതിക്കായി പള്ളികളിൽ പള്ളിക്കൂടം സ്ഥാപിക്കുന്നതിനും, പൊതുമുതൽ സമൂഹത്തിന്റെ നന്മയ്ക്കുകൂടി ഉപയുക്തമാക്കണമെന്നുമുള്ള വിശാലചിന്ത ഇവിടെ പ്രദർശിപ്പിക്കുന്നുണ്ട്. 1876-ലെ മുളന്തുരുത്തി കാനോനകളിലും സ്മര്യ പിതാവിന്റെ പ്രത്യേക താല്പര്യപ്രകാരം ഇക്കാര്യം തീരുമാനങ്ങളായി ചേർത്തിട്ടുണ്ട്. അതിനർത്ഥം 1873-ലെ പരുമല സുന്നഹദോസിൽവെച്ചുതന്നെ മലങ്കരസഭയുടെ കേന്ദ്രീകൃത ജനായത്ത ഭരണസമ്പ്രദായവും, സമുദായത്തിനും, സമൂഹത്തിനും സാമൂഹ്യ നവോത്ഥാനം ഉണ്ടാകത്തക്ക ക്രമീകരണങ്ങളും, മലങ്കര അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി തുടങ്ങിയ സംവിധാനങ്ങളും മാർ ദീവന്നാസിയോസ് സുചിന്തിതമായി അവതരിപ്പിക്കുകയും അവയുടെ അംഗീകാരം നേടുകയും ചെയ്തീട്ടുണ്ടെന്നുള്ളതാണ്.

മുളന്തുരുത്തി കാനോനാകളിലെ 11-ാം നിശ്ചയത്തിൽ ഇങ്ങനെ രേഖപ്പെടുത്തി. "ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പഠിത്തവീടുകൾ പണിയിക്കുന്നതിനും പൈതങ്ങൾക്ക് അറിവുണ്ടാകത്തക്ക വസ്തുകൾ അച്ചടിക്കുന്നതിനും ഇംഗ്ലീഷ്, സുറിയാനി-മലയാളം ഈ മൂന്നു ഭാഷകൾ പഠിപ്പിക്കാൻ യോഗ്യന്മാരായ പരദേശക്കാരെയോ, നാട്ടുകാരെയോ വാധ്യന്മാരായി ഏർപ്പെടുത്തി പഠിത്തം നടത്തിക്കുന്നതിനും, .... കമ്മിറ്റിക്കാർ ചുമതലക്കാരായി ഇരിക്കണമെന്നും...."[9] ഇവിടെ മൂന്നു കാര്യങ്ങൾ സാമൂഹ്യ പരിവർത്തനത്തെ ലക്ഷ്യമാക്കി സൂചിപ്പിക്കുന്നുണ്ട്. 1. വിദ്യാഭ്യാസങ്ങൾ വർദ്ധിക്കുന്നതിന് സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനും. 2. പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനും, 3. ഇംഗ്ലീഷ്, സുറിയാനി-മലയാളം എന്നീ മൂന്നു ഭാഷകൾ പഠിപ്പിക്കാൻ യോഗ്യന്മാരായ പരദേശക്കാരെയോ, നാട്ടുകാരെയോ വാധ്യന്മാരായി ഏർപ്പെടുത്തി പഠിത്തം നടത്തിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ. 1873-ലെ പരുമല അസ്സോസിയേഷനിലും സ്മര്യ പിതാവ് ഇക്കാര്യങ്ങൾ

പ്രാവർത്തികമാക്കാനുള്ള പരിശ്രമങ്ങൾ നടത്തിയതായി രേഖപ്പെടുത്തുന്നുണ്ട്.

സ്കൂളുകൾ സ്ഥാപിക്കുന്നതു കൂടാതെ, പഠനം സിദ്ധിച്ചവർക്കാവശ്യമായ പുസ്തകങ്ങൾ മൂന്നു ഭാഷകളിലും അച്ചടിപ്പിക്കാനുള്ള ക്രമീകരണവും, ഇംഗ്ലീഷ്, സുറിയാനി-മലയാളം എന്നീ മൂന്നു ഭാഷകൾ പഠിപ്പിക്കത്തക്ക ക്രമീകരണം നിർവ്വഹിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ കാലത്തിനുമുമ്പേ സഞ്ചരിക്കുന്ന മഹാത്മാക്കളിൽ നിന്നു മാത്രം പ്രതീക്ഷിക്കാവുന്നതാണ്. പത്തൊമ്പതാംനൂറ്റാണ്ടിൽ വിദ്യാഭ്യാസത്തിനുള്ള താല്പര്യക്കുറവിന് ഒരു പ്രധാന കാരണം അക്ഷരാഭ്യാസത്തിന്റെ പ്രയോജനം പ്രാവർത്തികമാക്കാനുള്ള സാദ്ധ്യതകളുടെ അഭാവമായിരുന്നു. വിദ്യ അഭ്യസിച്ചവർക്ക് വായിക്കുവാൻ അക്കാലത്ത് പുസ്തകങ്ങൾ ലഭ്യമായിരുന്നില്ല. വിദ്യാഭ്യാസത്തിലൂടെ വായിക്കുവാനുള്ള കഴിവും, അതിലൂടെ വിജ്ഞാന സമ്പാദനവും എന്ന ലക്ഷ്യം മുൻനിർത്തി മാർ ദീവന്നാസിയോസ് നിരവധി പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.

കേരള സമൂഹത്തിന്റെ സാംസ്ക്കാരിക നവോത്ഥാനം യാഥാർത്ഥ്യമാകണമെങ്കിൽ സാർവ്വത്രിക വിദ്യാഭ്യാസം അനിവാര്യമാണെന്ന ചിന്ത സ്മര്യ പിതാവിൽ ആദ്യകാലം മുതലെ ഉണ്ടായിരുന്നു. കേവലം 20-ാം വയസ്സിൽ വൈദികനായി ഉയർത്തപ്പെട്ട മാർ ദീവന്നാസിയോസ് തന്റെ ചുമതലയിൽ ആദ്യ ഇടവകയായ പഴഞ്ഞി പള്ളി ഇടവകയിൽ "പഴഞ്ഞി, കാഞ്ഞിരമുക്ക്, കാട്ടകാമ്പാൽ, മങ്ങാട്, കരിക്കാട് എന്നിവിടങ്ങളിലായി ആറ് സ്ക്കൂളുകൾ സ്ഥാപിച്ചു."[10] മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ മാർ ദീവന്നാസിയോസ് അന്ന് മലങ്കരയിലുണ്ടായിരുന്ന ഇരുന്നൂറോളം ദേവാലയങ്ങളുടെ സാരഥിയായി ഉയർത്തപ്പെട്ടപ്പോൾ ഓരോ ദേവാലയങ്ങളോടും ചെന്ന് ഓരോ പള്ളിക്കൂടങ്ങൾ എന്ന ആശയം സഫലമാക്കി. സ്മര്യ പിതാവിന്റെ കഠിനപ്രയത്നത്തിന്റെ ഫലമായി ഇരുന്നൂറ്റിയമ്പതോളം സ്ക്കൂളുകൾ സ്ഥാപിച്ചതായി അദ്ദേഹത്തിന്റെ സമകാലികനായ ചീരൻ വർഗീസ് സാക്ഷിക്കുന്നുണ്ട്. അദ്ദേഹം ഇക്കാര്യം വിവരിക്കുന്നത് ഇങ്ങനെയാണ്. "1890 മുതൽക്ക് അദ്ദേഹം ഭരണകാര്യം കൈയ്യേറ്റു. പള്ളികളുടെ എണ്ണം 175 ൽ നിന്ന് 282 ആയി ഉയർന്നു. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിൽ 3 ഹൈസ്ക്കൂൾ, 8 മിഡിൽ സ്ക്കൂൾ നിരവധി ഇംഗ്ലീഷ് പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങിയവ ഉണ്ടായി. 250 ൽ കുറയാത്ത മലയാളം സ്ക്കൂളുകളും അദ്ദേഹം സ്ഥാപിച്ചു."[11] ഗീവർഗീസ് പ്രഥമൻ ബാവായുടെ സഭാപഞ്ചാംഗത്തിലും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം വിദ്യാലയങ്ങളോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും മാർ ദീവന്നാസ്യോസ് ദീർഘ വിക്ഷണ

ത്തോടെ ശ്രമങ്ങൾ ആരംഭിച്ചതായി മനസ്സിലാക്കാം. വിദ്യാലയങ്ങൾ ഇന്നത്തേതുപോലെ ധനസമ്പാദനമാർഗ്ഗങ്ങളാല്ലായിരുന്ന കാലത്ത് നിരവധി ത്യാഗങ്ങൾ സഹിച്ച്, വിദേശ സഹായമില്ലാതെ സ്വന്തം നാട്ടിലെ വിഭവങ്ങളെ മാത്രം സ്വീകരിച്ച് സ്മര്യപിതാവ് ആരംഭിച്ച വിദ്യാലയങ്ങളിൽ നിന്ന് വിദ്യനേടിയവരാണ് പില്ക്കാലത്ത് കേരള നവോത്ഥാനപരിശ്രമങ്ങളുടെ മൂൻനിര പടയാളികളായത്.

താൻ സ്ഥാപിച്ച ഇരുന്നൂറ്റിഅമ്പതിലേറെ വിദ്യാലയങ്ങളിൽ അവർണ്ണർക്കും പ്രവേശനാനുമതി നൽകിക്കൊണ്ടാണ് അദ്ദേഹം സാമൂഹ്യപരിവർത്തനശ്രമങ്ങൾ ആരംഭിച്ചത്. "പുലയന് ആത്മാവുണ്ടോ" എന്ന് പോലും ചോദിക്കത്തക്കവിധം കുലീനതയുടെ അഹന്തയിൽ ക്രിസ്തീയത മരവിച്ചുപോയ ഒരു സമുദായത്തെ തൊട്ടുണർത്തുവാൻ ഈ യത്നം സഹായിച്ചു. "കുഷ്ഠരോഗികളെപ്പോലെ സമൂഹം അകറ്റി നിർത്തിയിരുന്ന അവർണ്ണസമുദായത്തിലെ മനുഷ്യരെ "എനിക്കു മനസ്സുണ്ട്, നീ ശുദ്ധനാകുക" എന്ന് കൽപിച്ച യേശുവിന്റെ സാന്നിധ്യത്തെ അനുസ്മരിപ്പിക്കുമാറ് അദ്ദേഹം സ്നേഹിക്കുകയും സമൂഹഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കുവാൻ ഉദ്യമിക്കുകയും ചെയ്തു."[12]

പ്രാഥമിക വിദ്യാലയങ്ങൾ കൂടാതെ കോട്ടയം, തിരുവല്ല, കുന്നംകുളം എന്നിവിടങ്ങളിൽ ആ പിതാവ് സെക്കണ്ടറി വിദ്യാലയങ്ങൾ സ്ഥാപിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വഴിതെളിയിച്ചു. കുന്നംകുളത്തു സ്ഥാപിതമായ സ്കൂളിനെപ്പറ്റി " ജാതിമതഭേദമെന്യേ അനവധി കുട്ടികളെ ഫീസ് ഒഴിവ് ചെയ്ത് പഠിപ്പിച്ചിരുന്ന ഒരു പ്രശസ്ത വിദ്യാലയമായിരുന്നു അത്"[13] എന്ന് ആർത്താറ്റ് പള്ളിച്ചരിത്രത്തിൽ രേഖപ്പെടുത്തുന്നുണ്ട്. മാർ യൗസേബിയോസ് പിതാവ് സ്മര്യപുരുഷനെപ്പറ്റി ഇങ്ങനെ എഴുതി. "സഭയിലെ ഒന്നാമത്തെ വിദ്യാഭ്യാസ സ്ഥാപനമായ എം.ഡി. സെമിനാരി സ്ക്കൂൾ സ്ഥാപിച്ചത് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത ആണ്. മലങ്കര സഭയിലെ വിദ്യാഭ്യാസമിഷന്റെ തുടക്കം അവിടെയാണ് എന്ന് പറയാം. ക്രാന്തദർശിയായ മാർ ദീവന്നാസിയോസിനോട് സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു."[14]

സമുദായവും, പള്ളികളും ഒരു സംവിധാനത്തിന്റെ കീഴിൽ സംഘടിപ്പിക്കണമെന്നും ആ സംഘടനയുടെ പ്രധാനലക്ഷ്യം പൊതുവിഭവങ്ങളുടെ സമാഹരണത്തിലൂടെയും നീതിപൂർവ്വമായ വിതരണത്തിലൂടെയും നാടിന്റെ സാമൂഹ്യപരിവർത്തനം യാഥാർത്ഥ്യമാക്കുക എന്നതാണെന്നും, അതിന് ആഭ്യന്തര പ്രശ്നങ്ങൾ തടസ്സമല്ലെന്നും, ആകാൻ പാടില്ലെന്നും ജീവിതാനുഭവങ്ങളിലൂടെ സ്മര്യപിതാവ് മാതൃക കാണിച്ചുതന്നു.

**മതബോധനം**

കേരള നവോത്ഥാനത്തിന്റെ അമരക്കാരാകുവാൻ നിയോഗം ലഭിക്കുന്നവർ സുസജ്ജരാകണമെന്ന ചിന്തയിൽ നിന്നായിരിക്കാം ആ പിതാവ് വൈദിക സെമിനാരിയെ ആധുനിക വിജ്ഞാനത്തിന്റെ പുത്തൻ മേഖലകളിലേക്ക് നയിച്ചത്. ഇടവകകൾ തോറും പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് സാമൂഹ്യ-സാംസ്ക്കാരിക രംഗത്ത് നേതൃത്വം നൽകേണ്ടവർ വൈദികരാണെന്നും അവർക്കാവശ്യമായ സഹകരണം നൽകേണ്ടവർ അവൈദിക നേതൃത്വമാണെന്നുമുള്ള കാഴ്ചപ്പാടിൽനിന്ന്, മതബോധന രംഗത്ത് വൈദികരെ നേതൃപരിശീലനത്തിലൂടെ സാമൂഹ്യ പരിഷ്കർത്താക്കളാക്കി മാററുക; മതബോധനത്തിലൂടെ അവൈദിക നേതൃത്വത്തെ സുസജ്ജരാക്കുക; എന്നീ രണ്ട് സുപ്രധാന കാര്യങ്ങളാണ് ആ പിതാവ് സംവിധാനം ചെയ്തത്.

മേല്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി മാർ ദീവന്നാസിയോസ് മലങ്കരയിൽ 4 സെമിനാരികൾ സ്ഥാപിച്ചു. ജീവചരിത്രകാരൻ ഫാ. ചീരൻ വിവരിക്കുന്നു. "തന്റെ പൂർവ്വികൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് ജോസഫ് പ്രഥമൻ കോട്ടയത്ത് സ്ഥാപിച്ച പഴയസെമിനാരി ക്രമേണ നവീകരണക്കാരുടെ കൈവശത്തിൽ വന്നപ്പോൾ അദ്ദേഹം അതിനോട് പ്രതികരിച്ചത് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നാലു സെമിനാരികൾ സ്ഥാപിച്ചുകൊണ്ടാണ്. കുന്നംകുളം ആർത്താറ്റ് പള്ളിയിൽ സെഹിയോൻ ബംഗ്ലാവ് പണികഴിപ്പിച്ച് അവിടെ വൈദിക വിദ്യാഭ്യാസത്തിന് വേദിയൊരുക്കി. കോട്ടയം മാർ ദീവന്നാസിയോസ് സെമിനാരിയിലും, പരുമല സെമിനാരിയിലും, മാവേലിക്കര തഴക്കര സെമിനാരിയിലും വൈദിക വിദ്യാഭ്യാസത്തിന് വേദിയൊരുക്കിയതോടെ സുറിയാനി സഭ ഒരു സാമൂഹ്യ മാറ്റത്തിന്റെ പ്രചാരകരാകാനുള്ള പരിശീലനത്തിൽ പങ്കു ചേരുകയായിരുന്നു."[15]

സാമൂഹ്യ വിപ്ലവത്തിന്റെ നേതാക്കളാകേണ്ടവർ സ്വന്തം നാടിന്റെ അടിവേരുകൾ അറിയണമെന്ന ആഗ്രഹത്തോടെ തമിഴ്, സംസ്കൃതം, മലയാളം എന്നീ ഭാഷകളും, വേദപഠനത്തിൽ അവഗാഹം നേടുന്നതിന് ക്ലാസിക്ക് ഭാഷയായ ഗ്രീക്കും, നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങളെ വിലയിരുത്തുവാൻ പ്രാപ്തരാകേണ്ടതിന് ഇംഗ്ലീഷും; ഇങ്ങിനെ അഞ്ചു ഭാഷകൾ അഭ്യസിക്കാവുന്ന വിധത്തിലാണ് വൈദിക വിദ്യാഭ്യാസം ക്രമീകരിച്ചത്.[16]

അവൈദികർ സഭാകാര്യങ്ങളിലും സാമൂഹ്യകാര്യങ്ങളിലും ഇടപ്പെട്ട് നേതൃത്വം നൽകുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിന് ഒരു കേന്ദ്രീകൃത മതബോധന സംവിധാനം മലങ്കരയിൽ ആവിഷ്ക്കരിച്ചു.

ഇന്നത്തെ സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ ആവിർഭാവം അവിടെ നിന്നായിരുന്നു. സൂര്യവാര പാഠശാലകൾ എന്നും രവിവാര പാഠശാല കൾ എന്നും അറിയപ്പെട്ടിരുന്ന പ്രസ്തുത മതബോധന പാഠശാലകൾ മറ്റു മതങ്ങളേയും സ്വാധീനിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. ശരി യായ മതബോധനത്തിലൂടെ മാത്രമെ മതസൗഹാർദ്ദത്തിലടിസ്ഥാനപ്പെ ടുത്തിയ സെക്കുലറിസം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ എന്നും സ്വമതത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളുവാൻ കഴിയുന്ന ഒരു സമൂഹ ത്തിന് മാത്രമെ മറ്റുമതങ്ങളെ ആദരിക്കാൻ കഴിയൂ എന്നും ഇന്ന് ഏവരും അംഗീകരിക്കുമെങ്കിലും ഒരു നൂറ്റാണ്ടുമുമ്പ് ഇക്കാര്യം ദീർഘവീക്ഷണ ത്തോടെ സംവിധാനം ചെയ്യുന്നതിന് സ്മര്യപിതാവിന് കഴിഞ്ഞു എന്ന താണ് ആ വ്യക്തിത്വത്തിന്റെ മാഹാത്മ്യം.

## മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ: കേരള ത്തിലെ ഒന്നാമത്തെ സമുദായ സംഘടന

സമുദായവും, പള്ളികളും ഒരു സംവിധാനത്തിന്റെ കീഴിൽ സംഘടി പ്പിക്കണമെന്നും ആ സംഘടനയുടെ പ്രധാനലക്ഷ്യം പൊതുവിഭവങ്ങ ളുടെ സമാഹരണത്തിലൂടെയും നീതിപൂർവ്വമായ വിതരണത്തിലൂടെയും നാടിന്റെ സാമൂഹ്യപരിവർത്തനം യാഥാർത്ഥ്യമാക്കുക എന്നതാണെന്നും, അതിന് ആഭ്യന്തര പ്രശ്നങ്ങൾ തടസ്സമല്ലെന്നും, ആകാൻ പാടില്ലെന്നും സ്വജീവിതാനുഭവങ്ങളിലൂടെ സ്മര്യപിതാവ് മാതൃക കാണിച്ചുതന്നു.ഒരു നാടിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകുവാൻ സമുദായത്തിന്റെ ചിതറിക്കിടക്കുന്ന ശക്തി ഏകീകരിക്കപ്പെടണമെന്ന അഭിപ്രായം ആകർഷകമായി അദ്ദേഹം ഒരോ ഇടവകയുടെയും മുമ്പിൽ അവതരി പ്പിച്ചു. "ഒരു മെത്രാപ്പോലീത്തായുടെ നേതൃത്വവും സേവനവും ഫലപ്ര ദമായി സമുദായത്തിന് ലഭിക്കുവാൻ ഈ ഒരു ഫെഡറൽ സംവിധാനം അനിവാര്യമെന്ന് അദ്ദേഹം ഇടവകകളെ ബോധ്യപ്പെടുത്തി. അദ്ദേഹ ത്തിന് മുമ്പിൽ പൂർവ്വമാതൃകകൾ ഇല്ലായിരുന്നു. ..........തന്റെ ഭാവന കൾ പൂർണ്ണമായി സ്മര്യപുരുഷൻ 1873ലെ പരുമല സമ്മേളനത്തിൽ വെളിപ്പെടുത്തി."[17] ഇടവകകൾ ഒരേ സമയം സ്വതന്ത്ര യൂണിറ്റുകളും അതേ സമയം പൊതുസമുദായത്തിന്റെ ശാഖകളുമെന്ന നിലയിൽ ഒരു ഫെഡറൽ സംവിധാനമാണ് അദ്ദേഹം അവതരിപ്പിച്ച നിർദ്ദേശത്തിന്റെ കാതൽ. ക്രിയാത്മകവും അപൂർവ്വവുമായ ഈ നിർദ്ദേശം പരുമല സമ്മേ ളനം ഏകകണ്ഠമായി അംഗീകരിച്ചു. അങ്ങനെയാണ് മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും മലങ്കര മാനേജിംഗ് കമ്മിറ്റിയും രൂപ വത്ക്കരിക്കപ്പെട്ടത്.

സമുദായത്തെ ആകമാനം പ്രതിനിധാനം ചെയ്യുന്ന ഈ സംഘടന,

ഇടവകകളുടെ ശക്തിയെ സമാഹരിക്കുവാനും ശക്തി കുറഞ്ഞ ഇടവകകളെ സഹായിക്കുവാനും സമുദായത്തിന്റെ സംഘടിതശക്തിയായി മെത്രാപ്പോലീത്താ വളർത്തിയെടുത്തു. മറ്റൊരു സമുദായ സംഘടന കേരളത്തിലുണ്ടാകുന്നത് 29 കൊല്ലത്തിന് ശേഷം 1902–ലാണ്; ശ്രീനാരായണ ധർമ്മപരിപാലനയോഗം. "വിദ്യകൊണ്ട് വിജ്ഞരാകുക, സംഘടിച്ച് ശക്തരാകുക തുടങ്ങിയ മുദ്രാവാക്യങ്ങൾ നാരായണഗുരു ആവിഷ്കരിച്ചത് തന്റെ തൊട്ട് മുമ്പുള്ള തലമുറയിൽ സുറിയാനി ക്രിസ്ത്യാനികളുടെ മേലധ്യക്ഷൻ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അസോസ്യേഷൻ രൂപീകരണത്തെയും നിരീക്ഷിച്ചതിൽ നിന്ന് പ്രചോദനം ആർജ്ജിച്ചിട്ടാണ്."[18]

## മഹാജനസഭ

കേരളത്തിന്റെ നവോത്ഥാനവും സാമൂഹ്യപുരോഗതിയും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഒരു തലമുറയുടെ കൈകളിലാണ് എന്ന് മനസ്സിലാക്കിയ മെത്രാപ്പോലീത്താ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സമുദായാംഗങ്ങളെ "മഹാജനസഭ" എന്ന പേരിൽ സംഘടിപ്പിച്ചു. ഇ. എം. ഫിലിപ്പ് ആ സമിതിയുടെ രൂപവത്ക്കരണത്തെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: "ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്ത സുറിയാനിക്കാരുടെ ഒരു യോഗം 1072 മേടത്തിൽ (1897) എം. ഡി. സിമ്മനാരിയിൽ കൂടി സാമൂഹ്യപരിഷ്ക്കാരത്തെ ഉദ്ദേശിച്ച് ചില പ്രസംഗങ്ങൾ നടത്തുകയും പ്രതിവർഷം ഒരു സമ്മേളനം നടത്താമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഒന്നുരണ്ടു വർഷം കഴിഞ്ഞപ്പോൾ..... ഇംഗ്ലീഷ് പഠിക്കാത്തവവർക്കും ചേരാമെന്ന് നിശ്ചയിച്ചു അതുമുതൽ സമ്മേളനം ആണ്ടുതോറും പുഷ്ടി പ്രാപിച്ചുവന്നു."[19] മഹാജനസഭയിലൂടെ നേതൃനിരയിലേയ്ക്ക് വന്നവർ പില്ക്കാലത്ത് കേരളനവോത്ഥാന പരിശ്രമങ്ങളുടെ മുൻനിര പടയാളികളായത് സ്വാഭാവികം.

## പ്രിന്റിംഗ്

ആശയസംവേദനം വാമൊഴിയായി നിലനിന്നിരുന്ന ഒരു സമൂഹത്തിൽ കൈയ്യെഴുത്തു ഗ്രന്ഥങ്ങളായിട്ടായിരുന്നു പല പുസ്തകങ്ങളും പ്രചാരത്തിലിരുന്നത്. കൈയ്യെഴുത്തു ഗ്രന്ഥങ്ങൾ അമൂല്യവും അംഗുലീപരിമിതവുമായിരുന്നതിനാൽ പലതും സാധാരണക്കാർക്ക് അപ്രാപ്യവുമായിരുന്നു. യൂറോപ്പിൽ അച്ചടിയുടെ ആവിർഭാവം സാമൂഹ്യപരിവർത്തനത്തിന് വഴിതെളിയിച്ചത് ഒരു യാഥാർത്ഥ്യമായി നില്ക്കുമ്പോൾ പ്രസ്തുത പരീക്ഷണം ഭാരതത്തിൽ സന്നിവേശിപ്പിക്കുവാൻ തീവ്രയത്നം ചെയ്ത യുഗപുരുഷനായിരുന്നു മാർ ദീവന്നാസിയോസ്. സ്ക്കൂളുകളുടെ സ്ഥാപനത്തിലൂടെ വായനയഭ്യസിച്ച തലമുറയ്ക്ക് വായിച്ചു

മനസ്സിലാക്കുന്നതിനും, അറിവുനേടുന്നതിനും, അവരെ ആഗോളതല ത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ബോധവാന്മാരാക്കു ന്നതിനും, അതുമൂലം കേരള സമൂഹത്തിൽ കാലികമായ മാറ്റങ്ങൾ ഉണ്ടാ ക്കുന്നതിന് സജ്ജരാക്കുന്നതിനും, അങ്ങിനെ സാമൂഹ്യ വിപ്ലവം യാഥാർത്ഥ്യമാക്കുന്നതിനും ആ പിതാവിന്റെ ഈദൃശ പ്രവർത്തനങ്ങൾ മുഖാന്തിരമായിട്ടുണ്ടെന്ന് കാണാവുന്നതാണ്.

സ്മര്യപിതാവ് ശെമ്മാശനായിരിക്കുമ്പോൾ 1850-ൽ കുന്നംകുളത്ത് ജോസഫ് കത്തനാർ പ്രസ്സ് എന്ന പേരിൽ ഒരച്ചുകൂടം സ്ഥാപിച്ചു.[20] അവി ടെനിന്ന് സുറിയാനി ഭാഷയിൽ അച്ചടിച്ച തക്സ അക്കാലത്ത് സഭയിൽ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നു. ഇന്ത്യയിൽ ആദ്യമായി സുറി യാനി അച്ചടി നിർവ്വഹിച്ചത് കുന്നംകുളത്തെ ഈ പ്രസിൽ നിന്നായിരു ന്നു. അവിടെ നിന്നച്ചടിച്ച തക്സയിൽ വി. കുർബ്ബാനക്രമത്തിനു പുറമെ വിവാഹം, മാമ്മോദീസ തുടങ്ങിയവയുടെ ക്രമങ്ങളും ഉൾപ്പെടുത്തിയി രുന്നു. മലങ്കരസഭയുടെ ആരാധനാക്രമങ്ങളിൽ ഇന്നു കാണുന്ന പ്രത്യേ കതകൾ കൂട്ടിച്ചേർത്ത പ. പത്രോസ് ത്രിതീയൻ (നാലാമൻ?) പാത്രി യർക്കീസ് ബാവായ്ക്ക് മുമ്പുള്ള ആരാധനാക്രമമെന്ന നിലയിൽ ഈ തക്സ പ്രത്യേകം പഠനം അർഹിക്കുന്നുണ്ട്.

1870-ൽ കൊച്ചികോട്ടയിൽ സെന്റ് തോമസ് അച്ചുകൂടം സ്ഥാപിച്ച് മലയാളം, സുറിയാനി, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിൽ അച്ചടി നിർവ്വ ഹിച്ചതും മാർ ദീവന്നാസിയോസിന്റെ നേതൃത്വത്തിലായിരുന്നു. ഇക്കാ ര്യത്തെപ്പറ്റി കണ്ടനാട് ഗ്രന്ഥവരി പ്രസ്ഥാവിക്കുന്നത് നോക്കുക.

“മലയാളത്തിലും, സുറിയാനിയിലും ദുർലഭമായി ഇംഗ്ലീഷിലും അച്ചടി വേലകൾ ചെയ്തുവരുന്നതു കൂടാതെ, പരജനങ്ങൾക്കു വിദ്യയും നാഗ രികവും അഭിവൃദ്ധിയായി വരുവാൻവേണ്ടി കേരള പതാക എന്ന് നാമ ധേയമായി ഒരു വർത്തമാന പത്രിക കൊല്ലം 1048 മാണ്ട് ചിങ്ങമാസം 1-ാം തിയ്യതി മുതൽ മാസത്തിൽ രണ്ടുതവണയായി പ്രസിദ്ധം ചെയ്തു വരുന്നു.”[21]

1873-ലെ പരുമല സമ്മേളനത്തിൽ പ്രസ്ഥാവിക്കുന്നത് കേൾക്കുക: “ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പഠിത്തവീടുകൾ പണിയിക്കുന്നതിനും പൈതങ്ങൾക്ക് അറിവുണ്ടാക ത്തക്ക വസ്തുതകൾ അച്ചടിക്കുന്നതിനും ഇംഗ്ലീഷ്, സുറിയാനി, മല യാളം ഈ മൂന്നു ഭാഷകൾ പഠിപ്പിക്കാൻ യോഗ്യന്മാരായ പരദേശക്കാ രെയോ, നാട്ടുകാരെയോ വാധ്യന്മാരായി ഏർപ്പെടുത്തി പഠിത്തം നടത്തി ക്കുന്നതിനും, .... കമ്മറ്റിക്കാർ ചുമതലക്കാരായി ഇരിക്കണമെന്നും......”[22] എന്നിങ്ങനെ സ്ക്കൂൾ സ്ഥാപനവും, പഠനം സിദ്ധിച്ചവർക്കാവശ്യമായ

പുസ്തകങ്ങൾ അച്ചടിപ്പിക്കാനുള്ള ക്രമീകരണവും, മൂന്നു ഭാഷകളും പഠിപ്പിക്കാൻ യോഗ്യന്മാരായ അദ്ധ്യാപകരെ നിയമിക്കണമെന്ന നിർദ്ദേശവും കാലത്തിനുമുമ്പേ സഞ്ചരിക്കുന്ന മഹാത്മാക്കളിൽ നിന്നു മാത്രം പ്രതീക്ഷിക്കാവുന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ വിദ്യാഭ്യാസത്തിനുള്ള താല്പര്യം കുറയുന്നതിന് ഒരു പ്രധാന കാരണം അക്ഷരാഭ്യാസത്തിന്റെ പ്രയോജനം പ്രാവർത്തികമാക്കാനുള്ള സാദ്ധ്യതകളുടെ അഭാവമായിരുന്നു. വിദ്യ അഭ്യസിച്ചവർക്ക് വായിക്കുവാൻ അക്കാലത്ത് വേണ്ടത്ര പുസ്തകങ്ങൾ ലഭ്യമായിരുന്നില്ല. വിദ്യാഭ്യാസത്തിലൂടെ വായിക്കുവാനുള്ള കഴിവും, അതിലൂടെ വിജ്ഞാന സമ്പാദനവും എന്ന ലക്ഷ്യം മുൻനിർത്തി മാർ ദീവന്നാസിയോസ് നിരവധി പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി.

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിരളമായിരുന്ന അക്കാലത്ത് സ്മര്യപിതാവ് മൂന്നു മാസികകളെങ്കിലും വിജയകരമായി നടത്തി വന്നിരുന്നു എന്നതാണ് യാഥാർത്ഥ്യം. കൂടാതെ ഇന്ന് ഭാരതത്തിലെ ഭാഷാപത്രങ്ങളിൽ ഒന്നാം സ്ഥാനം അലങ്കരിക്കുന്ന മലയാള മനോരമയുടെ ആവിർഭാവത്തിന് വഴിതെളിയിച്ചതും സ്മര്യപുരുഷന്റെ ദീർഘവീക്ഷണമായിരുന്നു.[23]

മതവിഷയമായ ഗ്രന്ഥങ്ങളും, പൊതുജനങ്ങൾക്ക് സാംസ്ക്കാരികാഭിവൃദ്ധിക്കായി ആനുകാലികങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചതു കൂടാതെ 'ഇടവകപത്രിക' എന്ന പേരിൽ ഒരു മലയാളം മാസികയും 'സുറിയാനി സുവിശേഷകൻ' എന്ന പേരിൽ ഒരു മാസികയും, 'കേരള പതാക' എന്ന പേരിൽ മറ്റൊരു ആനുകാലികവും മാർ ദീവന്നാസിയോസ് പ്രസിദ്ധീകരിച്ചിരുന്നു. മലങ്കരയിൽ ഇടവകകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും, സഭാംഗങ്ങളെ പ്രബുദ്ധരാക്കുന്നതിനും, ഭരണപരമായി ഒന്നിപ്പിക്കുന്നതിനും ഈ പത്രിക ചെലുത്തിയ സ്വാധീനം ചെറുതല്ല. കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനത്തിന് ഇടവകപത്രിക വഹിച്ച പങ്ക് ശ്ലാഘനീയമായിരുന്നു.

കേരളത്തിൽ അച്ചടി പ്രചുരപ്രചാരം സിദ്ധിക്കുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ മാർ ദീവന്നാസിയോസ് മലങ്കരയിൽ അച്ചടിയിലൂടെ സഭാമക്കളെ ബോധവൽക്കരിക്കുന്നതിനും അതിലൂടെ ഒരു തലമുറയെ പ്രബുദ്ധരാക്കുന്നതിനും പരിശ്രമിച്ചു. ആരാധനാക്രമങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് ആരാധന അർത്ഥപൂർണ്ണമാക്കുന്നതിന് മാർ ദീവന്നാസിയോസ് ചെയ്ത പരിശ്രമം സമാനതകളില്ലാത്തതാണ്. ദിനംതോറുമുള്ള യാമപ്രാർത്ഥനകൾ കുമ്പസാരക്രമം, പീഢാനുഭവ വാരത്തിലെ

പ്രാർത്ഥനകൾ തുടങ്ങിയവ മലയാള ഗദ്യത്തിലേക്ക് വിവർത്തനം ചെയ്ത് അച്ചടിപ്പിച്ചതിലൂടെ ആ പിതാവ് മലങ്കരയുടെ ആരാധന ജീവസുറ്റതാക്കി തീർത്തു. 'ഒരു പരദേശയാത്രയുടെ കഥ' എന്ന പേരിൽ ആ പിതാവ് രചിച്ച മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണഗ്രന്ഥവും,[24] ആരാധന മലയാള ഗദ്യത്തിലേക്ക് വിവർത്തനം ചെയ്തതും മലയാള ഗദ്യ ഭാഷയുടെ വികാസത്തിന് കാരണമായി എന്നത് പ്രത്യേകം പരിഗണനാർഹമാണ്.

"കേരളപതാക നവോത്ഥാന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങളും വാർത്തകളും പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. ഉല്പതിഷ്ണുക്കളായ എഴുത്തുകാരുടെ രചനകൾ അതിലൂടെ വെളിച്ചം കണ്ടു നവോത്ഥാനത്തിന്റെ വൈദേശിക മാതൃകകളേയും ഇതര സംരംഭങ്ങളേയും കേരളപതാക മലയാളിക്ക് പരിചയപ്പെടുത്തി."[25] ഇങ്ങനെ ഒരു നാടിന്റെ സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം നൽകുവാനും, പ്രസ്തുത പരിശ്രമങ്ങളെ സമന്വയിപ്പിക്കുവാനും ഇതിലൂടെ വേദിയൊരുക്കി.

'ഇടവകപത്രിക' സഭയ്ക്കുള്ളിൽ പരിവർത്തനത്തിന്റെ കാലാനുസൃത മാകൃകകളെ അവതരിപ്പിച്ചു. പ്രഗത്ഭരായ അവൈദികരെ എഴുത്തിന്റെ ലോകത്തേക്ക് ആനയിച്ചത് ഈ പത്രികയായിരുന്നു. കണ്ടത്തിൽ വറുഗീസ് മാപ്പിള, എം. പി. വർക്കി, കൊട്ടാരത്തിൽ ശങ്കുണ്ണി, ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ വലിയ ഫിലിപ്പോസച്ചൻ, ഇടവഴിക്കൽ ഫിലിപ്പോസ് കോറെപ്പിസ്കോപ്പ, പനയ്ക്കൽ യാക്കോബ് കത്തനാർ, കുരിയൻ റൈട്ടർ തുടങ്ങിയ എഴുത്തുകാരെ വളർത്തിയെടുക്കുന്നതിൽ ഇടവകപത്രികക്ക് വലിയ പങ്കുവഹിക്കുവാൻ കഴിഞ്ഞു. കോനാട്ട് മാത്തൻ മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ, പരുമല തിരുമേനി തുടങ്ങിയ മല്പാൻമാരെ മലങ്കരയിൽ പരിചയപ്പെടുത്തിയതും ഇടവകപത്രികയാണെന്ന ഫാ. ചീരന്റെ നിരീക്ഷണം അർത്ഥപൂർണ്ണമാണ്.[26]

മഹത്തായ സാമൂഹ്യവിപ്ലവത്തിന് ദിശാബോധം നൽകുന്നതിനും, മുന്നണിപ്പോരാളികളെ സജ്ജമാക്കുന്നതിനും ഈ ആനുകാലികങ്ങൾ വഹിച്ച പങ്ക് വലുതായിരുന്നു.

പൗരസ്വാതന്ത്ര്യത്തിനുവേണ്ടി ആദ്യം ശബ്ദമുയർത്തിയ 1891-ലെ "മലയാളി മെമ്മോറിയലിന്റെ" അണിയറ ശിൽപികളിലൊരാളും,[27] മലയാള മനോരമ, ഭാഷാപോഷിണി എന്നീ പത്ര മാധ്യമങ്ങളുടെ പ്രേരകവും,[28] മഹാനായ മാർ ദീവന്നാസ്യോസ് മലങ്കരമെത്രാപ്പോലീത്തയായിരുന്നു എന്നറിയുമ്പോൾ ആ പിതാവിന്റെ ദർശനവ്യാപ്തി ആരെയാണ് അത്ഭുതപ്പെടുത്താതിരിയ്ക്കുക. ഈഴവ സമുദായവും,

അവർണ്ണസമൂഹവും, നായർ സമുദായവും, നമ്പൂതിരി സമൂദായവും, ഏറ്റവും ഒടുവിൽ മുസ്ലീം സമുദായവും നവോത്ഥാന ശ്രമങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിച്ചത് മലങ്കരസഭയുടെ ഈ സാംസ്ക്കാരിക ദർശനങ്ങളുടെ സ്വാധീന ഫലമായിട്ടായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. ജാതീയത, അയിത്തം, സ്ത്രീകളോടുള്ള അവഗണന, മരുമക്കത്തായം, കൂട്ടുകുടുംബം, ബഹുഭാര്യത്വം, ബഹുഭർത്തൃത്വം, വിഗ്രഹാരാധന തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങളിൽ തിരുവചനാടിസ്ഥാനത്തിലുള്ള ദർശനാവിഷ്ക്കാരങ്ങൾ കേരളത്തിൽ സാമൂഹ്യ വിപ്ലവത്തിന് കളമൊരുക്കി.

## ഉപസംഹാരം

കേരളത്തിലെ നവോത്ഥാന നായകരെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീനാരായണ ഗുരു, അയ്യങ്കാളി, കേളപ്പൻ, മന്നത്ത് പത്മനാഭൻ, വക്കം മൗലവി തുടങ്ങിയവരുടെ കാലഘട്ടത്തിന് അര നൂറ്റാണ്ടുമുമ്പ് പ്രവർത്തനനിരതനായ ആ മഹാത്മാവിന്റെ ചരമ ശതാബ്ദിയാഘോഷിയ്ക്കുമ്പോൾ, ആ പിതാവ് മലങ്കര സഭയ്ക്കും, കേരള സാംസ്കാരികചരിത്രത്തിനും നൽകിയ സംഭാവനകൾ കേരളം മുഴുവനും ചർച്ചചെയ്യപ്പെടാവുന്ന രീതിയിൽ സംവിധാനം ചെയ്യുവാൻ മലങ്കര സഭാനേതൃത്വത്തിന് ബാധ്യതയുണ്ട്. “മുളന്തുരുത്തി സുന്നഹദോസിന്റെ മഹാശില്പിയും ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്കു നമസ്ക്കരിക്കാം....”[29] “ഈ വിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്കു ഇതേവരെ ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല.”[30]

കാർമേഘപടലങ്ങൾ സൂര്യബിംബത്തെ ക്ഷണികമായി മറച്ചെന്നു വരാം. എന്നാൽ കാർമേഘപടലങ്ങൾ നീങ്ങുമ്പോൾ സൂര്യൻ വർധിത ശോഭയോടെ പ്രകാശം പരത്തുകതന്നെചെയ്യും. ഒരമ്പതുവർഷത്തിനു മുമ്പ് നാരാണഗുരുവിന്റെ സംഭാവനകളെ കേരളം വേണ്ടതുപോലെ ഗ്രഹിച്ചിരുന്നില്ല. SNDP പോലുള്ള സംഘടനകളുടെയും മറ്റും പ്രവർത്തനഫലമായി ഇന്ന് നാരായണഗുരു ചരിത്രത്തിന്റെ ഭാഗമായി. മലങ്കരസഭയുടെ സംഘടിതപരിശ്രമംകൊണ്ട് വരുംനാളുകളിൽ ഈ യുഗപ്രഭാവന്റെ സംഭാവനകളും കേരളചരിത്രത്തിന്റെ ഒരു അവിഭാജ്യ അധ്യായമായി പരിണമിക്കുമെന്നാണ് പ്രതീക്ഷ.

1. *വിവേകാനന്ദ സാഹിത്യസർവ്വസ്വം* മൂന്നാം ഭാഗം. പേജ്. 186

2. ഫിലിപ്പോസ് മാർ യൗസേബിയോസ്, ക്രാന്തദർശിയായ പിതാവ്. ലേഖനം. *ചരമനവതി ജൂബിലി സ്മരണിക*. തൃശ്ശൂർ, 1999., പേജ്. 31

3. ഡോ.ചന്ദനപ്പള്ളി, *മലങ്കര സഭാപിതാക്കന്മാർ*, മാർ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ, പേജ്. 127

4. റവ. ഡോ. ജോസഫ് ചീരൻ....., *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും*, കോട്ടയം., 2002, പേജ്. 662

5. ചീരൻ വി. വർഗീസ്, *ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ്*, പേജ്. 110

6 ഡോ. ചന്ദനപ്പള്ളി, അതേ പുസ്തകം, പേജ്. 127

7. റവ. ഡോ. ജോസഫ് ചീരൻ........., അതേ പുസ്തകം, പേജ്. 662

8. അതേ പുസ്തകം, പേജ്. 703

9. അതേ പുസ്തകം, പേജ്. 732

10. അതേ പുസ്തകം, പേജ്. 749

11. ചീരൻ വി. വർഗീസ്, അതേ പുസ്തകം, പേജ്. 110

12. ഫാ.ഡോ.ജോസഫ് ചീരൻ, *മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ്*, കുന്നംകുളം., 2004, പേജ്. 168

13. പി.സി.കുഞ്ഞാത്തു. *ആർത്താറ്റ് പള്ളിച്ചരിത്രം*, കുന്നംകുളം, 1946, പേജ്. 24

14. ഫിലിപ്പോസ് മാർ യൗസേബിയോസ്, അതേ പുസ്തകം, പേജ്. 31

15. റവ. ഡോ. ജോസഫ് ചീരൻ........., അതേ പുസ്തകം, പേജ്. 751

16. ഫാ.ഡോ.ജോസഫ് ചീരൻ, അതേ പുസ്തകം, പേജ്. 159

17. അതേ പുസ്തകം, പേജ്. 161

18. അതേ പുസ്തകം, പേജ്. 164

19. ഇ.എം.ഫിലിപ്പ്, *മലങ്കരസഭയുടെ രഹസ്യ പേടകം*, കോട്ടയം, 1993., പേജ്. 122

20. റവ. ഡോ. ജോസഫ് ചീരൻ........., അതേ പുസ്തകം, പേജ്. 638

21. അതേ പുസ്തകം, പേജ്. 652

22. അതേ പുസ്തകം, പേജ്. 662

23. ഫാ.ഡോ.ജോസഫ് ചീരൻ, അതേ പുസ്തകം, പേജ്. 165

24. റവ. ഡോ. ജോസഫ് ചീരൻ........., അതേ പുസ്തകം, പേജ്. 775

25. ഫാ.ഡോ.ജോസഫ് ചീരൻ, അതേ പുസ്തകം, പേജ്. 165

26. റവ. ഡോ. ജോസഫ് ചീരൻ........., അതേ പുസ്തകം, പേജ്. 775

27. ഇസ്സഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ*, വാല്യം 3, പേജ്. 301

28. ജോസഫ് മാർ പക്കോമിയോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനും മലങ്കരസഭയും, *ചരമനവതി ജൂബിലി സ്മരണിക*, തൃശ്ശൂർ, 1999, പേജ് 18.

29. ഇസ്സഡ്. എം. പാറേട്ട്, *മുളന്തുരുത്തി സുന്നഹദോസ്*, ഉപസംഹാരവാക്യം

30. ഇസ്സഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ വാല്യം* 3, പേജ്. 302.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# നേതൃത്വശൈലിക്ക് ഒരു ഉത്തമ മാതൃക

## ഫാ. ഡോ. ഒ. തോമസ്

മലങ്കരസഭയുടെ ചരിത്രത്തിൽ അതുല്യ പ്രഭയായിരുന്ന പുലിക്കോട്ടിൽ ദീവന്നാസ്യോസ് (അഞ്ചാമൻ) തിരുമേനിയുടെ വ്യക്തിത്വ സമ്പൂർണ്ണതയെ വരച്ചുകാട്ടുന്നത് വളരെ ശ്രമകരമായ ഒരു പ്രവൃത്തിയാണ്. വ്യക്തിത്വ സമ്പൂർണ്ണതയുടെ അളവുകോൽ നിശ്ചയിക്കുന്നതാണ് ഏറെ ദുഷ്ക്കരം. വ്യക്തിത്വ വളർച്ച, പക്വത തുടങ്ങിയവയേപ്പറ്റി ആധികാരികമെന്ന് അവകാശപ്പെട്ടുകൊണ്ട് പഠനം നടത്തിയിട്ടുള്ളത് പെരുമാറ്റ വിജ്ഞാനീയത്തിലാണ്. എന്നാൽ ആ തരത്തിലുള്ള അളവുകോൽ ആദ്ധ്യാത്മിക പ്രതിഭകളെ വിലയിരുത്തുവാൻ മതിയായതല്ല.

### വ്യക്തിത്വസമ്പൂർണ്ണത ക്രിസ്തീയ വീക്ഷണത്തിൽ

പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമായ ക്രിസ്തുവിനോട് താദാത്മ്യപ്പെടുന്ന തലങ്ങളിലേ വ്യക്തിത്വ സമ്പൂർണ്ണതയ്ക്ക് ക്രിസ്തീയ വീക്ഷണത്തിൽ അർത്ഥമുണ്ടാകുന്നുള്ളു. അതാകട്ടെ മനഃശാസ്ത്ര വീക്ഷണങ്ങളിൽ നിന്ന് വ്യത്യസ്തമാണ് താനും. ഉദാഹരണമായി പറഞ്ഞാൽ “ജീവനെ കണ്ടെത്തുന്നവൻ അതിനെ കളയും, ജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും” (വി. മത്താ. 10-39). “ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ അതു ജീവിക്കുന്നില്ല. ചാകുമ്പോഴോ, അതു ജീവിക്കുന്നു” (വി. യോഹ. 12:24) എന്നീ പ്രമാണങ്ങളിലടങ്ങിയിരിക്കുന്ന പൊരുൾ ആദ്ധ്യാത്മിക മണ്ഡലങ്ങളിലെ വ്യക്തിത്വ സമ്പൂർണ്ണതയെ വിലയിരുത്താനുള്ള അളവുകോലാണ്. മനഃശാസ്ത്രത്തിൽ ഇതിന് അത്ര വലിയ പ്രസക്തി ഉണ്ടെന്നു തോന്നുന്നില്ല. അതേസമയം വ്യക്തിത്വ സമ്പൂർണ്ണതയെപ്പറ്റി മനശ്ശാസ്ത്രവും ആദ്ധ്യാത്മികതയും സമ്മേളിക്കുന്ന ചില സമസ്യകൾ ഇല്ലാതെയുമില്ല. എറിക്സനെപോലെയുള്ള മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നത് ശാരീരിക, മാനസിക വളർച്ചയിൽ വ്യക്തിക്കുണ്ടാകുന്ന പ്രതിസന്ധികളോട് എങ്ങനെ പ്രതികരിക്കുന്നു എന്നതിലാണ് ആരോഗ്യകരമായ വ്യക്തിത്വം സ്ഥിതിചെയ്യുന്നത് എന്നാണ്. പ്രതിസന്ധികളിൽ നിന്ന് ഒളിച്ചോടാതെ ക്രിയാത്മകമായി നേരിടുന്ന വ്യക്തിക്കു പക്വമായ വളർച്ച സാദ്ധ്യമാകുന്നു. ആദ്ധ്യാത്മിക മണ്ഡലത്തിലും ഇതിനോട് തുല്യമായ സമവാക്യങ്ങളുണ്ട്. അതായത് ഒരാളിന്റെ ആത്മീയത വളരുന്നത് കഷ്ടതകളെ അഭിമുഖീകരിക്കുന്നതിലൂടെയാണ്. “നിന്റെ ചട്ടങ്ങളെ പഠിക്കാൻ ഞാൻ കഷ്ടത്തിലായതു നന്നായി” (സങ്കീ. 119:71)

എന്ന സങ്കീർത്തനക്കാരന്റെ ആത്മകഥാംശം ഈ യാഥാർത്ഥ്യത്തെ യാണ് ചൂണ്ടിക്കാട്ടുന്നത്. വ്യക്തിയുടെ വളർച്ചയിൽ സ്വാഭാവികമായി ഉണ്ടാകുന്ന പ്രതിബന്ധങ്ങളെയാണ് മനശ്ശാസ്ത്രവും, ആത്മീയതയും ഇവിടെ ഒരുപോലെ ആധാരമാക്കുന്നത്. പ്രതിബന്ധങ്ങളെ ക്രിയാത്മക മായി നേരിടുവാൻ ഈ മനോഭാവം സഹായിച്ചു എന്നിരിക്കാം. എന്നാൽ ദൈവരാജ്യ മൂല്യങ്ങൾ, സഭയുടെ കെട്ടുപണി തുടങ്ങിയ ഉന്നത മൂല്യ ങ്ങൾക്കുവേണ്ടി വ്യക്തി ബോധപൂർവ്വം തെരഞ്ഞെടുക്കുന്ന സംഘർഷ ങ്ങൾ ഈ കൂട്ടത്തിൽ വരുന്നില്ല. അത്തരം തെരഞ്ഞെടുപ്പുകൾ മൂലം വരുന്ന സംഘർഷങ്ങളെ നേരിടുമ്പോഴാണ് ക്രിസ്തീയ വീക്ഷണത്തിൽ യഥാർത്ഥമായ വ്യക്തിത്വ സമ്പൂർണ്ണതയിലേക്കുള്ള വളർച്ച സാദ്ധ്യമാ വുന്നത്. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ടു വേണം പുലിക്കോട്ടിൽ തിരുമേനിയുടെ വ്യക്തിത്വത്തെ അളക്കേണ്ടത്. പല സന്ദർഭങ്ങളിലും അദ്ദേഹത്തിന് ഒഴിഞ്ഞ് നിൽക്കാമായിരുന്നു. മറ്റു ചിലപ്പോൾ മൗനം പാലിക്കാമായിരുന്നു. വേണമെങ്കിൽ നിരന്തരമായി കലഹിച്ചും കഴിയാ മായിരുന്നു. എന്നാൽ സന്ദർഭത്തിനനുസരിച്ച് ആർജവത്തോടെ പ്രതിക രിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. കർത്താവ് ആപ്പോസ്തോലന്മാരെ അയച്ചപ്പോൾ പ്രബോധിപ്പിച്ചത് അക്ഷരാർത്ഥത്തിൽ പുലിക്കോട്ടിൽ തിരു മേനിയുടെ ജീവിതത്തിൽ നിറവേറി. “ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാ ടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും, പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ” (വി. മത്തായി. 10:16). ബുദ്ധിയും നിഷ്കളങ്കതയും സമന്വയിപ്പിച്ച ഒരു ക്രിസ്തീയശൈലി അദ്ദേഹം എപ്പോഴും പുലർത്തിയിരുന്നു.

## ദൈവസ്നേഹത്തിലധിഷ്ഠിതമായ ജനാധിപത്യ ഭരണശൈലി

സഭയുടെ ഭരണക്രമം ഏതുവിധത്തിലായിരിക്കണമെന്ന് വ്യക്തമായ പാഠങ്ങളൊന്നും വേദപുസ്തകം തരുന്നില്ല. അതൊക്കെയും സെക്കുലർ ലോകത്തിൽ നിന്നാണ് സഭകൾ കാലാകാലങ്ങളിൽ കടം കൊണ്ടി ട്ടുള്ളത്. എന്നിരുന്നാലും ജനാധിപത്യരീതിയാണ് ഏറെ അഭികാമ്യം എന്ന അടിസ്ഥാനമാണ് നമ്മുടെ സഭ സ്വീകരിച്ചിരിക്കുന്നത് എന്നു തോന്നുന്നു. കൊളോണിയൽ ശക്തികളുടെയും രാജകീയ വിളംബരത്തിന്റെയും പിൻ ബലത്തോടെയുള്ള നവീകരണക്കാരുടെ അതിശക്തമായ മുന്നേറ്റം, അതി നോട് എതിർത്തു നിന്നവരിൽ ബഹുഭൂരിപക്ഷം അന്ത്യോഖ്യൻ പാത്രി യർക്കീസിൽ വീണ്ടെടുപ്പുകാരനെ കണ്ടെത്തിയിരിക്കുന്നു. ഇതിനിടയിൽ മലങ്കര നസ്രാണികളുടെ പൈതൃകമായ സംസ്ക്കാരവും സ്വാതന്ത്ര്യവും പരിരക്ഷിക്കുവാൻ തിരുമേനിയുടെ കൂടെ അധികമാരും ഇല്ലാത്ത അവസ്ഥ. ഇതിനെ തരണം ചെയ്യുവാൻ ജനാധിപത്യപരമായ ഒരു ഭര ണശൈലി സഭയ്ക്കു ഉണ്ടാകുന്നത് നല്ലതാണെന്ന് അദ്ദേഹം കണ്ടെത്തി.

ആ ലക്ഷ്യം മുന്നിൽ വെച്ച് 1873–ൽ തന്നെ പരുമലയിൽ അദ്ദേഹം പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. അത്മായ–വൈദിക കൂട്ടു ട്രസ്റ്റിമാർ ഉണ്ടാകുന്നതിനേക്കുറിച്ച് അദ്ദേഹത്തിന് നല്ല അവബോധമുണ്ടായിരുന്നു. എന്നാൽ പരുമല സമ്മേളനത്തിന്റെ ആത്മാവ് സാക്ഷാത്കരിക്കപ്പെട്ടത് 1876–ലെ മുളന്തുരുത്തി സുന്നഹദോസിലാണെന്നു മാത്രം. പാത്രിയർക്കീസിന്റെ നടപടികൾ ഭൗതിക, ആത്മിക അധികാരങ്ങൾ കൈക്കലാക്കാൻ തന്ത്രപൂർവ്വം ലക്ഷ്യമിട്ടതായിരുന്നെങ്കിൽ, പുലിക്കോട്ടിൽ തിരുമേനി ജനാധിപത്യശൈലി സ്വീകരിച്ചത് ആടുകളും ഇടയനും തമ്മിലുള്ള ബന്ധത്തിന്റെ വെളിച്ചത്തിലായിരുന്നു. സമകാലീന ലോകത്തിൽ, 1934–ലെ ഭരണഘടന കൂടുതൽ ജനാധിപത്യപരമായിപ്പോയി എന്ന് ചിന്തിക്കുന്നവരുണ്ട്. ജനത്തിന് അഥവാ വിശ്വാസികൾക്ക് അധികാരം പേരിനും മാത്രമേയുള്ളു. എപ്പിസ്ക്കോപ്പസിക്ക് എല്ലാ അധികാരവും കൈയാളാനുള്ള വകുപ്പുകളാണ് ഭരണഘടനയിലുള്ളത് എന്ന മറുചിന്തയും ഇല്ലാതില്ല. രണ്ടു വ്യാഖ്യാനങ്ങൾക്കും സാധുവായ കാര്യങ്ങൾ ചൂണ്ടിക്കാട്ടാനുമുണ്ടാവും. സഭയെ സംബന്ധിച്ചിടത്തോളം സെക്കുലർ ലോകത്ത് ഉരുത്തിരിഞ്ഞ ഒരു ഭരണക്രമവും ദൈവരാജ്യ നിർമ്മിതിക്ക് സഹായകമാകണമെന്നില്ല. ഇടയനും ആടുകളും തമ്മിലുള്ള ആഴമേറിയ ബന്ധവും, ജനത്തിന്റെ ശബ്ദത്തിൽ ദൈവത്തിന്റെ ഇടപെടലുകൾ ഉണ്ടെന്ന ബോദ്ധ്യവും, സ്നേഹബന്ധത്തിൽ ഇടയനെ അനുസരിക്കുന്ന ആടുകളുടെ ഉത്സാഹവും ഒത്തുചേർന്നാലേ ഭരണക്രമം കുറച്ചൊക്കെ നന്മയിലും നീതിയിലും അധിഷ്ഠിതമാവുകയുള്ളു. ഈ കാര്യങ്ങളിലെല്ലാം വീഴ്ച വരുത്തിയിട്ട് ഭരണഘടനയുടെ വകുപ്പുകളെ അടിസ്ഥാനമാക്കി മാത്രം സഭാഭരണം നടത്തിയാൽ അതു ശരിയായ രീതിയാവുകയില്ല. ജനാധിപത്യശൈലി സ്വീകരിക്കാൻ പുലിക്കോട്ടിൽ തിരുമേനിയെ പ്രേരിപ്പിച്ചതിന്റെ പിന്നിൽ, ആഴമേറിയ ഒരു സ്നേഹബന്ധത്തിന്റെ തലം ആടുകളും ഇടയന്മാരും തമ്മിൽ ഉണ്ടാകണമെന്ന തത്വം കൂടിയുണ്ടായിരുന്നു. അതില്ലാത്ത ജനാധിപത്യശൈലിയാണ് ഇന്നത്തെ സഭയിലെ പല കുഴപ്പങ്ങൾക്കും കാരണം.

## തിന്മയായതിനെപ്പോലും നന്മയ്ക്കായി ഉപയോഗിക്കുക

തെരഞ്ഞെടുപ്പിൽ ഏബ്രഹാം ലിങ്കണ് എതിരായി മത്സരിച്ച ആളിനെയാണ് അദ്ദേഹം സുപ്രധാന ചുമതലകൾ വഹിക്കുന്ന സ്റ്റേറ്റ് സെക്രട്ടറിയായി നിയമിച്ചത് എന്ന് വായിച്ചിട്ടുണ്ട്. അതേപ്പറ്റി ലിങ്കനോട് ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞുവത്രെ: 'അദ്ദേഹം എനിക്കെതിരാണെങ്കിലും അമേരിക്കയെന്ന രാഷ്ട്രത്തിനെതിരല്ല. ആ കാര്യത്തിൽ ഞങ്ങൾ ഒരുമിച്ചാണ്." ദൈവികരായവർക്കു മാത്രമേ അപ്രകാരം ചിന്തിക്കാനും പ്രവർത്തിക്കാനും സാധിക്കുകയുള്ളൂ.

ഏതൊരുവിധത്തിൽ നോക്കിയാലും പത്രോസ് പാത്രിയർക്കീസിന്റെ അധിനിവേശം മലങ്കരസഭയുടെ മേലുള്ള നഗ്നമായ കൈയേറ്റം തന്നെ യായിരുന്നു. പത്രോസ് പാത്രിയർക്കീസിന്റെ ആഗമനത്തെ തടയാനും ആ കാലഘട്ടത്തിൽ സാധിക്കുമായിരുന്നില്ല. ബുദ്ധിമാനും സഭാസ്നേ ഹിയുമായ പുലിക്കോട്ടിൽ തിരുമേനി ഒഴിവാക്കാനാവാത്ത ആ ദുര ന്തത്തെ മറ്റൊരു വഴിക്കു തിരിച്ചുവിട്ട് പത്രോസ് പാത്രിയർക്കീസിന്റെ സ്വാധീനം ഉപയോഗിച്ച് അദ്ദേഹം മാത്യൂസ് മാർ അത്താനാസ്യോസിന്റെ രാജകീയ വിളംബരം റദ്ദാക്കി. നവീകരണ മുന്നേറ്റം ദുർബലമാകുവാൻ ആ നടപടി സഹായമാവുകയും ചെയ്തു. പത്രോസ് പാത്രിയർക്കീ സിനോട് നേരിട്ട് ഒരു കലഹത്തിന് തിരുമേനി ശ്രമിച്ചിരുന്നുവെങ്കിൽ ഈ കാര്യം നടപ്പിൽ വരുത്തുവാൻ പ്രയാസമാകുമായിരുന്നു.

## ശത്രുവിനെയും സ്നേഹിക്കുക

മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ പാത്രിയർക്കീസിനേക്കാളും അപകടകരമായി കണ്ടത് തീർച്ചയായും നവീകരണക്കാരെയാണ്. എന്നാൽ അവരേയും തന്റെ സ്നേഹത്തിൽ ഉൾക്കൊള്ളുവാൻ തിരുമേ നിയിൽ ഇടം ഉണ്ടായിരുന്നു. സംഘർഷങ്ങളുടെ നടുവിൽ തിരുമേനിക്ക് ക്രിസ്തീയ മൂല്യങ്ങളെ ഇത്രത്തോളം ഉയർത്തിപ്പിടിക്കുവാൻ സാധിക്കു മായിരുന്നോ എന്ന് സന്ദേഹമുണ്ടാവാം. എന്നാൽ നന്മയാൽ തിന്മയെ ജയിക്കുന്ന ഉന്നതമൂല്യം തിരുമേനി പുലർത്തിയിരുന്നതിന് ചില തെളി വുകൾ മുമ്പിലുണ്ട്. റോയൽ കോർട്ട് വിധി മൂലം എല്ലാ പള്ളികളിൽ നിന്നും ഒഴിഞ്ഞു പോകേണ്ടി വരുന്ന നവീകരണക്കാർക്ക് പള്ളികളിലോ സ്വത്തുക്കളിലോ യാതൊരു അവകാശവും നൽകേണ്ടതില്ല എന്നും എന്നാൽ അവർക്കു കർമ്മങ്ങൾ നടത്താൻ അല്പസമയം കൊടുക്കണ മെന്നും ദിവാൻജി തിരുമേനിയോട് ആവശ്യപ്പെട്ടു. ഇപ്രകാരം അനുവ ദിക്കുന്നത് ട്രസ്റ്റു ലംഘനമാണെന്ന് തിരുമേനി മറുപടി പറഞ്ഞുവെങ്കിലും ദിവാൻജിയുടെ അഭ്യർത്ഥനയെ മാനിച്ച് അപ്രകാരം ചെയ്യുവാൻ അദ്ദേഹം സമ്മതം നൽകി (ഫാ. ജോസഫ് ചീരൻ, ഇന്ത്യൻ ഓർത്ത ഡോക്സ് സഭാ ചരിത്രം, പു. 293). എന്നാൽ ഈ സൗമനസ്യം നവീകര ണക്കാർ സ്വീകരിച്ചില്ല. അതതു പള്ളികളിൽ ആരാധിച്ച് കാലക്രമേണ പൂർവ്വിക വിശ്വാസത്തിലേക്കു മടങ്ങിപ്പോകുമോ എന്ന് അവർ ഭയപ്പെട്ടു. എന്നാൽ നവീകരണക്കാരോട് എതിരിടുമ്പോഴും അവർക്ക് ആരാധിക്കുവാ നുള്ള സൗകര്യം ചെയ്തുകൊടുക്കാനുള്ള അദ്ദേഹത്തിന്റെ ഹൃദയവിശാ ലത യഥാർത്ഥ ക്രിസ്തീയ സ്നേഹത്തെയല്ലേ പ്രതിഫലിപ്പിക്കുന്നത്? ഈ ഒരു സ്നേഹം കുറെയെങ്കിലും പ്രകടിപ്പിക്കുവാൻ നമുക്കായിരുന്നെ ങ്കിൽ നമ്മുടെ ഇടയിലെ ഭിന്നതകൾ ഇത്രയും വഷളാകുമായിരുന്നില്ല എന്ന് ചിന്തിച്ചുപോകുന്നു. ശത്രുവിനെ സ്നേഹിക്കുക എന്നത്

പ്രസംഗിക്കാനുള്ള വിഷയമായിട്ടല്ലാതെ പ്രാവർത്തികമാക്കാനുള്ളതാണെന്ന ബോദ്ധ്യം കാര്യമായി ആരെയും ഭരിക്കുന്നില്ല.

## വിശുദ്ധിപ്പറ്റി അവകാശവാദമില്ലാത്ത വിശുദ്ധനാവുക

A Saint is the one who does miracles without knowing that he is a Saint. വിശുദ്ധനെന്ന് അറിയാതെ അതിശയങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളാണ് യഥാർത്ഥ വിശുദ്ധൻ എന്ന് വായിച്ചത് ഓർമ്മയിലുണ്ട്. സമകാലീന ലോകത്ത് നേരെ തിരിച്ചാണ്. വിശുദ്ധൻ എന്നും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനെന്നും സ്വയം അവകാശപ്പെട്ടുകൊണ്ട് പരസ്യങ്ങളുടെ പിൻബലത്താൽ ജനങ്ങളെ തങ്ങളിലേക്കു പലരും അടുപ്പിക്കുകയാണ്. തിരുമേനി വലിയ പ്രാർത്ഥനാ മനുഷ്യനായിരുന്നു. അദ്ദേഹം അതേപ്പറ്റിയൊന്നും യാതൊരു അവകാശവാദങ്ങളും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മറ്റുള്ളവർ അതിനു സാക്ഷ്യം നൽകിയിരുന്നു. കേസ്സു നടത്തിയിരുന്ന ഹിന്ദുവായ വക്കീൽ രാമനാഥൻനായർ ഇങ്ങനെ എഴുതി: "ഇങ്ങനെ ആശ്ചര്യകരമായ ഒരു കേസ്സ് ഞാൻ കണ്ടിട്ടില്ല. ഇതു നടത്തുന്നത് ഞാനോ നിങ്ങളോ മെത്രാപ്പോലീത്തായോ അല്ല. ഈശ്വരൻ തന്നെയാണ്. ഈശ്വരൻ നടത്തിയതിന്റെ അടയാളങ്ങൾ ഒരിക്കലല്ലാ പലപ്രാവശ്യം ഞാൻ കാണുന്നു. അതു കാണുമ്പോൾ ആശ്ചര്യം കൊണ്ട് എന്റെ രോമങ്ങൾ എഴുന്നു നിൽക്കുന്നു. ഈ കേസ്സു തോറ്റു പോകുമെന്ന് ഒരിക്കലും ഭയപ്പെടേണ്ട" (ഫാ. ജോസഫ് ചീരൻ, പു. 294).

## സഭയുടെ ചരിത്രം മെത്രാന്മാരുടേതു മാത്രമല്ല വിശ്വാസികളുടെയും കൂടിയാണ് എന്ന് അംഗീകരിച്ച പിതാവ്

ചരിത്രമെഴുത്തിൽ സെക്കുലർ ലോകത്തും സഭയിലും ഈ അബദ്ധം കടന്നു കൂടിയിട്ടുള്ളതിനെ ഇന്നത്തെ ചരിത്രകാരന്മാർ ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും ചരിത്ര നിർമ്മാണത്തിൽ കാര്യമായ മാറ്റങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഓരോ കാലഘട്ടത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഗുണമായാലും ദോഷമായാലും വിശ്വാസികളുടെ സമൂഹത്തിന് അതിൽ പങ്കുണ്ട്. പക്ഷേ, നേതാക്കന്മാരുടെ ഗുണഗണങ്ങളെ വർണ്ണിച്ചും, ആവശ്യത്തിലധികം പുകഴ്ത്തിയും പെരുപ്പിച്ചും ചരിത്രത്തിന്റെ മുഖ്യധാരയിൽ അവരെ മാത്രം പ്രതിഷ്ഠിക്കാനുള്ള ശ്രമമാണ് ഇന്നയോളം നടന്നിട്ടുള്ളത്. അതിൽനിന്ന് വ്യത്യസ്തമായ ഒരു ചരിത്രരചന ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. തിരുമേനി അതിലേക്കു ഒരു മാതൃക കാട്ടിത്തന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി വേളയിൽ നൽകിയ മംഗളപത്രത്തിൽ മലങ്കരയുടെ ഇതഃപര്യന്തമുള്ള സംക്ഷിപ്ത ചരിത്രവും, തിരുമേനി നൽകിയ സംഭാവനകളും വ്യക്തമായി വിവരിച്ചിട്ടുണ്ട് (ചരമശതാബ്ദി സ്മരണിക, കുന്നംകുളം, പു.

95–97). ഇന്നുള്ളതുപോലെ സംഭവിച്ച എല്ലാ കാര്യങ്ങളുടെയും ക്രെഡിറ്റ് അദ്ദേഹത്തിന് തന്നെ നൽകിയിരിക്കയാണ്. നേരത്തെ സൂചിപ്പിച്ചതു പോലെ മറ്റുള്ളവരുടെ അദ്ധ്വാനത്തിന് യാതൊരു വിലയും കല്പിക്കാതെ നേട്ടങ്ങളുടെയെല്ലാം കാരണം നേതാക്കന്മാരിൽ ആരോപിക്കുന്ന വ്യാജ സ്തുതികൾ ഏവർക്കും ഇഷ്ടമാണല്ലോ. തിരുമേനിക്കു നൽകിയ മംഗള പത്രത്തിൽ അത്തരത്തിലുള്ള വ്യാജ സ്തുതികളൊന്നുമില്ല. എങ്കിൽ തന്നെയും ഇതിനു മറുപടിയായി തിരുമേനി നൽകിയ പ്രസ്താവന എക്കാലത്തേയും നേതാക്കൾക്ക് ഒരു മാതൃക തന്നെയാണ്. തന്റെ കൂടെ പ്രവർത്തിച്ച ഓരോരുത്തരും ഏതെല്ലാംവിധത്തിൽ സഭയ്ക്കു പ്രയോജനം ചെയ്തിരുന്നു എന്ന് പേരെടുത്തു പറഞ്ഞുകൊണ്ട് അവരെ അഭിനന്ദിക്കാനും നന്ദി രേഖപ്പെടുത്തുവാനും അദ്ദേഹം മറന്നില്ല. മറ്റുള്ളവരുടെ അദ്ധ്വാനഫലം തന്റേതാണെന്ന നിലയിൽ കവർന്നെടുക്കാൻ ശ്രമിക്കുന്ന നേതാക്കന്മാരിൽ നിന്നും അദ്ദേഹം വേറിട്ടു നിൽക്കുന്നു.

## ഓക്സിയോസ് അന്വർത്ഥമാക്കിയ നേതൃത്വം

നേതൃത്വത്തിന്റെ വർണ്ണപ്പൊലിമയോട് താല്പര്യമില്ലാതെ മണലാരണ്യത്തിലേക്കു ഒളിച്ചോടിപ്പോയ സന്യാസിമാരുടെ പുറകെ ചെന്ന് 'അങ്ങ് യോഗ്യനാണ്' (ഓക്സിയോസ് ചൊല്ലി) എന്നു വിളിച്ചു പറഞ്ഞ് നേതൃസ്ഥാനത്ത് അവരെ അവരോധിച്ച ഒരു കാലഘട്ടം ഉണ്ടായിരുന്നു. നേതൃസ്ഥാനം പിടിച്ചടക്കുവാൻ ഒളിഞ്ഞും തെളിഞ്ഞും പരിശ്രമിക്കുകയോ അല്ലെങ്കിൽ ആഗ്രഹിക്കുകയോ എങ്കിലും ചെയ്യാത്തവരായി ഇന്ന് ആരും ഉണ്ടാവുകയില്ല. പോരെങ്കിൽ തെരഞ്ഞെടുപ്പു പ്രക്രിയയിൽ കൂടിയാണ് ഇന്ന് മേൽപട്ടക്കാർ, ആ സ്ഥാനത്തിന് യോഗ്യരാവുന്നത്. അല്ലാതെ കുറേപ്പേർ ചേർന്ന് 'ഓക്സിയോസ്' ചൊല്ലിയാൽ ആരും ആ സ്ഥാനത്തേക്കു പ്രതിഷ്ഠിക്കപ്പെടുന്നില്ലല്ലോ. എങ്കിലും സ്ഥാനത്തും അസ്ഥാനത്തും നാം ഓക്സിയോസ് ചൊല്ലുന്നു. അല്ലെങ്കിൽ ചൊല്ലിക്കുന്നു. പുലിക്കോട്ടിൽ തിരുമേനിയെ, ബലഹീനനാക്കുവാൻ പത്രോസ് പാത്രിയർക്കീസ് 6 മെത്രാപ്പോലീത്താമാരേയും 7 ഭദ്രാസനങ്ങളെയും സൃഷ്ടിച്ചു. ആ കാലത്തെ ഏറ്റവും ചെറിയ കൊല്ലം ഭദ്രാസനമാണ് പുലിക്കോട്ടിൽ തിരുമേനിക്കു നൽകിയത്. മലങ്കര മെത്രാപ്പോലീത്തായോട് ആലോചന കഴിക്കാതെയാണ് പാത്രിയർക്കീസ് ഇതെല്ലാം ചെയ്തത്. തന്റെ അനുവാദം കൂടാതെ വാഴിക്കപ്പെട്ട മെത്രാന്മാരോട് യാതൊരു കാലുഷ്യവും മാർ ദീവന്നാസ്യോസ് പ്രകടിപ്പിച്ചില്ല. മറിച്ച് പുതിയ മെത്രാച്ചന്മാർ സഭാഭരണം സുഗമമായി നിർവഹിക്കുവാൻ അദ്ദേഹം ഭരണത്തിൽ നിന്ന് മാറുവാൻ തന്നെ തയ്യാറായി. എന്നാൽ മാത്യൂസ് മാർ അത്താനാസ്യോസുമായിട്ടുള്ള പോരാട്ടത്തിൽ മറുപക്ഷത്തുനിന്ന് നേതൃത്വം കൊടുക്കുവാൻ ആരുമില്ലാത്ത ആ ദുസ്ഥിതിയിൽ പുതിയ മേൽപട്ടക്കാർ ആറു പേരും യോഗം

ചേർന്ന് തിരുമേനി തന്നെ സഭയ്ക്കു നേതൃത്വം കൊടുക്കണമെന്ന് ശക്തമായും താഴ്മയായും അപേക്ഷിച്ചതിന്റെ ഫലമായിട്ടാണ് തിരുമേനി വീണ്ടും അമരക്കാരനായത്. നവീകരണക്കാരോടു ചെറുത്തു നിൽക്കുവാൻ തിരുമേനിയുടെ നേതൃത്വം അനിവാര്യമെന്ന് കൊച്ചുമെത്രാച്ചന്മാർ മനസ്സിലാക്കി. അന്ത്യോഖ്യൻ പാത്രിയർക്കീസിന് വിധേയത്വം എഴുതിക്കൊടുത്തവർ തക്കസമയം വന്നപ്പോൾ തിരുമേനിക്ക് 'ഓക്സിയോസ്' (അവിടുന്നാണ് യോഗ്യൻ) ചൊല്ലുന്ന കാഴ്ചയാണ് ചരിത്രത്തിൽ നാം ദർശിക്കുന്നത്. നേതൃത്വം പിടിച്ചു വാങ്ങലല്ല. മറ്റുള്ളവർ അങ്ങോട്ടു കൊണ്ടു കൊടുക്കുന്ന നിലയിൽ വിശ്വാസം ആർജ്ജിക്കുന്നതിന്റെ പരിണതഫലമായിട്ടുണ്ടാകേണ്ടതാണെന്ന വസ്തുതയും തിരുമേനിയുടെ ജീവിതത്തിൽ നിറവേറി. അതുകൊണ്ടു തന്നെ പാത്രിയർക്കീസിന് വിധേയത്വം എഴുതിക്കൊടുത്തവരും പുലിക്കോട്ടിൽ തിരുമേനിയുടെ നേതൃത്വത്തെ ഒരിക്കലും ധിക്കരിക്കേണ്ടി വന്നില്ല. അധികാരം പിടിച്ചു വാങ്ങുന്ന എല്ലായിടത്തും അതിനെ സഹായിച്ചവരുമായി പിന്നീട് കലഹിക്കുവാൻ ഇടയായിട്ടുണ്ട്. ഭാഗ്യവാനായ തിരുമേനിയുടെ കാര്യത്തിൽ അങ്ങനെ ഒരു കാര്യം സംഭവിച്ചതേയില്ല.

### പരുമല കൊച്ചുതിരുമേനിയോടുള്ള ആദരവും ബഹുമാനവും

തിരുമേനിയുടെ നേതൃത്വത്തിന്റെ സവിശേഷത വെളിപ്പെടുത്തുന്നതാണ് പരുമല തിരുമേനിയോടുള്ള അദ്ദേഹത്തിന്റെ ബന്ധം. കൊച്ചു തിരുമേനി എല്ലാവരിലും ഇളപ്പമായിരുന്നല്ലോ. തങ്ങളുടെ താഴെയുള്ളവർ തന്നേക്കാൾ ഒരു കാര്യത്തിലും വളരരുതെന്ന് നിർബന്ധമുള്ളവരാണ് മിക്ക നേതാക്കന്മാരും. മലയാളിക്കു സുപരിചിതമായ 'പെരുന്തച്ചൻ' മിക്ക നേതാക്കന്മാരിലും ഒളിഞ്ഞു കിടപ്പുണ്ട്. ഒരു കാലത്ത് ഗുരുക്കന്മാരേക്കാൾ വളർന്ന ശിഷ്യന്മാർ ഉണ്ടായിട്ടുള്ളതിന്റെ കാരണം ശിഷ്യന്റെ വളർച്ചയിൽ സന്തോഷിക്കുകയും ശിഷ്യനെ ആവോളം വളർത്തുന്നതിൽ സഹായിക്കുകയും ചെയ്യുന്ന ഗുരുക്കന്മാർ ഉണ്ടായിരുന്നതുകൊണ്ടാണ്. കൊച്ചു തിരുമേനിയുടെ, ആത്മീയ വളർച്ചയിലും ഭക്തിയിലും വലിയ തിരുമേനിക്ക് സന്തുഷ്ടിയും ആദരവും കൊച്ചുതിരുമേനിയിൽ തന്റെ പിൻഗാമിയെ കണ്ടെത്തുകയും ചെയ്തിരുന്നു. വിധിവിഹിതം പക്ഷേ ആ പ്രതീക്ഷ നിറവേറ്റിയില്ല. കൊച്ചുതിരുമേനിയുടെ വേർപാടിൽ ഈ പുണ്യപിതാവ് വാവിട്ടു നിലവിളിച്ചു എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. തങ്ങളേക്കാൾ എല്ലാവിധത്തിലും കഴിവു കുറഞ്ഞവർ തന്റെ പിൻഗാമിയായി വന്നാൽ മതി എന്ന ചിന്ത പുലിക്കോട്ടിൽ തിരുമേനിക്ക് അന്യമായിരുന്നു. തലമുറകൾ കഴിയുന്തോറും നേതൃത്വത്തിന്റെ നിലവാരം കുറയുന്നുവെങ്കിൽ അതിന്റെ പിന്നിൽ ഈ 'പെരുന്തച്ചൻ' മനോഭാവമില്ലേ? സ്വയം വിശകലനം ചെയ്യേണ്ട ഒരു വിഷയമാണ്.

പരീശമതത്തെപ്പോലെ ബാഹ്യവശങ്ങൾ വർണ്ണ പൊലിമുള്ളതാണെങ്കിലും, ആന്തരിക ഭാഗങ്ങൾ ജീർണ്ണതയിലായിരിക്കുന്ന അവസ്ഥയാണ് മിക്ക സഭകൾക്കും. ഈ ജീർണ്ണതയ്ക്കെതിരെ പോരാടുവാൻ അതിന്റെ ഭാഗമായിത്തീരാതെ നേതൃത്വം കൊടുക്കാനുള്ള യഥാർത്ഥ ഭക്തന്മാർ ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു പക്ഷേ അങ്ങനെയുള്ളവർ നേതൃത്വ നിരയിൽ എത്തിച്ചേരാനും സാഹചര്യങ്ങൾ അനുവദിക്കുന്നില്ലായിരിക്കാം. എന്നാൽ ദൈവംതമ്പുരാൻ അവരെ എടുത്ത് ഉപയോഗിച്ചുകൊള്ളും എന്ന വിശ്വാസം കൈവിടാതെ ആവുംവിധം ക്രിസ്തീയ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന നേതാക്കന്മാർ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിലേക്കു വിരൽ ചൂണ്ടുന്ന ഉത്തമ മാതൃകയായിരുന്നു ഭാഗ്യവാനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനി. അദ്ദേഹത്തിന്റെ മഹത്തായ നേതൃത്വശൈലിയുടെ മുൻപിൽ തലകളെ വണങ്ങുന്നു.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസും മലങ്കരസഭയുടെ ആരാധനയും

## ഫാ. ഡോ. ബി. വറുഗീസ്

1665-ൽ മലങ്കരസഭയും, അന്ത്യോക്യൻ സുറിയാനിസഭയും തമ്മിലുള്ള ബന്ധം ആരംഭിച്ചുവെങ്കിലും അന്ത്യോക്യൻ സുറിയാനി ആരാധനാക്രമങ്ങൾ മലങ്കരയിൽ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ കാലത്താണ്. അന്ത്യോക്യൻ ക്രമങ്ങൾ വ്യാപകമാക്കുന്നതിൽ പ്രധാന പങ്കു വഹിച്ച മറ്റൊരു വ്യക്തി കോനാട്ടു മാത്തൻ മൽപ്പാനാണ് (1860-1927). ആരാധനാക്രമങ്ങൾ സുറിയാനിയിലും, മലയാള പരിഭാഷയിലും പ്രസിദ്ധീകരിക്കുന്നതിൽ രണ്ടുപേരും സഹകരിച്ചു പ്രവർത്തിച്ചു.

അന്ത്യോക്യൻ സഭ, സുറിയാനിയിൽ ആരാധനാഗ്രന്ഥങ്ങൾ പ്രിന്റ് ചെയ്തതിന് വളരെ മുമ്പു തന്നെ മലങ്കരസഭയിൽ അത് ആരംഭിച്ചിരുന്നു. മലങ്കരയിൽ ആദ്യം അച്ചടിച്ച സുറിയാനി ഗ്രന്ഥം, 'ശ്ഹീമ നമസ്ക്കാരം' എന്നറിയപ്പെടുന്ന കാനോനിക പ്രാർത്ഥനകളാണ്. 1861-ൽ യൂയാക്കീം മാർ കൂറിലോസ് എന്ന അന്ത്യോക്യൻ മെത്രാന്റെ പ്രോത്സാഹനത്തോടെ ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ കല്ലച്ചിൽ (ലിതോഗ്രാഫ്) അച്ചടിപ്പിച്ചതാണിത്. ഇതിൽ ഞായറാഴ്ച ദിവസത്തേക്കുള്ള പ്രാർത്ഥനകൾ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് മലങ്കരയിൽ അച്ചടിച്ച മിക്ക സുറിയാനി ആരാധനാക്രമങ്ങളും ദീവന്നാസ്യോസ് അഞ്ചാമൻ അഥവാ പുലിക്കോട്ടിൽ ദീവന്നാസ്യോസ് രണ്ടാമന്റെ ചുമതലയിലാണ് പ്രസിദ്ധീകരിക്കപ്പെട്ടത്.

ദീവന്നാസ്യോസ് അഞ്ചാമൻ വൈദികനായിരിക്കുമ്പോൾ യാക്കോബിന്റെ ക്രമവും, മാമോദീസാ, വിവാഹ ശുശ്രൂഷകളും കുന്നംകുളത്തു നിന്നും ലിത്തോഗ്രാഫിൽ അച്ചടിച്ചിരുന്നു. ഏതു വർഷമാണ് ഇത് പ്രസിദ്ധീകൃതമായതെന്ന് വ്യക്തമല്ല. അദ്ദേഹം മേൽപ്പട്ടക്കാരനായത് 1864-ൽ ആണല്ലോ? അതിന് ഏതാനും വർഷങ്ങൾക്കു മുമ്പായിരിക്കണം ഇവ അച്ചടിക്കപ്പെട്ടത്.

1870-ൽ തിരുമേനി കൊച്ചിയിൽ സ്ഥാപിച്ച സെന്റ് തോമസ് പ്രസിൽ, മലയാളത്തിലും സുറിയാനിയിലുമുള്ള ചില ആരാധനാഗ്രന്ഥങ്ങൾ അച്ചടിച്ചിരുന്നു. 1875-ൽ പാലപ്പിള്ളിൽ ഏബ്രഹാം കത്തനാർ ഈ പ്രസിൽ

അച്ചടിച്ച 'കുർബ്ബാന തക്സാ' ഇവയിൽ ഉൾപ്പെടുന്നു. 1877-ൽ പ്രസ്തുത പ്രസിൽ 'നടപടിക്രമങ്ങൾ' എന്ന ലഘു ഗ്രന്ഥം അച്ചടിച്ചു. പത്രോസ് പാത്രിയർക്കീസ്, ആരാധനാ സംബന്ധമായ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു കല്പന സുറിയാനിയിലെഴുതി പള്ളികൾക്കയച്ചിരുന്നു. പ്രസ്തുത കല്പനയുടെ മലയാള പരിഭാഷയാണിത്. മലങ്കരയിൽ അന്ത്യോക്യൻ ക്രമങ്ങൾ വ്യാപകമാകുന്നതിൽ ഈ നടപടിക്രമം മുഖാന്തരമായി എന്നത് തീർച്ചയാണ്.

1879-ൽ കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (+ 1883) 'കേരളദീപം' പ്രസ് പാമ്പാക്കുടയിൽ സ്ഥാപിച്ചതോടെ കൂടുതൽ സുറിയാനി ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിത്തുടങ്ങി. അദ്ദേഹത്തിന്റെ കാലശേഷം മാത്തൻ മല്പാൻ ഈ പ്രസ് 'മാർ യൂലിയോസ് പ്രസ്' എന്ന പേരിൽ പുനരാരംഭിച്ചു. 1880-ൽ മാർ യൂലിയോസ് മെത്രാപ്പോലീത്താ ശവസംസ്കാരക്രമം പ്രസിദ്ധീകരിച്ചു.

എന്നാൽ മാർ ദീവന്നാസ്യോസിന്റെ ചുമതലയിൽ കോട്ടയത്ത് മാർ ത്തോമ്മാ പ്രസിൽ നിന്നും നോമ്പിലെ നമസ്കാരം മലയാളത്തിലുള്ള നിത്യനമസ്കാരം എന്നിവ പ്രസിദ്ധീകരിച്ചു. ഈ നമസ്കാരക്രമം മലയാളത്തിൽ വിവർത്തനം ചെയ്തത് കോനാട്ട് യോഹന്നാൻ മൽപ്പാനായിരുന്നു (1809-90). പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ 'വാചകത്തിലും വാക്കുകളിലും പല പ്രാവശ്യം തിരുത്തും ഭേദവും' വരുത്തിയാണ് പ്രസിദ്ധീകരിച്ചത്. എന്നാൽ ഇരുവരുടെയും പേരുകൾ അവരുടെ ജീവിതകാലത്തു തന്നെ മാഞ്ഞുപോയി എന്ന് 1910-ലെ ഇടവകപത്രിക (XIX/8) ചൂണ്ടിക്കാണിക്കുന്നു.

ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയിലെ ഭവനങ്ങളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനപുസ്തകത്തിന്റെ ഉത്ഭവം ഇതാണ്.

വിശ്വാസികളുടെ ഉപയോഗത്തിനുള്ള "കുർബ്ബാനക്രമം" മലയാളത്തിൽ വിവർത്തനം ചെയ്ത് അച്ചടിപ്പിച്ചതും ദീവന്നാസ്യോസ് അഞ്ചാമന്റെ കാലത്താണ്. 1869-ൽ കൊച്ചിയിലെ 'വെസ്റ്റേൺ സ്റ്റാർ' പ്രസ്സിൽ ഒരു ജോസഫ് കത്തനാർ കുർബ്ബാനക്രമം ആദ്യമായി അച്ചടിപ്പിച്ചിരുന്നു. വളരെ ചുരുക്കം മലയാളം ഗീതങ്ങളേ ഇതിൽ ഉൾപ്പെടുത്തിയിരുന്നുള്ളു. ഒന്നു രണ്ടു സുറിയാനി ഗീതങ്ങൾ മലയാളം ലിപിയിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് 1890-ൽ മറ്റൊരു 'കുർബ്ബാനക്രമം' കോട്ടയം സെമിനാരി പ്രസ്സിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ഇതിൽ ഗീതങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. വിശ്വാസികൾക്ക് ചൊല്ലുവാനുള്ള ഭാഗങ്ങൾ മാത്രമേ ഇതിൽ നൽകിയിട്ടുള്ളു (ശുശ്രൂഷക്കാരൻ ചെയ്യുന്ന ഭാഗങ്ങൾ ചേർത്തിട്ടില്ല). ശുശ്രൂഷക്കാർ തുബ്ദേൻ ചൊല്ലുമ്പോൾ വിശ്വാസികൾക്ക് ചൊല്ലു

വാനുള്ള പ്രാർത്ഥനകൾ ഇതിൽ ചേർത്തിട്ടുണ്ട് (ഈ പ്രാർത്ഥനകൾ തുബ്ദേന്റെ ചെറിയ രൂപമാണെന്ന് പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്). തുടർന്ന് പ്രഭാത പ്രാർത്ഥനയും ഗീതങ്ങളും, ശുശ്രൂഷക്കാരൻ ചൊല്ലുന്ന പ്രാർത്ഥനകളും പരിഭാഷപ്പെടുത്തി 1898-ൽ പ്രസിദ്ധീകരിച്ചു. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി ആരംഭിച്ച വിവർത്തനം പൂർത്തിയാക്കിയത് വട്ടശ്ശേരിൽ ഗീവർഗീസ് മല്പ്പാനും കോനാട്ടു മാത്തൻ മല്പാനും കൂടിയായിരുന്നു. സുറിയാനി രാഗങ്ങൾ അവലംബിച്ച് കണ്ടത്തിൽ വർഗീസ് മാപ്പിള, ഗീതങ്ങൾ മലയാളത്തിൽ തയ്യാറാക്കി. ഒരു വർഷം കഴിഞ്ഞപ്പോൾ (1899/1900) കുർബ്ബാനക്രമത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകൃതമായതിൽ നിന്നും അതിന് നല്ല പ്രതികരണമാണ് ഉണ്ടായതെന്ന് വ്യക്തമാണല്ലോ.

സുറിയാനി പുസ്തകങ്ങൾ പാമ്പാക്കുടയിലും, മലയാളത്തിലുള്ള പുസ്തകങ്ങൾ, ഇടവകപത്രിക എന്നിവ സെമിനാരിയിലും അച്ചടിപ്പിക്കണമെന്ന് മാർ ദീവന്നാസ്യോസ് കൽപ്പിച്ചതായി മാത്തൻ മല്പാൻ ഇടവകപത്രികയിൽ പ്രസിദ്ധീകരിച്ച (IX/11, 1900) ലേഖനത്തിൽ പറയുന്നു. തിരുമേനിയുമായി ആലോചിച്ച് അനുവാദം വാങ്ങിയാണ് പാമ്പാക്കുട അച്ചടിക്കുന്നതെന്നും മാത്തൻ മൽപ്പാൻ പ്രസ്തുത ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്.

ഇപ്രകാരം മാർ യൂലിയോസ് പ്രസിൽ നിന്നും മാത്തൻ മല്പാൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ താഴെപ്പറയുന്നവയാണ്: കഷ്ടാനുഭവാഴ്ചയിലെ പ്രൊമിയോൻ (സുറിയാനി - 1898), മാർ യൂലിയോസ് പ്രസിദ്ധീകരിച്ച ശവസംസ്കാര ശുശ്രൂഷയുടെ രണ്ടാം പതിപ്പ്, കുർബ്ബാന തക്സാ, ആണ്ടു തക്സാ (എല്ലാ സുറിയാനിയിൽ).

പ്രസിദ്ധീകരണങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങളും അനുമോദനങ്ങളും ഇടവകപത്രികയിൽ പ്രസിദ്ധീകരിച്ചിരുന്നു. എല്ലാ വൈദികരും സുറിയാനി വായിക്കുന്നതിൽ ഒരുപോലെ പ്രാവീണ്യം ഉള്ളവർ അല്ലാത്തതിനാൽ 'കർസ്സോൻ' അക്ഷരത്തിൽ (സുറിയാനി മലയാളം ലിപിയിലും, മറിച്ചും) അച്ചടിക്കണമെന്ന് ചിലർക്ക് അഭിപ്രായം ഉണ്ടായിരുന്നു. എന്നാൽ ഇടവകപത്രിക അതിന് അനുകൂലമല്ലായിരുന്നു. വാങ്ങിക്കുവാൻ ആളുണ്ടാകില്ലെന്ന് ഇടവകപത്രിക അഭിപ്രായപ്പെട്ടു (V/12, 1896).

പാമ്പാക്കുട നിന്നും മാത്തൻ മല്പാൻ 1900-ൽ യൽദോയുടെ ക്രമവും, 1904-ൽ കന്തീലായും കഹനൈത്തായും പ്രസിദ്ധീകരിച്ചു. മാത്തൻ മൽപ്പാൻ സുറിയാനിയിൽ പ്രസിദ്ധീകരിച്ച വേദവായനക്കുറിപ്പ് പുലിക്കോട്ടിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരം, മലയാളത്തിൽ വിവർത്തനം ചെയ്ത് കോട്ടയത്ത് മാർത്തോമ്മാ പ്രസിൽ അച്ചടിച്ചു.

പുസ്തകങ്ങൾ വാങ്ങുന്ന കാര്യത്തിൽ വൈദികരും പള്ളികളും കാര്യമായ ഉത്സാഹം കാണിച്ചില്ലെന്ന് ഇടവകപത്രികയിൽ 1902-ൽ പ്രസിദ്ധീകരിച്ച 'സുറിയാനി അച്ചടി' എന്ന ലേഖനത്തിൽ നിന്നും വ്യക്തമാകുന്നു. പുസ്തകങ്ങളുടെ വില്പന ത്വരിതപ്പെടുത്തുന്നതിന് പരുമല തിരുമേനിയും പുലിക്കോട്ടിൽ തിരുമേനിയും 1902-ൽ പള്ളികൾക്ക് കല്പനകൾ അയച്ചു. നല്ല കറതീർന്ന പുസ്തകങ്ങൾ ഉണ്ടായിട്ടും ചിലർ പിന്നെയും "പഴയ ക്രീറ്റുക്രാസുകൾ" ആശ്രയിച്ചുകൊണ്ട് അച്ചടിപുസ്തകങ്ങൾ വാങ്ങാതെയിരിക്കുന്നതിൽ നാം ഖേദിക്കുന്നുവെന്ന് പരുമല തിരുമേനിയുടെ കൽപനയിൽ പറഞ്ഞിരിക്കുന്നു (ഇടവകപത്രിക, X/6, 1902).

മലങ്കരയിൽ ഇന്ന് ഉപയോഗിക്കുന്ന ആരാധനയുടെ നടപടിക്രമത്തിന്റെ ഉത്ഭവം പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്താണ്. കോനാട്ടു മാത്തൻ മല്പാൻ ഇതിന്റെ രചനയിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ പത്രോസ് പാത്രിയർക്കീസ് ആരാധനയുടെ ക്രമീകരണത്തെപ്പറ്റി സുറിയാനിയിൽ പള്ളികൾക്കയച്ച കല്പനയുടെ മലയാള വിവർത്തനം 1877-ൽ കൊച്ചിയിലെ സെന്റ് തോമസ് പ്രസിൽ നിന്നും 'നടപടിക്രമങ്ങൾ' എന്ന പേരിൽ ലഘു ഗ്രന്ഥമായി പ്രസിദ്ധീകരിച്ചിരുന്നു.

1900 മേടം 20-ന് ബുധനാഴ്ച പുതു ഞായറാഴ്ചയ്ക്കു ശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിൽ ഒന്നായിരുന്നു 'നടപടിക്രമം' ഉണ്ടാക്കുക എന്നത്. മലങ്കരയിൽ 'മഫ്രിയാന സ്ഥാനം' സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ആലോചനകൾ നടത്തിയതും ഈ യോഗത്തിൽ വെച്ചായിരുന്നു.

പ്രസ്തുത യോഗത്തിൽ, ഒരു 'ഇടവക പഞ്ചാംഗം' വർഷംതോറും ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മാത്തൻ മൽപ്പാൻ സംസാരിച്ചു. തുടർന്ന് പഞ്ചാംഗം ഉണ്ടാക്കാനുള്ള ചുമതല ഇടവകപത്രിക പത്രാധിപർ ഇ. എം. ഫിലിപ്പിനെ ഏൽപ്പിച്ചു. അതേ യോഗത്തിൽ പള്ളിനടപടികളെ ക്രമപ്പെടുത്തുകയോ ഐക്യരൂപമാക്കുകയോ ചെയ്യുന്ന ഒരു 'നടപടിക്രമം' വേണമെന്നുള്ള അഭിപ്രായം മാലിത്ര ഏലിയാസ് കത്തനാർ പ്രകടിപ്പിച്ചു. അദ്ദേഹം എഴുതിയ ഒരു പുസ്തകം പരിശോധിച്ചു വേണ്ട ഭേദഗതികളോടുകൂടി അടുത്ത സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ "മല്പാന്മാർ ഉൾപ്പെട്ട ഒരു സബ് കമ്മറ്റിയെ നിയമിച്ചു" (ഇടവക പത്രിക, IX/4, 1900). പ്രസ്തുത കമ്മിറ്റിയിൽ വട്ടശ്ശേരിൽ ഗീവറുഗീസ് മൽപ്പാനും കോനാട്ടു മാത്തൻ മൽപ്പാനും അംഗങ്ങൾ ആയിരുന്നിരിക്കണം.

1909-ൽ മാത്തൻ മൽപ്പാൻ പാമ്പാക്കുട നിന്നും പ്രസിദ്ധീകരിച്ച നടപടിക്രമത്തിന്റെ ആമുഖത്തിൽ മാലിത്ര ഏലിയാസ് കത്തനാരെപ്പറ്റിയും എം.ഡി. സെമിനാരി യോഗം ചുമതലപ്പെടുത്തിയ സബ് കമ്മിറ്റിയെപ്പറ്റിയും

പരാമർശനമില്ല. ആമുഖത്തിൽ മാത്തൻ മൽപ്പാൻ ഇങ്ങനെ എഴുതുന്നു:

“ജോസഫ് മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് (ഒന്നാം കാതോലിക്കാ) എന്നിവരുടെ അദ്ധ്യക്ഷതയിൽ പിറവം സെമിനാരിയിൽ പട്ടക്കാരുടെ ഒരു യോഗം കൂടി അതിന് “വൈദികസംഘം” എന്നു പേരിട്ടു. നടപടിക്രമങ്ങൾ എഴുതി ഉണ്ടാക്കി യോഗത്തിൽ വായിച്ച് പാസ്സാക്കി അച്ച ടിപ്പിക്കുവാൻ മാത്തൻ മല്പാനെയും പള്ളിക്കര കുരിശുങ്കൽ മാണിക്ക ത്തനാരെയും ചുമതലപ്പെടുത്തി. തുടർന്ന് പത്രോസ് പാത്രിയർക്കീസിന്റെ കൽപ്പനകളും മറ്റു ചില പുസ്തകങ്ങളും പരിശോധിച്ച് ഇരുവരും ചേർന്ന് ദനഹാ മുതൽ പെന്തിക്കോസ്തിവരെയുള്ള നടപടിക്രമങ്ങളുടെ ഒരു രൂപ രേഖ എഴുതി ഉണ്ടാക്കി പിറവം സെമിനാരിയിൽ മാർ ഈവാനിയോ സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വൈദികസംഘത്തിന്റെ രണ്ടാം യോഗ ത്തിൽ വായിച്ചു പാസ്സാക്കി. എന്നാൽ മറ്റു തിരുമേനിമാരും വട്ടശ്ശേരിൽ ദീവന്നാസ്യോസും വായിച്ചു കേട്ട് അച്ചടിപ്പിക്കണമെന്ന് തീരുമാനിച്ചതി നാൽ പ്രസിദ്ധീകരണം താമസിച്ചു. തുടർന്ന് മെത്രാന്മാരെയും കൊച്ചു പറമ്പിൽ പൗലോസ് റമ്പാൻ (മാർ കൂറിലോസ്) മട്ടയ്ക്കൽ അലക്സ ന്ത്രയോസ് കത്തനാർ, ഇലവിനാമണ്ണിൽ സ്കറിയാ കത്തനാർ തുടങ്ങി യവരേയും വായിച്ചു കേൾപ്പിച്ചു. ഒടുവിൽ കടമറ്റം പള്ളിയിൽ വച്ച് മാർ ഈവാനിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മൂന്നാമത്തെ വൈദിക യോഗത്തിൽ വായിച്ച് പാസ്സാക്കി അച്ചടിപ്പിച്ചു.”

നടപടിക്രമത്തിന് അന്തിമരൂപം നൽകിയതിൽ മുറിമറ്റത്തിൽ മാർ ഈവാനിയോസ് പ്രധാന പങ്കു വഹിച്ചുവെന്ന് ആമുഖത്തിൽ പറയു ന്നുണ്ട്.

ഇന്ന് പള്ളികളിൽ ഉപയോഗിക്കുന്ന മലയാളം കുർബ്ബാനക്രമവും ഭവ നങ്ങളിൽ ചൊല്ലുന്ന സാധാരണ പ്രാർത്ഥനകളും മലയാളത്തിൽ പരി ഭാഷപ്പെടുത്തി വ്യാപകമാക്കുന്നതിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവ ന്നാസ്യോസ് സുപ്രധാന പങ്കു വഹിച്ചു എന്നതിന് രണ്ടുപക്ഷമില്ല. കോനാട്ടു മാത്തൻ മല്പാൻ സുറിയാനി ഭാഷയോടും സുറിയാനിയിലുള്ള ആരാധനയോടും പ്രത്യേക താത്പര്യം കാട്ടി. അന്ത്യോഖ്യൻ ക്രമങ്ങൾ മലങ്കരയിൽ വ്യാപകമായി ഉപയോഗിക്കുന്നതിനു പിന്നിൽ പ്രവർത്തി ച്ചത് മാത്തൻ മല്പാനാണ്. എന്നാൽ മലയാളത്തിൽ ആരാധനാക്രമ ങ്ങൾ ഉണ്ടാക്കുന്നതിൽ പ്രത്യേക താല്പര്യം കാട്ടിയത് പുലിക്കോട്ടിൽ തിരുമേനിയാണ്. മലങ്കരസഭയുടെ ആരാധനയുടെ “തദ്ദേശീകരണ” ത്തിന്റെ പ്രഥമ ഘട്ടത്തിന് നാന്ദി കുറിച്ചത് തിരുമേനിയാണ്.

കൽദായ സുറിയാനി ഭാഷയുടെയും കത്തോലിക്കാ ആചാരങ്ങ ളുടെയും സ്വാധീനത്തിൽ നിന്നും മലങ്കരസഭയെ സ്വതന്ത്രമാക്കി

ഓറിയന്റൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഈ സഭയെ എത്തിച്ചത് പുലിക്കോട്ടിൽ തിരുമേനിയാണ് (മാത്തൻ മല്പാനും ഇക്കാര്യത്തിൽ അവിസ്മരണീയമായ സംഭാവനകൾ നൽകിയത് വിസ്മരിക്കാനാവില്ല).

ആരാധനാകാര്യത്തിൽ മലങ്കരസഭയിൽ നിലനിന്നിരുന്ന 'അലംഭാവത്തി'ന് അന്ത്യംകുറിച്ചത് പുലിക്കോട്ടിൽ തിരുമേനിയാണ്. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബഹുഭൂരിപക്ഷം വൈദികരും ആരാധനാകാര്യങ്ങളിലും സുറിയാനി ഭാഷയിലും പ്രാഥമികമായ അറിവു മാത്രമുള്ളവരായിരുന്നു. 1893-ലെ "മലങ്കര ഇടവകപത്രിക"യിൽ ആരോ എഴുതിയ ഒരു ലേഖനത്തിൽ "പത്തുനൂറു വർഷം" മുമ്പുള്ള അവസ്ഥയെപ്പറ്റി ഇങ്ങനെ പറയുന്നു: "ഏവൻഗേലിയോൻ നാലും വായിക്കുന്നത് അക്കാലത്ത് ഒരു വലിയ സാമർത്ഥ്യം ആയിരുന്നു. കുർബ്ബാന തക്സായിൽ നാലാറുക്രമം പരിചയിച്ചവർ മൽപ്പാന്മാരായിരുന്നു" (ഇടവകപത്രിക II/2, 1893). ഇത്തരം "മൽപ്പാന്മാരെ"യാണ് പലപ്പോഴും മഹാപണ്ഡിതന്മാരാണെന്ന് ചിലർ വിശേഷിപ്പിക്കുന്നത്.

1900-ൽ ഇടവകപത്രികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ മാത്തൻ മൽപ്പാൻ സഭാംഗങ്ങൾക്ക് ആരാധനാ വിഷയത്തിൽ ഉണ്ടായിരുന്ന അറിവിനെപ്പറ്റി എഴുതുന്നത് ഇങ്ങനെയാണ്:

"മലയാള നമസ്കാര പുസ്തകം അച്ചടിക്കുന്നതിന് മുമ്പ് ആകാശത്തിലുള്ളതും, നന്മനിറഞ്ഞ മറിയവും, ഒരു വക "ഞാൻ പിഴയാളിയും[1]" കഷ്ടിച്ച് വിശ്വാസപ്രമാണവും അല്ലാതെ അറിയുന്ന ആളുകൾ ഉണ്ടായിരുന്നില്ലല്ലോ? (....) നമസ്കാര പുസ്തകങ്ങളുണ്ടായിരിക്കുന്ന ഈ കാലത്ത് പുസ്തകത്തിലുള്ളതെല്ലാം ജനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. എഴുത്ത് അറിയാൻ പാടില്ലാത്തവരും പഠിച്ചിട്ടുണ്ട്. ശവമടക്കുന്ന ക്രമം മിക്കവാറും സ്ഥലങ്ങളിൽ മുറിയുംമുണ്ടനുമായിട്ടാണ് നടന്നുകൊണ്ടിരുന്നത്. എന്റെ കാരണവർ മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഈ സ്ഥലത്തു തന്നെ അത് അച്ചടിപ്പിച്ചതിനാൽ ശരിയായി എല്ലാ സ്ഥലത്തും നടന്നുപോകുന്നു. അത് അച്ചടിച്ച കാലത്ത് ശരിയായ രാഗത്തിലും രീതിയിലും ഉപയോഗിപ്പാൻ അറിയാവുന്നവർ എട്ടോപത്തോ പേരിലധികം നമ്മുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ഒരു കുർബ്ബാനക്രമവും രണ്ട് ഏവൻഗേലിയും മാത്രം പഠിച്ചിട്ടുള്ള അച്ചനും[2] ഇപ്പോൾ ശരിയായി ഉപയോഗിക്കുന്നു. ഇതാണ് അച്ചടികൊണ്ടുള്ള പ്രയോജനം" (ആരാധനാക്രമങ്ങൾ പണം മുടക്കി അച്ചടിപ്പിക്കേണ്ടതില്ലെന്ന് പറഞ്ഞ ആർക്കോ ഉള്ള മറുപടി ആയിരുന്നു ഇത്).

പുലിക്കോട്ടിൽ തിരുമേനി മെത്രാപ്പോലീത്തായായ അവസരത്തിൽ മലങ്കരയിലെ സ്ഥിതി ഇതായിരുന്നു. അതിന് മാറ്റം വരുത്തുവാൻ

അദ്ദേഹത്തിന് സാധിച്ചു. മലയാളത്തിൽ വേദപുസ്തകം വിവർത്തനം ചെയ്ത് സഭാംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. മാത്തൻ മല്പാന്റെ നേതൃത്വത്തിൽ വേദപുസ്തക വിവർത്തനം ആരംഭിച്ചപ്പോൾ തിരുമേനി അതിന് എല്ലാ സഹായങ്ങളും നൽകി. വേദപുസ്തകം അച്ചടിപ്പിക്കുന്നതിന് പണം അയച്ചുകൊടുക്കണമെന്ന് അദ്ദേഹം വ്യക്തികൾക്കും പള്ളികൾക്കും കൽപ്പന അയച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് മത്തായിയുടെ സുവിശേഷം മലയാളത്തിൽ കോട്ടയത്ത് മനോരമ പ്രസിൽ അച്ചടിപ്പിച്ചു (1906-ൽ). എന്നാൽ വെളിപാട് പുസ്തകം ഒഴികെ പുതിയനിയമത്തിന്റെ പൂർണ്ണമായ പരിഭാഷ മാത്തൻ മൽപാൻ തയ്യാറാക്കിയത് പ്രസിദ്ധീകൃതമായത് 1936-ൽ മാത്രമാണ്.

## കുറിപ്പുകൾ

1. ഒരു കത്തോലിക്കാ പ്രാർത്ഥന.

2. പല വൈദികരും കുർബ്ബാന തക്സായുടെ അവസാനം രണ്ടോ മൂന്നോ സുവിശേഷഭാഗങ്ങൾ എഴുതിച്ചേർത്ത് അവ മാത്രം ഞായറാഴ്ചകളിൽ സുറിയാനിയിൽ വായിച്ചിരുന്നു.

(‘*യുഗതേജസ്സ്*’ എന്ന ഗ്രന്ഥത്തിൽ നിന്നും)

# ജനാധിപത്യ തത്വങ്ങളുടെ സംരക്ഷകൻ

## ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കണ്ട ഏറ്റവും പ്രഗത്ഭരായ ഭരണകർത്താക്കളിൽ ഒരാളായിരുന്നു ദീവന്നാസ്യോസ് അഞ്ചാമൻ അഥവാ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ. അസ്വസ്ഥതകളും, അസ്ഥിരതയും നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് അദ്ദേഹത്തിന് സഭാനേതൃത്വം ഏറ്റെടുക്കേണ്ടി വന്നത്. എന്നാൽ ഈ അസ്വസ്ഥതകളുടെ നടുവിലൂടെ സഭാനൗകയെ വിദഗ്ധമായി ഓടിച്ച് ശാന്തമായ തുറമുഖത്ത് എത്തിക്കുവാൻ കഴിഞ്ഞ ജ്ഞാനിയായ കപ്പൽക്കാരനായിരുന്നു പുലിക്കോട്ടിൽ തിരുമേനി. ഒരു വശത്തു നിന്നും നവീകരണക്കാരുടെയും, മറുവശത്തുനിന്നും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും ആക്രമണങ്ങൾ നേരിടേണ്ടി വന്നു എങ്കിലും, അതിനെയെല്ലാം ഫലപ്രദമായി ചെറുത്തു തോൽപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. മാർ ദീവന്നാസ്യോസിന്റെ സാമർത്ഥ്യമില്ലായിരുന്നു എങ്കിൽ നവീകരണക്കാർ പിരിഞ്ഞുപോയപ്പോൾ മലങ്കരസഭയ്ക്ക് ഉണ്ടാകുമായിരുന്ന നഷ്ടം, യഥാർത്ഥത്തിൽ സംഭവിച്ചതിന്റെ പതിന്മടങ്ങ് ആകുമായിരുന്നു.

ഹൃദ്യമായ ഇടപെടലുകളിലൂടെ മറ്റുള്ളവരുടെ വിശ്വാസം നേടുവാൻ സാധിക്കുമായിരുന്നു അദ്ദേഹത്തിന്. സഹപ്രവർത്തകർക്ക് നൽകേണ്ടതും, അതിൽ കൂടുതലും ബഹുമാനം നൽകുന്നത് ഒരു ബലഹീനതയായി ഒരിക്കലും അദ്ദേഹം കരുതിയിരുന്നില്ല. സഭാ ഭരണത്തിന് കൃത്യമായ ഭരണഘടനയോ എഴുതപ്പെട്ട നിബന്ധനകളോ ഇല്ലാതിരുന്ന കാലത്ത് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനിയന്ത്രിതമായ അധികാരങ്ങൾ പ്രയോഗിക്കുവാനുള്ള സാധ്യതകൾ ഉണ്ടായിരുന്നു. എന്നാൽ ജനാധിപത്യമൂല്യങ്ങൾക്കു പ്രാധാന്യം നൽകുവാനുള്ള ഉൾക്കാഴ്ച തിരുമേനിക്കുണ്ടായിരുന്നു. അനേകർ അദ്ദേഹത്തിൽ പൂർണ്ണ വിശ്വാസമർപ്പിക്കുവാനുള്ള കാരണവും അതുതന്നെയാണ്. ഒന്നു രണ്ട് ഉദാഹരണങ്ങൾ മാത്രം ഇവിടെ കുറിക്കുവാൻ ശ്രമിക്കുന്നു.

മലങ്കരസഭയുടെ ഏക ഭരണാധികാരിയായിരുന്ന മലങ്കര മെത്രാപ്പോലീത്തായോടൊപ്പം സഭാസ്വത്തുക്കൾ കൈകാര്യം ചെയ്യുവാൻ രണ്ടു ട്രസ്റ്റിമാർ കൂടെ വേണമെന്ന തീരുമാനം ഉണ്ടായത് 1840-ൽ ആണ്. സി.എം.എസ്. മിഷനറിമാരുമായി വഴിപിരിഞ്ഞപ്പോൾ, സ്വത്ത് ഭാഗം വെയ്ക്കുവാൻ നിയമിതമായ മൂന്നംഗ ആർബിറ്ററേഷൻ കമ്മിറ്റി തയ്യാറാക്കിയ

“കൊച്ചിൻ അവാർഡ്” എന്ന പേരിൽ അറിയപ്പെടുന്ന രേഖയിലാണ്, ഇനിമേൽ സഭ തിരഞ്ഞെടുക്കുന്ന ഒരു മെത്രാപ്പോലീത്തായും, ഒരു വൈദികനും, ഒരു അത്മായക്കാരനും, ട്രസ്റ്റികളായിരിക്കുന്ന ഒരു ട്രസ്റ്റ് സഭാസ്വത്തുക്കൾ ഭരിക്കണം എന്ന തീരുമാനമുണ്ടായത്.

കൂട്ടുട്രസ്റ്റിമാരെ സഭാഭരണത്തിൽ പങ്കാളികളാക്കിയിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ. ഇക്കാര്യത്തിൽ ബഹു. ജോസഫ് ചീരൻ അച്ചന്റെ ചില പരാമർശനങ്ങൾ ഏറ്റവും അനുയോജ്യമായി തോന്നുന്നു: “മെത്രാപ്പോലീത്തൻ ട്രസ്റ്റിയും, വൈദിക ട്രസ്റ്റിയും, അത്മായ ട്രസ്റ്റിയും തമ്മിൽ അഭേദ്യമായ വൈകാരികബന്ധം നിലനിന്നിരുന്നു. ... അത്മായ ട്രസ്റ്റിക്കും, വൈദിക ട്രസ്റ്റിക്കും സഭാഭരണത്തിൽ തുല്യ പങ്കാളിത്തം അനുവദിച്ചിരുന്നു. ....” (ആനപ്പാപ്പി, 2001, പേജ് 13, 14, 16). ആദ്യകാല ട്രസ്റ്റിമാരോടുള്ള ഇടപെടലുകൾ എപ്രകാരമായിരുന്നു എന്നു തെളിയിക്കുവാൻ രേഖകളൊന്നും ഈ ലേഖകന്റെ പക്കലില്ല. എന്നാൽ 1893-ൽ കോനാട്ട് മാത്തൻ മല്പാൻ വൈദിക ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ഇരുവരും തമ്മിൽ നടന്നിട്ടുള്ള എഴുത്തുകുത്തുകൾ പുലിക്കോട്ടിൽ തിരുമേനിയുടെ വിശാല മനസ്കത വെളിവാക്കുന്നു.

തിരുമേനിക്കു വേണ്ടി സുറിയാനിയിൽ കത്തുകളും മറ്റും തയ്യാറാക്കുന്നതിന് മാത്തൻ മല്പാന്റെ സഹായം പലപ്പോഴും ആവശ്യപ്പെട്ടിരുന്നു. പാത്രിയർക്കീസിനും മറ്റും അയക്കേണ്ട കത്തുകൾ ആണെങ്കിൽ പോലും അതിന്റെ പ്രധാന ആശയം നൽകിയിട്ട് ഉചിതമായ ഒരു കത്തു തയ്യാറാക്കുവാൻ ആവശ്യപ്പെടുക മാത്രമാണ് തിരുമേനി ചെയ്തിരുന്നത്. 1906 കന്നി 2-ന് മാത്തൻ മല്പാന് അയച്ച ഒരു കത്തിൽ തിരുമേനി പറയുന്നു: “..... പാത്രിയർക്കീസ് ബാവായ്ക്കും ഒരു കത്ത് അയപ്പാനായി നമുക്കു തോന്നപ്പെട്ടപ്രകാരം ഒരു പകർപ്പ് ഉണ്ടാക്കി അയയ്ക്കുന്നു. ഈ പകർപ്പിൽ ആവശ്യമില്ലാത്തതു കണ്ടാൽ അതു നീക്കിയും, ആവശ്യമെന്നു തോന്നുന്നതിനെ കൂട്ടിയും സുറിയാനിയിൽ അസൽ എഴുതി ഇങ്ങോട്ട് അയച്ചുതരികയും വേണം.” ഇങ്ങനെ തയ്യാറാക്കി അയച്ചു കൊടുക്കുന്ന കത്തിന്റെ അടിയിൽ തിരുമേനി ഒപ്പും മുദ്രയും വയ്ക്കുക മാത്രമാണ് പലപ്പോഴും ചെയ്തിരുന്നത് (1908 മിഥുനം 10-ലെ കത്ത്). അത്രമാത്രം തന്റെ കൂട്ടുട്രസ്റ്റിയെ വിശ്വസ്ഥനായി കരുതിയാണ് തിരുമേനി ഭരണം നിർവ്വഹിച്ചിരുന്നത്. പാത്രിയർക്കീസിന് ഒരു സ്വർണ്ണ വടി സമ്മാനിക്കുന്നതിനെക്കുറിച്ച് ഉണ്ടായ ചിന്ത മലങ്കര മെത്രാപ്പോലീത്താ പ്രമുഖരുമായി ആലോചിച്ചശേഷം വൈദിക ട്രസ്റ്റിയുടെ അഭിപ്രായവും ആരായുന്നുണ്ട്. കൂട്ടു ട്രസ്റ്റിയുടെ അഭിപ്രായം കൂടി അറിഞ്ഞശേഷമേ താൻ അതിനുള്ള ഒരുക്കങ്ങൾ ചെയ്യുകയുള്ളു എന്നും ഒരു കത്തിൽ വ്യക്തമാക്കുന്നുണ്ട് (1906 കന്നി 15). ഒരു ആലോചനക്കാരൻ എന്ന

നിലയിൽ മാത്രമല്ല, വിഷമഘട്ടങ്ങളിൽ പിൻതുണ നൽകുന്ന ഒരു സുഹൃത്തുമായിരുന്നു അദ്ദേഹം. മാത്തൻ മല്പാനെ കുറിച്ച് മോശമായ ചില പരാമർശനങ്ങൾ "മലങ്കര ഇടവകപത്രിക'യിൽ വന്നപ്പോൾ പത്രാധിപരെ ശാസിക്കയും, ഇനിമേൽ വൈദികട്രസ്റ്റിയെ സഭയുടെ പ്രസിദ്ധീകരണം അവഹേളിക്കയില്ലെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നുണ്ട് (1904 കുംഭം 23). കവിഞ്ഞൊഴുകിയിരുന്ന ഈ സ്നേഹപ്രകടനങ്ങളോടൊപ്പം ആവശ്യമുള്ള ഗുണദോഷങ്ങളും, താക്കീതുകളും നൽകുന്ന കത്തുകളും കാണുന്നുണ്ട് (1908 മകരം 11). കമ്മിറ്റി മീറ്റിഗുകളിലും മറ്റും ഏതെങ്കിലും കാരണവശാൽ വൈദികട്രസ്റ്റി എത്തിച്ചേരുകയില്ല എന്നു തോന്നിയാൽ, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ നടത്തിയിട്ടുള്ള എഴുത്തുകളും ലഭ്യമാണ്. തിരുമേനിക്ക് തീരെ സുഖമില്ലാത്തതിനാൽ കിടന്നുകൊണ്ടാണ് എഴുതുന്നത്, തീർച്ചയായും കമ്മിറ്റിക്കു വരണം എന്നു നിർദ്ദേശം നൽകുന്ന ഒരു കത്ത് ഈ കൂട്ടത്തിലെ ഒരു ഉദാഹരണം മാത്രമാണ് (1908 വൃശ്ചികം 6).

പ. വട്ടശ്ശേരിൽ തിരുമേനിയുടെ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചു നടന്ന ചില സംഭവങ്ങൾ പുലിക്കോട്ടിൽ തിരുമേനി ജനാധിപത്യ തത്വങ്ങൾക്ക് എത്രമാത്രം പ്രാധാന്യം നൽകിയിരുന്നു എന്ന് വെളിവാക്കുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ തിരഞ്ഞെടുപ്പ് ഔദ്യോഗികമായി നടന്നത് 1908-ൽ ആണെങ്കിലും, യഥാർത്ഥ തിരഞ്ഞെടുപ്പ് 1902 ഡിസംബർ 2-ന് പ. പരുമല തിരുമേനിയുടെ 30-ാം ചരമദിനത്തിൽ നടന്നിരുന്നു. അന്ന് പരുമലയിൽ കൂടിയ ജനം, ഉച്ച കഴിഞ്ഞ് പുലിക്കോട്ടിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടി. സഭയ്ക്ക് പുതിയ മെത്രാന്മാരെ ആവശ്യമുണ്ടെന്ന് യോഗം വിലയിരുത്തുകയും അതിനായി വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാന്റെയും, പൗലൂസ് റമ്പാന്റെയും പേരുകൾ നിർദ്ദേശിക്കുകയും ചെയ്തു (മലങ്കര ഇടവക പത്രിക, 11, 11, പേജ് 202). എന്നാൽ വടക്കുനിന്നു വന്ന പ്രതിനിധികൾ, രണ്ടു മെത്രാന്മാർ അപര്യാപ്തമാണെന്നും, കൂടുതൽ പേർ ആവശ്യമാണെന്നും, അത് ആരൊക്കെയെന്ന് വലിയ തിരുമേനിയും മറ്റു മെത്രാന്മാരും കൂടി തീരുമാനിച്ചാൽ മതിയെന്നും അഭിപ്രായപ്പെട്ടു. ഈ തീരുമാനം എല്ലാവരും കൈയടിച്ചു പാസ്സാക്കി. ഈ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ് വട്ടശ്ശേരിൽ മല്പാനെ 1903-ൽ റമ്പാനാക്കിയത്. ഇടവകപത്രികയിലെ റിപ്പോർട്ടുകളിലും 1908-നു മുമ്പുതന്നെ വട്ടശ്ശേരിൽ മല്പാന്റെ തിരഞ്ഞെടുപ്പ് കഴിഞ്ഞതായി പരാമർശമുണ്ട് (1907, 16, 1, പേജ് 16; 16, 12, പേജ് 225-227). വീണ്ടും ഒരു തിരഞ്ഞെടുപ്പ് കൂടാതെ കാര്യങ്ങൾ നടത്തുവാനുള്ള സാധ്യത പുലിക്കോട്ടിൽ തിരുമേനിക്കു ലഭിച്ചിട്ടും അത് അദ്ദേഹം ചെയ്തില്ല. മെത്രാൻ സ്ഥാനത്തേയ്ക്കുള്ള വിളി അതീവ ശ്രദ്ധാപൂർവ്വം സ്ഥിരപ്പെടുത്തേണ്ട

താകയാൽ, തികച്ചും ജനാധിപത്യപരമായി വീണ്ടും അസോസിയേഷൻ വിളിച്ചു കൂട്ടി തിരഞ്ഞെടുപ്പു നടത്തി.

വളരെ കാലങ്ങൾക്കിടയിൽ മലങ്കരസഭയിൽ നടക്കുന്ന ആദ്യത്തെ ക്രമീകൃതമായ മെത്രാൻ തിരഞ്ഞെടുപ്പായിരുന്നു ഇത് എന്നു കൂടി ഓർക്കണം. ആദ്യകാലങ്ങളിൽ സഭാതലവനായിരുന്ന "ജാതിക്കുകർത്തവ്യൻ" തിരഞ്ഞെടുക്കുകയായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. എന്നാൽ അത് എത്രമാത്രം ക്രമീകൃതമായിരുന്നു എന്നു കൃത്യമായി അറിവില്ല. ഒന്നാം മാർത്തോമ്മായെ മെത്രാനായി ഉയർത്താൻ തീരുമാനിച്ച ആലങ്ങാട്ടെ സമ്മേളനം (1653) ഒരു ഉദാഹരണമാണ്. പിന്നീട് വാഴിക്കപ്പെട്ട മലങ്കര മെത്രാന്മാർ ആരുംതന്നെ ക്രമീകൃതമായ ഒരു തിരഞ്ഞെടുപ്പിനെ നേരിടേണ്ടി വന്നിട്ടില്ല. ജനത്തിന്റെ സമ്മതം ആവശ്യമാണ് എന്ന തത്വം നിലനിന്നിരുന്നിരിക്കാം. എന്നാൽ ഈ ജനസമ്മതം പ്രകടിപ്പിച്ചിരുന്നത് വിവിധ തരത്തിലായിരുന്നു. മുളന്തുരുത്തി സുന്നഹദോസിൽ വച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകൃതമായി എങ്കിലും മെത്രാന്മാരെ ഈ അസോസിയേഷൻ തിരഞ്ഞെടുക്കണം എന്നൊരു നിയമം അവിടെ ഉണ്ടായതായി കാണുന്നില്ല. അപ്പോൾ സഭാഭരണഘടന ഉണ്ടാകുന്നതിനു വർഷങ്ങൾക്കു മുൻപേ ക്രമീകൃതമായി മെത്രാൻ തിരഞ്ഞെടുപ്പു നടത്തുന്ന പതിവിന് തുടക്കം കുറിച്ച ആളാണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയും രൂപംകൊണ്ട നാൾ മുതൽ ആവശ്യമുള്ളപ്പോഴെല്ലാം വിളിച്ചുകൂട്ടി ആലോചന നടത്തുന്ന പതിവാണ് തിരുമേനിക്കുണ്ടായിരുന്നത്.

തിരുമേനിക്ക് ഇഷ്ടമുള്ള ആരെ വേണമെങ്കിലും മെത്രാനായി വാഴിക്കുവാൻ ജനം നൽകിയ അധികാരമാണ് അദ്ദേഹം വേണ്ടെന്നു വച്ചത്. ആരൊക്കെയാണ് മെത്രാൻ സ്ഥാനത്തിന് യോഗ്യന്മാർ എന്ന് ആരാഞ്ഞുകൊണ്ട് മാത്തൻ മല്പാന് അയച്ച ഒരു കത്തും ശ്രദ്ധേയമാണ്. "മകനെ, നമ്മുടെ വൃദ്ധതയെയും ക്ഷീണത്തെയും കുറിച്ച് വിചാരിച്ചാൽ ഭരണത്തിനുള്ള നമ്മുടെ കാലം കഴിഞ്ഞിരിക്കുന്നു. ... വടക്കേ ദിക്കിലെ ഇപ്പോഴത്തെ ഭരണങ്ങൾ വളരെ കുഴപ്പം തന്നെ. അതിനാൽ വടക്കേ ദിക്കിലേക്ക് ആരെ വേണ്ടൂ എന്ന് മല്പാൻ തന്നെ നന്നായി ആലോചിച്ച് നിശ്ചയിക്കുന്നുവോ ആ നിശ്ചയത്തെ നാം സ്വീകരിക്കുകയും, എഴുതി അയയ്ക്കുകയും ചെയ്തുകൊള്ളാം. വടക്കേ ദിക്കിൽ ഇതിലേക്ക് യോഗ്യരായി ഒന്നോ രണ്ടോ പുള്ളികളെ നാം കാണുന്നുണ്ടെങ്കിലും അവരിലൊരാൾ ദീനക്കാരനും, മറ്റൊരാൾ ഒരുവിധം വൃദ്ധനുമായിരിക്കുന്നു. പിന്നെ ആരെല്ലാമോ, മല്പാനു തന്നെ അറിയാം. അതിനാൽ എത്രയും വേഗത്തിൽ ആളെ തിരഞ്ഞെടുത്ത് വേഗത്തിൽ എഴുതി അയപ്പാൻ വിചാരിക്കണം" (1903 ചിങ്ങം 18). മാത്തൻ മല്പാൻ എന്തു മറുപടി കൊടുത്തു എന്ന്

അറിയില്ല. ഏതായാലും ഒരു സ്വേഛാധിപതിയായി സ്വന്ത ഇഷ്ടക്കാരെ മെത്രാന്മാരായി തിരുകി കയറ്റാനുള്ള നടപടിയല്ല പുലിക്കോട്ടിൽ തിരുമേനി സ്വീകരിച്ചത്.

ഇരുമ്പുദണ്ഡുകൊണ്ട് തന്റെ അധികാരങ്ങൾ പൂർണ്ണമായി പ്രയോഗിക്കുന്ന ഒരു ഭരണമായിരുന്നില്ല മാർ ദീവന്നാസ്യോസ് അഞ്ചാമന്റേത്. നിരന്തരമായ സമ്പർക്കത്തിലൂടെയും, സ്നേഹസമ്പൂർണ്ണമായ ഇടപെടലിൽ കൂടെയും തന്റെ സഹപ്രവർത്തകരുടെയും, സമുദായ പ്രമുഖരുടെയും, സഭയിലെ വിശ്വാസികളുടെയും വിശ്വാസം നേടുവാൻ സാധിച്ചതാണ് അദ്ദേഹത്തിന്റെ വിജയ കാരണം. നവീകരണക്കാരുമായുള്ള കോടതി വ്യവഹാരങ്ങളിൽ വിജയിക്കുക എന്നത് ആദ്യപടി മാത്രമായിരുന്നു. കേസ് ജയിച്ച ശേഷം അത് നടത്തിയെടുത്ത് സ്വത്തുക്കൾ പിടിച്ചു പറ്റാൻ മാത്രമായിരുന്നു തിരുമേനി ശ്രമിച്ചത് എങ്കിൽ സഭയ്ക്ക് സഹിക്കേണ്ടി വരുമായിരുന്ന നഷ്ടം വലുതാകുമായിരുന്നു. എന്നാൽ കേസുകൾ ജയിച്ച ശേഷം ഇടവകകൾ സന്ദർശിക്കുകയും, അവിടുത്തെ ജനങ്ങളെ നേരിൽ കാണുകയും, അവരെ സഭയിൽ പിടിച്ചുനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്തതിലൂടെയാണ് തന്റെ ദൗത്യത്തെ യഥാർത്ഥ വിജയത്തിലെത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചത്.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# പുലിക്കോട്ടിൽ ദീവന്നാസ്യോസ് രണ്ടാമൻ 'കണ്ടനാട് ഗ്രന്ഥവരി'യിൽ

## പോൾ മണലിൽ

മലങ്കരസഭയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ ചരിത്രം വിവരിക്കുന്ന ഒരു രേഖയാണ് കണ്ടനാട് ഗ്രന്ഥവരി. ഒന്നര നൂറ്റാണ്ട് മുമ്പ് ഈ ഗ്രന്ഥ വരി എഴുതിയതു കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് ആണ്. 1877–ൽ പത്രോസ് മൂന്നാമൻ വാഴിച്ച ഒരു മെത്രാനാണ് ശെമവൂൻ മാർ ദീവന്നാസ്യോസ്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ മാത്രമല്ല മലങ്കരയിലെ പള്ളി പ്രതിപുരുഷന്മാരുടെയും അനുമതിയില്ലാതെയാണ് മലങ്കര സന്ദർശിച്ച അന്ത്യോഖ്യാ പാത്രിയർക്കീസ് ഇദ്ദേഹത്തെ മെത്രാനായി വാഴിച്ചത്.

ശെമവൂൻ മാർ ദീവന്നാസ്യോസിനെ കൊച്ചി ഇടവകയുടെ ആദ്യത്തെ മെത്രാനായിട്ടാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് വാഴിച്ചതെങ്കിലും കൊച്ചിയിലെ ഒരു പള്ളിയും ഇദ്ദേഹത്തെ സ്വീകരിച്ചില്ല. ഒടുവിൽ മാതൃ ഇടവകയായ കണ്ടനാട് പള്ളിയുടെ ഒരു മുറിയിൽ താമസിക്കാൻ മാത്രം ഇദ്ദേഹത്തിനു സൗകര്യം കൊടുത്തു. കണ്ടനാട് പള്ളിയിലോ മറ്റിടങ്ങ ളിലോ കുർബ്ബാന അർപ്പിക്കാനോ ശുശ്രൂഷകൾ നടത്താനോ അദ്ദേഹ ത്തിനു അവസരം കൊടുത്തില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനോടുള്ള കൂറിനേക്കാൾ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമ നോടുള്ള വ്യക്തിപരമായ പൊരുത്തക്കേടായിരുന്നു ശെമവൂൻ മാർ ദീവ ന്നാസ്യോസിന്റെ സവിശേഷത.

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ തിരുമേനിയെ 1864–ൽ യാക്കോബ് ദ്വിതീയൻ മെത്രാനായി വാഴിച്ചതു മാർ ദീവന്നാ സ്യോസ് എന്ന പേരിലായിരുന്നെങ്കിലും യാക്കോബ് ദ്വിതീയന്റെ പിൻഗാമി പത്രോസ് മൂന്നാമൻ ശെമവൂൻ കോറിയെ മെത്രാനായി വാഴിച്ചപ്പോൾ അദ്ദേഹത്തിനും അതേ നാമം നൽകിയതു മലങ്കരയിൽ കലഹത്തിനുള്ള ഒരു അങ്കപ്പുറപ്പാടിനായിരുന്നു. ഒരേസമയം ഒരേ പേരിൽ രണ്ടു മെത്രാ ന്മാർ! ഇത്തരം കുതന്ത്രങ്ങൾ അന്ത്യോഖ്യർ നടത്തിയതു മലങ്കരസഭയെ ശിഥിലമാക്കാൻ വേണ്ടിയായിരുന്നെന്ന് ചരിത്രം വിലയിരുത്തുമ്പോൾ വ്യക്തമാകുന്നു. അതിന്റെ ഒരു ബലിയാടായിരുന്നു ശെമവൂൻ മാർ ദീവ ന്നാസ്യോസ്.

കണ്ടനാട് ഗ്രന്ഥവരിയിൽ പരാമർശിക്കപ്പെടുന്ന പുലിക്കോട്ടിൽ തിരു മേനിയെപ്പറ്റി പറയുന്നതിനു മുമ്പ് ഈ ശെമവൂൻ മാർ ദീവന്നാസ്യോ

സിന്റെ രേഖാചിത്രം മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ജീവിത ചരിത്രത്തിൽ വൈചിത്ര്യങ്ങൾ ഏറെയുണ്ട്.

കണ്ടനാട് കരോട്ടുവീട്ടിൽ 1823-ൽ ജനിച്ച ശെമവൂൻ ചെറുപ്രായത്തിൽ തന്നെ വൈദികജീവിതത്തിലേക്ക് പ്രവേശിച്ച വ്യക്തിയാണ്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോസിൽ നിന്ന് 1835-ൽ പന്ത്രണ്ടാം വയസ്സിൽ അദ്ദേഹം കോറൂയോ പട്ടം സ്വീകരിച്ചു. തുടർന്നു ഇരുപതാം വയസ്സിൽ അദ്ദേഹം കശ്ശീശയായി. 1843-ൽ പാല ക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസാണ് അദ്ദേഹത്തിനു കശ്ശീ ശാപട്ടം നൽകിയത്. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും 1843-ൽ മെത്രാൻ പട്ടം സ്വീകരിച്ച് മലങ്കരയിൽ എത്തിയ പാലക്കുന്നത്ത് മെത്രാൻ 1852-ൽ രാജകീയ വിളംബരം സമ്പാദിച്ച് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തു പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ശെമവൂൻ കത്തനാർ പാല ക്കുന്നത്തു മെത്രാച്ചന്റെ അനുയായിയായിരുന്നു.

മലങ്കര മെത്രാപ്പോലീത്താ ആയി രാജകീയ വിളംബരത്തോടെ ഭരി ച്ചിരുന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസിന്റെ കാലത്താണ് അദ്ദേഹത്തിന്റെ അനുമതിയും അറിവും കൂടാതെ അന്ത്യോഖ്യാ പാത്രിയർക്കീസ് പാല ക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ മെത്രാനാക്കിയത്. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു പട്ടം സ്വീകരിച്ചു എന്നതിന്റെ പിൻബലത്തിലായിരുന്നു പാലക്കുന്നത്ത് മെത്രാൻ പിന്നെ മലങ്കര മെത്രാ പ്പോലീത്തായായി രാജകീയവിളംബരം നേടിയെടുത്തത്. ശെമവൂൻ മാർ ദീവന്നാസ്യോസ് വൈദികനായിരിക്കുമ്പോൾ പാലക്കുന്നത്ത് മെത്രാന്റെ ആലോചനാസംഘത്തിലെ പ്രമുഖനായിരുന്നു.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്നാണ് ശെമ വൂൻ വൈദികപട്ടം നേടിയതെങ്കിലും 1846-ൽ അദ്ദേഹം കണ്ടനാട് പള്ളി യിൽ വച്ച് കോർഎപ്പിസ്കോപ്പാ സ്ഥാനം സ്വീകരിച്ചതു അന്ത്യോഖ്യൻ മെത്രാനായ യൂയാക്കീം മാർ കൂറിലോസിൽ നിന്നായിരുന്നു. മെത്രാൻ സ്ഥാനമേറ്റുവന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ മലങ്കരസഭയിൽ നവീകരണ പ്രവർത്തനങ്ങൾ ശക്തി പ്പെട്ട സാഹചര്യത്തിൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോസ് സ്ഥാനത്യാഗം ചെയ്തപ്പോൾ 1846-ൽ അന്ത്യോ ഖ്യൻ മെത്രാനായ യൂയാക്കീം മാർ കൂറിലോസ് മലങ്കര മെത്രാപ്പോ ലീത്താ സ്ഥാനത്തിന് അവകാശവാദവുമായി രംഗത്തു വന്നു. പാലക്കു ന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ പ്രതിരോധിക്കാനാണ് യൂയാക്കീം മാർ കൂറിലോസ് രംഗത്തുവന്നതെങ്കിലും നവീകരണ വാദി കളെ നിർവീര്യമാക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. യൂയാക്കീം മാർ കൂറിലോസിന്റെ സഹോദരൻ മക്കുദിശാ ഗബ്രിയേലും

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസും തമ്മിൽ ഉണ്ടായിരുന്ന വ്യക്തിപരമായ അടുപ്പവും യൂയാക്കീം മാർ കൂറിലോസിന്റെ ദ്രവ്യാഗ്രഹവും അധികാരമോഹവുമായിരുന്നു അദ്ദേഹത്തിനുണ്ടായ പരാജയത്തിന്റെ കാരണങ്ങൾ. കൂറിലോസിന്റെ സഹോദരൻ മക്കുദിശാ ഗബ്രിയേൽ വിവാഹം കഴിച്ചതു തിരുവല്ലയിലെ ഒരു കുടുംബത്തിൽ നിന്നായിരുന്നു. മലങ്കരസഭയെ 'രക്ഷിക്കാൻ' വന്ന കൂറിലോസ് നവീകരണവാദികളുമായി അനുരഞ്ജനം നടത്തുന്നതു കണ്ടപ്പോൾ മലങ്കരയിലെ ജനങ്ങൾ ക്രമേണ അദ്ദേഹത്തെ കൈവെടിയാൻ തുടങ്ങി.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ ആയത് ഈയൊരു പശ്ചാത്തലത്തിലാണ്. യൂയാക്കീം മാർ കൂറിലോസിന്റെ അറിവോടും ശുപാർശയോടും കൂടിയാണ് അദ്ദേഹത്തെ അന്ത്യോഖ്യായിലേക്ക് അയച്ചതെങ്കിലും മെത്രാനായി വന്ന പുലിക്കോട്ടിൽ രണ്ടാമനെ കൂറിലോസ് തുണച്ചില്ല. യാക്കോബ് രണ്ടാമന്റെ അംഗീകാരപത്രവുമായിട്ടാണ് പുലിക്കോട്ടിൽ രണ്ടാമൻ 1865-ൽ വന്നതെങ്കിലും കൂറിലോസ് തന്റെ അധികാരം വിട്ടൊഴിയാൻ സന്മനസ്സ് കാട്ടിയില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ സ്വാധീനത്തിൽ സർക്കാരും തുടക്കത്തിൽ പുലിക്കോട്ടിൽ രണ്ടാമനെ അംഗീകരിച്ചില്ല. എന്നാലും പുലിക്കോട്ടിൽ രണ്ടാമൻ കൊച്ചിയിൽ വ്യാപാരിയായിരുന്ന മലങ്കരസഭാംഗം പനയ്ക്കൽ അയ്പ്പൂരുവിന്റെ പാണ്ടികശാല കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഇപ്രകാരം മൂന്ന് മെത്രാപ്പോലീത്താമാർ പ്രവർത്തിച്ച കാലഘട്ടത്തിലാണ് കണ്ടനാട് ഗ്രന്ഥവരി എഴുതപ്പെട്ടത്.

ഈ കാലഘട്ടത്തിൽ മലങ്കരസഭയിൽ ഉണ്ടായ സംഘർഷങ്ങൾക്കു അറുതി വരുത്താനാണെന്നുള്ള ധാരണയിൽ എത്തിച്ചേർന്ന പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ആണ് കണ്ടനാട് ഗ്രന്ഥവരിയുടെ കർത്താവിനെ 1877-ൽ  കൊച്ചിയുടെ പ്രഥമ മെത്രാനായി ശെമവൂൻ മാർ ദീവന്നാസ്യോസ് എന്ന പേരിൽ വാഴിച്ചത്. ഇപ്രകാരം മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസുമായി നിഴൽ യുദ്ധം നടത്തിയ ശെമവൂൻ മാർ ദീവന്നാസ്യോസാണ് കണ്ടനാട് ഗ്രന്ഥവരി എഴുതിയത്. ഈ ഗ്രന്ഥവരി 2008-ൽ ഫാ. ജോസഫ് ചീരനാണ് ആമുഖ പഠനത്തോടെ ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിച്ചത്.

കണ്ടനാട് ഗ്രന്ഥവരിയിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിന്റെ കാലം മുതൽ ഉള്ള ചരിത്ര സംഭവങ്ങൾക്ക് ശെമവൂൻ മാർ ദീവന്നാസ്യോസ് ദൃക്സാക്ഷിയാണ്. അതിനു മുമ്പുള്ള കാലഘട്ടവും

ഗ്രന്ഥവരിയിൽ പൂരിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ഗ്രന്ഥവരിയുടെ പ്രത്യേകത, പാലക്കുന്നത്ത് മെത്രാനെയും യൂയാക്കീം മാർ കൂറിലോസിനെയും യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസിനെയും പത്രോസ് മൂന്നാമൻ പാത്രിയർക്കീസിനെയും തുണച്ചിരുന്ന ഒരാൾ പുലിക്കോട്ടിൽ രണ്ടാമന്റെ സമകാല ചരിത്രം വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിരിക്കുന്നു എന്നതാണ്.

ശെമവൂൻ മാർ ദീവന്നാസ്യോസ് കണ്ടനാട് ഗ്രന്ഥവരി എഴുതി തുടങ്ങിയതു വൈദികനായിരിക്കുമ്പോഴോ അതിനു മുമ്പോ ആയിരിക്കാമെങ്കിലും അതിന്റെ രചന പൂർത്തിയാക്കിയത് മെത്രാനായിരിക്കുമ്പോൾ തന്നെയാണ്. പുലിക്കോട്ടിൽ മെത്രാനോടുള്ള എതിർപ്പ് മൂലം കൊച്ചിയിലെ പള്ളിക്കാർ അദ്ദേഹത്തെ തള്ളിക്കളഞ്ഞ വേളയിൽ കണ്ടനാട് പള്ളിക്കാർ നൽകിയ ഒരു മുറിയിൽ താമസിക്കുമ്പോഴാണ് അദ്ദേഹം ഗ്രന്ഥവരിയുടെ രചന പൂർത്തിയാക്കിയത്. 1888-ൽ അദ്ദേഹം 65-ാം വയസ്സിൽ കാലം ചെയ്തപ്പോൾ ആ മൃതദേഹം ശുദ്ധിയാക്കാൻ കണ്ടനാട് പള്ളിയിലെ ഒരു ചെമ്പുപാത്രം പോലും നൽകിയില്ല! മാതൃ ഇടവകയിൽ ആ മൃതദേഹം അടക്കാൻ അനുവദിച്ചതുമില്ല. അദ്ദേഹം വൈദികനായിരിക്കുമ്പോൾ വികാരിയായിരുന്ന കടുംഗമംഗലം പള്ളിയിലാണ് കബറടക്കത്തിനു സ്ഥലം ലഭിച്ചത്. പുലിക്കോട്ടിൽ രണ്ടാമനോട് നിഴൽ യുദ്ധം ചെയ്ത ഒരാൾ എന്ന നിലയിലായിരുന്നു ഈ സ്ഥിതിവിശേഷം സംജാതമായത്.

എന്നാൽ ഒന്നര നൂറ്റാണ്ടിനു ശേഷം, ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ കണ്ടനാട് ഗ്രന്ഥവരി വെളിച്ചം കണ്ടപ്പോൾ ചരിത്രത്തോട് അദ്ദേഹം കാണിച്ച നീതിയും സത്യസന്ധതയും വായനക്കാരെ അത്ഭുതപ്പെടുത്തുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനോട് അദ്ദേഹം പ്രകടിപ്പിച്ചിരുന്ന എതിർപ്പും വിയോജിപ്പും ഗ്രന്ഥവരി എഴുതിയപ്പോൾ പ്രകടിപ്പിക്കുന്നില്ല എന്നതാണ് ആ അത്ഭുതത്തിനു കാരണം. വ്യവഹാരങ്ങൾ കൊണ്ടും നിലപാടുകൾ കൊണ്ടും ഒറ്റപ്പെട്ട ശെമവൂൻ മാർ ദീവന്നാസ്യോസ് സത്യസന്ധനായ ഒരു ചരിത്രകാരനെപ്പോലെ കണ്ടനാട് ഗ്രന്ഥവരിയിൽ അവതരിക്കുന്നു! പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ ചരിത്രമാണെങ്കിലും കണ്ടനാട് ഗ്രന്ഥവരിയിലെ കർമ്മധീരനായ നായകൻ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ തന്നെയാണ്.

പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ ചരിത്രം പുലിക്കോട്ടിൽ രണ്ടാമന്റെ പശ്ചാത്തലത്തിൽ കണ്ടനാട് ഗ്രന്ഥവരിയിൽ അവതരിപ്പിച്ചിരിക്കുന്നുവെന്നു പറഞ്ഞാൽ തെറ്റില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഭരണവും നവീകരണശ്രമങ്ങളും, നവീകരണ

ശ്രമങ്ങളെ തുടർന്നു മലങ്കരസഭയിൽ ഉടലെടുത്ത ആശങ്കകളും സംഘർഷങ്ങളും, നവീകരണത്തെ തുടർന്ന് അന്ത്യോഖ്യയിൽ നിന്നു വന്ന യൂയാക്കീം മാർ കൂറിലോസിന്റെ പ്രവർത്തനങ്ങളും ഇരട്ടത്താപ്പുകളും, മലങ്കരസഭയെ സഹായിക്കാൻ എന്ന മട്ടിൽ വന്ന പത്രോസ് മൂന്നാമൻ പാത്രിയർക്കീസും അബ്ദുള്ളാ ഗ്രീഗോറിയോസും നടത്തിയ ഏകപക്ഷീയ പ്രവർത്തനങ്ങളും കുതന്ത്രങ്ങളും തുടങ്ങിയ സമകാല സംഭവങ്ങളുടെ നാൾവഴികൾ കണ്ടനാട് ഗ്രന്ഥവരിയിൽ ചുരുളഴിയുന്നു.

മുളന്തുരുത്തി സുന്നഹദോസ് എന്നറിയപ്പെടുന്ന സമ്മേളനത്തെപ്പറ്റിയും പത്രോസ് മൂന്നാമൻ നടത്തിയ മെത്രാൻ വാഴിക്കൽ, ഭദ്രാസന വിഭജനം എന്നിവയെപ്പറ്റിയും സെമിനാരിക്കേസ്, ചട്ടവര്യോല, കണ്ടനാട് പടിയോല തുടങ്ങിയ ചരിത്ര സംഭവങ്ങളെപ്പറ്റിയും കണ്ടനാട് ഗ്രന്ഥവരിയിൽ വിവരിക്കുന്നുണ്ട്. ഈ ചരിത്ര മുഹൂർത്തങ്ങളിൽ പുലിക്കോട്ടിൽ രണ്ടാമന്റെ സ്ഥാനം എന്താണെന്നു മനസ്സിലാക്കാൻ മാത്രമല്ല, ഈ ചരിത്ര മുഹൂർത്തങ്ങളുമായി അദ്ദേഹം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാനും കണ്ടനാട് ഗ്രന്ഥവരി ഉപകരിക്കുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന 'വയ്യാവേലി'യെ മലങ്കരസഭയിൽ ആദ്യമായി കപ്പലിൽ കൊണ്ടുവന്ന് ഇവിടെ ഇറക്കിവിട്ടത് പുലിക്കോട്ടിൽ രണ്ടാമനാണെന്ന് ചരിത്രത്തിൽ ഒരു ആരോപണമുണ്ട്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിന്റെ നവീകരണശ്രമങ്ങളെ എതിർ ക്കാനും അന്ത്യോഖ്യൻ മെത്രാനായ യൂയാക്കീം മാർ കൂറിലോസ് സൃഷ്ടിച്ച മലങ്കര വിരുദ്ധ നിലപാടുകളിൽ നിന്നു മോചനം നേടാനും തന്നെ അംഗീകരിക്കുന്ന ഒരു ഭരണകൂടത്തെ തൃപ്തിപ്പെടുത്താനും പുലിക്കോട്ടിൽ രണ്ടാമൻ ആഗ്രഹിച്ചിരുന്നു എന്നതു ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന 'കഥാപാത്രത്തെ' ഇങ്ങോട്ട് ക്ഷണിച്ചതു യൂയാക്കീം മാർ കൂറിലോസിന്റെ അധ്യക്ഷതയിൽ 1873-ൽ പരുമലയിൽ കൂടിയ അസോസിയേഷന്റെ തീരുമാനപ്രകാരമായിരുന്നുവെന്ന് *കണ്ടനാട് ഗ്രന്ഥവരി* വെളിപ്പെടുത്തുന്നു.

പുലിക്കോട്ടിൽ രണ്ടാമനെ സംബന്ധിച്ചിടത്തോളം അന്ന് കുടത്തിൽ നിന്നു പുറത്തുവന്ന യഥാർത്ഥ ഭൂതം പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആയിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു ആദ്യമായി പട്ടമേറ്റ ഒരാൾ എന്ന നിലയിൽ മാത്രമല്ല പാലക്കുന്നത്ത് മെത്രാൻ മലങ്കരയിൽ വന്ന് പ്രവർത്തിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസ് തുറന്നു വിട്ട ഭൂതമായിട്ടാണ് പാലക്കുന്നത്ത് മെത്രാൻ വന്നത്. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെയും അവഗണിച്ചുകൊണ്ട് പാലക്കുന്നത്ത് മെത്രാൻ നവീകരണം അവതരിപ്പിച്ചു. മലങ്കര സഭാംഗങ്ങൾക്ക് നവീകരണ സിദ്ധാന്തം മരണതുല്യമായിരുന്ന ഒരു കാലമായി

രുന്നു അത്. മലങ്കരസഭ ലത്തീൻവൽക്കരണത്തിന്റെ തിക്താനുഭവങ്ങളിൽ നിന്നും മെല്ലെ കരകയറിക്കൊണ്ടിരിക്കുമ്പോൾ ഉണ്ടായ മറ്റൊരു വിപത്തായിരുന്നു നവീകരണം.

നവീകരണം പ്രചരിപ്പിച്ച പാലക്കുന്നത്ത് മെത്രാനെ നേരിടാൻ അന്ത്യോഖ്യൻ സഹായം തേടിയത് പുലിക്കോട്ടിൽ രണ്ടാമന്റെ കാലത്തായിപ്പോയത് ഒരു ദൗർഭാഗ്യം എന്നല്ലാതെ മറ്റൊന്നും അതേപ്പറ്റി പറയാനില്ല. മലങ്കരസഭ എന്ന പുര കത്തിയപ്പോൾ വാഴ വെട്ടുന്ന നയമായിരുന്നു അന്ത്യോഖ്യൻ സഭ പിന്നീട് കാണിച്ചത് എന്ന് ചരിത്രവും സാക്ഷിക്കുന്നു. പാമ്പിൻ വിഷത്തെ നേരിടാൻ പാമ്പിൻ വിഷം ഉപയോഗിക്കാമെന്ന് പറയാറുണ്ടെങ്കിലും വിഷം ഇറക്കാൻ വന്ന പത്രോസ് മൂന്നാമൻ മലങ്കരയിൽ അന്ത്യോഖ്യൻ വിഷം കുത്തിവച്ചു! പുലിക്കോട്ടിൽ രണ്ടാമൻ ഈ അപകടം മനസ്സിലാക്കി പ്രവർത്തിച്ചു എന്നുള്ളതാണ് കണ്ടനാട് ഗ്രന്ഥവരി വെളിപ്പെടുത്തുന്ന ഒരു പ്രധാന വസ്തുത.

മലങ്കരസഭയെ ശിഥിലമാക്കാതെ നയചാതുര്യത്തോടെ പുലിക്കോട്ടിൽ രണ്ടാമൻ നയിക്കുന്ന കാഴ്ച ഗ്രന്ഥവരിയിൽ ദർശിക്കാൻ കഴിയുന്നു. യഥാർത്ഥത്തിൽ നയചാതുര്യം മാത്രം പോരാ, അത്തരമൊരു സാഹചര്യത്തിൽ. അതീവ സങ്കീർണ്ണവും സംഘർഷഭരിതവുമായ ഒരു സാഹചര്യത്തെയാണ് പുലിക്കോട്ടിൽ രണ്ടാമൻ അന്ന് അഭിമുഖീകരിച്ചത്. ഈ സന്ദർഭത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ധീരതയും കടമയും കണ്ടനാട് ഗ്രന്ഥവരിയിലൂടെ കടന്നു പോകുമ്പോൾ വ്യക്തമാകുന്നു. പ്രതിസന്ധികൾക്കിടയിലും ക്രിയാത്മകമായും സർഗാത്മകമായും പ്രവർത്തിച്ച പുലിക്കോട്ടിൽ രണ്ടാമൻ പാത്രിയർക്കീസിന്റെ പ്രഭാവത്തെ സ്വകീയമായ ഭാസുര ശക്തികൊണ്ട് നേരിടുന്നതും അനുരഞ്ജനശക്തി കൊണ്ട് സമന്വയപ്പെടുത്തുന്നതും വ്യവഹാരങ്ങളെയും മറ്റും നേതൃപാടവം കൊണ്ട് അതിജീവിക്കുന്നതും ഗ്രന്ഥവരിയിൽ കാണുന്ന കാഴ്ചകളാണ്.

പാലക്കുന്നത്ത് മെത്രാൻ അന്ത്യോഖ്യയിൽ പോയി പട്ടമേറ്റുകൊണ്ടാണ് ഇവിടെ അദ്ദേഹത്തിന് രാജകീയവിളംബരം ലഭിച്ചതെന്ന് കരുതിയ സമയത്താണ് പുലിക്കോട്ടിൽ രണ്ടാമനെ മെത്രാനാകാൻ അന്ത്യോഖ്യയിലേക്ക് അയച്ചത്. പുലിക്കോട്ടിൽ രണ്ടാമൻ മെത്രാനായതു മലങ്കരയിലെ പള്ളികളുടെ നിശ്ചയപ്രകാരവും യൂയാക്കീം മാർ കൂറിലോസിന്റെ അറിവോടെയും ആയിരുന്നു. എന്നാൽ അദ്ദേഹം മെത്രാൻ സ്ഥാനം സ്വീകരിച്ചു തിരിച്ചെത്തിയപ്പോൾ യൂയാക്കീം മാർ കൂറിലോസിന്റെ നിലപാട് മാറിയതായി കണ്ടനാട് ഗ്രന്ഥവരിയിൽ പറയുന്നു. "ഈ വിവരത്തെക്കുറിച്ച് ഇതുവരെ നമുക്ക് യാതൊരു എഴുത്തും വന്നിട്ടില്ല. അതിനാൽ കീഴ്നാളിലെ ചട്ടംപോലെ നാമെല്ലാവരും കൂട്ടംകൂടി നിശ്ചയിക്കുന്നതുവരെ അയാളെ അനുസരിക്കയും അയാളുടെ കല്പനകൾ

പള്ളികളിൽ വായിക്കുകയും ചെയ്യരുത്" എന്ന് യൂയാക്കീം മാർ കൂറിലോസ് കല്പന അയച്ചതായിട്ടാണ് ഗ്രന്ഥവരിയിൽ എഴുതിയിരിക്കുന്നത്. എന്നാൽ പുലിക്കോട്ടിൽ രണ്ടാമനെ ജനങ്ങൾ കുന്നംകുളത്ത് കൊണ്ടുപോവുകയും ആർത്താറ്റ് പള്ളിയിൽ വച്ച് സ്ഥാത്തിക്കോൻ വായിച്ച് കസേരയിൽ എടുത്ത് പൊക്കുകയും അംഗീകരിക്കുകയും ചെയ്തതായും ഗ്രന്ഥവരിയിൽ പറയുന്നുണ്ട്.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനെ മെത്രാനായി വാഴിച്ചുകൊണ്ടുള്ള സ്ഥാത്തിക്കോൻ യൂയാക്കീം മാർ കൂറിലോസ് കണ്ടപ്പോൾ "അതിലെ അക്ഷരങ്ങൾ പാത്രിയർക്കീസ് ബാവായുടെ കയ്യെഴുത്തും മുദ്രയും ആകുന്നുവെന്ന് ബാവാ സമ്മതിച്ച് പറഞ്ഞതല്ലാതെ മെത്രാന്മാരുടെ സ്ഥാനമുറയ്ക്ക് അദ്ദേഹത്തെ കൈക്കൊണ്ടില്ല" എന്ന് ഗ്രന്ഥവരിയിൽ തുടർന്ന് എഴുതുന്നുണ്ട്.

പുലിക്കോട്ടിൽ രണ്ടാമന്റെ കൂടെ പള്ളിയും പട്ടക്കാരും ഉണ്ടായിരുന്നതുകൊണ്ടാണ് ഒരേസമയം യൂയാക്കീം മാർ കൂറിലോസിനെയും പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെയും അതിജീവിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞത്. പാലക്കുന്നത്ത് മെത്രാൻ തന്റെ ചിറ്റപ്പന്റെ മകൻ തോമസിനെ 1868-ൽ പഴയസെമിനാരിയിൽ വച്ച് മെത്രാനായി വാഴിച്ചു. ഇപ്രകാരം സഭയിലെ ആഭ്യന്തര പ്രശ്നങ്ങൾ സങ്കീർണ്ണമായതിനെ തുടർന്ന് പുലിക്കോട്ടിൽ മെത്രാൻ മദ്രാസിൽ ഗവർണ്ണറെ കാണാൻ പോകുന്ന കാര്യം ഗ്രന്ഥവരിയിൽ പറയുന്നു. അതിനെപ്പറ്റി ആലോചിക്കാൻ പമ്പാക്കുട പള്ളിയിൽ ചേർന്ന യോഗം യാത്രയുടെ ചെലവിലേക്ക് മൂവായിരം രൂപ സംഭരിക്കാൻ നിശ്ചയിച്ചു. മലങ്കര മെത്രാപ്പോലീത്താ ആയി പുലിക്കോട്ടിൽ മെത്രാനെ അംഗീകരിക്കുന്ന നിവേദനം നൽകാനാണ് അദ്ദേഹത്തിന്റെ മദ്രാസ് യാത്രയെന്ന് മനസ്സിലാക്കിയ യൂയാക്കീം മാർ കൂറിലോസ് ഈ സന്ദർഭത്തിൽ ചികിത്സയ്ക്കുവേണ്ടി കേരളത്തിൽ നിന്നു വിട്ടുനിൽക്കാൻ നിശ്ചയിച്ചു. യൂയാക്കീം മാർ കൂറിലോസിന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ അധികാരം മറ്റൊരാൾക്ക് അർക്കദിയാക്കോൻപട്ടം നൽകി ഏല്പിക്കാൻ ആലോചിച്ച കാര്യവും ഗ്രന്ഥവരിയിൽ പറയുന്നുണ്ട്. അതായതു, തന്റെ പിൻഗാമി പുലിക്കോട്ടിൽ മെത്രാനല്ല എന്നുള്ള സൂചനയായിരുന്നു ഇത്. എന്നാൽ ഇതു സംബന്ധിച്ചു തീരുമാനമെടുക്കാൻ കരിങ്ങാച്ചിറയിൽ 1868-ൽ കൂടിയ യോഗത്തിൽ ചുറ്റുമുള്ള ചില പള്ളിക്കാർ മാത്രമാണ് പങ്കെടുത്തത്. യൂയാക്കീം മാർ കൂറിലോസിന്റെ അഭിപ്രായത്തോട് അവർ വിയോജിക്കുകയും ചെയ്തു!

ഇപ്രകാരം പാലക്കുന്നത്ത് മെത്രാനുമായും യൂയാക്കീം മാർ കൂറിലോസുമായും പുലിക്കോട്ടിൽ രണ്ടാമന് ഒരു തുറന്ന യുദ്ധത്തിൽ തന്നെ ഏർപ്പെടേണ്ടി വന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോ

സിന്റെ പിൻഗാമിയായി പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസിനെ വാഴിച്ച സന്ദർഭമാണത്. സുറിയാനി സഭയിൽ തനിക്കുള്ള അധികാരം ലഭിക്കാൻ മദ്രാസ് ഗവർണ്ണറുടെ പിന്തുണ ലഭിച്ചെങ്കിലും പുലിക്കോട്ടിൽ രണ്ടാമൻ തന്റെ നസ്രാണി പൗരുഷത്തിൽ നിന്നു പിന്മാറാൻ ഒരുക്കമല്ലായിരുന്നു. 1869–ൽ പാലക്കുന്നത്ത് മെത്രാൻ വട്ടിപ്പണവും സെമിനാരിപ്പണവും വാങ്ങാൻ നിശ്ചയിച്ചപ്പോൾ പുലിക്കോട്ടിൽ രണ്ടാമനും കോനാട്ട് യോഹന്നാൻ മല്പാനും കൂടി അധികൃതരെ കണ്ട് എതിർപ്പ് അറിയിച്ച കാര്യം ഗ്രന്ഥവരിയിൽ പരാമർശിക്കുന്നു.

1871–ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കോബ് ദ്വിതീയൻ കാലം ചെയ്തപ്പോൾ യൂയാക്കീം മാർ കൂറിലോസിനും പുലിക്കോട്ടിൽ രണ്ടാമനും ഡയർബക്കറിൽ നിന്നും അറിയിപ്പ് ലഭിച്ച കാര്യം ഗ്രന്ഥവരിയിൽ പരാമർശിക്കുന്നുണ്ട്. യാക്കോബ് ദ്വിതീയന്റെ നാല്പതാം അടിയന്തിരത്തിന്റെ ആലോചനയ്ക്ക് യൂയാക്കീം മാർ കൂറിലോസ് കല്പന അയച്ചെങ്കിലും മുളന്തുരുത്തിപള്ളിയിൽ മൂന്നു പള്ളിക്കാരുടെ പ്രതിനിധികൾ മാത്രമേ എത്തിയുള്ളു. അതിനാൽ അടിയന്തിരം നടത്തിയില്ല. എന്നാൽ പാത്രിയർക്കീസ് ആകാനുള്ള മോഹത്തിൽ ഡയർബക്കറിലേക്ക്, യൂയാക്കീം മാർ കൂറിലോസ് ഇങ്ങനെ എഴുതിയതായി ശെമവൂൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തുന്നു: "നിങ്ങൾ അറിയിച്ചപ്രകാരം അങ്ങോട്ട് വരുന്നു. വരുന്നതുവരെ ദയവു ചെയ്തു ആ സ്ഥാനത്ത് ആരെയും നിയമിച്ച് പോകരുതെന്ന് അപേക്ഷ."

പാത്രിയർക്കീസിനെ നിശ്ചയിക്കാനുള്ള ആലോചനയിൽ പങ്കെടുക്കാനുള്ള അസൗകര്യം പുലിക്കോട്ടിൽ രണ്ടാമൻ അറിയിച്ചു. യാക്കോബ് ദ്വിതീയന്റെ ഓർമ്മ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയതിനെപ്പറ്റി കണ്ടനാട് ഗ്രന്ഥവരിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "അടിയന്തിരം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് പള്ളികൾക്ക് എഴുതിയ തീയതി തന്നെ കുന്നംകുളങ്ങര പള്ളിയിൽ വച്ച് കഴിച്ചു. ആയതു പുല അടിയന്തിരംപോലെ വലിയ പപ്പടം, പഞ്ചസാര മുതലായ സാധനങ്ങൾ കൊണ്ടത്രേ കഴിച്ചത്. അന്നേ ദിവസം 300 പറ അരി വച്ചാണ് ഊട്ടുകഴിച്ചത്."

പുലിക്കോട്ടിൽ രണ്ടാമൻ കുന്നംകുളത്തെ അടിയന്തിരം നടത്തിയപ്പോൾ കുന്നംകുളത്തെ തന്നെ തൊഴിയൂരിലെ പനയ്ക്കൽ മാർ കൂറിലോസ് ഇറച്ചിയും മീനും ചേർത്ത് ഒരു 'ബദൽ സദ്യ' നടത്തിയ കാര്യവും ഗ്രന്ഥവരിയിൽ പറയുന്നുണ്ട്. പനയ്ക്കൽ മാർ കൂറിലോസ് പാലക്കുന്നത്ത് മെത്രാൻ വാഴിച്ചയാളും അദ്ദേഹത്തോടു കൂറുപുലർത്തിയിരുന്ന മെത്രാനുമാണ്.

ഭരണപരമായ സംഘർഷങ്ങൾക്കിടയിലും പുലിക്കോട്ടിൽ രണ്ടാമന്റെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങൾക്കു മുടക്കം വന്നിട്ടില്ലെന്ന് ഗ്രന്ഥവരി സാക്ഷിക്കുന്നുണ്ട്. അതിൽ നിന്ന്: "പുലിക്കോട്ട് മെത്രാൻ കുന്നംകുളങ്ങര നിന്നും കൊച്ചിയിൽ വന്ന് അവിടെ താമസിച്ച് അച്ചടി തുടങ്ങുന്നതിന് വേണ്ടി 200 രൂപയ്ക്ക് അച്ച് മുതലായത് വാങ്ങിച്ചത് തന്നെയല്ല മുൻ അദ്ദേഹത്തിനുണ്ടായിരുന്ന കല്ലച്ച് മുതലായതുംകൊണ്ട് കർക്കിടക മാസം 11-ന് മുളന്തുരുത്തി പള്ളിയിൽ വന്നിരുന്ന് അച്ചടി മുതലായത് നിവർത്തിക്കുന്നതിനുവേണ്ടി ഒരു ഭാഗ്യചിട്ടി കൂടത്തക്കവണ്ണവും ആയത് ലക്ഷം നമ്പരും പേരൊന്നുക്ക് രണ്ടു ചക്രം വീതത്തിൽ മുതൽ രൂപാ ഏഴായിരത്തിൽ ഒന്ന് പാതി രൂപ അച്ചടി മുതലായ ചിലവുകൾക്കും ശേഷം രൂപാ കുറിയിട്ട് കിട്ടുന്നവർക്ക് മുറയ്ക്ക് കൊടുക്കത്തക്കവണ്ണവും നിശ്ചയിച്ച് ആ വകയ്ക്കുള്ള ടിക്കറ്റ്, പരസ്യം മുതലായത് കല്ലച്ചിൽ അച്ചടിച്ച് വരുന്നു."

കേരളത്തിലെ അച്ചടിയുടെ ചരിത്രങ്ങളിൽ ഒന്നും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ നാമം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഈ രംഗത്ത് അദ്ദേഹം നൽകിയ സംഭാവനകളിലേക്ക് വെളിച്ചം വീശുന്നു കണ്ടനാട് ഗ്രന്ഥവരിയിലെ ഈ പരാമർശനം. മെത്രാപ്പോലീത്താ ആകുന്നതിനു മുമ്പ് പുലിക്കോട്ടിൽ രണ്ടാമൻ കുന്നംകുളത്ത് ഒരു കല്ലച്ച് പ്രസ്സ് നടത്തിയിരുന്നു. പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന ഈ അച്ചുകൂട്ടത്തിൽ കുർബ്ബാന തക്സാ, വിവാഹക്രമം, മാമോദീസാക്രമം എന്നിവ അച്ചടിച്ചിരുന്നു. തലശ്ശേരിയിൽ ബാസ്സൽ മിഷൻ ഉപയോഗിച്ചിരുന്ന ഒരു കൽപ്രസ്സ് വാങ്ങിയാണ് അദ്ദേഹം കുന്നംകുളത്ത് അച്ചടിശാല തുടങ്ങിയത്. കുന്നംകുളത്തെ കൽപ്രസ്സിൽ മലയാളത്തിൽ നമസ്കാര പുസ്തകവും അച്ചടിച്ചിട്ടുള്ളതായി പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രത്തിൽ എം. പി. വർക്കി എഴുതിയിട്ടുണ്ട്.

പുലിക്കോട്ടിൽ രണ്ടാമൻ കൊച്ചിയിൽ പനയ്ക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയിൽ കൽപ്രസ് തുടങ്ങിയത് 1870-ലാണ്. കുന്നംകുളത്തെ പ്രസ്സാണ് കൊച്ചിയിലേക്ക് കൊണ്ടുവന്നത്. ഈ പ്രസ് പിന്നീട് പരുമലയിലേക്ക് കൊണ്ടുപോയി. കൊച്ചിയിൽ മാർത്തോമസ് അച്ചുകൂടം എന്ന പേരിൽ പ്രവർത്തിച്ച പ്രസ്സിൽ നിന്നാണ് 1870-ൽ അദ്ദേഹം കേരള പതാക എന്ന പത്രം തുടങ്ങിയത്. പുതിയ അച്ചടിശാലയുടെയും പത്രത്തിന്റെയും ചെലവിലേക്കുള്ള പണം സ്വരൂപിക്കാനാണ് പുലിക്കോട്ടിൽ രണ്ടാമൻ കണ്ടനാട് ഗ്രന്ഥവരിയിൽ പറയുന്നപോലെ ഭാഗ്യചിട്ടി തുടങ്ങിയത്.

പുലിക്കോട്ടിൽ രണ്ടാമൻ കൊച്ചിയിൽ നിന്നു കോട്ടയം പഴയസെമിനാരിയിലേക്ക് ആസ്ഥാനം മാറ്റിയപ്പോൾ 'കേരള പതാക' കൊച്ചിയിൽ

തന്നെ അക്കര കുര്യൻ റൈട്ടർ നടത്തിയിരുന്ന 'പശ്ചിമതാരക'യിൽ ലയിച്ചു. ഈ പത്രം കുറെക്കാലം 'പശ്ചിമതാരക – കേരള പതാക' എന്ന സംയുക്ത പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

'കേരള പതാക' മുടങ്ങിയെങ്കിലും കോട്ടയത്തേക്ക് മാറിയ പുലിക്കോട്ടിൽ രണ്ടാമൻ പഴയസെമിനാരിയിൽ നിന്നു 1892 മുതൽ 'ഇടവക പത്രിക' പ്രസിദ്ധീകരിച്ചു. 'ഇടവക പത്രിക'യും പ്രാർത്ഥനാ പുസ്തകങ്ങളും അച്ചടിച്ചിരുന്നത് മാർത്തോമസ് അച്ചുകൂടത്തിലായിരുന്നു. പരുമല തിരുമേനിയുടെ 'ഊർശ്ലേം യാത്രാ വിവരണം' അച്ചടിച്ചത് ഈ പ്രസ്സിൽ ആയിരുന്നു. ഇപ്രകാരം അച്ചടിയിലും പത്രപ്രവർത്തനത്തിലും സംഭാവനകൾ നൽകാൻ പുലിക്കോട്ടിൽ രണ്ടാമനു കഴിഞ്ഞു. പുലിക്കോട്ടിൽ രണ്ടാമൻ ഈ രംഗത്തു പ്രവർത്തിച്ചതുകൊണ്ട് സഭയിലെ നവീകരണ പ്രവർത്തനങ്ങളെ ബൗദ്ധികമായി നേരിടാൻ സാധിച്ചു. പാലക്കുന്നത്ത് മെത്രാന്റെ നവീകരണശ്രമങ്ങളെ ചെറുക്കാൻ പുലിക്കോട്ടിൽ രണ്ടാമൻ പ്രാർത്ഥനാ പുസ്തകങ്ങൾ മലയാളത്തിൽ അച്ചടിച്ചു വിതരണം ചെയ്തത് മലങ്കരസഭയെ നവോത്ഥാനത്തിലേക്ക് നയിക്കാൻ ഇടയാക്കി.

മലങ്കരസഭയിൽ ആദ്യത്തെ സന്യാസ പ്രസ്ഥാനം സമാരംഭിച്ചതു പുലിക്കോട്ടിൽ രണ്ടാമനായിരുന്നു. മുളന്തുരുത്തി ഇടവകയിലെ വെട്ടിക്കൽ കുരിശുപള്ളിയും കെട്ടിടവും ദയറാ ആക്കി പ്രഖ്യാപിച്ചത് ഇദ്ദേഹമായിരുന്നു. ദയറായുടെ അധിപനായി ചാത്തുരുത്തി ഗീവർഗീസിനു റമ്പാൻ സ്ഥാനം നൽകിയതു പുലിക്കോട്ടിൽ രണ്ടാമനായിരുന്നു. കണ്ടനാട് ഗ്രന്ഥവരിയിൽ അതേപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു: "ഈ സ്ഥാനം കൊടുത്തത് അദ്ദേഹത്തിന്റെ പൂർണ്ണ മനസ്സാലുള്ള ആഗ്രഹത്തിന്റെ പേരിൽ മെത്രാപ്പോലീത്താ ചെയ്തതാകുന്നു."

ചാത്തുരുത്തി ഗീവറുഗീസ് റമ്പാനെ പിന്നീട് പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മെത്രാനായി വാഴിച്ചെങ്കിലും പരുമല തിരുമേനി എന്നറിയപ്പെട്ട ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മലങ്കര മെത്രാപ്പോലീത്തായോട് കൂറും വിധേയത്വവും പുലർത്തിയെന്ന യാഥാർത്ഥ്യം കണ്ടനാട് ഗ്രന്ഥവരിയിൽ നിന്നു തന്നെ മനസ്സിലാക്കാം.

പുലിക്കോട്ടിൽ രണ്ടാമൻ നവീകരണത്തെ എതിർക്കാൻ അച്ചടിയും പത്രപ്രവർത്തനവും മാത്രമല്ല നടത്തിയത്. പഴയസെമിനാരിയിൽ പാലക്കുന്നത്ത് മെത്രാൻ നവീകരണ സിദ്ധാന്തം പഠിപ്പിച്ചിരുന്നതിനാൽ അതിനെ ചെറുക്കാൻ പരുമലയിൽ പുലിക്കോട്ടിൽ രണ്ടാമൻ ഒരു സെമിനാരിയും തുടങ്ങി. കണ്ടനാട് ഗ്രന്ഥവരിയിൽ ഇക്കാര്യം വിവരിക്കുന്നുണ്ട്: "പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1047 മീന മാസം മുതൽ കോട്ടയം മുതലായി തെക്കുള്ള ഏതാനും പള്ളികളിൽ സഞ്ചരിച്ച്

വരികയിൽ സുറിയാനിസഭയിലെ മര്യാദപോലെ അല്ലാതെ ചില തെറ്റുകൾ ഏതാനും പള്ളികളിൽ പാലക്കുന്നത്ത് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം നടക്കുന്നതിനെ അറിഞ്ഞ് മനസ്താപപ്പെട്ട് ജനത്തോട് ഇപ്പോൾ കോട്ടയത്ത് സിമ്മനാരിയിൽ പഠിച്ചു വരുന്ന ശെമ്മാശന്മാർ മുതലായവർ പള്ളികൾതോറും സഞ്ചരിപ്പാൻ ഇട വന്നാൽ ചില സ്ഥലങ്ങളിൽ രഹസ്യമായി കിടക്കുന്ന സത്യമുള്ള സുറിയാനിമാർഗ്ഗവും കൂടെ തീരെ മാഞ്ഞുപോകുന്നതിന് ഇടവരുമെന്നും അതിനാൽ ഈ തെക്കേദിക്കുകളിൽ എവിടെയെങ്കിലും സുറിയാനി മാർഗ്ഗം അഭ്യസിപ്പിക്കുന്ന ഒരു സിമ്മനാരി പണിയണമെന്നും അറിയിക്കയിൽ...”

ഇപ്രകാരം പുലിക്കോട്ടിൽ രണ്ടാമന്റെ ആഗ്രഹത്തെ സഫലമാക്കാൻ സഹായിച്ചത് മാന്നാർ അരികുപുറത്ത് കോരത് മാത്തൻ ആയിരുന്നുവെന്നു കണ്ടനാട് ഗ്രന്ഥവരിയിൽ എഴുതിയിരിക്കുന്നു. പരുമലയിൽ സെമിനാരി പണിയാൻ ഒരു സ്ഥലം മാത്രമല്ല ഒരു നെൽപ്പുരയും അദ്ദേഹം ദാനം ചെയ്തതായി ഇതിൽ പറയുന്നുണ്ട്.

പരുമലയിൽ സെമിനാരി നിർമ്മാണം പൂർത്തിയാക്കുന്നതിനു മുമ്പു തന്നെ 1873–ൽ പരുമലയിൽ കൂടിയ അസോസിയേഷൻ യോഗത്തെപ്പറ്റി ഗ്രന്ഥവരിയിൽ വിശദമായി എഴുതിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങൾ പുലിക്കോട്ടിൽ രണ്ടാമനെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരുന്നുവെന്നും ഗ്രന്ഥവരി സാക്ഷിക്കുന്നു. പരുമല അസോസിയേഷന്റെ മാതൃകയിലായിരുന്നു മുളന്തുരുത്തിയിൽ 1876–ൽ പത്രോസ് മൂന്നാമൻ പള്ളിപ്രതിപുരുഷ സമ്മേളനം വിളിച്ചുകൂട്ടിയത്. 1874–ൽ യൂയാക്കീം മാർ കൂറിലോസ് കാലം ചെയ്തതിനെ തുടർന്ന് പുലിക്കോട്ടിൽ രണ്ടാമൻ ‘മലയാളത്തിന്റെ മാർ ദീവന്നാസ്യോസ്’ ആയി മാറുന്ന കാഴ്ച ഗ്രന്ഥവരിയിൽ ദർശിക്കാം. 1875–ൽ പത്രോസ് മൂന്നാമൻ എത്തിയതോടെ പുതിയൊരു ചരിത്രം തുടങ്ങി.

പാലക്കുന്നത്ത് മെത്രാനെയും കൂട്ടരെയും അന്ത്യോഖ്യാ പാത്രിയർക്കീസ് ശപിക്കപ്പെട്ടവരായി പ്രഖ്യാപിച്ച വിവരം കണ്ടനാട് ഗ്രന്ഥവരിയിലുണ്ട്. പുലിക്കോട്ടിൽ രണ്ടാമന്, പത്രോസ് മൂന്നാമൻ അയച്ച കല്പനയിൽ ഇങ്ങനെ എഴുതിരിക്കുന്നു: “മാത്യൂസ് എന്നവൻ നമുക്ക് മുമ്പെ ഭരിച്ചു വന്നിരുന്ന പാത്രിയർക്കീസ് ബാവാമാരാൽ ശപിക്കപ്പെട്ടവൻ ആകുന്നു. ഇപ്പോൾ നാം രണ്ടാമതും അവനെ ശ്ലീഹന്മാരുടെയും ബാവാമാരുടെയും നിയമത്തിന് വിരോധമായി മേൽപ്പട്ടക്കാരുടെ നാമത്തിൽ അവൻ പേർ മാറ്റി വിളിച്ചിരിക്കുന്ന രണ്ടു മനുഷ്യരെയും നാം ശപിച്ചിരിക്കുന്നു. ഇനി മേലാൽ നിങ്ങളുടെ പള്ളികളിൽ നിന്ന് പുറത്ത് അവരെ ആട്ടിക്കളയണം. എന്തെന്നാൽ മാത്യൂസും ആ രണ്ടു മനുഷ്യരും മേല്പട്ട സ്ഥാനത്തിന്റെ യാതൊരു ക്രമത്തിലും പെരുമാറുവാൻ ദൈവത്താൽ

അധികാരം അവർക്കില്ല. നാം അവരെ ശപിച്ചതുപോലെ നിങ്ങളും അവരെ ശപിച്ചുകൊള്ളണം.”

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസും പാലക്കുന്നത്ത് തോമസ് മാർ അത്താനാസിയോസും തൊഴിയൂർ മാർ കൂറിലോസും പട്ടം നൽകിയ കത്തനാർമാർക്കും ശെമ്മാശന്മാർക്കും പുലിക്കോട്ടിൽ രണ്ടാമനും യൂയാക്കീം മാർ കൂറിലോസും പുനർപട്ടം നൽകിയത് ഇതേ തുടർന്നായിരുന്നു. പുലിക്കോട്ടിൽ രണ്ടാമൻ പലർക്കും ‘പട്ടം അഴിച്ചു’ നൽകിയ വിവരം കണ്ടനാട് ഗ്രന്ഥവരിയിലുണ്ട്. പത്രോസ് മൂന്നാമൻ വന്നപ്പോഴും ഈ ‘പട്ടം അഴിച്ചു’ നൽകൽ നടന്നതായി ഗ്രന്ഥവരിയിൽ പറയുന്നു.

കണ്ടനാട് ഗ്രന്ഥവരിയിൽ പുലിക്കോട്ടിൽ രണ്ടാമന്റെ സ്ഥാനവും നേതൃത്വവും യശ്ശസ്സ്സ്കന്ദമാകുന്നത് പത്രോസ് മൂന്നാമൻ പാത്രിയർക്കീസിന്റെ ആഗമനത്തോടെ ഉണ്ടായ പ്രതിസന്ധി കാലത്താണ്. അത്യന്തം സംഘർഷഭരിതമായ ആ അന്തരീക്ഷത്തിൽ മലങ്കരസഭയെ കണ്ണിലെ കൃഷ്ണമണിപോലെ പുലിക്കോട്ടിൽ രണ്ടാമൻ കാത്തുസൂക്ഷിച്ചു. പത്രോസ് മൂന്നാമന്റെ വരവും മുളന്തുരുത്തി സമ്മേളനവും ഭദ്രാസന വിഭജനവും കഴിഞ്ഞപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മനസ്സിലിരുപ്പ് പുലിക്കോട്ടിൽ രണ്ടാമനു മാത്രമല്ല മലങ്കരയിലെ എല്ലാ വിശ്വാസികൾക്കും ബോധ്യപ്പെട്ടു.

പത്രോസ് മൂന്നാമൻ എത്തുന്നതിനു മുമ്പ് പുലിക്കോട്ടിൽ രണ്ടാമനു അയച്ച ഒരു കത്ത് കണ്ടനാട് ഗ്രന്ഥവരിയിൽ നൽകിയിട്ടുണ്ട്. പാത്രിയർക്കീസിനു മലങ്കരയിലെ സ്വത്തു തന്നെയാണ് വേണ്ടത്! ഗ്രന്ഥവരിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

“കൂറിലോസ് വകയായി നിലങ്ങളും പറമ്പുകളും തോപ്പുകളും ഭവനങ്ങളും ഏറിയ രൂപാകളും ഉള്ളതുകൂടാതെ കാസാ, കാപ്പാ, സ്ലീബാ മുതലായ ഏറിയ സാമാനങ്ങൾ ഉള്ളപ്രകാരം നമുക്ക് അറിവ് കിട്ടിയിരിക്കയാൽ അവന്റെ മുതലുകളുടെ സ്ഥിരമായ അവകാശി നാം തന്നെ ആയിരിക്കകൊണ്ടും നമ്മുടെ പൂർണ്ണ വിശ്വസ്തൻ നീ ആയിരിക്കകൊണ്ടും കൂറിലോസിന്റെ വക സാമാനങ്ങളിൽ മെത്രാനാകട്ടെ, കത്തനാരാകട്ടെ, പള്ളിക്കാരാകട്ടെ നിന്നിൽ നിന്ന് വാങ്ങുകയോ അവരുടെ കൈവശത്തിൽ ഉണ്ടായിരിക്കുകയോ ചെയ്താൽ അതൊക്കെയും നീ ഒന്നായിട്ട് ശേഖരിച്ച് കൂട്ടി ഇങ്ങോട്ട് എത്തിച്ചുകൊള്ളണം.”

മലങ്കരയിലേക്ക് വന്നുചേരാൻ പത്രോസ് മൂന്നാമൻ 500 പവൻ ആവശ്യപ്പെട്ടുകൊണ്ട് പുലിക്കോട്ടിൽ രണ്ടാമന് എഴുതിയ കത്തും ഗ്രന്ഥവരിയിലുണ്ട്. പാത്രിയർക്കീസിന്റെ ചെലവിലേക്ക് മലങ്കരയിലെ പള്ളികളിൽ നിന്നും പുലിക്കോട്ടിൽ രണ്ടാമൻ 500 പവൻ പിരിച്ചയച്ചു. പലരിൽ നിന്നും

കടം വാങ്ങിയതു കൂടാതെ കൊച്ചിയിലെ കച്ചവടക്കാരിൽ നിന്ന് ഹുണ്ടിക ക്രമപ്രകാരം 10 ദിവസത്തെ അവധിക്ക് അക്കര കുര്യൻ റൈട്ടർ മുതലായവർ ജാമ്യം നിന്നുമാണ് ഈ തുക അയച്ചുകൊടുത്തത്.

മലങ്കരയിൽ എത്തിയശേഷം പത്രോസ് മൂന്നാമൻ തന്റെ അധികാരം സ്ഥാപിക്കാൻ നടത്തിയ നീക്കങ്ങൾ പുലിക്കോട്ടിൽ രണ്ടാമനും മറ്റും ബോധ്യപ്പെട്ടത് ഗ്രന്ഥവരിയിൽ വിവരിക്കുന്നുണ്ട്. പത്രോസ് മൂന്നാമൻ പള്ളികൾ കയറി ഇറങ്ങിയാണ് തന്റെ ആധിപത്യശ്രമങ്ങൾ തുടങ്ങിയത്. പാലക്കുന്നത്ത് മെത്രാനുമായി ആശയപരമായ എതിർപ്പുണ്ടായിരുന്നെങ്കിലും അദ്ദേഹത്തെ അപമാനിക്കുന്നതിനു പക്ഷെ പുലിക്കോട്ടിൽ രണ്ടാമൻ സന്നദ്ധനായിരുന്നില്ല. പത്രോസ് മൂന്നാമനെ അഭിമുഖീകരിക്കാനുള്ള വൈമനസ്യം മൂലം ഒരിക്കൽ പാലക്കുന്നത്ത് മെത്രാൻ നിരണം പള്ളിയുടെ ചമയപ്പുരമാളികയിൽ കതകടച്ച് ഇരിക്കുകയായിരുന്നു. നിരണം പള്ളിയിലേക്ക് പാത്രിയർക്കീസ് പോയാൽ സംഘർഷം ഉണ്ടാകുമെന്ന് ഉപദേശിച്ചെങ്കിലും “അവിടെ ചെന്നാൽ അവന്റെ മസ്നപ്സാ ഞാൻ ഊരി എടുക്കുമെന്നു” പറഞ്ഞാണ് പാലക്കുന്നത്ത് മെത്രാനെ അപമാനിക്കാൻ പാത്രിയർക്കീസ് പോയത്. പത്രോസ് മൂന്നാമന്റെ കൂടെയുണ്ടായിരുന്ന പുലിക്കോട്ടിൽ രണ്ടാമൻ ആകട്ടെ ആ സമയം നിരണം പള്ളിയിലേക്ക് പോകാതെ പള്ളിവാതുക്കൽ യാക്കോബിന്റെ വീട്ടിൽ ഇരുന്നതായി ഗ്രന്ഥവരിയിൽ എഴുതിയിരിക്കുന്നു. ഇപ്രകാരം പുലിക്കോട്ടിൽ രണ്ടാമന്റെ കുലീനമായ നിലപാടുകൾ ഗ്രന്ഥവരിയിലുണ്ട്.

മലങ്കരസഭയെ അന്ത്യോഖ്യായുടെ ചൊല്പടിയിൽ നിർത്താനാണ് പത്രോസ് മൂന്നാമൻ ഭദ്രാസന വിഭജനം തുടങ്ങിയതും പുതിയ മെത്രാന്മാരെ വാഴിച്ചതും. ഇതെല്ലാം പിന്നീട് മലങ്കരസഭയുടെ വളർച്ചയ്ക്ക് കാരണമായെങ്കിലും മലങ്കരയെ ഏഴു ഭദ്രാസനമാക്കി വിഭജിച്ചുകൊണ്ട് മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ രണ്ടാമനെ കൊല്ലത്തിന്റെ വെറും മെത്രാനായി നിയമിക്കുകയാണ് പത്രോസ് മൂന്നാമൻ ചെയ്തത്. പത്രോസ് മൂന്നാമനെ കാണാൻ വന്ന പുലിക്കോട്ടിൽ രണ്ടാമനോട് പറഞ്ഞ വാക്കുകൾ കണ്ടനാട് ഗ്രന്ഥവരിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

“ഇനിമേലിൽ നിന്നെ കാണുന്നതിനു എനിക്കു മനസ്സില്ലെന്നും മറ്റും അതികോപമായി കല്പിച്ചു എങ്കിലും ശേഷം മെത്രാന്മാർ രജിസ്റ്റർ ചെയ്തപോലെ രജിസ്റ്റർ ചെയ്യണമെന്നും അപ്രകാരം ചെയ്തു തരുന്ന പക്ഷം ഇനി കണ്ടനാട്, കൊല്ലം, കൊച്ചി ഇങ്ങനെ മൂന്നു ഇടവക ഉണ്ടെന്നും ഇതിൽ ഏതെങ്കിലും അദ്ദേഹത്തിൽ ഉറപ്പിച്ച് കൊടുക്കാമെന്നും ആയത് അല്ലാത്തപക്ഷം ഇടവകയും മറ്റും കൊടുക്കുന്നതല്ലെന്നും മറ്റും ഉറപ്പായി കല്പിച്ചു.”

മലങ്കരസഭയിൽ അശാന്തിയുടെ വിത്തു വിതച്ചിട്ടാണ് പത്രോസ് മൂന്നാമൻ മടങ്ങിയതെങ്കിലും പാത്രിയർക്കീസിനു ഉടമ്പടി എഴുതി കൊടുക്കാൻ വിസമ്മതിച്ച പുലിക്കോട്ടിൽ രണ്ടാമൻ ക്രമേണ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ മറ്റു മെത്രാന്മാരുടെ ആദരവും അംഗീകാരവും ആർജ്ജിക്കുന്നത് കണ്ടനാട് ഗ്രന്ഥവരിയിൽ കാണാൻ കഴിയുന്നു.

പത്രോസ് മൂന്നാമന്റെ പക്കൽ നിന്നും പട്ടം സ്വീകരിച്ച പരുമല മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ യൂലിയോസ്, പൗലോസ് മാർ അത്താനാസിയോസ്, പൗലോസ് മാർ ഈവാനിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവരോട് എല്ലാ ഇടവകയിൽ നിന്നും റീശീസാ പിരിച്ച് അയച്ചുകൊടുക്കണമെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും മലങ്കരസഭയുടെ ഭരണം പുലിക്കോട്ടിൽ രണ്ടാമന്റെ കരങ്ങളിലേക്ക് വരുന്നതായി ഗ്രന്ഥവരിയിൽ കാണാൻ കഴിയുന്നു. 1878-ൽ പരുമലയിൽ കൂടിയ സുന്നഹദോസിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ 'മുഖ്യാസനപതി' ആയ കാര്യവും ശെമവൂൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നു.

പരുമലയിൽ കൂടിയ സുന്നഹദോസിന്റെ "നിശ്ചയങ്ങൾ മെത്രാപ്പോലീത്താമാരും മെമ്പർമാരും അന്യോന്യം സമ്മതിച്ചു എന്നും അതു പ്രകാരം നടക്കയും നടത്തിക്കുകയും ചെയ്യുമെന്നുമുള്ള സമൂഹത്തിന്റെ സമ്മതത്തിനും ഉറപ്പിനും വേണ്ടി പ്രസിഡന്റ് തന്റെ ഒപ്പും മുദ്രയും ഇടുന്നതല്ലാതെ കമ്മട്ടിക്കാരും ഒപ്പുകൾ ഇട്ട് ഉറപ്പിക്കേണ്ടതെന്ന് യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു" എന്ന് കണ്ടനാട് ഗ്രന്ഥവരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഗ്രന്ഥവരി എഴുതിയ ശെമവൂൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നതു, "സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കമ്മിട്ടിയുടെ പ്രസിഡന്റ് മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ" എന്നു തന്നെയാണ്. ആ നിലയിൽ ഭരിച്ച പുലിക്കോട്ടിൽ രണ്ടാമന്റെ ചിത്രമാണ് കണ്ടനാട് ഗ്രന്ഥവരിയിൽ തെളിഞ്ഞുവരുന്നത്. അന്ത്യോഖ്യാ പാത്രിയർക്കീസിനെ 'വേദത്തലവൻ' എന്നാണ് ശെമവൂൻ മാർ ദീവന്നാസ്യോസ് വിശേഷിപ്പിക്കുന്നത്. കണ്ടനാട് ഗ്രന്ഥവരിയുടെ അവസാന ഭാഗത്ത് പുലിക്കോട്ടിൽ രണ്ടാമന്റെ ധീരമായ ഉയിർത്തെഴുന്നേൽപ്പ് ദർശിക്കാമെങ്കിലും മലങ്കര സഭയെ ശൈഥില്യത്തിൽ നിന്നും അവ്യവസ്ഥിതികളിൽ നിന്നും അദ്ദേഹം കരകയറ്റിയ കാര്യങ്ങൾ ശെമവൂൻ മാർ ദീവന്നാസ്യോസ് ഭാഗികമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. എന്നാൽ സത്യം ഭാഗികമായെങ്കിലും രേഖപ്പെടുത്താൻ അദ്ദേഹം കാണിച്ച സന്മനസ്സിനെ നാം മാനിക്കണം.

('*യുഗതേജസ്സ്*' എന്ന ഗ്രന്ഥത്തിൽ നിന്നും)

# 'ഇടവകപത്രിക'യിലെ ഇടയശ്രേഷ്ഠൻ

## ഫാ. സി. സി. ചെറിയാൻ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ തിരുമേനി, അദ്ദേഹം വിശ്വസിച്ച് ഏറ്റുപറഞ്ഞ സത്യവിശ്വാസം നിലനിർത്തുന്നതിന് പരമാവധി ശ്രമിച്ചു. എന്നാൽ അദ്ദേഹത്തെപ്പറ്റി പുതിയ തലമുറയിലെ ചരിത്രകാരന്മാർ ആ കാലഘട്ടത്തിലെ സാഹചര്യങ്ങളും, സംഭവങ്ങളും, വാർത്തകളും നിഷ്പക്ഷമായി പരിശോധിക്കാതെ, ചില അഭിപ്രായങ്ങൾ ലേഖനങ്ങളിലൂടെയും, ക്ലാസ്സുകളിലൂടെയും, പ്രസംഗങ്ങളിലൂടെയും അവതരിപ്പിക്കുന്നത് യാഥാർത്ഥ്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുന്ന സഭാസ്നേഹികൾക്ക് വൈരുദ്ധ്യങ്ങളായോ അജ്ഞതയായോ, അവഗണനയായോ, അഹങ്കാരമായോ ഒക്കെ തോന്നിപ്പോകുന്നതിൽ അതിശയിക്കാനില്ല.

തിരുമേനിയെപ്പറ്റി ആഴത്തിൽ നിഷ്പക്ഷമായി മനസ്സിലാക്കാൻ ശ്രമിച്ചാൽ, വ്യക്തിതാല്പര്യമോ, പ്രാദേശിക പരിഗണനയോ ഇല്ലാതെ, സഭയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും നിഷ്കളങ്കമായി പരിമിത സൗകര്യത്തിൽ, പരമാവധി ഉത്സാഹിച്ച്, തീ പിടിച്ച ആത്മാവുമായി, മലങ്കരസഭയിൽ വടക്കും തെക്കും എന്ന വ്യത്യാസമില്ലാതെ കുന്നംകുളം മുതൽ തിരുവനന്തപുരം വരെ ഓടിനടന്ന് ഓട്ടം തികച്ച ഒരു പിതാവിനെ അറിയുവാൻ സാധിക്കും.

പുലിക്കോട്ടിൽ തിരുമേനി നമ്മുടെ സഭയ്ക്ക് മൂന്നു ദുരന്തങ്ങൾ വരുത്തിയതായി ഒരു ചരിത്രപണ്ഡിതൻ വിവരിക്കുന്നു:

1. പാത്രിയർക്കീസിന്റെ ആധിപത്യം കൊണ്ടുവന്നു, 2. സഭയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി, 3. സഭയുടെ ഐക്യം തകർത്തു.

അല്പമെങ്കിലും മലങ്കരസഭയുടെ ചരിത്രം അറിഞ്ഞിരുന്നെങ്കിൽ ഇപ്രകാരം എഴുതുവാൻ എങ്ങിനെ കഴിയും?

### 1. അന്ത്യോഖ്യാബന്ധം

1836-ൽ "മാവേലിക്കര പടിയോല" പ്രകാരം അന്നത്തെ സഭാതലവൻ ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സഭാസമൂഹം ഒന്നടങ്കം തീരുമാനിച്ചതാണ്, ഈ സഭ പൂർവ്വികകാലം മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലാണെന്ന് (പാറേട്ട്, മലങ്കര

നസ്രാണികൾ, വാല്യം 3, പേജ് 181 കാണുക). അന്ന് പാത്രിയർക്കീസിന്റെ പേര് പറഞ്ഞാണ് നവീകരണക്കാരിൽ നിന്നും രക്ഷപെടാൻ ശ്രമിച്ചത്. പക്ഷേ, ആ തീരുമാനത്തിന്റെ വെളിച്ചത്തിൽ നവീകരണ പ്രസ്ഥാന നേതാവായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസ് ആണ് ആദ്യമായി അന്ത്യോഖ്യായിൽപോയി പാത്രിയർക്കീസിൽ നിന്നും പട്ടം ഏറ്റുവന്നു നവീകരണം വളർത്തിയത്. ഈ ആക്രമണത്തിനെതിരെയാണ്, സ്വപ്രാണനെ തൃണവൽഗണിച്ചുകൊണ്ട്, പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി പാത്രിയർക്കീസിന്റെയടുക്കൽ പോകേണ്ടിവന്നത്. അതുകൊണ്ടും കാര്യമായ പ്രയോജനമില്ലാതെ വന്നതിനാലാണ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ 1875-ൽ മലങ്കരയിൽ കൊണ്ടുവന്നത്. ഇത് പുലിക്കോട്ടിൽ തിരുമേനി സ്വന്തമായി തീരുമാനിച്ച് ചെയ്തതല്ല. 1873-ൽ പരുമലയിൽ കൂടിയ സുന്നഹദോസ് തീരുമാനപ്രകാരമാണ് അപ്രകാരം ചെയ്തത്. അതുകൊണ്ട് ഇന്ന് "മലങ്കരസഭ" നിലനില്ക്കുന്നു. വാഹനമോടിക്കുമ്പോൾ ജനക്കൂട്ടത്തിലേക്ക് നിയന്ത്രണംവിട്ട് കയറി വലിയ നാശം ഒഴിവാക്കാൻ മതിലിൽ ഇടിച്ചു നിർത്തി ജനങ്ങളെ രക്ഷിച്ച സാഹസികനായ ഡ്രൈവറുടെ സ്ഥാനത്താണ് ഞാൻ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയെ കാണുന്നത്.

## 2. സഭാസ്വാതന്ത്ര്യം

സഭയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയെന്നതാണ് മറ്റൊരാരോപണം. 'സ്വാതന്ത്ര്യം' എന്ന പദത്തിന് 'സ്വന്തം തന്ത്രം' എന്ന ഒരർത്ഥം കൂടിയുണ്ട്. 1876-ന് മുൻപ് നമുക്കുണ്ടായിരുന്ന "സ്വാതന്ത്ര്യം" എന്തായിരുന്നു എന്ന് ആധുനിക ചരിത്രകാരന്മാർ പരിശോധിക്കുന്നത് നല്ലതായിരുന്നു. "ഇടവകപത്രിക" പരിശോധിക്കുമ്പോൾ ആ കാലഘട്ടത്തിലെ അവസ്ഥയെപ്പറ്റി കുറെയൊക്കെ അറിയാം. അതിനു മുമ്പും പിമ്പും ഉള്ള ചരിത്രം പ്രാദേശികമായും, വിശ്വാസപരമായും വൈരുദ്ധ്യങ്ങളും തർക്കങ്ങളും നിറഞ്ഞതായിരുന്നു. ഉദയംപേരൂർ സുന്നഹദോസിന് മുൻപ് (1599) ഉണ്ടായിരുന്ന സഭയുടെ 'സ്വത്വം' വേണ്ടത്ര വ്യക്തതയില്ലാത്തതായിരുന്നു.

1876-ൽ മുളന്തുരുത്തി സുന്നഹദോസിലുണ്ടാക്കിയ കാനോനാകൾ മിക്കവാറും എല്ലാംതന്നെ പാത്രിയർക്കീസ് ഇല്ലാതെ 1873-ൽ പരുമലയിൽ കൂടിയ മഹാസമ്മേളനത്തീരുമാനങ്ങളായിരുന്നു (*കണ്ടനാട് ഗ്രന്ഥവരി* കാണുക). "ഇവിടുത്തെ മജ്ലിസും, (കമ്മറ്റി) അവിടുത്തെ മജ്ലിസും" എന്ന വ്യവസ്ഥ (ഇസ്സഡ്. എം. പാറേട്ട്, "മുളന്തുരുത്തി സുന്നഹദോസ്", പേജ് 113 കാണുക) എഴുതിച്ചേർത്ത് ഈ സഭയുടെ സ്വാതന്ത്ര്യത്തെ നിലനിർത്തിയ 'സ്വതന്ത്ര" സേനാനിയാണ് പുലിക്കോട്ടിൽ തിരുമേനി.

### 3. സഭയുടെ ഐക്യം

മൂന്നാമത്തെ ആരോപണം ഐക്യം തകർത്തു എന്നതാണല്ലോ. നവീകരണ ആശയങ്ങൾക്കെതിരെ വിശ്വാസസംരക്ഷണത്തിന്റെ പേരിൽ അവരായിട്ടു കേസു നടത്തിയതിനാൽ ഐക്യം നഷ്ടപ്പെടുന്നത് സ്വാഭാവിക സംഭവമാണ്. എന്നാൽ മറ്റു സഭാവിഭാഗങ്ങളുമായോ, സഭയിൽതന്നെ വടക്കും-തെക്കും തമ്മിലുണ്ടായിരുന്ന സാംസ്കാരിക ഭിന്നതകളുമായോ, സഭയുടെ ആഭ്യന്തര പ്രശ്നമായിരുന്ന അന്ത്യോഖ്യ-മലങ്കര വടംവലി മൂലമുണ്ടായ വിഭാഗങ്ങളുമായോ ഭിന്നത പ്രകടിപ്പിക്കപ്പെടാതെ പൂർണ്ണ ഐക്യം നിലനിർത്തുന്നതിന് പുലിക്കോട്ടിൽ തിരുമേനിയുടെ, ദൈവാശ്രയത്തോടും സഭാംഗങ്ങളോടുള്ള സ്നേഹപൂർവ്വമായ കരുതലോടും കൂടിയുള്ള, മൃദുല സമീപനം ഐക്യം നിലനിർത്തുന്നതിന് തികച്ചും പര്യാപ്തമായിരുന്നു എന്നതാണ് യാഥാർത്ഥ്യം. പുലിക്കോട്ടിൽ തിരുമേനി 1873-ലെ പരുമല സുന്നഹദോസ് വഴിയും, 1876-ലെ മുളന്തുരുത്തി സുന്നഹദോസു വഴിയും തീരുമാനങ്ങൾ എടുത്ത് പ്രാരംഭം കുറിച്ച് നടപ്പിൽ വരുത്തിയ ജനായത്ത ഭരണക്രമം ഈ സഭയുടെ സ്വാതന്ത്ര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകം തന്നെയായിരുന്നു.

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ജീവിതവും പ്രവർത്തനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ പരിഗണിക്കുമ്പോൾ, അദ്ദേഹം ഈ സഭയ്ക്കും സമൂഹത്തിനും വേണ്ടി സമ്പാദിച്ച നിരവധി നേട്ടങ്ങൾ അക്കമിട്ട് പറയാനുണ്ട്. അദ്ദേഹത്തിന്റെ സംഭാവനകളും വ്യക്തിമാഹാത്മ്യവും അന്നത്തെ സഭാംഗങ്ങൾ തിരിച്ചറിഞ്ഞ് എങ്ങിനെ അദ്ദേഹത്തെ ആദരിച്ചു എന്ന് ഇന്നത്തെ സഭാംഗങ്ങൾക്ക് അറിയണമെങ്കിൽ 'ഇടവക പത്രിക'യിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തണം. എന്നിട്ട് തീരുമാനിക്കാം ഈ തിരുമേനിയെ ഇത്രയും തെറ്റിദ്ധരിക്കണമായിരുന്നോ എന്ന്.

### 4. "ഇടവക പത്രിക" - ഒരു ഹ്രസ്വ അവലോകനം

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായായി പ്രവർത്തിച്ച കാലഘട്ടത്തിലെ പ്രധാനപ്പെട്ട ചില കാര്യങ്ങളെപ്പറ്റി 1892 മുതൽ 1910 വരെ കോട്ടയം പഴയസെമിനാരിയിൽ നിന്നും ക്രമമായി മാസംതോറും പ്രസിദ്ധീകൃതമായ "ഇടവക പത്രിക"യുടെ വിവിധ ലക്കങ്ങളിലൂടെ നടത്തിയ അന്വേഷണങ്ങളുടെ ഏറ്റവും ചുരുങ്ങിയ സൂചനകൾ നൽകുവാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനത്തിലൂടെ നിർവ്വഹിക്കുന്നത്. ആ കാലഘട്ടത്തിൽ പ്രസിദ്ധീകൃതമായ "ഔദ്യോഗിക മാസിക" എന്ന നിലയിൽ ഇതിലെ വാർത്തകളും പ്രസ്താവനകളും താരതമ്യേന കൂടുതൽ ആധികാരികമാണെന്ന് കരുതേണ്ടിയിരിക്കുന്നു. 1892-ന് മുൻപുണ്ടായിരുന്ന ചരിത്രസംഭവങ്ങൾ ഒന്നും ഇവിടെ പരാമർശിക്കപ്പെടുന്നില്ലെന്ന കാര്യവും എടുത്തുപറയട്ടെ.

ഇടവക പത്രികയുടെ എല്ലാ ലക്കങ്ങളും ലഭ്യമാകാതിരുന്നതിനാൽ, ആ കാലഘട്ടത്തിന്റെ ഒരു സമ്പൂർണ്ണചിത്രം വരച്ചുകാണിക്കാൻ കഴിയുന്നില്ലെന്ന പ്രയാസമുണ്ടെങ്കിലും, പുലിക്കോട്ടിൽ തിരുമേനി പ്രധാനമായി വ്യാപൃതമായിരുന്ന ചില മേഖലകളിലേക്ക് വെളിച്ചം വീശുന്ന പരാമർശങ്ങൾ ചൂണ്ടിക്കാണിക്കുവാൻ മാത്രമെ ഇവിടെ ശ്രമിക്കുന്നുള്ളൂ.

## ഒരു പൊതുവിശകലനം

ഇടവകപത്രികയുടെ 18 വർഷത്തെ ലക്കങ്ങൾ (ചുരുക്കം ചില ലക്കങ്ങളൊഴികെ) പരിശോധിച്ചതിൽ താഴെപ്പറയുന്ന വിഭാഗങ്ങളിലായി കുറെയേറെ (500–ൽപരം) പരാമർശങ്ങൾ ശേഖരിക്കുവാനിടയായി:

(A) സഭയുടെ പൊതുഭരണം (51 പരാമർശനങ്ങൾ), (B) ഇടവക ഭരണം (37), (C) പ്രസിദ്ധീകരണങ്ങൾ (42), (D) സംഘടനകൾ (47), (E) വിദ്യാഭ്യാസം (42), (F) വിദേശബന്ധം (26), (G) അന്ത്യോഖ്യാബന്ധം (28), (H) നവീകരണക്കാരുമായുള്ള സംവാദം (48), (I) സാമൂഹ്യപരിഷ്ക്കരണം (26), (J) പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രം (18) (K) കല്പനകൾ (44), (L) പുലിക്കോട്ടിൽ തിരുമേനിയുടെ ജൂബിലി (25), (M) വിശ്വാസസംരക്ഷണം (12), (N) പരുമലതിരുമേനി (13), (O) സഭയും രാജ്യവും (5), (P) ആദ്ധ്യാത്മികം (5), (Q) അന്നത്തെ സഭയുടെ അവസ്ഥ (41), (R) കേസ്/വിധികൾ (22), (S) സുറിയാനി ഭാഷ/അച്ചടി (19) (T) വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ലേഖനപരമ്പരകൾ (41), (U) എക്യുമെനിക്കൽ (12), (V) വേദപുസ്തകം തർജ്ജമ/പ്ശീത്തോ (21), (W) അപൂർവ്വ വാർത്തകൾ/സംഭവങ്ങൾ (17) (X) ആലുവാ സെമിനാരി/പള്ളി (19) (Y) പഴയ സെമിനാരി /ലൈബ്രറി (11), (Z) പലവക (ചരിത്രപഠിതാക്കൾക്ക് പ്രയോജനപ്പെടുമെന്ന പ്രതീക്ഷയിൽ തയ്യാറാക്കിയത് പൊതുശ്രദ്ധയിൽപ്പെടുത്തുന്നു എന്നു മാത്രം).

## തെരഞ്ഞെടുത്ത പരാമർശങ്ങൾ

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട പരാമർശനങ്ങൾ മാത്രം തെരഞ്ഞെടുത്തത് അന്വേഷണകുതുകികൾക്കായി അവതരിപ്പിക്കുന്നു. ആവർത്തിക്കുന്നതോ തുടർച്ചയായി വരുന്നതോ ആയ പരാമർശനങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഈ ലേഖനത്തോട് അനുബന്ധമായി നൽകിയിരിക്കുന്ന ലിസ്റ്റിലെ പരാമർശനങ്ങളുടെ ക്രമനമ്പരുകൾ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നതു അതതു കാര്യങ്ങളുടെ സൂചനകൾ മാത്രമാണ്. വിശദമായ പഠനത്തിന് “ഇടവക പത്രിക” ലക്കങ്ങൾ പരിശോധിക്കുക.

(A) **സഭാതലത്തിൽ** പൊതുഭരണം, ഇടയപരിപാലനം, പൊതുസമീ

പനങ്ങൾ എന്നീ കാര്യങ്ങൾ പരാമർശിക്കുന്ന 32 സൂചനകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ലിസ്റ്റ് പരിശോധിച്ചാൽ കാണാവുന്നതാണ്. (1, 5, 7, 11, 12, 18, 27, 28, 39, 44, 49, 56, 62, 65, 66, 79, 83, 88, 92, 116, 121, 125, 130, 136, 144, 145, 148, 152, 169, 174, 186, 192, 203).

(B) **ഇടവകതലത്തിൽ** വിവിധ കാര്യങ്ങളെ സംബന്ധിക്കുന്ന 15 പരാമർശനങ്ങൾ താഴെ ചേർക്കുന്നു (10, 20, 49, 55, 79, 82, 96, 124, 152, 159, 170, 183, 196, 198, 208).

(C) **പ്രസിദ്ധീകരണങ്ങൾ:** ആരാധന, വേദപഠനം, നടപടിക്രമങ്ങൾ, നവീകരണത്തിനെതിരായുള്ള തർക്കവിഷയങ്ങൾ, ആനുകാലിക വിഷയങ്ങൾ ചർച്ച ചെയ്യുന്ന ലേഖനങ്ങൾ, ലഘുലേഖകൾ, മാസികകൾ തുടങ്ങി നിരവധി പ്രസിദ്ധീകരണങ്ങളെക്കുറിച്ചുള്ള 20 പരാമർശങ്ങൾ (2, 4, 31 A, 32 A, 34, 61, 67, 67 A, 71 A, 79 A, 94, 97, 120, 126, 128, 137, 141, 143, 146, 161).

(D) **സംഘടനകൾ**: കേരളത്തിലുടനീളം സഭയുടെ ഉത്സാഹപൂർവ്വമായ വളർച്ചയുടെ പ്രതീകങ്ങളായി നിരവധി സംഘടനകൾ രൂപം കൊള്ളുന്ന 31 പരാമർശനങ്ങൾ (6, 13, 16, 19, 25, 26, 30, 31, 53, 54, 58, 59, 66 A, 68, 71, 210 A, 218A, 220A, 254, 117, 118, 134, 139, 146, 157, 162, 165, 166, 190, 195, 197).

(E) **വിദ്യാഭ്യാസ മേഖല**യുമായി ബന്ധപ്പെട്ട 18 പരാമർശനങ്ങൾ (22, 23, 24, 41, 42 A , 52, 70, 84, 87 A, 113, 114, 136, 151 A, 155, 163, 170, 171, 181).

(F) **വിദേശബന്ധം:** ബ്രഹ്മവാർ, ഗോവ, സിലോൺ, അമേരിക്കാ, യൂറോപ്പ്, യെരുശലേം തുടങ്ങിയ വിദേശരാജ്യങ്ങളുമായി ഈ സഭയുടെ പ്രവർത്തനമേഖല വികസിച്ചിരുന്നു. നൂറുവർഷങ്ങൾക്കു മുമ്പു ലഭ്യമായിരുന്ന പരിമിതമായ യാത്രാസൗകര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അതിന്റെ പ്രാധാന്യം എത്ര വലുതാണെന്ന് ചിന്തിക്കാൻ പ്രയാസം. അന്നത്തെ ഉത്സാഹത്താൽ വളർന്നുവന്ന ശാഖകൾ ഉണങ്ങിപോയതിന്റെ ഉത്തരവാദിത്വം ആര് ഏറ്റെടുക്കും. അൽവാറീസ് മാർ യൂലിയോസ്, റിനിവിലാത്തി മാർ തിമോത്തിയോസ് എന്നീ മെത്രാന്മാരിലൂടെ ആരംഭമിട്ട വിദേശമിഷൻ ഇന്ന് എവിടെ, എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ആലോചിക്കുമ്പോൾ ദുഃഖം തോന്നുന്നു. താഴെ പറയുന്ന 10 പരാമർശനങ്ങൾ പരിശോധിക്കുക (9, 14, 21, 21 A, 36, 48, 121 A, 153, 172, 177 A).

(G) **അന്ത്യോഖ്യാ പാത്രിയർക്കീസ് ബന്ധം:** നവീകരണക്കാരെ തോല്പിക്കാൻ ലക്ഷ്യം വച്ച് 1836-ലെ മാവേലിക്കര പടിയോല മുതൽ സഭ സമ്മേളിച്ച് ആരംഭമിട്ട അന്ത്യോഖ്യൻ ബന്ധം പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ കാലംവരെ ബന്ധനമാകാതെയും സഭയിൽ ഐക്യം നഷ്ടപ്പെടാതെയും നിലനിർത്തുവാൻ ദൈവം കരുണ ചെയ്തു. ആ കാലഘട്ടത്തിലെ 13 പരാമർശനങ്ങൾ കാണുക: (47, 51, 63 B, 68B, 79 B, 142, 145, 154, 156, 160A, 164 A, 165 A, 179).

(H) **നവീകരണക്കാരുമായുള്ള** സംവാദം സംബന്ധിച്ച കാര്യങ്ങളെപ്പറ്റി വളരെ സജീവമായി ചർച്ചകൾ നടക്കുന്നതായി കാണുന്നു. "ഇടവക പത്രിക"ക്കെതിരായി "മലയാളമിത്രം" എന്ന പേരിൽ നവീകരണക്കാർ നമ്മെ കുറ്റപ്പെടുത്തിയപ്പോൾ, അതിനെതിരെ സുറിയാനിസഭയുടെ യഥാർത്ഥ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ചൂണ്ടിക്കാണിച്ച് "ഉരുളയ്ക്ക് ഉപ്പേരി" പോലെ അവസരോചിതമായ ഉത്തരം നൽകി എതിരാളികളുടെ വാദഗതികളുടെ പൊള്ളത്തരം വെളിപ്പെടുത്തുന്ന ഈ പരമാർശനങ്ങളും, അവയുടെ ശൈലിയും ഇന്നും പ്രസക്തമാണ്. അന്ന്, ബാഹ്യശക്തികളായ വിശ്വാസ വിപരീതികളോടായിരുന്നു ആഞ്ഞടിച്ചത്. ഇന്നാകട്ടെ, വിശ്വാസവും ആരാധനയും അനുഷ്ഠാനങ്ങളും എല്ലാം ഒന്നു തന്നെയായിട്ടും അധികാരത്തിനുവേണ്ടിയുള്ള ആഭ്യന്തരകലഹം തുടരുകയാണ്. നവീകരണക്കാരുമായി നടത്തിയ സംവാദങ്ങളുടെയും വിമർശനങ്ങളുടെയും 11 പ്രധാന പരാമർശനങ്ങൾ കാണുക (15, 33 A, 35 A, 37 A, 57, 84 A, 115, 147 B, 161 A, 170 A, 199 A).

(I) **സാമൂഹ്യ പരിഷ്ക്കരണം:** പുലിക്കോട്ടിൽ തിരുമേനി സഭയുടെ അതൃത്തിയ്ക്കകത്തും പുറത്തും വരുത്താൻ ശ്രമിച്ച പരിഷ്ക്കാരങ്ങൾ വിലയിരുത്തുമ്പോൾ ആ മഹാത്മാവിന്റെ സാമൂഹ്യപ്രതിബദ്ധത തെളിഞ്ഞുവരുന്നു. സ്ത്രീകളുടെ ഉന്നമനം, പെരുന്നാളുകൾ, ദലിത് ക്രിസ്ത്യാനികളുടെ ഉന്നമനം, സഭയിൽ വിവാഹം, ശവസംസ്കാരം തുടങ്ങിയ കാര്യങ്ങളിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ, മേല്പട്ടസ്ഥാനത്തിന് ദയറാകൾ, നെയ്ത്തു കമ്പനി, ചികിത്സാവിധികൾ, സാമൂഹ്യസമ്മേളനങ്ങൾ, ക്രിസ്ത്യാനികൾക്ക് സർക്കാർ ജോലിക്ക് അസോസിയേഷൻ, സുറിയാനിക്കാരുടെ വിവാഹസഹായം, അവകാശക്രമം, ജനസംഖ്യ നിർണ്ണയം തുടങ്ങി സഭയിലും സമൂഹത്തിലും അദ്ദേഹം തുടങ്ങിവച്ച പരിശ്രമങ്ങൾ കാണുക (21 B, 22 A, 29, 32, 33 B, 33 C, 38 A, 40, 42B,

45, 46, 66C, 68, 71B, 72A, 127, 129A, 150, 176 (ആകെ 19 പരാമർശനങ്ങൾ).

(J) **ജീവചരിത്ര പരാമർശനങ്ങൾ:** പുലിക്കോട്ടിൽ തിരുമേനിയുടെ ജീവിതാനുഭവങ്ങൾ ദൃക്സാക്ഷി വിവരണമെന്ന നിലയിൽ അദ്ദേഹം ജീവിക്കുന്ന കാലഘട്ടത്തിൽ തന്നെ പ്രസിദ്ധീകൃതമായവ കൂടുതൽ ശ്രദ്ധപിടിച്ചുപറ്റുന്നവയാണ്. സമകാലീനർ എഴുതിയ കാര്യങ്ങൾ മുഖവിലയ്ക്കു എടുക്കുന്നതിൽ രണ്ടുപക്ഷമുണ്ടാകാനിടയില്ല. 1833-ൽ ജനനം മുതൽ 1892 വരെയുള്ള 59 വർഷത്തെ ജീവചരിത്രം ഇടവകപത്രികയിൽ കാണുന്നില്ലെങ്കിലും 1892 മുതൽ 1909-ൽ തിരുമേനി കാലം ചെയ്യുന്നതുവരെയുള്ള (17 വർഷം) ചരിത്രം വളരെ ഹൃദയസ്പർശിയാണ്. പ്രത്യേകിച്ചും സുവർണ്ണ ജൂബിലി സമ്മേളനവിവരണം, മംഗളപത്രങ്ങൾ, മറുപടിപ്രസംഗങ്ങൾ, തിരുമേനിയുടെ മരണവൃത്താന്തം, അന്ത്യകല്പന, ശ്രാദ്ധ അടിയന്തിരം തുടങ്ങിയ വാർത്തകൾ എന്നിവ തിരുമേനിയുടെ ജീവചരിത്രത്തിൽ തിളങ്ങിനില്ക്കുന്ന നാഴികക്കല്ലുകളാണ്. 14 പരാമർശനങ്ങൾ താഴെ ചേർത്തിരിക്കുന്നത് കാണുക (132, 137, 187, 188, 189, 193, 194, 199, 200, 201, 202 A, 203, 204, 205, 209, 210).

(J) **കല്പനകൾ:** പുലിക്കോട്ടിൽ തിരുമേനി സഭയ്ക്ക് പൊതുവായും, ഇടവകകൾക്കും, പ്രസ്ഥാനങ്ങൾക്കും, സംഘടനാ ഭാരവാഹികൾക്കും, വ്യക്തികൾക്കും, അന്ത്യോഖ്യായിലേക്കും, സർക്കാരിലേക്കും മറ്റുമായി അയച്ച "എഴുത്തു"കൾ പ്രത്യേക പഠനവിഷയമാക്കാവുന്നതാണ്. ഭാവിയിലേക്ക് പ്രയോജനകരമായ കാര്യങ്ങൾക്കുവേണ്ടി സംഘടനകളും പ്രസിദ്ധീകരണങ്ങളും, പള്ളികളും, സ്കൂളുകളും ഒക്കെ ആരംഭിച്ച് പ്രവർത്തിക്കുന്നതിന് ആവശ്യമായ കല്പനകളാണ് അധികവും. സഭയ്ക്ക് പ്രയോജനകരമാകുമെന്ന പ്രതീക്ഷയിൽ പിൻതലമുറയിലെ വ്യക്തികളെ ശുപാർശചെയ്തു പ്രോത്സാഹിപ്പിക്കുന്ന കല്പനകളും കാണാം (കൈയെഴുത്തു കല്പനകൾ മറ്റൊരു ലേഖനത്തിൽ പരാമർശിച്ചത് ശ്രദ്ധിക്കുമല്ലോ). ഇടവകപത്രികയിൽ കല്പനകളുടെ 30 പരാമർശനങ്ങൾ താഴെ കൊടുക്കുന്നു (1, 4, 5, 7, 8, 23, 27, 33, 35, 36, 42, 43, 52, 62, 63, 66, 79, 82, 100, 119, 133, 139, 152, 156, 161, 165, 166 A, 169, 171, 172).

(L) **ജൂബിലി വാർത്തകൾ/മംഗളപത്രങ്ങൾ:** പുലിക്കോട്ടിൽ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണജൂബിലി സഭയാകമാനം അതിഗംഭീരമായി ആഘോഷിക്കപ്പെട്ടു. തിരുവനന്തപുരം മുതൽ കുന്നംകുളം വരെയുള്ള എല്ലാ ഇടവകകളിൽ നിന്നും ആളുകൾ

പങ്കെടുത്ത മഹാസമ്മേളനത്തെപ്പറ്റിയുള്ള വിവരണം വായിച്ചാൽ അദ്ദേഹത്തെപ്പറ്റി അന്നത്തെ സഭാമക്കൾ എങ്ങിനെ കരുതിയിരുന്നു എന്നു കാണാം. 1400 പറ അരിവച്ച് 20000-ൽ പരം ആളുകൾക്ക് നൽകിയ ജൂബിലി സദ്യയുടെ വിവരണം വർണ്ണനാതീതമാണ്. മംഗളപത്രത്തിൽ വിവരിച്ചിരിക്കുന്നവിധം തിരുമേനിയുടെ പ്രവർത്തനമേഖലകൾ അതിവിസ്തൃതമാണ്. മറുപടി പ്രസംഗം പ്രത്യേകിച്ചും പഠിക്കേണ്ടതുണ്ട്. തന്റെ കാലഘട്ടത്തിൽ എന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അതിനെല്ലാം അതാതുമായി ബന്ധപ്പെട്ട ചുമതലക്കാരെ പേര് പറഞ്ഞ് അവർക്ക് അഭിനന്ദനം നൽകുന്ന മഹാമനസ്കത ഏതൊരു നേതൃസ്ഥാനിക്കും മാതൃകയാണ്. അദ്ദേഹത്തിന്റെ ജീവിത വിജയരഹസ്യവും അതുതന്നെയായിരുന്നു. താഴെപറയുന്ന 27 പരാമർശനങ്ങൾ കാണുക (3, 85, 89, 93, 95, 98, 99, 100, 101, 102, 103, 104, 105, 106, 107, 108, 109, 110, 111, 112, 113, 129, 135, 138, 189, 191, 200).

(M) **വിശ്വാസസംരക്ഷണം/പ്രചാരണം:** സത്യവിശ്വാസസംരക്ഷണം, പ്രചാരണം എന്നീ കാര്യങ്ങൾ തിരുമേനിയുടെ മുഖ്യ ദൗത്യമായിരുന്നു. പള്ളിക്കൂടങ്ങൾ സ്വന്തമായി പള്ളിയോട് ചേർന്ന് സ്ഥാപിക്കുന്നതിന്റെ പ്രധാനലക്ഷ്യം, നമ്മുടെ കുഞ്ഞുങ്ങൾ മിഷനറിമാരുടെ ഇംഗ്ലീഷ് സ്കൂളിൽ പോയി വേദവിപരീതം പഠിക്കാൻ ഇടയാകരുത് എന്നതായിരുന്നു. സർക്കാർ സ്കൂളുകളിൽ 'വേദപഠനം' സാധ്യമല്ലാതിരുന്നതിനാൽ എല്ലാ പള്ളി സ്കൂളുകളിലും വേദപഠനം നടത്തുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്. മറ്റു സ്കൂളുകളിൽ നമ്മുടെ കുട്ടികൾ പോകാതെ, പള്ളി സ്കൂളിൽ തന്നെ പഠിപ്പിക്കണമെന്ന് സഭാംഗങ്ങൾക്ക് പൊതുവായ കല്പന നൽകുന്നുമുണ്ട്. നവീകരണ ചിന്തകൾക്കെതിരെ പത്രങ്ങൾ വഴിയും, മാസികകൾ വഴിയും, പ്രസംഗങ്ങൾ വഴിയും പ്രചാരണം നടത്തുവാനുള്ള സംവിധാനങ്ങൾ അദ്ദേഹം സഭയിൽ ഏർപ്പെടുത്തി. സഞ്ചാരമിഷനറിമാരായി വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ തുടങ്ങിയ പ്രഗത്ഭരെ നിയോഗിച്ചിരുന്നതായും കാണുന്നു. ചർച്ച് മിഷ്യൻ സമൂഹങ്ങൾ, സുവിശേഷസംഘങ്ങൾ, സണ്ടെസ്കൂൾ തുടങ്ങിയ സംഘടനകൾക്ക് പുറമെ "സുവിശേഷകൻ" എന്ന മാസികയും ആരംഭിച്ചു. വേദവിപരീതികൾക്കെതിരെ കോടതി വഴി പൊരുതുവാനും ഈ പിതാവ് ശ്രമിക്കുന്നു. താഴെ പറയുന്ന 9 പരാമർശനങ്ങൾ കാണുക (68 D, 71, 72, 84A, 117, 144A, 158B, 176A, 176B).

(N) **സഭയും രാജ്യവും:** രാജഭക്തിയുള്ള ഒരു സഭയെ നിലനിർത്തു

വാൻ തിരുമേനി പ്രത്യേകം ശ്രമിച്ചിരുന്നു എന്നതിന് പല തെളിവുകൾ കാണുന്നുണ്ട്. മഹാരാജാവിന് സ്വീകരണം നൽകുന്നതും, ചക്രവർത്തിക്ക് വേണ്ടി പള്ളികളിൽ പ്രാർത്ഥന നടത്താൻ ആഹ്വാനം ചെയ്യുന്നതും, സർക്കാർ പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നതുമെല്ലാം പരിഗണന അർഹിക്കുന്ന പരാമർശനങ്ങളാണ്. താഴെ പറയുന്ന ഏതാനും സൂചനകൾ കാണുക (5 A, 22B, 60, 68, 119).

(O) **ആദ്ധ്യാത്മികത:** വിശുദ്ധിക്കുള്ള മാനദണ്ഡങ്ങൾ നിർമ്മിച്ച് പരിശുദ്ധന്മാരെ പ്രഖ്യാപിക്കുന്ന രീതി കത്തോലിക്കാസഭയിൽ നിലനില്ക്കുന്നുണ്ടെങ്കിലും പൗരസ്ത്യസഭകളിൽ പൊതുവെ ഇന്നും സ്വീകാര്യമായി നടപ്പിലുണ്ടെന്ന് തോന്നുന്നില്ല. ഏതായാലും പുലിക്കോട്ടിൽ തിരുമേനിയുടെ ആദ്ധ്യാത്മികതയും വിശുദ്ധ ജീവിതവും വിലയിരുത്തി വിധിനിർണ്ണയിക്കാൻ ഇപ്പോഴത്തെ മാനദണ്ഡം വച്ച് ശ്രമിക്കാതിരിക്കുന്നതായിരിക്കും അദ്ദേഹത്തോട് ചെയ്യാവുന്ന ആദരവ് എന്ന് തോന്നിപ്പോകുന്നു. പഴയസെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ പെരുന്നാളുകൾ ആഘോഷിക്കുമ്പോൾ, സംഭവിച്ചുകൊണ്ടിരിക്കുന്ന പരിഗണനകളും അവഗണനകളും മനുഷ്യർ കാണുന്നതുപോലെ പ്രസ്തുത പിതാക്കന്മാരുടെ ആത്മാക്കളും കണ്ട് ആത്മഗതം ചെയ്യുന്നുണ്ടാകും. അവിവേകം ചെയ്യുന്നവരോട് ക്ഷമിക്കണമെ എന്ന് നിശ്ചയമായും ദൈവത്തോട് അവർ പ്രാർത്ഥിക്കും. പുലിക്കോട്ടിൽ തിരുമേനിയുടെ ആദ്ധ്യാത്മികതയിലേക്ക് പ്രകാശം പരത്തുന്ന ചില സൂചകങ്ങൾ താഴെ കൊടുക്കുന്നു: (8, 63, 129 B, 194 A).

(P) **അന്നത്തെ സഭയുടെ അവസ്ഥ.** വിശദമായി വിവരിക്കേണ്ട ആവശ്യമില്ലാത്തതിനാൽ സൂചനകൾ മാത്രം നൽകുന്നു (12 A, 16 A, 37 B, 41 A, 41 B, 58A, 64B, 65A, 68C, 72B, 116B, 143A, 148A, 151, 158A, 165B, 177, 178 A, 178 B, 179 A, 179 B, 184, 201A, 201B, 206, 207, 211, 212, 213).

(Q) **കേസ്സുകൾ/വിധികൾ:** സൂചകങ്ങൾ മാത്രം നൽകുന്നു (17, 37, 38, 49 A, 50, 82, 112A, 116, 121, 124, 144, 148).

(R) **പരുമല സെമിനാരി/തിരുമേനി:** പരാമർശനങ്ങൾ മാത്രം (131, 134, 136, 147 A, 157A, 157B).

(S) **സുറിയാനി/അച്ചടി/ഗ്രന്ഥങ്ങൾ:** പരാമർശനങ്ങൾ മാത്രം (57 A, 63A, 64 A, 65B, 66B, 84, 99A, 135A, 141, 143, 151A, 161).

(T) **ലേഖന പരമ്പരകൾ:** വിവിധ വിഷയങ്ങളെപ്പറ്റി ലേഖന പരമ്പര

കൾ പ്രസിദ്ധീകൃതമായവ സൂചിപ്പിക്കുന്നു. ചില ലേഖനപരമ്പര പൂർണ്ണമാകുന്നില്ലെങ്കിലും വിശ്വാസപഠന ഉപാധി എന്ന നിലയിൽ വിലപ്പെട്ടവ തന്നെ (68 E, 68 F, 69A, 78A, 78B, 92A, 112A, 116A, 118A, 118B, 121B, 121C, 130A, 133A, 141A, 178B, 178C, 179C).

(U) **എക്യുമെനിക്കൽ സംരംഭങ്ങൾ: (73, 74, 80, 99, 115, 122, 122** A, 170 A).

(V) **വേദപുസ്തകം/തർജ്ജമ :** (66 A, 67B, 74A, 112, 112A, 113A, 130A, 149, 163A, 175).

(W) **ആലുവാ സെമിനാരി:** (76, 133, 141 B, 151B, 158, 160, 167, 168).

(X) **ലൈബ്രറികൾ/പഴയസെമിനാരി:** (94, 118, 146, 147, 155, 157, 163, 164, 178, 185, 194A).

**പാമ്പാക്കുട** (63A, 64 B, 65B, 66B).

**അനുബന്ധം:** "ഇടവകപത്രിക" വിഷയ വിവരം (അടുത്ത പേജിൽ).

# ഇടവക പത്രിക

## (മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം കോട്ടയം പഴയസെമിനാരിയിൽ നിന്ന് 1892 മുതൽ 1910 വരെ)

| ക്രമ നമ്പർ | വർഷം മാസം | പുസ്തകം ലക്കം | പേജ് നമ്പർ | വിവരണം |
|---|---|---|---|---|
| 1 | 1892/കുംഭം | 1/2 | 17–20 | പുലിക്കോട്ടിൽ തിരുമേനി "വട്ടിപ്പണ" പലിശവാങ്ങുന്നതിന് ട്രസ്റ്റിമാരെ തെരഞ്ഞെടുക്കാൻ അസോസിയേഷൻ വിളിച്ചുകൂട്ടുന്നു. |
| 2. | ,, | ,, ,, | 30 | ഇടവക പത്രിക എല്ലാ പള്ളികളിലും വരുത്തി പ്രധാന വാർത്തകൾ, കല്പനകൾ, എന്നിവപോലെ പള്ളിയിൽ പൊതുവായി പ്രസ്താവിക്കണം. |
| 3. | ,, | ,, | 36 | പട്ടക്കാർ പുലിക്കോട്ടിൽ തിരുമേനിയ്ക്ക് അസോസിയേഷനിൽ വച്ച് അംശ വടി, മംഗളപത്രം എന്നിവ സമ്മാനിക്കുന്നു. |
| 4. | 1892/മീനം | 1/3 | 37 | കോട്ടയം സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന നമസ്ക്കാര പുസ്തകം ഒഴികെ അന്യ നമസ്ക്കാര പുസ്തകങ്ങൾ റദ്ദു ചെയ്യുന്നു. |
| 5. | ,, | ,, | 37–40 | അസോസിയേഷൻ തീരുമാനങ്ങൾ എല്ലാവരെയും അറിയിക്കുന്നു. |
| 5 എ | ,, | ,, | 49 | അശ്വതി തിരുനാൾ മഹാരാജാവ് സുറിയാനിക്കാരുടെ ചെമ്പുപട്ടയങ്ങളുടെ പകർപ്പ് എടുക്കുന്നു. |
| 6. | ,, | ,, | 51 | "മലബാർ ത്രീസ്സ് ശുബഹോ സമൂഹം." |
| 7. | 1892/മേടം | 1/4 | 53–55 | കോട്ടയത്ത് സെമിനാരിയിൽ കൂടിയ സഭയുടെ പ്രതിപുരുഷ സംഘ നിശ്ച യങ്ങളുടെ ശരിപകർപ്പ് പൊതുഅറിവിലേക്ക്. |
| 8. | ,, | ,, | 55 | അമ്പത്നോമ്പ്, മൂന്നുനോമ്പ് ഒഴികെയുള്ള നോമ്പുകളിൽ മത്സ്യം ആകാം. |
| 9. | ,, | ,, | 55–57 | അൽവാറീസ് യൂലിയോസ് മെത്രാപ്പോലീത്തായുടെ "സ്വതന്ത്രീയ കാതോ ലിക്കാ സഭ" ഒരു ചുരുങ്ങിയ ചരിത്രം. |

| | | | | |
|---|---|---|---|---|
| 10. | ,, | ,, | 64 | കൊല്ലം പള്ളി ഓടുമേയാൻ തിരുമേനി നിർദ്ദേശം നൽകുന്നു. |
| 11 | ,, | ,, | 67 | മെത്രാപ്പോലീത്താമാരുടെ സഞ്ചാരങ്ങൾ. |
| 12. | 1892/ഇടവം | 1/5 | 69–73 | അസോസിയേഷൻ യോഗനിശ്ചയങ്ങൾ – വിശദ വിവരണം. |
| 12 എ | ,, | ,, | 73–76 | "സഭയുടെ കുറവുകൾ ഒരു അവലോകനം." |
| 13. | ,, | | 76 | "യാക്കോബായ സുറിയാനി ക്രിസ്ത്യാനി "അഭിവൃദ്ധിനീ സംഘം." |
| 14. | ,, | ,, | 81 | "റിനിവിലാത്തി" അമേരിക്കയിൽ "പഴയ കത്തോലിക്കർ" 3000 ജനങ്ങൾ. |
| 15. | ,, | ,, | 81 | "അംശവടി, മുടി, സ്ലീബാ – സ്ഥാനചിഹ്നങ്ങൾ തിരിച്ചുപിടിക്കുന്നു. |
| 16. | ,, | ,, | 87 | മലങ്കര സുറിയാനി സുവിശേഷ സമൂഹം "സൻഡേസ്കൂൾ" നടത്തുന്നു. |
| 16 എ | ,, | ,, | 89 | "അഗപ്പി" സഭയുടെ അന്നത്തെ അവസ്ഥ – ഒരു അവലോകനം. |
| 17 | ,, | ,, | 100 | ചെറിയപള്ളി കേസ് വിധി-മലങ്കരമെത്രാപ്പോലീത്തായ്ക്ക് അവകാശം. |
| 18. | ,, | ,, | 100 | മാനേജിംഗ് കമ്മിറ്റിക്ക് "കോറം." |
| 19. | 1892/കർക്കിടം | 1/7 | 101 | 'ക്ലീറിക്ക് സംഘ"ത്തിന്റെ നിശ്ചയങ്ങൾ – പരുമലയിൽ. |
| 19. എ | ,, | ,, | 115 | മാലിത്ര ഏലിയാസ് കത്തനാർ തയ്യാറാക്കിയ "നടപടിപുസ്തകം" പ്രസിദ്ധീകരണത്തിന് ശുപാർശ. |
| 20. | ,, | ,, | 132 | ദീവന്നാസ്യോസ് തിരുമേനി കായംകുളം പള്ളിയിൽ കണക്കു പരിശോധിക്കുന്നു. |
| 21. | ,, | ,, | 132 | സുറിയാനി സഭയുടെ ഉപശാഖകൾ ഗോവ, അമേരിക്ക, കൊളമ്പ്, യൂറോപ്പ്. |
| 21 എ | ,, | ,, | 148 | റിനിവിലാത്തി തിമോത്തിയോസ് യൂറോപ്പിൽ 5 മിഷൻ സ്ഥലങ്ങളും പള്ളികളും 10000 ജനങ്ങളുമുള്ള സഭയെ വളർത്തിക്കൊണ്ടുവരുന്നു. |
| 21 ബി | 1892/വൃശ്ചികം | ,, | 177–80 | നസ്രാണി സ്ത്രീകളും അവരുടെ വീണ്ടെടുപ്പും. |
| 22 | 1892/ധനു | 1/12 | 181–84 | "മാർ ദീവന്നാസ്യോസ് സെമിനാരി", കോട്ടയം. |
| 22 എ | ,, | ,, | 185 | പെരുന്നാൾ ആഘോഷം – ആംഗ്ലിക്കൻ സുറിയാനി താരതമ്യം. |
| 22 ബി | ,, | ,, | 190–92 | ക്രിസ്ത്യൻ ജനസംഖ്യ. |
| 23. | ,, | ,, | 195 | "തിരുനക്കര പുത്തൻ സെമിനാരി" (എം.ഡി. സെമിനാരി) ഇംഗ്ലീഷ് പഠനം. |
| 24. | 1893/മകരം | 2/1 | 197 | എം. ഡി. സെമിനാരി സ്ഥാപനഫലകം. |
| 25. | ,, | ,, | 211 | "വേദവായനസംഘം" മാവേലിക്കര. |

| | | | | |
|---|---|---|---|---|
| 26. | 1893/കുഭം | 2/2 | 216 | വട്ടശ്ശേരിൽ ഗീവർഗ്ഗീസ് കത്തനാർ പരസ്യപ്രസംഗം കുന്ദംകുളത്ത്. |
| 27. | 1893/മീനം | 2/3 | 233 | മനേജിംഗ് കമ്മറ്റിക്കാർക്ക് കല്പന. |
| 28. | ,, | ,, | 237 | സെമിനാരി സ്വത്തുക്കളും മുതൽ അപഹരണവും– മറുപടി. |
| 29. | ,, | ,, | 251–54 | നസ്രാണി സ്ത്രീകൾ –വസ്ത്രാഭരണം. |
| 30. | 1893/ഇടവം | 2/5 | 293 | "ക്രിസ്തീയ കുടുംബ സഹായ സംഘം." |
| 31. | 1893/മിഥുനം | 2/6 | 310 (278) | "മലങ്കരസുറിയാനി സുവിശേഷ സമൂഹം." |
| 31 എ | ,, | ,, | 313 (281) | "മതസംഗതി." |
| 32. | ,, | ,, | 316 (284) | ജൂബിലി വീണ്ടെടുപ്പ് മലങ്കരസഭയിൽ. |
| 32 എ | ,, | ,, | 321 | "സുറിയാനി മതോപദേശ പാലനം" ഇം. എം. ഫിലിപ്പ്. |
| 33 | 1893/കർക്കിടകം | 2/7 | 293 | സെമിനാരി പിരിവ് സംബന്ധിച്ച് കല്പന. |
| 33 എ | ,, | ,, | 297 | "അബ്രഹാം മല്പാനും നവീകരണവും" ലേഖനം. |
| 33 ബി | ,, | ,, | 302 | "പുലക്രിസ്ത്യാനികൾ" വാർത്ത. |
| 33 സി | ,, | ,, | 303 | പള്ളിക്കകത്ത് ശവസംസ്ക്കാരം പാടില്ല – വാർത്ത. |
| 34 | ,, | ,, | 304 | മതോപദേശപാലനം – എല്ലാവരും വാങ്ങണം. |
| 35 | 1893/ചിങ്ങം | 2/8 | 309 | സെമിനാരി പിരിവിന് "മ്സബ്രാനാ"യെ നിയമിച്ച് പള്ളിക്കുള്ള കല്പന. |
| 36 എ | ,, | ,, | 314 | "സഭാ താരകയുടെ പിശകുകൾ." |
| 36 | 1893/കന്നി | 2/9 | 325 | റോമാസഭയിൽ നിന്ന് സുറിയാനി സഭയിലേക്ക് – തക്സാ ചർച്ചകൾ. |
| 37 | ,, | ,, | 333 | "ഒരു വിധി" പള്ളി മുതലുകൾക്ക് വ്യക്തികൾക്കവകാശമില്ല. |
| 37 എ | ,, | ,, | 338 | "പട്ടംകൊട ഉടമ്പടി" പാലക്കുന്നത്ത് അത്താനാസ്യോസ്. |
| 37 ബി | 1893/വൃശ്ചികം | 2/11 | 371 | "നമ്മുടെ പാവപ്പെട്ട സഭ." |
| 38 | 1893/ധനു | 2/12 | 222 | ആർത്താറ്റ് പള്ളി വിധി നടത്ത്. |
| 38 എ | 1895/മേടം | 3/4 | 434 | കാനോൻ തടസമുള്ള വിവാഹം സംബന്ധിച്ച് നോട്ടീസ്. |
| 39 | ,, | ,, | 435 | അസോസിയേഷൻ കമ്മിറ്റി – പഴയസെമിനാരി കണക്ക് – അവിവാഹിത പട്ടക്കാർ ദയറായിൽ അംഗമാകണം, ഇടവക വികാരിത്വം പാടില്ല. |
| 40 | ,, | ,, | 439 | മേല്പട്ടസ്ഥാനത്തിന്റെ തുടർച്ച, സെമിനാരി ഒരു ദയറാ ആക്കി മാറ്റണം, |

| | | | | |
|---|---|---|---|---|
| | | | | സന്യാസപ്രസ്ഥാനം ശക്തമാക്കണം. |
| 41 | 1895/ചിങ്ങം | 3/8 | 127 | കുന്നംകുളത്ത് പെൺപള്ളിക്കൂടം ആരംഭിച്ചു - വാർത്ത. |
| 41 എ | 1895/കന്നി | 3/9 | 488 | "മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികൾ." |
| 41 ബി | ,, | ,, | 496 | "പള്ളി വഴക്കുകൾ." |
| 42 | 1895/തുലാം | 3/10 | 145 | മാർ ദീവന്നാസ്യോസ് പള്ളിപ്രതിപുരുഷ യോഗം വിളിച്ചുകൂട്ടുന്നു - കല്പന. |
| 42 എ | ,, | ,, | 159 | അഭിവൃദ്ധിനീ സംഘം വക സ്കൂളുകൾ. |
| 42 ബി | 1895/വൃശ്ചികം | 3/11 | 164 | പട്ടക്കാരുടെ പുനർവിവാഹം - ലേഖനം. |
| 43 | 1895/മകരം | 4/1 | 550 | ദീവന്നാസ്യോസ് തിരുമേനി - കുട്ടികൾ നമ്മുടെ സ്കൂളിൽ പഠിക്കണം. |
| 44 | ,, | ,, | 555 | പരുമല പള്ളി കൂദാശ ദീവന്നാസ്യോസ്, ഗ്രീഗോറിയോസ് ചേർന്ന് നടത്തി. |
| 45. | 1895/മേടം | 4/4 | 65 | "നെയ്ത്തുകമ്പിനിയിൽ മാർ ദീവന്നാസ്യോസിനും കോനാട്ടച്ചനും ഓഹരി. |
| 46 | ,, | ,, | 66 | വിഷചികിത്സയ്ക്ക് ഗുളികകൾ സെമിനാരിയിൽ വില്പനയ്ക്ക്. |
| 47 | 1895/കന്നി | 4/9 | 129 | "അബ്ദേദ്മ്ശിഹാ പാത്രിയർക്കീസ് പ്രദിഷ്ഠ." |
| 48 | ,, | ,, | 136 | അൽവാറീസ് മെത്രാപ്പോലീത്തായ്ക്ക് റോമൻപീഡനം. |
| 49 | 1896/മീനം | 5/3 | 643 | മാർ ദീവന്നാസ്യോസ് തിരുവനന്തപുരത്ത് പള്ളി പണി ആരംഭിച്ചു. |
| 49 എ | 1896/ഇടവം | 5/5 | 666 | സാക്ഷിമൊഴി - തീത്തൂസ് മെത്രാപ്പോലീത്താ തൃശൂർ കോടതിയിൽ. |
| 50 | 1896/മിഥുനം | 5/6 | 114 | ചെറിയ പള്ളിക്കേസ്, ആർത്താറ്റ് പള്ളി കേസ് - വിധി. |
| 51 | ,, | ,, | 116 | "അബ്ദേദ്മ്ശിഹാ പാത്രിയർക്കീസ് - ചരിത്രം. |
| 52 | 1896/കന്നി | 5/9 | 731 | മാർ ദീവന്നാസ്യോസ് - സ്കൂൾ നടത്താൻ എല്ലാവരും സഹകരിക്കണം-കല്പന. |
| 53 | 1896/തുലാം | 5/10 | 742 | മാവേലിക്കര "ആത്മികാഭിവൃദ്ധിസംഘം." |
| 54 | 1896/വൃശ്ചികം | 5/11 | 769 | മാവേലിക്കര "യാക്കോബായ സുറിയാനി സുവിശേഷ പ്രസംഗസംഘം." |
| 55 | ,, | ,, | 781 | ഏലിയാ കത്തീഡ്രൽ പ്രദിഷ്ഠ-വാർത്ത. |
| 56 | 1896/ധനു | 5/12 | 238 | സെമിനാരി പള്ളി പണി ആരംഭിക്കുന്നു, പൗലോസ് റമ്പാച്ചൻ ചുമതല. |
| 57 | ,, | ,, | 238 | "വട്ടിപ്പണം"-നവീകരണക്കാർ കുറഞ്ഞ പലിശ മതിയെന്ന് കാണിച്ച് സർക്കാരിന് കമ്പി അയച്ചു. |
| 57 എ | 1897/മകരം | 6/1 | 807 | മാർ യൂലിയോസ് പ്രസ്സ് - പാമ്പാക്കുട. |

| | | | | |
|---|---|---|---|---|
| 58 | ,, | ,, | 809 | പുറജാതി മിഷൻ - ആലുവ ശിവരാത്രി പ്രസംഗം - കോനാട്ട് മല്പാൻ. |
| 58 എ | ,, | ,, | 810 | പറുങ്കിയുടെ വരവിനു മുമ്പ് മലങ്കരസഭയുടെ ഭരണം - അന്ത്യോഖ്യബന്ധം. |
| 59 | ,, | ,, | 812 | "യാക്കോബായ സുറിയാനി സഹോദര ഐക്യസംഘം" അയിരൂർ. |
| 60 | 1897/കുഭം | 6/2 | 830 | രാമവർമ്മ മഹാരാജാവിന് സഭ സ്വീകരണം നൽകി-ശെമ്മാശന്മാർ സുറിയാനി പാട്ടുപാടി/മംഗള പത്രം നൽകി സഭ ആദരിച്ചു. |
| 61 | 1897/മീനം | 6/3 | 842 | സെന്റ് തോമസ് അച്ചുകൂടം കോട്ടയം-കല്പന. |
| 62 | ,, | ,, | 861 | പഴയസെമിനാരി പള്ളി പണി സംബന്ധിച്ച് മാർ ദീവന്നാസ്യോസിന്റെ കല്പന. |
| 63 | 1897/മേടം | 6/4 | 876 | സുവിശേഷവേലക്കാരെ നിയമിക്കുന്ന കല്പന. |
| 63 എ | 1897/ഇടവം | 6/5 | 885 | സുറിയാനി പുസ്തകശാലകൾ. |
| 63 ബി | 1897/മിഥുനം | 6/6 | 919 | അബ്ദുള്ളാ പാത്രിയർക്കീസ് പ്രാണരക്ഷാർത്ഥം റോമാ മതത്തിൽ ചേർന്നു. |
| 64 | 1897/ചിങ്ങം | 6/8 | 926 | "ദോറാന, ദുക്റോനോ"ജൂലൈ 3-തോമാശ്ലീഹായുടെ മരണം ഡിസംബർ 21 |
| 64 എ | ,, | ,, | 927 | "സുറിയാനി ലൈബ്രറി" കോനാട്ട് മല്പാൻ (പേജ് 146, 153, 934 കാണുക). |
| 64 ബി | ,, | ,, | 936 | സുറിയാനി സഭയുടെ മേൽഗതി. |
| 65 | 1897/കന്നി | 6/9 | 961 | സെമിനാരി പള്ളി താല്ക്കാലിക കൂദാശ. |
| 65 എ | 1897/തുലാം | 6/10 | 971, 973 | നമ്മുടെ പള്ളികൾ (പേജ് 190, 193 കാണുക). |
| 65 ബി | ,, | ,, | 973 | സുറിയാനി പുസ്തകശാല. |
| 66 | ,, | ,, | 979 | പഴയസെമിനാരി പള്ളികൂദാശ - കല്പന. |
| 66 എ | 1897/വൃശ്ചികം | 6/11 | 999 | സുറിയാനിയിൽ നിന്നും വേദപുസ്തക തർജ്ജമ മലയാളത്തിലേക്ക്. |
| 66 ബി | 1898/മകരം | 7/1 | 1010 | സുറിയാനി ലൈബ്രറി - മൂസലിൽ നിന്ന് വന്ന പുസ്തകങ്ങൾ. |
| 66 സി | 1898/മീനം | 7/3 | 43 | "സാമൂഹ്യസമ്മേളനം" - എം. ഡി. സെമിനാരിയിൽ. |
| 67 | ,, | ,, | 57 | സുറിയാനി പള്ളിക്രമം പുസ്തകങ്ങൾ |
| 67 എ | ,, | ,, | 60 | മലയാളത്തിൽ "കുർബ്ബാനക്രമം" - വട്ടശ്ശേരിമല്പാനും കോനാട്ട് മല്പാനും ചേർന്ന് തർജ്ജിമ ചെയ്തു-മാർ ദീവന്നാസ്യോസ് അംഗീകരിച്ച് പൊതുവിൽ നടപ്പാക്കി |
| 67 ബി | 1898/മേടം | 7/4 | 74 | വേദപുസ്തക തർജ്ജിമ മലയാളത്തിലേക്ക് |

| | | | | |
|---|---|---|---|---|
| 68 | ,, | ,, | 79 | "തിരുവിതാംകൂർ കൊച്ചി ക്രിസ്ത്യൻ അസ്സോസിയേഷൻ" ക്രിസ്ത്യാനികൾക്ക് സർക്കാർ ജോലി ആവശ്യപ്പെട്ട് നിവേദനം നൽകി |
| 68 ബി | 1898/ഇടവം | 7/5 | 81 | അന്ത്യോഖ്യാ സഭ തുടർച്ച |
| 68 സി | ,, | ,, | 97 | സുറിയാനി സമുദായവും ജാതി ഭേദവും |
| 68 ഡി | 1898/മിഥുനം | 7/6 | 105 | പെന്തക്കോസ്തുകാർക്കെതിരെ ജാഗ്രത |
| 68 ഇ | 1898/ചിങ്ങം | 7/8 | 1084 | "നമ്മുടെ പട്ടക്കാർ" |
| 68 എഫ് | ,, | ,, | 1096 | "കന്യകമറിയാം" പരമ്പര തുടരും |
| 69 | 1898/തുലാം | 7/10 | 198 | ദീവന്നാസ്യോസിന് രോഗം: ജനങ്ങളും പട്ടക്കാരും പ്രാർത്ഥിക്കണം-വാർത്ത |
| 69 എ | 1899/മകരം | 8/1 | 9 | സുറിയാനി സഭയും യൂറോപ്യന്മാരും - പരമ്പര തുടരുന്നു |
| 70 | 1899/മീനം | 8/3 | 48 | എം.ഡി. സെമിനാരി "ഷോടതി" |
| 71 | ,, | ,, | 56 | ആലുവാ ശിവരാത്രി പ്രസംഗം - വാർത്ത |
| 71 എ | 1899/ഇടവം | 8/5 | 98 | കുർബ്ബാനക്രമം വട്ടശ്ശേരിൽ/കോനാട്ട് മല്പാന്മാർ - വാർത്ത |
| 71 ബി | 1899/മിഥുനം | 8/6 | 101 | സ്ത്രീവിദ്യാഭ്യാസം |
| 72 | ,, | ,, | 120 | "സുവിശേഷസംഘം" എം. ഡി. സെമിനാരിയിൽ |
| 72 എ | 1899/തുലാം | 8/10 | 195 | പുതുക്രിസ്ത്യാനികളും ജാത്യാഭിമാനവും - വാർത്ത |
| 73 | 1900/മകരം | 9/1 | 12 | നിലയ്ക്കൽ പള്ളിയും സ്ഥലവും - വാർത്ത |
| 74 | 1900/കുഭം | 9/2 | 26 | ശബരിമലയ്ക്കടുത്ത് നില്ക്കൽ പള്ളി വിഷയം - വാർത്ത |
| 74 എ | 1900/മീനം | 9/3 | 45 | വേദപുസ്തക തർജ്ജിമയും അച്ചടിയും-വാർത്ത |
| 75 | ,, | ,, | 58 | വൈദികസംഘം |
| 76 | ,, | ,, | 59 | ആലുവാ പള്ളി ഇടവകപള്ളി അല്ല - പ്രസ്താവന |
| 77 | 1900/മേടം | 9/4 | 61 | സാമൂഹിക സമ്മേളനം/വൈദികസംഘം |
| 78 | ,, | ,, | 80 | "യുവജനസംഘം" മാർ ദീവന്നാസ്യോസിന്റെ അഗ്രാസനം |
| 78 എ | 1900/ഇടവം | 9/5 | 85 | പട്ടത്വവേലയുടെ മാഹാത്മ്യം - തുടർലേഖനം |
| 79 | 1900/തുലാം | 9/10 | 190 | തിരുവനന്തപുരം പള്ളിക്കുവേണ്ടി ദീവന്നാസ്യോസിന്റെ കല്പന |
| 79 എ | 1900/ധനു | 9/12 | 223 | പുതിയ കുർബ്ബാനക്രമം |

| | | | | |
|---|---|---|---|---|
| 79 ബി | 1901/മകരം | 10/1 | 14 | യാക്കോബായ എന്ന പേര് |
| 80 | ,, | ,, | 16 | കത്തോലിക്കൻ യാക്കോബായക്കാരനായി–ദീവന്നാസ്യോസ് വൈദികനാക്കി |
| 81 | 1901/കുംഭം | 10/2 | 21,33 | ദീവന്നാസ്യോസ് സെമിനാരി "ഷോടതി" റിപ്പോർട്ട് |
| 82 | ,, | ,, | 37 | ചെറിയപള്ളി തുറന്ന് ആരാധന |
| 83 | ,, | ,, | 39 | പുതി ട്രെസ്റ്റിയെ തെരഞ്ഞെടുക്കാൻ പള്ളി പ്രതിപുരുഷ യോഗം– കല്പന |
| 84 | 1901/മീനം | 10/3 | 42 | സഭയിൽ പാഠശാലകൾ, അച്ചടി തുടങ്ങിയവ വ്യാപിപ്പിച്ച് "യൂണിവേഴ്സിറ്റി" |
| 84 എ | ,, | ,, | 46 | സുറിയാനിക്കാരുടെ ഇടയിൽ ചർച്ച് മിഷൻ സമൂഹത്തിന്റെ വേല–സംവാദം |
| 85 | ,, | ,, | 60 | 'കോട്ടയം കോളേജ് വിദ്യാർത്ഥികൾ തിരുമേനിമാർക്ക് മംഗളപത്രം–മറുപടിയും |
| 86 | 1901/മേടം | 10/4 | 61 | "മലങ്കര മഹാജനസഭ"–ട്രസ്റ്റി തെരഞ്ഞെടുപ്പ്, ജൂബിലി തീരുമാനം മുതലായവ |
| 87 | ,, | ,, | 64 | തിരുവനന്തപുരം പള്ളി സമുദായത്തിന് പൊതുവായിട്ടുള്ളതാണ് എന്നും ആദായം സെമിനാരി വകയ്ക്കായി ഉപയോഗിക്കണമെന്നും അസോസ്സിയേഷൻ മാനേജിംഗ് കമ്മറ്റി തീരുമാനം – പ്രസ്താവന |
| 87 എ | ,, | ,, | 66 | "വടക്കരുടെ വിദ്യാഭ്യാസം – എൻ. പി. വർക്കി |
| 88 | ,, | ,, | 68 | സാമൂഹ്യസമ്മേളന തീരുമാനങ്ങൾ "മഫ്രിയാന"യെ ലഭിക്കുവാൻ അപേക്ഷ, വടക്കർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം, ഇടവക പഞ്ചാംഗം, വൈദ്യശാല |
| 89 | ,, | ,, | 77 | "മാർ ദീവന്നാസ്യോസ് ജൂബിലി സ്മാരകം – വാർത്ത |
| 90 | ,, | ,, | 80 | "ഒരു മുടക്ക്" യാക്കോബായിൽ നിന്നും റോമാസഭയിലേക്ക് മകളെ കെട്ടിച്ചതിന് കുടുംബത്തെ മുടക്കിയ കല്പന കുമരകം പള്ളിയിൽ വായിച്ചു–വാർത്ത |
| 91 | 1901/ഇടവം | 10/5 | 85 | വേദവായനസംഘം മല്ലപ്പള്ളിയിൽ പാതിക്കാട് പുത്തൻപള്ളി വക – റിപ്പോർട്ട് |
| 92 | ,, | ,, | 89 | "കോട്ടയം പട്ടണം" സുറിയാനിക്കാരുടെ തലസ്ഥാനം, മഹായോഗങ്ങൾ |
| 93 | 1901/മിഥുനം | 10/6 | 119 | പൗലോസ് അത്താനാസ്യോസ്, "ദീവന്നാസ്യോസ് ജൂബിലി" സംബന്ധിച്ച് 94 |
| ,, | ,, | | 120 | "സ്മാരക ലൈബ്രറി" പഴയസെമിനാരിയിൽ, കണ്ടത്തിൽ മാത്തുള്ള ഈപ്പന്റെ സ്മാരകം |
| 95 | 1901/കർക്കിടം | 10/7 | 139 | "ജൂബിലി സ്മാരകം" – തെക്കുംവടക്കും പൂർണ്ണ സഹകരണം |
| 96 | ,, | ,, | 139 | "ആലപ്പുഴപള്ളി" ഒരു സംഭാവന, കണ്ടത്തിൽ മാത്തുള്ള വക |

| | | | | |
|---|---|---|---|---|
| 97 | 1901/ചിങ്ങം | 10/8 | 142 | സുറിയാനി കീർത്തനമാല - മലയാളത്തിൽ വർഗ്ഗീസ് മാപ്പിള രചിച്ചത്. |
| 98 | ,, | ,, | 156 | മാർ ദീവന്നാസ്യോസ് ജൂബിലി സ്മാരകം |
| 99 | ,, | ,, | 158 | ജൂബിലിയോടു ചേർന്ന് നവീകരണക്കാരുമായി "രാജി ആലോചന" |
| 99 എ | 1901/കന്നി | 10/9 | 168 | സുറിയാനി അച്ചടി |
| 100 | ,, | ,, | 180 | തിരുവനന്തപുരത്ത് വിദ്യാർത്ഥി സത്രം, മുളന്തുരുത്തിയിൽ ഹാൾ തുടങ്ങിയവ ജൂബിലി സ്മാരകമായി - കമ്മറ്റി നിയമനം - കല്പന . |
| 101 | 1901/തുലാം | 10/10 | 188 | "ജൂബിലി സ്മാരകം" നിർദ്ദേശങ്ങൾ. |
| 102 | ,, | ,, | 199 | ജൂബിലി പ്രോഗ്രാം. |
| 103 | 1901/വൃശ്ചികം | 10/11 | 204 | ജൂബിലി സമ്മേളനം - വിവരണം. |
| 104 | ,, | ,, | 207 | ജൂബിലി എം. ഡി. സെമിനാരി വിദ്യാർത്ഥികളുടെ മംഗളപത്രം. |
| 105 | ,, | ,, | 208 | ജൂബിലി മറുപടി പ്രസംഗം. |
| 106 | ,, | ,, | 209 | ജൂബിലി മലങ്കര ഇടവകയുടെ പൊതുവായ മംഗളപത്രം. |
| 107 | ,, | ,, | 213 | ജൂബിലി മറുപടി പ്രസംഗം. |
| 108 | ,, | ,, | 218 | ജൂബിലി മറ്റ് ആശംസാപ്രസംഗങ്ങൾ. |
| 109 | ,, | ,, | 219 | ജൂബിലി സമ്മാന വിവരം. |
| 110 | ,, | ,, | 221 | ജൂബിലി കമ്പികൾ, കത്തുകൾ, ആശംസകൾ. |
| 111 | 1901/ധനു | 10/12 | 233 | ജൂബിലി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സ്മാരകം. |
| 112 | ,, | ,, | 234 | ജൂബിലി പ്രസംഗം മിസ്റ്റർ കുരുവിള അവർകൾ. |
| 112 എ | ,, | ,, | 243 | "പ്ശീത്തോ ബൈബിൾ" തുടർച്ച. |
| 112 എ | 1902/മകരം | 11/1 | 17 | "വട്ടിപ്പണക്കേസ്.' |
| 113 | 1902/കുംഭം | 11/2 | 23 | മാർ ദീവന്നാസ്യോസ് ജൂബിലി സ്കൂൾ, പിറവം. |
| 113 എ | ,, | ,, | 24 | വേദപുസ്തക തർജ്ജിമ പിശകുകൾ. |
| 114 | ,, | ,, | 28 | പിറവം സ്കൂൾ മാർ ദീവന്നാസ്യോസിന്റെ കൽപ്പന. |
| 115 | ,, | ,, | 32 | "രാജി ആലോചന" - പള്ളികൾ പങ്കിട്ടു പിരിയാൻ - മാർത്തോമ്മാക്കാരുമായി സംഭാഷണം - മാർത്തോമ്മക്കാരുടെ ഉപായത്തിൽ തിരുമേനി വീണില്ല. |

| | | | | |
|---|---|---|---|---|
| 116 | ,, | ,, | 39 | വട്ടിപ്പണം - ഭിന്നാഭിപ്രായങ്ങൾ. |
| 116 എ | 1902/മീനം | 11/3 | 44 | "മാർ ഗീവർഗ്ഗീസ് സഹദാ" - കെ. എം. മാത്തൻ മാപ്പിള |
| 116 ബി | ,, | ,, | 52 | "മലങ്കര സുറിയാനി സഭ" - ചരിത്രം. |
| 117 | ,, | ,, | 57 | "സഞ്ചാരപ്രസംഗകർ" വട്ടശ്ശേരിൽ, പയ്യംമ്പള്ളിൽ, മട്ടയ്ക്കൽ, കത്തനാരന്മാർ. |
| 118 | 1902/മേടം | 11/4 | 76 | "മാർ ദീവന്നാസ്യോസ് ലൈബ്രറി" മാവേലിക്കര. |
| 118 എ | ,, | ,, | 80 | പട്ടക്കാരുടെ സ്ഥാനമാനങ്ങൾ - പ്രസംഗം. |
| 118 ബി | 1902/ഇടവം | 11/5 | 92 | "അപ്പോക്രിഫ." |
| 119 | ,, | ,, | 97 | ദീവന്നാസ്യോസ് തിരുമേനിയുടെ കല്പന - "ഇന്ത്യയിലെ മഹാരാജാവ് തിരുമനസ്സിലെ കിരീടധാരണം പ്രമാണിച്ച് പള്ളിയിൽ പ്രാർത്ഥനയും കുർബ്ബാനയും. |
| 120 | 1902/മിഥുനം | 11/6 | 116 | "രഹസ്യപ്രാർത്ഥനകൾ" പുന്നൂസ് റമ്പാൻ. |
| 121 | ,, | ,, | 120 | "മൺറോതുരുത്ത്." |
| 121 എ | 1902/ചിങ്ങം | 11/8 | 145 | യെരുശലേം മെത്രാപ്പോലീത്തായുടെ കല്പന - പരുമല തിരുമേനിയുടെ യാത്രയെപ്പറ്റി സന്തോഷം അറിയിക്കുന്നു. |
| 121 ബി | ,, | ,, | 149 | ചർച്ച് മിഷൻ സമൂഹവും കിഴക്കിനടുത്ത സഭകളും. |
| 122 | ,, | ,, | 158 | നിലയ്ക്കൽ പള്ളി - ദീവന്നാസ്യോസ് തിരുമേനിയുടെ നിത്യസ്മരണ. |
| 122 എ | 1902/കന്നി | 11/9 | 171 | "പ്രോസിലൈറ്റിസം." |
| 123 | 1902/തുലാം | 11/10 | 181,186 | പരുമല തിരുമേനി കാലം ചെയ്തു. പുലിക്കോട്ടിൽ തിരുമേനിയ്ക്ക് ദേഹാസ്വാസ്ഥ്യം. |
| 124 | ,, | ,, | 199 | കായംകുളം പള്ളിക്കേസ് മാർ ദീവന്നാസ്യോസ് ജയിച്ചു. |
| 125 | 1902/വൃശ്ചികം | 11/11 | 202 | "പള്ളിക്കാരുടെ പൊതുയോഗം" പരുമലയിൽ പൗലോസ് റമ്പാച്ചൻ, വട്ടശ്ശേരിൽ മല്പാൻ എന്നിവരെ മെത്രാൻ സ്ഥാനത്തേക്ക് ഉള്ള നാമനിർദ്ദേശം. കൂടുതൽ പേരെ തിരഞ്ഞെടുക്കാൻ ദീവന്നാസ്യോസ് തിരുമേനിയെ യോഗം ചുമതലപ്പെടുത്തി. |
| 126 | ,, | ,, | 219 | "കുർബ്ബാനയ്ക്ക് കൂടുന്ന ക്രമം" കോനാട്ട് മല്പാൻ. |
| 127 | ,, | ,, | 220 | വിവാഹപ്രായം - ആൺകുട്ടി 14, പെൺകുട്ടി 12. |
| 128 | ,, | ,, | 225 | "സുറിയാനി മാസിക." |
| 129 | 1902/ധനു | 11/12 | 228 | വടകരപള്ളി വക ജൂബിലി സമ്മാനം ദീവന്നാസ്യോസിന്. |

| | | | | |
|---|---|---|---|---|
| 129 എ | 1903/മകരം | 12/1 | 11 | സുറിയാനിക്കാരുടെ അവകാശക്രമം. |
| 129 ബി | ,, | ,, | 15 | ഞായറാഴ്ച ആചരണം. |
| 130 | 1903/മിഥുനം | 12/6 | 115 | മാനേജിംഗ് കമ്മറ്റി റിപ്പോർട്ട്–സി.എം.എസ്. തർക്കം തീർക്കാൻ കേസ്സ്. |
| 130 എ | 1903/വൃശ്ചികം | 12/11 | 217 | "വേദപുസ്തകവും സയൻസും." |
| 131 | 1904/മകരം | 13/1 | 1 | മാർ ഗ്രീഗോറിയോസ് സ്മാരക സമ്മാന പരീക്ഷ. |
| 132 | ,, | ,, | 20 | മാർ ദീവന്നാസ്യോസ് തിരുമേനിയുടെ യാത്രകൾ. |
| 133 | 1904/മേടം | 13/4 | 66 | തൃക്കുന്നത്തു സെമിനാരി പണി പൂർത്തിയാക്കുന്നതിന് അങ്കമാലി ഭദ്രാസനക്കാരുടെയും പൊതുവിൽ എല്ലാവരുടെയും സഹകരണം ആവശ്യപ്പെട്ട് ദീവന്നാസ്യോസ് തിരുമേനിയുടെ കല്പന. |
| 133 എ | 1904/ഇടവം | 13/5 | 84 | പട്ടക്കാരുടെ വിദ്യാഭ്യാസം – ലേഖനം. |
| 134 | 1904/മിഥുനം | 13/6 | 101 | "മാർ ഗ്രീഗോറിയോസ് സ്മാരക സുവിശേഷക സംഘം." |
| 135 | ,, | ,, | 107 | മാർ ദീവന്നാസ്യോസ് ജൂബിലി സ്മാരകം – അഭിപ്രായങ്ങൾ. |
| 135 എ | 1904/ചിങ്ങം | 13/8 | 258 | സുറിയാനി പുസ്തകങ്ങൾ. |
| 136 | 1904/തുലാം | 13/10 | 281 | "പരുമല സെമിനാരി" പുലിക്കോട്ടിൽ ദീവന്നാസ്യോസ് സ്ഥാപിക്കുന്നു. |
| 137 | ,, | ,, | കവർ | പുസ്തകലിസ്റ്റ് – "മാർ ദീവന്നാസ്യോസ് ചരിത്ര ഗാനം." |
| 138 | 1904/വൃശ്ചികം | 13/11 | 301 | കരിങ്ങാച്ചിറപള്ളിക്കാർ പുലിക്കോട്ടിൽ തിരുമേനിയ്ക്ക് "മംഗളപത്രം." |
| 139 | ,, | ,, | 303 | "സുവിശേഷസംഘം" ദീവന്നാസ്യോസ് തിരുമേനിയുടെ കല്പന. |
| 140 | 1904/ധനു | 13/12 | 326 | വേദപുസ്തക തർജ്ജിമ മലയാളത്തിലേക്ക്. |
| 141 | ,, | ,, | 337 | പുതിയ മാസികകൾ "സീമത്ത്ഹായെ" "ജീവനിഷേപം" പാമ്പാക്കുട മദരശ്ത്ത |
| 141 എ | 1905/കുംഭം | 14/2 | 27 | സുറിയാനിക്കാരും ഇംഗ്ലീഷ് പഠിത്തവും. |
| 141 ബി | 1905/മീനം | 14/3 | 46 | "ആലുവാ തൃക്കുന്നത്ത് വിദ്യാലയപണി." |
| 142 | 1905/ഇടവം | 14/5 | 93 | അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് ബാവായുടെ സ്ഥാനഭ്രംശം–രാജ്യദ്രോഹകുറ്റം മൂലം. |
| 143 | ,, | ,, | 101 | മാർത്തോമാ അച്ചുകൂടത്തിൽ (പഴയസെമിനാരിയിൽ വിൽപ്പാനുള്ള പുസ്തകലിസ്റ്റ്) |
| 143 എ | 1905/മിഥുനം | 14/6 | 112,113 | കുന്നംകുളം അധഃപ്പതിച്ചുവരുന്നു (പേജ് 152 കൂടി കാണുക). |
| 144 | 1905/ചിങ്ങം | 14/8 | 141 | ആർത്താറ്റ് പള്ളിക്കേസ് വിധി വിശദമായി. |

| | | | | |
|---|---|---|---|---|
| 144 എ | ,, | ,, | 149/169 | ഇടവക പത്രാധിപർ ഇ. എം.ഫിലിപ്പ് - നവീകരണക്കാർക്കെതിരെ വ്യവഹാരത്തിനായി സഭാംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. |
| 145 | ,, | ,, | 161 | പാത്രിയർക്കീസ് പ്രതിഷ്ഠയ്ക്ക് തെരഞ്ഞെടുപ്പുയോഗത്തിനുള്ള നോട്ടീസ് |
| 146 | 1905/കന്നി | 14/9 | 180 | "സുറിയാനി യുവജനസംഘം", "സുവിശേഷകൻ", പഴയസെമിനാരി ലൈബ്രറി |
| 147 | 1905/തുലാം | 14/10 | 196 | മ.സു.സു. ലൈബ്രറി. |
| 147 എ | ,, | ,, | 197 | പരുമല തിരുമേനിയുടെ ശ്രാദ്ധം. |
| 147 ബി | 1905/വൃശ്ചികം | 14/11 | 218 | ആംഗ്ലിക്കൻ ബിഷപ്പുമാരുടെ ശ്രദ്ധയ്ക്ക്. |
| 148 | ,, | ,, | 222 | ആർത്താറ്റ് പള്ളി വിധി നടത്ത്. |
| 148 എ | 1905/ധനു | 14/12 | 237 | "നമ്മുടെ സമുദായത്തിലെ അത്യാവശ്യങ്ങൾ" ലേഖനം. |
| 149 | ,, | ,, | 239 | വേദപുസ്തക തർജ്ജമ സ്വന്തമായി ഉണ്ടാക്കുന്നത് ചിലവ് കൂടും, സത്യവേദപുസ്തകം + ശുദ്ധിപത്രം - സഭയുടെ ഉപയോഗത്തിന് - കല്പനയും. |
| 150 | ,, | ,, | 239 | ദീവന്നാസ്യോസ് തിരുമേനി ജൂബിലിയോടനുബന്ധിച്ച് ജനസംഖ്യാനിർണ്ണയം വേണമെന്നാവശ്യപ്പെട്ടു (മൂന്നു ലക്ഷത്തിൽ താഴെ). |
| 151 | ,, | ,, | 244 | സുറിയാനി സഭാ ചരിത്രം - ഇട്ടൂപ്പ് റൈട്ടർ - വില്പ്പനയ്ക്ക് പരസ്യം. |
| 151 എ | 1906/മിഥുനം | 15/6 | 107 | പാമ്പാക്കുട അച്ചടി ശാല. |
| 151 ബി | 1906/കർക്കിടകം | 15/6 | 130 | ആലുവാ തൃക്കുന്നത്തു പള്ളിയും സെമിനാരി കെട്ടിടവും കൊച്ചു പൗലോസ് റമ്പാച്ചൻ വിശദീകരിക്കുന്നു. |
| 152 | ,, | ,, | 132 | തിരുവന്തപുരം പള്ളിക്കെട്ടിടം പണിയ്ക്ക് ദീവന്നാസ്യോസിന്റെ കല്പന. |
| 153 | ,, | ,, | 137 | ദീവന്നാസ്യോസിന്റെ പരദേശയാത്രാ വിവരണം - റിപ്പോർട്ട്. |
| 154 | ,, | ,, | 140 | പാത്രിയർക്കാ തിരഞ്ഞെടുപ്പ് - അബ്ദുള്ള ബാവാ. |
| 155 | 1906/ചിങ്ങം | 15/8 | 141 | "ഇംഗ്ലീഷ് വിദ്യാഭ്യാസം" പഴയസെമിനാരിയിൽ ആരംഭം. |
| 156 | ,, | ,, | 160 | കല്പന - പാത്രിയർക്കാ പ്രതിഷ്ഠ സംബന്ധിച്ച്. |
| 157 | 1906/കന്നി | 15/9 | 170 | സുറിയാനി സുവിശേഷസംഘം വക പഴയസെമിനാരിയിൽ "ഗ്രന്ഥമന്ദിരം.' |
| 157 എ | 1906/ധനു | 15/9 | 176 | പരുമല സെമിനാരി വരവ് ചെലവ് തെരട്ട്, ഫാ. വി. ജെ. ഗീവർഗ്ഗീസ് റമ്പാൻ. |
| 157 ബി | ,, | ,, | 180 | പരുമല കണക്കിനെപ്പറ്റി വിമർശനം. |

| | | | | |
|---|---|---|---|---|
| 158 | 1906/വൃശ്ചികം | 15/11 | 218/220 | ആലുവാ സെമിനാരി യോഗം ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ. |
| 158 എ | 1906/ധനു | 15/12 | 230 | ഒരു വടക്കൻ കത്ത്. |
| 158 ബി | ,, | ,, | 232 | "കണ്ടതും കേട്ടതും" – ഉപദേശിമാരെ സൂക്ഷിക്കുക. |
| 159 | ,, | ,, | 238 | തൃപ്പൂണിത്തുറ നടമേൽ പള്ളിക്കണക്ക്, റിപ്പോർട്ട് നല്ല നിലയിൽ. |
| 160 | ,, | ,, | 240 | ആലുവ തൃക്കുന്നത്തു സെമിനാരിയിൽ പഠനം ആരംഭിയ്ക്കുവാൻ തീരുമാനം-വിദ്യാർത്ഥികളെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം. |
| 160 എ | 1907/മകരം | 16/1 | 19 | മേല്പട്ടക്കാരെ വാഴിക്കാൻ പാത്രിയർക്കീസ് ഇങ്ങോട്ടുവരാമെന്ന് കല്പന. |
| 161 | ,, | ,, | 20 | പട്ടക്കാർ സുറിയാനി പള്ളിക്രമങ്ങൾ അച്ചടിച്ചതുവാങ്ങി ഉപയോഗിക്കണം. |
| 161 എ | 1907/കുംഭം | 16/2 | 51/61 | നവീകരണസഹോദരന്മാരുടെ പര്യാലോചനയ്ക്ക് – വിമർശനം. |
| 162 | ,, | ,, | 60 | "പ്രാർത്ഥനയോഗം" വിദ്യാർത്ഥികൾ ആഴ്ചതോറും നടത്തുന്നു. |
| 163 | 1907/ഇടവം | 16/15 | 85 | കുന്നംകുളം മാർ ഇഗ്നേഷ്യസ് ഹൈസ്ക്കൂളും – പഴയസെമിനാരി ലൈബ്രറി (ഇംഗ്ലീഷ്), എം. ഡി. സെമിനാരി "തിയോളജിക്കൽ ലൈബ്രറി." |
| 163 എ | ,, | ,, | 87 | വേദപുസ്തക പഠനം സ്കൂളിൽ വേണമെന്ന് – വാർത്ത. |
| 164 | ,, | ,, | 92 | എം. എ. ശെമ്മാശ്ശനെ അനുമോദനം നൽകുന്നതിനും പഴയസെമിനാരിയിൽ ലൈബ്രറിയിൽ സ്ഥാപിക്കാനും വട്ടശ്ശേരിൽ റമ്പാൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി. |
| 164 എ | ,, | ,, | 94 | പാത്രിയർക്കാ സ്ഥാപനത്തിന്റെ സാധുത – താരകയ്ക്ക് മറുപടി. |
| 165 | 1907/മിഥുനം | 16/6 | 101 | "സുവിശേഷസംഘം" സംബന്ധിച്ച് ദീവന്നാസ്യോസ് തിരുമേനി കല്പന. |
| 165 എ | ,, | ,, | 104 | "മലങ്കരസഭാതാരകയും പാത്രിയർക്കാ സ്ഥാനവും." |
| 165 ബി | ,, | ,, | 109/121 | സുറിയാനി സഭയുടെ താൽക്കാലികാവസ്ഥ – ഒ. എം. ചെറിയാൻ. |
| 166 | 1907/തുലാം | 16/10 | 186 | "യാക്കോബായ സുറിയാനി സുവിശേഷ പ്രചാരക സംഘം." |
| 166 എ | ,, | ,, | 188 | ടി സംഘത്തിന് ദീവന്നാസ്യോസ് തിരുമേനിയുടെ അംഗീകാരവും വാഴ്വും. |
| 167 | ,, | ,, | 191 | "ആലുവാ തൃക്കുന്നത്തു സെമിനാരി നിർവ്വാഹക സംഘം" റിപ്പോർട്ട്. |
| 168 | ,, | ,, | 191 | ആലുവാ സെമിനാരി നിർമ്മാണം, പുലിക്കോട്ടിൽ തിരുമേനിയുടെ നേതൃത്വം. |
| 169 | 1907/ധനു | 16/12 | 226 | മേല്പട്ടക്കാർ പൊതുസമ്മതപ്രകാരം തിരഞ്ഞെടുക്കപ്പെടണം-പുലിക്കോട്ടിൽ തിരുമേനി |
| 170 | ,, | ,, | 227 | കോഴഞ്ചേരി ഇംഗ്ലീഷ് പള്ളിക്കൂടം പുലിക്കോട്ടിൽ തിരുമേനി സ്ഥലം വാങ്ങി |

| | | | | |
|---|---|---|---|---|
| 170 എ | ,, | ,, | 233 | സുറിയാനി സഭയിൽ നവീകരണം – യോജിപ്പ്? |
| 171 | ,, | ,, | 242 | ദീവന്നാസ്യോസ് തിരുമേനിയുടെ കല്പന: നമ്മുടെ സ്കൂളുകളിൽ നമ്മുടെ മക്കൾ പഠിക്കണം, നമ്മുടെ വിശ്വാസം, ആരാധന, എന്നിവ സംരക്ഷിക്കപ്പെടണം: എം. ഡി. സ്കൂൾ പ്രിൻസിപ്പാൾ. എം. എ. അച്ചനെ പഠിപ്പിച്ചത് സമുദായ ചെലവിൽ. |
| 172 | 1908/മകരം | 17/1 | 1 | മലങ്കരയുടെ ദീവന്നാസ്യോസ് – പുന്നൂസ് റമ്പാച്ചന് ഊർശ്ലേമിലേക്ക് പോകുന്നതിന് പിരിവ് നൽകണം, മെത്രാൻ സ്ഥാന തെരഞ്ഞെടുപ്പ് കുഭം 25, കല്പന. |
| 173 | ,, | ,, | 6 | “തിരുവിതാംകോട്ട് പള്ളിയുടെ തൽക്കാലസ്ഥിതി. |
| 174 | 1908/കുഭം | 17/2 | 1 | അസ്സോസിയേഷൻ യോഗനിശ്ചയങ്ങൾ – പുലിക്കോട്ടിൽ തിരുമേനി അദ്ധ്യക്ഷൻ. മേൽപ്പട്ടസ്ഥാനികളെ തിരഞ്ഞെടുത്തു, ഇ. എം. ഫിലിപ്പിനെക്കൂടി അയയ്ക്കണം. കാലാവധി കഴിഞ്ഞവർക്ക് പകരം മെമ്പർമാരെ തിരഞ്ഞെടുത്തു. |
| 175 | ,, | ,, | 28 | കോനാട്ട് മല്പാനച്ചന് സമ്മാനങ്ങൾ – വി. വേദപുസ്തകം തർജ്ജിമ. |
| 176 | ,, | ,, | 28 | പസാരം – വിവാഹവരുമാനം ഏകീകരണം. |
| 176 എ | ,, | ,, | 34 | റോമാസഭയുടെ അപമര്യാദകൾ. |
| 176 ബി | ,, | ,, | 38 | പ്രൊട്ടസ്റ്റന്റ് മതം. |
| 177 | 1908/മീനം | 17/3 | 45 | പള്ളിവഴക്കുകൾ-വരുമാനത്തെച്ചൊല്ലി-തെക്കൻ പള്ളികളിൽ-ഏകീകരണം ഉണ്ടാകണം-തിരുമേനിയുടെ അംഗീകാരം. |
| 177 എ | ,, | ,, | 55 | ഊർശ്ലേം യാത്രക്കാർ -ഗീവർഗ്ഗീസ് റമ്പാൻ, പൗലോസ് റമ്പാൻ-13-ാം തീയതി സെമിനാരിയിൽ നിന്നു പുറപ്പെട്ടു. പുന്നൂസ് റമ്പാൻ, രണ്ട് കത്തനാരന്മാർ, നാല് ശെമ്മാശ്ശന്മാർ, രണ്ട് വേലക്കാർ എന്നിവരും കൂടെ ഉണ്ട് |
| 178 | ,, | ,, | 56 | പഴയസെമിനാരി പുതിയ മാനേജർ, മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ |
| 178 എ | 1908/മേടം | 17/4 | 61, 81 | സുറിയാനി സഭയുടെ അവസ്ഥ – ഒ. എം. ചെറിയാൻ -ദൈവഭക്തിയിൽ ശെമ്മാശ്ശന്മാർ പരിശീലിപ്പിക്കപ്പെടണം (പ്രസംഗം). |
| 178 ബി | ,, | ,, | 64, 86 | സുറിയാനി സമുദായം – സാമൂഹ്യ സമ്മേളനത്തിൽ കെ. കെ. തോമസ്. |
| 178 സി | ,, | ,, | 67,90 | കുടുംബയോഗങ്ങളുടെ ആവശ്യകത – എം. പി. വർക്കി. |

| | | | |
|---|---|---|---|
| 179 | 1908/മിഥുനം 17/6 | 102 | മെത്രാൻ സ്ഥാനാഭിഷേകം – വിവരണം. |
| 179 എ | 1908/കർക്കിടകം 17/7 | 127 | സുറിയാനി സഭയും ഡോ. ബുക്കാനൻ അവർകളും. |
| 179 ബി | ,, ,, | 130 | സുറിയാനി സമുദായം – എം. പി. വർക്കി. |
| 179 സി | 1908/ചിങ്ങം 17/8 | 154 | "സുറിയാനി സഭയും ഡോ. ബുക്കാനൻ അവർകളും" തുടർച്ച. |
| 180 | ,, ,, | 161 | വട്ടശ്ശേരിൽ തിരുമേനിക്ക് (മാത്രം) സ്വീകരണം. |
| 181 | 1908/കന്നി 17/9 | 175/234 | വിദ്യാശാലകൾ: ആലുവാ സെമിനാരി വടക്ക് വന്നതുപോലെ കൊട്ടാരക്കരയിൽ പുലിക്കോട്ടിൽ തിരുമേനി വാങ്ങിയ സ്ഥലത്തും വേണമെന്ന് |
| 182 | 1908/തുലാം 17/10 | കവർ | പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുനാൾ പ്രമാണിച്ച് "തിരുനാൾ പ്രതി ഇടവകപത്രിക"യിലേക്ക് മംഗള പദ്യങ്ങൾ ആവശ്യപ്പെടുന്നു. |
| 183 | ,, ,, | 196 | മാരാമൺ പള്ളിക്ക് പുലിക്കോട്ടിൽ തിരുമേനി സ്ഥലം കണ്ടെത്തി. |
| 184 | ,, ,, | 197 | "തെക്കും-വടക്കും" – വടക്കർ അവഗണിക്കപ്പെടുന്നു. എം. പി. വർക്കി. |
| 185 | ,, ,, | 204 | "പുലിക്കോട്ടിൽ ഒന്നാമന്റെ പെരുന്നാൾ." |
| 186 | ,, ,, | 208 | ടി ദിവസം മാനേജിംഗ് കമ്മറ്റി കൂടുന്നതാണ് എന്ന് നോട്ടീസ് |
| 187 | 1908/വൃശ്ചികം 17/11 | | പുലിക്കോട്ടിൽ തിരുമേനിയുടെ 76-ാം ജന്മദിനം "തിരുനാൾ ലക്കം" ലഘു ജീവചരിത്രം |
| 188 | ,, ,, | 216 | പുലിക്കോട്ടിൽ തിരുമേനിയുടെ ചരിത്രം – സി.പി. തരകൻ. |
| 189 | ,, ,, | 224 | മാർ ദീവന്നാസ്യോസ് "മംഗളശ്ലോകങ്ങൾ" വിവിധ രചയിതാക്കൾ. |
| 190 | ,, ,, | 230 | "മലങ്കരസുറിയാനി വിദ്യാസുവിശേഷ പ്രചാരകസംഘം" പുലിക്കോട്ടിൽ തിരുമേനി അനുമതി നൽകി രക്ഷാധികാരിയായി രൂപീകരിക്കപ്പെട്ടു. |
| 191 | ,, ,, | 232 | തിരുനാൾ "ജന്മദിനാശംസകൾ"ക്ക് അഭിനന്ദനവും ആശീർവാദവും അറിയിക്കുന്നു. |
| 192 | 1908/ധനു 17/12 | 233 | മലങ്കര സുറിയാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി – റിപ്പോർട്ട് |
| 193 | ,, ,, | 233 | പുലിക്കോട്ടിൽ തിരുമേനി സ്ഥാനം ഒഴിയുന്നതിനും വട്ടശ്ശേരിൽ തിരുമേനിയെ "ലൗകിക ചുമതലകൾ" സൗകര്യംപോലെ ഭരമേൽപ്പിക്കുന്നതിനും മാനേജിംഗ് കമ്മിറ്റി സമ്മതിച്ചു. |
| 194 | ,, ,, | 233 | വട്ടശ്ശേരിൽ തിരുമേനിയെ പുലിക്കോട്ടിൽ തിരുമേനിയുടെ "സഹായി" |

| | | | |
|---|---|---|---|
| | | | ആയി മാത്രവും “പിൻഗാമി” ആക്കാതെയും പാത്രിയർക്കീസ് പ്രതിനിധിയായി മാർ ഒസ്താത്തിയോസിനെ നിയമിച്ചും പാത്രിയർക്കീസ് അയച്ച കല്പന യോഗം അംഗീകരിച്ചു. |
| 194 എ | ,, ,, | 237 | “സുറിയാനികുട്ടികളുടെ വൈദിക പരിശീലനം.” |
| 195 | ,, ,, | 238 | “ഓർത്തോദുക്സോ സുറിയാനിസംഘം” രക്ഷാധികാരി മാർ ഒസ്താത്തിയോസ് ബാവ - തിരുവനന്തപുരം റിപ്പോർട്ട് എം. പി. പീറ്റർ. |
| 196 | 1909/മേടം 18/4 | 66, 81 | ‘മല്ലപ്പള്ളി’ പള്ളിപ്രതിഷ്ഠയും പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയും |
| 197 | ,, ,, | 76 | കാർത്തികപ്പള്ളി “ക്രിസ്തീയ ബാലർ വേദഅദ്ധ്യയനസംഘം.” |
| 198 | ,, ,, | 80 | മർത്തമറിയം പള്ളി (ആനിക്കാട്) പുലിക്കോട്ടിൽ തിരുമേനിയുടെ പങ്ക്. |
| 199 | 1909/മിഥുനം 18/6 | | ***പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തു - 1909 മിഥുനം 25 ഞായർ പകൽ 11.45 മണി*** |
| 199 എ | ,, ,, | 103 | നവീകരണക്കാരുമായി സംവാദങ്ങൾ. |
| 200 | 1909/കർക്കിടകം 18/7 | 142 | “കവിത” പരേതനായ പൊന്നു തിരുമേനി - ദീവന്നാസ്യോസിന്റെ സ്മരണയ്ക്ക് |
| 201 | ,, ,, | 137 | പുലിക്കോട്ടിൽ തിരുമേനിയുടെ ***“ശേഷക്രിയ”*** 30-ാം അടിയന്തിരം - 1400 പറ അരി സദ്യ, 40000ൽ പരം ആളുകൾ പങ്കെടുത്തു - ഒരു മഹാസംഭവം. |
| 201 എ | 1909/കന്നി 18/9 | 171 | ഇരുപതാം ശതാബ്ദത്തിലെ സുറിയാനിക്കാർ - കെ. വി. ചാക്കോ. |
| 201 ബി | ,, ,, | 178 | “യാക്കോബായ സഭയുടെ കുത്തഴിവ് - താരകാധിപർക്കുപറ്റിയ അബദ്ധം. |
| 202 | ,, ,, | 180 | പരേതനായ നമ്മുടെ വല്യ തിരുമേനി - ജീവചരിത്രം എം. പി. വർക്കി. |
| 202 എ | 1909/വൃശ്ചി. 18/11 | 215 | പരേതനായ വലിയ തിരുമേനി-എം. പി. വർക്കി |
| 203 | ,, ,, | 228 | “മലങ്കര ഇടവകയുടെ പൊതുയോഗം” പാത്രിയർക്കീസ് അദ്ധ്യക്ഷൻ-പ്രധാന നിർദ്ദേശങ്ങൾ - ഏഴു ഭദ്രാസനങ്ങൾ മൂന്ന് ആസ്ഥാനങ്ങളായിട്ട് ഭരണക്രമീകരണം-പുരമല സെമിനാരി, പഴയസെമിനാരി, ആലുവ സെമിനാരി ആസ്ഥാനങ്ങളായി മൂന്നു ഡിവിഷൻ - നിർദ്ദേശം. |
| 204 | 1909/ധനു 18/12 | 235 | “പരേതനായ വലിയ തിരുമേനി - എം.പി. വർക്കി. |
| 205 | 1909/മകരം 19/1 | 9 | “പരേതനായ വലിയ തിരുമേനി - എം.പി. വർക്കി. |
| 206 | 1910/മീനം 19/3 | 51 | തെറ്റിദ്ധാരണകൾ ..... എ. ഫീലിപ്പോസ്. |

| | | | | |
|---|---|---|---|---|
| 207 | ,, | ,, | 53 | വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും തിരുമേനിയുടെ മറുപടിയും |
| 208 | ,, | ,, | 57 | ചെങ്ങന്നൂർ സുറിയാനി പള്ളി - പുത്തൻപള്ളി, പുലിക്കോട്ടിൽ തിരുമേനിയുടെ ഭരണകാലം സമുദായത്തിലെ എല്ലാവരും പുകഴ്ത്തുന്നു. |
| 209 | 1910/ഇടവം | 19/5 | 106 | വട്ടശ്ശേരിൽ തിരുമേനിയുടെ കല്പന- പുലിക്കോട്ടിൽ തിരുമേനിയുടെ ഒന്നാം ചരമവാർഷികം മിഥുനം 28-ന്. |
| 210 | 1910/മിഥുനം | 19/6 | 1, 2 | പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമനസ്സിലെ ഓർമ്മ - വിവരണം, കബറിങ്കൽ കാഴ്ചകൾ-പ്രാർത്ഥനാശക്തിയുടെ സാക്ഷ്യങ്ങൾ. |

കുറിപ്പ് : ഇടവക പത്രികയിലെ 500-ൽ പരം പ്രധാന പരാമർശങ്ങളിൽ നിന്നും പുലിക്കോട്ടിൽ തിരുമേനിയുമായി ബന്ധപ്പെട്ടവ മാത്രമേ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളു

***തയ്യാറാക്കിയത് ഫാ. സി. സി. ചെറിയാൻ***
***ലൈബ്രേറിയൻ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം***

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# നസ്രാണി ജാത്യൈക്യ സംഘവും പുലിക്കോട്ടിൽ തിരുമേനിയും

## ഡോ. സിബി തരകൻ

'ഓയ്ക്യുമെനെ' (oikoumene) എന്ന ഗ്രീക്കു പദപ്രയോഗത്തിന് വിപുലമായ അർത്ഥവൈചിത്ര്യങ്ങൾ ഉണ്ടെങ്കിലും അതിൽനിന്ന് രൂപംകൊണ്ട 'എക്യുമെനിസം' എന്ന വാക്കിന്റെ ഏറ്റവും ലളിതവും പ്രചാരമുള്ളതുമായ അർത്ഥം 'സഭകളുടെ ഐക്യം' എന്നതു തന്നെയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ യൂറോപ്യൻ സഭകളിൽ – പ്രത്യേകിച്ച് പ്രൊട്ടസ്റ്റന്റ് സഭകളിൽ – രൂപംകൊണ്ട സഭൈക്യ പ്രസ്ഥാനം പല കൈവഴികളിലൂടെ വളർന്ന് 'സഭകളുടെ ലോകകൗൺസിലി'ൽ എത്തിച്ചേർന്നത് 20–ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മാത്രമാണ്. അന്നത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന വിവിധ രാജ്യങ്ങളിലെ പ്രൊട്ടസ്റ്റന്റ് സഭകൾക്ക് പ്രായോഗികമായി യോജിച്ചു പ്രവർത്തിക്കുവാൻ 'സഭൈക്യം' എന്ന ആശയവും എക്യുമെനിക്കൽ പ്രസ്ഥാനവും വഴിയൊരുക്കി. ഈ യോജിപ്പ് മുഖ്യമായും പ്രൊട്ടസ്റ്റന്റ് സഭകളിൽ മാത്രം ദൃശ്യമായ ഒരു പ്രതിഭാസമായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനു തൊട്ടു മുമ്പും രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ബ്രിട്ടീഷ് സാമ്രാജ്യം ശിഥിലമാകുന്നതുവരെയുള്ള നാല്പതു വർഷത്തിനിടയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രൊട്ടസ്റ്റന്റ് സഭകൾ പരസ്പരം യോജിച്ചിട്ടുണ്ട്.

ഓർത്തഡോക്സ് സഭകൾ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ പ്രാരംഭകാലം മുതൽ പങ്കാളികളായിരുന്നെങ്കിലും അവരുടെ പങ്കാളിത്തം അത്രതന്നെ സജീവമായിരുന്നില്ല. കത്തോലിക്കാ സഭയാകട്ടെ, ആദ്യകാലം മുതൽതന്നെ 'സഭൈക്യം' എന്ന ആശയത്തെ മറ്റൊരർത്ഥത്തിൽ കണ്ട് മേല്പറഞ്ഞ സംരംഭത്തോട് പുറംതിരിഞ്ഞു നിൽക്കുന്നതായാണ് എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്. അവർ 'സഭൈക്യം' എന്ന ആശയത്തെക്കാൾ 'പുനരൈക്യം' (കത്തോലിക്കാസഭയുടെ ഭാഗമായി മാറുക) എന്ന ആശയത്തിനാണ് പ്രാധാന്യം നൽകുന്നത്. എങ്കിലും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഒരു കൈവഴിയായ വിശ്വാസവും പട്ടത്വവും (Faith and Order) എന്ന പ്രസ്ഥാനത്തിൽ കത്തോലിക്കാസഭയും പിന്നീട് സജീവമായി പങ്കാളിയായിട്ടുണ്ട്.

എന്നാൽ പഴയ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു കോണിൽ സ്ഥിതി

ചെയ്തിരുന്ന കൊച്ചു കേരളത്തിൽ പാശ്ചാത്യ എക്യുമെനിക്കൽ പ്രസ്ഥാനം പച്ച പിടിച്ചു തുടങ്ങുന്നതിനു മുമ്പുതന്നെ വ്യത്യസ്തമായ ഒരു 'സഭൈക്യ പ്രസ്ഥാന'ത്തിന് വേദി ഒരുങ്ങിക്കഴിഞ്ഞിരുന്നു. അതിന്റെ കഥയാണ് 'പുലിക്കോട്ടിൽ തിരുമേനിയും നസ്രാണി ജാത്യൈക്യ സംഘവും' എന്ന ഈ ലേഖനത്തിൽ വിവരിക്കുന്നത്.

ഊർജ്ജിതാശയനും സ്ഥിരോത്സാഹിയും വിശ്വാസത്തിൽ സ്ഥിത പ്രജ്ഞനുമായിരുന്ന മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ സഭൈക്യത്തിന്റെ പ്രായോഗിക വക്താവു കൂടിയായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയും നിധിയിരിക്കൽ മാണി കത്തനാരും സമുദായ പ്രമാണിയായിരുന്ന അക്കര കുര്യൻ റൈട്ടറും ചേർന്ന് സമാരംഭിച്ച 'ജാത്യൈക്യ സംഘം' (Syrian National Society) കേരളത്തിലെ മാത്രമല്ല, ലോകത്തിലെ തന്നെ ആദ്യത്തെ ഓർത്തഡോക്സ് - കത്തോലിക്കാ ഐക്യ സംരംഭമായിരുന്നുവെന്ന് തോന്നുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാദ്ധ ത്തിലും സഭയിൽ 'എക്യുമെനിസം' എന്ന ആശയത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന വാക്ക് 'ജാത്യൈക്യം' എന്നായിരുന്നു. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 1922-ൽ എഴുതിയ 'ഇന്ത്യൻ സഭയ്ക്ക് ഒരു കുർബ്ബാന തക്സാ' (ബഥനി മാസിക, പു. 1, ലക്കം 4, 1097 വൃശ്ചികം) എന്ന ലേഖനത്തിലെ ഒരു ഭാഗം കാണുക: "യൂറോ പ്പിലും അമേരിക്കയിലും ഉണ്ടായിട്ടുള്ള ഭിന്ന വകുപ്പുകളെ ഇന്ത്യയിലും പാലിച്ചുകൊണ്ടു പോകേണ്ട ആവശ്യമില്ലെന്നും ഒരു 'ജാത്യൈക്യ ക്രിസ്തീയ സഭ'യാണ് ഇന്ത്യയിൽ ആവശ്യമെന്നും പല യോഗ്യന്മാരും സമ്മതിക്കുന്നുണ്ട്. ഇതിന്റെ ഫലമായിട്ടാണ് ഇന്ത്യയിലെ ക്രിസ്തീയ സഭകൾ തമ്മിൽ യോജിക്കണമെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടു വരു ന്നത്." ഇവിടെ 'ജാത്യൈക്യം' എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് 'സഭൈക്യം' എന്ന ആശയം തന്നെയാണ്. പത്രോസ് മാർ ഒസ്താത്തി യോസ് തിരുമേനിയുടെ 'ജാത്യൈക്യ ക്രിസ്തീയസഭ' എന്ന പ്രയോഗ ത്തിൽ അതിന് 40 വർഷം മുമ്പ് മുഴങ്ങിയ പുലിക്കോട്ടിൽ തിരുമേനി യുടെ 'ജാത്യൈക്യ സംഘ'ത്തിന്റെ ശബ്ദമാണ് പ്രതിധ്വനിക്കുന്നത്.

എന്തായിരുന്നു ഈ 'നസ്രാണി ജാത്യൈക്യ സംഘം'? സഭാചരിത്ര ഗ്രന്ഥങ്ങളിലും പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്ര ഗ്രന്ഥങ്ങ ളിലും ഇതേക്കുറിച്ച് ആനുഷംഗികമായ പരമാർശം മാത്രമെ കാണു ന്നുള്ളു. മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിൽ ഇങ്ങനെ കാണുന്നു: "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ രൂപീകൃതമായതാണ്

ജാത്യൈക്യസംഘം എന്നറിയപ്പെട്ടിരുന്ന സംഘടന. വിഭജിച്ചു സ്ഥിതി ചെയ്തിരുന്ന പുത്തൻകൂറ്റുകാർ പഴയകൂറ്റുകാർ എന്നീ ക്രിസ്തീയ വിഭാഗങ്ങൾക്ക് ജാതീയമായി എങ്കിലും യോജിച്ച് പ്രവർത്തിക്കുന്നതിന് ഒരു രംഗം ആവശ്യമാണ് എന്നുള്ള ലക്ഷ്യത്തോടു കൂടിയാണ് മാർ ദീവന്നാസ്യോസ് റോമൻ കത്തോലിക്കാ സഭയിലെ നിധിയിരിക്കൽ മാണിക്കത്തനാരുമായി ചേർന്ന് ഈ സംഘടന രൂപീകരിച്ചത്. .... ഉടമസ്ഥാവകാശത്തെ ചൊല്ലി സിവിൾ കേസ് കൊ. വ. 1064-ൽ ആരംഭിച്ചു. 1075-ൽ മാർ ദീവന്നാസ്യോസിന് അനുകൂലമായ വിധി ഉണ്ടായി. ഈ സാഹചര്യത്തിൽ ജാത്യൈക്യ സംഘം സ്വതവേ ഇല്ലാതായി" (പുറം 331).

ഇതിന്റെ ഏകദേശ ആവർത്തനമാണ് ഫാ. ഡോ. ജോസഫ് ചീരൻ എഴുതിയ 'സഭാചരിത്ര വിജ്ഞാനകോശ'ത്തിലും കാണുന്നത്. ജാത്യൈക്യസംഘം വകയായി സ്കൂൾ ആരംഭിക്കാനും തീരുമാനമെടുത്തിരുന്നു എന്നും 'സഭാവിജ്ഞാനകോശ'ത്തിൽ പറയുന്നുണ്ട്. മലങ്കര അസോസിയേഷൻ സെക്രട്ടറിയും പുലിക്കോട്ടിൽ തിരുമേനിയുടെ വലങ്കൈ ആയി പ്രവർത്തിച്ചിരുന്ന സഭാസ്നേഹിയും ആയിരുന്ന ഇ. എം. ഫിലിപ്പ് (ഇടവഴിക്കൽ) തന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതുന്നു: ".... പരേതനായ കുര്യൻ റൈട്ടറും സ്വജാതിയിൽ മെത്രാൻ ഇല്ലാത്തതിൽ വച്ച് പിറുപിറുപ്പോടു കൂടിയിരുന്ന നിധിയിരിക്കൽ മാണിക്കത്തനാരും നമ്മുടെ വലിയ തിരുമേനിയും കൂടെ ആലോചിച്ച് ഒരു 'നസ്രാണി ജാത്യൈക്യസംഘവും' ആ സംഘം വകയായി ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂളും ഏർപ്പെടുത്താൻ തീരുമാനിച്ചു. ..... " (*മലങ്കരസഭയുടെ രഹസ്യപേടകം*, 1955, പു. 89).

ഇങ്ങനെയൊരു സംരംഭത്തിന് പുലിക്കോട്ടിൽ തിരുമേനിയും മാണി കത്തനാരെയും കുര്യൻ റൈട്ടറേയും പ്രേരിപ്പിച്ചത് എന്തായിരുന്നു? ആ സംരംഭത്തിന്റെ ആവിർഭാവം യാദൃശ്ചികമായിരുന്നില്ല. സഭാപരവും സാമൂഹികവുമായ ഒരു പശ്ചാത്തലം അതിനുണ്ടായിരുന്നു. ആംഗ്ലിക്കൻ മിഷനറിമാരുടെ സ്വാധീനത്തിൽപെട്ട് ഒരു വിഭാഗം സുറിയാനി ക്രിസ്ത്യാനികൾ സി.എം.എസ്. സഭയ്ക്ക് രൂപംനൽകിക്കഴിഞ്ഞിരുന്നു. പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച മറ്റൊരു വിഭാഗം പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ ഭരണനേതൃത്വത്തിൻകീഴിൽ സർവ്വസ്വാധീനത്തോടുകൂടെ കഴിയുന്നുണ്ടായിരുന്നു. അവരുമായുള്ള തർക്കങ്ങളും വ്യവഹാരങ്ങളും സഭയെ വല്ലാതെ ഉലച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്.

കോട്ടയത്ത് ആകെയുണ്ടായിരുന്ന സി.എം.എസ്. കോളജ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടൊപ്പം പ്രൊട്ടസ്റ്റന്റ് ആശയങ്ങളുടെ വിതരണവും നടത്തിക്കൊണ്ടിരുന്നു. അവിടെ പഠിച്ച സുറിയാനി ക്രിസ്ത്യാനികൾ പലരും പഠനം അവസാനിക്കുമ്പോഴേക്കും പ്രൊട്ടസ്റ്റന്റ് ചിന്താഗതിക്കാരായി

മാറുന്ന വൈചിത്ര്യം പുലിക്കോട്ടിൽ തിരുമേനിയേയും സഭാംഗങ്ങളെയും ഒരുപോലെ വിഷമത്തിലാക്കി.

സാമൂഹിക വ്യവസ്ഥിതിയിലാകട്ടെ സുറിയാനി ക്രിസ്ത്യാനികൾ പിൻതള്ളപ്പെട്ടുകൊണ്ടിരുന്നു. വിദ്യാഭ്യാസം ലഭിച്ച സുറിയാനി ക്രിസ്ത്യാനികൾക്കുപോലും സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുക എന്നത് വിദൂര സ്വപ്നമായി അവശേഷിച്ചു. എന്നാൽ പ്രൊട്ടസ്റ്റന്റ് വിശ്വാസികൾ പല സുപ്രധാന സർക്കാർ സ്ഥാനങ്ങളിലും കയറിപ്പറ്റുകയും ചെയ്തു. ബ്രാഹ്മണർക്കും മറ്റ് ഉയർന്ന സമുദായക്കാർക്കും സർക്കാർ സർവ്വീസിൽ ലഭിച്ചിരുന്ന മേൽക്കൈ ഇതര മതവിഭാഗങ്ങളിൽപെട്ടവർക്ക് അനീതിപരമായി അനുഭവപ്പെട്ടു.

ഈ സാഹചര്യത്തിലാണ് തങ്ങളുടെ സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അഭ്യുന്നതിക്കുവേണ്ടി പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും യോജിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചത്. ഈ തീരുമാനത്തിന് പ്രേരണ നൽകാൻ മറ്റൊരു സംഭവവും കാരണമായിത്തീർന്നു.

1882-ൽ മദ്രാസ് ഗവർണ്ണറായിരുന്ന ഗ്രാൻഡ് റഫ് കൊച്ചി സന്ദർശിക്കുകയുണ്ടായി. വിവിധ മതവിഭാഗങ്ങളിൽപെട്ടയാളുകൾ ഗവർണ്ണറെ സ്വീകരിക്കുന്നതിൽ ഉത്സാഹം കാട്ടി. സുറിയാനി ക്രിസ്ത്യാനികളുടെ നേതൃത്വത്തിലും ഒരു സ്വീകരണയോഗം സംഘടിപ്പിക്കുകയുണ്ടായി. അക്കര കുര്യൻ റൈട്ടറുടെ നേതൃത്വത്തിലായിരുന്നു ആ യോഗം സംഘടിപ്പിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ (നസ്രാണി കേസരി അക്കര കുര്യൻ റൈട്ടർ) ഇങ്ങനെ കാണുന്നു: “കുര്യൻ റൈട്ടർ കൊച്ചിയിൽ ജോലിയിൽ ഇരിക്കുമ്പോൾ മദ്രാസ് ഗവർണ്ണറായ ഗ്രാൻഡ് റഫ് കൊച്ചി സന്ദർശിച്ചു. ഈ അവസരം തക്കത്തിൽ ഉപയോഗിക്കുന്നതിനുവേണ്ടി സമുദായ സ്നേഹിയായിരുന്ന അദ്ദേഹത്തിന്റെ അത്യുത്സാഹം മൂലം പുത്തൻകൂർ സുറിയാനിക്കാരും പഴയകൂറ്റുകാരും യോജിച്ച് ഗവർണ്ണർക്ക് ഒരു മംഗളപത്രം സമർപ്പിക്കുകയുണ്ടായി. സുറിയാനിക്കാരുടെ കുലീനത്വവും സംസ്കാര സമ്പന്നതയും ഗവർണ്ണർക്കു മനസ്സിലാകുന്നതിന് ഈ മംഗളപത്ര സമർപ്പണം വളരെ സഹായിച്ചു. ഗവർണ്ണർക്കു സുറിയാനിക്കാരിൽ നല്ല മതിപ്പുണ്ടാക്കുന്നതിന് ഈ പരിപാടി സഹായിച്ചു. ഭിന്നവീക്ഷണക്കാരായ പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും യോജിച്ചു നടത്തിയ പ്രഥമ ചടങ്ങായതിനാൽ ഈ സംരംഭം സുപ്രധാനമായി പരിഗണിക്കപ്പെട്ടു” (സി. ചെറിയാൻ, 2008). ഗവർണറുടെ മറുപടി പ്രസംഗത്തിൽ വിവിധ ക്രൈസ്തവ സമുദായങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചുകൂടി സ്വീകരണം സംഘടിപ്പിച്ചതിൽ സന്തോഷം പ്രകടിപ്പിക്കുകയും അതിന് നേതൃത്വം നൽകിയവരെ ശ്ലാഘിക്കുകയും ചെയ്തു. ഈ

സമ്മേളനത്തെ തുടർന്നാണ് 'ജാത്യൈക്യസംഘം' എന്ന ആശയത്തിന് വ്യാപകമായ സ്വീകരണം ലഭിച്ചത്. ഇതുമായി ബന്ധപ്പെട്ട് 1882-ൽ പ്രസിദ്ധീകരിച്ച 'ഭാവിമംഗലപ്രസ്ഥാനം' എന്ന ലഘുലേഖ അതേക്കുറിച്ച് ഇങ്ങനെ പറയുന്നു:

"സായ്പവർകളുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞയുടനെ തന്നെ സുറിയാനിക്കാരിലുള്ള സകല ഭാഗക്കാരെയും ക്ഷണിക്കുന്ന ഒരു ജാത്യൈക്യസംഘം ഉണ്ടാക്കുവാനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിപ്പാനായി എല്ലാ ഭാഗക്കാരിലുമായിട്ട് ഏകദേശം അമ്പതു ആളുകൾവരെ ഒരു യോഗമായിക്കൂടി. ഇവരിൽ മിക്കവരും ധനവാന്മാരും ജനസ്വാധീനരും അവസ്ഥയും ഉള്ളവരുമായിരുന്നു. മേൽപറഞ്ഞ ജാത്യൈക്യ സംഘത്തിന്റെ ഉദ്ദേശ്യം സ്വജാതിസ്നേഹത്തെയും യോഗ്യതയെയും ഉണർത്തി വ്യാപരിപ്പിക്കുന്നതിനും, ജാതിയുടെ ഈ യോജിപ്പിൽ നിന്നുളവാകുന്ന ഈ ബലത്താൽ ഈ ജാതി മുൻ പ്രാപിച്ചിരുന്നതും, പിന്നീട് നിർഭാഗ്യവശാൽ അധോഗതി പ്രാപിച്ചതും ആയ രാജാധികാരവിഷയവും സാമൂഹ്യസംബന്ധവുമായ ഉന്നതിയെ യഥാപൂർവ്വം പ്രാപിക്കുന്നതിനുമായിട്ടത്രേ" (നിധിയിരി മാണിക്കത്തനാർ, വി. സി. ജോർജ്, പുറം 368).

സുറിയാനി ക്രിസ്ത്യാനികൾക്ക് കേരളത്തിൽ ഉണ്ടായിരുന്ന സാമൂഹ്യവും ഭരണപരവുമായ സ്ഥാനം വീണ്ടെടുക്കുക, പരസ്പര സഹായത്തിനുള്ള മാർഗ്ഗങ്ങൾ തുറക്കുക, തൊഴിൽശാലകൾ സ്ഥാപിക്കുക, തൊഴിലുകളും വിദ്യകളും സ്വായത്തമാക്കുക, സർക്കാരുമായി സമുദായം ബന്ധപ്പെട്ടിരിക്കുന്നതിനുള്ള ഒരു കണ്ണിയായി വർത്തിക്കുക തുടങ്ങിയവയായിരുന്നു ഇതിന്റെ ലക്ഷ്യമായി ഈ ലഘുലേഖ എടുത്തു പറഞ്ഞത്. കൊ. വ. 1064 (1889) തുലാം 24-നു ശേഷമാണ് 'ജാത്യൈക്യസംഘ'ത്തിന് ഒരു നിയമാവലി ഉണ്ടാകുന്നത്. ഇക്കാലത്തിനിടയിൽ (1882-1889) ഉള്ള ഏഴു വർഷക്കാലം വിവിധ ക്രൈസ്തവ വിഭാഗങ്ങൾ ഇതേക്കുറിച്ചുള്ള ചർച്ചകളിൽ ഏർപ്പെട്ടിരുന്നു എന്ന് അനുമാനിക്കാം. സുറിയാനി ക്രിസ്ത്യാനികളിലെ എല്ലാ സഭാവിഭാഗങ്ങളും യോജിച്ച് 'ജാത്യൈക്യസംഘം' രൂപീകരിക്കണമെന്നായിരുന്നു ആദ്യ തീരുമാനമെങ്കിലും അത് സാധിച്ചില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് നേതൃത്വം നൽകിയ നവീകരണവിഭാഗവും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് നേതൃത്വം നൽകിയ ഔദ്യോഗിക ഓർത്തഡോക്സ് വിഭാഗവും തമ്മിൽ വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുന്ന കാലമായിരുന്നു അത്. അതുകൊണ്ട് പുലിക്കോട്ടിൽ തിരുമേനി നേതൃത്വം കൊടുത്ത ജാത്യൈക്യ പ്രസ്ഥാനത്തിൽ സഹകരിക്കുവാൻ അവർ തയ്യാറായില്ല. സി.എം.എസ്. വിഭാഗവും ഇതിൽ സഹകരിക്കാതെ മാറിനിന്നു. ഈ സാഹചര്യത്തിൽ പുലിക്കോട്ടിൽ തിരുമേനി നേതൃത്വം നൽകിയ ഓർത്തഡോക്സ്

വിഭാഗവും നിധിയിരിക്കൽ മാണിക്കത്തനാർ നേതൃത്വം നൽകിയ റോമൻ കത്തോലിക്കാ വിഭാഗവും തമ്മിൽ സഹകരിച്ച് ജാത്യൈക്യസംഘം രൂപീകരിക്കാമെന്നു നിശ്ചയിച്ചു.

ജാത്യൈക്യസംഘത്തിനു വേണ്ടി തയ്യാറാക്കിയ നിയമാവലി ചരിത്രപരമായി വിലപ്പെട്ടതായതുകൊണ്ട് ലഭ്യമായിടത്തോളം ഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

## ജാത്യൈക്യസംഘത്തിന്റെ നിയമാവലി

"മാർതോമ്മാ നസ്രാണികൾ എന്നു പ്രസിദ്ധരായിരിക്കുന്ന മലയാളത്തിലെ സുറിയാനിക്കാർ പഴയകൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും പറയപ്പെടുന്ന മതസംബന്ധമായ രണ്ടു ഭാഗക്കാരായി പിരിഞ്ഞിട്ട് സന്ധിഭേദം വന്ന ഒരു ദേഹം പോലെ ബലം കുറഞ്ഞ രണ്ടു ഭാഗക്കാരായിത്തീർന്നിരിയ്ക്കുന്നുവെന്നു മാത്രമല്ല ജാത്യൈക്യം മൂലം വരേണ്ടുന്ന വിദ്യാഭ്യാസം, നാഗരികത, സർക്കാരുദ്യോഗം മുതലായ സാമൂഹ്യമായ ഉയർച്ചകളിൽ വളരെ കുറവുള്ളവരായിരിക്കുകയും ചെയ്യുന്നു. ആകയാൽ ആ താഴ്ചയെ നിവാരണം ചെയ്യുന്നതിനു നസ്രാണി ജാത്യൈക്യസംഘം എന്ന നാമത്തിൽ ഒരു സംഘടന ഏർപ്പെടുത്തണമെന്നും അതിൽ മാർത്തോമ്മാ നസ്രാണികളായ എല്ലാവരേയും ഉൾപ്പെടുത്തണമെന്നും ഈ സംഘം ഉണ്ടാകുന്നതിന് ഉത്സാഹികളായവരിൽ ചിലർ അനേക സംവൽസരങ്ങൾക്കു മുമ്പെ വിചാരിക്കയും ആ അഭിപ്രായത്തെ തങ്ങളുടെ സ്നേഹിതന്മാരും സ്വജാതിപ്രിയന്മാരുമായ പല മഹാന്മാരോടും ആലോചിച്ച് അവരുടെ മനോഗതങ്ങൾ അറികയും ചെയ്തിട്ട് താഴെ പറയുന്ന സംഗതികളെ നിശ്ചയിച്ചു."

എന്ന മുഖവുരയോടുകൂടിയാണ് നിയമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഒന്നാം വകുപ്പ് ഇങ്ങനെ കാണുന്നു: "അന്ത്യോക്യാ സുറിയാനിക്കാരും റോമാസുറിയാനിക്കാരും എന്ന് പറയപ്പെടുന്ന മാർതോമ്മാ നസ്രാണി സമൂഹത്തിന്റെ പ്രതിനിധിയായിട്ടും ആ ജനത്തിന്റെ ജാതിസംബന്ധമായും സമൂഹസംബന്ധമായുള്ള ഗുണീകരണങ്ങളെ വിചാരിച്ചു നടത്തുവാൻ ചുമതലപ്പെട്ടതായിട്ടും മലയാളത്തിലെ ജാത്യൈക്യസംഘം എന്ന നാമത്തോടുകൂടെ സുറിയാനിക്കാരുടെയിടയിൽ ഒരു സംഘടന ഏർപ്പെടുത്തേണ്ടതാകുന്നു." 'ഗ്രാമസാമാജികൻ', 'ആലോചനാസഭ', 'പൊതുകമ്മിട്ടി', 'ഗ്രാമകമ്മിട്ടി', 'ഇടവകപ്രതിനിധികൾ' ഇവയെപ്പറ്റി പ്രസ്താവിച്ചശേഷം 5-ാം നിയമം എ. ഉപ വകുപ്പ് ഇപ്രകാരം ആകുന്നു:

"പൊതുകമ്മിട്ടിക്കാർ ഗ്രാമകമ്മിട്ടികളിലും ഇടവകകമ്മിറ്റിട്ടികളിലും നിന്ന് എഴുതി അയക്കുന്ന സംഗതികളെ ആലോചിച്ച് തീരുമാനിപ്പാനും

നസ്രാണിജാത്യൈക്യ സംഘത്തിന് മുതൽ വരുവാനുള്ള എല്ലാ മാർഗ്ഗങ്ങളേയും ആലോചിച്ച് പിരിച്ച് പൊതുഖജനാവിൽ മുതൽ ശേഖരിപ്പാനും തക്ക മേൽവിചാരക്കാരെ അയച്ച് സംഘകാര്യങ്ങൾ എല്ലാദേശങ്ങളിലും ശരിയായി നടക്കുന്നുണ്ടോ എന്നന്വേഷിച്ച് ക്രമപ്പെടുത്തുവാനും ആവശ്യമെന്നു തോന്നുമ്പോൾ അവയ്ക്ക് സർക്കുലരുകൾ അയക്കാനും നസ്രാണിജാതിക്കുള്ള ആവലാതികളേയോ അപേക്ഷകളേയോ ഭരണാധികാരികളെ ബോധിപ്പിച്ച് നിവൃത്തി വരുത്തുവാനും ടി ജാത്യൈക്യസംഘം വകയായി കോട്ടയത്തു സ്ഥാപിക്കപ്പെടുന്ന വിദ്യാശാലകളുടെ മാനേജരന്മാരും ശേഷം ദേശങ്ങളിൽ സ്ഥാപിക്കപ്പെടുന്ന വിദ്യാലയങ്ങളുടെ മേലന്വേഷണക്കാരും ആയിരിപ്പാനും ചുമതലപ്പെട്ടവരാകുന്നു."

നിയമാവലിയിലെ ആറാം വകുപ്പ് ഇങ്ങനെ ഉദ്ധരിയ്ക്കാം: "ടി പൊതു കമ്മിട്ടിയുടെ ആലോചനക്കാരായ 24 പേരു കൂടാതെ മേൽ കമ്മിട്ടിക്കാരായി ഇരുഭാഗത്തുനിന്നു പന്ത്രണ്ടീതെ മഹാന്മാരെ ടി ഇടവകക്കമ്മിട്ടിയുടെ പ്രതിപുരുഷന്മാർ തിരഞ്ഞെടുത്തു അവരുടെ പേരുകളും റജിസ്റ്റർ പുസ്തകത്തിൽ എഴുതിവെക്കയും ആ വിവരം അവരെ തെര്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു." 8-ാം വകുപ്പു നോക്കാം: "കോട്ടയത്ത് ടി സംഘം വകയായി വാങ്ങിച്ചിട്ടുള്ള വുഡ്ലാണ്ട് പ്രോപ്പർട്ടി എന്നു പറയപ്പെടുന്ന വസ്തുവും അതിലുള്ള കെട്ടിടങ്ങളും മേലാൽ ഈ സംഘം വകയായി വാങ്ങിക്കപ്പെടുന്ന സകല സ്വത്തുക്കളും ടി സംഘത്തിന്റെ പ്രതിപുരുഷന്മാരായി അതാതു സമയം നിശ്ചയിക്കപ്പെടുന്ന വിചാരക്കാരുടെ പേരിലൊ പൊതുകമ്മിട്ടിയുടെ സിക്രട്ടറിമാരുടെയും ഖജാൻജിമാരുടേയും പേരിലൊ വാങ്ങിക്കപ്പെടേണ്ടതും അവർക്കു അങ്ങനെ പേരുധരിപ്പാൻ മാത്രമല്ലാതെ ആ സ്വത്തുക്കളെ സ്വന്തമായി ഉപയോഗിക്കുവാനോ അന്യാധീനപ്പെടുത്തുവാനോ തങ്ങളുടെ ഉദ്യോഗകാലാവധി കഴിഞ്ഞതിന്റെ ശേഷം വല്ല വിശേഷ അവകാശവും ഉണ്ടെന്നു വാദിപ്പാനോ പാടുള്ളതല്ല." 8-ാം വകുപ്പ് ഏ. ഖണ്ഡിക ഇങ്ങനെയാകുന്നു: "സംഘം വക ടി സ്ഥലത്തിൽ ഉള്ള കെട്ടിടത്തിലും അതിനോടു ചേർത്ത് ഉണ്ടാകുവാനിരിക്കുന്ന കെട്ടിടങ്ങളിലും ആയിട്ട് ഒരു പ്രധാന പാഠശാല ഉണ്ടാകേണ്ടതും അതു സകല ജാതിക്കാർക്കും മതക്കാർക്കും പഠിപ്പാൻ സ്വാതന്ത്ര്യമുള്ളതായിരിക്കേണ്ടതും ആകുന്നു."

"9-ടി പാഠശാലയിലെ പ്രധാന വാദ്ധ്യാരും രണ്ടു സഹായ വാദ്ധ്യാന്മാരും എങ്കിലും പ്രോട്ടസ്റ്റാണ്ടർ, നിരീശ്വരന്മാർ, ദൈവ അറിയായ്മക്കാർ മുതലായ മതഭിന്നതക്കാരല്ലാത്ത ബ്രിത്താന്യാക്കാർ ആയിരുന്നാൽ കൊള്ളാം. അൽമേനിക്കാരെക്കാളധികം ജാഗ്രതയോടെ പഠിപ്പിക്കുന്നവരും കുറഞ്ഞ ശമ്പളത്തിൽ ടി ഉദ്യോഗം സ്വീകരിക്കുന്നവരുമായിട്ട് ടി ജാതിയിൽ തന്നെയുള്ള വല്ല സഹോദര സംഘക്കാരെയോ സന്യാസികളെയൊ

കിട്ടുമെങ്കിൽ ആയതു സംഘത്തിലേക്ക് അധികം ആദായം ഉള്ളതാക കൊണ്ട് അങ്ങനെയുള്ളവരെ വരുത്തി അവരെക്കൊണ്ട് ടി ഉപദേഷ്ട സ്ഥാനങ്ങളെ നടത്തിപ്പാൻ ശ്രമിക്കേണ്ടതാകുന്നു.

10. ഈ പാഠശാലയിൽ ബോംബെയിലും കല്ക്കത്തയിലുമുള്ള സെന്റ് സേവിയർ കോളെജുകളിലും മംഗലാപുരത്തെ സെന്റ് ലൂയീസ് കോളജിലും തൃശിനാപ്പള്ളിയിലെ സെന്റ് ജോസഫ് കോളെജിലും പഠിപ്പിക്കപ്പെടുന്ന മുറ അനുസരിച്ച് യൂണിവേഴ്സിറ്റി പരീക്ഷകൾക്കാവശ്യപ്പെട്ട വിഷയങ്ങളെ പഠിപ്പിക്കേണ്ടതാകുന്നു. പഠിത്വത്തെ സംബന്ധിച്ച സംഗതികളിൽ വിശ്വാസത്തിനും സന്മാർഗത്തിനും വിരോധമല്ലാത്തപ്പോളൊക്കെ പ്രധാന അദ്ധ്യാപകന് പൂർണ്ണസ്വാതന്ത്ര്യമുള്ളതും വേറൊരുത്തർക്കും ആ വിഷയത്തിൽ പ്രവേശിപ്പാനർഹതയില്ലാത്തതും ആകുന്നു.

11. ഈ പാഠശാലയിലും സംഘം വകയായി ഉണ്ടാക്കപ്പെടുന്ന വേറെ വിദ്യാലയങ്ങളിലും പഠിക്കുന്നവർക്കുള്ള ഫീസ് കഴിയുന്നിടത്തോളം കുറഞ്ഞ സംഖ്യ ആയിരിക്കണം.

12. പരീക്ഷയിൽ ജയിക്കുന്ന കുട്ടികൾക്ക് സംഘം വകയിൽ നിന്നോ അതിനായി പ്രത്യേകം പിരിച്ചെടുത്ത് ശേഖരിക്കുന്ന തുകയിൽ നിന്നോ തക്ക സമ്മാനങ്ങളോ സ്കോളർഷിപ്പുകളോ കൊടുക്കേണ്ടതാകുന്നു.

13. സമ്മാനത്തിനോ സ്കോളർഷിപ്പിനോ ആയി ആരെങ്കിലും ഈ സംഘത്തിലേക്കു തക്ക സാധനങ്ങളെ കൊടുത്താൽ അതിനെ സംബന്ധിച്ചു അവർ ചെയ്യുന്ന വ്യവസ്ഥകൾ സത്യത്തിനും സന്മാർഗ്ഗത്തിനും വിരോധമുള്ളവയെങ്കിൽ അവയെ വണക്കത്തോടെ സ്വീകരിക്കുകയും ആ ദാതാക്കൾ ആഗ്രഹിക്കുന്ന വിഷയങ്ങൾക്കായിട്ടു ഉപയോഗിക്കയും അവരുടെനേരെ ഈ സംഘക്കാർ കൃതജ്ഞരായിരിക്കയും ചെയ്യേണ്ടതാകുന്നു.

14. എ. അനേകം അന്യഭാഷാചരിത്രക്കാർ സ്വദേശഭാഷയുടെയും സംഭവങ്ങളുടെയും അറിവുകുറവു നിമിത്തവും മറ്റും നസ്രാണികളുടെ ചരിത്രത്തെ വഷളാക്കിയിരിക്കകൊണ്ടും പ്രോട്ടസ്റ്റാണ്ടുകാരുമായുള്ള സമ്പർക്കം ഈ ജാതിയുടെ പൂർവ്വ വിശ്വാസത്തേയും ആചാരങ്ങളേയും എത്രയും കഠിനമായിട്ടു മുറിവേൽപിച്ചിരിക്കയാലും അതുകളെ പരിഹരിപ്പാൻ തക്ക ചരിത്രങ്ങളിലും ശാസ്ത്രങ്ങളിലും പരീക്ഷയിൽ ജയിക്കയോ പുസ്തകങ്ങളെ എഴുതുകയോ ചെയ്യുന്നവർക്ക് തക്ക സമ്മാനങ്ങളും മറ്റും ഏർപ്പെടുത്തുന്നതിന് ഈ സംഘക്കാർ താൽപര്യപ്പെടേണ്ടതാകുന്നു.

14. ബി. കോളെജ് പരീക്ഷയിൽ ജയം പ്രാപിച്ച വല്ല കുട്ടികളും

പഠിപ്പാൻ വിശേഷബുദ്ധിയും മനസ്സും ഉള്ളവരായി കാണപ്പെടുകയും സ്വന്തം ചെലവിന്മേൽ അന്യദേശങ്ങളിൽപ്പോയി പഠിപ്പാൻ മുതലില്ലാതെ വരികയും ചെയ്യുന്നപക്ഷം ഈ വിദ്യാർത്ഥികൾക്കു പഠിത്വങ്ങൾ കഴിഞ്ഞിട്ടു സ്വയാർജിതമായിട്ടുണ്ടാകുന്ന സമ്പാദ്യത്തിലോ ശമ്പളത്തിലോ ഒരംശം നിശ്ചയിക്കുന്ന അവധിപ്രകാരം സംഘത്തിലേക്കു കൊടുക്കയും ഈ സംഘത്തിന്റെ അഭിവൃദ്ധിക്കു വേണ്ടുംപ്രകാരം ശ്രമിക്കയും ചെയ്തു കൊള്ളാമെന്ന് ഒരുടമ്പടി എഴുതി വാങ്ങിക്കൊണ്ടു ആ വിദ്യാത്ഥികൾക്കാവശ്യമുള്ള ചിലവുകളെക്കൊടുത്തു അന്യദേശങ്ങളിൽ അയച്ചു പഠിപ്പിക്കേണ്ടതാകുന്നു.

സി. സ്വന്ത ചിലവിന്മേൽ പോയി പഠിക്കുന്ന നസ്രാണികുട്ടികൾക്കു ഈ സംഘക്കാർ പാടുള്ള സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതും ആ വകയ്ക്കു ജനങ്ങളെ ഉത്സാഹിപ്പിച്ചു കുട്ടികളെ അയയ്ക്കേണ്ടതുമാകുന്നു.

15. ഈ സംഘക്കാരിൽ ഏതു ഭാഗക്കാർക്കെങ്കിലും സംഘകോളെജിനോട് അടുത്തു ദേവാലയം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടാൽ മറ്റെ ഭാഗക്കാരോട് ആലോചിച്ചു അവരുടെ സമ്മതത്തോടെ നിശ്ചയിച്ച് തങ്ങളുടെ സ്വന്ത ചെലവിന്മേൽ ദേവാലയം ഉണ്ടാക്കേണ്ടതാണ്.

16. എല്ലാ ഇടവകകളിലും ഓരോ കീഴ്ത്തരം ഇംഗ്ലീഷ് സ്കൂളുകൾ ഉണ്ടാക്കേണ്ടതും അവയ്ക്കു സ്ഥലം മുതലായത് ഇടവക കമ്മിട്ടിക്കാരാൽ നിശ്ചയിക്കപ്പെടേണ്ടതും അതാതിടവക കമ്മിട്ടിക്കാർ ആ സ്കൂളുകളുടെ മാനേജരന്മാരായിരിക്കേണ്ടതുമാണ്.

17. എല്ലാ ഗ്രാമങ്ങളിലും അതാതിന്റെ ജനസംഖ്യയ്ക്കും ദൂരത്തിനും തക്കവണ്ണം ഒന്നോ രണ്ടോ അതിലധികമോ നാട്ടുഭാഷാ സ്കൂളുകളെ ഉണ്ടാക്കേണ്ടതും അവയിൽ ചിലതിലും ഇടവകസ്കൂളുകളിലും മലയാളവും ഇംഗ്ലീഷും കൂടാതെ തമിഴ്, സംസ്കൃതം, ഹിന്ദുസ്ഥാനി, സുറിയാനി മുതലായ ഭാഷകളെക്കൂടെ പഠിപ്പിക്കേണ്ടതിന് അവയുടെ മാനേജരന്മാർ താൽപര്യപ്പെടേണ്ടതും ആകുന്നു.

18. ഇപ്രകാരം തന്നെ കോട്ടയത്തു ഒരു പ്രധാനപ്പെട്ട പെൺപള്ളിക്കൂടവും അതിൽ താഴ്ന്ന സ്ഥലങ്ങളിലും ഇടവകകളിലും ഗ്രാമങ്ങളിലും ആൺപള്ളിക്കൂടങ്ങളെക്കുറിച്ചു പറഞ്ഞ വിധത്തിൽ ഉള്ള പെൺപള്ളിക്കൂടങ്ങളും സ്ഥാപിക്കുന്നതിനും അതുകളിൽ വിശേഷാൽ സംഗീതം, ചിത്രമെഴുത്ത്, സംഗീതോപകരണ പ്രയോഗം ഇവയെ പഠിപ്പിക്കുന്നതിന് സംഘക്കാർ താല്പര്യപ്പെടേണ്ടതാണ്.

19. പെൺപള്ളിക്കൂടങ്ങൾക്ക് മഹാപാഠശാലയിലെ പ്രധാന വാദ്ധ്യാർ

മുതലായവരെക്കുറിച്ചു പറഞ്ഞിട്ടുള്ള സകല നിയമങ്ങളും സംബന്ധിക്കുന്നതാകുന്നു.

20. മേൽപറഞ്ഞ പാഠശാലയ്ക്കും സംഘം വകയായ സകല ആൺപള്ളിക്കൂടങ്ങൾക്കും പെൺപള്ളിക്കൂടങ്ങൾക്കും താഴെ വകുപ്പിൽ പറയുന്ന അനാഥശാല മുതലായവകൾക്കും, ഗവർമ്മേണ്ടിൽനിന്ന് ഗ്രാന്റുകളും സഹായങ്ങളും പ്രാപിക്കുന്നതിന് പൊതുകമ്മിട്ടിക്കാർ ശ്രമിക്കേണ്ടതാകുന്നു.

21. കോട്ടയത്തു കോളെജിനോടു ചേർന്നു ഒരു പ്രധാന വായനശാലയും ഇടവകകളിൽ ഓരോ ഇടത്തും വായനശാലകളും ചില ഗ്രാമസ്കൂളുകളിൽ താഴ്ന്നതരം വായനശാലകളും ഉണ്ടാകേണ്ടതും അതുകളിൽ അതാതിന്റെ അവസ്ഥയ്ക്കു തക്കപ്രകാരം പുസ്തകങ്ങളും വർത്തമാനപത്രങ്ങളും വാങ്ങി സംഗ്രഹിക്കേണ്ടതും ആകുന്നു.

22. ആവശ്യമായി തോന്നുന്ന സ്ഥലങ്ങളിൽ സംഘം വകയായി അനാഥശാലകളെ സ്ഥാപിച്ചു മാതാപിതാക്കന്മാരും രക്ഷകർത്താക്കന്മാരും ഇല്ലാത്ത കുട്ടികളെ എടുത്തു സംഘ ചിലവിന്മേൽ അതുകളിൽ വിദ്യയൊ കൈത്തൊഴിലുകളൊ പഠിപ്പിച്ചു സ്വരക്ഷപ്രാപ്തരായി അയക്കേണ്ടതാകുന്നു.

23. തങ്ങളുടെ ഉപജീവനത്തിനു ചിലവു ചെയ്വാൻ അറിയാതെയും വേല കിട്ടാതെയും അനേക നസ്രാണികൾ ദരിദ്രരായി വലയുകയും അന്യജാതികൾക്കു കീഴ്പ്പെടുകയും ചെയ്തുവരുന്നതു എത്രയും വ്യസനകരമായിരിക്കയാൽ സംഘചിലവിന്മേൽ തക്ക സ്ഥലങ്ങളിൽ പലവിധമായ തൊഴിൽശാലകളെ ഉണ്ടാക്കി അതുകളിൽ കൈത്തൊഴിൽ വാദ്ധ്യാരെ ആക്കുകയും അതുകൾക്കുവേണ്ട അനുസാരികളെ ശേഖരിച്ചുകൊടുക്കുകയും മേൽപ്പറഞ്ഞപ്രകാരം തൊഴിൽ ഇല്ലാതെ വലയുന്ന ജനങ്ങളെ അറിയിച്ചുവരുത്തി അവരുടെ ഉപജീവനത്തിന് വകകൊടുത്തുകൊണ്ട് അതുകളിൽ വേല ചെയ്യിക്കയും അവരുടെ കൈത്തൊഴിലാൽ ഉണ്ടാകാവുന്ന വകകളെ വിറ്റു സംഘത്തിലേക്കു മുതൽ കൂട്ടുകയും ചെയ്യേണ്ടതും ആ വക തൊഴിൽശാലകളുടെ വിചാരം സ്ക്കൂളുകളെക്കുറിച്ചു പറഞ്ഞപ്രകാരം കമ്മിട്ടിക്കാർ നടത്തേണ്ടതും ആകുന്നു.

24. ചിലവിനു വകയില്ലാതെയും കൈത്തൊഴിൽ ചെയ്യുന്നതിനു ദേഹശക്തിയില്ലാതെയും വരുന്ന നസ്രാണി അഗതികൾക്കായിട്ടു തക്ക സ്ഥലങ്ങളിൽ ധർമ്മശാലകളും അതാതു വർഗ്ഗത്തിൽത്തന്നെ സഹായിപ്പാനാളുകളെയും സംഘത്തിൽ നിന്നു ഏർപ്പെടുത്തിക്കൊടുക്കേണ്ടതും അതുകളും അതാതു സ്ഥലത്തെ കമ്മിട്ടിക്കാരുടെ വിചാരത്തിൻകീഴ് ഇരിക്കേണ്ടതും ആകുന്നു.

25. സമൂഹം വകയായി തക്ക സ്ഥലങ്ങളിൽ ആ ഇടവക അല്ലെങ്കിൽ ഗ്രാമക്കമ്മിട്ടിക്കാരുടെ ആലോചനയോടും ആജ്ഞയിങ്കീഴും ഉത്തമമായി തോന്നുന്ന കൃഷികൾ ചെയ്യേണ്ടതാകുന്നു.

26. അപ്രകാരം തന്നെ സംഘവകയ്ക്കു തക്ക സ്ഥലങ്ങളിൽ കച്ചവട പീടികകളും നല്ല വിശ്വസ്തന്മാരായ കച്ചവടക്കാരും കൊച്ചി, ആലപ്പുഴ, ഈ തുറമുഖങ്ങളിൽ ഓരോ തുറമുഖ പണ്ടകശാലകളും അതുകളിൽ വിശ്വസ്തന്മാരായ വ്യാപാരികളും ബോംബെ മുതലായ തുറമുഖങ്ങളിൽ ഓരോ ഷാപ്പുകളും ആ സ്ഥലങ്ങളിൽ തക്ക എജണ്ടന്മാരും ഉണ്ടാകേ ണ്ടതും അങ്ങനെ വേണ്ട ഒരുക്കങ്ങളോടു കൂടെ കച്ചവടങ്ങൾ നടത്ത പ്പെടേണ്ടതും അതിൽ നിന്നുണ്ടാകുന്ന ആദായങ്ങളും സംഘത്തിലേക്ക് ചേർക്കേണ്ടതും ആകുന്നു.

27. അന്യജാതിക്കാരോടു അന്യായപലിശയ്ക്കു മുതൽ വാങ്ങുക നിമിത്തം നസ്രാണികളിൽ പലരും ക്ഷയിച്ചു പോകുന്നതു എത്രയും വ്യസനിപ്പാൻ തക്ക സംഗതിയാകയാൽ ടി സംഘം വകയായി ഒരു ബാങ്ക് ഏർപ്പെടുത്തുകയും ചുരുങ്ങിയ പലിശയ്ക്കു പണം കിട്ടുന്ന യൂറോപ്പു ദേശങ്ങളിൽ നിന്നു പലിശയ്ക്കു വാങ്ങിച്ചിട്ടും വലുതായ ഒരു ഭാഗ്യക്കുറി നടത്തി അതിന്റെ ആദായത്തിൽനിന്നു മുതൽ ശേഖരിച്ചു അങ്ങനെ ക്ഷയിച്ചുപോകുന്ന കുടുംബക്കാർക്കു തക്ക ഉറപ്പിന്മേൽ മര്യാദപലി ശയ്ക്കു പണം കൊടുത്തു നിലനിറുത്തുകയും അവരുടെ താഴ്ചയെ നികത്തുന്നതിനു വേണ്ട മാർഗ്ഗങ്ങളെ ആലോചിച്ചു നടത്തിക്കയും ചെയ്യേ ണ്ടതാകുന്നു.

28. ഈ സംഘത്തിന്റെ സംഗതികളെ രണ്ടു ഭാഗത്തുമുള്ള മേൽപ്പട്ട ക്കാരെ ബോധിപ്പിച്ചു അവരുടെ സമ്മതത്തോടുകൂടെ ഈ സംഘത്തിന്റെ (പെയിട്രൻസ്) പാലകന്മാരായിട്ടു അവരെ ഈ സംഘം സ്വീകരിക്കുകയും മേൽ കമ്മിട്ടിക്കാർക്കു വല്ല സംഗതികളിലും സംശയങ്ങളുണ്ടായാൽ എഴുതി അയച്ച് അവരുടെ അഭിപ്രായങ്ങളെ അറിഞ്ഞു നടക്കയും ചെയ്യേ ണ്ടതാകുന്നു.

29. അപ്രകാരം തന്നെ കൊച്ചി, തിരുവിതാംകൂർ ഈ രണ്ടു സംസ്ഥാ നത്തെ മഹാരാജാക്കന്മാർക്കും ബ്രിട്ടീഷ് ഗവർമ്മേണ്ടിനും മദ്രാസ് ഗവർ മ്മേണ്ടിനും ബംഗാൾ ഗവർണ്ണർ ജനറലിനും നടപടികളുടെ ഓരോ പ്രതി കൾ അയക്കയും അവരും ഈ സംഘത്തിന്റെ പാലകന്മാരാകാൻ അപേ ക്ഷിക്കുകയും അങ്ങനെ അനുവദിക്കുന്നപക്ഷം അവരേയും പാലകന്മാ രായി സ്വീകരിക്കയും ചെയ്യേണ്ടതാകുന്നു.

30. മൂന്നും അഞ്ചും വകുപ്പുകളിൻപ്രകാരം നിശ്ചയിക്കപ്പെട്ട കമ്മിട്ടി ക്കാരുടെ അധികാരം അവധി തീരാറാകുമ്പോൾ അവർ ആ വിവരം

പരസ്യ എഴുത്തുകളാലും സംഘംവക പത്രികയിൽ പ്രസിദ്ധം ചെയ്യുന്നതിനാലും സാമാജികന്മാരെ അറിയിക്കുകയും അവർ ടി 3-ഠ 4-ഠ 5-ഠ വകുപ്പുകളിലെ താൽപര്യപ്രകാരം ആ സ്ഥാനങ്ങൾക്ക് വേറെ ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുകയും ചെയ്യേണ്ടതാകുന്നു.

31. ഈ നിയമം പൊതുകമ്മിട്ടിക്കാരെ നിയമിക്കാനായി കൂടുന്ന ഇടവക കമ്മിട്ടികളുടെ പ്രതിപുരുഷന്മാരാൽ പരിശോധിക്കപ്പെട്ടു അവരുടെ അഭിപ്രായപ്രകാരം ഭേദഗതികളോടുകൂടിയോ കൂടാതെയോ അംഗീകരിക്കപ്പെടേണ്ടതും അവർ നിശ്ചയിക്കുന്ന അവധി മുതൽ നടപ്പാക്കേണ്ടതും ആകുന്നു.”

കോട്ടയത്ത് ജാത്യൈക്യസംഘത്തിന്റെ പേരിൽ ‘വുഡ്‌ലാൻഡ് പ്രോപ്പർട്ടി’ വാങ്ങിയിട്ടുള്ളതായി ഈ രേഖയിൽ പ്രസ്താവിക്കുന്നുണ്ട്. സംഘം വക കെട്ടിടത്തിലും ഇനി ഉണ്ടാകുവാനുള്ള കെട്ടിടങ്ങളിലുമായി ഒരു പ്രധാന പാഠശാല ഉണ്ടാകണമെന്നും അവിടെ സകല ജാതിക്കാർക്കും മതക്കാർക്കും പഠിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും നിയമാവലി അനുശാസിക്കുന്നു. ഈ പാഠശാല കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘത്തിന്റെ ചുമതലയിൽ വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അവിടെ കുറഞ്ഞ ഫീസിൽ വിദ്യാഭ്യാസം നൽകണമെന്നും തീരുമാനിച്ചിരുന്നു. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാനും വിദേശ വിദ്യാഭ്യാസത്തിന് സഹായം നൽകുവാനും ഉദ്ദേശിച്ചിരുന്നു.

സുറിയാനി ക്രിസ്ത്യാനികളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയ്ക്ക് സംഘം വകയായി കച്ചവട സ്ഥാപനങ്ങളും തുറമുഖ പാണ്ടികശാലകളും ബാങ്കും വിപുലമായ തോതിൽ കൃഷിയും തുടങ്ങണമെന്നും സംഘം തീരുമാനിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കോട്ടയത്ത് ഒരു പ്രധാന പെൺപള്ളിക്കുടവും ഇടവകകളിലും ഗ്രാമങ്ങളിലും പെൺപള്ളിക്കൂടങ്ങളും സ്ഥാപിക്കണമെന്നും തീരുമാനിച്ചിരുന്നു. ഇത്തരം സ്കൂളുകളിൽ സംഗീതം, ചിത്രരചന, സംഗീതോപകരണങ്ങളുടെ പരിശീലനം എന്നിവയും വേണമെന്ന് തീരുമാനിച്ചിരുന്നു. സംഘം വകയായി അനാഥശാലകൾ സ്ഥാപിക്കുകയും അഗതികളായ കുട്ടികളെ കൈത്തൊഴിലുകൾ പഠിപ്പിക്കണമെന്നുമുള്ളതായിരുന്നു മറ്റൊരു തീരുമാനം. ഈ തീരുമാനങ്ങളെല്ലാം തന്നെ നൂറ്റിഇരുപതു വർഷങ്ങൾക്കു മുമ്പ് തികച്ചും വിപ്ലവകരങ്ങളായിരുന്നു എന്നതിൽ തർക്കമില്ല.

ജാത്യൈക്യസംഘത്തിനുവേണ്ടി ആലപ്പുഴയിൽ കച്ചവട ഏജന്റായിരുന്ന ഹ്യൂക്രാഫോർട്ട് എന്ന സായിപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായി

രുന്ന 'വുഡ്ലാൻഡ് എസ്റ്റേറ്റ്' അദ്ദേഹത്തിന്റെ മുക്ത്യാർകാരനായിരുന്ന ജയിംസ് ഡാറാ എന്ന അമേരിക്കക്കാരനിൽ നിന്ന് 1064 (1889) തുലാം 24-ന് 3548 രൂപ 4 പൈസയ്ക്ക് തീറെഴുതി വാങ്ങി. ഈ തീറാധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത് പുലിക്കോട്ടിൽ തിരുമേനിയുടെയും മാണികത്തനാരുടെയും പേരിലാണ്. 1886 മാർച്ച് 24 മുതൽ 1887 മാർച്ച് 2 വരെയുള്ള ഒരു വർഷക്കാലത്തിനിടയിൽ നാലു തവണകളായിട്ടാണ് ഈ തുക കൊടുത്തിരിക്കുന്നത്. കയ്യിൽ കാശില്ലാത്തതിനാൽ തിരുമേനിയും മാണിയച്ചനും കൂടി കടപ്പത്രം എഴുതിക്കൊടുത്തും പണം കടം വാങ്ങിയുമാണ് ഈ സ്ഥലം വാങ്ങിയതെന്ന് ഇ. എം. ഫിലിപ്പ് സാക്ഷ്യപ്പെടുത്തുന്നുണ്ട് (പുറം 89).

ജാത്യൈക്യസംഘം വകയായി ഒരു പത്രം തുടങ്ങണമെന്ന ആശയം നേരത്തെ ഉദ്ധരിച്ചിരിക്കുന്ന നിയമാവലിയിൽ കാണുന്നില്ല. എന്നാൽ അതേക്കുറിച്ചുള്ള ആലോചനകൾ പിന്നീട് വളരെ സജീവമായതായിട്ടാണ് കാണുന്നത്. സംഘത്തിന്റെ മുഖപത്രമായി ഉദ്ദേശിക്കപ്പെട്ടിരുന്ന പത്രം കോട്ടയം പഴയസെമിനാരിയിലെ അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തണമെന്ന് പുത്തൻകൂറ്റുകാരും അത് മാന്നാനം സെയിന്റ് ജോസഫ് പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിക്കണമെന്ന് പഴയകൂറ്റുകാരും ആഗ്രഹിച്ചു. അതിന് അനുവാദം ലഭിക്കുന്നതിനായി കത്തോലിക്കർ വരാപ്പുഴ മെത്രാനായിരുന്ന മർസലീനോസ് മെത്രാനോട് അപേക്ഷിച്ചതായി കാണുന്നുണ്ട് (വി. സി. ജോർജ്, പുറം 389). അതേ തുടർന്നാണ് 'നസ്രാണി ദീപിക' പത്രം മാന്നാനത്തു നിന്നും മാണികത്തനാരുടെ പത്രാധിപത്യത്തിൽ 1887 ഏപ്രിൽ 15 മുതൽ പ്രസിദ്ധീകരണം ആരംഭിച്ചത്. നസ്രാണി ജാത്യൈക്യസംഘത്തിന്റെ മുഖപത്രമായാണ് 'നസ്രാണി ദീപിക' ആരംഭിച്ചതെന്ന് ടി. എം. ചുമ്മാർ 'മലയാള പത്രചരിത്ര'ത്തിലും (1977), പുതുപ്പള്ളി രാഘവൻ 'കേരള പത്രപ്രവർത്തന ചരിത്ര'ത്തിലും (1983) പ്രസ്താവിച്ചിട്ടുണ്ട്.

നസ്രാണി ജാത്യൈക്യസംഘത്തിന്റെ ജിഹ്വയായി പുത്തൻകൂറ്റുകാർ പഴയസെമിനാരിയിലെ അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധീകരിക്കാൻ ആഗ്രഹിച്ച പത്രത്തിന്റെ സ്ഥിതി എന്തായി? 'നസ്രാണി ദീപിക' ഔദ്യോഗിക ജിഹ്വയായി പ്രസിദ്ധീകരണം തുടങ്ങിയപ്പോൾ ഓർത്തഡോക്സുകാർ ആ ഉദ്യമത്തിൽ നിന്ന് പിന്മാറി എന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. എന്നാൽ 1890 മെയ് 22-ന് കോട്ടയത്തുനിന്ന് പ്രസിദ്ധീകരണം തുടങ്ങിയ 'മലയാള മനോരമ' നസ്രാണി ദീപികയ്ക്ക് ഒരു ബദൽ ആയിരുന്നില്ല എന്ന് വ്യക്തമാണ്. പതിനായിരം രൂപ മുതൽമുടക്കിൽ നൂറു രൂപ വീതമുള്ള നൂറ് (100) ഓഹരികളാണ് മനോരമ കമ്പിനിയുടെ മൂലധനമായി ഉണ്ടായിരുന്നത്. സുറിയാനി ക്രിസ്ത്യാനികൾ മാത്രമല്ല ക്രൈസ്ത

വേതരരും അതിൽ പങ്കാളികളായിരുന്നു. കണ്ടത്തിൽ വറുഗീസ് മാപ്പിള യ്ക്കു പുറമേ പത്രത്തിൽ ഓഹരികൾ ഉണ്ടായിരുന്ന പുലിക്കോട്ടിൽ തിരു മേനിയും ഇ. എം. ഫിലിപ്പും മറ്റ് പുത്തൻകൂർ സുറിയാനി വിഭാഗ ത്തിൽപെട്ടവരും 'ജാത്യൈക്യസംഘ'ത്തിന്റെ നേതൃനിരയിൽ ഉണ്ടായി രുന്നവരായിരുന്നു എന്നത് ശ്രദ്ധേയമാണ്. 'മലയാള മനോരമ' ജാത്യൈ ക്യസംഘത്തിന്റെ ജിഹ്വയായി ഉദ്ദേശിക്കപ്പെട്ടിരുന്നില്ലെങ്കിലും ഒരു വർത്ത മാന പത്രം ആരംഭിക്കണം എന്ന ജാത്യൈക്യ സംഘത്തിന്റെ തീരുമാ നവും 'നസ്രാണി ദീപിക'യുടെ ഏകപക്ഷീയമായ പ്രസിദ്ധീകരണവും 'മലയാള മനോരമ'യുടെ ആവിർഭാവത്തിന് ബീജാവാപം ചെയ്തു എന്ന് കരുതാം. ആരംഭകാലം മുതൽതന്നെ 'ജാതിമതാദിപക്ഷം കൂടാതെയുള്ള ഒരു വർത്തമാനപത്രം' എന്ന നിലയിലാണ് മലയാള മനോരമ പ്രസിദ്ധീ കരിച്ചു പോന്നിട്ടുള്ളത്.

ഈ ഭാഗം ഇത്രയും വിശദീകരിക്കാൻ കാരണം വുഡ്ലാൻഡ് എസ്റ്റേറ്റ് യാക്കോബായക്കാർ (പുത്തൻകൂറ്റുകാർ) തട്ടിയെടുത്തതാണെന്നും അവിടെ നിന്നാണ് 'മലയാള മനോരമ' പ്രസിദ്ധീകരിച്ചു തുടങ്ങിയ തെന്നും അർത്ഥം വരുന്നവിധത്തിൽ മാണികത്തനാരുടെ ജീവചരിത്ര ത്തിൽ ഷെവ. വി. സി. ജോർജ്ജ് എഴുതിയിട്ടുള്ളതുകൊണ്ടാണ്. ജാത്യൈ ക്യസംഘത്തിന്റെ മുഖപത്രം എന്ന നിലയിൽ ആരംഭിച്ച 'നസ്രാണി ദീപിക' ആദ്യകാലം മുതൽതന്നെ ഒരു കത്തോലിക്കാ പ്രസിദ്ധീകരണ മെന്ന നിലയിലാണ് പ്രസിദ്ധീകരിക്കപ്പെട്ടു പോന്നിട്ടുള്ളത്. മാണികത്ത നാർ ആദ്യകാലത്ത് അതിന്റെ പത്രാധിപരായി പ്രവർത്തിച്ചെങ്കിലും ഏതാനും മാസങ്ങൾക്കുശേഷം അദ്ദേഹം അതിൽനിന്ന് പിന്മാറുകയാ ണുണ്ടായത്.

പഴയസെമിനാരി കേസ് അതിന്റെ മൂർദ്ധന്യത്തിൽ നിൽക്കുന്ന കാല ത്താണ് പുലിക്കോട്ടിൽ തിരുമേനിയും അക്കര കുര്യൻ റൈട്ടറും കണ്ട ത്തിൽ വറുഗീസ് മാപ്പിളയും മാണികത്തനാരും ചേർന്ന് ജാത്യൈക്യ സംഘത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. സെമിനാരി കേസിന്റെ പശ്ചാത്തലത്തിൽ കത്തോലിക്കരുമായി സഹകരിച്ചുകൊണ്ട് സമാരംഭിച്ച ഈ പ്രസ്ഥാനത്തെ പല കത്തോലിക്കാ ചരിത്രകാരന്മാരും വിമർശനബുദ്ധ്യാ ആണ് കാണുന്നത്. സെമിനാരിക്കേസിൽ തോറ്റാൽ ഒരു പിടിവള്ളി ഇരിക്കട്ടെ എന്നു കരുതിയാണ് കത്തോലിക്കരുമായി സഹ കരിച്ചുകൊണ്ട് പുലിക്കോട്ടിൽ തിരുമേനി ജാത്യൈക്യസംഘം തുടങ്ങി യത് എന്ന അർത്ഥത്തിൽ ഷെവ. വി. സി. ജോർജ് 1950-ലും കത്തോ ലിക്കാ കോൺഗ്രസ്സിന്റെ നേതാവായ ജോൺ കച്ചിറമറ്റം അടുത്ത കാലത്തും എഴുതിയിട്ടുള്ളത് അടിസ്ഥാനരഹിതമാണ് എന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും.

1064 (1889) തുലാം 24-നാണല്ലോ സംഘത്തിന്റെ പേരിൽ പുലിക്കോട്ടിൽ തിരുമേനിയും മാണിക്കത്തനാരും ചേർന്ന് വുഡ്ലാൻഡ് എസ്റ്റേറ്റ് രജിസ്റ്റർ ചെയ്യുന്നത്. അപ്പോഴേക്കും സെമിനാരികേസിന് അനുകൂലമായ വിധികൾ ഉണ്ടായി കഴിഞ്ഞിരുന്നു. 1054 (1879) കുംഭ മാസത്തിൽ 439-ാം നമ്പറായി ആലപ്പുഴ സിവിൾ കോടതിയിൽ ഫയൽ ചെയ്ത കേസിൽ 1059 (1884) മിഥുനം 16-ന് അനുകൂല വിധി ഉണ്ടായതായി ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് (പുറം 33). അതിനുശേഷം ഹൈക്കോടതിയിൽ 137-ാം നമ്പറായി ആരംഭിച്ച അപ്പീൽ കേസിന് 1061 (1886) തുലാം 29-ന് അനുകൂല വിധി ലഭിച്ചു. പിന്നീട് ഹൈക്കോർട്ടു വിധിയിന്മേൽ നവീകരണവിഭാഗം റോയൽ കോർട്ടിൽ അപ്പീൽ ചെയ്തെങ്കിലും 1064 (1889) മിഥുനം 30-ന് കീഴ്കോടതിവിധി സ്ഥിരപ്പെടുത്തിക്കൊണ്ട് അനുകൂല വിധി ലഭിച്ചു. ഇവ്വിധത്തിൽ സഭയ്ക്ക് അനുകൂലമായ വിധികൾ തുടരെ ഉണ്ടായിക്കൊണ്ടിരുന്ന കാലത്ത് കത്തോലിക്കരുമായുള്ള സഹകരണം 'ഒരു പിടിവള്ളി'യായി പുലിക്കോട്ടിൽ തിരുമേനി കണ്ടിരുന്നു എന്നുള്ള ആരോപണം തികച്ചും അടിസ്ഥാനരഹിതവും വസ്തുതകൾക്ക് നിരക്കാത്തതുമാണ്.

എന്നാൽ സെമിനാരിക്കേസ് ആലപ്പുഴ കീഴ്കോടതി മുതൽ റോയൽ കോടതി വരെ നടക്കുന്ന കാലഘട്ടത്തിൽ പുലിക്കോട്ടിൽ തിരുമേനിയും മാണി കത്തനാരും വളരെ അടുത്ത ആത്മബന്ധം പുലർത്തിയിരുന്നു എന്നുള്ളതിന് തെളിവുകളുണ്ട്. 1060 (1885) ധനു 27-ന് തിരുമേനി കോട്ടയത്തു നിന്ന് മാണികത്തനാർക്ക് എഴുതിയ കത്തിൽ ഹൈക്കോടതിയിൽ നടന്നിരുന്ന കേസിനെക്കുറിച്ച് പരാമർശമുണ്ട്. ഓർത്തഡോക്സ് വിഭാഗവും നവീകരണവിഭാഗവും തമ്മിലുള്ള തർക്കത്തിൽ മാണികത്തനാർ മധ്യസ്ഥത വഹിച്ചു എന്ന് അതിൽ സൂചനയുണ്ട്. തിരുമേനി ഇങ്ങനെ എഴുതുന്നു: "... സർവ്വശക്തനായ ദൈവത്തിന്റെ കൃപകൊണ്ട് സത്യ ജഡ്ജി ആകുന്ന അരിനായ്ക്കൻപിള്ള അവർകളെയും ഒരു ഹിന്ദു ജഡ്ജിയെയും നമ്മുടെ കേസ് വിസ്തരിക്കാൻ നിയമിച്ചിരിക്കുന്നു എന്നു കേട്ടപ്പോൾ വളരെ സന്തോഷിക്കയുണ്ടായി. നമ്മുടെ മേലും നമ്മുടെ സഭ മേലും സ്നേഹമുണ്ടെങ്കിൽ സഹായിപ്പാനുള്ള സമയം ഇപ്പോഴെന്ന് വ്യസനത്തോടെ പറയുന്നു. പാലക്കുന്നത്തുകാർ മുഖാന്തിരം പൂർവ്വിക വിശ്വാസത്തെ കളഞ്ഞ് പാവപ്പെട്ട സഭയെ വിഴുങ്ങുവാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷ് മിഷനറിമാരും ആ കൂട്ടക്കാരും നാനാപ്രകാരേണയും അവർക്കു സഹായിച്ചു വരുന്നു. താങ്കൾ ഇക്കാര്യത്തെക്കുറിച്ച് രാജിപറെക ഉണ്ടായല്ലോ. നാം ഏതെങ്കിലും വിരോധം പറഞ്ഞുവോ. അവരു മൂലമല്ലേ നടക്കാതെ പോയതു. അവരുടെ അപ്പൻ ഉണ്ടാക്കിയ മതത്തെ പ്രതി ആയിരുന്നുവെന്ന് താങ്കൾക്കു പ്രത്യക്ഷപ്പെട്ടിട്ടുണ്ടല്ലോ. നവീകരണത്തെ

ആഗ്രഹിക്കുന്നവർ നവീകരണത്തിനും പൂർവ്വീകവിശ്വാസം രക്ഷിപ്പാൻ ആഗ്രഹിക്കുന്നവർ പൂർവ്വികവിശ്വാസക്കാർക്കും സഹായിപ്പാൻ ദൈവത്താൽ കടപ്പെട്ടിട്ടുണ്ടല്ലോ. എന്തിനു നാം വളരെ പറയുന്നു. ഒക്കയും അറിഞ്ഞിട്ടുണ്ടല്ലോ. പ്രിയ സ്നേഹിതരെ, ഇപ്പോഴത്തെ നമ്മുടെ അപേക്ഷ തങ്ങളാൽ കഴിയുന്ന സഹായം നമുക്കു വേണ്ടിയും നമ്മുടെ സഭയ്ക്കു വേണ്ടിയും ചെയ്തുതരുവാനുള്ള സമയം ഇപ്പോഴാകകൊണ്ട് ആയത് ഇപ്പോൾ ചെയ്തുതരണമെന്നാകുന്നു......" (വി. സി. ജോർജ്ജ്, പുറം 398).

ആലപ്പുഴ കീഴ്കോടതിയിൽ ലഭിച്ച അനുകൂല വിധിക്കുശേഷം നവീകരണക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ച് അതിന്മേൽ വാദം തുടങ്ങുന്നതിന് മുമ്പാണ് ഈ കത്ത് എഴുതിയിരിക്കുന്നത്. ഒന്നിനു പിറകേ ഒന്നായി വന്ന കേസുകൾ തിരുമേനിയെ മാനസികമായി ഏറെ ക്ലേശിപ്പിച്ചിരുന്നു. മാണികത്തനാരുമായി ഉണ്ടായിരുന്ന സൗഹൃദം അദ്ദേഹത്തിന് ആശ്വാസപ്രദമായിരുന്നു എന്ന് കരുതണം.

1888 മെയ് 1-ന് ഡോ. ചാൾസ് ലവീഞ്ഞ് കത്തോലിക്കാ സഭയുടെ കോട്ടയം വികാരി അപ്പോസ്തോലിക്കയായി കേരളത്തിലെത്തിയതിനു ശേഷം ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് പല തിരിച്ചടികളും നേരിട്ടു തുടങ്ങി. അദ്ദേഹത്തിന് കത്തോലിക്കർ മാന്നാനത്തു നൽകിയ സ്വീകരണത്തിൽ മാണിയച്ചൻ സമർപ്പിച്ച മംഗളപത്രം ജാത്യൈക്യസംഘത്തിന്റെ ആദർശങ്ങൾ പ്രതിധ്വനിക്കുന്നതായിരുന്നു. എന്നാൽ സ്വീകരണത്തിന് നൽകിയ മറുപടി പ്രസംഗത്തിൽ ഓർത്തഡോക്സ് വിഭാഗവുമായി ചേർന്ന് രൂപീകരിക്കാൻ നിശ്ചയിച്ചിരുന്ന പാഠശാലയെക്കുറിച്ച് ബിഷപ്പ് ലവീഞ്ഞ് യാതൊന്നും പറഞ്ഞില്ല എന്നു മാത്രമല്ല കത്തോലിക്കരുടെ മാത്രം നിയന്ത്രണത്തിൽ ഉണ്ടാവണം എന്ന് മാർപാപ്പാ നിർദ്ദേശിച്ച പാഠശാലയെക്കുറിച്ച് പരാമർശിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം നടത്തിയ ഓരോ പ്രവർത്തനങ്ങളും 'ജാത്യൈക്യ' പ്രസ്ഥാനത്തെ തകർക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു എന്ന് അനുമാനിക്കാം.

കത്തോലിക്കാ സഭയുമായി ചേർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അവരുടെ പൂർവ്വേന്ത്യൻ ദലഗാദപ്പസ്തോലിക്ക അന്ത്രയാ അക്രീദാ മെത്രാപ്പോലീത്തായുമായി ചർച്ച നടത്താൻ പുലിക്കോട്ടിൽ തിരുമേനി മാണികത്തനാരോടൊപ്പം 1888 ഏപ്രിൽ മാസത്തിൽ ഊട്ടിയിൽ പോയിരുന്നു. അവിടെവച്ച് ഡോ. ലവീഞ്ഞും പുലിക്കോട്ടിൽ തിരുമേനിയും തമ്മിൽ കണ്ടിരുന്നു എന്നും ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തെന്നും മാണികത്തനാരുടെ ജീവചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം. 'പ്രസ്തുത മെത്രാന്മാർ തമ്മിൽ നടന്ന

ആലോചനയുടെ ഫലം എന്തു തന്നെ ആയിരുന്നാലും കത്തോലിക്കരും യാക്കോബായക്കാരും കൂടി യോജിച്ച് ഒരു കോളജ് നടത്തുന്ന വിഷയ ത്തിൽ ഡോക്ടർ ലവീഞ്ഞ് അനുകൂലിയല്ലെന്നു മനസ്സിലാക്കാൻ മാർ ദീവന്നാസ്യോസിനു സാധിച്ചു' എന്ന് വി. സി. ജോർജ് രേഖപ്പെടുത്തുന്നു (പുറം 433). ഒരേ സമുദായത്തിലെ തന്നെ അംഗങ്ങളായ പുത്തൻകൂറ്റു കാരും പഴയകൂറ്റുകാരും തീവ്രമായ വിശ്വാസ വൈപരീത്യം കൊണ്ടല്ല പരസ്പരം അകന്നു കഴിയുന്നതെന്നും ഇരുവിഭാഗത്തിനും യോജിച്ചു പ്രവർത്തിക്കാവുന്ന മേഖലകൾ ഉണ്ടെങ്കിൽ അവർ തമ്മിലുള്ള അകൽച്ച കുറയുമെന്നും കത്തോലിക്കാ സഭാംഗങ്ങളായ വിദ്യാർത്ഥികൾ ഇതര ക്രൈസ്തവ വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികളുമായി ഇടപഴകിയാൽ വിശ്വാസത്തിന് ഹാനി തട്ടുകയില്ലെന്നും പുലിക്കോട്ടിൽ തിരുമേനി വാദിച്ചു. എന്നാൽ ഒരു ജെസ്വീത്ത് പാഠശാലയാണ് കോട്ടയത്ത് ആവ ശ്യമെന്നും അവർ നടത്തുന്ന സ്ഥാപനങ്ങളിൽ ഇതര സഭാവിഭാഗങ്ങ ളിൽപെട്ടവർക്ക് നിയന്ത്രണത്തിന് അവകാശമില്ലെന്നും ഡോക്ടർ ലവീഞ്ഞ് ന്യായവാദം ചെയ്തു. പുലിക്കോട്ടിൽ തിരുമേനി കൂടുതൽ വിട്ടു വീഴ്ചയ്ക്ക് സന്നദ്ധനായിരുന്നു. ജെസ്വീത്തുകാർ കോളജ് ആരംഭി ക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ജാത്യൈക്യസംഘത്തിന്റെ ആഭിമുഖ്യ ത്തിൽ സ്കൂളുകൾ നടത്തുന്നതിനെ അനുകൂലിക്കണമെന്ന് തിരുമേനി അഭ്യർത്ഥിച്ചു. എന്നാൽ അതും കത്തോലിക്കാ മെത്രാന് സ്വീകാര്യമാ യിരുന്നില്ല. ഈ ചർച്ചയ്ക്കുശേഷം ജാത്യൈക്യസംഘത്തിന്റേതായി വാങ്ങിയ വസ്തുക്കൾ ഇരുവിഭാഗത്തിനുമായി ഭാഗം ചെയ്യുവാൻ 1888 ആഗസ്റ്റിൽ ആലപ്പുഴ വച്ച് തീരുമാനിച്ചു. എന്നാൽ വസ്തു വാങ്ങുവാ നായി പണം മുടക്കിയത് പുത്തൻകൂർ സുറിയാനിക്കാരായിരുന്നു. കട പത്രം മുഖേന സ്വരൂപിച്ച പണവും കടം വാങ്ങിയ പണവും തിരികെ കൊടുക്കേണ്ടിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ചില വ്യവഹാരങ്ങൾ ഉണ്ടാ വുകയും പുലിക്കോട്ടിൽ തിരുമേനി തന്നെ കടങ്ങളെല്ലാം വീട്ടുകയും ചെയ്തു എന്ന് ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തുന്നുണ്ട്.

ജാത്യൈക്യസംഘം വക വസ്തുക്കൾ ഇരുവിഭാഗക്കാർക്കുമിടയിൽ വിഭജിക്കുന്നതിന് ലവീഞ്ഞ് മെത്രാൻ മാണികത്തനാരുടെമേൽ നിരന്തരം സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. അത് സാധിക്കാതെ വന്നപ്പോൾ സമു ദായത്തിന്മേൽ അമിത നിയന്ത്രണങ്ങൾ ഉണ്ടാകുന്നവിധത്തിൽ ചില ഒത്തുതീർപ്പു വ്യവസ്ഥകൾ നിർദ്ദേശിക്കപ്പെട്ടു. വസ്തുവകകൾ ലവീഞ്ഞ് മെത്രാന്റെ പേരിൽ എഴുതിക്കൊടുക്കണമെന്ന നിർദ്ദേശവും ഉണ്ടായി. എന്നാൽ ഈ ആവശ്യങ്ങളൊന്നും പുലിക്കോട്ടിൽ തിരുമേനി അംഗീക രിച്ചില്ല. മാണികത്തനാരും ഉള്ളുകൊണ്ട് പുലിക്കോട്ടിൽ തിരുമേനിയെ അനുകൂലിച്ചു.

ഈ സംഭവത്തിനുശേഷം ഓർത്തഡോക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ തന്നെ വിദ്യാലയം സ്ഥാപിക്കുവാൻ പുലിക്കോട്ടിൽ തിരുമേനിയും സമുദായ പ്രമാണിമാരും തീരുമാനമെടുത്തു. ഇം. എം ഫിലിപ്പ് ഇങ്ങനെ എഴുതുന്നു. "പ്രാരംഭ ഉദ്ദേശം പോലെ സ്കൂൾ സ്ഥാപിച്ചു നടത്താൻ തരമില്ലെന്നു കണ്ടപ്പോൾ മെത്രാപ്പോലീത്താ ഡാറാ സായ്പിനെ കണ്ട് വിവരം അറിയിച്ചു. സായ്പ് ചെയ്തിരുന്ന വാഗ്ദത്തപ്രകാരം സ്കൂൾ കെട്ടിടം അദ്ദേഹം തന്നെ പണിയിച്ചു കൊടുക്കാമെന്ന് സമ്മതിച്ച് അതിലേക്ക് 15000 രൂപയോളം മുൻകൂർ കൊടുക്കയും സായ്പു തന്നെ ഇപ്പോൾ കാണുന്ന മാർ ദീവന്നാസ്യോസ് സെമിനാരി കെട്ടിടത്തിന്റെ മൂലക്കല്ല് 1888-ൽ സ്ഥാപിക്കയും ചെയ്തു" (പുറം 93).

സ്വന്തം ചെലവിൽ സ്കൂൾ കെട്ടിടം പണിയിക്കാമെന്നും സ്കൂളിന് ഒരു 'പോഷകധന'മായി 60,000 രൂപ സ്ഥിര നിക്ഷേപമായി നൽകാമെന്നും ഡാറാ സായ്പ് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ അദ്ദേഹം വൈകാതെ ഈജിപ്തിൽ വച്ച് മരണമടഞ്ഞതുകൊണ്ട് ഉദ്ദേശിച്ച ധനസഹായം ലഭിച്ചില്ല. അതുകൊണ്ട് പുലിക്കോട്ടിൽ തിരുമേനി ഏറെ കഷ്ടപ്പെട്ട് കടം വാങ്ങിയും പിരിവെടുത്തും ഏറെക്കാലം കൊണ്ടാണ് സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത്.

1892 ജനുവരി 30-ന് കോട്ടയം ദിവാൻ പേഷ്കാർ രാജാരാമരായരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. നസ്രാണി ജാത്യൈക്യസംഘത്തിന്റെ വകയായി ഒരു ഉന്നതപാഠശാല കോട്ടയത്ത് ഉണ്ടാകണമെന്നുള്ള പുത്തൻകൂറ്റു സുറിയാനിക്കാരുടെയും പഴയകൂറ്റു സുറിയാനിക്കാരുടെയും ആഗ്രഹം കത്തോലിക്കാ സഭാനേതൃത്വത്തിന്റെ സങ്കുചിതമായ ഇടപെടലുകൾ കൊണ്ട് സാധിതപ്രായമായില്ലെങ്കിലും പുത്തൻകൂറ്റു സുറിയാനിക്കാരുടെ നേതൃത്വത്തിൽ അവിടെ എം.ഡി. സെമിനാരി ഹൈസ്ക്കൂളും മാർ ഏലിയാ കത്തീഡ്രലും പിൽക്കാലത്തു ബസ്സേലിയോസ് കോളജും എം.ഡി. കൊമേർഷ്യൽ സെന്ററും കോട്ടയം ഭദ്രാസന കേന്ദ്രവുമൊക്കെ കാലക്രമത്തിൽ ഉണ്ടായി.

നസ്രാണി ജാത്യൈക്യസംഘം ഗർഭത്തിൽ വച്ചു തന്നെ വധിക്കപ്പെട്ട ഒരു ശിശുവായിരുന്നെങ്കിലും സഭൈക്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അതിന് സുപ്രധാനമായ ഒരു സ്ഥാനം നൽകേണ്ടതായിട്ടുണ്ട്. ലോകത്തിൽ സഭകളുടെ ഐക്യം ആഗ്രഹിക്കുന്ന സുമനസ്സുകൾക്ക് ഈ പ്രസ്ഥാനം എന്നും ഒരു മാർഗ്ഗദീപമായിരിക്കും. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കർമ്മപഥത്തിലെ തേജസ്സാർന്ന ഒരു വിളക്കായി അത് ശോഭിക്കുന്നു.

### സഹായകഗ്രന്ഥങ്ങൾ

1. മലങ്കര നസ്രാണികൾ (വാല്യം 3), ഇസഡ് എം. പാറേട്ട്, കോട്ടയം, 1967.

2. മലങ്കരസഭയുടെ രഹസ്യപേടകം, ഇ. എം. പീലിപ്പോസ്, പ്രസാധകൻ: ഇ. പി. മാത്യു ഇടവഴിക്കൽ, 1955.

3. നിധിയിരി മാണികത്തനാർ, ഷെവ. വി. സി. ജോർജ്ജ്, പെല്ലിശ്ശേരി പബ്ലിക്കേഷൻസ്, കോട്ടയം, 1994.

4. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും (ലേഖനം), ജോൺ കച്ചിറമറ്റം, കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും ക്രൈസ്തവ പാരമ്പര്യവും, മാതാ പബ്ലീഷിങ് ഹൗസ്, കുറവിലങ്ങാട്, 2009.

5. മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം, 1993.

6. നസ്രാണികേസരി അക്കര കുര്യൻ റൈറ്റർ, ഫാ. ഡോ. ജോസഫ് ചീരൻ, സി. ചെറിയാൻ, പശ്ചിമതാരക പബ്ലിക്കേഷൻസ്, കോട്ടയം 2010.

7. മലങ്കര സഭാപിതാക്കന്മാർ, ഡോ. സാമുവേൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 1990.

8. സ്നേഹയാത്രികന്റെ ആത്മരേഖ, ഡോ. സാമുവേൽ ചന്ദനപ്പള്ളി (എഡി), സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 1995.

9. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം, ഫാ. ഡോ. ജോസഫ് ചീരൻ, കോട്ടയ്ക്കൽ പബ്ലിക്കേഷൻസ്, മാങ്ങാനം, 2007.

10. കേരള പത്രപ്രവർത്തന ചരിത്രം, പുതുപ്പള്ളി രാഘവൻ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1985.

### അനുബന്ധം

## വുഡ്ലാൻഡ് പ്രോപ്പർട്ടിയുടെ തീറാധാരം

"1064-മാണ്ടു തുലാമാസം 24-ാം നു പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരുമായ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ നസ്രാണി ജാത്യൈക്യ സംഘത്തിന്റെ സ്ഥാപകന്മാരായ കോട്ടയം മണ്ടപത്തുംവാതുക്കൽ കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സെമ്മിനാരിയിൽ താമസിക്കും പള്ളി ഭരിപ്പ് ക്രിസ്തുമതം 56 വയസ്സായ

മോസ്റ്റ് റവറന്റ് മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും ഏറ്റുമാനൂർ മണ്ടപത്തുംവാതുക്കൽ ഏറ്റുമാനൂർ പ്രവൃത്തിയിൽ കുറവി ലങ്ങാട്ടു കരയിൽ കുറവിലങ്ങാട്ടു പള്ളിയിൽ താമസിക്കും 47 വയസ്സായ റവറന്റ് ഫാദർ ഇമ്മാനുവെൽ അബ്രാഹം നിധിയിരി അവർകൾക്കും കൂടെ ആലപ്പുഴ കൊമേർഷ്യൽ ഏജന്റും ഇപ്പോൾ യൂറോപ്പിലേക്കു പോയിരിക്കുന്ന ആളും ആയ മിസ്റ്റർ ഹ്യൂ ക്രാഫോർട്ട് അവർകളുടെ മുക്ത്യാർ നാമാവുകാരനായ ആലപ്പുഴ മുറിയിൽ കടപ്രത്തു പുത്തൻ ബംഗ്ലാവിൽ താമസിക്കും അമേരിക്കൻ കച്ചവടം 62 വയസ്സായ മിസ്റ്റർ ജെയിംസ് ഡാറാ എഴുതിക്കൊടുത്ത തീറാധാരമാവിത്. ടി ക്രാഫോർട്ടു അവർകളുടെവക താഴെ പട്ടികയിൽ പറയുന്ന വസ്തുക്കളും കെട്ടിട ങ്ങളും അതിലുള്ള ഈടുമാടുകൾ വൃക്ഷങ്ങൾ മുതലായ സകലവും കൂടി 3541 ബ്രിട്ടീഷ് രൂപാ 4 പൈസക്കു ടി ജാത്യൈക്യ സംഘക്കാരു വകയ്ക്കായി ടി മോസ്റ്റ് റവറന്റു മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും ടി റവറന്റു ഫാദർ ഇമ്മാനുവെൽ അബ്രാഹം നിധിയിരി അവർകൾക്കും കൂടി ടി ഹ്യൂ ക്രാഫോർട്ട് അവർകളുടെ മുക്ത്യാർ അധി കാരപ്രകാരം 1886 മാർച്ച് 24-ാം തീയതി ഞാൻ തീറുവായി വസ്തുക്കൾ ഒഴിഞ്ഞുതന്നു. ആ വകക്കു അർത്ഥം പറ്റു വിവരം 1886 മാർച്ച് 24-ാം നു തന്ന രൂപാ 500-ം നവംബർ 4-ാം തീയതി രൂപ 557-ം ടി ഡിസംബർ 16-ാം തീയതി തന്ന രൂപാ 340-ം 1887 മാർച്ച് 2-ാം തീയതി തന്ന രൂപാ 2144 പൈ 4-ം ആകെ വരവു രൂപാ 3541 പൈ 4. ടി രൂപാ 3541 പൈ 4-ം പറ്റിക്കൊണ്ടു ടി വസ്തുക്കൾ മേൽപ്രകാരം തീറുതന്ന കൈവശപ്പെ ടുത്തി തന്നിരിക്കകൊണ്ടു ടി വസ്തുക്കൾ പേരിൽ കൂട്ടി കരംതീർത്തു തീറുവാകെ അനുഭവിച്ചുകൊള്ളുന്നതിനു സമ്മതിച്ചിരിക്കുന്നു.”

(*‘യുഗതേജസ്സ്’* എന്ന ഗ്രന്ഥത്തിൽ നിന്നും)

# 1873-ലെ പരുമല പടിയോലയും ഭരണദർശനവും

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിൽ യുഗപ്രഭാവനായി ഭരണ നിർവ്വഹണം നടത്തിയ മലങ്കര മെത്രാപ്പോലീത്തായാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ. മലങ്കര മെത്രാപ്പോലീത്താ യായി 43 വർഷം ഭരിച്ച അദ്ദേഹത്തിന്റെ ഭരണനേതൃത്വം അതിശക്തമാ യിരുന്നു.[1] ഭരണ നിർവ്വഹണത്തിനായി നിരവധി സമ്പ്രദായങ്ങൾ ആവി ഷ്ക്കരിച്ചു. വിവിധങ്ങളായ വെല്ലുവിളികളെ സധൈര്യം അതിജീവിച്ചു. ചരിത്രപഠനങ്ങളുടെ പശ്ചാത്തലത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിസ് രണ്ടാമന്റെ ഭരണ നേതൃത്വപാടവം ശാസ്ത്രീയ മായി വിശകലനം ചെയ്യപ്പെടണം. ഈ പഠനത്തിൽ 1873 സെപ്റ്റംബർ 8-ന് അദ്ദേഹം വിളിച്ചുകൂട്ടിയ പരുമലപള്ളി യോഗത്തിന്റെ അഥവാ 'പരുമല പടിയോല'യുടെ അടിസ്ഥാനത്തിൽ 'ഭരണരംഗത്ത് അപൂർവ്വത' പുലർത്തിയ ആ പ്രതിഭാശാലിയെ അടുത്തറിയുകയാണ്.

### 1. മലങ്കരസഭയിലെ ഭരണക്രമങ്ങൾ

മലങ്കരസഭയിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ ഇട വകഭരണ നിർവ്വഹണത്തിന് ഏകീകൃതരൂപമോ നിയമാവലികളോ ഉണ്ടാ യിരുന്നില്ല. ഇടവകഭരണം തദ്ദേശീയ പള്ളിയോഗങ്ങളിൽ കേന്ദ്രീകൃതമാ യിരുന്നു. ഇടവകയിലെ എല്ലാ ഗൃഹനാഥന്മാരും ഉൾക്കൊള്ളുന്നതാണ് ഇടവകയോഗം. ദേശത്ത്പട്ടക്കാരുടെ നേതൃത്വമായിരുന്നു പള്ളികളെ നയി ച്ചിരുന്നത്. പള്ളിസ്വത്തുക്കളുടെ ഉടമസ്ഥാവകാശം പള്ളി യോഗങ്ങൾക്കാ യിരുന്നു. ഇടവകയോഗക്കാരിൽ നിന്നും തെരഞ്ഞെടുക്കുന്ന 'മുതൽക്കെ ട്ടുകാർ' അഥവാ കൈക്കാരന്മാരാണ് കാലാകാലങ്ങളിൽ യോഗത്തെ കണക്കു കേൾപ്പിച്ചു ഭരണം നടത്തിയിരുന്നത്'.[2] നാട്ടുരാജ്യങ്ങളിലെ പ്രാദേശികമായ നിയമങ്ങളും ചട്ടങ്ങളും പാരമ്പര്യങ്ങളും പള്ളിഭരണ ത്തിലും പ്രതിഫലിച്ചിരുന്നു. മലങ്കരസഭയെ ദീർഘകാലം നയിച്ചത് പക ലോമറ്റം തറവാട്ടിൽപ്പെട്ട അർക്കദിയാക്കോന്മാരായിരുന്നു.

'സാംസ്കാരികമായി തദ്ദേശീയവും ഭരണപരമായി സ്വയംഭരണ സ്വാതന്ത്ര്യവും ആദ്ധ്യാത്മികമായി പൗരസ്ത്യസ്വഭാവവും സാമുദായിക മായി മതസൗഹാർദ്ദവും പുലർത്തിയ പാരമ്പര്യമാണ് മലങ്കരയ്ക്കുള്ളത്.' മലങ്കരസഭയിലേയ്ക്ക് വന്നുകൊണ്ടിരുന്ന പാശ്ചാത്യ ക്രൈസ്തവ സന്ദർശകർക്കു പിന്നാലെ, പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാ

മിഷനറിമാരും പ്രവേശിച്ചു. എന്നാൽ മലങ്കരസഭയിലെ തദ്ദേശീയതയും സ്വയംഭരണ സ്വാതന്ത്ര്യവും തകർത്ത് വിദേശാധിപത്യം സൃഷ്ടിക്കുവാൻ ശ്രമിച്ചപ്പോൾ മലങ്കരസഭ അധിനിവേശ ആധിപത്യത്തിനെതിരെ നഖശിഖാന്തം പ്രതിഷേധിച്ചു. 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ അനന്തരഫലമായുണ്ടായ 1653-ലെ കൂനൻകുരിശു സത്യം മലങ്കര നസ്രാണി സമൂഹത്തിന്റെ സ്വയംഭരണ സ്വാതന്ത്ര്യം വിളിച്ചറിയിക്കുന്നതാണ്. കത്തോലിക്കാ, ആംഗ്ലിക്കൻ-നവീകരണ അധിനിവേശങ്ങളേയും മലങ്കരസഭ ശക്തമായി പ്രതിരോധിച്ചിരുന്നു. 1836 ജനുവരി 16-ലെ മാവേലിക്കര പടിയോലയും മലങ്കരസഭയുടെ ആരാധന, വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവയിൽ നിന്ന് വ്യതിചലിക്കുകയില്ലെന്ന് ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു. വിവിധങ്ങളായ അധിനിവേശങ്ങളെ അതിജീവിച്ച മലങ്കരസഭ അതിന്റെ സ്വാതന്ത്ര്യവും തദ്ദേശീയതയും, ശ്ലൈഹികവും സ്വയം ശീർഷകവുമായ പൈതൃകവും പരിരക്ഷിച്ചിരുന്നു.

ഭാരതത്തിൽ സാമുദായിക സംഘടനകൾ കേന്ദ്രീകൃതമായി രൂപപ്പെടുന്നതിനു മുമ്പേ ഭരണ സംവിധാനത്തിൽ 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പാർലമെന്റ്' എന്ന് വിശേഷിപ്പിക്കാവുന്ന 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' 1876-ൽ മുളന്തുരുത്തിയിൽ രൂപീകൃതമായി. മലങ്കരസഭയിലെ തെരഞ്ഞെടുക്കപ്പെട്ട പള്ളി പ്രതിപുരുഷന്മാരുടെ യോഗമാണിത്.[3]

മലങ്കരസഭയിലെ ഭരണക്രമങ്ങൾക്ക് രൂപരേഖ പകരുന്ന വിവിധങ്ങളായ സമ്മേളനങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദയംപേരൂർ സുന്നഹദോസ് (1599), ഇടപ്പള്ളി യോഗം (1653), ആലങ്ങാട്ട് യോഗം (1653), ആർത്താറ്റ് പടിയോല (1806), കണ്ടനാട് പടിയോല (1809), മാവേലിക്കര പടിയോല (1836), കോട്ടയം പഴയസെമിനാരി ചട്ടവര്യോല (1853), പരുമല പടിയോല (1873), കോട്ടയം ചെറിയപള്ളിയോഗം (1876), മുളന്തുരുത്തി സുന്നഹദോസ് (1876), വെളിയനാട് സുന്നഹദോസ് (1877) എന്നിവ മലങ്കരസഭയിലെ ഭരണക്രമവും നടപടികളും പാരമ്പര്യങ്ങളും അടയാളപ്പെടുത്തുന്ന സമ്മേളനങ്ങളാണ്. ഈ സമ്മേളനങ്ങളെ 'സുന്നഹദോസുകൾ' എന്നു വിളിക്കാം. 1876-ലെ മുളന്തുരുത്തി സുന്നഹദോസിലെ നിശ്ചയങ്ങൾ പലതും വിവിധ യോഗങ്ങളിൽ ചർച്ച ചെയ്തു രൂപപ്പെട്ടവയാണ്.

മലങ്കരസഭയിൽ വിവിധ സ്ഥലങ്ങളിൽ പല കാലഘട്ടങ്ങളിലായി നടന്ന സുന്നഹദോസുകളും പടിയോലകളും സമ്മേളനങ്ങളും പരിശോധിച്ചാൽ മലങ്കരസഭയുടെ ഉൾഭരണ സ്വാതന്ത്ര്യവും തനിമയും പരിരക്ഷിക്കാനായി മലങ്കര നസ്രാണിസമൂഹം കഠിനമായി അദ്ധ്വാനിച്ചിട്ടുണ്ടെന്ന് വ്യക്തമാകും. അധിനിവേശ സഭാനേതൃത്വത്തിന്റെ വിവിധങ്ങളായ

താല്പര്യങ്ങളാണ് മലങ്കരസഭയെ വ്യവഹാരത്തിലേക്കും വിഭജനത്തിലേക്കും എത്തിച്ചത്. ഇതിനെതിരെയുള്ള മുന്നണിപ്പോരാളിയായിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ. മലങ്കരസഭയുടെ സമഗ്രമായ വികസനത്തിനുള്ള ആകമാന സഭാദർശനമാണ് ഭരണകാര്യങ്ങളിൽ അദ്ദേഹം നിലനിർത്തിയത്.

മലങ്കരസഭയുടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസ്ഥയും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ സഭാഭരണ ദർശനങ്ങളും സമഗ്രമായി വിലയിരുത്തണമെങ്കിൽ 'നിരണം ഗ്രന്ഥവരി'യും (1824-1829), ശെമവൂൻ മാർ ദീവന്നാസിയോസിന്റെ (1823-1886) 'കണ്ടനാട് ഗ്രന്ഥവരി'യും (1850-1880), ഇടവഴിക്കൽ ഫീലിപ്പോസ് അച്ചന്റെ 'സഭാ പഞ്ചാംഗവും' (1872), കാരുചിറ ഗീവർഗ്ഗീസ് റമ്പാന്റെ 'സഭാപഞ്ചാംഗങ്ങളും' (1907, 1908) പഠനവിധേയമാക്കണം. സഭാചരിത്രത്തിൽ ഇവയുടെ സ്ഥാനം അദ്വിതീയമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പുത്തൻ അറിവുകളും വിവരണങ്ങളും വിശകലനങ്ങളും ഉൾക്കൊള്ളിച്ച് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനെ പഠിച്ചാൽ മാത്രമേ അദ്ദേഹത്തിന്റെ സമഗ്രമായ 'ജീവിത ദർശനവും സംഭാവനകളും' ഉൾക്കൊള്ളുവാൻ കഴിയൂ.

## 2. പരുമല പടിയോല

മലങ്കരസഭയിൽ ആവിർഭവിച്ച വിവിധങ്ങളായ വ്യവഹാരങ്ങളെ ധീരമായി അഭിമുഖീകരിച്ച കർമ്മയോഗിയാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ (1865-1909) മലങ്കരസഭാചരിത്രം അത്യന്തം സങ്കീർണ്ണമായിരുന്നു.[4] മലങ്കരസഭയിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിലുള്ള നവീകരണ വിഭാഗവുമായുള്ള തർക്കവും ഭിന്നതകളും വളർന്നതും പത്തുവർഷത്തോളം കോടതി വ്യവഹാരങ്ങൾ ശക്തിപ്പെട്ടതും ഇക്കാലത്താണ്.

പാശ്ചാത്യ നവീകരണവാദങ്ങളെ താത്വികമായി സഭ നേരിടുവാൻ ശ്രമിച്ചതിന്റെ ഫലമായി ആരംഭിച്ച 'സെമിനാരി കേസ്', വട്ടിപ്പണക്കേസ്, കോട്ടയം ചെറിയപള്ളി കേസ്, ആർത്താറ്റ്പള്ളി കേസ് തുടങ്ങിയവയിൽ മലങ്കരസഭയ്ക്ക് അനുകൂലമായ വിധി സമ്പാദിക്കുവാൻ കഴിഞ്ഞു. 1889 ജൂലൈ 12-ന് റോയൽ കോടതി വിധി ഉണ്ടായതോടെ നവീകരണവിഭാഗം 'മാർത്തോമ്മാ സഭ' എന്ന പേരിൽ വേർപിരിയുകയും നവീകരണ വിഭാഗ വശം ഉണ്ടായിരുന്ന സഭാസ്ഥാപനങ്ങളും സ്വത്തുക്കളും തിരികെ ലഭിക്കുകയും ചെയ്തു. ഇതോടെ മലങ്കരസഭ 'യാക്കോബായ സഭ' എന്ന് അറിയപ്പെടുകയും അന്ത്യോഖ്യൻ പാരമ്പര്യങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളുവാൻ തുടങ്ങുകയും ചെയ്തു. 'വ്യവഹാര' യുഗത്തിലൂടെ

ദീർഘനാൾ മലങ്കരസഭയെ നയിക്കുവാൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് രണ്ടാമൻ അശ്രാന്തം പരിശ്രമം നടത്തിയിട്ടുണ്ട്.

പഴയസെമിനാരി വ്യവഹാരത്തിൽപ്പെട്ടപ്പോൾ വൈദിക പരിശീലനത്തിനായി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ 1872-ൽ പരുമലയിൽ ആരംഭിച്ച വൈദിക സെമിനാരിയാണ് ഇന്ന് 'പരുമല സെമിനാരി' എന്ന് അറിയപ്പെടുന്നത്.[5] നവീകരണത്തെ പ്രതിരോധിക്കുന്നതിന് വിവിധങ്ങളായ സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുന്നതിനായി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കരയിലെ പള്ളി പ്രതിപുരുഷന്മാരുടെ യോഗം 1873 സെപ്റ്റംബർ 8-ന് പരുമലയിൽ വിളിച്ചുകൂട്ടി.[6] അദ്ദേഹം 1873 ആഗസ്റ്റിൽ പള്ളികൾക്ക് അയച്ച കല്പനയിൽ നിന്നും: '.... ഈ മാസം 27-ന് നിരണത്തിനു സമീപം പരുമല ഇപ്പോൾ നാം പണിയിക്കുന്ന സെമിനാരി സ്ഥലത്ത് എല്ലാ പള്ളിക്കാരേയും കൂട്ടി ആലോചന കഴിക്കണമെന്ന് ദൈവത്തിൽ നാം ഇച്ഛിക്കുന്നതാകകൊണ്ട് ഒട്ടും ഉപേക്ഷകൂടാതെ പൊതുഗുണരക്ഷയ്ക്കായിട്ട് നാം നിശ്ചയിച്ചിരിക്കുന്ന ആലോചനാസംഘത്തിന് നിങ്ങൾ യോഗമായി വന്നെത്തുവാൻ നമ്മുടെ ആശാബന്ധമാകുന്ന ഈശോമിശിഹാ മൂലം വളരെ വ്യസനത്തോടുകൂടി നാം അപേക്ഷിക്കുന്നു."[7]

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യാഥാർത്ഥ്യമാകുന്നത് ഈ സമ്മേളനത്തോടു കൂടിയാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് സമ്മേളനത്തിൽ അവതരിപ്പിച്ച ഇരുപത്തിയേഴ് വിഷയങ്ങൾ 'പരുമല യോഗം' ചർച്ച ചെയ്തു തീരുമാനം എടുത്തു. ആ നിശ്ചയങ്ങളാണ് 1873-ലെ പരുമല പടിയോല എന്നറിയപ്പെടുന്നത്. 'പടിയോല' എന്നതിന് 'ചട്ടം നിശ്ചയിക്കപ്പെടുന്ന ഓല' എന്നർത്ഥം. പരുമല പള്ളിയോഗം, പരുമല പള്ളിപ്രതിപുരുഷ യോഗം, പരുമല അസോസിയേഷൻ എന്നീ പേരുകളിലും ചരിത്രത്തിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

'മലയാളത്തുള്ള സഭയിലെ ഭിന്നതകൾ തീരുവാനും ഐക്യം ഉണ്ടാകുവാനും വിദ്യാഭ്യാസ വർദ്ധനയ്ക്കും, മെത്രാന്മാർ തമ്മിലുള്ള ഭിന്നത തീർക്കുവാനും.... സഭയുടെ പൊതുവായ ശുദ്ധീകരണത്തിനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ മലങ്കരപള്ളിയോഗം വിളിച്ചു ചേർത്തു'. മലങ്കര സഭയിലെ പള്ളികൾക്ക് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ അയച്ച കല്പനയിൽ സഭയുടെ യഥാർത്ഥ അവസ്ഥ ചിത്രീകരിക്കുന്നുണ്ട്:

'.... നമ്മുടെ സഭ ഇക്കാലത്തിൽ ഇടയൻ ഇല്ലാത്ത ആടുകൾ എന്നപോലെയും നാഥനില്ലാത്ത പ്രജകൾ എന്നപോലെയും ചിന്നിച്ചിതറി

തന്നിഷ്ടക്കാരായി നശിക്കുന്നതിൽ എത്ര സങ്കടപ്പെടുവാനുള്ളതാകുന്നു. അയ്യോ! പ്രിയന്മാരേ, എന്തു നാം പറയേണ്ടു? നമ്മുടെ പള്ളികളിലും നടപടികളിലും കർമ്മാചാരങ്ങളിലും ഉണ്ടായിരുന്ന ക്രമങ്ങളും ചട്ടങ്ങളും വരുതികളും ഈ കാലത്തിൽ ഇല്ലാതെ തീർന്നിരിക്കുന്നു. ... പള്ളിവക മുതൽകാര്യങ്ങൾ മിക്കവാറും നശിച്ചിരിക്കുന്നു. മക്കൾക്കുള്ള അവകാശം അന്യന്മാർക്ക് എന്നപോലെ ആക്കിത്തീർത്തിരിക്കുന്നു. വേദസംബന്ധ മായ കാര്യങ്ങൾ കഴിക്കുന്നതിന് എല്ലാവരും പരാശ്രയം കൂടിയേ മതി യാകൂ എന്ന് വന്നിരിക്കുന്നു. ... കലഹമില്ലാത്ത പള്ളികളില്ല. തർക്കമി ല്ലാത്ത കർമ്മങ്ങളുമില്ല. അയ്യോ! ഈ വിധമുള്ള നാശങ്ങളൊക്കെയും നമ്മുടെ സഭയിൽ സംഭവിച്ചിരിക്കുന്നതിനാൽ എത്ര നമ്മൾ പരിതപിക്ക പ്പെടേണ്ടതാകുന്നു."[8]

മലങ്കരയിൽ 1846-ൽ എത്തിയ യൂയാക്കീം മാർ കൂറിലോസാണ് സമ്മേ ളനത്തിൽ അദ്ധ്യക്ഷത വഹിച്ചത്. എന്നാൽ ഇതിന്റെ പ്രധാന സംഘാട കനും വിഷയാവതാരകനും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാ സ്യോസ് രണ്ടാമൻ ആയിരുന്നു. 'സുറിയാനി സമൂഹത്തിന്റെ ക്ഷേമാഭി വൃദ്ധികൾ സ്ഥിരങ്ങളായിരിക്കേണ്ടതിനും ഉത്തമമായുള്ള മാർഗ്ഗങ്ങൾ ഇന്നവ എന്ന് ആലോചിച്ച് വേണ്ടുന്ന നിശ്ചയങ്ങൾ ഉറപ്പിക്കുന്നതിനായി ട്ടാണ് പരുമലയോഗം വിളിച്ചു കൂട്ടിയത്.[9] മലങ്കര മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം വടക്കും തെക്കുമുള്ള പള്ളികളിൽ നിന്നും പ്രതിനിധി കൾ പങ്കെടുത്തു. ഈ യോഗത്തിൽ 27 പടിയോലകൾക്ക് രൂപം നൽകി അവ പാസ്സാക്കി.

മലങ്കരയിൽ നവീനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതി നുള്ള കർമ്മരേഖയാണ് പരുമല പടിയോലയിൽ ഉൾക്കൊള്ളിച്ചിരിക്കു ന്നത്. പരുമലയോഗ നിശ്ചയപ്രകാരം 1873 സെപ്റ്റംബർ 9-ന് അസോസി യേഷൻ കൂടി കമ്മിറ്റിയെ തെരഞ്ഞെടുത്തു. സെക്രട്ടറിയായി കുന്നുംപു റത്ത് കോര കുര്യനും, സുറിയാനി സഭാ സെക്രട്ടറി സ്ഥാനത്തേയ്ക്ക് ഇടവഴിക്കൽ ഫീലിപ്പോസ് കോർഎപ്പിസ്കോപ്പായേയും തെരഞ്ഞെ ടുത്തതായി *കണ്ടനാട് ഗ്രന്ഥവരി* സാക്ഷിക്കുന്നു. 1873-ൽ പരുമല സെമിനാരിയിൽ നടന്ന മലങ്കര പള്ളിയോഗത്തിൽ അഥവാ പരുമല പടി യോലയിൽ മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും രൂപീ കരിച്ചതിന്റെ വിശദവിവരണങ്ങൾ കണ്ടനാട് ഗ്രന്ഥവരി വെളിപ്പെടു ത്തുന്നു.[10]

### 3. നവോത്ഥാന ദർശനങ്ങൾ

മലങ്കരസഭാ പിതാക്കന്മാരിൽ നവോത്ഥാന നായകരിൽ അഗ്രഗ ണ്യനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ

ജീവിത ദർശനങ്ങളും സംഭാവനകളും വിലയിരുത്തുവാൻ ചരിത്രഗ്രന്ഥങ്ങൾക്കു പുറമേ സസൂക്ഷ്മം പഠനവിധേയമാക്കേണ്ട രണ്ട് രേഖകളാണ്, 'കണ്ടനാട് ഗ്രന്ഥവരിയും' അതിൽ പ്രത്യേകം വിവരിക്കുന്ന 'പരുമല പടിയോലയും.' ഇവയുടെ അടിസ്ഥാനത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെ മലങ്കരസഭാ ഭരണരംഗത്തെ നവോത്ഥാന ദർശനങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുകയാണ്.

### 3.1. മലങ്കരസഭാ ഭരണത്തിന് ജനാധിപത്യസ്വഭാവം

മലങ്കരസഭാചരിത്രത്തിൽ ഇടവകയോഗങ്ങൾ അഥവാ പള്ളികൾ ഭരണപരമായി സ്വതന്ത്ര സമൂഹങ്ങളായിരുന്നു. എന്നാൽ 'മലങ്കര ഇടവകയിൽ നിന്നും വിട്ടുപോകുവാനോ, ജാതിക്കുതലവൻ എന്ന നിലയിലുള്ള അർക്കദിയാക്കോന്റെ അധികാരത്തെ ചോദ്യം ചെയ്യുവാനോ ആർക്കും അവകാശമില്ലായിരുന്നു. അതുപോലെതന്നെ അർക്കദിയാക്കോന് ഇടവകയുടെ ഉൾഭരണത്തിൽ കൈകടത്താനും അവകാശമില്ലായിരുന്നു.[11] 1653-ൽ തോമ്മാ അർക്കദിയാക്കോൻ മെത്രാൻ സ്ഥാനം പ്രാപിച്ചതോടുകൂടി മലങ്കരയുടെ ലൗകിക-ആന്തരിക ഭരണം മലങ്കര മെത്രാനിൽ ഒന്നുചേർന്നു.[12] മലങ്കര ഇടവകയും ഇടവക പള്ളികളും മാത്രമടങ്ങുന്ന ദ്വിതല ഭരണസമ്പ്രദായത്തിൽ പിന്നീട് ചേർക്കപ്പെട്ടതാണ് ഭദ്രാസന ഇടവക.[13] ഇതിന്റെ പ്രാരംഭത്തെക്കുറിച്ച് പരുമല പടിയോലയിൽ ഉണ്ട്.

'മലങ്കര മെത്രാന്മാരുടെ ഏകനായകത്വത്തിന് എതിരായി മലങ്കരസഭയുടെ മതസംബന്ധവും സമൂഹ സംബന്ധവുമായ എല്ലാ കാര്യങ്ങൾ മേലും അധികാരമുള്ള മെത്രാന്മാരും, പട്ടക്കാരും ജനങ്ങളും ചേർന്ന് അസോസിയേഷൻ ഉണ്ടാകണം' (കാനോൻ നമ്പർ 2).

മലങ്കരസഭയിൽ മലങ്കര മെത്രാപ്പോലീത്തന്മാരുടെ ആധിപത്യസ്വഭാവമുള്ള കേന്ദ്രീകൃതഭരണമായ 'ഏകനായകത്വം' തിരുത്തപ്പെടണമെന്ന് പ്രഖ്യാപിക്കുന്നു. ജനാധിപത്യസ്വഭാവം ഉൾക്കൊള്ളുന്ന പങ്കാളിത്വത്തിന്റെയും കൂട്ടാളിത്വത്തിന്റെയും ജനകീയഭാവം ഭരണകാര്യങ്ങളിൽ ഉണ്ടാകണമെന്ന് പരുമല പടിയോല നിഷ്ക്കർഷിക്കുന്നു.

മലങ്കരസഭയുടെ ഭരണസംവിധാനത്തിൽ മലങ്കര അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി, മലങ്കര മെത്രാപ്പോലീത്ത, വൈദികട്രസ്റ്റി, അത്മായ ട്രസ്റ്റി, അസോസിയേഷൻ സെക്രട്ടറി തുടങ്ങിയ പദവികൾക്ക് പ്രാരംഭമിട്ടത് 1873-ലെ പരുമല യോഗത്തിലാണ്.

'അസോസിയേഷനിൽ ഓരോ പള്ളിയും ഓരോ മെമ്പറായി ചേരണം. വികാരി ഇടവകയെ പ്രതിനിധീകരിക്കണം' (കാനോൻ, 3). 'അവരിൽ നിന്ന് 4 പട്ടക്കാരും 8 അയ്മേനികളും ചേർന്ന ഒരു കമ്മിറ്റിയെ തിരഞ്ഞെടു

ക്കണം (കാനോൻ 5). കമ്മിറ്റിക്ക് സെക്രട്ടറിയും മുതൽപിടിയും ഉണ്ടായിരിക്കണം (കാനോൻ 6). പള്ളികളുടെ സ്ഥാവരജംഗമ വസ്തുക്കളുടെ ലിസ്റ്റ് വികാരിയും കൈക്കാരനും ചേർന്ന് നൽകണം. പള്ളിയുടെ പ്രതിവർഷ കണക്കും തിരട്ടും നൽകണം (കാനോൻ 12). മലങ്കര മെത്രാപ്പോലീത്താ ജീവിച്ചിരിക്കുമ്പോൾ തന്നെ പിൻഗാമിയെ തെരഞ്ഞെടുക്കണം. അസോസിയേഷൻ അംഗീകരിക്കാത്ത മെത്രാന്മാർക്ക് ഭരണാധികാരം ഇല്ല (കാനോൻ 16).

പരുമല പടിയോലയിലെ 'കാനോനുകളിൽ' ഇവയുടെ വിശദമായ വിവരണങ്ങളുണ്ട്.[14] സഭയുടെ കേന്ദ്രീകൃതമായ ഭരണസംവിധാനത്തിൽ മെത്രാൻ-വൈദിക-അത്മായ പ്രാതിനിധ്യവും ബന്ധവും ജനാധിപത്യ സ്വഭാവവും വിശദീകരിക്കുന്ന ഭരണദർശനമാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് പ്രഖ്യാപിക്കുന്നത്.

## 3.2. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് മിഷനറിമാർ സമഗ്രമായ പരിവർത്തനം സൃഷ്ടിച്ചു. സവർണ്ണ ഹൈന്ദവ പുരുഷന്മാരിൽ മാത്രം നിഷിപ്തമായിരുന്ന വിദ്യാഭ്യാസത്തെ ജനകീയമാക്കിയത് മിഷനറിമാരാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം സമഗ്രമായ സാംസ്കാരിക അഭിവൃദ്ധിയും പുരോഗമന കാഴ്ചപ്പാടും സൃഷ്ടിച്ചു. ഈ മാറ്റം തിരിച്ചറിഞ്ഞ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസും സ്വന്തം സഭയും വിദ്യാഭ്യാസ രംഗത്തേക്ക് എത്തണമെന്ന് ആഗ്രഹിച്ചു.

സാമൂഹിക നവോത്ഥാനത്തിനും സാന്മാർഗ്ഗിക പുരോഗതിക്കും സുവിശേഷ പ്രചാരണത്തിനും ഇംഗ്ലീഷ് വിദ്യാഭ്യാസം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞു. ഇക്കാര്യം പരുമല പടിയോലയിൽ വ്യക്തമാക്കുന്നു: 'സ്കൂളുകൾ ആരംഭിക്കുക...., ഇംഗ്ലീഷ്, സുറിയാനി, മലയാളം എന്നിവ പഠിപ്പിക്കുവാൻ വിദഗ്ധരെ നിയമിക്കുക. ഈ കാര്യങ്ങൾക്ക് ഫണ്ടുണ്ടാക്കുക എന്നിവയ്ക്ക് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും' (കാനോൻ 9). എല്ലാ ഇടവകകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്കൂളുകൾ സ്ഥാപിക്കണം (കാനോൻ 10). സ്കൂളുകൾ ആരംഭിക്കുന്നതിനായി മതിയായ ഈടുവാങ്ങുവാൻ കമ്മിറ്റിക്ക് അധികാരം നൽകുന്നു (കാനോൻ 11).

എല്ലാ പള്ളികളിലും കാലക്രമം കൊണ്ട് സ്കൂളുകൾ ആരംഭിക്കണമെന്ന നിർദ്ദേശമാണ് പടിയോലയിൽ ഉള്ളത്. വൈദികസെമിനാരിയും ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്. കുന്നംകുളം, കോട്ടയം, പരുമല എന്നിവിടങ്ങളിൽ സെമിനാരി

കൾ അദ്ദേഹം നടത്തിയിരുന്നു. കുന്നംകുളത്തും കോട്ടയത്തും തിരുവല്ലയിലും ഇംഗ്ലീഷ് വിദ്യാലയങ്ങൾ ആരംഭിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ കാലത്ത് ഇരുനൂറ്റി അമ്പതിലേറെ പ്രാഥമിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായിരുന്നതായി ഫാ. ഡോ. ജോസഫ് ചീരൻ പറയുന്നു.[15] 1907-ൽ കാരുചിറ ഗീവറുഗീസ് റമ്പാൻ പ്രസിദ്ധപ്പെടുത്തിയ സഭാപഞ്ചാംഗ പ്രകാരം മലങ്കരസഭയിൽ മൂന്ന് ഇംഗ്ലീഷ് ഹൈസ്കൂളും ഒൻപതു ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും, 200 പ്രൈമറി സ്കൂളും രണ്ട് പെൺപള്ളിക്കൂടങ്ങളും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടും ഉണ്ട്.

വിദ്യാഭ്യാസരംഗത്ത് അദ്ദേഹം പ്രാരംഭം കുറിച്ച പാതകൾ ഫലപ്രദമായി തെളിയിക്കുവാൻ സഭയ്ക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസരംഗത്ത് നവീനമായ ദർശനങ്ങളും കാൽപ്പാടുകളും സ്ഥാപിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

### 3.3. ഫലപ്രദമായ മാധ്യമ സംവേദനം

മലങ്കരസഭയിൽ ആദ്യമായി അച്ചടി, പ്രസിദ്ധീകരണം, തർജ്ജമ, പത്രപ്രവർത്തനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അസാധാരണ പ്രതിഭയാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ. സഭാപരമായി വിശ്വാസികളെ പ്രബുദ്ധമാക്കുന്നതിനും സാമൂഹിക നവോത്ഥാന പ്രവർത്തനത്തിനുമായി അച്ചടിയും പത്രപ്രവർത്തനവും ലക്ഷ്യമിട്ടു. പുസ്തകങ്ങൾ അച്ചടിപ്പിക്കുക (കാനോൻ 9), കാനോനുകൾ, ചിത്രങ്ങൾ, മതഗ്രന്ഥങ്ങൾ എന്നിവ എഴുതിയും പരിഭാഷപ്പെടുത്തിയും പ്രസിദ്ധീകരിക്കണം (കാനോൻ 15), അസോസിയേഷന്റെ പ്രതിവർഷ റിപ്പോർട്ട് അച്ചടിച്ചു പ്രസിദ്ധീകരിക്കണം (കാനോൻ 19), നിയമാവലി ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിക്കണം (കാനോൻ 24) എന്നിങ്ങനെ ഫലപ്രദമായ സംവേദനത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് പരുമല പടിയോലയിൽ വ്യക്തതയുണ്ട്. ദൈവവചനം പ്രസംഗിപ്പാൻ പ്രാപ്തിയുള്ള പട്ടക്കാരും പ്രമാണികളും ഉണ്ടാകണം (കാനോൻ 14). മലങ്കരസഭയിൽ സുവിശേഷ പ്രസംഗങ്ങളുടെ പ്രാരംഭവും 1875 കാലഘട്ടം മുതലാണ്.

അച്ചടി, പത്രപ്രവർത്തനം തുടങ്ങിയ മാധ്യമപ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലയാളം, സുറിയാനി, ഇംഗ്ലീഷ് ഭാഷകളിൽ അച്ചടി സൗകര്യമുള്ള പ്രസ്സുകൾ സ്ഥാപിച്ചു. കൊച്ചിയിൽ 1870-ൽ സെന്റ് തോമസ് അച്ചുകൂടം സ്ഥാപിച്ചു. പിന്നീട് പരുമല, കോട്ടയം എന്നിവിടങ്ങളിലേക്ക് പ്രസ്സ് മാറ്റി സ്ഥാപിച്ചു. ഇതിൽ നിന്നു കേരളപതാക (1870), ഇടവക പത്രിക (1892), സുറിയാനി സുവിശേഷകൻ (1907) എന്നീ

പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കി. സൺഡേ സ്കൂൾ, മിഷൻ എന്നിവയുടെ പ്രവർത്തനത്തിനുള്ള പ്രചോദനമായിരുന്നു ഇവയുടെ ലക്ഷ്യം.

ആരാധനക്രമങ്ങൾ സുറിയാനി കൈയെഴുത്തുപ്രതികളിൽ മാത്രം നിലനിന്നിരുന്നത് മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തി പ്രസിദ്ധീകരിച്ചു. മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണമായ 'ഒരു പരദേശ യാത്രയുടെ കഥ' 1864-ൽ രചിച്ചു.[16] ഭാഷയും സാഹിത്യവും ഫലപ്രദമായി വിവിധ മാധ്യമങ്ങളിലായി അവതരിപ്പിക്കുവാനുള്ള പ്രാവീണ്യം അദ്ദേഹത്തിനുണ്ടായിരുന്നു. മാധ്യമങ്ങളുടെ പ്രാധാന്യവും സംയോജനവും ക്രിയാത്മകമാക്കുവാൻ അദ്ദേഹം പ്രകടിപ്പിച്ച ക്രാന്തദർശിത്വം എത്രയോ ഉദാത്തമായിരുന്നു. മലയാള മനോരമയും (1890) ഭാഷാപോഷിണിയും (1892) ആരംഭിക്കുന്നതിൽ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസും ഒരുമിച്ചു പ്രവർത്തിക്കുകയും മനോരമ കമ്പനിയിൽ മെത്രാപ്പോലീത്താ ഓഹരികൾ എടുക്കുകയും സ്വന്തം സ്ഥലത്ത് പത്രം നടത്തുവാൻ അനുവദിക്കുകയും ചെയ്തു. ഇക്കാര്യം ഇ. എം. ഫിലിപ്പ് ആത്മകഥയിൽ എഴുതുന്നു:[17]

'മലയാള മനോരമ പത്രത്തിന്റെ ഓഫീസ് ഏതാനും കാലത്തേക്കു വുഡ്‌ലാന്റ് ബംഗ്ലാവിൽ നടത്തി. വർഗീസ് മാപ്പിളയുടെ താമസവും ആ ബംഗ്ലാവിലായിരുന്നു. പിന്നീടാണ് വുഡ്‌ലാന്റ് തോപ്പിന്റെ വെറൊരു ഭാഗത്ത് ഇന്നു കാണുന്ന മലയാള മനോരമ ഓഫീസ് കിടക്കുന്ന സ്ഥലത്ത് കെട്ടിടം ഉണ്ടാക്കി പ്രസ്സും ഓഫീസും അവിടെയാക്കിയത്. ...' ഇരുവർക്കും ഉണ്ടായിരുന്ന പത്രപ്രവർത്തന കമ്പം സമുദായത്തിന് സർവ്വവിധ നന്മയ്ക്കും ഇടയാക്കിയിട്ടുണ്ടെന്ന് ഇ. എം. ഫിലിപ്പ് വ്യക്തമാക്കുന്നു.

### 3.4. മിഷനറി പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും

പാരമ്പര്യമൂല്യങ്ങളും സംസ്കാരങ്ങളും തനിമയും ഉയിർത്തിപ്പിടിക്കുന്ന മലങ്കരസഭ മിഷനറി പ്രവർത്തനങ്ങൾക്കും വിവിധങ്ങളായ പ്രസ്ഥാനങ്ങൾക്കും നേതൃത്വം നൽകണമെന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ ആഗ്രഹിച്ചിരുന്നു.

'ഇടവകതോറും രജിസ്റ്റർ സൂക്ഷിക്കണം, അവയുടെ കോപ്പി കമ്മിറ്റിക്ക് നൽകണം (കാനോൻ 13), സുവിശേഷ പ്രചാരണത്തിന് മിഷനറിമാരെയും ഉപദേശിമാരെയും നിയമിക്കണം. അവർക്ക് ശമ്പളം നൽകാൻ ഫണ്ട് ഉണ്ടാക്കണം (കാനോൻ 14) തുടങ്ങിയ പരുമല പടിയോല നിർദ്ദേശങ്ങൾ ഇടവക ബന്ധത്തിന്റെയും മിഷൻ പ്രവർത്തനത്തിന്റെയും ആഴം വ്യക്തമാക്കുന്നു.

മിഷൻ പ്രവർത്തനങ്ങൾ സഭയ്ക്കുള്ളിലും പുറത്തുമായി വിഭാവനം

ചെയ്യുന്നു. സഭയ്ക്കുള്ളിൽ സൺഡേസ്കൂൾ (1890), വിദ്യാർത്ഥി പ്രസ്ഥാനം (1908), വൈദികസംഘം (1900), മലങ്കര മഹാജനസഭ (1897), സഭാ അഭിവർദ്ധിനീ സംഘം എന്നിവ ആരംഭിച്ചു. അഭ്യസ്തവിദ്യരായവരുടെ ചിന്തകളും ദർശനങ്ങളും മലങ്കരസഭയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള സംഘങ്ങളായിരുന്നു മലങ്കര മഹാജനസഭയും, സഭാ അഭിവർദ്ധിനീ സംഘവും.

മിഷനറി ദർശനം ഉൾക്കൊണ്ട അദ്ദേഹം വിവിധ പ്രായക്കാർക്കായി വിവിധതരത്തിലുള്ള പ്രസ്ഥാനങ്ങൾക്ക് തുടക്കമിട്ടു. മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ നിരവധി പള്ളികൾ സ്ഥാപിച്ചു. പള്ളികളുടെ അറ്റകുറ്റപ്പണി നടത്തണമെന്നും പുതിയ പള്ളി സ്ഥാപിക്കണമെന്നും പരുമല പടിയോലയിൽ വ്യവസ്ഥ ചെയ്തു (കാനോൻ 11). വെട്ടിക്കൽ, ചിങ്ങവനം, പരുമല, കുന്നംകുളം, കൊട്ടാരക്കര, തഴക്കര എന്നിവിടങ്ങളിൽ പൊതു സ്ഥാപനങ്ങൾ ആരംഭിച്ചു. തിരുമേനിക്കു തന്റെ സ്വപ്നം പോലെ സഭയെ മിഷനറി യുഗത്തിലേക്കു തിരിച്ചുവിടാൻ കഴിഞ്ഞിരുന്നില്ല. ആ ദുഃഖത്തിന്റെ ധ്വനി സ്വകാര്യ കൽപ്പനകളിൽ കേൾക്കാമായിരുന്നുവെന്ന് ഡോ. സാമുവേൽ ചന്ദനപ്പള്ളി വ്യക്തമാക്കുന്നുണ്ട്.[18]

### 3.5. അനുരഞ്ജനവും സമാധാനവും

മലങ്കരസഭയിൽ ദീർഘനാളായുള്ള കോടതി വ്യവഹാരങ്ങളും തർക്കങ്ങളും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാർ ദീവന്നാസിയോസ് രണ്ടാമൻ പരുമല പടിയോലയും അതിനു ശേഷമുള്ള മുളന്തുരുത്തി സുന്നഹദോസും നടപ്പാക്കിയത്.

പരുമല പടിയോലയിൽ പരുമല സമ്മേളനത്തിന്റെ ആവശ്യകത അക്കമിട്ടു പറയുന്നുണ്ട്: 1. 'മെത്രാന്മാർ തമ്മിലുള്ള വഴക്കുകൾക്ക് നിവൃത്തി ഉണ്ടാകണം. 2. മേലിൽ സഭയ്ക്കു ദോഷം ഉണ്ടാകാതിരിക്കുവാനായി മെത്രാന്റെ ഏകനായകത്വം അവസാനിപ്പിക്കണം. 3. സുറിയാനി സമൂഹത്തിന്റെ ക്ഷേമാഭിവൃദ്ധികൾ സ്ഥിരങ്ങളായിരിക്കേണ്ടതിന് ഉത്തമ മാർഗ്ഗങ്ങൾ ആലോചിച്ച് വേണ്ടുന്ന നിശ്ചയങ്ങൾ ഉറപ്പിക്കുക.'[19]

മെത്രാൻ വൈദിക-അത്മായ ബന്ധത്തിനുണ്ടായ താളപ്പിഴ പരിഹരിച്ച് ക്രിസ്തീയമായ സൗഹൃദത്തിലും അനുരഞ്ജനത്തിലും സമാധാനത്തിലും വസിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഇത് സുറിയാനി സമൂഹത്തിന്റെ ക്ഷേമാഭിവൃദ്ധികൾ സ്ഥിരമാകുന്നതിനു വേണ്ടിയാകുന്നു എന്നും നിർദ്ദേശിക്കുന്നു.

പുലിക്കോട്ടിൽ രണ്ടാമൻ 1909 മെയ് 28-ന് എഴുതിയ അന്ത്യകല്പനയിൽ 'നമ്മുടെ ആത്മീയ തൊഴുത്തിലെ ആടുകളും നമ്മുടെ കണ്ണുകളുടെ

കൃഷ്ണമണികളും നമ്മുടെ ഭുജവും ശക്തിയുമായിരിക്കുന്ന പ്രിയമക്കളെ' എന്നാണ് വിശ്വാസ സമൂഹത്തെ അഭിസംബോധന ചെയ്യുന്നത്. അന്ത്യ കല്പനയിൽ തന്റെ പ്രബോധനം ഉറപ്പിക്കുന്നുണ്ട്: 'പ്രിയ മക്കളെ, നാം നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാലത്തു നിങ്ങളോട് ഉപദേശിച്ചിട്ടുള്ള ഉപദേശങ്ങളിൽ നിങ്ങൾ സ്ഥിരമുള്ളവരും വിശ്വസ്ത ന്മാരുമായിരിക്കണമെന്നു നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. .....സഭ യുടെ സത്യവിശ്വാസത്തിനു വേണ്ടി മരണത്തോളം പോരാടുന്നവർ ആയി രിക്കണമെന്നും നാം ആഗ്രഹിക്കുന്നു.'[20] വിശുദ്ധ സഭയുടെ അഭിവൃ ദ്ധിയെ ഉദ്ദേശിച്ചു നാം ആഗ്രഹിച്ച പലതും സാധിക്കാതെ കിടപ്പുണ്ടെന്നും അന്ത്യ കല്പനയിൽ വ്യസനിക്കുന്നു.

1900 മെയ് ഒന്നിന് വൈദികസംഘ രൂപീകരണത്തിനായി അയച്ച കല്പനയിൽ 'നമ്മുടെ സഭയുടെ അധോഗതിക്കു പ്രധാന ഹേതു പട്ട ക്കാരിൽ പഠിപ്പും ഭക്തിയും ഇല്ലാത്തതാണെന്നും ഈ ദിവ്യഗുണങ്ങൾ കുറഞ്ഞുപോകുന്നത് അവരുടെ ഉപജീവനത്തിനു തക്കവഴി ഇല്ലാത്തതു കൊണ്ടാണെന്നു നമുക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നും' പരസ്യമായി അദ്ദേഹം കുമ്പസാരിക്കുന്നുണ്ട്. 'സഭയുടെ പ്രകാശവും ഉറപ്പും ആയി രിക്കേണ്ട ആചാര്യർ മങ്ങിയവരും ഉറപ്പില്ലാത്തവരും ആയിത്തീർന്നാൽ സഭ ക്ഷയിച്ചുപോകുന്നത് ആശ്ചര്യമല്ലെന്നും' വ്യക്തമാക്കുന്നു.

മലങ്കരസഭയുടെ ആഭ്യന്തരവും ബാഹ്യവുമായ പ്രശ്നങ്ങൾ പരിഹ രിക്കുക, സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുക എന്നിവ പരുമല പടിയോലയുടെയും (1873), മുളന്തുരുത്തി സുന്നഹദോസിന്റെയും (1876) ലക്ഷ്യങ്ങളായിരുന്നു. 'പരുമല പടിയോല'യിൽ പ്രകടമാകുന്നത് മലങ്ക രസഭയുടെ നവോത്ഥാന ദർശനങ്ങളാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ സാമൂഹിക നവോത്ഥാന വീക്ഷണം, ജനാ ധിപത്യസംവിധാനം, സാമൂഹിക പരിഷ്ക്കരണം, ഭരണവികേന്ദ്രീകരണം, ഭരണശേഷി, നേതൃത്വപാടവം, സഭാ പ്രതിബദ്ധത എന്നിവ ഈ കാനോ നുകളിൽ പ്രതിഫലിക്കുന്നു. മലങ്കരസഭയുടെ ശാസ്ത്രീയ ഭരണക്രമ ത്തിന്റെ ആവിർഭാവം കേന്ദ്രീകൃതമായി ചർച്ച ചെയ്യപ്പെട്ടത് 1873-ലെ പരുമല പടിയോലയിലാണ്. ഇന്നും ഇതിലെ കാനോനാകൾ അക്ഷ രാർത്ഥത്തിൽ സഭയുടെ സാമൂഹിക നവോത്ഥാനത്തിന് മാർഗ്ഗം പക രുന്ന രേഖകളാണ്. പരുമല പടിയോലയിൽ അവതരിപ്പിച്ച ഭരണദർശന ങ്ങൾ അദ്ദേഹം നടപ്പാക്കുന്നതിനായി അക്ഷീണം യത്നിച്ചു.[21] പരുമല പടിയോലയിലെ നിർദ്ദേശങ്ങൾ എക്കാലവും പ്രസക്തമാണ്. പുലിക്കോ ട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെ ക്രാന്തദർശിത്വം വെളിപ്പെടു ത്തുന്ന രജതരേഖയാണിത്.

## 4. ഉപസംഹാരം

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ മലങ്കര സഭാ ഭരണ ദർശനങ്ങൾ അത്യന്തം ആകർഷകമാണ്. വിവിധങ്ങളായ കർമ്മ പദ്ധതികളിൽ കൂടി മലങ്കരസഭയുടെ സ്വാതന്ത്ര്യവും തദ്ദേശീയ തയും പൗരസ്ത്യ സ്വഭാവവും മത സൗഹാർദവും നിലനിർത്തുവാൻ കഠിനാദ്ധ്വാനം ചെയ്തു. ആംഗ്ലിക്കൻ നവീകരണ വിശ്വാസത്തിനെതിരെ പോരാടി. അതിനെ പ്രതിരോധിക്കുവാനുള്ള സർവ്വ വഴികളും അടക്ക പ്പെട്ടപ്പോഴാണ് അന്ത്യോക്യൻ ബന്ധത്തിലേക്ക് പ്രവേശിച്ചത്. എന്നാൽ അന്ത്യോഖ്യൻ അധികാരത്തെ തകർക്കാൻ ആജീവനാന്തം യത്നിച്ചു. ജീവിതത്തിന്റെ അവസാന ശ്വാസം വരെ മലങ്കരസഭയുടെ നവോത്ഥാ നത്തിനും ഉൾഭരണ സ്വാതന്ത്ര്യത്തിനും സമഗ്രമായ വികസനത്തിനു മായി അക്ഷീണം പ്രവർത്തിച്ചു. മലങ്കരസഭയുടെ ബൃഹത്തായ വിക സന പ്രക്രിയയിൽ ഇത്രമാത്രം യത്നിച്ച മറ്റ് ഏതു പിതാവാണ് മലങ്കര സഭാചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ളത്? ആംഗ്ലിക്കൻ നവീകര ണത്തെ ശക്തമായി പ്രതിരോധിക്കുകയും എന്നാൽ അന്ത്യോഖ്യൻ ആധി പത്യത്തിൽ നിന്നും സഭയെ രക്ഷിക്കുകയും സഭയുടെ പൗരസ്ത്യ സ്വഭാ വവും ദേശീയതയും സ്വാതന്ത്ര്യവും മതസൗഹാർദവും സംരക്ഷിക്കു കയും ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാ മന്റെ ഭരണ ദർശനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും നവോത്ഥാ നത്തിന് വഴി ഒരുക്കി.

## അടിക്കുറിപ്പ്

1. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോ ലീത്താസ്ഥാനം ഒഴിഞ്ഞു കോട്ടയം ചെറിയപള്ളിയിലേക്ക് മാറി താമസിച്ചു. അവിടെവച്ച് 1909 ജൂലൈ 11-ന് അന്തരിച്ചു. പഴയസെമിനാരിയിൽ ജൂലൈ 12-ന് കബറടക്കി.
2. എം. കുര്യൻ തോമസ്, *നസ്രാണി പഠനങ്ങൾ*, അത്മായവേദി, കോട്ടയം, 2008, പേജ് 36.
3. പരുമലയിൽ 1873-ൽ നടന്ന പരുമല പടിയോലയുടെ നിശ്ചയങ്ങൾ ഏതാണ്ട് അതേപടി പാസ്സാക്കിയതാണ് 1876-ലെ മുളന്തുരുത്തി സുന്നഹദോസ് അഥവാ സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷന്റെ കാനോനാകൾ എന്ന വാദമുണ്ട്.
4. പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന വിവിധ കോടതി വ്യവഹാരങ്ങളും പടിയോലകളും കോടതി വിധികളും മലങ്കരസഭയിൽ അന്ത്യോഖ്യാ പാത്രിയർ ക്കീസിനുള്ള 'അധികാരം' അംഗീകരിച്ചുള്ളതാണ്. ആദ്യകാല ചരിത്രരചന കളും ഔദ്യോഗിക രേഖകളും ഈ പാരമ്പര്യത്തിൽ അടിസ്ഥാനമിട്ടതാണ്. 'നവീകരണ വ്യവഹാരങ്ങളിൽ' കേസു വിജയിക്കുന്നതിനുള്ള തന്ത്രമായി ഇതു കണക്കാക്കാം.

5. മാന്നാറിന് സമീപമുള്ള പരുമലയാണ് 'പരുമല പടിയോല'യ്ക്ക് വേദിയായത്. മലങ്കരസഭയുടെ തെക്കുദേശത്ത് ഒരു പൊതുസ്ഥലം ഉണ്ടാകണമെന്ന ആഗ്രഹപ്രകാരം പരുമലയിൽ അരികുപുറത്ത് മാത്തൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന് നൽകിയ സ്ഥലത്ത് ഒരു 'അഴിപ്പുര' പണിതുയർത്തി. സ്ഥലം ദാനം നൽകിയ കരാറിൽ അരികുപുറത്ത് മാത്തൻ എഴുതി: "... തിരുമനസ്സുകൊണ്ട് തെരഞ്ഞെടുത്ത സ്ഥലത്ത് 30 ദണ്ഡു സമചതുരം ഭൂമി ഞാൻ തിരുമനസ്സിലേക്ക് ദാനമായി തന്നിരിക്കുന്നു. ആധാരമെഴുതുന്ന തീയതി മുതൽ മൂന്നു മാസത്തിനകം സെമിനാരി പണി ആരംഭിക്കാത്തപക്ഷം ആധാരം റദ്ദു ചെയ്യുന്നതിന് എനിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും.' 1872-ൽ പരുമലയിൽ സുറിയാനി ക്രിസ്ത്യാനികളുടെ പൊതുയോഗം വിളിച്ചുകൂട്ടി പരുമല സെമിനാരിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു (ഇടവകപത്രിക, വാല്യം 13, നമ്പർ 10, 1904, പേജ് 281-84).

6. കണ്ടനാട് ഗ്രന്ഥവരി ഈ യോഗത്തിൽ 80-ൽ അധികം പള്ളിക്കാർ പങ്കെടുത്തതായി പറയുന്നു. 'പരുമല പടിയോല' 1873 ചിങ്ങം 25, എന്നും 27 എന്നും ചരിത്രരേഖകളിലുണ്ട്. ശെമവൂൻ മാർ ദീവന്നാസിയോസ്, കണ്ടനാട് ഗ്രന്ഥവരി, എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2008, ഫാ. ഡോ. ജോസഫ് ചീരൻ.

7. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ്, *കണ്ടനാട് ഗ്രന്ഥവരി*, എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2008, പേജ് 189, ഫാ. ഡോ. ജോസഫ് ചീരൻ.

8. *Ibid*, ഫാ. ഡോ. ജോസഫ് ചീരൻ.

9. 1873 സെപ്റ്റംബർ 8-ന് പരുമലയിൽ നടന്ന 'പരുമല പടിയോലയുടെ' സമ്പൂർണ്ണ വിവരണം കണ്ടനാട് ഗ്രന്ഥവരിയിൽ ലഭ്യമാണ്. ഇത് ക്രോഡീകരിച്ചത് കരോട്ടുവീട്ടിൽ മാർ ശെമവൂൻ ദീവന്നാസിയോസ് ആണ് (1823-1886). പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് ജോസഫ് ദ്വിതീയൻ ചരമ നവതി ജൂബിലി സ്മരണികയിൽ ഫാ. ഡോ. ജോസഫ് ചീരൻ കണ്ടനാട് ഗ്രന്ഥവരിയിൽ നിന്നും പരുമല പടിയോല പൂർണ്ണരൂപത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. പേജ് 84-88, ഫാ. ഡോ. ജോസഫ് ചീരൻ, മലങ്കരയുടെ മഹാനായ ദീവന്നാസിയോസ്, ആത്മപോഷിണി, 2004. പരുമല പടിയോലയിലെ ദീർഘമായ 27 നിശ്ചയങ്ങൾ കണ്ടനാട് ഗ്രന്ഥവരിയിലുണ്ട്. അവ ഫാ. ഡോ. ജോസഫ് ചീരൻ 1999-ൽ ക്രോഡീകരിച്ചിട്ടുണ്ട്. എം. കുര്യൻ തോമസ് 1999-ൽ അവയുടെ സംക്ഷിപ്തവിവരണം രേഖപ്പെടുത്തിയിട്ടുണ്ട്.

10. 1876-ലെ മുളന്തുരുത്തി സുനന്നഹദോസ് ഈ തീരുമാനങ്ങൾ തന്നെയാണ് പാസ്സാക്കിയത്. അവ അവതരിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ ആയിരുന്നു. മലങ്കരസഭാ ചരിത്ര രചനകളിൽ അസത്യങ്ങളും സ്വാർത്ഥതാല്പര്യങ്ങളും വികലമായ കാഴ്ചപ്പാടുകളും അവതരിപ്പിച്ചിട്ടുണ്ട്. നീതിപൂർവ്വമായ ഒരു ചരിത്ര രചന അനിവാര്യമാണ്; പുനർവായനകളും. ഈ പ്രബന്ധത്തിൽ ഗുണപരമായ സമീപനമാണ് (Positive approach) സ്വീകരിച്ചിട്ടുള്ളത്.

11. എം. കുര്യൻ തോമസ്, Op cit. p. 39
12. *Ibid*
13. *Ibid*
14. 'കാനോനാകൾക്ക്' അളവുകോൽ, തീരുമാനങ്ങൾ, അംഗീകരിച്ച നിശ്ചയങ്ങൾ, പതിവുകൾ, പിതാക്കന്മാരുടെ അഭിപ്രായങ്ങൾ എന്നെല്ലാം അർത്ഥം. പരുമല പടിയോലയിലെ കാനോനുകൾ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധീന തയുമായി ബന്ധപ്പെടുത്തിയുള്ള നിശ്ചയങ്ങളാണ്. അക്കാലത്ത് നവീകര ണത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ ഇതല്ലാതെ മറ്റ് എന്തെങ്കിലും പോംവഴി ഉണ്ടായിരുന്നുവോ? ചർച്ചയും ഗവേഷണവും ആവശ്യമാണ്.
15. ഫാ. ഡോ. ജോസഫ് ചീരൻ, ഒരു പരദേശയാത്രയുടെ കഥ, ആത്മപോഷിണി, കുന്നംകുളം, 2003, ഈ 200-ൽ പരം സ്കൂളുകൾ എവിടെ എല്ലാം ആയിരുന്നു എന്നതിനെപ്പറ്റി ദീർഘമായ അന്വേഷണം ആവശ്യമാണ്.
16. ഈ കൃതി 1864-ൽ രചിച്ചെങ്കിലും 1901-ലാണ് പ്രസിദ്ധീകരിച്ചത്. എം. പി. വർക്കി രചിച്ച 'ജോസഫ് മാർ ദീവന്നാസിയോസ്' എന്ന ജീവചരിത്രത്തിൽ റിപ്പോർട്ടു രൂപത്തിൽ 19 അദ്ധ്യായങ്ങളായി ഇത് ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അതിനാൽ ഈ കൃതി സഞ്ചാര സാഹിത്യത്തിൽ തമസ്ക്കരിക്കപ്പെട്ടു. ഫാ. ഡോ. ജോസഫ് ചീരൻ 2003-ൽ ആമുഖ പഠനത്തോടെ പുനഃപ്രസിദ്ധീകരിച്ചു.
17. രഹസ്യപേടകം, പേജ്. 117.
18. മലങ്കരസഭാ പിതാക്കന്മാർ, സീഡീസ്, ചന്ദനപ്പള്ളി, 1990, പേജ് 125, ചിങ്ങ വനം ദയറാപള്ളിക്ക് കല്ലിട്ടതിന് ശേഷമാണ് 1870/71 മിഷൻ ദർശനവുമായ് തെക്കോട്ടുള്ള യാത്ര (മലങ്കര ഇടവകപത്രിക, വാല്യം 13, നമ്പർ 10, 1904, പേജ് 282).
19. ചരമനവതി ജൂബിലി സ്മരണിക, 1999, പേജ് 84, ഫാ. ഡോ. ജോസഫ് ചീരൻ.
20. അന്ത്യ കല്പന, ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ ചരമശതാബ്ദി സ്മരണിക, കുന്നംകുളം, 2009, പേജ് 87-90, ഫാ. ഡോ. ജോസഫ് ചീരൻ.
21. മലങ്കര അസോസ്സിയേഷൻ വിളിച്ചുകൂട്ടുവാനുള്ള അധികാരം രാജകീയ വിളം ബരപ്രകാരം മലങ്കര മെത്രാപ്പോലീത്താ പാലക്കുന്നത്ത് മാർ അത്താനാസ്യോ സിനായിരുന്നു. അതിനാലാവാം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ വിളിച്ചുകൂട്ടിയ 1873-ലെ പരുമല പള്ളിയോഗത്തിലെ തീരുമാനങ്ങൾ പിന്നീട് പ്രാബല്യത്തിൽ വരാഞ്ഞത് എന്ന് ഡോ. എം. കുര്യൻ തോമസ് സന്ദേ ഹിക്കുന്നു (മാർ ദീവന്നാസ്യോസ് അഞ്ചാമൻ യുഗശില്പി, മലങ്കരസഭ, ജൂലൈ 2009, പേജ് 20). എന്നാൽ മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങൾ പരുമല പടിയോലയുടെ തനിയാവർത്തനമല്ലേ? ഇവ മലങ്കരസഭയിൽ നടത്തിയ വിവി ധയോഗങ്ങളുടെ അഥവാ പടിയോലകളുടെ ആവർത്തനവുമല്ലേ? ഈ നിശ്ച യങ്ങളെല്ലാം വിവിധ തലമുറകളിൽ ഉന്നയിക്കപ്പെട്ടവയുടെ സംക്ഷിപ്തമാണ്.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# മലയാള പത്രപ്രവർത്തന രംഗത്തെ സർഗ്ഗപ്രതിഭ

## ജോയ്സ് തോട്ടയ്ക്കാട്

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. കേരളം മൂന്നായി മുറിഞ്ഞു കിടക്കുന്നു; തിരുവിതാംകൂറും, കൊച്ചിയും ബ്രിട്ടീഷ് മലബാറും. ബ്രിട്ടീഷുകാരുടെ ആഗമനത്തോടെ നവോത്ഥാനത്തിന്റെ തുടക്കമായെങ്കിലും മലയാള ഗദ്യസാഹിത്യവും പത്രപ്രവർത്തന രംഗവും ശക്തിപ്പെട്ടിരുന്നില്ല. മലയാളത്തിലെ ആദ്യ പത്രമാസികയായി ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ പത്രാധിപത്യത്തിൽ 'രാജ്യസമാചാരം' തലശ്ശേരിയിൽ നിന്നു 1847-ൽത്തന്നെ പുറത്തിറങ്ങിയിരുന്നുവെങ്കിലും ഒന്നര ദശാബ്ദം കടന്നുപോയിട്ടും പത്രപ്രവർത്തന രംഗം അത്ര വളരെയൊന്നും അഭിവൃദ്ധിപ്പെട്ടിരുന്നില്ല. കുറെയേറെ പത്രങ്ങൾ പിന്നീടുണ്ടായെങ്കിലും മിക്കവയും താമസിയാതെ അകാല ചരമമടഞ്ഞു.

ആദ്യകാല പത്രങ്ങളായ രാജ്യസമാചാരവും പശ്ചിമോദയവും ജ്ഞാനനിക്ഷേപവും വിദ്യാസംഗ്രഹവും മാസികകളായിരുന്നു. ഇവ നാലും നടത്തിയിരുന്നത് ക്രിസ്ത്യൻ മിഷണറിമാരും ഇവയുടെ പ്രധാന ലക്ഷ്യം ക്രിസ്തുമത പ്രചരണവും ആയിരുന്നു. ഇവയിൽ കുറച്ചെങ്കിലും വാർത്തകൾ ചേർത്തിരുന്നത് 'ജ്ഞാനനിക്ഷേപ'ത്തിൽ മാത്രമാണ്.

### വെസ്റ്റേൺ സ്റ്റാറും പശ്ചിമതാരകയും

കേരളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ച വാർത്താപത്രം വാക്കർ എന്ന യൂറോപ്യനും, മലങ്കര സഭാംഗമായ കോട്ടയം അക്കര കുര്യൻ റൈട്ടറും, ദേവജി ഭീമജിയും ചേർന്ന് 1860-ൽ കൊച്ചിയിൽ നിന്ന് ആരംഭിച്ച 'വെസ്റ്റേൺ സ്റ്റാർ' എന്ന ഇംഗ്ലീഷ് പത്രമായിരുന്നു. 'വെസ്റ്റേൺ സ്റ്റാർ' ആരംഭിച്ച് അധികനാൾ കഴിയുന്നതിനു മുമ്പായിത്തന്നെ (1864 ഓഗസ്റ്റിൽ) കേരളത്തിലെ പ്രഥമ മലയാള വർത്തമാനപത്രമായ 'പശ്ചിമതാരക' വെസ്റ്റേൺ സ്റ്റാർ പ്രസ്സിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ചു തുടങ്ങി. അഭിഭാഷകനായ വാക്കർ സായ്പും, വ്യവസായ പ്രമുഖനും മലങ്കര സുറിയാനി സഭാ അൽമായ ട്രസ്റ്റിയുമായിരുന്ന അക്കര കുര്യൻ റൈട്ടറും, മലയാള ഭാഷയെ സ്വന്തം മാതൃഭാഷപ്പോലെ സ്നേഹിക്കുകയും മലയാളനാടിനെ സ്വന്തം ജന്മദേശത്തെപ്പോലെ തന്നെ കരുതുകയും ചെയ്ത ഗുജറാത്തിയായിരുന്ന ദേവ്ജി ഭീമ്ജിയും ചേർന്ന് ആരംഭിച്ച ഈ രണ്ടു പത്രങ്ങളെ തുടർന്ന് കോട്ടയത്തു നിന്നും 'ട്രാവൻകൂർ ഹെറാൾഡ്' എന്ന

പേരിൽ ഇംഗ്ലീഷിലും 'സന്ദിഷ്ടവാദി' എന്ന പേരിൽ മലയാളത്തിലും ഡബ്ലിയു. എച്ച്. മൂർ എന്ന സായ്പ് പത്രങ്ങൾ ആരംഭിച്ചു. ഈ കാലമായപ്പോഴേക്കും പൗരാവകാശങ്ങൾക്കുവേണ്ടി വാദിച്ചും ഭരണാധികാരികളുടെ ഭരണവൈകല്യങ്ങളെ നിശിതമായി വിമർശിച്ചും സ്വതന്ത്രവും ശക്തവുമായ സ്വരത്തിൽ പത്രങ്ങൾ ശബ്ദിച്ചു തുടങ്ങി.

ഈ കാലഘട്ടത്തിലാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പത്രപ്രവർത്തന രംഗത്തു കാലൂന്നുന്നത്. ഇംഗ്ലീഷിലും ഹിന്ദുസ്ഥാനിയിലും സുറിയാനിയിലും മലയാളത്തിലും അറിവ് നേടി വൈദികനായി, പിന്നീട് മലങ്കരസഭയുടെ നേതൃനിരയിലേക്ക് ഉയർന്ന മെത്രാപ്പോലീത്താ, സ്വന്തം സമുദായത്തിന്റെ കെട്ടുപാടുകളിൽ മാത്രം ഒതുങ്ങിപ്പോകാതെ വിശാലമായ ലോകത്തിലേക്ക് ദൃഷ്ടി പായിച്ചു. പത്രപ്രവർത്തനവും ഭാഷാപോഷണവും അന്നത്തെ ചുറ്റുപാടിൽ ജീവിതദൗത്യമായി ഏറ്റെടുത്തത് അന്തരാത്മാവിൽ നിന്നുള്ള ഉൾവിളികൊണ്ടാണെന്നു തന്നെ കരുതണം.

## വൈദേശിക പത്രപ്രവർത്തനത്തിനെതിരെ സ്വദേശ പത്രപ്രവർത്തനം

വിദേശ പ്രൊട്ടസ്റ്റണ്ട് മിഷനറിമാർ തുടങ്ങിവച്ച മലയാള പത്രമാസികകൾ മലങ്കര സുറിയാനി സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളെ തരംതാഴ്ത്തിക്കാണിക്കുന്ന തരത്തിലുള്ള ലേഖനങ്ങളും മറ്റും പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോഴാണ് അവയെ തടുക്കുന്നതിന് സ്വദേശ പത്രപ്രവർത്തകർ രംഗത്തു വരേണ്ടത് അത്യാവശ്യമെന്ന് കുര്യൻ റൈട്ടർ, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തുടങ്ങിയവർ ചിന്തിച്ചതും പത്രമാസികകൾ ആരംഭിച്ച് മിഷണറിമാരുടെ നീക്കത്തിന് എതിരെ ശക്തമായി പ്രതികരിച്ചതും. മെത്രാപ്പോലീത്തായുടെ ജീവചരിത്രത്തിൽ എം. പി. വർക്കി ഈ സാഹചര്യത്തെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: "അന്യ ക്രിസ്തീയ ശാഖകളിൽ പലതിനും ഇതിനു മുമ്പു തന്നെ അതതുകളുടെ കാര്യങ്ങളെ പ്രതിപാദിക്കാൻ പത്രങ്ങൾ ഉണ്ടായിരുന്നു. ഈ പത്രങ്ങളിൽ ചിലതു സ്വന്ത കാര്യങ്ങൾ പറയുന്നതിനു പുറമെ സഹായമില്ലാത്ത സുറിയാനിസഭയെ തരം വരുമ്പോഴൊക്കെയും അകാരണമായി ദുഷിക്കുകയും ആ സഭാംഗങ്ങളിൽ ഛിദ്രം ഉണ്ടാക്കണമെന്നുള്ള വിചാരത്തോടു കൂടി ഓരോന്നു പ്രസ്താവിക്കുകയും പതിവായിരുന്നു. പിന്നെയും സുറിയാനി സഭയിലെ വിശ്വാസാചാരങ്ങൾ ക്രിസ്തുമത സിദ്ധാന്തങ്ങൾക്കു പ്രതികൂലങ്ങളും മൗഢ്യസൂചകങ്ങളും എന്നു പ്രലപിക്കുക ഈ പത്രങ്ങളുടെ ഒരു മുഖ്യ കൃത്യവുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇക്കാലങ്ങളിൽ 'വഴിയിൽ തൂക്കിയ ചെണ്ട' പോലെയായിരുന്ന

സുറിയാനിസഭയുടെ നികൃഷ്ടാവസ്ഥയെ നീക്കുന്നതിന് നമ്മുടെ കഥാനായകൻ തന്റെ ഏറിയൊരു കൃത്യാന്തരങ്ങളുടെ ഇടയിൽ പലപ്പോഴും ആലോചിക്കാറുണ്ടായിരുന്നു" (മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, പേജ് 135).

സി. കെ. കരീം മേൽപറഞ്ഞ ആശയം കൂടുതൽ വ്യക്തമായി മനസ്സിലാകത്തക്കവിധം ഇങ്ങനെ എഴുതിയിരിക്കുന്നു. "പ്രൊട്ടസ്റ്റന്റു മിഷനറിമാരായിരുന്നുവല്ലോ കേരളത്തിലെ ആദ്യകാല പത്രമാസികകളുടെ ഉപജ്ഞാതാക്കൾ. അവർ മറ്റു മതങ്ങളെയും വിമർശിച്ചിരുന്നതിനു പുറമെ ക്രിസ്തുമതത്തിലെ ഇതര വിഭാഗങ്ങളെയും വെറുതെ വിട്ടിരുന്നില്ല" (മലയാളത്തിന്റെ മഹാവൃക്ഷം, പേജ് 18).

**കേരള പതാക**

1872-ൽ കൊച്ചിയിൽ പനയ്ക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്താ സ്ഥാപിച്ച സെന്റ് തോമസ് പ്രസ്സിൽ നിന്നും കേരള പതാക പ്രസിദ്ധീകരിച്ചു തുടങ്ങി. നാടിന്റെ നവോത്ഥാനത്തിന് ആക്കം കൂട്ടുന്നതിനായി പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ആരംഭിച്ച ദ്വൈവാരികയായിരുന്നു ആ പ്രസിദ്ധീകരണം. മഹാകവി ഉള്ളൂർ പറയുന്നതിങ്ങനെയാണ്: ''ഈ അച്ചുകൂടത്തിൽ നിന്ന് (വെസ്റ്റേൺ സ്റ്റാർ) പശ്ചിമ താരക – കേരള പതാക എന്ന പേരിൽ ഒരു മലയാളപത്രവും പ്രചരിച്ചു തുടങ്ങി. 'ആൾമാറാട്ടം' എന്ന കഥയുടെ പ്രണേതാവായ പീലിപ്പോസാശാനും ടി. ജെ. പൈലിയുമാണ് പ്രാരംഭദശയിൽ അതിന്റെ ആധിപത്യം വഹിച്ചിരുന്നത്. വെസ്റ്റേൺ സ്റ്റാറിന്റെ ഒരു ഭാഷാനുവാദമായിരുന്നു പ്രായേണ ആ പത്രം."

ടി. എം. ചുമ്മാർ എഴുതുന്നു: "മഹാകവിയുടെ ഈ അഭിപ്രായത്തിൽ ചില പിശകുകൾ ഉള്ളതുപോലെ തോന്നുന്നു. 1878 മാർച്ച് 16-ലെ സത്യനാദകാഹളത്തിൽ പശ്ചിമതാരകയെപ്പറ്റി സാന്ദർഭികമായി പ്രസ്താവിക്കുന്നുണ്ട്: 'താരകപ്പത്രം 14-ാം പുസ്തകം 8-ാം നമ്പ്രിൽ ശുദ്ധ മാർപ്പാപ്പാ കാലം ചെയ്തു എന്നുള്ള വർത്തമാനം പ്രസ്താവിച്ചശേഷം' എന്നിങ്ങനെ കുറിച്ചിരിക്കുന്നു. പ്രസ്തുത രേഖയെ ആസ്പദമാക്കി കണക്കു കൂട്ടുമ്പോൾ താരകപത്രത്തിന്റെ (പശ്ചിമ താരക) ഉത്ഭവം 1864 ആഗസ്റ്റു മാസത്തിലാണെന്നും പശ്ചിമ താരക – കേരള പതാക എന്ന പേർ അതിന് ആരംഭത്തിൽ ഇല്ലായിരുന്നുവെന്നും കാണാവുന്നതാണ്. വെസ്റ്റേൺ സ്റ്റാറിന്റെ ഭാഷാനുവാദമാണല്ലൊ പശ്ചിമതാരക. സത്യനാദകാഹളത്തിന്റെ ഒന്നാം വാല്യം 11-ാം ലക്കത്തിൽ (1877 മീനം 15) കേരള പതാകയിൽ നിന്ന് രണ്ടു മൂന്നു റിപ്പോർട്ടുകൾ ഉദ്ധരിച്ചു കാണുന്നുണ്ട്. അവയിൽ നിന്ന് അക്കാലം വരെ പശ്ചിമതാരകയും കേരള

പതാകയും വെവ്വേറെ പത്രങ്ങളായിത്തന്നെയാണ് പ്രസിദ്ധീകരിച്ചിരുന്നതെന്ന് സ്പഷ്ടമാകുന്നു. 'Western Star and Malabar Standard' എന്ന പേരാണ് അതിന് ഇംഗ്ലീഷിൽ കൊടുത്തിരുന്നത്. ഇട്ടൂപ്പ് റൈട്ടറും ടി. ജെ. പൈലിയുമായിരുന്നു പശ്ചിമതാരകയുടെ പത്രാധിപന്മാർ. പീലിപ്പോസാശാൻ പിന്നീടാണ് പത്രാധിപരായിത്തീർന്നത്. 1878-നിടയ്ക്ക് പശ്ചിമതാരക കുറച്ചുകാലം മുടങ്ങിയതായി അക്കാലത്തെ സത്യാനാദ കാഹളത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. അതു വീണ്ടും പുറപ്പെടുമ്പോൾ കേരള പതാകയുമായി യോജിച്ച് 'പശ്ചിമതാരക - കേരള പതാക' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി തുടങ്ങി. കുറച്ചു കാലമേ അങ്ങനെ നടന്നുള്ളു. പിന്നീട് കേരള പതാക നിന്നുപോവുകയും പശ്ചിമ താരക മാത്രമായിത്തീരുകയും ചെയ്തു. 1881 (1056 മിഥുനം 16) സർവ്വാധി കാര്യക്കാരുടെ *മലയാള ഭാഷാ ചരിത്രം* പ്രസിദ്ധപ്പെടുത്തുന്ന കാലത്ത് പശ്ചിമതാരകയേ അവശേഷിച്ചിരുന്നുള്ളു" (*ഭാഷാ ഗദ്യ സാഹിത്യ ചരിത്രം*, കോട്ടയം, 1979, പേജ് 534-535).

ടി. എം. ചുമ്മാർ *മലയാളപത്ര ചരിത്ര*ത്തിൽ 'കേരളപതാക'യെപ്പറ്റി ഇങ്ങനെയെഴുതിയിരിയ്ക്കുന്നു: "1870-ാം ആണ്ടു മുതൽക്കാണ് ഇതു കൊച്ചിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തി വന്നത്. കൊച്ചി, അമരാവതിക്കാരൻ മംഗലത്ത് കുഞ്ഞുണ്ണിആശാനും, പശ്ചിമതാരകയുടെ ആരംഭകാലത്ത് അതിൽ പ്രവർത്തിച്ചിരുന്ന ടി. ജെ. പൈലിയുമായിരുന്നു പതാകയുടെ പത്രാധിപന്മാർ. 'കേരള പതാക' പുറപ്പെട്ടതു മുതൽ പശ്ചിമതാരകയുടെ പ്രചാരം കുറഞ്ഞു തുടങ്ങി. ഈ ഘട്ടത്തിൽ താരക കുറച്ചുകാലം മുടങ്ങുകയുണ്ടായി. പിന്നീട് പശ്ചിമ താരക, കേരള പതാകയുമായി യോജിച്ച് കുറച്ചുകാലം പ്രസിദ്ധീകരിച്ചിരുന്നതായി കാണുന്നു. എന്നാൽ എത്രകാലം ആ നിലയിൽ കഴിഞ്ഞുകൂടി എന്ന് നിശ്ചയമില്ല. 1877 മീനം 15-ാം തീയതിയിലെ സത്യനാദ കാഹളത്തിൽ വെളിയനാടു സുന്നഹദോസിനെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് പശ്ചിമതാരക - കേരള പതാകയിൽ നിന്ന് ഉദ്ധരിച്ചുകാണുന്നുണ്ട്. ഇക്കാലത്ത് അവ രണ്ടും യോജിച്ച് പ്രവർത്തിച്ചിരുന്നുവെന്ന് ഇതിൽനിന്നനുമാനിക്കാം. എന്നാൽ എന്നു മുതൽ അവ വേർപെട്ടുവെന്നും മറ്റുമുള്ള കാര്യങ്ങൾ വ്യക്തമല്ല. ഏതായാലും പതാക പശ്ചിമതാരകയെ പോലെ അധികകാലം നീണ്ടുനിന്നില്ല എന്നനുമാനിയ്ക്കുന്നതിൽ അധികം അപാകത കാണുന്നില്ല."

'കേരളത്തിലെ ഇംഗ്ലീഷ് - മലയാള വർത്തമാനപ്പത്രങ്ങൾ' എന്ന പേരിൽ ദീപിക പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളിൽ ഇങ്ങനെ പറയുന്നു: "മനോരമ പറയുന്നതുപോലെ കേരള പതാക ഉണ്ടായത് പശ്ചിമതാരക ഓഫീസിൽ നിന്നല്ല. സെന്റ് തോമസ് പ്രസ്സിൽ നിന്നാണ്. ഇതിനിടയ്ക്ക് കേരള ദർപ്പണം എന്ന് പേരായി ഒരു പത്രം കൊച്ചിയിലോ മറ്റു രാജ്യങ്ങളിലോ ഉണ്ടായിട്ടില്ല. ..."

മെത്രാപ്പോലീത്തായുടെ ജീവചരിത്രകാരനായ എം. പി. വർക്കി ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇങ്ങിനെ ന്യായമായ അവകാശത്തെ സ്ഥാപിക്കാനായി നമ്മുടെ കഥാനായകൻ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു എങ്കിലും ഇതിനിടയ്ക്കു പ്രയോജനകരങ്ങളായ വേറെ ചില ഏർപ്പാടുകൾ ചെയ്യാതിരുന്നില്ല. 1045-ൽ (1870) സെന്തോമസ് എന്നു പേരായി ഒരച്ചുകൂടം തനതു വകയായി കൊച്ചിയിൽ സ്ഥാപിക്കുകയും അതിൽ നിന്നും സുറിയാനിക്കാർക്കു ആവശ്യമുള്ള മതവിഷയ പ്രതിപാദകങ്ങളായ പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നു മാത്രമല്ല, 'കേരള പതാക' എന്നു പേരായി ഒരു വൃത്താന്ത പത്രവും നടത്തിവന്നു. ... ഈ പത്രം പിന്നീട് 'പശ്ചിമതാരക'യെന്നു പേരായ വേറൊരു പത്രത്തിൽ ലയിപ്പിക്കുകയും ഒടുവിൽ രണ്ടുംകൂടി നാമാവശേഷമാകുകയും ചെയ്തു" (പേജ് 113).

'മലയാളത്തിന്റെ മഹാവൃക്ഷം' എന്ന ഗ്രന്ഥത്തിൽ സി. കെ. കരീം 'പശ്ചിമതാരക-കേരള പതാക'യെക്കുറിച്ച് ഇങ്ങനെ പറയുന്നു: "മിഷനറികളുടേതല്ലാത്ത മറ്റൊരു മാസികയായിരുന്നു 1870-ൽ കൊച്ചിയിൽ നിന്നു പ്രസിദ്ധീകരിച്ച 'കേരള പതാക.' കൊച്ചി അമരാവതിയിലെ മംഗലത്തു കുഞ്ഞുണ്ണി ആശാനായിരുന്നു പത്രാധിപർ. 1878 ആയപ്പോഴേക്കും 'പശ്ചിമതാരക'യും 'കേരളപതാക'യും സംയോജിപ്പിച്ച് 'പശ്ചിമതാരക-കേരളപതാക' എന്ന പേരിൽ പുറത്തിറങ്ങി. Western Standard and Malabar Standard എന്നായിരുന്നു അതിന് ഇംഗ്ലീഷിൽ കൊടുത്തിരുന്ന പേര്. കുറച്ചു കാലമേ ഇങ്ങനെ നടത്തുവാൻ സാധിച്ചുള്ളൂ. പിന്നീട് കേരളപതാക നിർത്തലാക്കുകയും പശ്ചിമതാരക മാത്രമായി തുടരുകയും ചെയ്തു. തിരുവിതാംകൂറിലെ പ്രധാന പട്ടണങ്ങളിൽ നിന്നെല്ലാം തന്നെ നാട്ടുവിശേഷങ്ങളും ഭരണവിമർശനങ്ങളും അടങ്ങുന്ന വാർത്തകളയയ്ക്കുവാൻ എഴുത്തുകാർ അണി നിരന്നിരുന്നു. ഔദ്യോഗികതലങ്ങളിൽ നടമാടിയിരുന്ന എല്ലാത്തരം അഴിമതികളെയും തുറന്നു വിമർശിച്ചിരുന്നതിനാൽ ഈ പത്രം ഉദ്യോഗസ്ഥവൃന്ദത്തെ സംഭീതരാക്കി. രാഷ്ട്രീയ ഭരണ ചർച്ചകൾക്കു പുറമെ മത സാമുദായിക സംവാദവും ഇവർ നടത്തിയിരുന്നു."

പശ്ചിമതാരക - കേരള പതാകയുടെ പത്രാധിപരായി കുറച്ചുകാലം പ്രവർത്തിച്ച ഇ. എം. ഫീലിപ്പോസ് ആത്മകഥയിൽ അക്കാര്യവും, ചെറുപ്പത്തിൽ ആ പത്രം തന്നെ സ്വാധീനിച്ച കാര്യവും ഇങ്ങനെ രേഖപ്പെടുത്തുന്നു: "പശ്ചിമതാരക - കേരള പതാക പത്രാധിപരായിരുന്ന കല്ലൂർ ഉമ്മൻ പീലിപ്പോസിനെ ആ സ്ഥാനത്തു നിന്നു ഒഴിച്ചു പരേതനായ കുര്യൻ റൈട്ടറുടെ ശിപാർശിമേൽ വാക്കർ സായ്പ് എന്നെ ആ സ്ഥാനത്തു നിശ്ചയിച്ചു. ഞാൻ കൊച്ചിയിൽ താമസിച്ചു നാലഞ്ചു മാസം

ആ ജോലി നടത്തി. വെസ്റ്റേൺ സ്റ്റാർ ആപ്പീസു അന്നു വളരെ ക്ഷാമത്തിൽ ഇരുന്നതിനാലും ചുമതലക്കാരനായിരുന്ന വാക്കർ സായ്പു വക്കീൽ ജോലിയിൽ തിരുവനന്തപുരത്തു താമസിച്ചിരുന്നതിനാലും ശമ്പളം കിട്ടുന്ന കാര്യം കുറെ വിഷമമെന്നു കണ്ടിട്ടു ഞാൻ അത് ഉപേക്ഷിച്ചു കളഞ്ഞു. അവിടെ താമസിച്ചിരുന്ന ചുരുങ്ങിയ കാലത്തിനിടയിൽ തൈക്കാട്ടുശ്ശേരിൽ പാറായിത്തരകനിൽ നിന്നു ഒരു ചെറിയ സമ്മാനം എനിക്കു കിട്ടുകയുണ്ടായി. ... പരേതനായ കോറെപ്പിസ്ക്കോപ്പാ തന്റെ എഴുത്തുകളും 'പശ്ചിമതാരക – കേരള പതാക'യിലേക്ക് എഴുതിക്കൊണ്ടിരുന്ന ലേഖനവും പകർത്തുന്ന ജോലി എന്നെക്കൊണ്ട് ചെയ്യിച്ചിരുന്നു. ആ പത്രവും ക്രമമായി ഞാൻ വായിച്ചുകൊണ്ടിരുന്നു. അതിനാൽ ഗദ്യമെഴുതുവാൻ ഒരുവക ആഗ്രഹവും രുചിയും ഉണ്ടായി എന്നു പറയാം. ... ഞാൻ ഗദ്യമായി മലയാളത്തിൽ എഴുതിയിട്ടുള്ളതിൽ പ്രധാനങ്ങളായി പറയേണ്ടത് വർത്തമാനപ്പത്രങ്ങളിലെ ഉപന്യാസങ്ങളാണ്. 'പശ്ചിമതാരക – കേരള പതാക'യുടെ പത്രാധിപരായി ചുരുങ്ങിയകാലം ഇരുന്നപ്പോൾ അതിലും 'മലയാള വിനോദിനി' പത്രത്തിലും പ്രസിദ്ധപ്പെടുത്തിയിരുന്ന മുഖപ്രസംഗങ്ങളും മലങ്കര ഇടവകപത്രികയിലെ പ്രധാന ഭാഗങ്ങൾ മിക്കതും എന്റേതായിരുന്നു. മറ്റു പത്രങ്ങളിലേക്കും ചിലപ്പോൾ എഴുതാറില്ലെന്നില്ല" (മലങ്കരസഭയുടെ രഹസ്യപേടകം, കോട്ടയം, 1956, പേജ് 28, 147).

### ഒരു സമകാല സാക്ഷ്യം

1876-ൽ പത്രോസ് തൃതീയൻ ബാവാ മെത്രാപ്പോലീത്തായായി വാഴിച്ച കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിവച്ചിരുന്ന മലങ്കരസഭാചരിത്രത്തെ 'ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമം' എന്ന് മലങ്കരസഭാ ചരിത്ര ഗവേഷകർ വിളിക്കുന്നു. ഈ ഗ്രന്ഥം, 'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ ഫാ. ഡോ. ജോസഫ് ചീരൻ 2008-ൽ പ്രസിദ്ധപ്പെടുത്തിയതോടെ 'കേരള പതാക'യുടെ സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ ആണെന്ന് അവിതർക്കിതമായി തെളിഞ്ഞിരിക്കുന്നു. *കണ്ടനാട് ഗ്രന്ഥവരി*യിലെ പ്രസക്ത ഭാഗം ഇങ്ങനെയാണ്:

"പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അച്ചുകൂടം ഉണ്ടാക്കി കൊച്ചികോട്ടയിൽ പനയ്ക്കൽ ഐപ്പൂരുവിന്റെ പണ്ടകശാലയിൽ സ്ഥാപിച്ച് അച്ചടി മുതലായത് നടത്തിവരുന്നു. അച്ചുകൂടത്തിന് സെന്റ് തോമസ് പ്രസ് എന്ന് നാമധേയം ആകുന്നു. മലയാളത്തിലും സുറിയാനിയിലും പൂർണ്ണമായും ദുർല്ലഭമായി ഇംഗ്ലീഷിലും അച്ചടിവേലകൾ ചെയ്തുവരുന്നതു കൂടാതെ പരജനങ്ങൾക്ക് വിദ്യയും നാഗരികതയും അഭിവൃദ്ധിയായി വരുവാൻ വേണ്ടി 'കേരളപതാക' എന്ന്

നാമധേയമായി ഒരു വർത്തമാനപത്രിക കൊല്ലം 1048-ാമാണ്ട് ചിങ്ങ മാസം 1-ാം തീയതി (1872) മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തു വരുന്നു" (പുറം 183).

**കേരള പതാക ഉപപത്രം**

ഗവേഷകനായ അഡ്വ. പി. സി. മാത്യു 'കേരളപതാക'യുടെ 1873 കുംഭം 15 ചൊവ്വാഴ്ച പ്രസിദ്ധീകരിച്ച ഉപപത്രത്തെ അടിസ്ഥാനമാക്കി ഇങ്ങനെ എഴുതിയിരിക്കുന്നു: "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്താ 1869-ൽ 'കേരള പതാക' എന്ന പേരിൽ ഒരു വൃത്താന്ത പത്രം പ്രസിദ്ധീകരിച്ചു വന്നിരുന്നു. കൊച്ചിയിൽ തിരുമേനി സ്ഥാപിച്ച സെന്തോമസ്സ് അച്ചുകൂടത്തിൽ നിന്നുമാണ് 'കേരള പതാക' പ്രസിദ്ധീകരിച്ചു വന്നിരുന്നത്. കേരള പതാക പത്രത്തിൽ എല്ലാ ചൊവ്വാഴ്ചയും സഭാ വാർത്തകൾ, സഭാചരിത്രം, ദൈവശാസ്ത്രം തുടങ്ങിയവ ഉൾപ്പെടുത്തി 'കേരള പതാക ഉപപത്രം' പ്രസിദ്ധീകരിച്ചു വന്നു. ഒന്നേകാൽ നൂറ്റാണ്ടിനപ്പുറം പ്രസിദ്ധീകരിച്ചുവന്ന പ്രസ്തുത വൃത്താന്ത പത്രത്തിന്റെ കോപ്പികൾ ഇന്നു കണ്ടുകിട്ടാൻ പ്രയാസമാണ്. 1048 കുംഭമാസം 15-ാം തീയതി ചൊവ്വാഴ്ച പ്രസിദ്ധീകരിച്ച 'കേരള പതാക' ഉപപത്രത്തിന്റെ ഒരു കോപ്പി ഈ എഴുത്തുകാരന്റെ കൈവശമുണ്ട്. അതിൽ 'നിഖ്യാ സൂനാദോസ്' എന്ന തലക്കെട്ടിൽ എഴുതിയിട്ടുള്ള ലേഖനം 'കോട്ടയത്തു വലിയപള്ളിയിൽ പീലിപ്പോസ് കോർഎപ്പിസ്കോപ്പാ തർജ്ജമ ചെയ്ത് എഴുതുന്നത്' എന്ന് കാണിച്ചിട്ടുണ്ട്. ലേഖനത്തിന്റെ അവസാനഭാഗത്ത് പബ്ലീഷറുടെ പേരുവിവരം കൊടുത്തിട്ടുണ്ട്. അത് ഇപ്രകാരമാണ്: കൊച്ചിയിൽ സെന്തോമസ് അച്ചുകൂടത്തിൽ നിന്നും മുണ്ടപ്പിഴ മാണി യോഹന്നാൻ അച്ചടിച്ചു പ്രസിദ്ധമാക്കുന്നത്" (അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, കേരള പതാക മുതൽ മലങ്കരസഭാ മാസിക വരെ, മലങ്കരസഭ ജൂബിലി സ്മരണിക, 1996, പേജ് 15).

മലയാളത്തിലെ ആദ്യകാല പത്രമാസികകളിൽ ചിലതിന് 'കേരള പതാക ഉപപത്രം' പോലെയുള്ള ഉപപത്രങ്ങൾ ഉണ്ടായിരുന്നുവെന്ന് പത്രപ്രവർത്തന ചരിത്രങ്ങളിൽ കാണുന്നു. 1884-ൽ കൊച്ചിയിൽ നിന്നു പ്രസിദ്ധീകരിച്ച കേരളമിത്രത്തോടൊപ്പം 'കേരള മിത്രോപപത്രം' എന്നൊരു മാസിക കൂടി ദേവ്ജി ഭീമ്ജി പ്രസിദ്ധീകരിച്ചിരുന്നതായി സി. കെ. കരീം പറയുന്നു (പുറം 21). മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ കക്ഷിവഴക്കുകൾ ആരംഭിച്ചപ്പോൾ അതിനെക്കുറിച്ച് പ്രതിപാദിക്കുവാൻ മലയാള മനോരമയും ഇതേരീതിയിൽ 'മനോരമ അവശേഷം' എന്ന പേരിൽ കാതോലിക്കാ വിഭാഗത്തിന് (ഓർത്തഡോക്സ് സഭ) അനുകൂലമായി ഉപപത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. മനോരമ ആഴ്ചയിൽ മൂന്നു ലക്കമാക്കുന്നതിനു മുമ്പും 'അവശേഷം' പ്രസിദ്ധീകരിച്ചിരുന്നു.

പത്രോസ് തൃതീയൻ ബാവാ അന്ത്യോക്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തതു സംബന്ധിച്ച് 'കോട്ടയത്ത് വലിയപള്ളി യിൽ എടവഴിക്കൽ കോറിഎപ്പിസ്ക്കോപ്പാ പീലിപ്പോസിന് വന്ന കല്പന യിലെ സാരം' എന്ന പേരിൽ കേരള പതാകയിൽ വന്ന റിപ്പോർട്ട് കാണുക:

'ശുദ്ധമുള്ള പത്രോസ് ശ്ലീഹായുടെ അനന്തിരവനും കാതോ ലിക്കാ പള്ളിയുടെ വികാരിയുമായ അന്ത്യോഖ്യായുടെ ശുദ്ധമുള്ള രണ്ടാമത്തെ യാക്കോബ് എന്ന് പേരായ മോറാൻ മാർ ഇഗ്നാ ത്തിയോസ് പാത്രിയർക്കീസ് ബാവാ സ്വർഗ്ഗാരോഹണം ചെയ്ത ശേഷം പിന്നീട് ശുദ്ധമുള്ളതും ശ്ലീഹായ്ക്കടുത്തതുമായ ഈ വലിയ സ്ഥാനത്തേയ്ക്ക് ആരെ നിയമിക്കേണ്ടൂ എന്ന് ആലോചി പ്പാനായി ശുദ്ധമുള്ള മെത്രാപ്പോലീത്താമാർ ഉന്നതപ്പെട്ട എപ്പിത്രോ പ്പന്മാർ വൈരാഗികളായ കോർഎപ്പിസ്ക്കോപ്പന്മാർ, വ്രതക്കാരായ റമ്പാന്മാർ, ശോഭയുള്ള ഒനുവായക്കാർ, ഉത്തമന്മാരായ പട്ടക്കാർ, മല്പാന്മാരായ അർക്കദിയോക്കന്മാർ, ഉണർച്ചയുള്ള ശെമ്മാന്മാർ, ബഹുമാനപ്പെട്ട പ്രഭുക്കന്മാർ മുതലായവർ മർദ്ദീൻ പട്ടണത്തിൽ കുർക്കുമാ എന്ന ദയറായിൽ സുന്നഹദോസുകൂടി ആലോചിച്ച തിൽ സുറിയായുടെ പൂനിക്കി എന്ന നഗരത്തിന്റെ പ്രധാന മേല് പട്ടക്കാരനായ പത്രോസ് എന്ന പരിശുദ്ധന്റെ നോമ്പും ഉറക്ക മൊഴിച്ചിൽ, രാപകലുള്ള പ്രാർത്ഥനകൾ, ദരിദ്രന്മാരോടുള്ള സ്നേഹം ഈ വകകളെകൊണ്ടും രക്ഷിതാവായ മശിഹായുടെ സഭയ്ക്കു വേണ്ടി പലപ്പോഴും താൻ സഹിച്ചിട്ടുള്ള പീഡകളെ കൊണ്ടും ഈ വലിയ സ്ഥാനത്തേയ്ക്ക് യോഗ്യനെന്ന് നിശ്ചയിച്ചു. വിവരം അദ്ദേഹത്തെ ഗ്രഹിപ്പിച്ചാറെ മഹത്വമുള്ള ഈ സ്ഥാന ത്തിന് താൻ അയോഗ്യനെന്നും തന്നിൽ നിന്ന് ഇതിനെ ഒഴിക്കണ മെന്നും ഈ പരിശുദ്ധൻ പ്രത്യേകം അപേക്ഷിക്കയാൽ കുറെ താമസത്തിന് ഇട വന്നു പോയി. പിന്നീട് സുന്നഹദോസുകാർ ആദ്യം നിശ്ചയിച്ച നിശ്ചയത്തെ ദൈവത്തിന്റെ തിരുനാമത്താൽ ഒന്നുകൂടി ഉറപ്പിക്കുകയും അവർ എല്ലാവരും കൂടെ ഈ പരിശുദ്ധനെ പാത്രിയർക്കീസ് എന്ന് പേർ വിളിക്കുകയും ചെയ്ത തിനാൽ ഇദ്ദേഹം ദൈവത്തിന്റെ ഇഷ്ടത്തിന് സുന്നഹദോസിന്റെ മുമ്പാകെ തല ചായ്ക്കയും ചെയ്തു. ഉടനെ ഇദ്ദേഹം കുസ്തന്തീ നോസ്പോലീസ് നഗരത്തിൽ പോയി തുർക്കി മഹാരാജാവ് അവർകളുമായി കൂടിക്കാഴ്ചയും കഴിഞ്ഞ് തിരികെവന്ന് ചേരു കയും സ്വർഗ്ഗാരോഹണം ചെയ്ത വലിയ പിതാവായ തന്റെ കാര ണവന്റെ കല്ലറയിൽ പ്രാർത്ഥന കഴിക്കുകയും കുർബ്ബാന ചൊല്ലു

കയും ചെയ്തുകൊണ്ട് ഈ കഴിഞ്ഞ മിഥുന മാസം 4-ന് പെന്തിക്കോസ്തി എന്ന വലിയ പെരുന്നാൾ ദിവസം അന്ത്യോഖ്യായുടെ പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ അനന്തരവനും പ്രധാനാചാര്യനുമായി അഭിഷേകം ചെയ്യപ്പെട്ടു. ശുദ്ധമുള്ള ഈ അഭിഷേകത്തിന്റെ മധ്യത്തിങ്കൽ മാർ കൂറിലോസ് ഗീവറുഗ്ഗീസ് എന്ന മുഖ്യപ്പെട്ട മേല്പട്ടക്കാരൻ പ്രസംഗം പറഞ്ഞു. വാക്യം മത്തായി 16-ാം അധ്യായം 15-ാം വാക്യം; യോഹന്നാൻ 21-ാം അധ്യായം 15-ാം വാക്യം ഇത്യാദി. അവസാനത്തിൽ ശുദ്ധമുള്ള ഈ പുതിയ പിതാവ് പ്രസംഗിച്ചു. 1-ാം കോരിന്തി 15-ാം അധ്യായം 9-ാം വാക്യം. പരിശുദ്ധാത്മാഭിഷേകവും ശുദ്ധ കുർബ്ബാനയും കഴിഞ്ഞശേഷം ഈ ശുദ്ധമുള്ള പിതാവ് പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിൽ കിഴക്കോട്ട് മുഖമായിരുന്ന് സ്വർഗ്ഗത്തിലേക്ക് കൈകളെ ഉയർത്തി. കർത്താവായ മശിഹാ പത്രോസ് ശ്ലീഹായെ ഏല്പിച്ച ചുമതല തന്നെക്കൊണ്ട് കരുണയോടെ നടത്തുവാനായി ആട്ടിൻകുട്ടികളെ ശുദ്ധീകരിക്കുകയും പള്ളാടുകളെ തൊഴുത്തിൽ പ്രവേശിപ്പിക്കുകയും കോലാടുകളെ ശ്ലൈഹിക പഠിത്തം കൊണ്ട് മേയിക്കയും ചെയ്യണമെന്ന് പ്രാർത്ഥിച്ചു. ഉടനെ പടിഞ്ഞാറോട്ട് മുഖമായി ഇരുന്നു. വലതുകൈയിൽ സ്ലീബായും ഇടതുകൈയിൽ അംശവടിയും പിടിച്ചുകൊണ്ട് അപ്പോൾ കൂടെപ്പെട്ടിരുന്ന തന്റെ പ്രജകളെ അനുഗ്രഹിക്കുകയും ചെയ്തു. ഉടൻ കൂടപ്പെട്ടിരുന്ന സകലരും മൂന്നാമത്തെ പത്രോസ് എന്ന് പേരായ ശുദ്ധമുള്ള മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ ഓക്സിയോസ് - ഓക്സിയോസ് - ഓക്സിയോസ് എന്ന് മൂന്നു പ്രാവശ്യം മഹാശബ്ദമായി ചൊല്ലുകയും ചെയ്തു. ഈ വലിയ അഭിഷേകത്തിന് 25,000 ത്തിൽ അധികം ആളുകൾ കൂടിയിരുന്നു എന്നും ഇവരുടെ ഈ ശബ്ദം വളരെ വെള്ളത്തിന്റെ ഇരച്ചൽ പോലെയും യുദ്ധത്തിന് പുറപ്പെടുന്ന കുതിരകളുടെ ശബ്ദം പോലെയും ആയിരുന്നു എന്നും ആലേഫ് എന്ന മലയിലുള്ള മാർ മത്തായിയുടെ ദയറായുടെ തലവനായ മാർ ഏലിയാസ് മെത്രാപ്പോലീത്താ പറയുന്നു. ഇങ്ങനെ ശുദ്ധമുള്ള ഈ അഭിഷേകം നിവൃത്തിക്കപ്പെട്ടു. കൂടിയിരുന്ന കൂട്ടമൊക്കെയും മഹാശബ്ദത്തോടെ ദൈവത്തെ സ്തുതിച്ചുംകൊണ്ട് പിരിയുകയും ചെയ്തു. മുഖ്യന്മാരായ ചില മേല്പട്ടക്കാരും പട്ടക്കാരും ഇന്നും പിരിഞ്ഞിട്ടില്ല. ദൈവകൃപയാൽ ശുദ്ധമുള്ള പ്രധാനാചാര്യൻ മുഖാന്തിരം സുറിയാനിസഭ ഒന്നുംകൂടെ ഉയരപ്പെടുമെന്ന് തുർക്കിദേശത്ത് അന്യരാലും പറയപ്പെടുന്നു. ദൈവം ഈ പരിശുദ്ധന് ദീർഘായുസ്സും തന്റെ പ്രജകൾക്ക് താൻ മുഖാന്തിരം സമാധാന വർദ്ധനവും

യോജിപ്പും കൊടുപ്പാനായി വായനക്കാരും ഞങ്ങളോടു കൂടി പ്രാർത്ഥിപ്പിൻ.

എന്ന് കൊല്ലം 1048-ാമാണ്ട് കന്നി മാസം 10-ന് കോട്ടയത്തു നിന്നും.

(1048 കന്നി മാസം 16-നു തിങ്കളാഴ്ച പ്രസിദ്ധം ചെയ്ത കേരള പതാകയിൽ നിന്നും. *കണ്ടനാട് ഗ്രന്ഥവരി*, കുന്നംകുളം, 2008, പേജ് 184-185)

## പശ്ചിമതാരക - കേരള പതാക

മലങ്കര സുറിയാനി സഭയിലെ ഒരു വിഭാഗം നവീകരണാശയങ്ങളുമായി സ്വന്തം വിശ്വാസാചാരാനുഷ്ഠാനങ്ങളെ ഉപേക്ഷിച്ച് നീങ്ങിയപ്പോൾ അതിനെതിരെ സത്യവിശ്വാസത്തിന്റെ ദൂതുമായി കുന്നംകുളം മുതൽ തിരുവിതാംകോട് വരെ ഓടിനടന്ന് കാര്യങ്ങൾ അന്വേഷിച്ചുവന്ന പുലിക്കോട്ടിൽ തിരുമേനിക്ക് 'കേരള പതാക'യുടെ നടത്തിപ്പിൽ വേണ്ട ശ്രദ്ധ കൊടുക്കാൻ കഴിയാതെ വന്നു. തുടർന്ന് 1864 ഓഗസ്റ്റിൽ ആരംഭിച്ചിരുന്ന പശ്ചിമതാരകയിൽ അതിനെ ലയിപ്പിച്ചു. പശ്ചിമതാരകയെ ഏൽപ്പിച്ചാൽ കേരളപതാക നിലനിന്നുകൊള്ളും എന്ന പുലിക്കോട്ടിൽ തിരുമേനിയുടെ ആഗ്രഹം ആസ്ഥാനത്താക്കിക്കൊണ്ട് പശ്ചിമതാരക - കേരള പതാകയും അധികം താമസിയാതെ പ്രസിദ്ധീകരണ രംഗത്തു നിന്നും പിന്മാറി.

പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രഗ്രന്ഥത്തിൽ 'കേരള പതാക' നിന്നുപോയത് ഒരു നഷ്ടം തന്നെയായിരുന്നു എന്ന് ജീവചരിത്രകാരനായ എം. പി. വർക്കി സങ്കടപ്പെടുന്നുണ്ട്. "1045-ൽ ആരംഭിച്ച (1870) 'കേരള പതാക' മൂലം പലതും സാധിക്കാമായിരുന്നു. എങ്കിലും അന്നത്തെ സ്ഥിതിക്കു ആ പത്രം നിന്നുപോകാതെ നിവൃത്തിയില്ലായിരുന്നു" (പേജ് 136). സാമ്പത്തിക ബുദ്ധിമുട്ടും പത്രം നിന്നുപോകാൻ ഒരു കാരണമായിരുന്നു. നവീകരണക്കാരുമായി കേസു നടത്താൻ പണമില്ലാതെ സ്വർണ്ണ സ്ലീബായും അംശവടിയും മറ്റും ആലപ്പുഴ കൊണ്ടുപോയി പണയപ്പെടുത്തി കേസു നടത്തിപ്പിന് കാശുണ്ടാക്കിയിരുന്ന മെത്രാപ്പോലീത്താ ആ ബദ്ധപ്പാടിൽ പത്രപ്രവർത്തനരംഗത്തു നിന്നും തൽക്കാലം പിന്മാറി.

## സത്യനാദ കാഹളം

പശ്ചിമതാരക, കേരള പതാക പത്രങ്ങൾ ഓർത്തഡോക്സ് സുറിയാനിക്കാരുടെ പക്ഷത്തായിരുന്നു. കത്തോലിക്കാ സഭയെയും പോപ്പിനെയും നിശിതമായി വിമർശിച്ചുകൊണ്ടു നിരവധി ലേഖനങ്ങൾ ഈ പത്രങ്ങളിൽ എഴുതിയിരുന്നു. ഇത് കത്തോലിക്കാ സഭാംഗങ്ങളിൽ

ഖേദവും അമർഷവും ഉളവാക്കി. ഒടുവിൽ പ്രതിരോധത്തിനായി 1876-ൽ 'സത്യനാദ കാഹളം' ആരംഭിക്കപ്പെട്ടു. "അകത്തോലിക്കരുടെ നേതൃത്വത്തിലും നടത്തിപ്പിലുമുള്ള പത്രമാസികകൾ സംയുക്തമായിത്തന്നെ കത്തോലിക്കാ വിരുദ്ധ പ്രചരണം നടത്തിയപ്പോൾ സത്യത്തിന്റെ നാദവും കാഹളവുമായാണ് ഡോ. മർസലീനോസിന്റെ നേതൃത്വത്തിലും പിന്തുണയിലും 'സദ്യനാദ കാഹളം' പ്രത്യക്ഷപ്പെട്ടതെന്ന്" എം. ഒ. ജോസഫ് നെടുങ്കുന്നം എഴുതിയിരിക്കുന്നു (*ക്രൈസ്തവ വിജ്ഞാനകോശം*, ആലപ്പുഴ, 1975, പേജ് 518).

മലയാളത്തിലെ ആദ്യകാല പത്രങ്ങൾ ഭൂരിപക്ഷവും സാമുദായിക പിന്തുണയോടെ പുറത്തു വന്നവയാണെന്ന് ഈ പ്രസ്താവന ചൂണ്ടിക്കാണിക്കുന്നു.

## നസ്രാണി ദീപിക

1887 ഏപ്രിൽ 15-നു മാന്നാനത്തു നിന്നും പ്രസിദ്ധീകരിച്ചു തുടങ്ങിയ 'നസ്രാണി ദീപിക'യാണ് ഇന്ന് 'ദീപിക' എന്ന പേരിൽ അറിയപ്പെടുന്ന പത്രം. 'സുറിയാനിക്കാരുടെ വകയായി' ഒരു വർത്തമാനപത്രം ആരംഭിക്കണമെന്ന് കത്തോലിക്കാ - ഓർത്തഡോക്സ് സഭാംഗങ്ങളുടെ സംയുക്ത എക്യുമെനിക്കൽ വേദിയായി 1880-നോടടുത്ത് ആരംഭിച്ച നസ്രാണി ജാത്യൈക്യ സംഘത്തിന്റെ നേതാക്കൾ ചിന്തിച്ചതിന്റെ ഫലമായിരുന്നു നസ്രാണി ദീപിക. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കത്തോലിക്കാ സഭയിലെ സീറോ മലബാർ റീത്തിൽപെട്ട നിധീരിക്കൽ മാണിക്കത്തനാരും ചേർന്ന് ആരംഭിച്ച നസ്രാണി ജാത്യൈക്യ സംഘം കോട്ടയം പട്ടണത്തിൽ സ്ഥലം വാങ്ങിക്കുകയും (ഇപ്പോഴത്തെ എം. ഡി. സെമിനാരി വസ്തു) ഒരു സ്കൂൾ തുടങ്ങാൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. 'കേരള പതാക' എന്ന പത്രം അകാലത്തിൽ പൊലിഞ്ഞുവെങ്കിലും പത്രപ്രവർത്തനത്തോട് അടങ്ങാത്ത ആവേശവും ഒരു പത്രപ്രസിദ്ധീകരണം വഴി നേടാവുന്ന കാര്യങ്ങളെക്കുറിച്ച് അറിവുമുണ്ടായിരുന്ന ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, ജാത്യൈക്യ സംഘത്തിന്റെ പ്രവർത്തനങ്ങളെ ഇരു സഭകളിലേയും വിശ്വാസികളിലേക്ക് എത്തിക്കുവാനാണ് വീണ്ടുമൊരു പത്രപ്രസിദ്ധീകരണത്തെക്കുറിച്ച് ആലോചിച്ചു തുടങ്ങിയത്. തന്റെ ആത്മമിത്രമായ മാണിക്കത്തനാരുടെ ചുമതലയിൽ മാന്നാനത്തുള്ള സെന്റ് ജോസഫ് പ്രസ്സിൽ നിന്നും പത്രം അച്ചടിച്ചു പ്രസിദ്ധീകരിക്കാമെന്ന് അദ്ദേഹം കണക്കുകൂട്ടി.

പത്രം മാന്നാനം പ്രസ്സിൽ നിന്നും അച്ചടിച്ചു തുടങ്ങുന്നതിനുള്ള അനുവാദത്തിനായി മുപ്പതിൽപരം കത്തോലിക്കാ വൈദികരും പാറായിൽ

വർക്കി അവിരാ തരകൻ, ഒല്ലൂർ കള്ളിയത്തു പൊറിഞ്ചു എന്നീ അൽമായ നേതാക്കളും ചേർന്ന് 1886 ഡിസംബർ 10-നു വരാപ്പുഴ മെത്രാൻ ഡോ. മർസലിനോസിനു സമർപ്പിച്ച അപേക്ഷയിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു: "ഇപ്പോൾ പഴയകൂറ്റുകാരായ ഞങ്ങളും പുത്തൻകൂറ്റുകാരും കൂടി ആരംഭിച്ചിരിക്കുന്ന നസ്രാണി ജാത്യൈക്യ സംഘത്തിന്റെയും ആ സംഘം വക സ്ഥാപിക്കുവാൻ പോകുന്ന സ്കൂൾ മുതലായവയുടെയും ഗുണങ്ങളെ പൊതുവിൽ ജനങ്ങളെ ധരിപ്പിക്കുന്നതിനും മറ്റും സംഘം വകയായി ഒരു വർത്തമാന കടലാസുണ്ടാകണമെന്നു മേല്പടി സംഘത്തിന്റെ മേൽ നടത്തിപ്പിനു താല്പര്യക്കാരായ എല്ലാവരും ആഗ്രഹിക്കുന്നു." ഈ അഭ്യർത്ഥന അനുസരിച്ചു വരാപ്പുഴ മെത്രാപ്പോലീത്തായുടെ അനുവാദം ലഭിച്ചശേഷം തുടങ്ങിയ പത്രത്തിനു നസ്രാണി ജാത്യൈക്യ സംഘത്തിന്റെ മുഖപത്രം എന്ന നിലയ്ക്ക് 'നസ്രാണി ദീപിക' എന്നാണ് പേര് കൊടുത്തത്. നിധീരിക്കൽ മാണിക്കത്തനാർ തന്നെയായിരുന്നു പ്രഥമ മാനേജിംഗ് എഡിറ്റർ.

സുറിയാനി ക്രിസ്ത്യാനികളുടെ സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ നേട്ടം ലക്ഷ്യമാക്കിയായിരുന്നു 'നസ്രാണി ദീപിക' ആരംഭിച്ചതെങ്കിലും പൊതുവിൽ കേരളീയ ജനതയുടെ (പ്രത്യേകിച്ചും തിരുവിതാംകൂറിലെ ജനങ്ങളുടെ) സാമുദായികവും രാഷ്ട്രീയവും സാഹിത്യപരവും മറ്റുമായ കാര്യങ്ങളിലും നസ്രാണി ദീപിക സവിശേഷ ശ്രദ്ധ പതിപ്പിച്ചുപോന്നിരുന്നു. കത്തോലിക്കാ - ഓർത്തഡോക്സ് എക്യുമെനിക്കൽ സഹകരണത്തെ ഭയപ്പെട്ട റോമാ പാപ്പാ, നസ്രാണി ജാത്യൈക്യ സംഘവുമായി സഹകരിക്കുന്നതിൽ നിന്നും കത്തോലിക്കാ സഭാംഗങ്ങളെ വിലക്കിയതോടെ ജാത്യൈക്യ സംഘത്തിന്റെ മുഖപത്രം എന്ന സ്ഥിതിയിൽ നിന്ന് നസ്രാണി ദീപിക മാന്നാനം സെന്റ് ജോസഫ് പ്രസ്സിൽ നിന്ന് കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു പത്രം എന്ന നിലയിലേക്ക് മാറി.

1927-ൽ ദിനപത്രമാക്കിയെങ്കിലും മൂന്നു കൊല്ലങ്ങൾക്കു ശേഷം വീണ്ടും വാരികയായിട്ടാണ് പ്രസിദ്ധീകരിച്ചു പോന്നത്. 1938-ൽ കോട്ടയത്തേക്കു പ്രസിദ്ധീകരണം മാറ്റിയതോടെ പേര് 'ദീപിക' എന്ന് ചുരുക്കുകയും ദിനപത്രമായി ഉയർത്തുകയും ചെയ്തു. കേരളത്തിലെ പ്രമുഖ പത്രങ്ങളിലൊന്നായി ശതാബ്ദി പിന്നിട്ട 'ദീപിക' ഇന്നും പരിലസിക്കുന്നു.

### മനോരമയുടെ രൂപീകരണം

നസ്രാണി ദീപിക കത്തോലിക്കാസഭയുടെ പത്രമായി മാറിയതോടെയാണ് ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ നേതൃത്വത്തിൽ ഒരു പൊതുവൃത്താന്ത പത്രം ആരംഭിക്കണമെന്ന ചിന്ത പുലിക്കോട്ടിൽ മെത്രാപ്പോലീത്തായ്ക്കും ചില അൽമായ നേതാക്കന്മാർക്കും ഉണ്ടായത്.

കുന്നുംപുറത്ത്, ഇടവഴിക്കൽ തുടങ്ങിയ കോട്ടയത്തെ പ്രമുഖ സുറിയാനി ക്രിസ്ത്യാനി കുടുംബങ്ങളിലെ വിവിധ രംഗങ്ങളിൽ പ്രശോഭിച്ചിരുന്ന നേതാക്കൾ താഴത്തങ്ങാടിയിൽ സായാഹ്നങ്ങളിൽ ഒത്തുചേർന്ന് രാജ്യകാര്യങ്ങളും സഭാകാര്യങ്ങളും ചർച്ച ചെയ്തിരുന്നു. ഈ സായാഹ്ന സമ്മേളനങ്ങളിൽ നിന്നും ഉയർന്നുവന്ന ഒരു ആശയമായിരുന്നു കോട്ടയത്തു നിന്നും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് മുൻതൂക്കം ലഭിക്കത്തക്കവിധമുള്ള ഒരു പത്രം തുടങ്ങുക എന്നത്. പ്രമുഖ വ്യവസായിയും വെസ്റ്റേൺ സ്റ്റാർ, പശ്ചിമതാരക എന്നീ പത്രങ്ങളുടെ ഉടമയുമായിരുന്ന കുന്നുംപുറത്ത് കുര്യൻ റൈട്ടർ, പശ്ചിമതാരക - കേരളപതാകയുടെ പത്രാധിപരായി കുറച്ചുനാൾ ജോലി ചെയ്ത ഇടവഴിക്കൽ ഇ. എം. ഫിലിപ്പോസ് തുടങ്ങിയവർ ഈ ആശയത്തിനു പിൻബലം നൽകിയതായി കുന്നുംപുറത്ത് കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒരു കയ്യെഴുത്ത് ചരിത്രത്തിൽ പറയുന്നു.

പുലിക്കോട്ടിൽ തിരുമേനിയുടെ വ്യവഹാര കാര്യസ്ഥനായിരുന്ന ഇടവഴിക്കൽ ഇ. എം. ഫീലിപ്പോസ് ഈ ആശയം മെത്രാപ്പോലീത്തായുമായി പങ്കുവയ്ക്കുകയും അദ്ദേഹം അതിനെ പ്രോത്സാഹിപ്പിക്കുകയും ഇ. എം. ഫീലിപ്പോസ് അതിന്റെ പത്രാധിപത്യമേൽക്കണമെന്ന് നിർബ്ബന്ധിക്കുകയും ചെയ്തു. ഫീലിപ്പോസ് പത്രാധിപത്യമേൽക്കാൻ വിസമ്മതം പറഞ്ഞപ്പോൾ അതിനു പറ്റിയ ഒരാളെ കണ്ടെത്തുവാൻ മെത്രാപ്പോലീത്താ ആവശ്യപ്പെടുകയും സ്വന്ത നിലയ്ക്ക് അന്വേഷിക്കുകയും ചെയ്തു. ആ അന്വേഷണം ചെന്നുനിന്നത് കൊച്ചിയിൽ 'കേരള മിത്രം' പത്രത്തിന്റെ പത്രാധിപരായി 1881 മുതൽ ഒരു വർഷത്തിലധികം പ്രവർത്തിച്ച് പത്രപ്രവർത്തന പരിചയം നേടിയ 24 വയസ്സുകാരനായ കണ്ടത്തിൽ കെ. ഐ. വർഗീസ് മാപ്പിള എന്ന യുവാവിലാണ്. മേൽപറഞ്ഞ കാര്യങ്ങളെ പിൻതുണയ്ക്കുന്നതാണ് സി. കെ. കരീം എഴുതിയിരിക്കുന്ന ഈ വാചകങ്ങൾ: “കേരളത്തിലെ സാഹിത്യ സാംസ്ക്കാരിക രംഗങ്ങളിൽ മഹത്തായ നേട്ടങ്ങൾ കൊണ്ട് സാംസ്ക്കാരിക കേരളത്തെ ധന്യമാക്കിയ 'മലയാള മനോരമ'യുടെ പിറവിക്കാധാരമായ മലയാള മനോരമ കമ്പനിയുടെ ആവിർഭാവം യാദൃച്ഛിക സംഭവമായിരുന്നില്ല. നീണ്ട കാലത്തെ ആലോചനയുടെയും മാനസിക സംഘർഷത്തിന്റെയും ഫലമായിട്ടാണ് ഈ സാഹസിക സംരംഭത്തിന് കണ്ടത്തിൽ വർഗീസ് മാപ്പിള തുനിഞ്ഞത്.” (*മലയാളത്തിന്റെ മഹാവൃക്ഷം*, പേജ് 31-32).

24 വയസ്സുകാരനായ കണ്ടത്തിൽ വർഗീസ് മാപ്പിള സ്വന്ത നിലയ്ക്ക് മുൻകയ്യെടുത്ത് മനോരമ കമ്പനി സ്ഥാപിക്കുകയും പത്രം തുടങ്ങുകയും ചെയ്തു എന്നാണ് മലയാള പത്രപ്രവർത്തന ചരിത്രങ്ങളിൽ കാണുന്നതെങ്കിലും കേരളത്തിലെ അന്നത്തെ സാഹിത്യ സാംസ്ക്കാരിക പത്ര

പ്രവർത്തന സാമൂഹ്യ സാഹചര്യം പരിഗണിക്കുമ്പോൾ ആ പ്രസ്താവന പൂർണ്ണമായി ശരിയാണെന്ന് പറയുക വയ്യ. ഏതെങ്കിലും ഒരു സമുദായത്തിന്റെയോ ധനാഢ്യന്റെയോ പിൻബലമില്ലാതെ ഒരു പത്രം അന്നു തുടങ്ങുക അസാദ്ധ്യമായിരുന്നു. നവീകരണക്കാരുമായുള്ള വ്യവഹാരങ്ങൾക്കായി പണമില്ലാതെ വലഞ്ഞിരുന്ന പുലിക്കോട്ടിൽ മെത്രാപ്പോലീത്താ, അതിനിടയിലും പല നൂതന സംരംഭങ്ങൾ ആരംഭിക്കുകയും അഞ്ചു പെറ്റി സെമിനാരികൾ, അനേകം സ്കൂളുകൾ എന്നിവ തുടങ്ങുകയും ചെയ്തിരുന്നു. താൻ ആരംഭിക്കുന്ന സംരംഭങ്ങളുടെയെല്ലാം ചുമതല അതിനു പറ്റിയ ഒരാളെ കണ്ടെത്തി ഏൽപ്പിക്കുകയായിരുന്നു മെത്രാപ്പോലീത്തായുടെ രീതി. അങ്ങനെ ചുമതല ഏറ്റെടുക്കുന്ന വ്യക്തി പണം കണ്ടെത്തി ആ സംരംഭം നടത്തിക്കൊണ്ടുപോകണമെന്നാണ് മെത്രാപ്പോലീത്താ പ്രതീക്ഷിക്കുന്നത്. (ഇ. എം. ഫീലിപ്പോസിനെ മലങ്കര ഇടവകപത്രികയുടെ ചുമതല ഏല്പിച്ച രസകരമായ ചരിത്രം അറിയുവാൻ മലങ്കരസഭയുടെ രഹസ്യപേടകം, പേജ് 79-80 കാണുക). വേണ്ടത്ര പിൻതുണയും, പണം പിരിക്കാൻവേണ്ടി സംരംഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന കല്പനയും മെത്രാപ്പോലീത്താ നൽകും. മെത്രാപ്പോലീത്തായുടെ ജീവിതകാലത്ത് ആരംഭിച്ച 250-തിലേറെ സ്കൂളുകളും 5 മൈനർ സെമിനാരികളും ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പ്രസിദ്ധീകരണങ്ങളും, ഓർത്തഡോക്സ് സെമിനാരിയിലെ മാർത്തോമസ്സ് അച്ചുകൂടവുമെല്ലാം ഈയൊരു പ്രവർത്തനരീതിയിലാണ് അദ്ദേഹം ആരംഭിച്ചു നടത്തിക്കൊണ്ടു പോന്നത്. ഈ പ്രവർത്തനരീതി തന്നെയാണ് 'മലയാള മനോരമ'യുടെ കാര്യത്തിലും പ്രാവർത്തികമാക്കിയത്. സഭാനേതാക്കൾ പ്രതീക്ഷിച്ചതരത്തിൽ ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് പ്രാമുഖ്യം നൽകാൻ വറുഗീസ് മാപ്പിളയുടെയും മാമ്മൻ മാപ്പിളയുടെയും കാലത്ത് മനോരമ ശ്രമിച്ചിരുന്നു എന്ന കാര്യവും, സഭാവഴക്കുകൾ ഉണ്ടായ കാലത്ത് കാതോലിക്കാ ഭാഗത്തിന് അനുകൂലമായി നിൽക്കുകയും പ്രത്യേക ഉപപത്രങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു എന്ന വസ്തുതയും ഇവിടെ ഓർക്കാവുന്നതാണ്.

### മലയാള മനോരമ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ, കണ്ടത്തിൽ വർഗീസ് മാപ്പിള, ഇ. എം. ഫീലിപ്പോസ് എന്നീ മൂന്നു അതികായന്മാരുടെ ശ്രമഫലമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് മുൻതൂക്കം ലഭിക്കത്തക്കവിധമുള്ള ഒരു പത്രം തുടങ്ങുക എന്ന ചിന്തയിൽ നിന്നു രൂപംകൊണ്ടതാണ് മലയാള മനോരമ. "മലയാളത്തിൽ അർഹങ്ങളായ എല്ലാ വിഷയങ്ങളെപ്പറ്റിയും സ്വാതന്ത്ര്യത്തോടുകൂടിയും പക്ഷപാതം കൂടാതെയും എങ്കിലും എല്ലാ ജന

സമുദായങ്ങളേയും പ്രത്യേകം ക്രിസ്ത്യാനി സഭകളേയും കോയ്മക ളേയും കുറിച്ച് ആദരവോടു കൂടിയും വ്യവഹരിക്കുന്ന ഒരു വർത്തമാന പത്രിക"യായിട്ടാണ് മനോരമയെ കേരളീയരുടെ മുമ്പിൽ ഇവർ അവത രിപ്പിച്ചത്. മലയാള മനോരമ കമ്പനിയുടെ ആകെയുണ്ടായിരുന്ന പതി നാറ് ഷെയറുകളിൽ നാലെണ്ണം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എടുത്തു. മനോരമയുടെ കൂട്ടു യാദാസ്തിൽ (പാർട്ട്ണർഷിപ്പ് ഡീഡ്) 14 ഓഹരികളിൽ 4 എണ്ണം മെത്രാപ്പോലീത്താ എടുത്തതായിയാണ് കാണു ന്നത് (മനോരമയുടെ 60-ാം പിറന്നാളിന് പ്രസിദ്ധീകരിച്ച സുവനീർ കാണുക). എന്നാൽ മനോരമയുടെ ശതാബ്ദി സുവനീറിൽ "ഏഴ് ഓഹ രികളെടുക്കുകയും തന്റെ വക ബംഗ്ലാവ് മനോരമ കമ്പനിയുടെ പ്രവർത്ത നത്തിനു വിട്ടുകൊടുക്കുകയും ചെയ്തു മെത്രാപ്പോലീത്താ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

25 രൂപ മുടക്കി ഒരു ഓഹരി എടുക്കാൻപോലും ആളെ കിട്ടാത്ത കാലമായിരുന്നു അത്. മനോരമയുടെ ബാലാരിഷ്ടതകൾ കണ്ട് ആദ്യ മെടുത്ത 4 ഓഹരികൾ കൂടാതെ, മൂന്ന് ഓഹരികൾ കൂടെ മെത്രാപ്പോ ലീത്താ എടുത്തുവെന്നാണ് വിചാരിക്കേണ്ടത്. മനോരമ കമ്പനിയിലേക്ക് ഓഹരിക്കാരെ ക്ഷണിച്ചുകൊണ്ട് കണ്ടത്തിൽ വർഗീസ് മാപ്പിള പ്രസി ദ്ധപ്പെടുത്തിയ പരസ്യം കാണുക: "പ്രതിഷ്ഠാപന പരസ്യം: മലയാളത്തു സ്വദേശികളുടെ വകയായി ഒരു നല്ല അച്ചടിശാലയും തിരുവിതാംകോട്ടു ജാതിമതാദി പക്ഷപാതം കൂടാതെയുള്ള വർത്തമാനപത്രവും കൂട്ടുകച്ച വടയോഗങ്ങളിൽ മുതൽമുടക്കി ആദായമുണ്ടാക്കുന്ന സമ്പ്രദായവും നട ത്തിക്കാണിപ്പാനായി ഈ കമ്പനി കൂട്ടീട്ടുള്ളതും കമ്പനി ആക്ടിൻ പ്രകാരം ഓഹരിക്കാരുടെ ബാധ്യത ക്ലിപ്തപ്പെടുത്തി മുറയ്ക്കു രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു. ഈ കമ്പനിയിൽ 26 ഓഹരികളിൽ അധികം ഇനിയും പേരിൽ പതിയുവാനില്ലാത്തതിനാൽ അപേക്ഷയുള്ള ആളുകൾ ഉടനെ ഒന്നാം തവണയ്ക്കുള്ള 25 രൂപയോടു കാര്യസ്ഥന്റെ പേർക്ക് എഴുതി അയക്കേണ്ടതാകുന്നു" (മലയാള മനോരമ, 1890 മെയ് 24).

മനോരമ കമ്പനിയും പുലിക്കോട്ടിൽ തിരുമേനിയും തമ്മിലുള്ള ബന്ധ ത്തെപ്പറ്റി വർഗ്ഗീസ് മാപ്പിള എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: "... വിശേഷിച്ചും ഈ കമ്പനിയെക്കുറിച്ച് ആദ്യമായി ആലോചിച്ച് തുട ങ്ങിയതു മുതൽ ഇതേവരെ ഇതിന്റെ അഭിവൃദ്ധിക്കായി നടത്തിപ്പുകാരെ അനേകവിധത്തിൽ പ്രോത്സാഹനം ചെയ്കയും താൻ തന്നെ ഏഴ് ഓഹ രികൾ പേരിൽ പതിക്കുകയും തന്റെ വകയായ ബംഗ്ലാവ് കമ്പനിയുടെ വേല നടത്തുന്നതിലേക്കായി വിട്ടുതരികയും മറ്റും ചെയ്തിരിക്കുന്ന നിതാന്ത വന്ദ്യ ദിവ്യശ്രീ മലയാളത്തിന്റെ മാർ ദീവന്നാസ്യോസ് മെത്രാ പ്പോലീത്താ തിരുമനസിലെ ദയവ് ഈ കമ്പനിയുള്ള കാലത്തോളം മറന്ന് കൂടുന്നതല്ല" (മനോരമയുടെ ചരിത്രം, ഷഷ്ട്യബ്ദപൂർത്തി ഗ്രന്ഥം, 1950).

മലയാള മനോരമയുടെ സ്ഥാപനത്തിൽ പുലിക്കോട്ടിൽ തിരുമേനിക്കുള്ള പങ്കിനെക്കുറിച്ച് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ ജീവചരിത്രത്തിൽ ഇങ്ങനെ പറയുന്നു: "ക്രൈസ്തവ മതാദ്ധ്യക്ഷന്മാരുടെ വകയായിട്ടല്ലാതെ അതുവരെ തിരുവിതാംകൂറിൽ ഒരു പത്രവും ഇല്ലാതിരുന്നതുകൊണ്ടും, കോട്ടയത്തു ക്രൈസ്തവർക്കിടയിൽ തെക്കും ഭാഗക്കാരെന്നും വടക്കുംഭാഗക്കാരെന്നും രണ്ടു വിഭാഗമുണ്ടായിരുന്നതിൽ, വടക്കുംഭാഗക്കാർക്ക് വേറെ പത്രമൊന്നും ഇല്ലാതിരുന്നതുകൊണ്ടും, മനോരമ കമ്പനി രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും മറ്റും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആത്മാർത്ഥമായി സഹകരിച്ചിരുന്നതുകൊണ്ടും, വടക്കുംഭാഗക്കാരിൽപ്പെട്ട വറുഗീസ് മാപ്പിള 'മനോരമ' ആരംഭിച്ചപ്പോൾ അതും മതവിഷയകമായ ഒരു പത്രമായിരിക്കുമെന്നാണ് ഹിന്ദുക്കൾ സ്വാഭാവികമായി വിചാരിച്ചുപോയത്" (*കണ്ടത്തിൽ വർഗീസ് മാപ്പിള*, എ. ഡി. ഹരിശർമ്മ, എറണാകുളം, 1951, പുറം 44).

നസ്രാണി ജാത്യൈക്യ സംഘത്തിനു സ്കൂൾ തുടങ്ങാനായി കോട്ടയം പട്ടണത്തിൽ വാങ്ങിയ സ്ഥലത്ത് (ഇപ്പോഴത്തെ എം. ഡി. സെമിനാരി കോമ്പൗണ്ട്) ഉണ്ടായിരുന്ന ബംഗ്ലാവ് മനോരമ നടത്താനായി മെത്രാപ്പോലീത്താ വിട്ടുകൊടുത്തു. ഒരു പ്രതിവാര പത്രമായി 1065 മീനം 10 (1890 മാർച്ച് 22) ശനിയാഴ്ച തിരുനക്കര ക്ഷേത്രത്തിലെ ആറാട്ട് ദിവസം മനോരമയുടെ ആദ്യലക്കം പുറത്തുവന്നു.

സാമൂഹ്യ അസമത്വങ്ങളെ സംബന്ധിച്ച മനോരമയുടെ കാഴ്ചപ്പാട് ആദ്യ ലക്കത്തിൽ തന്നെ പ്രതിഫലിച്ചു. പുലയർക്കു വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയായിരുന്നു ആദ്യത്തെ മുഖപ്രസംഗം. ഭരണപരമായി മൂന്നായി വിഭജിക്കപ്പെട്ടു കിടന്നിരുന്നുവെങ്കിലും എല്ലായിടത്തുമുള്ള മലയാള കവികളെയും എഴുത്തുകാരെയും ഒരുമിച്ച് അണിനിരത്തിക്കൊണ്ട് ഏക കേരളമെന്ന മോഹനസങ്കല്പത്തിനും മനോരമ രൂപംനൽകി.

കേരളത്തിൽ പ്രധാനമായും മിഷനറിമാരുടെ വേദപ്രചാരണവേദിയായി പൊന്തിവന്ന പത്രപ്രവർത്തനരംഗം ഒരു പുതിയ പാതയിലേക്ക് അതിവേഗം നീങ്ങിത്തുടങ്ങി. വാർത്താവിതരണവും രാജ്യകാര്യ വിചാരവും സാഹിത്യ പ്രകാശനവും പത്രപ്രവർത്തനത്തിന്റെ മുഖ്യധാരകളായി. മനോരമ സാഹിത്യത്തിനു നൽകിയ പ്രാമുഖ്യം ഈ രംഗത്തുണ്ടാക്കിയ ചലനവും ചൈതന്യവും ഒരു പുതിയ കാലഘട്ടത്തിനു കവാടം തുറന്നു കൊടുത്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അറിയപ്പെടാതെ നിശ്ശബ്ദരായി ചിതറിക്കിടന്നു സാഹതീസപര്യ നടത്തിപ്പോന്ന ഒട്ടേറെ സർഗധനന്മാർക്കു ചേക്കാറാനുള്ള കൂടാരമായിത്തീർന്നു മനോരമ (മനോരമ ശതാബ്ദി സുവനീർ, പേജ് 10).

മലയാള മനോരമയുടെ പ്രാരംഭകാലത്തെ മലയാള പത്രപ്രവർത്തന സാഹചര്യം 'മലയാളത്തിന്റെ മഹാവൃക്ഷം' എന്ന ഗ്രന്ഥത്തിൽ സി. കെ. കരീം ഇങ്ങനെ വിവരിക്കുന്നു: "അക്കാലത്ത് ബുധനാഴ്ചയും ശനിയാഴ്ചയുമായി ആഴ്ചയിൽ രണ്ടു വീതം പ്രസിദ്ധീകരിച്ചിരുന്ന 'മലയാള മനോരമ'യ്ക്ക് ആറു പുറങ്ങൾ മാത്രമാണുണ്ടായിരുന്നത്. വരിക്കാരാകട്ടെ ആയിരത്തിൽ താഴെയും. വാർഷിക വരിസംഖ്യ ആറു രൂപയായിരുന്നു. എന്നിട്ടും പത്രത്തിനുവേണ്ടി ആ തുക പോലും ചിലവഴിക്കുവാൻ വളരെ ദുർലഭം പേരെ ഉണ്ടായിരുന്നുള്ളൂ. പ്രാഥമിക പാഠശാല അദ്ധ്യാപകന് രണ്ടു രൂപ മാത്രം പ്രതിഫലം കിട്ടിയിരുന്ന അക്കാലത്ത്, ആറു രൂപ വാർഷിക വരിസംഖ്യ അടച്ചു പത്രം വാങ്ങുന്നവർ കുറഞ്ഞതിൽ അതിശയിക്കുവാനില്ലല്ലോ. അല്പസ്വല്പം ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവരാകട്ടെ മലയാളത്തിനു പകരം ഇംഗ്ലീഷ് വാരികകളെ ആശ്രയിക്കുകയായിരുന്നു പതിവ്. അത് അന്തസ്സിന്റെ ഭാഗമായി കണക്കാക്കിയുമിരുന്നു. ഇന്നത്തെപ്പോലെ വാർത്തകൾ അറിയുവാനും സാഹിത്യപരമായ നേട്ടങ്ങൾ ഉണ്ടാക്കുവാനും ഔത്സുക്യം കാണിച്ചിരുന്നവർ തുലോം തുച്ഛവും. അക്ഷരാഭ്യാസം ലഭിച്ചിരുന്നവർ തന്നെ ജനങ്ങളിൽ അഞ്ചു ശതമാനം പോലും ഉണ്ടായിരുന്നില്ല. വായനാ താൽപര്യമുള്ളവരാകട്ടെ കാശുമുടക്കി പത്രം വാങ്ങാനുള്ള കഴിവോ സന്നദ്ധതയോ ഇല്ലാത്തവരുമായിരുന്നു. അത്തരം പ്രതികൂല പരിതസ്ഥിതിയിൽ പത്രം അടിച്ചിറക്കുക എന്ന ശ്രമകരമായ പ്രവൃത്തി സാമ്പത്തിക പരാധീനതകൾ വിളിച്ചുവരുത്തുമെന്നതു തീർച്ച തന്നെ. പത്രത്തിന്റെ വരുമാനം കൊണ്ടു ജീവിച്ചു പോകാൻ സാധിക്കുമെന്ന് അക്കാലത്ത് ആരും കരുതിയിരുന്നില്ല. ജീവിതം കൊണ്ടുള്ള ഒരു പന്താട്ടമായിരുന്നു പത്രപ്രവർത്തനരംഗം. അത്തരം വെല്ലുവിളിയെ സുധീരം നേരിടുവാൻ തയ്യാറാവുക ആദർശനിഷ്ഠമായ അർപ്പണബുദ്ധികൾക്കു മാത്രമേ സാധ്യമാകുകയുള്ളു. ഫലം അനിശ്ചിതവും അസ്ഥിരവുമായ ഈ യജ്ഞത്തിനു തയ്യാറാവാൻ ആദർശപ്രേരിതവും കർമ്മോന്മുഖവുമായ മനഃസ്ഥിതിയുള്ളവർക്കേ കഴിയുമായിരുന്നുള്ളൂ" (പേജ് 95).

കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ 47-ാം വയസ്സിലെ അകാല നിര്യാണത്തെ (1904) തുടർന്ന് കണ്ടത്തിൽ മാത്തുള്ള മാപ്പിള പത്രാധിപരായി ചുമതലയേറ്റു. അതിനുശേഷം 5 വർഷം കഴിഞ്ഞാണ് എം. ഡി. സെമിനാരിയിലെ ജോലി പൂർണ്ണമായും ഉപേക്ഷിച്ച് മാമ്മൻ മാപ്പിള പത്രാധിപരായി രംഗത്തു വന്നത്. എം. ഡി. സെമിനാരിയിലെ ഹെഡ്മാസ്റ്റർ ഉദ്യോഗത്തിന്റെ സാമ്പത്തിക സുരക്ഷ ഇല്ലാതാക്കി അദ്ദേഹത്തെ മനോരമയുടെ നേതൃത്വത്തിലേക്ക് കൊണ്ടുവന്നതിൽ പുലിക്കോട്ടിൽ തിരുമേനിയും ഇ. എം. ഫീലിപ്പോസും നിർണ്ണായകപങ്ക് വഹിച്ചു. മനോരമയുടെ ബാല്യകാലത്തു തന്നെയുണ്ടായ വൻ പ്രതിസന്ധിയിൽ നിന്നും

പത്രത്തെ കൈപിടിച്ചുയർത്താനായിരുന്നു മാമ്മൻ മാപ്പിളയെ പൂർണ്ണ സമയ പത്രാധിപരായി അവതരിപ്പിച്ചത്. ഏഴ് ഓഹരികൾ കൈവശമുള്ള മെത്രാപ്പോലീത്താ അതിൽനിന്ന് ഒരു ഓഹരി തന്റെ വിശ്വസ്തനും സമുദായ സെക്രട്ടറിയുമായിരുന്ന ഇ. എം. ഫീലിപ്പോസിനു നൽകി അദ്ദേഹത്തെ ഡയറക്ടർ ബോർഡ് യോഗത്തിൽ അദ്ധ്യക്ഷനായി പങ്കെടുപ്പിക്കുകയും, അന്ന് എം. ഡി. സ്കൂൾ ഹെഡ്മാസ്റ്ററായും അതോടൊപ്പം മനോരമയിൽ വർഗീസ് മാപ്പിളയുടെ സഹായിയായും പ്രവർത്തിച്ചിരുന്ന കെ. സി. മാമ്മൻ മാപ്പിളയെ പത്രാധിപസ്ഥാനത്തേക്ക് തിരഞ്ഞെടുപ്പിക്കുകയുമാണ് ഉണ്ടായത് (മലങ്കരസഭയുടെ രഹസ്യപേടകം, പേജ് 118-119). സ്വസമുദായത്തെ എന്തിനെക്കാളുമേറെ സ്നേഹിച്ച, വെറുമൊരു അദ്ധ്യാപകൻ മാത്രമായിരുന്ന കെ. സി. മാമ്മൻമാപ്പിളയെ പത്രാധിപത്യമേൽപ്പിച്ചപ്പോൾ മെത്രാപ്പോലീത്താ എന്ത് മനസ്സിൽ വിചാരിച്ചുവോ അത് തന്നെയാണ് ഭാവിയിൽ സംഭവിച്ചതും. മലങ്കരസഭയിലെ കക്ഷിവഴക്കുകളുടെ കാലത്തെ മനോരമയുടെ ശക്തമായ ഇടപെടലുകളും മാമ്മൻ മാപ്പിളയുടെ പത്രാധിപകുറിപ്പുകളും ഈ സത്യത്തിന് സാക്ഷ്യം വഹിക്കുന്നു.

1904-ൽ അഞ്ഞൂറിൽപരം വരിക്കാരുള്ള വാരിക മാത്രമായിരുന്നു മനോരമ. പ്രാരംഭത്തിൽ എല്ലാ ശനിയാഴ്ചയും നാലു പേജുകളോടു കൂടിയാണ് മനോരമ പ്രസിദ്ധീകരിച്ചിരുന്നത്. പിന്നീട് 1901 മുതൽ ആഴ്ചയിൽ രണ്ടു വീതം എല്ലാ ശനി, ബുധൻ ദിവസങ്ങളിൽ പത്രം തുടർന്നു നടത്തിയിരുന്നു. പിന്നീട് ആഴ്ചയിൽ മൂന്നു തവണ പ്രസിദ്ധീകൃതമാകുന്നത് 1918-ലാണ്; ചൊവ്വാ, വ്യാഴം, ശനി ദിവസങ്ങളിൽ. 1928 ജനുവരിയോടെ മലയാള മനോരമ ദിനപത്രമായി വളർന്നു. തിരുവിതാംകൂർ ദിവാൻ സി. പി. രാമസ്വാമി അയ്യരുടെ രോഷാഗ്നിയിൽ 1938-ൽ അടച്ചുപൂട്ടപ്പെട്ട മനോരമ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയശേഷം 1947 നവംബർ 29-നാണ് പുനരാരംഭിക്കാൻ കഴിഞ്ഞത്. മാമ്മൻ മാപ്പിളയുടെ പുത്രനും പിന്നീട് മനോരമ പത്രാധിപരുമായ കെ. എം. ചെറിയാന്റെ ദൃഢനിശ്ചയത്തിന്റെയും ത്യാഗത്തിന്റെ ഫലമായിരുന്നു മനോരമയുടെ ആ ഉയിർത്തെഴുന്നേല്പ്. 1954-ൽ മാമ്മൻ മാപ്പിള നിര്യാതനാകുമ്പോഴേക്കും 30,000 കോപ്പിയുള്ള ദിനപത്രമായി മനോരമ മാറി.

ഉയിർത്തെഴുന്നേറ്റ മനോരമയെ 1954 മുതൽ പത്രാധിപരായ കെ. എം. ചെറിയാനും ജനറൽ മാനേജരായി ആ വർഷം ചുമതലയേറ്റ അനുജൻ കെ. എം. മാത്യുവും ചേർന്ന് ഇന്ത്യയിൽ തന്നെ മുൻനിരയിലേക്കുയർത്തി.

1973-ൽ കെ. എം. ചെറിയാന്റെ നിര്യാണത്തെ തുടർന്ന് കെ. എം. മാത്യു പത്രാധിപത്യമേറ്റെടുത്തു. പ്രൊഫഷണലിസത്തിലൂടെ മനോരമയെ ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള ഭാഷാ ദിനപ്പത്രമായി അദ്ദേഹം

മാറ്റി. വിവിധ രാജ്യങ്ങളിൽ നിന്നായി പ്രസിദ്ധീകരിക്കുന്ന മനോരമയ്ക്ക് ഇപ്പോൾ 17 എഡിഷനുകളുണ്ട്. മനോരമ കുടുംബത്തിൽ നിന്ന് ഇന്ന് ഭാഷാപോഷിണി (കണ്ടത്തിൽ വർഗീസ് മാപ്പിള ആരംഭിച്ചത്. പിന്നീട് നിന്നുപോയി. കെ. എം. മാത്യു പുനഃപ്രസിദ്ധീകരിച്ചു.), മനോരമ ആഴ്ച പ്പതിപ്പ് (മാമ്മൻ മാപ്പിള ആരംഭിച്ചത്), ബാലരമ, കളിക്കുടുക്ക, ദ് വീക്ക്, വനിത, കർഷകശ്രീ തുടങ്ങിയ പ്രസിദ്ധീകരണങ്ങളും എം. എം. ടി. വി. എന്ന വാർത്താ ചാനലും നടന്നുവരുന്നു. 2010-ൽ കെ. എം. മാത്യുവിന്റെ നിര്യാണത്തെ തുടർന്ന് പുത്രനായ മാമ്മൻ മാത്യു മുഖ്യ പത്രാധിപ രായി പ്രവർത്തിച്ചു വരുന്നു.

## അച്ചടിശാലകളും പത്രപ്രവർത്തനവും

സഭാചരിത്രകാരനും ഗവേഷകനും പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രകാരനുമായ ഫാ. ഡോ. ജോസഫ് ചീരൻ മെത്രാപ്പോലീത്താ യുടെ അച്ചടി-പത്രപ്രവർത്തന രംഗത്തെ സംഭാവനകളെ ഇങ്ങനെ വില യിരുത്തുന്നു: “1850-കളിൽ പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന പേരിൽ ഒരു കല്ലച്ച് പ്രസ് കുന്നംകുളത്ത് ആരംഭിച്ചുകൊണ്ടാണ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ സാംസ്കാരിക പ്രവർ ത്തനം ആരംഭിച്ചത്. നവീകരണത്തിനെതിരെ പൂർവ്വിക നമസ്കാരക്രമ ങ്ങൾ അച്ചടിക്കുവാൻ ഈ അച്ചടിശാല പ്രയോജനപ്പെട്ടു. ക്രമേണ കൈ യെഴുത്ത് രൂപത്തിൽ മാത്രം ലഭ്യമായിരുന്ന സുറിയാനി ഭാഷയിലുള്ള ആരാധനക്രമങ്ങൾ അദ്ദേഹം ഈ പ്രസ്സിൽ നിന്ന് അച്ചടിച്ചു. സുറിയാനി ലിപികൾ സ്വന്തം കൈ കൊണ്ട് കൊത്തിയുണ്ടാക്കിയാണ് സുറിയാനി കല്ലച്ചുകൾ അദ്ദേഹം രൂപകല്പന ചെയ്തത്. ഈ പ്രസ്സിൽ നിന്ന് അച്ച ടിച്ച് പ്രസിദ്ധീകരിച്ച സുറിയാനി കുർബ്ബാനക്രമം, വിവാഹം, മാമ്മൂദീസാ മുതലായവയുടെ കൂദാശക്രമം എന്നിവയുടെ ഒരു കോപ്പി ഈ ലേഖ കൻ കണ്ടെടുത്ത് സൂക്ഷിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യത്തെ സുറിയാനി പ്രസ്സിന്റെയും അച്ചടിയുടെയും ബഹുമതി സ്മര്യപുരുഷന് മാത്രം അവ കാശപ്പെട്ടതാണ്. ഈ പുസ്തകങ്ങൾ അച്ചടിച്ച് മലങ്കരസഭയുടെ തെക്കും വടക്കുമുള്ള പള്ളികളിൽ വിതരണം ചെയ്യുവാൻ സഞ്ചാര സൗകര്യ മില്ലാത്ത അക്കാലത്ത് സ്മര്യപുരുഷൻ എത്രമാത്രം ക്ലേശിച്ചിരിക്കണം! മേൽ പ്രസ്താവിച്ച പ്രകാരം അച്ചടിച്ച സുറിയാനി തക്സാ ഈ ലേഖ കൻ കണ്ടെടുത്തത് അങ്കമാലി മേഖലയിലെ ഒരു പള്ളിയിൽ നിന്നാണ്. ഈ അധ്വാനം അദ്ദേഹത്തെ മലങ്കരസഭയ്ക്ക് സുപരിചിതനാക്കി. ആ പരിചയവും തന്മൂലം ആർജ്ജിച്ച ആദരവും മൂലമാണ് സഭ 1863-ൽ അദ്ദേ ഹത്തെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് നിയോഗിച്ചത്. മേൽപ്പ ട്ടക്കാരനായതോടെ അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം കൊച്ചിയിലേക്ക് വിന്യസിക്കപ്പെട്ടു. സുഹൃത്തും അഭ്യുദയകാംക്ഷിയുമായ കുന്നംകുളം

സ്വദേശി പനയ്ക്കൽ ഐപ്പൂരു കൊച്ചിയിൽ വ്യാപാരസുഗമതയ്ക്കായി വിപുലമായ ഒരു പാണ്ടികശാല നിർമ്മിച്ചിരുന്നു. കോട്ടയം പഴയ സെമിനാരി രാജകീയ വിളംബരത്തിന്റെ പിന്തുണയുള്ള നവീകരണ മെത്രാന്റെ കൈവശത്തിലായിരുന്നതിനാൽ സ്മര്യപുരുഷൻ ഈ പാണ്ടികശാലയെ തന്റെ ആസ്ഥാനമായും ഓഫീസ് ആയും ഉപയോഗപ്പെടുത്തി. കുന്നംകുളത്തെ പ്രസ്സ് കൊച്ചിയിലേക്ക് മാറ്റി സ്ഥാപിച്ചു. അതിന് സെന്റ് തോമസ് പ്രസ്സ് എന്ന് നാമകരണം ചെയ്തു. പില്ക്കാലത്ത് അക്ഷരരത്ന പ്രകാശിനി (ഏ. ആർ. പി.) അച്ചുകൂടം സ്ഥാപിച്ച് പ്രശസ്തി നേടിയ പുലിക്കോട്ടിൽ ഇട്ടൂപ്പും വിദ്യാരത്ന പ്രകാശിനി (വി. ആർ. പി.) പ്രസ്സ് സ്ഥാപിച്ച് പ്രശസ്തനായ പാറമേൽ കുത്തൂർ ഇട്ടൂപ്പും കൊച്ചിയിലെ സെന്റ് തോമസ് അച്ചുകൂടത്തിലെ ജോലിക്കാർ ആയിരുന്നു. കൊച്ചിയിൽ മേല്പട്ടക്കാരനായി സഭാശുശ്രൂഷയിൽ പ്രവേശിച്ചതോടെ സ്മര്യപുരുഷന്റെ സഭാദർശനവും സാമൂഹ്യവീക്ഷണവും കൂടുതൽ പരിപക്വമായിത്തീർന്നു. മാധ്യമ സ്വാധീനത്തിന്റെ അതുല്യ ശക്തിയെപ്പറ്റി അദ്ദേഹം ബോധവാൻ ആയിരുന്നു. മതേതര വിജ്ഞാന വിതരണവും നവോത്ഥാനാഹ്വാനങ്ങളും ഉൾക്കൊള്ളിച്ച് മലയാള വായനക്കാർക്ക് ഉത്തേജനം നൽകുവാൻ 1870-ൽ കൊച്ചിയിൽ ആരംഭിച്ച സെന്റ് തോമസ് അച്ചുകൂടത്തിൽ നിന്ന് 'കേരള പതാക' എന്ന പേരിൽ ഒരു ദ്വൈവാരിക അദ്ദേഹം പ്രസിദ്ധീകരിച്ചു. ... കേരള മാധ്യമ രംഗത്തെ ചരിത്രത്തിന്റെ ആദ്യ അധ്യായത്തിലേക്ക് മലങ്കരസഭ നൽകിയ കനത്ത സംഭാവനയാണ് മലങ്കര മെത്രാപ്പോലീത്തായുടെ ഈദൃശ പ്രവർത്തനങ്ങൾ" (*നസ്രാണി കേസരി അക്കര കുര്യൻ റൈട്ടർ*, ഫാ. ജോസഫ് ചീരൻ, പേജ് 98-99).

### മലങ്കര ഇടവക പത്രിക

'കേരളപതാക' നിന്നുപോയതിലുള്ള ഖേദം മനസ്സിൽ വെച്ചുപുലർത്തിയിരുന്ന പുലിക്കോട്ടിൽ തിരുമേനി നവീകരണക്കാരുമായുള്ള സഭാവ്യവഹാരത്തിൽ വിജയം നേടി ഓർത്തഡോക്സ് സെമിനാരി കൈവശത്തിലായപ്പോൾ ഒട്ടും അമാന്തിക്കാതെ 'മലങ്കര ഇടവകപത്രിക' എന്ന സഭാ മാസിക ആരംഭിച്ചു. 'ഇടവകപത്രിക'യെക്കുറിച്ച് 'മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശ'ത്തിൽ ഇങ്ങനെ പറയുന്നു: "1892-ൽ കോട്ടയത്തു നിന്നും പ്രസിദ്ധീകരണം ആരംഭിച്ച ജ്ഞാനനിക്ഷേപം, മലയാളമിത്രം, സഭാതാരക എന്നീ പ്രൊട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങൾക്ക് മറുപടി പറയുവാനായിട്ടാണ് ഇടവകപത്രിക ആരംഭിച്ചത്. മലങ്കരസഭയുടെ വിശ്വാസവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിൽ ഇടവകപത്രിക വഹിച്ച പങ്ക് വളരെ വലുതാണ്."

ഇടവകപത്രികയുടെ സേവനത്തെക്കുറിച്ച് എം. പി. വർക്കി,

പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രത്തിൽ ശരിയായി വിലയിരുത്തുവാൻ ശ്രമിച്ചിട്ടുണ്ട് (പേജ് 136): “1067 മകരത്തിൽ കോട്ടയം മാർതോമസ് അച്ചുകൂട്ടത്തിൽ നിന്നും പുറപ്പെട്ട മലങ്കരയിടവകപ്പത്രികയെന്ന പ്രതിമാസ പത്രം മൂലം സുറിയാനിസഭയ്ക്കു അനേക വിധത്തിൽ ഗുണമുണ്ടായിട്ടുണ്ടെന്നുള്ള സംഗതി സുറിയാനിക്കാർ അശേഷം സംശയലേശം കൂടാതെ സമ്മതിക്കുന്നതാണ്. വെട്ടാൻ വരുന്ന പോത്തിനോട് വേദം ഓതുന്നതിനല്ല ഇടവകപത്രിക ശ്രമിച്ചത്. ഈ പത്രത്തിന്റെ ആരംഭം മുതൽക്കു സുറിയാനി സഭയെക്കുറിച്ചെന്തും പറയാമെന്നു വിചാരിച്ചു പ്രവർത്തിച്ചു വന്നിരുന്ന പത്രങ്ങളുടെ സമ്പ്രദായം ആകെപ്പാടെ ഒന്ന് മാറി. സുറിയാനി സഭയും മാന്യമായ ഒന്നാണെന്നും അതിന്റെ നേരെ മാന്യമായി തന്നെ വർത്തിക്കണമെന്നും പത്രിക അന്യസമുദായങ്ങളെയും അതുകളുടെ പ്രാതിനിധ്യം വഹിക്കുന്ന പത്രങ്ങളെയും നല്ലവണ്ണം പഠിപ്പിച്ചു. ഇതു മാത്രമല്ല പത്രിക സാധിച്ചിട്ടുള്ളത്. സഭാവിശ്വാസങ്ങളെക്കുറിച്ചു വ്യക്തമായ ജ്ഞാനം ഇല്ലാതിരുന്ന വളരെയാളുകൾക്കു പത്രിക പന്ത്രണ്ടു മാസവും ഒഴുകുന്ന ഒരു ഉറവയായിത്തീർന്നു. അന്യക്രിസ്ത്യാനികളുടെ യുക്തികൾക്കു സമാധാനം പറയുന്നതിനും സുറിയാനി സഭാവിശ്വാസാചാരങ്ങളുടെ നൈർമ്മല്യത്തെ അന്യന്മാരെ ഗ്രഹിപ്പിക്കുന്നതിനും പത്രികാ വായനക്കാർക്കു യാതൊരു പ്രയാസവുമില്ലെന്നായി. ഇതുകൂടാതെ സാമൂഹ്യകാര്യങ്ങളെ പ്രതിപാദിക്കുന്നതിനും ഭക്തസംവർദ്ധകങ്ങളായ പ്രസംഗങ്ങൾ ചെയ്യുന്നതിനും പത്രിക ശുദ്ധമായ ഒരു രംഗമായും വിളങ്ങുന്നുണ്ട്.”

ജ്ഞാനനിക്ഷേപം, മലയാളമിത്രം, മലങ്കര സഭാതാരക എന്നീ പ്രൊട്ടസ്റ്റന്റു പ്രസിദ്ധീകരണങ്ങളും, ‘നസ്രാണി ദീപിക’ എന്ന കത്തോലിക്കാ പത്രവും ഓർത്തഡോക്സ് സുറിയാനിസഭയുടെ വിശ്വാസങ്ങളെ അധിക്ഷേപിച്ചിരുന്നതിനെതിരെ പത്രാധിപരായിരുന്ന ഇ. എം. ഫീലിപ്പോസ് ശക്തമായി പ്രതികരിച്ചു. തുടർന്ന് മതസംബന്ധമായ അനേക വാദപ്രതിവാദങ്ങൾ നടന്നു. ഓർത്തഡോക്സ് വിശ്വാസാചാരങ്ങൾ മൗഢ്യങ്ങളാണെന്ന് പാശ്ചാത്യ വിദ്യാഭ്യാസം ചെയ്ത യുവാക്കന്മാരിൽ ഉണ്ടായിരുന്ന സംശയം ദുരീകരിക്കാനും സഭാംഗങ്ങളെ സത്യവിശ്വാസം പഠിപ്പിക്കാനും അതിൽ ഉറപ്പിച്ചു നിർത്താനും ഇടവകപത്രിക പ്രയോജനപ്പെട്ടു.

സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ പ്രാരാബ്ധങ്ങളും കഠിനയത്നങ്ങളും സ്മരിക്കുന്ന ഭാഗത്ത് ഏതാനും വരികൾ ഇടവകപത്രികയെക്കുറിച്ച് കുറിക്കാൻ മറന്നുപോയിട്ടില്ല. ആ മഹാ ചരിത്രകാരൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ‘പ്രാരാബ്ധങ്ങൾ തീർന്നിട്ടു പത്രം നടത്തുന്നതിനല്ല, അവയ്ക്കു പരിഹാരം തേടുന്നതിനു പത്രം ആരംഭിച്ച അദ്ദേഹം അല്പം ആശ്വാസം

ലഭിച്ച ക്ഷണത്തിൽ 1067-ൽ പഴയസിമ്മനാരിയിൽ ഉണ്ടായിരുന്ന മാർത്തോമ്മാ പ്രസ്സിൽ നിന്നു 'ഇടവകപത്രിക' എന്ന സമുദായ മാസിക ആരംഭിച്ചു. വിജയപ്രദമായ പ്രചരണ പ്രവർത്തനങ്ങൾ ആ മാസിക വഴി കുറെ കാലം നടക്കുകയും ചെയ്തു" (*മലങ്കര നസ്രാണികൾ,* വാല്യം 3, പേജ് 261).

മലങ്കര ഇടവക പത്രികയുടെ പത്രാധിപരായി വളരെനാൾ പ്രവർത്തിച്ച (18 കൊല്ലം) ഇ. എം. ഫിലിപ്പ് 'മലങ്കര പത്രികയും ഞാനും' എന്ന പേരിൽ ഒരു അദ്ധ്യായം തന്നെ ആത്മകഥയിൽ എഴുതിയിട്ടുണ്ട്. രസകരങ്ങളായ പല വിവരങ്ങളും അതിൽ കാണാം. പ്രധാനപ്പെട്ട ചില വിവരങ്ങൾ മാത്രം കാണുക (പേജ് 79): "സുറിയാനി സമുദായം വകയായി ഒരു പത്രമോ, മാസികയോ നടത്തേണ്ട ആവശ്യം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മുമ്പുതന്നെ മനസ്സിലാക്കിയിരുന്നു. സിമ്മനാരി വ്യവഹാരം (നവീകരണക്കാരുമായി) അവസാനിച്ച് വിധി നടത്തി വാങ്ങിയ സ്വത്തുക്കളുടെ കൂട്ടത്തിൽ ഒരു അച്ചടി പ്രസ്സും വേണ്ട സാമഗ്രികളും ഉണ്ടായിരുന്നതുകൊണ്ട് സമുദായം വകയായി ഒരു മാസിക പ്രസിദ്ധപ്പെടുത്തുന്നതു ഒരു പ്രയാസമുള്ള കാര്യമായി ആർക്കും തോന്നിയില്ല. അതിൽ പ്രധാന ഉത്സാഹി പിന്നീട് മുളന്തുരുത്തി സെന്റ് തോമസ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന മിസ്റ്റർ ടി. എം. ചാക്കോ ആയിരുന്നു. അദ്ദേഹം പട്ടമേറ്റു ഒരു പൊതു മനുഷ്യനായിരിക്കണമെന്നുള്ള ആലോചനയോടുകൂടെ ആ കാലത്തു സിമ്മനാരിയിൽ താമസിച്ചുകൊണ്ടിരുന്നു. മാസിക ആരംഭിക്കുന്നതിനെക്കുറിച്ച് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്നോട് ആലോചിച്ചതിൽ ഞാൻ അനുകൂലമായ മറുപടി പറഞ്ഞു. ... പത്രാധിപത്യം വഹിക്കാമോ എന്നദ്ദേഹം എന്നോടു ചോദിച്ചു. .... ഞാൻ പരിഛേദം ഒഴിഞ്ഞു പറക മാത്രമല്ല എന്നെ ഉദ്ദേശിച്ചുകൊണ്ടു പത്രിക ആരംഭിക്കരുതെന്നു തീർച്ചയായും വിലക്കുകയും ചെയ്തു. അതിനാൽ ഈ കാര്യത്തിൽ പ്രധാന തല്പരനായിരുന്ന മിസ്റ്റർ ചാക്കോയുടെ ചുമതലയിൽ 'മലങ്കര ഇടവകപത്രിക' എന്ന പേരിൽ ഒരു മാസിക 1892 മകര മാസത്തിൽ ആരംഭിച്ചു. നാലു ലക്കം മി. ചാക്കോ ചുമതലപ്പെടുത്തി കഴിഞ്ഞപ്പോൾ മുളന്തുരുത്തി ഹെഡ്മാസ്റ്റർ ജോലിക്ക് ചാലിൽ കൊച്ചുകോര അവർകൾ അദ്ദേഹത്തെ ക്ഷണിക്കുകയും അദ്ദേഹം അതിനെ സ്വീകരിക്കുകയും ചെയ്തു." ഈ സന്ദർഭത്തിൽ ഇ. എം. ഫിലിപ്പ് പത്രാധിപത്യം ഏറ്റെടുക്കുകയാണ് ഉണ്ടായതെന്ന് തുടർന്ന് പറയുന്നു. 1084 മകരം വരെ (18 വർഷം) അദ്ദേഹം പത്രാധിപരായി തുടർന്നു (പേജ് 83-84).

1084 മിഥുനം 28-ാം തീയതി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് കാലം ചെയ്തു. പിന്നീട് മലങ്കര മെത്രാപ്പോലീത്തായായ വട്ട

ശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മുടക്കുകയും തുടർന്ന് കക്ഷിവഴക്കും വ്യവഹാരവും കൊണ്ട് സഭാന്തരീക്ഷം കലങ്ങിമറിയുകയും ചെയ്തപ്പോൾ ഇടവകപത്രികയ്ക്ക് പിടിച്ചുനിൽക്കാൻ കഴിയാതെ വന്നു. അങ്ങിനെ 'മലങ്കര ഇടവകപത്രിക' 1911-ൽ അസ്തമിച്ചു.

സഭാ ഭരണത്തിന്റെ സുതാര്യത വർദ്ധിപ്പിക്കുവാനും ഇടവകകൾ തമ്മിൽ സംസർഗ്ഗം വർദ്ധിക്കുവാനുമായി ട്ടാണ് സഭയുടെ ഔദ്യോഗിക ജിഹ്വയായി 'ഇടവകപത്രിക' എന്ന മാസിക ആരംഭിച്ചതെന്ന് ഡോ. സാമുവൽ ചന്ദനപ്പള്ളി എഴുതുന്നു: "നവീകരണക്കാരും വിദേശ മിഷനറിമാരും മലങ്കരസഭയുടെ മേൽ നടത്തിയ നഗ്നവും പ്രാകൃതവും ആയ ആശയാക്രമണങ്ങളെ ചെറുത്ത് നിർത്തി മുനയൊടിച്ച് വിടാൻ 'പത്രിക'യുടെ പംക്തികൾക്ക് കഴിഞ്ഞു. സാമൂഹികവും സംസ്ക്കാരികവും മതപരവുമായ ഈടുറ്റ ലേഖനങ്ങൾ ഇടവകപത്രികയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. കൂടാതെ മാർ ദീവന്നാസ്യോസിന്റെ ഇടയലേഖനങ്ങളും കല്പനകളും; ആകെക്കൂടെ ഒരു കാലഘട്ടത്തിന്റെ ചരിത്രവും സംസ്ക്കാരവും അന്വേഷിച്ചു പോകുന്നവർക്ക് ഒരു വജ്ര ഖനിയാണ് ഇടവകപത്രികയുടെ ഇതളുകൾ" (മലങ്കരസഭാപിതാക്കന്മാർ, പുറ. 127).

## സുറിയാനി സുവിശേഷകൻ

ആഭ്യന്തര മിഷൻ, വിജാതീയ മിഷൻ തുടങ്ങിയ മിഷനറി പ്രസ്ഥാനങ്ങൾ സഭയിൽ ആരംഭിച്ചപ്പോൾ അവയെ ശക്തിപ്പെടുത്തുവാനും ജാതീയ അസമത്വങ്ങൾ അക്രൈസ്തവമാണെന്ന് പ്രചരിപ്പിക്കുവാനും ആയി മാർ ദീവന്നാസ്യോസ് 'സുറിയാനി സുവിശേഷകൻ' എന്ന ഒരു മാസിക ആരംഭിച്ചു. 1902-ൽ ആരംഭിച്ച ഈ മാസികയും പഴയസെമിനാരിയിലെ മാർത്തോമ്മസ് അച്ചുകൂടത്തിൽ നിന്നു തന്നെയാണ് പ്രസിദ്ധീകരിച്ചിരുന്നത്.

1910 കുംഭം - മീനം ലക്കത്തിൽ, കുംഭം, മീനം മാസങ്ങളിലെ മാസികകൾ ഒറ്റ കവറിൽ കുത്തിക്കെട്ടിയിരിക്കുകയാണ്. ഫാ. പി. റ്റി. ഗീവർഗീസ് എം. എ. (പിന്നീട് മാർ ഈവാനിയോസ് ബഥനി) രചിച്ച 'കർത്താവിന്റെ ഉയിർപ്പ്' എന്ന ലേഖനം, 'നീ ആര്' എന്ന ധ്യാനപംക്തി, 'പത്രോസിന്റെ ഉപേക്ഷ' എന്ന തുടർ ലേഖനം, കെ. എം. കുര്യന്റെ 'പ്രത്യാശ' എന്ന ലേഖനം, തോമസ് അക്കമ്പിസിന്റെ 'മ്ശിഹാനുകരണം' എന്ന പ്രശസ്ത കൃതിയുടെ തർജ്ജമ പരമ്പരയായി പ്രസിദ്ധീകരിക്കുന്നത് എന്നിവ കുംഭം ലക്കത്തിലും കെ. സി. മാത്തുവിന്റെ 'സുവിശേഷവേല' എന്ന ലേഖനം, എം. പി. പത്രോസ് (പത്രോസ് മാർ ഒസ്താത്തിയോസ്) തർജ്ജമ ചെയ്ത 'വിധവമാർക്ക് ബുദ്ധിയുപദേശം' എന്ന ചെറു ലേഖനം,

'മലങ്കര മാർ ഗ്രീഗോറിയോസ് സ്മാരക സുവിശേഷ സംഘത്തിന്റെ സഞ്ചാര പ്രാസംഗികന്മാരിൽ, കിഴക്കേതലെയ്ക്കൽ അച്ചൻ, റ്റി. ഡി. ശമുവേൽ ഉപദേശി എന്നിവരുടെ 1085-ാമാണ്ടു മീനം, മേടം മാസങ്ങളിലെ വേല വിവരം റിപ്പോർട്ട്', വി. ഐ. ചെറിയാൻ രചിച്ച 'മാർ ദീവന്നാസ്യോസ് ചരമഗാനം' എന്നിവ മീനം ലക്കത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഒറ്റ പ്രതിക്കു 3 ചക്രവും ഒരു വർഷത്തേക്ക് 1 രൂപയുമായിരുന്നു വരിസംഖ്യ.

കക്ഷിവഴക്കുകളെ തുടർന്ന് മാർത്തോമ്മസ് അച്ചുകൂടം അടച്ചുപൂട്ടിയതോടെ ഈ പ്രസിദ്ധീകരണവും 1911-ൽ നിലച്ചു.

**ഉപസംഹാരം**

കേരളാ നവോത്ഥാനത്തിന് ആക്കം കൂട്ടുന്നതിൽ മലയാള പത്രപ്രവർത്തനം വഹിച്ച പങ്ക് നിർണ്ണായകമാണ്. ആദ്യകാല പത്രങ്ങളായ കേരള പതാക, നസ്രാണി ദീപിക, മലയാള മനോരമ എന്നിവയുടെ സ്ഥാപനത്തിന് മുൻകൈ എടുത്ത്, അക്ഷരത്തിന്റെ വിശുദ്ധിയിലൂടെയും, പത്രങ്ങളുടെ സാംസ്ക്കാരിക സാമൂഹ്യരംഗത്തെ ശക്തമായ ഇടപെടലിലൂടെയും, നിർണ്ണായക സ്വാധീനത്തിലൂടെയും കേരള നവോത്ഥാനത്തിന് ഊടും പാവുമേകിയ സർഗ്ഗപ്രതിഭയാണ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ. കാലവും ചരിത്രവും ആ മഹാന്റെ സംഭാവനകൾ ഒരുനാൾ തിരിച്ചറിയുമെന്ന് പ്രതീക്ഷിക്കാം.

('*യുഗതേജസ്സ്*' എന്ന ഗ്രന്ഥത്തിൽ നിന്നും)

# കേരള നവോത്ഥാനത്തിലെ സാമൂഹിക വിപ്ലവകാരി

## ഫാ. തോമസ് വർഗീസ് അമയിൽ

പ്രശ്നസങ്കീർണ്ണമായ 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയുടെ ചരിത്രത്തിലും, കേരള ചരിത്രത്തിലും നിർണ്ണായക സംഭാവനകൾ നൽകിയ ആത്മീയ ആചാര്യനും സാമൂഹിക പരിഷ്ക്കർത്താവുമാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ. മലങ്കരസഭയുടെ സ്വത്വബോധത്തെപ്പറ്റിയുള്ള ആശയസംഘട്ടനങ്ങൾ നടന്ന കാലഘട്ടത്തിലാണ് മാർ ദീവന്നാസിയോസ് തന്റെ അജപാലന ശുശ്രൂഷ നിർവ്വഹിച്ചത്. 19-ാം നൂറ്റാണ്ടിന്റെ രാഷ്ട്രീയ, സാമൂഹിക പശ്ചാത്തലത്തിൽ നിന്ന് അടർത്തിമാറ്റി മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നിലപാടുകളും, സംഭാവനകളും വിലയിരുത്തുവാൻ സാധിക്കുകയില്ല.

### 19-ാം നൂറ്റാണ്ടിലെ കേരളീയ സമുദായം

അതിരൂക്ഷമായ ജാതിവ്യവസ്ഥയും, നിയമ സംവിധാനങ്ങളിലെ ഉച്ചനീചത്വങ്ങളും, നാട്ടുരാജാക്കന്മാരുടെ ഭരണശൈലിയും, ബ്രിട്ടീഷ് ആധിപത്യത്തിന്റെ നുഴഞ്ഞുകയറ്റവുമൊക്കെ കൂടി കലർന്നതാണ് 19-ാം നൂറ്റാണ്ടിലെ കേരള ചരിത്രം. തിരുവിതാംകൂറിലെയും, കൊച്ചിയിലെയും രാജാക്കന്മാരുടെ കൈകളിൽ അധികാരം കേന്ദ്രീകരിക്കപ്പെട്ടിരുന്നു. അന്നത്തെ സമവ്യാപകമല്ലാത്ത നിയമ സംവിധാനത്തിൽ ഉയർന്ന ജാതിക്കാർക്കും അന്തഃപുരത്തിലെ അധികാര ദല്ലാൾമാർക്കും അനർഹമായ സ്ഥാനമുണ്ടായിരുന്നു. കേരള ചരിത്രരചയിതാവായ എ. ശ്രീധരമേനോന്റെ വാക്കുകളിൽ "നീതിന്യായ സമ്പ്രദായത്തിന്റെ ജാതിസ്വഭാവവും ന്യായ വൈരുദ്ധ്യവും" ഈ നൂറ്റാണ്ടിന്റെ പ്രത്യേകത ആയിരുന്നു. ശക്തനായ പാലക്കുന്നത്ത് അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്കെതിരെയുള്ള നിയമ പോരാട്ടങ്ങൾക്ക് ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ സമീപിക്കേണ്ടിയിരുന്നത് ഇത്തരം ഭരണസംവിധാനങ്ങളെ ആയിരുന്നു എന്നത് അദ്ദേഹത്തിന്റെ നിലപാടുകളെ അനുകൂലമായും പ്രതികൂലമായും വിശദീകരിക്കുന്നവർ മറക്കുവാൻ പാടില്ല. കൊളോണിയൽ വാഴ്ചയുടെ കടന്നുകയറ്റങ്ങൾക്ക് നടുവിൽ വൈദേശിക സാന്നിധ്യങ്ങളെയും, മേൽക്കോയ്മയെയും ഇവിടുത്തെ നാട്ടുരാജാക്കന്മാർ എത്രത്തോളം ഭയത്തോടെ ബഹുമാനിച്ചിരുന്നു എന്നതും പുലിക്കോട്ടിൽ ജോസഫ് ദീവന്നാസിയോസിന്റെ നിലപാടുകളെ വിശകലനം ചെയ്യുമ്പോൾ ഗൗരവമായി എടുക്കണം. അടിമത്വത്തിന്റെ നീരാളിപിടുത്തത്തിന് എതിരെയുള്ള ചില

മുന്നേറ്റ വിജയങ്ങളും ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ജീവിതകാലത്തെ കേരള ചരിത്രത്തിന്റെ പ്രത്യേകതകൾ ആണ്. 1806-ലെ ആർത്താറ്റ് പടിയോലയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം മലങ്കര സഭാ ചരിത്രത്തിലെയും, 1859-ൽ ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള സ്വാതന്ത്ര്യത്തിനായി തുടങ്ങിയ ചാന്നാർ ലഹള എന്നറിയപ്പെടുന്ന മേൽമുണ്ട് സമരവും കേരള ചരിത്രത്തിലും 19-ാം നൂറ്റാണ്ടിലെ സ്വാതന്ത്ര്യ ബോധ ചിന്തകൾക്ക് ഉദാഹരണമാണ്. മലങ്കര നസ്രാണി ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യപൂർണ്ണമായ സ്വത്വ നിർമ്മിതി എന്ന ആശയം മനസിൽ താലോലിക്കുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ആഗ്രഹിച്ചത് അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ ഇത്തരം ചില പ്രത്യേകതകൾ കൊണ്ടുംകൂടി ആയിരിക്കണം.

## നവോത്ഥാന ശാഖയിലെ സാമൂഹിക വിപ്ലവകാരി

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ പ്രധാന കർമ്മഭൂമി കൂടിയായ 19-ാം നൂറ്റാണ്ടിനെ നവോത്ഥാന കാലഘട്ടം എന്ന് കേരളീയ ചരിത്രകാരന്മാർ വിലയിരുത്തുന്നു. കേരളത്തിലെ സാമൂഹിക വിപ്ലവകാരികളിൽ ഒഴിച്ചുനിർത്താൻ കഴിയാത്ത സ്ഥാനമുള്ള ഈ ആത്മീയാചാര്യൻ വ്യവഹാരങ്ങളുടെ ചുഴിയിൽപ്പെട്ടതുകൊണ്ടാകാം കേരള ചരിത്രത്തിൽ വേണ്ടത്ര ഓർക്കപ്പെടാതെ പോയത്. കർമ്മം കൊണ്ടും ചിന്തകളിലെ ദാർശനികത കൊണ്ടും പ്രവർത്തനങ്ങളിലെ ചടുതലകൊണ്ടും ശ്രീനാരായണഗുരുവും അയ്യങ്കാളിയും പ്രതിനിധാനം ചെയ്യുന്ന നവോത്ഥാനശാഖയുടെ ആദ്യ ഭാഗമാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി. കേരളത്തിലെ നവോത്ഥാന ശാഖയിലെ സാമൂഹിക വിപ്ലവകാരി എന്ന നാമധേയം അന്വർത്ഥമാക്കുന്ന കർമ്മകാണ്ഡമാണ് ഈ വന്ദ്യ പിതാവ് പൂർത്തീകരിച്ചത്.

## സാമൂഹിക വിപ്ലവകാരിയും ആത്മീയ ആചാര്യനും

ആത്മീയ ആചാര്യൻ എന്ന നാമധേയത്തിന് പരമ്പരാഗതമായി സുറിയാനി ക്രിസ്ത്യാനികൾ ചാർത്തിനൽകിയിരിക്കുന്ന വിശേഷണങ്ങൾക്ക് അപ്പുറമായിട്ടുള്ളതും ഒരു പക്ഷേ വൈരുദ്ധ്യഭാവം ധ്വനിപ്പിക്കുവാൻ ഇടയുള്ളതും ആയ പദമാണ് "സാമൂഹിക വിപ്ലവകാരി" എന്ന തലക്കെട്ട്. ആചാര അനുഷ്ഠാനങ്ങളുടെയും സാമുദായിക കാര്യങ്ങളുടെയും ലോകത്ത് മാത്രം ഒരു മെത്രാപ്പോലീത്തായെ വിശദീകരിക്കുവാൻ ശ്രമിക്കുന്ന പതിവുശൈലിയുടെ രീതിശാസ്ത്രത്തിന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ വ്യക്തിത്വത്തിന്റെ പൂർണ്ണതയെ ആവാഹിക്കുവാൻ കഴിയുകയില്ല. കേരളീയ മണ്ണിന്റെ മകനായി പിറന്ന്, 19-ാം നൂറ്റാണ്ടിന്റെ മതസാംസ്ക്കാരിക, സാമൂഹിക അന്തർ

ധാരകളുമായി ബന്ധം സ്ഥാപിച്ച്, അവയുടെ ഉറവിടത്തെ അപഗ്രഥിച്ച് തിരിച്ചറിഞ്ഞ് രൂപപ്പെടുത്തിയതാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ സാമൂഹിക ദർശനം. മനുഷ്യത്വത്തിന്റെ പൂർണ്ണമായ വികസനം എന്ന നവോത്ഥാന മുദ്രാവാക്യം അന്വർത്ഥമാക്കുന്ന പ്രവർത്തന പാതകളിലൂടെയാണ് പുലിക്കോട്ടിൽ ജോസഫ് രണ്ടാമൻ സഞ്ചരിച്ചത്. ഒരു മെത്രാപ്പോലീത്തായുടെ പതിവു സഞ്ചാരപഥങ്ങളിൽ നിന്ന് വേറിട്ടുള്ള പ്രയാണമാണ് സാമൂഹിക വിപ്ലവകാരി എന്ന പദപ്രയോഗത്തിന് ആധാരമാകുന്നത്.

## അക്ഷരത്തിന്റെ വിപ്ലവകാത്മത തിരിച്ചറിഞ്ഞ ആത്മീയ ആചാര്യൻ

അച്ചടിയുടെ ലോകം പൂർണ്ണമായി വികാസം പ്രാപിക്കാത്ത കാലഘട്ടത്തിൽ കേരളീയ സമൂഹത്തിന് നിരവധി സംഭാവനകൾ നൽകിയ പിതാവാണ് പുലിക്കോട്ടിൽ രണ്ടാമൻ. അച്ചടിയെ സാമൂഹ്യവിപ്ലവത്തിനുള്ള ആയുധമായിട്ടാണ് ഈ ആത്മീയ ആചാര്യൻ ഗണിച്ചത്. മലങ്കര സഭയിലെ നവീകരണവിഭാഗം വൈദേശിക പിൻബലത്തോടെ, അന്ന് വികാസം പ്രാപിച്ചിരുന്ന അച്ചടി മാധ്യമങ്ങളുടെ പിൻബലത്തോടെ മലങ്കരയുടെ വിശ്വാസആചാരങ്ങളെ ചോദ്യംചെയ്യുവാൻ ആരംഭിക്കുമ്പോൾ അതേ നാണയത്തിൽതന്നെ മറുപടി നൽകുവാൻ തിരുമേനി ശ്രദ്ധിച്ചിരുന്നു. കോഴിക്കോട്ടുള്ള കാളഹസ്തിയപ്പാ മുതലിയാരുടെ കല്ലച്ചിൽ നമസ്ക്കാരക്രമത്തിന്റെ രണ്ടായിരം പ്രതികൾ അടിച്ചിറക്കി ജോസഫ് കത്തനാർ തന്റെ അക്ഷരവിപ്ലവം ആരംഭിച്ചു. പിൽക്കാലത്ത് സ്വന്തമായി അച്ചുകൂടം സ്ഥാപിച്ച് വി. കുർബ്ബാനക്രമവും, തക്സയും പ്രസിദ്ധീകരിച്ച് അക്ഷരത്തിന്റെ അനന്ത സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി. മലങ്കര സഭയെ ഒന്നായിക്കാണുവാൻ ശ്രമിച്ച ഈ ആത്മീയ ആചാര്യൻ കൊച്ചിയിലും, കോട്ടയത്തും അച്ചടിശാലകൾ സ്ഥാപിച്ചു. മലയാളം, ഇംഗ്ലീഷ്, സുറിയാനി തുടങ്ങിയ ഭാഷകളിൽ അച്ചടി ആരംഭിച്ചു. പുലിക്കോട്ടിൽ ദീവന്നാസിയോസ് രണ്ടാമന്റെ ഇളമുറ സമകാലീനൻ എന്ന് വിശേഷിപ്പിക്കാവുന്ന ശ്രീനാരായണഗുരുവിന്റെ വാക്കുകളിൽ "സാഹിത്യ സംഘങ്ങളും വായനശാലകളും ഓരോ ദേശങ്ങളിലും പ്രത്യേകം ഉണ്ടായിരിക്കേണ്ടതും അതുമൂലം വിദ്യാഭ്യാസ വിഷയത്തിൽ സമുദായത്തിന് വളരെ അഭിവൃദ്ധി ഉണ്ടാകുവാൻ ഇടയുള്ളതും ആകുന്നു." നവോത്ഥാന കാലം അച്ചടിയെയും അക്ഷരങ്ങളെയും എത്രയും ഗൗരവമായി കണ്ടിരുന്നു എന്നതിലേക്ക് ഗുരുവിന്റെ വാക്കുകൾ വിരൽ ചൂണ്ടുന്നു. പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നവീകരണ ആശയങ്ങളെ ചെറുക്കുവാൻ മാത്രമല്ല പുലിക്കോട്ടിൽ ജോസഫ് ദീവന്നാസിയോസ് രണ്ടാമൻ അച്ചടികളും അക്ഷരങ്ങളും ഉപയോഗിച്ചത്. ഈവിധം

മാത്രമായുള്ള ചില സഭാചരിത്രകാരന്മാരുടെ ഊന്നലാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിക്ക് 19-ാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്ക്കർത്താവ് എന്ന നാമധേയം നഷ്ടപ്പെടുവാൻ കാരണമായത്. കേരളപതാക, ഇടവകപത്രിക, സുറിയാനിസുവിശേഷകൻ എന്നിങ്ങനെയുള്ള വൈവി ധ്യങ്ങളായ അക്ഷരദൗത്യങ്ങൾ നടത്തിയ പുലിക്കോട്ടിൽ രണ്ടാമൻ ഇന്ന് പത്രലോകത്തിലെ വടവൃക്ഷമായ മലയാള മനോരമയുടെ തുടക്ക ത്തിനും പ്രേരകശക്തിയാണെന്നത് ആരും വിസ്മരിച്ചു പോകുന്നത് ശരി യല്ല. മലയാള മനോരമയും (1890), ഭാഷാപോഷിണിയും (1892) ആരംഭി ക്കുന്നതിന് കൂട്ടായി നിൽക്കുകയും മനോരമ കമ്പനി ആരംഭിച്ചപ്പോൾ അതിലെ ഏതാനും ഓഹരികൾ സ്വീകരിച്ച് കണ്ടത്തിൽ വർഗ്ഗീസ് മാപ്പി ളയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത തിരുമേനി അച്ചടിയുടെ വിപ്ലവകാ ത്മകമായ സാദ്ധ്യതയെ തിരിച്ചറിഞ്ഞ ആത്മീയ ആചാര്യനാണ്.

## സർക്കാർ സർവ്വീസിലെ പരദേശ ബ്രാഹ്മണത്വത്തിന് എതിരെ യുള്ള പോരാട്ടം

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ അധികം ചർച്ച ചെയ്യപ്പെടാത്ത സാമൂഹിക പോരാട്ടമാണ് അദ്ദേഹത്തിന്റെ സർ ക്കാർ സർവ്വീസിലെ പരദേശ ബ്രാഹ്മണത്വത്തിന് എതിരെയുള്ള നിലപാ ടുകൾ. കേസുകളുടെ നൂലാമാലകളുമായി ഇടപഴകി പരിചയമുള്ള അദ്ദേഹം സർക്കാർ സർവ്വീസിൽ അന്ന് നിലനിന്നിരുന്ന ജാതിമേൽ ക്കോയ്മയെ വേണ്ടുംവണ്ണം തിരിച്ചറിഞ്ഞിരുന്നു. ഭരണസംവിധാന ങ്ങൾക്ക് ഉള്ളവരെ പിണക്കി വ്യവഹാരങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയില്ല എന്ന പിന്നാമ്പുറസത്യം നിലനിൽക്കേതന്നെ അവർക്കെ തിരെ പോരാട്ടം നടത്തിയ ഈ ആത്മീയ മേലദ്ധ്യക്ഷൻ, തീർച്ചയായും സാമൂഹിക വിപ്ലവകാരികളുടെ പരമ്പരയിൽപ്പെടുന്നു. സർക്കാർ ആഫീ സുകളിലെ അധികാരതൽപ്പരന്മാരായ പരദേശി ബ്രാഹ്മണരെ മാറ്റി സ്വദേ ശിയർക്ക് സ്ഥാനം നൽകുവാൻ പോരാടിയ 'മലയാളി മെമ്മോറിയലിന്റെ' പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി പുലിക്കോട്ടിൽ രണ്ടാമൻ തിരു മേനി വർത്തിച്ചു. "ഗൗരവപരമായ വ്യവഹാരങ്ങളിൽ വിധി കൽപ്പിക്കുന്ന ബ്രാഹ്മണവൈദികന്മാരുടെ വിശേഷാധികാരമായിരുന്നു താഴ്ന്നജാതി ക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും കഠിനമായിരുന്ന അന്നത്തെ ശിക്ഷാനിയമം. മോഷണം, ഗോവധം തുടങ്ങിയ സാധാരണ കുറ്റങ്ങൾ ക്കുപോലും വധശിക്ഷയാണ് വിധിച്ചിരുന്നത്. ആനയെക്കൊണ്ട് കൊല്ലി ക്കുക, പീരങ്കി വായിൽകെട്ടി നിറയൊഴിക്കുക, മൂന്നു ദിവസം കൊണ്ട് മരിക്കത്തക്കവണ്ണം ചെയ്യുക മുതലായവ ശിക്ഷയുടെ സാധാരണ രൂപങ്ങൾ ആയിരുന്നു. രാജകീയോദ്യോഗസ്ഥന്മാർ ഏറ്റവും മനുഷ്യ ത്വരഹിതവും നീചവുമായിട്ടാണ് പിന്നോക്ക സമുദായക്കാരോട് പെരുമാ

റിയിരുന്നത്. ഭരണാധികാരികളുടെ മൗനസമ്മതത്തോടെ ഹരിജനങ്ങളും മറ്റും കൊടിയ മർദ്ദനഭരണത്തിന് വിധേയരാക്കപ്പെട്ടു." അന്നത്തെ ഭരണ സംവിധാനത്തിന്റെ ഉച്ചനീചത്വത്തിലേക്ക് വിരൽചൂണ്ടുന്ന കേരള ചരിത്ര രചയിതാവ് എ. ശ്രീധരമേനോന്റെ വാക്കുകളാണ് മേൽ ഉദ്ധരിച്ചത്. ഇതിനെതിരെ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെയും മലയാള മനോരമ യുടെയും പിൻബലത്തോടെ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ നടത്തിയ പോരാട്ടങ്ങൾ കേരള ചരിത്രത്തിലെ ഒഴിച്ചുകൂടാത്ത അദ്ധ്യായ മാക്കേണ്ടതാണ്. സർക്കാർ സംവിധാനത്തിലെ സ്വദേശി പങ്കാളിത്വത്തിന് അനുകൂലമായ വിധി നേടിയെടുക്കുവാൻ (1891-ൽ മലയാളി മെമ്മോറിയ ലുകാർക്ക് അനുകൂലമായ വിധി ഉണ്ടായി) അദ്ദേഹത്തിന് സാധിച്ചു. ജനകീയ ഭരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പ് എന്ന് വിശേഷിപ്പി ക്കാവുന്ന ഈ നീക്കം ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീ ത്തായുടെ സാമൂഹിക വിപ്ലവചിന്താധാരയിലെ പ്രധാന ഏടുകളിൽ ഒന്നാണ്.

## സാമുദായിക മുന്നേറ്റത്തിന് ഊന്നൽ നൽകിയ ദീർഘദർശി

സാമൂഹികവും, സാമ്പത്തികവും, സാംസ്ക്കാരികവുമായ വിവിധ സ്വാധീനശക്തികളുടെ സമ്മർദ്ദത്താൽ പുതിയ സാമൂഹികക്രമം കേരള ത്തിൽ രൂപപ്പെട്ട 19-ാം നൂറ്റാണ്ട് നിരവധി സാമുദായിക മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1888-ൽ ജാതിവ്യവസ്ഥയുടെ സംഘടനാശക്തിക്ക് ബദലായി പുതിയ നവോത്ഥാനത്തിന് ശ്രീനാരായണഗുരു തുടക്കം കുറിച്ചു. അതുവരെയും നിസഹായാവസ്ഥയിൽ കിടന്നിരുന്ന അവശസമു ദായങ്ങൾ ഉയിർത്തെഴുന്നേറ്റ് സ്വന്തം വായനശാലകളും, വ്യവസായ സംരംഭങ്ങളും ആചാര പരിഷ്ക്കാരങ്ങളും നേടിയെടുത്ത് സമുദായ ശക്തി സമാഹരിച്ചു. 1903-ലെ എസ്.എൻ.ഡി.പി. യോഗാരംഭവും, 1865-ലെ അയ്യങ്കാളിയുടെ നേതൃത്വത്തിലുള്ള സാധുജനപരിപാലന സംഘം, 1916-ൽ കെ. പി. കുട്ടപ്പന്റെ നേതൃത്വത്തിലുള്ള മാല സമുദായ പരിഷ്ക്കരിണി സഭ തുടങ്ങി നിരവധി സാമുദായിക മുന്നേറ്റങ്ങൾ നടന്നു. ശ്രീനാരായണഗുരുവിനും അയ്യങ്കാളിക്കും മുമ്പുതന്നെ സമുദായ സാമൂ ഹിക പരിഷ്ക്കരണത്തിന്റെ പാതയിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ മലങ്കരസഭയെ നയിച്ചു.

മാർ ദീവന്നാസിയോസ് രണ്ടാമന്റെ സംഘടനാപാടവത്തിൽ നിന്ന് പിറവിയെടുത്തതാണ് "മലങ്കര മഹാജനസഭ." ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സമുദായാംഗങ്ങളെ ആയിരുന്നു മഹാജനസഭ എന്ന പേരിൽ അദ്ദേഹം സംഘടിപ്പിച്ചത്. സാമൂഹിക പരിഷ്ക്കാരത്തിൽ ഊന്നിയുള്ള പ്രസംഗങ്ങൾ ആയിരുന്നു തിരുമേനി ഈ കൂടിവരവിൽ നടത്തിയിരുന്നത്. കേരള നവോത്ഥാനശ്രേണിയിലേക്ക് നിരവധിപേരേ സംഭാവന നൽകു

വാൻ ഈ സാമുദായിക കൂടിവരവിലൂടെ തിരുമേനിക്ക് സാധിച്ചു. മലങ്കര സഭയുടെ സംഘബോധം വളർത്തിയെടുക്കുവാൻ ഉന്നംവച്ചുള്ളതായിരുന്നു കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, ശങ്കരമംഗലത്ത് വർക്കി, കൊല്ലംപറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ തുടങ്ങിയ സാമുദായിക നേതാക്കന്മാരുമായി കൂടെച്ചേർന്ന് നവോത്ഥാന കാലത്തിന്റെ സംഘബോധത്തിലേക്ക് മലങ്കരസഭയെ നയിച്ചു എന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ ദീർഘദർശനത്തിന്റെ നിറവാണ്. ഒരു നാടിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകാൻ സമുദായങ്ങളിൽ ചിതറിക്കിടക്കുന്ന ശക്തി ഏകീകരിക്കപ്പെടണമെന്ന അഭിപ്രായം ഓരോ ഇടവകകളുടെയും മുമ്പിൽ ആവർത്തിച്ച് ബോധവത്ക്കരിച്ച സാമൂഹിക പരിഷ്ക്കർത്താവാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി.

## വിദ്യയുടെ വിമോചനാത്മകത തിരിച്ചറിഞ്ഞ കർമ്മയോഗി

വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിവർത്തനങ്ങൾക്കു വിധേയമായ കാലഘട്ടമാണ് നവോത്ഥാന കാലഘട്ടം. ബ്രിട്ടീഷ് മിഷനറിമാർ തുടങ്ങിവച്ച വിദ്യാഭ്യാസ വിപ്ലവത്തിന്റെ പാതയിൽ മലങ്കരസഭയെയും നയിക്കേണ്ടത് സഭയുടെ നിലനിൽപ്പിന് തന്നെ അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞ കർമ്മയോഗിയാണ് പുലിക്കോട്ടിൽ ദീവന്നാസിയോസ് രണ്ടാമൻ. തിരുമേനിയുടെ കാലഘട്ടങ്ങളിൽ വിദ്യാഭ്യാസ പുരോഗതി അതിജീവിക്കേണ്ടിയിരുന്നത് അതിസങ്കീർണ്ണങ്ങളായ വെല്ലുവിളികളെയായിരുന്നു. ജാതിവ്യവസ്ഥിതിയുടെയും സവർണ്ണ മേധാവിത്വത്തിന്റെയും കൈപ്പിടിയിൽ പൂർണ്ണമായും അമർന്നിരുന്ന വിദ്യാഭ്യാസ സംവിധാനങ്ങൾ സാധാരണജനങ്ങളിലേക്ക് എത്തിക്കുക എന്നത് അതിസാഹസികമായ ദൗത്യമായിരുന്നു. കാർഷികാവശതയും ഭൂവുടമാ സമ്പ്രദായവും വിപ്ലവങ്ങൾക്ക് വരെ വഴിതെളിച്ച കാലഘട്ടമാണ് പത്തൊൻപതാം നൂറ്റാണ്ട്. മാപ്പിള കലാപത്തെപ്പറ്റി അന്വേഷിച്ച ലോഹാൻ കമ്മീഷൻ റിപ്പോർട്ടിൽ ആ കാലഘട്ടത്തിലെ സാമ്പത്തിക അസ്ഥിരതകളെപ്പറ്റി ആധികാരിക സൂചനകൾ ഉണ്ട്. കൃഷിയിലും വ്യാപാരത്തിലും വ്യാപരിച്ചിരുന്ന സുറിയാനി സമൂഹത്തിന്റെ മദ്ധ്യത്തിൽ നിരവധി സ്കൂളുകൾ സ്ഥാപിച്ച തിരുമേനി അതിശയോക്തിപരമല്ലാതെതന്നെ സാമൂഹിക വിപ്ലവകാരി എന്ന നാമം അന്വർത്ഥമാക്കുന്നു. തിരുമേനി സ്ഥാപിച്ച സ്കൂളുകളുടെ എണ്ണത്തെപ്പറ്റി ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ടെങ്കിലും മേൽസൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ആ കാലത്ത് ഒരു സ്കൂൾ ആരംഭിച്ചാൽ തന്നെ അത് മഹത്തായ സാമൂഹിക വിപ്ലവം ആയിരുന്നു എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല.

തിരുമേനിയുടെ വിദ്യാഭ്യാസ വിപ്ലവത്തിന്റെ രേഖയാണ് പരുമല

പടിയോല. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അനിവാര്യത സാമുദായിക മുന്നേറ്റത്തിൽ അനിവാര്യമാണെന്ന വിശാല കാഴ്ചപ്പാടിനെ മുൻനിത്തി അഹോരാത്രം യത്നിച്ച ആത്മീയ പിതാവാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി. വിദ്യാഭ്യാസത്തിലൂടെ വിജ്ഞാനകുതുകികളും വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നം കണ്ടു. അതിരൂക്ഷമായ സാമ്പത്തിക ഞെരുക്കങ്ങൾ ഈ മഹത്തായ ദൗത്യനിർവ്വഹണ പാതയിൽ നിന്ന് അദ്ദേഹത്തെ പിൻമാറ്റിയിട്ടില്ല. മോതിരവും അംശവടിയും കൂടെക്കൂടെ പണയംവയ്ക്കുകയും തിരികെ എടുക്കുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസമേഖലയിൽ അതിദ്രുതം അദ്ദേഹം മുന്നേറി. സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതിരുന്ന ആ കാലത്ത് സ്ത്രീ വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകി എന്നത് തിരുമേനിയിലെ സാമൂഹിക വിപ്ലവകാരിയുടെ അതിസൂക്ഷ്മ ഭാവങ്ങളെ ആണ് വെളിവാക്കുന്നത്. "എല്ലാ ഇടവകകളിലും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും സ്കൂളുകൾ സ്ഥാപിക്കണം" എന്നുള്ള പരുമല പടിയോലയുടെ 10-ാം കാനോൻ തിരുമേനിയുടെ നിലപാടുകളുടെ പ്രതിഫലനമാണ്. 1907-ൽ കാരുചിറ ഗീവർഗ്ഗീസ് റമ്പാൻ പ്രസിദ്ധപ്പെടുത്തിയ സഭാ പഞ്ചാംഗത്തിൽ എടുത്തു പറയുന്ന "രണ്ട് പെൺപള്ളിക്കൂടങ്ങൾ" തിരുമേനിയുടെ സാമൂഹിക വിപ്ലവപാതയിലെ ശ്രദ്ധേയമായ ഏടാണ്. അധഃകൃതവർഗ്ഗത്തിന് ആത്മാവ് പോലും ഇല്ലെന്ന് അഹന്തയോടെ വിശ്വസിച്ചിരുന്ന ഫ്യൂഡൽ സ്വാധീനമുണ്ടായിരുന്ന ക്രൈസ്തവ സഭയിലെ വേറിട്ട ശബ്ദമായിരുന്നു തിരുമേനിയുടേത്. അദ്ദേഹം സ്ഥാപിച്ച എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവർണ്ണർക്കും പ്രവേശനാനുമതി നൽകി നവോത്ഥാനശാഖയിലെ കരുത്തുള്ള കണ്ണിയായി ഈ ആത്മീയ ആചാര്യൻ വർത്തിച്ചു.

വിദ്യാസമ്പന്നരായ വിശ്വാസികളോടൊപ്പം വിദ്യാസമ്പന്നരായ പുരോഹിതർ എന്ന വലിയ തത്വമാണ് സഭയുടെ മുന്നേറ്റത്തിനായി പുലിക്കോട്ടിൽ ജോസഫ് ദീവന്നാസിയോസ് രണ്ടാമൻ തിരുമേനി ആവിഷ്ക്കരിച്ചത്. കുന്നംകുളം, കോട്ടയം, പരുമല എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിച്ച് വൈദിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിപ്പിച്ചു. തിരുമേനിയുടെ സമഗ്രമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ വിലയിരുത്തി വിദ്യയുടെ വിമോചനാത്മകത തിരിച്ചറിഞ്ഞ കർമ്മയോഗി എന്നു മാത്രമേ രേഖപ്പെടുത്താൻ കഴിയുകയുള്ളൂ.

## വായനയുടെ ലോകം നവോത്ഥാനത്തിന് ആധാരം എന്ന മന്ത്രം ഓതിയ അജപാലകൻ

അറിവിന്റെ ലോകം വ്യക്തിക്ക് മുമ്പിൽ തുറക്കുന്ന ദർശനങ്ങളാണ് സാമൂഹിക നവോത്ഥാനത്തിനും സാംസ്ക്കാരിക ഉന്നതിക്കും ആധാരം.

'വിദ്യകൊണ്ട് വിജ്ഞർ ആകുവിൻ' എന്ന ശ്രീനാരായണ സൂക്തം പ്രചുര പ്രചാരമാർജ്ജിക്കുന്നതിനു മുമ്പേ വായനയുടെ ലോകത്തേക്ക് സമൂഹത്തെ നയിച്ച ആത്മീയ പിതാവാണ് പുലിക്കോട്ടിൽ രണ്ടാമൻ. കേരള പതാക എന്ന വർത്തമാന പത്രികയിലൂടെ തിരുമേനി ഉന്നംവച്ചത് ഈ മഹത്തായ ആശയ ആവിഷ്ക്കാരമായിരുന്നു. പഠിത്തവീടുകളുടെ നിർമ്മാണവും, അച്ചടിയുടെ പ്രധാന്യവും ഊന്നൽ നൽകിക്കൊണ്ടുള്ള 1873-ലെ തിരുമേനിയുടെ പരുമല സമ്മേളന പ്രസംഗം കാലത്തിന് മുമ്പേ സഞ്ചരിച്ച ഉൾക്കാഴ്ചകളുമായി ജീവിച്ച ക്രാന്തദർശിയുടേതാണ്. വിദ്യാഭ്യാസത്തിലൂടെ അതിജീവനം എന്ന മഹത്തായ ലക്ഷ്യം പൂർത്തീകരിക്കുവാൻ ജീവിതം സമർപ്പിച്ച പിതാവ് ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങിയ നിരവധി അക്ഷരദൗത്യങ്ങൾ വിജയകരമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. മതപരവും വിശ്വാസപരവുമായ ദർശനങ്ങൾക്ക് ഒപ്പംതന്നെ കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന് ആക്കംകൂട്ടുന്ന നിരവധി ലേഖനങ്ങൾ തിരുമേനിയുടെ അക്ഷരദൗത്യത്തിലൂടെ വെളിച്ചം കണ്ടു. ജാതീയത, അയിത്തം, സ്ത്രീകളോടുള്ള അവഗണന, മരുമക്കത്തായം, കൂട്ടുകുടുംബം, ബഹുഭാര്യാത്വം, ബഹുഭർതൃത്വം തുടങ്ങിയ നിരവധി സാമൂഹ്യപ്രശ്നങ്ങളെ വിലയിരുത്തുകയും അവയ്ക്കെതിരെ പോരാട്ടം തുടങ്ങുകയും ചെയ്ത തിരുമേനിയുടെ അക്ഷരദൗത്യം കേരളത്തിലെ സാമൂഹ്യവിപ്ലവത്തിന്റെ മേൽത്തരമായ വഴിച്ചാലുകളിൽ ഒന്നാണ്. ചുറ്റുപാടും അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്ന ലോകത്തെപ്പറ്റിയുള്ള അറിവാണ് ഒരുവനെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുന്നത്. ലോകത്തിൽ നടക്കുന്ന മാറ്റങ്ങളെപ്പറ്റി മലങ്കരയിലെ ജനങ്ങളെ പ്രബുദ്ധരാക്കി കാലികമായ മാറ്റങ്ങളെപ്പറ്റി അവരെ ബോധവാന്മാരാക്കി എന്ന വലിയ ദൗത്യമാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ നിർവ്വഹിച്ചത്. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദം കേരളം സന്ദർശിച്ച സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന വിളിപ്പേര് കേരളീയ സമൂഹത്തിന് ചാർത്തി നൽകി. ജാതിവ്യവസ്ഥയുടെയും ഫ്യൂഡലിസത്തിന്റെയും, രാഷ്ട്രീയ അസ്ഥിരതയുടെയും നടുവിൽ ഭ്രാന്താലയം കണക്കേ ആയിരുന്ന കേരളത്തിൽ ആണ് സ്വന്തം നിലനിൽപ്പിനായുള്ള പോരാട്ടത്തോട് ഒപ്പംതന്നെ കേരള നവോത്ഥാനം എന്ന ആശയം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ഉയർത്തിപ്പിടിച്ചത്.

## സഹകരണത്തിന്റെയും ഉൾക്കൊള്ളലിന്റെയും പുതിയ ഇടങ്ങൾ വികസിപ്പിച്ച ആത്മീയ പിതാവ്

റോമൻ കത്തോലിക്കാസഭയിലെ നിധിയിരിക്കൽ മാണി കത്തനാരുമായി സഹകരിച്ച് തിരുമേനി ആരംഭിച്ച ജാതൈക്യ പ്രസ്ഥാനം

കൊളോണിയൽ അധിനിവേശങ്ങൾക്ക് നടുവിൽ സഹകരണങ്ങളുടെ പുതിയ ഇടങ്ങൾ കണ്ടെത്താനുള്ള തിരുമേനിയുടെ ശ്രമത്തിന്റെയും അനന്തരമായിരുന്നു. കടൽ കടന്ന് എത്തുന്നവരുമായുള്ള ചങ്ങാത്തത്തിന് തിരുമേനിയുടെ കാലത്തിൽ ഏറെ പ്രസക്തി ഉണ്ടായിരുന്നു. കൊളോണിയൽ അധിനിവേശങ്ങൾക്കു മുമ്പിൽ മുട്ടുകുത്തി നിന്നിരുന്ന നാട്ടുരാജാക്കന്മാരിൽ നിന്ന് അധികം സംരക്ഷണം ലഭിക്കുവാൻ അത്തരം ബന്ധങ്ങൾക്ക് വേണ്ടിയാണ് എല്ലാവരും എപ്പോഴും ശ്രമിച്ചിരുന്നത്. നിലനിൽപ്പിനായി തിരുമേനിയും അത്തരം ബന്ധങ്ങളെ മനസ്സില്ലാമനസ്സോടെ സ്വീകരിക്കുമ്പോഴും മറുപുറത്ത് സഹകരണത്തിന്റെ പുതിയ ഇടങ്ങൾ കണ്ടെത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

അയിത്തം അതിന്റെ പരമകോടിയിൽ എത്തിയ 19-ാം നൂറ്റാണ്ടിലാണ് തിരുമേനി പുറജാതിമിഷൻ പ്രാവർത്തികമാക്കിയത് എന്നുള്ളത് ശ്രദ്ധേയമാണ്. പൊതുനിരത്തുകളിൽ കൂടി നടക്കുവാൻ സ്വാതന്ത്ര്യമില്ലാത്ത, മാറ് മറയ്ക്കാൻ അനുവാദമില്ലാത്ത, ചെരിപ്പ്, കുട, വിശേഷപ്പെട്ട വസ്ത്രം തുടങ്ങിയവ നിഷിദ്ധമായിരുന്ന പുറജാതികളെ ഉൾക്കൊള്ളുവാനും അവരുടെ മദ്ധ്യത്തിൽ ശുശ്രൂഷ നിർവ്വഹിക്കുവാനും തിരുമേനിക്ക് കഴിഞ്ഞു. ചിങ്ങവനം, പുതുപ്പള്ളി, കുന്നംകുളം, കാളികുന്ന്, ചെങ്ങന്നൂർ തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തി തിരുമേനി സഭയുടെ പുറജാതിമിഷന്റെ പ്രവർത്തനങ്ങൾ മലങ്കരസഭയിൽ വ്യാപിപ്പിച്ചു.

## അധീശത്വ മനോഭാവങ്ങൾക്ക് എതിരെ തളരാതെ പോരാടിയ ആത്മീയ പോരാളി

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ തിരുമേനിയുടെ നിലപാടുകൾ കരുത്തുറ്റതും, കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുന്നതും ആയിരുന്നു. അധികാര മേൽക്കോയ്മകൾക്കെതിരെയുള്ള പോരാട്ടം നവോത്ഥാന കാലഘട്ടത്തിന്റെ പ്രത്യേകത ആയിരുന്നു. ജാതിവ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിന് എതിരെ നാരായണ ഗുരുവും, അധഃകൃതവർഗ്ഗത്തിന്റെ മുന്നേറ്റത്തിനുവേണ്ടി അയ്യങ്കാളിയും, നായർ സമുദായ മുന്നേറ്റത്തിനായി മന്നത്ത് പത്മനാഭനുമൊക്കെ ഏറ്റെടുത്ത നിലപാടുകൾ തന്നെയാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി മലങ്കരസഭയ്ക്കായി കൈക്കൊണ്ടത്. നാരായണഗുരുവും അയ്യങ്കാളിയും സ്വദേശ ശക്തികൾക്കെതിരെ പോരാടിയപ്പോൾ പ്രബലരായ രണ്ടു വൈദേശിക ശക്തികൾക്ക് എതിരെ പോരാടിയ ചരിത്രമാണ് ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമനുള്ളത്. ആംഗ്ലിക്കൻ നവീകരണ ഉപദേശങ്ങൾക്ക് എതിരെയുള്ള പോരാട്ടങ്ങൾക്ക് ശക്തിയാർജ്ജിക്കുന്നതിന് വേണ്ടിയാണ് അന്ത്യോഖ്യൻ ബന്ധത്തിലേക്ക് പ്രവേശിച്ചത്. മുളന്തു

രുത്തി സുന്നഹദോസ് മലങ്കരസഭയെ അന്തോഖ്യൻ ആധിപത്യത്തിൽ തള്ളിയിട്ടു എന്ന ആരോപണത്തിന്റെ മറുവശം, കേരളത്തിലെ അന്നത്തെ സാമൂഹിക രാഷ്ട്രീയ ചുറ്റുപാടുകളിൽ മറ്റ് ബദലുകൾ ഇല്ലായിരുന്നു എന്നത് മാത്രമാണ്. യുദ്ധക്കളത്തിൽ പോരാടി പെട്ടെന്നുള്ള അപകടങ്ങളെ പ്രതിരോധിക്കാനുള്ള അടവുകൾ പോരാളി സ്വീകരിക്കുമ്പോൾ കോൺഫറൻസ് റൂമിൽ യുദ്ധങ്ങളെപ്പറ്റി കമ്പ്യൂട്ടർ വിശകലനം നടത്തുന്നവർക്ക് വേറെ നിർദ്ദേശങ്ങൾ ഉണ്ടാകാം. എന്നാൽ പോർക്കളത്തിൽ നിൽക്കുന്ന പോരാളി മരണത്തെ മുന്നിൽ കണ്ടാണ് നിലപാടുകൾ എടുക്കുന്നത് എന്നത് അവരുടെ പ്രവൃത്തിയെ സാധൂകരിക്കുക തന്നെ ചെയ്യും. മലങ്കരസഭയുടെ ദശാസന്ധി നിമിഷങ്ങളിൽ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി അങ്ങനെ ഒരു നിലപാട് എടുത്തു എങ്കിലും അദ്ദേഹത്തിന്റെ ജീവിതം മുഴുവനും അന്തോഖ്യൻ അധീശത്വത്തിന് എതിരെയുള്ള പോരാട്ടം ആയിരുന്നു എന്നത് മറന്നുകൂടാ. തിരുമേനി അന്ത്യോഖ്യൻബന്ധത്തെ ഒരു രാഷ്ട്രീയ ആയുധമായി മാത്രമേ ഗണിച്ചിരുന്നുള്ളൂ എന്ന് വിശ്വസിക്കത്തക്കവിധത്തിൽ ആണ് തിരുമേനി അന്ത്യോഖ്യൻ അധിനിവേശത്തെ ചെറുത്തത്.

നാട്ടുരാജാക്കന്മാരുടെ ഏകാധിപത്യ ഭരണസംവിധാനത്തിന്റെ കീഴിൽ വീർപ്പുമുട്ടിയിരുന്ന കേരളീയ സമൂഹം ജനാധിപത്യ ഭരണക്രമങ്ങളെപ്പറ്റി സ്വപ്നം കണ്ടിരുന്നു. മലങ്കരസഭയ്ക്കുള്ളിൽ ജനാധിപത്യ ഭരണസംവിധാനത്തിന് അടിത്തറ പാകിയത് 'മലങ്കരയുടെ രാജശിൽപി' എന്ന ആലങ്കാരിക നാമധേയമുള്ള ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ ആണ്. മെത്രാന്മാരുടെ ഏകനായകശക്തി സഭയ്ക്ക് ഗുണകരമല്ലാത്തതിനാൽ മെത്രാനും പട്ടക്കാരനും അയ്മേനിയും ചേർന്ന ഒരു മലങ്കര അസ്സോസിയേഷനും, അസ്സോസിയേഷൻ ആലോചനാസമിതിയായി ഒരു മാനേജിംഗ് കമ്മിറ്റിയും തെരഞ്ഞെടുക്കണം എന്ന പരുമല സുന്നഹദോസ് നിശ്ചയം (പരുമല കാനോൻ 2) തിരുമേനിയുടെ ദീർഘദർശന നിറവിൽ നിന്ന് പിറവിയെടുത്തതാണ്. കേരളത്തിലെ മറ്റെല്ലാ സമുദായങ്ങൾക്കും ഭരണഘടനാ നിർമ്മിതിക്ക് മാർഗ്ഗദർശിയായി തീർന്നത് തിരുമേനി രൂപംകൊടുത്ത 1873-ലേയും, 1876-ലേയും സഭാ ഭരണഘടനയായിരുന്നു. വിലക്കുകളെയും, ഭീഷണികളെയും, തരംതാഴ്ത്തലുകളെയും തൃണവത് ഗണിച്ച് മലങ്കരസഭയുടെ സ്വാതന്ത്ര്യവും തദ്ദേശീയതയും, പൗരസ്ത്യ സ്വഭാവവും നിലനിർത്തുവാൻ അവസാനശ്വാസംവരെ പോരാടിയ ആത്മീയ പോരാളിയാണ് മാർ ദീവന്നാസിയോസ് രണ്ടാമൻ. മലങ്കരസഭ പുരാതനകാലം മുതൽക്കേ അന്ത്യോഖ്യൻ സഭയുടെ ഭാഗമായിരുന്നു എന്ന ഉടമ്പടിയിൽ ഒപ്പ് വയ്ക്കാതിരുന്നതിന് തിരുമേനി നേരിടേണ്ടി വന്നത് തരംതാഴ്ത്തലുകളെയാണ്. ഇടം ലഭിക്കുന്ന സാഹചര്യങ്ങളിൽ

ഏതുവിധേനയും നുഴഞ്ഞുകയറി എല്ലാം സ്വന്തമാക്കുക എന്നത് കൊളോണിയൽ പതിവുശൈലിയാണ്. എന്നാൽ ഇതിനെതിരെ ആത്മാഭിമാനമുള്ളവർ പ്രതികരിക്കുക തന്നെ ചെയ്യും. ലോകത്തിൽ എവിടെയും വൈദേശികാധിപത്യങ്ങൾ അവർ ചെയ്തുകൊടുക്കുന്ന ചെറിയ സഹായങ്ങൾക്ക് പകരമായി ഇരട്ടിയായി ചൂഷണത്തിലൂടെയും സമ്മർദ്ദതന്ത്രങ്ങളിലൂടെയും അധികാരവും സ്വന്തം കോളനികളും സ്വന്തമായിട്ടുണ്ട്. ഗത്യന്തരമില്ലാതെ ഒരു സാഹചര്യത്തിൽ മലങ്കരയിൽ ലഭിച്ച ഇടം പതിവുശൈലിയിൽ ചൂഷണത്തിനു വിധേയമാക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ ശക്തമായി പോരാടിയ സ്വാതന്ത്ര്യപോരാളിയാണ് ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ. മലങ്കരസഭയെ അന്ത്യോഖ്യൻ കോളനിയാക്കാനുള്ള ശ്രമത്തെ അദ്ദേഹം പ്രതിരോധിച്ചത് സ്വതന്ത്രമായ ഭരണസംവിധാനങ്ങൾ ശ്രദ്ധയോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിലൂടെയായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ സാമ്പത്തിക സാംസ്ക്കാരിക സാമൂഹിക ചുറ്റുപാടുകളെ ഗൗരവമായി എടുത്തുകൊണ്ടുള്ള പുനർവായനകൾ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെപ്പറ്റി കൂടുതലായി ഉണ്ടാകണം. മലങ്കരയിൽ മാത്രമല്ല ഭാരതത്തിൽ എല്ലായിടവും വൈദേശിക ആധിപത്യം ശക്തിയാർജ്ജിച്ച ഒരു കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ തിരുമേനിയുടെ നിലപാടുകളെ മനസിലാക്കാൻ കഴിയുകയുള്ളൂ. മത, സാംസ്ക്കാരിക, സാമൂഹിക ചുറ്റുപാടുകളെ ഗൗരവമായി ഉൾക്കൊണ്ടിരുന്ന ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ മലങ്കര സഭയുടെ പിതൃവിജ്ഞാനീയ ശാഖയിലെ ഉന്നതസ്ഥാനീയൻ ആണ്. കാലത്തെ മറന്നുകൊള്ളുന്ന ഭക്തിയായിരുന്നില്ല തിരുമേനി പ്രചരിപ്പിച്ചത്. 19-ാം നൂറ്റാണ്ടിന്റെ നവോത്ഥാനചിന്തകൾക്ക് ആവേശം പകരുകയും ആ ചിന്തകളിൽ നിന്ന് ആവേശം ഉൾക്കൊള്ളുകയും ചെയ്ത ആത്മീയ പിതാവാണ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി. മലങ്കരസഭയുടെ വ്യവഹാരങ്ങളുടെ ചരിത്രത്തിൽ മാത്രം ഈ വലിയ വ്യക്തിത്വത്തെ തളച്ചിടാതെ, ശ്രീനാരായണഗുരുവിനും, അയ്യങ്കാളിക്കും, ജി. കേളപ്പനുമൊക്കെ തുല്യനായ സാമൂഹിക പരിഷ്ക്കർത്താവ് ആയിരുന്നു മലങ്കര സഭയുടെ ജോസഫ് മാർ ദീവന്നാസിയോസ് എന്ന ആത്മീയ നക്ഷത്രം എന്ന് മലങ്കരസഭാമക്കൾ തിരിച്ചറിയുകയും അത് വരുംതലമുറയിലേക്ക് ആത്മാഭിമാനത്തോടെ കൈമാറുകയും ചെയ്യണം. കേരള നവോത്ഥാന ശാഖയിലെ ഈ ആത്മീയ നക്ഷത്രത്തിന്റെ അജപാലന പാതകൾ 21-ാം നൂറ്റാണ്ടിലെ സഭയുടെ ദൗത്യത്തെ നവീകരിക്കുവാൻ പര്യാപ്തപ്രദമായിത്തീരും എന്നതിൽ രണ്ടുപക്ഷമില്ല.

(*'യുഗതേജസ്സ്'* എന്ന ഗ്രന്ഥത്തിൽ നിന്നും)

# വ്യവഹാരങ്ങളിൽ കൂടി ഒരു ദൈവിക നിയോഗം

## അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ

കുന്നംകുളത്തെ പ്രശസ്തമായ പുലിക്കോട്ടിൽ തറവാട്ടിലാണ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ജനനം. കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ സഹോദരൻ താരുവിന്റെ മകന്റെ മകനാണ് എം.ഡി. സെമിനാരി സ്ഥാപകൻ എന്ന പേരിൽ പ്രസിദ്ധനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് കുരിയത്. കുന്നംകുളം തെക്കെ അങ്ങാടിയിൽ പഴയപള്ളിക്കു സമീപമുള്ള തിരുമേനി ജനിച്ചു വളർന്ന കുടുംബവീട് ഇന്നും അതേപടി നിലനിൽക്കുന്നുണ്ട്.

ഇസ്സഡ്. എം. പാറേട്ട് തന്റെ വിശ്രുതമായ *മലങ്കര നസ്രാണികൾ* എന്ന ബൃഹത്തായ സഭാചരിത്ര ഗ്രന്ഥത്തിൽ മൂന്നാം വാല്യം ആറാം അദ്ധ്യായത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനെ ആദ്യമായി വായനക്കാർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്ന ഒരു ഭാഗമുണ്ട്. ശീമക്കാരൻ യൂയാക്കീം മാർ കൂറിലോസും പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും കൂടി അഞ്ഞൂർ പള്ളിക്കുവേണ്ടി നടത്തിയ വ്യവഹാരത്തിൽ കൂറിലോസിന്റെ ഭാഗത്തെ വ്യവഹാരനടത്തിപ്പുകാരൻ പുലിക്കോട്ടിൽ ജോസഫ് കത്തനാരായിരുന്നു. കേസിന്റെ ചരിത്രം ചുരുക്കി പറഞ്ഞശേഷം പാറേട്ട് പറയുന്നു. "ഈവിധമാണ്, പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് എന്ന പേരിൽ പ്രഖ്യാതനായിത്തീർന്ന ദേഹം മലങ്കര സമുദായകാര്യങ്ങളിൽ ഇദംപ്രഥമമായി ഇടപെട്ടത്" (*മലങ്കര നസ്രാണികൾ*, വാല്യം 3, പേജ് 228).

യുവ വൈദികനായിരുന്ന ജോസഫ് കത്തനാർ ആദ്യമായി കൈവെച്ച അഞ്ഞൂർ പള്ളിക്കേസുകൾ പരാജയത്തിലാണ് കലാശിച്ചത്. അഞ്ഞൂർ പള്ളി (ഇന്ന് മലങ്കര സ്വതന്ത്ര സുറിയാനി ഭദ്രാസന ദേവാലയം) ആർത്താറ്റ് – കുന്നംകുളം പള്ളികളുടെ മറ്റൊരു ദേവാലയമായി സങ്കല്പിച്ചിട്ടാണ് കിടങ്ങൻ മാർ പീലക്സിനോസിന്റെ കാലത്ത് നടന്നുവന്നിരുന്നത്. കിടങ്ങൻ മെത്രാൻ ആർത്താറ്റ് പള്ളിയിലെ വൈദികനായിരുന്നു. ഇദ്ദേഹത്തിന് മെത്രാൻസ്ഥാനം കൊടുത്തത് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ആയിരുന്നു. പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് മെത്രാൻസ്ഥാനം കൊടുത്തത് കിടങ്ങൻ മാർ

പീലക്സിനോസായിരുന്നു. ഇരുവരും സഹപട്ടക്കാരായി ആർത്താറ്റ് പള്ളിയിൽ കഴിഞ്ഞുവന്നിരുന്നവരാണ്. ആദ്യകാലത്ത് അഞ്ഞൂർ പള്ളിക്ക് കുന്നംകുളം ഇടവകക്കാർ കഴിയുന്ന സാമ്പത്തിക സഹായവും നൽകി വന്നിരുന്നു.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് മലങ്കരസഭാ കാര്യങ്ങളിൽ ഇടപെടാൻ തുടങ്ങിയതിന്റെ ഭാഗമായി അഞ്ഞൂർ പള്ളിക്കാര്യങ്ങളിലും കൈകടത്താൽ തുടങ്ങി. 1856 ജൂൺ 16-നു കിടങ്ങൻ മാർ പീലക്സിനോസിനു ശേഷം മെത്രാനായ ഗീവർഗീസ് മാർ കൂറിലോസ് ഒരു പിൻഗാമിയെ വാഴിക്കാതെ കാലം ചെയ്തു. ഗീവർഗീസ് മാർ കൂറിലോസിന് മെത്രാൻപട്ടം കൊടുത്തത് ചേപ്പാട്ട് മാർ ദീവന്നാസ്യോസായിരുന്നു. മലങ്കരസഭയിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസും 1846-ൽ അന്ത്യോഖ്യായിൽ നിന്നു വന്ന യൂയാക്കീം മാർ കൂറിലോസും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശങ്ങൾ പുറപ്പെടുവിച്ചിരുന്ന കാലമായിരുന്നു അത്.

തൊഴിയൂർ പള്ളിക്ക് പുതിയ മെത്രാനെ വാഴിക്കാൻ തയ്യാറായി യൂയാക്കീം മാർ കൂറിലോസ് തൊഴിയൂരിൽ വന്നെത്തുന്നതിനു മുൻപ് മാത്യൂസ് മാർ അത്താനാസിയോസ് വന്ന് ആലത്തുക്കാരൻ പനയ്ക്കൽ യൌസേഫ് കത്തനാരെ മെത്രാനായി വാഴിച്ചു. ഇതിൽ പ്രകോപിതനായ കൂറിലോസ്, മാത്യൂസ് അത്താനാസിയോസും അനുഗാമികളും ചേർന്ന് തൊഴിയൂർ പള്ളിയും സ്വത്തുക്കളും കൈവശപ്പെടുത്തി എന്നു കാണിച്ച് ഒരു ക്രിമിനൽ കേസ്സ് കൊടുത്തു. ഈ കേസ്സ് നടത്തുന്നതിന് യൂയാക്കീം മാർ കൂറിലോസിന് വലംകൈയായി നിന്നത് പുലിക്കോട്ടിൽ ജോസഫ് കത്തനാർ എന്ന യുവവൈദികനായിരുന്നു. ക്രിമിനൽ കേസ്സ് കോഴിക്കോട് സെഷൻസ് കോടതിയിൽ എത്തി. അവിടെ കേസ് തള്ളിപ്പോയി. ക്രിമിനൽ കേസ്സ് പരാജയപ്പെട്ടപ്പോൾ അഞ്ഞൂർ പള്ളി സംബന്ധിച്ച് ഒരു സിവിൽ വ്യവഹാരം നടത്തണമെന്ന് അഭിപ്രായമുണ്ടായി. "അതിന്റെ ഉപജ്ഞാതാവ് പുലിക്കോട്ടിൽ ജോസഫ് കത്തനാരായിരുന്നു എന്നു വെയ്ക്കുന്നതിൽ തെറ്റില്ല" എന്നാണ് പാറേട്ടിന്റെ അഭിപ്രായം (പേജ് 228). പാറേട്ട് തുടർന്നു പറയുന്നു: "പരദേശി മാർ കൂറിലോസ് വാദിയും, മാത്യൂസ് അത്താനാസിയോസ്, അഞ്ഞൂർ ആലത്തൂർക്കാരൻ പനയ്ക്കൽ കൂറിലോസ് മുതലായവർ പ്രതികളുമായി പ്രമാദമായി നടന്ന വ്യവഹാരത്തിൽ കോഴിക്കോട്ടു ഡിവിഷൻ കോടതിയിലും മദ്രാസ് ഹൈക്കോടതിയിലും വാദികൾക്ക് എതിരായി വിധി ഉണ്ടായി. ഈ വിധമാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ പിന്നീട് പ്രഖ്യാതനായിത്തീർന്ന ദേഹം മലങ്കര, സമുദായ കാര്യങ്ങളിൽ പ്രഥമമായി ഇടപെട്ടത്."

അങ്ങനെ ജോസഫ് കത്തനാർ, കൂറിലോസ് മെത്രാന്റെ കേസ് നടത്തിപ്പുകാരൻ എന്ന നിലയിൽ കൈവച്ച ക്രിമിനൽ കേസും തുടർന്ന് നടത്തിയ സിവിൽ കേസും പരാജയപ്പെട്ടു. ഈ വ്യവഹാരങ്ങൾക്ക് പണം മുടക്കിയത് കുന്നംകുളം പനക്കൽ ഐപ്പൂരു മുതലാളിയായിരുന്നു. മലങ്കരയിലെ അക്കാലത്തെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വെച്ച് ഏറ്റവും ധനാഢ്യൻ പനയ്ക്കൽ ഐപ്പൂരു മുതലാളിയായിരുന്നു. പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മർദ്ദീനിലേക്ക് അയച്ച് മെത്രാൻസ്ഥാനം ഏറ്റുവരുവാനുള്ള ചിലവിൽ ഗണ്യമായ തുക സംഭാവന ചെയ്തതും അദ്ദേഹമായിരുന്നു. പിന്നീട് പത്രോസ് പാത്രിയർക്കീസ് ബാവായെ വരുത്താൻ 500 പവൻ അയച്ചു കൊടുത്തതിലും ഇദ്ദേഹം നല്ലൊരു തുക നൽകി മാർ ദീവന്നാസ്യോസിനെ സഹായിച്ചിരുന്നു.

പരദേശി മാർ കൂറിലോസും പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസും തമ്മിൽ മലങ്കരസഭാ നേതൃത്വത്തിനായി മത്സരം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഗവൺമെന്റ് 1863-ൽ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു: 'മാർ കൂറിലോസിനെ അനുഗമിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ആ വിധം ചെയ്യുന്നതിനു സ്വാതന്ത്ര്യമുണ്ട്. എന്നാൽ മാർ അത്താനാസിയോസിന്റെ അനുഗാമികളുടെ കൈവശത്തിലുള്ള പള്ളികളിൽ പ്രവേശിച്ച് സമാധാനം ഭഞ്ജിച്ചുകൂടാ. അവർ സ്വന്തമായി പള്ളികൾ ഉണ്ടാക്കിക്കൊള്ളണം.' തിരുവിതാംകൂർ ഗവൺമെന്റിന്റെ മേൽപ്പറഞ്ഞ വിജ്ഞാപനത്തെ തുടർന്ന് കൂറിലോസ് ഒരു സിവിൽ കേസ് കൊടുത്തു. ഈ കേസ്സ് നടത്തിപ്പു പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ മേൽനോട്ടത്തിലായിരുന്നു. ആ കേസും തള്ളിപ്പോയി. നാട്ടു മെത്രാനായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിനോട് എതിരിടുവാൻ നാട്ടുകാരനായ ഒരു മെത്രാൻ തന്നെ വേണമെന്ന ബോധോദയത്തിന്റെ വെളിച്ചത്തിലാണ് മാർ കൂറിലോസ് 1865-ൽ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുത്തേക്ക് മെത്രാൻസ്ഥാനം ഏറ്റുവരാൻ അയച്ചത്. പുലിക്കോട്ടിൽ കത്തനാരെ അന്ത്യോഖ്യായിലെ ആമീദിൽ വെച്ച് 1865 ഏപ്രിൽ 30-നു യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് ബാവാ ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

മലങ്കരയിൽ തിരിച്ചെത്തിയ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശം സ്ഥാപിച്ചുകിട്ടാൻ കൊടുത്ത അപേക്ഷയ്ക്ക് 1866 ജൂലായ് 14-നു തിരുവിതാംകൂർ സർക്കാർ മറുപടി കൊടുത്തു. മാർ അത്താനാസ്യോസുമായി ഒരു സന്ധി ഉണ്ടാക്കുകയോ സിവിൽ കോടതിയിൽ വ്യവഹാരം ബോധിപ്പിച്ച് നിവൃത്തി വരുത്തുകയോ ചെയ്തുകൊള്ളണം എന്നായിരുന്നു ആ മറുപടിയുടെ

സാരം. ഈ തീർപ്പിന്മേൽ മദ്രാസ് ഗവൺമെന്റിൽ അപ്പീൽ ബോധിപ്പിച്ച തിൽ അവിടെ ദിവാന്റെ തീർച്ചയെ ശരിവയ്ക്കുകയാണ് ഉണ്ടായത്. 1869-ൽ ഉണ്ടായ തീർപ്പിന്മേൽ "ഒരു പള്ളി"യുടെ കാര്യത്തിൽ കേസു കൊടുത്തു നോക്കി. എന്നാൽ ആ കേസ്സിൽ തിരുവിതാംകൂർ ഹൈക്കോടതിയുടെ വിധി ഇപ്രകാരമായിരുന്നു. "ഒരു മെത്രാപ്പോലീത്താ ആണെന്നു വാദിക്കുന്ന ആളിനെ സർക്കാർ ആ നിലയിൽ അംഗീകരിക്കാതെ കോട തികൾക്ക് അംഗീകരിക്കാൻ പാടില്ല. മാർ അത്താനാസിയോസിന്റെ എതി രാളിയുടെ നിയമനത്തിന് തിരുവിതാംകൂർ സർക്കാരിന്റെ അനുവാദവും അംഗീകാരവും സിദ്ധിക്കുന്നതുവരെ അദ്ദേഹം (മാർ അത്താനാസി യോസ്) നിയമപ്രകാരവും യഥാർത്ഥത്തിലും മെത്രാപ്പോലീത്താ ആണെ ന്നുള്ള തത്വമനുസരിച്ചായിരിക്കണം ഞങ്ങൾ പ്രവർത്തിക്കേണ്ടത്" (എ. എസ്. 154/1044-ൽ തിരുവിതാംകൂർ ഹൈക്കോടതിയുടെ 1873 ആവണി 14-ലെ ജഡ്ജ്മെന്റ്).

നവീകരണ ചായ്‌വുള്ള മാത്യൂസ് മാർ അത്താനാസ്യോസിന്റെ പിടി യിൽ നിന്നും പള്ളികളെ മോചിപ്പിക്കാൻ കേസു നടത്താതെ വേറെ ഗത്യ ന്തരമില്ലെന്ന് ജോസഫ് മാർ ദീവന്നാസ്യോസിന് ബോധ്യമായി. അതി നായി അദ്ദേഹം തീവ്രശ്രമം തുടങ്ങി. പള്ളിക്കരപള്ളി സംബന്ധമായി ഒരു വ്യവഹാരത്തിൽ മാർ ദീവന്നാസ്യോസിന് ഇതിനിടെ ഒരു വിജയം ലഭിച്ചു.

മലങ്കര മെത്രാപ്പോലീത്താ എന്ന പദവിക്ക് അംഗീകാരം കിട്ടുന്നതിനും മാത്യൂസ് മാർ അത്താനാസ്യോസിന്റെ അംഗീകാരം പിൻവലിക്കപ്പെടു ന്നതിനും പുലിക്കോട്ടിൽ തിരുമേനി ശ്രമം നടത്തിക്കൊണ്ടിരുന്നപ്പോഴാണ് മുപ്പത് വർഷക്കാലത്തെ വട്ടിപ്പണപലിശയും കൊല്ലം പഞ്ചായത്തിന്റെ തീരുമാനപ്രകാരം നസ്രാണികളുടെ വീതമായി മാറ്റിവച്ച സംഖ്യയും കിട്ട ണമെന്ന് മാർ അത്താനാസിയോസ് സർക്കാരിൽ അപേക്ഷ ബോധിപ്പി ച്ചത്. ഈ അപേക്ഷയെ പുലിക്കോട്ടിൽ തിരുമേനി എതിർത്തു. റസി ഡന്റ് ഒരു അന്വേഷണം നടത്തിയെങ്കിലും സംഖ്യ അത്താനാസ്യോസിനു കൊടുക്കാൻ കല്പനയായി. മാർ അത്താനാസ്യോസ് പണം വാങ്ങുകയും ചെയ്തു. പാത്രിയർക്കീസിനെ തിരശീലയ്ക്കു പിന്നിൽ നിർത്തിക്കൊണ്ട് അദ്ദേഹത്തിൽ നിന്നും ലഭിച്ച സ്ഥാനത്തിന്റെയും സ്താത്തിക്കോന്റെയും ബലത്തിന്മേൽ കാര്യം കാണാൻ കുശാഗ്രബുദ്ധിയായ പുലിക്കോട്ടിൽ തിരുമേനി തീരുമാനിച്ചു. പാറേട്ട് എഴുതുന്നു: "അതിനപ്പുറം കടന്നാൽ കുഴപ്പങ്ങൾ പലതും ഉണ്ടാകുമെന്ന് അറിയാമായിരുന്നതുകൊണ്ടായിരി ക്കണം കഴിവും സ്വാധീനവും അത്രയും പ്രയോഗിച്ചിട്ടും ഫലം കിട്ടാതെ വന്നപ്പോൾ അറ്റകൈ ആയി പാത്രിയർക്കീസിനെ കേരളത്തിലേക്ക് ക്ഷണിക്കാൻ അദ്ദേഹം നിർബന്ധിതനായി. ആ വിധം ചെയ്തത് മറ്റു

ഗതി ഒന്നും ഇല്ലാത്തതുകൊണ്ടാണെന്നു ഇ. എം. പീലിപ്പോസു തന്നെ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുക: എല്ലാ കാര്യത്തിലും ഭഗ്നാശനായ മാർ ദീവന്നാസ്യോസ് അഞ്ചാമൻ അവസാന കൈ ആയി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചു."

അങ്ങിനെയാണ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശിച്ചത്. ജോസഫ് ദീവന്നാസ്യോസിനെപ്പോലെ തന്നെ തന്ത്രശാലി തന്നെയായിരുന്നു പത്രോസ് പാത്രിയർക്കീസ് ബാവാ. അദ്ദേഹം ലണ്ടനിൽ പോയി ബ്രിട്ടീഷ് ഗവൺമെന്റിലെ ഉന്നതന്മാരുമായും, ഇംഗ്ലണ്ടിലെ മഹാറാണിയുമായും കൂടിക്കാഴ്ചകൾ നടത്തി, വേണ്ട ശുപാർശകത്തുകളും നേടിയാണ് മലങ്കരയിലേക്ക് തിരിച്ചത്. വരുന്നവഴി ഊട്ടിയിൽ ചെന്ന് മദ്രാസ് ഗവർണ്ണറെ സന്ദർശിച്ച് തന്റെ വരവിന്റെ ഉദ്ദേശ്യം ബോദ്ധ്യപ്പെടുത്തി വേണ്ട പിടിപാടുകൾ സമ്പാദിക്കാനും മറന്നില്ല. 1875 ജൂൺ 12-ാം തീയതി വ്യാഴാഴ്ച ബാവാ കേരളത്തിലെത്തി. പാത്രിയർക്കീസ് ബാവാ ആദ്യം വന്നത് കുന്നംകുളം പഴയപള്ളിയിലാണ്. കുറച്ച് ദിവസത്തെ വിശ്രമത്തിനുശേഷം മഹാരാജാവിനെ മുഖം കാണിക്കാൻ തിരുവനന്തപുരത്തേയ്ക്ക് യാത്രയായി. ഇതിനുള്ള സകല ഏർപ്പാടുകളും പുലിക്കോട്ടിൽ തിരുമേനി ഭംഗിയായി ഒരുക്കിക്കൊടുത്തു. തിരുവിതാംകൂർ മഹാരാജാവ് ആയില്യം തിരുനാളിന് കൊടുത്ത നിവേദനത്തിന്റെ ഫലമായി മാത്യൂസ് അത്താനാസ്യോസിന് 1039-ൽ അംഗീകാരം കൊടുത്ത വിളംബരത്തെ ഭേദപ്പെടുത്തിക്കൊണ്ട് 1051 കുംഭമാസം 23-ാം തീയതി ഒരു വിളംബരം പ്രസിദ്ധീകരിച്ചു. ഇതോടെ മാത്യൂസ് അത്താനാസ്യോസിന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം നഷ്ടമായി.

മാത്യൂസ് മാർ അത്താനാസിയോസിന് അനുകൂലമായ രാജകീയ വിളംബരം പിൻവലിച്ചതോടുകൂടി അദ്ദേഹം കോടതികളുടെ അധികാരത്തിന് വിധേയനായി. അതുവരെ അദ്ദേഹം കോടതികൾക്ക് അതീതനായിരുന്നു. ആ പരിരക്ഷണം നഷ്ടമായതോടുകൂടി മാത്യൂസ് അത്താനാസിയോസിനെതിരെ വ്യവഹാരപ്പെടുന്നതിനുള്ള കോപ്പു കൂട്ടൽ ജോസഫ് മാർ ദീവന്നാസ്യോസ് ആരംഭിച്ചു. യൂയാക്കീം മാർ കൂറിലോസിനു വേണ്ടി പലവിധ കേസുകൾ നടത്തി സമ്പാദിച്ച അനുഭവപരിചയങ്ങൾ ഈ ഘട്ടത്തിൽ പുലിക്കോട്ടിൽ തിരുമേനിക്ക് മുതൽക്കൂട്ടായി പരിണമിച്ചു. ജനങ്ങളുടെ സഹകരണം പൂർണ്ണമായി ലഭിക്കുന്നതിന് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ സമരമുഖത്തിന്റെ മുൻനിരയിൽ നിർത്തിക്കൊണ്ട് ശ്രമിക്കയാണ് വേണ്ടതെന്ന് ശരിക്ക് അറിയാമായിരുന്ന ആ മഹാതന്ത്രജ്ഞൻ അതിന് പറ്റിയ മാർഗവും കണ്ടു. ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി ജനസഹകരണം ആവുന്നത്ര നേടുക എന്നുള്ളതാണ് അദ്ദേഹം കണ്ട സൂത്രം. അങ്ങനെ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടി.

സുന്നഹദോസിൽ വെച്ച് ഏതാനും സുപ്രധാന കാനോനുകൾ അംഗീക രിച്ചു. പാറേട്ട് പറയുന്നു: "മുളന്തുരുത്തി സുന്നഹദോസിന്റെ കാനോന കളുടെ വൈശിഷ്ട്യത്തെ എത്ര പുകഴ്ത്തിയാലും അധികമാകുമെന്ന് തോന്നുന്നില്ല" (പേജ് 278). സുന്നഹദോസ് കഴിഞ്ഞ് ഏതാണ്ട് ഒമ്പതു മാസം പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിൽ പള്ളിസന്ദർശ നവുമായി കഴിഞ്ഞുകൂടി. ഇതിനിടയിൽ തനിക്ക് ഇഷ്ടപ്പെട്ട ആറു പേരെ മെത്രാപ്പോലീത്താമാരായി വാഴിച്ചു. മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചു. അവ ഭരിക്കുന്നതിന് ഏഴു മെത്രാന്മാരെ നിയമിച്ചു. 1877 മെയ് മാസം 21-നു ചാലിശ്ശേരിൽ പള്ളിയിൽ നിന്ന് പട്ടാമ്പി വഴി തീവണ്ടി മാർഗ്ഗം ബോംബേക്കുപോയി. അവിടെ നിന്ന് ഇടവം 16-ാം തീയതി സ്വന്തം നാട്ടിലേക്ക് കപ്പൽ കയറി.

പത്രോസ് പാത്രിയർക്കീസുമായി പല അഭിപ്രായ ഭിന്നതകളും ജോസഫ് മാർ ദീവന്നാസ്യോസിന് ഉണ്ടായിരുന്നു. തന്ത്രശാലിയായ അദ്ദേഹം അതൊന്നും കാര്യമാക്കാതെ കഴിച്ചുകൂട്ടി. ഇതിനിടെ പാറേ ട്ടിന്റെ ഭാഷയിൽ പറഞ്ഞാൽ 'അര മുടക്കും' അദ്ദേഹത്തിനു ലഭിച്ചു. എന്നാൽ സഹോദര മെത്രാപ്പോലീത്താമാരുടെ പൂർണ്ണ സഹകരണവും പിൻതുണയും അദ്ദേഹത്തിനു ലഭിച്ചിരുന്നതിനാൽ 'അര മുടക്ക്' ശോഭി ച്ചില്ല.

നവീകരണക്കാർ കൈവശപ്പെടുത്തി വച്ചിരിക്കുന്ന പഴയസെമിനാരി തുടങ്ങിയ സമുദായ വസ്തുക്കൾ വീണ്ടെടുക്കുന്നതിന് കേസ് കൊടു ക്കുന്നതിനുള്ള തയ്യാറെടുപ്പുകളിൽ പുലിക്കോട്ടിൽ തിരുമേനി വ്യാപൃത നായി. ഇതിനായി ആദ്യം ചെയ്തത് പരുമല ഒരു സുന്നഹദോസ് കൂടു കയാണ്. 1053 കുംഭം 6-നു പരുമലയിൽ സുന്നഹദോസ് കൂടി. അതിൽ വച്ച് സഹോദര മെത്രാപ്പോലീത്താമാരുടെ പൂർണ്ണപിൻതുണ അദ്ദേഹ ത്തിനു ലഭിച്ചു. കേസ് നടത്തിപ്പിനു വേണ്ടിവരുന്ന ഭീമമായ സംഖ്യ പിരി ച്ചെടുക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടു. കടപ്പത്രങ്ങൾ വിറ്റ് പണം അതിവേഗം ശേഖരിക്കുന്നതിന് തീവ്രശ്രമം ചെയ്യണമെന്ന് തീരു മാനിച്ചു. നാല്പത് പേർ അടങ്ങുന്ന കമ്മറ്റി കൈയിനാൽ 500 രൂപ വീതം എടുത്ത് വ്യവഹാരം കൊടുക്കുന്നതിനും കടപ്പത്രങ്ങൾ വിറ്റും സമുദാ യംവക വരവുകളിൽ നിന്ന് എടുത്തും പിന്നീട് കടം തീർക്കുന്നതിനും നിശ്ചയിച്ചു. പണം പിരിച്ച് വ്യവഹാരപ്പെടുന്നതിന് ഇനി വൈകിക്കൂടാ ത്തതിനാൽ കമ്മിറ്റി അംഗങ്ങൾ നാല്പതുപേരും നൂറ്റിഅമ്പതു രൂപ വീതം ഉടനെ എടുത്ത് ആറായിരം രൂപ ഉണ്ടാക്കുകയും കേസ് ഫയൽ ചെയ്യു ന്നതിലേക്ക് വേണ്ട ആലോചനകൾക്കായി മെത്രാപ്പോലീത്തായും വേണ്ട പ്പെട്ടവരും തിരുവനന്തപുരത്ത് പോകുകയും ചെയ്യണമെന്നും നിശ്ചയിച്ചു. കടപ്പത്രങ്ങൾ സംബന്ധിച്ചുള്ള ചുമതല മെത്രാപ്പോലീത്തായ്ക്ക്

ആണെങ്കിലും കമ്മിറ്റി അംഗങ്ങളെ ഇരുപതു കടപ്പത്രങ്ങൾ വീതം ഏല്പിക്കണമെന്നും അവ വിറ്റു പണം ഉണ്ടാക്കുന്നതിനു അവർ സ്വാധീനം ചെലുത്തണമെന്നും കേസു നടത്തുന്നതിന്റെ ചുമതല സുന്നഹദോസ് പ്രസിഡണ്ടായ ജോസഫ് മാർ ദീവന്നാസ്യോസ് തന്നെ വഹിക്കണമെന്നും നിശ്ചയം ചെയ്തു.

പരുമല സുന്നഹദോസ് 1053 കുംഭം 6-ാം തീയതി കൂടി കേസ് ഫയൽ ചെയ്യുന്നതിന് ജോസഫ് മാർ ദീവന്നാസ്യോസിന് പൂർണ്ണ അധികാരം നൽകുകയും പണം പിരിക്കുന്നതിനുള്ള ചട്ടവട്ടങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. അന്നുമുതൽ 15 ദിവസവും കഴിഞ്ഞനാൾ, 1054 കുംഭം 22-ന് ആലപ്പുഴ ജില്ലാക്കോടതിയിൽ 1054-ൽ 439-ാം നമ്പ്രായി കേസ് ഫയൽ ആകയും ഉണ്ടായി. ഇതിനെക്കുറിച്ച് പാറേട്ടിന്റെ നിരീക്ഷണം ഇപ്രകാരമാണ്: "സമുദായ സ്വത്ത് അത്രയും കൈയടക്കി വച്ചിരുന്നവരും അന്നും സ്വാധീനം ചെലുത്താൻ കഴിവുള്ള മിഷണറിമാരുടെ പിൻതുണ ഉള്ളവരും ആയ നവീകരണപക്ഷത്തെ പ്രതിചേർത്ത് ഇത്ര ക്ഷണത്തിൽ വ്യവഹാരം കൊടുക്കാൻ കഴിഞ്ഞത് മാർ ജോസഫ് ദീവന്നാസ്യോസിന്റെ അക്ഷീണ പരിശ്രമം കൊണ്ട് ആയിരുന്നിരിക്കണം. മുളന്തുരുത്തി സുന്നഹദോസ് നടന്ന് ഒരു വർഷവും ഒരു പക്ഷവും കഴിഞ്ഞപ്പോൾ - 1052 കർക്കിടകം 2-ാം തീയതി - മാത്യൂസ് അത്താനാസിയോസ് കാലം ചെയ്തതുകൊണ്ട് പ്രതിപക്ഷത്തിന്റെ ശക്തി ലാഘവപ്പെട്ടത് ജോസഫ് മാർ ദീവന്നാസ്യോസിന്റെ ശ്രമത്തിന്റെ ഘനം കുറച്ചു എന്നു സമ്മതിക്കേണ്ടതുണ്ട്. എങ്കിലും അത്ര വമ്പിച്ച ഒരു കേസ് അതിന്റെ പ്രാരംഭ ചെലവിന് ആവശ്യമുള്ള ഭീമമായ സംഖ്യ പിരിച്ചെടുത്ത് ഒരു വർഷം കൊണ്ട് ഫയൽ ചെയ്തു എന്നുള്ളത് ഒരു അസാധാരണ വിജയമായി ഗണിക്കാവുന്നതാണ്. അതിന് അദ്ദേഹം എത്രമാത്രം ഞെരുങ്ങി എന്നൂഹിപ്പാൻ നമുക്ക് സാധിക്കുകയില്ല."

കേസിൽ വാദിഭാഗത്തേക്കു 72 സാക്ഷികളെയും പ്രതിഭാഗത്തേക്ക് 103 സാക്ഷികളേയും വിസ്തരിച്ചു. 1059 മിഥുനം 16-നു - അന്യായം ഫയൽ ചെയ്ത് അഞ്ചു വർഷത്തിനുശേഷം - അന്യായം അനുവദിച്ച് അഡീഷനൽ ജഡ്ജി ടി. സി. കൃഷ്ണമേനോൻ വിധി പ്രസ്താവിച്ചു. വാദിയുടെ കോടതിച്ചിലവ് പ്രതികളെക്കൊണ്ട് കൊടുപ്പിക്കണമെന്നുള്ള അപേക്ഷ മാത്രം നിരസിച്ചു.

1059 മിഥുനം 16-നു ഉണ്ടായ വിധിയിന്മേൽ പ്രതികൾ കർക്കിടകമാസം 25-നു അപ്പീൽ കൊടുത്തു. ഹൈക്കോടതിയിൽ കേസു നീണ്ടുകിടന്നില്ല. ടി. ആർ. നാരായണപിള്ള, ജി. എസ്. ആര്യനായകം എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ചാണ് വാദം കേട്ടത്. കീഴ്കോടതി വിധി ശരി വച്ചു; വാദിയുടെ കോടതിച്ചെലവ് പ്രതികൾ കൊടുക്കേണ്ടതാണെന്നും 1061 തുലാം 29-ാം തീയതി വിധി പ്രസ്താവിച്ചു.

ഹൈക്കോടതി വിധിയിന്മേൽ 1061 കുംഭം 19-നു തിരുവിതാംകൂർ മഹാരാജാവിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചു. അപ്പീൽ 1061 മിഥുനം 31-നു 3-ാം നമ്പ്രായി ഫയലിൽ സ്വീകരിച്ചു. മഹാരാജാവിനു സമർപ്പിക്കുന്ന അപ്പീൽ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഹൈക്കോടതിയിലെ മൂന്നു ജഡ്ജിമാർ വാദം കേട്ട് വിധിക്കുകയാണ് പതിവ്. എന്നാൽ വിധിയുടെ അവസാനത്തിൽ ജഡ്ജ്മെന്റിലെ ശുപാർശ സ്വീകരിച്ച് കല്പിക്കണമെന്ന് മഹാരാജാവിനെ സബഹുമാനം ഉപദേശിക്കുന്നു എന്നു എഴുതുകയും രാജാവ് അത് സ്വീകരിക്കുകയും ആ വിധം ജഡ്ജ്മെന്റിന് പ്രാബല്യം സിദ്ധിക്കുകയുമാണ് ചെയ്യാറുള്ളത്. അപ്പീൽ 3-ാം നമ്പർ വാദം കേട്ടത് ചീഫ് ജസ്റ്റീസ് കെ. കൃഷ്ണസ്വാമി റാവു, യൂറോപ്യൻ ജഡ്ജി ഉണ്ടായിരിക്കണമെന്നുള്ള തത്വമനുസരിച്ച് നിയമിതനായിരുന്ന ഡബ്ലു. ഇ. ഓംസ്ബി, ഏ. സീതാരാമയ്യർ എന്നിവരാണ്.

കേസിന്റെ വാദം 1064 മകരം 17 മുതൽ കുംഭം 10 വരെ നടന്നു. മിഥുനം 30-നു വിധി പ്രസ്താവിക്കപ്പെട്ടു. കൃഷ്ണസ്വാമി റാവു, സീതാരാമയ്യർ എന്നിവർ കീഴ്ക്കോടതി വിധികൾ ശരിവച്ച് അപ്പീൽ തള്ളി വാദിക്കനുകൂലമായ തീർപ്പു കൽപ്പിക്കണമെന്നാണ് മഹാരാജാവിനോട് ശുപാർശ ചെയ്തത്. യൂറോപ്യൻ ജഡ്ജിയായ ഓംസ്ബിയാവട്ടെ, കീഴ്കോടതി വിധികൾ അസ്ഥിരപ്പെടുത്തുകയും, പ്രാഥമിക അന്യായം തള്ളിക്കളയുകയും ചെയ്യേണ്ടതാണെന്നുമാണ് എഴുതിയത്.

ഭൂരിപക്ഷ വിധിയെ മഹാരാജാവ് സ്വീകരിച്ച് തുല്യം ചാർത്തി. അങ്ങനെ നവീകരണക്കാരുമായി നടത്തിയ വ്യവഹാരത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മികച്ച വിജയം കൈവരിച്ചു.

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുകയും, പാത്രിയർക്കീസിനാൽ അംഗീകരിക്കപ്പെടുകയും ചെയ്ത ജോസഫ് മാർ ദീവന്നാസ്യോസ് ആണ് നിയമാനുസൃത മലങ്കരമെത്രാപ്പോലീത്തായെന്ന് തീർച്ചപ്പെടുത്തിയ വിധികളിൽ, മലങ്കരസഭയുടെ മേൽ പാത്രിയർക്കീസിന് പരമാധികാരം ഉണ്ടെന്നുള്ള പിൽക്കാല അന്ത്യോഖ്യൻ ഭക്തന്മാരുടെ വാദം തൂത്തെറിയുന്ന വിധമായിരുന്നു ഭൂരിപക്ഷ വിധിയിലെ ഉള്ളടക്കം. ആത്മീയകാര്യത്തിൽ മേലന്വേഷണം മാത്രമാണ് പാത്രിയർക്കീസിനുള്ളതെന്നും ലൗകികകാര്യങ്ങളിൽ യാതൊരു അധികാരവും ഇല്ലെന്നും റോയൽ കോടതിയിലെ ഭൂരിപക്ഷ ജഡ്ജിമാർ വിധിച്ചു. ഈ വിധി വിവരം അറിഞ്ഞപ്പോൾ മാർ ജോസഫ് ദീവന്നാസ്യോസ് തന്ത്രത്തിൽ തന്നെ പറ്റിച്ചതാണെന്ന് പത്രോസ് പാത്രിയർക്കീസ് ധരിച്ചുവശായി അദ്ദേഹം കുപിതനായി അയച്ച ഒരു കല്പനയിൽ ആത്മീയ ലൗകികാധികാരങ്ങൾ വേർപെടുത്താൻ പാടില്ലാത്ത വിധം ഏകമാണെന്നും ദൈവദത്തമായ ആ അധികാരത്തെ ചോദ്യം ചെയ്യുകയോ നിരാകരിക്കുകയോ ചെയ്തത് ലോക

ത്തുള്ള സകല ജഡ്ജിമാർ ചേർന്ന് വിധിച്ചാലും ഫലിക്കയില്ലെന്നും എഴുതി അയച്ചു.സെമിനാരിക്കേസിൽ ഈ കല്പന രേഖയായി ചേർത്തിട്ടുണ്ട്.

മഴ നിന്നാലും മരം പെയ്യും എന്നൊരു ചൊല്ലുണ്ട്. അപ്രകാരമാണ് വ്യവഹാര നടപടികൾ. കേസു ജയിച്ചാലും വിധിനടത്ത് എന്നൊരു നൂലാമാല പുറകെ വരും. അതും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം. അല്ലെങ്കിൽ കേസു ജയിച്ച കോടതിവിധി പെട്ടിക്കകത്തു വെക്കാനേ കൊള്ളുകയുള്ളൂ. ഹൈക്കോടതി വിധി അനുസരിച്ച് സെമിനാരിയും മറ്റും നടത്തി എടുക്കാൻ വാദിയും റോയൽ കോർട്ടിൽ അപ്പീൽ കൊടുത്ത് തീരുമാനിക്കപ്പെടുന്നതുവരെ കൈവശം വിടാതെ കഴിക്കാൻ പ്രതികളും ആവുംമട്ട് ശ്രമിച്ചു. വാദിഭാഗം വിജയിച്ചതിനാൽ സെമിനാരികെട്ടിടങ്ങൾ പ്രതികൾ തുറക്കാത്തപക്ഷം തുറപ്പിച്ചു നടത്തികൊടുക്കുന്നതിന് കോടതിയിൽ നിന്ന് ആജ്ഞാപിച്ചിരുന്നു. കമ്മീഷണറുടെ റിപ്പോർട്ട് അനുസരിച്ച് കോട്ടയം തഹസീൽദാരും പോലീസ് ഇൻസ്പെക്ടറും മറ്റും സ്ഥലത്തെത്തി പൂട്ടുകൾ കൊല്ലനെക്കൊണ്ട് തുറപ്പിച്ചു നടത്തിക്കൊടുത്തു. വിധിനടത്തു നിർത്തിവയ്ക്കണമെന്ന് മേൽകോടതിയിൽ നിന്ന് ഉത്തരവ് വന്നപ്പോഴേയ്ക്ക് നടത്തിക്കഴിഞ്ഞതിനാൽ ആ ഉത്തരവുകൊണ്ട് പ്രയോജനം ഉണ്ടായില്ല. 1061 കർക്കിടകം 3-നു വാദി ജോസഫ് മാർ ദീവന്നാസ്യോസ് ഔപചാരികമായി സെമിനാരി കൈവശപ്പെടുത്തി. അന്ന് വലിയ ആഘോഷമായിരുന്നു. വള്ളംകളി മുതലായ ആഹ്ലാദപ്രകടനങ്ങൾ ഉണ്ടായിരുന്നു. സെമിനാരി കൈവശം കിട്ടി അധികം വൈകാതെ തന്നെ അവിടെ ശെമ്മാശ്ശന്മാരെ പഠിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

## വട്ടിപ്പണം വാങ്ങാൻ കേസ്

കത്തനാർ ട്രസ്റ്റിയായിരുന്ന താഴത്തു ചാണ്ടപ്പിള്ള കത്തനാർ നവീകരണ അനുഭാവിയായിരുന്നു. അദ്ദേഹത്തെ സെമിനാരി കേസിൽ രണ്ടാം പ്രതിയായി ചേർത്തിരുന്നു. എങ്കിലും അദ്ദേഹത്തെ ട്രസ്റ്റി സ്ഥാനത്തു നിന്നും മാറ്റിയല്ല വിധി ഉണ്ടായതു. ചാണ്ടപ്പിള്ള കത്തനാരെ മാറ്റിക്കിട്ടാൻ വേറൊരു കേസ് കൊടുക്കേണ്ടി വന്നു. 1069-ൽ 163-ാം നമ്പരായി മാർ ജോസഫ് ദീവന്നാസ്യോസ് ആലപ്പുഴ ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ട്രസ്റ്റിസ്ഥാനം സ്വമനസ്സാലെ ഒഴിഞ്ഞിരിക്കുന്നു എന്നു ചാണ്ടപ്പിള്ള കത്തനാർ കോടതിയിൽ ബോധിപ്പിച്ചതുകൊണ്ട് ആ കേസ് തുടർന്നു നടത്തേണ്ടതായി വന്നില്ല. എന്നാൽ അദ്ദേഹത്തിനു പകരം വൈദികട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട കോനാട്ടു മാത്തൻ മല്പാനെ റസിഡന്റ് അംഗീകരിക്കാതെ വന്നു. അതിനെ തുടർന്ന് ജോസഫ് മാർ ദീവന്നാസ്യോസ് നടത്തിയ പരിശ്രമത്തിന്റെ ഫലമായി 1059 മുതൽ വാങ്ങാതെ കുടിശ്ശികയായി കിടന്ന വട്ടിപ്പണ പലിശ കോടതിയിൽ കെട്ടി

വച്ചുകൊണ്ട് ബ്രിട്ടീഷ് റസിഡണ്ട് തിരുവനന്തപുരത്തെ ജില്ലാക്കോടതിയിൽ 1075-ൽ 25-ാം നമ്പരായി ഒരു ഇന്റർപ്ലീഡർ സൂട്ട് ഫയൽ ചെയ്തു. ജോസഫ് മാർ ദീവന്നാസ്യോസും കൂട്ടുട്രസ്റ്റികളും പണം വാങ്ങാൻ അർഹരാണെന്ന് 1077 മകരം 21-നു വിധിയുണ്ടായി. ഇതിനകം കേസു നടത്തിപ്പിന് പണം കണ്ടെത്താൻ വിഷമിച്ചിരുന്ന മെത്രാപ്പോലീത്തായ്ക്ക് ആ പണം വാങ്ങാൻ കഴിഞ്ഞപ്പോൾ കുറെ ആശ്വാസമായി. പാറേട്ട് പറയുന്നു: "ആ പണം കിട്ടിയപ്പോൾ 'ദരിദ്രനാരായണൻ' എന്ന നിലയിൽ നിന്നു മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് താൽക്കാലികമായിട്ടെങ്കിലും ഒരു മാറ്റം കിട്ടി" (പേജ് 327).

### ചെറിയ പള്ളിക്കേസ്

കോട്ടയത്തെ ചെറിയപള്ളി വളരെ സമ്പത്തും ഒട്ടധികം ഇടവകക്കാരും ഉള്ള പ്രധാന ദേവാലയമാണ്. ചാണ്ടപ്പിള്ള കത്തനാരുടെ കൈവശമായിരുന്നു പള്ളി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് വന്നപ്പോൾ ചാണ്ടപ്പിള്ള കത്തനാരുടെ എതിരാളികൾ പാത്രിയർക്കീസിനെ ചെറിയപള്ളിയിൽ പ്രവേശിപ്പിച്ച് മാത്യൂസ് അത്താനാസ്യോസിനോട് അനുഭാവമുള്ള ചാണ്ടപ്പിള്ള കത്തനാരെ പുറംതള്ളാൻ ഒരു ശ്രമം നടത്തി. അതു സംബന്ധിച്ച് പാത്രിയർക്കീസ്, ജോസഫ് മാർ ദീവന്നാസ്യോസ് എന്നിവരെയും മറ്റും പ്രതികളാക്കി കരുത്തനായ ചാണ്ടപ്പിള്ള കത്തനാർ ഒരു ക്രിമിനൽ കേസു കൊടുത്തു. പ്രതികളെ ശിക്ഷിച്ചില്ലെങ്കിലും പള്ളിയുടേയും സ്വത്തുക്കളുടെയും കൈവശാവകാശം ചാണ്ടപ്പിള്ള കത്തനാർക്കാണെന്ന് വിധി ഉണ്ടായതോടുകൂടി ആ പ്രശ്നം തൽക്കാലത്തേയ്ക്ക് അവസാനിച്ചു. ചാണ്ടപ്പിള്ള കത്തനാരെ ചെറിയപള്ളിയിൽ നിന്ന് കുടിയിറക്കുവാൻ ജോസഫ് മാർ ദീവന്നാസ്യോസ് സെമിനാരിക്കേസ് ആലപ്പുഴ കോടതിയിൽ ഫയൽ ചെയ്ത് അധികം താമസിയാതെ 1054-ൽ 613-ാം നമ്പരായി ചാണ്ടപ്പിള്ള കത്തനാരിൽ നിന്ന് ചെറിയപള്ളി വീണ്ടെടുക്കുന്നതിന് ഒരു അന്യായം ഫയൽ ചെയ്തു. ഇത് റോയൽ കോടതി വരെ പോയിട്ടും മാർ ദീവന്നാസ്യോസിന് വിജയിക്കാൻ പറ്റിയില്ല. അപ്പോൾ പുലിക്കോട്ടിൽ തിരുമേനി അടവൊന്നു മാറ്റി. സെമിനാരിക്കേസ് ജയിച്ച ശേഷം പുലിക്കോട്ടിൽ തിരുമേനിയും കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്താ കടവിൽ പൗലൂസ് മാർ അത്താനാസ്യോസും ചില അയ്മേനികളും വാദിയായി ചാണ്ടപ്പിള്ള കത്തനാരെയും വേറൊരാളെയും പ്രതികളാക്കി 1071-ൽ 303-ാം നമ്പരായി ഒരു അന്യായം കൊടുത്തു. 1054-ൽ 613-ാം നമ്പർ വ്യവഹാരത്തിൽ വാദിഭാഗത്തു നിന്ന് ഉന്നയിച്ച വാദങ്ങൾക്ക് എതിരായിട്ടാണ് ഈ കേസിൽ വാദം പുറപ്പെടുവിച്ചതെങ്കിലും ആദ്യ കോടതി 1074 കർക്കിടകത്തിൽ അന്യായം അനുവദിച്ച് വിധിച്ചു. അതിന്മേൽ 1075-ൽ 125-ാം നമ്പരായി പ്രതികൾ അപ്പീൽ ബോധിപ്പിച്ചു. അവിടെ

ചീഫ് ജസ്റ്റീസ് സി. വെങ്കിടാചാര്യർ, എ. ഗോവിന്ദപ്പിള്ള എന്നിവർ ആദ്യ വിധി സ്ഥിരപ്പെടുത്തിയും അപ്പീൽ തള്ളിയും വിധിച്ചു. എഫ്. ജെ. ആർ. വി. ഹണ്ട് അപ്പീൽ ചെലവു സഹിതം അനുവദിക്കേണ്ടതാണെന്ന് ഒരു ഭിന്ന ജഡ്ജ്മെന്റ് എഴുതുകയുണ്ടായി. 1076 കുംഭത്തിൽ വാദികൾ പള്ളി നടത്തി എടുത്തു. അങ്ങനെ മാർ ജോസഫ് ദീവന്നാസ്യോസ് ആ വ്യവഹാര യുദ്ധത്തിലും വിജയശ്രീലാളിതനായി.

## ആർത്താറ്റ് പള്ളിക്കേസ്

ആർത്താറ്റ് പള്ളി (പഴയ പേര് ചാട്ടുകുളങ്ങര പള്ളി) വിശുദ്ധ മാർ ത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടു എന്നതാണ് വിശ്വസിച്ചുപോരുന്നത്. കുന്നംകുളം പട്ടണത്തിന് സ്വല്പം തെക്കുമാറി സ്ഥിതിചെയ്യുന്ന ആ ദേവാലയം പുരാതന പ്രസിദ്ധമാണ്. ഉദയംപേരൂർ സുന്നഹദോസിന് ശേഷം നസ്രാണികളുടെ ഓരോ പള്ളികളിലും ജൈത്രയാത്രയായി പ്രവേശിച്ച് പള്ളികളിലെ ഈടുവെയ്പ്പിലുള്ള താളിയോല ഗ്രന്ഥങ്ങളും മറ്റു വിലപിടിച്ച ചരിത്രരേഖകളും അഗ്നിക്കിരയാക്കി ജയഭേരി അടിച്ചുവന്ന പറങ്കിമെത്രാനേയും അനുയായികളെയും ശൂരന്മാരായ കുന്നംകുളം നസ്രാണികൾ ചാട്ടുകുളങ്ങര പള്ളിയുടെ സമീപത്തുപോലും അടുക്കാൻ അനുവദിക്കാതെ ആട്ടി അകറ്റിയ ചരിത്രമാണ് പള്ളിക്കുള്ളത്. പറങ്കി മെത്രാൻ മെനേസിസിനേയും കൊച്ചി രാജാവിന്റെ ശിപ്പായിമാരേയും 'അയർത്ത' (എതിർത്ത) അറ്റത്തെ പള്ളി എന്ന ഖ്യാതി ചാട്ടുകുളങ്ങരെ പള്ളിക്ക് ലഭിച്ചു. പഴയ കൊച്ചി രാജ്യത്തിന്റെ ഏറ്റവും തെക്കേ അറ്റത്ത് പുത്തൻക്കൂറ് സുറിയാനിക്കാർക്ക് ഉണ്ടായിരുന്ന പള്ളിയാണിത്. മെനേസിസ് മെത്രാനെ 'അയർത്തതിനാൽ' (പഴയ മലയാളം വാക്ക്) ചാട്ടുക്കുളങ്ങര പള്ളിയുടെ പേർ അയർത്ത അറ്റത്തെ പള്ളി എന്നായി അതു ലോപിച്ച് 'ആർത്താറ്റ് പള്ളി'യെന്നു പറഞ്ഞുവരുന്നു. ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് ആർത്താറ്റ് പള്ളി തീവെച്ചു നശിപ്പിക്കുക ഉണ്ടായി. സുപ്രസിദ്ധ ചരിത്രരേഖയായ ആർത്താറ്റ് പടിയോല ഈ പള്ളിയിൽ വെച്ചാണ് എഴുതപ്പെട്ടത്.

മലങ്കര നസ്രാണികളുടെ ഏറ്റവും പ്രധാന ഇടവകയിൽ ഒന്നാണ് ആർത്താറ്റ് കുന്നംകുളം മഹാ ഇടവക. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ സ്വന്തം ഇടവകയാണിത്. അദ്ദേഹത്തിന്റെ പൂർവ്വികൻ പഴയസെമിനാരി സ്ഥാപകൻ ഈ ദേവാലയത്തിൽ വികാരിയായിരുന്നിട്ടുണ്ട്. ഈ പള്ളിയോട് ചേർന്നുള്ള സെഹിയോൻ മാളികയിൽ ശീമയിൽ നിന്ന് വന്ന ശെമവൂൻ റമ്പാൻ വൈദിക വിദ്യാർത്ഥികളെ സുറിയാനി പഠിപ്പിച്ചിരുന്നു. യൂയാക്കീം മാർ കൂറിലോസ് ബാവായെ സഹായിപ്പാൻ മാർ അത്താനാസ്യോസ് സ്തേഫാനോസ് മെത്രാന്റെ കൂടെ ശീമയിൽ നിന്നു വന്നതായിരുന്നു ശെമവൂൻ റമ്പാൻ. പുലിക്കോട്ടിൽ

ജോസഫ് മാർ ദീവന്നാസ്യോസ് ശെമ്മാശനായിരുന്നപ്പോൾ ശെമവൂൻ റമ്പാന്റെ ശിഷ്യനായി സെഹിയോൻ മാളികയിൽ താമസിച്ച് സുറിയാനി പഠിച്ചിരുന്നു. കത്തനാർ ആയ ശേഷം ആർത്താറ്റ് പള്ളിയിൽ ഭരണം നടത്തുകയും ചെയ്തിട്ടുണ്ട്. മെത്രാപ്പോലീത്തായുടെ പിതാവിന്റെ സഹോദരൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ കബറടക്കിയിട്ടുള്ളത് ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിലാണ്. തിരുമേനിയുടെ മാതാപിതാക്കളേയും പൂർവ്വികരേയും അടക്കിയിട്ടുള്ളത് പള്ളിയോടു തൊട്ടുള്ള സെമിത്തേരിയിലാണ്. ഇങ്ങനെ പുലിക്കോട്ടിൽ തിരുമേനിക്ക് പറഞ്ഞാൽ തീരാത്ത ആത്മബന്ധവും ഹൃദയബന്ധവും, സ്നേഹവും ഉള്ള മാതൃ ദേവാലയമായിരുന്നു ആർത്താറ്റ് പള്ളി.

ആർത്താറ്റ് പള്ളിയുടെ കീഴിൽ കുന്നംകുളം പഴയപള്ളി, ചിറളയം പള്ളി, തെക്കേ കുരിശുപള്ളി, കിഴക്കേ പുത്തൻപള്ളി എന്നിവയും ഉണ്ട്. ഇവ എല്ലാം ചേർന്ന ഒരു ട്രസ്റ്റായിട്ടാണ് ആർത്താറ്റ് കുന്നംകുളം മഹാ ഇടവക നിലനിൽക്കുന്നത്. കുന്നംകുളത്തെ രണ്ട് പ്രബല കുടുംബങ്ങൾ തമ്മിലുള്ള കിടമത്സരം പള്ളി ഭരണത്തിലും നിഴലിച്ചു. കുത്തൂർ പാറേമ്മൽ കുടുംബം നവീകരണ അനുഭാവികളായി. എതിരാളികളായ പനയ്ക്കൽ കുടുംബം പൂർവ്വിക വിശ്വാസത്തിൽ ഉറച്ചുനിന്നു. പാറേമ്മൽ കുടുംബത്തിന്റെ ശക്തിയായിരുന്നു നവീകരണ ഗ്രൂപ്പിന്റെ പിൻബലം.

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനുശേഷം മെത്രാനായ മാർ തോമസ് അത്താനാസിയോസിനെ ആർത്താറ്റ് പള്ളിയിലേക്ക് കൊണ്ടുവരുന്നതിനു നവീകരണക്കാർ ശ്രമിച്ചു. മറുപക്ഷക്കാർ അതിനെ തടയുന്നതിനുള്ള ശ്രമത്തിൽ റസിഡന്റിനും കൊച്ചി സർക്കാരിലേക്കും ഹർജികൾ അയച്ചു. ഇരു കക്ഷികളും പള്ളിയിൽ പ്രവേശിക്കുന്നതിനെ തടയുകയാണ് വേണ്ടതെന്നായിരുന്നു റസിഡന്റിന്റെ അഭിപ്രായം. ഒരു വിചാരണയ്ക്കു ശേഷം, സമാധാന ലംഘനം ഉണ്ടാകാതിരിക്കുന്നതിനായി, ഇരുഭാഗക്കാരുടെയും പ്രവേശനത്തെ നിരോധിച്ചുകൊണ്ട് കൊച്ചി സർക്കാർ കല്പന പുറപ്പെടുവിച്ചു. സിവിൽ വ്യവഹാരം വഴി അല്ലാതെ പ്രശ്നം പരിഹരിക്കാൻ പറ്റുകയില്ലെന്നു മാർ ദീവന്നാസ്യോസിന് ബോധ്യമായി. അദ്ദേഹവും നാലു കത്തനാരന്മാരും പതിനാറ് അയ്മേനികളും വാദികളായി, മാർ തോമസ് അത്താനാസിയോസിനേയും മൂന്ന് കത്തങ്ങളേയും മുപ്പത്തിയേഴ് അയ്മേനികളെയും പ്രതികളാക്കി തൃശൂർ ജില്ലാ കോടതിയിൽ 1069-ൽ 56-ാം നമ്പരായി വ്യവഹാരം ബോധിപ്പിച്ചു.

ഇരുഭാഗത്തെയും തെളിവിനുശേഷം ജഡ്ജി രാമചന്ദ്രയ്യർ അന്യായം ചെലവു സഹിതം തള്ളി വിധിച്ചു. ഇത് പുലിക്കോട്ടിൽ തിരുമേനിക്ക് വലിയ സങ്കടത്തിനു കാരണമായി. ഉടനെ കൊച്ചി ചീഫ് കോടതിയിൽ 1073-ൽ 33-ാം നമ്പരായി അപ്പീൽ കൊടുത്തു. അവിടെയും തോൽവിയാ

യിരുന്നു ഫലം. ജഡ്ജി നാരായണമാരാര് വാദം കേട്ട് അപ്പീൽ തള്ളി വിധിച്ചു.

ജോസഫ് മാർ ദീവന്നാസ്യോസിന് തന്റെ ഇടവകപള്ളി നഷ്ടമാകാൻ പോകുന്നു എന്ന ചിന്ത സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ലോകം മുഴുവൻ നേടിയിട്ടും ആത്മാവ് നഷ്ടപ്പെട്ട അവസ്ഥയായിരുന്നു അദ്ദേഹത്തിന്. തിരുവിതാംകൂർ കോടതിയിൽ നിന്ന് തനിക്ക് അനുകൂലമായ വിധി കിട്ടിയിട്ടും സ്വന്തം നാട്ടിൽ നിന്ന് തോൽവി ഏറ്റുവാങ്ങുക എന്നത് മർമ്മഭേദകമായിരുന്നു. ഏതായാലും കൊച്ചി റോയൻ കോടതിയിൽ അപ്പീൽ ബോധിപ്പിക്കുക എന്നു തീരുമാനിച്ചു. താഴെയുള്ള രണ്ടു കോടതികൾ ഒരേപോലെ തള്ളി വിധിച്ചത് - നിയമഭാഷയിൽ പറഞ്ഞാൽ concurrent judgment - മൂലം റോയൽ കോടതിയിൽ പോയാലും വലിയ പ്രയോജനം ഇല്ലെന്ന് നിയമോപദേശം കിട്ടിയിരുന്നു. ദൈവത്തിൽ ശരണപ്പെട്ട് 1076-ൽ 7-ാം നമ്പരായി അപ്പീൽ ബോധിപ്പിക്കുക തന്നെ ചെയ്തു.

ദിവാൻ എസ്. പട്ടാഭി രാമറാവു, ചീഫ് കോടതി ചീഫ് ജസ്റ്റീസ് എസ്. ലോക്ക്, സീനിയർ ജഡ്ജി ടി. സി. കൃഷ്ണമേനോൻ ഇവരാണ് വാദം കേൾക്കുന്നതെന്ന് മെത്രാപ്പോലീത്താ അറിഞ്ഞു. അനുഭാവമുള്ള മുഖങ്ങളൊന്നും അക്കൂട്ടത്തിൽ കണ്ടില്ല. ഈ വിഷമസ്ഥിതിയിൽ നിന്ന് എങ്ങിനെ കരകയറണമെന്ന് മെത്രാപ്പോലീത്താ ഉള്ളു ചുട്ടു പ്രാർത്ഥിച്ചു. 'ഒരു വഴി കാണിച്ചു തരേണമേ' എന്നു സർവ്വശക്തനായ ദൈവത്തിനു മുന്നിൽ കണ്ണുനീരോടെ യാചിച്ചു. ആർത്താറ്റ് പള്ളിക്കേസ് കൊച്ചി റോയൽ കോടതി 1080 കർക്കിടകം 31-നു വിധി പ്രസ്താവിച്ചു. കീഴ്ക്കോടതി വിധി അസ്ഥിരപ്പെടുത്തി അന്യായം അനുവദിച്ചായിരുന്നു വിധി.

റോയൽ കോടതി വിധി അനുസരിച്ച് കുന്നംകുളത്തെ അഞ്ച് പ്രമുഖ പള്ളികളും അവയുടെ സ്വത്തുക്കളും 1081 വൃശ്ചികം 8-നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വിധി നടത്തി എടുത്തു.

മേൽപറഞ്ഞ കേസുകൾ കൂടാതെ ഒറ്റപ്പെട്ട ചില പ്രമുഖ പള്ളികൾക്കു വേണ്ടി പല കേസുകളും പുലിക്കോട്ടിൽ തിരുമേനി നടത്തി വിജയം കണ്ടിട്ടുണ്ട്. എം. ഡി. സെമിനാരിക്കുവേണ്ടി വുഡ്ലാൻണ്ട് എസ്റ്റേറ്റ് കേസ് എന്ന പ്രമാദമായ കേസ് റോമാക്കാരുമായി നടത്തുകയുണ്ടായി. നവീകരണക്കാരിൽ നിന്ന് മലങ്കരസഭയുടെ ചില സ്ഥാപനങ്ങൾ വീണ്ടെടുക്കാനും കേസുകൾ നടത്തുക ഉണ്ടായിട്ടുണ്ട്. മനസ്സ് മടുക്കാതെ കേസു നടത്തി വിജയങ്ങൾ കൊയ്തെടുത്ത മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണവും സംഘടനാചാതുര്യവും നയതന്ത്രകുശലതയും പ്രശംസനീയമാണ്.

('*യുഗതേജസ്സ്*' എന്ന ഗ്രന്ഥത്തിൽ നിന്നും)

# വ്യക്തമായ ചില സഭാ ദർശനങ്ങൾ

## ഫാ. ഡോ. ജോസ് ജോൺ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര സഭാ ചരിത്രത്തിൽ ശ്രദ്ധേയമായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മഹദ് വ്യക്തിത്വമാണ്. അക്ഷരങ്ങളുടെ അജപാലകൻ, നവോത്ഥാന നായകൻ, മലങ്കരസഭയുടെ രാജശില്പി, മലങ്കരയുടെ മഹാരഥൻ എന്നീ പേരുകളിൽ അദ്ദേഹം അറിയപ്പെടുന്നു. 1865 മുതൽ 1909 വരെയുള്ള പ്രശ്നസങ്കീർണ്ണവും സംഭവബഹുലവുമായ നാല്പത്തിനാല് വർഷക്കാലം മലങ്കരസഭാ നൗകയെ സമചിത്തതയോടും ബുദ്ധിവൈഭവത്തോടും ദീർഘവീക്ഷണത്തോടും കൂടി നയിച്ച ശ്രേഷ്ഠ മഹാപുരോഹിതനാണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ. നവീകരണോപദേശങ്ങളോടുള്ള ചെറുത്തുനില്പിൽ, സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ വൈദേശിക അധീശത്വത്തിന് പിൻബലമായി നിൽക്കുവാനോ, സാക്ഷിയാകുവാനോ ഉള്ള ദുര്യോഗം ഈ പിതാവിനുണ്ടായി എന്ന സത്യം വേദനയോടെ മാത്രമേ മലങ്കരസഭാ മക്കൾക്ക് ഓർക്കുവാൻ തരമുള്ളൂ. മലങ്കരസഭയുടെ സത്യവിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുവാനും സംരക്ഷിക്കുവാനും അദ്ദേഹത്തിന് സാധിച്ചു എന്നുള്ളത് കൃതാർത്ഥതയോടെ സ്മരിക്കട്ടെ. ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സഭാദർശനങ്ങളെക്കുറിച്ച് വിശദവും, വിശാലവുമായ പഠനം ആവശ്യമായിരിക്കെ അതിലേക്കുള്ള ഒരെത്തിനോട്ടം എന്ന നിലയിൽ ഏതാനും ചില ആശയങ്ങൾ ഇവിടെ കുറിക്കട്ടെ.

### 1. സഭയും സ്വാതന്ത്ര്യവും

1876-ലെ മുളന്തുരുത്തി സുന്നഹദോസിലൂടെ മലങ്കരസഭാ സ്വാതന്ത്ര്യം പൂർണ്ണമായും അന്ത്യോഖ്യൻ പാത്രിയർക്കീസിന് അടിയറവ് വച്ച ഒരാളായിട്ടാണ് മാർ ദീവന്നാസ്യോസ് അഞ്ചാമനെ പല ചരിത്രകാരന്മാരും വീക്ഷിക്കുന്നത്. നവീകരണോപദേശങ്ങളുടെ പശ്ചാത്തലത്തിൽ പ. അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിച്ച് വരുത്തുന്നതിനും മുളന്തുരുത്തി സുന്നഹദോസിലൂടെ അന്ത്യോഖ്യൻ സഭയുമായി ഒരു വ്യവസ്ഥാപിത ബന്ധം ഉറപ്പിക്കുന്നതിനും പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി ഒരു മുഖാന്തിരമായി എന്നുള്ളത് ചരിത്ര വസ്തുതയാണ്. മലങ്കരസഭമേലുള്ള അന്ത്യോഖ്യൻ അധീശത്വം, മലങ്കരസഭ ഇരുന്നൂറു വർഷങ്ങളായി വിശ്വസിച്ചും, പ്രചരിപ്പിച്ചുംപോന്ന ചരിത്രത്തിന്റെ സ്വാഭാവിക വളർച്ചയായിട്ടാണ് സഭാചരിത്രകാരനായ ഫാ. ഡോ. ജോസഫ് ചീരൻ അഭിപ്രായപ്പെടുന്നത്. 1) ഇവിടെ നമ്മുടെ സവിശേഷ

ശ്രദ്ധയാകർഷിക്കുന്ന ഒരു വസ്തുത പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ സഭാ സ്വാതന്ത്ര്യ ദർശനത്തെക്കുറിച്ചുള്ളതാണ്. മലങ്കരസഭയുടെ തലവനായി പ. അന്ത്യോഖ്യൻ പാത്രിയർക്കീസിനെ അംഗീകരിച്ചപ്പോഴും അന്ത്യോഖ്യൻ പാത്രിയർക്കീസ് തുടർച്ചയായി ഉന്നയിച്ചുകൊണ്ടിരുന്ന "ലൗകിക ഉടമ്പടി" എഴുതികൊടുക്കുവാൻ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തയ്യാറായിരുന്നില്ല. തന്മൂലം അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അപ്രീതിക്ക് പാത്രമായിത്തീർന്നു. സഭാചരിത്രകാരനായ ഫാ. ഡോ. വി. സി. ശാമുവേൽ പ്രസ്താവിക്കുന്നതുപോലെ അനിവാര്യമായ ഘട്ടത്തിൽ ഗത്യന്തരമില്ലാതെ അന്ത്യോഖ്യൻ സഭയുടെ സഹായവും സഹകരണവും അംഗീകാരവും അത്യന്താപേക്ഷിതമാണെന്ന് വന്നപ്പോൾ അത് നേടിയെടുക്കുവാൻ വേണ്ടി മാർ ദീവന്നാസ്യോസ് അഞ്ചാമൻ കണ്ടെത്തിയ "ഏക മാർഗ്ഗം" പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിച്ചുവരുത്തുകയെന്നുള്ളതായിരുന്നു. 2) എങ്കിലും മലങ്കരസഭയുടെ സ്വാതന്ത്ര്യം പൂർണ്ണമായും അന്ത്യോഖ്യൻ പാത്രിയർക്കീസിന് അടിയറവ് വയ്ക്കുവാൻ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തയ്യാറായിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ പില്ക്കാല പ്രവർത്തനങ്ങളും, പ്രതികരണങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നു. നവീകരണക്കാരുടെ എതിർപ്പിനെ ചെറുത്തു നിൽക്കുന്നതിനും സത്യവിശ്വാസം സംരക്ഷിക്കുന്നതിനും അന്ത്യോഖ്യൻ സഭാബന്ധത്തെ രക്ഷാമാർഗമായി കണ്ട് ആ ബന്ധത്തെ സൂക്ഷ്മബുദ്ധിയോടെ അദ്ദേഹം ഉപയോഗപ്പെടുത്തി. 3) മലങ്കരസഭയുടെ സ്വാതന്ത്ര്യബോധം പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും നമുക്ക് ദർശിക്കാവുന്നതാണ്. മലങ്കരസഭാചരിത്രം വികലമാക്കപ്പെട്ടെങ്കിലും സഭാസ്വതന്ത്ര്യം 1889-ലെ റോയൽ കോടതിവിധിയിലൂടെ കാത്തുസൂക്ഷിക്കുവാൻ മാർ ദീവന്നാസ്യോസ് അഞ്ചാമന് സാധിച്ചു. 4) സഹോദരീ സഭകളുമായുള്ള നല്ല അത്മീയ ബന്ധം തുടരുമ്പോഴും, മലങ്കരസഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുവാനാണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ ശ്രമിച്ചത്.

## 2. സഭയും ഭരണ സംവിധാനവും

മലങ്കരസഭാ ഭരണ സംവിധാനത്തെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ പുലർത്തിയിരുന്ന ഒരാളായിരുന്നു മാർ ദീവന്നാസ്യോസ് അഞ്ചാമൻ. എപ്പിസ്ക്കോപ്പൽ ജനായത്ത ഭരണ സംവിധാനത്തിലൂടെ മെത്രാന്മാരുടെ ഏകനായക ശക്തിക്ക് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി അന്ത്യം കുറിച്ചു. 5) മലങ്കരസഭയിൽ നിലവിലിരുന്ന കേന്ദ്രീകരണ ഭരണ സംവിധാനത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ വികേന്ദ്രീകരണ ഭരണസംവിധാനത്തിലേക്ക് മലങ്കരസഭയുടെ ഭരണക്രമം തിരിക്കുവാൻ മാർ ദീവന്നാസ്യോസ് അഞ്ചാമന് സാധിച്ചു. സഭയുടെ ജനാധിപത്യ ഭരണ

സംവിധാനത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും, വീക്ഷണങ്ങളും 1873-ലെ പരുമല പള്ളിയോഗത്തിൽ അവതരിപ്പിക്കുകയും, അംഗീകാരം നേടുകയും ചെയ്തു. മെത്രാപ്പോലീത്തായും, വൈദികരും, അവൈദി കരും ഒത്തുചേർന്നുള്ള ഭരണക്രമത്തിന് മറ്റേതൊരു ഭരണസംവിധാന ത്തെക്കാളും ശക്തിയും ദൃഢതയും ഉണ്ടെന്ന് മനസ്സിലാക്കിയ പുലിക്കോ ട്ടിൽ തിരുമേനി അത്തരം ഭരണക്രമം മലങ്കരസഭയിൽ നടപ്പിൽ വരുത്തി. സഭയുടെ ഭരണക്രമത്തിൽ എല്ലാവരേയും പങ്കാളികളാക്കുന്നതോടൊപ്പം സഭ എല്ലാവരുടേയും കൂട്ടായ്മ ആണെന്ന ബോധം ജനങ്ങളിലേക്ക് പക രുന്നതിനും ഇത് വഴിതെളിച്ചു. 6) കൂടാതെ ജനാധിപത്യ സ്വഭാവമുള്ള ഈ ഭരണസംവിധാനം പില്ക്കാലങ്ങളിൽ സഭയുടെ സമഗ്രമായ വളർ ച്ചയ്ക്ക് കാരണമായിത്തീർന്നു. സഭാഭരണത്തിന്റെ സ്വഭാവം അടിച്ചേൽപ്പി ക്കലല്ല മറിച്ച് കൂട്ടായ്മയുടെ ഭാവമാണെന്ന വലിയ 'സഭാശുശ്രൂഷാ ദർശനം' ഈ ഭരണക്രമത്തിലൂടെ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി നമുക്ക് കാണിച്ചു തരുന്നു. സഭാശുശ്രൂഷ ഭരിക്കാനും ഭരിക്കപ്പെടുവാനു മുള്ളതല്ല, പിന്നെയോ കൂട്ടായ്മയുടെ തലത്തിൽ പരസ്പരം ശുശ്രൂഷി പ്പാനുള്ളതാണെന്ന വലിയ സഭാശുശ്രൂഷാ ദർശനം ഇതിലൂടെ നമുക്ക് ലഭിക്കുന്നു.

### 3. സഭയും ആത്മീയ പ്രസ്ഥാനങ്ങളും

മലങ്കരസഭയിലെ സണ്ടേസ്കൂൾ, വിദ്യാർത്ഥി പ്രസ്ഥാനം, വൈദിക സംഘം എന്നീ സംഘടനകളുടെ രൂപീകരണത്തിന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രധാന പങ്കു വഹിച്ചു. സഭയുടെ ജീവൻ നിലനിർത്തുവാനും സഭയിൽ നവോത്ഥാനം സൃഷ്ടിക്കുന്നതിനും ആത്മീയ പ്രസ്ഥാനങ്ങൾ അനിവാര്യമാണെന്ന ചിന്തയാവാം ആത്മീയ പ്രസ്ഥാനങ്ങളുടെ രൂപീക രണത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മതബോധത്തിനും നവോത്ഥാന ചിന്തകൾക്കും ആത്മീയ പ്രസ്ഥാനങ്ങളുടെ രൂപീകരണം വഴിതെളിച്ചു. ആത്മീയ പ്രസ്ഥാനങ്ങൾ സഭയുടെ സമഗ്രമായ വളർച്ചയെ വളരെയേറെ സഹായിച്ചിട്ടുണ്ടെന്ന് പില്ക്കാല സഭാചരിത്രം സാക്ഷിക്കുന്നു. ആത്മീയ പ്രസ്ഥാനങ്ങളുടെ രാഹിത്യവും ധാരാളിത്വവും സഭയുടെ വളർച്ചയെ സാരമായി ബാധിക്കുമെന്ന് വ്യക്തമാണ്. വ്യക്തമായ കാഴ്ചപ്പാടുകളും ശാസ്ത്രീയ പഠനങ്ങളുമില്ലാതെ രൂപപ്പെടുന്ന എല്ലാ പ്രസ്ഥാനങ്ങളും സഭയുടെ വളർച്ചയെക്കാളുപരി തളർച്ചയ്ക്ക് കാരണമായിത്തീരും. പുലി ക്കോട്ടിൽ തിരുമേനിയുടെ സഭാദർശനത്തിന്റെ സുപ്രധാന തലമായി ആത്മീയ പ്രസ്ഥാനങ്ങളെ കാണാൻ കഴിയും.

### 4. സഭയും മിഷനും

മലങ്കരസഭയിൽ മിഷൻ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ദിശാ ബോധം ഉണ്ടാകുന്നത് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ കാലത്താണ്.

മലങ്കരസഭയ്ക്ക് കേരളത്തിന് പുറത്ത് മെത്രാന്മാരെ വാഴിക്കുന്നതിനും മലങ്കരസഭയുടെ അതിർത്തി വിശാലമാക്കുന്നതിനും മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രധാന പങ്ക് വഹിച്ചു. 1889-ൽ അൽവാറീസ് മാർ യൂലിയോസ്, റെനിവിലാത്തി തിമോത്തിയോസ് എന്നിവരെ വാഴിച്ച് സഭയുടെ അതിർവരമ്പുകൾ വികസിപ്പിച്ചത് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ ക്രാന്തദർശിത്വത്തിന്റെ സൂചനയായി സഭാചരിത്രകാരൻ കൂടിയായ ഭാഗ്യസ്മരണാർഹനായ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ചൂണ്ടിക്കാണിക്കുന്നു.

7) സഭയുടെ പ്രവർത്തനങ്ങൾക്കായി സഭാമക്കളെ സജ്ജരാക്കുന്നതിന് മലങ്കരയിലങ്ങോളമിങ്ങോളം സ്കൂളുകളും വൈദിക പാഠശാലകളും ആരംഭിക്കുവാൻ മാർ ദീവന്നാസ്യോസ് അഞ്ചാമന് സാധിച്ചു. വിദ്യാഭ്യാസം-അച്ചടി-പത്രപ്രവർത്തന മേഖലകളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ മാർ ദീവന്നാസ്യോസ് അഞ്ചാമനെ സാമൂഹ്യപരിഷ്കർത്താവ് എന്ന പേരിനർഹനാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭത്തോടെ വിദ്യാഭ്യാസ വിപ്ലവത്തിന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ വഴിതെളിച്ചു. അച്ചടിശാലകളുടെ പ്രവർത്തനങ്ങളിലൂടെ മാധ്യമ രംഗത്ത് മലങ്കരസഭയുടെ സാന്നിധ്യം ഉറപ്പാക്കി.

സന്യാസ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും മിഷൻ പ്രവർത്തനങ്ങളെ കൂടുതൽ സ്വാധീനിച്ചു. വിദ്യാലയങ്ങൾ, പ്രസിദ്ധീകരണങ്ങൾ, വൈദികപാഠശാലകൾ, ദയറാകൾ എന്നിവയെല്ലാം സഭയുടെ മിഷൻ കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ പരിശ്രമിച്ചു. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാനം പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയിലൂടെ നമുക്ക് ദർശിക്കാവുന്നതാണ്. മേൽപ്പറഞ്ഞ ദർശനങ്ങളും കാഴ്ച്ചപ്പാടുകളും പ്രവർത്തനങ്ങളും മാർ ദീവന്നാസ്യോസ് അഞ്ചാമനെ സഭാചരിത്രത്തിൽ അനശ്വരനാക്കി.

## ഉപസംഹാരം

മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനിയുടെ സഭാദർശനങ്ങൾക്ക് ഒരാമുഖം എന്ന ചിന്ത മാത്രമേ ഈ കുറിപ്പ് എഴുതുന്നതിൽ നിന്നും ലേഖകൻ ഉദ്ദേശിച്ചിട്ടുള്ളൂ. മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ സഭാദർശനങ്ങൾ ഏതാനും ചില പോയിന്റുകളിൽ മാത്രം ഒതുക്കാവുന്നതല്ല. ആ പുണ്യ പിതാവിന്റെ സഭാദർശനത്തിന്റെ മറ്റ് മേഖലകളെക്കുറിച്ചുള്ള സമഗ്രവും ശാസ്ത്രീയവുമായ പഠനം അത്യന്താപേക്ഷിതമാണ്.

## അടിക്കുറിപ്പ്

1. ഫാ. ഡോ. ജോസഫ് ചീരൻ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ ഒരു വിലയിരുത്തൽ, ചരമ നവതി ജൂബിലി

സ്മരണിക, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ, 1997, പേജ് 7.

2. ഫാ. ഡോ. വി. സി. ശാമുവേൽ, *ആധുനിക ഭാരതസഭ*, ദിവ്യബോധനം, കോട്ടയം, 1999, പേജ് 53.

3. ഫാ. ഡോ. ജേക്കബ് കുര്യന്റെ ലേഖനം, മലങ്കരയുടെ മഹാരഥൻ, ചരമ നവതി ജൂബിലി സ്മരണിക, എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ, 1997, പേജ് 43.

4. "1889-ലെ റോയൽ കോടതി വിധിയിലൂടെ പാത്രിയർക്കീസ് മുളന്തുരുത്തി സുന്നഹദോസ് മുതൽ മലങ്കരയിൻമേൽ വിഭാവനം ചെയ്തു പോന്നിരുന്നതായ സകല ലൗകിക അധികാരങ്ങളേയും കോടതികൾ നിരാകരിക്കുകയും, മലങ്കരസഭ സ്വതന്ത്ര സഭയാണെന്നും, തദ്ദേശീയനും സുസമ്മതനുമായ മലങ്കര മെത്രാനാണ് സഭയുടെ അധികാരി എന്ന് സ്ഥാപിക്കുകയും ചെയ്തു (കടപ്പാട് ഫാ. ഡോ. റ്റി. ഐ. വർഗ്ഗീസ്, *മലങ്കര അന്ത്യോഖ്യൻ ബന്ധം പത്തൊമ്പതാം നൂറ്റാണ്ടിന്റെ സൃഷ്ടി*, മലങ്കരസഭാ ദീപം, കോട്ടയം, 1997, പേജ് 79).

5. ഫാ. ഡോ. ജേക്കബ് കുര്യന്റെ ലേഖനം, മലങ്കരയുടെ മഹാരഥൻ, ചരമ നവതി ജൂബിലി സ്മരണിക, എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ, 1997, പേജ് 43.

ഫാ. ഡോ. ജോസഫ് ചീരൻ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ, പേജ് 9.

6. ഫാ. ഡോ. ജോസഫ് ചീരൻ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ, പേജ് 9.

7. ഫീലിപ്പോസ് മാർ യൗസേബിയോസ്, 'ക്രാന്തദർശിയായ പിതാവ്' (ലേഖനം), ചരമ നവതി ജൂബിലി സ്മരണിക, എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശ്ശൂർ, 1997, പേജ് 31.

('*യുഗതേജസ്സ്*' എന്ന ഗ്രന്ഥത്തിൽ നിന്നും)

# പുലിക്കോട്ടിൽ തിരുമേനിയും പാമ്പാക്കുട പഠിത്തവീടും


## പി. തോമസ്, പിറവം


പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തെ സഭാചരിത്രം പരിശോധിച്ചാൽ പാമ്പാക്കുടയ്ക്കും അവിടത്തെ കോനാട്ട് മൽപ്പാൻ ഭവനത്തിനും ഗണ്യമായ ഒരു സ്ഥാനമുണ്ടെന്ന് കാണാം.

കോനാട്ട് മൽപ്പാന്മാരുടെ പൂർവ്വതറവാട് മാമ്മലശ്ശേരിയിലാണ്. ശക്രള്ളാ ബാവായുടെ കീഴിൽ അഭ്യസിച്ച കോനാട്ട് മൽപ്പാൻ ഒരു പഠിത്തവീട് സ്ഥാപിച്ചു (റവ. ഡോ. ബി. വറുഗീസ്, മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007, പേ. 14–56). മുൻകാലത്തെ ഒരു കോനാട്ട് യാക്കോബ് മൽപ്പാൻ തിരുവാങ്കോട് പള്ളിയിൽ കബറടങ്ങിയതായി (1766 ?) പറയപ്പെടുന്നു. ആറാം മാർത്തോമ്മായാണ് അദ്ദേഹത്തെ അവിടേക്ക് അയച്ചത്. പരമഭക്തനായിരുന്ന ഈ മൽപ്പാന് രോഗശാന്തിവരമുണ്ടായിരുന്നതായും കുലശേഖരത്ത് പേയ്ബാധയിൽ നിന്ന് ഒരു സ്ത്രീയെ സുഖപ്പെടുത്തിയതായും പറയപ്പെടുന്നു. സ്ത്രീയുടെ കാരണവർ ഈ പുണ്യാത്മാവിന് ജ്ഞാനിയാർപൊറ്റ (താപസക്കുന്ന്) എന്ന സ്ഥലത്ത് ഒരു ദേവാലയം പണിയുവാൻ അഞ്ചേക്കർ സ്ഥലവും നിർമ്മാണത്തിനുള്ള ധനവും ഏല്പിച്ചു. പിൻഗാമിയില്ലാതെ വന്നതിനാൽ ദേവാലയവും സ്ഥലവും അന്യാധീനത്തിലായത്രേ (*തിരുവാങ്കോട്ടു സുറിയാനിപ്പള്ളി ചരിത്രം*, വെരി. റവ. കെ. വി. ഗീവർഗീസ് റമ്പാൻ, പു. 12, 29, 79, 80). മാമലശ്ശേരിൽ കോനാട്ട് ഉണ്ണിട്ടൻ കത്തനാരുടെ സഭാപ്രവർത്തനങ്ങളെപ്പറ്റി ആത്തുങ്കൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ സൂചിപ്പിച്ചിട്ടുണ്ട് (*കുറുപ്പമ്പടി പള്ളിയുടെ ചരിത്രം*, 1118, പു. 107). ലഭ്യമായ ചരിത്രത്തിൽ കോനാട്ടു കുടുംബത്തിലെ 17–ാമത് മൽപ്പാൻ ഗീവറുഗീസ് കത്തനാരുടെ അനന്തരവനായ പാമ്പാക്കുട ഇട്ടഞ്ചേരിൽ (പരീക്കമോളേൽ) അബ്രഹാം (ഉണ്ണിട്ടൻ) കത്തനാരുടെ കാലത്താണ് കോനാട്ട് മല്പാൻ ഭവനം പാമ്പാക്കുടയിലേക്ക് പറിച്ചുനട്ടത്.

### കോനാട്ട് അബ്രഹാം മൽപ്പാൻ

ഈ അബ്രഹാം മൽപ്പാൻ (1780–1865) പാമ്പാക്കുടയിൽ മാർ യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ പള്ളി പണിത് മാമലശ്ശേരി മാർ മിഖായേൽ പള്ളിയിൽ നിന്ന് ഇടവക പിരിഞ്ഞു. ഇദ്ദേഹം കോട്ടയം സെമിനാരി മൽപ്പാനായി പ്രവർത്തിച്ചിരുന്നു. സെമിനാരിയിൽ പീറ്റ് എന്ന

മിഷനറിയുടെ നവീകരണോപദേശങ്ങൾക്കതിരെ പ്രസംഗിച്ചു. മാവേലിക്കര സുന്നഹദോസിൽ നവീകരണത്തിനെതിരേ ശക്തമായ നിലപാടെടുത്തു. നമസ്കാരപ്പുസ്തകത്തിലെ വേദപുസ്തകസൂചനകൾ കണ്ടെത്തി ഗ്രന്ഥരൂപത്തിലാക്കി. ചോദ്യോത്തരരൂപത്തിൽ ഒരു വേദശാസ്ത്ര ഗ്രന്ഥവും ഇദ്ദേഹം രചിച്ചു. നല്ല ഒരു ഗ്രന്ഥശേഖരം ഇദ്ദേഹത്തിനുണ്ടായിരുന്നു. ഗീവറുഗീസ് മൽപ്പാന്റെ കാലശേഷം ഇദ്ദേഹത്തെ മലങ്കര മൽപ്പാനായി പ്രഖ്യാപിച്ചത് പുന്നത്ര മാർ ദീവന്നാസ്യോസ് ആയിരുന്നു. സഭയുടെ പൊതുരംഗങ്ങളിൽ ഇടപെടുകയും നേതൃത്വം വഹിക്കുകയും ചെയ്തിരുന്ന മൽപ്പാനെ പുന്നത്ര മാർ ദീവന്നാസ്യോസിനു ശേഷം മെത്രാൻ സ്ഥാനത്തേക്ക് പരിഗണിച്ച് (ചേപ്പാട് പീലിപ്പോസ് കശ്ശീശാ, അടങ്ങപ്രത്ത് യൗസേഫ് കശ്ശീശ, എരുത്തിക്കൽ മർക്കോസ് കത്തനാർ എന്നിവരോടൊപ്പം) കുറിയിട്ടതിൽ ഉൾപ്പെടുത്തിയിരുന്നു (ഇസ്സഡ്. എം. പാറേട്ട്, പുതുപ്പള്ളിപ്പള്ളി, 1972, പു. 127). വിദേശത്തു നിന്ന് 1825 നവംബറിൽ (1001 വൃശ്ചികം 3) വന്ന മാർ അത്താനാസ്യോസിൽ നിന്ന് ഇദ്ദേഹം പുനരായി പട്ടമേറ്റു. രാജകീയാംഗീകാരമുണ്ടായിരുന്ന നാട്ടുമെത്രാനെ (കിടങ്ങൻ പീലക്സീനോസ്) അവഗണിച്ച് പട്ടമേറ്റതിന്റെ പേരിൽ പത്തു മാസത്തെ തടവും ഭീമമായ പിഴയും (540 കലിപ്പണം) അനുഭവിക്കേണ്ടി വന്നു. ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ, തെക്കേതലയ്ക്കൽ കത്തനാർ, പാലക്കുന്നത്ത് അബ്രഹാം മല്പാൻ എന്നിവരും അക്കൂട്ടത്തിൽ പെടുന്നു. (ഇടവകപത്രിക 1075 മേടം, ലക്കം 4, പു. 9).

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് കൊച്ചിയിൽ വന്നു ചേർന്നപ്പോൾ (1018 ഇടവം 3 / 1843 മാർച്ച്) അബ്രഹാം മൽപ്പാൻ പോയി കാണുകയും സ്ഥാത്തിക്കോൻ വായിച്ച് പരിശോധിക്കുകയും അതിൽ, നിങ്ങളിൽ നിന്ന് 'മത്തായി കശ്ശീശാ' ഞങ്ങൾക്കടുത്തു എന്നത് കണ്ടതിലുള്ള പൊരുത്തക്കേട് നിരണത്ത് പോയി ചേപ്പാട് മാർ ദീവന്നാസ്യോസിനെ അറിയിക്കയും അദ്ദേഹം പള്ളിയോഗം വിളിക്കുകയും ചെയ്തു (*കണ്ടനാട് ഗ്രന്ഥവരി*, ശെമവൂൻ മാർ ദീവന്നാസ്യോസ്, എഡി. ഫാ. ഡോ. ജോസഫ് ചീരൻ, എം.ജെ.ഡി.പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, പു. 52). ഇടവഴിക്കൽ പീലിപ്പോസ് കത്തനാരും കോനാട്ടു മല്പാനും അക്കാലത്ത് രമ്യതയിലല്ലായിരുന്നു. ചേപ്പാട് ദീവന്നാസ്യോസിനോട് ഇരുവർക്കും വൈരമുണ്ടായിരുന്നു. പുതിയ മെത്രാനോട് അടുത്തുകൂടി അദ്ദേഹത്തെ ആയുധമാക്കി ചേപ്പാട്ട് ദീവന്നാസ്യോസിനോട് എതിരിടണമെന്നു വച്ച് കോനാട്ട് അബ്രഹാം മല്പാനും സഖാക്കളും കൊച്ചിയിൽ എത്തിയിരുന്നതായി മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രകാരൻ ശ്രീ. ജെ. വറുഗീസ് എഴുതിയിട്ടുണ്ട് (മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ, ഒന്നാം ഭാഗം, പബ്ലീ. കെ. വി. വറുഗീസ്, എ.വി.ജി. പ്രസ്,

കോട്ടയം, പു. 39, 58). കോനാട്ട് മൽപ്പാനും വടക്കുള്ള ശ്രേഷ്ഠരായ ചില പട്ടക്കാരും ഉപദേശിച്ചപ്രകാരം പാലക്കുന്നത്ത് മെത്രാൻ മാർ ദീവന്നാസ്യോസിനെ പോയി കണ്ടു. സ്ഥാത്തിക്കോൻ വായിച്ചു കേൾക്കുന്നതിന് നിരണത്തു വിളിച്ച പള്ളിയോഗം ഇടവഴിക്കൽ കത്തനാർ കൗശലപൂർവ്വം കലക്കിയെന്ന് ജീവചരിത്രകാരൻ സൂചിപ്പിക്കുന്നു. സ്ഥാത്തിക്കോൻ അപഹരിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം പലരെയും കൂട്ടി ആലോചിച്ചത്രേ. പിന്നീട് കണ്ടനാട് യോഗത്തിനു മുമ്പായി സ്ഥാത്തിക്കോൻ വായിച്ചു നോക്കാൻ കൊടുത്തയയ്ക്കണമെന്ന മാർ ദീവന്നാസ്യോസിന്റെ ആവശ്യം, പരസ്യമായി വായിക്കുവാനല്ലാതെ കൊടുത്തയയ്ക്കുവാൻ നിവൃത്തിയില്ലെന്ന് പറഞ്ഞ് പാലക്കുന്നത്ത് മെത്രാൻ നിരസിച്ചുവത്രേ (ടി പു. 57, 58). അതേ ചരിത്രകാരൻ തന്നെ, കോനാട്ട് മൽപ്പാൻ മുതലായവരുടെ ആലോചനയ്ക്കു വഴിപ്പെട്ട് (ആരാധനക്രമ) പരിഷ്കാരത്തിന് പൂർണ്ണമായി വഴിപ്പെടാതെ മട്ടാഞ്ചേരിപ്പള്ളിയിൽ വച്ച് ശുശ്രൂഷ നടത്തിയതിലുള്ള പാലക്കുന്നത്ത് അബ്രഹാം മൽപ്പാന്റെ വ്യാകുലത്തെക്കുറിച്ചും എഴുതി (ടി. പു. 40, 41; പാറേട്ട്, *മലങ്കര നസ്രാണികൾ 3*. പു. 224). ജീവചരിത്രകാരൻ പരസ്പരവിരുദ്ധമായി എഴുതിയെന്നത് വ്യക്തമാണല്ലോ. പാലക്കുന്നത്ത് മെത്രാന്റെ വരവിൽത്തന്നെ കോനാട്ട് മൽപ്പാൻ സ്ഥാത്തിക്കോൻ കണ്ടുവെന്ന സത്യം കല്ലുങ്കത്ര പടിയോല ശരി വയ്ക്കുന്നുണ്ട് (ടി പുസ്തകം, പു. 69). കണ്ടനാട്യോഗം (1019 ചിങ്ങം 3) സ്താത്തിക്കോൻ വായിക്കാനിടയാകാതെയും പാലക്കുന്നത്തു മെത്രാനെ അംഗീകരിക്കാതെയും പിരിയുകയായിരുന്നല്ലോ. മാർ അത്താനാസ്യോസിനെ മെത്രാനായി ജനങ്ങൾ സ്വീകരിക്കാനിടയുണ്ട്; എന്നാൽ മതപരിഷ്കാരം തുടങ്ങിയാൽ അതു സാധിക്കയില്ലെന്ന് കോനാട്ട് മൽപ്പാൻ ആദ്യമേ തന്നെ ഉപദേശിച്ചതായി മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രകാരൻ സൂചിപ്പിച്ചിട്ടുമുണ്ട് (ടി പുസ്തകം, പു. 40). ചുരുക്കത്തിൽ നവീകരണത്തിനെതിരേ സഭയിൽ രൂപംകൊണ്ടിരുന്ന എതിർപ്പിൽ കോനാട്ട് അബ്രഹാം മൽപ്പാനും ഗണ്യമായ പങ്കുണ്ടായിരുന്നു. ആ മതപരിഷ്കാരത്തോടുള്ള പ്രതിരോധനീക്കത്തിന്റെ ഭാഗമായാണ് പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ മെത്രാൻസ്ഥാനമേൽപ്പിക്കുവാൻ ഇടവരുത്തിയത്. പാലക്കുന്നത്ത് മെത്രാൻ മതവിപരീതിയാകയാൽ വിളംബരം കൊടുക്കുന്നത് സങ്കടമെന്ന് കോനാട്ട് മല്പാൻ തുടങ്ങിയവർ ഹർജി അയയ്ക്കയും വാദിക്കയും ചെയ്തിരുന്നു. ഇക്കൂട്ടത്തിൽ ഇവർ മർദ്ദീനിലേക്കും എഴുതിയതിന്റെ അനന്തരഫലമായിരുന്നു യൂയാക്കീം മാർ കൂറിലോസിന്റെ വരവ്.

പാലക്കുന്നത്ത് മെത്രാനെതിരേയുള്ള നീക്കങ്ങളുടെ ഭാഗമായി വന്നു ചേർന്ന (1024 കുംഭം / 1849) സ്തേഫാനോസ് മാർ അത്താനാസ്യോസ്

മെത്രാനുമായും കോനാട്ട് അബ്രഹാം മൽപ്പാൻ, ഇടവഴിക്കൽ പീലിപ്പോസ് കത്തനാരോടൊപ്പം കൊച്ചിയിൽ വച്ച് ബന്ധപ്പെടുകയും സഭാസ്ഥിതിഗതികൾ ധരിപ്പിക്കുകയുമുണ്ടായി. മദിരാശിയിൽ ആവലാതിപ്പെട്ട് പരിഹാരത്തിന് ശ്രമിക്കാമെന്ന് മാർ അത്താനാസ്യോസ് പറഞ്ഞു (*കണ്ടനാട് ഗ്രന്ഥവരി,* പു. 54).

പുലിക്കോട്ടിൽ യൗസേഫ് കത്തനാർ ശീമയാത്രയ്ക്ക് പുറപ്പെട്ട് കടമറ്റത്ത് എത്തിയശേഷം കോനാട്ട് അബ്രഹാം മൽപ്പാനെ പോയി കണ്ടു. യാത്രാവിവരം ഗ്രഹിച്ച് മൽപ്പാൻ സന്തോഷിച്ച് രോഗത്തിൽ ആയിരുന്നിട്ടും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തു തയ്യാറാക്കി കൊടുത്തു (പുലിക്കോട്ടിൽ ദീവന്നാസ്യോസ്, *ഒരു പരദേശയാത്രയുടെ കഥ*, പു. 41, 42).

അബ്രഹാം മൽപ്പാൻ ദീനം പിടിപെട്ട് മരണാസന്നനായിരിക്കുമ്പോൾ പാലക്കുന്നത്ത് മാത്യൂസ് അത്താനോസ്യോസ് സന്ദർശിച്ച് മടങ്ങിയിരുന്നു. അന്ത്യസമയത്ത് യൂയാക്കീം മാർ കൂറിലോസും മറ്റും കൂടിയാണ് ഒപ്രുശുമാ കഴിച്ചത്. അന്നേദിവസം (1863 തുലാം 15) അവർ തമ്മിൽ ഉണ്ടായിരുന്ന വഴക്കുകൾ പറഞ്ഞുതീർന്നതായി ശീമോൻ മാർ ദീവന്നാസ്യോസിന്റെ സാക്ഷ്യമുണ്ട് (പാലക്കുന്നത്തു മെത്രാനോടുള്ള കൂറിലോസിന്റെ അവസരവാദ നിലപാടുകളാകണം വഴക്കിനു കാരണമെന്ന് തോന്നുന്നു). ശവസംസ്കാരത്തിന് കൂറിലോസ് അവിടെ ഉണ്ടായിരുന്നതുകൊണ്ട് പാലക്കുന്നത്തു മെത്രാൻ പോയില്ലെന്നും ഗ്രന്ഥവരിയുടെ കർത്താവ് രേഖപ്പെടുത്തി (*കണ്ടനാട് ഗ്രന്ഥവരി*, പു. 106, 107).

## കോനാട്ട് യൂഹാനോൻ മൽപ്പാൻ

അബ്രഹാം മൽപ്പാന്റെ പിൻഗാമിയായ കോര യൂഹാനോൻ (ഉലഹന്നാൻ) മൽപ്പാനും സഭയുടെ പൊതുവേദികളിൽ ശ്രദ്ധേയമായ സ്ഥാനമുണ്ടായിരുന്നു. അബ്രഹാം മൽപ്പാന്റെ ആണ്ടുശ്രാദ്ധദിനത്തിൽ (1864 / 1040 തുലാം 16) ഇദ്ദേഹത്തെ മൽപ്പാൻ സ്ഥാനം നൽകി മോതിരമിടുവിച്ചത് യൂയാക്കീം മാർ കൂറിലോസ് ആയിരുന്നു (അബ്രഹാം മൽപ്പാന്റെ 40-ാം ചരമദിനത്തിൽ പുലിക്കോട്ടിൽ തിരുമേനി മോതിരമിടുവിച്ച് മൽപ്പാനാക്കി എന്ന് ത്രീസായ് ശുബഹോ സെന്റർ സ്മരണികയിൽ ഫാ. മത്തായി നൂറനാൽ എഴുതിയത് ആധികാരികമോ എന്ന് സംശയമുണ്ട്). താൻ മെത്രാൻസ്ഥാനമേറ്റു വന്നപ്പോൾ യോഹന്നാൻ മൽപ്പാൻ വളരെ സഹായിച്ചതായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പിന്നീട് പ്രശംസാപത്രത്തിൽ എഴുതി (എം. എൽ 414, കോനാട്ട് ഗ്രന്ഥശാല). മൽപ്പാന്റെ ശ്രാദ്ധത്തിന് പുലിക്കോട്ടിൽ തിരുമേനി പലപ്പോഴും പങ്കെടുത്തുവെന്നത് മൽപ്പാനുമായി അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പത്തിന്റെ തെളിവാണ്.

മൽപ്പാന് എബ്രായഭാഷയും അറിയാമായിരുന്നു. പുന്നത്ര ചാണ്ടപ്പിള്ള കത്തനാർക്ക് പകരം വൈദികട്രസ്റ്റിയായി ഇദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു. പാമ്പാക്കുടയിൽ സുറിയാനി പ്രസ് സ്ഥാപിക്കുവാൻ ഗീവർഗീസ് മാർ യൂലിയോസിന് വേണ്ട സഹായങ്ങൾ നൽകി. സാധുവായ പട്ടത്വത്തെക്കുറിച്ചുള്ള തർക്കം കൊണ്ടാകണം, ഇദ്ദേഹത്തിന് പത്രോസ് പാത്രിയർക്കീസ് ബാവാ മുളന്തുരുത്തിയിൽ വച്ച് (കോനാട്ട് മാത്തൻ മൽപ്പാന് പൂർണ്ണശെമ്മാശ് പട്ടം നൽകിയ ദിവസം) പുനരായി കശ്ശീശാപട്ടം നൽകിയത്.

## പുലിക്കോട്ടിൽ കത്തനാരുടെ തെരഞ്ഞെടുപ്പ്

പാത്രിയർക്കീസ് ബാവായ്ക്ക് മെത്രാന്മാരെയും റമ്പാന്മാരെയും അയച്ചുതരണമെന്ന അപേക്ഷ അയച്ചതിന് വന്ന മറുപടിയിൽ (1038 ഇടവം / 1863) കൊള്ളാവുന്ന രണ്ടോമൂന്നോ കശ്ശീശന്മാരെ അയച്ചാൽ സ്ഥാനം കൊടുത്ത് അയയ്ക്കാമെന്നുണ്ടായിരുന്നു. അതിനെത്തുടർന്ന് കോലഞ്ചേരിയിലെ കോട്ടൂർ പള്ളിയിൽ കൂടിയ യോഗത്തിൽ, ഇവിടെ നിന്ന് പട്ടക്കാർ വരുന്നതിന് മടിയുണ്ടെന്നും, അവിടെനിന്ന് മെത്രാന്മാരെ അയയ്ക്കണമെന്നും, അതിന് സാദ്ധ്യതയില്ലെങ്കിൽ ഇവിടെ ഒന്നോ രണ്ടോ പേരെ വാഴിക്കുവാൻ കൂറിലോസ് ബാവായ്ക്ക് അനുവാദം കൊടുക്കണമെന്നും മറുപടി എഴുതി തയ്യാറാക്കി (1863 ധനു 11). അത് അയയ്ക്കുന്നതിനു മുമ്പാണ് കുന്നംകുളങ്ങര കമ്പോളത്തിൽ പുലിക്കോടൻ മേക്കാട്ടുകുളങ്ങര ഇട്ടൂപ്പ് കത്തനാരച്ചന്റെ അനന്തരവൻ യൗസേപ്പ് കത്തനാരച്ചൻ മർദ്ദീനിൽ പോകാമെന്നുള്ള കുന്നംകുളം ദേശത്തെ ആറു പള്ളിക്കാരുടെ എഴുത്തോടെ കൂറിലോസിന്റെ അടുത്തെത്തിയത്. നേരത്തെ തയ്യാറാക്കിയിരുന്ന പള്ളിക്കാരുടെ എഴുത്തും കൂറിലോസിന്റെ എഴുത്തും വാങ്ങിയാണ് യൗസേപ്പ് കത്തനാർ യാത്രയ്ക്കൊരുങ്ങിയത്. ഇടവഴിക്കൽ പീലിപ്പോസ് കത്തനാരാണ് പുലിക്കോട്ടിൽ കത്തനാരെ തെരഞ്ഞെടുത്ത് അയച്ചതെന്ന ഇ. എം. ഫിലിപ്പിന്റെ അവകാശവാദം (*രഹസ്യഭേദകം*, പു. 114, 131) എത്രമാത്രം സാധുവാണെന്ന് പരിശോധിക്കേണ്ടതാണ്. പീലിപ്പോസ് കത്തനാരും ഈ നീക്കത്തിന് അനുഭാവിയായിരുന്നു എന്നതിന് സംശയമില്ല. പാത്രിയർക്കീസ് ബാവായുമായി അദ്ദേഹത്തിന് കത്തിടപാടുകളും ഉണ്ടായിരുന്നു. '... കല്പന വന്ന പ്രകാരം കൂറിലോസ് ബാവാ നൊസ്രാസു പള്ളിയിൽ സഭ കൂട്ടി ചിന്തിച്ച് ബാവായുടെ ശിഷ്യനും ... ആയ യൗസേപ്പ് കശ്ശീശായെ യോഗം തെരഞ്ഞടുത്ത് അയച്ചു' എന്ന് പാലപ്പിള്ളിൽ അച്ചനും എഴുതിയിട്ടുണ്ട് (സുറിയാനി സമൂഹവൃത്താന്തം, പാലപ്പിള്ളിൽ അബ്രഹാം കത്തനാർ, കൊച്ചി സെന്തോമസ് അച്ചുകൂടം, 1877). പുലിക്കോട്ടിൽ യൗസേഫ് കത്തനാർക്ക് മർദ്ദീനിൽ പോകുവാൻ വടക്കുള്ള പള്ളിക്കാരുടെ എഴുത്തും സാമ്പത്തികതുണയും ഉണ്ടായി

രുന്നു. പുലിക്കോട്ടിൽ തിരുമേനിയെ മെത്രാനാക്കിയ നടപടി, നവീകരണത്തെ അംഗീകരിക്കാത്ത മലങ്കരസഭയിലെ പള്ളികളുടെ സംഘടിത ശ്രമമായിരുന്നുവെന്നതിൽ ഒരു സംശയവും വേണ്ട. മറിച്ചുള്ള പ്രചാരണങ്ങൾ രേഖാടിസ്ഥാനമില്ലാത്തവയാണ്.

പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാന്റെ കാലത്തെ സഭാപ്രവർത്തനങ്ങളിൽ സജീവമായ പങ്ക് കോനാട്ട് യൂഹാനോൻ മൽപ്പാനുണ്ടായിരുന്നു.

ഇദ്ദേഹം നിത്യനമസ്കാരക്രമം മലയാളത്തിൽ വിവർത്തനം ചെയ്യുകയും അത് പലവട്ടം പുലിക്കോട്ടിൽ തിരുമേനി ഭേദപ്പെടുത്തി കോട്ടയത്തു മാർത്തോമ്മാ പ്രസിൽ നിന്ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു (ഇടവകപത്രിക, 1910, പു. 29, ല. 8, പു. 165, 166).

ഈ കാലഘട്ടത്തിൽ മലങ്കരസഭ കുഴഞ്ഞ അവസ്ഥയിലായിരുന്നു. 1850/1025 കർക്കടകം 15-ലെ തിരുവിതാംകൂർ രാജവിളംബരപ്രകാരം പാലക്കുന്നത്ത് അത്താനാസ്യോസിനെ പുത്തൻകൂർ സുറിയാനിക്കാരെല്ലാവരും അനുസരിച്ചു നടക്കേണ്ടിയിരുന്നു. 1855/1031 കന്നി 27-ൽ ചേപ്പാട് മാർ ദീവന്നാസ്യോസ് കാലം ചെയ്തു. 1863/1038 കുംഭം 27-ലെ ഉത്തരവനുസരിച്ച് പാലക്കുന്നത്ത് മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികളിൽ കൂടിനടക്കുന്നതിന് മനസ്സില്ലാത്തവർ വേറെ പള്ളികൾ ഉണ്ടാക്കുകയും പഴയ പള്ളികളിലെ വല്ല അവകാശവും സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ അദാലത്തു മുഖേന തീർച്ച വരുത്തുകയും വേണ്ടിയിരുന്നു. പാലക്കുന്നത്തു മെത്രാനെ മുടക്കിയതായി പാത്രിയർക്കീസ് ബാവായുടെ കൽപ്പന (1873 മകരം 11) പള്ളികൾക്ക് ലഭിച്ചിരുന്നു (ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, കോനാട്ട് ഗ്രന്ഥശേഖരം). യൂയാക്കീം മാർ കൂറിലോസ് പാലക്കുന്നത്ത് മെത്രാനെതിരേയുള്ള വിഭാഗത്തിന്റെ അംഗീകാരം നേടിയിരുന്നു. പലയിടത്തും, പ്രത്യേകിച്ച് വടക്ക്, ഇരുവിഭാഗത്തിലും പെട്ടവർ ഉള്ള പള്ളികളിൽ തർക്കങ്ങൾ പതിവായിരുന്നു. പാലക്കുന്നത്തു മെത്രാൻ സ്ഥാനം നൽകിയ തൊഴിയൂർ മെത്രാൻ അദ്ദേഹവുമായി യോജിച്ച് നിൽക്കുകയായിരുന്നു.

ഇതിനിടയിലേക്കാണ് പുലിക്കോട്ടിൽ മെത്രാച്ചൻ (1864 ഏപ്രിൽ 3-ന്) സ്ഥാനമേറ്റ് വന്നത് (1039 മേടം 26 പുതുഞായറാഴ്ച സ്ഥാനമേറ്റുവെന്നാണ് പരദേശയാത്രയിൽ കാണുന്നത്. മേടം 18 നോമ്പുവീടലെന്നും പറഞ്ഞിട്ടുണ്ട്. ആ വർഷം ഈസ്റ്റർ മാർച്ച് 27-നായിരുന്നു). വന്ന സമയത്ത് (1864/1040 ചിങ്ങം 23) പാലക്കുന്നത്ത് മെത്രാൻ കോട്ടയം സെമിനാരിയിലും യൂയാക്കീം മാർ കൂറിലോസ് അങ്കമാലിയിലുമായിരുന്നു. കൊച്ചിയിൽ വന്നിറങ്ങിയ ശേഷം 1864/1041 ചിങ്ങം 25-ന് സമീപത്തുള്ള

പള്ളിക്കാർക്കും പ്രമാണികളായ പട്ടക്കാർക്കും സ്ഥാനം കൈക്കൊണ്ട വിവരത്തിനും കൂടിക്കാണുന്നതിനും പുലിക്കോട്ടിൽ മെത്രാച്ചൻ കൽപ്പന അയച്ചു.

### മാർ കൂറിലോസ് ചുവടു മാറ്റുന്നു

ഈ വിവരമറിഞ്ഞപ്പോൾ മാർ കൂറിലോസിന്റെ പ്രതികൂലപ്രതികരണം 1864 ചിങ്ങം 24-ന് അങ്കമാലിയിൽ നിന്ന് പള്ളികൾക്കുള്ള കൽപ്പനയിലൂടെ പുറത്തുവന്നു. 'കീഴ്നാളിലെ ചട്ടംപോലെ കൂട്ടംകൂടി നിശ്ചയിക്കുന്നതുവരെ അയാളെ അനുസരിക്കുകയും കൽപ്പനകൾ പള്ളികളിൽ വായിക്കയുമരുതെന്ന' നിരോധനമായിരുന്നു അതിൽ. പാത്രിയർക്കീസ് ബാവായിൽ നിന്ന് പട്ടംകൊടുത്ത വിവരത്തിന് തനിക്ക് എഴുത്തു വരാത്തതും പുലിക്കോട്ടിൽ മെത്രാൻ തനിക്ക് കത്തയയ്ക്കാത്തതുമാണ് അതിന് കാരണമായി പറഞ്ഞത് (പുലിക്കോട്ടിൽ കത്തനാർ മർദ്ദീനിലേക്ക് പോകുമ്പോൾ കത്തെഴുതിക്കൊടുക്കുകയും പള്ളിക്കാരുടെ കത്തിന്മേൽ മുദ്ര പതിക്കുകയും ചെയ്ത ഇദ്ദേഹം, പിന്നീട് മർദ്ദീനിലേക്ക് മെത്രാൻ സ്ഥാനം അദ്ദേഹത്തിന് കൊടുക്കരുതെന്ന് കത്തയച്ചതായി ഇ. എം. ഫിലിപ്പ് എഴുതിയത് സത്യമെന്ന് കരുതാം (*രഹസ്യപേടകം*, പു. 114). അതിന്റെ ഫലമായി പള്ളിക്കാർ രണ്ടു പേരുടെ കൽപ്പനകളും വേണ്ട പോലെ പരിഗണിച്ചില്ല. എന്നാൽ സമീപേയുള്ള പള്ളിക്കാരും പാമ്പാക്കുട യൂഹാനോൻ മൽപ്പാന്റെ അനന്തരവൻ കുഞ്ഞുവർക്കി (ഗീവർഗീസ്) കത്തനാരും ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ മകൻ കത്തനാരും മറ്റും പുലിക്കോട്ടിൽ മെത്രാനെ പോയി കണ്ടു.

തുടർന്ന് 1864/1040 കന്നി 8 പെരുന്നാളിന് ആർത്താറ്റ് പള്ളിയിൽ യൗസേഫ് മാർ ദീവന്നാസ്യോസിന്റെ സ്ഥാത്തിക്കോൻ വായിച്ചുകേട്ട് സുന്ത്രോണീസോ ശുശ്രൂഷ നടന്നു.

### കോനാട്ട് ഗീവർഗീസ് കത്തനാർ

പാമ്പാക്കുട യൂഹാനോൻ മൽപ്പാന്റെ അനന്തരവൻ ഗീവർഗീസ് (കുഞ്ഞുവർക്കി) കത്തനാരും (പിന്നീട് തുമ്പമൺ ഭദ്രാസനത്തിന്റെ യൂലിയോസ് മെത്രാപ്പോലീത്താ) നവീകരണത്തിനെതിരേയുള്ള പോരാട്ടത്തിൽ പുലിക്കോട്ടിൽ തിരുമേനിയുടെ ഉത്തമസഹായിയായിരുന്നു. അദ്ദേഹം യൂയാക്കീം മാർ കൂറിലോസിന്റെ വിലക്കുണ്ടായിട്ടും പുലിക്കോട്ടിൽ തിരുമേനിയെ സന്ദർശിച്ചത് മുകളിൽ സൂചിപ്പിച്ചല്ലോ. അതിനുശേഷം അദ്ദേഹം ഏതാനുംപേരുമായി ചേർന്ന് അങ്കമാലിയിലായിരുന്ന മാർ കൂറിലോസിനെ പാമ്പാക്കുടയിലേക്ക് ക്ഷണിച്ച് കൊണ്ടുവന്നു.

### പാമ്പാക്കുടയിൽ പള്ളിയോഗം

കോനാട്ട് അബ്രഹാം മൽപ്പാന്റെ ആണ്ടുശ്രാദ്ധത്തോടനുബന്ധിച്ച്

(1864 തുലാം 15) വടക്കുള്ള എല്ലാ പള്ളിക്കാരിൽ പ്രമാണികളും പട്ടക്കാരും യോഹന്നാൻ മൽപ്പാന്റെ ക്ഷണപ്രകാരം വന്നു ചേർന്നിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ കാര്യം തീരുമാനിച്ച് പിരിയണമെന്ന് നിശ്ചയിച്ച് 17-ന് ഞായറാഴ്ച യോഗം ചേർന്നു. മാർ കൂറിലോസും പുലിക്കോട്ടിൽ തിരുമേനിയുമായി യോജിച്ച് പോകണമെന്ന് തീരുമാനിച്ചു. അനുരഞ്ജനത്തിന് കോനാട്ട് മൽപ്പാന്റെ പ്രേരണയും മുൻകൈയും ഉണ്ടായിരുന്നെന്ന് കരുതാം.

1864/1040 തുലാം 20-ന് പുലിക്കോട്ടിൽ മെത്രാച്ചന്റെ കല്പനപ്രകാരം പാമ്പാക്കുടയിൽ ഒരു പള്ളിയോഗം നടന്നതായി എം. പി. വർക്കി എഴുതിയ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രത്തിൽ നിന്ന് പാറേട്ട് ഉദ്ധരിക്കുന്നു. പാലക്കുന്നത്തു മെത്രാനെ അനുസരിച്ചു നടക്കണമെന്ന വിളംബരം പിൻവലിക്കേണ്ടതിന് ഹർജി കൊടുക്കുന്നതിനെപ്പറ്റി അതിൽ ആലോചിച്ചു (പാറേട്ട്, *മുളന്തുരുത്തി സുന്നഹദോസ്,* പു. 47). ആദ്യം സൂചിപ്പിച്ച യോഗം തന്നെയാകാം ഇത്.

## മാർ കൂറീലോസും പാലക്കുന്നത്തു മെത്രാനും

പാമ്പാക്കുടയിൽ നിന്ന് മാർ കൂറിലോസിനെ വടകരപ്പള്ളിക്കാർ കൊണ്ടുപോയി. കോതമംഗലത്തായിരുന്ന പാലക്കുന്നത്തു മെത്രാനെ വടകരക്കാർ പോയി കൂട്ടിക്കൊണ്ടുവന്നു. തമ്മിൽ കണ്ടപ്പോൾ മെത്രാൻ എന്ന നിലയ്ക്ക് മാർ കൂറിലോസ് ആചാരം ചെയ്യാതെ വർത്തമാനങ്ങൾ പറഞ്ഞ് രണ്ടുനാലു ദിവസം അവിടെ രണ്ടുപേരും കഴിഞ്ഞു. പിന്നെ മാർ കൂറിലോസിന്റെ ഭാഗത്തുള്ള പട്ടക്കാരും ജനങ്ങളും ആ പള്ളിയുടെ കുരിശുപള്ളിയായ കുഴിക്കാട്ടുകുന്നേൽ പള്ളിയിലേക്ക് മാറി. പാലക്കുന്നത്തു മെത്രാൻ പട്ടം കൊടുത്ത ചിലർക്ക് അവിടെ വച്ച് പട്ടം അഴിച്ചു കൊടുക്കുകയുമുണ്ടായി. പട്ടം അഴിച്ച് ഏറ്റവരിൽ ചിലരെ വടകരയിൽ തങ്ങിയിരുന്ന പാലക്കുന്നത്തു മെത്രാൻ മുടക്കുകയും ചെയ്തു.

പുലിക്കോട്ടിൽ മെത്രാച്ചൻ വരുന്നതിന് മാർ കൂറിലോസിന്റെ നിർദ്ദേശപ്രകാരം കോനാട്ട് യോഹന്നാൻ മൽപ്പാൻ കുന്നംകുളങ്ങരയ്ക്ക് എഴുതി. അതനുസരിച്ച് മെത്രാച്ചൻ കൊച്ചിയിലെത്തിയിട്ട് വിവരം മൽപ്പാനും വടക്കുള്ള പ്രമാണികളായ പട്ടക്കാർക്കും എഴുതി. ഈ വിവരങ്ങൾ അറിയിക്കുവാൻ മാർ കൂറിലോസിന്റെ അടുക്കൽ മൽപ്പാൻ കുഴിക്കാട്ടുകുന്നിൽ ചെന്ന വിവരം അറിഞ്ഞ് പാലക്കുന്നത്തു മെത്രാൻ മൽപ്പാനെ ആളയച്ചു വരുത്തി അരിശപ്പെട്ട് അപമാനിച്ചു. അദ്ദേഹം ദുഃഖത്തോടെ തിരികെ പോന്നു.

ഉടനെ മാർ കൂറിലോസ്, പാലക്കുന്നത്തു മെത്രാനുമായി ആലോചിച്ച് 1865 കുംഭം 12-ന് എല്ലാ പള്ളിക്കാരും കോലഞ്ചേരിയിൽ യോഗം

കൂടുന്നതിന് വടക്കുള്ള പള്ളിക്കാർക്കും തെക്കരിൽ പ്രമാണികൾക്കും വെവ്വേറെ കല്പനകൾ രണ്ടു പേരും അയച്ചു. യോഗത്തിന്റെ കാര്യത്തിൽ രണ്ടു പേർക്കും വ്യത്യസ്ത ലക്ഷ്യങ്ങളായിരുന്നു.

## പാമ്പാക്കുടയിൽ പുലിക്കോട്ടിൽ മെത്രാന് സ്വീകരണം

ഇങ്ങനെ കോലഞ്ചേരിയിൽ യോഗം കൂടുന്നതിന് മൽപ്പാൻ മുതലായവരോട് ആലോചിക്കാത്തതിനാലും കൽപ്പനകളിൽ കൃത്യമായ യോഗോദ്ദേശ്യം കാണിക്കാതിരുന്നതിനാലും പാലക്കുന്നത്തു മെത്രാനുമായി സ്വരുമിച്ച കാര്യം മൽപ്പാനും മറ്റും അറിയാതിരുന്നതിനാലും, പലരുമായും കൂടിയാലോചിച്ച് പുലിക്കോട്ടിൽ മെത്രാച്ചനെ കൊച്ചിയിൽ നിന്ന് പാമ്പാക്കുടയിലേക്ക് പിറവം, മാമലശ്ശേരി പള്ളികൾ വഴി ആഘോഷത്തോടെ കൊണ്ടുവന്നു. പുലിക്കോട്ടിൽ മെത്രാച്ചൻ മാർ കൂറിലോസുമായി കൂടിക്കാണുവാൻ ചെല്ലുന്ന കാര്യം ആളുവിട്ട് അദ്ദേഹത്തെ അറിയിച്ചപ്പോൾ അനുവദിച്ചില്ല. ഈ വിവരം പാലക്കുന്നത്തു മെത്രാൻ അറിഞ്ഞ് പോയ ആളുകളോട് വടകരയിൽ വച്ച് അരിശപ്പെട്ട് ചീത്തവാക്കുകൾ പറഞ്ഞു.

തുടർന്ന് മൽപ്പാൻ കുറുപ്പംപടി മുതലായ പള്ളിക്കാരെ വരുത്തി ആലോചിച്ച് കോലഞ്ചേരി യോഗത്തിന് പോകരുതെന്ന് നിശ്ചയിച്ചു. കൂടാതെ മുളന്തുരുത്തിയിലോ മറ്റോ 1865 മേടം 15-നകം യോഗം കൂടി സ്ഥാത്തിക്കോൻ വായിച്ച് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ കൈക്കൊള്ളണമെന്നും തീരുമാനിച്ചു.

## മാർ കൂറിലോസ് മാർ ദീവന്നാസ്യോസ് അഭിമുഖം

ഇതറിഞ്ഞ മാർ കൂറിലോസ് പാമ്പാക്കുടയിൽ വന്ന് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ കണ്ട് തനിക്കോ പള്ളിക്കാർക്കോ കത്തുകൾ വല്ലതും കൊണ്ടുവന്നിട്ടുണ്ടോ എന്ന് തിരക്കി. സ്ഥാത്തിക്കോനല്ലാതെ ഒന്നുമില്ലെന്ന് പറഞ്ഞ് സ്ഥാത്തിക്കോൻ കാണിച്ചപ്പോൾ പാത്രിയർക്കീസ് ബാവായുടെ കൈയെഴുത്തും മുദ്രയുമാണെന്ന് സമ്മതിച്ചു. എന്നാൽ മെത്രാൻ സ്ഥാനമുറയ്ക്ക് അദ്ദേഹത്തെ ആദരിച്ചില്ല. രാത്രി തന്നെ കുഴിക്കാട്ടുകുന്നിലേക്ക് മടങ്ങുകയും ചെയ്തു.

## മാർ കൂറിലോസും പാലക്കുന്നത്തു മെത്രാനും ഒന്നിച്ചു

പിന്നീട് വടകരയിൽ മാർ കൂറിലോസും പാലക്കുന്നത്തു മെത്രാനും ഒന്നിച്ച് പെരുന്നാളിൽ സംബന്ധിച്ചു. പിന്നെ അവർ ഒരുമിച്ച് കോലഞ്ചേരിക്ക് പുറപ്പെട്ടു. വഴിമദ്ധ്യേ മാർ കൂറിലോസ് മാത്രം പാമ്പാക്കുടയിൽ കയറി, കോലഞ്ചേരിയോഗത്തിന് പുലിക്കോട്ടിൽ മെത്രാനും മൽപ്പാനും

എത്തുവാൻ പറഞ്ഞു. കൂടെയുണ്ടായിരുന്ന പാലക്കുന്നത്തു മെത്രാൻ പാമ്പാക്കുട പള്ളിത്താഴത്ത് നിന്നതേയുള്ളു. തുടർന്ന് അവർ ഒന്നിച്ചു യാത്രചെയ്ത് കോലഞ്ചേരിയിലെത്തി, മാർ കൂറിലോസ് കോട്ടൂരും പാലക്കുന്നത്തു മെത്രാൻ കോലഞ്ചേരി പള്ളിയിലും താമസിച്ചു.

## കോലഞ്ചേരി യോഗവും ബഹിഷ്കരണവും

യോഗത്തിലേക്ക് അഞ്ഞൂരു കൂറിലോസ് മെത്രാനെയും വരുത്തുന്നതിന് കൽപ്പന അയയ്ക്കുകയും സ്വീകരണത്തിന് ഏർപ്പാട് ചെയ്യുകയുമുണ്ടായി. എന്നാൽ രോഗം മൂലം അദ്ദേഹം വന്നില്ല. വന്നുചേർന്ന പള്ളിക്കാരിൽ ചിലർ മാർ കൂറിലോസിനോട് കാര്യം തിരക്കി. മേൽ നടത്തിപ്പു സംബന്ധിച്ച് അദ്ദേഹം തയ്യാറാക്കി വായിച്ച വ്യവസ്ഥക്രമം പള്ളിക്കാർക്ക് സമ്മതമായില്ല. അതിലും പുലിക്കോട്ടിൽ മെത്രാൻ വരാതിരുന്നതിലും അതൃപ്തനായ പാലക്കുന്നത്തു മെത്രാൻ, മാർ കൂറിലോസുമായി കൂടിയാലോചിച്ച്, പുലിക്കോട്ടിലച്ചൻ പോയി മെത്രാൻ സ്ഥാനമേറ്റു വരുന്നതിന് എഴുത്തു കൊടുത്തില്ല എന്ന് പള്ളിക്കാരെക്കൊണ്ട് എഴുതിവയ്പിച്ച് യോഗം പിരിച്ചു. വടക്കുള്ള ചുരുക്കം പള്ളികളിൽ നിന്നേ പ്രതിനിധികൾ ഈ യോഗത്തിൽ വന്നിരുന്നുള്ളു. പാലക്കുന്നത്തു മെത്രാനും മാർ കൂറിലോസും അഞ്ഞൂരു മെത്രാനും യോജിച്ച് പുലിക്കോട്ടിൽ മെത്രാനെ പുറത്താക്കുവാനുള്ള ഒരു തന്ത്രമായിരുന്നു കോലഞ്ചേരി യോഗം എന്ന് കരുതാം (നേരത്തേ 1856 കുംഭത്തിലും മാർ കൂറിലോസ് മാത്യൂസ് അത്താനാസ്യോസുമായി ഇണക്കത്തിലായി സെമിനാരിയിൽ കുറേനാൾ താമസിക്കുകയും യോജിച്ച് പള്ളികൾക്ക് സാധനങ്ങൾ എഴുതുകയുമുണ്ടായി. ഇക്കാര്യം കോനാട്ട് മല്പാൻ അറിയാതെയായിരുന്നുവെന്ന് സമകാലീനനും സഭാരംഗത്ത് സക്രിയനുമായിരുന്ന ഒരു കത്തനാർ തന്റെ ദിനചരിതക്കുറിപ്പിൽ രേഖപ്പെടുത്തിയതായി അറിയാം). മാർ കൂറിലോസ് തികഞ്ഞ വഞ്ചകനായിത്തീർന്നപോലെ തോന്നുന്നു. ഇതു തിരിച്ചറിഞ്ഞ വടക്കുള്ള പള്ളിക്കാരും പ്രമാണികളും കോനാട്ടു മൽപ്പാന്റെയും മറ്റും തീരുമാനപ്രകാരം യോഗം ബഹിഷ്കരിച്ചുവെന്ന് പറയാം. തുടർന്ന് പുലിക്കോട്ടിൽ മെത്രാൻ കോനാട്ടു മൽപ്പാന്റെ ആലോചനയോടെ പള്ളികൾ സന്ദർശിച്ചു തുടങ്ങുകയും പട്ടംകൊടുക്കൽ ആദിയായ മേലദ്ധ്യക്ഷകർമ്മങ്ങൾ അനുഷ്ഠിച്ചു തുടങ്ങുകയും ചെയ്തു.

## പാമ്പാക്കുടയിൽ പള്ളിയോഗം രണ്ടാമതും

1868/1044 ചിങ്ങം 22-ന് പുലിക്കോട്ടിൽ ദീവന്നാസ്യോസിന്റെ കൽപ്പന പ്രകാരം പാമ്പാക്കുടയിൽ പള്ളിയോഗം ചേർന്നു. സഭയിലുള്ള കലഹം സംബന്ധിച്ച് മദ്രാസിൽ പോയി അന്യായം കൊടുക്കുവാനും അതിനുള്ള ചെലവിലേക്ക് യഥാശക്തി പിരിവുകൊടുക്കുവാനും തീരുമാനിച്ചു.

## ദീവന്നാസ്യോസിന്റെ നീക്കങ്ങളിൽ കൂറിലോസിന് അസംതൃപ്തി

1868/1044 തുലാം 8-ന് മദ്രാസിനു പോകുവാൻ എത്തിയ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കൊച്ചീകോട്ടയിൽ ഉണ്ടായിരുന്ന മാർ കൂറിലോസുമായി കൂടിക്കണ്ടെങ്കിലും അതത്ര സന്തോഷകരമായിരുന്നില്ലെന്ന് ശീമോൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നു. പാലക്കുന്നത്തു മെത്രാനെതിരേയുള്ള നടപടികളിൽ മാർ കൂറിലോസ് സന്തോഷവാനായിരുന്നില്ലെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം പുലിക്കോട്ടിൽ തിരുമേനി തത്ക്കാലം യാത്ര മാറ്റി വച്ചു (*കണ്ടനാട് ഗ്രന്ഥവരി*, പു. 128).

## മെത്രാന്മാരിൽ ഒരാളെ ഒന്നാമനാക്കാൻ ഗൂഢനീക്കം

തുടർന്ന് മാർ കൂറിലോസ് വടക്കൻപള്ളികളുടെ ഒരു യോഗം 1044 ധനു 15-ന് കരിങ്ങാച്ചിറയിൽ വിളിച്ചു. താൻ ചികിത്സയ്ക്കായി ബോംബേയ്ക്ക് പോകുന്നെന്നും അപ്പോൾ കാര്യാദികളുടെ നടത്തിപ്പിന് ഒരു അർക്കദിയാക്കോ മേൽപ്പട്ടക്കാരനെ സ്ഥാനം കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നെന്നും അതിനെക്കുറിച്ച് ആലോചിക്കണമെന്നുമായിരുന്നു കൽപ്പന. ഏതാനും പള്ളിക്കാർ മാത്രം വന്നുചേർന്ന ആ യോഗം മാർ കൂറിലോസിന്റെ ഗൂഢലക്ഷ്യത്തെ പിന്തുണച്ചില്ല. മാർ കൂറിലോസിന്റെ ഈ നീക്കവും ഒരു തന്ത്രമെന്ന് പലർക്കും അറിയാമായിരുന്നു (*കണ്ടനാട് ഗ്രന്ഥവരി*, പു 129).

മാർ കൂറിലോസ് പുലിക്കോട്ടിൽ തിരുമേനിയെ ദുഷിച്ച് ചിലതെല്ലാം എഴുതി അയച്ചിരുന്നതായി ആയിടെ വന്ന പാത്രിയർക്കീസ് ബാവായുടെ കൽപ്പനയിലും (ധനു 20-ന് കിട്ടിയത്) മൂസലിൽ നിന്നുള്ള ഒരു എഴുത്തിലും (വൃശ്ചികം 3-ന് എഴുതിയത്) കാണുന്നു. കൂറിലോസ് നവീകരണവിഭാഗത്തോട് അനുഭാവനിലപാടുകൾ അക്കാലത്ത് സ്വീകരിച്ചിരുന്നു (*കണ്ടനാട് ഗ്രന്ഥവരി*, പു. 131, 132). പാത്രിയർക്കീസ് ബാവാ മലങ്കരയിലേക്ക് വരുവാൻ ഒരുങ്ങുന്നതായി അറിയിച്ച മാർ കൂറിലോസിനുള്ള പ്രസ്തുത കൽപ്പനയിൽ പള്ളിക്കാരുടെയും പുലിക്കോട്ടിൽ മെത്രാന്റെയും ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശായുടെയും അപേക്ഷപ്രകാരം വരുന്നുവെന്നാണ് പറയുന്നത്. മാർ കൂറിലോസ് പാത്രിയർക്കീസിനെ കൊണ്ടുവരുന്ന ശ്രമത്തിൽ അപ്പോൾ പങ്കാളിയായിരുന്നില്ലെന്നർത്ഥം. തിരശ്ശീലയ്ക്കു പിറകിൽ മാർ കൂറിലോസ് ചിലതൊക്കെ കളിച്ചിരുന്നതായി സംശയിക്കണം. അതുകൊണ്ടൊക്കെയാകാം, യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ അടിയന്തിരത്തിനും, പാത്രിയർക്കാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് സിംഹാസനത്തിലേക്ക് മാർ കൂറിലോസ്

പോകുന്നതിന് വഴിച്ചെലവ് സ്വരൂപിക്കുന്നതിനുമായി അദ്ദേഹം പിന്നീട് വിളിച്ചു ചേർത്ത മുളന്തുരുത്തിയോഗത്തിന് (1871/1046 മീനം 15) മൂന്നു പള്ളിക്കാർ മാത്രമാണ് വന്നത്. അതേസമയം പുലിക്കോട്ടിൽ മെത്രാൻ കുന്നംകുളത്തു നടത്തിയ നാൽപ്പതടിയന്തിരത്തിന് (1871/1046 മേടം 5) കോനാട്ട് യോഹന്നാൻ മൽപ്പാനും വടക്കുള്ള പള്ളികളിലെ പല പട്ടക്കാരും സംബന്ധിക്കുകയും ചെയ്തു.

## പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മദ്രാസിന്

ഈ സമയത്ത് മുൻ നിശ്ചയപ്രകാരം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മദ്രാസിന് യാത്ര തിരിച്ചു. അദ്ദേഹത്തിന്റെ കൂടെ കോനാട്ട് ഗീവർഗീസ് കത്തനാരും പാമ്പാക്കുട പാലപ്പിള്ളിൽ അബ്രഹാം കത്തനാരും പോയിരുന്നു. പക്ഷെ, മദ്രാസിൽ നിന്ന് അനുകൂലമായ ഉത്തരവൊന്നും ലഭിച്ചില്ല. പാലപ്പിള്ളിൽ അബ്രഹാം മൽപ്പാൻ പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തെ ഒരു പണ്ഡിതനും സുറിയാനി മലയാള നിഘണ്ഡുകാരനും (മാന്നാനം യൗ. പു. ആശ്രമ അച്ചുകൂടത്തിൽ നിന്ന് 1898-ൽ പ്രസിദ്ധപ്പെടുത്തിയത്) മാർതൊമ്മാചരിത്രം (സൊബായുടെ മാർ ശെമഓൻ മെത്രാപ്പോലീത്തായുടെ നളാഗമത്തിൽ നിന്ന് തർജ്ജമ ചെയ്തതും പ്രാചീന ചരിത്രങ്ങളിൽ നിന്ന് കൂട്ടിച്ചേർത്തതും, 1902), സുറിയാനി സമൂഹവൃത്താന്തം (പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ പ്രസിദ്ധം ചെയ്ത, സുറിയാനി കൈയെഴുത്തു ചരിത്രപുസ്തകത്തിന്റെ തർജ്ജമ, കൊച്ചി സെന്തോമസ് അച്ചുകൂടം, 1877; കണ്ടനാട് ഗ്രന്ഥവരി, പു. 521), ഉപദേശസാരം (മാർത്തോമ്മാ അച്ചുകൂടം, കോട്ടയം, 1080/1905) എന്നീ പുസ്തകങ്ങളുടെ കർത്താവായ ചരിത്രകാരനും കോനാട്ട് മൽപ്പാന്മാരുടെ ബന്ധുവും ആയിരുന്നു.

## പാമ്പാക്കുടയിൽ നിന്ന് റസിഡണ്ടിന് നിവേദനം

വട്ടിപ്പണം പാലക്കുന്നത്തു മെത്രാനും കൂട്ടർക്കും കൊടുക്കുവാൻ റസിഡണ്ട് ഉത്തരവിട്ടതിനെതിരേ പുലിക്കോട്ടിൽ മെത്രാനും, കോനാട്ടു മൽപ്പാനും, അബ്രഹാം മൽപ്പാന്റെ ശ്രാദ്ധത്തിനു വന്ന വടക്കൻ പള്ളിക്കാരും ചേർന്ന് മുവാറ്റുപുഴയിൽ വച്ച് അദ്ദേഹത്തെ നേരിട്ടു കണ്ട് വാക്കാലും രേഖാമൂലവും പരാതിപ്പെട്ടു. കൊച്ചിയിൽ വച്ച് മെത്രാൻ നേരിട്ട് വീണ്ടും റസിഡണ്ടിനെ കൂടിക്കണ്ടെങ്കിലും അനുകൂലമായി തീർച്ച ചെയ്തില്ല.

## പരുമല സെമിനാരിയുടെ ഉദയം

1872/1047 മീനമാസം മുതൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കോട്ടയം മുതലായ തെക്കുള്ള പള്ളികൾ സന്ദർശിച്ചു. സുറിയാനി

മര്യാദകൾ പാലക്കുന്നത്തു മെത്രാൻ തെറ്റിക്കുന്നതു കണ്ട് ദുഃഖിച്ചു. സെമിനാരിയിൽ പഠിക്കുന്ന ശെമ്മാശന്മാർ വഴി സത്യവിശ്വാസം നശിച്ചുപോകുമെന്ന് തിരിച്ചറിഞ്ഞ് തെക്കേ ദിക്കിൽ ഒരു സെമിനാരി തുടങ്ങണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹമാണ് പരുമല സെമിനാരിയുടെ ഉദയത്തിനിടയാക്കിയത് (*കണ്ടനാട് ഗ്രന്ഥവരി*, പു. 186). മാത്യൂസ് അത്താനാസ്യോസ് നവീകരണാശയങ്ങളോട് ഒട്ടും അടുപ്പം കാണിച്ചിരുന്നില്ല; മരണപര്യന്തം അദ്ദേഹം സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ ഉറച്ചുനിന്നിരുന്നു എന്നെല്ലാം ചില പ്രസിദ്ധീകരണങ്ങളിൽ ആവർത്തിച്ച് പ്രതിപാദിച്ചിട്ടുള്ളത് മിതമായി പറഞ്ഞാൽ കണ്ണടച്ചിരുട്ടാക്കുന്ന സൂത്രമാണ്. ഏതോ നിക്ഷിപ്തതാൽപ്പര്യം കൊണ്ടായിരിക്കണം അത് എഴുതിയത്. യാഥാർത്ഥ്യം അതല്ലെന്ന് മാത്യൂസ് അത്താനാസ്യോസ് പ്രസിദ്ധം ചെയ്തിട്ടുള്ള നമസ്കാരക്രമം, കുർബ്ബാനക്രമം എന്നിവയിൽ നിന്ന് സ്പഷ്ടമാണ്. കന്യകമറിയാമിനോടുള്ള അപേക്ഷ, വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള അപേക്ഷ ഇത്യാദി ഭാഗങ്ങളിൽ തത്സംബന്ധമായ തിരുത്തലുകൾ വരുത്തിയിരുന്നു. 1031-ൽ കൃപനിറഞ്ഞ മറിയമേ എന്ന അപേക്ഷ ഇല്ലാത്ത നമസ്കാരപുസ്തകം മാത്യൂസ് അത്താനാസ്യോസ് സെമിനാരി പ്രസിൽ അച്ചടിച്ചു. അതുകൊണ്ട് പുലിക്കോട്ടിൽ യൗസേഫ് കത്തനാർ ശരിയായ നമസ്കാരക്രമം കോഴിക്കോട്ടുനിന്ന് കല്ലച്ചിൽ അച്ചടിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി (കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പാ, മാർ കൂറിലോസ് സുവനീർ, രണ്ടാം പതിപ്പ്, മുളന്തുരുത്തി പള്ളി, 2002, ഭാഗം 4, പു. 15). നവീകരണശ്രമങ്ങളിൽ പാലക്കുന്നത്തു മെത്രാൻ ഉത്സാഹിച്ചതായി റവ. സി. ഇ. എബ്രഹാം എഴുതിയിട്ടുണ്ട് (*സഭാചരിത്രസംഗ്രഹം*, സി.എൽ.എസ്., 1983. പു. 358, 359, 360.) മൂസൽ ഇടവകയിൽ മാത്യൂസ് അത്താനാസ്യോസ് പരിഷ്കാരനടപടികൾ നടത്തിയതായും മൂസൽ ഇടവകയിൽ നിന്ന് പരാതിയുണ്ടായതായും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ശ്രീ. ജെ. വറുഗീസ് രേഖപ്പെടുത്തിയിട്ടുണ്ട് (പു. 22, 23). അതു കാരണം പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ തിരിച്ചുവിളിച്ചപ്പോൾ അനുസരിച്ച് മുഖദാവിൽ ഉത്തരം പറയാതെ, ഒരു മറുപടി അയച്ചുകൊണ്ട് നാട്ടിലേക്കു പോരികയാണല്ലോ ഉണ്ടായത്. തൊണ്ണൂറു വയസ്സുള്ള പാത്രിയർക്കീസ് ബാവാ നവീകരണത്തിന് ആഗ്രഹിക്കുന്നുവെന്നും ഈ തീവ്രയത്നത്തിൽ അദ്ദേഹത്തോടു സഹകരിക്കുവാൻ ആരുമില്ലെന്നും ഇവിടെ വന്ന ഉടൻ സതീർത്ഥ്യനായ റവ. ജോർജ്ജ് മാത്തന് എഴുതിയിരുന്നു (ടി. പു. 34). നവീകരണത്തിലേക്ക് ശക്തിയായി എടുത്തുചാടാതെ, ക്രമേണ അതിലേക്ക് ആളുകളെ നയിക്കുവാനുള്ള സൂത്രമായിരുന്നു മാത്യൂസ് അത്താനാസ്യോസിന്റെ കർമ്മപദ്ധതി.

## പരുമല പള്ളിയോഗം

സെമിനാരിയുടെ പണി തീരുംമുമ്പേ മാർ ദീവന്നാസ്യോസിന്റെ കല്പനപ്രകാരം അവിടെ വച്ച് 1873 ചിങ്ങം 25 (1049 ചിങ്ങം 27) പള്ളിയോഗം കൂടി. എൺപതിലധികം പള്ളിക്കാർ അതിൽ സംബന്ധിച്ചു. വടക്കുള്ള 11 പള്ളിക്കാർ മാത്രമേ സംബന്ധിക്കാതിരുന്നുള്ളു. മാർ കൂറിലോസ് ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. അസോസ്യേഷനിലേക്ക് 12 കമ്മറ്റിക്കാരെ തെരഞ്ഞെടുത്തു. അതിൽ കോനാട്ട് ഗീവർഗീസ് മൽപ്പാൻ ഒരംഗമായിരുന്നു (*കണ്ടനാട് ഗ്രന്ഥവരി*, പു. 199).

യൂയാക്കീം കൂറിലോസ് ബാവാ കാലം ചെയ്തതിനെത്തുടർന്ന് അദ്ദേഹത്തിന്റെ സ്വകാര്യവകകൾ മാർ കൂറിലോസിന്റെ അനുജൻ മക്കുദിശാ ഗബ്രിയേൽ അപഹരിച്ച് കൊണ്ടുപോയതായി പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കൊച്ചി ദിവാനോട് പരാതിപ്പെട്ടു. അതിന്റെ വിസ്താരവേളയിൽ ഇരുകൂട്ടരെയും രാജിയാക്കുവാൻ പരിശ്രമിച്ചവരിലൊരാൾ കോനാട്ട് ഗീവറുഗീസ് മൽപ്പാനായിരുന്നു (ടി പുസ്തകം, പു. 238). അവരുടെ മദ്ധ്യസ്ഥതയാൽ പ്രശ്നം രമ്യതയിൽ പരിഹൃതമായി.

1874/1050 തുലാം 15-ലെ കോനാട്ട് അബ്രഹാം മൽപ്പാന്റെ ശ്രാദ്ധത്തിന് പുലിക്കോട്ടിൽ തിരുമേനി സംബന്ധിച്ചു. ഇക്കാലത്ത് വടക്കൻ പ്രദേശത്ത് സഭാപ്രവർത്തനത്തിന്റെ കേന്ദ്രമായി പാമ്പാക്കുട മാറിയിരുന്നു.

## പത്രോസ് തൃതീയൻ ബാവാ എത്തുന്നു

പത്രോസ് പാത്രിയർക്കീസ് ബാവാ ബോംബെയിൽ എത്തിയതായും കൊച്ചിയിൽ വരുമ്പോൾ എതിരേൽപ്പ് നൽകണമെന്നും പുലിക്കോട്ടിൽ തിരുമേനി കൽപ്പന അയച്ചതനുസരിച്ച് ചാത്തുരുത്തിൽ റമ്പാച്ചനും കോനാട്ട് ഗീവർഗീസ് കത്തനാരും മറ്റും കൊച്ചിയിൽ കാത്തുനിന്നു. പാത്രിയർക്കീസ് ബാവായുടെ യാത്രാപരിപാടി മാറ്റിയതിനെ തുടർന്ന് കുന്നംകുളത്ത് എത്തണമെന്ന കമ്പി ലഭിച്ചതിനാൽ അവർ കുന്നംകുളത്തേക്ക് പോയി (*കണ്ടനാട് ഗ്രന്ഥവരി*, പു. 256). കൂടെ അനന്തരവൻ കോനാട്ട് മാത്തൻ ശെമ്മാശനും ഉണ്ടായിരുന്നു. 1875 ഇടവം 29-ാം തീയതി പാത്രിയർക്കീസ് ബാവാ കുന്നംകുളത്ത് എത്തി. മിഥുനം 5-ാം തീയതി വ്യാഴാഴ്ച ചിറളയം പള്ളിയിൽ വച്ച് കോനാട്ട് ഗീവർഗീസ് കത്തനാരെ ബാവാ റമ്പാനാക്കി (ടി. പു. 257).

കൈവയ്പിന്റെ സാധുത സംബന്ധിച്ച തർക്കം മൂലം കൂറിലോസ് ബാവാ പലർക്കും പട്ടം മാറിക്കൊടുത്തതറിഞ്ഞ് പാത്രിയർക്കീസ് ബാവായും അപ്രകാരം ചെയ്തിട്ടുണ്ട്. 1051 തുലാം 13-ാം തീയതി വ്യാഴാഴ്ച മാക്കാംകുന്ന് പള്ളിയിൽ വച്ച് ഓമല്ലൂരുള്ള നാലു പേർക്കും

തുമ്പമണ്ണിലെ രണ്ടു പേർക്കും കോനാട്ട് ഗീവർഗീസ് റമ്പാനും പുനരായി കത്തനാർപട്ടം കൊടുത്തു (ടി പുസ്തകം, പു. 274).

## സുറിയാനി അച്ചടിയിൽ പാമ്പാക്കുടക്കാരുടെ പങ്ക്

സുറിയാനി ആദ്യാക്ഷരപുസ്തകവും നമസ്കാരപ്പുസ്തകവും കൊച്ചിയിൽ അച്ചടിപ്പിക്കുവാൻ കോനാട്ട് ഗീവറുഗീസ് റമ്പാനെ ചുമതലപ്പെടുത്തി പാത്രിയർക്കീസ് ബാവാ അയച്ചിരുന്നു (ടി പുസ്തകം, പു. 280; ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, പു. 81). നേരത്തെ ബാവാ കൊച്ചിയിൽ ആയിരിക്കുമ്പോൾ പാമ്പാക്കുട പാലപ്പിള്ളിൽ അബ്രഹാം കത്തനാരച്ചനെ സുറിയാനിപുസ്തകങ്ങൾ അച്ചടിപ്പിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നു (സുറിയാനി സമൂഹവൃത്താന്തം, പു. 90). അദ്ദേഹം കുർബ്ബാനക്രമം 500 എണ്ണം അച്ചടിപ്പിക്കുകയും ചെയ്തു. ആ പുസ്തകം തിരുവനന്തപുരത്തു വച്ച് ബാവാ കാണുകയും അതിൽ തെറ്റുകൾ ഉണ്ടെന്നു കണ്ട് അതു വിൽക്കരുതെന്ന് കൽപ്പിക്കുകയും ചെയ്തു (ടി പുസ്തകം, പു. 280). അത് മലങ്കര ഉപയോഗിച്ചിരുന്ന ഹ്രസ്വമായ തുബ്ദേനുകൾ കണ്ടിട്ടായിരിക്കാമെന്ന് ഫാ. ഡോ. ജോസഫ് ചീരൻ പറയുന്നു (ടി പുസ്തകം, പു. 563). കോനാട്ട് റമ്പാൻ കൊച്ചിയിൽ വച്ച് പുസ്തകങ്ങൾ കല്ലച്ചിൽ അച്ചടിക്കുവാൻ ശ്രമിച്ചു. തെളിച്ചം പോരായ്കയാൽ നമസ്കാരം മുതലായ പള്ളിക്രമ പുസ്തകങ്ങൾ പുതിയ സുറിയാനി അക്ഷരം കൊത്തിച്ച് അച്ചടിക്കാമെന്നും ആദ്യാക്ഷരപുസ്തകം നിലവിലുള്ള സുറിയാനി അച്ചിൽ അടിക്കാമെന്നും നിശ്ചയിച്ച് ശ്രമം തുടങ്ങി (ടി പുസ്തകം, പു. 280). അച്ചടിക്കായി പള്ളികളിൽ നിന്ന് ധനശേഖരണവും നടന്നു. പിന്നീട് അച്ചടിക്ക് കരവട്ടുവീട്ടിൽ ശെമവൂൻ കോറിയും വേല ചെയ്തു. പല സന്ദർഭങ്ങളിലും കോനാട്ട് ഗീവർഗീസ് റമ്പാൻ പാത്രിയർക്കീസ് ബാവായുടെ പ്രസംഗ തർജ്ജമക്കാരനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതിയിട്ടുണ്ട്.

## മുളന്തുരുത്തി സുന്നഹദോസ്

മുളന്തുരുത്തി സുന്നഹദോസിൽ സമൂഹക്കാരായി 24 പേരെ തെരഞ്ഞെടുത്തതിൽ പാമ്പാക്കുട കോനാട്ട് കോര ഉൾപ്പെട്ടിരുന്നു. കോനാട്ടെ മൂലകുടുംബ ഇടവകയായ മാമലശ്ശേരിയിൽ എടയത്ത് ചെറിയയും അതിൽ ഒരംഗമായിരുന്നു (ടി പുസ്തകം, പു. 333). പട്ടക്കാർ മാർഗ്ഗചട്ടങ്ങൾക്ക് വിരുദ്ധമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് തെക്കും വടക്കുമായി 12 പേരെ വീതം തെരഞ്ഞെടുത്തതിൽ കോനാട്ട് ഗീവർഗീസ് റമ്പാൻ ഒരാളായിരുന്നു (ടി പുസ്തകം, പു. 335).

## പാമ്പാക്കുടയിൽ മെത്രാൻ

കോനാട്ട് ഗീവർഗീസ് റമ്പാൻ, കടവിൽ പൗലോസ് റമ്പാൻ, ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാൻ, അമ്പാട്ട് ഗീവർഗീസ് റമ്പാൻ എന്നിവർക്ക് രജിസ്റ്റർ ഉടമ്പടി കൊടുത്താൽ മെത്രാൻസ്ഥാനം കൊടുക്കാമെന്ന് പാത്രിയർക്കീസ് ബാവാ കൽപ്പിച്ചതനുസരിച്ച് രജിസ്റ്റർ ഉടമ്പടി കൊടുക്കുവാൻ തുടങ്ങുമ്പോൾ, സമൂഹക്കാരായി തെരഞ്ഞെടുത്തിരുന്നവരോട് ആലോചിക്കാതെ ചെയ്യുന്നപക്ഷം, സമൂഹത്തിൽനിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് തത്സമയം (1876 ചിങ്ങം 16-ന്) അപേക്ഷിച്ചവരിൽ കരവട്ട് ശെമവൂൻ കോറി, മുറിമറ്റത്തിൽ പൗലോസ് കത്തനാർ, പനയ്ക്കൽ ഐപ്പൂരു, ചാലിൽ ചെറിയ, ചാത്തുരുത്തിൽ വർക്കി, കോനാട്ട് ഇട്ടൻ തുടങ്ങിയവർ ഉൾപ്പെടുന്നു (ടി പുസ്തകം, പു. 344). പള്ളിയോഗത്തിന്റെ അവകാശത്തിന്മേലുള്ള പാത്രിയർക്കീസിന്റെ നടപടിയെ സ്ഥാനമേൽക്കുവാനൊരുങ്ങിയവരുടെ കുടുംബാംഗങ്ങളും ഇടവകക്കാരും തന്നെ എതിർത്തത് ശ്രദ്ധേയമായിരിക്കുന്നു. അതിൽ രണ്ടു പേർ പിന്നീട് മെത്രാൻസ്ഥാനം ഏൽക്കുകയും ചെയ്തു.

പാമ്പാക്കുട കോനാട്ട് ഗീവർഗീസ് റമ്പാനെയും കടവിൽ പൗലോസ് റമ്പാനെയും മെത്രാന്മാരായി വഴിച്ച ശേഷം (1876 വൃശ്ചികം 22 ഞായർ) റീശീസാ പിരിക്കുന്നതിന് പാത്രിയർക്കീസ് ബാവാ കൽപ്പന കൊടുത്ത് കോനാട്ട് മെത്രാച്ചനെ വടക്കൻ പള്ളികളിൽ അയച്ചു.

സെമിനാരിക്കേസിൽ സാക്ഷി എഴുതുവാനായി കോനാട്ട് യൂലിയോസ് മെത്രാച്ചൻ ആലപ്പുഴയ്ക്ക് പോയിരുന്നു. സാക്ഷിവിസ്താരത്തിനു മുമ്പ് രോഗം മൂലം മടങ്ങിപ്പോന്നു (മാത്തൻ മൽപ്പാന്റെ ഡയറി ഒന്നാം പുസ്തകം നമ്പർ 372).

## പരുമല സുന്നഹദോസ്

1053/1878 കുംഭം 6-ാം തീയതി നടന്ന പരുമല സുന്നഹദോസിൽ നാൽപ്പതു പേരെ കമ്മിറ്റിക്കാരായി തെരഞ്ഞെടുത്തതിൽ നേരത്തേതന്നെ കമ്മറ്റിയംഗങ്ങളായിരുന്ന കോനാട്ട് ഇട്ടൻ പിള്ളയും മാമലശ്ശേരി എടയത്ത് ചെറിയയും ഉൾപ്പെട്ടു (*കണ്ടനാട് ഗ്രന്ഥവരി*, പു. 422).

## പാമ്പാക്കുടയിൽ അച്ചടി

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (തുമ്പമൺ) പാമ്പാക്കുടയിൽ 1879-ൽ അച്ചുകൂടം (കേരളദീപം) സ്ഥാപിച്ച് സുറിയാനിയിലും മലയാളത്തിലും അച്ചടി തുടങ്ങി (ടി പുസ്തകം, പു. 444). അച്ചടിവേലയിലുള്ള സന്തോഷത്താൽ പുലിക്കോട്ടിൽ മെത്രാച്ചൻ കൊച്ചിയിൽ നിന്ന് സുറിയാനി അക്ഷരങ്ങളുടെ ചെമ്പ് കൊടുത്തയച്ചിരുന്നു.

എന്നാൽ ഉപയോഗിച്ചത് പാമ്പാക്കുടയിൽ കൊത്തിച്ചതായിരുന്നു. മലയാളം അച്ചുകൾ കൊച്ചിയിലെ ദേവ്ജി ഭീംജിയിൽ നിന്ന് വിലയ്ക്കു വാങ്ങുകയും ചെയ്തു. സുറിയാനിയിൽ അമ്പതു നോമ്പിലെ നമസ്കാരവും എവൻഗേലിയോന്റെ കുറിപ്പും അച്ചടിച്ച് പള്ളികൾക്ക് (1879/1055 തുലാം) അയച്ചുകൊടുത്തു. പിന്നീട് സുറിയാനിയിൽ പുത്തൻക്രമം അന്നീദായും മലയാളത്തിൽ നമസ്കാരക്രമവും അച്ചടിച്ചു (മാത്തൻ മല്പാന്റെ ഡയറി ഒന്നാം പുസ്തകം, നമ്പർ 372). അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ മലങ്കരയിൽ പ്രചരിക്കുന്നതിന് ഈ അച്ചുകൂടം മുഖാന്തരമായതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

## കോനാട്ട് മാത്തൻ മൽപ്പാൻ

പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയാണ് കോനാട്ട് മാത്തനെയും അനുജൻ പൈലിയെയും സുറിയാനി ആദ്യാക്ഷരങ്ങൾ എഴുതിച്ചത്. അവരിൽ കൂടുതൽ മിടുക്കനായ ആളിനെ പട്ടം ഏൽപ്പിക്കാമെന്ന ധാരണപ്രകാരം മാത്തന് കോറൂയോ സ്ഥാനം നൽകിയതും തിരുമേനി തന്നെ.

സെമിനാരിക്കേസിൽ സുറിയാനിക്കൽപ്പനകളും പുസ്തകങ്ങളും തർജ്ജമ ചെയ്ത് ഹാജരാക്കുവാൻ കോനാട്ട് യോഹന്നാൻ മൽപ്പാനെ പുലിക്കോട്ടിൽ തിരുമേനി നിയോഗിച്ചു. ആ ചുമതല മൽപ്പാനു വേണ്ടി നിർവ്വഹിച്ചത് മാത്തൻ ശെമ്മാശ്ശനായിരുന്നു.

കടവിൽ തിരുമേനിയുടെയും മുറിമറ്റത്തിൽ തിരുമേനിയുടെയും സാന്നിദ്ധ്യത്തിൽ മാത്തൻ മൽപ്പാനെ മോതിരം ധരിപ്പിച്ച് മലങ്കര മൽപ്പാനായി പ്രഖ്യാപിച്ചത് പുലിക്കോട്ടിൽ തിരുമേനിയാണ്.

കോട്ടയം സെമിനാരിയിൽ പഠനം പുനരാരംഭിച്ചപ്പോൾ വട്ടശ്ശേരിൽ മൽപ്പാനോടൊപ്പം മാത്തൻ മൽപ്പാനെയും പുലിക്കോട്ടിൽ തിരുമേനി നിയമിച്ചു. 1898-ൽ പുറത്തിറങ്ങിയ കുർബ്ബാനക്രമവും കൃംതാനമസ്കാരവും ഈ മൽപ്പാന്മാരുടെയും കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെയും കൂട്ടായ ശ്രമഫലമായിരുന്നു.

പുലിക്കോട്ടിൽ തിരുമേനിയുടെ അനുമതിയോടെ സുറിയാനി ആരാധനക്രമങ്ങൾ മാത്തൻ മൽപ്പാൻ പാമ്പാക്കുടയിൽ നിന്ന് പ്രസിദ്ധീകരിച്ചുവന്നു. സുറിയാനി പുസ്തകങ്ങൾ പാമ്പാക്കുടയിലും, ഇടവക പത്രികയും മലയാള നമസ്കാരപുസ്തകങ്ങളും സെമിനാരിയിലും അച്ചടിക്കണമെന്നായിരുന്നു കൽപ്പിച്ചിരുന്നത് (ഇടവകപത്രിക 1900 പു. 9, ല. 11, പുറം. 209).

പാത്രിയർക്കീസു ബാവാമാരുമായുള്ള പുലിക്കോട്ടിൽ തിരുമേനിയുടെ

കത്തിടപാടുകൾക്ക് പിന്നീട് മാത്തൻ മൽപ്പാൻ വളരെ സഹായിച്ചിട്ടുണ്ട്. മലങ്കര മെത്രാൻ എന്ന നിലയിലുള്ള പുലിക്കോട്ടിൽ തിരുമേനിയുടെ കൽപ്പനകളുടെ നക്കലും അസ്സലും മാത്തൻ മൽപ്പാൻ തയ്യാറാക്കി കൊടുത്തിരുന്നു.

1902–ൽ വടക്കുനിന്ന് മെത്രാൻ സ്ഥാനത്തിന് യോഗ്യന്മാരാരൊക്കെയെന്ന് പുലിക്കോട്ടിൽ തിരുമേനി മൽപ്പാനോട് തിരക്കി. വടക്കുനിന്നുള്ള സ്ഥാനാർത്ഥിയെ മൽപ്പാൻ നിശ്ചയിച്ചാൽ തനിക്കു സമ്മതമാണെന്ന് മൽപ്പാന് 1903 ചിങ്ങം 18–ന് പുലിക്കോട്ടിൽ തിരുമേനി എഴുതി. അത്രയ്ക്ക് വിശ്വസ്തനായി തിരുമേനി മൽപ്പാനെ കരുതിയിരുന്നു.

1908–ൽ രണ്ടു പേരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ശേഷം തത്സംബന്ധമായി പാത്രിയർക്കീസ് ബാവായ്ക്കയച്ച കത്തുകളെല്ലാം തയ്യാറാക്കിയത് മാത്തൻ മൽപ്പാനായിരുന്നു.

പുലിക്കോട്ടിൽ തിരുമേനിക്ക് മഫ്രിയാന സ്ഥാനം കൊടുപ്പിക്കുവാനുള്ള പരിശ്രമങ്ങളിൽ മാത്തൻ മൽപ്പാന്റെ പങ്ക് അനിഷേദ്ധ്യമായി ചരിത്രരേഖകളിൽ ഉണ്ട് (ഒ. എം. ചെറിയാൻ, *പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കരനിധി*, 1110, മലയാള മനോരമ പ്രസ്, 1936, റവ. ഡോ. ബി. വറുഗീസ്, പു. 85, പി. തോമസ്, പു. 14–56, മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007).

പരുമലത്തിരുമേനി പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ കത്തിൽ മാത്തൻ മല്പാൻ 1899 എപ്രിലിനു മുമ്പ് നോമ്പിലെ നമസ്കാരം, ശവസംസ്കാരം (മാർ യൂലിയോസിന്റെ പുസ്തകം രണ്ടാം പതിപ്പ്?), തൈലാഭിഷേകം, ഭവനകൂദാശ മുതലായവ, വേദവായനക്കുറിപ്പ്, അനാഫുറാ, മാമോദീസാ, വിവാഹം, പെങ്കീസാ മുതലായവ, കഷ്ടാനുഭവാഴ്ചയിലെ പാപമോചനത്തിന്റെ പുസ്തകം (?) എന്നിവ പാമ്പാക്കുടയിൽ അച്ചടിച്ചതായി കാണുന്നു. പിന്നീട് പെരുന്നാളുകളുടെ പുസ്തകം, കഷ്ടാനുഭവാഴ്ചയിലെ പ്രുമിയോൻ, നടപടിക്രമം എന്നിവയും അച്ചടിച്ചു. മാമൂദീസായുടെ വ്യാഖ്യാനം, കുർബ്ബാന വ്യാഖ്യാനം, ദൈവമാതാവിന്റെ ചരിത്രം, മത്തായിയുടെ സുവിശേഷത്തിന്റെ നുഹറ, ഗീവർഗീസ് സഹദായുടെ ചരിത്രം, മത്തായിയുടെ സുവിശേഷം, പാമ്പാക്കുട നമസ്കാരം, പുതിയനിയമ വ്യാഖ്യാനം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്ത് കോനാട്ട് മാർ യൂലിയോസ്, മാത്തൻ മൽപ്പാൻ എന്നിവരുടെ പരിശ്രമത്താലാണ് അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ സുറിയാനിയിലും മലയാളത്തിലും

അച്ചടിച്ച് പ്രചരിപ്പിച്ചത്. ആരാധനയുടെ ഏകീകരണത്തിനും ചിട്ടയ്ക്കും അവയുടെ പങ്ക് നിസ്സാരമല്ല. മലങ്കരയിൽ അച്ചടിച്ച പുസ്തകങ്ങൾ സിറിയായിലും മറ്റും ഉപയോഗിക്കരുതെന്ന് അപ്രേം പാത്രിയർക്കീസ് ബാവാ കൽപ്പന ഇറക്കിയത് (1957) അവ മൂസൽക്രമങ്ങൾ ആയതിനാലാകാം (റവ. ഡോ. ബി. വറുഗീസ്, ടി. പു. 93, 94).

സഭാപുരോഗതിയും പഠനവും ലക്ഷ്യമിട്ട് രണ്ട് മാസികകൾ മാത്തൻ മൽപ്പാൻ പ്രസിദ്ധീകരിച്ചിരുന്നു: സീമത്ഹായെയും (സുറിയാനി) ജീവ നിക്ഷേപവും. സുറിയാനി മാസിക അത്യപൂർവ്വമായ ഒരു സംഭാവനയായിരുന്നു.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തും അതിനു മുമ്പും ശേഷവും സഭാരംഗത്ത് പാമ്പാക്കുടയും കോനാട്ട് പഠിത്തവീടും ശ്രേഷ്ഠമായ സേവനം അർപ്പിച്ചിട്ടുണ്ടെന്നത് വിസ്മരിച്ചുകൂടാ.

### അവലംബം


1. പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, *ഒരു പരദേശയാത്രയുടെ കഥ*, ആത്മപോഷിണി പബ്ലീഷേഴ്സ്, കുന്നംകുളം, 2003, എഡി.: ഫാ. ഡോ. ജോസഫ് ചീരൻ.
2. പാലപ്പിള്ളിൽ അബ്രഹാം കത്തനാർ, *സുറിയാനി സമൂഹവൃത്താന്തം*, കൊച്ചി സെന്തോമസ് അച്ചുകൂടം, 1877.
3. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, കോനാട്ട് ഗ്രന്ഥശേഖരം.
4. കോനാട്ട് മാത്തൻ മല്പാന്റെ ഡയറി (കൈയെഴുത്ത്), കോനാട്ട് ഗ്രന്ഥശേഖരം.
5. ഇടവകപത്രിക, കോട്ടയം.
6. ജെ. വറുഗീസ്, *മാത്യൂസ് അത്താനാസ്യോസിന്റെ ജീവചരിത്രം*, പബ്ലീ. കെ. വി. വറുഗീസ്, എ.വി.ജി. പ്രസ്, കോട്ടയം.
7. ഒ. എം. ചെറിയാൻ, *പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കരനിധി*, 1110, മലയാള മനോരമ പ്രസ്, 1936.
8. ഇ. എം. ഫിലിപ്പ്, *മലങ്കരസഭയുടെ രഹസ്യപേടകം*, കോട്ടയം, 1956.
9. വെരി. റവ. കെ. വി. ഗീവർഗീസ് റമ്പാൻ, *തിരുവാങ്കോട്ടു സുറിയാനിപ്പള്ളി ചരിത്രം.*
10. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ ആത്തുങ്കൽ, *കുറുപ്പമ്പടി പള്ളിയുടെ ചരിത്രം*, 1118.
11. ഇസ്സഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ 3, മുളന്തുരുത്തി സുന്നഹദോസ്.*
12. കെ. എം. ഗോവി, *ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
13. റവ. സി. ഇ. എബ്രഹാം, *സഭാചരിത്രസംഗ്രഹം*, സി.എൽ.എസ്., 1983.

14. കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പാ, *മാർ കൂറിലോസ് സുവനീർ*, രണ്ടാം പതിപ്പ്, മുളന്തുരുത്തി പള്ളി, 2002.

15. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, എഡി., *മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ: വ്യക്തിയും കാലവും*, കോനാട്ട് ബന്ധുജന സംഗമം, 2007.

16. റവ. ഫാ. ഡോ. ബി. വറുഗീസ്, മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ: വ്യക്തിയും കാലവും, എഡി.: ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, കോനാട്ട് ബന്ധുജനസംഗമം, 2007.

17. ഫാ. ഡോ. ജോസഫ് ചീരൻ, എഡി.: *കണ്ടനാട് ഗ്രന്ഥവരി*, ശെമവൂൻ മാർ ദീവന്നാസ്യോസ്, എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം.

(‘*യുഗതേജസ്സി*’ൽ നിന്നും)

# കേരള നവോത്ഥാനത്തിന് കുന്നംകുളത്തിന്റെ സംഭാവനകൾ

ഡോ. എ. വി. തമ്പി

**കേരള നവോത്ഥാനവും കുന്നംകുളം**

കേരള നവോത്ഥാന നേതാക്കളിൽ പലരുടെയും പേരുകൾ പലരും എടുത്തു പറയുന്നുണ്ടെങ്കിലും അതിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നവർ ശ്രീനാരായണഗുരു (1855-1928), അയ്യൻകാളി (1866-1941), സഹോദരൻ അയ്യപ്പൻ (1887-1968), വക്കം അബ്ദുൾ ഖാദർ മൗലവി (1873-1932) തുടങ്ങിയവരൊക്കെയാണ്. ബ്രാഹ്മണാധിപത്യത്തെ വെല്ലുവിളിച്ചത് ശ്രീനാരായണഗുരുവായിരുന്നു. വിദ്യാഭ്യാസത്തിനും, വ്യവസായത്തിനും സംഘടനാ പ്രവർത്തനത്തിനും ഊന്നൽ കൊടുത്തുകൊണ്ടുള്ളതായിരുന്നു ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങൾ. സഹോദരൻ അയ്യപ്പന്റെ സഹോദര പ്രസ്ഥാനം, സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. വക്കം അബ്ദുൾ ഖാദർ മൗലവിയുടെ ധർമ്മപരിപാലന സംഘം, ശ്രീനാരായണ പരിപാലനസംഘത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടുണ്ടായ പ്രസ്ഥാനമാണ്.

കേരള നവോത്ഥാന നേതാക്കൾക്ക് പ്രചോദനം നൽകിയത് ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ആയിരുന്നു എന്നത് ഒരു വാസ്തവമാണ്. മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും, അച്ചടിക്കും, എല്ലാ ജാതിക്കാർക്കും ഒന്നിച്ചിരുന്നു പഠിക്കാൻ അവസരം നൽകാനും, ഉയർന്ന താഴ്ന്ന ജാതിവ്യത്യാസം ഒഴിവാക്കാനും, ശാസ്ത്രാഭിരുചി വളർത്താനും തൽഫലമായി വ്യവസായവത്ക്കരണത്തിനും കാരണമായിത്തീർന്നു.

ശ്രീനാരായണ ഗുരുവിനും, അയ്യൻകാളിക്കും, സഹോദരൻ അയ്യപ്പനും, വക്കം അബ്ദുൾ ഖാദർ മൗലവിക്കും മുൻപേ ജീവിച്ചിരുന്ന, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ (1740-1816) തിരുമേനിയെപ്പറ്റി കേരള നവോത്ഥാന നേതാക്കളുടെ പട്ടികയിൽ എവിടെയും ഉൾപ്പെടുത്തിയതായി കാണുന്നില്ല.

പി. ഭാസ്കരനുണ്ണി രചിച്ച *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം* എന്ന പുസ്തകത്തിലും എ. ശ്രീധരമേനോൻ രചിച്ച *കേരള ചരിത്ര*ത്തിലും, പി. കെ. ഗോപാലകൃഷ്ണൻ എഴുതിയ “കേരളത്തിന്റെ സാസ്കാരിക ചരിത്രത്തിലും”, ഫാ. പോൾ മണവാളൻ എഴുതിയ “കേരള സംസ്കാ

രവും ക്രൈസ്തവ മിഷണറിമാരും" എന്ന പുസ്തകത്തിലും, കേരള നവോത്ഥാനത്തിൽ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെയോ, പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെയോ പങ്കിനെപ്പറ്റി ഒന്നും പരാമർശിച്ചു കാണുന്നില്ല. "കേരളത്തിലെ സ്ഥലചരിത്രങ്ങൾ – തൃശ്ശൂർ ജില്ല" രചിച്ച വി. കെ. വാലത്തും, കുന്നംകുളത്തിന്റെ പ്രാധാന്യത്തെപ്പറ്റി കാര്യക്ഷമമായൊന്നും പറയുന്നില്ല. "കേരളത്തിലെ ചുവർ ചിത്രങ്ങൾ" രചിച്ച, എം. ജി. ശശിഭൂഷൺ പതിനാലാം അദ്ധ്യായത്തിൽ "പള്ളികളിലെ ചിത്രങ്ങൾ" വിവരിച്ചതിൽ കുന്നംകുളത്തെ ഒരു പള്ളിയെപ്പറ്റിയും പ്രതിപാദിച്ചിട്ടില്ല. പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലും കുന്നംകുളത്തെ ചിറളയം പള്ളിയിലും കുന്നംകുളം പഴയപള്ളിയിലും ചുവർ ചിത്രങ്ങൾ ഇന്നും കാണാവുന്നതാണ്. ക്രിസ്ത്യൻ മിഷണറിമാരെപ്പറ്റി പ്രസ്താവിക്കുന്ന അവസരത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയത് ചർച്ച് മിഷൻ സൊസൈറ്റി (CMS) ആണെന്ന് പി. കെ. ഗോപാലകൃഷ്ണൻ പ്രസ്താവിക്കുന്നു. കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ പേർ പറയുന്നില്ല. കുന്നംകുളത്തിന്റെ സംഭാവനകൾ എടുത്തുകാണിക്കുന്ന രചനകൾ ക്രിസ്ത്യൻ എഴുത്തുകാരല്ലാത്തവർക്ക് പ്രസക്തി ഉള്ളതായി കരുതാൻ വയ്യ. എന്നിരുന്നാലും "ശക്തൻ തമ്പുരാൻ" എന്ന ഗ്രന്ഥം രചിച്ച പുത്തേഴത്തു രാമൻ മേനോൻ കുന്നംകുളത്തിന്റെ പ്രാധാന്യം രേഖപ്പെടുത്തിയതായി പല ക്രിസ്ത്യൻ രചനകളിലും കാണുന്നത് ആശ്വാസം തന്നെ (www.malankaraorthodoxchurch..org/hist of kkm - cached-similar). റവ. ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച "ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം" എന്ന പുസ്തകത്തിൽ കേരള നവോത്ഥാനത്തിന് കുന്നംകുളത്തിന്റെ സംഭാവനകൾ പലതും എടുത്തു കാണിച്ചിട്ടുണ്ട് എന്നത് സന്തോഷത്തിന് വക നൽകുന്നു (കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, മാങ്ങാനം കോട്ടയം, 2007).

കുന്നംകുളം പ്രദേശത്തെ ആത്മീയ ആചാര്യനും മലങ്കര ഓർത്തഡോക്സ് സഭയുടെ, സഭാജ്യോതിസ്സും കോട്ടയത്തെ ഓർത്തഡോക്സ് സെമിനാരി സ്ഥാപകനും ആയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ കേരള നവോത്ഥാനത്തിന് വലിയ സംഭാവനകൾ നൽകിയ വ്യക്തിയാണ്. കേരള നവോത്ഥാനത്തിന് വിത്തുപാകിയ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയത് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി ആണ് എന്നത് തന്നെ കുന്നംകുളത്തിന്റെ സംഭാവനകളിൽ വലുതായി കാണേണ്ടതാണ്.

## പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ സംഭാവനകൾ

പുലിക്കോട്ടിൽ ഒന്നാമൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ) തിരുമേനിയുടെ സംഭാവനകളിൽ ഏറ്റവും പ്രാധാ

ന്യമർഹിക്കുന്നത് കോട്ടയം പഴയസെമിനാരി സ്ഥാപകൻ എന്ന നിലയിലാണ്. ശ്രീനാരായണഗുരു, വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തു ഈഴവരുടെ ഉയർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നതിനു മുമ്പേ തന്നെ സമൂഹത്തിന്റെ ഉയർച്ചയ്ക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടിയേ തീരൂ എന്ന ചിന്താഗതി പുലർത്തിയിരുന്ന മഹാനായ നവോത്ഥാന ശില്പി ആയിരുന്നു പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി. തിരുവിതാംകൂറിൽ ആദ്യമായി പഴയസെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയതും ഈ തിരുമേനി തന്നെ.

എന്തുകൊണ്ട് തന്റെ ജന്മനാടായ കുന്നംകുളത്ത് സെമിനാരി സ്ഥാപിച്ചില്ല എന്നൊരു ചോദ്യം പലരുടെയും മനസ്സിൽ ഉയർന്നു വന്നേക്കാം. മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികർ, സഭയുടെ വിശ്വാസത്തിലും വൈദിക പഠനത്തിലും പാണ്ഡിത്യമുള്ളവരായിരിക്കണം എന്നും വിദേശികളുടെ തെറ്റായ നവീകരണ ചിന്താഗതികൾ കടന്നുവരാതെ, ദേശീയമായ വിശ്വാസസത്യങ്ങൾ അരക്കിട്ടുറപ്പിക്കുക എന്ന ആവശ്യത്തിനായി ഒരു സെമിനാരി കൂടിയേ തീരൂ എന്ന് തിരുമേനി ആഗ്രഹിച്ചിരുന്നു. അന്നത്തെ ഭരണാധികാരികളായ കേണൽ മൺറോയുമായും തിരുവിതാംകൂർ ഭരിച്ചിരുന്ന റാണി ലക്ഷ്മി ഭായിയുമായും ക്രിസ്ത്യൻ മിഷണറിമാരുമായും സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്ന തിരുമേനിയ്ക്ക് വേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭിച്ചതോടെ സെമിനാരിയുടെ ആസ്ഥാനം കോട്ടയം ആയി തീരുമാനിക്കപ്പെട്ടു. പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി വൈദികപഠനം നടത്തിയത് പഴഞ്ഞിയിലെ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ മല്പാൻ പള്ളികൂടത്തിൽ ആയിരുന്നു. തിരുമേനിയുടെ അമ്മവീട് പഴഞ്ഞിയിൽ ആയിരുന്നു. പഴഞ്ഞിയിലും കുന്നംകുളത്തും ആ കാലത്ത് മല്പാൻ പള്ളിക്കൂടങ്ങൾ നിലനിന്നിരുന്നു. തിരുമേനി വൈദികനായിരുന്ന കാലത്ത്, കുന്നംകുളം പ്രദേശത്ത് വൈദിക പഠനത്തിന് നേതൃത്വം നൽകിയിരുന്നു. ടിപ്പുസുൽത്താന്റെ ആക്രമണം ചാട്ടുകുളങ്ങരയിൽ (ആർത്താറ്റ്) ഉണ്ടായപ്പോൾ, പള്ളികളും മല്പാൻ പള്ളിക്കൂടങ്ങളും നശിപ്പിക്കപ്പെട്ടു. അതുകൊണ്ട് വീണ്ടും ആക്രമണം ഉണ്ടായാൽ നശിപ്പിക്കപ്പെടാത്ത ഒരു സ്ഥലത്ത് കുന്നംകുളത്തിനേക്കാൾ സുരക്ഷിതമായ ഒരു സ്ഥലത്ത്, സെമിനാരി സ്ഥാപിക്കണം എന്ന് കേണൽ മൺറോയുടെ ഉപദേശപ്രകാരം, കോട്ടയത്ത് അനുയോജ്യമായ സ്ഥലം സെമിനാരിക്ക് കണ്ടെത്തുകയാണുണ്ടായത്. കുന്നംകുളത്തുകാരുടെ പ്രോത്സാഹനം കുറവായതുകൊണ്ടല്ല മറിച്ച് സെമിനാരി എല്ലാ മലങ്കര സുറിയാനിക്കാർക്കും ഉപകരിക്കുന്ന സ്ഥലത്തായിരിക്കണം എന്നുള്ളതും, ആ തീരുമാനത്തിന് കാരണമായിട്ടുണ്ട്. ഈ ദേശീയ സമന്വയ ചിന്താഗതി ശിപായി ലഹള ഉണ്ടായതിന്

60 വർഷം മുമ്പേ തന്നെ തിരുമേനിയുടെ കാഴ്ചപ്പാടിൽ ഉണ്ടായിരുന്നത്, പിന്നീടുള്ള നവോത്ഥാന ചിന്തകൾക്ക് മാതൃകയായിത്തീർന്നിരിക്കാം. നവീകരണ ആശയങ്ങൾ, സഭയുടെ വിശ്വാസങ്ങൾക്ക് എതിരാകാതിക്കാൻവേണ്ടി, കേണൽ മൺറോ നിർബന്ധിച്ചിട്ടുപോലും നോർട്ടനേയും ബെയ്‌ലിയേയും സെമിനാരിയിൽ താമസിച്ച് വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി തയ്യാറായില്ല. മൺറോയുടെ സുഹൃത്തായിരുന്നിട്ടുപോലും, മലങ്കര നസ്രാണികളുടെ വിശ്വാസത്തിന് കോട്ടംവരത്തക്ക വിദേശ മിഷണറിമാരുടെ ആധിപത്യത്തിന് എതിരെ ചെറുത്തുനിന്നത്, ഇന്ത്യൻ നവോത്ഥാനം തുടങ്ങുന്നതിന് മുമ്പായിരുന്നു എന്ന് ഓർക്കുമ്പോൾ പുലിക്കോട്ടിൽ തിരുമേനിയോടുള്ള ആദരവ് പതിന്മടങ്ങ് വർദ്ധിക്കുന്നു.

സാക്ഷരതയുടെ കാര്യത്തിൽ കേരളത്തെ മുൻനിരയിൽ എത്തിച്ചതും പുതിയ അന്വേഷണ മേഖലകൾ കണ്ടെത്തുന്നതിന് കേരളീയർക്ക് അവസരം നൽകിയതും, പുലിക്കോട്ടിൽ തിരുമേനി ഏർപ്പെടുത്തിയ ഇംഗ്ലീഷ് വിദ്യാഭ്യാസം മൂലമാണ്. കേരള നവോത്ഥാനത്തിന് മാർഗ്ഗദീപം നൽകിയ പിൽകാല നേതാക്കൾക്ക് പ്രചോദനം നൽകിയത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ കൂടെയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർക്ക് പ്രത്യേകിച്ചും ക്രിസ്ത്യാനികൾക്ക് ബ്രിട്ടീഷ് ഭരണത്തിൽ ജോലി ലഭിച്ചു. ശാസ്ത്രവിഷയങ്ങൾ പഠിക്കുന്നതിനും ഇന്ത്യയ്ക്ക് വെളിയിൽ നടക്കുന്ന നവോത്ഥാന ചിന്താഗതികൾ നേരിട്ടു മനസ്സിലാക്കുന്നതിനും മലയാളികൾക്ക് വാതിൽ തുറന്നു കൊടുത്തതു ഈ ഇംഗ്ലീഷ് വിദ്യാഭ്യാസം ആയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം താഴ്ന്ന ജാതിക്കാർക്കും ലഭിച്ചിരുന്നു. ഉയർന്ന ജാതിക്കാർക്ക് അതിനോട് എതിർപ്പുണ്ടായിരുന്നു എങ്കിലും പിന്നീട് ബ്രാഹ്മണ മേധാവിത്വത്തോട് എതിർക്കുന്നതിന് എല്ലാവരും യോജിക്കുകയുണ്ടായിട്ടുണ്ട്. അന്ധവിശ്വാസങ്ങൾക്കെതിരെ അടരാടുവാനും ദുരാചാരങ്ങൾ നിർത്തലാക്കാനും അടിമത്ത വ്യവസ്ഥിതി നിർത്തലാക്കുന്നതിനും, താഴ്ന്നജാതിക്കാർ സംഘടിക്കുന്നതിനും, ഇംഗ്ലീഷ് വിദ്യാഭ്യാസം വഴിയൊരുക്കിയിട്ടുണ്ട്. കേരള നവോത്ഥാനത്തിന് വഴിയൊരുക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസം എല്ലാവർക്കും ലഭിക്കുവാൻ തുടക്കമിട്ടതു സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി മൂലമായിരുന്നു. പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ മുഴുവൻ ചരിത്രവും സമാഹരിച്ച് ഒരു ചരിത്രഗ്രന്ഥം ഉണ്ടാകണമെന്നും നാരായണഗുരുവിനെപ്പോലെയും ചട്ടമ്പിസ്വാമികളെപ്പോലെയും കേരളത്തിന് ആത്മീയ ചൈതന്യം നൽകിയ ഒരനശ്വര ജ്യോതിസ്സ് ഇവിടെ ജീവിച്ചിരുന്നുവെന്നും തെളിയിക്കണം എന്നും ഡോ. സാമുവൽ ചന്ദനപ്പള്ളി പ്രത്യാശിച്ചതും ഇവിടെ ഓർത്തുപോകുകയാണ്. “പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി

ജീവിച്ചിരുന്നത് 1740-നും 1816-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ആണ്. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന സാംസ്കാരിക നായകന്മാരെക്കുറിച്ച് പ്രശസ്ത വ്യക്തികൾ പ്രശസ്തമായ ഗ്രന്ഥങ്ങൾ രചിച്ചപ്പോൾ ഈ കോട്ടയം പട്ടണത്തിന്റെ നടുവിൽ ആധുനിക വിജ്ഞാനത്തിന്റെ വിത്തുകൾ വിതച്ച ഈ യുഗസംക്രമണ പുരുഷന്റെ ജീവിതകഥ എന്തുകൊണ്ട് കേരള സാംസ്കാരിക ചരിത്രത്തിന്റെ ജീവിതകഥയായി രൂപാന്തരപ്പെട്ടില്ല?" ഈ ചോദ്യം ഡോ. സാമുവൽ ചന്ദനപ്പള്ളിയുടേതാണ് ("സഭാജ്യോതിസ്സ്" പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് I 175-ാം ചരമ വാർഷിക സ്മരണിക, 1991, "പുലിക്കോട്ടിൽ തിരുമേനി ഒരു സഭാ പരിപാലകൻ by സാമുവൽ ചന്ദനപ്പള്ളി, പേജ് 36).

'ആർത്താറ്റു പടിയോല'യുടെയും 'കണ്ടനാട് പടിയോല'യുടെയും സൂത്രധാരൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി ആണ്. "റോമിനെ മാത്രം തള്ളിപ്പറഞ്ഞ 1653-ലെ കൂനൻകുരിശു പ്രതിജ്ഞയിൽ നിന്ന് കരുത്താർജ്ജിച്ച് വളർന്ന് മലങ്കരസഭയ്ക്ക് കൂച്ചുവിലങ്ങുകളായി വന്ന സകല വിദേശ മേധാവിത്വങ്ങളെയും ഒരുപോലെ തള്ളിപ്പറയുന്ന പക്വതയിലേക്കും പുരുഷത്വത്തിലേക്കും മലങ്കരസഭ ആരോഹണം ചെയ്തു എന്നാണ് ധ്വനിമര്യാദയിൽ ആർത്താറ്റ് പടിയോല പ്രഖ്യാപിച്ചത്. ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്ന് നാം വിശേഷിപ്പിക്കുന്ന 'ശിപായിലഹള'യിലൂടെ വിദേശഭരണത്തിനെതിരെ ഭാരതം പ്രതികരിച്ചത് വീണ്ടും ഒരമ്പത് കൊല്ലത്തിനു ശേഷമാണെന്ന വസ്തുത സ്മരിക്കുമ്പോൾ ആർത്താറ്റു പടിയോലയുടെ ശില്പിയായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (പിന്നീട് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി) പ്രകടമാക്കിയ ക്രാന്തദർശിത്വം നമ്മെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്യും..... പടിയോലയുടെ കാലംവരെ പ്രബല സ്വാധീനങ്ങളായി വർത്തിച്ച മൂന്നു വിദേശ ശക്തികളെയും ആർത്താറ്റ് പടിയോല തള്ളിപ്പറയുന്നു." ആർത്താറ്റു പടിയോലയുടെ ശില്പി പുലിക്കോട്ടിൽ യൗസേപ്പ് കത്തനാർ (പിന്നീട് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി) ആയിരുന്നുവെങ്കിലും കത്തനാരുടെ പേർ പടിയോലയിൽ കാണുന്നില്ല. അന്നത്തെ അർത്താറ്റുപള്ളി വികാരിയായിരുന്ന തെക്കേക്കര കുരിയതു കത്തനാർ ആയിരുന്നു ആർത്താറ്റു പടിയോലയിൽ ഒപ്പുവെച്ചത്. റവ. ഫാ. ഡോ. ജോസഫ് ചീരൻ തന്റെ പുസ്തകത്തിൽ അതിന്റെ കാരണം വിവരിക്കുന്നുണ്ട്. കണ്ടനാട് പടിയോലയുടെ രൂപീകരണത്തിലും പുലിക്കോട്ടിൽ യൗസേഫ് കത്തനാർ പ്രമുഖമായ പങ്കു വഹിച്ചിട്ടുണ്ട്. ("പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ - പഴയസെമിനാരി സ്ഥാപകൻ - ജീവചരിത്രം by ഫാ. ജോസഫ് ചീരൻ, പേജ് 136-139). ആർത്താറ്റുപടിയോലയെ മലങ്കരസഭയുടെ മാഗ്നാ കാർട്ടാ എന്നും കണ്ടനാട് പടിയോലയെ മലങ്കരസഭയുടെ കാനോൻ

എന്നും വിശേഷിപ്പിക്കാവുന്നതാണെന്ന് പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ അഭിപ്രായപ്പെട്ടിട്ടുണ്ട് (ചരമ വാർഷിക സ്മരണിക, പേജ് 1-3).

1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിൽ കുന്നംകുളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ കേന്ദ്രമായ ചാട്ടുകുളങ്ങരപള്ളിയിൽ നിന്ന് ആരും സംബന്ധിച്ചില്ല. കാരണം, സുന്നഹദോസിൽ നേതൃത്വം നൽകിയ ആർച്ച്ബിഷപ്പ് റോമൻ ആധിപത്യം ഉറപ്പാക്കാനായിരുന്നു സുന്നഹദോസ് വിളിച്ചു ചേർത്തത്. ചാട്ടുകുളങ്ങര ഓർത്തഡോക്സ് പള്ളിക്കാർ മാത്രമാണ് ആ സുന്നഹദോസ് ബഹിഷ്കരിച്ചത്. സുന്നഹദോസിന്റെ തീരുമാനങ്ങൾ സ്ഥാപിക്കാൻ ആർച്ച് ബിഷപ്പ് മെനസിസ് ചാട്ടുകുളങ്ങരപള്ളിയിൽ വന്നപ്പോഴും തിരുമേനിയെ സ്വീകരിക്കുകയോ സഹകരിക്കുകയോ ചെയ്യാതെ "ആർത്ത് ആട്ടി" എന്നാണ് പറയപ്പെടുന്നത്. അതിനുശേഷമാണത്രെ, ചാട്ടുകുളങ്ങര പ്രദേശത്തെ ആർത്താറ്റ് എന്നറിയപ്പെടാൻ തുടങ്ങിയത്. വിദേശ ആധിപത്യത്തെ നഖശിഖാന്തം എതിർത്ത പാരമ്പര്യം മലങ്കരയിലെ ഒരു സുറിയാനിപള്ളിക്കാർക്കും അവകാശപ്പെടാനില്ല. ഈ പാരമ്പര്യമുള്ള ക്രിസ്ത്യാനികളിൽ നിന്നും ഒരു വിദേശ മേല്ക്കോയ്മയെ എതിർക്കുന്ന ഒരു "ആർത്താറ്റു പടിയോല" ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല.

പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയെ ഒരു സാമൂഹ്യപരിഷ്കർത്താവ് എന്ന നിലയിൽ വിലയിരുത്തേണ്ടത് ആവശ്യമാണ്. "കേണൽ മൺറോയുമായുള്ള പരിചയവും സൗഹൃദവും ക്രൈസ്തവരുടെ പൊതു നിലവാരത്തെ ഉയർത്തുന്നതിനും പുലിക്കോട്ടിൽ മെത്രാച്ചൻ ഫലപ്രദമായി ഉപയോഗിച്ചു. ..... ഹൈന്ദവ ക്ഷേത്രങ്ങൾക്കും ഉത്സവങ്ങൾക്കും നിർബ്ബന്ധപൂർവ്വം സൗജന്യവേല ചെയ്യുവാൻ ക്രൈസ്തവർ നിയമം മൂലം നിർബന്ധിക്കപ്പെട്ടിരുന്നു. ഈ ഊഴിയവേല സംബന്ധിച്ച നിയമം മറ്റൊരു നിയമം മുഖേന റദ്ദാക്കിയതിന്റെ അണിയറയിൽ പുലിക്കോട്ടിൽ മെത്രാച്ചനെ കാണാം. ഞായറാഴ്ച ഒഴിവുദിവസമായി പ്രഖ്യാപിച്ചതും ആ വിശുദ്ധ ദിനത്തിൽ ജോലി ചെയ്യണമെന്നുള്ള നിർബ്ബന്ധത്തിൽ നിന്ന് ക്രൈസ്തവർ ഒഴിവാക്കപ്പെട്ടതും അക്കാലത്താണ്. സർക്കാർ ഓഫീസുകളിൽ ആദ്യമായി ക്രിസ്ത്യാനികൾക്ക് നിയമനം ലഭിച്ചു. 1816-ൽ എല്ലാ സിവിൽ കോടതികളിലും ഓരോ ക്രിസ്ത്യൻ ന്യായാധിപനെ നിയമിക്കുന്ന ഭരണപരിഷ്കാരം ഉണ്ടായി. 1813-ൽ ക്രിസ്ത്യാനികളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു കമ്മീഷൻ നിയോഗിക്കപ്പെട്ടു. വിദ്യാഭ്യാസ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള ശുപാർശകൾ ഈ കമ്മീഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്ന് നിലവിൽ ഉണ്ടായിരുന്ന സുറിയാനിക്കാരുടെ 52 പള്ളികളോട് ചേർന്ന് സ്കൂളുകൾ ആരംഭിക്കു

വാൻ ഉത്തരവുണ്ടായത്. ഇപ്രകാരം കേണൽ മൺറോയുടെ കാലത്തുണ്ടായ എല്ലാ ഭരണപരിഷ്കാരങ്ങൾക്കും പിന്നിൽ സെമിനാരി സ്ഥാപകന്റെ പ്രേരണയും പ്രോത്സാഹനവും മാർഗ്ഗദർശനവും ഉണ്ടായിരുന്നു" (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ by ഫാ. ജോസഫ് ചീരൻ, പേജ് 200–201). തിരുവിതാംകൂറിൽ 1811-ലും കൊച്ചിയിൽ 1812-ലും പുലിക്കോട്ടിൽ റമ്പാന്റെ ഉപദേശപ്രകാരം കേണൽ നസ്രാണി ജഡ്ജിമാരെ നിയമിച്ചതിൽ പഴഞ്ഞിപാടത്ത് ചേറു, കുന്നംകുളം ചീരൻ മാണി തുടങ്ങിയവരും ഉൾപ്പെടുന്നു (വിജ്ഞാനകോശം, പേജ് 426).

സുറിയാനിയിൽ നിന്ന് ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് കായംകുളം ഫിലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള, പുലിക്കോട്ടിൽ ഇട്ടുപ്പൂ കത്തനാർ (പിന്നീട് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി) എന്നിവർ ചേർന്നായിരുന്നു. വേദപുസ്തകത്തിന്റെ ആദ്യത്തെ മലയാള വിവർത്തനമായിരുന്നു അത്. അതിന് സാമ്പത്തിക സഹായം നൽകിയത് ക്ലോഡിയസ് ബുക്കാനൻ ആയിരുന്നു. 1806-ൽ ആണ് ക്ലോഡിയസ് ബുക്കാനൻ കണ്ടനാട് സന്ദർശിച്ചത്. ബംഗാളിലെ ഫോർട്ട് വില്യം കോളജിന്റെ വൈസ് പ്രിൻസിപ്പൽ ആയ ക്ലോഡിയസ് ബുക്കാനൻ കേരളം സന്ദർശിച്ചത് സുറിയാനി ക്രിസ്ത്യാനികളുടെയും റോമൻ കത്തോലിക്കാ ക്രിസ്ത്യാനികളുടെയും കേന്ദ്രങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നതിന് വേണ്ടിയായിരുന്നു. ബൈബിൾ വിവർത്തനത്തിന്റെ കാര്യങ്ങൾ പറഞ്ഞു തീരുമാനിച്ച ശേഷം ബുക്കാനൻ തിരിച്ചുപോയി എങ്കിലും അദ്ദേഹത്തിന്റെ രണ്ടാമത്തെ സന്ദർശനത്തിൽ (1808) കേരളത്തിലെ മലങ്കര സുറിയാനിക്കാരുടെ കേന്ദ്രമായ കുന്നംകുളം സന്ദർശിക്കുകയും കുന്നംകുളത്തെ സുറിയാനി ക്രിസ്ത്യാനികളെപ്പറ്റി വളരെ നല്ല അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുക ഉണ്ടായിട്ടുണ്ട്. 1811-ലാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നാലു സുവിശേഷങ്ങളുടെ പ്രതികൾ ബോംബേയിൽ നിന്ന് മുദ്രണം ചെയ്ത് പ്രസിദ്ധീകരിച്ചത്. മേൽപറഞ്ഞ ബൈബിൾ 'റമ്പാൻ ബൈബിൾ' എന്നറിയപ്പെട്ടു. ഇത് മലയാളത്തിൽ ആദ്യമായതുകൊണ്ട് അതിനെ അടിസ്ഥാനമാക്കി അക്കാലത്തെ ഭാഷയെയും സംസ്കാരത്തെയും ആധാരമാക്കിയുള്ള ഗവേഷണ പ്രബന്ധങ്ങൾ കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പ്രബന്ധങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്ന് ഫാ. ജോസഫ് ചീരൻ തന്റെ ലേഖനത്തിൽ എടുത്തുപറയുന്നുണ്ട് (സ്മരണിക, പേജ് 25). ഡോ. ക്ലോഡിയസ് ബുക്കാനന്റെ കേരള സന്ദർശനം മലങ്കര സുറിയാനിക്കാരുടെ ഇടയിൽ ഒരു നവോത്ഥാനത്തിന് വഴി തെളിയിച്ചു എന്നു കാണുന്നു (en.wikipedia.org/wiki/claudius buchanan... cached-similar).

ബുക്കാനൻ പോകുന്നതിനു മുമ്പു മലങ്കരസഭയ്ക്കു വേണ്ടി ഒരു സ്വർണ്ണമെഡൽ ആർത്താറ്റു പള്ളിക്ക് സമർപ്പിച്ചു എന്നുള്ളത് കുന്നംകുളത്തെ മലങ്കര സുറിയാനിക്കാർക്ക് എന്നും അഭിമാനിക്കാവുന്ന വസ്തുതയാണ്. ബുക്കാനൻ ബ്രിസ്റ്റാൾ സെന്റ് ജെയിംസ് പള്ളിയിൽ നടത്തിയ പ്രഭാഷണത്തിൽ, ദീവന്നാസ്യോസ് തിരുമേനിയെ (പുലിക്കോട്ടിൽ ഒന്നാമൻ) പുകഴ്ത്തി പ്രസ്താവിക്കുന്നുണ്ട്.

ഡോ. ഫ്രാൻസിസ് ബുക്കാനൻ ഒരു മെഡിക്കൽ ഡോക്ടറും, ഇന്ത്യയിലെ സസ്യജന്തു സമ്പത്തിനെ തരംതിരിച്ച വ്യക്തിയും, ഭൂമിശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുള്ളവനും ഒരു പ്രശസ്തനായ നരവംശശാസ്ത്രജ്ഞനും കൂടെ ആയിരുന്നു. അദ്ദേഹം കുന്നംകുളം സന്ദർശിച്ചപ്പോൾ (1800-ൽ) കുന്നംകുളത്തെ ജൂതശൈലിയിലുള്ള നാട്ടുകാർ സംരംഭശീലർ ആണെന്നും ബാങ്കിങ്ങ്, വ്യവസായം, കച്ചവടം മുതലായവയിൽ നിപുണരാണെന്നും ജൂതന്മാരുടെ ദേഹപ്രകൃതി ഉള്ളവരാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കുന്നംകുളം തൃശൂർ പട്ടണത്തേക്കാൾ പഴക്കം ചെന്ന പട്ടണം ആണെന്ന് ചരിത്രരേഖകൾ കാണിക്കുന്നു. ജൂതന്മാരെപ്പോലെ കുന്നംകുളത്തെ വീടുകൾ, മുൻവശത്തെ കച്ചവടവും പുറകിൽ താമസിക്കാൻ ഉപയോഗിക്കുന്നവയാണെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആർത്താറ്റുപള്ളി (ചാട്ടുകുളങ്ങര പള്ളി) പ്രദേശത്തെ തലപ്പള്ളിയായും, പിന്നീട് 'തലപ്പിള്ളി' എന്ന പേര് താലൂക്കിനു ലഭിച്ചതായും ചരിത്രരേഖകളിൽ കാണുന്നു. ക്രിസ്തുവിനു മുമ്പേ ജൂതന്മാർ ചാട്ടുകുളങ്ങരയിലും പാലയൂരും സമീപ പ്രദേശങ്ങളിലും കുടിയേറി പാർത്തു എന്നും ചിതറിപ്പോയ ജൂതന്മാരെ സുവിശേഷം അറിയിക്കാൻവേണ്ടി കർത്താവിന്റെ ശിഷ്യൻ സെയിന്റ് തോമസ് പാലയൂരും ചാട്ടുകുളങ്ങരയിലും വന്നിരുന്നു എന്നും ജൂതന്മാരിൽ നിന്നും വളരെ പേർ ക്രിസ്തുമതം സ്വീകരിച്ചു എന്നും പൊതുവെ വിശ്വസിക്കപ്പെടുന്നു. കുന്നംകുളത്തിനടുത്തുള്ള ഇയ്യാൽ എന്ന പ്രദേശത്തുനിന്നും ലഭിച്ച സ്വർണ്ണ വെള്ളിനാണയങ്ങൾ ക്രിസ്തു ജീവിച്ചിരുന്ന കാലഘട്ടത്തിന് മുമ്പും പിമ്പും റോമിൽ ഉപയോഗിച്ചിരുന്ന നാണയങ്ങൾ ആണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

തൃശൂർ പട്ടണത്തിന്റെ ശില്പിയായിരുന്ന കൊച്ചി രാജാവ് ശക്തൻ തമ്പുരാൻ ആർത്താറ്റു പള്ളിയിൽ റോമൻ കത്തോലിക്കരും ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളും തമ്മിൽ നിലനിന്നിരുന്ന പള്ളിത്തർക്കം അവസാനിപ്പിക്കുവാൻ ചാട്ടുകുളങ്ങര വന്നിരുന്നു. പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരുടെ നേതൃത്വവും പ്രാർത്ഥനാശീലവും കണ്ട് സന്തോഷം പ്രകടിപ്പിച്ച് കുന്നംകുളം തെക്കേ അങ്ങാടിയിൽ സ്ഥിതി ചെയ്തിരുന്ന അന്തിമാളൻകാവ് ക്ഷേത്രം ക്രിസ്ത്യാനികൾക്ക് ഒരു കുരിശുപള്ളി പണിയാനായി നൽകുകയുണ്ടായി. ഇന്ന് ആ സ്ഥാനത്ത് വലിയ

വ്യത്യാസം വരുത്താതെ സെന്റ് മത്ഥിയാസ്സ് പള്ളി (അമ്പലപ്പള്ളി എന്നും പറയാറുണ്ട്) നിലനിൽക്കുന്നു. മതസൗഹാർദ്ദത്തിന്റെ മാതൃക കുന്നംകുളത്ത് വളർത്തിയെടുക്കുന്നതിൽ നേതൃത്വം കൊടുത്തത് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനായിരുന്നു.

"മഗ്ദലന മറിയം ഖണ്ഡകാവ്യമെഴുതാൻ മഹാകവി വള്ളത്തോളിനെ, പുലിക്കോട്ടിൽ യൗസേപ്പ് റമ്പാൻ പ്രേരിപ്പിച്ചു" എന്ന് അഡ്വ. പി. സി. മാത്യു അഭിപ്രായപ്പെടുന്നുണ്ട് (സഭാചരിത്ര വിജ്ഞാനകോശം, പുസ്തകാസ്വാദനം, പേജ് xxix).

കോട്ടയം പഴയസെമിനാരി കുന്നംകുളം പട്ടണം, പഴഞ്ഞി പട്ടണം തുടങ്ങിയ പട്ടണങ്ങളിലെ കുരിശാകൃതിയിലുള്ള അങ്ങാടികൾ രൂപകല്പന ചെയ്തത് തച്ചുശാസ്ത്ര വിദഗ്ദനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ആയിരുന്നു. കാണിപ്പയ്യൂർ നമ്പൂതിരിമാരിൽ നിന്നും തച്ചുശാസ്ത്രം അഭ്യസിച്ചിരുന്ന ഇട്ടൂപ്പ് കത്തനാർ തന്റെ തച്ചുശാസ്ത്ര വൈദഗ്ദ്യം സെമിനാരി പണിയുന്നതിലും കുന്നംകുളം, പഴഞ്ഞി അങ്ങാടികൾ രൂപകല്പന ചെയ്യുന്നതിലും വേണ്ടപോലെ ഉപയോഗപ്പെടുത്തി.

## നവോത്ഥാനകാലത്തെ മലയാള സാഹിത്യത്തിനും സംസ്കാരത്തിനും കുന്നംകുളം പ്രദേശത്തിന്റെ സംഭാവനകൾ

നവോത്ഥാന കാലഘട്ടത്തിലെ മലയാള ഗദ്യസാഹിത്യം വളർന്നതിൽ പ്രധാന പങ്കു വഹിച്ചത് ക്രിസ്ത്യാനികൾ ആണെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

"ക്രിസ്തീയ സാഹിത്യം പുരോഗമിച്ചത് പാട്ടും ഗദ്യവുമായിട്ടാണ്" എന്ന് പി. കെ. ഗോപാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. "പാട്ടുകളിൽ പ്രധാന ഇനം കല്യാണപാട്ടുകൾ ആണ്. അന്തം ചാർത്ത് പാട്ട്, മൈലാഞ്ചിപാട്ട്, അയനിപാട്ട്, വട്ടക്കളിപ്പാട്ട്, പന്തൽപ്പാട്ട്, എണ്ണപ്പാട്ട്, കളിപ്പാട്ട് എന്നിങ്ങനെ നിരവധി പാട്ടുകൾ ഡോ. പി. ജെ. തോമസ് വിവരിക്കുകയും ഉദാഹരിക്കുകയും ചെയ്തിട്ടുണ്ട്... പള്ളിപ്പാട്ടുകൾ എന്ന പേരിൽ പ്രചരിച്ചു കാണുന്ന പാട്ടുകളും ഈ കാലഘട്ടത്തിലേതു തന്നെ (16-ാം നൂറ്റാണ്ട്)" (*കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, പി. കെ. ഗോപാലകൃഷ്ണൻ, പേജ് 491). കുന്നംകുളം സ്വദേശിയായ അഡ്വ. പി. സി. മാത്യു രചിച്ച 'ആർത്താറ്റ് പള്ളിപ്പാട്ടും ചരിത്രരേഖകളും' എന്ന പുസ്തകം, ചാട്ടുകുളങ്ങര പള്ളിയുടെ 19-ാം നൂറ്റാണ്ടിലെ ചരിത്ര സംഭവങ്ങളെ വിവരിക്കുന്നതായി കാണാം. പള്ളിപ്പാട്ട് എഴുതിയത് പരേതനായ പനയ്ക്കൽ ഇക്കാക്കു കുര്യപ്പൻ (കുന്നംകുളം സ്വദേശി) ആണ്. പാട്ട് രചിക്കപ്പെട്ടത് 1825-ൽ ആണ്. പള്ളിപ്പാട്ടിൽ വിവരിക്കുന്ന കത്തനാർ പുലിക്കോട്ടിൽ

ഇട്ടൂപ്പ് കത്തനാർ (പിന്നീട് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി) ആണ് എന്നു കാണുന്നു.

ജർമ്മൻ ഇവാഞ്ചലിസ്റ്റ് വി. നാഗൽ (1867) താമസിച്ചിരുന്നത് കുന്നംകുളത്തായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ കുന്നംകുളത്ത് അധ്യാപികയായിരുന്നു. കുന്നംകുളത്ത് കാളവണ്ടിയിൽ യാത്ര ചെയ്തുകൊണ്ടിരിക്കവേ ആണത്രെ അദ്ദേഹം പ്രശസ്തമായ "സമയാംരഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു" എന്ന ഗാനം രൂപപ്പെടുത്തിയത്. "ദൈവത്തിന്റെ ഏകപുത്രൻ", "യേശുവിൻ തിരുപ്പാദത്തിൽ" എന്നു തുടങ്ങി പല പ്രശസ്ത ഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

ഗദ്യസാഹിത്യത്തിലേക്കുള്ള സംഭാവനകൾ പ്രധാനമായും മിഷണറിമാരുടെ മതപ്രചരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. വേദഗ്രന്ഥങ്ങൾ പലതും സുറിയാനിയിൽ നിന്നും മറ്റു ഭാഷകളിൽ നിന്നും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അർണോസ് പാതിരി കുന്നംകുളത്തിനടുത്ത പ്രദേശമാണ് പ്രവർത്തനമേഖലയാക്കിയത്. പല നിഘണ്ടുക്കളും പല മിഷണറിമാരും രചിച്ചിട്ടുണ്ട്.

കുന്നംകുളത്തെ പുലിക്കോട്ടിൽ ഇട്ടൂപ്പ് 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച ARP പ്രസ്സ് (അക്ഷരരത്ന പ്രകാശിനി പ്രസ്സ്) പലതുകൊണ്ടും പ്രാധാന്യം അർഹിച്ചിരുന്നു. "ആത്മപോഷിണി", "കഥാ മാലിക" എന്നീ മാസികകൾ ഇവിടെനിന്ന് പ്രസിദ്ധീകരിക്കയും മലങ്കരസഭയുടെ കുർബ്ബാന തക്സാ, പ്രുമിയോൻ, ആനീദാ, ആണ്ടുതക്സാ എന്നിവയുടെ ആദ്യ മലയാള വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തത് ARP പ്രസ്സിൽ നിന്നാണ്. കുന്നംകുളം സ്വദേശി, പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ നടത്തിയ "ആത്മപോഷിണി"യിൽ സ്വദേശി രാമകൃഷ്ണപിള്ള (1889), മഹാകവി വള്ളത്തോൾ (1878) തുടങ്ങിയവർ വിവിധ കാലത്തെ പത്രാധിപന്മാരായിരുന്നു. സഭാകാഹളം എന്നൊരു മാസികയും പുലിക്കോട്ടിൽ ശെമ്മാശൻ നടത്തിയിരുന്നു. (*സഭാചരിത്ര വിജ്ഞാനകോശം*, പേജ് 231).

ഇതിനു പുറമെ എഴുത്തച്ഛന്റെ കിളിപ്പാട്ട് കൃതികൾ ഇവിടെനിന്നും പ്രസിദ്ധീകരിച്ചിരുന്നു. ARP നിഘണ്ടു ഒരു ARP പ്രസിദ്ധീകരണം ആയിരുന്നു. "മലയാള മനോരമ" തിരുവിതാംകൂറിലെ ദിവാൻ സർ. സി. പി. രാമസ്വാമിഅയ്യർ നിരോധിച്ചപ്പോൾ പത്രം മുടങ്ങാതെ പ്രസിദ്ധീകരിച്ചത് കുന്നംകുളം ARP പ്രസ്സിൽ അച്ചടിച്ചായിരുന്നു (സഭാചരിത്ര വിജ്ഞാനകോശം, പേജ് 3-4). മലയാള മനോരമ നടത്തുന്നതിനുവേണ്ടി വർഗ്ഗീസ് മാപ്പിള ആരംഭിച്ച കമ്പനിയിൽ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി ഓഹരിക്കാരനായിരുന്നു. തിരുമേനിക്ക് പത്രപ്രവർത്തനത്തിൽ ഉണ്ടായിരുന്ന

താല്പര്യം ആയിരുന്നു തിരുമേനിയെ വർഗീസ് മാപ്പിളയുമായി സൗഹൃദത്തിലാക്കിയത്.

കുന്നംകുളത്തെ അച്ചടിയുടെ നാട് എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. 'പുലിക്കോട്ടിൽ കത്തനാർസ് പ്രസ്സ്' 1850-കളിൽ കുന്നംകുളത്ത് ആരംഭിച്ചു. ഏഷ്യയിലെ ഒന്നാമത്തെ മാറാനായ സുറിയാനി പ്രസ്സ് ആയിരുന്നു അത്. ഈ പ്രസ്സ് സ്ഥാപിച്ചത് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി ആയിരുന്നു. കുന്നംകുളത്തെ പാറമ്മൽ കുത്തൂർ ഇട്ടൂപ്പ് സ്ഥാപിച്ച അച്ചുകൂട്ടം കേരളത്തിലെ ആദ്യത്തെ പ്രസ്സുകളുടെ കൂട്ടത്തിൽ പെടുത്താവുന്നതാണ് (*സഭാവിജ്ഞാനകോശം*, പേജ് 219).

"അനുഗൃഹീതരായ ഏതാനും സാഹിത്യകാരന്മാരെ കുന്നംകുളം പ്രദേശം, കേരളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. സാമൂതിരിയുടെ പണ്ഡിതസദസ്സിലെ പ്രമുഖ അംഗങ്ങൾ ആയിരുന്ന പയ്യൂർ ഭട്ടതിരിമാരാണ് അവരിൽ പ്രധാനികൾ. പയ്യൂർ മഹർഷിമാർ എന്ന പരമ്പരയിൽ അറിയപ്പെടുന്ന മൂന്നു കവികൾ നിരവധി സംസ്കൃത കൃതികളും വ്യാഖ്യാനങ്ങളും രചിച്ചിട്ടുണ്ട്. പയ്യൂർ കുന്നംകുളത്തിനടുത്താണ്. "യാക്കോബ് നാടകം" രചിച്ച പാറമേൽ ഇട്ടൂപ്പ് (1902), കവിതകളും വ്യാഖ്യാനങ്ങളും ആയി ഒരു ഡസനിലേറെ കൃതികൾ രചിച്ച പനയ്ക്കൽ യാക്കോബ് കത്തനാർ, രണ്ടു ഡസനിലേറെ കൃതികൾ രചിച്ച കൈക്കുളങ്ങര രാമവാരിയർ, പണ്ഡിതരാജൻ കാണിപ്പയ്യൂർ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്, പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ, നോവലുകളും കാവ്യങ്ങളും രചിച്ച ജോസഫ് ചെറുവത്തൂർ, സി. വി. ശ്രീരാമൻ (വാസ്തുഹാരാ), ഐപ്പ് പാറമേൽ, ഏകലവ്യൻ, അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, വി. ടി. ജോസഫ്, ഫാ. ഡോ. ജോസഫ് ചീരൻ, തച്ചുശാസ്ത്രജ്ഞൻ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, ചലച്ചിത്രനടൻ വി. കെ. ശ്രീരാമൻ തുടങ്ങിയ പ്രതിഭകളും ഇക്കൂട്ടത്തിൽ പെടുന്നു (സഭാചരിത്ര വിജ്ഞാന കോശം, പേജ് 235). ഈ പട്ടിക ഇന്നത്തെ തലമുറയിൽ തുടരുന്നു എന്നതും അഭിമാനകരമായ വസ്തുത തന്നെ.

നവീകരണത്തിന്റെ സദ്ഫലങ്ങളിൽ ഒന്നായിരുന്നു ആരാധന മാതൃഭാഷയിൽ എന്ന മുദ്രാവാക്യം. അതിന്റെ ആദ്യഫലം പുറപ്പെട്ടത് കുന്നംകുളത്തു നിന്നായിരുന്നു. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ ആയിരുന്നു അതിന്റെ തുടക്കം കുറിച്ചത്. 'ആത്മപോഷിണി'യുടെ പത്രാധിപരായി കുന്നംകുളത്ത് താമസിച്ചിരുന്ന മഹാകവി വള്ളത്തോൾ നാരായണ മേനോൻ, മലയാളത്തിലേക്കുള്ള വിവർത്തനത്തിന്റെ ഭാഷ സുദൃഢമാക്കി. ആദ്യം കുന്നംകുളത്തു മാത്രം നടന്നിരുന്ന മലയാള വിവർത്തനത്തിന്റെ

അച്ചടി ക്രമേണ കോട്ടയത്തേക്കും, പാമ്പാക്കുടയിലേക്കും വ്യാപിച്ചു. സ്വദേശി പ്രസ്ഥാനം കുന്നംകുളത്ത് നിന്ന് തുടങ്ങിയെങ്കിലും ദേശീയ തലത്തിൽ അത് വളർന്നത് വളരെ കഴിഞ്ഞിട്ടായിരുന്നു (*സഭാചരിത്ര വിജ്ഞാന കോശം*, ഫാ. ഡോ. ജോസഫ് ചീരൻ, പേജ് 236-237).

കടവല്ലൂർ 'അന്യോന്യം' പ്രശസ്തമാണ്. ഋഗ്വേദം പഠിച്ചവർ മത്സരത്തിൽ പങ്കെടുക്കുകയും, അവസാനത്തെ പരീക്ഷ പാസ്സാകുന്നവർ "കടന്നിരിക്കൽ" എന്ന സ്ഥാനത്തിന് അർഹരാകുകയും ചെയ്യുന്നത് ഇന്നും നടന്നു കൊണ്ടിരിക്കുന്ന ഒരു പരീക്ഷാ സമ്പ്രദായമാണ്. കടവല്ലൂർ കുന്നംകുളത്തിനടുത്ത പ്രദേശമാണ്.

വള്ളത്തോൾ ചെറുതുരുത്തിയിൽ സ്ഥാപിച്ച കലാമണ്ഡലം തുടങ്ങിയത് കുന്നംകുളത്തു നിന്നാണ്. "കേരളത്തിന്റെ തനത് ദൃശ്യകലാരൂപങ്ങളായ കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ അനുഷ്ഠാനപ്രധാനങ്ങളായ കലാമാതൃകകൾ രൂപപ്പെട്ടത് കുന്നംകുളം പ്രദേശത്തു നിന്നാണ്. കഥകളിയുടെ പ്രാഗ്‌രൂപമായ കൃഷ്ണനാട്ടം ആദ്യം അരങ്ങേറിയത് കുന്നംകുളത്തിനടുത്തുള്ള ഗുരുവായൂർ ക്ഷേത്രത്തിൽ വെച്ചാണ്. ഈ കലാരൂപങ്ങളെ ചിട്ടപ്പെടുത്തുവാനും, ശാസ്ത്രീയമായി പരിശീലിപ്പിക്കുവാനും, വികസിപ്പിക്കാനുമായി, കേരള കലാമണ്ഡലം ആദ്യമായി ആരംഭിച്ചത്, 1930 നവംബർ 9-ാം തീയതി, കുന്നംകുളം പ്രദേശത്തുള്ള കക്കാട് വെച്ചായിരുന്നു. മണക്കുളം മുകുന്ദ രാജാവിന്റെ പ്രോത്സാഹനവും വള്ളത്തോളിന്റെ നേതൃത്വവും കുന്നംകുളത്തെ പ്രേക്ഷകരും ഈ സംരംഭത്തെ വളർത്തി. കുന്നംകുളത്തുള്ള മണക്കുളം രാജാവിന്റെ കുടുംബവക കഥകളിക്കോപ്പുകൾ ആണ് കലാമണ്ഡലത്തിന്റെ ആദ്യത്തെ ചമയങ്ങൾ. കുന്നംകുളം ARP പ്രസ്സിലെ പ്രൂഫ് റീഡർ ആയും, ആത്മപോഷിണി മാസികയുടെ പത്രാധിപർ ആയും മഹാകവി വള്ളത്തോൾ, കുന്നംകുളത്ത് താമസിക്കുമ്പോൾ ആണ്, കുന്നംകുളത്ത് കേരള കലാമണ്ഡലം സ്ഥാപിതമായത്. ബാലാരിഷ്ടതകൾ മാറിയതിന് ശേഷം മുളംകുന്നത്തുകാവിലേക്കും പിന്നീട് ചെറുതുരുത്തിയിലേക്കും, കലാമണ്ഡലം വികസിക്കുകയാണ് ഉണ്ടായത്."

## കുന്നംകുളം സ്വദേശിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ (1832-1909) തിരുമേനിയുടെ സംഭാവനകൾ

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരള നവോത്ഥാനത്തിന് മഹത്തായ സംഭാവനകൾ നൽകിയ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി, കുന്നംകുളത്തിന്റെയും മലങ്കരസഭയുടെയും അഭിമാനമാണ്. 19-ാം നൂറ്റാണ്ടിൽ മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസാനുഷ്ഠാനങ്ങളെ

നവീകരണ ആശയങ്ങൾകൊണ്ട് പാശ്ചാത്യവത്ക്കരിക്കാൻ ശ്രമം നടത്തിയിരുന്നു. അതിനെ ശക്തിയുക്തം ചെറുത്ത് ഓർത്തഡോക്സ് വിശ്വാസത്തെ സംരക്ഷിച്ച മഹാനായ വ്യക്തി ആയിരുന്നു പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി. പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ സഹോദരപുത്രനായ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിക്ക് സഭയെ നയിക്കാനും പ്രതിസന്ധികൾ തരണം ചെയ്യാനും ഉള്ള കരുത്ത് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ ദർശനവും, പ്രവർത്തനശൈലിയിൽ നിന്നുള്ള പ്രചോദനവും പ്രാർത്ഥനയിൽകൂടെസ്വയമായി ആർജ്ജിച്ച ശക്തിയും ആണെന്ന് പറയുന്നതാകും ശരി. മലങ്കര ഓർത്തഡോക്സ് സഭ, നവീകരണ ആശയങ്ങൾക്ക് കീഴ്പ്പെടേണ്ടിവരും അല്ലെങ്കിൽ അന്ത്യോഖ്യായിൽ നിന്നുള്ള പാത്രിയർക്കീസന്മാരുടെ കീഴിൽ പ്രവർത്തിക്കേണ്ടിവരും എന്ന ഘട്ടം വന്നപ്പോൾ, അതിനെയെല്ലാം ശക്തിയുക്തം ചെറുത്ത് അവസാന വിജയം നേടിയ വ്യക്തി ആയിരുന്നു പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി.

നവീകരണ ആശയങ്ങൾക്ക് എതിരായ ഓർത്തഡോക്സ് സഭയുടെ പുരാതനമായ വിശ്വാസസത്യങ്ങൾ ജനങ്ങളിൽ ഉറപ്പിച്ചു നിർത്തുന്നതിനുവേണ്ടി ആയിരുന്നു തിരുമേനി പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്സ്, സെന്റ് തോമസ് പ്രസ്സ് എന്നിവ സ്ഥാപിക്കുകയും ആരാധനക്രമങ്ങൾ അച്ചടിക്കുകയും സഭയിൽ പ്രയോഗത്തിൽ വരുത്തുകയും ചെയ്തത്.

കേരള പതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുകയും അതുവഴി സഭയുടെ വിശ്വാസസത്യങ്ങൾ ജനങ്ങളിൽ എത്തിക്കുകയും ചെയ്തു. "കേരളപതാക"യിലൂടെയാണ്, തിരുമേനി നവോത്ഥാന കാഴ്ചപ്പാടുകൾ ജനഹൃദയങ്ങളിൽ എത്തിച്ചത്. സഭാമക്കളെ ഐക്യത്തിൽ നിലനിർത്തിയത് "ഇടവക പത്രിക"യിലെ ലേഖനങ്ങളിൽ കൂടെ ആണ്. ഈഴവ സമുദായവും നായർ സമുദായവും നമ്പൂതിരി സമുദായവും ഒടുവിൽ മുസ്ലീം സമുദായവും ആദ്യന്തപരിശോധനക്കും ശുദ്ധീകരണത്തിനും, സംഘടിതമായ യത്നം ആരംഭിച്ചത് "സുറിയാനി സുവിശേഷകൻ" എന്ന മാസികയുടെ പ്രേരണയിൽ ആണ്. മലയാള ഭാഷയിലെ രണ്ടാമത്തെ യാത്രാവിവരണം ആയ "ഒരു പരദേശ യാത്രയുടെ കഥ" രചിക്കുകയും മലയാള ഗദ്യസാഹിത്യത്തിന് ഒരു മുതൽകൂട്ടാക്കുകയും ചെയ്തു പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി.

കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടനയായ "മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ" (1873) രൂപംനൽകിയത് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി ആയിരുന്നു. തിരുമേനിയുടെ ഏറ്റവും വലിയ സംഭാവന 250-ഓളം സ്കൂളുകൾ സ്ഥാപിച്ചു എന്നതാണ്. യാത്രാ

സൗകര്യങ്ങൾ വളരെ വിരളമായിരുന്നു ആ കാലഘട്ടത്തിൽ എന്നതു ഓർക്കുമ്പോൾ സ്കൂളുകൾ സ്ഥാപിച്ചത് വലിയ നേട്ടമായിത്തന്നെ കണക്കാക്കണം. സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് വിദ്യാഭ്യാസം കൂടിയേ തീരൂ എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഇത്രയധികം സ്കൂളുകൾ സ്ഥാപിച്ച ഒരു വ്യക്തി, കേരളത്തിൽ വേറെ ജീവിച്ചിരുന്നിട്ടില്ല. മലയാള വിദ്യാഭ്യാസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും ഒരുപോലെ തിരുമേനി പ്രോത്സാഹിപ്പിച്ചു. ഗവൺമെന്റിൽ നിന്ന് ഗ്രാന്റ് കിട്ടാൻ ബുദ്ധിമുട്ടു വന്ന അവസരങ്ങളിൽ തന്റെ സ്വർണ്ണമോതിരവും അംശവടിയും പണയം വെച്ചിട്ടുപോലും സ്കൂളുകൾ നിലനിർത്താൻ തിരുമേനി കാണിച്ച ഉത്സാഹം സഭയും സഭയ്ക്കു വെളിയിലുള്ളവരും വിലയിരുത്തി കാണാത്തതിൽ ദുഃഖം പ്രകടിപ്പിക്കുകയേ നിവൃത്തിയുള്ളൂ.

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ മേൽനോട്ടത്തിൽ അവർണ്ണരെ ശുദ്ധീകരിക്കാനായി അക്ഷരാഭ്യാസ ക്ലാസ്സുകളും നടത്തിയിരുന്നു. ശുചിത്വബോധം ഈ ക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്നു. പിൽക്കാലത്ത് "സ്ലീബാദാസ സമൂഹം" ഈ പ്രവർത്തനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടു സമൂഹത്തിന് സേവനം നൽകിവരുന്നു എന്നത് ഇവിടെ ഓർത്തുപോകുന്നു. അവർണ്ണരെ കൂടി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ തിരുമേനി നടത്തിയ ശ്രമം, ഒരിക്കലും മറക്കാവുന്നതല്ല. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളം മുൻകാല പ്രവർത്തകരെ വേണ്ടവിധം ആദരിക്കുന്നില്ല എന്നതു എടുത്തുപറയാതെ വയ്യ.

നിധിയിരിക്കൽ മാണി കത്തനാർ (1842–1904), പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയും ആയി സഹകരിച്ച് കോട്ടയത്ത് ഒരു "ജാത്യൈക്യ സംഘടന" രൂപവൽക്കരിക്കാൻ ശ്രമിക്കയും കോട്ടയത്ത് ഇരുവരുടെയും പേരിൽ "വുഡ്ലാൻഡ്സ്" ബംഗ്ലാവും സ്ഥലവും വിലകൊടുത്തു വാങ്ങുകയും ചെയ്തുവെങ്കിലും പിന്നീട് മാണി കത്തനാർ തന്റെ സഭയായ റോമൻ കത്തോലിക്കാ സഭയുടെ നിസ്സഹകരണം മൂലം ആ സംരഭത്തിൽ നിന്ന് ഒഴിവായപ്പോൾ അദ്ദേഹത്തിന്റെ ഷെയർ തിരിച്ചുകൊടുത്ത് ആ സ്ഥലം പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി സ്വന്തമാക്കി. ആ സ്ഥലം അങ്ങനെ മലങ്കരസഭയുടേതായി. ഇന്നത്തെ എം. ഡി., ബസേലിയോസ് കോളജ്, മലയാള മനോരമ ഉൾപ്പെടുന്ന വിസ്തൃമായ സ്ഥലം, അന്ന് വാങ്ങിയിരുന്നില്ലെങ്കിൽ അതു കേരള നവോത്ഥാനത്തിന്റെ ചരിത്രത്തിൽ പല സംഗതികൾക്കും കാരണമാകുമായിരുന്നില്ല. ജാത്യൈക്യ സംഘടന ഒരു എക്യുമെനിക്കൽ സ്വഭാവമുള്ള സംഘടനയായിരുന്നു. കത്തോലിക്കരും ഓർത്തഡോക്സുകാരുമായി ഒന്നിച്ചു പ്രവർത്തിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ സംഘടനയായിരുന്നു അത്. പക്ഷേ, നിർഭാഗ്യവശാൽ ആ സംഘടന നിലനിന്നില്ല. ജാത്യൈക്യ സംഘടന പരാജയ

മായിരുന്നുവെങ്കിലും അത് പ്രകടമാക്കിയ ഐക്യദാഹം ആവേശപ്രദ മായിരുന്നു. ലോകചരിത്രത്തിലെ ആദ്യ എക്യുമെനിക്കൽ പ്രസ്ഥാനമാ യിരുന്നു അത്. പിന്നീട് രൂപംകൊണ്ട പല സംഘടനകൾക്കും ജാത്യൈക്യ സംഘടന ഒരു പ്രചോദനം ആയിരുന്നു.

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ നവോത്ഥാന പ്രവർത്തന ങ്ങളിൽ ദയറാ പ്രസ്ഥാനവും ഉൾപ്പെടുന്നു. അവിവാഹിതരായ വൈദി കരെ പൂർണ്ണസമയവും സഭയ്ക്ക് ഉപയോഗപ്പെടുത്തുവാൻ വേണ്ടിയാണ് തിരുമേനി ദയറാ പ്രസ്ഥാനം തുടങ്ങിയത്. വെട്ടിക്കൽ ദയറാ ആയിരുന്നു ആദ്യം തുടങ്ങിയത്. സഭയിലെ പ്രഥമ പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട പരുമല തിരുമേനി ഈ ദയറായുടെ സന്താനമാണ്. അതുപോലെ തന്നെ പുലിക്കോട്ടിൽ രണ്ടാമൻ തുടങ്ങിവെച്ച പ്രസ്ഥാനമാണ് വിദ്യാർത്ഥി പ്രസ്ഥാനം (പിന്നീട് മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം - MGOCSM).

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ കാലം വരെ രാജകൊട്ടാര ത്തിലെ ഉയർന്ന ഉദ്യോഗങ്ങൾ കയ്യടക്കിവെച്ചിരുന്നത് ബ്രാഹ്മണരായി രുന്നു. സമുദായത്തിൽ അർഹമായ ജോലി എല്ലാവർക്കും ലഭിക്കുവാൻ വേണ്ടിയുള്ള കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മംഗളപത്രം തിരു മേനി വിശാഖം തിരുനാൾ കോട്ടയം സന്ദർശിച്ചപ്പോൾ കൊടുത്തിരുന്നു. അതു പിന്നീട് ഫലം കണ്ടു. തിരുമേനിയുടെ ആശയങ്ങൾ പ്രചരിപ്പിക്കു ന്നതിന് വളർന്നുകൊണ്ടിരുന്ന മലയാള മനോരമയും സഹായിക്കുകയു ണ്ടായി. തിരുമേനിയുടെ പ്രവർത്തനഫലമായാണ് ഒരു "മലങ്കര മഹാജ നസഭ" ഉണ്ടായത്. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സഭാമക്കളായിരുന്നു അതിലെ അംഗങ്ങൾ. അതും കേരള നവോത്ഥാനത്തിന്റെ ഒരു കണ്ണി യായി പ്രവർത്തിച്ചിരുന്നു. അങ്ങനെ സാംസ്കാരിക ജീവിതത്തിലും സഭാ ജീവിതത്തിലും കേരളത്തെ നവോത്ഥാനത്തിന്റെ രാജപാതയിലേക്ക് നയിച്ച പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയെ സ്മരിക്കാതെ കേരള നവോത്ഥാനത്തെ വിവരിക്കാൻ സാധിക്കയില്ല. രണ്ടു പുലിക്കോട്ടിൽ തിരു മേനിമാരും കുന്നംകുളത്താണ് ജനിച്ചത് എങ്കിലും അവർ പ്രവർത്തി ച്ചതു കുന്നംകുളത്തിനുവേണ്ടി മാത്രമായിരുന്നില്ല; സഭയ്ക്ക് ആകമാനവും കേരള ജനതയ്ക്കും വേണ്ടി ആയിരുന്നു.

## കുന്നംകുളം സാംസ്കാരിക വിനിമയ കേന്ദ്രം

ക്രിസ്തുവിനു മുമ്പേതന്നെ കൊടുങ്ങല്ലൂർ ഒരു തുറമുഖമായിരുന്നു. കൊടുങ്ങല്ലൂർ നിന്നും കപ്പൽ വഴി നടന്നിരുന്ന കച്ചവടത്തിൽ പുരാതന കാലം മുതൽക്കേതന്നെ ചാട്ടുകുളങ്ങര അങ്ങാടി സ്ഥാനം നേടിയിരുന്നു. കച്ചവട പ്രാധാന്യമുള്ള ചാവക്കാടും ഗുരുവായൂരും പാലയൂരും

കുന്നംകുളത്തിനടുത്തുള്ള പ്രദേശങ്ങൾ ആണ്. സാംസ്കാരിക തലസ്ഥാനമായ തൃശൂർ ഒരു പട്ടണമായി വികസിക്കുന്നതിനു മുമ്പേ തന്നെ ഗുരുവായൂരും ചാവക്കാടും ചാട്ടുകുളങ്ങരയും (ആർത്താറ്റും) സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയായിരുന്നു എന്നത് ഒരു വാസ്തവമാണ്. അതുകൊണ്ട് കേരള നവോത്ഥാനത്തിന് പുരാതന നഗരമായ കുന്നംകുളവും കുന്നംകുളത്തിന്റെ പാരമ്പര്യവും നൽകിയിട്ടുള്ള സംഭാവനകളെ ഒരിക്കലും കുറച്ചുകാണുവാൻ സാധിക്കുകയില്ല.

## References


1. ഭാസ്കരനുണ്ണി എ. "പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം", കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000.

2. ഗോപാലകൃഷ്ണൻ, പി. കെ., "കേരളത്തിന്റെ സാംസ്കാരിക ചരിത്രം", കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

3. ജേക്കബ് കുര്യൻ, ഫാ. ഡോ., ചീഫ് എഡിറ്റർ, "സഭാജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് I. 175-ാം ചരമ വാർഷിക സ്മരണിക, 1991, മലങ്കരസഭാ മാസിക, കാതോലിക്കേറ്റ് അരമന, കോട്ടയം, 1991.

4. ജോസഫ് ചീരൻ, ഫാ. ഡോ., "മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ്", ആത്മപോഷിണി, കരിക്കാട്, കുന്നംകുളം, 2004.

5. ജോസഫ് ചീരൻ, ഫാ. ഡോ., "മഹാത്മാവായ കർമ്മയോഗി" (പ. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II), ആത്മപോഷിണി, കുന്നംകുളം, 2005.

6. ജോസഫ് ചീരൻ, ഫാ. ഡോ., "ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം", കോട്ടയം, 2007.

7. "കണ്ടനാട് ഗ്രന്ഥവരി", ശെമവൂൻ മാർ ദീവന്നാസ്യോസ്, ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, M.J.D. പബ്ളീഷിംഗ് ഹൗസ്, കുന്നംകുളം, 2008, എഡി.: ഫാ. ഡോ. ജോസഫ് ചീരൻ.

8. ജോസഫ് ചീരൻ, ഫാ. ഡോ., "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ", കുന്നംകുളം, 1992.

9. ജോസ് പുലിക്കോട്ടിൽ, ഫാ., "കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് I മെത്രാപ്പോലീത്താ, "പുലിക്കോട്ടിൽ ഒന്നാമൻ 175-ാം ചരമ വാർഷിക ജൂബിലി കുന്നംകുളം ഭദ്രാസന കമ്മറ്റി, 1991.

10. പി. സി. മാത്യു പുലിക്കോട്ടിൽ, അഡ്വ., "ആർത്താറ്റ് പള്ളിപ്പാട്ടും ചരിത്രരേഖകളും", 1994.

11. പോൾ മണവാളൻ, ഫാ. "കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും", ഡി.സി. ബുക്സ്, കോട്ടയം, 1990.

12. ശ്രീധരമേനോൻ, എ. "കേരള ചരിത്രം", സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1983.

13. ശശിഭൂഷൺ എം. ജി., ഡോ., "കേരളത്തിലെ ചുവർ ചിത്രങ്ങൾ", കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

14. വാലത്ത് വി. വി. കെ., "കേരളത്തിലെ സ്ഥലചരിത്രങ്ങൾ - തൃശ്ശൂർ ജില്ല", കേരള സാഹിത്യ അക്കാദമി, 2003.

**Websites**

1. en.wikipedia.org/wiki/Claudius Buchanan... cached-similar

2. The Storm in the East: A sermon preached in the parish church of St. James, Bristol on Sunday Feb. 26, 1809. books.google.co.in/books?id= 4VwXAAAYAAJ.

3. Saktan Thampuran by Puthezhathu Raman Menon III Edn. pp. 291. www.malankaraorthodoxchurch.org/hist.ofkkm-cached-similar

4. www.holypal.com/profiles/.../ V. nagal-missionarytogods-own-cached-similar

5. www.dimdim.com/.../ build asp? tit=33&q...Vallathol Narayana Menon-cached

(*'യുഗതേജസ്സി'*ൽ നിന്നും)

# ഇ. എം. ഫിലിപ്പെന്ന വിശ്വസ്ത സഹചാരിയുടെ സാക്ഷ്യം

## ലെജു പി. തോമസ്

യുഗപ്രഭാവനും ചാണക്യ തന്ത്രജ്ഞനുമായിരുന്നു മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്നറിയപ്പെട്ട കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ മാർ ദീവന്നാസ്യോസ് അഞ്ചാമൻ. രണ്ടു പ്രധാന ഭീഷണികളെയാണ് അദ്ദേഹം നേരിടേണ്ടിവന്നത്.

ഒരു വശത്ത് പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽ നിന്നും മലങ്കരസഭയെ രക്ഷിക്കേണ്ട മുഖ്യകർത്തവ്യവും മറുവശത്ത് വർദ്ധിച്ചുവരുന്ന അന്ത്യോഖ്യൻ അധിനിവേശത്തിന്റെ സമ്മർദ്ദത്തെയും തടുത്തു നിർത്തേണ്ടിയിരുന്നു.

1889-ലെ റോയൽ കോടതി വിധി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കര മേലുള്ള അധികാരം ആത്മീയം മാത്രമാണെന്നു നിശ്ചയിച്ചു. കീഴ്കോടതി വിധികളിൽ ഉൾപ്പെടാത്ത ഈ പരാമർശനം മാർ ദീവന്നാസ്യോസ് അഞ്ചാമൻ സ്വാധീനമുപയോഗിച്ച് ഉൾപ്പെടുത്തിയതാണെന്ന് സ്വകക്ഷിയിലെ തന്നെ ബാവാഭക്തരും ആരോപിച്ചു.

ഈ രണ്ടാരോപണങ്ങളും വാസ്തവ വിരുദ്ധമാണെന്ന് വ്യക്തമായ ഒരു സാക്ഷ്യം ഉണ്ട്. 1882 മുതൽ മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ വ്യവഹാര കാര്യസ്ഥനും കാര്യദർശിയുമായിരുന്ന ഇടവഴിക്കൽ ഇ. എം. ഫിലിപ്പാണ് ഈ സാക്ഷ്യം നൽകുന്നത്. അദ്ദേഹം എഴുതിയതും 1956-ൽ മാത്രം പ്രസിദ്ധീകരിച്ചതുമായ "മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. ഫിലിപ്പോസ് ഒരു സ്വഹസ്ത ചരിതം" എന്ന ആത്മകഥയിലാണ് ഈ സാക്ഷ്യം രേഖപ്പെടുത്തിയിരിക്കുന്നത്. ക്നാനായ സമുദായാംഗമായ ഇ. എം. ഫിലിപ്പ്, കോട്ടയം ഇടവഴിക്കൽ പീലിപ്പോസു കത്തനാരുടെ പുത്രൻ മാത്തുവിന്റെയും പള്ളം തൈപ്പറമ്പിൽ അച്ചാമ്പിളയുടെയും പുത്രനായി 28-1-1857 ൽ ജനിച്ചു. ഇടവഴിക്കൽ ഫിലിപ്പോസ് കോർഎപ്പിസ്കോപ്പാ, ക്നാനായ ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ സേവേറിയോസ് എന്നിവർ പിതൃസഹോദരങ്ങളാണ്. 1876-ൽ തുരുത്തിക്കാട്ട് കണ്ടല്ലുമണ്ണിൽ കുഞ്ഞച്ചുവിനെ വിവാഹം കഴിച്ചു.

1877-ൽ കോട്ടയം സി.എം.എസ്. കോളജിൽ നിന്നും മെട്രിക്കുലേഷൻ പാസായി. പഠിക്കാൻ അതീവ സമർത്ഥനായിരുന്നെങ്കിലും വീട്ടിലെ സാഹചര്യങ്ങൾ മൂലം പഠനം അവസാനിപ്പിച്ചു. ഏതാനും വർഷം വിവിധ

ജോലികൾ ചെയ്തശേഷം 1882-ൽ തിരുവിതാംകൂർ സർക്കാർ സർവ്വീസിൽ ഹെഡ്മാസ്റ്ററായി നിയമനം ലഭിച്ചു.

എന്നാൽ മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ അഭ്യർത്ഥനപ്രകാരം സർക്കാർ ജോലിയിൽ ചേരാതെ അദ്ദേഹത്തിന്റെ വ്യവഹാര കാര്യസ്ഥനായി. 1906 വരെ നീണ്ട എല്ലാ കേസുകളും വിജയപഥമെത്തിച്ചതിൽ ഇ. എം. ഫിലിപ്പിന്റെ പങ്ക് നിസ്സീമമാണ്. ഈ കേസുകളിൽ ഏറ്റവും പ്രധാനപ്പെട്ടവ സിമ്മനാരി കേസ്, വട്ടിപ്പണക്കേസ്, കോട്ടയം ചെറിയപള്ളിക്കേസ്, ആർത്താറ്റു പള്ളിക്കേസ് എന്നിവയായിരുന്നു. അവയുടെ വിജയശില്പിയും ഇ. എം. ഫിലിപ്പായിരുന്നു.

നല്ലൊരു സാഹിത്യകാരനും പത്രപ്രവർത്തകനുമായിരുന്ന ഇ. എം. ഫിലിപ്പിനെ 1882-ൽ ആരംഭിച്ച മലങ്കര ഇടവകപത്രിക എന്ന സഭയുടെ മുഖപത്രത്തിന്റെ പത്രാധിപരായി നിയമിച്ചു. പ്രൊട്ടസ്റ്റന്റ് നവീകരണക്കാരുമായുള്ള ബൗദ്ധികയുദ്ധം മുഴുവൻ പിന്നീട് മലങ്കര ഇടവക പത്രിക വഴിയായിരുന്നു. അതിനു ചുക്കാൻ പിടിച്ചതു ഇ. എം. ഫിലിപ്പും.

പിതാമഹനായ ഫിലിപ്പോസു കത്തനാരുടെ ഇംഗ്ലീഷ് കൃതിയുടെ തർജമയായ സുറിയാനി സഭയുടെ സ്വരൂപം, മതോപദേശ പാലനം, പാപ്പായുടെ സർവ്വാധിപത്യ കൂഠാരം, മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ എന്നീ കൃതികളുടെ കർത്താവുമാണ് ഇ. എം. ഫിലിപ്പ്. ഇതിനിടയിൽ 1885 മുതൽ 1911 വരെ സഭവക സ്കൂളുകളുടെ കാര്യവാഹത്വവും വഹിച്ചു.

1882-ൽത്തന്നെ ഇ. എം. ഫിലിപ്പിനെ അസ്സോസ്സിയേഷൻ സെക്രട്ടറിയായി തിരഞ്ഞെടുത്തിരുന്നു. അബ്ദുള്ളാ പാത്രിയർക്കീസിന്റെ ആഗമനം മൂലം മലങ്കരയിൽ പ്രശ്നങ്ങൾ ഉരുണ്ടുകൂടാൻ തുടങ്ങിയതോടെ 1910-ൽ അസോസിയേഷൻ സെക്രട്ടറി സ്ഥാനം രാജിവെച്ചു. 25-08-1914 ൽ 57-ാം വയസ്സിൽ മരിച്ചു. കോട്ടയം വലിയപള്ളിയിൽ കബറടക്കി.

വലിയൊരു കുടുംബഭാരം ഉണ്ടായിരുന്നിട്ടും ഈ സഭാപ്രവർത്തനങ്ങളെല്ലാം ചെയ്തത് കാര്യമായ ഒരു പ്രതിഫലവും പറ്റാതെയാണ്. മാർ ദീവന്നാസ്യോസ് അഞ്ചാമനോടൊപ്പം ദീർഘകാലം (25 വർഷം) വസിക്കുകയും പട്ടിണിയിലും സന്തോഷത്തിലും ഒരുമിച്ചുണ്ടായിരിക്കുകയും ചെയ്ത ഇ. എം. ഫിലിപ്പിന്റേതിനേക്കാൾ മികച്ച ഒരു സാക്ഷ്യം മാർ ദീവന്നാസ്യോസ് അഞ്ചാമനെപ്പറ്റി വേറെ ലഭിക്കാനില്ല. അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

".... മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരസാമാന്യ സമർത്ഥനായിരുന്നു എങ്കിലും കേസു ജയിച്ചത് അദ്ദേഹത്തിന്റെയൊ വേറെ ആരുടെയെങ്കിലുമൊ സാമർത്ഥ്യം കൊണ്ടല്ലെന്നാണ് എന്റെ വിശ്വാസം.

അദ്ദേഹത്തിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു. മാനുഷിക മായ എല്ലാ വീഴ്ചകൾക്കും പാപങ്ങൾക്കും അദ്ദേഹം വശംവദനായി രുന്നു. എങ്കിലും അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടുകൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹ ത്തിൽ ഉണ്ടായിരുന്നു. ഏതു കാര്യം ഉദ്ദേശിച്ചുകൊണ്ടു അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായവിധത്തിൽ സാധിച്ചുകി ട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്കു ശക്തിയുണ്ടായി രുന്നു എന്നുള്ളതിനു ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു" (പേജ് 50–51).

അദ്ദേഹം ഇപ്രകാരം മറ്റൊരിടത്തു പറയുന്നു: ".... റോയൽ കോടതി ബാവായുടെ അധികാരാതൃത്തി അത്മീയങ്ങളിൽ അന്തർഭവിച്ചിരിക്കുന്നു എന്നും ലൗകികങ്ങളിൽ മലങ്കരസഭ സ്വതന്ത്ര സഭയാണെന്നും തീർച്ച പ്പെടുത്തിയിരിക്കുന്നു. ഇതു മെത്രാപ്പോലീത്താ ശുപാർശ ചെയ്തു പറ യിച്ചതാണെന്നാണ് ചിലരുടെ സംശയം. ഇതും അടിസ്ഥാനമില്ലാത്ത സംശയമാണെന്ന് ഞാൻ തീർച്ചയായി പറഞ്ഞുകൊള്ളുന്നു. ...." (പേജ് 49–50).

"..... ദൈവ നടത്തിപ്പിന് പല ലക്ഷ്യങ്ങൾ കണ്ടിട്ടുണ്ടെന്ന് മേൽ പറ ഞ്ഞുവല്ലോ. ദൃഷ്ടാന്തത്തിനായി ഒന്നു താഴെ പറയുന്നു. പരേതനായ പത്രോസ് പാത്രിയർക്കീസു ബാവാ ഇവിടെ എഴുന്നെള്ളിയിരുന്നപ്പോൾ മലങ്കര ഇടവകയെ ഏഴു ഇടവകകളായി തിരിച്ചു മെത്രാന്മാരെ വാഴിച്ചു. സ്ഥാത്തിക്കോൻ കൊടുത്തപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാന്മാരുടെയും അധികാരഭേദത്തെ വ്യക്തതപ്പെടുത്തുന്ന ഒരു രേഖയും ഉണ്ടാക്കിയില്ല. ഇടവക മെത്രാന്മാരുടെ സ്ഥാത്തിക്കോൻ വായി ച്ചാൽ അവർ അവരവരുടെ ഇടവകയിൽ സ്വതന്ത്രനായിരുന്നു എന്നല്ലാതെ മറ്റുവിധത്തിൽ അനുമാനിക്കാൻ പ്രയാസമായിരുന്നു. ഇതിനെ അടിസ്ഥാ നപ്പെടുത്തി മെത്രാന്മാരിലും ധാരാളം സൗന്ദര്യ തിരക്കുണ്ടായിരുന്നു. ആ തർക്കം കേസിൽ ആദായപ്പെടുത്തിക്കൊള്ളാമെന്നു എതിർ കക്ഷി കരു തിക്കൊണ്ട് വലിയ തിരുമേനിയുടെ മലങ്കര സ്ഥാത്തിക്കോൻ കൊച്ചു തിരുമേനികളുടെ ഇടവക സ്ഥാത്തിക്കോൻ കൊണ്ടു റദ്ദായിപ്പോയെ ന്നൊരു വാദം പുറപ്പെടുവിച്ചിരുന്നു. ഈ വാദം മെത്രാന്മാരുടെ മൊഴി കൊണ്ടു സ്ഥാപിച്ചുകൊള്ളാമെന്ന് അവർക്കു വിശ്വാസവും ഉണ്ടായിരുന്നു. അവരിൽ ആദ്യമായി മൊഴി കൊടുത്തതു പരേതനായ മാർ ഗ്രീഗോറി യോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തെ 13 ദിവസം കൊണ്ടാണു വിസ്തരിച്ചു തീർന്നത്. മലങ്കര മെത്രാപ്പോലീത്തായും ഇട വക മെത്രാപ്പോലീത്തായും തമ്മിലുള്ള ബന്ധങ്ങളും അധികാരഭേദ ങ്ങളും സംബന്ധിച്ച് എതിർകക്ഷി പലവിധത്തിൽ അദ്ദേഹത്തെ ക്രാസു ചെയ്ത കൂട്ടത്തിൽ ഒരിക്കൽ വളച്ചുകെട്ടി കുഴച്ചുമറിച്ച് ഒരു ദീർഘചോദ്യം

ചോദിച്ചു. ചോദ്യവാചകം എഴുതാൻ പത്തുവരിയിൽ കുറയാതെ വേണം. വാചകവും സംഗതിയും വലിയ വളച്ചുകെട്ടും കുഴപ്പവുമായിരുന്നു. ചോദ്യം മനസ്സിലാക്കാൻ പല ആവർത്തി വായിച്ചുകേൾപ്പിക്കേണ്ടിവന്നു. ഇത്ര ദീർഘ ചോദ്യത്തിനു സ്വതേയുള്ള ഉത്തരം "ഏസ്" അല്ലെങ്കിൽ "നോ" എന്ന ഒറ്റ വാക്കു മാത്രമേ വരേണ്ടതായിട്ടുള്ളു. ഏതു പറഞ്ഞാലും വാദിഭാഗത്തേക്കു ദോഷവുമായിരുന്നു. ... (ചോദ്യം പോലെ തന്നെ വളച്ചു കെട്ടിയ വാചകത്തിൽ എനിക്കു തോന്നിയ ഒരു ഉത്തരം ഒരു തുണ്ടുകടലാസിൽ എഴുതി അച്ചനെ കാണിച്ചേച്ചു) ഇതുപോലെ ഉത്തരം പറഞ്ഞാൽ തരക്കേടില്ല. ... ഇത്രയും ഞങ്ങൾ തമ്മിൽ സ്വകാര്യം പറഞ്ഞു കഴിഞ്ഞപ്പോൾ ആ മുറിയുടെ അകന്നകോണിൽ ഇരുന്നിരുന്ന സാക്ഷിക്കാരൻ ഉത്തരം പറഞ്ഞു. അതു ഞാൻ എഴുതിവച്ചിരുന്ന തുണ്ടുകടലാസ് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു അദ്ദേഹം നോക്കിവായിച്ചാൽ എങ്ങിനെയോ അപ്രകാരം പദംപ്രതിയായിരുന്നു. ... കുഴഞ്ഞു മറിഞ്ഞ വാചകത്തിൽ ഞാൻ എഴുതിവച്ച ഉത്തരം അദ്ദേഹം അക്ഷരം പ്രതി പറഞ്ഞുകേട്ടപ്പോൾ അദ്ദേഹത്തെയും എന്നെയും ഒരു വാചകത്തിൽ തോന്നിച്ചതു പരിശുദ്ധാത്മാവാണെന്നുള്ള ബോധ്യം മൂലം ആശ്ചര്യവും സന്തോഷവുംകൊണ്ട് എഴുതാൻ പാടില്ലാത്തവണ്ണം എന്റെ കൈയും ദേഹമാസകലവും വിറയ്ക്കാൻ തുടങ്ങി" (പേജ് 51–52).

"... ഈ സംഭാഷണാനന്തരം വലിയ തിരുമേനി കിളിമാനൂർ ചിത്രമെഴുത്തു കോയിത്തമ്പുരാനെ കാണുകയും വിധിയുടെ സ്മാരകമായി തിരുമനസ്സിലെ ഒരു എണ്ണച്ഛായാപടം വരയ്ക്കാൻ ഏർപ്പാടുചെയ്യുകയും ചെയ്തു. പടം എഴുതാൻ ആരംഭിച്ച ദിവസം തിരുമനസ്സുകൊണ്ട് തമ്പുരാന്റെ വസതിയിലേക്ക് യാത്രപുറപ്പെട്ടപ്പോൾ എന്നെക്കൂടെ ക്ഷണിച്ചു. തിരുമനസ്സിലെ പടം വരയ്ക്കുന്നതു കാണാൻ എന്ന ഭാവത്തിലാണ് എന്നെ വിളിച്ചത്. തമ്പുരാന്റെ വാസസ്ഥലത്തു ചെന്നപ്പോൾ തിരുമനസ്സിലെകൂടെ എന്റെ ഒരു പടം കൂടെ വരയ്ക്കണമെന്നും ഞാൻ വിധി വായിച്ചു കേൾപ്പിക്കുന്ന ഭാവത്തിൽ നിൽക്കണമെന്നും തമ്പുരാനോട് അറിയിച്ചപ്പോൾ മാത്രമാണ് എന്റെ പടം കൂടെ എഴുതിക്കണമെന്നു തിരുമനസ്സിലേക്ക് വിചാരമുണ്ടായിരുന്നു എന്ന് എനിക്കു മനസ്സിലായത്. ... കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഈ പടം കോട്ടയത്തു വരികയും സിമ്മനാരിയിൽ കമ്മട്ടിമാളികയിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു" (പേജ് 56–57).

".... (ഇടവക) പത്രിക ഇറക്കാനുള്ള സമയം അടുത്തു വരുന്നു. പത്രികയ്ക്ക് പത്രാധിപരൊ ലേഖകന്മാരൊ ഇല്ലായിരുന്നു. തിരുമനസ്സിലേക്ക് തിരുവനന്തപുരത്തേക്ക് നീങ്ങാൻ അത്യാവശ്യവും നേരിട്ടു. ഈ ചുമതല എന്റെ പിടലിയേൽ താങ്ങിപിടിച്ചുവച്ചേച്ച് പോകാൻ അദ്ദേഹം പല സൂത്രങ്ങൾ നോക്കിയതൊന്നും ഫലിച്ചുമില്ല. ഈ സ്ഥിതിയിൽ അദ്ദേഹം

മനോവേദനയിൽ ഇരിക്കുമ്പോൾ തിരുവനന്തപുരത്തേക്കു യാത്ര പുറപ്പെട്ടു. ഈ ചുമടു എന്റെ തലയിൽ നിന്നു ഒഴിഞ്ഞു എന്നോർത്ത് ഞാൻ സമാധാനപ്പെട്ടിരിക്കുമ്പോൾ അടുത്ത ദിവസം രാവിലെ സിമ്മനാരി വിചാരിപ്പു കറുകയിൽ ഈപ്പൻ തിരുമനസ്സിലെ ഒരു കല്പന എന്റെ പക്കൽ തന്നു. ഇടവകപ്പത്രികക്കാര്യം തിരുമനസ്സിലെ യാത്രാസമയം പറയാൻ മറന്നുപോയി എന്നു ഭാവിച്ചുകൊണ്ട് തിരിച്ച് എഴുന്നള്ളുന്നതുവരെ രണ്ടു മാസത്തേക്ക് പത്രിക നടത്തണമെന്നു നിർബന്ധത്തോടുകൂടി ആവശ്യപ്പെടുന്ന ഒരപേക്ഷ ഇതിൽ അടങ്ങിയിരുന്നു. പത്രിക ജനിച്ചു എന്നും മരിച്ചു എന്നും ഒരേ സമയത്തു കേൾക്കാൻ ഇടവരുമല്ലോ എന്നോർത്തു രണ്ടു മാസത്തെ ചുമതല വൈമനസ്യത്തോടുകൂടെ ഞാൻ ഏറ്റു. ...” (പേജ് 80).

“.... സെക്രട്ടറിയുടെ നിലയിൽ എനിക്കു കൂടി പ്രയത്നിക്കാൻ ഭാഗ്യം ലഭിച്ച വേറൊരു പ്രധാന സംഗതിയായി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലി ആഘോഷത്തെക്കുറിച്ച് പറയാവുന്നതാണ്. ആ തിരുമേനി കശ്ശീശാസ്ഥാനത്തു പ്രവേശിച്ചിട്ട് അൻപതു വർഷം തികഞ്ഞത് 1901-ൽ ആയിരുന്നു. ആയാണ്ടു വൃശ്ചികമാസം 12-നു ജൂബിലിയായി ആഘോഷിക്കണമെന്ന് ഒരു പൊതുയോഗം നിശ്ചയിച്ചു. അതിലേക്ക് ഫാദർ വി. ജെ. ഗീവർഗീസ് മല്പാനെ സെക്രട്ടറിയാക്കി ഒരു കമ്മട്ടി ഏർപ്പെടുത്തി. സെക്രട്ടറിക്കു സഹായിയായി ഇതു സംബന്ധമായ എല്ലാ പ്രവൃത്തികളും യഥാശക്തി ഞാൻ ചെയ്യാതിരുന്നില്ല. ജൂബിലി സംബന്ധിച്ചുണ്ടായ എല്ലാ എഴുത്തുകുത്തുകളും നടത്തിയതും ജൂബിലിക്കാലങ്ങളിൽ ശ്രേഷ്ഠാനുവാദപ്രകാരം പള്ളികളിൽ ഉപയോഗിച്ച പ്രത്യേക പ്രാർത്ഥനാക്രമം എഴുതി ഉണ്ടാക്കിയതും ഞാനായിരുന്നു. മലങ്കരസഭയിൽ അഭൂതപൂർവ്വം നടത്തിയ ഈ മഹോത്സവം സർവ്വത്ര വിജയകരമാക്കിത്തീർക്കാൻ സഹായിച്ച അനേകം മഹാമനസ്കരുടെ കൂട്ടത്തിൽ ഒരു പങ്കുകാരനാകാൻ എനിക്കും ഭാഗ്യം ലഭിച്ചത് അത്യന്ത കൃതാർത്ഥതയോടുകൂടി ഞാൻ സ്മരിച്ചുകൊള്ളുന്നു” (പേജ് 108).

“.... മാർ ദീവന്നാസ്യോസു വലിയ മെത്രാപ്പോലീത്തായും ഞാനും തമ്മിലുണ്ടായിരുന്ന സൗഹാർദ്ദത്തെക്കുറിച്ചുകൂടെ അല്പം വിവരിക്കണമെന്നു തോന്നുന്നു. തിരുമനസ്സുകൊണ്ട് ജനിച്ച പുലിക്കോട്ടു കുടുംബവും ഞാൻ ജനിച്ച ഇടവഴിക്കൽ കുടുംബവും മൂന്നു തലമുറയായി വിശേഷവിധമായ ഒരു കെട്ടുപാടൊ ജ്യോത്സ്യന്മാർ പറയുന്നതുപോലെ പൊരുത്തമൊ ഉണ്ടായിരുന്നതായി വിചാരിക്കാം. പുലിക്കോട്ടു കുടുംബത്തിലെ ഒന്നാമത്തെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വൈദിക വിദ്യാഭ്യാസത്തിനായി സ്ഥാപിച്ച കോട്ടയത്തു സിമ്മനാരിയിലെ പ്രാരംഭ വിദ്യാർത്ഥികളിൽ ഒരുവനായിരുന്നു എന്റെ പിതാമഹൻ പീലിപ്പോസു കശീശാ.

അന്ന് ഈ പീലിപ്പോസ് ശെമ്മാശന് മെത്രാപ്പോലീത്തായെക്കുറിച്ചും മെത്രാപ്പോലീത്തായ്ക്ക് ശെമ്മാശനെക്കുറിച്ചും പരസ്പര സ്നേഹ ബഹുമാനങ്ങൾ ഉണ്ടായി. മലയാളത്തു പരിശുദ്ധന്മാരായി ആരെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അവരിൽ പ്രഥമ സ്ഥാനത്തിനു അർഹൻ ഈ മെത്രാപ്പോലീത്തായാണെന്ന് പീലിപ്പോസു കശീശാ തന്റെ നാളാഗമത്തിൽ എഴുതിയിട്ടിരിക്കുന്നു. ആ മെത്രാപ്പോലീത്തായുടെ അനന്തിരവൻ ഇട്ടൂപ്പു കത്തനാർ പീലിപ്പോസു കശീശായുടെ സതീർത്ഥ്യനും സ്നേഹിതനുമായിരുന്നു. മാത്യൂസ് അത്താനാസ്യോസിന്റെ അഴിമതികളെയും അതിനെ തടുത്തുള്ള കൂറിലോസു ബാവായുടെ അപ്രാപ്തിയെയും കുറിച്ചു വിലപിച്ചുകൊണ്ടിരുന്ന പീലിപ്പോസ് കശ്ശീശാ കണ്ടുപിടിച്ച പരിഹാരമാർഗ്ഗം പ്രാപ്തനായ ഒരു നാട്ടുകാരൻ കശീശായെ മർദ്ദീനിൽ അയച്ച് മേല്പട്ടം കൊടുപ്പിച്ചു വരുത്തണമെന്നായിരുന്നു. ഈ അഭിപ്രായം എഴുതിയയച്ച് മാർ ഇഗ്നാത്തിയോസ് യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ സമ്മതം വരുത്തിക്കൊണ്ടു മലങ്കരയുള്ള തന്റെ പരിചിതന്മാരായ കശീശന്മാരെയെല്ലാം പീലിപ്പോസ് കശീശാ തന്റെ ആത്മക്കണ്ണുകൊണ്ട് പരിശോധിച്ചിട്ട് യോഗ്യനെന്നു കണ്ടുപിടിച്ചത് പുലിക്കോട്ടിൽ കൊച്ചു യൗസേപ്പ് കത്തനാരെയായിരുന്നു. അദ്ദേഹത്തെ എഴുതിയയച്ച് വരുത്തി നിർബന്ധിച്ചു വേണ്ട എഴുത്തുകളോടുകൂടെ മർദ്ദീനിലേക്കയയ്ക്കയും മാർ കൂറിലോസു ബാവായുടെ വിരോധക്കത്തുകളെ തൃണപ്രായമാക്കി പാത്രിയർക്കീസു ബാവായെക്കൊണ്ട് സ്ഥാനം കൊടുപ്പിക്കയും ചെയ്തതു പീലിപ്പോസു കശീശായായിരുന്നു. പുലിക്കോട്ടു കുടുംബവും ഇടവഴിക്കൽ കുടുംബവും തമ്മിൽ രണ്ടു തലമുറയ്ക്കു മുമ്പ് ആരംഭിച്ച ബന്ധം ഈ സംഭവത്തോടുകൂടെ പൂർവ്വാധികം ബലപ്പെട്ടു. എന്റെ കുടുംബത്തോടു മെത്രാപ്പോലീത്തായ്ക്കും അദ്ദേഹത്തോടും ഞങ്ങൾക്കും ഒരു പ്രത്യേക സ്നേഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുവാൻ തുടങ്ങിയതിൽ പിന്നെ പൂർവ്വ സ്നേഹം വർദ്ധിച്ചുകൊണ്ടിരുന്നതേയുള്ളൂ. ...

ശിരസ്സ് അളന്ന് അഭിപ്രായം പറയുന്ന ഡോക്ടർ തേഷ്ടൻ സായ്പ് കോട്ടയത്തു വന്നപ്പോൾ മെത്രാപ്പോലീത്തായുടെയും എന്റെയും തലയളക്കാൻ ഇടയായി. അപ്പോൾ അദ്ദേഹം പറഞ്ഞത്. 'മെത്രാപ്പോലീത്തായ്ക്ക് ചേർച്ചയായ സെക്രട്ടറി' എന്നായിരുന്നു. മെസ്മരവിദ്യയുടെ ഒരു ശാഖയായി Thought reading എന്നൊരു വിദ്യയുണ്ടെന്നു കേട്ടിട്ടുണ്ട്. രണ്ടാളുകൾ തമ്മിൽ പൂർണ്ണമനച്ചേർച്ചയുണ്ടായാൻ ഒരുത്തൻ വിചാരിക്കുമ്പോൾ മറ്റവൻ അറിയും. ഇതിനാണ് Thought reading എന്നു പറയുന്നത്. മെത്രാപ്പോലീത്തായും ഞാനും തമ്മിൽ ഇതിനോടു ഒട്ടു അടുത്ത ഒരു ചേർച്ചയുണ്ടായിരുന്നു എന്നു പല സംഭവങ്ങളാൽ എനിക്കു തോന്നി

യിട്ടുണ്ട്. എന്നെ വിളിച്ചുകൊണ്ടു ചെല്ലാൻ സിമ്മനാരിയിൽ ഇരുന്നു കൊണ്ടു അദ്ദേഹം ശിപായിയോട് ആജ്ഞാപിക്കുമ്പോൾ സ്വഭവനത്തി ലിരിക്കുന്ന എനിക്കു സിമ്മനാരിക്കു പോകണമെന്നു വിചാരമുണ്ടാകും. ഉടൻ ഞാൻ പുറപ്പെടുകയായി. സിമ്മനാരിക്കും എന്റെ വീടിനും മദ്ധ്യേ വച്ച് എന്നെ വിളിക്കാൻ വരുന്ന ശിപായിയെ ഞാൻ എതിരേല്ക്കും. ഇങ്ങ നെയുള്ള സംഭവം ഒരിക്കലല്ല, പത്തോ, നൂറോ, പ്രാവശ്യമല്ല, അതിൽ അധികം പ്രാവശ്യം ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. വല്ല പ്രത്യേക കാര്യവും എന്നോടു പറയാൻ അദ്ദേഹം മനസ്സിൽ ആലോചിക്കുമ്പോൾ ആ കാര്യം ഞാൻ പ്രസ്താവിക്കയും അദ്ദേഹം അതിശയം കൂറുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം Thought reading ന്റെ ഒരു വകഭേദമല്ലയോ എന്നു ഞാൻ വിചാരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന് എന്നിലും എനിക്ക് അദ്ദേഹത്തിലും പരസ്പരം പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു. പ്രായം കൂടുന്തോറും ഈ വിശ്വാസം വർദ്ധിച്ചു വന്നു. ഒടുവിൽ താൻ ഒപ്പിടേണ്ട പ്രധാന രേഖകൾ ഒന്നും എന്നെ കാണിച്ച് എന്റെ അഭിപ്രായം അറിയാതെ അദ്ദേഹം ഒപ്പിടുകയില്ലെന്നായി. ഇംഗ്ലീഷ് എഴുത്തുകൾ ആയി രുന്നാൽ അവ എഴുതിയ ആൾ എത്ര വിശ്വസ്തനോ സർവ്വസമ്മതനോ ആയിരുന്നാലും ഞാൻ സമീപേ ഇല്ലെങ്കിൽ വല്ല കാരണവും പറഞ്ഞു വച്ചു സൂക്ഷിക്കയും എന്നെ കാണിച്ചശേഷം മാത്രം ഒപ്പിട്ടു കൊടുക്കയും ചെയ്യുന്നതു വഴക്കമായിരുന്നു. നേരെ മറിച്ച് എന്റെ കൈപ്പട കണ്ടാൽ വായിച്ചു കേൾക്കാതെ ഒപ്പിട്ടുകൊടുക്കാനും അദ്ദേഹം സംശയിക്കയില്ല. ആ തിരുമേനിക്ക് എന്റെ മേൽ ഉണ്ടായിരുന്ന വാത്സല്യാതിരേകത്തെ കാണിക്കുന്ന പല എഴുത്തുകൾ ഉണ്ടെങ്കിലും മാതൃകയായി ഒരെഴുത്തിൽ നിന്നു ഒരു ഭാഗം താഴെ പകർത്തുന്നു:

"നമ്പർ 52.

നമ്മുടെ പ്രിയ പുത്രനാകുന്ന പോത്തച്ചനു വാഴ്വ്. അയച്ചതായ എഴുത്തും ലണ്ടനിലേക്കയപ്പാനുള്ള എഴുത്തുകളും കിട്ടി വിവരങ്ങൾ അറിഞ്ഞ് സന്തോഷിക്കുന്നു. എഴുത്തിലെ താല്പര്യപ്രകാരം എഴുത്തു കളിൽ ഒപ്പും മുദ്രയും വച്ചയയ്ക്കുന്നു. നമ്മുടെ സമുദായത്തിനുവേണ്ടി നീ ചെയ്തിട്ടുള്ളതും ഇപ്പോൾ ചെയ്തുവരുന്നതുമായ മഹത്തായ പ്രവൃ ത്തികൾക്കുവേണ്ടി നിന്നിൽ എത്ര നാം സന്തോഷിക്കുകയും നിനക്കു വേണ്ടി എന്റെ ദൈവത്തോടു എത്രയോ നാം പ്രാർത്ഥിച്ചു വരികയും ചെയ്യുന്നു എന്ന് എന്റെ ദൈവം മാത്രം അറിയുന്നു എന്നല്ലാതെ ഒന്നൊ ന്നായി വിവരിച്ചു പറയാൻ നാം ശക്തനല്ല. നിന്നെക്കുറിച്ചു മൊത്തമായി പറയുന്നതായാൽ നമ്മുടെ ബലഹീനതയെ താങ്ങുവാനും നമ്മുടെ സഭ യ്ക്കുവേണ്ടി യുദ്ധം ചെയ്യുവാനുമായി ദൈവം നമുക്ക് നൽകിയ ആയു ധമായി നാം വിശ്വസിക്കുന്നു. ... നീ നമുക്കും നമ്മുടെ സമുദായത്തിനും

വേണ്ടി ചെയ്യുന്ന എല്ലാ അദ്ധ്വാനങ്ങൾക്കും പകരം കരുണയുടെ ദൈവം നിന്നെ അനുഗ്രഹിക്കയും രക്ഷിക്കയും ചെയ്യുമാറാകട്ടെ. ... 1079 മകരം 3-നു കുറുപ്പുംപടി പള്ളിയിൽ നിന്നും" (രഹസ്യപേടകം, പേജ് 114-116).

('*യുഗതേജസ്സി*'ൽ നിന്നും)

# ഇസഡ്. എം. പാറേട്ടെന്ന ചരിത്രകാരന്റെ സാക്ഷ്യം

## ഫാ. ഡോ. ജേക്കബ് കുര്യൻ

മലങ്കരസഭയ്ക്ക് എന്നെന്നും നന്ദി ഉണ്ടാവേണ്ട സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിയാണ് ഇസഡ്. എം. പാറേട്ടെന്ന മലങ്കരസഭാ ചരിത്രകാരൻ. മലങ്കരസഭാചരിത്രവുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ രേഖകളും ലിഖിതങ്ങളും പഠിച്ച് ഗവേഷകന്റെ ഗൗരവത്തോടും സഭാംഗത്തിന്റെ സഭാസ്നേഹത്തോടും കൂടി അവതരിപ്പിക്കുന്ന ഗ്രന്ഥങ്ങൾ മിക്കതും അദ്ദേഹം രചിച്ചത് ജീവിതസായാഹ്നത്തിലായിരുന്നു. "മലങ്കര നസ്രാണികൾ" എന്ന ഗ്രന്ഥപരമ്പരയിൽ അദ്ദേഹം പരാമർശിക്കുകയും ഉദ്ധരിക്കുകയും പ്രതിസ്പന്ദിക്കുകയും ചെയ്തിട്ടുള്ള സംഗതികൾ അദ്ദേഹത്തിൽ കൂടെയല്ലാതെ മറ്റാരിൽ കൂടെയും ലഭിക്കുമായിരുന്നുവെന്നു തോന്നുന്നില്ല. മലങ്കരസഭാ ജീവിതത്തിന്റെ അക്ഷയഖനിയെന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഗ്രന്ഥപരമ്പരയാണ് അദ്ദേഹം ചരിത്രത്തിന് സംഭാവന ചെയ്തത്. ഓരോ വാല്യത്തിന്റെയും 'ആമുഖ'ത്തിൽ അദ്ദേഹം കുറിച്ചിട്ടിരിക്കുന്ന ആത്മകഥാപരമായ ചില കാര്യങ്ങൾ അദ്ദേഹത്തെ ഒരു അപൂർവ്വ വ്യക്തിത്വമായിട്ടും അത്ഭുത മനുഷ്യനായിട്ടും തോന്നിപ്പിക്കും. ഉദാഹരണത്തിന് ആറാം വാല്യത്തിന്റെ 'ആമുഖ'ത്തിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു.

"മലങ്കര നസ്രാണികൾ" എഴുതി തുടങ്ങിയത് 1964 മദ്ധ്യത്തിലാണ്. ആ സമയത്ത് ഇത്രമാത്രം ബ്രഹത്തായ ഒരു സംരംഭത്തിലാണ് പ്രവേശിക്കുന്നതെന്ന് ഓർത്തില്ല. അപ്പോൾ സങ്കീർത്തനക്കാരൻ കുറിച്ചിട്ടുള്ള എഴുപതു വയസ്സിനപ്പുറം കടക്കുമെന്ന് എനിക്കു പ്രതീക്ഷയുണ്ടായിരുന്നുമില്ല. ചരിത്രം എഴുതുന്നതിന് പ്രത്യേക പരിശീലനം ലഭിക്കുകയൊ സമ്പാദിക്കാൻ ശ്രമിക്കുകയൊ ചെയ്യാതെയാണ് ഈ പ്രസ്ഥാനത്തിൽ എത്തിച്ചേർന്നത് എന്ന് ഏറ്റുപറയേണ്ടതുണ്ടെന്നു തോന്നുന്നു. ഏതാനും ദശവർഷങ്ങൾക്കു മുമ്പ് മലങ്കര നസ്രാണികളുടെ ചരിത്ര കാര്യങ്ങളിൽ പ്രാമാണ്യം ലഭിച്ച ഡോ. പി. ജെ. തോമസ്, അഡ്വക്കേറ്റ് കെ. സി. മാത്യു (കണ്ടത്തിൽ), അഞ്ചൽ സൂപ്രണ്ടായിരുന്ന റ്റി. ജോസഫ് തുടങ്ങിയ ജാത്യാഭിമാനികൾ 'നസ്രാണി പരിഷത്ത്' എന്ന പേരിൽ ഒരു ചെറു കൂട്ടായ്മ രൂപീകരിച്ചിരുന്നു. അതിൽ ചേർന്ന് അല്പകാലം യോഗങ്ങളിൽ സംബന്ധിക്കാനിടയായി. അതോടെയാണ് നസ്രാണികളുടെ ചരിത്രത്തിൽ കൂടുതൽ ഔൽസുക്യം ഉണ്ടായത്...

.... 85-ാം വയസ്സിൽ കടന്ന രോഗി ആയ എന്നെക്കൊണ്ട് 'ചെയ്യിക്കുന്നതാണ്' ഈ ജോലി എന്ന് പൂർണ്ണ വിശ്വാസം ഉള്ളതുകൊണ്ട് ഏഴാം വാല്യത്തിലേക്ക് കാൽ വെയ്ക്കാൽ ശങ്ക തോന്നുന്നില്ല. എന്നെ ഭരിക്കുന്നവൻ ശക്തി അതിനുവേണ്ട അനുഗ്രഹങ്ങൾ തന്നുകൊണ്ടിരിക്കും എന്നു വിശ്വസിച്ചു മുമ്പോട്ടുപോകുന്നു. പുരാതനകാലം മുതൽ നടന്നുവന്നതുപോലെ അഭിമാനം കളഞ്ഞുകുളിക്കാതെ നട്ടെല്ല് 'ഗ' മട്ടിൽ വളയ്ക്കാതെ ജീവിക്കുന്നതിനു മാത്രമാണ് നാം ആഗ്രഹിക്കുന്നതും ശ്രമിക്കുന്നതും. മറ്റാരെയും ഉപദ്രവിക്കാൻ ആഗ്രഹിക്കുന്നുമില്ല. സമത്വം എന്ന മന്ത്രം ലോകത്തെല്ലാം തന്നെ ജപിക്കുന്ന ഇക്കാലത്തു മലങ്കര നസ്രാണി മാത്രം പരദേശികളുടെ പാദസേവകരായി കഴിയണം എന്ന് വിധി വിധിക്കയില്ല. വിവേകം ഉള്ളവർ ആരും അങ്ങനെ വിധിക്കുമെന്ന് വിചാരിക്കുന്നില്ല. ..."

പുതുപ്പള്ളിയിലെ പുരാതനമായ വലിയപാറേട്ട് കുടുംബത്തിൽ മാത്തുവിന്റെ പുത്രനായി 1890-ൽ ജനിച്ച് 1981 ജൂൺ 16-ന് നിര്യാതനായ സഖറിയ മാത്യു സഭാസ്നേഹത്തിന്റെ പൈതൃകം ആസ്വദിച്ചുവളർന്നു. പിതാവ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെയും മാർ ദീവന്നാസ്യോസ് ആറാമന്റെയും വിശ്വസ്തനായിരുന്നു. നിർണ്ണായകഘട്ടത്തിൽ സഭവക വിലപിടിപ്പുള്ള പല രേഖകളും സൂക്ഷിച്ചത് പാറേട്ടു വീടിന്റെ അറയിലായിരുന്നു. ജ്യേഷ്ഠ സഹോദരനായിരുന്നു പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ. അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസ് പുതുപ്പള്ളിപ്പള്ളിക്കാരിൽ നിന്നും കൗശലത്തിൽ എഴുതിവാങ്ങിയ ഉടമ്പടി നിയമവിരുദ്ധമെന്ന് കോടതിയിലൂടെ തീരുമാനിക്കുന്നതിൽ മുൻകൈയെടുത്തത് പാറേട്ട് 'കറിയാകുട്ടി' എന്ന സഖറിയ മാത്യുവായിരുന്നു. പത്രപ്രവർത്തനവും സാഹിത്യസേവനവും സ്വന്തം ചെലവിൽ നിർവഹിച്ചു ശ്രദ്ധേയനായ ഇസഡ്. എം. പാറേഡ് ഇരുപതിലധികം നോവലുകളും അഞ്ച് ചരിത്രാഖ്യായികളും മലങ്കര നസ്രാണികൾ ഗ്രന്ഥപരമ്പരയും കൂടാതെ അഞ്ച് ചരിത്രഗ്രന്ഥങ്ങളും മറ്റു മേഖലകളിൽ ചില ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെക്കുറിച്ചും, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിനെക്കുറിച്ചും ഗീവർഗീസ് ദ്വിതീയൻ ബാവായെക്കുറിച്ചും, ഔഗേൻ ബാവായെക്കുറിച്ചും, അദ്ദേഹത്തിന്റെ വിലയിരുത്തലുകളും അഭിമാനചിന്തകളും, അനേകം ചരിത്രവസ്തുതകളുടെ പിൻബലത്തോടെയാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെക്കുറിച്ചും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിനെക്കുറിച്ചും ഗീവർഗീസ് ദ്വിതീയൻ ബാവായെക്കുറിച്ചും, ഔഗേൻ ബാവായെക്കുറിച്ചും അദ്ദേഹം വ്യക്തമായ ചില ഉൾബോധ്യങ്ങളോടെയാണ് നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളത്. പുലിക്കോട്ടിൽ

ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെക്കുറിച്ച് അദ്ദേഹം പലതും വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. ഒരു സംക്ഷിപ്ത വിലയിരുത്തൽ നൽകുന്നത് വളരെ ശ്രദ്ധേയമാണ് ("മലങ്കര നസ്രാണികൾ" മൂന്നാം വാല്യം പേജ് 292 മുതൽ 302 വരെ):

"മലങ്കരസമുദായത്തെ സംബന്ധിച്ചിടത്തോളം അത്യന്തം വിപത്കരമായ ഒരു കാലഘട്ടത്തിലാണ് ജോസഫ് ദീവന്നാസ്യോസ് രംഗപ്രവേശനം ചെയ്തത്. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ സ്വധർമ്മം പരിതഃസ്ഥിതികളും കഴിവും അനുസരിച്ച് അത്മാർത്ഥതയോടും, വൈദഗ്ദ്ധ്യത്തോടും വിജയകരമായും അദ്ദേഹം നിറവേറ്റി എന്നു സമ്മതിക്കണം. എന്നാൽ മുൻഗാമിയുടെ നടപടി മൂലം വന്നുകൂടിയ വിധേയത്വത്തിൽ നിന്നു പൂർണ്ണമായ മോചനം കൈവരുത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞില്ല. കാര്യസാദ്ധ്യത്തിന് ആ വിധേയത്വവും ഒട്ടൊക്കെ പ്രയാജനപ്പെടുത്തിക്കൊണ്ട് തന്ത്രപരമായി ഒഴുയുന്നതിന് ചെയ്ത ശ്രമം സ്വതന്ത്രമായ ഭാവിയുടെ നാമ്പ് അടഞ്ഞുപോകാതെ - അന്തസ്സത്തയെ നഷ്ടപ്പെടുത്താതെ - പരിരക്ഷിച്ചു. രണ്ടായിരം വർഷത്തെ അസൂയാവഹവും ശ്രേഷ്ഠതരവുമായ പാരമ്പര്യമുള്ള മലങ്കരയെ വടക്കു പടിഞ്ഞാറൻ ഏഷ്യയിലുള്ള അഗതിയായ ഒരു ചെറു സഭയോട് വിധേയയാക്കി തീർക്കുന്നതിനുള്ള ദൗർഭാഗ്യമാണ് ഗംഭീരനായ മാത്യൂസ് അത്താനാസ്യോസിനു വന്നുചേർന്നത്. അഭിമാനകരമല്ലാത്ത ആ അവസ്ഥ പാലിക്കുകയും, അതേസമയം തന്നെ തന്റെ ജനങ്ങളെ ആ നിലയിൽ നിന്ന് ഉദ്ധരിക്കുകയും ചെയ്യേണ്ട ഭാരം ജോസഫ് ദീവന്നാസ്യോസിന്റെ തലയിൽ വീണു. എന്നാൽ കൺകെട്ടുകാരെ പോലും അത്ഭുതപ്പെടുത്തുന്ന സാമർത്ഥ്യത്തോടു കൂടെ ആ ദുർഘടങ്ങളിൽ നിന്നു ഒഴിയുന്നതിന് അദ്ദേഹം മാർഗ്ഗം കണ്ടുപിടിച്ചു. ഉടൻ ചെയ്യാവുന്നതു ചെയ്തു. പിൻഗാമികൾക്കു സ്വാതന്ത്ര്യപ്രവർത്തനത്തിനു മാർഗ്ഗം തുറന്ന് ഇടുകയും ചെയ്തു.

1665-ൽ ഒന്നാം മാർതോമായുടെ സ്ഥാനം ക്രമീകരിക്കുന്നതിന് ഗ്രിഗോറിയോസ് എന്ന പരദേശി മെത്രാൻ എങ്ങിനെയൊ എത്തുന്നതുവരെ സിറിയായിലെ യാക്കോബായക്കാരുമായി മലങ്കര നസ്രാണികൾക്കു പ്രത്യേക ബന്ധം ഒന്നും ഇല്ലായിരുന്നു. എന്നാൽ പിന്നീട് മലങ്കര നസ്രാണികൾ ജുഗുപ്സയ്ക്കു വിധേയമായ യാക്കോബായ നാമം ചുമക്കേണ്ടതായി വന്നു. സിറിയായിലെ ശേമ്യർ ഓർത്തഡോക്സുകാരായി ശോഭിക്കുകയും! ഇതിന് ഉത്തരവാദി ആരാണ്? അത് വിസ്മരിക്കാൻ പ്രയാസം തന്നെ.

ചേപ്പാട്ടു ദീവന്നാസ്യോസും മറ്റുമായുള്ള ആയോധനത്തിൽ വിജയം വരിക്കുന്നതിന് ആയിരുന്നുവത്രേ പാലക്കുന്നത്ത് മാത്യൂസ്

അത്താനാസ്യോസ് സിറിയായിൽ പോയി അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു മെത്രാൻപദം പ്രാപിച്ചത്. സി.എം.എസ്. മിഷനറിമാരുടെ സ്വാധീനം ഹേതുവാലും മറ്റും സഭയുടെ പ്രാചീന വിശ്വാസാചാരങ്ങൾ നവീകരിക്കുന്നതിനു മാത്യൂസ് അത്താനാസ്യോസ് മുതിരേണ്ടിവന്നു. ആ ശ്രമം വിഫലമാക്കുന്നതിന്, അദ്ദേഹത്തെ രക്ഷിച്ചുകൊണ്ടിരുന്ന കവചം, അല്ലെങ്കിൽ അദ്ദേഹത്തെ പ്രബലനാക്കിയ ആയുധം - അന്ത്യോഖ്യൻ ബന്ധം - ചുമക്കുന്നതിന് ജോസഫ് ദീവന്നാസ്യോസ് നിർബന്ധിതനായി ഭവിച്ചു എന്ന് ഒരു ഒഴികഴിവ് ചൂണ്ടിക്കാണിക്കാം. ഒഴികഴിവൊ സമാധാനമൊ എന്തുതന്നെ ആയാലും മാത്യൂസ് അത്താനാസ്യോസിനെ തുടർന്നു ജോസഫ് ദീവന്നാസ്യോസ് കൂടെ അന്ത്യോഖ്യൻ ബാന്ധവത്തിൽ പ്രവേശിച്ചതോടുകൂടെ പതിനെട്ടിലധികം ശതാബ്ദക്കാലം മലങ്കരയ്ക്കുണ്ടായിരുന്ന ദേശീയ ഔന്നത്യത്തിനു കോട്ടം തട്ടി എന്നു സമ്മതിക്കാതെ കഴിവില്ല.

സി.എം.എസുകാരുമായുണ്ടായ സമ്പർക്കം പുലർത്തുകയും, പാശ്ചാത്യ വിദ്യാഭ്യാസരീതി അനുസരിച്ചുള്ള അഭ്യസനമൊ അറിവൊ സമ്പാദിക്കുകയും ചെയ്ത സമുദായത്തിന്റെ ഉന്നതതലത്തിലുള്ള ചിലർ നവീകരണോത്സുകരായി ഭവിച്ചിരുന്നു. മിഷനറിമാരുടെ സഹായവും സഹാനുഭൂതിയും അവർക്കു ധാരാളമായി ഉണ്ടായിരുന്നതുകൊണ്ട്, അധിരാജ പ്രതിനിധിയുടെയും, ആ മാർഗ്ഗത്തിലൂടെ സർക്കാർ അധികാരികളുടെയും സന്മനസ്സും സഹായവും അവർക്കു ലഭിക്കുമായിരുന്നു. സ്വജനങ്ങളിൽ ഉയർന്ന പടിയിൽ ഉള്ള ഒരു വിഭാഗവുമായി തുറന്നു പടവെട്ടേണ്ട ദുര്യോഗമാണ് ജോസഫ് ദീവന്നാസ്യോസിനുണ്ടായത്. പാത്രിയർക്കീസിന്റെ അധികാരം സമ്മതിച്ച് സ്ഥാനം സ്വീകരിച്ച സ്താത്തിക്കോനുമായി വന്ന മാത്യൂസ് അത്താനാസ്യോസിനു അധികാരം നൽകിക്കൊണ്ട് തിരുവിതാംകൂറിൽ പ്രസിദ്ധപ്പെടുത്തിയ രാജകീയ വിളംബരം ആറാം അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. "അന്ത്യോഖ്യയിൽ നിന്നും എഴുത്തു വാങ്ങിച്ചുകൊണ്ടുവന്നിരിക്കുന്ന അത്താനാസ്യോസിനാണ്" അതിൻപടി അധികാരം നൽകിയത്. അതിനു മുമ്പുണ്ടായിട്ടുള്ള വിളംബരങ്ങളിൽ ഒന്നിലും ഇല്ലാത്ത സ്ഥാനിയാണ് പാത്രിയർക്കീസ്. അദ്ദേഹം കൊടുത്ത സ്ഥാനം പിൻവലിച്ചു എന്നുള്ള വാദം കൊണ്ടു പോലും മാത്യൂസ് അത്താനാസ്യോസിനെ മാറ്റിനിർത്താൻ ജോസഫ് ദീവന്നാസ്യോസിനു സാധിച്ചില്ല. സിവിൾ കോടതി തന്നെയും ആ വിളംബരത്തെ അത്താനാസ്യോസിന്റെ പരിചയായി സ്വീകരിച്ച് ദീവന്നാസ്യോസിനെ പിൻതള്ളി. ആ ഘട്ടത്തിലാണ് പാത്രിയർക്കീസ് "വച്ചത് പാത്രിയർക്കീസിനെ വരുത്തി തിരികെ എടുപ്പിക്കണം" എന്ന് അദ്ദേഹം തീർച്ചപ്പെടുത്തിയത്. പാത്രിയർക്കാ പ്രേമിയായ ഇ. എം. ഫീലിപ്പോസ് ആ

സന്ദർഭത്തെ തന്മയത്വത്തോടുകൂടി പ്രകാശിപ്പിച്ചിട്ടുള്ളത് ഒരിക്കൽക്കൂടെ ഉദ്ധരിച്ചുകൊള്ളട്ടെ: "എല്ലാ പ്രകാരത്തിലും ഭഗ്നാശനായ ദീവന്നാസ്യോസ് അഞ്ചാമൻ അവസാനകൈയായി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചു" (ഇ. എം. പീലിപ്പോസ്, പുറം 232). മറ്റു യാതൊരു ഗതിയുമില്ലാതെ വന്നപ്പോളാണ് പാത്രിയർക്കീസിനെ സമീപിച്ചതെന്നു ദീവന്നാസ്യോസിന്റെ പ്രൈവറ്റ് സെക്രട്ടറിയും, പാത്രിയർക്കീസിനു മലങ്കരസഭമേൽ പരമാധികാരം ഉണ്ടെന്നു വാദിക്കുകയും, വേണമെന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്ന ആളും ആയ ഇ. എം. ഫീലിപ്പോസ് തന്നെ രേഖപ്പെടുത്തിയിട്ടുള്ളതു മെത്രാപ്പോലീത്തായുടെ കുറ്റത്തിന്റെ ഗൗരവം കുറയ്ക്കുന്നുണ്ട്. എന്നാലും എന്തെല്ലാം വൈതരണികളിലാണ് അത് നമ്മെ ചാടിച്ചത്? ഇനി ചാടിക്കുകയില്ലെന്നു സമീപഭൂതകാലത്തു നടന്ന സംഭവങ്ങളെ ആശ്രയിച്ചു ആശിക്കാമൊ?

മുളന്തുരുത്തി സുന്നഹദോസ്, പത്രോസ് തൃതീയന്റെ സമ്മതത്തോടുകൂടെ അവിടെവെച്ചു എഴുതി പാസ്സാക്കിയ കാനോനാകളും, ജോസഫ് ദീവന്നാസ്യോസിന്റെ കാര്യസാരതന്ത്രജ്ഞതയ്ക്ക് എന്നും സാക്ഷിയായി പരിലസിക്കുമെന്നുള്ളതിൽ സംശയമില്ല. പത്രോസ് "വന്നു, കണ്ടു, പിടിച്ചക്കി" എന്ന വിശ്വാസത്തിലാണ് ആറു പുതിയ മെത്രാന്മാരെ വാഴിച്ച് മലങ്കരയെ ഏഴായി വിഭജിച്ച് അബലയാക്കി മടങ്ങിയത്. എന്നിട്ട് എന്തുപറ്റി. എന്തുകിട്ടി? ആ ചോദ്യത്തിന് ശരിയായ ഉത്തരം കിട്ടണമെന്നാഗ്രഹിക്കുന്നവർ ഈ അദ്ധ്യായത്തിൽ തന്നെ "ദീവന്നാസ്യോസിനു കിട്ടിയ സമ്മാനം" എന്ന തലക്കെട്ടിൽ ചേർത്തിട്ടുള്ള വട്ടിപ്പണക്കേസിലെ ജെ. എൻ. അക്ക പ്രമാണം ശരിക്കു മനസ്സിരുത്തി വായിക്കണം.

ജോസഫ് ദീവന്നാസ്യോസ് ചാണക്യനെ പോലും വെല്ലാൻ കഴിവുള്ള നയകോവിദനായ ഒരു തന്ത്രശാലിയായിരുന്നു. നയത്തിന്റെയൊ തന്ത്രത്തിന്റെയൊ മാറ്റു വർദ്ധിച്ചുപോയതു കൊണ്ടായിരിക്കുമോ, ആരോടും അഹിതമായി ഒന്നും പറയാൻ കഴിവില്ലാതെ വന്നത്? അത് എങ്ങിനെ ആയാലും സാമ്പത്തികമേഖലയിലും, രാഷ്ട്രീയ മേഖലയിലും സമുദായത്തിനും സഭയ്ക്കും അദ്ദേഹത്തിന്റെ ഭരണകാലത്ത് ഉന്നമനം ഉണ്ടായി എന്നതിൽ സംശയമില്ല. നയജ്ഞനായ ദീവന്നാസ്യോസിന് ആക്രമണത്തോടു പ്രകൃതാ ഉണ്ടായിരുന്ന വൈമുഖ്യം ഹേതുവാലായിരിക്കാം, അദ്ദേഹം ഒരു ഭീരു ആയി കാണപ്പെടാറുണ്ടായിരുന്നു. മറ്റ് യാതൊരു ഗതിയുമില്ലാതെ വന്നപ്പോഴാണ് അന്ത്യോഖ്യയുമായുള്ള ബാന്ധവത്തിനും തുനിഞ്ഞതെന്നു കണ്ടല്ലൊ. ഏതുതരത്തിൽ എങ്കിലുമുള്ള ഒരു "അർദ്ധ ഉപേക്ഷണചീട്ട്" എങ്കിലും എഴുതി ആ ബാന്ധവം അവസാനിപ്പിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. പിണങ്ങി പിരിയാനല്ല എത്രയും കുറച്ചു ശല്യം അവരിൽ നിന്നുണ്ടാകത്തക്കവിധം കഴിയുന്നത്ര അകലത്തിൽ

എന്നാൽ ബന്ധുവായി തന്നെ, നിർത്താനാണ് ശ്രമിച്ചത്. സെമിനാരി കേസിൽ ജില്ലാക്കോടതി ജഡ്ജുമെന്റിലും ഹൈക്കോടതി ജഡ്ജുമെന്റിലും അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭമേൽ അധികാരമുണ്ടെന്നാണ് പറഞ്ഞിരുന്നത്. റോയൽകോർട്ട് വിധിയിൽ പാത്രിയർക്കീസിന് മലങ്കരസഭമേൽ ലൗകികാധികാരം ഇല്ലെന്നും, അക്കാര്യത്തിൽ മലങ്കര ഒരു സ്വതന്ത്ര സഭയാണെന്നും വ്യക്തമായി തന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

"അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നു മലങ്കരമേൽ തുടർച്ചയായി ആത്മീയാധികാരം എങ്കിലും നടത്തിവന്നു എന്നു സ്ഥാപിക്കുന്ന കാര്യം സാദ്ധ്യമല്ലായിരുന്നു" എന്ന് ഓംസ്ബിയുടെ ജഡ്ജുമെന്റിൽ ചാരിനിന്നുകൊണ്ട്, ജോസഫ് ദീവന്നാസ്യോസിന്റെ വ്യവഹാര കാര്യസ്ഥൻ ഇ. എം. പീലിപ്പോസ് തന്നെ സമ്മതിക്കുന്നുണ്ട് (മലങ്കരയുടെ രഹസ്യപേടകം പുറം 50). അന്ത്യോഖ്യായ്ക്കു കുറെ ആത്മീയാധികാരം വകവച്ചു കൊടുക്കാത്തപക്ഷം പഴയസെമിനാരി തോമസ് അത്താനാസ്യോസിൽ നിന്ന് വിടുർത്തി ഭാഗ്യശാലിയായ ജോസഫ് ദീവന്നാസ്യോസിനു കിട്ടാൻ പറ്റാതെ വരുമായിരുന്നു. വ്യവഹാരം നല്ലൊരു ചൂതുകളിയാണെന്ന് ഇതിനു മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സമുദായകേസുകളിൽ ഇത് പ്രത്യേകിച്ചു ശരിയാണെന്നു ചിലപ്പോൾ കണ്ടിട്ടുള്ളതാണ്. പ്രതീക്ഷയ്ക്കു വിരുദ്ധമായി വിധിയുണ്ടാകുമ്പോൾ മറുകക്ഷി കൈക്കൂലി കൊടുക്കുകയൊ ശുപാർശകൊണ്ടു വിധികർത്താവിനെ പിടിക്കുകയൊ ചെയ്തു എന്നു പറയുകയും സാധാരണമാണ്. ഇതു പലപ്പോഴും വെറും കള്ള പ്രസ്താവനയാണെന്ന്, ഒരു സമുദായക്കേസിൽ കൈക്കൂലി കൊടുത്തു എന്ന കഥാലേശമില്ലാത്ത ആരോപണത്തിനു ഒരിക്കൽ പാത്രമായതുകൊണ്ട് സ്വന്തനിലയിൽ അനുഭവിച്ചു തന്നെ അറിവാൻ ചരിത്രകാരനും കഴിഞ്ഞു. അതു എന്തുമാവട്ടെ, വ്യവഹാരഫലം - അന്ത്യഫലം - അപ്രതീക്ഷിതമായി ഭവിക്കാം എന്ന് സമുദായസംബന്ധമായ പല വ്യവഹാരങ്ങളും ശരിക്കും തെളിയിച്ചിട്ടുണ്ട്.

ഭാഗ്യവാനായ ജോസഫ് ദീവന്നാസ്യോസ് അതിയായി ആഗ്രഹിച്ച വിധം, പാത്രിയർക്കീസിനെ ലൗകികാധികാരത്തിൽ നിന്നു ഒഴിച്ചു മാറ്റിയും അദ്ദേഹത്തിന്റെ ആത്മീയാധികാരത്തെ തന്നെ നിയന്ത്രിച്ചും റോയൽകോടതി വിധികല്പിച്ചു. പിന്നീട് നടന്ന വമ്പിച്ച വ്യവഹാരങ്ങളിൽ എല്ലാം അദ്ദേഹം വിജയം വരിച്ചു. എങ്കിലും അറബിക്കഥകളിൽ പറഞ്ഞിട്ടുള്ളവിധം അദ്ദേഹവും കൂടി വിളിച്ചു വരുത്തിയ ഭൂതം ദീവന്നാസ്യോസിന് എന്നും എപ്പോഴും പേടിസ്വപ്നമായി തന്നെ അനുഭവപ്പെട്ടിരുന്നു. സിറിയക്കാരെ പൂർണ്ണമായി തൃപ്തിപ്പെടുത്തുക അസാദ്ധ്യം തന്നെ ആണെന്നു അറിയാമായിരുന്നതുകൊണ്ടായിരിക്കാം അതിനു ശ്രമിക്കാതെ

ചക്കരവാക്കുകൊണ്ട് തൃപ്തിപ്പെടുത്താൻ ശ്രമിച്ചത്. ഈ നയത്തിന്റെ പ്രതിഛായയൊ ലഘുചിത്രമൊ പത്രോസ് തൃതീയന്റെ സന്ദേശത്തിൽ, (ജെ. എൻ. അക്കം) കാണാം. തന്ത്രം കൊണ്ട് കാര്യം കാണാൻ ആത്മീയാധികാരിയായ മഹാചാര്യൻ ജോസഫ് ദീവന്നാസ്യോസ് ശ്രമിച്ചതു ദിവ്യശക്തിക്കു തൃപ്തിയാകാഞ്ഞതു കൊണ്ടായിരിക്കുമൊ അദ്ദേഹം എന്നും തന്നെ ഭയപ്പെട്ടു കഴിയട്ടെ എന്നു വിധിച്ചത്? തൻകാര്യം “അടിയിൽ” ഇല്ലാത്തതിനാൽ ഭയപ്പെട്ടാൽ മതി എന്നും സിറിയക്കാരുടെ ശല്യത്തിൽ നിന്നു ഒഴിവു കിട്ടുന്നതിനായി - എപ്പോഴാണ് അവരുടെ മുടക്ക് എന്ന ബോംബ് വരുന്നതെന്നു നിശ്ചയമില്ലാതിരുന്നതുകൊണ്ട് - സിറിയായിൽ നിന്നു വരുന്ന കത്തുകൾ ഒന്നും ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പൊട്ടിച്ചുകൂടാ എന്നൊരു നിശ്ചയം മാനേജിംഗ് കമ്മറ്റിയെ കൊണ്ട് ചെയ്യിക്കുകയുണ്ടായി. “മുടക്കു” വന്നാലും അക്കഥ വിധിക്കപ്പെടുന്നവനും അനുയായികളും മറ്റും അറിയാതിരുന്നാൽ പിന്നെ കുഴപ്പമില്ലല്ലൊ!

മലങ്കരസഭ ഭരിക്കാൻ ഓരോ സമയത്തും ആവശ്യമുള്ള കഴിവുകൾ ഉള്ളവരെ നിയതി നിയോഗിച്ചുകൊണ്ടിരുന്നു എന്ന് പിമ്പോട്ടു നോക്കിയാൽ ബോദ്ധ്യമാവണം എന്നു മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. അന്നത്തെ പരിതഃസ്ഥിതികളിൽ ആക്രമണത്തിനൊ നിരോധനത്തിനൊ രണ്ടിനുമൊ വൈദഗ്ദ്ധ്യമുള്ള ഒരാളേക്കാൾ ആവശ്യം വശ്യവചസ്സായ, പുഞ്ചിരി കൊണ്ട് വിജയിക്കാൻ കഴിവുള്ള കോമളകളേബരനായ ഒരു തന്ത്രജ്ഞനാണെന്നു കണ്ട് നിയതി തെരഞ്ഞെടുത്തു അയച്ചവനായിരുന്നു പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ്. അദ്ദേഹം അത്തരത്തിൽ വിജയിക്കുകയും ചെയ്തു.

## വേർപിരിവ്, പുരോഗതി

ജോസഫ് ദീവന്നാസ്യോസിന്റെ കാലത്തിനു മുമ്പു തന്നെ കുറെ നസ്രാണികൾ സി.എം.എസിൽ ചേർന്നു. എങ്കിലും അവരുടെ വേർപാട് പൂർത്തിയായതു അദ്ദേഹത്തിന്റെ കാലത്താണെന്നാണ് വയ്ക്കേണ്ടത്. സഭയിലെ വിശ്വാസാചാരങ്ങൾ നവീകരിക്കണമെന്നു വാദിക്കുകയും അതിനായി ശ്രമിക്കുകയും പിന്നീടൊരിക്കൽ “മാർത്തോമ്മാ” നാമം സ്വീകരിക്കുകയും ചെയ്തവർ സഭയിൽ നിന്നു പൂർണ്ണമായി വേർപെട്ടു പോയത് സെമിനാരി കേസ് റോയൽ കോർട്ടിൽ വിധിച്ച 1064 കുംഭത്തിനു ശേഷമാണ്. മിഷനറിമാരുമായി സമ്പർക്കം പുലർത്തുകയും വിദ്യാഭ്യാസത്തിൽ പുരോഗതി സമ്പാദിക്കുകയും ചെയ്ത നസ്രാണികളിൽ ഓരോ വിഭാഗം ഈ രണ്ടു വേർപിരിവു മൂലം മാതൃസംഘത്തിൽ നിന്ന് ഒഴിഞ്ഞുപോയി. മൂന്നാമതൊരു കൂട്ടം ‘‘യൂ.യോ.മ.യം’’ എന്ന പേരു

സ്വീകരിക്കുകയും "അഞ്ചര" എന്ന പേരിൽ അറിയപ്പെടുകയും ചെയ്ത മതത്തിലേയ്ക്കു ഒഴുകുകയുണ്ടായി. ക്രിസ്തുമതം സ്വീകരിക്കുകയും സി. എം.എസിൽ വൈദികപദവിയിൽ എത്തുകയും ചെയ്ത യൂസ്തൂസ് ജോസഫ് ആയിരുന്നു "അഞ്ചര" മതത്തിന്റെ സ്ഥാപകൻ. കർത്താവിന്റെ രണ്ടാമത്തെ വരവിനു കാലമായി. ഇനി അഞ്ചരവർഷം മാത്രമേയുള്ളൂ എന്ന് 1050-ൽ ഈ ദേഹം പ്രഖ്യാപനം ചെയ്തു. നസ്രാണി സ്ത്രീകൾ തമിഴരുടെ തരം ചേല ഉടുക്കണം. സ്വർണ്ണാഭരണം - താലിപോലും - ഉപേക്ഷിക്കണം. എല്ലാവരും മത്സ്യമാംസാദികൾ വർജ്ജിക്കണം ഇതൊക്കെ ആയിരുന്നു ആചാരാദികളിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ. നസ്രാണി വർഗ്ഗത്തിൽ സാമൂഹ്യമായും സാംസ്ക്കാരികവും വിജ്ഞാനപരവും ആയും ഔന്നത്യമുള്ള പലരും "അഞ്ചര"യിൽ ചേർന്നു എന്ന് കേട്ടാൽ അതു എന്തൊരു കമ്പമായിരുന്നു എന്നു തോന്നാം. സ്ഥാനമുള്ള പല വൈദികർ പള്ളിയും കർമ്മങ്ങളും ഇട്ടെറിഞ്ഞ് പോകയുണ്ടായി. അങ്ങനെ പോയ ഒരു വൈദികൻ രണ്ടാമത്തെ വരവും ലോകാവസാനവും ഒന്നും ഉണ്ടായില്ലെന്നു കണ്ടപ്പോൾ മടങ്ങിപ്പോന്നു. പല പള്ളികൾ - ചിലവ നവീകരണത്തിലും - സ്ഥാപിച്ചു. ഒരു 'വിശ്വാസി" യുടെ പുത്രൻ - "അഞ്ചര" മതത്തിൽ നടപ്പുണ്ടായിരുന്ന രീതിയിൽ "സ്നാനം" ഏറ്റ ഒരു യുവാവ് - പിന്നീട് മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്താ യായിത്തീരുന്നതിനും (മീഖായേൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) ഇടയായി. വിദ്വാൻകുട്ടി എന്നു സാധാരണ വിളിക്കപ്പെട്ടിരുന്ന യൂസ്തൂസ് ജോസഫ് നല്ല ഒരു പാട്ടുകാരനും പ്രാസംഗികനുമായിരുന്നു. അദ്ദേഹത്തിന്റെ ഉണർവ്വു പ്രസംഗങ്ങളും കേൾവിക്കാരെ കോൾമയിർ കൊള്ളിച്ച് ഇളക്കിവിടാൻ സഹായിക്കുന്ന പാട്ടുകളും പുതിയ മതത്തിനു ജനപ്രീതി ഉണ്ടാക്കി. വിദ്വാൻകുട്ടി പ്രഖ്യാപിച്ചതുപോലെ അഞ്ചരക്കൊല്ലം തികഞ്ഞപ്പോൾ "രണ്ടാമത്തെ വരവ്" ഉണ്ടായില്ല. മതത്തിന്റെ പ്രചാരം അസ്തമിക്കുക മാത്രമല്ല, അത് അതിവേഗം നാമമാത്രമായി പരിണമിക്കുകയും ചെയ്തു. ഇന്ന് കൈവിരലിൽ എണ്ണാൻ മാത്രം ആളുകൾ ഒന്നൊ രണ്ടൊ കേന്ദ്രങ്ങളിൽ ഉണ്ട്.

## ബഹുമുഖ പ്രവർത്തനങ്ങൾ

### രാഷ്ട്രീയം

കർണൽ മൺട്രോയുടെ കാലത്ത് സർക്കാർ സർവ്വീസിൽ ജഡ്ജി ഉദ്യോഗങ്ങളിൽ പോലും നസ്രാണികളെ നിയമിച്ചതും, അതിൽ ഉച്ചവർണ്ണക്കാർക്കുണ്ടായ അസുഖവും, അദ്ദേഹത്തിന്റെ വേർപാടിനെ തുടർന്ന് അവരിൽ ഭൂരിപക്ഷത്തെയും ജോലിയിൽ നിന്നു വിടുർത്തിയതും മറ്റും ഓരോ ഘട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

മലങ്കര നസ്രാണികൾ ഒരു പ്രബലജാതി ആയിരുന്നു എങ്കിലും, ഉൾപ്പിരിവും കൂട്ടിൽ കുത്തലും മൂലം ഇക്കാലം ബലഹീനരായി ഭവിച്ചു. പത്രപ്രവർത്തനം, അച്ചടിശാലാ സ്ഥാപനം തുടങ്ങിയവ പുരോഗതിക്ക് ആവശ്യമാണെന്ന് കഷ്ടപ്പാടു കാരണം ക്ഷീണിച്ചുകൊണ്ടിരുന്ന കാലത്തു തന്നെ മനസ്സിലാക്കി പ്രവർത്തിച്ച്, ജോസഫ് ദീവന്നാസ്യോസ് കാലത്തിൽ കവിഞ്ഞ് പുരോഗമനോന്മുഖമായി ചിന്തിക്കുന്ന ആളാണെന്ന് തെളിയിച്ചു. കാര്യങ്ങളുടെ ഗതിയും സ്ഥിതിയും മാറിയതനുസരിച്ച് അദ്ദേഹം നടപടികളിലും വേണ്ട മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. ഒരു ഗവൺമെന്റ് ചെലവാക്കുന്ന പണം നികുതിദായകരുടേതാണ്, അങ്ങിനെ ചെലവാകുന്നതിൽ ഒരംശം ജോലി ചെയ്തു ശമ്പളമായി വാങ്ങുന്നതിന് അവർക്ക് അവകാശമുണ്ട്, ഗവൺമെന്റ് സർവ്വീസിൽ പ്രവേശം ലഭിക്കുന്നതു കൊണ്ട് നമുക്ക് ഉയർച്ചയും പുരോഗതിയും ഉണ്ടാകും. അതിനാൽ തന്റെ ജനങ്ങൾക്ക് പഴയകാലങ്ങളിലെ പോലെ ഗവൺമെന്റ് ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് അവസരം ഉണ്ടാക്കണം എന്നു തീർച്ചപ്പെടുത്തി ദീവന്നാസ്യോസ് അവസരം കാത്തിരിക്കുമ്പോൾ വിശാഖം നാൾ മഹാരാജാവ് (1055–1060) സിംഹാസനാരോഹണത്തിനു ശേഷം ആദ്യമായി കോട്ടയം സന്ദർശിച്ചു. അപ്പോൾ ദീവന്നാസ്യോസിന്റെ ആളുകൾ മഹാരാജാവിന് ഒരു മംഗളപത്രം  കൊടുത്തു. മഹാരാജാവ് സന്തോഷിച്ചു സ്വന്തം കൈകൊണ്ട് ഇംഗ്ലീഷിൽ എഴുതിക്കൊടുത്ത മറുപടിയിൽ നിന്നു ചില ഭാഗങ്ങളുടെ സംക്ഷേപം താഴെ ചേർക്കുന്നു: "സുറിയാനി സഭയിലെ വൈദികന്മാരും ജനങ്ങളുമെ! നിങ്ങൾ ഇപ്പോൾ നമ്മുടെ മുമ്പാകെ സമർപ്പിച്ച ഇമ്പവും പരമാർത്ഥവും ഉള്ള മംഗളപത്രത്തിൽ നമുക്കു സംതൃപ്തി ഉളവായിരിക്കുന്നു. നിങ്ങളുടെ സമുദായം പൂർവ്വീകകാലം മുതലേ ഉള്ളതും, ചരിത്രസംബന്ധമായ സാഹിത്യത്തോടു കൂടിയതുമായ ഒരു സംഘവും, തൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും ഉത്തമ ദൃഷ്ടാന്തവും ആകുന്നു. ... നിങ്ങളുടെ സമുദായം അനുഭവിച്ചു വരുന്ന വലിയ പദവി ... കൾ യാതൊരു ഭേദവും കൂടാതെ നിങ്ങൾക്കു നിലനിർത്താമെന്ന് ഉറച്ചുകൊൾവിൻ. സർക്കാർജീവനം അതിന്റെ മിക്ക തുറകളിലും മതവിഷയം ആലോചിക്കാതെ എല്ലാവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മതവിശ്വാസം ഗൗനിക്കാതെ യോഗ്യതയും ശേഷിയുമുള്ളവരെ അംഗീകരിക്കുന്നതാകുന്നു എന്നു നാം നിങ്ങളോടു ഉറപ്പു പറയുന്നു. .... രാമവർമ്മ. 1055 കർക്കടകം 31."

ഈ മറുപടിയിൽ മാപ്പിളയുടെ രാജഭക്തി എടുത്തു പറഞ്ഞത് അവർ ചുണയില്ലാത്തവരാണെന്നുള്ള സൂചനയാണെന്നു ബഹുമാന്യനായ ഒരു നസ്രാണി അഭിപ്രായപ്പെടുകയുണ്ടായി. സർക്കാർ സർവീസിൽ പ്രവേശവം കിട്ടുന്നതിനു നസ്രാണികൾക്കുള്ള അവകാശവും അവർക്കു രാജ്യ

ത്തുള്ള ഉന്നതനിലയും രാജാവ് അംഗീകരിച്ച് പ്രഖ്യാപനം ചെയ്തു എന്നത് ഒരു മെച്ചമായി തന്നെ ഗണിക്കാമല്ലോ. അക്കാലത്ത് രാജഭക്തി ഒരു സൽഗുണമായല്ലാതെ, പിൻകാലത്തെപ്പോലെ ഒരു ബലഹീനതയായി എണ്ണാറുണ്ടായിരുന്നില്ല. മിക്കവാറും സർവാധിപതി ആയിരുന്ന മഹാരാ ജാവിന്റെ തൃപ്തിക്കു പാത്രമായതു നിസ്സാരമായി തള്ളിക്കളയാൻ വയ്യാ ത്തതുമാണ് എന്ന് ആ മാന്യന് മറുപടി കൊടുക്കാവുന്നതാണ്. ഈ മംഗ ളപത്ര സമർപ്പണം കഴിഞ്ഞ് അഞ്ചാം വർഷത്തിൽ മഹാരാജാവ് കാലം ചെയ്തതുകൊണ്ട്, അദ്ദേഹത്തിന്റെ വാഗ്ദത്തം അനുസരിച്ചുള്ള പ്രയോ ജനം നസ്രാണിക്കു കിട്ടാതെ പോയി. അതുകൊണ്ട് ജോസഫ് ദീവന്നാ സ്യോസിന്റെ രാഷ്ട്രീയ - സാമൂഹ്യയജ്ഞം പൂർണ്ണമായി വിജയിച്ചില്ല. അക്കാലത്തു തിരുവിതാംകൂർ സർക്കാരിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹി ച്ചിരുന്നതു പ്രധാനമായി പരദേശ ബ്രാഹ്മണരായിരുന്നതുകൊണ്ടും അവർക്കു സമർത്ഥന്മാരായ നാട്ടുകാരോടു അസൂയ തോന്നുക അസാ ധാരണമല്ലായിരുന്നതുകൊണ്ടും, നസ്രാണികളെയും നായന്മാരെയും ഒഴിച്ചുനിർത്താനുള്ള വിദ്യകൾ അവർ സ്വീകരിച്ചുകൊണ്ടിരുന്നു.

ആ അനീതിക്ക് എതിരായി നസ്രാണിയും നായരും നമ്പൂരിയും യോജിച്ച് പതിനായിരത്തിഇരുപത്തിഎട്ടു പേർ ഒപ്പിട്ടതും "മലയാളി മെമ്മോറിയൽ" എന്ന് പിന്നീട് പേർ വിളിക്കപ്പെട്ടതുമായ ഒരു മെമ്മോറി യൽ 1066-ൽ (ജനുവരി 1) ശ്രീമൂലം മഹാരാജാവിനു സമർപ്പിക്കുന്നതിനു ദിവാനെ ഏല്പിച്ചു. തിരുവിതാംകൂർ മഹാരാജാക്കന്മാർ മെമ്മോറിയൽ സ്വീകരിക്കുകയൊ, പ്രതിനിധി സംഘങ്ങളെ സ്വീകരിക്കുകയൊ ചെയ്യുക പതിവില്ലായിരുന്നതിനാൽ മെമ്മോറിയൻ ദിവാനു കൊടുക്കുകയാണു ണ്ടായത്. ഉദ്യോഗ വിതരണത്തിലുള്ള അസമത്വം പരിഹരിച്ചു കിട്ടുന്ന തിനും നിയമനിർമ്മാണത്തിൽ പൗരാവലിയേയും ഭാഗഭാക്കാക്കുന്നതി നുമാണ് മെമ്മോറിയലിൽ ആവശ്യപ്പെട്ടിരുന്നത്. കുറെ കാത്തിരുന്നിട്ടും ഫലം ഉണ്ടായില്ല. ഉദ്യോഗം കൈഅടക്കി വച്ചുകൊണ്ടിരുന്ന പരദേശി ബ്രാഹ്മണരിൽ നിന്ന് ഒരു മെമ്മോറിയൽ അധികൃതർ വാങ്ങുകയും ഉണ്ടായി. അതോടുകൂടെ നാടിന്റെ നാനാഭാഗങ്ങളിലും പൊതുയോഗ ങ്ങളും പ്രസംഗങ്ങളും ആയി. ഇതിൽ ദീവന്നാസ്യോസും, വറുഗീസ് മാപ്പി ളയും ഭാഗഭാക്കുകളായി. അന്ന് ശൈശവാവസ്ഥയിൽ ആയിരുന്ന മല യാളമനോരമ"യെ കൊണ്ടുള്ള പ്രയോജനവും ശരിക്കുണ്ടായി. തിരുവി താംകൂറിൽ ഇദംപ്രഥമമായി നടന്ന രാഷ്ട്രീയ പ്രക്ഷോഭണത്തെ തിര ശ്ശീലയ്ക്കു ഉള്ളിൽ നിന്നുകൊണ്ടായിരുന്നെങ്കിലും നിയന്ത്രിച്ച പ്രധാന ന്മാരിൽ ഒരുവൻ ദീവന്നാസ്യോസായിരുന്നു. ഈ പ്രക്ഷോഭണത്തിന്റെ ഫലമായി 1891 ജൂലൈ മാസത്തിൽ മെമ്മോറിയൽകാർക്കു അനുകൂല മായ മറുപടി ലഭിക്കുകയും, എതിർ മെമ്മോറിയൽ കൊടുത്ത

പരദേശികൾ പിൻമാറുകയും ചെയ്തു. ജനകീയ ഭരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പിൽ ഭാഗഭാക്കാകുന്നതിനു തക്ക ദീർഘദൃഷ്ടി ഉള്ള ആളായിരുന്നു ജോസഫ് ദീവന്നാസ്യോസ് എന്നാണല്ലോ ഇത് തെളിയിക്കുന്നത്.

**മഹാജനസഭ**

യോജിച്ചു നിന്നു പ്രവർത്തിക്കാതെ ജീവിതസമരത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ല എന്ന് ജോസഫ് ദീവന്നാസ്യോസിനു നിശ്ചയമുണ്ടായിരുന്നു. അതിനാൽ തന്റെ അനുയായികളെ സഭേതര കാര്യങ്ങളിലും സംഘടിപ്പിക്കുന്നതിന് അദ്ദേഹം മുൻകൈ എടുത്തു പ്രവർത്തിച്ചു. ആ പ്രവർത്തനഫലങ്ങളിൽ ഒന്നായിരുന്നു “സാമൂഹ്യസമ്മേളനം” അല്ലെങ്കിൽ “മലങ്കരമഹാജനസഭ” എന്ന സംഘടന. 1085 ഇടവത്തിൽ ഇ. ജെ. ജോൺ, അബ്ദുള്ളാ പാത്രിയർക്കീസിനയച്ച ഒരു തുറന്ന കത്തിൽ മഹാജനസഭയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതു ഈ വിധം സംഗ്രഹിക്കാം: “മലങ്കരമഹാജനസഭയുടെ ഉൽഭവചരിത്രം... സുറിയാനി സമുദായത്തിന്റെ വർത്തമാന ചരിത്രത്തിൽ സുപ്രസിദ്ധങ്ങളാണ്. സുറിയാനി സഭയിൽ മുളച്ചുവളർന്ന മതഭേദത്തോടുള്ള പോരാട്ടത്തിൽ ആയുസ്സിനെ വിനിയോഗിക്കേണ്ടിവന്ന... ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൃത്യാന്തരബാഹുല്യം നിമിത്തം സമുദായത്തിന്റെ വിദ്യാഭ്യാസ കേന്ദ്രസ്ഥാനമായ എം. ഡി. സെമിനാരിക്കു കൂടിയും ഉണ്ടായ ഞെരുക്കത്തെയും അനേകം പള്ളികളിലെ കുഴപ്പങ്ങളെയും മറ്റു പല സമുദായ വിപത്തുകളെയും കണ്ടുകൊണ്ട് സഹിച്ചിരിക്കാൻ സമുദായസ്നേഹം അനുവദിക്കാഞ്ഞ ചില യോഗ്യന്മാർ ആലോചിച്ചു ഏകദേശം പതിനഞ്ചു വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ് മഹാജനസഭ. വറുഗീസ് മാപ്പിള, ശങ്കരമംഗലത്തു വർക്കി, ഗീവറുഗീസ് ദീവന്നാസ്യോസ്, കൊല്ലംപറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ ഇവരെ ഈ സഭയുടെ പ്രാരംഭകന്മാരായി ഇപ്പോൾ ഓർമ്മയിൽ വരുന്നു (വട്ടിപ്പണം ബി. ബി. അക്കം, പുറം 26).

“ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്ത സുറിയാനിക്കാരുടെ ഒരു യോഗം 1092 മേടത്തിൽ എം.ഡി. സെമിനാരിയിൽ കൂടി സാമൂഹ്യ പരിഷ്ക്കാരത്തെ ഉദ്ദേശിച്ച് ചില പ്രസംഗങ്ങൾ നടത്തുകയും പ്രതിവർഷം ഒരു സമ്മേളനം നടത്തണമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഒന്നു രണ്ടു വർഷം കഴിഞ്ഞപ്പോൾ ... ഇംഗ്ലീഷ് പഠിക്കാത്തവരുമായ.... ചേരാമെന്നു നിശ്ചയിച്ചു. അതുമുതൽ സമ്മേളനം ആണ്ടുതോറും പുഷ്ടി പ്രാപിച്ചു വന്നു...” (*മലങ്കരസഭയുടെ രഹസ്യപേടകം,* പുറം 117) എന്നാണ് ഇ. എം. ഫീലിപ്പോസ് രേഖപ്പെടുത്തിയിട്ടുള്ളത്.

## വറുഗീസു മാപ്പിള, പത്രപ്രവർത്തനം

"മലയാള മനോരമ"യുടെ സ്ഥാപകനായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിളയും ജോസഫ് ദീവന്നാസ്യോസും പല കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചിരുന്നു എന്ന് ഇതിനു മുമ്പു തന്നെ രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ. 'മലയാള മനോരമ' നടത്തുന്നതിനായി വറുഗീസ് മാപ്പിള ആരംഭിച്ച കമ്പിനിയിൽ മെത്രാപ്പോലീത്താ ഓഹരിക്കാരനായിരുന്നു. മലയാള മനോരമ പത്രത്തിന്റെ ആഫീസ് ഏതാനും കാലത്തേയ്ക്കു വുഡ്‌ലാൻഡ്സ് ബംഗ്ലാവിൽ (ചാപ്പൽ) നടത്തി. വറുഗീസ് മാപ്പിളയുടെ താമസവും ആ ബംഗ്ലാവിലായിരുന്നു. പിന്നീടാണ് വുഡ്‌ലാൻഡ്സ് തോപ്പിന്റെ വേറൊരു ഭാഗത്ത് ഇന്നു കാണുന്ന 'മലയാള മനോരമ' ആഫീസ് കിടക്കുന്ന സ്ഥലത്ത് ആ കെട്ടിടം ഉണ്ടാക്കി പ്രസ്സും ആഫീസ്സും അവിടെ ആക്കിയത്. വറുഗീസ് മാപ്പിള എം. ഡി. സെമിനാരി മാനേജിംഗ് കമ്മറ്റിയുടെ സെക്രട്ടറി, എം. ഡി. ഷോടതിയുടെ സെക്രട്ടറി, എം.ജി.എം. ഹൈസ്കൂളിന്റെ മാനേജർ എന്നീ നിലകളിൽ ദീവന്നാസ്യോസുമായി സഹകരിക്കുകയും 1904 ജൂലൈ മാസത്തിൽ മരണത്തിനിടയാക്കിയ രോഗത്തിന്റെ ആരംഭം വരെ ക്ലേശങ്ങൾ സഹിക്കുകയും ചെയ്തു. ദീവന്നാസ്യോസ് 1054-ൽ കൊച്ചിയിൽ നിന്നു "കേരളപതാക" എന്നൊരു പത്രം പ്രസിദ്ധപ്പെടുത്തിയ വിവരം ഇതിനു മുമ്പു രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ. ജോസഫ് ദീവന്നാസ്യോസും വറുഗീസ് മാപ്പിളയും തമ്മിലുണ്ടായിരുന്നതും, സമുദായത്തിനു പലവിധ നന്മകൾക്കും ഇടയാക്കിയതും ആയ വേഴ്ച, ഇരുവർക്കും ഉണ്ടായിരുന്ന പത്രപ്രവർത്തന കമ്പത്തിൽ നിന്നു ഉൽഭൂതമായതാവാം. ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല."

('*യുഗതേജസ്സി*'ൽ നിന്നും)

# ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനും മലങ്കരസഭയും

## ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ

1865 മുതൽ 1909 വരെയുള്ള കലുഷിതവും കഷ്ടതകൾ നിറഞ്ഞതുമായ കാലഘട്ടത്തിൽ മലങ്കരസഭയെ കർമ്മധീരതയോടും കാര്യശേഷിയോടും കൂടി നയിച്ച് ഓർത്തഡോക്സ് വിശ്വാസ സംരക്ഷകനും പൊതുകാര്യപ്രസക്തനും ധിഷണാശാലിയും ദീർഘവീക്ഷകനും ആയ പുരുഷകേസരിയും ധീരയോദ്ധാവുമായിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്ന മാർ ദീവന്നാസ്യോസ് അഞ്ചാമൻ.

മാർ ദീവന്നാസ്യോസ് ഒന്നാമന്റെ കാലം മുതൽ സി.എം.എസ്. മിഷനറിമാരുമായുള്ള വേഴ്ചയുടെ ഫലമായി മലങ്കരസഭയിൽ നവീകരണത്തിന്റെ വിത്തുകൾ മുളച്ചു വളർന്നു. അതു മാർ ദീവന്നാസ്യോസ് നാലാമന്റെ കാലമായപ്പോഴേക്കും ദുസ്സഹമായിത്തീർന്നു. രാജ്യത്തിന്റെ അധിരാജ ശക്തിയായിരുന്ന ബ്രിട്ടീഷ് ഗവൺമെന്റിന്റെ മേൽക്കോയ്മയിൻകീഴിൽ സി.എം.എസ്. മിഷനറിമാർക്കുണ്ടായിരുന്ന അമിത പ്രാബല്യം മലങ്കരസഭയെ അവരുടെ നീരാളിപ്പിടുത്തത്തിൽ ഒതുക്കാൻ ശ്രമിച്ചു. മാത്രമല്ല, മലങ്കരസഭയെയും അതിന്റെ പുരാതനമായ വിശ്വാസത്തെയും ആചാരത്തെയും നാമാവശേഷമാക്കുന്നതിന് അവർ തുനിഞ്ഞു. ഇതിനെ നവീകരണസഭയായി രൂപഭേദം വരുത്തുവാനുള്ള പരിശ്രമത്തിൽ അവർ ഏർപ്പെട്ടു. നവീകരണക്കാർക്കു നാട്ടുകാരനും, അവരുടെ ഇംഗിതങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നയാളുമായി ഒരു മെത്രാൻ വേണമെന്നുള്ളതിനാൽ നവീകരണത്തിന്റെ തദ്ദേശീയ പ്രോക്താവായിരുന്ന പാലക്കുന്നത്ത് എബ്രഹാം മല്പാന്റെ സഹോദര പുത്രൻ മാത്യൂസ് ശെമ്മാശനെ മലങ്കരസഭയുടെ അറിവോ സമ്മതമോ കൂടാതെ മർദീനിൽ അയച്ച് 1842-ൽ മാത്യൂസ് അത്താനാസ്യോസ് എന്ന പേരിൽ മെത്രാനാക്കി 1843-ൽ നാട്ടിൽ വരുത്തി.

മാത്യൂസ് മാർ അത്താനാസ്യോസിന്റെ അവകാശവാദങ്ങൾ അംഗീകരിക്കപ്പെടുകയും അദ്ദേഹത്തെ മലങ്കര മെത്രാനായി അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരം ഉണ്ടാവുകയും ചെയ്തു. അങ്ങിനെ നവീകരണാശയക്കാർക്കു മുൻതൂക്കം സിദ്ധിക്കുകയും പള്ളികളും സ്വത്തുക്കളും പഴയസെമിനാരിയുമെല്ലാം അവരുടെയും മാത്യൂസ് അത്താനാസ്യോസിന്റെയും പിടിയിൽ അമരുകയും ചെയ്തു. എന്നിരുന്നാലും ജനങ്ങളിൽ വലിയ പങ്കും ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നു.

നാട്ടുകാരനായ ഒരു മെത്രാപ്പോലീത്താ തലപ്പത്ത് ഇല്ലാതെ കാര്യങ്ങൾ മുമ്പോട്ട് പോകുകയില്ല എന്ന് ഇക്കൂട്ടർക്ക് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി കുന്നംകുളം സ്വദേശിയും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ അനന്തിരവനുമായ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മർദീനിൽ അയച്ചു മെത്രാനാക്കാൻ തീരുമാനിച്ചു.

## മാർ ദീവന്നാസ്യോസ് രംഗപ്രവേശം ചെയ്യുന്നു

പുലിക്കോട്ടിൽ ജോസഫ് കത്തനാർ 1833-ൽ ജനിച്ചു. 1853-ൽ യുയാക്കിം മാർ കൂറിലോസിൽ നിന്നും കത്തനാർപട്ടം സ്വീകരിച്ചു കുന്നംകുളം ഇടവക നടത്തിവരികയായിരുന്നു. കാര്യപ്രാപ്തനും ബുദ്ധിമാനും നയകോവിദനും ആയിരുന്ന അദ്ദേഹത്തെ 1864-ൽ മർദീനിൽ അയച്ചു. മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി സ്ഥാനം പ്രാപിച്ചു. 1865-ൽ തിരിച്ചെത്തി.

ജോസഫ് കത്തനാർക്കു മെത്രാൻസ്ഥാനം കൊടുക്കരുതെന്നുപോലും മാർ യൂയാക്കീം കൂറിലോസ് രഹസ്യത്തിൽ പാത്രിയർക്കീസിന് എഴുതിയിരുന്നു. കാരണം നാട്ടുകാരൻ മെത്രാനാകുന്നതു വിദേശീയ താൽപ്പര്യങ്ങൾക്കു നിരക്കാത്ത വിലങ്ങുതടിയാകുമെന്നുള്ള ചിന്തയായിരുന്നു. പക്ഷെ, പാത്രിയർക്കീസ്, മാർ കൂറിലോസിന്റെ കത്തിനെ കണക്കിലെടുക്കാതെയാണ് മാർ ദീവന്നാസ്യോസിനെ വാഴിച്ചത്.

## ഫലശൂന്യമായ പത്തു വർഷം

നാട്ടിൽ തിരിച്ചെത്തിയ മാർ ദീവന്നാസ്യോസ് മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്നും ഭരണം പിടിച്ചെടുക്കാൻ ചെയ്ത ശ്രമങ്ങളെല്ലാം വിഫലങ്ങളായി. മാത്യൂസ് അത്താനാസ്യോസിനു ലഭിച്ച രാജകീയ വിളംബരം അസ്ഥിരപ്പെടുത്തിക്കിട്ടുവാൻ ദിവാന്റെ പക്കൽ അപേക്ഷ കൊടുത്തു. പക്ഷേ, ആ അപേക്ഷ ബ്രിട്ടീഷ് റസിഡന്റിന്റെ അടുക്കൽ കൊടുത്ത് അദ്ദേഹത്തിന്റെ ശുപാർശയോടു കൂടി വരണമെന്നായിരുന്നു ദിവാന്റെ മറുപടി. റസിഡന്റ് മാർ അത്താനാസ്യോസിന്റെ അനുഭാവിയായിരുന്നതുകൊണ്ട് അനുകൂലമായ മറുപടി കൊടുക്കാതെ കോടതിയെ സമീപിക്കുവാൻ ആജ്ഞാപിച്ചു. കോടതിയെ ഇക്കാര്യവുമായി സമീപിച്ചപ്പോൾ, വാദിയെ (അപേക്ഷകനെ) ഒരു മെത്രാപ്പോലീത്താ ആണെന്ന് സർക്കാർ അംഗീകരിക്കാത്തകാലം കോടതികൾക്കും ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ ഒക്കുകയില്ല എന്ന് തീർപ്പുണ്ടായി. മാർ അത്താനാസ്യോസിനെ അംഗീകൃത മെത്രാനായി സർക്കാർ കരുതിയിരുന്നതിനാൽ മാർ ദീവന്നാസ്യോസിന്റെ ആ വഴിക്കുള്ള പരിശ്രമവും നിഷ്ഫലമായി. തന്നെയുമല്ല ഈ അവസരത്തിൽ വട്ടിപ്പണത്തിന്റെ കഴിഞ്ഞ 30

വർഷത്തെ പലിശ മാർ അത്താനാസ്യോസ് ഒരുമിച്ച് വാങ്ങിച്ചതും മാർ ദീവന്നാസ്യോസിന് ഒരു പ്രഹരമായിരുന്നു.

## അന്ത്യോഖ്യാ പാത്രിയർക്കീസിനെ വരുത്തുന്നു

1865 മുതൽ ഏകദേശം പത്തു വർഷക്കാലം കഷ്ടപ്പെട്ടിട്ടും കാര്യമായ പ്രയോജനം ഒന്നുംതന്നെ ഉണ്ടായില്ല എന്നുള്ളതുകൊണ്ട് അനന്തരകരണീയം എന്തെന്നു ചിന്തിച്ചതിന്റെ ഫലമായി 1875-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെത്തന്നെ (പത്രോസ് മൂന്നാമൻ) മലങ്കരയിൽ വരുത്തുവാൻ തീരുമാനിച്ചു.[1] അതനുസരിച്ച് ഇവിടെ നിന്നും 500 പവൻ യാത്രാച്ചെലവിന് അയച്ചുകൊടുത്തു. പാത്രിയർക്കീസ് ഇംഗ്ലണ്ടിൽ പോയി ബ്രിട്ടീഷ് ചക്രവർത്തിയിൽ നിന്നും മറ്റ് അധികാരികളിൽ നിന്നും ശുപാർശക്കത്തുകളും മറ്റും വാങ്ങി മലങ്കരയിൽ എത്തി. മദ്രാസ് ഗവർണ്ണരുടെ കത്തുമായി തിരുവിതാംകൂർ മഹാരാജാവിനെ കണ്ട് സംസാരിച്ചതിന്റെ ഫലമായി മാത്യൂസ് അത്താനാസ്യോസിനു കൊടുത്തിരുന്ന തിരുവെഴുത്ത് വിളംബരം അസ്ഥിരപ്പെടുത്തുകയും എല്ലാ കക്ഷികളും തങ്ങളുടെ അവകാശവാദങ്ങളെ സിവിൽ കോടതി വഴിയായി തീരുമാനിച്ചുകൊള്ളണമെന്ന് ആജ്ഞാപിച്ചുകൊണ്ട് 1876-ൽ പുതിയ വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മാത്യൂസ് അത്താനാസ്യോസ് കോടതികൾക്ക് അതീതനെന്നുള്ള നിലമാറ്റി എടുത്തു എന്നുള്ളതാണ് പ്രഥമ വിജയം.

മഹാരാജാവിന്റെ ഈ തീരുമാനം മാർ ദീവന്നാസ്യോസിനു മുന്നേറാനുള്ള ഒരു വാതിൽ തുറന്നു കൊടുത്തു. എന്നിരുന്നാലും പ്രശ്നങ്ങൾ ബാലികേറാമല പോലെ മുമ്പിൽ നിൽക്കുന്നുണ്ടായിരുന്നു.

## മുളന്തുരുത്തി സുന്നഹദോസ്

മാത്യൂസ് അത്താനാസ്യോസിനു പിൻബലമായി നിന്നിരുന്ന രാജകീയ വിളംബരം അസ്ഥിരപ്പെട്ടതിനുശേഷം തന്റെ നില ഉറപ്പിക്കാനുള്ള നടപടിയിലേക്ക് തിരിഞ്ഞു. ഉടൻതന്നെ പള്ളിപ്രതിപുരുഷന്മാരുടെ യോഗം വിളിച്ചുകൂട്ടി. പൊതുജനാഭിപ്രായം ഏകോപിപ്പിക്കുക, അവരെ സംഘടിപ്പിക്കുക എന്നുള്ളതുമായിരുന്നു അടുത്ത നടപടി. ആയതിനായി 1876 ഇടവ മാസം 22-നു പള്ളി പ്രതിപുരുഷയോഗം കൂടാൻ പാത്രിയർക്കീസിനെക്കൊണ്ടു തന്നെ കൽപ്പന പുറപ്പെടുവിക്കുകയും 1876 മിഥുനം 15, 16, 17 എന്നീ തീയതികളിലായി സുപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ് എന്നറിയപ്പെടുന്ന പള്ളിപ്രതിപുരുഷയോഗം മുളന്തുരുത്തി പള്ളിയിൽ കൂടുകയും ചെയ്തു.

## വ്യവഹാരത്തിലേക്കുള്ള എടുത്തുചാട്ടം

പാത്രിയർക്കീസിൽ നിന്നും ലഭിച്ച സ്താത്തിക്കോന്റെ ബലത്തിൽ തിരുവെഴുത്ത് വിളംബരം നേടി മലങ്കരസഭയുടെ ഭരണാധികാരം മാർ മാത്യൂസ് അത്താനാസ്യോസ് സമ്പാദിച്ചുവെങ്കിൽ മാർ ദീവന്നാസ്യോസ് പത്രോസ് പാത്രിയർക്കീസിനെ ഉപയോഗിച്ചുകൊണ്ട് ആ തിരുവെഴുത്തു വിളംബരം അസ്ഥിരപ്പെടുത്തുകയും മുളന്തുരുത്തി സുന്നഹദോസ് മൂലം പൊതുജനാഭിപ്രായം സംഘടിപ്പിക്കുകയും ജനസ്വാധീനവും സഹായവും ഉറപ്പുവരുത്തുകയും വ്യവഹാരത്തിനുള്ള ധനാഗമ മാർഗ്ഗങ്ങൾക്കു രൂപ രേഖ ഉണ്ടാക്കുകയും ചെയ്തതിനുശേഷം ഒരു വ്യവഹാരത്തിനുള്ള വട്ടം കൂട്ടലുകൾ ആരംഭിച്ചു.

ഇക്കാലയളവിൽ മാത്യൂസ് അത്താനാസ്യോസ് പാലക്കുന്നത്ത് തോമസ് കശ്ശീശായെ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. തന്റെ സഹായിയും പിൻഗാമിയുമായി നിയമിക്കുകയും ഒരു മരണപത്രം വഴി എല്ലാ ആസ്തികളും പിൻഗാമിക്കു വിട്ടുകൊടുത്തുകൊണ്ട് വ്യവസ്ഥ ചെയ്യുകയും ചെയ്തു. മാത്യൂസ് അത്താനാസ്യോസിന്റെ കാലശേഷം സുറിയാനി സെമിനാരിയും സ്വത്തുക്കളും മലങ്കരസഭയുടെ ഇതര വസ്തുവകകളും പള്ളികളും തോമസ് അത്താനാസ്യോസിന്റെ കൈവശത്തിലും ഭരണത്തിലും ആവുകയും ചെയ്തു. ആ കൈവശത്തിൽ നിന്നും നവീകരണക്കാരിൽ നിന്നും സെമിനാരിയും സ്വത്തുക്കളും ഒഴിപ്പിച്ചെടുക്കേണ്ടതിലേക്കായി മാർ ദീവന്നാസ്യോസ് 1879/439-ാം നമ്പരായി ആലപ്പുഴ ജില്ലാകോടതിയിൽ ഒരു കേസ് കൊടുത്തു. ആ കേസിന്റെ പേരാണു 'സെമിനാരിക്കേസ്' എന്നു പറയപ്പെടുന്നതും 1889-ലെ റോയൽ കോടതി വിധിമൂലം സുപ്രസിദ്ധമായിട്ടുള്ളതും. ആ കേസ് ഹൈക്കോടതിയിൽ ദീവന്നാസ്യോസിന് അനുകൂലമായി വിധിച്ചു. എന്നാൽ എതിൽ കക്ഷികൾ റോയൽ കോടതിയിൽ അപ്പീൽ കൊടുത്തു. അതിന്റെ തീർപ്പും മാർ ദീവന്നാസ്യോസിനു അനുകൂലമായിട്ടായിരുന്നു ഉണ്ടായത്. പക്ഷേ, 1886-ൽ ഹൈക്കോടതിയുടെ വിധികഴിഞ്ഞ ഉടനെ തന്നെ സെമിനാരിയും വസ്തുക്കളും മാർ ദീവന്നാസ്യോസ് നടത്തിയെടുക്കുകയുണ്ടായി. തുടർന്ന് അദ്ദേഹം സെമിനാരിയിൽ താമസവുമാക്കി.

1886-ൽ സെമിനാരി നടത്തി എടുത്തിട്ട് അധികം താമസിയാതെ തന്നെ മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടുകയും സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പുനരാരംഭിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. എല്ലാ ശെമ്മാശന്മാരും സെമിനാരിയിൽ ചേർന്ന് പഠിച്ചിരിക്കണം. ഓരോരുത്തരും പത്തു പണം ഫീസടക്കണം. ഫീസടക്കാൻ പ്രാപ്തിയില്ലാത്തവർക്കു ഫീസ് ഇളവ് ചെയ്തുകൊടുക്കുന്നതാണ് എന്നും കമ്മിറ്റി തീരുമാനം ചെയ്തു.

## വട്ടിപ്പണക്കേസ്

കത്തനാർ ട്രസ്റ്റി ആയിരുന്ന താഴത്തു ചാണ്ടപ്പിള്ള കത്തനാർ നവീകരണപക്ഷത്ത് ചേർന്നതിനാൽ അദ്ദേഹത്തെ ആ സ്ഥാനത്തു നിന്നു നീക്കിയിട്ട് കോനാട്ടു മാത്തൻ മല്പാനെ കത്തനാർ ട്രസ്റ്റിയായി തെരഞ്ഞെടുത്തതുകൊണ്ട് വട്ടിപ്പണത്തിന്റെ പലിശക്ക് വേണ്ടി അപേക്ഷ കൊടുത്തു. എങ്കിലും പലിശ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായേയും കൂട്ടുട്രസ്റ്റിയെയും ഏൽപ്പിക്കാതെ ബ്രിട്ടീഷ് റെസിഡന്റ് ആ പണം കോടതിയിൽ കെട്ടിവച്ചുകൊണ്ട് ഒരു കേസ് കൊടുത്തു. Inter Pleader Suits എന്നു പറയപ്പെടുന്ന ആ കേസും ദീവന്നാസ്യോസിന് അനുകൂലമായി 1902–ൽ വിധിച്ചു. ദീവന്നാസ്യോസ് വട്ടിപ്പണപലിശ വാങ്ങിക്കുകയും ചെയ്തു.

## പള്ളിക്കേസുകൾ

റോയൽ കോടതി വിധി മൂലം സെമിനാരിക്കേസിന് അന്തിമ തീരുമാനം ഉണ്ടായെങ്കിലും പള്ളികളെ ആ വിധി ബാധിക്കുകയില്ല എന്ന സ്ഥിതി വന്നതിനാൽ ഓരോ പള്ളിക്കും പ്രത്യേകം പ്രത്യേകം കേസുകൾ കൊടുക്കേണ്ടതായി വന്നു. അതിൽ പ്രധാനപ്പെട്ടതാണ് കോട്ടയം ചെറിയപള്ളിക്കേസ്. മലങ്കര മെത്രാപ്പോലീത്താ തനിയെ വാദിയായി കൊടുത്ത കേസ് ഫലപ്രദമാകാഞ്ഞതിനാൽ രണ്ടാമതും മറ്റാളുകളേയും വാദികളായി ഉൾപ്പെടുത്തിക്കൊണ്ട് കേസ് കൊടുക്കുകയും 1901–ൽ ദീവന്നാസ്യോസിനു അനുകൂലമായി വിധിയുണ്ടാകുകയും പള്ളി നടത്തിയെടുക്കുകയും ചെയ്തു.

കൂടാതെ കൊച്ചിൻ റോയൽ കോടതി വിധിയിൽ കലാശിച്ച മറ്റൊരു പള്ളിക്കേസാണു കുന്നംകുളം ആർത്താറ്റു പള്ളിക്കേസ്. 1905–ൽ ആ കേസും  അവസാനിച്ചു. കൊച്ചിയിലെ റോയൽക്കോടതി മാർ ദീവന്നാസ്യോസിന് അനുകൂലമായി വിധിക്കുകയുണ്ടായി.

ഇവയ്ക്കു പുറമേ കോട്ടയം വലിയപള്ളി, പുതുപ്പള്ളിപ്പള്ളി, നിരണം പള്ളി, പുത്തൻകാവുപള്ളി, ചെങ്ങന്നൂർപള്ളി, കല്ലൂപ്പാറപള്ളി, ചേപ്പാട്ടു പള്ളി, കാരിച്ചാൽപള്ളി, കുണ്ടറപള്ളി, പന്തളം, റാന്നി, കറ്റാനം, കരുവാറ്റ, ആനപ്രാമ്പാൽ, ചെങ്ങളം, കായംകുളം, കണ്ണങ്കോട്, അയിരൂർ, മല്ലപ്പള്ളി, ഓമല്ലൂർ, മാക്കാംകുന്ന് തുടങ്ങിയ പള്ളികൾക്കും  പ്രത്യേകം പ്രത്യേകം വ്യവഹാരം നടത്തി പള്ളികൾ വീണ്ടെടുത്തു.

## പാത്രിയർക്കീസിന്റെ അപ്രീതി

പാത്രിയർക്കീസിനു മലങ്കരസഭയുടെ ലൗകികങ്ങളിൽ അധികാരമി

ല്ലായെന്ന് കോടതി വിധിച്ചതിൽ മാർ ദീവന്നാസ്യോസിന് കൈയുണ്ട് എന്നുള്ള ധാരണയിൽ പാത്രിയർക്കീസ് ക്ഷുഭിതനായിത്തീരുകയും 1892-ൽ സുദീർഘമായ ഒരു കൽപ്പന അയക്കുകയും ചെയ്തു. അതിൽ ദീവന്നാസ്യോസിനെ താക്കീത് ചെയ്യുകയും കൊച്ചിയും കൊല്ലവും ഒഴിച്ച് മറ്റൊരു ഭദ്രാസനത്തിലും പ്രവേശിച്ചു പോകരുത് എന്ന് വിലക്ക് കൽപ്പിക്കുകയും ചെയ്തു. കൂടാതെ അസോസിയേഷന്റെ പ്രസിഡന്റ് സ്ഥാനത്തു നിന്നും നീക്കം ചെയ്യുകയും ഏതെങ്കിലും ഒരു കത്തനാരെ പ്രസിഡന്റാക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. പക്ഷേ, ആ വക വിലക്കുകളൊന്നും മലങ്കരസഭയോ മാനേജിംഗ് കമ്മിറ്റിയോ മറ്റു മെത്രാന്മാരോ കൈക്കൊണ്ടില്ല. ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ എല്ലാ ഭദ്രാസനങ്ങളുടെ മേലും അധികാരം ഉള്ളവനായി ആജീവനാന്തം വിരാജിച്ചു.

## മാർ ദീവന്നാസ്യോസിന്റെ മറ്റു നേട്ടങ്ങൾ

വ്യവഹാരങ്ങളുടെ നടുച്ചുഴിയിൽ കിടന്നു നട്ടംതിരിയുമ്പോഴും സമുദായത്തിന്റെ ഉൽക്കർഷത്തിനും അഭിവൃദ്ധിക്കും പൊതു നന്മയ്ക്കു വേണ്ടിയും വിദ്യാഭ്യാസപരമായ പുരോഗമനത്തിനുവേണ്ടിയും അദ്ദേഹം അക്ഷീണ പരിശ്രമം ചെയ്തുകൊണ്ടിരുന്നു. വ്യവഹാര കാലത്ത് പണത്തിനു വേണ്ടി ഞെരുക്കമുണ്ടായപ്പോൾ മോതിരവും വടിയും മറ്റും പണയം വയ്ക്കുകതന്നെ ചെയ്തിട്ടുണ്ട്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പള്ളിക്കൂടങ്ങൾ ആരംഭിച്ച് നടത്തിയാൽ സർക്കാർ ഗ്രാന്റ് അനുവദിക്കുമെന്നുള്ള ഉറപ്പ് അന്നത്തെ ദിവാൻ നാണുപ്പിള്ളയിൽ നിന്നു ലഭിച്ചതിനെ തുടർന്ന് പല സ്ഥലങ്ങളിലും മലയാളം സ്കൂളുകൾ (Vernacular school) ആരംഭിച്ചു. ഏകദേശം അറുപതോളം സ്കൂളുകൾ സ്ഥാപിച്ചു എന്നു വേണം പറയാൻ.[2] M.D.L.P. എന്നറിയപ്പെടുന്ന സ്കൂളുകളാണ് അവയെല്ലാം. എന്നാൽ മലയാളം പള്ളിക്കൂടം കൊണ്ടു മാത്രം വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാവുകയില്ല എന്നു ബോദ്ധ്യമായതുകൊണ്ട് ഇംഗ്ലീഷ് പള്ളിക്കൂടം ആരംഭിക്കണമെന്ന് തീരുമാനിച്ചു. ആ ആഗ്രഹം പൂവണിഞ്ഞതാണ് ഇന്ന് നാം കാണുന്ന എം.ഡി. സെമിനാരി ഹൈസ്ക്കൂൾ. എം.ഡി. സെമിനാരി കെട്ടിടത്തിന്റെ പണി 1888-ൽ ആരംഭിക്കുകയും 1892-ൽ ആദ്യത്തെ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. ഏകദേശം അക്കാലത്തോടടുത്ത് തന്നെയാണ് തിരുവല്ലയിൽ ഒരു ഇംഗ്ലീഷ് സ്കൂളിന് പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആരംഭം കുറിച്ചത്. അദ്ദേഹം 1902-ൽ കാലം ചെയ്തു പോയതുകൊണ്ട് മാർ ദീവന്നാസ്യോസ് അതിന്റെ കാര്യങ്ങളും ഏറ്റെടുത്ത് നടത്തുകയായിരുന്നു.

## എം. ഡി. സെമിനാരി സ്ഥലം (WOODLAND ESTATE)

എം. ഡി. സെമിനാരി സ്ഥലം മാർ ദീവന്നാസ്യോസും കുറവിലങ്ങാട്ടുകാരനും റോമൻ കത്തോലിക്കാ സഭാംഗവും ആയിരുന്ന നിധീരിക്കൽ മാണിക്കത്തനാരും കൂടി ഒരുമിച്ച് ജാതൈക്യസംഘത്തിനു വേണ്ടി എഴുതി വാങ്ങിയിട്ടുള്ളതാണ്. ആ സ്ഥലത്തിന്റെ ആദ്യത്തെ പേര് വുഡ്ലാൻഡ് തോപ്പ് (Woodland Estate) എന്നതായിരുന്നു. അതിന്റെ ഉടമസ്ഥൻ ഇംഗ്ലണ്ടിൽ സ്ഥിരതാമസക്കാരനായിരുന്ന ടി. ക്രാഫോർട്ട് എന്ന ധ്വര ആയിരുന്നു. അയാളുടെ മുക്തിയാർക്കാരൻ ആലപ്പുഴ വ്യവസായത്തിനായി താമസിച്ചിരുന്ന ജയിംസ് ഡാറാ എന്ന ധ്വരയും ആയിരുന്നു. ഡാറാ സായിപ്പും മാർ ദീവന്നാസ്യോസും വളരെ നല്ല സുഹൃത്തുക്കളായിരുന്നു. തന്നെയുമല്ല ഡാറാ സായിപ്പ് മാർ ദീവന്നാസ്യോസിനെ പ്രയാസഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിച്ചിട്ടുള്ള ആളുമാണ്. മാർ ദീവന്നാസ്യോസും നിധീരിക്കൽ മാണിക്കത്തനാരും ഉറ്റ സുഹൃത്തുക്കളായിരുന്നതുകൊണ്ട് അവർ രണ്ടു സമുദായങ്ങളുടേയും ഏകോപിച്ചുള്ള സാമൂഹ്യപ്രവർത്തനങ്ങൾക്കു സഹായിക്കുമാറു ജാത്യൈക്യസംഘം എന്നൊരു സംഘത്തിനു രൂപംകൊടുത്തു പ്രവർത്തിച്ചു വരുന്നുണ്ടായിരുന്നു.

ആ ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനങ്ങൾക്കു ഒരു പൊതു വേദിയായിത്തീരുവാൻവേണ്ടി ഡാറാ സായിപ്പിൽ നിന്നും 3541 രൂപാ 4 പൈസ കൊടുത്തു 1889-ൽ മാർ ദീവന്നാസ്യോസിന്റെയും നിധീരിക്കൽ മാണിക്കത്തനാരുടേയും പേരിൽ തീറു വാങ്ങിയിട്ടുള്ളതാണ് എം. ഡി. സെമിനാരി സ്ഥലം. രണ്ടു സമുദായങ്ങളും യോജിച്ച് ഒരു സ്കൂൾ തുടങ്ങണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. പക്ഷേ, നിധീരിക്കൽ മാണിക്കത്തനാർക്ക് ആ സംഘത്തിൽ തുടർന്ന് പോകുവാനും പ്രവർത്തിക്കുവാനും സാദ്ധ്യമല്ലാത്തപ്രകാരം മേലധികാരികളിൽ നിന്ന് വിലക്കു വന്നതിനാൽ അദ്ദേഹം പിന്മാറുകയും അദ്ദേഹത്തിന്റെ അവകാശവും കൂടി മാർ ദീവന്നാസ്യോസ് തീറു വാങ്ങുകയും ചെയ്യുകയാണുണ്ടായത്. ആ സ്ഥലം മലങ്കരസഭയ്ക്കു മുതൽക്കൂട്ടായി ഭവിച്ചു. സഭയുടെ സുപ്രധാനങ്ങളായ പല സംഭവങ്ങൾക്കും സമ്മേളനങ്ങൾക്കും സ്ഥാപനങ്ങൾക്കും അതു വേദിയും സാക്ഷിയുമായി നിലകൊള്ളുന്നു.

## പത്രപ്രവർത്തനം

പള്ളികളിൽ പ്രവേശനമില്ലാതെ പ്രാരാബ്ധങ്ങൾ കൊണ്ടു നട്ടം തിരിഞ്ഞു കഴിഞ്ഞുകൂടുന്ന കാലയളവാണെങ്കിലും മാർ ദീവന്നാസ്യോസ് പത്രപ്രവർത്തനത്തിലേക്ക് ശ്രദ്ധ തിരിച്ചു. 1045-ന് 1870-ൽ കൊച്ചിയിൽ സെന്തോമസ് അച്ചുകൂടം എന്ന പേരോടുകൂടി ഒരു പ്രസ്സ് ആരംഭിച്ചു.

സുറിയാനിക്കാർക്ക് ആവശ്യമുള്ള മതവിഷയകമായ പുസ്തകങ്ങൾ അച്ച ടിച്ചു പ്രസിദ്ധപ്പെടുത്തി. അതോടൊപ്പം തന്നെ 'കേരളപതാക' എന്നൊരു വൃത്താന്ത പത്രവും കൊച്ചിയിൽ നിന്നു പ്രസിദ്ധീകരിച്ചു. അത് അധികം കാലം നിന്നില്ല. പിന്നീട് 1892-ൽ പഴയസെമിനാരിയിൽ നിന്നും ഇടവക പത്രിക എന്നൊരു മാസിക കുറെക്കാലം വിജയകരമായി നടത്തി ക്കൊണ്ടു പോയി.

'ഭാഷാപോഷിണി'യും 'മനോരമ' പത്രവും ആരംഭിച്ചു പ്രസിദ്ധീകരി ക്കുന്നതിൽ മാർ ദീവന്നാസ്യോസും കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും ഒരുമിച്ചു പ്രവർത്തിക്കുകയും മനോരമ കമ്പനിയിൽ ഒരു ഓഹരിക്കാര നാകുകയും ചെയ്തു. ആദ്യം Woodland ബംഗ്ലാവിലും പിന്നീട് Woodland Estate ന്റെ മറ്റൊരു ഭാഗത്തും (ഇന്നു മനോരമ പ്രസ്സ് സ്ഥാപിച്ചിരി ക്കുന്ന സ്ഥലം) ആയിട്ടാണ് മനോരമയുടെ പ്രവർത്തം ആരംഭിക്കുന്നത്.

## മലങ്കരയ്ക്കു വെളിയിൽ മെത്രാന്മാരെ വാഴിക്കുന്നു

റോമാ സഭാംഗവും ഗോവാക്കാരനുമായിരുന്ന അൽവാറീസിനെ നമ്മുടെ സഭയിൽ ഒരംഗമായിച്ചേർത്ത് മാർ യൂലിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അദ്ദേഹം കഷ്ടതകൾ സഹിച്ചു മലങ്കരസഭയോട് കൂറുള്ളവനായി കഴിച്ചുകൂട്ടി എന്നു മാത്രമല്ല മാർ ഗീവർഗ്ഗീസ് ദീവന്നാ സ്യോസിന്റെ സമയത്ത് അദ്ദേഹത്തിന്റെ അനുകൂലിയായി ഉറച്ച നില പാട് സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെ മലങ്കരസഭയിൽ ചേർന്ന ആളുകളിൽ ഒരു ഭാഗം ഇപ്പോഴും ഈ സഭയിൽ അംഗങ്ങ ളായിത്തുടരുന്നു. ബ്രഹ്മവാർ, മംഗലാപുരം, ഗോവാ എന്നിവിടങ്ങളിൽ അവർ ഇപ്പോഴുമുണ്ട്. എൻ. ജെ. തോമസ് റമ്പാന്റെ നേതൃത്വത്തിൽ അവിടെ പ്രവർത്തനം നടന്നുവരുന്നു.[3]

## അനന്തരഗാമിയെ കണ്ടെത്തുന്നു

1833-ൽ ജനിച്ച ആ മഹാത്മാവിനു 1908-ൽ ആയപ്പോഴേക്കും 75 വയസ്സു പൂർത്തിയായി. 1865 മുതലുള്ള തന്റെ കഷ്ടപ്പാടും ആയോധനവും മൂലം ക്ഷീണനുമായി ഭവിച്ചപ്പോൾ തനിക്കൊരു പിൻഗാമിയെ കണ്ടുപിടിക്കേ ണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണെന്നുള്ള ബോദ്ധ്യത്തോടു കൂടി അതിനുള്ള നടപടികൾ ആരംഭിച്ചു. 1808-ൽ കുംഭം 15-ാം തീയതി മലങ്കര അസോസ്യേഷൻ കൂടി വട്ടശ്ശേരിൽ ഗീവർഗ്ഗീസ് റമ്പാനെ തന്റെ അസിസ്റ്റന്റും പിൻഗാമിയായിട്ടും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെ മറ്റൊരു മെത്രാൻ സ്ഥാനാർത്ഥിയായിട്ടും തെരഞ്ഞെടുത്തു. അവരെ യറു ശലേമിൽ താമസിച്ചിരുന്ന മാർ അബ്ദുള്ളാ പാത്രിയർക്കീസിന്റെ അടു ക്കൽ അയച്ചു സ്ഥാനമേൽപ്പിച്ചു. റമ്പാൻ ഗീവർഗ്ഗീസിനു മാർ ദീവന്നാ

സ്യോസ് എന്ന സ്ഥാനനാമവും പൗലോസ് റമ്പാനു മാർ കൂറിലോസ് എന്ന സ്ഥാനനാമവും ലഭിച്ചു. അവർ നാട്ടിൽ തിരിച്ചെത്തിയതിനു ശേഷം ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ്, ജോസഫ് മാർ ദീവന്നാസ്യോസിന്റെ സഹായിയായി സഭാകാര്യങ്ങൾ അന്വേഷിച്ചുപോന്നു.

ഈ കാലയളവിലാണ് അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്കു വരുന്നു എന്നുള്ള വാർത്ത ഇവിടെ ലഭിക്കുന്നത്. ശീമക്കാരുടെ ഇംഗിതങ്ങളും മനസ്സിലിരിപ്പുകളും ഗതിവിഗതികളും കുത്തിത്തിരിപ്പുകളും കരുനീക്കങ്ങളും എല്ലാം ശരിക്കും കണ്ടറിഞ്ഞും പരിചയപ്പെട്ടും പഠിച്ചും ഇരിക്കുന്നയാളും അതിലുപരിയായി മാർ അബ്ദള്ളാ പാത്രിയർക്കീസിനെ ശരിക്കും മനസ്സിലാക്കിയിട്ടുള്ള ആളുമായ ജോസഫ് മാർ ദീവന്നാസ്യോസിന് ആ വാർത്ത ഇടിത്തീ വീണപോലെയായിരുന്നു. രോഗിയും ക്ഷീണനുമായി കഴിഞ്ഞുകൂടുന്ന ആളിനു അബ്ദള്ളാ പാത്രിയർക്കീസിന്റെ വരവോടു കൂടി മലങ്കരയിൽ രൂപംകൊള്ളുവാൻ പോകുന്ന ചുഴലിക്കാറ്റിനെപ്പറ്റിയും കോളിളക്കങ്ങളെപ്പറ്റിയും വരാൻ പോകുന്ന ആപത്തിനെപ്പറ്റിയും ഓർത്തു എന്തെന്നില്ലാത്ത ആധിയും ഭീതിയും ഉണ്ടായി.

ഇത്തരുണത്തിൽ മാർ ദീവന്നാസ്യോസ് കൊച്ചു മെത്രാന്മാരെ രണ്ടു പേരെയും രഹസ്യമായി അടുക്കൽ വിളിച്ചു വരുത്തി. രണ്ടു പേരുടെയും കൈകൾ പിടിച്ചു തന്റെ തുടയിൽ വച്ചുകൊണ്ടു പറഞ്ഞു. മാർ അബ്ദള്ളാ വന്നാൽ സഭയിൽ വിപ്ലവം ഉണ്ടാകും. വരാൻ പോകുന്ന വിപത്തിനെപ്പറ്റി പറഞ്ഞ് അവരെ ബോദ്ധ്യപ്പെടുത്തി. 'ഭൗതികാധികാരം ആവശ്യപ്പെടും. എന്തുവന്നാലും കൊടുക്കരുത്. നിങ്ങൾ ഇരുവരും ഒരേ നിലയിൽ തന്നെ നിൽക്കണം' എന്ന് ഉപദേശിച്ചു (കൊച്ചു മെത്രാന്മാർ ആ ഉപദേശം അക്ഷരംപ്രതി നിർവഹിച്ചുകൊള്ളാമെന്ന് അപ്പോൾ വാക്കു കൊടുത്തു എങ്കിലും മാർ അബ്ദള്ളാ പാത്രിയർക്കീസ് വന്നുകഴിഞ്ഞ ശേഷം മാർ കൂറിലോസ് വാഗ്ദത്തം പാലിച്ചില്ല).

സഭയുടെയും സമുദായത്തിന്റെയും ഭാവി അവരുടെ കൈകളിൽ സുരക്ഷിതമായിരിക്കും എന്നുള്ള പ്രതീക്ഷയോടെ മാർ ജോസഫ് ദീവന്നാസ്യോസ് 1084 മിഥുനം 28-ാം തീയതി (1909 ജൂലൈ 11) ഇഹലോകവാസം വെടിഞ്ഞു.

അത്യന്തം കലുഷിതമായതും ആശയറ്റതും ഓർത്തഡോക്സ് വിശ്വാസം അസ്തപ്രായമായിക്കൊണ്ടിരിക്കുന്നതുമായ ഒരു കാലഘട്ടത്തിലാണ് ജോസഫ് മാർ ദീവന്നാസ്യോസ് രംഗപ്രവേശം ചെയ്യുന്നത്. എന്നാൽ സത്യവിശ്വാസം ഉറപ്പിക്കുവാനും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ചുവടുകൾ കുറെയെല്ലാം ഉറപ്പിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

സാമ്പത്തികരംഗത്തും രാഷ്ട്രീയരംഗത്തും വിദ്യാഭ്യാസരംഗത്തും സഭയ്ക്കും സമുദായത്തിനും അദ്ദേഹത്തിന്റെ ഭരണകാലത്തു വളരെ ഉയർച്ചയും പ്രശസ്തിയുമുണ്ടായി. മലങ്കരസഭ ഒന്നടങ്കം 1902-ൽ അദ്ദേഹത്തിന്റെ പൗരോഹിത്യ ജൂബിലി കൊണ്ടാടിയിരുന്നു.

1. 1873-ൽ പരുമലയിൽ ചേർന്ന മലങ്കര പള്ളിപ്രതിപുരുഷയോഗമാണ് ഈ തീരുമാനം കൈക്കൊണ്ടത്. - എഡിറ്റർ

2. 250-തോളം വിദ്യാലയങ്ങൾ അദ്ദേഹം മുൻകൈ എടുത്ത് സ്ഥാപിച്ചതായി ചീരൻ വർഗ്ഗീസ് 'ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു. കാരുചിറ ഗീവറുഗീസ് റമ്പാന്റെ (മലങ്കരയിലെ രണ്ടാം കാതോലിക്കാ) 'സഭാപഞ്ചാംഗ'ത്തിലും (1907, 1908) അപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടും സമകാല രേഖകളാണ്. - എഡിറ്റർ

3. റിനിവിലാത്തി മാർ തീമോത്തിയോസിനെ പുലിക്കോട്ടിൽ തിരുമേനിയുടെ നിയോഗപ്രകാരം കടവിൽ തിരുമേനി, ചാത്തുരുത്തിൽ തിരുമേനി, അൽവാറീസ് തിരുമേനി എന്നിവർ ചേർന്ന് കൊളമ്പിൽ വച്ച് വാഴിച്ചു. മലങ്കരസഭ നടത്തിയ രണ്ട് മെത്രാൻ വാഴ്ചകളിലും പാത്രിയർക്കീസിന്റെ പങ്കാളിത്തം അനുവാദ കല്പനയിലൂടെ ആയിരുന്നു. ശക്തമായ ഈ കീഴ്വഴക്കം 1908-ൽ തുടരുവാൻ നമുക്കു കഴിഞ്ഞിരുന്നെങ്കിൽ സഭയുടെ ആധുനിക ചരിത്രം വ്യത്യസ്തമായേനേ. 1908-ലെ പട്ടംകൊട പാത്രിയർക്കീസിൽ നിന്നു തന്നെ വേണമെന്ന് സ്ഥാനാർത്ഥികൾ ആഗ്രഹിച്ചു എന്നാണ് കേട്ടിട്ടുള്ളത്. സ്ലീബാ ശെമ്മാശനും മറ്റും ഇതിന് പ്രോത്സാഹനവും നൽകി. തന്മൂലം അബ്ദുള്ളാ പാത്രിയർക്കീസിന് മലങ്കരയിൽ ഇടപെടാനുള്ള രാജപാത നാം ഒരുക്കിക്കൊടുത്തു. - എഡിറ്റർ.

*(ചരമനവതി സുവനീർ, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, 1999, തൃശൂർ. ചീഫ് എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ)*

# ക്രാന്തദർശിയായ പിതാവ്

## ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

ചരിത്രത്തിന്റെ വ്യതിയാനങ്ങൾക്ക് മഹാന്മാർ കാരണഭൂതരാകാറുണ്ട്. മലങ്കരസഭാചരിത്രത്തിൽ അതുല്യശോഭയോടെ പ്രകാശിക്കുന്ന വ്യക്തിയാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്. നവീകരണ പ്രസ്ഥാനം ഉടലെടുക്കുകയും മലങ്കരസഭയിൽ കാറും കോളും നിറയുകയും ചെയ്ത പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ സഭാനൗകയെ സധൈര്യം നയിച്ച അമരക്കാരനാണദ്ദേഹം. അബ്രഹാം മല്പാന്റെയും പിന്നീട് മാത്യൂസ് മാർ അത്താനാസ്യോസിന്റെയും നേതൃത്വത്തിൽ ഒരു പുതിയ സഭാരൂപീകരണത്തിലേയ്ക്ക് നവീകരണപ്രസ്ഥാനം നയിക്കപ്പെടുന്നു. അത് 1889-ലെ റോയൽ കോർട്ട് വിധിയോടെ സമാപിക്കുന്നു.

ശ്രദ്ധേയമായ പല സംഗതികളും മാർ ദീവന്നാസ്യോസിന്റെ കാലത്ത് നടന്നിട്ടുണ്ട്.

### മുളന്തുരുത്തി സുന്നഹദോസ് (1876)

മാർ ദീവന്നാസ്യോസിന്റെ ശ്രമഫലമായി പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരസഭയിൽ വന്ന് മുളന്തുരുത്തി സുന്നഹദോസ് കൂടുന്നതോടെ നവീകരണക്കാർ ഇതരരായി തീരുകയും അത് 1889-ലെ വിധിയിലേക്കു നയിക്കുകയും ചെയ്തു.

പാത്രിയർക്കീസിന്റെ അധികാര സ്ഥാപനത്തെ മാർ ദീവന്നാസ്യോസ് ബുദ്ധിപൂർവ്വം നേരിടുന്നു. പാത്രിയർക്കീസ് പുതുതായി ആറ് മെത്രാന്മാരെ വാഴിക്കുന്നതും ഏഴു ഭദ്രാസനങ്ങൾ രൂപീകരിക്കുന്നതും മാർ ദീവന്നാസ്യോസിനെ ബലഹീനപ്പെടുത്തുവാനാണ്. പക്ഷേ, കൂർമ്മബുദ്ധിയും നയകോവിദനുമായ മാർ ദീവന്നാസ്യോസ് അതിനെ അതിജീവിച്ച് സഹമെത്രാപ്പോലീത്താമാരുടെ സഹകരണം ആർജ്ജിച്ചു.

### സഭയുടെ അതിരുകൾ വികസിക്കുന്നു

ഒരർത്ഥത്തിൽ സുവിശേഷ പ്രവർത്തനത്തിന്റെ ആരംഭം കുറിച്ചത് മാർ ദീവന്നാസ്യോസിന്റെ കാലത്താണ്. 1889-ൽ അൽവാറീസ് (ഗോവ), റിനിവിലാത്തി തിമോത്തിയോസ് എന്നിവരെ വാഴിച്ച് സഭയുടെ അതിർവരമ്പുകൾ വികസിപ്പിച്ചതും മാർ ദീവന്നാസ്യോസിന്റെ ക്രാന്തദർശിത്വത്തിന്റെ സൂചനയായിരുന്നു. കൂടാതെ ചാത്തുരുത്തി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി), മൂക്കഞ്ചേരിൽ വലിയ ഗീവർഗീസ് റമ്പാൻ എന്നിവരുടെ നേതൃത്വത്തിലുള്ള സുവിശേഷ പ്രവർത്തനത്തിന്

വേണ്ട പ്രോത്സാഹനം നല്കി. സഭയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷ സംഘങ്ങളും സ്ഥാപിതമായി. മാർ ദീവന്നാസ്യോസ് എല്ലാ കാര്യങ്ങളിലും കൊച്ചു മെത്രാന്റെ (പരുമല തിരുമേനി) ഉപദേശം തേടിയിരുന്നു.

## സിറിയൻ വിദ്യാർത്ഥി സംഘം (1908)

ഇന്നത്തെ എം.ജി.ഒ.സി.എസ്.എം. ന്റെ ആരംഭം എന്ന് ഒരർത്ഥത്തിൽ പറയാവുന്ന സിറിയൻ വിദ്യാർത്ഥി സംഘം രൂപീകരിക്കപ്പെടുന്നത് തിരുമേനിയുടെ ആശീർവാദത്തോടും അനുഗ്രഹത്തോടെയുമാണ്. തിരുമേനിയുടെ ആകസ്മിക നിര്യാണത്തിന്റെ ഫലമായി രണ്ടാമത്തെ വിദ്യാർത്ഥി കോൺഫ്രൻസ് 1909–ൽ ആലുവായിൽ സമ്മേളിക്കേണ്ടത് റദ്ദാക്കി. ഈ വിദ്യാർത്ഥി സംഘത്തിന്റെ ശ്രമഫലമായിട്ടാണ് സഭയിൽ സൺഡേസ്ക്കൂൾ, യുവജനസമാജം, തുടർന്നുള്ള സുവിശേഷ പ്രവർത്തനങ്ങൾ എല്ലാംതന്നെ ഉടലെടുത്തത്. ആശ്രമ - ദയറാപ്രസ്ഥാനം, സ്ലീബാദാസ സമൂഹം ഇവയെല്ലാം വിദ്യാർത്ഥിപ്രസ്ഥാനത്തിൽ നിന്നും ആവേശവും പ്രേരണയും സ്വീകരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു.

## വിദ്യാഭ്യാസ മേഖല

സഭയിലെ ഒന്നാമത്തെ വിദ്യാഭ്യാസസ്ഥാപനമായ എം.ഡി. സെമിനാരി സ്കൂൾ സ്ഥാപിച്ചത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. മലങ്കരസഭയിലെ വിദ്യാഭ്യാസ മിഷന്റെ തുടക്കം അവിടെയാണ് എന്നു പറയാം. ക്രാന്തദർശിയായ മാർ ദീവന്നാസ്യോസിനോട് സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു. പിതാവിന്റെ ചരമനവതി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ദർശനം ഉൾക്കൊണ്ട് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താം.

*(ചരമനവതി സുവനീർ, തൃശൂർ, 1999)*

# മലങ്കരസഭയുടെ ധീരോദാത്ത പുരുഷൻ

## സഖറിയാ മാർ അന്തോണിയോസ്

എ.ഡി. 1865 മുതൽ 1909 വരെ നീണ്ട 44 വർഷം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സംഭവബഹുലമായ 44 വർഷം നയചാതുര്യത്തോടും കൂർമ്മ ബുദ്ധിയോടും മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അലങ്കരിച്ച ഒരു പുണ്യപിതാവ്. ഈ കാലഘട്ടത്തിലെ സഭയുടെ ചരിത്ര പശ്ചാത്തലം പരിശോധിക്കുമ്പോൾ ഈ പിതാവ് ധീരതയും വീരതയും തന്റെ ജീവിതത്തിൽ ഒരുപോലെ സമന്വയിപ്പിച്ച സഭയുടെ ഉൾഭരണസ്വാതന്ത്ര്യവും സത്യവിശ്വാസവും ഉറപ്പിച്ചു നിർത്താൻ ധീരമായി പോരാടി എന്നു കാണുന്നു.

ദീവന്നാസ്യോസ് തിരുമേനിയുടെ ജീവിതം പ്രതിസന്ധികളും പ്രതികൂലതകളും നിറഞ്ഞതായിരുന്നു. സഭാവ്യവഹാരങ്ങളും നവീകരണ പ്രസ്ഥാനക്കാരുടെ കടന്നാക്രമണവും അവയിൽ മുൻപന്തിയിൽ നിന്നവയാണ്. എന്നാൽ അത്തരം പ്രതികൂലതകൾ ആഞ്ഞടിച്ച അവസരങ്ങളിൽ സഭാമക്കൾ നവീകരണ പഠിപ്പിക്കലിന്റെ സ്വാധീനം നിമിത്തം ആടി ഉലഞ്ഞപ്പോൾ പല ദേവാലയങ്ങളും കൈവിട്ടുപോയ അവസരങ്ങളിൽ ഉള്ളിൽ ഒരു ആശ്വാസദൂതനെപോലെ അവിടെല്ലാം എത്തി സഭാമക്കളെ സാന്ത്വനിപ്പിക്കുകയും വിശ്വാസത്തിൽ നിലനിറുത്തുകയും ചെയ്തു.

മാർ ദീവന്നാസ്യോസ് തിരുമേനി അവഹേളനങ്ങളെ അതിജീവിച്ച ശ്രേഷ്ഠമാനസ്സനായിരുന്നു. മുളന്തുരുത്തി സുന്നഹദോസിനെ തുടർന്നുണ്ടായ ഭദ്രാസന വിഭജനം - ഏഴു ഭദ്രാസനങ്ങളിൽ വച്ചു ചെറുതും ശുഷ്കിച്ചതുമായ കൊല്ലം ഭദ്രാസനം വൈരാഗ്യബുദ്ധിയോടെ അദ്ദേഹത്തിനു നല്കിയപ്പോൾ അതിൽ അടിപതറാതെ വേദനയെ കടിച്ചിറക്കിക്കൊണ്ട് ദൈവാശ്രയത്തോടെ മറ്റൊരുവിധത്തിൽ പറഞ്ഞാൽ രാത്രിയാമങ്ങളെ കണ്ണീരോടെ ദൈവമുമ്പാകെ പ്രാർത്ഥനയുടെ സമയങ്ങളാക്കി തന്റെ സ്ഥാനത്തേക്കാൾ ഉപരി സഭയുടെ സ്വാതന്ത്ര്യവും സത്യവിശ്വാസവും നിലനിറുത്തുവാൻ പടപൊരുതിയ ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ ആയിരുന്നു മാർ ദീവന്നാസ്യോസ് തിരുമേനി.

സഹോദര മെത്രാപ്പോലീത്താമാരെ ആദരിക്കുകയും സ്നേഹിക്കുകയും കരുതുകയും അതിലുപരി അവരുടെ അഭിപ്രായങ്ങളെ സ്വീകരിക്കുകയും ചെയ്ത ഒരു മഹദ് വ്യക്തിത്വത്തിന് ഉടമയാണ് മാർ ദീവന്നാസിയോസ് തിരുമേനി. രണ്ടു സംഭവങ്ങൾ ഇതിനായി ചൂണ്ടിക്കാണിക്കട്ടെ.

ഒന്നാമതായി, പരിശുദ്ധനായ പരുമല തിരുമേനി തന്നേക്കാൾ പ്രായം കുറഞ്ഞ ആളാണെങ്കിലും ആ പിതാവിന്റെ വിശുദ്ധിയെ മുൻകൂട്ടി കാണാനും തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാനും മാർ ദീവന്നാസിയോസ് തിരുമേനിക്ക് കഴിഞ്ഞു. പരുമലസെമിനാരി സ്ഥാപിച്ചതും (1872) മാർ ഗ്രീഗോറിയോസ് തിരുമേനിയെ അദ്ധ്യാപകനായി അവിടെ ആക്കിയതും ദീവന്നാസിയോസ് തിരുമേനി ആയിരുന്നു എന്നതു ശ്രദ്ധേയമാണ്.

രണ്ടാമതായി തന്റെ അനുവാദമോ സാന്നിദ്ധ്യമോ ഇല്ലാതെ വാഴിക്കപ്പെട്ട മെത്രാപ്പോലീത്താമാർക്ക് അവർക്കു നിശ്ചയിച്ച ഭദ്രാസനങ്ങൾ നല്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധ കാണിച്ചു. പ്രത്യേകിച്ച് കരോട്ടു വീട്ടിൽ മാർ ശെമവൂൻ ദീവന്നാസിയോസിനു കൊച്ചി ഭദ്രാസനം നല്കിയെങ്കിലും ആരും അദ്ദേഹത്തെ അംഗീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്തില്ല. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ മാർ ദീവന്നാസ്യോസ് തിരുമേനി തന്നെ മുൻകൈ എടുത്തു അദ്ദേഹത്തെ ചില പള്ളികളിൽ എല്ലാം കൊണ്ടുപോകുകയും നിങ്ങളുടെ മെത്രാപ്പോലീത്താ ആണ് എന്നു കല്പിക്കുകയും ചെയ്തു. നിർഭാഗ്യവശാൽ വേണ്ട പ്രയോജനം അതിനുണ്ടായില്ല എന്നതു ചരിത്രസത്യവും അതിലുപരി സഭയുടെ ദുര്യോഗവും ആണ്.

സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ മേഖലകളിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ സംഭാവനകൾ നിസ്തുലമാണ്. എം. ഡി. സെമിനാരി ഹൈസ്ക്കൂൾ തിരുവല്ല എം.ജി.എം. എന്നിവ അവയിൽ ചിലതു മാത്രം. വിദ്യാഭ്യാസപരമായ ഉയർച്ച സമൂഹത്തിന്റെ സർവ്വതോമുഖമായ നന്മയ്ക്ക് അത്യാവശ്യമാണ് എന്ന് തിരുമേനി മനസ്സിലാക്കിയിരുന്നു.

സൺഡേസ്ക്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം എന്നിവയ്ക്ക് പ്രവർത്തനാംഗീകാരം നല്കിയ തിരുമേനി സഭയുടെ ഭാവി വിദ്യാർത്ഥികളിലാണെന്നും അതു നിർണ്ണയിക്കുന്നതിൽ യുവജനത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്നും മനസ്സിലാക്കിയിരുന്നു.

പ്രതിസന്ധിഘട്ടത്തിൽ ദൈവാശ്രയത്തോടെയും സമചിത്തതയോടെയും സഭാനൗകയെ നയിച്ച ആ പുണ്യപിതാവിനെ ആദരിക്കുന്നതും ആ പുണ്യവാന്റെ ഓർമ്മയെ അയവിറക്കുന്നതും അനുഗ്രഹദായകമാണ്.

*(ചരമനവതി സുവനീർ, തൃശൂർ, 1999)*

# മലങ്കരയുടെ മഹാരഥൻ

## ഫാ. ഡോ. ജേക്കബ് കുര്യൻ

മാർ ദീവന്നാസ്യോസ് അഞ്ചാമൻ അഥവാ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ 'സാക്ഷികളുടെ സമൂഹ'ത്തിലേക്ക് മാറ്റപ്പെട്ടതിന്റെ തൊണ്ണൂറാം വാർഷികമാണിത്. കാലത്തിനപ്പുറം ജീവിക്കുന്ന ആ പുണ്യ പിതാവിന് ആ കാലഗണന അപ്രസക്തമാണെങ്കിലും ആ മഹാരഥനു പകരം അദ്ദേഹം മാത്രമാണെന്നുള്ള വസ്തുത ഉറക്കെപ്പറയുന്നതിനെങ്കിലും ഒരു നവതി ആചരണത്തിനു പ്രസക്തിയുണ്ട്.

ദീവന്നാസ്യോസ് അഞ്ചാമൻ തന്റെ കാലഘട്ടത്തിൽ സമാദരണീയനായ ഒരു സാമൂഹ്യപരിഷ്ക്കർത്താവായിരുന്നു. അറുപതോളം സ്കൂളുകൾ സ്ഥാപിച്ച് നാടിന്റെ നന്മയ്ക്കുവേണ്ടി അദ്ദേഹം ആരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനം മറ്റു പല സമുദായങ്ങൾക്കു പോലും മാതൃകയായി. പത്രപ്രവർത്തനത്തിന് അദ്ദേഹം നല്കിയ കൈത്താങ്ങലും നേതൃത്വവുമാണ് 'കേരളപതാക'യും 'മനോരമ'യുമടക്കം പല വൃത്താന്ത പത്രങ്ങൾക്കും വഴിയൊരുക്കിയത്. മലയാളത്തിലെ എഴുത്തുകാരെ സംഘടിപ്പിച്ചും പ്രോത്സാഹനം നല്കിയും മാർ ദീവന്നാസ്യോസ് നല്കിയ നേതൃത്വവും കൂടിയാണ് മലയാളഭാഷയ്ക്ക് തനതായ ഒരു ശൈലി കണ്ടെത്തുവാനിടയാക്കിയത്.

ഒരു ചരിത്ര മുഹൂർത്തത്തിൽ, മലങ്കരസഭ നവീകരണത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോകാതിരിക്കുവാൻ അന്ത്യോഖ്യാ ബന്ധത്തെ രക്ഷാമാർഗ്ഗമായി അദ്ദേഹം ഉപയോഗിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ മഹത്വം സ്ഥിതിചെയ്യുന്നത് ഈ രക്ഷാമാർഗ്ഗത്തെ ഉപയോഗിച്ച രീതിയിലും സഭയുടെ ഭവിഷ്യോന്മുഖമായി ആവിഷ്ക്കരിച്ച പദ്ധതികളിലുമാണ്.

മലങ്കരസഭയുടെ സ്വാതന്ത്ര്യവും പൗരസ്ത്യ സ്വഭാവവും നിൽനിർത്തുവാൻ അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിന്റെ പിന്തുണ അനിവാര്യമായിരുന്ന ഒരു ഘട്ടത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെയും അന്ത്യോഖ്യൻ ആരാധനാ പാരമ്പര്യത്തെയും സഹായത്തിനു വിളിച്ചത് ചരിത്രപരമായ അബദ്ധമായി കാണുന്ന പണ്ഡിതന്മാരുണ്ട്. സഹായ സ്രോതസ്സുകളോട് നന്ദികേടു കാണിച്ചുവെന്നാരോപിക്കുന്ന നിരീക്ഷകരുമുണ്ട്.

ആംഗ്ലിക്കൻ നവീകരണത്തിന്റെ അടിയൊഴുക്കുകളിൽ തകരാതിരിക്കാൻ ഒരു പൗരസ്ത്യ സഭാപൈതൃകവുമായുള്ള ബന്ധത്തെ നങ്കൂര

മായിക്കണ്ടത് അബദ്ധമായിരുന്നില്ല. അതല്ലാതെ വേറെ വഴിയില്ലായിരുന്നു. ആ നങ്കൂരത്തെ വിവേകത്തോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കുകയാണ് ദീവന്നാസ്യോസ് അഞ്ചാമൻ ചെയ്തത്. അന്ത്യോഖ്യൻ അധീശത്വത്തെ ചെറുത്തുകൊണ്ട് അന്ത്യോഖ്യയുമായി ആത്മീയബന്ധം തുടരുക എന്ന രീതി അദ്ദേഹം സൂക്ഷ്മതയോടെ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു.

അന്ത്യോഖ്യാബന്ധം എന്ന നങ്കൂരത്തിൽ എന്നും തളച്ചിടപ്പെടുവാനുള്ളതല്ല സഭാനൗക എന്നറിയാമായിരുന്ന അദ്ദേഹം സഭയ്ക്ക് പുരോഗനമപരമായ പല പദ്ധതികളും ആവിഷ്ക്കരിച്ചു. മലയാളക്കരയിലെ ആദ്യ സാമുദായിക സംഘടനയെന്നു കരുതാവുന്ന 'മലങ്കര മഹാജനസഭ'; വൈദികപരിശീലനത്തിനു വടക്കും, നടുക്കും, തെക്കും, പുതിയ സെമിനാരികൾ, സഭ വകയായി പ്രിന്റിംഗ് പ്രസ്, ആരാധനാ-സാഹിത്യ പ്രസിദ്ധീകരണം; സഭയ്ക്കു പൊതുവായി സൺഡേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, വൈദികസംഘം, സന്യാസപ്രസ്ഥാനം, വിജാതീയ മിഷൻ എന്നിവയ്ക്കെല്ലാം അദ്ദേഹം ആരംഭം കുറിച്ചു.

ഇവയ്ക്കെല്ലാം ഉപരിയായി ദീവന്നാസ്യോസ് അഞ്ചാമനെ അനശ്വരനാക്കുന്നത്, സഭയ്ക്കുള്ളിലെത്തന്നെ ഛിദ്രപ്രവണതകളെ നേരിടുവാൻ എടുത്ത ശക്തമായ ഒരു ആകമാന സഭാവീക്ഷണമാണ്.

ആ പിതാവ് ഇന്നത്തെ സഭയോടു ചോദിക്കുന്ന മൂന്നു ചോദ്യങ്ങൾ നമുക്കു ശ്രദ്ധിക്കുവാൻ ചുമതലയുണ്ട്.

1. പുരോഗമനപരമായ പദ്ധതികളുമായി സഭ മുന്നോട്ടു പോകുന്നതിന് കേസുകളും മറ്റും തടസ്സമാകണമെന്നുണ്ടോ? കോടതി വിസ്താരം നടക്കുമ്പോഴും കോടതിച്ചെലവിനായി വടിയും സ്ലീബായും മറ്റും പണയം വച്ചപ്പോഴും, മാർ ദീവന്നാസ്യോസിന്റെ മനസ്സിൽ ചിലതു ചെയ്യുവാനുള്ള തീരുമാനമുണ്ടായിരുന്നു. അത് അദ്ദേഹം ചെയ്തു.

2. വസ്തുനിഷ്ഠമായ ചരിത്രഗവേഷണത്തിനും, ചരിത്രബോധത്തിൽ വന്നുപോയിട്ടുള്ള പാളിച്ചകൾ തിരുത്തുന്നതിനും, ആർജ്ജിത ചരിത്രവും പാരമ്പര്യവും ഒരു തടസ്സമായി തുടരണമെന്നുണ്ടോ? ഇല്ലായെന്നാണ് മാർ ദീവന്നാസ്യോസിന്റെ ചരിത്രം വിളിച്ചു പറയുന്നത്. കോടതികളിൽ കയറിയിറങ്ങിയപ്പോഴും, സഭാഭരണക്രമീകരണത്തിന് ഒരു എപ്പിസ്കോപ്പൽ-ജനായത്ത സംവിധാനം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. അതു പ്രാവർത്തികമാക്കാൻ, വക്കീലന്മാരുടെ "ഇംപ്രിമാത്തൂർ" കിട്ടാൻ കാത്തുനിന്നില്ല.

3. കഴിവുള്ളവരെ കണ്ടെത്തുന്നതും പ്രോത്സാഹിപ്പിക്കുന്നതും,

ചുമതലകൾ ഏല്പിക്കുന്നതും നേതൃത്വത്തിന്റെ ബലമാണല്ലോ, ബലഹീനതയല്ലല്ലോ? ദീവന്നാസ്യോസ് രണ്ടാമൻ കണ്ടെത്തി, പ്രോത്സാഹിപ്പിച്ച് ചുമതല ഏൽപ്പിച്ചവരാണ് പരുമല തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും ഒക്കെ. തനിക്ക് കണ്ഠകോടാലിയാകുമെന്ന് ഭയപ്പെട്ടിരുന്നുവെങ്കിൽ അവരൊക്കെ മാർ ദീവന്നാസ്യോസിന് കണ്ഠാഭരണങ്ങളാവുകയില്ലായിരുന്നു.

*(അറുപതോളം സ്കൂളുകൾക്ക് ഗ്രാന്റ് ലഭിച്ചിരുന്നു. ഗ്രാന്റ് ലഭിക്കാത്തവയുൾപ്പെടെ അദ്ദേഹം സ്ഥാപിച്ച മലയാള പ്രാഥമിക വിദ്യാലയങ്ങൾ 200-ലേറെയുണ്ടെന്ന് സ്മര്യപിതാവിന്റെ സെക്രട്ടറിയും മലങ്കര അസോസിയേഷൻ സെക്രട്ടറിയും സഭാചരിത്രകാരനുമായ ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടന കഥാപുരുഷൻ 1876-ൽ സ്ഥാപിച്ച 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' ആയിരുന്നു. 'മഹാജനസഭ' എന്ന പേരിൽ അദ്ദേഹം തന്നെ മറ്റൊരു സംഘടന സ്ഥാപിച്ചത് ഏതാനും വർഷങ്ങൾ കൂടി കഴിഞ്ഞിട്ടാണ്. - ചീഫ് എഡിറ്റർ)*

*(ചരമനവതി സുവനീർ, തൃശൂർ, 1999)*

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ: ചില ശിഥില ചിത്രങ്ങൾ

ഡോ. സാമുവൽ ചന്ദനപ്പള്ളി

### മുളന്തുരുത്തി സുന്നഹദോസ്

മലങ്കരസഭയുടെ ആഭ്യന്തരവും ബാഹ്യവും ആയ പ്രശ്നങ്ങൾ പരിഹരിക്കുക, സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുക ഇവയൊക്കെയായിരുന്നു (മുളന്തുരുത്തി) സുന്നഹദോസിന്റെ ലക്ഷ്യം. എങ്കിലും മലങ്കര സഭയുടെ ലൗകികാധികാരം കൂടി ഉറപ്പിച്ചെടുക്കാനുള്ള ബോധപൂർവമായ യത്നം കൂടി പാത്രിയർക്കീസിനുണ്ടായിരുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പാത്രിയർക്കീസിന്റെ ഇത്തരം ശ്രമങ്ങളെ കർമ്മധീരനായ മാർ ദീവന്നാസ്യോസ് നിശ്ശബ്ദനായി എതിർത്തു. പാത്രിയർക്കീസാകട്ടെ പ്രതികാരബുദ്ധിയോടുകൂടി പ്രവർത്തിച്ചു. 'വിശ്വാസസ്ഥിരതയെ ലക്ഷ്യമാക്കി ഓരോ കരാർ ആധാരം എഴുതി റജിസ്റ്റർ ചെയ്ത് അസ്സൽ പള്ളിമേമ്പൂട്ടിൽ സൂക്ഷിക്കുകയും 'അടയാള സഹിതം പകർപ്പ്' പാത്രിയർക്കീസിന് കൊടുക്കുകയും ചെയ്യണം' എന്ന മുളന്തുരുത്തി സുന്നഹദോസ് തീരുമാനം, കൈക്കൊള്ളാനോ ചെവിക്കൊള്ളാനോ മലങ്കരസഭാംഗങ്ങൾ തയ്യാറായില്ല. മാർ ദീവന്നാസ്യോസ് തന്റെ ഇംഗിതത്തിന് വഴങ്ങുന്നില്ല എന്ന് ബോദ്ധ്യമായപ്പോൾ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. കൂടാതെ, പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തികളായി ആറു മെത്രാന്മാരെ പറവൂർ, കുന്നംകുളം (ചിറളയം) പള്ളികളിൽ വച്ച് വാഴിക്കുക കൂടി ചെയ്തു. അവരോട് ഉടമ്പടിയും വാങ്ങി മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചു. അധികാരം അവർക്കു നല്കി. ഈ സ്ഥാനാഭിഷേകച്ചടങ്ങുകളിലൊന്നിലും മാർ ദീവന്നാസ്യോസ് പങ്കെടുത്തില്ല.

### ക്രാന്തദർശിത്വത്തിന്റെ വിജയകരമായ പരിസമാപ്തി

പൂർവിക സംസ്കാരത്തിലും ഉൾഭരണസ്വാതന്ത്ര്യത്തിലും മലങ്കരസഭയെ ഉരുക്കുകോട്ടപോലെ നിലനിറുത്താൻ അദ്ധ്വാനിച്ച മാർ ദീവന്നാസ്യോസ്, പാത്രിയർക്കീസിന്റെ കുതന്ത്രങ്ങൾക്കു കീഴ്പ്പെട്ടില്ല. സഭയുടെ സനാതനസത്യങ്ങളും സ്വാതന്ത്ര്യവും അദ്ദേഹത്തിനു വിലപ്പെട്ടതായിരുന്നു. പാത്രിയർക്കീസിന്റെ സ്വാർത്ഥത്തിന്റെ മുനയൊടിക്കാൻ മാർ ദീവന്നാസ്യോസിന്റെ കുശാഗ്രബുദ്ധിക്കു കഴിഞ്ഞു.

ഒരു 'വ്യവഹാരയുഗ'ത്തിലൂടെ മാർ ദീവന്നാസ്യോസിനു കടന്നു പോകേണ്ടി വന്നു. 'സെമിനാരിക്കേസ്' ആയിരുന്നു അവയിൽ മുഖ്യം. ആലപ്പുഴ ജില്ലാക്കോടതി, ഹൈക്കോടതി, തിരുവിതാംകൂർ റോയൽ കോർട്ട് എന്നിവിടങ്ങളിൽ നടന്ന കേസ്, അന്തിമമായി മാർ ദീവന്നാസ്യോസിന് അനുകൂലമായ വിധിയിലെത്തിച്ചേർന്നു. റോയൽക്കോർട്ട് വിധിയിലെ പ്രസക്ത ഭാഗം ഇവിടെ ഉദാഹരിക്കട്ടെ. "ചരിത്രം കാണിക്കുന്നിടത്തോളം മലങ്കരസഭയുടെ മേൽ പാത്രിയർക്കീസിനുള്ള അധികാരം ആത്മിക വിഷയങ്ങളിൽ മാത്രം ഉള്ളതായി ഞങ്ങൾക്കു തോന്നുന്നു. പാത്രിയർക്കീസോ തന്റെ പ്രതിനിധികളോ ഈ രാജ്യത്തു വന്ന് താമസിച്ചപ്പോൾ സഭയുടെ മുതൽ സംബന്ധമായ ഭരണം സ്വദേശ മെത്രാപ്പോലീത്തായേയും ട്രസ്റ്റികളെയും ഏല്പിച്ചു. ആത്മിക വിഷയങ്ങളിൽ മാത്രമേ പ്രവേശിച്ചിട്ടുള്ളു. ഇതിൽ മുമ്പുപറഞ്ഞ ആൾ, മുതൽസംബന്ധമായ വിഷയത്തിൽ ഒന്നിലും പ്രവേശിച്ചിട്ടില്ല. രണ്ടോ മൂന്നോ സംഗതികളിൽ അവർ മുതൽ സംബന്ധിച്ച കാര്യങ്ങളിൽ പ്രവേശിപ്പാനോ വല്ല അധികാരം കാട്ടുവാനോ ശ്രമിച്ചപ്പോൾ മെത്രാപ്പോലീത്തായും സമൂദായവും അവരോട് ജയത്തോടു കൂടി എതിർത്തു നിന്നു. .. മലങ്കരമെത്രാപ്പോലീത്താ മലങ്കരസ്വദേശിയായ ഒരു നസ്രാണിയായിരിക്കണം. അദ്ദേഹം ജനങ്ങൾക്കു സ്വീകാര്യനുമായിരിക്കണം. ... മലങ്കരസുറിയാനിസഭ ഒരു സ്വതന്ത്രസഭയാകുന്നു. അപ്പീൽ പ്രതി (മാർ ദീവന്നാസ്യോസ്) ജനങ്ങളുടെ ഇടയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളവനും അന്ത്യോഖ്യാപാത്രിയർക്കീസിൽ നിന്ന് ക്രമമായി അധികാരം കിട്ടിയിട്ടുള്ളവനും ആകയാൽ, അപ്പീൽവാദി (തോമസ് മാർ അത്താനാസ്യോസ്) ഇപ്രകാരമുള്ള ആൾ അല്ലാത്തതുകൊണ്ട് സഭയുടെ സ്വത്തുക്കളുടെയും അതെസംബന്ധിച്ചിട്ടുള്ളതിന്റെയും കൈവശവും മെത്രാപ്പോലീത്തായുടെ സ്ഥാനത്തേയ്ക്കുയർത്തിയെടുത്തതിൽ തെറ്റായിരിക്കുന്നുവെന്നു ... അപ്പീൽവാദി സഭയുടെ മെത്രാപ്പോലീത്താസ്ഥാനത്തേയും സ്ഥാനചിഹ്നങ്ങളെയും അപ്പീൽപ്രതിയെ ഏല്പിക്കണം." ഈ വിധിയുടെ വെളിച്ചത്തിൽ പഴയസെമിനാരി മാർ ദീവന്നാസ്യോസിന്റെ കൈവശമായി. അവിടെ പഠനം പുനരാരംഭിച്ചു.

വട്ടിപ്പണക്കേസ്, കോട്ടയം ചെറിയപള്ളിക്കേസ്, കുന്നംകുളം ആർത്താറ്റ് പള്ളിക്കേസ്, വുഡ്‌ലാൻഡ് കേസ് തുടങ്ങിയവയിലും മലങ്കര സഭയ്ക്കും മാർ ദീവന്നാസ്യോസിനും അനുകൂലമായ വിധികൾ ഉണ്ടായി.

*(ചരമനവതി സുവനീർ, തൃശൂർ, 1999)*

# അക്കര കുര്യൻ റൈട്ടറും പനയ്ക്കൽ ഐപ്പൂരു മുതലാളിയും

## ഫാ. ഡോ. ജോസഫ് ചീരൻ

ഊഹാപോഹങ്ങൾ ചിലപ്പോഴെങ്കിലും ചരിത്രമായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്; പ്രത്യേകിച്ചും പ്രാമാണികരായ എഴുത്തുകാർ രേഖപ്പെടുത്തുന്ന ഊഹാപോഹങ്ങൾ. ഒരു ഉദാഹരണം മതി ഇത് വ്യക്തമാക്കാൻ. കുന്നുമ്പുറത്ത് അക്കര കുര്യൻ റൈട്ടറെപ്പറ്റി കെ. സി. മാമ്മൻ മാപ്പിള *ജീവിത സ്മരണകളിൽ* രേഖപ്പെടുത്തിയ ഒരു സംഭവം കാണുക:

"... പലവിധത്തിലും സുപ്രസിദ്ധനായിരുന്ന കുര്യൻ റൈട്ടർ (കോട്ടയം) മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു ആപ്തസുഹൃത്തായിരുന്നു. അന്ന് വട്ടിപ്പണം 36,000 ക. (പലിശ) യോളം മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ മാത്യൂസ് മാർ അത്താനാസ്യോസ് ഒന്നായി കെട്ടിവാങ്ങിയപ്പോൾ ഒരു വലിയ തുക ചില്ലറയിനങ്ങളായി ചെലവ് ചെയ്തു കളയരുതെന്നും ശാശ്വതമായ പ്രയോജനം വരത്തക്ക ഏതെങ്കിലും പദ്ധതിയിൽ നിക്ഷേപിക്കണമെന്നും കുര്യൻ റൈട്ടർ മെത്രാപ്പോലീത്തായെ നിർബന്ധപൂർവ്വം ഉപദേശിച്ചു. മെത്രാപ്പോലീത്താ കുറെ നാളത്തേക്ക് അനുകൂലഭാവം കാണിച്ചുവെങ്കിലും കുര്യൻ റൈട്ടറുടെ നിർദ്ദേശത്തിന് വഴിപ്പെട്ടില്ല. കുര്യൻ റൈട്ടറുടെ ക്ഷമ അസ്തമിച്ചു. അദ്ദേഹം മെത്രാപ്പോലീത്തായോട് പരിഭവമായി എന്തോ പറഞ്ഞു. മെത്രാപ്പോലീത്താ അതിന് മറുപടിയായി "കുര്യച്ചാ തവള കടിച്ചാൽ എന്ത് ഉപദ്രവം വരും" എന്ന് പറഞ്ഞു. അവിടം മുതൽ അവർ തമ്മിലുള്ള സൗഹാർദ്ദബന്ധം ഭഞ്ജിതമായി.

അദ്ദേഹത്തിന്റെ അടുത്ത പരിപാടി മാത്യൂസ് മാർ അത്താനാസ്യോസിന്റെ മലങ്കര മെത്രാൻ സ്ഥാനത്തിന് എതിരായി പുലിക്കോട്ട് ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ അന്ത്യോഖ്യയിൽ പോയി പാത്രിയർക്കീസ് ബാവായുടെ പക്കൽ നിന്ന് പട്ടമേറ്റ് വരാൻ ഉത്സാഹിപ്പിക്കുകയായിരുന്നു. മെത്രാപ്പോലീത്തായോട് വട്ടിപ്പണത്തിൽ നിന്ന് കുറെ പണം കുര്യൻ റൈട്ടർ ആവശ്യപ്പെട്ടെന്നും മെത്രാപ്പോലീത്താ അത് കൊടുക്കുവാൻ വിസമ്മതിച്ചതിനാൽ അവർ തമ്മിൽ പിണങ്ങി എന്നുമാണ് ചില മാർത്തോമ്മാക്കാർ പറയുന്നത് (പു. 27 & 28).

പാലക്കുന്നത്ത് മെത്രാച്ചനും കുര്യൻ റൈട്ടറും തമ്മിൽ പിണങ്ങി എന്നത് സത്യം. കാരണമായി കെട്ടിച്ചമച്ച കഥകൾ വ്യാജം. സമകാല ചരിത്രകാരനായ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ *കണ്ടനാട് ഗ്രന്ഥവരി* കാര്യങ്ങളുടെ സത്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

1870 കുംഭ മാസത്തിലാണ് വട്ടിപ്പണം 35,000-ത്തിൽ അധികം രൂപാ ഖജനാവിൽ നിന്ന് പറ്റുശീട്ട് നൽകി മെത്രാപ്പോലീത്താ സ്വീകരിച്ചത് (തോമസ് മാർ അത്താനാസ്യോസ്, പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ, മുക്കാലി പൗലൂസ് എന്നിവരാണ് പറ്റുശീട്ടിൽ ഒപ്പിട്ടത്). ആ സംഖ്യ അനന്തരം ആലപ്പുഴ ബാങ്കിൽ നൂറുക്ക് അഞ്ചു രൂപാ വീതം പലിശയ്ക്ക് നിക്ഷേപിക്കുകയും ചെയ്തു.

വട്ടിപ്പണത്തെപ്പറ്റി പാലക്കുന്നത്ത് വലിയ മെത്രാപ്പോലീത്താ 1870 മകരം 26-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് ചേർന്ന പള്ളിപ്രതിനിധി യോഗത്തിൽ ചർച്ച ചെയ്തു തീരുമാനമെടുത്തിരുന്നു. സെമിനാരി വിദ്യാഭ്യാസത്തിനായി പണം വിനിയോഗിക്കുവാനും പണം പലിശയ്ക്ക് നിക്ഷേപിക്കുവാനും അന്ന് തീരുമാനിച്ചതിൻപ്രകാരമാണ് മെത്രാപ്പോലീത്താ കാര്യങ്ങൾ പ്രവർത്തിച്ചത്. ഇതിൽ കുര്യൻ റൈട്ടർ ഉപദേശിക്കുവാനോ ഉപദ്രേശം ലംഘിക്കുവാനോ ഒന്നും അവസരമില്ലല്ലോ. കുര്യൻ റൈട്ടർക്ക് പണം കൊടുക്കുന്ന വിഷയവും അപ്രസക്തമാകുന്നു.

വട്ടിപ്പണം വാങ്ങുന്നത് 1870-ൽ. പുലിക്കോട്ടിൽ മെത്രാച്ചന്റെ പട്ടംകൊട 1865-ൽ. വട്ടിപ്പണ വിനിയോഗത്തെപ്പറ്റിയുള്ള അഭിപ്രായ വ്യത്യാസം മൂലം കുര്യൻ റൈട്ടർ ഒരു പ്രതിയോഗിയായി പുലിക്കോട്ടിൽ കത്തനാരെ അന്ത്യോഖ്യായിലേക്കയച്ച് പട്ടമേല്പ്പിക്കുന്നതിൽ ദത്തശ്രദ്ധനായി എന്ന പ്രചാരണത്തിലെ കാലവൈരുദ്ധ്യം ആരും ചിന്തിച്ചില്ല. കഥകൾ വ്യാജമെന്ന് *കണ്ടനാട് ഗ്രന്ഥവരി*യിലെ സമകാല സാക്ഷ്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. പിണക്കത്തിന്റെ യഥാർത്ഥ കാരണം മറച്ചുപിടിക്കാൻ ബോധപൂർവ്വം സൃഷ്ടിച്ചവയാണ് ഈ വ്യാജ കഥകൾ. പാലക്കുന്നത്ത്വലിയ മെത്രാച്ചന്റെ ക്യാമ്പിൽ നിന്ന് മല്പാൻ കടവിൽ പൗലൂസ് കത്തനാർ ആലോചനാസമിതി അംഗമായ കരോട്ടുവീട്ടിൽ ശെമവൂൻ കോറി തുടങ്ങി പലരും വിട്ടുപോരാൻ ഇടയായ കാരണം തന്നെയാവണം കുര്യൻ റൈട്ടറുടെ പിണങ്ങിപ്പിരിയലിനും കാരണം. ഏതായാലും കുര്യൻ റൈട്ടർ പുലിക്കോട്ടിൽ മെത്രാച്ചന്റെ ക്യാമ്പിൽ പ്രത്യക്ഷപ്പെടുന്നത് 1873-ലെ പരുമലയോഗത്തിലാണ്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ സമുദായ സംഘടന അന്ന് രൂപീകരിക്കപ്പെട്ടു. ഈ സംഘത്തിന്റെ പ്രഥമ സെക്രട്ടറി എന്ന നിലയിലാണ് കുര്യൻ റൈട്ടർ നവീകരണ വിരുദ്ധ ക്യാമ്പിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. താൻ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻപട്ടമേറ്റു എന്നും അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിൽ വരുന്നതോടെ തന്റെ കീഴിൽ മലങ്കരസഭ ഒന്നിക്കാൻ പാത്രിയർക്കീസ് നടപടി എടുക്കും എന്നും പറഞ്ഞ് സ്വപക്ഷക്കാരെ വിശ്വസിപ്പിച്ചിരുന്ന പാലക്കുന്നത്ത് വലിയ മെത്രാച്ചൻ പാത്രിയർക്കീസിന്റെ മലങ്കര

സന്ദർശനം ഒരു യാഥാർത്ഥ്യമാകുമെന്ന് ഉറപ്പായപ്പോൾ പതറുകയും പ്രതിരോധ തന്ത്രങ്ങൾ മെനയുകയും ചെയ്യുന്ന അണിയറ രഹസ്യം അണിയറക്കാരെ അത്ഭുതപ്പെടുത്തി. പാലക്കുന്നത്ത് മെത്രാച്ചന്റെ അവകാശവാദങ്ങളെല്ലാം വ്യാജം എന്ന് ആ ക്യാമ്പിൽ ആദ്യം ഗ്രഹിച്ച ആൾ കുര്യൻ റൈട്ടർ ആയിരുന്നു. സത്യം ഗ്രഹിച്ചപ്പോൾ ആ സത്യത്തെ തള്ളിപ്പറയുവാനും നവീകരണ വിരുദ്ധ ക്യാമ്പിൽ പ്രത്യക്ഷപ്പെടുവാനും ആവശ്യമായ ആർജ്ജവം അദ്ദേഹം പ്രകടമാക്കി. അങ്ങനെയാണ് അദ്ദേഹം പുലിക്കോട്ടിൽ മെത്രാച്ചന്റെ ക്യാമ്പിലെത്തിയത്. ആദ്യ യോഗത്തിൽതന്നെ അദ്ദേഹത്തെ അസോസിയേഷൻ സെക്രട്ടറിയായി നിയമിക്കുവാനുള്ള തന്ത്രജ്ഞത പുലിക്കോട്ടിൽ മെത്രാപ്പോലീത്താ പ്രകടമാക്കിയതോടെ നവീകരണ വിരുദ്ധ ക്യാമ്പ് സുശക്തമായി.

നവീകരണക്കാരോടുള്ള പോരാട്ടം പത്തൊമ്പതാം നൂറ്റാണ്ടിൽ വിജയകരമാവാൻ പല കാരണങ്ങളുണ്ട്. ആശയപരമായ സത്യസന്ധതയും തന്മൂലം ലഭിക്കേണ്ടിയിരുന്ന ദൈവിക കൃപകളും ആണ് ആ വിജയത്തിന്റെ രഹസ്യമെന്ന് വ്യവഹാര കാര്യസ്ഥനായ ഇം. എം. ഫിലിപ്പ് *മലങ്കരസഭയുടെ രഹസ്യപേടക*ത്തിൽ സാക്ഷിച്ചിട്ടുണ്ട്. അതോടൊപ്പം വിജയത്തെ നിർണ്ണായകമായി സ്വാധീനിച്ച വേറെയും ഘടകങ്ങളുണ്ട്. സുതാര്യവും ജനാധിപത്യപരവുമായ ഭരണശൈലിയാണ് അവയിൽ പ്രധാനം. വൈദികരെയും അത്മായ പ്രമുഖരെയും വിശ്വാസത്തിലെടുത്ത് അവരുടെ കഴിവുകൾ സഭയ്ക്ക് പ്രയോജനപ്പെടുത്തുക എന്നത് എക്കാലവും എപ്പിസ്ക്കോപ്പൽ നേതൃത്വത്തിന് ആശങ്കയുണ്ടാക്കുന്ന കാര്യമാണെങ്കിലും പുലിക്കോട്ടിൽ തിരുമേനി അനായാസമായി ആ വിഷയം വിജയകരമായി കൈകാര്യം ചെയ്തു. ഇസഡ്. എം. പാറേട്ട് അക്കാര്യം ഇങ്ങനെ രേഖപ്പെടുത്തി: “.... സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ്. മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കര നസ്രാണികളുടെ വ്യവസ്ഥാപിത ഭരണകൂടത്തിന്റെയും മഹാ ശില്പിയും ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്കരിക്കാം.”

മലങ്കരസഭാ ചരിത്രത്തിലെ അറിയപ്പെടുന്ന അധ്യായങ്ങളിൽ അത്മായ നേതൃത്വം പ്രത്യക്ഷപ്പെടുന്നത് മഹാത്മാവായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ കാലത്താണ്. കണ്ടത്തിൽ വറുഗീസ് മാപ്പിള, പനയ്ക്കൽ ഇട്ടി മാത്തു, പനയ്ക്കൽ ഐപ്പൂരു, അക്കര കുര്യൻ റൈട്ടർ, കെ. സി. മാമ്മൻ മാപ്പിള, എം. എ. ചാക്കോ സൂപ്രണ്ട്, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, അക്കര സി. ജെ. കുര്യൻ എന്നീ അത്മായ നേതാക്കളെ സഭാനേതൃത്വത്തിലേക്ക് ഉപനയിച്ചത് അദ്ദേഹമാണ്. അദ്ദേഹ

ത്തിന്റെ നിലപാടുകളും ജനാധിപത്യശൈലികളും ഭരണസുതാര്യതയും സാംസ്ക്കാരിക നവോത്ഥാനയത്നങ്ങളും വിശ്വാസകാര്യങ്ങളിലെ നിഷ്കളങ്കമായ സത്യസന്ധതയും ആണ് അവർക്ക് പ്രേരണയായത്. ആ പുരുഷകേസരികൾക്ക് ശേഷം അവരോട് തുലനം ചെയ്യാവുന്ന അത്മായ നേതൃത്വം സഭയിൽ പിൻതുടർച്ചക്കാരായി ഉയർന്നില്ല എന്നത് ചിന്താർഹമായ വിഷയമാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രൂപപ്പെട്ട അത്മായ പൗരുഷം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടെ അസ്തമിച്ചുപോയത് ഒരു യാദൃച്ഛിക സംഭവമാണെന്ന് തോന്നുന്നില്ല. കഴിവുള്ളവരെ തിരഞ്ഞുപിടിക്കുന്ന കണ്ണുകൾ, അവരെ അംഗീകരിക്കുവാനും ആദരിക്കുവാനും, അവരെ യഥോചിതം പ്രയോജനപ്പെടുത്താനുമുള്ള ദീർഘവീക്ഷണം തുടങ്ങിയ അനന്യദൃശ്യമായ പ്രകാശവീചികൾ ക്രാന്തദർശിയായ ആ മഹാനുഭാവന്റെ വ്യക്തിത്വത്തെ അനന്വയമാക്കുന്നു.

മറ്റൊരു കാര്യം കൂടെ ഇവിടെ സ്മരണീയമാണ്. മലങ്കരസഭ കൊച്ചി, തിരുവിതാംകൂർ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടന്നിരുന്നു. രണ്ടു സംസ്ഥാനങ്ങളിൽ രണ്ടു സംസ്കാരങ്ങൾ നിലവിലിരുന്നു. രാഷ്ട്രീയമായി രണ്ടു സംസ്ഥാനങ്ങളും നൂറ്റാണ്ടുകളായി യുദ്ധത്തിലേർപ്പെട്ടിരുന്നതു മൂലം പ്രജകളിലും ശത്രുതാ മനോഭാവം സഹജമായിരുന്നു. രണ്ട് സംസ്കാര ഭൂമികകളിലായി വ്യാപിച്ചുകിടക്കുന്ന മലങ്കരസഭയുടെ ദേശീയ അധ്യക്ഷന്മാർ ഈ സംസ്കാര വൈജാത്യം അറിഞ്ഞിരുന്നു. കുറഞ്ഞപക്ഷം വലിയ മാർ ദീവന്നാസ്യോസിന്റെ കാലം മുതലെങ്കിലും സഭാധ്യക്ഷന്മാർ നയ രൂപീകരണത്തിൽ ഈ യാഥാർത്ഥ്യം പരിഗണിച്ചിരുന്നു.

ആറാം മാർത്തോമ്മായുടെ കാലത്ത് പ്രധാന ഉപദേഷ്ടാക്കന്മാരായി അദ്ദേഹം നിയമിച്ച രണ്ട് മല്പാന്മാർ രണ്ട് സംസ്ഥാനത്തിന്റെയും തദ്വാര രണ്ട് സംസ്കാരങ്ങളുടെയും പ്രതിനിധികൾ ആയിരുന്നു. കൊച്ചിയുടെ പ്രതിനിധിയായി കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും, തിരുവിതാംകൂറിന്റെ പ്രതിനിധിയായി കായംകുളം ഫീലിപ്പോസ് റമ്പാനും ആയിരുന്നു ആ ആലോചനാ സമിതിയംഗങ്ങൾ. റവ. ഡോ. ക്ലോഡിയസ് ബുക്കാനനുമായുള്ള ചർച്ചയ്ക്കും വേദപുസ്തക വിവർത്തനത്തിനും മറ്റും മാർത്തോമ്മാ നിയോഗിച്ചത് ഇവരെയാണ്. 7-ാം മാർത്തോമ്മായുടെ കാലത്തും പണ്ഡിതാഗ്രേസരർ ആയിരുന്ന ഈ രണ്ട് പേർ ആലോചനാ സമിതി അംഗങ്ങളായി തുടർന്നുവന്നു. 8-ാം മാർത്തോമ്മായുടെ കാലത്ത് ഇവരെ ഔദ്യോഗിക ഉപദേഷ്ടാക്കന്മാരായി കണ്ടനാട് ചേർന്ന പള്ളി പ്രതിപുരുഷയോഗം 1809-ൽ നിയമിച്ചു. പിന്നീട് സഭയിലുണ്ടായ എല്ലാ സമിതികളിലും തെക്കു വടക്കുകൾ തമ്മിൽ ഒരു സമതുലിതാവസ്ഥ

പാലിക്കുവാൻ മേലധ്യക്ഷന്മാർ ശ്രമിച്ചിരുന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ, പുന്നത്ര മാർ ദീവന്നാസ്യോസ് എന്നിവരുടെ കാലത്ത് ഈ കിടമത്സരത്തെ ഒരു യാഥാർത്ഥ്യമായി സഭ അംഗീകരിച്ചുപോന്നു. യൂയാക്കീം മാർ കൂറിലോസ് മലങ്കരയിൽ ഭരണം നടത്തിയ കാലത്ത് തെക്കും വടക്കും എന്ന പ്രയോഗം സഭയിൽ അംഗീകൃതവും സാധാരണവും ആയിരുന്നു. 'തെക്കും വടക്കും ഉള്ള പള്ളികൾക്ക് കല്പന അയച്ചു;' 'തെക്കുള്ള പള്ളിക്കാരും വടക്കുള്ള പള്ളിക്കാരും യോഗത്തിന് എത്തി' തുടങ്ങിയ പ്രയോഗങ്ങൾ *കണ്ടനാട് ഗ്രന്ഥവരി*യിൽ ധാരാളമുണ്ട്. പരുമല അസോസിയേഷനും (1873), മുളന്തുരുത്തി അസോസിയേഷനും (1876) രൂപംകൊടുത്ത മാനേജിംഗ് കമ്മറ്റിയിൽ ഈ പരിഗണന പ്രകടമാണ്.

പുലിക്കോട്ടിൽ തിരുമേനി ആജീവനാന്തം ഈ യാഥാർത്ഥ്യം അംഗീകരിക്കുകയും തദനുസരണമായി പ്രവർത്തിക്കുകയും ചെയ്തു. വടക്ക് വെട്ടിക്കൽ ദയറായും സെമിനാരിയും സ്ഥാപിച്ച അദ്ദേഹം താമസംവിനാ പരുമലയിൽ സെമിനാരിയും ദയറായും സ്ഥാപിച്ചു. സെമിനാരി നവീകരണക്കാരിൽ നിന്ന് വീണ്ടെടുത്ത് വൈദികപരിശീലനം പുനരാരംഭിച്ചപ്പോൾ രണ്ട് മല്പാന്മാരെ നിയമിച്ചതിൽ ഒരു വടക്കനും ഒരു തെക്കനും ഉണ്ടായിരുന്നു. കോനാട്ട് മാത്തൻ മല്പാൻ വടക്കിന്റെ പ്രതിനിധിയും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ തെക്കേ ദിക്കിന്റെ പ്രതിനിധിയും ആയിരുന്നു. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മേൽപട്ടസ്ഥാനം നൽകിയ ആറ് പേരും പുലിക്കോട്ടിൽ തിരുമേനിയും ഉൾപ്പെടെ ഏഴു മെത്രാപ്പോലീത്താമാരും വടക്കേ ദിക്കിൽ നിന്നുള്ളവരായത് സമതുലിതാവസ്ഥയെ അല്പം ഉലച്ചു. നവീകരണക്കാർ തെക്കൻ ഇടവകകളിൽ ശക്തി പ്രാപിക്കുവാനും അവർക്ക് വടക്കൻ ഇടവകകളിൽ ശക്തിപ്പെടാൻ ആവാതെ പോയതും ഈ പശ്ചാത്തലത്തിൽ കൂടുതൽ സംഗതമാവുന്നു. ഭാവിയിൽ ഏഴ് ഭദ്രാസനങ്ങളും ഏഴ് മെത്രാന്മാരും എന്ന സമ്പ്രദായം ആവശ്യമില്ലെന്ന് സഭയിൽ ഒരഭിപ്രായം പ്രബലമായി. കോട്ടയത്തിനു വടക്കുള്ള മെത്രാസനങ്ങൾക്ക് ഒരു മെത്രാനും കോട്ടയത്തിന് തെക്കുള്ള മെത്രാസനങ്ങൾക്കു മറ്റൊരു മെത്രാനും അങ്ങനെ രണ്ടു മേല്പട്ടക്കാർ മതി എന്ന ചിന്തയാണ് സഭയിൽ ശക്തിപ്പെട്ടത്. കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനെയും വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനെയും മേല്പട്ടസ്ഥാനത്തേക്ക് മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തത് ഈ പശ്ചാത്തലത്തിലാണ്. അവരിലൊരാൾ - കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ - വടക്കിന്റെ പ്രതിനിധിയും അപരൻ വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ - തെക്കിന്റെ പ്രതിനിധിയും ആയിരുന്നു. 1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരസഭാ ഭരണത്തിൽ ഇടപെട്ടില്ലായിരുന്നെങ്കിൽ രണ്ടു

മേൽപട്ടക്കാരുടെ കീഴിൽ തെക്കും വടക്കും ഭദ്രാസനങ്ങൾ പുരോഗമിക്കുമായിരുന്നു എന്നു വേണം അഭ്യൂഹിക്കാൻ. പില്ക്കാലത്ത് ഈ പരിഗണനകളും ധാരണകളും യാഥാർത്ഥ്യങ്ങളും അവഗണിക്കപ്പെട്ടതോടെയാണ് സഭയിൽ നിതാന്തമായ അസംതൃപ്തിയും വടംവലിയും നിത്യസംഭവങ്ങളായത്.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് വടക്കിന് ഒരു മേൽക്കൈ ഉണ്ടായിരുന്നു. ഏഴ് മെത്രാന്മാരും വടക്കർ. പ്രബലമായ ഇടവകകളിൽ ഭൂരിഭാഗവും വടക്ക്. കോതമംഗലം, മുളന്തുരുത്തി, കണ്ടനാട്, തൊഴിയൂർ, അങ്കമാലി, വടക്കൻപറവൂർ തുടങ്ങി പ്രശസ്ത തീർത്ഥാടനകേന്ദ്രങ്ങളെല്ലാം വടക്ക്. ഇതൊക്കെയായിരുന്നു വടക്കൻ ആധിപത്യത്തിന്റെ മുഖ്യ ഹേതുക്കൾ. യൂയാക്കീം കൂറിലോസിന്റെ കാലത്ത് നവീകരണക്കാർക്കെതിരെ യുദ്ധം ചെയ്ത മുന്നണി പോരാളികൾ വടക്കർ ആയിരുന്നു. തൊഴിയൂരിനെ മുൻനിർത്തി നവീകരണക്കാരുമായി നടത്തിയ നിയമയുദ്ധത്തിൽ മുന്നണി പോരാളികൾ ആയ പുലിക്കോട്ടിൽ ജോസഫ് കത്തനാരും പനയ്ക്കൽ കുടുംബവും വടക്കർ ആയിരുന്നു എന്നത് ഒരു പരമാർത്ഥമാണ്. തൊഴിയൂർ വ്യവഹാരത്തിൽ കോഴിക്കോട്, മദ്രാസ് എന്നിവിടങ്ങളിലെ കീഴ്ക്കോടതി - മേൽക്കോടതികളിൽ തനിക്ക് 15000 രൂപ ചെലവായതായി പനയ്ക്കൽ ഇയ്യപ്പൻ പ്രസ്താവിച്ച വിവരം *കണ്ടനാട് ഗ്രന്ഥവരി*യിൽ കാണുന്നു (പുറം 95). പുലിക്കോട്ടിൽ ജോസഫ് കത്തനാർക്ക് മർദ്ദീനിൽപോയി മേൽപ്പട്ടസ്ഥാനം പ്രാപിച്ചു വരുന്നതിനായി കുന്നംകുളം അങ്ങാടിക്കാർ സ്വരൂപിച്ച് നൽകിയ 1500 രൂപായിൽ സിംഹഭാഗവും പനയ്ക്കൽ കുടുംബക്കാരുടെ സംഭാവനയായിരുന്നു. പനയ്ക്കൽ ഐപ്പൂരുവിന്റെ കൊച്ചിയിലെ പാണ്ടികശാല അക്കാലത്ത് സഭയുടെ ഓഫീസും മെത്രാസന ഭവനവും അച്ചടിശാലയും ആയിരുന്നതിനാൽ വടക്കരുടെ പങ്ക് ആ തലമുറയിൽ അസൂയാവഹമാംവിധം വിപുലമായിരുന്നു.

ഈ സാഹചര്യത്തിലാണ് അക്കര കുര്യൻ റൈട്ടർ പാലക്കുന്നത്ത് വലിയ മെത്രാച്ചൻ മുക്കുപണ്ടമാണെന്നും കാക്കപ്പൊന്ന് ആണെന്നും തിരിച്ചറിഞ്ഞ് നവീകരണ വിരുദ്ധരുടെ ക്യാമ്പിലെത്തിയത്. സഭാകാര്യങ്ങളിൽ ഒരു തെക്കൻ പ്രതിനിധിയെ തെരഞ്ഞിരുന്ന പുലിക്കോട്ടിൽ തിരുമേനിക്ക് ഇത് വലിയ സന്തോഷമാകയാലാണ് കുര്യൻ റൈട്ടറെ സമുദായ സെക്രട്ടറി സ്ഥാനത്ത് പരുമല സമ്മേളനം (1873) നിയമിച്ചത്. ശൗലിന്റെ മാനസാന്തരം ആദിമസഭയിൽ ഉണ്ടാക്കിയ നവോന്മേഷം കുര്യൻ റൈട്ടറുടെ ആഗമനത്തോടെ പുലിക്കോട്ടിൽ മെത്രാച്ചന്റെ ക്യാമ്പിൽ പ്രത്യക്ഷമായി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ആൾ, കൊച്ചിയിലെ വ്യാപാര മേഖലയിൽ സുപരിചിതൻ, വെസ്റ്റേൺ സ്റ്റാർ തുടങ്ങിയ

പ്രസിദ്ധീകരണങ്ങളിലൂടെ പ്രശസ്തൻ, നവീകരണ ക്യാമ്പിലെ മുൻപരിചയം, തെക്കുള്ള പല പ്രശസ്ത കുടുംബങ്ങളുമായുള്ള ബന്ധുത്വം ഇതൊക്കെ കുര്യൻ റൈട്ടർക്ക് സ്വന്തമായിരുന്നു. ഈ യോഗ്യതകൾ ഒക്കെയുള്ള ഒരാളെ തന്നെയാണ് പുലിക്കോട്ടിൽ തിരുമേനി തേടിയിരുന്നതും. അചിരേണ പനയ്ക്കൽ ഐപ്പൂരു എന്ന പോലെ അക്കര കുര്യൻ റൈട്ടറും തിരുമേനിയുടെ പ്രധാന സഹായി ആയിത്തീർന്നു. നവീകരണ ക്യാമ്പുമായി ബന്ധപ്പെട്ട് ബലം നൽകിയിരുന്ന മാർ അത്താനാസ്യോസിന്റെ ശക്തികേന്ദ്രങ്ങൾ തിരിച്ചറിയുവാനും അതിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഭരണാധികാരികളെ ലണ്ടനിലും ഊട്ടിയിലും സന്ദർശിച്ച് ആവശ്യമായ ഉത്തരവുകളും ശുപാർശകത്തുകളും ശേഖരിക്കുവാനും പത്രോസ് തൃതീയൻ പാത്രിയർക്കീസിനെ നിയോഗിച്ചതിന്റെ പിന്നിൽ കുര്യൻ റൈട്ടറിന്റെ ആലോചനകൾ പുലിക്കോട്ടിൽ തിരുമേനിക്ക് സഹായകമായി. ഇംഗ്ലീഷ് വിദ്യാഭ്യാസവും നിയമ പരിജ്ഞാനവും നേടിയ കുര്യൻ റൈട്ടറെ വലിയ ഒരളവിൽ മലങ്കര മെത്രാപ്പോലീത്താ പ്രയോജനപ്പെടുത്തി. പത്രോസ് തൃതീയൻ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ആനയിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ നിയോഗിച്ചത് കുര്യൻ റൈട്ടറെയും പനയ്ക്കൽ ഐപ്പൂരു മുതലാളിയെയും ആയിരുന്നു. കാര്യശേഷിയിലും സഭാസ്നേഹത്തിലും അവർ മികച്ചുനിന്നു. മെത്രാപ്പോലീത്തായോടുള്ള വിശ്വസ്തതയിൽ അവരെ അതിശയിക്കുന്ന അത്മായ പ്രമുഖർ സഭയിൽ മറ്റാരെങ്കിലും ഉണ്ടായിരുന്നതായി തോന്നുന്നില്ല. പാത്രിയർക്കീസിന്റെ മലങ്കരയിലെ സന്ദർശന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും അദ്ദേഹത്തെ അനുയാത്ര ചെയ്യുന്നതിലും റൈട്ടർ നിർണ്ണായ പങ്ക് വഹിച്ചു. മഹാരാജാവിനെ സന്ദർശിച്ച് അനുകൂലമായ സമീപനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഒത്താശകൾ ചെയ്യുന്നതിനും നേരത്തെ തിരുവനന്തപുരത്തെത്തി പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ മുഖേന പ്രതിരോധങ്ങൾ സൃഷ്ടിച്ച നയതന്ത്രചതുരനായ പാലക്കുന്നത്ത് മെത്രാച്ചന്റെ പദ്ധതികൾ ഓരോന്നായി ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴുവാനും ഇടയായത് കുര്യൻ റൈട്ടർ മെത്രാപ്പോലീത്തായുടെ വലംകൈയായി പ്രവർത്തിച്ചതു മൂലമായിരുന്നു. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 1873-ൽ പരുമല യോഗത്തിൽ വെച്ച് രൂപീകരിക്കപ്പെട്ടതിനെ 1876-ലെ മുളന്തുരുത്തി സുന്നഹദോസിൽ വച്ച് ദൃഢീകരിച്ചതിന്റെയും കൂടുതൽ പ്രാതിനിത്യ സ്വഭാവത്തോടെ അതിനെ ക്രമീകരിച്ചതിന്റെയും പരുമലയോഗ നിശ്ചയങ്ങളെത്തന്നെ കാനോനാകളായി മുളന്തുരുത്തി സുന്നഹദോസിൽ അവതരിപ്പിച്ച് അംഗീകരിച്ചതിന്റെയും പിന്നിൽ മലങ്കര മെത്രാപ്പോലീത്തായുടെ മുഖ്യ സഹായികളായി വർത്തിച്ചത് ഈ രണ്ട് അത്മായ പ്രമുഖർ ആയിരുന്നു.

മലങ്കരസഭയെ അന്ത്യോഖ്യൻ സഭയുടെ കോളനിയായി മാറ്റുവാൻ പത്രോസ് തൃതീയൻ ശ്രമിച്ചതോടെ അന്തരീക്ഷത്തിന് കനം വച്ചു. മലങ്കര മെത്രാപ്പോലീത്തായെ അവഗണിച്ച് ആറ് മെത്രാന്മാരെ വാഴിക്കുന്ന പദ്ധതിയുമായി പാത്രിയർക്കീസ് മുന്നേറുകയും രജിസ്റ്റർ ഉടമ്പടി മുഖേന അവരെ ബന്ധിക്കുകയും ചെയ്ത പാത്രിയർക്കീസ് സ്വന്തം വഴികൾ സുഗമമാകുമെന്നാണ് കരുതിയത്. സഭയുടെ സ്വാതന്ത്ര്യത്തിന്മേൽ കൈവച്ചപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെ ആത്മീയ പൗരുഷം ഉണർന്നു. ദേശീയബോധം ഉത്തേജിതമായി. നയതന്ത്രചതുരനായ മലങ്കര മെത്രാപ്പോലീത്തായുടെ സിംഹപൗരുഷം പാത്രിയർക്കീസ് ബാവായുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത് പനയ്ക്കൽ ഐപ്പൂരു മുതലാളിയുടെയും കുര്യൻ റൈട്ടറുടെയും രൂപത്തിലായിരുന്നു. അസോസിയേഷൻ പ്രതിനിധികളായ തങ്ങളോട് ആലോചിക്കാതെ മെത്രാൻ സ്ഥാനം നൽകുന്നതിലും സ്ഥാനാർത്ഥികളോട് രജിസ്റ്റർ ഉടമ്പടി വാങ്ങുന്നതിലും പ്രതിഷേധിക്കുന്നുവെന്ന് ആദ്യം വാക്കാലും പിന്നീട് രേഖാമൂലവും അറിയിച്ചത് അവരാണ്. ആ പ്രതിഷേധജ്വാലയുടെ മുമ്പിൽ പാത്രിയർക്കീസ് ആദ്യം പതറുക തന്നെ ചെയ്തു. മലങ്കരസഭയുടെ തേജസും അഭിമാനവുമായ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായോട് ഉടമ്പടി ചോദിക്കുമെന്നും ഉടമ്പടി നൽകാൻ വിസമ്മതിച്ചാൽ മുടക്കുമെന്നും കിംവദന്തികൾ പ്രചരിച്ചു. ആ സാധ്യതയെ പ്രതിരോധിക്കുവാൻ രണ്ട് അത്മായ പ്രമുഖരും സഭയെ ബോധവത്കരിക്കുന്നതിൽ അഹമഹമികയാ പ്രവർത്തിച്ചു. ലൗകിക അധികാരങ്ങൾ പാത്രിയർക്കീസിന് അടിയറ വെയ്ക്കുന്ന ഉടമ്പടി നൽകാതിരിക്കുവാൻ മലങ്കര മെത്രാപ്പോലീത്തായെ ധൈര്യപ്പെടുത്തിയത് അവരായിരുന്നു. മെത്രാപ്പോലീത്തായുടെ ഇച്ഛാശക്തിയുടെയും അനുയായികളുടെ ഉറച്ച നിലപാടിന്റെയും മുമ്പിൽ പാത്രിയർക്കീസ് പരാജയപ്പെടുക തന്നെ ചെയ്തു. മലങ്കര മെത്രാപ്പോലീത്തായെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ട് പാത്രിയർക്കീസ് രണ്ടു വട്ടം കല്പന ഇറക്കിയപ്പോഴും ആ കല്പനകൾക്ക് അതെഴുതിയ കടലാസിന്റെ വില പോലും ലഭിക്കാതെ പോയത് മലങ്കര മെത്രാപ്പോലീത്തായുടെ പിന്നിൽ മലങ്കരസഭ ഏകയോഗക്ഷേമമായി ഉറച്ചുനിന്നതുകൊണ്ടാണ്. മെത്രാന്മാരെയും വൈദികരെയും അത്മായക്കാരെയും വിശ്വാസത്തിലെടുത്ത് സുതാര്യമായ ഭരണശൈലികൾ ആവിഷ്ക്കരിക്കുന്നതിൽ പുലിക്കോട്ടിൽ മെത്രാച്ചൻ നേടിയ അതുല്യ വിജയമായിരുന്നു അന്ന് പ്രകടമായത്. ഏത് എതിരാളികളെയും സ്നേഹംകൊണ്ട് ഉറപ്പിച്ചു നിർത്തുന്ന അനുരഞ്ജനകലയുടെ ചക്രവർത്തിയായ മലങ്കര മെത്രാപ്പോലീത്തായെ പിന്തുണയ്ക്കുന്നത് സഭ ഒന്നടങ്കം അഭിമാനമായി കരുതി. മലങ്കരസഭയുടെ ജന്മായത്തമായ സ്വാതന്ത്ര്യം ധ്വംസിക്കുവാൻ മുതിർന്ന പാത്രിയർക്കീസിനെ സഭ മൗനമായി ബഹിഷ്ക്കരിച്ചു. ആദ്യ സന്ദർശനത്തിൽ പാത്രിയർക്കീ

സിനെ അനുഗ്രഹദാതാവായി ആദരിച്ച മഹാരാജാക്കന്മാർ അവസാന ഘട്ടത്തിൽ സഭയുടെ പ്രജകൾ ബഹിഷ്കരിച്ച പാത്രിയർക്കീസിനെ സന്ദർശനാനുവാദം നിഷേധിച്ച് തങ്ങളുടെ പ്രതിഷേധം വ്യക്തമാക്കി. എതിർപ്പുകൾ അനുനിമിഷം വർദ്ധിക്കുന്നത് ഗ്രഹിച്ച ബുദ്ധിമാനായ പാത്രിയർക്കീസ് പത്രോസ് തൃതീയൻ സന്ദർശന പരിപാടികൾ എത്രയുംവേഗം വെട്ടിച്ചുരുക്കി തനിക്ക് ലഭിച്ച സമ്മാനങ്ങൾ നിറച്ച പെട്ടികളുമായി അസുഖകരമായ അന്തരീക്ഷത്തിൽ മലങ്കരസഭയോട് യാത്രപോലും പറയാതെ മടങ്ങിപ്പോകുകയായിരുന്നു. പാത്രിയർക്കീസിന്റെ ദൗത്യങ്ങൾ വിജയിപ്പിക്കുവാൻ അണിയറയിൽ അദ്ധ്വാനിച്ച കൈകൾ തന്നെ അദ്ദേഹത്തിന്റെ കൊളോണിയൽ താല്പര്യങ്ങളെ തീർത്തും പരാജയപ്പെടുത്തി. സഭ ഒറ്റ ക്കെട്ടായി നീങ്ങിയാൽ പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ചെറിയൊരു പോറൽപോലും ഏല്പിക്കുവാൻ സാധിക്കുകയില്ലെന്ന പാഠം അന്ന് സഭ ഗ്രഹിച്ചു (ദൗർഭാഗ്യവശാൽ മൂന്ന് പതിറ്റാണ്ടു കഴിയുന്നതിന് മുമ്പ് ആ വിലപ്പെട്ട പാഠം മലങ്കരസഭാ നേതൃത്വം അവഗണിച്ചതിന്റെ ദുഷ്ഫലങ്ങളാണ് സഭ ഇന്നോളവും അനുഭവിച്ചു പോരുന്നത് എന്ന് പലരും ഓർക്കാതിരിക്കുന്നത് കഷ്ടാൽ കഷ്ടതരം തന്നെ).

സഭാപരമായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ പുലർത്തിവന്ന നടപടികൾ സഭയിലെങ്ങും സൃഷ്ടിച്ചുവിട്ട ആരോഗ്യകരമായ രംഗങ്ങളാണ് കുര്യൻ റൈട്ടറെയും ആകർഷിച്ചത്. സുതാര്യമായ ഭരണശൈലിയുടെ ഭാഗമായി 'കേരള പതാക' എന്ന പത്രം കൊച്ചിയിലെ പനയ്ക്കൽ ഐപ്പൂരു മുതലാളിയുടെ പാണ്ടികശാലയിൽ സ്ഥാപിച്ച സെന്റ് തോമസ് പ്രസ്സിൽ നിന്ന് ദ്വൈവാരികയായി പ്രസിദ്ധീകരിക്കപ്പെട്ടത് അന്നൊരു സംഭവം തന്നെയായിരുന്നു. പത്രപ്രവർത്തനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചുകഴിഞ്ഞിരുന്ന കുര്യൻ റൈട്ടറെ ഈ നടപടി അല്പമൊന്നുമല്ല ആവേശം കൊള്ളിച്ചത്. അത് കഴിഞ്ഞ് മലങ്കര സഭയിലെ ആദ്യത്തെ സന്യാസാശ്രമമായി 1870-ൽ വെട്ടിക്കൽ ദയറാ പ്രവർത്തനം ആരംഭിച്ചതും അവിടെ ചാത്തുരുത്തിൽ ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പായ്ക്ക് സന്യാസം നൽകി നിയമിച്ചതും ഒരു നവയുഗത്തിന്റെ പിറവിയായി സഭയിലെ യുവവിഭാഗം ശ്രദ്ധിച്ചു. 1871-ൽ പരുമലയിൽ സഭയുടെ പൊതുസ്ഥലം സംഘടിപ്പിച്ച് അവിടെ സെമിനാരി ആരംഭിച്ചപ്പോൾ സഭയുടെ പ്രതീക്ഷകൾ ആകാശത്തോളം ഉയർന്നു. നവീകരണ ക്യാമ്പിൽ, അന്ത്യോഖ്യയിൽ നിന്ന് മെത്രാൻസ്ഥാനം ഏറ്റതിന്റെ അവകാശവാദങ്ങളുമായി എപ്പിസ്ക്കോപ്പൽ തേർവാഴ്ച്ച നടത്താൻ ആരംഭിച്ച പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെയും അദ്ദേഹത്തിന്റെ ജനാധിപത്യ ധ്വംസനത്തിൽ അധിഷ്ഠിതമായ ഭരണശൈലി

യെയും ആശങ്കകളോടെ വീക്ഷിച്ച കുര്യൻ റൈട്ടർക്ക് പുലിക്കോട്ടിൽ തിരുമേനിയുടെ ജനാധിപത്യപരവും കേരള നവോത്ഥാന യത്നങ്ങൾക്ക് നേതൃത്വം നൽകുന്നതുമായ പരിപാടികളെ പിൻതുണയ്ക്കുവാൻ തോന്നിയത് സ്വാഭാവികം മാത്രം. 1873-ലെ പരുമല അസോസിയേഷൻ സമ്മേളനം കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അതിന്റെ കർമ്മസമിതിയായി മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചപ്പോൾ കേരളത്തിലെ ഇതര സമുദായങ്ങൾക്കു പോലും അത് മാതൃകയായി തീർന്നു. നാടുനീളേ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനും അവയിൽ ജാതി-മത-വർണ്ണ-ലിംഗ ഭേദമെന്യേ സാർവ്വത്രിക വിദ്യാഭ്യാസം നൽകുവാനും പുലിക്കോട്ടിൽ തിരുമേനി പരുമല അസോസിയേഷൻ തീരുമാനങ്ങളിലൂടെ നൽകിയ ആഹ്വാനം കുര്യൻ റൈട്ടർ സർവ്വാത്മനാ സ്വാഗതം ചെയ്തു. ഇരുന്നൂറ്റിഅമ്പതിലേറെ വിദ്യാലയങ്ങളാണ് മെത്രാപ്പോലീത്താ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ആരംഭിച്ചത്. സമുദായ പുരോഗതിക്കുവേണ്ടി നാടെങ്ങും അലഞ്ഞുകൊണ്ടിരിക്കുന്ന മലങ്കര മെത്രാപ്പോലീത്തായ്ക്ക് തെക്കൻ പ്രദേശങ്ങളിൽ കുര്യൻ റൈട്ടറും പരുമല മാർ ഗ്രീഗോറിയോസും വടക്കൻ പ്രദേശങ്ങളിൽ പനയ്ക്കൽ ഐപ്പൂരു മുതലാളിയും കടവിൽ മാർ അത്താനാസ്യോസും ഹൃദയ പൂർവ്വം പിൻതുണ നൽകി. വിജാതീയ മിഷൻ രൂപീകരണവും മഹാജന സഭയുടെയും അഖില മലങ്കര വൈദികസംഘത്തിന്റെയും രൂപീകരണവും ഒരു പുതു യുഗ പിറവിയുടെ വിളംബരമായി അനുഭവപ്പെട്ടതിനെ തുടർന്ന് കർമ്മകുശലരും സഭാസ്നേഹികളുമായ ഒരു സംഘം ചെറുപ്പക്കാർ സഭാനേതൃത്വത്തിലേക്ക് ഉപനയിക്കപ്പെട്ടു. അവരിൽ പ്രസിദ്ധരായ രണ്ട് പേർ ഇലഞ്ഞിക്കൽ ജോൺ വക്കീലും അക്കര സി. ജെ. കുര്യനും ആയിരുന്നു. ആദ്യത്തെ ആൾ കുര്യൻ റൈട്ടറുടെ സഹോദരീപുത്രൻ ആയിരുന്നു; അപരൻ സഹോദരപുത്രനും. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ ഭാവനാസമ്പന്നമായ പുരോഗമനാശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഈ അത്മായ നേതാക്കൾ വഹിച്ച പങ്ക് നിർണ്ണായകം തന്നെയായിരുന്നു. കൊച്ചിയിലെ വ്യാപാര മേഖലയിലും കോട്ടയം, നിരണം പ്രദേശങ്ങളിലെ സമ്പന്നരുടെ ഇടയിലും സ്വാധീനം ഉണ്ടായിരുന്ന കുര്യൻ റൈട്ടർ മലങ്കര മെത്രാപ്പോലീത്തായുടെ വക്താവായി പരിഗണിക്കപ്പെട്ടു.

മേല്പട്ടക്കാരുടെ ഏകനായകത്വത്തിനെതിരെ സഭയെ സംഘടിപ്പിച്ച് മലങ്കര അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയിലേക്ക് അധികാര വികേന്ദ്രീകരണം നടത്താൻ ഉദ്യമിച്ച പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ കാഴ്ച്ചപ്പാട് പത്രോസ് തൃതീയൻ ബാവായ്ക്ക് സ്വീകാര്യ

മായില്ല എന്നത് ഈ അത്മായ നേതൃത്വത്തെ വിഷമസന്ധിയിലാക്കി. ഏകനായകത്വം ഇല്ലാതാക്കാൻ മേല്പട്ടക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഏകപക്ഷീയമായി പാത്രിയർക്കീസ് നിശ്ചയിക്കുകയും മെത്രാൻ സ്ഥാനാർത്ഥികളിൽ നിന്ന് രജിസ്റ്റേർഡ് ഉടമ്പടി വാങ്ങുകയും ചെയ്യാൻ മുതിർന്ന പാത്രിയർക്കീസിനെ അഭിമുഖീകരിച്ച് ആദ്യം ആ നടപടിയിലുള്ള പ്രതിഷേധം അറിയിക്കുവാനും അത് അവഗണിക്കപ്പെട്ടപ്പോൾ മാനേജിംഗ് കമ്മറ്റി അംഗസ്ഥാനം രാജിവെയ്ക്കുവാനും സന്നദ്ധത പ്രകടിപ്പിച്ചത് ഈ അത്മായ നേതാക്കന്മാരാണ്. നവീകരണക്കാർക്കെതിരായ പോരാട്ടത്തിന് ശക്തി സമാഹരിക്കുവാൻ ആവശ്യമായ ഒരു ഘട്ടത്തിൽ ശക്തി ശൈഥില്യത്തിന് കാരണമായേക്കാവുന്ന നടപടി എന്ന നിലയിലാണ് മെത്രാൻ വാഴ്ച്ചയെ അവർ എതിർത്തത്. കീഴ്വഴക്കത്തിൽ നിന്ന് വ്യത്യസ്തമായ ഒരു പരിഷ്കാരം നടപ്പിൽ വരുത്തുമ്പോൾ സമുദായത്തിന്റെ മുഴുവൻ പ്രാതിനിധ്യമുള്ള അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയോട് ആലോചിക്കാത്തതിലും അവർക്ക് പ്രതിഷേധമുണ്ടായിരുന്നു. ആരെയും കൂസാതെ പാത്രിയർക്കീസ് മേല്പട്ടക്കാരെ വാഴിച്ചു. ആസന്നമായ വ്യവഹാര കാര്യങ്ങൾക്കായി ധനസമാഹരണം നടത്തുവാൻ ഏറെ ക്ലേശം സഹിച്ച് മാർ ദീവന്നാസ്യോസ് ചെയ്ത ഉദ്യമങ്ങളെ പാത്രിയർക്കീസ് പരാജയപ്പെടുത്തി. പാലക്കുന്നത്ത് വലിയ മാർ അത്താനാസ്യോസുമായി മക്കുദിശാ ഗബ്രിയേൽ മുഖേന പാത്രിയർക്കീസ് രഹസ്യമായി ബന്ധപ്പെട്ടുകൊണ്ടിരുന്നത് പല അഭ്യൂഹങ്ങൾക്കും കാരണമായി. നവീകരണക്കാർക്കെതിരായി വ്യവഹാരം നടത്തുന്ന നടപടിയെ പാത്രിയർക്കീസ് അനുകൂലിക്കുന്നില്ല എന്ന ദുഃഖസത്യം സഭാനേതൃത്വം ഗ്രഹിച്ചു.

മലങ്കരസഭയുടെ പരമാധികാരം പാത്രിയർക്കീസിനാണെന്ന് സമ്മതിക്കുന്ന രജിസ്റ്റേർഡ് ഉടമ്പടി നൽകുവാൻ വിസമ്മതിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയനെതിരായി നിരോധന കല്പനകൾ പുറപ്പെടുവിച്ചതും മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും പിരിച്ചു വിട്ടതും വീണ്ടും അവ പ്രാവർത്തികമാക്കാതിരിക്കുവാൻ ദീർഘവീക്ഷണത്തോടെ താൻ പട്ടം കെട്ടിയ ആറ് മെത്രാന്മാരെയും ചട്ടം കെട്ടിയതും ഈ അത്മായ നേതാക്കൾ ശ്രദ്ധിച്ചു. തിരുവിതാംകൂർ മഹാരാജാവിനെ വീണ്ടും സന്ദർശിച്ച് പുലിക്കോട്ടിൽ മെത്രാച്ചനെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുവാനും പാത്രിയർക്കീസ് മടിക്കുകയില്ലായെന്ന് കണ്ടപ്പോൾ ഈ അത്മായ നേതാക്കൾ അവസരത്തിനൊത്തുയർന്ന് പാത്രിയർക്കീസ് നടത്തുന്ന സ്വേച്ഛാധിപത്യ നടപടികളെ മഹാരാജാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. പാത്രിയർക്കീസ് മഹാരാജാക്കന്മാരെ സന്ദർശിക്കുവാൻ നടത്തിയ രണ്ടാമത്തെ ശ്രമം വിഫലമാവുന്നതിൽ

കുര്യൻ റൈട്ടറുടെ കർമ്മശേഷിക്ക് നിർണ്ണായക പങ്കുണ്ടായിരുന്നു. മലങ്കരയിലെ വൈദികരും ജനങ്ങളും ഭിന്നിക്കാതെ മലങ്കര മെത്രാപ്പോലീത്തായുടെ പിന്നിൽ ഐക്യത്തോടെ നില്ക്കുവാൻ വടക്കൻ പ്രദേശങ്ങളിൽ പനയ്ക്കൽ യാക്കോബ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ, പനയ്ക്കൽ ഐപ്പൂരു മുതലാളി തുടങ്ങിയവരും തെക്കൻ പ്രദേശങ്ങളിൽ പരുമല മാർ ഗ്രീഗോറിയോസ്, കുര്യൻ റൈട്ടർ, കണ്ടത്തിൽ വറുഗീസ് മാപ്പിള, ഇ. എം. ഫിലിപ്പ് തുടങ്ങിയവരും നടത്തിയ അക്ഷീണ പരിശ്രമം ശ്ലാഘനീയം തന്നെയായിരുന്നു. പാത്രിയർക്കീസിനെ അനുസരിക്കുവാൻ ഉടമ്പടികൾ മൂലം പ്രതിജ്ഞാബദ്ധരായിരുന്ന പുതിയ ആറ് മെത്രാന്മാരും മലങ്കരസഭയോടുള്ള പ്രതിബദ്ധതയ്ക്ക് പ്രഥമ പരിഗണന നൽകുവാൻ തീരുമാനിച്ചത് ഈ നേതാക്കളുടെ സുദൃഢമായ നിലപാടിന്റെ പശ്ചാത്തലത്തിലാണ്. പാത്രിയർക്കീസിന്റെ ഹിതാനുവർത്തിയായി ശീമക്കാരനായ സ്ലീബാ ശെമ്മാശ്ശൻ മലങ്കരസഭയിൽ പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും ജനങ്ങളുടെ ഇടയിൽ വിള്ളലുണ്ടാക്കാൻ കഴിയാതെപോയത് ഈ നേതാക്കൾ ശക്തമായ പ്രതിരോധനിര കെട്ടി ഉയർത്തിയതുകൊണ്ടാണ്. പുലിക്കോട്ടിൽ തിരുമേനിക്ക് ബഹുമുഖമായ കർമ്മമേഖലകളിൽ മുന്നോട്ടു പോവാൻ ആത്മവിശ്വാസം പകർന്നതും ഈ അത്മായ നേതാക്കളുടെ പിൻബലം മൂലമായിരുന്നു.

മലങ്കരസഭയിൽ രൂപപ്പെട്ട ഈ ഐക്യം ആണ് ഇതര സഭകളിൽ അപൂർവ്വമായ ചില ചലനങ്ങൾ സൃഷ്ടിച്ചത്. ഗോവയിൽ നിന്ന് ഫാ. അൽവാറീസും അമേരിക്കയിൽ നിന്ന് ഫാ. റിനി വിലാത്തിയും ഉൾപ്പെടെ അനേകർ മലങ്കരസഭയിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിച്ചതും അവരുടെ നേതാക്കൾ ആയി രണ്ടു പേരെയും മേല്പ്പട്ടക്കാരായി വാഴിച്ചതും ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. ആ വാഴ്ചകൾക്കെതിരെ ചില പിറുപിറുക്കലുകൾ ഉണ്ടായെങ്കിലും പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ മാർ അത്താനാസ്യോസ് എന്നീ മേല്പട്ടക്കാരും പനയ്ക്കൽ ഐപ്പൂരു, കുര്യൻ റൈട്ടർ തുടങ്ങിയ അത്മായ പ്രവർത്തകരും ഏകമനസ്സോടെ പ്രവർത്തിച്ചപ്പോൾ എതിർപ്പുകളുടെ മുന ഒടിഞ്ഞുപോയി. മൂന്ന് മെത്രാപ്പോലീത്തന്മാർ ചേർന്ന് കാനോനികമായി നടത്തിയ ആ മെത്രാൻ വാഴ്ചയെ ചിലരെല്ലാം രഹസ്യമായി വിമർശിച്ചുവെങ്കിലും നേതൃനിരയുടെ ഉദ്ദേശ്യശുദ്ധിയിൽ വിശ്വാസം അർപ്പിച്ച മലങ്കരസഭ അത്തരം അപശബ്ദങ്ങളെ അന്ന് അവഗണിക്കുക തന്നെ ചെയ്തു. പാത്രിയർക്കീസ് ബാവാ പോലും മലങ്കരസഭയിലെ ശക്തമായ ഈ നീക്കത്തെ അനുകൂലിച്ചു. സ്വന്തം നാട്ടിലെ അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ അച്ചടക്കത്തിൽ നിർത്തുവാൻ കെല്പില്ലാതെ പോയ ശ്ലൈഹിക സിംഹാസനാധിപതിയുടെ ദയനീയമായ നിസ്സഹായതയ്ക്ക്

ദൃക്സാക്ഷികളായ മലങ്കരസഭയിലെ നേതൃത്വത്തിന് ഈ നിലപാടെടുക്കുവാൻ പ്രയാസമൊന്നും ഉണ്ടായിരുന്നില്ല. ഈ മെത്രാൻ വാഴ്ച്ചയിലൂടെ സഭ പല ലക്ഷ്യങ്ങൾ ഉന്നംവച്ചിരുന്നു.

1. പാത്രിയർക്കീസ് മെത്രാൻ വാഴ്ച്ചയിൽ അനിവാര്യനാണെന്ന ജനവിശ്വാസം മാറ്റിയെടുക്കുക.

2. മലങ്കരസഭയുടെ അതിരുകളെ വിശാലമാക്കുക.

3. മെത്രാൻ വാഴ്ച്ച തുടങ്ങിയ നടപടികൾക്ക് ആവശ്യമായ ഒരു സുന്നഹദോസിനെ മലങ്കരയിൽ നിലനിർത്തുക.

ഈ മൂന്ന് ലക്ഷ്യങ്ങളും ഈ മെത്രാൻ വാഴ്ചയിലൂടെ മലങ്കരസഭ സാധിച്ചെടുത്തു.

കടവിൽ വലിയ മാർ അത്താനാസ്യോസിന്റെ ജീവചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "മലങ്കരസഭയുടെ അതിരുകളെ വിശാലമാക്കുവാൻ സഹായകമായ ചില സാഹചര്യങ്ങൾ അക്കാലത്ത് രൂപപ്പെട്ടു വന്നു. നവീകരണക്കാരിൽ നിന്ന് കോട്ടയം പഴയസെമിനാരി നിയമാനുസൃതം വ്യവഹാരത്തിലെ വിജയത്തിലൂടെ ഏറ്റെടുത്ത മലങ്കര മെത്രാപ്പോലീത്തായും റീശീസാ പിരിവിനായി വന്ന ശീമയിലെ ശെമവൂൻ മാർ അത്താനാസ്യോസും സെക്രട്ടറി സ്ലീബാ ശെമ്മാശ്ശനും കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും പഴയസെമിനാരിയിൽ താമസിക്കുന്ന കാലം. വൈദിക പരിശീലനം പുനരാരംഭിക്കപ്പെട്ടു. നവീകരണക്കാരിൽ നിന്ന് പള്ളികൾ പലതും വീണ്ടെടുത്തു. സഭയിലെ വിജാതീയ മിഷൻ സജീവമായി പ്രവർത്തിച്ചു. സഭയിലെങ്ങും വിദ്യാലയങ്ങളും സണ്ടേസ്ക്കൂളുകളും സ്ഥാപിതമായി. ജനാധിപത്യശൈലിയിൽ മാനേജിംഗ് കമ്മറ്റിയുടെ അധ്യക്ഷൻ എന്ന നിലയിൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ ചുമതലയിൽ സഭാഭരണം ശക്തിപ്പെട്ടു. സുതാര്യമായ ആ ഭരണ സംവിധാനത്തിൽ മേൽപ്പട്ടക്കാരും പട്ടക്കാരും അത്മായ വിഭാഗവും പരിപൂർണ്ണ തൃപ്തരായിരുന്നു. അസൂയാവഹമായ ഈ സഭാകാലാവസ്ഥ ഗോവാ സ്വദേശിയും മിഷനറിയുമായ ഒരു കത്തോലിക്കാ വൈദികനെ ആകർഷിച്ചു. കത്തോലിക്കാ സഭയുടെ രാജകീയ എപ്പിസ്കോപ്പൽ ഭരണശൈലിയോട് വിയോജിപ്പുണ്ടായിരുന്ന അദ്ദേഹത്തിന് മലങ്കരസഭയുടെ ഭരണശൈലിയും ആരാധനാ സാഹിത്യവും വിശ്വാസവും കൂടുതൽ അഭികാമ്യമായി തോന്നി. അദ്ദേഹം കോട്ടയം പഴയ സെമിനാരിയിൽ മലങ്കര മെത്രാപ്പോലീത്തായെ സന്ദർശിച്ചു. ഏതാനും ദിവസം സെമിനാരിയിൽ അതിഥിയായി താമസിച്ചു. മലങ്കര മെത്രാപ്പോലീത്താ ശേഷം മേല്പട്ടക്കാരുമായി ആലോചിച്ചു. മലങ്കരസഭയ്ക്ക് ഗോവ

യിൽ ഒരു മിഷൻ കേന്ദ്രവും ഒരു മെത്രാസനാസ്ഥാനവും ആരംഭിക്കുവാൻ ഫാ. അൽവാറീസിനെ (അതായിരുന്നു അദ്ദേഹത്തിന്റെ പേർ) ഉപയോഗപ്പെടുത്താനാവുമെന്ന് എല്ലാവർക്കും ബോധ്യമായി.

മലങ്കരയിൽ വച്ച് അദ്ദേഹത്തെ മെത്രാനായി വാഴിക്കാൻ കഴിഞ്ഞാൽ അതൊരു ഗംഭീരമായ തുടക്കമാവുമെന്ന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് തോന്നി. കടവിൽ മെത്രാപ്പോലീത്തായും പരുമല മാർ ഗ്രീഗോറിയോസും മുറിമറ്റത്തിൽ മാർ ഈവാനിയോസും ആ ആശയത്തെ ശക്തമായി പിൻതാങ്ങി. കാനോനികമായി അപാകതയൊന്നും ഇല്ലെന്ന് ശെമവൂൻ മാർ അത്താനാസ്യോസ് കാര്യങ്ങൾക്ക് പച്ചക്കൊടി കാട്ടി. 1899 ജൂലൈ 29-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ആ പട്ടംകൊടയ്ക്ക് പ്രധാന കാർമ്മികനായി. കടവിൽ മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ്, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു. പുതിയ മെത്രാപ്പോലീത്തായ്ക്ക് മാർ യൂലിയോസ് എന്ന് പേർ നൽകുകയും കമ്മറ്റിയുടെ ആലോചനയോടെ ഇന്ത്യാ, സിലോൺ, ഗോവ മുതലായ ഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയോഗിക്കുകയും ചെയ്തു.

മേല്പട്ടക്കാരെ വാഴിക്കുവാൻ ഭാവിയിൽ ഒരു പാത്രിയർക്കീസിനെ ആശ്രയിക്കേണ്ടി വരരുത് എന്ന ആസൂത്രണം കടവിൽ മെത്രാച്ചന്റെ ബുദ്ധിയിൽ രൂപപ്പെട്ടതായിരുന്നു. മലങ്കരസഭ ആദ്യം നേരിട്ട് പരിചയപ്പെട്ട പാത്രിയർക്കീസ് - പത്രോസ് തൃതീയൻ - എല്ലാവരിലും ജനിപ്പിച്ച വികാരം 'വെറുപ്പ്' ആയിരുന്നു. ഭാവി പാത്രിയർക്കീസ് ആകുമെന്ന് വീമ്പടിച്ച് നടന്ന അബ്ദുള്ളാ ഗ്രീഗോറിയോസിനെ ആ തലമുറയിലെ മേല്പട്ടക്കാരും പട്ടക്കാരും വെറുക്കുക മാത്രമല്ല ഭയക്കുക തന്നെ ചെയ്തു. അതുകൊണ്ടാണ് മെത്രാൻ വാഴ്ച്ച മലങ്കരസഭയിൽ പാത്രിയർക്കീസിനെ കൂടാതെ നടത്തുവാനുള്ള കീഴ്‌വഴക്കം ആരംഭിക്കുവാൻ കടവിൽ മെത്രാച്ചനും ശേഷം പേരും തീരുമാനിച്ചത്. .... മൂന്ന് മെത്രാന്മാരുള്ള ഒരു സഭയിൽ മേല്പട്ടക്കാരെ വാഴിക്കാൻ മെത്രാന്മാരുടെ സിനഡിന്റെ അധ്യക്ഷന് അധികാരമുള്ളതായി സുറിയാനിസഭയുടെ കാനോനിൽ വ്യവസ്ഥയുള്ളതിനാൽ ഭാവിയിൽ ഒരു അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആഗമനം ഒഴിവാക്കാനാവുമായിരുന്നു എന്നത് സുനിശ്ചിതമായിരുന്നു. ആ സ്വയംപൂർണ്ണതയിലേക്കുള്ള ചാലുകീറൽ കൂടെയാണ് അൽവാറീസ് മെത്രാച്ചന്റെ പട്ടംകൊടയിലൂടെ മലങ്കരസഭ ഉന്നംവച്ചത്. സഭയിൽ ഐക്യം പ്രതിദിനം ശക്തിപ്പെട്ടുകൊണ്ടിരുന്ന ആ കാലാവസ്ഥയിൽ ഈ ധീരമായ നടപടിയിൽ ആരും പരസ്യമായി എതിർപ്പ് പ്രകടിപ്പിച്ചില്ല" (*ഇടയന്മാരുടെ ഇടയൻ*, പുറം 121-124).

കടവിൽ മാർ അത്താനാസ്യോസ് രചിച്ചതും പാലപ്പിള്ളിൽ അബ്രഹാം മല്പാൻ 1877-ൽ വിവർത്തനം ചെയ്തതുമായ സഭാചരിത്രം പത്രോസ് തൃതീയൻ നടത്തിയ മെത്രാൻ വാഴ്ച്ചകളെ വ്യാഖ്യാനിക്കുന്നത് ഇപ്ര കാരമാണ്: "പിന്നത്തേതിൽ നല്ലവണ്ണം ശോധന ചെയ്ത് സുറിയാനിസഭ യുടെ രക്ഷയ്ക്കും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സഹാ യത്തിനുമായിട്ട് നാല് റമ്പാന്മാരെ തെരഞ്ഞെടുത്തു. ... വടക്കൻപറവൂർ പള്ളിയിൽ വച്ച് സ്ഥാനം കൊടുത്തു. ... എന്നാൽ അന്ത്യോഖ്യയിൽ പോയി കൂടെക്കൂടെ പട്ടത്വം കൈക്കൊണ്ട് വരുന്നതിന് വഴിയകലം നിമിത്തം ഇങ്ങനെ ആറ് സ്ഥാനികളെ കൂടെ ഇപ്പോൾ നിയമിച്ചിട്ടുള്ളത് മലങ്കര മെത്രാപ്പോലീത്തായുടെ സഹായത്തിനും അതത് അതിർത്തി ക്കകത്തുള്ള ജനങ്ങളുടെ പരിപാലനയ്ക്കും ആകകൊണ്ട് അവനവന് നിയമിക്കപ്പെട്ട മേഖലയിൽ ഉദാസീനതപ്പെടാതെ തമ്മിൽ തമ്മിൽ യോജിപ്പും താല്പര്യവുമായി സത്യ ശോധനയോടും ആലോചനയോടും കൂടെ മതകാര്യത്തിലുന്നതപ്പെടുവാനും സമൂഹ സംബന്ധമായ സകല കാര്യങ്ങളെ കുറിച്ചും മലങ്കര മെത്രാപ്പോലീത്തായും ശേഷം പേരും ആണ്ടിലൊരിക്കൽ ഒരു സ്ഥലത്തു കൂടി നടപടികൾ ചിന്തിച്ച് തർക്ക ങ്ങൾക്കും കുറ്റങ്ങൾക്കും തീർച്ചയുണ്ടാക്കി അന്ത്യോഖ്യയ്ക്ക് റിപ്പോർട്ട് ചെയ്യാനുമാകുന്നു" (പു. 94, 96).

1876-ലും 77-ലുമായി നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തെപ്പറ്റിയുള്ള ഈ വ്യാഖ്യാനം അക്കാലത്തെ സഭാ നിലപാടുകളെ വ്യക്തമാക്കുന്നു.

1. സ്ഥാനമേൽക്കുവാൻ ഭാവിയിൽ ആരും അന്ത്യോഖ്യയിലേക്ക് പോകേണ്ടതില്ല.

2. ആണ്ടിലൊരിക്കൽ മലങ്കര മെത്രാന്റെ അധ്യക്ഷതയിൽ സുന്നഹ ദോസ് കൂടി കൂട്ടായ ആലോചനയോടെ കാര്യങ്ങൾ ചെയ്യണം.

3. മലങ്കര മെത്രാനെ സഹായിക്കുകയാണ് സുന്നഹദോസിന്റെ കർത്ത വ്യം.

4. കാര്യങ്ങൾ അന്ത്യോഖ്യയ്ക്ക് റിപ്പോർട്ട് ചെയ്യണം.

പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ മലങ്കരസഭാ സന്ദർശന ത്തിൽ നിന്ന് സഭ ഉൾക്കൊണ്ട പാഠമാണ് ഈ നിലപാടിന്റെ പശ്ചാത്തലം. അത്മായ നേതാക്കളായ പനയ്ക്കൽ ഐപ്പൂരുവിന്റെയും കുര്യൻ റൈട്ട റുടെയും ആലോചനയും പിൻബലവും ഈ നിലപാടിനെ ബലപ്പെടു ത്തി. ഈ നിലപാടാണ് മാർ അൽവാറീസ് യൂലിയോസിനെയും റിനി വിലാത്തി മാർ തിമോത്തിയോസിനെയും വാഴിച്ചപ്പോൾ മലങ്കരസഭ പ്രാവർത്തികമാക്കിയത്. ഈ നിലപാടിന്റെ മുഖ്യ ശില്പികൾ ആയിരുന്ന

പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ മാർ അത്താനാസ്യോസ്, അക്കര കുര്യൻ റൈട്ടർ, പനയ്ക്കൽ ഐപ്പൂരു മുതലാളി തുടങ്ങിയവർ അന്തരിച്ചതോടെ ഇളമുറക്കാർ പ്രബലപ്പെട്ടു. ഈ യുവതലമുറയ്ക്ക് പത്രോസ് തൃതീയന്റെ സന്ദർശനം, നവീകരണക്കാരുമായുള്ള പോരാട്ടം എന്നിവയെക്കുറിച്ച് നേരിട്ടുള്ള അനുഭവങ്ങൾ വേണ്ടത്ര ഉണ്ടായിരുന്നില്ല. സുന്നഹദോസ് സങ്കല്പം കൂടുതൽ പ്രബലപ്പെടുവാൻ മലങ്കര മെത്രാപ്പോലീത്തായെ മഫ്രിയാനയായി വാഴിക്കുവാൻ കോനാട്ട് മല്പാൻ അന്ത്യോഖ്യാ പാത്രിയർക്കീസിനെഴുതുകയും ആ അപേക്ഷ നിരസിക്കുകയും ചെയ്തതോടെ മുൻ തലമുറയിലെ നേതൃത്വം നിരാശയിലായി. തൽസ്ഥാനം കയ്യടക്കിയത് അന്ത്യോഖ്യൻ ഭ്രമമുള്ള ചിലരാണ്. അവരെ നിരന്തരം പ്രചോദിപ്പിക്കുവാൻ സ്ലീബാ ശെമ്മാശന്റെ സാന്നിധ്യം സഹായകരമായി.

തുമ്പമൺ, നിരണം, കോട്ടയം, കൊച്ചി, അങ്കമാലി തുടങ്ങിയ മെത്രാസനങ്ങൾ വൈധവ്യം പ്രാപിച്ചു. മലങ്കര മെത്രാൻ വാർദ്ധക്യത്തിന്റെ പിടിയിലുമായി. അതോടെ പുതിയ മെത്രാന്മാർ എന്ന ആശയം ശക്തമായി. പത്രോസ് തൃതീയന്റെ ഏഴു മെത്രാന്മാർ എന്ന പരിഷ്കാരത്തിന് പകരം തെക്കും വടക്കുമായി രണ്ടു മേല്പട്ടക്കാർ മതി എന്നാണ് മലങ്കരസഭ തീരുമാനിച്ചത്. വട്ടശ്ശേരിൽ മല്പാൻ, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (അവർ യഥാക്രമം കോട്ടയം പഴയസെമിനാരിയിൽ മല്പാനും മാനേജരും ആയിരുന്നു) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പുതിയ മെത്രാന്മാരെ വാഴിക്കുവാൻ 3 അംഗങ്ങളുള്ള ഒരു സുന്നഹദോസ് അന്ന് മലങ്കരയിൽ ഉണ്ടായിരുന്നു (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ, മുറിമറ്റത്തിൽ മാർ ഈവാനിയോസ്, അൽവാറീസ് മാർ യൂലിയോസ് എന്നിവർ). മുമ്പ് രണ്ട് തവണ ചെയ്തതുപോലെ പുതിയ മെത്രാന്മാരുടെ വാഴ്ച്ച മലങ്കരയിൽ വച്ച് നടത്തുവാൻ മലങ്കര മെത്രാപ്പോലീത്താ ആഗ്രഹിച്ചു. ഭിന്നത മൂലം അന്ന് അന്ത്യോഖ്യയിൽ രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നതിനാൽ മെത്രാൻ വാഴ്ച്ചയ്ക്ക് അനുവാദ കല്പന കിട്ടുന്നത് മുമ്പത്തേക്കാൾ എളുപ്പവുമായിരുന്നു. എന്നാൽ സ്ഥാനാർത്ഥികൾക്ക് ഈ ആഗ്രഹം സ്വീകാര്യമായില്ല. കർക്കശ സ്വഭാവമില്ലാതിരുന്ന മലങ്കര മെത്രാപ്പോലീത്താ നിസ്സഹായനായി. പ്രബലരായ സഹ മെത്രാപ്പോലീത്താമാരും അത്മായ നേതാക്കളും അന്തരിച്ചു പോയിരുന്നു. മനസ്സില്ലാമനസ്സോടെയാണ് മെത്രാൻ സ്ഥാനാർത്ഥികളെ മലങ്കര മെത്രാപ്പോലീത്താ പട്ടമേല്ക്കുവാൻ ശീമയിലേക്കയച്ചത് (ആ പട്ടംകൊട മലങ്കരയിൽ വച്ച് നടന്നിരുന്നെങ്കിൽ...).

കുര്യൻ റൈട്ടർ തുടങ്ങി ആ തലമുറയിലെ അത്മായ പ്രമുഖരും മേല്പട്ടക്കാരും ചേർന്ന് സുചിന്തിതമായി സ്വീകരിച്ച നിലപാട്

പ്രാവർത്തികമാക്കാതെ പോയതിൽ മലങ്കര മെത്രാപ്പോലീത്താ ഏറെ ദുഃഖിതനായി. നേരത്തെ ബാധിച്ചിരുന്ന പ്രമേഹരോഗം വർദ്ധിച്ചത് ഈ പശ്ചാത്തലത്തിലാണ്. അന്ത്യോഖ്യൻ പാത്രിയർക്കീസന്മാരുടെ തനി നിറം നേരിട്ട് കണ്ട മലങ്കര മെത്രാപ്പോലീത്താ ഭാവികാര്യങ്ങൾ മനസ്സിൽ കണ്ടു. സ്ഥാനമേറ്റു വന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ പിൻഗാമിയായി സ്ഥിരപ്പെടുത്തുന്ന നിശ്ചയങ്ങളും കരാർ രേഖകളും തയ്യാറാക്കുവാൻ അദ്ദേഹം ധൃതിപ്പെട്ടത് ആശങ്കകൾ മൂലമായിരുന്നു. ഒടുവിൽ മൂന്ന് ട്രസ്റ്റിമാരെയും രോഗ ശയ്യയിൽ വിളിച്ചുവരുത്തി ഐക്യത്തെപ്പറ്റി അവരെ ഉപദേശിച്ചതും ഭിന്നിക്കുകയില്ലാ എന്ന് പ്രതിജ്ഞ ചെയ്യിച്ചതും സോദ്ദേശ്യമായിത്തന്നെയായിരുന്നു. ദൗർഭാഗ്യവശാൽ അതെല്ലാം പാഴായിപ്പോയി!!

കുര്യൻ റൈട്ടറുടെ കൂർമ്മബുദ്ധിയും ദീർഘദൃഷ്ടിയും പ്രകടമായ മറ്റൊരു വിഷയം കൂടിയുണ്ട്. വ്യവഹാര വിജയം സിദ്ധിച്ചപ്പോൾ ആ വിജയം സുനിശ്ചിതമാക്കുവാനുള്ള ഒരു പദ്ധതി റൈട്ടർ മനസ്സിൽ സൂക്ഷിച്ചിരുന്നു. റൈട്ടറുടെ ഈ പദ്ധതി മലങ്കര മെത്രാപ്പോലീത്താ അക്ഷരാർത്ഥത്തിൽതന്നെ പ്രാവർത്തികമാക്കി. റോയൽ കോടതിയിലെ വിധി പ്രഖ്യാപനം കഴിഞ്ഞ ഉടനെ മലങ്കര മെത്രാപ്പോലീത്താ തർക്കമുള്ളവയും തർക്കസാധ്യതയുള്ളതുമായ എല്ലാ ഇടവകകളെയും സന്ദർശിച്ചു. അവയുടെ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടി. മലങ്കര മെത്രാപ്പോലീത്തായോടും ഭദ്രാസന മെത്രാപ്പോലീത്തായോടും അനുസരണം പ്രഖ്യാപിക്കുന്ന ഉടമ്പടികൾ തയ്യാറാക്കുകയും അവ ഇടവകാംഗങ്ങളെക്കൊണ്ട് ഒപ്പിടുവിച്ച് രജിസ്റ്റർ ചെയ്യിക്കുകയും ചെയ്തു. ഓരോ ഇടവകയിലുമുള്ള നവീകരണാനുയായികൾ പിൽക്കാലത്ത് ശക്തിപ്പെട്ട് പുതിയ വ്യവഹാരങ്ങൾ ആരംഭിക്കുവാനുള്ള പഴുത് അപ്രകാരം അദ്ദേഹം അടച്ചുകളഞ്ഞു. കുര്യൻ റൈട്ടർ അന്തരിച്ചുപോയെങ്കിലും അദ്ദേഹത്തിന്റെ വിലപ്പെട്ട കാഴ്ച്ചപ്പാട് മെത്രാപ്പോലീത്താ പ്രത്യക്ഷരം സാക്ഷാത്കരിച്ചു. ഈ ഒരു കീഴ്വഴക്കം 1958-ലും 1995-ലും സ്വീകരിക്കുവാൻ സഭാനേതൃത്വം ശ്രമിച്ചിരുന്നെങ്കിൽ!!

ചുരുക്കിപ്പറഞ്ഞാൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ മലങ്കരസഭ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ അനിഷേധ്യ നേതൃത്വത്തിൽ സൃഷ്ടിച്ച സുവർണ്ണ യുഗത്തിന്റെ പശ്ചാത്തല സംവിധായകരിൽ വിസ്മരിക്കുവാൻ പാടില്ലാത്ത രണ്ട് ഉപ അധ്യായങ്ങളാണ് പനയ്ക്കൽ ഐപ്പൂരുവും കുര്യൻ റൈട്ടറും. ഇതിൽ പനയ്ക്കൽ ഐപ്പൂരുവിന്റെ എണ്ണച്ഛായാ ചിത്രം സഭാ മാനേജിംഗ് കമ്മറ്റി മാളികയിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ സ്ഥാപിച്ചു. അപരന്റെ ഛായാചിത്രം അവിടെ സ്ഥാപിക്കുവാൻ പിൽക്കാല അത്മായ

ട്രസ്റ്റിയായ സി. ജെ. കുര്യൻ നടത്തിയ ശ്രമം പിൽക്കാല മലങ്കര മെത്രാപ്പോലീത്താ പരാജയപ്പെടുത്തി. കമ്മറ്റി മാളികയിൽ സ്ഥാപിക്കപ്പെട്ടിരുന്ന പനയ്ക്കൽ ഐപ്പൂരുവിന്റെ ഛായാചിത്രം പില്ക്കാലത്ത് – ഈ സമീപ കാലത്ത് – മറ്റൊരു മലങ്കര മെത്രാപ്പോലീത്താ അവിടെ നിന്നു മാറ്റി. യൗസേഫിനെ അറിയാത്ത ഫറവോമാർ എന്നു മാത്രമേ ഈ സംഭവങ്ങളെപ്പറ്റി ചരിത്ര വിദ്യാർത്ഥികൾക്ക് പറയാനാവൂ. പനയ്ക്കൽ ഐപ്പൂരുവും കുര്യൻ റൈട്ടറും കേവലം രണ്ടു വ്യക്തികളല്ല; ഒരു തലമുറയുടെ മുമ്പിൽ നിന്ന് പ്രകാശിച്ച് വഴികാട്ടിയ ദീപസ്തംഭങ്ങളാണ്. മഹാന്മാരെ അംഗീകരിക്കുന്നതും ആദരിക്കുന്നതും മഹത്വ ലക്ഷണമാണ്. ആ നിലയിൽ ഈ ജീവചരിത്ര രചന ഒരു ആദരാഞ്ജലി തന്നെ. ഈ രണ്ട് അത്മായ നേതാക്കളെയും ആദരിക്കുവാനുള്ള ശ്രമത്തിൽ ഈ ലേഖകൻ ആദരവോടെ പങ്കുചേരുന്നു. അവർ തെളിയിച്ച നടപ്പാതകളെ കാലോചിതമായ രാജവീഥികളാക്കുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

*('നസ്രാണി കേസരി അക്കര കുര്യൻ റൈട്ടർ' – ഗ്രന്ഥകർത്താക്കൾ: ഫാ. ഡോ. ജോസഫ് ചീരൻ, സി. ചെറിയാൻ, കോട്ടയം, 2011 – എന്ന ഗ്രന്ഥത്തിൽ നിന്നും.)*

# പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനും മാർ അൽവാറീസിന്റെ മലങ്കരസഭാ പുനരൈക്യവും

## അഡ്വ. മത്തായി മാമ്പള്ളിൽ

ക്രിസ്തീയസഭാ വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും സഭാസ്നേഹവും വിശുദ്ധ ജീവിതവും മുതൽക്കൂട്ടായുള്ള കുടുംബ പാരമ്പര്യത്തിൽ, രണ്ടു വ്യത്യസ്ത രാജ്യങ്ങളിൽ - ബ്രിട്ടീഷ് ഇന്ത്യയുടെ മലബാറിലെ കുന്നംകുളത്തും, പോർട്ടുഗൽ ഇന്ത്യയുടെ ഗോവയിലെ വെർണായിലും, ഒരേ കാലഘട്ടത്തിൽ ജനിച്ച, ഇതഃപര്യന്തമുള്ള സഭാദ്ധ്യക്ഷന്മാരിൽ സമാനതകളില്ലാത്ത മഹൽ വ്യക്തികളായിരുന്നു മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ തിരുമേനിയും കത്തോലിക്കാ സഭയിൽ നിന്നും ഇന്ത്യയിലെ അപ്പോസ്തോലിക സഭയായ പുരാതന മലങ്കരസഭയുമായി പുനരൈക്യപ്പെട്ട അൽവാറീസ് മാർ യൂലിയോസ് തിരുമേനിയും.

പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി 1832 ഡിസംബർ 7-ന് കുന്നംകുളത്തും, അൽവാറീസ് തിരുമേനി 1836 ഏപ്രിൽ 29-ന് ഗോവയിലും ജനിച്ചു. മുൻ തലമുറകളിൽ ശ്രേഷ്ഠപുരോഹിതന്മാരെയും മഹാപുരോഹിതന്മാരെയും സഭയ്ക്കു നല്കിയിട്ടുള്ള, വിശ്വാസ തീക്ഷ്ണതയിൽ അധിഷ്ഠിതമായിരുന്ന, സാമൂഹിക പ്രതിബദ്ധതയുള്ള പാരമ്പര്യ കുടുംബമായിരുന്നു പുലിക്കോട്ടിൽ കുടുംബം. ഏകദേശം 400 വർഷങ്ങൾക്കു മുമ്പ് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച, സമൂഹത്തിൽ ഉന്നത സാമ്പത്തിക നിലവാരം പുലർത്തിയിരുന്ന, വിശുദ്ധിയുടെ പരിമളം ചാർത്തിയിരുന്ന, 'ദേവന്മാരുടെ ഭവനം' എന്നറിയപ്പെട്ടിരുന്ന "ദേവാംഗർ" എന്ന പാരമ്പര്യ കുടുംബത്തിലായിരുന്നു മാർ അൽവാറീസ് ജനിച്ചത്.

കേരള നവോത്ഥാന നായകരായിരുന്ന ശ്രീനാരായണഗുരു, കേളപ്പൻ, അയ്യങ്കാളി, സി. കേശവൻ, വക്കം മൗലവി, മന്നത്തു പത്മനാഭൻ തുടങ്ങിയവരുടെ കാലഘട്ടത്തിനും വളരെ മുമ്പുതന്നെ, പുലിക്കോട്ടിൽ രണ്ടാമൻ കേരള നവോത്ഥാനത്തിന്റെ ആദ്യനായകനായിരുന്നു. "സ്വരാജ് എന്റെ ജന്മാവകാശം" എന്ന മുദ്രാവാക്യം ബാലഗംഗാധർ തിലക്, ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ മുഴക്കുന്നതിനു വളരെ മുമ്പു തന്നെ, 'സ്വരാജ്' 'സ്വദേശി' എന്ന ആശയങ്ങൾ ആദ്യം ഉയർത്തിയത് മാർ അൽവാറീസായിരുന്നു. ഗോവാ ഉൾപ്പെടെയുള്ള ഒരു സ്വതന്ത്ര ഭാരതത്തെയും,

സ്വതന്ത്ര ഇന്ത്യൻ സഭയേയും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസു രണ്ടാമനും, മാർ അൽവാറീസും വിഭാവനം ചെയ്തിരുന്നു. ക്രിസ്ത്യാനികളുടെ മാത്രമല്ല, സമൂഹത്തിന്റെ സമഗ്ര വികസനത്തിനും നവോത്ഥാനത്തിനും ആവശ്യമായിട്ടുള്ള വിവിധ രംഗങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം, ഇംഗ്ലീഷ് വിദ്യാഭ്യാസം, പത്രപ്രവർത്തനം, അച്ചടി, പ്രസാധനം, പുസ്തക പ്രസിദ്ധീകരണം, സാമൂഹിക സംഘടനകൾ, അധഃസ്ഥിതരുടെ ഉദ്ധാരണം എന്നിവയ്ക്കു പുലിക്കോട്ടിൽ തിരുമേനി കേരളത്തിലും അൽവാറീസ് തിരുമേനി ഗോവയിലും നേതൃത്വം നൽകിയിരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിൽ, പ്രത്യേകിച്ച് കൃഷി, ധനസമ്പാദനമാർഗ്ഗങ്ങൾ എന്നിവയിൽ പ്രവർത്തിക്കുകയും യുവതലമുറയെ ഇരുവരും പഠിപ്പിക്കുകയും ചെയ്തു. എന്നാൽ, പുലിക്കോട്ടിൽ തിരുമേനിയും അൽവാറീസ് തിരുമേനിയും എന്നും ധനികരും ദരിദ്രരും ആയിരുന്നു – മിച്ചധനം രണ്ടു പേർക്കും ഒരിക്കലും ഉണ്ടായിരുന്നില്ല.

1870–കളിൽ 'കരുണയുടെ അപ്പോസ്തോലൻ' എന്ന പേർ ലഭിക്കുകയും, ഗവൺമെന്റ് ഔദ്യോഗികമായി ആദരിക്കുകയും ചെയ്ത, കത്തോലിക്കാ സഭാവൈദികനായ ഫാ. ഫ്രാൻസിസ് സേവിയർ അൽവാറീസ് ബഹുഭാഷാ പാണ്ഡിത്യവും, ആകർഷകമായ സ്വഭാവവും സംഭാഷണശൈലിയും, ആധുനിക ലോകദർശനവും ഉണ്ടായിരുന്ന കുശാഗ്രബുദ്ധിമാനായിരുന്നു. അദ്ദേഹം എന്തുകൊണ്ട് മാതൃസഭയായ കത്തോലിക്കാ സഭയിൽ നിന്നും വേർപിരിഞ്ഞു? കത്തോലിക്കാ സഭാ ബിഷോപ്പ് അദ്ദേഹത്തെ എന്തുകൊണ്ട് സഭയിൽ നിന്നും മുടക്കി? പുരാതന ഇന്ത്യൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനി അദ്ദേഹത്തെ സഭയിലേക്കു സ്വീകരിക്കുവാനുള്ള കാരണങ്ങൾ എന്താണ്? ഇതിനെല്ലാമുള്ള രേഖകൾ ലഭ്യമാണെങ്കിലും, മലങ്കരസഭാ ചരിത്രകാരന്മാരാരും അവ വേണ്ടവിധത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സഭയിലുണ്ടായിട്ടുള്ള കലഹങ്ങളെക്കുറിച്ചും പിളർപ്പുകളെക്കുറിച്ചും വ്യക്തമായി വിവരിച്ചിട്ടുണ്ടെങ്കിലും, സഭയുമായുണ്ടായ പുനരൈക്യത്തിനു പ്രാധാന്യം കൊടുത്തതായി കാണുന്നില്ല.

പോർട്ടുഗൽ ഒരു വലിയ ശക്തിയായി മാറിയ 16–ാം നൂറ്റാണ്ടിൽ, അവർ കൈയടക്കിയ കോളനികളിലെ ഭരണത്തോടൊപ്പം മതപ്രചരണവും ഏറ്റെടുത്തു. പോർട്ടുഗൽ രാജാവും മാർപാപ്പായും തമ്മിലുണ്ടാക്കിയ കരാർപ്രകാരം, റോമിന് കിഴക്ക് ഒക്കെയുമുള്ള രാജ്യങ്ങളിലെ രൂപതകളിലും അതിരൂപതകളിലും ബിഷപ്പുമാരെയും ആർച്ച്ബിഷപ്പുമാരെയും മറ്റു സ്ഥാനികളെയും നിയമിക്കുവാനും അവരുടെ പേരുകൾ നിർദ്ദേശിക്കുവാനും സഭാഭരണം നടത്തുവാനുമുള്ള അവകാശം പോർട്ടുഗൽ

രാജാവ് നേടിയെടുത്തു. രാജ്യഭരണവും സഭാഭരണവും അവർ ഒന്നിച്ചു നടത്തി. ഈ വ്യവസ്ഥിതിക്ക് പാദ്രാദൊ (Patronage of the King of Portugal over Catholic mission) എന്ന് പേർ പറഞ്ഞിരുന്നു. ഏക ക്രൈസ്തവ സഭയായി, ഒന്നാം നൂറ്റാണ്ടു മുതൽ ഇന്ത്യയിലുണ്ടായിരുന്ന പുരാതന സഭ പിളർക്കപ്പെടുവാനും പോർട്ടുഗീസുകാരുടെ സഭാഭരണം കാരണമായിത്തീർന്നു. ഇന്ത്യയും സിലോണും ബ്രിട്ടീഷ് ആധിപത്യത്തി ലായതിനുശേഷവും ഈ വ്യവസ്ഥിതി തുടർന്നുകൊണ്ടിരുന്നു. റോമിനു പടിഞ്ഞാറുള്ള രാജ്യങ്ങളിൽ ഈ അവകാശം സ്പെയിൻ രാജാവിനും കൊടുത്തിരുന്നു.

1622-ൽ ഫ്രാൻസിലെ ചക്രവർത്തിയുടെ സ്വാധീനത്താൽ, പോപ്പ് ഗ്രിഗറി പതിനഞ്ചാമൻ, പ്രൊപ്ഗാണ്ടാ "The Congregation of Propaganda" എന്ന മിഷൻ സംഘടന രൂപീകരിച്ചു. അവർ ഇന്ത്യയിലെ സഭാഭരണ ത്തിൽ അതിയായ താല്പര്യമെടുത്തു. 19-ാം നൂറ്റാണ്ടിൽ രണ്ടു മിഷൻ സംഘടനകളും തമ്മിൽ, കത്തോലിക്കാസഭയ്ക്കുള്ളിൽ, ശക്തമായ അഭി പ്രായ വ്യത്യാസങ്ങൾ ഉണ്ടായി. പൗരസ്ത്യ രാജ്യങ്ങളിൽ പല രൂപതക ളിലും പാദ്രാദൊയും മറ്റു സ്ഥലങ്ങളിൽ പ്രൊപ്പഗാണ്ടയും ആധിപത്യം ഉറപ്പിച്ചു. 1838-ൽ പാദ്രാദൊ (Padroado) നിർത്തലാക്കുവാൻ ശ്രമിച്ചപ്പോൾ, കൂടുതൽ പ്രശ്നങ്ങളിൽ കലാശിച്ചു. അതിനാൽ 1857-ൽ സമാനമായ ആധിപത്യം നിലവിൽ വന്നു. ഈ ഭരണക്രമീകരണം അധികനാൾ നീണ്ടുനിന്നില്ല.

1886 ജൂൺ 23-ന് പോർട്ടുഗൽ രാജാവും മാർപാപ്പായും തമ്മിൽ കരാർ ഉണ്ടാക്കി. മാർപാപ്പാ കല്പന പുറപ്പെടുവിച്ചു. താഴെപറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തി:

(എ) പോപ്പിന്റെ അധികാരം പോർട്ടുഗൽ രാജാവിന്റെ അധികാരത്തിനു മുകളിലായി ഉയർത്തിവച്ചു. പ്രൊപ്പഗാണ്ട മിഷന്റെ കീഴിൽ പുതിയ രൂപത നിലവിൽ വന്നു.

(ബി) പാദ്രാദൊ എന്നന്നേക്കുമായി നിർത്തലാക്കി.

(സി) ഗോവയിലെ ആർച്ചുബിഷപ്പിന്റെ സ്ഥാനം പാത്രിയർക്കാ സ്ഥാന മാക്കി ഉയർത്തി. "The Patriarch of East India Arch Bishop of Goa & Daman" എന്ന സ്ഥാനപ്പേർ നൽകി.

(ഡി) ഇന്ത്യയിൽ "സീറോ-മലബാർ കത്തോലിക്കാസഭാ" രൂപീകൃ തമായി. അവരെ പാദ്രാദൊയിൽ നിന്നും വേർപെടുത്തി. അവർക്കായി അപ്പോസ്തോലിക വികാരിയെ നിയമിച്ചു.

ഇന്ത്യയിലും സിലോണിലും കത്തോലിക്കാസഭയിൽ ഒരു വലിയ

സമൂഹം പാദ്രാദൊ നിലനിർത്തുവാനും അതിൽ തുടരുവാനും ആഗ്ര ഹിച്ചു. റോമിലേക്കു നിവേദനങ്ങൾ അയച്ചു. അവരുടെ അപേക്ഷകൾ റോമിൽ നിന്നും നിരസിക്കപ്പെട്ടു. തൽഫലമായി ഇന്ത്യയിലും ഗോവ യിലും സിലോണിലും ധാരാളം ആളുകൾ പ്രൊപ്പാഗാൻഡാ സമൂഹ ത്തിൽ നിന്നും പുറത്തുവന്നു. പാദ്രാദൊ അസോസിയേഷൻ രൂപീക രിച്ചു. അതിന്റെ ആസ്ഥാനം ഗോവയിൽ ആയിരുന്നു. പുതിയ സംഘടന യുടെ ശാഖകൾ ഇന്ത്യയിൽ പലയിടത്തും സിലോണിലും രൂപീകരിച്ചു. ഈ സംഘടനയുടെ പ്രധാന നേതാവ് ഫാ. അൽവാറീസ് ആയിരുന്നു. 1886 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ഗോവയിലും സിലോണിൽ പല സ്ഥലങ്ങളിലും മീറ്റിംഗുകൾ നടത്തപ്പെട്ടു. പ്രൊപ്പാഗാൻഡയുടെ ദേവാലയങ്ങൾ അടച്ചുപൂട്ടി. രണ്ടു സംഘടനകളും തമ്മിൽ തുറന്ന യുദ്ധ മുണ്ടായി. അന്യോന്യം മുടക്കുകൾ ഉണ്ടായി. മുൻസിഫ് കോടതി മുതൽ ഹൈക്കോടതി വരെ കേസുകൾ ഉണ്ടായി. പട്ടക്കാരുടെ അഭാവം മൂലം ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് മാമോദീസാ നൽകുവാനോ, വിവാഹശുശ്രൂ ഷകൾ നടത്തുവാനോ, ശവസംസ്ക്കാരശുശ്രൂഷകൾ നടത്തുവാനോ സാദ്ധ്യമല്ലാതായി. ഇന്ത്യയിൽ ഗോവ മുതൽ മംഗലാപുരം വരെയുള്ള ദേവാലയങ്ങളിൽ നിന്നും ഏകദേശം അയ്യായിരത്തോളം കുടുംബങ്ങൾ കത്തോലിക്കാ സഭയിൽ നിന്നും പുറത്തുവന്നു.

1869-ാം വർഷങ്ങളിൽ സമ്മേളിച്ച ഒന്നാം വർത്തിക്കാൻ കൗൺസിലി നുശേഷം, യൂറോപ്യൻ രാജ്യങ്ങളിൽ ധാരാളം ആളുകൾ വിശ്വാസ സംബന്ധമായ കാരണങ്ങളാൽ കത്തോലിക്കാസഭയിൽ നിന്നും പിരിഞ്ഞ് 'ദി ഓൾഡ് കാതലിക് ചർച്ച്' രൂപീകരിക്കുകയുണ്ടായി. ഫാ. അൽവാറീസ് വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ പുതിയ സഭയോടു അനുഭാവി ആയിരുന്നു. കാതലായ സത്യവിശ്വാസത്തിൽ കത്തോലിക്കാ സഭ വരുത്തിയ മാറ്റങ്ങളായിരുന്നു അതിനു കാരണം. പാദ്രാദൊയുടെ പൂർണ്ണ അനുഭാവി ആയിരുന്ന ഫാ. അൽവാറീസ് പുതിയ സമൂഹത്തിന് (പാദ്രാദൊ അസോസിയേഷനു) ധീരമായ നേതൃത്വം ഇന്ത്യയിലും സിലോണിലും നൽകി. അക്കാരണങ്ങളാൽ ഗോവയിലെ ആർച്ചുബിഷപ്പ് അദ്ദേഹത്തെ ഗോവയിൽ നിന്നും കൊളംബോയിലെ ആർച്ച്ബിഷപ്പ് സിലോൺ ഇടവകകളിൽ നിന്നും മുടക്കി. സിലോണിൽ വിവിധ സ്ഥല ങ്ങളിലായി 23 ഇടവകകൾ അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്നു.

1887-ൽ പാദ്രാദൊ അസോസിയേഷൻ, അവരുടെ നേതാവായ ഫാ. അൽവാറീസിനെ അവരുടെ അദ്ധ്യക്ഷനും ബിഷപ്പുമായി തെരഞ്ഞെ ടുത്തു. അദ്ദേഹത്തെ ആ സ്ഥാനത്തു വാഴിക്കുവാൻ, ഇന്ത്യയിൽ ആദിമ നൂറ്റാണ്ടു മുതൽ നിലനിൽക്കുന്ന, സത്യവിശ്വാസം അഭംഗുരം കാത്തു സൂക്ഷിക്കുന്ന അപ്പോസ്തോലിക സഭയായ, മലങ്കരസഭയുടെ പ്രധാന

മേലധ്യക്ഷനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ തിരുമേനിയെ സമീപിക്കുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. 1653-ൽ മലങ്കരസഭ ഒരു മെത്രാപ്പോലീത്തായെ വാഴിച്ചുകിട്ടുവാൻ വിദേശത്തു പല സഭാമേലധ്യക്ഷന്മാർക്കും നിവേദനം അയച്ചതുപോലെ, ഈ സമൂഹത്തിന്റെ നേതാക്കൾ മലങ്കര മെത്രാപ്പോലീത്തായ്ക്കു നിവേദനങ്ങൾ സമർപ്പിക്കുകയും നേരിൽ കാണുകയും ചെയ്തുകൊണ്ടിരുന്നു. സഭയെക്കുറിച്ച് വിശാലവീക്ഷണവും, സഭയുടെ ദൗത്യത്തെക്കുറിച്ചു വ്യക്തമായ ബോധവും ഉണ്ടായിരുന്ന ഭരണതന്ത്രജ്ഞനായ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി, സഹോദര മെത്രാപ്പോലീത്താമാരുമായി ആലോചിച്ച്, പുതിയ സമൂഹത്തെ, "സ്വതന്ത്ര കത്തോലിക്കാസഭ"യായി അംഗീകരിച്ച്, മലങ്കരസഭയോടു പുനരൈക്യപ്പെടുത്തി, ഒരു പ്രത്യേക സമൂഹമായി നിലനിർത്തുവാൻ തീരുമാനിച്ചു. 1887-ൽ ഈ സമൂഹത്തെ മലങ്കരസഭ സ്വീകരിച്ചു. 1888-ൽ സിലോണിൽ വച്ചു പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയും ഫാ. അൽവാറീസും തമ്മിൽ കണ്ടതായും മീറ്റിംഗ് നടത്തിയതായും ഗോവയിൽ നിന്നു പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിലും, പരുമല തിരുമേനി 1888-ൽ ഗോവ, ബോംബെ, സിലോൺ എന്നീ സ്ഥലങ്ങളിൽ പര്യടനം നടത്തിയതായി "പരുമല തിരുമേനി മലയാള സാഹിത്യത്തിൽ" (ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, MOC പ്രസിദ്ധീകരണം, പേജ് 119) എന്ന പുസ്തകത്തിലും, പരുമല തിരുമേനിയുടെ എഴുത്തുകളുടെ സമാഹാരമായ "എഴുത്തുകൾ" (ഗീവറുഗീസ് മാർ ഗ്രിഗോറിയോസ്, സോഫിയാ ബുക്സ്, കോട്ടയം, പേജ് 191) എന്ന പുസ്തകത്തിലും കാണുന്നുണ്ട്. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയും പരുമലതിരുമേനിയും ഒന്നിച്ചു സന്ദർശനങ്ങൾ നടത്തിയതായും കാണുന്നുണ്ട്.

സഭയുടെ ഭാവിയെ സംബന്ധിക്കുന്ന, വളരെ ഗൗരവമേറിയ വിഷയങ്ങൾ, മലങ്കര മെത്രാപ്പോലീത്താ കൈകാര്യം ചെയ്യുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതിൽ പ്രധാനമായവ താഴെ കുറിക്കുന്നു.

(എ) മലങ്കരസഭ, മലങ്കര സുറിയാനി സഭയെന്നും, കത്തോലിക്കാ സുറിയാനി സഭയെന്നും പിരിഞ്ഞിരുന്നതിനാൽ, ജാതീയമായി യോജിച്ചു പ്രവർത്തിക്കുന്നതിന് ഒരു വേദി ആവശ്യമാണെന്ന ലക്ഷ്യത്തോടുകൂടി "ജാത്യൈക്യ സംഘടന" രൂപീകരിച്ചിരുന്നു. റോമൻ കത്തോലിക്കാസഭയിലെ നിധിയിരിക്കൽ മാണി കത്തനാരുമായി ചേർന്ന് മലങ്കര മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സംഘടനയായിരുന്നു ഇത്. 1888 മാർച്ചിൽ എം. ഡി. സെമിനാരിയും മറ്റും സ്ഥിതിചെയ്യുന്ന സ്ഥലവും കെട്ടിടങ്ങളും വാങ്ങിയത് ഈ സംഘടനയുടെ പേരിലായിരുന്നു. മാണി കത്തനാരെ കത്തോലിക്കാസഭ ഈ സംരംഭങ്ങളിൽ നിന്നും

വിലക്കിയതിനാൽ, ഈ സംഘടന നിർത്തലാക്കുകയും അദ്ദേഹത്തിന്റെ ഓഹരി തിരിച്ചുകൊടുക്കുകയും ചെയ്തു.

(ബി) ക്നാനായ വിഭാഗത്തെ ഒരു പ്രത്യക സമൂഹമായി നിലനിർത്തുവാൻ, മലങ്കര മെത്രാപ്പോലീത്താ 1882-ൽ എല്ലാ ക്നാനായക്കാരെയും ചേർത്ത് ക്നാനായ കമ്മിറ്റി രൂപീകരിച്ചു. ക്നാനായ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. പിന്നീട് അദ്ദേഹം ഈ സമൂഹത്തിന്റെ രക്ഷാധികാരിയായി പ്രവർത്തിച്ചു. ക്നാനായ സമൂഹത്തിന്റെ സമഗ്രമായ വികസനമായിരുന്നു മലങ്കര മെത്രാപ്പോലീത്താ വിഭാവനം ചെയ്തത്. ഇതിനെ തുടർന്നാണ് 1910-ൽ ക്നാനായ ഭദ്രാസനം രൂപീകരിച്ചതും 1932-ൽ ഈ സമൂഹത്തിന് ഉൾഭരണസ്വാതന്ത്ര്യം നൽകിയതും (ഇങ്ങനെയൊരു ക്രമീകരണമാണ് ഫാ. അൽവാറീസിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയിൽ നിന്നും വന്ന സമൂഹത്തിനും മലങ്കര മെത്രാപ്പോലീത്താ വിഭാവനം ചെയ്തത്).

(സി) നവീകരണ വിഭാഗത്തിനെതിരെ, റോയൽ കോടതിയിൽ അപ്പീൽ കേസു നടക്കുന്നുണ്ടായിരുന്നു. പാലക്കുന്നത്തു രണ്ടാമൻ തോമസ് മാർ അത്താനാസിയോസ്, സത്യവിശ്വാസം സ്വീകരിക്കുന്ന പക്ഷം, അദ്ദേഹത്തിനുവേണ്ടി മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞുകൊടുക്കുവാൻ തയ്യാറാണെന്ന് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി, തിരുവിതാകൂർ രാജാവിനെ രേഖാമൂലം അറിയിച്ചിരുന്നു.

(ഡി) സഭയ്ക്കുള്ളിൽ തന്നെ ഒരു സഹോദര മെത്രാപ്പോലീത്തായുമായി കോടതിയിൽ കേസ് നടത്തേണ്ടിവന്ന കാലം.

1873-ൽ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി അദ്ധ്യക്ഷനായി രൂപീകരിച്ച, പരുമലയിൽ സമ്മേളിച്ച “മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ” കേരളത്തിലെ ആദ്യത്തെ സമുദായ സംഘടന ആയിരുന്നു. 1886-ൽ ഗോവാ ആസ്ഥാനമാക്കി രൂപീകരിച്ച ‘പാദാദ്രൊ അസോസിയേഷൻ’ കത്തോലിക്കാസഭയിൽ രൂപംപ്രാപിച്ച ആദ്യത്തെ സമുദായ സംഘടന ആയിരുന്നു. സമൂഹത്തിന്റെ സമ്രഗ പുരോഗതിയും സത്യവിശ്വാസം കാത്തുപരിപാലിക്കുന്നതും രണ്ടു സംഘടനകളുടെയും ലക്ഷ്യമായിരുന്നു.

1887-ൽ റോമാസഭയിൽ നിന്നും വേർപെട്ടുവന്ന ലത്തീൻ വിഭാഗത്തെ, ‘സ്വതന്ത്ര കത്തോലിക്കാസഭ’ എന്ന പേരിൽ, ഓർത്തഡോക്സ് ലത്തീൻ വിഭാഗമായി, മലങ്കരസഭയുമായി പുനരൈക്യപ്പെടുത്തുവാനാണ് നയതന്ത്രജ്ഞനും കുശാഗ്രബുദ്ധിമാനുമായിരുന്ന മലങ്കര മെത്രാപ്പോലീത്താ തീരുമാനിച്ചത്. അതിനായി ബ്രഹ്മവാർ, ഗോവാ, സിലോൺ എന്ന പേരിൽ ഭദ്രാസനവും മനസ്സിൽ രൂപംകൊടുത്തു. ഇതേ ക്രമീകരണം തന്നെയാണ്,

ക്നാനായ വിഭാഗത്തിനു വേണ്ടി ക്നാനായ കമ്മിറ്റി രൂപീകരിച്ചപ്പോഴും അദ്ദേഹം ചിന്തിച്ചിരുന്നത്. പിന്നീട്, ക്നാനായ ഭദ്രാസനം രൂപീകരിച്ച പ്പോഴും, സഭയ്ക്കുള്ളിൽ തന്നെ ഭരണസ്വാതന്ത്ര്യമുള്ള ഒരു പ്രത്യേക സഭാവിഭാഗമായി അംഗീകരിച്ചു.

അക്കാലത്തെ, ഭരണക്രമീകരണമനുസരിച്ച് ഒരു പട്ടക്കാരനെ മെത്രാ പ്പോലീത്താ ആയി വാഴിക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സമ്മതവും അംഗീകാരവും ആവശ്യമായിരുന്നു. പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസിയോസിന്റെയും പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി യുടെയും വാഴ്ചയെ തുടർന്നാണ് ഇങ്ങനെയൊരു വ്യവസ്ഥിതി മലങ്കര യിൽ നിലവിൽ വന്നത്. ഫാ. അൽവാറീസിനെ മേല്പ്പട്ടസ്ഥാനം സ്വീക രിക്കുവാനായി സിറിയായിലേക്കു വിടാതെ, പാത്രിയർക്കീസിന്റെ അനു വാദം വാങ്ങിക്കൊണ്ട് മലങ്കരയിൽ വച്ചു തന്നെ വാഴിക്കുവാനാണ് മല ങ്കര മെത്രാപ്പോലീത്താ തീരുമാനിച്ചത്. പാത്രിയർക്കീസിന്റെ തീരുമാനം വരുന്നതിനു മുമ്പായി, ആത്മീയ ഇടയനില്ലാതെ കഷ്ടതകളും യാതന കളും അനുഭവിച്ചുകൊണ്ടിരിക്കുന്ന സഭാവിഭാഗത്തെ വഴിനടത്തുന്ന തിനും ആദ്ധ്യാത്മിക ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനുമായി, ഇട ക്കാല ക്രമീകരണമായി, അവരുടെ ആത്മിക അദ്ധ്യക്ഷനായി, ബിഷ പ്പിന്റെ എല്ലാ അധികാരങ്ങളോടെയും പദവികളോടെയും ഫാ. അൽവാ റീസിനെ നിയമിക്കുകയുണ്ടായി. "മലബാറിലെ യാക്കോബായ സുറി യാനി മെത്രാപ്പോലീത്തായും, സുറിയാനി അസോസിയേഷൻ കമ്മിറ്റി പ്രസിഡന്റ്" എന്ന നിലയിൽ മലങ്കര മെത്രാപ്പോലീത്താ ആയ ജോസഫ് മാർ ദീവന്നാസ്യോസ്, 1888 ആഗസ്റ്റ് 15-ാം തീയതി, കോട്ടയം സെമിനാ രിയിൽ നിന്നും പുറപ്പെടുവിച്ച കല്പനപ്രകാരം, ഫാ. അൽവാറീസിനെ സിലോണിലും ഗോവയിലും മലബാർ ഒഴികെ ഇന്ത്യയിലുമുള്ള ഇടവ കകളുടെ "Apostolic Prefect" (ശ്ലൈഹിക ഭരണാധികാരി) ആയി നിയ മിച്ചു.

"ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടക്കുന്ന മക്കൾക്കു വേണ്ടി, നമ്മുടെ പേരിൽ സഭാഭരണം നടത്തുവാൻ നാം അങ്ങയെ നിയ മിച്ചിരിക്കുന്നു." ഫാ. അൽവാറീസിനു കൊടുത്ത കല്പനയിൽ ഇങ്ങ നെയാണ് ചേർത്തിരിക്കുന്നത്. പള്ളികളിലെ ആവശ്യത്തിനുവേണ്ടി സൈത്തും മൂറോനും ഈ കല്പനയോടൊപ്പം മെത്രാപ്പോലീത്താ അയച്ചു കൊടുത്തു. ദക്ഷിണ കാനറായിൽ ബാർകൂർ എന്ന സ്ഥലത്തുള്ള പള്ളി യിൽ നിന്നും 1889 ഫെബ്രുവരി 15-ാം തീയതി Apostolic Prefect തന്റെ എല്ലാ പള്ളികളിലേക്കും ഇടയലേഖനം അയച്ചു, വിശ്വാസികൾക്ക് ആത്മീ യമായി ഉദ്ബോധനം കൊടുത്തു.

1889 ഏപ്രിൽ അവസാനം ഫാ. അൽവാറീസ് സ്ഥാപിച്ച ബ്രഹ്മവാർ

മിഷന്റെ ചുമതലയും, ബ്രഹ്മവാർ മിലാഗ്രീസ് ഇടവക വികാരിസ്ഥാനവും (ഇപ്പോഴത്തെ ബ്രഹ്മവാർ കത്തീഡ്രൽ) ഫാ. നൊറോനയെ ഏല്പിച്ചിട്ട്, മലങ്കര മെത്രാപ്പോലീത്തായുടെ അഭ്യർത്ഥനപ്രകാരം, അദ്ദേഹം മലങ്കരയിൽ എത്തി. നാഷണൽ ഹൈവേയിൽ, ബ്രഹ്മവാർ കത്തീഡ്രൽ വകയായിട്ടുള്ള 22 ഏക്കർ സ്ഥലം ഫാ. അൽവാറീസ് മിഷനുവേണ്ടി സമ്പാദിച്ചതാണ്. ഫാ. അൽവാറീസിനു, മലങ്കര മെത്രാപ്പോലീത്തായും സഹ മെത്രാപ്പോലീത്തന്മാരും സഭയുടെ വിശ്വാസാചാരങ്ങളിലും ആരാധനാക്രമങ്ങളിലും മെത്രാപ്പോലീത്തായ്ക്കടുത്ത ക്രമങ്ങളിലും ചുമതലകളിലും, അടുത്ത നാലു മാസം പ്രത്യേക പരിശീലനം നൽകി.

1889 ജൂലൈ 12-ാം തീയതി നവീകരണക്കാരുമായുള്ള കേസിൽ, റോയൽ കോടതിയിൽ നിന്നും അന്തിമ വിധിയുണ്ടായി. ഈ വിധിയിൻ പ്രകാരം മലങ്കരസഭയുടെ മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് ആത്മീയ അധികാരം മാത്രമാണുള്ളതെന്നും, ലൗകികാധികാരം ഇല്ലെന്നും, റശീസാ പാത്രിയർക്കീസിനുള്ളതോ ഭരിക്കുന്ന മെത്രാനുള്ളതോ എന്നു പറയാനാവില്ലെന്നും, ജനങ്ങളുടെ തെരഞ്ഞെടുപ്പു കൂടാതെ വാഴിക്കപ്പെടുന്ന മെത്രാന്മാർക്ക് ഭരണാധികാരം ഇല്ലെന്നും നിശ്ചയിച്ചിരുന്നു. മലങ്കരസഭ, സ്വതന്ത്രസഭയാണെന്നും, തദ്ദേശീയനും സുസമ്മതനുമായ മലങ്കര മെത്രാനാണ് സഭയുടെ അധികാരി എന്നും സ്ഥാപിച്ചു. ഈ കോടതിവിധിയോടെ, പാലക്കുന്നത്തു തോമസ് മാർ അത്താനാസിയോസിൽ നിന്ന് സ്ഥാനചിഹ്നങ്ങൾ ഉൾപ്പടെയുള്ള സഭാസ്വത്തുക്കൾ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി ഏറ്റുവാങ്ങി. പാലക്കുന്നത്തു തിരുമേനി സെമിനാരി വിട്ടു; പുലിക്കോട്ടിൽ തിരുമേനി സെമിനാരിയിൽ പ്രവേശിച്ചു സ്വത്തുക്കൾ വീണ്ടെടുത്തു. രണ്ടാഴ്ചകൾക്കുശേഷം, ജൂലൈ 29-ന് ഫാ. അൽവാറീസിനെ പഴയസെമിനാരിയിൽ വച്ചു തന്നെ മെത്രാപ്പോലീത്താ ആയി വാഴിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ തീരുമാനിച്ചു. ജൂലൈ 27 ശനിയാഴ്ച, പരുമല തിരുമേനി ഫാ. അൽവാറീസിന് സെമിനാരി ചാപ്പലിൽ വച്ചു റമ്പാൻ സ്ഥാനം നൽകി. 1889 ജൂലൈ 29-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച്, ഫാ. അൽവാറീസ്, അൽവാറീസ് മാർ യൂലിയോസ് ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു. കാർമ്മികരായിരുന്ന മെത്രാപ്പോലീത്താമാർ ഒന്നിച്ച് മെത്രാഭിഷേക കല്പനയും നൽകി. മലങ്കരസഭയിലെ ലത്തീൻ വിഭാഗത്തിന്റെ ഭരണവും ഉടനെതന്നെ ഏറ്റെടുത്തു.

1889 ജൂലൈ 12-ന് ഒരു മെത്രാപ്പോലീത്തായും ഏതാനും പട്ടക്കാരും സഭയുടെ കാതലായ വിശ്വാസസത്യങ്ങളെയും പാരമ്പര്യങ്ങളെയും ത്യജിച്ച് സഭയിൽനിന്നും പുറത്തുപോയപ്പോൾ, മറ്റൊരു സമൂഹം പുരാതന സഭയുടെ കാതലായ വിശ്വാസസത്യങ്ങൾ വച്ചു പുലർത്തുന്നതിനും

ദേശീയസഭയുടെ ഭാഗമായിത്തീരുന്നതിനും സഭയിൽ പ്രവേശിച്ചത് ദൈവ നിശ്ചയമായിരുന്നു.

സ്വയം വ്യക്തിത്വവും സംസ്കാരവും നിലനിർത്തുന്ന അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ലത്തീൻ മിഷൻ ഒരു സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമായിരുന്നു. ആ സമൂഹത്തിന്റെ ദേശീയ പാരമ്പര്യങ്ങളും പ്രാദേശിക ആചാരങ്ങളും അവർ തുടർന്നുകൊണ്ടിരിക്കുന്നു.

1894-ൽ ഫോർട്ടു കൊച്ചിയിൽ നസ്രേത്ത് എന്ന സ്ഥലത്തുനിന്നും ഒരു ഭാഗം ലത്തീൻ വിശ്വാസികൾ മലങ്കരസഭയിൽ ചേർന്നു. ഇവരെ മാർ അൽവാറീസിന്റെ ഭദ്രാസനത്തിലാണ് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി ചേർത്തത്. പുലിക്കോട്ടിൽ തിരുമേനിയുമായും പരുമല തിരുമേനിയുമായും മാർ അൽവാറീസ് പതിവായി സമ്പർക്കം പുലർത്തിയിരുന്നു. അവർ ഒന്നിച്ച് മലങ്കരസഭയിലെ പല പള്ളികളും സന്ദർശിച്ചിട്ടുണ്ട്.

## അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പ. പരുമല തിരുമേനിക്കയച്ച ഒരു കത്ത്

ഗോവ

സെപ്തംബർ 1893

മലബാറിൽ നിന്നു മേയി 28-ന് ഞാൻ പുറപ്പെട്ടു ജൂൺ 7-ന് ഞാൻ ഇവിടെ എത്തി. ഇവിടെ എത്തിയതിൽ എന്റെ കുടുംബത്തിൽ ഉള്ള 5 ആളുകൾ മരിച്ച സംഗതിയെക്കുറിച്ച് അറിഞ്ഞതിൽ വളരെ വ്യസനിക്കുന്നു. രണ്ടു സഹോദരിമാരും ഒരു സഹോദരപുത്രനും ഒരു സഹോദര പുത്രിയും ഒരു പേരപ്പനും തന്നെ. ഈ ദുഃഖത്തിൽ മുഴുകിയിരിക്കുമ്പോൾ സവാന്റുവാടി സംസ്ഥാനത്തെ ക്രിസ്ത്യാനികൾ വന്നു. അവരെ പ്രതി അവരുടെ രാജ്യത്തേക്കു ഞാൻ ചെല്ലണമെന്നു അപേക്ഷിച്ചു. റോമാ അധികാരത്തോടു മുഷിഞ്ഞു അവർ അന്ത്യോഖ്യാ അധികാരത്തിനു കീഴ്പ്പെടുന്നതിനും പള്ളി എന്റെ കൈവശം ഭരമേൽപ്പിക്കുമാറും നിശ്ചയിച്ചു. വേണ്ട കരുതലോടു കൂടെ ഞാൻ അവിടെ എത്തി. റോമാ പാദ്രി വളരെ തടസ്സങ്ങൾ ഉണ്ടാക്കി. സർക്കാരിൽ അപേക്ഷിച്ച് അയാളുടെ കൈവശത്തെ നിലനിർത്തി. അവിടെ ഞാൻ രണ്ടുമാസം താമസിക്കേണ്ടി വന്നു പോയി. വളരെ ക്ഷീണിച്ചു ഈ മാസം 7-ന് ഞാൻ മടങ്ങിഎത്തി. സാവന്റുവാടി സഭയിൽ 6000 ക്രിസ്ത്യാനികൾ ഉണ്ട്. ഈ പട്ടണത്തിൽ ഏകദേശം 1000 ഉണ്ട്. അതിൽ 600-ൽ ചില്വാനം നമ്മുടെ ഭാഗത്തും 300-ൽ ചില്വാനം റോമാ ഭാഗത്തുമാണ്. ആകെയുള്ളതിൽ

2000 റോമാ ഭാഗത്തും 4000 നമ്മുടെ ഭാഗത്തുമാണ്. കോർട്ടുവിധി കിട്ടുന്നതുവരെ നമ്മുടെ ജനം തല്ക്കാലത്തേയ്ക്കു പള്ളികൾ കെട്ടിയിട്ടുമുണ്ട്. ഈ പുതിയ സഭയെ ദൈവം അനുഗ്രഹിക്കുന്നതിനു നിങ്ങളും അപേക്ഷിക്കണം ഇതിനാൽ എഴുത്തുകൾ അയപ്പാൻ താമസിച്ചതാണ്. കൊളമ്പു ഹൈക്കോർട്ടിൽ മന്നാർ പള്ളിക്കേസു വിധിച്ചു. നമ്മുടെ ലുവിസസോ ആറസു അച്ചൻ പള്ളി ഭരമേല്ക്കയും ചെയ്തു. അവിടെ കഴിഞ്ഞ ചിങ്ങത്തിൽ കന്യാസ്ത്രീ അമ്മയുടെ വാങ്ങിപ്പിന്റെ പെരുന്നാൾ ഘോഷിക്കുകയും ചെയ്തു. ഇപ്പോൾ ഞാൻ എന്റെ അച്ചടി പ്രസു ശരിയാക്കി വരുന്നു.

വിശുദ്ധ പാത്രിയർക്കീസു ബാവാ അയച്ചുതന്നിട്ടുള്ള എന്റെ സ്ഥാത്തിക്കോൻ ഇതേവരെ കിട്ടിയില്ല. വന്ദ്യ സഹോദരൻ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അതു അയയ്ക്കുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. അയക്കാതെ ഇരിക്കുന്നതു എന്റെ മേൽവിലാസം അറിയായ്കകൊണ്ടായിരിക്കാം. അത് അദ്ദേഹം വേഗം അയച്ചുതരുവാൻ നിങ്ങൾ ഉത്സാഹിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അതു വായിച്ചു കാണ്മാൻ ഞാൻ വളരെ വാഞ്ഛിക്കുന്നു. എന്റെ സഭയേയും എന്നെയും കുറിച്ചു നിങ്ങൾ പ്രാർത്ഥിക്കണം. എനിക്കു എഴുത്തയക്കുമാറാകണം. നമ്മുടെ പട്ടക്കാർക്കും ജനങ്ങൾക്കും ഒക്കെ എന്റെ വന്ദനം. വിശുദ്ധ ചുംബനത്തോടു ഞാൻ നിർത്തുന്നു.

അൽവാറീസ് മാർ യൂലിയോസ് (ഒപ്പ്)

*(1894 മീനം ലക്കം 'ഇടവകപത്രിക'യിൽ നിന്നും)*

പുലിക്കോട്ടിൽ തിരുമേനിയുടെ കാലശേഷം പ. വട്ടശ്ശേരിൽ തിരുമേനിയുമായും ഈ ബന്ധം തുടർന്നുകൊണ്ടിരുന്നു. 1909–11 കാലയളവിൽ വളരെ ശക്തമായ പിന്തുണയാണ് അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിക്കു നൽകിയത്. വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കിയപ്പോൾ, അതിനെതിരായി മലങ്കരയിലെ പള്ളികൾക്ക് മുറിമറ്റത്തിൽ മാർ ഈവാനിയോസ് തിരുമേനിയോടു ചേർന്ന് കല്പന അയച്ചു.

മലങ്കരസഭയെ, മെത്രാപ്പോലീത്താ ഭരിക്കുമെന്നും, പാത്രിയർക്കീസ് സിറിയായിലും തുർക്കിയിലും മറ്റുമുള്ള ഇടവകകൾ ഭരിച്ചാൽ മതിയെന്നും മാർ അൽവാറീസ് പാത്രിയർക്കീസിന് കത്തയച്ചു.

## വട്ടശ്ശേരിൽ തിരുമേനിക്ക് ഒരു സംയുക്ത കത്ത്

മലങ്കരെ കണ്ടനാടു മുതലായ പള്ളികളുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ഇൻഡ്യാ, സിലോൺ മുതലായ ഇടവകകളുടെ മാർ യൂലിയോസ് മെത്രാപ്പോലീത്തായും കൂടി എഴുതുന്നത്.

(മുദ്ര)

ഞങ്ങളുടെ പ്രിയ സഹോദരൻ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്ക്,

പാത്രിയർക്കീസ്സുബാവാ തിരുമനസ്സുകൊണ്ട് 1911 ഇടവമാസം 18-നു എന്നു തീയതി വെച്ച് അച്ചടിച്ചിട്ടുള്ളതും 26-ാം തീയതി ഞങ്ങൾക്കയച്ചു തന്നതുമായ കല്പനയിൽ അദ്ദേഹം അവിടുത്തെ മേല്പട്ടസ്ഥാനത്തിന്റെയും പട്ടത്വത്തിന്റെയും സർവ്വ നൽവരങ്ങളിൽനിന്നും മുടക്കിയിരിക്കുന്നതായി എഴുതിക്കാണുന്നു. ഇതു കണ്ടതിൽ ഞങ്ങൾക്ക് അവർണ്ണനീയമായ ആശ്ചര്യവും വ്യസനവും തോന്നി. ഇത്ര കഠിനമായവിധത്തിൽ മുടക്കാനുള്ള കാരണം ആ കല്പനയിൽ പറഞ്ഞിട്ടുള്ളതു വായിച്ചപ്പോൾ ഞങ്ങളുടെ ആശ്ചര്യവും വ്യസനവും അനേക മടങ്ങു വർദ്ധിച്ചിരിക്കുന്നു. മലങ്കര ഇടവകയിൽ അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള മേലധികാരം ആത്മീയം മാത്രമാണെന്നും ലൗകികങ്ങളിൽ ഈ സഭ ഒരു സ്വതന്ത്ര സഭയാണെന്നും മറ്റും ബഹുമാനപ്പെട്ട റോയൽക്കോടതി വിധിയിൽ തീരുമാനിച്ചിട്ടുള്ളതിനും, പോയാണ്ടു കോട്ടയത്തു കൂടിയ സുന്നഹദോസിലും മറ്റു പല സംഘങ്ങളിലും സമുദായം പ്രദർശിപ്പിച്ചിട്ടുള്ള അഭിപ്രായത്തിനും വിപരീതമായി, ലൌകികാധികാരത്തെ സമ്മതിച്ച് അവിടുന്നു ബാവായ്ക്ക് ഒരുടമ്പടി കൊടുക്കണമെന്നു പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് അവിടുത്തെ അടുക്കൽ നിർബന്ധിച്ചു വന്നിരുന്നതും, അതിനു വിസമ്മതിക്കയാൽ ബാവായ്ക്ക് അവിടുത്തെ നേരെ അത്യന്തം വിരോധമുണ്ടായി മുടക്കണമെന്ന് ആലോചിച്ചു വന്നിരുന്ന വിവരവും ഞങ്ങൾക്കു പലവിധത്തിൽ കേൾവിയും അറിവും ഉണ്ടെങ്കിലും ആ സംഗതി ഒരു മെത്രാപ്പോലീത്തായെ മുടക്കാൻ കാരണമായി പറഞ്ഞു കൂടാത്തതുകൊണ്ടു മുടക്കുമെന്നു ഞങ്ങൾക്കു ഇതുവരെയും വിചാരമുണ്ടായില്ല. മുടക്കിന്റെ സാക്ഷാൽ കാരണം ഇതല്ലാതെ മറ്റൊന്നുമല്ലെന്ന് ഞങ്ങൾക്കറിയാം. എങ്കിലും കല്പനയിൽ വിവരിച്ചിരിക്കുന്ന കാരണങ്ങൾ അടിസ്ഥാനമില്ലാത്തവയാണെന്നു പറയാൻ ഞങ്ങൾക്ക് ഒട്ടും സംശയമില്ല.

ഒന്നാമത്, അവിടുത്തെ നേരെ മൊത്തമായും അവ്യക്തമായും കുറ്റം ആരോപിച്ചിരിക്കുന്നു എന്നല്ലാതെ പ്രത്യേകമായി ഒരു കാരണവും എടുത്തു പറയുന്നില്ല.

രണ്ടാമതായി, പൊതുമുതൽ ശരിയായി നടത്തുന്നില്ലെന്നും തന്നിഷ്ടമായി പ്രവർത്തിക്കുന്നു എന്നും, സ്വതന്ത്രാധികാരം പ്രാപിപ്പാൻ ന്യായമല്ലാത്ത മാർഗത്തിൽ നടക്കുന്നു എന്നും, സഭയിൽ ഛിദ്രം ഉണ്ടാക്കുന്നു എന്നും, മേലാവിനെ അനുസരിക്കുന്നില്ല എന്നും ദുരുപദേശങ്ങളെ പഠി

പ്പിക്കുന്നു എന്നും മറ്റുമായി ഇപ്രകാരം വ്യവസ്ഥയില്ലാതെ പ്രസ്താവിച്ചിട്ടുള്ള കുറ്റാരോപണങ്ങളിൽ ഒന്നിനും അവിടുന്നു പാത്രമല്ലെന്ന് അവിടുത്തെ അടുക്കലും അവിടുത്തെ നടപടികളോടും അടുത്തു ഞങ്ങൾക്കുള്ള പരിചയംകൊണ്ടു ധൈര്യമായി പറയാം.

മൂന്നാമതു, അവ്യക്തമായിട്ടല്ലാതെ പ്രത്യേകിച്ചു എടുത്തു പറഞ്ഞിട്ടുള്ള ഒരു കുറ്റം അവിടുത്തേക്കു കൈവിറ ഉണ്ടെന്നാകുന്നു. ഇത് അവിടുത്തേക്കു മുമ്പിനാലെ ഉള്ളതാണെന്നു ഞങ്ങൾക്കറിയാം. സ്ഥാനത്തിന് ഇതൊരു തടസ്സമായിട്ടൊരു നിയമവുമില്ല. കാനോനിൽതന്നെ കല്പിച്ചിരിക്കുന്നത് താഴെക്കാണുന്ന പ്രകാരമാണല്ലോ. "ഒരുത്തൻ അംഗവൈകല്യമുള്ളവനോ ഒറ്റക്കണ്ണനോ മുടന്തനോ ആയിരിക്കുകയും എപ്പിസ്കോപ്പാ സ്ഥാനത്തിനു യോഗ്യനായിരിക്കയും ചെയ്യുന്നു എന്നു വരികിൽ അവൻ ആയിത്തീരട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തിന്റെ ന്യൂനതയല്ല ആത്മാവിന്റെ അശുദ്ധിയത്രേ" (ഹൂദായുടെ കാനോൻ 7-ാം കെഫാലയോൻ 5-ാം പാസോക്കാ). മേൽ കാണുന്നപ്രകാരമുള്ള അയോഗ്യതകൾ ഒരാളെ എപ്പിസ്കോപ്പാസ്ഥാനത്തിന് അയോഗ്യനാക്കിത്തീർക്കുന്നില്ലെന്ന് തെളിവായി പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈ കുറവു മുടക്കാനുള്ള കാരണമായി ബാവാ തിരുമനസ്സുകൊണ്ടു പറഞ്ഞിരിക്കുന്നതു നിയമാനുസരണമാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല.

നാലാമതു, കല്പനയിൽ പറയുന്ന കുറ്റാരോപണങ്ങൾ യഥാർത്ഥങ്ങളും സ്വീകാര്യങ്ങളും എന്നു വിചാരിച്ചാൽതന്നെയും ഈ മുടക്കു കാനോനായിക്കനുസരണമല്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. നമ്മുടെ സഭാസംബന്ധമായ നടപടികൾക്കു അടിസ്ഥാനമായ ഹൂദായ കാനോനിൽ ഒരു മേല്പട്ടക്കാരനെ മുടക്കേണ്ട ക്രമം പറഞ്ഞിട്ടുള്ളതു താഴെ പറയുംപ്രകാരമാണല്ലോ. ഹൂദായകാനോൻ 7-ാം കെഫാലയോൻ 2-ാം പാസോക്കായിൽ ഇപ്രകാരം കാണുന്നു: (ശ്ലീഹന്മാർ 77) "അംഗീകാരയോഗ്യന്മാരായ വിശ്വാസികളാൽ കുറ്റം ചുമത്തപ്പെടുന്ന എപ്പിസ്കോപ്പാ, എപ്പിസ്കോപ്പന്മാരാൽ വിളിക്കപ്പെടണം. അവൻ വരികയും ശാസിക്കപ്പെടുമ്പോൾ ഏറ്റുപറകയും ചെയ്യുന്നു എങ്കിൽ വിധി നിശ്ചയിക്കപ്പെടണം. അവൻ വരാതെ ഇരുന്നാൽ രണ്ടാം പ്രാവശ്യവും മൂന്നാം പ്രാവശ്യവും രണ്ടു എപ്പിസ്കോപ്പന്മാരെ അയച്ചു വിളിപ്പിക്കണം. ഇപ്രകാരം ചെയ്തിട്ടും അഗണ്യമായി വിചാരിച്ചാൽ മുടക്കപ്പെടണം." കുസ്തന്തീനോപ്പോലിസ് "വേദവിപരീതികളും കുറ്റത്തിൻകീഴുള്ളവരും കുറ്റമില്ലാത്തവരെന്നു തങ്ങളെത്തന്നെ കാണിക്കുന്നതിനു മുമ്പായി എപ്പിസ്കോപ്പായെ കുറ്റം ചുമത്തുവാൻ സമ്മതിക്കപ്പെടരുത്. സ്വീകാര്യമായ കുറ്റാരോപണം സംസ്ഥാന ഇടവകയിലെ എല്ലാ എപ്പിസ്കോപ്പന്മാരുടെയും മുമ്പാകെ ആയിരിക്കണം. സംസ്ഥാന ഇടവകയിലെ എപ്പിസ്കോപ്പ

ന്മാർക്ക് എപ്പിസ്കോപ്പായുടെമേൽ ആരോപിക്കപ്പെടുന്ന കുറ്റങ്ങളെ ശരിപ്പെടുത്താൻ കഴിയാതെയിരുന്നാൽ സംസ്ഥാന ഇടവകയിലെ വലിയ സുന്നഹദോസിന്റെ അടുക്കൽ കുറ്റാരോപണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുവരണം." (അന്ത്യോഖ്യാ 14) "കുറ്റം വിധിക്കപ്പെടുന്ന എപ്പിസ്കോപ്പായെ സംബന്ധിച്ചു സംസ്ഥാന ഇടവകയിലെ എപ്പിസ്കോപ്പന്മാർ അഭിപ്രായത്തിൽ യോജിക്കാതെ ചിലർ കുറ്റക്കാരനായും ചിലർ കുറ്റമില്ലാത്തവനായും ഗണിക്കുന്നപക്ഷം മറ്റു സംസ്ഥാന ഇടവകയിൽ നിന്ന് അടുത്തുള്ള എപ്പിസ്കോപ്പന്മാരെ തങ്ങളോടുകൂടെ (ഇരുന്നു സംഗതി) തീരുമാനത്തിനായിട്ടു വിളിക്കണം." (അന്ത്യോഖ്യാ 15): "കുറ്റം വിധിക്കപ്പെടുന്ന ആളിനെ സംബന്ധിച്ച് സംസ്ഥാന ഇടവകയിൽ ഉള്ള എല്ലാവരും ഏകാഭിപ്രായത്തോടുകൂടെ ഒരു നിശ്ചയം ചെയ്താൽ മറ്റു സംസ്ഥാന ഇടവകയിൽ ഉള്ളവരെ വിളിപ്പാൻ ആവശ്യമില്ല. കുറ്റം വിധിക്കപ്പെടുന്നവർ മറ്റുള്ളവരുടെ വിധിയെ അന്വേഷിക്കയും അരുത്." കാനോനിൽ കല്പിച്ചിരിക്കുന്ന ഈ നടപടികളിൽ യാതൊന്നും ഇപ്പോഴത്തെ മുടക്കിനു മുമ്പായി നടന്നിട്ടില്ലാത്തതിനാൽ ഇത് ഒരു സാധുവായ മുടക്കാണെന്നു പറവാൻ പാടില്ല. കാനോൻപ്രകാരം കുറ്റാരോപണം ചെയ്യപ്പെട്ട് അവിടുത്തെ വരുത്തുകയോ ചട്ടപ്രകാരം വിസ്തരിക്കയോ ചെയ്തിട്ടില്ല. ഒരു മെത്രാപ്പോലീത്തായെ മുടക്കുന്നതിന് ആ ഹൂഫർക്കിയായിലെ മെത്രാന്മാരുടെ മുമ്പിൽ വിസ്തരിച്ചു വിധി കല്പിക്കണമെന്നു കാനോനിൽ പറയുന്നതുപോലെ ചെയ്തിട്ടുള്ളതായി ഞങ്ങൾ അറിയുന്നില്ല. ഈ ഹൂഫർക്കിയായിൽ ഇടവകഭരണമുള്ളവരോ പഴമക്കാരോ ആയ മേല്പട്ടക്കാർ ഞങ്ങൾ രണ്ടുപേരല്ലാതെ വേറെ ഇല്ല. വേറെ മെത്രാന്മാരുള്ളവർ ഈ ഹൂഫർക്കിയായിൽ ഭരണമില്ലാത്തവരും തീബേലിന്റെ മെത്രാന്മാരും ആണ്. മലങ്കരസഭയുടെ ട്രസ്റ്റിന്നു വിപരീതമായി ബാവായിക്ക് ഉടമ്പടി കൊടുത്തിട്ടുള്ളവരുമാണ്. അവിടുത്തെ നേരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളെ മെത്രാന്മാർ വാക്കാലും രേഖാമൂലവും സമ്മതിച്ചിട്ടുണ്ടെന്നു പറയുന്നു. ഇത് ഞങ്ങളെ സംബന്ധിച്ചാണെങ്കിൽ ഞങ്ങളിൽ ആരോടും ഒരക്ഷരംപോലും ഇതേ സംബന്ധിച്ചു ബാവാ ചോദിക്കുകയോ ഞങ്ങളുടെ അഭിപ്രായം അറിയുകയോ ഞങ്ങളുടെ സഹകരണം ഉണ്ടാകയോ അതിനെ ആവശ്യപ്പെടുകയോ ഈ കല്പന പുറപ്പെടുവിക്കുന്നതിനു മുമ്പു വിവരം ഞങ്ങളെ അറിയിക്കയോ ചെയ്തിട്ടില്ലെന്നു ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു. ശേഷം മെത്രാന്മാരെക്കുറിച്ചാണ് കല്പനയിൽ പറയുന്നതെങ്കിൽ അവരിൽ ഇടവക മെത്രാന്മാരായി ആരും ഇല്ല. എന്നു തന്നെയുമല്ല അവരോടാലോചിച്ചിട്ടുണ്ടെന്നിരുന്നാൽത്തന്നെയും അതിനെക്കുറിച്ചു ഞങ്ങൾക്കു യാതൊരറിവും ഇല്ല. അവർ തീബേൽ മെത്രാന്മാർ ആകയാൽ അവരുടെ അഭിപ്രായത്തെ ആശ്രയിച്ചു ഒന്നും പ്രവർത്തിപ്പാൻ കാനോൻപ്രകാരം ന്യായമുണ്ടെന്നു കാണുന്നില്ല. അവരുടെ

അഭിപ്രായത്തിനു വിലയുണ്ടായിരുന്നാൽത്തന്നെയും പ്രതിയായ അവിടുത്തെ കൂടെ നിറുത്തി വിസ്താരം നടത്താതെ അവർ രഹസ്യമായി പറഞ്ഞിട്ടുണ്ടെന്നു ഭാവിക്കുന്ന അഭിപ്രായത്തിനു നിയമപ്രകാരം വിലയില്ല. ആകയാൽ ഹൂഫർക്കിയായിലെ സാക്ഷാൽ മേൽപ്പട്ടക്കാരായ ഞങ്ങളെ അറിയിക്കാതെയും അവിടുത്തേക്കു സമാധാനം കേൾപ്പിക്കുന്നതിന് അവസരം തരാതെയും ഉണ്ടായ മുടക്കു കാനോനായിക്കടുത്തതാകയില്ല.

ആറാമതു, നമ്മുടെ മലങ്കരസഭയുടെ ട്രസ്റ്റിന്റെ സ്വഭാവം ആലോചിച്ചാലും ഈ മുടക്കു നീതിയായി ഉണ്ടായതാണെന്നു പറവാൻ വഴി കാണുന്നില്ല. ബഹുമാനപ്പെട്ട റോയൽ കോടതി ബാവായിക്കു ലൌകികാധികാരം ഇല്ലെന്നു വിധിച്ചിരിക്കുന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ വിധി ശരിയല്ലെന്നു വിചാരിച്ചാലും അതിനെ കവർന്നു പൊതുയോഗത്തിന്റെ സമ്മതംകൂടാതെ പ്രവർത്തിച്ചാൽ ആ പ്രവൃത്തി കോടതിയിൽ അംഗീകരിക്കപ്പെടുന്നതല്ല. അവിടുന്നു ബാവായുടെ ആഗ്രഹം അനുസരിച്ചുള്ള ഉടമ്പടി കൊടുത്താൽ തന്നെയും അതുനിമിത്തം ട്രസ്റ്റിന് അയോഗ്യനായി തീരുമെന്നേയുള്ളു.

ഏഴാമതു, കാലം ചെയ്ത മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിന്തുർച്ചക്കാരനുമായി പൊതുയോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള തെരഞ്ഞെടുപ്പുപ്രകാരം വാഴിക്കപ്പെടുകയും മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കും താമസിയാതെ ഒരു സുന്നഹദോസു (പൊതുജനങ്ങളുടെ യോഗം) കൂടാൻ ബാവാ തീർച്ചപ്പെടുത്തിയിരിക്കുന്നതായി കല്പനപ്രകാരം മൂന്നു സഹോദരന്മാർ ഈയിടെ ഒരു കല്പന പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്കും അവിടുത്തെ നേരെ ആരോപിക്കുന്ന കുറ്റങ്ങൾ പൊതുയോഗത്തെ കേൾപ്പിച്ചു കുറ്റക്കാരനെന്നു കണ്ടാൽ മലങ്കരയുടെ അറിവോടും സമ്മതത്തോടുംകൂടെ പരസ്യമായി ശിക്ഷിക്കാൻ വേണ്ട സൗകര്യമുള്ള സ്ഥിതിക്കും ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ മുടക്കു ന്യായമായിരിക്കുന്നില്ല.

മൊത്തത്തിൽ ഞങ്ങളുടെ അഭിപ്രായം ഈ മുടക്കു ന്യായരഹിതവും വിശുദ്ധ കാനോനിനും രാജചട്ടത്തിനും ചേരാത്തതുമാകയാൽ ഈ മുടക്കിനെ സ്വീകരിച്ചു പ്രവർത്തിപ്പാൻ ഞങ്ങൾക്ക് മാർഗ്ഗമില്ലാത്തതാകുന്നു. അവിടുന്നു സത്യവിശ്വാസത്തിന്റെ ഉറപ്പിന്നും സഭയുടെ അഭിവൃദ്ധിക്കും വേണ്ടി വളരെ തീക്ഷ്ണതയോടു കൂടെ പ്രവർത്തിച്ചുവരുന്നു എന്നുള്ളതു ഞങ്ങൾക്കും എല്ലാ ജനങ്ങൾക്കും ബോദ്ധ്യമാണ്. അതിനാൽ നമ്മുടെ കർത്താവിന്റെ വിശുദ്ധ സഭയ്ക്കുവേണ്ടി അവിടുന്ന് ഇത്രത്തോളം പ്രയാസപ്പെടുകയും പ്രയത്നിക്കയും ചെയ്തതുപോലെ മേലാലും ചെയ്തു

കൊണ്ടിരിക്കണമെന്നും അവിടുത്തേക്കുണ്ടാകുന്ന സകല ഞെരുക്കങ്ങളിലും ഞങ്ങളും പങ്കുകാരായിരിക്കുമെന്നും കർത്താവിന്റെ സ്നേഹം നിമിത്തം അറിയിച്ചുകൊള്ളുന്നു. ദൈവമായ കർത്താവു കാണപ്പെടാവതല്ലാത്ത തന്റെ വലത്തുകൈ നീട്ടി അവിടുത്തെയും നമ്മുടെ സഭയെയും അനുഗ്രഹിക്കയും കാത്തുകൊള്ളുകയും ചെയ്യുന്നതിനു ബലഹീനന്മാരായ ഞങ്ങളും പ്രാർത്ഥിക്കുന്നു.

(1911-ാമാണ്ടു മിഥുനമാസം 2-ാം തീയതി വ്യാഴാഴ്ച മണ്ണത്തൂർ പള്ളിയിൽ നിന്നും

മാർ ഈവാനിയോസ് (ഒപ്പ്) മാർ യൂലിയോസ് (ഒപ്പ്)

(1911 ജൂൺ 15-നു മാർ ഏലിയാ ചാപ്പലിൽ വച്ച് വട്ടശ്ശേരിൽ തിരുമേനിക്ക് സമർപ്പിച്ച കത്ത്)

1910 ഒക്ടോബർ 5-ന് പോർട്ടുഗൽ ഒരു റിപ്പബ്ലിക് ആയി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന്, 1911-ൽ രാഷ്ട്രവും സഭയും തമ്മിൽ വേർതിരിച്ച് ഉത്തരവ് ഉണ്ടായി. 1912 അവസാനമായപ്പോഴേക്കും അൽവാറീസ് മാർ യൂലിയോസ് സ്വന്തം ജന്മനാടായ ഗോവയിൽ തിരിച്ചെത്തി. പത്രപ്രവർത്തനവും, പുസ്തക പ്രസിദ്ധീകരണവും, വിദ്യാഭ്യാസ പ്രവർത്തനവും തുടർന്നുകൊണ്ടിരുന്നു. ഗോവയുടെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ബിഷപ്പ് അൽവാറീസ് മാർ യൂലിയോസ് ഏറ്റവും മുൻനിരയിലുള്ള നേതാവാണ്. ഗോവയുടെ സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ അദ്ദേഹത്തെ വാനോളം പുകഴ്ത്താറുണ്ട്. വൈദേശിക അധീശത്വത്തിന് പിൻബലമാകാതെ, അദ്ദേഹം സത്യവിശ്വാസം അഭംഗുരം കാത്തുസൂക്ഷിച്ചു.

## അനുബന്ധം 1

# "മനോരമ"യുടെ "കൂട്ടുയാദാസ്ത്"

(Memorandum of Association)

1–ാമത്. ഈ കമ്പനിയുടെ പേർ മലയാള മനോരമക്കമ്പിനി (ക്ലിപ്തം) എന്നാകുന്നു. 2–ാമത് ഈ കമ്പനിയുടെ റജിസ്റ്ററാക്കിയ ആഫീസ് സ്ഥാപിക്കുന്ന സ്ഥലം കോട്ടയം ആകുന്നു. 3–ാമത് ഈ കമ്പനി കൂടുന്നതിന്റെ ഉദ്ദേശ്യങ്ങൾ (എ) ഒരു അച്ചുകൂടം നടത്തുന്നതിലേക്ക് ആവശ്യപ്പെട്ടതായി തിരുവിതാംകൂർ സംസ്ഥാനത്ത് വല്ല സ്ഥലമോ കെട്ടിടമോ രണ്ടും കൂടിയോ വിലയോ ഒറ്റിയോ ആയി വാങ്ങുകയോ പാട്ടത്തിന് ഏൽക്കുകയോ ചെയ്യുകയും ഈ അച്ചുകൂടം നടത്തുന്നതിലേക്ക് ആവശ്യപ്പെട്ടതായ എല്ലാ കെട്ടിടങ്ങളും വീടുകളും മേൽപറഞ്ഞ സ്ഥലത്ത് പണി ചെയ്യിക്കയോ ഉണ്ടാക്കുകയോ ചെയ്യുകയും ഈ അച്ചുകൂടം നടത്തുന്നതിലേക്ക് ആവശ്യപ്പെട്ടതായ എല്ലാ സാമാനങ്ങളും ക്രമമായും യോഗ്യമായും വാങ്ങുകയും ചെയ്യുക. (ബി) മലയാളത്തിൽ അർഹങ്ങളായ എല്ലാ വിഷയങ്ങളെപ്പറ്റിയും സ്വാതന്ത്ര്യത്തോടുകൂടിയും പക്ഷപാതംകൂടാതെയും എങ്കിലും എല്ലാ ജനസമുദായങ്ങളെയും പ്രത്യേകം ക്രിസ്ത്യാനി സഭകളെയും കോയ്മകളെയും കുറിച്ച് ആദരവോടുകൂടിയും വ്യവഹരിക്കുന്ന ഒരു വർത്തമാന പത്രിക പ്രസിദ്ധം ചെയ്യുകയും കൂലിക്കായിട്ടും മറ്റുമുള്ള വേറെ അച്ചടിവേലകൾ നടത്തുകയും ഇതിലേക്ക് ആവശ്യപ്പെട്ട സകല സാമാനങ്ങളും വാങ്ങുകയും ഇത് സംബന്ധമായ എല്ലാ കാര്യങ്ങളും അന്വേഷിക്കുകയും ചെയ്യുക. (സി) പുസ്തകങ്ങൾ, കടലാസ്, മഷി മുതലായവ കച്ചവടം നടത്തുകയും അതിനുവേണ്ട കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുക. (ഡി) ഈ കമ്പനി വകയായിട്ടുള്ള വല്ല സ്ഥാവരവസ്തുവോ കെട്ടിടമോ വിൽക്കയോ പാട്ടത്തിനു കൊടുക്കയോ ചെയ്യുക. (ഇ) വാഗ്ദത്തപത്രങ്ങളും (പ്രോമിസറി നോട്ട്സ്) മറ്റു കൈമാറ്റ പത്രങ്ങളും (Bill of Exchange) ഉണ്ടാക്കുകയോ സ്വീകരിക്കുകയോ ... ചെയ്യുക. (എഫ്) കമ്പനിക്ക് യുക്തമെന്ന് തോന്നുന്ന വേറെ വല്ലവിധത്തിലും പണം ശേഖരിക്കുക. (ജി) മേൽപറഞ്ഞ ഉദ്ദേശ്യങ്ങളോ അവയിൽ ഒന്നോ സാധിക്കേണ്ടതിലേക്ക് സമയോചിതമായിട്ടുള്ള എല്ലാ കാര്യങ്ങളും നടത്തുകയും ചെയ്യുക. നാലാമത് അംഗങ്ങളുടെ സാധ്യത ക്ലിപ്തപ്പെടുത്തിയിരിക്കുന്നതുമാകുന്നു. 5–ാമത്, ഈ കമ്പനിയുടെ മുതൽ ഓഹരി ഒന്നിന് 100 രൂപാ വീതം വിലയുള്ള ആയിരം പ്രിഫറൻസ് ഓഹരികളും ഓഹരി ഒന്നിന് 100 രൂപാ വീതം വിലയുള്ള 100 സാധാരണ "എ" ഓഹരികളും, ഓഹരി ഒന്നിന് 100 രൂപാ വീതം വിലയുള്ള തൊള്ളായിരം സാധാരണ "ബി" ഓഹരികളും, ഓഹരി ഒന്നിന് 10 രൂപാ വീതം

വിലയുള്ള അയ്യായിരം ഡിഫേർഡ് ഓഹരികളും ആയി വിഭജിക്കപ്പെട്ടിരിക്കുന്ന രണ്ടരലക്ഷം ബ്രിട്ടീഷ് രൂപാ ആയിരിക്കുന്നതും ഈ മുതൽ ഓഹരിക്കാരുടെ യുക്തംപോലെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതുമാകുന്നു.

ഈ കൂട്ടുയാദാസ്ത് അനുസരിച്ച് താഴെ പേരെഴുതി കയ്യൊപ്പിടുന്നവരായ ഞങ്ങളെ ഒരു കമ്പനിയായി ചേർക്കുന്നതിലേക്കു ആഗ്രഹിക്കുന്നതും ഞങ്ങളുടെ പേരുകളോട് അടുത്ത് എഴുതിയിരിക്കുന്നതായി കമ്പനിയുടെ മുതലിൽ ഉള്ള ഓഹരികളുടെ എണ്ണങ്ങളെ എടുക്കുന്നതിലേക്ക് ഞങ്ങൾ ഓരോരുത്തരും സമ്മതിച്ചിരിക്കുന്നതും ആകുന്നു.

| കയ്യൊപ്പുകാരുടെ പേരുകളും മേൽവിലാസങ്ങളും വിവരണവും. | ഓരോ കയ്യൊപ്പുകാരനാൽ എടുക്കപ്പെട്ട ഓഹരികളുടെ എണ്ണം |
|---|---|
| മലയാളത്തിന്റെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്) | നാല് |
| കോനാട്ട് മാത്തൻ കത്തനാര് മല്പാൻ കോട്ടയം (ഒപ്പ്) | ഒന്ന് |
| കണ്ടത്തിൽ കുടുംബയോഗത്തിൽ മുതൽപിടിയിൽ മാത്തുള്ള ഈപ്പൻ (ഒപ്പ്) | ആറ് |
| പന്നമ്പുന്നയിൽ ഉണിച്ചെറിയ ചാക്കോ (പി. ഒ. ചാക്കോ റൈട്ടർ കോട്ടയം (ഒപ്പ്) | ഒന്ന് |
| കുന്നുംപുറത്ത് ഉലഹന്നാൻ കുര്യൻ (സി. ജെ. കുര്യൻ, മാനേജിംഗ് പ്രൊപ്രൈറ്റർ വെസ്റ്റേൺ സ്റ്റാർ, കൊച്ചിൻ (ഒപ്പ്) | ഒന്ന് |
| മലമേൽ പുത്തൻപുരയ്ക്കൽ മാത്തു ചാക്കോ (പി. എം. ചാക്കോ വാദ്ധ്യാർ, കോട്ടയം (ഒപ്പ്) | ഒന്ന് |
| കുരാടമണ്ണിൽ പോത്ത മത്തായി (പി. മാത്യു വാദ്ധ്യാർ, കോട്ടയം (ഒപ്പ്) | ഒന്ന് |
| കണ്ടത്തിൽ ഈപ്പൻ ഗീവർഗീസ് (കെ. ഐ. വർഗ്ഗീസ് മാപ്പിള കോട്ടയം) (ഒപ്പ്) | ഒന്ന് |
| | **ആകെ പതിനാറ്** |

(മലയാള മനോരമ ഷഷ്ട്യബ്ദപൂർത്തി സ്മാരകഗ്രന്ഥം, 1950)

"തിരുവിതാംകൂറിൽ ആദ്യമായി നാട്ടുകാർ ആരംഭിച്ച ജോയിന്റ് സ്റ്റോക്കു കമ്പനി മലയാള മനോരമ കമ്പനിയാണ്. അതിനു മുമ്പ് ഒരു

ജോയിന്റ് സ്റ്റോക്കു കമ്പനി മാത്രമേ തിരുവിതാംകൂറിൽ ഉണ്ടായിരുന്നുള്ളു. അത് വെള്ളക്കാർ ആരംഭിച്ചതും ജോലി നടപ്പാകാതെ കിടന്നതുമായ പുനലൂർ കടലാസ് കമ്പനിയാണ്. ഇവിടെ ആദ്യമായി ജോലി ആരംഭിച്ച ജോയിന്റ് സ്റ്റോക്കു കമ്പനി മനോരമ തന്നെയാണെന്ന് അഭിമാനപൂർവ്വം സ്മരിക്കാവുന്നതാണ്.

കമ്പനിയുടെ ഓഹരികൾ പിരിക്കുന്നതിനും കമ്പനി വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും വർഗീസ് മാപ്പിളയ്ക്ക് നിരവധി സുഹൃത്തുക്കളുടെ ഹൃദയപൂർവ്വമായ സഹായം ലഭിച്ചിട്ടുണ്ടെന്നുള്ളത് ഈ അവസരത്തിൽ വ്യക്തമാണ്. എല്ലാവരുടെയും പേരുകൾ ഇവിടെ ചേർക്കുവാൻ നിർവാഹമില്ല; എങ്കിലും അവരുടെ കൂട്ടത്തിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും പ്രത്യേകം പ്രാധാന്യം അർഹിക്കുന്നവരാണ്. കമ്പിനി സ്ഥാപനത്തെപ്പറ്റി വറുഗീസ് മാപ്പിള എഴുതിയ ഒരു മുഖപ്രസംഗത്തിൽ ഇങ്ങനെ പറയുന്നു: “കമ്പനിയിൽ ഓഹരികൾ ഇത്ര എളുപ്പത്തിൽ പതിഞ്ഞു തീരുന്നതിലേക്ക് സഹായിച്ചിട്ടുള്ള എല്ലാ മഹാജനങ്ങളെക്കുറിച്ചും കമ്പനിക്ക് ഏറ്റവും ഉപകാരസ്മരണയുള്ള വിവരവും ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു. വിശേഷിച്ചും ഈ കമ്പനിയെക്കുറിച്ച് ആദ്യമായി ആലോചിച്ചു തുടങ്ങിയതു മുതൽ ഇതേവരെ ഇതിന്റെ അഭിവൃദ്ധിക്കായി നടത്തിപ്പുകാരെ അനേകവിധത്തിൽ പ്രോത്സാഹനം ചെയ്കയും താൻതന്നെ ഏഴ് ഓഹരികൾ പേരിൽ പതിക്കുകയും, തന്റെ വകയായ ബംഗ്ലാവു കമ്പനിയുടെ വേല നടത്തുന്നതിലേക്കായി വിട്ടുതരികയും മറ്റും ചെയ്തിരിക്കുന്ന നിതാന്തവന്ദ്യ ദിവ്യശ്രീ. മലയാളത്തിന്റെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ദയവ് ഈ കമ്പനി ഉള്ള കാലത്തോളം മറന്നു കൂടുന്നതല്ല.”

(മനോരമയുടെ ചരിത്രം (ലേഖനം), വർഗീസ് കളത്തിൽ, മലയാള മനോരമ ഷഷ്ട്യബ്ദപൂർത്തി സ്മാരകഗ്രന്ഥം’, 1950)

## അനുബന്ധം 2

# ആർത്താറ്റു പള്ളിക്കേസു

സുറിയാനി സമുദായത്തിൽ മാത്രമല്ല കൊച്ചി, തിരുവിതാംകൂർ രണ്ടു സംസ്ഥാനങ്ങളിലും പ്രസിദ്ധി സമ്പാദിച്ചിരിക്കുന്ന ഈ പള്ളിക്കേസിൽ കൊച്ചി രാജകീയ അപ്പീൽ കോടതിയിൽ നിന്നു പ്രസ്താവിച്ച വിധിയെക്കുറിച്ചു കഴിഞ്ഞ പത്രികയിൽ ചുരുക്കത്തിൽ വിവരിച്ചിരുന്നെങ്കിലും വിസ്ഥാരമായി കേൾപ്പാൻ ഞങ്ങളുടെ വായനക്കാർക്കു വാഞ്ഛയുള്ളതായി അറിയുന്നു.

ആർത്താറ്റുപള്ളി മലങ്കര ഇടവകയിലുള്ള പ്രധാന പള്ളികളിൽ ഒന്നാകുന്നു. ഇതിന്റെ സ്ഥാപനം ആയിരം വർഷങ്ങൾക്കു മുമ്പാണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ടിപ്പുസുൽത്താന്റെ കാലംവരെ, ആർത്താറ്റു പള്ളിക്കു സമീപം വലിയ കമ്പോളവും കച്ചവടവും ഉണ്ടായിരുന്നു. "ചെത്തിപ്പോടു, കുത്തിപ്പോടു, മനസ്സില്ലാത്തവരെ വെട്ടിപ്പോടു" എന്നുള്ള തത്വത്തോടുകൂടി ടിപ്പു വന്നു കമ്പോളവും പള്ളിയും ചുട്ടുദഹിപ്പിച്ചു കളഞ്ഞതിനാൽ കുടികൾ മിക്കവാറും കുന്ദംകുളങ്ങരയ്ക്കു സ്ഥലംമാറുകയും അവിടെ കമ്പോളം ഉണ്ടാകയും ചെയ്തു. ആർത്താറ്റു പള്ളിയുടെ കീഴായി കുന്ദംകുളങ്ങരെ പഴയപള്ളി, ചിറളയത്തുപള്ളി, തെക്കെ കുരിശു, കിഴക്കെ പുത്തൻപള്ളി ഇങ്ങനെ നാലു കുരിശുപള്ളികൾ പല കാലങ്ങളിലായി ഉണ്ടായിട്ടുണ്ടു. എന്നാലും ഇന്നും തലപ്പള്ളിയും രണ്ടായിരം വീട്ടുകാരുടെ ഇടവകപള്ളിയുമായിരിക്കുന്നതു ആർത്താറ്റു തന്നെയാണു.

പറങ്കിയുടെ കാലത്തു റോമ്മാമതത്തിലേക്കു സുറിയാനിക്കാരിൽ ഒരു വലിയ ഭാഗം ചേർന്നുനിന്ന കൂട്ടത്തിൽ ആർത്താറ്റു ഇടവകയിലും ആ കക്ഷികൾ ഉണ്ടാകാതിരുന്നില്ല. റോമ്മാക്കാരുടെ ബലവും സ്വാധീനവും മൂലം അവരെ പള്ളിയിൽനിന്നിറക്കാൻ കഴിഞ്ഞില്ല. എങ്കിലും റോമ്മാക്കാരും സുറിയാനിക്കാരും തമ്മിൽ ഉണ്ടായിരുന്ന വിരുദ്ധം മൂത്തു പള്ളി വളരെ കാലത്തോളം ശുശ്രൂഷ കൂടാതെ പൂട്ടി കിടക്കേണ്ടി വന്നു. ഇങ്ങനെയിരിക്കുമ്പോൾ പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാൻ (നമ്മുടെ ഇപ്പോഴത്തെ വലിയതിരുമേനിയുടെ പിതാമഹനും കോട്ടയത്തു സിമ്മനാരി സ്ഥാപകനുമായിരുന്ന പുലിക്കോട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ) ആർത്താറ്റുപള്ളിയുടെ ഈ ശോചനീയാവസ്ഥ പ്രസിദ്ധനായ കൊച്ചിയിലെ ശക്തൻ തമ്പുരാനെ അറിയിക്കയും സങ്കടങ്ങൾ ബോധിപ്പിക്കയും ചെയ്കയാൽ തമ്പുരാൻ തന്നെ കൊല്ലം 981-ാമാണ്ടിൽ ആർത്താറ്റു എഴുന്നെള്ളുകയും സുറിയാനിക്കാരുടെയും റോമാക്കാരുടെയും വാദങ്ങൾ കേൾക്കയും ചെയ്തശേഷം പള്ളിയും പള്ളിമതിലിനു പുറത്തുണ്ടാ

യിരുന്ന കുരിശുംതൊട്ടിയും രണ്ടു പള്ളികളാണെന്നു ഗണിച്ചുംകൊണ്ടു നറുക്കിട്ടു ഭാഗ്യംപോലെ വരട്ടെ എന്നു തീരുമാനിച്ചു. അതിൻപ്രകാരം ഇരുകക്ഷികളുടെയും പ്രതിനിധികൾ കോവിലകത്തു കൂടി നറുക്കെടുത്തപ്പോൾ പള്ളി സുറിയാനിക്കാർക്കും പുറത്തെ കുരിശുംതൊട്ടി റോമ്മാക്കാർക്കുമായി കുറി വന്നതനുസ്സരിച്ചു ആർത്താറ്റു പള്ളി എന്നാളും പുത്തൻകൂറ്റുകാരുടെ മര്യാദപ്രകാരമുള്ള ആരാധനയ്ക്കായി ഏല്പിച്ചിരിക്കുന്നു എന്ന തീട്ടൂരം എഴുതി അന്നുമുതൽ സുറിയാനിവിശ്വാസത്തിൽ മാത്രമായി നടന്നുവരുന്നു. നറുക്കിട്ട സംഗതിയെക്കുറിച്ചു പൂർവന്മാർ പറഞ്ഞുകേട്ടിട്ടുള്ള ഒരു കഥ വളരെ രസകരമാണു. നറുക്കിടുവാൻ നിശ്ചയിച്ച സമയം ഇട്ടൂപ്പു റമ്പാൻ പോകാതെ അതിലേക്കായി പ്രതിപുരുഷന്മാരെ നിശ്ചയിച്ചയച്ചേച്ചു അദ്ദേഹം കുന്ദംകുളം പള്ളിയിൽ വിശുദ്ധ കുർബ്ബാനയിൽ ദൈവത്തോടു കണ്ണുനീരോടുകൂടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. വിശുദ്ധ കുർബ്ബാനയിൽ പരിശുദ്ധാത്മാവു ഇറങ്ങി ദിവ്യദ്രവ്യങ്ങളെ കർത്താവിന്റെ വിശുദ്ധ ശരീരരക്തങ്ങളാക്കിത്തീർക്കുന്ന ദിവ്യപ്രാർത്ഥനയുടെ ഉഛാരണവും നറുക്കെടുക്കലും ഒരു മിനിട്ടിൽ ആയിരുന്നു എന്നു പൂർവന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു.

ദൈവത്തിന്റെ പ്രത്യേക കടാക്ഷംമൂലം സ്വാതന്ത്ര്യപ്പെട്ടു കിട്ടിയ ഈ പള്ളി പിന്നീടു ടിപ്പുവിന്റെ പീഡയിൽ അകപ്പെടുവാൻ ഇടയായി എങ്കിലും ഇട്ടൂപ്പു റമ്പാൻ തന്നെ പള്ളിയുടെ നശിച്ചുപോയ മേല്ക്കൂട്ടു പൂർവാധികം ഭംഗിയും ഉറപ്പുമായി പണിയിച്ചു. അന്നുമുതൽ വലിപ്പത്തിലും ദ്രവ്യപുഷ്ടിയിലും ഇടവകപുഷ്ടിയിലും മലങ്കരെയുള്ള പള്ളികളിൽ ആർത്താറ്റുപള്ളി അദ്വിതീയമായിരിക്കുന്നു. പനയ്ക്കൽ ഈയപ്പൻ എന്ന മഹാന്റെ അന്വെഷണത്തിൽ പള്ളിക്കു വളരെ അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടായി എങ്കിലും പിൻകാലത്തു "കൈസ്ഥാന പിശാചുക്കളുടെ" ശല്യത്തിനു ഈ പള്ളിയും പാത്രീഭവിച്ചതിനാൽ വളരെ തർക്കങ്ങളും കുഴപ്പങ്ങളും ഉണ്ടാകുവാൻ ഇടയായിട്ടുണ്ടു. എങ്കിലും ആ പൂർവന്മാർ തങ്ങളുടെ മതവിശ്വാസങ്ങളിൽനിന്നൊ സഭാനടപടികളിൽ നിന്നൊ തെറ്റിപ്പോകയൊ ദുരുപദേശങ്ങളെ പള്ളിയിൽ പ്രവേശിപ്പിക്കയൊ ചെയ്തില്ല. കുടുംബ മത്സരങ്ങളും കൈസ്ഥാന വഴക്കുകളും നിമിത്തം കക്ഷിവഴക്കു ഉത്ഭവിച്ചു എങ്കിലും നവീകരണ ഉപദേശം തുലൊം അടുത്തകാലത്തു മാത്രമെ അവിടെ പ്രവേശിച്ചിട്ടുള്ളു. ഇപ്പോഴത്തെ വ്യവഹാരത്തിനു ഹേതു എന്തെന്നുവെച്ചാൽ, കൊല്ലം 1058-ാമാണ്ടിടയ്ക്കു അന്നത്തെ നവീകരണത്തലവനായിരുന്ന തോമ്മാസ അത്താനാസ്യോസു അവർകൾ അഞ്ഞൂരു പള്ളിയിൽ ഒരു മെത്രാനെ വേഷം കെട്ടിക്കുന്നതിനായി പോയിരുന്ന സമയം ആർത്താറ്റു പള്ളിയിൽ നൂതനമായി പ്രവേശിക്കുന്നതിനു ശ്രമം ചെയ്കയും അതിനെ ആയിരത്തിൽ അധികം വീട്ടുകാർ ഉൾപ്പെട്ട

ഇടവകജനങ്ങൾ തടുക്കയും ചെയ്തു. ഇതിൽവച്ചു രണ്ടു കക്ഷികളും ഗവർമ്മെണ്ടിൽ ഹർജ്ജികൾ ബോധിപ്പിക്കയാൽ നവീകരണത്തലവന്റെ ഉദ്ദേശം തെറ്റിപ്പോകകൊണ്ടു നമ്മുടെ വലിയ തിരുമേനിയുടെ സ്വാത ന്ത്ര്യത്തെയും പ്രവേശനത്തെയും ഈ ഗഡുവിൽ തടുക്കണമെന്നു എതൃ കക്ഷിക്കുണ്ടായിരുന്ന ആഗ്രഹത്തെ അന്നു ആക്ടിങ്ങ് റെസിഡെണ്ടാ യിരുന്ന ലൊഗൻ സായ്പ് പിൻതാങ്ങുകയും അദ്ദേഹത്തിന്റെ പ്രേരണയും നിർബന്ധവും മൂലം സമാധാന പരിപാലനത്തിനെന്നു പഴിപറഞ്ഞും കൊണ്ടു ഒരു മെത്രാനും ആ പള്ളിയിൽ പ്രവേശിച്ചു പോകരുതെന്നു കൊച്ചി ഗവർമ്മെണ്ടിൽ നിന്നു ഒരു നോട്ടീസു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിനെ തുടർന്നുണ്ടായ വ്യവഹാരങ്ങളിൽ മജിസ്ട്രേട്ടു കോടതി മുഖാന്തരം പള്ളികൾ രണ്ടു കക്ഷികളുടെയും തവണ വച്ചുള്ള കർമ്മത്തിനു സ്വാതന്ത്ര്യപ്പെടുത്തിക്കൊടുക്കയാൽ തെക്കെ ദിക്കിൽനിന്നു നവീകരണ കത്തനാരന്മാരെ പ്രവേശിപ്പിക്കുന്നതിനും സത്യ സുറിയാനി പട്ടക്കാരുടെയും മെത്രാപ്പോലീത്തായുടെയും സ്വാതന്ത്ര്യത്തെ തടുക്കു ന്നതിനും ഇടയായി. ഇതാണ് ഇപ്പോഴത്തെ വ്യവഹാരത്തിനു ഹേതു. തന്റെ മുന്തിരിത്തോട്ടത്തെ ആഗ്രഹിച്ച ആഹാബിനെ സമ്മതിക്കാതിരുന്ന നാബോത്തിന്റെ വൈരാഗ്യം സാക്ഷാൽ ഉടമസ്ഥനുണ്ടായിരുന്നതു കൊണ്ടു നമ്മുടെ വലിയ തിരുമേനിയും ഇടവകപട്ടക്കാരും യോഗപ്രതി നിധികളും വാദികളായി 1069-ൽ 56-ാം നമ്പ്രായി ത്രിശ്ശിവപേരൂർ ജില്ലാ കോർട്ടിൽ അന്യായം ഫയൽ ചെയ്തു.

### അന്യായ സാരം

ആർത്താറ്റു പള്ളിയും അതിനു കീഴുള്ള കുരിശുപള്ളികളും സ്വത്തു ക്കളും യാക്കോബായ വിശ്വാസാചാരപ്രകാരമുള്ള ആരാധനയ്ക്കായി സ്ഥാപിക്കപ്പെട്ടവയും അതിലേക്കായി നിരന്തരം ഉപയോഗപ്പെടുത്തി വന്നവയും ആകുന്നു. ആ പ്രത്യേക ട്രസ്റ്റിൽ ഉൾപ്പെട്ട ഉപദേശാചാരങ്ങ ളിൽ നിന്നു പ്രതികൾ തെറ്റിപ്പോകയും ട്രസ്റ്റിന്റെ ഉദ്ദേശങ്ങൾക്കു വിപരീ തങ്ങളായ ഉപദേശാചാരങ്ങളെ പള്ളികളിൽ നടത്തുകയും ചെയ്യുന്നു. ട്രസ്റ്റിൽ ഉൾപ്പെട്ടവയും പ്രതികൾ ലംഘിച്ചിരിക്കുന്നവയുമായ ഉദ്ദേശങ്ങൾ ഏതെല്ലാമെന്നാൽ:-

1. അന്ത്യോഖ്യാ പാത്രിയർക്കീസിനാലൊ അദ്ദേഹത്തിന്റെ കല്പന പ്രകാരമൊ വാഴിയ്ക്കപ്പെടുകയും മലങ്കര ഇടവകയുടെ ഭൂരിപക്ഷത്താൽ അംഗീകരിയ്ക്കപ്പെടുകയും ചെയ്ത മലങ്കര ഇടവകയുടെ അതതു കാലത്തെ മെത്രാപ്പോലീത്തായുടെ ആത്മിയ ലൌകിയ അധികാര ങ്ങൾക്കു ഈ പള്ളികൾ കീഴ്പ്പെട്ടിരിക്കണം.

2. മെത്രാപ്പോലീത്തായും പട്ടക്കാരും ഇടവകക്കാരും മേല്പ്പറഞ്ഞ പാത്രിയർക്കീസിന്റെ ആത്മിയ ആജ്ഞയിൽ ഇരിക്കണം.

3. ഈ പള്ളികളിൽ വികാരിമാരെയും കർമ്മികളായ പട്ടക്കാരെയും നിയമിക്കുന്നതിനും നീക്കുന്നതിനും മേൽപ്രകാരമുള്ള മെത്രാപ്പോലീത്തായ്ക്കു മാത്രമെ അധികാരമുള്ളു. 1-ാം വാദി ഇപ്രകാരമുള്ള ഈ കാലത്തെ മെത്രാപ്പോലീത്തായാണു.

4. ഈ പള്ളികളിലെ കൈക്കാരന്മാരെ യോഗം തിരഞ്ഞെടുക്കേണ്ടതാകുന്നു എങ്കിലും മേൽപ്രകാരമുള്ള മെത്രാപ്പോലീത്തായാൽ സ്ഥിരപ്പെടുത്തിയാൽ മാത്രമെ അവർക്കു അധികാരം സിദ്ധിക്കത്തൊള്ളു. ഇങ്ങനെ നിശ്ചയിക്കപ്പെടുന്ന കൈക്കാരന്മാർ പള്ളികണക്കുകൾ യോഗത്തെ കേൾപ്പിക്കയും മെത്രാപ്പോലീത്തായ്ക്കു അയച്ചു സമ്മതം പ്രാപിക്കയും ചെയ്യണം.

5. ഈ പള്ളികളിൽ വച്ചു നടത്തുന്ന വിവാഹങ്ങൾക്കു കൈമുത്തു കിട്ടുവാൻ മെത്രാപ്പോലീത്തായ്ക്കു അവകാശം ഉണ്ടു.

6. പരിശുദ്ധന്മാരോടും വിശുദ്ധ കന്യാസ്ത്രീ മറിയാമ്മിനോടും മരിച്ചവർക്കു വേണ്ടിയും പ്രാർത്ഥിക്കണമെന്നുള്ളതും വിശുദ്ധ കുർബ്ബാന ശരീരരക്തങ്ങളെ യോജിപ്പിച്ചു ഒന്നായി കൊടുക്കണമെന്നുള്ളതും ഈ പള്ളികളിലെ ഉപദേശാചാരങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവയാണു.

7. പ്രതികൾ ഇവയിൽനിന്നു തെറ്റിയിരിക്കുന്നതിനാൽ മേല്പറഞ്ഞ ട്രസ്റ്റിനെ സ്ഥാപിച്ചും പ്രതികളുടെ കൈവശമുള്ള പള്ളിസ്വത്തുക്കളെ ഒഴിപ്പിച്ചും പ്രതികൾ 1-ാം വാദിയുടെ ആജ്ഞയെയും ട്രസ്റ്റിനെയും സമ്മതിക്കാതിരിക്കുന്ന കാലമെല്ലാം പള്ളിയിലൊ പള്ളികാര്യങ്ങളിലൊ പ്രവേശിക്കാതിരിപ്പാൻ ഇഞ്ചക്ഷ്യൻ കൊടുത്തും വിധി ഉണ്ടാകണമെന്നപേക്ഷ.

പ്രതികൾ അന്യായത്തിലെ ട്രസ്റ്റിനെ നിഷേധിക്കയും പള്ളികൾ അവരുടെ നവീകരണ ഉപദേശങ്ങൾക്കായി മുമ്പിനാലെ ഉപയോഗിച്ചു വരുന്നവയാണെന്നും വ്യവഹാരത്തിനു കാലഹരണം, മിസ്ജായിണ്ടർ, റെസ്ജൂഡിക്കെറ്റാ എന്നീ തടസ്സങ്ങൾ ഉണ്ടെന്നും വാദിച്ചു.

വ്യവഹാരത്തിനു മിസ്ജായിണ്ടർ, റെസ്ജൂഡിക്കെറ്റാ ഈ ദോഷങ്ങൾ ഉണ്ടെന്നും പാത്രിയർക്കീസിന്റെ മേലധികാരത്തെ തെളിയിച്ചിട്ടില്ലെന്നും പറഞ്ഞു മറ്റുള്ള സംഗതികളിൽ പ്രവേശിക്കാതെ ആദ്യകോടതി അന്യായം തള്ളി. അപ്പീൽ കോടതി ലാ പായണ്ടിൽ പ്രവേശിക്കാതെ പാത്രിയർക്കീസിന്റെ അധികാരത്തിനു തെളിവു മതിയായില്ലെന്നു മാത്രം പറഞ്ഞു കിഴുക്കോർട്ടു വിധിയെ സ്ഥിരപ്പെടുത്തി. ഈ വിധിയിന്മേൽ കൊണ്ടുവന്ന റോയൽ അപ്പീൽ വ്യവഹാരമാണു ഈയിടെ തീരുമാനിച്ചിരിക്കുന്നതു.

കൊച്ചിയിലെ റോയൽകോർട്ടു റിഗുലേഷ്യൻപ്രകാരം ദിവാനിജിയും

ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാരും കൂടുന്നതാണു റോയൽകോർട്ടിലെ ഫുൾബെഞ്ചു. ദിവാന്റെ സമ്മതത്തോടുകൂടി രണ്ടു ജഡ്ജിമാർക്കു തനിച്ചു റോയൽകേസു വിധിയ്ക്കാൻ നിയമം അനുവദിച്ചിട്ടുണ്ടെങ്കിലും ഇതു ഒരു പ്രധാന കേസാകകൊണ്ടു ഫുൾബെഞ്ചിൽ കേൾക്കണമെന്നു നിശ്ചയിച്ചതനുസരിച്ചു ദിവാനിജിയും ചീഫ് ജഡ്ജി മിസ്റ്റർ ലോക്കസായ്പും 2–ാം ജഡ്ജി കൃഷ്ണമേനോനും കൂടിയാണു റോയൽ അപ്പീൽ എടുത്തതു. അപ്പീൽ വാദിയായ നമ്മുടെ വലിയ തിരുമേനിയുടെ ഭാഗത്തേക്കു പ്രസിദ്ധനായ ആ....ബിൾ സർ ഭാഷമയ്യങ്കാർ സി.ഏസ്.ഐ. ദിവാൻ ബഹദൂർ ഏഫ്.എം.യു. നൈറ്റ്, അവർകളും പ്രതിഭാഗം വക്കീലായി ബാറിസ്റ്റർ നരസു അയ്യാ അവർകളും പ്രസംഗിച്ചു. മിസ്റ്റർ നരസു അയ്യാ അവർകൾ ഒരു നല്ല സമർത്ഥനും വാഗ്മിയും ആണെന്നു മാത്രമല്ല കീഴുകോടതികളിൽ വ്യവഹാരം നടത്തിയ ആളായിരുന്നതിനാൽ കേസു ഭേഷായി പഠിച്ചിട്ടുണ്ടായിരുന്നു എന്നു പറവാൻ സംശയമില്ല. താഴത്തെ കോടതികളിൽ വച്ചു പത്തമ്പതു ലാ പുസ്തകങ്ങൾ മേശമേൽ അടുക്കിവച്ചുംകൊണ്ടു മിസ്ജായിണ്ടർ, റെസ്ജൂഡിക്കെറ്റാ മുതലായ ലാ പായണ്ടുകളെക്കുറിച്ചു ഈരണ്ടു ദിവസം പ്രസംഗിച്ച ഈ മഹാൻ സാർ ഭാഷമയ്യങ്കാരുടെ മുമ്പിൽ വന്നപ്പോൾ ഒരു ലാ പുസ്തകം പോലും കോടതിയിൽ കൊണ്ടുവരാതെ സൂര്യോദയത്തുങ്കൽ താരകാസ്തമാനംപോലെ ലാ പായണ്ടിൽ വാദിക്കാതെ പിൻമാറിക്കളഞ്ഞതുകൊണ്ടു നിയമപരിജ്ഞാനത്തിൽ അദ്വിതിയനായ അയ്യങ്കാർക്കു തന്റെ സാമർത്ഥ്യം പ്രകടിപ്പിക്കുവാൻ തരം കിട്ടിയില്ലെങ്കിലും ഒന്നുരണ്ടു പൊട്ടു ലാ കീഴുക്കൊർട്ടുവിധികളിൽ പറഞ്ഞിരുന്നവയെ അദ്ദേഹം തകർത്തു പൊടിച്ചപൊടി വിസ്മയനീയമായിരുന്നു.

## സാർ ഭാഷമയ്യങ്കാരുടെ വാദച്ചുരുക്കം

വിവാദു പള്ളികൾ മലങ്കര ഇടവകയിൽ ഉൾപ്പെട്ടവയും മലങ്കരയുടെ അതതു കാലത്തെ മെത്രാന്മാരാൽ ഭരിയ്ക്കപ്പെട്ടവയും പൂർവമെത്രാന്മാരുടെ വിശ്വാസാചാരങ്ങൾക്കു അനുരൂപമായ കർമ്മങ്ങൾക്കായി ഉപയോഗപ്പെടുത്തി വന്നവയും ആണന്നു പ്രതിഭാഗത്തെ മെത്രാൻ ഈ കേസിൽ മൊഴി കൊടുത്തിരിക്കുന്നതിനാൽ തർക്കപ്പെട്ട പള്ളികളുടെ ട്രസ്റ്റ് ഇന്നതെന്നു അറിവാൻ മലങ്കര ഇടവകയുടെ ഭരണവും ഉപദേശാചാരങ്ങളും എന്താണെന്നു നോക്കിയാൽ മതി. ഒരു പള്ളിയുടെ അടിസ്ഥാനം എങ്ങിനെയിരുന്നാലും പത്തിരുനൂറു വർഷമായി ഏതു സഭയുടെ ഉപദേശാചാരങ്ങളെ അവയിൽ സ്വീകരിച്ചിട്ടുണ്ടൊ അതാണു ആ പള്ളിയുടെ ട്രസ്റ്റെന്നു ബ്രിട്ടീഷ് കോടതികൾ വിധിച്ചിട്ടുണ്ടു. അതിനാൽ മലങ്കരസഭയുടെ പൂർവചരിത്രം എങ്ങനെയിരുന്നാലും 1663 മുതൽ ഈ സഭ അന്ത്യോക്കിന്റെ കീഴു ഒരു യാക്കോബായ സഭ ആയിരുന്നു എന്നു പ്രത്യ

ക്ഷമായി കാണാം. ഇരുനൂറ്റിൽചില്വാനം വർഷങ്ങൾക്കിടയിൽ ഈ സഭയെ ഭരിച്ച മെത്രാന്മാരെല്ലാവരും യാക്കോബായക്കാർ ആയിരുന്നു എന്നു മരിച്ചുപോയ തോമ്മാസ് അത്താനാസ്യോസും, ഇവർ എല്ലാവരും അന്ത്യോഖ്യായ്ക്കു കീഴായിരുന്നു എന്നു ചരിത്രങ്ങളും സമ്മതിക്കുന്നു. ദൃഷ്ടാന്തമായിട്ടു, 1-ം 2-ം മാർത്തോമ്മാ മെത്രാന്മാർ അന്ത്യോഖ്യായുടെ കല്പനപ്രകാരം ഊർശ്ലേമിന്റെ മാർ ഗ്രീഗോറിയോസിനാലും 3-ം 4-ം മാർത്തോമ്മാമാർ മാർ ഈവാനിയോസിനാലും വാഴിക്കപ്പെട്ടു. 4-ം 5-ം മാർതോമ്മാമാർ പാത്രിയർക്കീസിന്റെ മേലധികാരത്തെയും യാക്കോബായ വിശ്വാസത്തെയും സമ്മതിച്ചവർ ആയിരുന്നു എന്നു അവർ ഡച്ചുകാർക്കു എഴുതിയിട്ടുള്ള എഴുത്തുകളാലും ഇവർ പാത്രിയർക്കീസിനയച്ച ചില എഴുത്തുകൾ യൂറോപ്പിൽ കിട്ടിയിട്ടു അസെമ്മാൻ എന്ന ചരിത്രകർത്താവു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പകർപ്പുകൾകൊണ്ടും കാണാം. 6-ാം മാർതൊമ്മാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട പ്രത്യേക സ്ഥാത്തിക്കൊനും വടി മുടിയും സ്ലീബായും കൊണ്ടുവന്ന പരദേശബാവാന്മാരാൽ വാഴിക്കപ്പെട്ടയാളും ഒരു യാക്കോബായക്കാരനും പാത്രിയർക്കീസിന്റെ കീഴുള്ളവനുമെന്നു മക്കൊളി സായ്പിന്റെ പേർക്കു എഴുതിയയച്ച ആളും ആണു. 7-ാം മാർതൊമ്മാ 6-ാം മാർതൊമ്മായുടെ കാലത്തുള്ളവനാകയാൽ അന്യഥാ വരാൻ പാടില്ല. 8-ാം മാർതോമ്മാ പാത്രിയർക്കീസിനെയും യാക്കോബായ നടപടികളേയും സ്ഥാപിച്ചു മദ്രാസ ഗവർമ്മെണ്ടിലേക്കു എഴുതിയയച്ച രേഖയുണ്ടു. പുലിക്കോട്ടു ദീവന്നാസ്യോസ അന്ത്യോഖ്യാ നടപടികളെ സമ്മതിച്ചു എഴുത്തുകൾ അയച്ചതായി കാണുന്നു. പുന്നത്ര ദീവന്നാസ്യോസ ചർച്ച് മിഷ്യൻ സമൂഹത്തിനു അയച്ച എഴുത്തിൽ താൻ അന്ത്യോഖ്യാ കീഴുള്ള ഒരു പച്ച യാക്കോബായക്കാരനാണെന്നു സ്പഷ്ടമായി സമ്മതിക്കുന്നു. ചേപ്പാട്ടു ദീവന്നാസ്യോസിന്റെ കാര്യത്തിൽ അനേകം രേഖകൾ ഉണ്ടു. കടശി മാത്യൂസ് അത്താനാസ്യോസ അന്ത്യോഖിൽനിന്നു സ്ഥാനം ഏറ്റു എന്നു മാത്രമല്ലാ തന്റെ അധികാരവും അവകാശവും അന്ത്യോഖ്യായെ ആശ്രയിച്ചാണെന്നു എഴുതിയിട്ടുള്ള രേഖകൾക്കു കണക്കില്ല. ഇങ്ങനെ 1663 മുതൽ ഇതെ വരെയുണ്ടായ മെത്രാന്മാർ എല്ലാം അന്ത്യോഖിനു കീഴുള്ള യാക്കോബായക്കാരായിരുന്നു എന്നു കാണുന്നതിനാൽ അവരാൽ ഭരിക്കപ്പെട്ടവയും അവരുടെ വിശ്വാസത്തിനു അനുരൂപമായ ആരാധനയ്ക്കു ഉപയോഗപ്പെടുത്തി വന്നവയുമെന്നു പ്രതികളും അവരുടെ മെത്രാനും സമ്മതിക്കുന്ന വിവാദു പള്ളികൾ അന്യഥാ വരുവാൻ പാടില്ല.

സുറിയാനിക്കാരുടെ പള്ളിക്രമപുസ്തകങ്ങൾ ഇതിനെ സാക്ഷിക്കുന്നു. കുർബ്ബാന, പട്ടംകൊട, മുതലായ പ്രധാന പള്ളിക്രമങ്ങൾ ഒക്കയും തർക്കകാലത്തിനു വളരെ മുമ്പു മിഷ്യനരിമാർ തന്നെ തർജ്ജിമ

ചെയ്യിച്ചു അന്നത്തെ മെത്രാന്റെ സമ്മതത്തൊടു കൂടെ ഇംഗ്ലീഷിൽ ഹൌ എന്നൊരു സായ്പ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു. പട്ടം ഏല്ക്കുന്നവർ പാത്രിയർക്കീസിന്റെ ആജ്ഞയേയും യാക്കോബായ ഉപദേശങ്ങളെയും സമ്മതിച്ചു സത്യം ചെയ്തുവരുന്നതായി കാണുന്നു.

ഒരുവേള പാത്രിയർക്കീസിന്റെ അധികാരം കീഴുക്കൊടതികൾ പറയുന്നതുപോലെ തെളിഞ്ഞിട്ടില്ലന്നു വിചാരിച്ചാലും പ്രതികളുടെ വിശ്വാസവിപരീതം അവരുടെ അവകാശത്തെ നശിപ്പിക്കതക്കവയാണു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, പരിശുദ്ധന്മാരൊടുള്ള പ്രാർത്ഥന, കുർബ്ബാന ഒന്നായി കൊടുക്ക മുതലായവ ഗൌരവമേറിയ വ്യത്യാസങ്ങളാണെന്നു പ്രതികൾ സമ്മതിക്കുന്നു. ഇവ സുറിയാനിസഭയുടെ ഉപദേശങ്ങളാണെന്നു തർക്കകാലങ്ങൾക്കു മുമ്പെതന്നെ മിഷ്യനരിമാർ മുഖാന്തരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പള്ളിക്രമ പുസ്തകങ്ങളിൽ കാണാം. 4-ാ 5-ാ 6-ാ 8-ാ മാർ തൊമ്മാമാരും, പുന്നത്ര, ചേപ്പാട്ട് ഈ ദീവന്നാസ്യോസന്മാരും ഈ ഉപദേശങ്ങളെ ആചരിച്ചു വന്നു എന്ന് അവരുടെ എഴുത്തുകളിലും ചരിത്രങ്ങളിലും കാണുന്നു. വിവാദു പള്ളികളിൽ ഈ ഉപദേശങ്ങൾ 1062 വരെ നടപ്പുണ്ടായിരുന്നു എന്നു അന്നത്തെ മേക്കകൈക്കാരന്മാർ സമ്മതിച്ചു മുൻ ചില കേസുകളിൽ മൊഴി കൊടുത്തിട്ടുണ്ടു. തങ്ങൾക്കു മരിച്ചവർക്കുവേണ്ടിയും പരിശുദ്ധന്മാരോടു പ്രാർത്ഥനയുണ്ടന്നും തങ്ങളുടെ മെത്രാൻ തോമ്മാസ് അത്താനാസ്യോസ് ഇവ വിരോധിച്ചാൽ സമ്മതിക്കയില്ലന്നും ഇന്നത്തെ പ്രധാന പ്രതിയായ പാറെമ്മെൽ ചാക്കുണ്ണിയുടെ അപ്പൻ 1062-ൽ മൊഴി കൊടുത്തിരിക്കുന്നു. ഈ കാരണങ്ങളാൽ വിവാദു പള്ളികളിൽ അടുത്തകാലംവരെ നവീകരണം പ്രവേശിച്ചിട്ടില്ലന്നു പ്രത്യക്ഷപ്പെടുന്നു. തോമ്മാസ് അത്താനാസ്യോസുസിമ്മനാരികേസിൽ ഹാജരാക്കിയ പുസ്തകങ്ങളിൽ ഇവയെല്ലാം ഉണ്ടു. ഇപ്പൊഴത്തെ പ്രതിഭാഗം മെത്രാൻ ആ പുസ്തകങ്ങളെ മറച്ചുവയ്ക്കയും അവയ്ക്കു പകരമായി ആ കക്ഷികൾ കള്ളപുസ്തകങ്ങളെ ഉണ്ടാക്കി ഹാജരാക്കയും ചെയ്തിരിക്കുന്നു. ഇപ്രകാരമായിരുന്നു അപ്പീൽ വാദി വക്കീലിന്റെ വാദം.

ഇതിനു സമാധാനമായി പ്രതിവക്കീൽ പറഞ്ഞതു:- മലങ്കരസഭ നെസ്തൊർ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ടവയാണെന്നായിരുന്നു. അദ്ദെഹത്തിന്റെ മൂന്നു ദിവസത്തെ പ്രസംഗവും നെസ്തൊർ സ്ഥാപനയെ സ്ഥാപിക്കാനുള്ള ശ്രമമായിരുന്നു. എങ്കിലും അദ്ദെഹം കൊണ്ടുവന്ന തെളിവുകളും ദൃഷ്ടാന്തങ്ങളും 1600 ആണ്ടെക്കു മുമ്പുള്ളവയായിരുന്നതിനാൽ, തർക്കകാലത്തൊടടുത്തു പത്തിരുനൂറു വർഷത്തെ നടപ്പുട്രസ്റ്റായി വിചാരിക്കണമെന്നുള്ള നിയമപ്രകാരം ഈ വാദങ്ങൾക്കു യാതൊരു വിലയുമില്ലന്നു അസ്പഷ്ടമായിട്ടു കോടതി അപ്പൊൾതന്നെ റിമാർക്കു ചെയ്യാതിരുന്നില്ല.

## വിധിയുടെ ചുരുക്കം

വിവാദു പള്ളികൾ അന്യായത്തിൽ പറയുന്ന ട്രസ്റ്റിനു ചുരുങ്ങിയ പക്ഷം ഇരുനൂറ്റമ്പതു വർഷത്തോളം നടത്തിവരുന്നവയാണന്നു കാണുന്നതിനാൽ പാത്രിയർക്കീസിന്റെ മേലദ്ധ്യക്ഷതയേയും മെത്രാപ്പൊലീത്തായുടെ അധികാരങ്ങളെയും വിശ്വാസാചാരങ്ങളെയും സംബന്ധിച്ചു അന്യായത്തിൽ പറയുന്ന ട്രസ്റ്റ് മുഴുവൻ സ്ഥാപിച്ചിരിക്കുന്നു. പ്രതികൾ ആ ട്രസ്റ്റിൽ നിന്നു തെറ്റിയിരിക്കുന്നതിനാൽ അവർക്കു പള്ളിമേലൊ സ്വത്തുക്കൾമേലൊ അവകാശമില്ല. അവരുടെ കൈവശമുള്ള സ്വത്തുക്കൾ വാദികൾക്കു വിട്ടുകൊടുക്കണം. പ്രതികൾ കള്ളപ്രമാണങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചതായിട്ടും കാണുന്നു. കോടതി ചിലവു ഇരുകക്ഷികളും സഹിക്കണം. ഇതാണു വിധിയുടെ ചുരുക്കം.

നാബോത്തിന്റെ മുന്തിരിതോട്ടത്തെ സന്തതിപര്യന്തം അനുഭവിച്ചുകൊള്ളാമെന്നു വിചാരിച്ച ആഹാബന്മാരുടെമേലും ഇസബേലന്മാരുടെമേലും ഏലിയാ നിബിയായുടെ ദീർഘദർശനം ഇതാ നിവർത്തിച്ചിരിക്കുന്നു. പാവപ്പെട്ട സുറിയാനിസഭയിൽ നിന്നു തന്റെ കൃപയെ എടുത്തുകളയാത്ത കർത്താവിനു എന്നുമെന്നേക്കും മഹത്വമുണ്ടാകട്ടെ ആമ്മീൻ. തന്റെ ദാസനും ഞങ്ങളുടെ പിതാവുമായ മാർ ദീവന്നാസ്യോസു മെത്രാപ്പൊലീത്താ മനസ്സിന്റെയും ശരീരത്തിന്റെയും പൂർണ്ണസമാധാനത്തോടും സുഖത്തോടുംകൂടി ദീർഘകാലം ആയുഷ്മാനായിരുന്നു ഈ സഭയെ ചെന്നായ്ക്കളുടെ വായിൽനിന്നു രക്ഷിച്ചു ജീവന്റെ വഴിയിൽ നടത്തുവാൻ താൻ കൃപ ചെയ്യുമാറാകട്ടെ. ആമ്മീൻ.

(ഇടവകപത്രിക, 1905 ചിങ്ങം)